പാലക്കാട് ജില്ലാ പദ്ധതി

2017 – 18

ജില്ലാ ആസൂത്രണ സമിതി

പാലക്കാട്

നവകേരളത്തിന് ജനകീയാസൂത്രണം

പാലക്കാട്

ജില്ലാ പദ്ധതി

ജില്ലാ ആസൂത്രണ സമിതി, പാലക്കാട്

ആമുഖം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമൂഹ്യ നീതിയ്ക്കും സാമ്പത്തിക വികസനത്തിനും ആവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും അധികാരമുണ്ടെങ്കിലും പദ്ധതി കളുടെ ഏകോപനവും സംയോജനവും ഭരണഘടനയുടെ അനുഛേദം 243 **ZD** പ്രകാരം ജില്ലാ ആസൂത്രണ സമിതിയിൽ നിക്ഷിപ്തമാണ്. കഴിഞ്ഞ ഇരുപത് വർഷമായി കേരളത്തിൽ വിവിധ തദ്ദേശ ഭരണസ്ഥാപനങ്ങൾ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു ണ്ടെങ്കിലും അവയുടെ ജില്ലാ തലത്തിലുള്ള ഏകോപനവും സംയോജനവും പ്രാവർത്തിക മാക്കുന്നതിന് വേണ്ടത്ര കഴിഞ്ഞിട്ടില്ല. സംസ്ഥാനത്തിന്റെ ഈ പരിമിതി മറികടക്കു ന്നതിനാണ് പതിമൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ 1994 കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ സെക്ഷൻ 53 പ്രകാരം ഭരണ ഘടന സ്ഥാപനമായ ജില്ലാ ആസൂത്രണ സമിതി ഒരു കരട് വികസന പദ്ധതി തയ്യറാക്കാൻ തീരുമാനിച്ചത്. ഉല്പാദനത്തിന്റെ അടിസ്ഥാന ഘടങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ ശാസ്ത്രീയമായ വിനിയോഗം, പരിസ്ഥിതി സംരക്ഷണം , അടിസ്ഥാന സൌകര്യങ്ങ ളുടെയും സേവന മേഖലകളുടെയും സംയോജിത വികസനം എന്നിവ പരിഗണിച്ച് കരട് ജില്ലാ വികസന പദ്ധതിയ്ക്ക് രൂപം നൽകേണ്ടതുണ്ട്. ജില്ലാ വികസന പദ്ധതിയെന്നത് വിവിധ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രോജക്ടുകൾ ക്രോഡീകരിച്ച് ഒരു രേഖ തയ്യറാക്കലോ, പ്രത്യേക വകയിരുത്തലോടു കൂടിയ സ്കീമുകളോ പ്രോജക്ടുകളോ അല്ല. ഓരോ വികസന മേഖലയിലും നിലവിലുള്ള വിടവുകൾ സ്ഥിതി വിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയമായ അവലോകനം നടത്തി നിഗമനങ്ങളിലെത്തുകയും അവ പരിഹരിക്കുന്നതിന് ആവശ്യമായ ദീർഘകാല, ഹ്രസ്വകാല പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിന് വേണ്ടി കേന്ദ്ര - സംസ്ഥാന സർക്കാറുകൾ ഏറ്റെടുക്കേണ്ട മേൽത്തട്ട് നിർദ്ദേശങ്ങളും പ്രദേശിക സർക്കാറുകൾ നടപ്പാക്കേണ്ട കീഴ്ത്തട്ട് നിർദ്ദേശങ്ങളുമാണ് ജില്ലാ പദ്ധതിയുടെ പ്രസക്തഭാഗം.

അതോടൊപ്പം വിവിധ വികസന വകുപ്പുകൾ സംയുക്തമായി പരിഹരിക്കേണ്ട പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമായി നിർണ്ണയിക്കുവാനും സംയോജന ഏകോപന സാധ്യതകൾ പ്രയോജനപ്പെടുത്തി പരിഹാരം കാണുന്നതിനും ജില്ലാ പദ്ധതി സഹായകമാകും. മേല്പറഞ്ഞവയുടെ ലക്ഷ്യപ്രാപ്തിക്കായി പാലക്കാട് ജില്ലയുടെ സമഗ്രവികസനം സാധ്യമാക്കുന്നതിന് വിവിധ വികസന മേഖലകളിലെ വിദഗ്ധരും ജില്ലാതല ഉദ്യോഗസ്ഥരും അടങ്ങിയ 22 ഉപസമിതികളാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഈ സംക്ഷിപ്ത റിപ്പോർട്ട് ജില്ലയിലെ വിവിധ വികസന മേഖലകൾ തമ്മിലുള്ള വികസന വിടവുകൾ നികത്തുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ഒരു ചൂണ്ടുപലകയായി ഉപയോഗിക്കാവുന്നതാണ്.

ഒപ്പ്

ശ്രീ. ഡി. ബാലമുരളി. ഐ.എ.എസ്.

ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി,

ജില്ലാ ആസൂത്രണ സമിതി.

സന്ദേശം

കേരളത്തിലെ കാർഷിക പ്രധാന്യമുള്ള ജില്ലയാണ് പാലക്കാട്. ആ നിലയിൽ ജില്ലയുടെ സമഗ്രമായ കാർഷിക പുരോഗതിക്ക് മുൻതൂക്കം കൊടുത്തുകൊണ്ടാണ് ജില്ലാ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഒപ്പം കേരള ഗവൺമെന്റ് മുന്നോട്ടുവെച്ച നവകേരള മിഷന്റെ പ്രവർത്തനങ്ങളെക്കൂടി ഈ ജില്ലയുടെ വികസന പ്രവർത്തനത്തിന്റെ ഭാഗമാക്കി മാറ്റുക എന്നുള്ളതാണ് ജില്ലാ പദ്ധതിയിൽ പാലക്കാട് ജില്ല വിഭാവനം ചെയ്തിട്ടുള്ളത്. അതേ സമയം വിദ്യാഭ്യാസം, വ്യവസായം, മൃഗസംരക്ഷണം എന്നിവയെക്കൂടി ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ട ഒരു മേഖല എന്ന നിലയിൽ ജില്ലാ പദ്ധതിയുടെ ഭാഗമാക്കി മാറ്റിയിട്ടുണ്ട്. നമ്മുടെ ജില്ലയുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഹരിതകേരള മിഷന്റെ ഭാഗമായി ഏറ്റെടുത്ത് മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്ന സമഗ്രമായ ഒരു കുടിവെള്ള - ജലസംരക്ഷണ പദ്ധതിയാണ് ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി. 2022 ഓടുകൂടി ഏറ്റവും വലിയ ജലസംഭരണിയായ പാലക്കാട് ജില്ലയിലെ ഭാരതപ്പുഴ ജലസമൃദ്ധമാക്കുന്നതിനുവേണ്ടിയുള്ള അതിവിപുലമായ പദ്ധതികളാണ് ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ളത്. അതിൽ എല്ലാ വിഭാഗത്തിലുള്ള ജനങ്ങളെയും അതുപോലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു ബൃഹദ് പദ്ധതിയാണ് ജല സംരക്ഷണ മേഖലയിൽ കാർഷിക പ്രാധാന്യത്തോടുകൂടി ജില്ല ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ വികസിച്ചുവരുന്ന നമ്മുടെ സമൂഹത്തിന്റെ സാഹചര്യം പരിഗണിച്ചു കൊണ്ട് ഏറ്റവും നല്ല ഗതാഗത സംവിധാനം നമ്മുടെ ജില്ലയിൽ ഉണ്ടാക്കിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയും അതോടാപ്പം തന്നെ ജില്ലാ പഞ്ചായത്തും സമൂഹത്തിലെ വിവിധ വിഷയ മേഖലകളിലെ വിദ്ഗദ്ധരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സാംസ്കാരിക പ്രമുഖരുടെയും പൊതുജനങ്ങളുടെയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കൊണ്ടുള്ള സമഗ്രപദ്ധതിയാണ് ജില്ലാ ആസൂത്രണ സമിതി വിഭാവനം ചെയ്തിട്ടുള്ളത്. തീർച്ചയായും ജനങ്ങൾ അത് ഉൾക്കൊള്ളും എന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ ജില്ലാ പദ്ധതി ആധികാരികരേഖ എന്ന നിലയിൽ നാം പ്രസിദ്ധപ്പെടുത്തുകയാണ്. ഇത് നടപ്പിലാക്കുന്നതിന് തീർച്ചയായും എല്ലാ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെയും അഭ്യുദയകാംക്ഷികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സർക്കാരിന്റെയും വലിയ സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് എല്ലാവിധ ആശംസകളും നേരുന്നു.

ഒപ്പ്

അഡ്വ. കെ ശാന്തകുമാരി

പ്രസിഡൻറ് ജില്ലാ പഞ്ചായത്ത്

&

ചെയർപേഴ്സൺ, ജില്ലാ ആസൂത്രണ സമിതി.

ഉള്ളടക്കം

അദ്ധ്യായം	വിഷയം	പേജ് നമ്പർ
1	ആമുഖ വിവരങ്ങൾ	1 - 50
2	വിഭവ ലഭ്യത	51 - 94
3	വികസനത്തിന്റെ സ്ഥലമാനം	95 - 133
4	വികസനമേഖലകൾ - അവസ്ഥയും പരിപ്രേക്ഷ്യവും	135 -
	4 ഉത്പാദന മേഖല	
	4.1 നീർത്തടാധിഷ്ഠിത വികസനം	135 - 196
	4.2 മൃഗസംരക്ഷണവും ക്ഷീരവികസനവും	197 - 212
	4.3 മത്സ്യവികസനം	213 - 226
	4.4 പരിസ്ഥിതി, വനം, കാലാവസ്ഥ	227 - 250
	4.5 വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ	251 - 268
	5 സേവന മേഖല	
	5.1 ആരോഗ്യം, കുടിവെള്ളം ശുചിത്വം	269 - 362
	5.2 പാർപ്പിടം, സാമൂഹ്യക്ഷേമം, സാമൂഹ്യ സുരക്ഷിതത്വം	363 - 392
	5.3 വിദ്യാഭ്യാസം, സംസ്കാരം, കായികം യുവജനക്ഷേമം	393 - 430
	6 പശ്ചാത്തല മേഖല	
	6.1 ഊർജ്ജം	431 - 442
	6.2 ഗതാഗതം,വാർത്താവിനിമയം, വിനോദസഞ്ചാരം	443 — 466
	7 പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ	
	7.1 പട്ടികജാതി, പട്ടികവർഗ്ഗവികസനം	467 - 518
	7.2 വനിതകൾ, വയോജനങ്ങൾ, കുട്ടികൾ ഭിന്നശേഷിയുള്ളവർ,ട്രാൻസ് ജെൻഡർ വിഭാഗം	519 - 534
	ബാലസൌഹൃദ ജില്ല പാലക്കാട്	535 - 542
	ഹരിതകേരളം	543 - 546
5	കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ അവലോകനം	549 - 618
6	തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം	619 - 644
7	പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹവും ഉപസംഹാരവും	645 — 726
8	അനുബന്ധങ്ങൾ	727 - 778

അദ്ധ്യായം – 1

ആമുഖ വിവരങ്ങൾ

1.1 ആമുഖം

1.1 പാലക്കാട് ജില്ല 1957 ജനുവരി 1 ന് ആലത്തൂർ, ചിറ്റൂർ, ഒറ്റപ്പാലം, പാലക്കാട്, പെരിന്തൽമണ്ണ, പൊന്നാനി എന്നീ പ്രദേശങ്ങൾ ചേർത്ത് രൂപീകൃതമായി. പിന്നീട് 1969 ജൂൺ പതിനാറാം തീയതി മലപ്പുറം ജില്ല രൂപീകൃതമായപ്പോൾ പൊന്നാനി താലൂക്കിലെ തൃത്താല ഫർക്ക പാലക്കാടിനോട് ചേർത്തും, പെരിന്തൽമണ്ണ താലൂക്കിലെ മങ്കട ഫർക്ക, പെരിന്തൽമണ്ണ ഫർക്കയിലെ കർക്കിടകാംകുന്ന്, ചെത്തല്ലൂർ അംശം എന്നിവ ഒഴികെയുള്ള പ്രദേശം മലപ്പുറം ജില്ലയോടും ചേർക്കപ്പെട്ടു. കർക്കിടകാംകുന്ന്, ചെത്തല്ലൂർ അംശം എന്നിവയിൽ ഉൾപ്പെട്ട 19 വില്ലേജുകൾ ചേർത്ത് പാലക്കാട് ജില്ലയിൽ മണ്ണാർക്കാട് എന്ന പുതിയൊരു താലൂക്ക് രൂപീകരിക്കുകയും ചെയ്തു. തൃത്താല ഫർക്കയിൽ ഉൾപ്പെട്ട വടക്കേക്കാട്, പുന്നയൂർ, പുന്നയൂർകുളം എന്നീ വില്ലേജുകൾ തൃശ്ശൂർ ജില്ലയിലെ ചാലക്കാട് താലൂക്കിനോട് ചേർക്കപ്പെടുകയും ചെയ്തു. തിരൂർ താലൂക്കിലെ പരുതൂർ വില്ലേജ് ഒറ്റപ്പാലം താലൂക്കിനോട് ചേർക്കപ്പെടുകയും ചെയ്തു. 2 റവന്യൂ ഡിവിഷനുകളും 6 താലൂക്കുകളും 157 റവന്യൂ വില്ലേജുകളും, തദ്ദേശ സ്ഥാപനങ്ങളിൽ 7 നഗരസഭകളും 13 ബ്ലോക്ക് പഞ്ചായത്തുകളും 88 ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെടുന്നതാണ് നിലവിലുള്ള പാലക്കാട് ജില്ല. 4480 ച.കി.മീ. വിസ്തൃതിയുള്ള പാലക്കാട്, വലുപ്പത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനത്താണ്. സംസ്ഥാനത്തെ കാർഷിക സമ്പദ് വ്യവസ്ഥയെയും ഉത്പാദനത്തെയും സ്വാധീനിക്കുന്നതിൽ ജില്ല പ്രധാന പങ്ക് വഹിക്കുന്നു. കേരളത്തിന്റെ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാട് ജില്ല സംസ്ഥാനത്തിന്റെ ഏകദേശം മധ്യഭാഗത്തായാണ് സ്ഥിതിചെയ്യുന്നത്. കരിമ്പനകൾ ധാരാളം ഉള്ളതിനാൽ കരിമ്പനകളുടെ നാട് എന്നും പാലക്കാടിനെ വിശേഷിപ്പിക്കുന്നു. സംസ്ഥാനത്ത് തീരപ്രദേശം ഇല്ലാത്ത 5 ജില്ലകളിൽ ഒന്നാണ് പാലക്കാട്. പശ്ചിമഘട്ട മലനിരകളിലായി 32 മുതൽ 40 കി. മീ. വ്യാപിച്ചുകിടക്കുന്ന പാലക്കാട് ചുരമാണ് കേരളത്തിന്റെ കവാടം. കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. ആസ്ഥാനം പാലക്കാട് നഗരം. 2006-ലാണ് പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചത്.

1.2 ദേവതയുടെ പ്രതീകമായ പാലമരങ്ങളുടെ കാടാണ് സ്ഥല നാമോല്പത്തിക്കു കാരണം എന്ന് ചരിത്രകാരന്മാർ പറയുന്നു. പാലിഭാഷ സംസാരിക്കുന്നവർ വസിക്കുന്നിടം പാലീഘട്ടും പിന്നീട് പാലക്കാടും ആയതെന്നും അഭിപ്രായമുണ്ട്. അതല്ല ഏ.ഡി രണ്ടും മൂന്നും നൂറ്റാണ്ടുകളിൽ ഭരിച്ചിരുന്ന പല്ലവ വംശത്തിൻറെ ഭരണ തലസ്ഥാനമായിരുന്ന പാലക്കാട് എന്ന സ്ഥലത്തിൽ നിന്നാണ് ജില്ലക്ക് ഈ നാമം ലഭിച്ചതെന്നും അഭിപ്രായമുണ്ട്. നെടുംപൊറൈയൂർ സ്വരൂപമായിരുന്നു ആദ്യ പാലക്കാട് രാജകുടുംബം. എ. ഡി. ഒന്നാം നൂറ്റാണ്ടിൽ 'പൊറൈനാട്' എന്നായിരുന്നു പാലക്കാടിന്റെ പേര്. 1363-ൽ കോഴിക്കോട് സാമൂതിരി പാലക്കാട് പിടിച്ചടക്കി. പാലക്കാട് രാജാവ് കോമി അച്ചൻ മൈസൂർരാജാവിന്റെ സഹായം തേടി. മൈസൂർ സൈന്യം വന്നപ്പോഴേക്കും സാമൂതിരി നാടുവിട്ടു. പിന്നീട് ഹൈദരാലി പാലക്കാട് പിടിച്ചു. ഹൈദരാലിയുടെ 1766-77 കാലത്ത് നിർമിച്ചതാണ് ഇന്നു കാണുന്ന പാലക്കാട് കോട്ട. സാമൂതിരിയും ബ്രിട്ടീഷുകാരും ചേർന്ന് 1783-ൽ ഈ കോട്ട പിടിച്ചെടുത്തെങ്കിലും ടിപ്പു സൈന്യവുമായി വന്നപ്പോൾ

സാമൂതിരി പിന്മാറി. ടിപ്പുവും ഇംഗ്ലീഷുകാരും തമ്മിൽ നടന്ന യുദ്ധത്തേത്തുടർന്ന് 1792-ൽ പാലക്കാട് ബ്രിട്ടീഷ് അധീനതയിലായി. പശ്ചിമ ഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർ ചുരമാണ്. ഈ ചുരത്തിന്റെ സാന്നിധ്യം മൂലം കേരളത്തിലെ ഇതര ജില്ലകളിൽ നിന്നു വ്യത്യസ്തമായി ഇവിടെ തമിഴ്നാട്ടിലേതുപോലെ വരണ്ട കാലാവസ്ഥയാണ്.

1.3 കേരളത്തിൻറെ നെല്ലറ എന്ന് വിശേഷിപ്പിക്കുന്ന പാലക്കാട് ജില്ല, സംസ്ഥാനത്തിൻറെ ഏതാണ്ട് മദ്ധ്യ ഭാഗത്ത് കിഴക്കരികിൽ ആയി തമിഴ്നാടിനോട് ചേർന്ന് കിടക്കുന്നു. 1957 ജൂൺ 1 -ന് മലബാർ ജില്ലയെ കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നിങ്ങനെ മൂന്നായി വിഭജിച്ചു. മലബാർ ജില്ലയിലെ പാലക്കാട്, വള്ളുവനാട്, പൊന്നാനി പെരിന്തൽമണ്ണ എന്നീ താലൂക്കുകൾക്കൊപ്പം കൊച്ചി രാജ്യത്തിൻറെ ഭാഗമായിരുന്ന ചിറ്റൂർ താലൂക്കും ചേർത്തു കൊണ്ടാണ് പാലക്കാട് ജില്ല രൂപീകരിച്ചത്. 1969 ജൂൺ 16 -ന് മലപ്പുറം ജില്ലയുടെ രൂപീകരണത്തെ തുടർന്ന് പെരിന്തൽമണ്ണ, പൊന്നാനി താലൂക്കുകൾ മലപ്പുറം ജില്ലയിലായി. പാലക്കാട് ജില്ലയ്ക്ക് കടൽതീരമില്ല.

പട്ടിക 1.1.

പാലക്കാട് ജില്ല ഒറ്റനോട്ടത്തിൽ

പാലക്കാട് ജില്ലയുടെ വിസ്തൃതി (ചതുരശ്ര കിലോമീറ്ററിൽ)		4482
ജനസംഖ്യ	ആകെ	2809934
	സ്ത്രീ	1450456
	പുരുഷൻ	1359478
ജനസംഖ്യ	റൂറൽ ആകെ	2133124
	സ്ത്രീ	1101658
	പുരുഷൻ	1031466
ജനസംഖ്യ	അർബൻ ആകെ	676810
	സ്ത്രീ	348798
	പുരുഷൻ	328012
ജനസംഖ്യാ വളർച്ച (2001 മുതൽ 2011 വരെ)	ആകെ	7.35%
	സ്ത്രീ	7.40%
	പുരുഷൻ	7.3%
ജനസാന്ദ്രത സ്ത്രീ പുരുഷ അനുപാതം	ആകെ	1067
	റൂറൽ	1068
	അർബൻ	1063
സാക്ഷരർ	ആകെ	2239492 (89.31%)
	സ്ത്രീ	1116892 (85.79%)
	പുരുഷൻ	1122600 (93.10)
പട്ടിക ജാതി	ആകെ	403833 (14.37%)
	സ്ത്രീ	206382 (14.23%)
	പുരുഷൻ	197451 (14.52%)
പട്ടികവർഗ്ഗം	ആകെ	48972 (1.74%)
	സ്ത്രീ	24658 (1.70%)
	പുരുഷൻ	24314 (1.79%)

	ഗ്രാമ പഞ്ചായത്തുകൾ -88	ഗ്രാമ പഞ്ചായത്ത് വാർഡുകൾ -1490
	ബ്ലോക്ക് പഞ്ചായത്തുകൾ - 13	ബ്ലോക്ക്പഞ്ചായത്ത് വാർഡുകൾ - 182
	ജില്ലാ പഞ്ചായത്തുകൾ - 1	ജില്ലാ പഞ്ചായത്ത് വാർഡുകൾ - 30
	മുനിസിപ്പാലിറ്റികൾ -7	മുനിസിപ്പൽവാർഡുകൾ - 240
റവന്യൂ ഡിവിഷനുകൾ	2	1. പാലക്കാട് റവന്യൂ ഡിവിഷൻ, 2. ഒറ്റപ്പാലം റവന്യൂ ഡിവിഷൻ
താലൂക്കുകൾ	6	1.ആലത്തൂർ, 2.ചിറ്റൂർ, 3.മണ്ണാർക്കാട്,4.ഒറ്റപ്പാലം, 5.പാലക്കാട്, 6. പട്ടാമ്പി.
വില്ലേജുകൾ	ആലത്തൂർ താലൂക്ക്	30 -വില്ലേജുകൾ
	ചിറ്റൂർ താലൂക്ക്	30 -വില്ലേജുകൾ
	മണ്ണാർക്കാട് താലൂക്ക്	25 -വില്ലേജുകൾ
	ഒറ്റപ്പാലം താലൂക്ക്	24 -വില്ലേജുകൾ
	പാലക്കാട് താലൂക്ക്	30 -വില്ലേജുകൾ
	പട്ടാമ്പി താലൂക്ക്	18 -വില്ലേജുകൾ
	ആകെ	**157-വില്ലേജുകൾ**
നിയമസഭാ മണ്ഡലങ്ങൾ	12	തൃത്താല, പട്ടാമ്പി, ഷൊർണ്ണൂർ, ഒറ്റപ്പാലം,കോങ്ങാട്, മണ്ണാർക്കാട്, മലമ്പുഴ, പാലക്കാട്, തരൂർ, ചിറ്റൂർ, നെന്മാറ, ആലത്തൂർ
ലോകസഭാ മണ്ഡലങ്ങൾ	2	ആലത്തൂർ, പാലക്കാട്
	ഗസ്റ്റ് ഹൗസുകൾ	2
	റസ്റ്റ് ഹൗസുകൾ	3
	ടൂറിസ്റ്റ് ബംഗ്ലാവുകൾ	4
പ്രധാനപ്പെട്ട അണക്കെട്ടുകൾ	5	കാഞ്ഞിരപ്പുഴ ഡാം, മംഗലം ഡാം, ചുള്ളിയാർ ഡാം, വാളയാർ ഡാം, പോത്തുണ്ടി ഡാം
പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങൾ		1.മലമ്പുഴ ഉദ്യാനം, 2.റോപ് വേ, 3.ശിലാ ഉദ്യാനം, മലമ്പുഴ 4.ഫാന്റസി പാർക്ക്, മലമ്പുഴ 5.വാടിക ഉദ്യാനം, പാലക്കാട് 6.കാഞ്ഞിരപ്പുഴ ഉദ്യാനം, 7.മംഗലം ഡാം ഉദ്യാനം 8.പറമ്പിക്കുളം കടുവാ സങ്കേതം 9.സൈലന്റ്വാലി നാഷണൽ പാർക്ക് 10.പാലക്കാട് കോട്ട, 11.നെല്ലിയാമ്പതി ,12.ശിരുവാണി ഡാം 13.മീൻവല്ലം വെള്ളച്ചാട്ടം , 14.ധോണി വെള്ളച്ചാട്ടം

Source: District Census Hand Book 2011, Revenue Guide 2017

1.2 ജില്ലയുടെ സവിശേഷതകൾ

1. പാലക്കാട് ജില്ല നിലവിൽ വന്നത് 1957 ജനവരി ഒന്നാം തീയതിയാണ് .
2. കേരളത്തിലെ ജില്ലകളിൽ വച്ച് പാലക്കാട് ജില്ല വിസ്തൃതിയിൽ ഒന്നാം സ്ഥാനത്താണ്. (4482 ച.കീ.മീ)
3. സാക്ഷരതാ നിരക്കിൽ ജില്ല പതിമൂന്നാം സ്ഥാനത്താണ്. (89.31 ശതമാനം).
4. ജനസാന്ദ്രതയിൽ ജില്ല പതിനൊന്നാം സ്ഥാനത്താണ്. (627)
5. പട്ടികജാതി ജനസംഖ്യാ ശതമാനത്തിൽ ജില്ലാ ഒന്നാം സ്ഥാനത്താണ്.
6. ശിശു ലിംഗ നിരക്കിൽ (0-6 വയസ്സു വരെ) ജില്ല സംസ്ഥാന തലത്തിൽ അഞ്ചാം സ്ഥാനത്താണ്.
7. സംസ്ഥാനത്തെ നഗര ജനസാന്ദ്രതയെക്കാൾ (4900 / ച. കീ.മീ) കുറവാണ് പാലക്കാട് ജില്ലയിലെ നഗര ജന സാന്ദ്രത (4692 / ച. കീ.മീ).
8. കർഷകതൊഴിലാളികളുടെ ശതമാനത്തിൽ ജില്ല മൂന്നാം സ്ഥാനത്താണ്.
9. തൊഴിലാളികളുടെ കാര്യത്തിൽ ജില്ല സംസ്ഥാനതലത്തിൽ ഏഴാം സ്ഥാനത്തും സ്ത്രീ തൊഴിലാളികളുടെ കാര്യത്തിൽ അഞ്ചാം സ്ഥാനത്തും പുരുഷ തൊഴിലാളികളുടെ കാര്യത്തിൽ നാലാം സ്ഥാനത്തും സ്ഥിതി ചെയ്യുന്നു.
10. ജില്ലയിൽ തൊഴിലാളികളുടെ കാര്യത്തിൽ നഗരപ്രദേശത്ത് അഞ്ചാം സ്ഥാനത്തും ഗ്രാമ പ്രദേശത്ത് ഏഴാം സ്ഥാനത്തുമാണ്.
11. സ്ത്രീ പുരുഷ അനുപാതത്തിൽ ജില്ല പത്താം സ്ഥാനത്ത് സ്ഥിതി ചെയ്യുന്നു (1067: 1000)

1.3 ഭൂപ്രകൃതി

1.3.1 ഉത്തര അക്ഷാംശം 10^0 21^0 നും,11^0 14^0 നും, പൂർവ്വ രേഖാംശം 76^0 02^0 നും 76^0 54^0 നും ഇടയ്ക്കായിട്ടാണ് പാലക്കാട് ജില്ല സ്ഥിതിചെയ്യുന്നത്. ജില്ലയുടെ കിഴക്ക് ഭാഗത്ത് തമിഴ്നാട് സംസ്ഥാനത്തെ കോയമ്പത്തൂർ ജില്ലയും, വടക്കു പടിഞ്ഞാറ് ഭാഗത്ത് മലപ്പുറം ജില്ലയും തെക്കു ഭാഗത്ത് തൃശ്ശൂർ ജില്ലയും സ്ഥിതി ചെയ്യുന്നു. 4480 ചതുരശ്ര കിലോമീറ്റർ ആണ് പാലക്കാട് ജില്ലയുടെ ആകെ വിസ്തൃതി. ഭൂമിയുടെ ഘടനയനുസരിച്ച് പാലക്കാട് ജില്ലയെ ഇടനാട്, മലനാട് എന്നിങ്ങനെ രണ്ടായിതിരിയ്ക്കാം. താഴ്വരകളും, സമതലങ്ങളും അടങ്ങിയ പ്രദേശമാണ് ഇടനാട് വിഭാഗത്തിലുള്ളത്. ഉയർന്ന മലകളും, പർവ്വത ശിഖരങ്ങളും മലയിടുക്കുകളും, നിബിഡ വനങ്ങളും ഉള്ള പ്രദേശങ്ങൾ സ്ഥിതിചെയ്യുന്ന മലനാട് പ്രദേശം വരെ ഇത്തരത്തിലുള്ള ഇടനാട് ഭാഗത്തിലുള്ള പ്രദേശങ്ങൾ നീണ്ടുകിടക്കുന്നു. പാലക്കാട് ജില്ലയിലെ 5 താലൂക്കുകളിൽ ഒറ്റപ്പാലം താലൂക്ക് ഇടനാട് പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ മറ്റ് നാല് താലൂക്കുകളായ ആലത്തൂർ, ചിറ്റൂർ, മണ്ണാർക്കാട്, പാലക്കാട് എന്നിവ ഇടനാട്, മലനാട് എന്നീ ഭൂവിഭാഗങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. കേരളത്തെ വിശേഷിച്ച് പാലക്കാട് ജില്ലയെ തമിഴ് നാടുമായി ബന്ധിപ്പിക്കുന്ന പ്രധാന റെയിൽ-റോഡ് മാർഗ്ഗങ്ങൾ പാലക്കാട് ചുരം വഴിയാണ് കടന്നു പോകുന്നത്. ജില്ലയിൽ പശ്ചിമഘട്ടത്തിന്റെ ചില ഭാഗങ്ങൾക്ക് 2000 മീറ്റർ വരെ ഉയരം ഉണ്ട്. ഭൂഗർഭശാസ്ത്രപരമായി ജില്ലയിലെ വലിയൊരു ഭാഗം ക്രസ്റ്റലൈയിൻ പാറകളാൽ നിബിഡമാണ്. ഇടനാട്ടിൽ ലാറ്ററൈറ്റ് ആണ് കൂടുതലുള്ളത്. നദീതീരങ്ങളിൽ അലൂവിയവും, മണൽ കലർന്ന കളിമണ്ണും കാണപ്പെടുന്നു. ജില്ലയിലെ ഭൂഗർഭശാസ്ത്രം, നിമ്നോന്നതി, കാലാവസ്ഥ എന്നിവ മണ്ണിന്റെ സവിശേഷതകളെ സ്വാധിനിക്കുന്നു.

1.4 കാലാവസ്ഥ

ഉഷ്ണമേഖലാ കാലാവസ്ഥയാണ് ജില്ലയിൽ പൊതുവെ അനുഭവപ്പെടുന്നത്. ജില്ലയുടെ കിഴക്ക് മേഖലയിലാണ് ഈ കാലാവസ്ഥ തീക്ഷ്ണമായി അനുഭവപ്പെടുന്നത്. അട്ടപ്പാടി പ്രദേശത്ത് മഴനിഴൽ പ്രദേശത്തിനു സമാനമായ കാലാവസ്ഥയാണ് പൊതുവെ അനുഭവപ്പെടുന്നത്. വരണ്ട കാലാവസ്ഥ

അനുഭവപ്പെടുന്ന കാലത്ത് തമിഴ് നാട്ടിൽ നിന്നുള്ള ചൂട് കാറ്റ് പാലക്കാട് ചുരം വഴി പാലക്കാട് ജില്ലയിൽ പ്രവേശിക്കുന്നു. മാർച്ച് മുതൽ ജൂൺ വരെ കൊടും ചൂടുള്ള വേനലാണ് ജില്ലയുടെ മിക്ക പ്രദേശങ്ങളിലും ഉള്ളത്. തെക്കു പടിഞ്ഞാറൻ കാലവർഷമാണ് ജില്ലയിലെ 75 ശതമാനം മഴയ്ക്കും കാരണമാകുന്നത്. ഈ കാലവർഷം ജൂൺ ആദ്യവാരം മുതൽ സെപ്തംബർ മാസം വരെ ലഭിക്കുന്നു. എന്നാൽ ഡിസംബർ മുതൽ മെയ് മാസം വരെ ജില്ലയിൽ മഴയുടെ ലഭ്യത വളരെ കുറവാണ്. ഈ കാലയളവിൽ ചില സമയങ്ങളിൽ ജില്ലയിലെ താപനില 41 ഡിഗ്രി വരെ ഉയരാറുണ്ട്.

പട്ടിക 1.2

പാലക്കാട് ജില്ലയിൽ 2012 മുതൽ 2016 വരെ ലഭിച്ച മഴയുടെ അളവ്, അളവിൽ ഉണ്ടായ വ്യതിയാനം എന്നിവചുവടെ ചേർക്കുന്നു.

മാസം	മഴയുടെ അളവ്/ വ്യതിയാനം	വർഷം				
		2012	2013	2014	2015	2016
ജനുവരി	മഴയുടെ അളവ്	0	0	0	0	0.2
	വ്യതിയാനം	-100	-100	-100	-100	-92
ഫെബ്രുവരി	മഴയുടെ അളവ്	0	43.5	3.1	2	0
	വ്യതിയാനം	-100	569	-52	-7	-100
മാർച്ച്	മഴയുടെ അളവ്	6.2	34.1	5.2	27.1	4.2
	വ്യതിയാനം	-72	52	-77	20	-81
ഏപ്രിൽ	മഴയുടെ അളവ്	141.6	34.4	36.4	184.2	4.1
	വ്യതിയാനം	43	-65	-63	87	-96
മെയ്	മഴയുടെ അളവ്	64.4	55.6	190.8	245.6	169.2
	വ്യതിയാനം	-59	-65	20	55	7
ജൂൺ	മഴയുടെ അളവ്	386.9	729.2	314	455.2	461.5
	വ്യതിയാനം	-17	57	-32	-2	-1
ജൂലൈ	മഴയുടെ അളവ്	297.5	796.8	602.2	281.8	336.6
	വ്യതിയാനം	-50	34	1	-53	-43
ആഗസ്റ്റ്	മഴയുടെ അളവ്	367	279.3	561.4	219.4	159.2
	വ്യതിയാനം	10	-16	68	-34	-52
സെപ്റ്റംബർ	മഴയുടെ അളവ്	171.7	283.7	230.6	199.3	77.4
	വ്യതിയാനം	-4	58	29	11	-57
ഒക്ടോബർ	മഴയുടെ അളവ്	197	235.2	282.5	141.8	88.2
	വ്യതിയാനം	-25	-11	7	-46	-67
നവംബർ	മഴയുടെ അളവ്	61.6	74.4	40.2	185.8	21.7
	വ്യതിയാനം	-56	-46	-71	34	-84
ഡിസംബർ	മഴയുടെ അളവ്	4	4.6	12.1	43.2	27.6
	വ്യതിയാനം	-84	-82	-53	69	8

Source: http://imdtvm.gov.in

ചിത്രം 1.1



അവലംബം : 2011 സെൻസസ്

ചിത്രം 1.2



അവലംബം : 2011 സെൻസസ്

1.5 ചരിത്ര പശ്ചാത്തലം

1.5.1 മനുഷ്യചരിത്രത്തിന്റെ വികാസപരിണാമങ്ങൾ സൂക്ഷ്മമായി വിശകലനം ചെയ്താൽ മാത്രമേ കഴിഞ്ഞ കാലത്തെ പാഠങ്ങൾ ഉൾക്കൊണ്ട് വർത്തമാന കാലത്തെ ശരിയായി മനസിലാക്കാനും നാം ആശിക്കുന്ന രീതിയിൽ ഭാവി രൂപപെടുത്താനും കഴിയുകയുള്ളൂ. ഇതിന്റ വെളിച്ചത്തിൽ പാലക്കാട് ജില്ലയുടെ വികസന ചരിത്രം സംക്ഷിപ്തമായി പരിശോധിക്കാനാണ് ഇവിടെ മുതിരുന്നത്.

1.5.2 കേരളത്തിലെ തെന്മലയിൽ പ്രാചീനശിലാ യുഗത്തിലെ അവശിഷ്ടങ്ങൾ-പരുക്കൻ കല്ല്, മഴു,(ബി.സി.5001) എന്നിവ കണ്ടെടുക്കപ്പെട്ടിരുന്നു. പാലക്കാട് ജില്ലയിലെ കിഴക്കൻ മലയോരങ്ങളിലെ കാഞ്ഞിരപ്പുഴ തീരങ്ങളിൽ പിൽക്കാല ശിലായുധങ്ങൾ കണ്ടെടുത്തിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഉരുളൻ കല്ലുകൊണ്ടുണ്ടാക്കിയ വളഞ്ഞ വായ്ത്തല വരുത്തിയ കല്ലായുധമായിരുന്നു.

1.5.3 ഉയരം കൂടിയ കാട്ടുപ്രദേശങ്ങളിൽ, സുലഭമായി ജലം ലഭിക്കുന്ന ഇടങ്ങളിൽ, പ്രകൃതിദത്തമായ പാർപ്പിട സൌകര്യങ്ങൾ ലഭ്യമായ സ്ഥലങ്ങളിൽ, പിൽക്കാല ശിലായുഗ മനുഷ്യർ ജീവിച്ചുപോന്നിരുന്നു. ജില്ലയിലെ കിഴക്കൻ മലയോരങ്ങളും പുഴകളും ചേർന്ന ഈ പരിസ്ഥിതി സാമൂഹ്യ ജീവിതത്തിനു കളമൊരുക്കി. ഈ **ചോപ്പർ** പരിഷ്കൃതിക്കുശേഷം സൂക്ഷ്മ ശിലോപകരണങ്ങളും ആയുധങ്ങളും ഉണ്ടാക്കുവാനുള്ള സാങ്കേതിക വൈദഗ്ധ്യം മനുഷ്യൻ കാലക്രമത്തിൽ ആർജിച്ചു തുടങ്ങി. ഈ ഉപകരണങ്ങളുടെ നിർമ്മാണവും വിനിയോഗവും കാലക്രമത്തിൽ ജീവിതത്തിൽ പരിവർത്തനം സൃഷ്ടിച്ചു.

1.5.4 നവീന ശിലായുഗത്തിൽ ഇടയ വ്യവസ്ഥയുടെ ആദ്യഘട്ടത്തിലെ പുരാവസ്തു ലക്ഷ്യങ്ങളിൽ ചിലതു മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അട്ടപ്പാടി പ്രദേശങ്ങളിലെ ചാണക-ചാമ്പൻ കൂമ്പാരങ്ങൾ, മനുഷ്യൻ കാലിവളർത്തലിന് ഇടക്കാലത്ത് പ്രാധാന്യം കൊടുത്തതായി തെളിയിക്കുന്നു. ഇതിനെതുടർന്ന് ഇരുമ്പുയുഗത്തിലേക്ക് മനുഷ്യൻ പ്രവേശിച്ചു. ഏറ്റവും പ്രാചീനമായ ഒരു ഇരുമ്പുപകരണത്തെപ്പറ്റി തമിഴകത്തെ പഴയ പദ്യങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ഇത്തരം പരാമർശങ്ങൾ മുഖ്യമായും വരുന്നത് മലഞ്ചെരുവുകളിലെ കുറുഞ്ചി പ്രദേശത്തെ കാർഷിക വൃത്തിയെപ്പറ്റി പരാമർശിക്കുന്ന സന്ദർഭങ്ങളിലാണ്. ഇതോടൊപ്പം മഹാശിലാ സംസ്കാരങ്ങളും നിലവിൽ വന്നു. ഈ മഹാശിലാസംസ്കാരങ്ങളിലെ കറുത്ത ചുവന്ന കളിമൺ പാത്രങ്ങളും, ഇരുമ്പുപകരണങ്ങളും കാർഷിക കൂട്ടായ്മകളുടെ സ്ഥിരവാസ കേന്ദ്രങ്ങളെപ്പറ്റി നമുക്ക് സൂചന നൽകുന്നു.

1.5.5 പഴയ തമിഴകം എന്നറിയപ്പെട്ടിരുന്ന, ഇന്നത്തെ കേരളം ഉൾപ്പെടെ തിരുപ്പതി മുതൽ കന്യാകുമാരി വരെയുള്ള പ്രദേശത്ത് രാഷ്ട്രീയ സംവിധാനങ്ങളും, സാമൂഹ്യ സാമ്പത്തിക സ്ഥാപനങ്ങളും നിലവിൽ വന്നു. ഇതിൽ പാലക്കാട് ചുരത്തിന് അതി പ്രധാനമായ പങ്കാണുള്ളത്. ബി.സി 500-നും എ.ഡി 600-നും ഇടക്ക് പാലക്കാട് ചുരത്തിൽ കൂടിയുള്ള കച്ചവട മാർഗ്ഗങ്ങൾ വികസിച്ചുവന്നു. തമിഴ് നാടിനെയും കേരളത്തെയും കൂട്ടിയിണക്കുന്ന ഒരു കണ്ണിയായ തീർന്നു പാലക്കാട് പ്രദേശം. 'ചേരൻമാർ' എന്ന ഒരു പ്രത്യേക വിഭാഗം രാജാക്കൻമാരെപ്പറ്റി തമിഴ് കൃതികളിൽ പരാമർശിക്കുന്നുണ്ട്. തമിഴകത്തിൽ പൊതുവിൽ ഉള്ളതുപോലെ പാലക്കാടു പ്രദേശത്തും തിണ (ഭൂമിയുടെ സ്വഭാവമനുസരിച്ച് തരം തിരിക്കപ്പെട്ട പ്രദേശങ്ങൾ) കളുണ്ടായിരുന്നു. ചില തിണകളിൽ കൃഷി അഭിവൃദ്ധിപ്പെട്ടു. ഉഴവർ എന്ന വിഭാഗത്തെപ്പറ്റിയും കലപ്പയെപ്പറ്റിയും തമിഴ് കൃതികളിൽ സൂചനകളുണ്ട്. തുടർന്ന് കാർഷികമിച്ചം ഉണ്ടായിത്തുടങ്ങി. പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ ബ്രഹ്മണ ഗ്രാമങ്ങൾ വളർന്നു വന്നു. നെൽകൃഷിയെ ആധാരമാക്കിയുള്ള ഒരു സാമ്പത്തിക- സാമൂഹ്യ വ്യവസ്ഥ നിലവിൽ വന്നു.

1.5.6 സേലം, കോയമ്പത്തൂർ പ്രദേശങ്ങളും കേരളത്തിൻ തീരപ്രേദശങ്ങളായ കൊടുങ്ങല്ലൂർ, പൊന്നാനി പ്രദേശങ്ങളും തമ്മിൽ ബന്ധം സ്ഥാപിക്കപ്പെട്ടു. ക്രിസ്തുവർഷം 11, 12 നൂറ്റാണ്ടുകളിലെ തമിഴ് ലിഖിതങ്ങളിൽ കേരളത്തിലെ കൊടുങ്ങല്ലൂർ നിന്നും കച്ചവടക്കാർ പാലക്കാട് വഴി തമിഴകത്തു ചെന്നതിനെപ്പറ്റി പരാമർശിയ്ക്കുന്നുണ്ട്. നിരവധി വർത്തക സംഘങ്ങളെപ്പറ്റിയും, 13, 14 നൂറ്റാണ്ടികളിലെ കുതിരചെട്ടികളെപ്പറ്റിയും ഇതിൽ സൂചനകളുണ്ട്. രാജാക്കൻമാർക്കും നാട്ടു പ്രമാണിമാർക്കും വേണ്ടി അറബിക്കുതിരകളെ തമിഴ് നാട്ടിലേക്ക് എത്തിച്ചു കൊടുത്തവരായിരുന്നു കുതിരച്ചെട്ടികൾ.

1.5.7 തമിഴ് നാട്ടിലും കേരളത്തിലും കച്ചവടത്തിൽ ഏർപ്പെട്ട തമിഴ് ബ്രാഹ്മണരെപ്പറ്റി ഉണ്ണുനീലി സന്ദേശത്തിൽ പറയുന്നുണ്ട്. അരി, മുളക്, പരുത്തി-പട്ട് തുണിത്തരങ്ങൾ, കുരുമുളക്, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയുടെ വിനിമയമായിരുന്നു പ്രധാനമായും നടന്നത്. ചിറ്റൂർ പ്രദേശത്തുകൂടിയും തമിഴ് നാടുമായി ഒരു കച്ചവടമാർഗ്ഗമുണ്ടായിരുന്നു. തമിഴ് നാട്ടിലെ ചരക്കുകൾ പൊള്ളാച്ചിയിൽ നിന്നും കാളപ്പുറത്തു കയറ്റി ചിറ്റൂരുകൊണ്ടു വന്ന് വാണിജ്യം നടത്തി പകരം ഇവിടത്തെ ചരക്കുകൾ തമിഴ് നാട്ടിലേക്കു കൊണ്ടു പോയി വിപണനം നടത്തിയിരുന്നു. ഇത്തരം സഞ്ചരിക്കുന്ന സംഘങ്ങളാണ് ചിറ്റൂർ കൊങ്ങൻപട

ആഘോഷത്തിനു കാരണമായത്. പിൽകാലത്ത് ക്ഷേത്രോൽസവങ്ങളുടെ ഭാഗമായും ചെമ്പ്, ഓട്, ഇഷ്ടിക, കൽച്ചട്ടി മുതലായ ഗൃഹോപകരണങ്ങൾ വാണിജ്യം നടത്തിയിരുന്നു. ഉത്സവം കഴിഞ്ഞാലും ആഴ്ച്ചകളോളം ക്ഷേത്രപറമ്പിൽ വ്യാപാരം തുടർന്നിരുന്നു. പിന്നീടുണ്ടായ മറ്റൊരു വിപണന കേന്ദ്രം വിവിധ ഗ്രാമങ്ങളിലെ ആഴ്ച്ച ചന്തകളായിരുന്നു. കാർഷിക വിഭവങ്ങളായിരുന്നു ഇവിടെ പ്രധാനമായും വിറ്റഴിക്കപ്പെട്ടിരുന്നത്.

1.5.8 പഴയ വള്ളുവനാട് പ്രദേശത്ത് വള്ളുവനാട് അടികൾ ആയിരുന്നു നാടുവാണിരുന്നത്. തൊട്ടടുത്തുകിടക്കുന്ന നെടുമ്പുറയൂർ നാട്, ഭാരതപ്പുഴയോടും പോഷക നദികളോടും ചേർന്നു കിടക്കുന്ന തലപ്പിള്ളി, ചിറ്റൂർ, പാലക്കാട് പ്രദേശങ്ങൾ പഴയ പാലക്കാടിൽ ഉൾപ്പെട്ടവ യായിരുന്നു. വള്ളുവനാട് പ്രദേശം പിൽകാലത്ത് സാമൂതിരി ആക്രമിച്ചു കീഴ്പ്പെടുത്തി. നെടുമ്പുറയൂർ പല നൂറ്റാണ്ടുകൾക്കുശേഷം തരൂർ സ്വരൂപമായും പിന്നെ പാലക്കാട്ടുശ്ശേരിയായും ഒടുവിൽ പാലക്കാടായും പരിണമിച്ചു.

1.5.9 തരൂർ സ്വരൂപം, തെന്മലപ്പുറം വടമലപ്പുറം, നടുവട്ടം എന്നിങ്ങനെ മൂന്നുമേഖലകളായി വിഭജിക്കപ്പെട്ടിരുന്നു. വടമലപ്പുറത്തിന്റെ മധ്യത്തിലാണ് ഇന്നത്തെ പാലക്കാട് സ്ഥിതിചെയ്യുന്നത്. ഇടതൂർന്ന വനപ്രദേശമായിരുന്നു ഇവിടം. തെന്മല പ്രദേശവും ഇടതൂർന്ന വനപ്രദേശമായിരുന്നു. പാലക്കാട്, കൊല്ലങ്കോട് രാജാക്കൻമാരുടെ ആദിവാസി ബന്ധവും തമിഴ് ബ്രാഹ്മണ ബന്ധവും ശ്രദ്ധേയമായിരുന്നു. ഒരു നമ്പൂതിരി ആദിവാസി യുവതിയെ കല്ല്യാണം കഴിച്ചതിനാൽ നമ്പൂതിരിമാർ അദ്ദേഹത്തിനു ഭ്രഷ്ട് കൽപ്പിച്ചു. ഇതിനു തിരിച്ചടിയെന്നോണം തമിഴ് നാട്ടിൽ നിന്നും തമിഴ് ബ്രാഹ്മണരെ വിളിച്ച് കുടിയിരുത്തിയതായും പറയപ്പെടുന്നു. ക്രമേണ 19 തമിഴ് ബ്രാഹ്മണ ഗ്രാമങ്ങൾ രൂപം കൊണ്ടു.

1.5.10 മധ്യകാലഘട്ടത്തിലും ആധുനിക യുഗത്തിന്റെ തുടക്കത്തിലും മറ്റിടങ്ങളിലെന്നപ്പോലെ പാലക്കാട് പ്രദേശത്തും ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥിതി വളർന്നു വന്നു. നാടിവാഴികൾ, ബ്രാഹ്മണ ഭൂവുടമകൾ, ഇവർക്കു കീഴിൽ വിവിധ തട്ടുകളിലായി വളർന്നുവന്ന ജാതികൾ, ഉപജാതികൾ ഇതെല്ലാം സവിശേഷമായ ഫ്യൂഡൽവ്യവസ്ഥിതിക്കു വഴിവെച്ചു. നായർ ഇട പ്രഭുക്കൻമാർ സമൂഹത്തിൽ പ്രധാന സ്ഥാനമായിരുന്നു. മനകളും നായർത്തറവാടുകളും മേധാവിത്തം പുലർത്തിയിരുന്നു. ഈ സവിശേഷ പരിസ്ഥിതി നിലനിൽക്കുമ്പോഴാണ് ഹൈദരാലിയുടെയും ടിപ്പുസുൽത്താന്റേയും ആക്രമണം നടന്നത്. തുടർന്ന് ബ്രിട്ടീഷ് ആധിപത്യത്തിന്റെ വരവായി.

1.6 ആധുനിക കാലഘട്ടം

1.6.1 ബ്രിട്ടീഷ് ഭരണകാലത്ത് ചിറ്റൂർ ഒഴികെയുള്ള പാലക്കാട് പ്രദേശങ്ങൾ മലബാർ ജില്ലയിൽ ഉൾപ്പെട്ടിരുന്നു. ചിറ്റൂർ കൊച്ചിയുടെ ഭാഗമായിരുന്നു. മലബാർ ജില്ല മദ്രാസ് പ്രവിശ്യയുടെ ഭാഗമായിരുന്നു. ആന്ധ്ര, മലബാർ, തമിഴ്നാട് ഈ മൂന്നു പ്രദേശം ഉൾപ്പെടുന്ന വിശാലമായ പ്രവിശ്യയായിരുന്നു പഴയ മദ്രാസ് പ്രവിശ്യ. ആധുനിക യൂറോപ്യൻ ആശയങ്ങളുടെ പ്രാതിനിധ്യം വഹിച്ച ബ്രിട്ടീഷ് ഭരണത്തിന്റെ ഇടപെടൽ മലബാറിന്റെ പരിവർത്തനത്തിനു നാന്ദികുറിച്ചു. ആധുനിക ഭരണസംവിധാനം, ഉദ്യോഗസ്ഥ സംവിധാനം, എന്നിവ നിലവിൽ വന്നു. പഴയ ഫ്യൂഡൽ സംവിധാനത്തെ പാടെ മാറ്റാതെ അതിനു മുകളിൽ ഈ പുതിയ സംവിധാനം വെച്ചുകെട്ടുകയായിരുന്നു. ബ്രിട്ടീഷ് ഭരണത്തിന്റെ ഫലമായി ആധുനിക വിദ്യാഭ്യാസം മലബാറിലെത്തി.

1.7 വിദ്യാഭ്യാസ സാംസ്കാരിക ചരിത്രം

1.7.1 ഇവിടെ നിലവിലുണ്ടായിരുന്നത് പരമ്പരാഗതമായ വിദ്യാഭ്യാസ രീതിയായിരുന്നു. സംസ്കൃത പാഠശാലകളിലൂടെയും മദ്രസകളിലൂടെയും മറ്റും പ്രധാനമായും മതവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അഭ്യസിപ്പിച്ചത്. പിന്നീട് മദ്രസകളിൽ ഉച്ചക്കുശേഷം കണക്കും മലയാളവും അഭ്യസിച്ച് തുടങ്ങി. പിന്നീട് വന്ന എഴുത്തച്ഛന്മാരുടെ നാട്ടുപള്ളിക്കൂടങ്ങളിൽ ശൂദ്രന്മാർക്കും സാമാന്യ വിദ്യാഭ്യാസം നൽകി.

ആദ്യഘട്ടങ്ങളിൽ അതിസമ്പന്നവർഗം മാത്രം അവരുടെ വീട്ടിൽ എഴുത്തച്ഛന്മാരെ താമസിപ്പിച്ച് കിട്ടികൾക്ക് വിദ്യാഭ്യാസം കൊടുത്തിരുന്നു. ഇങ്ങനെ **എഴുത്തച്ഛൻ പാർക്കുക** എന്ന സമ്പ്രദായം അക്കാലത്ത് നിലനിന്നിരുന്നു. വിദ്യാർത്ഥികൾ കൂടുതലായി ഉണ്ടായിത്തുടങ്ങിയപ്പോൾ നെടുമ്പുരകൾ കെട്ടി വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്നു. ഇതാണ് പിന്നീട് സ്കൂളുകളുടെ ആവിർഭാവത്തിന് ഇവിടെ തുടക്കം കുറിച്ചത്.

1.7.2 ഇവിടെ നിലനിന്ന പരമ്പരാഗത വിദ്യാഭ്യാസത്തിനുപകരം ബ്രിട്ടീഷുകാർ പാശ്ചാത്യ വിദ്യാഭ്യാസത്തെ പ്രതിഷ്ഠിച്ചു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം, മതവും പാരമ്പര്യാധിഷ്ഠിത ശാസ്ത്രവും എന്ന നില മാറ്റി അവയുടെ സ്ഥാനത്ത് മതനിരപേക്ഷങ്ങളായ ഭൌതിക-സാമൂഹ്യ വിജ്ഞാനങ്ങളെ പ്രതിഷ്ഠിച്ചു. ഇംഗ്ലീഷ് ഭാഷയ്ക്ക് സവിശേഷനായ പദവി നിലവിൽ വന്നു. അധ്യയന മാദ്ധ്യമങ്ങളായിരുന്ന പ്രാദേശികഭാഷകളുടെയും സംസ്കൃതം, അറബി എന്നീ ക്ലാസിക്കൽ ഭാഷകളുടെയും സ്ഥാനത്ത് ഇംഗ്ലീഷ് ഭാഷ അവരോധിക്കപ്പെട്ടു. ഇംഗ്ലീഷുകാർ നടപ്പിലാക്കിയ വിദ്യാഭ്യാസരീതി അന്നത്തെ ചരിത്ര പശ്ചാത്തലത്തിൽ പുരോഗമന പരമായിരുന്നു. ബ്രിട്ടീഷുകാരുടെ ഈ നയം പാലക്കാടും അഭ്യസ്തവിദ്യരായ പുതിയ തലമുറക്ക് രൂപം നൽകി. ബ്രാഹ്മണവിഭാഗത്തിൽപ്പെട്ടവരും അവരെ തുടർന്ന് നായന്മാരും പാശ്ചാത്യ വിദ്യാഭ്യാസം നേടി.

1.7.3 പാലക്കാടിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ശ്രദ്ധേയമായ കാൽവെപ്പായിരുന്നു **റേറ്റ്** സ്കൂളിന്റെ സ്ഥാപനം 1866-ൽ പാലക്കാട് റേറ്റ് സ്കൂൾ നിലവിൽ വന്നു. ഇതാണ് പിന്നീട് ഗവൺമെന്റ് വിക്ടോറിയ കോളേജായി വികസിച്ചത്.

1.7.4 മലബാർ എഡ്യൂക്കേഷണൽ റേറ്റ് എന്ന പേരിൽ ഒരു വിദ്യാഭ്യാസ സെസ്സ് പ്രാദേശിക ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുത്തിരുന്നു. ഇതിൽ നിന്നും വിദ്യാലയങ്ങളിലെ ചെലവ് നടത്തിയിരുന്നു. ഇതിൽ നിന്നാണ് റേറ്റ് സ്കൂൾ എന്ന പേര് വന്നത്. 1871 ൽ വിദ്യാഭ്യാസ സെസ്സ് നിയമപ്രകാപരം എടുത്തുകളഞ്ഞപ്പോൾ ലോക്കൽ ഫണ്ട് ബോർഡ് സ്കൂൾ ഏറ്റെടുത്തു. കൽപ്പാത്തിയിലെ മിഡിൽ സ്കൂളും ഇതിന്റെ ഭാഗമായി. ഇതോടൊപ്പം ഒരു വിദ്യാഭ്യാസ സമുച്ചയംതന്നെ രൂപംകൊണ്ടു. വടക്കെ അറ്റത്ത് മുനിസിപ്പൽ മിഡിൽ സ്കൂൾ, ഗവൺമെന്റ് ഹൈസ്കൂൾ, തെക്കെ അറ്റത്ത് ഗവൺമെന്റ് നോർമൽ സ്കൂൾ എന്നിങ്ങനെ. 1887 ൽ ഇത് സെക്കന്റ് ഗ്രേഡ് കോളേജ് ആയി ഉയർത്തപ്പെട്ടു.

1.7.5 മലബാറിൽ നിലവിൽ വന്ന ബേസൽ മിഷൻ സ്ഥാപനങ്ങൾ പാലക്കാടും പ്രശസ്ത സേവനം നിർവ്വഹിച്ചു. 1858-ൽ ആണ് പാലക്കാട് ബേസൽ മിഷൻ സ്ഥാപിതമായത്. ഇവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ ധാരാളം ഈഴവർക്കും മറ്റു വിഭാഗത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസം ലഭിച്ചു. മിക്കവാറും ഈഴവ വിഭാഗത്തി ൽപ്പെട്ടവരായിരുന്നു അന്ന് മതംമാറി ക്രിസ്ത്യാനികളായത്. ഇത് അവർക്ക് സമൂഹത്തിൽ മാന്യത നേടികൊടുത്തു. ഇതോടൊപ്പം പാലക്കാട്ടെ ചില പ്രമുഖ തമിഴ് ബ്രാഹ്മണ വ്യക്തികൾ വിദ്യാഭ്യാസമേഖലയിൽ വഹിച്ച പങ്കും ശ്രദ്ധേയമാണ്. ഇതിൽ പ്രധാനം ന്യൂറണി ഹിന്ദു സ്കൂൾ, വി.വി.പി സ്കൂൾ എന്നിവയുടെ സ്ഥാപനമാണ്. ജാതിമതഭേദമന്യേ എല്ലാവർക്കും ഈ സ്കൂളിൽ പ്രവേശനം അനുവദിച്ചിരുന്നു. പാലക്കാട് ഭാഗത്ത് ഈഴവർ വിദ്യാഭ്യാസത്തിൽ പിന്നോക്കമായിരുന്നപ്പോൾ മലബാറിന്റെ ഭാഗമായിരുന്ന തലശ്ശേരി, കണ്ണൂർ പ്രദേശങ്ങളിലെ തീയർ, നായന്മാർക്കൊപ്പം വിദ്യാഭ്യാസത്തിൽ മുന്നിലായിരുന്നു. ഇങ്ങനെ വിദ്യാഭ്യാസം നേടി തലശേരിയിൽ നിന്നും പാലക്കാട് സ്ഥിരതാമസമാക്കി ആതുര സേവനം നടത്തിയ പ്രഗൽഭ വ്യക്തിയായിരുന്നു തീയ്യ സമുദായത്തിൽപ്പെട്ട ഡോ.കൃഷ്ണൻ. ഇദ്ദേഹമായിരുന്നു പാലക്കാട് ആദ്യത്തെ അലോപ്പതി ആസ്പത്രി സ്ഥാപിച്ചത്. ഇദ്ദേഹവുമായി ശ്രീനാരായണഗുരുവും കുമാരനാശാനും ബന്ധപ്പെട്ടിരുന്നു എന്നതും പ്രസ്താവ്യമാണ്.

1.7.6 1858 ൽ ജനിച്ച പുന്നശേരി നീലകണ്ഠശർമ്മ സംസ്കൃതത്തിൽ അംഗമായ പാണ്ഡിത്യം നേടിയ വ്യക്തിയായിരുന്നു. സംസ്കൃത വിദ്യാഭ്യാസം പുനരുജ്ജീവിപ്പിക്കാനായി അദ്ദേഹം 1888 ൽ

സരസ്വതോദ്യോതിനി സംസ്കൃത പാഠശാല ആരംഭിച്ചു. 1921-ൽ ഇത് കോളേജായി ഉയർത്തപ്പെട്ടു. ഇതാണ് പട്ടാമ്പിയിലെ ഇന്നത്തെ ഗവ. സംസ്കൃത കോളേജ്.

1.7.7 തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും മൂർദ്ധന്യത്തിലെത്തിയ കാലത്ത്, ശൂദ്രൻമാർ സംസ്കൃതം പഠിപ്പിച്ചുകൂടാ എന്ന വിശ്വാസം നിലനിന്ന കാലത്ത് ജാതിമത വ്യത്യാസം പരിഗണിക്കാതെ, എല്ലാവരേയും തന്റെ ഇല്ലത്തുവെച്ചും പാഠശാലയിൽവെച്ചും പുന്നശേരി നമ്പി സംസ്കൃതം പഠിപ്പിച്ചു. നിരുപാഗ്രേസരനായ കുട്ടികൃഷ്ണമാരാർ, മഹാകവി പി.കുഞ്ഞിരാമൻനായർ കറുവാംതൊടി ശങ്കരനെഴുത്തച്ഛൻ, കലന്മാർതൊടി രാമുണ്ണിമേനോൻ തുടങ്ങി പലരും പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളായിരുന്നു. **വിജ്ഞാന ചിന്താമണി** പ്രസ് സ്ഥാപിക്കുകയും അവിടെ നിന്ന് **വിജ്ഞാന ചിന്താമണി** എന്ന സംസ്കൃത മലയാള ദ്വിഭാഷാപത്രം പുന്നശേരിനമ്പി പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു.

1.8 സാമൂഹ്യ – നവോത്ഥാന പ്രസ്ഥാനങ്ങൾ

1.8.1 കേരളത്തിലെ സാമൂഹ്യ നവോത്ഥാന പ്രസ്ഥാനങ്ങൾ പാലക്കാട് ആഴത്തിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടില്ല. എന്നിരുന്നാലും ശ്രീനാരായണ സ്വാമികളും, കുമാരനാശാനും പാലക്കാട് സന്ദർശിക്കുകയും എസ്.എൻ.ഡി.പി യോഗത്തിന്റെ സ്ഥാപനത്തിന് വഴിവെക്കുകയും ചെയ്തിട്ടുണ്ട്. പിൽക്കാലത്തെ ചില പ്രമുഖ രാഷ്ട്രീയ നേതാക്കളായ കെ.പി.പഴനിമല, ആലത്തൂർ ആർ.കൃഷ്ണൻ എന്നിവർ ആദ്യകാലത്തെ എസ്.എൻ.ഡി.പി പ്രവർത്തകരായിരുന്നു.

1.8.2 പാലക്കാട് പ്രദേശത്ത് എടുത്തുപറയേണ്ട മറ്റൊരു സാമൂഹ്യ നവോത്ഥാന പ്രസ്ഥാനം യോഗക്ഷേമ സഭയായിരുന്നു. വി.ടി ഭട്ടതിരിപ്പാട് ഈ രംഗത്ത് നൽകിയ സേവനം അതിലുമാണ്. എം. ആർ.ബി, ഐ.സി.പി, ഇ.എം.എസ്, പ്രേംജി, ആര്യാപള്ളം തുടങ്ങിയവർ നമ്പൂതിരിമാരുടെ അനാചാരങ്ങൾക്കെതിരേയും സ്ത്രീകൾ നേരിട്ട അവഗണലകൾക്കെതിരേയും പോരാടുന്നതിൽ മുൻപന്തിയിലായിരുന്നു.

1.8.3 1893 മുതൽ 1929 വരെ ജില്ലയിലെ സാംസ്കാരിക രംഗത്ത് തിളങ്ങി നിന്ന ആളാണ് ആലത്തൂരിലെ ബ്രാഹ്മണസ്വാമി ശിവയോഗി ആലത്തൂരിലെ പുതിയങ്കം മിഡിൽ സ്കൂളിലെ സംസ്കൃതം മുൻഷിയായിരുന്ന ഇദ്ദേഹം ജാതിമത വ്യത്യാസങ്ങൾക്കെതിരേയും ക്ഷേത്രങ്ങളിലെ ജന്തുഹിംസക്കും വിഗ്രഹാരാധനക്കും എതിരേയും സ്ത്രീ വിദ്യാഭ്യാസത്തിനുവേണ്ടിയും ശക്തിയായി വാദിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. കേരളത്തിലെ പല കാവുകളിലും നടന്നിരുന്ന ജന്തുഹിംസക്ക് അറുതി വരുത്താൻ ഇദ്ദേഹം ശ്രമിച്ചു. തിരുവനന്തപുരത്തെ ആറ്റുകാൽ ക്ഷേത്രം പോലെ പല ക്ഷേത്രങ്ങളിലും ഇദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ജന്തുഹിംസ ഒഴിവായിട്ടുണ്ട്.

1.9 കാർഷിക രംഗം

1.9.1 കേരളത്തിലെ കാർഷികോത്പാദനത്തിലും, കാർഷിക സമ്പദ് വ്യവസ്ഥയിലും നിർണ്ണായക ശക്തിയായി പാലക്കാട് ജില്ല നിലകൊള്ളുന്നു. ഇന്നും കാർഷിക മേഖലയെ ആശ്രയിച്ചു കഴിയുന്ന വലിയൊരു ജനസമൂഹം പാലക്കാട് ജില്ലയിലുണ്ട്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഭക്ഷ്യ ഉത്പന്നമായ അരിയുടെ ഉത്പാദനത്തിൽ സംസ്ഥാനത്ത് ഒന്നാം സ്ഥാനം പാലക്കാട് ജില്ലയ്ക്കാണ്. ഇന്ന് കേരളത്തിലെ ആകെ അരി ഉത്പാദനത്തിന്റെ 41.60 % പാലക്കാട് ജില്ലയിൽ നിന്നാണ്. കാർഷികോത്പാദനത്തിൽ പാലക്കാട് ജില്ലയുടെ പ്രാധാന്യം കണക്കിലെടുത്ത് 2010-11 കാർഷിക വർഷം മുതൽ 2015-16 കാർഷിക വർഷം വരെ കാർഷിക മേഖലയിൽ വിളകളുടെ വിസ്തൃതിയിലും, ഉത്പാദനത്തിലും വന്ന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1.9.3 2010-11 കാർഷിക വർഷത്തിൽ ജില്ലയുടെ ആകെ ഭൂവിസ്തൃതിയുടെ 43.97 % കാർഷിക ആവശ്യത്തിന് ഉപയോഗപ്പെടുത്തിയിരുന്നതായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ 2015-16 കാർഷിക വർഷം ആയപ്പോഴേയ്ക്കും ഇത് 42.73% ആയി കുറഞ്ഞിട്ടുണ്ട്. അതായത് 2010-11-ൽ 196818 ഹെക്ടർ കൃഷിഭൂമി ഉണ്ടായിരുന്നത് കേവലം ആറു വർഷം കൊണ്ട് 191277 ഹെക്ടർ ആയി കുറഞ്ഞു. കാലിക വിളകളുടെ മൂന്ന് സീസണുകളിലെയും കൃഷി ചെയ്ത ഭൂമി ഉൾപ്പെടെയുള്ള ജില്ലയിലെ ആകെ കൃഷി ചെയ്ത വിസ്തൃതി 2010-11-ൽ 303461 ഹെക്ടർ ആയിരുന്നത് 2015-16 ആയപ്പോഴേയ്ക്കും 293440 ഹെക്ടർ ആയി കുറഞ്ഞിരിക്കുന്നതായി കാണാം.

1.9.4 മഴയുടെ അളവിൽ ഉണ്ടായ കുറവ്, തണ്ണീർത്തടങ്ങൾ നികത്തൽ, ഭൂഗർഭ ജലത്തിന്റെ അളവിൽ വന്ന കുറവ്, കൃഷിച്ചെലവിൽ ഉണ്ടായ വർദ്ധനവ്, തൊഴിലാളി ദൗർലഭ്യം എന്നിവ മൂലം കർഷക കുടുംബങ്ങളും നെൽക്കൃഷിയിൽ നിന്ന് പിന്മാറിയതുകൊണ്ടായിരിയ്ക്കാം പാലക്കാട് ജില്ലയിലെ നെൽക്കൃഷിയുടെ വിസ്തൃതിയിൽ വൻ കുറവ് സംഭവിച്ചുകൊണ്ടിരിയ്ക്കുന്നത്.

1.9.5 സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിയ്ക്കുന്ന അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 2010-11 കാർഷിക വർഷത്തിൽ പാലക്കാട് ജില്ലയിലെ നെൽകൃഷിയുടെ വിസ്തൃതി 87511 ഹെക്ടറായിരുന്നു. ഇത് സംസ്ഥാനത്ത് ആകെ നെൽകൃഷി ചെയ്ത വിസ്തൃതിയുടെ 41.04% ആയിരുന്നു. എന്നാൽ 2015-16 കാർഷിക വർഷമായപ്പോഴേയ്ക്കും ജില്ലയിലെ നെൽകൃഷിയുടെ വിസ്തൃതി 81120 ഹെക്ടർ ആയി ചുരുങ്ങി. ഇത് സംസ്ഥാനത്ത് ആകെ നെൽകൃഷി ചെയ്ത വിസ്തൃതിയുടെ 41.20% ആണ്. 2010-11 കാർഷിക വർഷത്തിൽ പാലക്കാട് ജില്ലയുടെ ആകെ വിസ്തൃതിയുടെ 19.55% ഭാഗത്ത് മാത്രം ചെയ്തിരുന്ന നെൽകൃഷി 2015-16 കാർഷിക വർഷമായപ്പോഴേയ്ക്കും വീണ്ടും കുറഞ്ഞ് 18.12 % ഭാഗത്തേയ്ക്ക് മാത്രമായി ചുരുങ്ങി.

1.9.6 പാലക്കാട് ജില്ലയിലെ ആകെ നെൽകൃഷിയുടെ 19.43 ശതമാനവും കൃഷി ചെയ്യുന്നത് കുഴൽമന്ദം ബ്ലോക്കിൽ നിന്നാണ്. അതുപോലെ ജില്ലയിലെ ആകെ നെല്ലുത്പ്പാദനത്തിന്റെ 21.91% ഉത്പാദിപ്പിക്കുന്നതും കുഴൽമന്ദം ബ്ലോക്കിൽ നിന്നാണ്. 2015-16 കാർഷിക വർഷത്തിൽ പാലക്കാട് ജില്ലയിൽ 81120.24 ഹെക്ടർ സ്ഥലത്ത് മൂന്ന് സീസണുകളിലായി നെല്ല് കൃഷി ചെയ്തിരുന്നപ്പോൾ ആയതിൽ 15762.86 ഹെക്ടർ നെൽകൃഷി കുഴൽമന്ദം ബ്ലോക്കിൽ നിന്നാണ്. അതുപോലെ തന്നെ ഇതേ കാലയളവിൽ (2015-16 കാർഷിക വർഷത്തിൽ) പാലക്കാട് ജില്ലയിലെ നെല്ല് ഉത്പാദനം 228459.342 ടൺ ആയിരുന്നപ്പോൾ കുഴൽമന്ദം ബ്ലോക്കിലെ നെല്ല് ഉത്പാദനം 50066.293 ടൺ ആയിരുന്നു.

പട്ടിക 1.3

ക്രമ നമ്പർ	വിവരണം	വർഷം	
		2010-11	2015-16
1	ജില്ലയുടെ ആകെ വിസ്തൃതിയിൽ കാർഷിക ആവശ്യത്തിന് ഉപയോഗിച്ച വിസ്തൃതി (ശതമാനത്തിൽ)	43.97	42.73
2	ജില്ലയുടെ ആകെ വിസ്തൃതിയിൽ കാർഷിക ആവശ്യത്തിന് ഉപയോഗിച്ച വിസ്തൃതി (ഹെക്ടറിൽ)	1,96,818	1,91,277
3	കാലിക വിളകൾ മൂന്ന് സീസണുകളിലും കൃഷി ചെയ്തത് ഉൾപ്പെടെ ആകെ വിസ്തൃതി (ഹെക്ടറിൽ)	3,03,461	2,93,440
4	നെൽ കൃഷി ചെയ്ത വിസ്തൃതി (ഹെക്ടറിൽ)	87,511	81,120
5	സംസ്ഥാനത്ത് ആകെ നെൽകൃഷി ചെയ്ത വിസ്തൃതിയിൽ പാലക്കാടിന്റെ സംഭാവന (ശതമാനത്തിൽ)	41.04	41.20

Source: Agricultural Statistics 2010-11, 2015-16

1.10 പാലക്കാട് ജില്ലയിലെ മറ്റു പ്രധാന വിളകൾ

1.10.1 നെല്ല് ഉത്പാദനത്തെ കൂടാതെ മറ്റു ചില പ്രധാന വിളകളുടെ ഉത്പാദനത്തിലും പാലക്കാട് ജില്ല ഒന്നാം സ്ഥാനം അലങ്കരിയ്ക്കുന്നു.അവ ഇഞ്ചി(5526 ടൺ), മഞ്ഞൾ (1689 ടൺ), പുളി (15255 ടൺ), നേന്ത്രവാഴ (152109 ടൺ), മുരിങ്ങ (3723 ടൺ), പച്ചമുളക് (290ടൺ), നിലക്കടല (699 ടൺ), പരുത്തി (196 ടൺ), പച്ചക്കറികൾ (14.85%),കൂർക്ക (909 ഹെക്ടർ) എന്നിവയാണ്. പാലക്കാട് ജില്ലയിൽ കൃഷി ചെയ്യുന്ന മറ്റു പ്രധാന വിളകളാണ് മാങ്ങ (44596 ടൺ),മറ്റു വാഴ (58353 ടൺ)എന്നിവ. ഇവ രണ്ടും കൃഷി ചെയ്യുന്നതിൽ പാലക്കാട് ജില്ലയ്ക്ക് 2015 -16 കാർഷിക വർഷത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനം ഉണ്ട്.

1.10.2 കേരളത്തിൽ കരിമ്പ് കൃഷി ചെയ്യുന്ന ഒരു ജില്ല കൂടിയാണ് പാലക്കാട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, മലമ്പുഴ ബ്ലോക്ക്, അട്ടപ്പാടി ബ്ലോക്കിലെ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് കരിമ്പ് കൃഷി ചെയ്യുന്നത്. 2015-16-ലെ അഗ്രിക്കൾച്ചർ സ്റ്റാറ്റിസ്റ്റിക്സ് അനുസരിച്ച് സംസ്ഥാനത്തെ കരിമ്പ് കൃഷിയുടെ 31% പാലക്കാട് ജില്ലയിലാണ് നടക്കുന്നത്. ചിറ്റൂർ ഷുഗർ ഫാക്ടറി അടച്ചുപൂട്ടിയതിനാലും കരിമ്പിന്റെ വിളവെടുപ്പിന് അന്യസംസ്ഥാന തൊഴിലാളികളെമാത്രം ആശ്രയിക്കേണ്ടി വരുന്നതിനാലും കരിമ്പ് കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനം, സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭിക്കാത്തതിനാലും കാലാനുസൃതമായി കരിമ്പ് കൃഷിയുടെ വിസ്തൃതിയിലും കർഷകരുടെ എണ്ണത്തിലും വലിയ കുറവ് വന്നുകൊണ്ടിരിക്കുന്നു. 2013-14 കാർഷിക വർഷംവരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ ജില്ലയിൽ മുൻകാലങ്ങളിൽ കരിമ്പ് കൃഷിചെയ്തിട്ടുള്ള പഞ്ചായത്തുകളായ പൊൽപ്പുള്ളി, കണ്ണാടി പഞ്ചായത്തുകളിലെ കർഷകർ പൂർണ്ണമായും കരിമ്പ് കൃഷിയിൽനിന്നും പിന്മാറിയതായാണ് കാണുവാൻ കഴിയുന്നത്.

1.10.3 കേരളത്തിൽ ഏറ്റവും കൂടുതൽ പച്ചക്കറി ഉത്പാദിപ്പിക്കുന്ന ജില്ലയാണ് പാലക്കാട്. ചിറ്റൂർ താലൂക്കിലെ തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന പ്രദേശത്തും, മണ്ണാർക്കാട് താലൂക്കിലെ അട്ടപ്പാടി ബ്ളോക്കിലും ആണ് പാലക്കാട് ജില്ലയിൽ പച്ചക്കറി ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത്. പാലക്കാട് ജില്ലയിൽ വ്യാപകമായി കൃഷി ചെയ്തു വരുന്ന പച്ചക്കറികൾ വെണ്ടയ്ക്ക, പടവലം, പാവൽ, വഴുതന, കോവൽ, ചുരയ്ക്ക, മത്തൻ,പയർ, തക്കാളി എന്നിവയാണ്.

1.10.4 ജില്ലയിലെ പുതുശ്ശേരി പഞ്ചായത്തിലുള്ള വാളയാർ മേഖലയിൽ മുൻകാലങ്ങളിൽ പരുത്തി, സോയാബിൻ എന്നീ വിളകൾ വ്യാപകമായി കൃഷിചെയ്തിരുന്നത് സമീപകാലത്തായി പൂർണ്ണമായും കർഷകർ ഉപേക്ഷിച്ചതായാണ് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

1.10.5 കാർഷിക ഉത്പന്നങ്ങളുടെ ഉത്പാദനത്തിലുള്ള മേധാവിത്തം കൊണ്ടും, കൃഷി ചെയുന്ന കാർഷിക വിളകളുടെ വൈവിധ്യം കൊണ്ടും തന്നെ കാർഷിക രംഗത്ത് സംസ്ഥാനത്ത് ഏറ്റവും പ്രാധാന്യമർഹിയ്ക്കുന്ന ജില്ലയായതിനാൽ കാർഷിക മേഖലയെ പ്രോത്സാഹിപ്പിയ്ക്കുന്നതിനും കാർഷികവൃത്തി ഒരു ഉപജീവനമായി കർഷകർക്ക് സ്വീകരിയ്ക്കുന്നതിനും വേണ്ട പ്രോത്സാഹനങ്ങൾ സ്വീകരിയ്ക്കേണ്ടത് അത്യാവശ്യമാണ്.

1.11 ഭൂവിനിയോഗം

1.11.1 സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് നടത്തിവരുന്ന ഭൂവിനിയോഗ സർവ്വെയുടെ കണക്ക് പ്രകാരം കൃഷിഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്നതായാണ് കാണുന്നത്. പാലക്കാട് ജില്ലയുടെ ആകെ വിസ്തൃതി 447584 ഹെക്ടർ ആണ്. അതിൽ 2010-11 കാർഷിക വർഷത്തിൽ 303461 ഹെക്ടർ (67.80%) ഭൂമി കാർഷികാവശ്യത്തിന് ഉപയോഗിച്ചിരുന്നത്, 2015-16 ആയപ്പോഴേയ്ക്കും 293440 ഹെക്ടർ

(65.56%) ഭൂമി കാർഷികാവശ്യത്തിന് ഉപയോഗിച്ചിട്ടുള്ളത്. കൃഷിഭൂമിയിൽ 10,021 ഹെക്ടർ (2.24%) കുറവ് സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു. 2010-11 കാർഷിക വർഷത്തിൽ 53918ഹെക്ടർ (12%) ഭൂമി തരിശായി ഉണ്ടായിരുന്നത്, 2015-16 ആയപ്പോഴേയ്ക്കും 51965ഹെക്ടർ (11.60%) ആയി കുറഞ്ഞിട്ടുള്ളതായി (1953 ഹെക്ടർ) പ്രസ്തുത റിപ്പോർട്ട് സൂചിപ്പിക്കുന്നു. കാർഷികേതര ആവശ്യത്തിനായി 41410ഹെക്ടർ (9.25%) ഭൂമി 2010-11 കാലഘട്ടത്തിൽ ഉണ്ടായിരുന്നത് 2015-16 ആവുമ്പോൾ 49021 ഹെക്ടർ (10.95%) ആയി വർദ്ധിച്ചിട്ടുണ്ട് (7611 ഹെക്ടർ). 2015-16 വർഷത്തിൽ പാലക്കാട് ജില്ലയിലെ പ്ലാന്റേഷൻ വിസ്തൃതി 19983 ഹെക്ടർ ആണ്. ആയത് ജില്ലയുടെ ആകെ വിസ്തൃതിയുടെ 4.50 ശതമാനത്തോളം വരും.

പട്ടിക 1.4

പാലക്കാട് ജില്ലയിലെ ഭൂവിനിയോഗത്തിൽ2010-11 മുതൽ2015-16 വരെ വന്ന മാറ്റങ്ങൾ

വിസ്തൃതി ഹെക്ടറിൽ	2010-11	2015-16	വ്യതിയാനം	ശതമാനം
ആകെ വിസ്തൃതി	447584	447584	--	--
വനം	136257	136257	0	0
കാർഷികേതര ഉപയോഗം	41410	49021	+7611	18.38%കൂടി
പാറയും കൃഷിയ്ക്ക് ഉപയുക്ത മല്ലാത്ത സ്ഥലവും	2756	2459	-297	10.78% കുറഞ്ഞു
മറ്റിനം വൃക്ഷങ്ങൾ	1023	892	-131	12.80% കുറഞ്ഞു
കൃഷിയ്ക്ക് ഉപയുക്തമായ തരിശ്	24033	23641	-392	1.63% കുറഞ്ഞു
മറ്റിനം തരിശ്	12837	16087	+3250	25.32% കൂടി
തൽക്കാല തരിശ്	17048	12237	-4811	28.22% കുറഞ്ഞു
കൃഷി ചെയ്യുന്ന ഭൂമിയുടെ ആകെ വിസ്തീർണ്ണം	196818	191277	-5541	2.82 % കുറഞ്ഞു

Source: Agricultural Statistics 2010-11, 2015-16

1.12 ഉല്പാദനം

അരി 1.12.1 2011 ലെ ജനസംഖ്യാ സെൻസസ് പ്രകാരം പാലക്കാട് ജില്ലയിലെ ജനസംഖ്യ ഏകദേശം 28 ലക്ഷത്തോളം ആണ്. 2004-2005 വർഷത്തിൽ നടത്തിയ അറുപത്തൊന്നാമത് നാഷണൽ സാമ്പിൾ സർവ്വെ പ്രകാരം ഒരാൾക്ക് ഒരു മാസത്തേക്ക് 7.776 കിലോ അരി ഭക്ഷണത്തിനായി വേണ്ടിവരും എന്ന് കാണുന്നു. ഇതിൻ പ്രകാരം പാലക്കാട് ജില്ലയിലെ ജനങ്ങൾക്ക് 1 വർഷത്തേക്ക് ഏകദേശം 2,61,276 ടൺ അരി ആവശ്യമുള്ളതായി കാണുന്നു. എന്നാൽ ജില്ലയിലെ അരി ഉല്പാദനം ഏകദേശം 2,36,398 ടൺ മാത്രമാണ്. അതായത് ആവശ്യമുള്ളതിലും 24,878 ടൺ അരിയുടെ കുറവ്.

1.12.2 കേരളത്തിന്റെ നെല്ലറ എന്ന് വിശേഷിപ്പിക്കുന്ന പാലക്കാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന അരി അവിടെയുള്ള ജനങ്ങൾക്ക് തന്നെ മതിയാവാത്ത അവസ്ഥയാണ്. പാലക്കാടിലെ ജനങ്ങൾക്കുതന്നെ അരിക്കുവേണ്ടി മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേ ണ്ടിയിരിക്കുന്നു. ആതിനാൽ നമ്മുടെ ജില്ലയിലെ നെല്ലിന്റെ ഉല്പാദനം വർദ്ദിപ്പിക്കുന്ന കാര്യത്തിൽ നാം വളരെയധികം ശ്രദ്ധ കൊടുക്കേണ്ടതുണ്ട്.

1.13 ഭരണ നിർവ്വഹണ സംവിധാനം

1.13.1 പാലക്കാട് ജില്ലയെ ഭരണ നിർവ്വഹണ സംവിധാന സൌകര്യാർത്ഥം രണ്ട് തലത്തിൽ (റവന്യൂ തലത്തിലും തദ്ദേശ ഭരണ തലത്തിലും) വിഭജിച്ചിരിക്കുന്നു. റവന്യൂ സമ്പ്രദായം അനുസരിച്ച് റവന്യൂ

ഡിവിഷൻ, താലൂക്ക്, വില്ലേജ് എന്നിങ്ങനേയും തദ്ദേശ ഭരണ സമ്പ്രദായം അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി ടൌണുകൾ(മുനിസിപ്പാലിറ്റി), പഞ്ചായത്തുകൾ എന്നിങ്ങനെയുമാണ് ജില്ലയെ വിഭജിച്ചിരിക്കുന്നത്. വികസന പ്രവർത്തനങ്ങളുടെ ഏകോപനവുമായി ബന്ധപ്പെട്ട് സൗകര്യത്തിന് വേണ്ടി പഞ്ചായത്തുകളെ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ബ്ലോക്കുകളുടെ കീഴിൽ ഏകോപിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് തന്നെ മുകളിൽ പറഞ്ഞ ഘടകങ്ങൾക്ക് അതായത് താലൂക്കുകൾ, വില്ലേജുകൾ, പഞ്ചായത്തുകൾ, സ്റ്റാറ്റ്യൂട്ടറി ടൌണുകൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ബ്ലോക്കുകൾ എന്നിവയ്ക്ക് ജില്ലയുടെ വികസന പ്രവർത്തനങ്ങളിലും ഭരണ നിർവ്വഹണത്തിലും തങ്ങളുടേതായ പ്രാധാന്യമുണ്ട്.

1.13.2 പാലക്കാട് ജില്ലയിൽ രണ്ട് റവന്യൂ ഡിവിഷനുകളാണുള്ളത്. ഒറ്റപ്പാലം, മണ്ണാർക്കാട് താലൂക്കുകൾ (67 വില്ലേജുകൾ) ഉൾപ്പെടുന്ന ഒറ്റപ്പാലം റവന്യൂ ഡിവിഷനും; പാലക്കാട്, ആലത്തൂർ, ചിറ്റൂർ താലൂക്കുകൾ (90 വില്ലേജുകൾ) ഉൾപ്പെടുന്ന പാലക്കാട് റവന്യൂ ഡിവിഷനും, തദ്ദേശ സ്വയംഭരണ സംവിധാനം അനുസരിച്ച് ജില്ലയെ 7 സ്റ്റാറ്റ്യൂട്ടറി ടൌണുകൾ (മുനിസിപ്പാലിറ്റികൾ) ആയും 88 പഞ്ചായത്തുകൾ ഉൾപ്പെടുന്ന 13 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് ബ്ലോക്കുകളായും വിഭജിച്ചിരിക്കുന്നു.

1.14 ജനസംഖ്യ

1.14.1 ഒരു രാജ്യത്തിന്റെ വികസനത്തെ ആ രാജ്യത്തെ ജനസംഖ്യ വളരെയധികം ആശ്രയിച്ചു നിൽക്കുന്നു. ഒരു രാജ്യത്തെ ആകെ ജനസംഖ്യയുടെ മുഴുവൻ ഭാഗവും ആ രാജ്യത്തെ വികസന പ്രക്രിയയിൽ പങ്കാളികളായിക്കൊള്ളണമെന്നില്ല. ഉദാഹരണത്തിന് രോഗികൾ, കുട്ടികൾ, വൃദ്ധർ, വികലാംഗർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന നല്ല ഒരു വിഭാഗം ജനങ്ങളുടെ ജീവിത ആവശ്യങ്ങൾ നിർവ്വഹിയ്ക്കപ്പെടുന്നത് മറ്റുള്ളവരെ ആശ്രയിച്ചാണ്. ജനസംഖ്യയിൽ ഉണ്ടാവുന്ന ഓരോ വ്യതിയാനവും വികസന പ്രക്രിയയിൽ വലിയ മാറ്റങ്ങൾ വരുത്താൻ പോന്നവയാണ്. ആയതിനാൽ തന്നെ ജനസംഖ്യയിലെ കാലികമായി വരുന്ന മാറ്റങ്ങൾ കണക്കാക്കേണ്ടതും, അതിനായി ജനനവും, മരണവും കൃത്യമായി രജിസ്റ്റർ ചെയ്യേണ്ടതും അത്യാവശ്യമാണ്. കൃത്യമായ ആസൂത്രണത്തിന് ജനസംഖ്യയോടൊപ്പം ജനസംഖ്യാ വളർച്ചയും, ജനസാന്ദ്രതയും, സ്ത്രീ-പുരുഷ അനുപാതവും കണക്കാക്കേണ്ടതുണ്ട്. ഒരു പ്രദേശത്തെ മനുഷ്യരുടെ പ്രാഥമിക ഘടകങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ളം, റോഡുകൾ, തുടങ്ങിയവയുടെ വികസനത്തിനുള്ള ആസൂത്രണത്തിന് കൃത്യമായ ജനസംഖ്യാ വിവരങ്ങൾ അത്യാവശ്യമാണ്. ജനസംഖ്യാ കണക്കെടുപ്പിൽ പ്രതിഫലിക്കുന്ന അവശ വിഭാഗങ്ങളെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും ജനസംഖ്യാ വിവരങ്ങൾ സഹായിക്കും.

1.14.2 2011 ലെ കാനേഷുമാരി സെൻസസ് (ജനസംഖ്യാ കണക്കെടുപ്പ്) അനുസരിച്ച് ജനസംഖ്യയുടെ കാര്യത്തിൽ ആറാം സ്ഥാനത്ത് നിൽക്കുന്ന പാലക്കാട് ജില്ലയുടെ ആകെ ജനസംഖ്യ 28,09,934 (ഇരുപത്തെട്ടു ലക്ഷത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി മുപ്പത്തിനാല്) ആണ്. ഇതിൽ 13,59,478 പുരുഷൻമാരും, 14,50,456 സ്ത്രീകളും ഉൾപ്പെടുന്നു. കേരളത്തിലെ ആകെ ജനസംഖ്യയുടെ (3,34,06,061) 8.41 ശതമാനം ജനങ്ങളാണ് പാലക്കാട് ജില്ലിൽ വസിക്കുന്നത്. അതുപോലെ കേരളത്തിലെ ആകെ പുരുഷൻമാരുടെ (1,60,27,412) 8.48 ശതമാനവും, ആകെ സ്ത്രീകളുടെ (17378649) 8.35 ശതമാനവും ജനങ്ങൾ പാലക്കാട് ജില്ലയിൽ വസിക്കുന്നു.

1.14.3 2011 ലെ ജനസംഖ്യാ കണക്കെടുപ്പ് അനുസരിച്ച് പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനങ്ങൾ വസിയ്ക്കുന്നത് മണ്ണാർക്കാട് ബ്ളോക്കിലും, ഏറ്റവും കുറവ് ജനങ്ങൾ വസിയ്ക്കുന്നത് അട്ടപ്പാടി ബ്ളോക്കിലും ആണ്. മണ്ണാർക്കാട് ബ്ലോക്കിൽ 1,54,294 സ്ത്രീകളും, 1,65,781 പുരുഷന്മാരും ഉൾപ്പെടെ 3,20,075 പേരും, അട്ടപ്പാടി ബ്ലോക്കിൽ 32,035 സ്ത്രീകളും, 32,283 പുരുഷന്മാരും ഉൾപ്പെടെ 64,318 പേരും വസിക്കുന്നു.

1.14.5 പാലക്കാട് ജില്ലയിലെ പട്ടിക ജാതി വിഭാഗത്തിലെ ആകെ ജനസംഖ്യ 4,03,833 (നാലു ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി മുപ്പത്തിമൂന്ന്) ആണ്. ഇതിൽ 1,97,451 പുരുഷൻമാരും, 2,06,382 സ്ത്രീകളും ഉൾപ്പെടുന്നു. കേരളത്തിലെ ആകെ പട്ടിക ജാതി വിഭാഗ ജനസംഖ്യയിലെ (30,39,573) 13.28 ശതമാനം ജനങ്ങൾ പാലക്കാട് ജില്ലയിലാണ് വസിക്കുന്നത്. അതുപോലെ കേരളത്തിലെ പട്ടിക ജാതി വിഭാഗത്തിലെ ആകെ പുരുഷൻമാരുടെ (14,77,808) 13.36 ശതമാനവും, ആകെ സ്ത്രീകളുടെ(15,61,765) 13.21 ശതമാനവും ജനങ്ങൾ പാലക്കാട് ജില്ലയിൽ വസിക്കുന്നു. പാലക്കാട് ജില്ലയിലെ പട്ടിക ജാതി വിഭാഗത്തിലെ 33 % പേർ താമസിക്കുന്നത് ഒറ്റപ്പാലം താലൂക്കിലാണ്.

1.14.6 പാലക്കാട് ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ ജനസംഖ്യ 48,972 (നാല്പത്തിയെട്ടായിരത്തി തൊള്ളായിരത്തി എഴുപത്തി രണ്ട്) ആണ്. ഇതിൽ 24,314 പുരുഷൻമാരും, 24,658 സ്ത്രീകളും ഉൾപ്പെടുന്നു. കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ ജനസംഖ്യയുടെ (4,84,839) 10.10 ശതമാനം ജനങ്ങളാണ് പാലക്കാട് ജില്ലയിൽ വസിക്കുന്നത്. അതുപോലെ കേരളത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ പുരുഷൻമാരുടെ (2,38,203) 10.20 ശതമാനവും, പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ സ്ത്രീകളുടെ (2,46,636) 10 ശതമാനവും ജനങ്ങൾ പാലക്കാട് ജില്ലയിൽ വസിക്കുന്നു. പാലക്കാട് ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ 62% പേർ താമസിക്കുന്നത് മണ്ണാർക്കാട് താലൂക്കിലാണ്.

1.14.7 മണ്ണാർക്കാട് താലൂക്കിൽ 15331 സ്ത്രീകളും 15025 പുരുഷന്മാരും ഉൾപ്പെടെ 30356 പട്ടികവർഗ്ഗ വിഭാഗക്കാർ വസിയ്ക്കുന്നു. ആയതിൽ ഭൂരിഭാഗം പേരും അട്ടപ്പാടി ബ്ലോക്കിലാണ് താമസിയ്ക്കുന്നത്. അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിൽ 5492 സ്ത്രീകളും, 5427 പുരുഷന്മാരും ഉൾപ്പെടെ 10919 പട്ടിക വർഗ്ഗ വിഭാഗക്കാരും, പുതൂർ പഞ്ചായത്തിൽ 4103 സ്ത്രീകളും, 4028 പുരുഷന്മാരും ഉൾപ്പെടെ 8131 പട്ടിക വർഗ്ഗ വിഭാഗക്കാരും, ഷോളയൂർ പഞ്ചായത്തിൽ 4324 സ്ത്രീകളും, 4253 പുരുഷന്മാരും ഉൾപ്പെടെ 8131 പട്ടിക വർഗ്ഗ വിഭാഗക്കാരും വസിക്കുന്നു.

പട്ടിക 1.5

അഗളി പുതൂർ ഷോളയൂർ പഞ്ചായത്തുകളിലെ പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗം ജനങ്ങളുടെ വിതരണം 2011 ലെ ജനസംഖ്യാ കണക്കെടുപ്പ് അനുസരിച്ച് ചുവടെ ചേർക്കുന്നു.

	ആകെ			പട്ടികജാതി വിഭാഗം			പട്ടികവർഗ്ഗ വിഭാഗം		
	ഒ ഇ	സ്ത്രീ	പുരുഷൻ	ഒ ഇ	സ്ത്രീ	പുരുഷൻ	ഒ ഇ	സ്ത്രീ	പുരുഷൻ
അഗളി	34941	17548	17393	1452	748	704	10919	5492	5427
പുതൂർ	12170	6107	6063	558	279	279	8131	4103	4028
ഷോളയൂർ	17207	8628	8579	1044	548	496	8577	4324	4253
ആകെ	**64318**	**32283**	**32035**	**3054**	**1575**	**1479**	**24627**	**13919**	**13708**

Source: 2011 District Census Handbook

1.15 ജനസാന്ദ്രതയും, ജനസംഖ്യാ വളർച്ചാ നിരക്കും

1.15.1 പാലക്കാട് ജില്ലയിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 627 ആണ് . എന്നാൽ ജില്ലയിലെ ഓരോ താലൂക്കുകളിലെയും ജനസാന്ദ്രത തമ്മിൽ വളരെയധികം വ്യത്യാസപ്പെട്ടാണ് കിടക്കുന്നത്. 2011 ലെ ജനസംഖ്യാ കണക്കെടുപ്പ് അനുസരിച്ച് പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള താലൂക്ക് ഒറ്റപ്പാലം താലൂക്ക് ആണ്. ഒറ്റപ്പാലം താലൂക്കിൽ ഒരു ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത 1100 ആണ്. പാലക്കാട് ജില്ലയിൽ ജനസാന്ദ്രത ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് മണ്ണാർക്കാട് താലൂക്കിലാണ്. 317.84 ആണ് മണ്ണാർക്കാട് താലൂക്കിലെ ജനസാന്ദ്രത.

1.15.2 ഒരു പ്രദേശത്തെ ജനസംഖ്യയുമായി ബന്ധപ്പെട്ട് ജനസാന്ദ്രത പോലെ തന്നെ പ്രധാനപ്പെട്ട ഒരു ഘടകമാണ് ജനസംഖ്യാ വളർച്ചയും. 2001-ൽ പാലക്കാട് ജില്ലയിലെ ജനസംഖ്യാ വളർച്ച 9.88 ശതമാനം ആയിരുന്നുവെങ്കിൽ 2011 ആയപ്പോഴേയ്ക്കും ക്രമേണ കുറഞ്ഞ് 7.4 ശതമാനമായി. ജനസംഖ്യാ വളർച്ചയുമായി ബന്ധപ്പെട്ട് പൊതു ജനങ്ങൾക്ക് ഉണ്ടായ കാഴ്ചപ്പാടുകൊണ്ടും, ഫലപ്രദമായ ബോധവൽക്കരണം കൊണ്ടും ആയിരിയ്ക്കാം ജനസംഖ്യയുടെ വളർച്ചാ നിരക്ക് ക്രമാനുഗതമായി കുറഞ്ഞു വരുന്നത് എന്ന് അനുമാനിയ്ക്കാം. പാലക്കാട് ജില്ലയിൽ ജനസംഖ്യയുടെ വളർച്ചാനിരക്ക് ഏറ്റവും കൂടുതൽ ഉള്ളത് ഒറ്റപ്പാലം താലൂക്കിലും(10.7%), ഏറ്റവും കുറവുള്ളത് ചിറ്റൂർ താലൂക്കിലും(2.9%) ആണ്.

1.15.3 ഏറ്റവും കൂടുതൽ ജനസാന്ദ്രതയും (1100.13), ഏറ്റവും കൂടുതൽ ജനസംഖ്യാ വളർച്ചാ നിരക്കും (10.7%) ഉള്ളത് ഒറ്റപ്പാലം താലൂക്കിലാണ് എന്നതിനാൽ നിലവിലുള്ള ജനസംഖ്യയ്ക്ക് പുറമെ, ഭാവിയിൽ ഉണ്ടാകാവുന്ന വർദ്ധനവും കണക്കിലെടുത്തുള്ള വികസന പ്രവർത്തനങ്ങൾക്ക് വേണം മുൻതൂക്കം കൊടുക്കേണ്ടത്. ഭക്ഷ്യ വസ്തുക്കളുടെ ആവശ്യകത കൂടുവാനും, തൊഴിൽ ഇല്ലായ്മയുടെ നിരക്ക് വർദ്ധിയ്ക്കുവാനും, രോഗങ്ങളുടെയും, രോഗികളുടെയും നിരക്ക് ജില്ലയിലെ മറ്റു താലൂക്കുകളെ അപേക്ഷിച്ച് കൂടുവാനും സാധ്യതയുണ്ട്. മാത്രവുമല്ല ഇവിടുത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിയ്ക്കേണ്ടതും അത്യാവശ്യമാണ്.

ചിത്രം 1.3

കേരളത്തിലെ ജനസാന്ദ്രത (ജില്ല തിരിച്ച്)



അവലംബം : 2011 സെൻസസ്

2011 ലെ ജനസംഖ്യാ കണക്കെടുപ്പ് അനുസരിച്ച്പാലക്കാട് ജില്ലയിലെ ജനസാന്ദ്രതയും, ജനസംഖ്യാ വർധനവിന്റെ നിരക്കും താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു

പട്ടിക 1.6

ക്രമ നമ്പർ	സംസ്ഥാനം/ ജില്ല/താലൂക്ക്	ജനസംഖ്യ		ജനസാന്ദ്രത		ജനസംഖ്യാ വളർച്ചാ നിരക്ക്	
		2001	2011	2001	2011	1991-2001	2001-2011
1	കേരളം	31841374	33406061	819	860	9.43	4.9
2	പാലക്കാട് ജില്ല	2617482	2809934	584	626.94	9.88	7.4

3	ഒറ്റപ്പാലം	840970	930692	994	1100.13	12.26	10.7
4	പാലക്കാട്	572928	612116	803	858.35	10.77	6.9
5	ആലത്തൂർ	422229	444995	739	779.23	5.96	5.4
6	ചിറ്റൂർ	425646	437738	375	385.25	4.20	2.9
7	മണ്ണാർക്കാട്	355709	384393	294	317.84	15.15	8.1

Source: 2011 District Census Handbook

1.15.4 ജനസംഖ്യാ വർദ്ധനവ് പരിശോധിച്ചാൽ പാലക്കാട് ജില്ലയുടെ ജനസംഖ്യ വളർച്ചാ നിരക്ക് (7.4 ശതമാനം) സംസ്ഥാനത്തിന്റെ ജനസംഖ്യ വളർച്ചാ നിരക്കിനേക്കാൽ (4.9 ശതമാനം) വളരെ ഉയർന്നതാണ്. പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിലെ ജനസംഖ്യ ജനസംഖ്യ വളർച്ചാ നിരക്കുകൾ തമ്മിൽ വളരെയധികം വ്യത്യാസപ്പെട്ടാണ് കിടക്കുന്നത്. ജില്ലയിൽ സംസ്ഥാന വളർച്ചാ നിരക്കിനോട് സമാനത പുലർത്തുന്നത് ആലത്തൂർ താലൂക്കിൽ മാത്രമാണ് (5.4 ശതമാനം). പാലക്കാട് താലൂക്കിൽ ഇത് 6.9 ശതമാനംആണ്. എന്നാൽ ഒറ്റപ്പാലം താലൂക്കിലെ ജനസംഖ്യ വളർച്ചാ നിരക്ക് 10.7 ശതമാനം ആണ്. ആയത് സംസ്ഥാന നിരക്കിനേക്കാൾ ഇരട്ടിയോളം വരുന്നു. ആയത് വികസനവുമായി ബന്ധപ്പെട്ട് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്. ജനസംഖ്യ വളർച്ചാ നിരക്ക് കൂടിയാലുണ്ടാവുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഫലപ്രദമായ ബോധവൽക്കരണം ഈ പ്രദേശത്ത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ ഒറ്റപ്പാലത്തിന്റെ അവസ്ഥയോട് സാദൃശ്യം ഉള്ള താലൂക്കാണ് മണ്ണാർക്കാടും. 2011-ലെ കണക്കുകളനുസരിച്ച് 8.1 ശതമാനം ആണ് ഇവിടുത്തെ ജനസംഖ്യ വളർച്ചാ നിരക്ക്. മാത്രവുമല്ല 2001-ലെ കണക്കുകളനുസരിച്ച് ഇവിടുത്തെ വളർച്ചാ നിരക്ക് 15.15 ശതമാനം ആയിരുന്നു എന്നതുകൂടി ഇതിനോടൊപ്പം ചേർത്തു വായിക്കേണ്ടതാണ്. ചിറ്റൂർ താലൂക്കിന്റെ ജനസംഖ്യാ വർദ്ധനവിലുണ്ടായ കാര്യമായ ഇടിവ് (2.9%) പ്രത്യേകമായി പരിശോധിയ്ക്കപ്പെടേണ്ടതാണ്.

പട്ടിക 1.7

2011 ജനസംഖ്യാ കണക്കെടുപ്പ് അനുസരിച്ച് പാലക്കാട് ജില്ലയിലെ ജനസംഖ്യയെ സാമൂഹ്യ വിഭാഗം തിരിച്ച് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ബ്ലോക്ക് അടിസ്ഥാനത്തിലും, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിലും വേർതിരിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl No	സി.ഡി ബ്ലോക്ക്	Rural/ Urban	ആകെ Population	ആകെ		SC Population	SC		ST Population	ST		Others Population	Others	
				Male	Female		Male	Female		Male	Female		Male	Female
1	തൃത്താല	റൂറൽ	160180	75508	84672	28472	13964	14508	326	153	173	131382	61391	69991
2		അർബൻ	40651	19115	21536	7127	3525	3602	29	9	20	33495	15581	17914
3		**ആകെ**	**200831**	**94623**	**106208**	**35599**	**17489**	**18110**	**355**	**162**	**193**	**164877**	**76972**	**87905**
4	പട്ടാമ്പി	റൂറൽ	206273	97837	108436	25010	12177	12833	290	125	165	180973	85535	95438
5		അർബൻ	96764	47098	49666	13920	6863	7057	109	59	50	82735	40176	42559
6		**ആകെ**	**303037**	**144935**	**158102**	**38930**	**19040**	**19890**	**399**	**184**	**215**	**263708**	**125711**	**137997**
7	ശ്രീകൃഷ്ണപുരം	റൂറൽ	178585	85391	93194	24884	11987	12897	626	321	305	153075	73083	79992
8		അർബൻ												
9		**ആകെ**	**178585**	**85391**	**93194**	**24884**	**11987**	**12897**	**626**	**321**	**305**	**153075**	**73083**	**79992**
10	ഒറ്റപ്പാലം	റൂറൽ	135010	64015	70995	21150	10112	11038	164	83	81	113696	53820	59876
11		അർബൻ	16085	7750	8335	2760	1345	1415	6	3	3	13319	6402	6917
12		**ആകെ**	**151095**	**71765**	**79330**	**23910**	**11457**	**12453**	**170**	**86**	**84**	**127015**	**60222**	**66793**
13	പാലക്കാട്	റൂറൽ	172514	83477	89037	30012	14786	15226	292	167	125	142210	68524	73686
14		അർബൻ	41359	20265	21094	4216	2101	2115	42	21	21	37101	18143	18958
15		**ആകെ**	**213873**	**103742**	**110131**	**34228**	**16887**	**17341**	**334**	**188**	**146**	**179311**	**86667**	**92644**
16	മണ്ണാർക്കാട്	റൂറൽ	285236	137636	147600	28677	14026	14651	2407	1163	1244	254152	122447	131705
17		അർബൻ	34839	16658	18181	3147	1529	1618	298	142	156	31394	14987	16407
18		**ആകെ**	**320075**	**154294**	**165781**	**31824**	**15555**	**16269**	**2705**	**1305**	**1400**	**285546**	**137434**	**148112**

19	അട്ടപ്പാടി	റൂറൽ	64318	32035	32283	3054	1479	1575	27627	13708	13919	33637	16848	16789
20		അർബൻ												
21		**ആകെ**	**64318**	**32035**	**32283**	**3054**	**1479**	**1575**	**27627**	**13708**	**13919**	**33637**	**16848**	16789
22	മലമ്പുഴ	റൂറൽ	121936	59891	62045	21207	10421	10786	2277	1138	1139	98452	48332	50120
23		അർബൻ	121219	59578	61641	14158	6931	7227	986	497	489	106075	52150	53925
24		**ആകെ**	**243155**	**119469**	**123686**	**35365**	**17352**	**18013**	**3263**	**1635**	**1628**	**204527**	**100482**	**104045**
25	കുഴൽമന്ദം	റൂറൽ	174611	84665	89946	41783	20450	21333	144	65	79	132684	64150	68534
26		അർബൻ												
27		**ആകെ**	**174611**	**84665**	**89946**	**41783**	**20450**	**21333**	**144**	**65**	**79**	**132684**	**64150**	**68534**
28	കൊല്ലങ്കോട്	റൂറൽ	92267	45419	46848	19647	9567	10080	5422	2716	2706	67198	33136	34062
29		അർബൻ	38595	19126	19469	6416	3160	3256	36	16	20	32143	15950	16193
30		**ആകെ**	**130862**	**64545**	**66317**	**26063**	**12727**	**13336**	**5458**	**2732**	**2726**	**99341**	**49086**	**50255**
31	ചിറ്റൂർ	റൂറൽ	162544	80240	82304	22724	11160	11564	4411	2188	2223	135409	66892	68517
32		അർബൻ												
33		**ആകെ**	**162544**	**80240**	**82304**	**22724**	**11160**	**11564**	**4411**	**2188**	**2223**	**135409**	**66892**	**68517**
34	നെന്മാറ	റൂറൽ	138272	67610	70662	23254	11381	11873	1793	873	920	113225	55356	57869
35		അർബൻ												
36		**ആകെ**	**138272**	**67610**	**70662**	**23254**	**11381**	**11873**	**1793**	**873**	**920**	**113225**	**55356**	**57869**

Source: 2011 District Census Handbook

37	ആലത്തൂർ	റൂറൽ	241378	117742	123636	33077	16382	16695	1244	617	627	207057	100743	106314
38		അർബൻ	26720	12808	13912	3045	1483	1562	23	11	12	23652	11314	12338
39		**ആകെ**	**268098**	**130550**	**137548**	**36122**	**17865**	**18257**	**1267**	**628**	**639**	**230709**	**112057**	**118652**
ബ്ലോക്ക് തലം ആകെ		റൂറൽ	2133124	1031466	1101658	322951	157892	165059	47023	23317	23706	1763150	850257	912893
		അർബൻ	416232	202398	213834	54789	26937	27852	1529	758	771	359914	174703	185211
		ആകെ	**2549356**	**1233864**	**1315492**	**377740**	**184829**	**192911**	**48552**	**24075**	**24477**	**2123064**	**1024960**	**1098104**
1	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി		43533	20757	22776	7423	3577	3846	88	45	43	36022	17135	18887
2	ഒറ്റപ്പാലം മുനിസിപ്പാലിറ്റി		53792	25359	28433	4765	2272	2493	89	45	44	48938	23042	25896
3	പാലക്കാട്മുനിസിപ്പാലിറ്റി		130955	63833	67122	10068	4889	5179	213	131	82	120674	58813	61861
4	ചിറ്റൂർ-തത്തമംഗലംമുനിസിപ്പാലിറ്റി		32298	15665	16633	3837	1884	1953	30	18	12	28431	13763	14668
മുനിസിപ്പാലിറ്റിആകെ			**260578**	**125614**	**134964**	**26093**	**12622**	**13471**	**420**	**239**	**181**	**234065**	**112753**	**121312**
പാലക്കാട് ജില്ല			**2809934**	**1359478**	**1450456**	**403833**	**197451**	**206382**	**48972**	**24314**	**24658**	**2357129**	**1137713**	**1219416**

Source: 2011 District Census Handbook

1.16 സ്ത്രീ പുരുഷ അനുപാതം

1.16.1 2011-ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം കേരളത്തിലെ സ്ത്രീ-പുരുഷ അനുപാതം 1084 ഉം, പാലക്കാട് ജില്ലയിലെ സ്ത്രീ-പുരുഷ അനുപാതം 1067 ഉം, ആണ്. പാലക്കാട് ജില്ലയിൽ പട്ടിക ജാതി വിഭാഗത്തിലെ സ്ത്രീ-പുരുഷ അനുപാതം 1045 ഉം, പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീ-പുരുഷ അനുപാതം 1014 ഉം ആണ്. പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീ-പുരുഷ അനുപാതം താലൂക്ക് തലത്തിൽ വിശകലനം ചെയ്യുമ്പോൾ ഭൂരിഭാഗം താലൂക്കുകളിലും സ്ത്രീ-പുരുഷ അനുപാതം 1000 നു മുകളിൽ ആണ്. എന്നാൽ പാലക്കാട് താലൂക്കിൽ മാത്രം പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീ പുരുഷ അനുപാതം 967 ആണ്.

1.16.2 പാലക്കാട് ജില്ലയിലെ പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീ പുരുഷ അനുപാതം ഗ്രാമം, പട്ടണം തലത്തിൽ (റൂറൽ, അർബൻ) വിശകലം ചെയ്തു പരിശോധിച്ചാൽ പട്ടിക വർഗ്ഗ വിഭാഗത്തിലെ സ്ത്രീ-പുരുഷ അനുപാതം ഒറ്റപ്പാലം താലൂക്കിൽ അർബൻ(994),പാലക്കാട് താലൂക്ക് അർബൻ (912), പാലക്കാട് റൂറൽ (967), ചിറ്റൂർ താലൂക്ക് അർബൻ (945) എന്നീ പ്രദേശങ്ങളിൽ 1000-നു താഴെയാണെന്ന് കാണാം. സ്ത്രീ-പുരുഷ അനുപാതവുമായി ബന്ധപ്പെട്ട് പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ സ്ഥിതിവിവരം 2011 ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം താഴെ ചേർക്കുന്നു.

പട്ടിക 1.8

ക്രമ നമ്പർ	സംസ്ഥാനം / ജില്ല / താലൂക്ക്	സാമൂഹിക വിഭാഗം	സ്ത്രീ-പുരുഷ അനുപാതം
1	കേരളം	പട്ടികജാതി	1057
		പട്ടിക വർഗ്ഗം	1035
2	പാലക്കാട് ജില്ല	പട്ടികജാതി	1045
		പട്ടിക വർഗ്ഗം	1014
3	ഒറ്റപ്പാലം താലൂക്ക്	പട്ടികജാതി	1059
		പട്ടിക വർഗ്ഗം	1049
4	പാലക്കാട് താലൂക്ക്	പട്ടികജാതി	1032
		പട്ടിക വർഗ്ഗം	967
5	ആലത്തൂർ താലൂക്ക്	പട്ടികജാതി	1048
		പട്ടിക വർഗ്ഗം	1020
6	ചിറ്റൂർ താലൂക്ക്	പട്ടികജാതി	1040
		പട്ടിക വർഗ്ഗം	1012
7	മണ്ണാർക്കാട് താലൂക്ക്	പട്ടികജാതി	1037
		പട്ടിക വർഗ്ഗം	1042

Source: 2011 District Census Handbook

1.17 സാക്ഷരത

1.17.1 2011 ലെ കാനേഷുമാരി സെൻസസ് (ജനസംഖ്യാ കണക്കെടുപ്പ്) അനുസരിച്ച് പാലക്കാട് ജില്ലയുടെ ആകെ ജനസംഖ്യയിൽ 89.31 ശതമാനം പേർ മാത്രമാണ് സാക്ഷരത കൈവരിച്ചിട്ടുള്ളത്. അതിൽ ജില്ലയിലെ പുരുഷൻമാരുടെ സാക്ഷരത ശതമാനം 93.10 ഉം സ്ത്രീകളുടെ സാക്ഷരത ശതമാനം 85.79 ഉം മാത്രമാണ്. സംസ്ഥാനത്തെ സാക്ഷരത ശതമാനത്തിൽ പതിമൂന്നാം സ്ഥാനം മാത്രമാണ്

പാലക്കാട് ജില്ലയ്ക്കുള്ളത്. കേരളത്തിലെ സാക്ഷരത 94 ശതമാനം ആണ് എന്നത് കൂടി ഇതിനോടൊപ്പം ചേർത്ത് വായിക്കേണ്ടതാണ്.

ചിത്രം 1.4

കേരളത്തിലെ ഓരോ ജില്ലയിലെയും ജനങ്ങളുടെ സാക്ഷരതാ നിരക്ക് (സ്ത്രീ/ പുരുഷൻ തിരിച്ച്)



1.18 പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാക്ഷരത സംബന്ധിച്ച വിവരങ്ങൾ

1.18.1 2011 ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ പട്ടിക ജാതി വിഭാഗത്തിലെ ആകെ സാക്ഷരരുടെ എണ്ണം 26,455 ആണ്. ആയതിൽ 12,215 പേർ സ്ത്രീകളും 14240 പേർ പുരുഷൻമാരുമാണ്. പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ നിരക്ഷരരുടെ എണ്ണം 22,517 ആണ്. ആയതിൽ 12,443 പേർ സ്ത്രീകളും 10,074 പേർ പുരുഷൻമാരുമാണ്. 2011 ലെ ജനസംഖ്യാ കണക്കെടുക്കെടുപ്പ് അനുസരിച്ച് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരരുടെ എണ്ണം താഴെ പറയും പ്രകാരം ആണ്

പട്ടിക 1.9

2011 ലെ ജനസംഖ്യാ കണക്കെടുക്കെടുപ്പ് അനുസരിച്ച് പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരരുടെ എണ്ണം

Sl No	സി.ഡി ബ്ലോക്ക്	റൂറൽ/ അർബൻ	Illiterate SC			Illiterate ST			ആകെ SC-ST Illiterate		
			ആകെ	Male	female	ആകെ	Male	female	ആകെ	Male	female
1	തൃത്താല	റൂറൽ	6440	2579	3861	74	31	43	6514	2610	3904
		അർബൻ	1711	710	1001	9	2	7	1720	712	1008
2	പട്ടാമ്പി	റൂറൽ	5178	2120	3058	51	25	26	5229	2145	3084
		അർബൻ	2852	1151	1701	14	8	6	2866	1159	1707
3	ശ്രീകൃഷ്ണ പുരം	റൂറൽ	5774	2347	3427	179	77	102	5953	2424	3529
		അർബൻ	0	0	0	0	0	0	0	0	0
4	ഒറ്റപ്പാലം	റൂറൽ	4704	1912	2792	38	20	18	4742	1932	2810
		അർബൻ	572	249	323	2	0	2	574	249	325

5	പാലക്കാട്	റൂറൽ	8111	3204	4907	56	26	30	8167	3230	4937
		അർബൻ	1115	432	683	12	5	7	1127	437	690
6	മണ്ണാർക്കാട്	റൂറൽ	7608	3180	4428	1266	574	692	8874	3754	5120
		അർബൻ	828	342	486	176	83	93	1004	425	579
7	അട്ടപ്പാടി	റൂറൽ	1193	528	665	12545	5496	7049	13738	6024	7714
		അർബൻ	0	0	0	0	0	0	0	0	0
8	മലമ്പുഴ	റൂറൽ	6517	2454	4063	1106	484	622	7623	2938	4685
		അർബൻ	3797	1463	2334	280	134	146	4077	1597	2480
9	കുഴൽമന്ദം	റൂറൽ	11847	4425	7422	36	10	26	11883	4435	7448
		അർബൻ	0	0	0	0	0	0	0	0	0
10	കൊല്ലങ്കോട്	റൂറൽ	6507	2544	3963	2979	1412	1567	9486	3956	5530
		അർബൻ	1764	679	1085	6	1	5	1770	680	1090
11	ചിറ്റൂർ	റൂറൽ	8249	3367	4882	2259	1031	1228	10508	4398	6110
		അർബൻ	0	0	0	0	0	0	0	0	0
12	ആലത്തൂർ	റൂറൽ	9605	3794	5811	563	247	316	10168	4041	6127
		അർബൻ	751	269	482	6	4	2	757	273	484
13	നെന്മാറ	റൂറൽ	7375	2769	4606	780	354	426	8155	3123	5032
		അർബൻ	0	0	0	0	0	0	0	0	0
	ബ്ലോക്ക് തലം ആകെ	**റൂറൽ**	**89108**	**35223**	**53885**	**21932**	**9787**	**12145**	**111040**	**45010**	**66030**
		അർബൻ	**13390**	**5295**	**8095**	**505**	**237**	**268**	**13895**	**5532**	**8363**
		ആകെ	**102498**	**40518**	**61980**	**22437**	**10024**	**12413**	**124935**	**50542**	**74393**
1	ഷൊർണ്ണൂർ		1389	555	834	5	3	2	1394	558	836
2	ഒറ്റപ്പാലം		968	395	573	34	17	17	1002	412	590
3	പാലക്കാട്		2315	83	1477	30	23	7	2345	861	1484
4	ചിറ്റൂർ-തത്ത മംഗലം		1124	433	691	11	7	4	1135	440	695
	മുനിസിപ്പാലിറ്റി		**5796**	**2221**	**3575**	**80**	**50**	**30**	**5876**	**2271**	**3605**
	പാലക്കാട് ജില്ല		**108294**	**42739**	**65555**	**22517**	**10074**	**12443**	**130811**	**52813**	**77998**

Source: 2011 District Census Handbook

1.18.2 പാലക്കാട് ജില്ലയിൽ പട്ടിക ജാതി വിഭാഗത്തിൽ നിരക്ഷരരുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ളത് അട്ടപ്പാടി ബ്ലോക്കിൽ ആണ്. ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ എന്നീ ബ്ലോക്കുകളിലും പട്ടിക ജാതി വിഭാഗത്തിലെ നിരക്ഷരരുടെ ശതമാനം കൂടുതൽ ആണ്. പട്ടിക വർഗ്ഗ വിഭാഗത്തിൽ നിരക്ഷരരുടെ ശതമാനം ഏറ്റവും കൂടുതൽ ഉള്ളത് കൊല്ലങ്കോട് ബ്ലോക്കിൽ ആണ്. മണ്ണാർക്കാട്, അട്ടപ്പാടി, മലമ്പുഴ, ചിറ്റൂർ, ആലത്തൂർഎന്നീ ബ്ലോക്കുകളിലും പട്ടിക വർഗ്ഗ വിഭാഗത്തിലെ നിരക്ഷരരുടെ ശതമാനം കൂടുതൽ ആണ്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരുടെ എണ്ണം ഇതര ബ്ലോക്കുകളിലും വ്യത്യസ്തമല്ല. ജില്ലയുടെ സാക്ഷരതാ നിലവാരവുമായി ഒത്തുനോക്കുമ്പോൾ പാലക്കാട് ജില്ലയിലെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ നിരക്ഷരുടെ എണ്ണം ഇപ്പോഴും വളരെ കൂടുതൽ ആണെന്ന് കാണാം.

പട്ടിക 11.10

പാലക്കാട് ജില്ലയിലെ ആകെ ജനസംഖ്യയിലെ നിരക്ഷരുടെ വിതരണം സാമൂഹ്യ വിഭാഗം തിരിച്ച് ബ്ലോക്ക് തലത്തിലും, മുനിസിപ്പാലിറ്റി തലത്തിലും ചുവടെ ചേർക്കുന്നു.

Sl No	സി.ഡി ബ്ലോക്ക്	Rural/ Urban	ആകെ Population			ആകെ Illiterate			General Illiterate			SC illiterate			ST illiterate		
			ആകെ	Male	Female	ആകെ	Male	Female	ആകെ	Male	Female	ആകെ	Male	Female	ആകെ	Male	Female
1	തൃത്താല	റൂറൽ	160180	75508	84672	29699	13116	16583	23185	10506	12679	6440	2579	3861	74	31	43
2		അർബൻ	40651	19115	21536	7637	3318	4319	5917	2606	3311	1711	710	1001	9	2	7
3		**ആകെ**	**200831**	**94623**	**106208**	**37336**	**16434**	**20902**	**29102**	**13112**	**15990**	**8151**	**3289**	**4862**	**83**	**33**	**50**
4	പട്ടാമ്പി	റൂറൽ	206273	97837	108436	38951	17686	21265	33722	15541	18181	5178	2120	3058	51	25	26
5		അർബൻ	96764	47098	49666	17456	7924	9532	14590	6765	7825	2852	1151	1701	14	8	6
6		**ആകെ**	**303037**	**144935**	**158102**	**56407**	**25610**	**30797**	**48312**	**22306**	**26006**	**8030**	**3271**	**4759**	**65**	**33**	**32**
7	ശ്രീകൃഷ്ണപുരം	റൂറൽ	178585	85391	93194	30400	13524	16876	24447	11100	13347	5774	2347	3427	179	77	102
8		അർബൻ	0	0	0	0	0	0	0	0	0	0	0	0	0	0	0
9		**ആകെ**	**178585**	**85391**	**93194**	**30400**	**13524**	**16876**	**24447**	**11100**	**13347**	**5774**	**2347**	**3427**	**179**	**77**	**102**
10	ഒറ്റപ്പാലം	റൂറൽ	135010	64015	70995	23734	10432	13302	18992	8500	10492	4704	1912	2792	38	20	18
11		അർബൻ	16085	7750	8335	2171	986	1185	1597	737	860	572	249	323	2	0	2
12		**ആകെ**	**151095**	**71765**	**79330**	**25905**	**11418**	**14487**	**20589**	**9237**	**11352**	**5276**	**2161**	**3115**	**40**	**20**	**20**
13	പാലക്കാട്	റൂറൽ	172514	83477	89037	33190	13319	19871	25023	10089	14934	8111	3204	4907	56	26	30
14		അർബൻ	41359	20265	21094	8054	3404	4650	6927	2967	3960	1115	432	683	12	5	7
15		**ആകെ**	**213873**	**103742**	**110131**	**41244**	**16723**	**24521**	**31950**	**13056**	**18894**	**9226**	**3636**	**5590**	**68**	**31**	**37**
16	മണ്ണാർക്കാട്	റൂറൽ	285236	137636	147600	57390	25387	32003	48516	21633	26883	7608	3180	4428	1266	574	692
17		അർബൻ	34839	16658	18181	6536	2870	3666	5532	2445	3087	828	342	486	176	83	93
18		**ആകെ**	**320075**	**154294**	**165781**	**63926**	**28257**	**35669**	**54048**	**24078**	**29970**	**8436**	**3522**	**4914**	**1442**	**657**	**785**

Source: 2011 District Census Handbook

19	അട്ടപ്പാടി	റൂറൽ	64318	32035	32283	21297	9180	12117	7559	3156	4403	1193	528	665	12545	5496	7049
20		അർബൻ	0	0	0	0	0	0	0	0	0	0	0	0	0	0	0
21		**ആകെ**	**64318**	**32035**	**32283**	**21297**	**9180**	**12117**	**7559**	**3156**	**4403**	**1193**	**528**	**665**	**12545**	**5496**	**7049**
22	മലമ്പുഴ	റൂറൽ	121936	59891	62045	29125	11062	18063	21502	8124	13378	6517	2454	4063	1106	484	622
23		അർബൻ	121219	59578	61641	21762	8865	12897	17685	7268	10417	3797	1463	2334	280	134	146
24		**ആകെ**	**243155**	**119469**	**123686**	**50887**	**19927**	**30960**	**39187**	**15392**	**23795**	**10314**	**3917**	**6397**	**1386**	**618**	**768**
25	കുഴൽമന്ദം	റൂറൽ	174611	84665	89946	38006	14338	23668	26123	9903	16220	11847	4425	7422	36	10	26
26		അർബൻ	0	0	0	0	0	0	0	0	0	0	0	0	0	0	0
27		**ആകെ**	**174611**	**84665**	**89946**	**38006**	**14338**	**23668**	**26123**	**9903**	**16220**	**11847**	**4425**	**7422**	**36**	**10**	**26**
28	കൊല്ലങ്കോട്	റൂറൽ	92267	45419	46848	24522	9579	14943	15036	5623	9413	6507	2544	3963	2979	1412	1567
29		അർബൻ	38595	19126	19469	7819	3155	4664	6049	2475	3574	1764	679	1085	6	1	5
30		**ആകെ**	**130862**	**64545**	**66317**	**32341**	**12734**	**19607**	**21085**	**8098**	**12987**	**8271**	**3223**	**5048**	**2985**	**1413**	**1572**
31	ചിറ്റൂർ	റൂറൽ	162544	80240	82304	43943	17219	26724	33435	12821	20614	8249	3367	4882	2259	1031	1228
32		അർബൻ	0	0	0	0	0	0	0	0	0	0	0	0	0	0	0
33		**ആകെ**	**162544**	**80240**	**82304**	**43943**	**17219**	**26724**	**33435**	**12821**	**20614**	**8249**	**3367**	**4882**	**2259**	**1031**	**1228**
34	നെന്മാറ	റൂറൽ	138272	67610	70662	31475	11910	19565	23320	8787	14533	7375	2769	4606	780	354	426
35		അർബൻ	0	0	0	0	0	0	0	0	0	0	0	0	0	0	0
36		**ആകെ**	**138272**	**67610**	**70662**	**31475**	**11910**	**19565**	**23320**	**8787**	**14533**	**7375**	**2769**	**4606**	**780**	**354**	**426**
37	ആലത്തൂർ	റൂറൽ	241378	117742	123636	52497	20859	31638	42329	16818	25511	9605	3794	5811	563	247	316
38		അർബൻ	26720	12808	13912	5329	2072	3257	4572	1799	2773	751	269	482	6	4	2
39		**ആകെ**	**268098**	**130550**	**137548**	**57826**	**22931**	**34895**	**46901**	**18617**	**28284**	**10356**	**4063**	**6293**	**569**	**251**	**318**
40	**ബ്ലോക്ക് തലം ആകെ**	റൂറൽ	2133124	1031466	1101658	454229	187611	266618	343189	142601	200588	89108	35223	53885	21932	9787	12145
41		Urban	416232	202398	213834	76764	32594	44170	62869	27062	35807	13390	5295	8095	505	237	268
42		**ആകെ**	**2549356**	**1233864**	**1315492**	**530993**	**220205**	**310788**	**406058**	**169663**	**236395**	**102498**	**40518**	**61980**	**22437**	**10024**	**12413**
43	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി		43533	20757	22776	5833	2514	3319	4439	1956	2483	1389	555	834	5	3	2
44	ഒറ്റപ്പാലംമുനിസിപ്പാലിറ്റി		53792	25359	28433	8306	3634	4672	7304	3222	4082	968	395	573	34	17	17

പട്ടിക 1.11

തൊഴിൽ പങ്കാളിത്ത നിരക്ക് (work participation rate)

പാലക്കാട് ജില്ലയിലെ തൊഴിൽ പങ്കാളിത്ത നിരക്ക് (work participation rate) സംബന്ധിച്ച വിവരങ്ങൾ താലൂക്ക് തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	താലൂക്ക്	ആകെ ജനസംഖ്യ	Main Workers		Marginal Workers		ആകെ Workers		Non workers	
			എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം	എണ്ണം	ശതമാനം
1	ഒറ്റപ്പാലം	930692	238556	25.63	46902	5.04	285458	30.67	645234	69.33
2	മണ്ണാർക്കാട്	384393	104057	27.07	27692	7.20	131749	34.27	252644	65.73
3	പാലക്കാട്	612116	205113	33.51	37275	6.09	242388	39.60	369728	60.40
4	ചിറ്റൂർ	437738	171422	39.16	27931	6.38	199353	45.54	238385	54.46
5	ആലത്തൂർ	444995	156392	35.14	27000	6.07	183392	41.21	261603	58.79
	പാലക്കാട് ജില്ല	**2809934**	**875540**	**31.16**	**166800**	**5.94**	**1042340**	**37.09**	**1767594**	**62.91**

Source: 2011 District Census Handbook

1.18.3 ഒരു പ്രദേശത്തെ ആകെ ജനസംഖ്യയിൽ എത്ര പേർ തൊഴിലാളികളായി ജോലി ചെയ്യുന്നു എന്നതിനെ പ്രതിഫലിപ്പിയ്ക്കുന്ന നിരക്കാണ് തൊഴിൽ പങ്കാളിത്ത നിരക്ക്. 2001-ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ ആകെ ജനസംഖ്യയുടെ 36.1 ശതമാനം പേർ ആണ് തൊഴിലാളികളായി ജോലി ചെയ്യുന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആകെയുള്ള പുരുഷന്മാരിൽ 52 ശതമാനവും, ആകെ സ്ത്രീകളിൽ 21.2 ശതമാനവും തൊഴിലാളികളായി ജോലി ചെയ്യുന്നു. 2011 സെൻസസിൽ ഈ നിരക്കിൽ നേരിയ വ്യതിയാനം ഉണ്ടായി. 2011 സെൻസസ് പ്രകാരം പാലക്കാട് ജില്ലയിലെ ആകെ ജനസംഖ്യയിൽ തൊഴിലാളികളുടെ നിരക്ക് 37.09 ശതമാനംആയും, ആകെ പുരുഷന്മാരിൽ തൊഴിലാളികളുടെ നിരക്ക് 54.88 ശതമാനംആയും, സ്ത്രീകളിൽ തൊഴിലാളികളുടെ നിരക്ക് 20.42 ശതമാനം ആയും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആയതിൽ31.16 ശതമാനം പേർmain workers എന്ന വിഭാഗത്തിലും 5.94 ശതമാനം പേർmarginal workers വിഭാഗത്തിലും, ഉൾപ്പെടുന്നു. main workers വിഭാഗത്തിലെ പുരുഷന്മാരുടെ പ്രാതിനിധ്യവും (48.07%), marginal workers വിഭാഗത്തിലെ പുരുഷന്മാരുടെ പ്രാതിനിധ്യവും (6.81), അതാത് വിഭാഗങ്ങളിലെ സ്ത്രീ പ്രാതിനിധ്യത്തേക്കാൾകൂടുതലാണ്.താലൂക്ക് തലത്തിൽ വിശകലം ചെയ്യുമ്പോൾmain workers ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ചിറ്റൂർ താലൂക്കിലാണ് (39.16 %); marginal workers കൂടുതൽ ഉള്ളത് മണ്ണാർക്കാട് താലൂക്കിലും(7.20%). ആകെ തൊഴിലാളികളുടെ എണ്ണം പരിഗണിക്കുമ്പോൾ ചിറ്റൂർ താലൂക്കിലാണ് തൊഴിലാളികളുടെ പ്രാതിനിഥ്യം ഏറ്റവും കൂടുതൽ ഉള്ളത് (45.54 %). non workers വിഭാഗത്തിൽ ഏറ്റവും കൂടുതൽ ശതമാനം റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഒറ്റപ്പാലം താലൂക്കിലാണ് (69.33%) ഏറ്റവും കുറവ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ചിറ്റൂർ താലൂക്കിലും(54.46 %). എല്ലാ താലൂക്കുകളിലും non workers വിഭാഗത്തിൽ പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്.

1.18.4 2011-ലെ ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ ആകെ തൊഴിലാളികളെ cultivators, agricultural labours, household Industry workers, other workers എന്നിങ്ങനെ തരം തിരിച്ച് വിശകലനം ചെയ്യുമ്പോൾother workers എന്ന വിഭാഗത്തിലാണ് ഏറ്റവും കൂടുതൽ തൊഴിലാളികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് (67.11%). പിന്നീട് ഏറ്റവും കൂടുതൽ തൊഴിലാളികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് agricultural labours വിഭാഗത്തിലാണ് (23.98%). തൊഴിലാളി വിഭാഗത്തിൽ cultivators വിഭാഗത്തിൽ6.51 ശതമാനവും, household Industry workers വിഭാഗത്തിൽ 2.4 ശതമാനവും ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.കർഷക തൊഴിലാളികളുടെ പ്രാതിനിഥ്യം ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ചിറ്റൂർ താലൂക്കിലാണ് (36.34 %). ഏറ്റവും കുറവ് ഒറ്റപ്പാലം താലൂക്കിലും (16.10%).

1.18.5 ജനസംഖ്യാ കണക്കെടുപ്പുകളുടെ അടിസ്ഥാനത്തിൽ2001,2011 വർഷങ്ങളിലെ പാലക്കാട് ജില്ലയിലെ തൊഴിലാളി പ്രാതിനിഥ്യം താരതമ്യം ചെയ്യുമ്പോൾ 2001-നെ അപേക്ഷിച്ച് Main workers-ന്റെ നിരക്ക് നേരിയതോതിൽ വർദ്ധിച്ചിട്ടുണ്ട്. 2001 ൽ29.4 % ആയിരുന്നത് വർദ്ധിച്ച് 2011-ൽ 31.16 % ആയി) എന്നാൽ 2001 നെ അപേക്ഷിച്ച് Marginal workers-ന്റെ നിരക്ക് നേരിയതോതിൽ കുറവാണ് സംഭവിച്ചിട്ടുള്ളത് . 2001-ൽ 6.7% ആയിരുന്നത് കുറഞ്ഞ് 2011-ൽ 5.94 % ആയി. ആകെ workers-ന്റെ നിരക്കിലും കുറവാണ് സംഭവിച്ചിട്ടുള്ളത്. 2001-ൽ36.1 % ആയിരുന്നത് 2011-ൽ 5.94 % ആയി കുറഞ്ഞു. Non workers വിഭാഗത്തിൽ 2001-ൽ 63.9 % ഉണ്ടായിരുന്നത് 2011-ൽ 62.91 % ആയി കുറഞ്ഞിട്ടുമുണ്ട്.

പട്ടിക 1.12

പാലക്കാട് ജില്ലയിലെ വിവിധ താലൂക്കുകളിലെ തൊഴിലാളികളുടെ എണ്ണവും, അവരുടെ പ്രാതിനിഥ്യവും 2011 ലെ ജനസംഖ്യാ കണക്കെടുപ്പിനെ അടിസ്ഥാനമാക്കി സ്ത്രീ, പുരുഷൻ എന്നിങ്ങനെ തരം തിരിച്ച് ചുവടെ ചേർക്കുന്നു

Source: 2011 District Census Handbook

ക്രമ നമ്പർ	താലൂക്ക്	സ്ത്രീ/ പുരുഷൻ	ജനസംഖ്യ	Main workers		Marginal Workers		ആകെ Workers		Non workers		Cultivators		Agricultural Labours		Household		Other workers	
				No	%	No	%	No	%	No	%	No	%	No	%	No	%	No	
1	ഒറ്റപ്പാലം	ആകെ	930692	238556	25.63	46902	5.04	285458	30.67	645234	69.33	16113	5.64	45945	16.10	6239	2.19	217161	76.07
		സ്ത്രീ	457961	45523	9.33	16753	3.43	62276	12.76	425655	87.24	2216	3.56	16038	25.75	1427	2.29	42595	68.40
		പുരുഷൻ	442731	193033	43.60	30149	6.81	223182	50.41	219549	49.59	13897	6.23	29907	13.40	4812	2.16	174566	78.22
2	മണ്ണാർക്കാട്	ആകെ	384393	104057	27.07	27692	7.20	131749	34.27	252644	65.73	12284	9.32	30356	23.04	2827	2.15	86282	65.49
		സ്ത്രീ	198064	22474	11.35	12104	6.11	34578	17.46	163486	82.54	2655	7.68	10153	29.36	899	2.60	20871	60.36
		പുരുഷൻ	186329	81583	43.78	15588	8.37	97171	52.15	81158	47.85	9629	9.91	20203	20.79	1928	1.98	65411	67.32
3	പാലക്കാട്	ആകെ	612116	205113	33.51	37275	6.09	242388	39.60	369728	60.40	10255	4.23	43838	18.09	6271	2.59	182024	75.10
		സ്ത്രീ	313255	51604	17.11	18377	5.87	71981	22.98	241274	77.02	2664	3.70	23900	33.20	1984	2.76	43433	60.34

		പുരുഷൻ	298861	151509	50.70	18898	6.32	170407	57.02	128454	42.98	7591	4.45	19938	11.70	4287	2.52	138591	81.33
4	ചിറ്റൂർ	ആകെ	437738	171422	39.16	27931	6.38	199353	45.54	238385	54.46	15368	7.71	72444	36.34	5252	2.63	106289	53.32
		സ്ത്രീ	222429	54891	24.68	14108	6.34	68999	31.02	153430	68.98	3879	5.62	38603	55.95	1755	2.54	24761	35.89
		പുരുഷൻ	215309	116531	54.12	13823	6.42	130354	60.54	84955	39.46	11489	8.81	33841	25.96	3497	2.68	81527	62.54
5	ആലത്തൂർ	ആകെ	444995	156392	35.14	27000	6.07	183392	41.21	261603	58.79	13785	7.52	57366	31.28	4446	2.42	107795	58.78
		സ്ത്രീ	228747	45566	19.92	12819	5.60	58385	25.52	170362	74.48	3582	6.14	31904	54.64	1315	2.25	21584	36.97
		പുരുഷൻ	216248	110826	51.25	14151	6.56	125007	57.81	91241	42.19	10203	8.16	25462	20.37	3131	2.50	86211	68.96
6	**പാലക്കാട് ജില്ല**	**ആകെ**	**2809934**	**875540**	**31.16**	**166800**	**5.94**	**1042340**	**37.09**	**1767594**	**62.91**	**67805**	**6.51**	**249949**	**23.98**	**25035**	**2.40**	**699551**	**67.11**
		സ്ത്രീ	**1450456**	**222058**	**15.31**	**74161**	**5.11**	**296219**	**20.42**	**1154237**	**79.58**	**14996**	**5.06**	**120598**	**40.71**	**7380**	**2.49**	**153245**	**51.73**
		പുരുഷൻ	**1359478**	**653482**	**48.07**	**92639**	**6.81**	**746121**	**54.88**	**613357**	**45.12**	**52806**	**7.08**	**129351**	**17.34**	**17655**	**2.37**	**546306**	**73.22**

പട്ടിക 1.13

2001, 2011 വർഷങ്ങളിലെജനസംഖ്യാ കണക്കെടുപ്പുകളെ അടിസ്ഥാനമാക്കി തൊഴിലാളികളുടെ പ്രാധിനിധ്യം സംബന്ധിച്ച താരതമ്യം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	താലൂക്ക്	Main Workers ശതമാനം		Marginal Workers ശതമാനം		ആകെ Workers ശതമാനം		Non workers ശതമാനം	
		2001	2011	2001	2011	2001	2011	2001	2011
1	ഒറ്റപ്പാലം	23.3	25.63	6.2	5.04	29.5	30.67	70.5	69.33
2	മണ്ണാർക്കാട്	27.4	27.07	5.9	7.20	33.3	34.27	66.7	65.73
3	പാലക്കാട്	32.1	33.51	5.7	6.09	37.8	39.60	62.2	60.40
4	ചിറ്റൂർ	36.5	39.16	8.1	6.38	44.6	45.54	55.4	54.46
5	ആലത്തൂർ	32.2	35.14	8.6	6.07	40.8	41.21	59.2	58.79
	പാലക്കാട് ജില്ല	**29.4**	**31.16**	**6.7**	**5.94**	**36.1**	**37.09**	**63.9**	**62.91**

1.19 ജനസംഖ്യ പ്രായപരിധി അടിസ്ഥാനത്തിൽ

1.19.1 പാലക്കാട് ജില്ലയിലെ ജനങ്ങളുടെ സമഗ്ര പുരോഗതിയ്ക്കു വേണ്ടിയുള്ള ആസൂത്രണത്തിന് ആ പ്രദേശത്തിന്റെ ആകെ ജനസംഖ്യയിലെ ഓരോ പ്രായ പരിധിയിൽപ്പെടുന്ന (*Age group*) ജനസംഖ്യയുടെ എണ്ണം സഹായിയ്ക്കും. കുട്ടികൾ, മുതിർന്ന പൗരന്മാർ എന്നിവരെ സഹായിക്കുന്നതിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ സ്ഥിതിവിവരക്കണക്ക് സഹായകരമാണ്. 2011 ജനസംഖ്യാ കണക്കെടുപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ ജനസംഖ്യയെ വിവിധ പ്രായപരിധി തിരിച്ചതിന്റെ സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 1.14

പാലക്കാട് ജില്ലയിലെ ജനനസംഖ്യ

വിവിധ പ്രായ പരിധി, സ്ത്രീ- പുരുഷ അനുപാതം തിരിച്ച്

പ്രായ പരിധി	പാലക്കാട് ജില്ല			കേരളം		
	സ്ത്രീ	പുരുഷൻ	ആകെ	സ്ത്രീ	പുരുഷൻ	ആകെ
0-4	1,05,627	1,08,923	**2,14,550**	12,05,558	12,47,534	**24,53,092**
5-9	1,07,658	1,11,856	**2,19,514**	12,51,922	13,03,190	**27,78,824**
10-14	1,20,140	1,23,988	**2,44128**	13,83,853	14,38,917	**30,70,746**
15-19	1,12,723	1,15,748	**2,28,471**	12,82,253	13,28,299	**28,42,048**
20-24	1,26,325	1,19,819	**2,46,144**	13,66,983	12,98,826	**29,05,447**
25-29	1,26,323	1,16,092	**2,42,415**	14,00,114	12,03,978	**28,36,276**
30-34	1,10,590	1,00,653	**2,11,243**	13,27,284	11,28,217	**26,56,807**
35-39	1,17,310	99,958	**2,17,268**	14,17,854	11,61,819	**27,79,589**
40-44	99,248	89,633	**1,88,881**	12,95,074	11,17,424	**25,91,764**
45-49	96,164	89,055	**1,85,219**	12,42,932	11,05,598	**25,26,640**
50-54	74,324	71,048	**1,45,372**	9,96,954	9,31,191	**20,70,241**
55-59	66,311	63,772	**1,30,083**	8,80,881	8,61,527	**18,69,952**
60-64	60,128	53,287	**1,13,415**	7,29,535	6,85,136	**15,21,245**
65-69	44,835	37,059	**81,894**	5,42,902	4,59,232	**10,76,252**
70-74	33,371	26,530	**59,901**	4,06,810	3,26,562	**7,86,432**
75-79	23,149	16,215	**39,364**	2,93,050	2,08,317	**5,33,797**
80+	24,650	14,287	**38,937**	3,37,501	2,04,348	**5,70,423**
Age not stated	1,580	1,555	**3,135**	17,189	17,297	**37,596**
ആകെ	**14,50,456**	**13,59,478**	**28,09,934**	**1,73,78,649**	**1,60,27,412**	**3,59,07,171**

Source:http://censusindia.gov.in/

1.19.2 മുകളിൽ കൊടുത്ത സ്ഥിതിവിവരക്കണക്ക് പ്രകാരം പാലക്കാട് ജില്ലയിൽ15 വയസ്സിൽ താഴെ 3,44,767 പെൺകുട്ടികളും, 3,33,425 ആൺ കുട്ടികളുംആയി ആകെ 6,78,192 കുട്ടികൾ ഉണ്ട് . അറുപത് വയസ്സിന് മുകളിൽ 1,47,378 സ്ത്രീകളും, 1,86,133 പുരുഷന്മാരും ആയി ആകെ 3,33,511 പേർപാലക്കാട് ജില്ലയിൽ ഉള്ളതായും പ്രസ്തുത സ്ഥിതിവിവരക്കണക്ക് പ്രകാരം റിപ്പോർട്ട് ചെയ്യുന്നു. 1,555 സ്ത്രീകളുടെയും 1,580 പുരുഷന്മാരുടെയും വയസ്സ് എത്രയെന്ന് ജനസംഖ്യാ കണക്കെടുപ്പ് പ്രകാരംറിപ്പോർട്ട് ചെയ്തിട്ടില്ല.

ചിത്രം 1.5

പാലക്കാട് ജില്ലയെ സംബന്ധിച്ച മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകൾ കേരളത്തിന്റെ ജനസംഖ്യ സഹിതം സെൻസസ് പിരമിഡ് രൂപത്തിൽ ചുവടെ അവതരിപ്പിക്കുന്നു.



(Data source: Census India official website)

പട്ടിക 1.6



(Data source: Census India official website)

1.19.3 കേരളത്തിലെയും, പാലക്കാട് ജില്ലയിലെയും ആകെ ജനസംഖ്യയിൽ ഓരോ പ്രായ പരിധിയിൽ ഉൾപ്പെടുന്ന ജന വിഭാഗങ്ങളുടെയും പ്രാതിനിധ്യം പരിശോധിച്ച് നോക്കിയാൽ സംസ്ഥാനത്തിന്റെ പൊതു സ്വഭാവത്തിൽ നിന്ന് കാര്യമായ വ്യതിയാനം ഇല്ല. എന്നിരുന്നാൽത്തന്നെയും ആകെ ജനസംഖ്യയിൽ 5-9, 10-14, 15-19, 20-24, 25-29, 30-34 എന്നീ പ്രായ പരിധിയിൽ വരുന്ന ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം സംസ്ഥാനത്തിന്റെ പ്രാതിനിധ്യത്തേക്കാൾ കൂടുതലാണ്. പാലക്കാട് ജില്ലയിലെ ജനസംഖ്യയിലെ 5-9 പ്രായ

പരിധിയിൽ 7.81 % പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 7.73 % പേർ ആണ് ഇതേ പ്രായ പരിധിയിൽ ഉള്ളത്. അതുപോലെ ജില്ലയിലെ ജനസംഖ്യയിലെ 10-14 പ്രായ പരിധിയിൽ 8.68% പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 8.55% പേരും, 15-19 പ്രായ പരിധിയിൽ8.13% പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 7.91% പേരും, 20-24 പ്രായ പരിധിയിൽ8.75 % പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 8.09% പേരും 25-29 പ്രായ പരിധിയിൽ 8.62 % പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 7.89% പേരും, 30-34 പ്രായ പരിധിയിൽ 7.51 % പേർ ഉള്ളപ്പോൾ സംസ്ഥാനത്തിന്റെ ജനസംഖ്യയുടെ 7.39 % പേരും വരുന്നു.

1.19.4 പാലക്കാട് ജില്ലയുടെ ആകെ ജനസംഖ്യയിൽ 16.49 % പേർ 5-09, 10-14 എന്നീ പ്രായപരിധിയിൽ ഉള്ളവരും, 25.50 % പേർ 15-19, 20-24, 25-29 എന്നീ പ്രായപരിധിയിൽ ഉള്ളവരും ആണ്. വിദ്യാർത്ഥികൾ, തൊഴിൽ അന്വേഷിയ്ക്കുന്നവർ എന്നിവർ പ്രധാനമായും 05 മുതൽ 29 വരെയുള്ള പ്രായ പരിധിയിൽ വരുന്നവരായതിനാൽ ഈ പ്രായപരിധിയിൽ വരുന്നവർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് മുൻതൂക്കം നൽകേണ്ടതാണ്.

Dependency Rate

1.19.5 ഒരു പ്രദേശത്തെ ജനസംഖ്യയിലെ 14 വയസ്സിൽ താഴെയുള്ളവരും, പ്രൊഡക്ടിവ് പോപ്പുലേഷനിൽ ഉൾപ്പെടുന്നവരും (15 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ളവരും) തമ്മിലുള്ള അനുപാതമാണ് **Child Dependency Rate**. ഒരു പ്രദേശത്തെ ജനസംഖ്യയിലെ Child Dependency Rate കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

$$\text{Child Dependency Rate} = \frac{\text{Number of people aged } 0-14}{\text{No of people aged between } 15-60} \times 100$$

ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെChild Dependency Rate =

$\frac{6,78,192}{17,95,096}$ X 100=37.78ആണ്.

ഇതേ സാഹചര്യത്തിൽ കേരളത്തിലെChild Dependency Rate 35.97 ആണ്.

1.19.6 ഒരു പ്രദേശത്തെ ജനസംഖ്യയിലെ 60 വയസ്സിനു മുകളിൽ പ്രായമുള്ളവരും, പ്രൊഡക്ടിവ് പോപ്പുലേഷനിൽ ഉൾപ്പെടുന്നവരും (15 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ളവരും) തമ്മിലുള്ള അനുപാതമാണ് Old Age Dependency Rate. ഒരു പ്രദേശത്തെ ജനസംഖ്യയിലെ Old Age Dependency Rate കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

$$\text{Old age Dependency Rate} = \frac{\text{Number of people aged above } 60}{\text{No of people aged between } 15-60} \times 100$$

ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ Old Age Dependency Rate =

$\frac{3,33,511}{17,95,096}$ X 100= 18.57 ആണ്.

ഇതേ സാഹചര്യത്തിൽ കേരളത്തിലെ Old Age Dependency Rate 19.60 ആണ്.

1.19.7 പ്രൊഡക്ടിവ് പോപ്പുലേഷനിൽ ഉൾപ്പെടാത്തവരും (14 വയസ്സിൽ താഴെയുള്ളവരും, 60 വയസ്സിനു മുകളിൽ പ്രായമുള്ളവരും), പ്രൊഡക്ടിവ് പോപ്പുലേഷനിൽ ഉൾപ്പെടുന്നവരും (15 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ളവരും) തമ്മിലുള്ള അനുപാതമാണ് ആകെ Dependency Rate. ഒരു പ്രദേശത്തെ ജനസംഖ്യയിലെ ആകെ Dependency Rate കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

ആകെ Dependency Rate =

$$= \frac{(\text{Number of people aged } 0-14 + \text{Number of people aged 60 and above})}{\text{No of people aged between } 15-60} \times 100$$

ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആകെ Dependency Rate = $\frac{6,78,192+3,33,511}{17,95,096}$ X 100 = 56.35 ആണ്.

ഇതേ സാഹചര്യത്തിൽ കേരളത്തിലെആകെ Dependency Rate 55.57 ആണ്.

1.19.8 ശരാശരി Dependency rate ഉള്ള ഒരു സമൂഹമാണ് ഒരു പ്രദേശത്ത് ഉള്ളതെങ്കിൽ ഡിപെൻഡന്റ് ഗ്രൂപ്പിൽ ഉള്ള ജനസംഖ്യയെ ***(പതിനാല് വയസ്സിന് താഴെയുള്ളവരും,അറുപത് വയസ്സിന് മുകളിൽ ഉള്ള ജനസംഖ്യയെ)***സംരക്ഷിയ്ക്കുന്നതിന് മതിയായ അളവിൽതൊഴിലിൽ ഏർപ്പെടാൻ ക്ഷമതയുള്ള ഒരു സമൂഹം ***(15 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ളജനസംഖ്യ)*** ആ പ്രദേശത്ത് ഉണ്ടെന്ന് അനുമാനിയ്ക്കാം. എന്നിരുന്നാൽ തന്നെയും 15-60 വയസ്സ് വരെയുള്ളവർ എല്ലാവരും തൊഴിൽ ചെയ്യുന്നവരെന്നോ, 60 വയസ്സിനു മുകളിൽ ഉള്ളവർ എല്ലാവരും തൊഴിൽ ചെയ്യുന്നവരല്ല എന്നോ ഉറപ്പിയ്ക്കുവാൻ സാധിയ്ക്കുകയില്ല എന്ന വസ്തുത പരിഗണിയ്ക്കേണ്ടതാണ്. ഇക്കാര്യം നിലവിലുള്ള തൊഴിൽ സാഹചര്യവുമായി ചേർത്തു വായിയ്ക്കേണ്ടതാണ്.

1.20 കുടിവെള്ളം

1.20.1 കേരളത്തിന്റെ നെല്ലറയായിരുന്ന പാലക്കാടിൽ ഇന്ന് നാം കാണുന്നത് ചൂടിൽ കരിഞ്ഞുണങ്ങിയ വയലുകളും, കുടിവെള്ളത്തിനായി പരക്കം പായുന്ന ജനങ്ങളെയുമാണ്. എന്നാൽ ഇതിനിടയിലും കേരളത്തിന്റെ മറ്റുപല ഭാഗങ്ങളിലേയ്ക്കും തമിഴ് നാട്ടിലെ മറ്റു പല പ്രദേശങ്ങളിലേക്കും ദാഹം അകറ്റാനുള്ള കുടിവെള്ളം എത്തുന്നത് നമ്മുടെ ഈ പാലക്കാടിൽ നിന്നാണെന്ന സത്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

1.20.2 പാലക്കാടിൽ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടതും ജലവിതരണം നടക്കുന്നതുമായ 768 കിണറുകളും 2094 കുഴൽ കിണറുകളും 5 കുളങ്ങളും 18 പുഴകളും 3 റെയിൻ ഹാർവെസ്റ്റുകളും 22 മറ്റു സ്രോതസ്സുകളും 2014-15 ലെ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സർവ്വേ നടത്തിയ പ്രകാരം സർവ്വേക്ക് മുമ്പ് ഉള്ളതായി കാണുന്നുണ്ട്. കൂടാതെ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ടതും എന്നാൽ ജലവിതരണം ഇല്ലാത്തതുമായ 2286 സ്കീമുകൾ വേറെയുമുണ്ട്.

1.20.2 എന്നാൽ ജലക്ഷാമം രൂക്ഷമായതോടുകൂടി ജലവിതരണം ഇല്ലാത്ത പല സ്രോതസ്സുകളും വൃത്തിയാക്കി ജലവിതരണത്തിന് യോഗ്യമാക്കിത്തീർത്തു. ഇപ്രകാരം 5191 കുടിവെള്ള സ്കീമുകളിൽ 3721 സ്കീമുകളും ഉപയോഗ യോഗ്യമാക്കിത്തീർത്തിരുന്നു. നിലവിൽ ഇതിൽ 1472 സ്കീമുകൾ പ്രാദേശിക ഭരണ സമിതികളും മറ്റ് 2249 സ്കീമുകൾ ഗുണഭോക്തൃ കമ്മിറ്റിയും, മറ്റുള്ളവരും ആണ് Implement Agency ആയി പ്രവർത്തിക്കുന്നത്. പണി പൂർത്തിയാവാത്തതും പണി തുടങ്ങാത്തതും റിപ്പയർ ആവശ്യമുള്ളതും, വെള്ളം ഇല്ലാത്തതും ഇലക്ട്രിസിറ്റി കണക്ഷൻ നഷ്ടപെട്ടതും മറ്റുമായി 1470 കുടിവെള്ള സ്കീമുകൾ വേറെയുമുണ്ട്. എന്നാൽ ജലവിതരണം നടക്കുന്ന സ്കീമുകൾ ഇപ്പോൾ 2593 എണ്ണം മാത്രമാണ്. ഇതിൽ കുടിവെള്ളത്തിന് മാത്രമായി ഉപയോഗിക്കുന്നത് 2568 എണ്ണവും. ഇതിൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്ന സ്കീമുകളുടെ എണ്ണം 2173 എണ്ണവും ആണ്.

1.20.3 കുടിവെള്ളത്തിന്റെ ഉപയോഗം വർദ്ധിക്കുന്നതല്ല ജലക്ഷാമത്തിന്റെ പ്രധാന കാരണം. വികേന്ദ്രീകൃതമായി വിന്യസിക്കപ്പെട്ടിരിക്കുന്ന ജലവിഭവം അതിന്റെ പ്രാധാന്യത്തോടെ പരിപാലിക്കപ്പെടാത്തതാണ്. ജലക്ഷാമത്തിൽ നിന്ന് മോചനം വേണമെങ്കിൽ പരമ്പരാഗത ജലസ്രോതസ്സുകളായ അരുവികൾ, നീരുറവകൾ, കുളങ്ങൾ, കിണറുകൾ എന്നിവയുടെ ഉപയോഗം പുനരുജ്ജീവിപ്പിക്കുകയും സംഭരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നമ്മൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പട്ടിക 1.15

Report on Status of Drinking water Schemes in Kerala 2012-13

Sl.No	Source	Schemes with distribution	Without distribution	ആകെ
1	Well	768	1337	2105
2	Bore well	2094	911	3005
3	Pond	5	13	18
4	River	18	20	38
5	Rain Harvest	3	0	3
6	Other sources	17	5	22
ആകെ		**2905**	**228634**	**5191**

Source: Survey on 'Status of Drinking Water Schemes in Kerala- 2012-13

1.21 പാർപ്പിടം

1.21.1കേന്ദ്ര ഗ്രാമ വികസന വകുപ്പ് മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പാർപ്പിട പദ്ധതിയാണ് "പ്രധാനമന്ത്രി ആവാസ് യോജന". ഈ പദ്ധതി മുഖേന സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കുക എന്നാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. 2016-2017 വർഷം വരെ "ഇന്ദിര ആവാസ് യോജന" എന്ന പേരിലാണ് ഈ പദ്ധതി അറിയപ്പെട്ടിരുന്നത്.

1.21.2പാലക്കാട് ജില്ലയിൽ ഈ പദ്ധതി പ്രകാരം 2014-2015 വർഷത്തിൽ പട്ടികവർഗ വിഭാഗത്തിൽ 365 വീടുകൾക്കും പട്ടികജാതി വിഭാഗത്തിൽ 3165 വീടുകൾക്കും മറ്റുള്ള വിഭാഗത്തിന് 2632 വീടുകൾക്കും ഉൾപ്പടെ ആകെ 6162 വീടുകൾക്കും 2015-2016 വർഷത്തിൽ പട്ടികവർഗ വിഭാഗത്തിൽ 363 വീടുകൾക്കും പട്ടികജാതി വിഭാഗത്തിൽ 3349 വീടുകൾക്കും മറ്റുള്ള വിഭാഗത്തിന് 2483 വീടുകൾക്കും ഉൾപ്പടെ ആകെ 6195 വീടുകൾക്കും 2016-2017-വർഷത്തിൽ പട്ടികവർഗ വിഭാഗത്തിൽ 40 വീടുകൾക്കും പട്ടികജാതി വിഭാഗത്തിൽ 566 വീടുകൾക്കും മറ്റുള്ള വിഭാഗത്തിന് 861 വീടുകൾക്കും ഉൾപ്പടെ ആകെ 1467 വീടുകൾക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇത് കൂടാതെ പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് മുഖേന സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വെക്കുന്നതിനും കൂടാതെ വീടില്ലാത്തവർക്ക് വീട് വെക്കുന്നതിനും വീടുകളുടെ അറ്റകുറ്റപണിക്കും മേൽക്കൂര നന്നാക്കുന്നതിനും ധന സഹായം നൽകാറുണ്ട്.

പട്ടിക 1.16

HOUSE SANCTIONED UNDER IAY SCHEME IN PALAKKAD DISTRICT

Sl No	House Sanctioned in	ആകെ Houses	ST	SC	Minority	PH	Others Excluding Minority & PH
1	2014-15	6162	365	3165	1249	4	1379
2	2015-16	6195	363	3349	1076	0	1407
3	2016-17	1467	40	566	519	32	310

Source: Ministry of rural development, Govt of India

1.22 വ്യവസായം

1.22.1 ചെറുതും വലുതുമായ വ്യവസായങ്ങളുടെ എണ്ണത്തിൽ പാലക്കാട് ജില്ല രണ്ടാം സ്ഥാനത്താണ്. മൈക്രോ, സ്മാൾ, മീഡിയം എന്നീ 3 വിഭാഗങ്ങളിലായി യഥാക്രമം 22519, 778,65 യൂണിറ്റുകൾ പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്നു. 85,128 തൊഴിലാളികൾ ഈ യൂണിറ്റുകളിൽ ജോലി ചെയ്തു വരുന്നു. പാലക്കാട് ജില്ലയിലെ ആലത്തൂർ, മലമ്പുഴ, പാലക്കാട്, പട്ടാമ്പി എന്നീ ബ്ലോക്കുകളെയും പാലക്കാട് മുനിസിപ്പാലിറ്റിയും കേന്ദ്രീകരിച്ചാണ് എം.എസ്.എം,ഇ യുടെ വളർച്ച.

പട്ടിക 1.17

	എം.എസ്.എം.ഇ-കളുടെ എണ്ണം	തൊഴിലാളികളുടെ എണ്ണം	മുതൽമുടക്ക്
31/03/2014 ൽ	17488	65284	81359
31/03/2017 ൽ	23362	85128	123671 ലക്ഷം

1.21.3 31/03/2014 ൽ നിന്നും 31/03/2017 ൽ എത്തിനിൽക്കുമ്പോൾ എം.എസ്.എം.ഇ ക്ക് 33 % വർദ്ധനവാണുണ്ടായിരിക്കുന്നത്. ഇവിടെ ജോലി ചെയ്തു വരുന്ന തൊഴിലാളികളുടെ എണ്ണത്തിൽ 30.4 % വർദ്ധന ഉണ്ടായിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രത്തിനു കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ഉണ്ട്. ഇ.എസ്.എം. എന്ന എന്റർപ്രണർ സപ്പോർട്ട് സ്കീമിൽ 2016-17 ൽ 67 അപേക്ഷകരാണുണ്ടായിരുന്നത്. സബ്സിഡി ഇനത്തിൽ 317.47 ലക്ഷം രൂപ ഈ കാലയളവിൽ നൽകിയിട്ടുണ്ട്. 30 ലക്ഷം രൂപ വരെ ഒരു സംരംഭകന് ലഭ്യമാകുന്ന ഈ സ്കീമിൽ മൂന്ന് ഗഡുക്കളായാണ് പണം ലഭിക്കുന്നത്.

1.21.4 വി.എം.ഇ.ജി.പി (പ്രൈമിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം) എന്ന സ്കീമിൽ 2016-17 കാലയളവിൽ അംഗീകരിച്ച 58 അപോക്ഷകളാണുണ്ടായിരുന്നത്. ടി അപേക്ഷകർക്ക് ധനസഹായമായി (മാർജിൻ മണി ലോൺ) ആയി 94.09 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ഈ സ്കീം പ്രകാരം സർവ്വീസ് എന്റർപ്രൈസുകൾക്ക് 10 ലക്ഷവും മാനുഫാക്ചറിങ്ങ് എന്റർപ്രൈസുകൾക്ക് 25 ലക്ഷവും ലഭിക്കും.

പട്ടിക 1.18

ഇൻഡസ്ട്രിയൽ സ്റ്റാറ്റിസ്റ്റിക്സ് (31/03/2017 വരെയുള്ള കണക്കുകൾ)

വലുതും ചെറുതുമായ വ്യവസായങ്ങൾ	56
എം.എസ്.എം.ഇ യൂണിറ്റുകൾ	മൈക്രോ – 22519, സ്മാൾ - 778, മീഡിയം – 65, ആകെ – 23362
ഇൻവെസ്റ്റ്മെന്റ് (എം.എസം.എം.ഇ)	123671 ലക്ഷം
തൊഴിലാളികൾ	85128
D/DP/NIDA/IDA	4 കഞ്ചിക്കോട്, കപ്പൂർ, ഷൊർണ്ണൂർ, പുതുശ്ശേരി
ഹാന്റ്ലൂം സൊസൈറ്റികൾ (രജിസ്റ്റേർഡ്)	42
ഹാന്റ്ലൂം സൊസൈറ്റികൾ (പ്രവർത്തിക്കുന്നവ)	14
പവർലൂം സൊസൈറ്റികൾ (രജിസ്റ്റേർഡ്)	3

1.23 പാലക്കാട് ജില്ലാ എംപ്ലോയ്മെന്റ് എക്സേ്ചഞ്ചുമായി ബന്ധപ്പെട്ട വിവരങ്ങൾ

1.23.1 തൊഴിൽ രഹിതരുടെ എണ്ണം ഗണ്യമായി കൂടിവരുന്ന സാഹചര്യത്തിൽ അഭ്യസ്തവിദ്യർക്ക് അവരുടെ കഴിവുകൾ പരമാവധി പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ നേടാനും ഒരു സ്വയം തൊഴിൽദാതാവാകുനാനുള്ള അവസരം ലഭ്യമാക്കുന്ന പദ്ധതികൾ കേരള സർക്കാർ നടപ്പിലാക്കി വരുന്നു. എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തരം നടപ്പാകുന്ന 4 സ്വയം തൊഴിൽ പദ്ധതികളാണുള്ളത്.

പട്ടിക 1.19

പദ്ധതിയുടെ പേര്	**തുടങ്ങിയ വർഷം**	**2016-17-ലെ ഗുണഭോക്താക്കളുടെ എണ്ണം**	**ചെലവായ തുക**	**സബ്സിഡി**	**ആകെ**
കെസ്റ്റ	2007-2008	74	6780,800	1356160	490
ജോബ്ക്ലബ്	2007-2008	2	1728000	400000	40

ശരണ്യ	2010-2011	459	22800000	11400000	2123
കൈവല്യ	2016-2017	8	400000	200000	8

Source: Official website of Employment department, Govt of Kerala

1.23.2 വർഷാവർഷം അനവധി പേരാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേർ രജിസ്റ്റർ ചെയ്യുന്നതും അതിലൂടെ പ്ലേസ്മെന്റ് നേടുന്നതും. കേരളത്തിലേയും, പാലക്കാടിനോടു ചേർന്നു കിടക്കുന്നതുമായ മൂന്ന് ജില്ലകളുടെയും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1.20

വർഷം		രജിസ്ട്രേഷൻ	സബ്മിഷൻ	പ്ലേസ്മെന്റ്	വേക്കൻസി നോട്ടിഫിക്കേഷൻ	ലൈവ് രജിസ്റ്റർ
2009 മുതൽ 2010 വരെ	കേരളം	3,63,715	2,14,808	15,345(4.22%)	19,219	41,90,887
	തൃശ്ശൂർ	25,394	18,546	1,404 (5.5 %)	1,524	3,87,430
	മലപ്പുറം	27,412	16,076	1078 (3.9 %)	1453	3,06,404
	കോഴിക്കോട്	30,461	17,582	1,110 (3.6 %)	422	4,02,439
	പാലക്കാട്	21,725	16,624	1300 (5.9 %)	1585	3,29,474
2013 മുതൽ 2014 വരെ	കേരളം	3,73,078	1,88,276	11,663 (3.1 %)	21,841	36,74,931
	തൃശ്ശൂർ	31,512	15,785	832 (2.6 %)	1116	2,88,451
	മലപ്പുറം	36,499	12,622	508 (1.4 %)	1815	2,93,453
	കോഴിക്കോട്	21,960	17,106	913 (4.2%)	2443	3,59,477
	പാലക്കാട്	30,068	10,771	856 (2.8 %)	1081	2,41,453
2016 മുതൽ 2017 വരെ	പാലക്കാട്	9871	5281	282 (2.9 %)	1314	69148

2017 ആഗസ്റ്റ് മാസം വരെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരുടെ യോഗ്യതാ വിവരങ്ങൾ

പട്ടിക 1.21

വിദ്യാഭ്യാസം	സ്ത്രീകൾ	പുരുഷൻമാർ	ആകെ
നിരക്ഷർ	108	0	108
മെട്രിക്കിനു താഴെ	11193	6592	17785
മെട്രിക്ക്	21254	14027	35281
പ്രീഡിഗ്രീ, പ്ലസ്ടു	10833	7618	18451
ബിരുദം / ഡിഗ്രി	1999	996	2995
ബിരുദാനന്തരബിരുദം	63	16	79
ആകെ	**45450**	**29249**	**74699**

1.24 പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതികൾ

1.24.1 പാലക്കാട് ജില്ലയിലെ ആകെയുള്ള ജനസംഖ്യയുടെ 1.74% പേർ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവരാണ് . സംസ്ഥാനത്ത് പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനസംഖ്യയിൽ പാലക്കാട് രണ്ടാം സ്ഥാനത്താണ്. ഇതര വിഭാഗങ്ങളിൽ നിന്നും വ്യത്യസ്തമായി സാമൂഹ്യ പരവും, സാമ്പത്തിക

പരവുമായി വളരെയധികം പിന്നാക്കം നിൽക്കുന്ന ഈ വിഭാഗത്തിന്റെ ഉന്നതിയ്ക്കായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. കേരളത്തിലെ 7 ഐ.ടി.ഡി.പി ഓഫീസുകളിലൊന്ന് അട്ടപ്പാടിയിലും, 10 ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസുകളിൽ ഒരു ഓഫീസ് പാലക്കാട്ടുംപ്രവർത്തിക്കുന്നു.സ്വയം തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കി ഇവരുടെ ഉന്നമനം ലക്ഷ്യമാക്കി വിവിധ സർക്കാർ സഹായങ്ങൾ നിലവിൽ നടത്തി വരുന്നു.

1.24.2 സ്വയം തൊഴിൽ നേടുവാനുള്ള അവസരങ്ങൾ ഉണ്ടാകുക എന്ന അടിസ്ഥാന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് സർക്കാർ സ്വയം തൊഴിൽ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചിരിക്കുന്നത് എസ്.സി.എ ടു ടി എസ് പി - എസ് സി എ കൃഷി, തേനീച്ചവളർത്തൽ, പച്ചക്കറികൃഷി, മൃഗപരിപാലനം എന്നീ മേഖലകളിലൂടെ കുടുംബത്തിൽ വരുമാന സ്രോതസ്സ് ഉണ്ടാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള സ്പെഷ്യൽ സെൻട്രൽ അസിസ്റ്റന്റ് ആണ് . ഇത് സംസ്ഥാന ട്രൈബൽ പ്ലാനുമായി ബന്ധപ്പെടുത്തിയിരിക്കുന്നു. 2012-13 വർഷത്തിലും 2016-17 വർഷത്തിലും പല പദ്ധതികളിലൂടെ ചെലവാക്കിയിരിക്കുന്ന തുകയും അതിന്റെ ഗുണഭോക്താക്കളുടെയും എണ്ണവും ചുവടെ ചേർക്കുന്നു.

പട്ടിക 1.22

	2012-13	2016-17	ധനസഹായം		പ്രദേശം
			2012-13	2016-17	
ആടുവളർത്തൽ	17 എണ്ണം	---	15000 വീതം	---	വണ്ടാഴി
എസ്.സി.എ ടു ടി എസ് പി					
തയ്യൽ മെഷീൻ & അനുബന്ധ ഉപകരണം	12 എണ്ണം	---	11,000വീതം	---	പെരുമാട്ടി
തയ്യൽ പരിശീലനം & അനുബന്ധ ഉപകരണം	---	8		12,000 വീതം	പെരുമാട്ടി
കറവപശു	6	---	40,000	---	കാഞ്ഞിരപ്പുഴ
	7	15	40,000	55,000വീതം	മുതലമട
	6	--	40,000		വണ്ടാഴി
	2	6	40,000	55,000 വീതം	കൊഴിഞ്ഞാമ്പാറ
	1	---	40,000		അയിലൂർ
	---	9		55,000 വീതം	കണ്ണമ്പ്ര
	---	2		55,000	എരിമയൂർ
		2		55,000	നെൻമാറ
ആകെ	**22**	**34**			
ആടുവളർത്തൽ	20	15	15,000	17000	തെങ്കര
	10	2	15,000	17000	വണ്ടാഴി
	--	10	--	17000	കാഞ്ഞിരപ്പുഴ
	---	5	---	17000	പുതുപരിയാരം
	---	18		17000	മുതലമട
	---	16		17000	കണ്ണമ്പ്ര
	---	4		17000	തരൂർ
	---	5		17000	എരിമയൂർ

ആകെ	30	75			
വാഴകൃഷി	10	--	8000		കാഞ്ഞിരപ്പുഴ
പണിയായുധ വിതരണം	---	29		3650	കൊഴിഞ്ഞാമ്പാറ
അടിയാപണിയാ പാക്കേജ്					
കറവപശു വിതരണം		10		55,000	മലമ്പുഴ
ആടുവളർത്തൽ		8		17,000	---
ആകെ	91	164			

1.25 ജില്ലയിലെ സംരംഭങ്ങളെ സംബന്ധിച്ച വിവരങ്ങൾ

1.25.1 മേൽ പറഞ്ഞ ആറാമത് സാമ്പത്തിക സെൻസസിന്റെ അന്തിമമല്ലാത്ത (പ്രൊവിഷണൽ) റിപ്പോർട്ട് പ്രകാരം കേരളത്തിൽ ആകെയുള്ള 33,37,567 സ്ഥാപനങ്ങളിൽ 2,46,606 എണ്ണം പാലക്കാട് ജില്ലയിലാണ്. ഇതിൽ 1,78,966 എണ്ണം ഗ്രാമീണ മേഖലയിലും, 67,640 എണ്ണം നഗര പരിധിയിലുമാണ്. ഈ സ്ഥാപനങ്ങളിലായി 4,73,539 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. ഇതിൽ 3,18,886 തൊഴിലാളികൾ ഗ്രാമീണ മേഖലയിലും, 1,54,653 തൊഴിലാളികൾ നഗര മേഖലയിലും ജോലി ചെയ്യുന്നതായി കാണുവാൻ കഴിയുന്നു. മൊത്തം തൊഴിലാളികളിൽ 3,15,309 പേർ പുരുഷൻമാരും, 1,58,230 പേർ സ്ത്രീകളുമാണ്.

ജില്ലയിലെ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പുരുഷൻമാരിൽ 2,04,462 പുരുഷൻമാർ ഗ്രാമീണ മേഖലയിലും, 1,10,847 പുരുഷൻമാർ നഗര പരിധിയിലുമാണ്. അതുപോലെ 1,58,230 സ്ത്രീ തൊഴിലാളികളിൽ 1,14,424 സ്ത്രീകൾ ഗ്രാമീണ മേഖലയിലും, 43,806 സ്ത്രീകൾ നഗര പരിധിയിലുമാണ് ജോലിചെയ്യുന്നത്.പാലക്കാട് ജില്ലയിലെ ആകെയുള്ള 2,46,606 സ്ഥാപനങ്ങളിൽ 2678 സ്ഥാപനങ്ങൾ കരകൌശല / കൈത്തറി മേഖലയിലുള്ളവയാണ്. ഇതിൽ 2090 സ്ഥാപനങ്ങൾ ഗ്രാമീണ മേഖലയിലും, 588 സ്ഥാപനങ്ങൾ നഗര മേഖലയിലുമാണ് സ്ഥിതിചെയ്യുന്നത്.

1.25.2 ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ അസംഘടിത മേഖലയിലെ സംരംഭങ്ങൾ 75 ശതമാനവും ഗ്രാമ തലങ്ങളിലാണ് വിന്യസിക്കപ്പെട്ടിരിക്കുന്നത്. മേൽപറഞ്ഞിട്ടുള്ള കണക്കുകളിൽ നിന്ന് പാലക്കാട് ജില്ലയിലുള്ള സ്ത്രീ-പുരുഷതൊഴിലാളികളുടെ അനുപാതം 1:2 ആണ്. അഞ്ചാമത് സാമ്പത്തിക സർവ്വെയുമായി താരതമ്യം ചെയ്യുമ്പോൾ അസംഘടിത മേഖലയിലെ സ്ഥാപനങ്ങളുടെ വളർച്ചാ നിരക്ക് കേരളത്തിൽ 21.33 ശതമാനം ആയിരിക്കുമ്പോഴും, പാലക്കാട് ജില്ലയിൽ അത് 14.08 ശതമാനം മാത്രമാണ്. പാലക്കാട് ജില്ലയുടെ സമീപ ജില്ലകളായ തൃശ്ശൂരിൽ മുൻ സർവ്വെയുമായി താരതമ്യം ചെയ്യുമ്പോൾ വളർച്ചാ നിരക്ക് 21.15 ശതമാനവും, മലപ്പുറത്ത് 60.19 ശതമാനവുമാണ് എന്ന് കാണുന്നു.

1.26 ആരോഗ്യം – ശുചിത്വം

1.26.1 വികസന പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഘടകമാണ് ആരോഗ്യം. സൌജന്യമായ ആരോഗ്യ സംവിധാനത്തിലൂടെ ഈ മേഖലയിൽ ഗണ്യമായ പുരോഗതി ജില്ലയിൽ ഉണ്ടായിട്ടുണ്ട്. ജില്ലയിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോപ്പതി, സിദ്ധ, പാരമ്പര്യവൈദ്യം തുടങ്ങിയവ പ്രചാരത്തിലുള്ള വൈദ്യസമ്പ്രദായങ്ങളാണ്.

1.26.2 ജില്ലയിൽ സർക്കാർ തലത്തിലുള്ള ഒരു മെഡിക്കൽ കോളേജും , ജില്ലാ ആശുപത്രിയും, മൂന്ന് സ്പെഷ്യാലിറ്റി ആശുപത്രികളും, ആറ് താലൂക്ക് ആശുപത്രികളും, 19 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും 75 പ്രൈമറി ഹെൽത്ത് സെന്ററുകളും മറ്റു തരത്തിലുള്ള 9 ആശുപത്രികളും പ്രവർത്തിക്കുന്നുണ്ട്. പ്രൈമറി ഹെൽത്ത് സെന്ററുകളിൽ 11 എണ്ണം 24 മണിക്കൂർ സമയം പ്രവർത്തിക്കുന്നതുമാണ്. ഇതിനു പുറമെ പഴമ്പാലക്കോട് ഹെൽത്ത് ബ്ലോക്കിൽ ഒരു ഗവൺമെന്റ് പാരാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്.

സർക്കാർ തലത്തിലുള്ള 2 ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പ്രൈവറ്റ് തലത്തിലുള്ള 4 ബ്ലഡ് ബാങ്കുകളും സഹകരണ മേഖലയിൽ ഒരു ബ്ലഡ് ബാങ്കും ഈ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

പട്ടിക 1.23

ക്രമ നം	സർക്കാർ സ്ഥാപനങ്ങൾ	എണ്ണം
1	മെഡിക്കൽ കോളേജ്	1
2	ജില്ലാ ആശുപത്രി	1
3	സ്പെഷ്യാലിറ്റി ആശുപത്രി	3
4	താലൂക്ക് ആശുപത്രി	6
5	കമ്യൂണിറ്റി ഹെൽത്ത് സെന്റർ	19
6	പ്രൈമറി ഹെൽത്ത് സെന്റർ	75
7	മറ്റു ആശുപത്രികൾ	9
	ആകെ	**114**

Source: Health at a glance 2014-Directorate of Health Service & Official website of DHS

1.26.3 പാലക്കാട് ജില്ലാ ആശുപത്രിയിലും, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2014-ലെ ഹെൽത്ത് വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ജില്ലയിൽ നേത്രദാനത്തിനുള്ള സൌകര്യം ആകെയുള്ളത് സ്വകാര്യ കണ്ണ് ആശുപത്രിയായ അഹല്യ (വാളയാർ)-യിൽ മാത്രമാണ്. ഇവ കൂടാതെ 350-ൽ പരം പ്രൈവറ്റ് മെഡിക്കൽ സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്.മൊത്തം മെഡിക്കൽ സ്ഥാപനങ്ങളിൽ 75 ശതമാനം സ്വകാര്യ സ്ഥാപനങ്ങളാണ്. മെഡിക്കൽ സ്ഥാപനങ്ങളിൽ സ്വകാര്യ സ്ഥാപനങ്ങളുടെ വളർച്ച ഇതിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

1.26.4 ജില്ലാ മെഡിക്കൽ ഓഫീസിന്റെ കണക്കുപ്രകാരം 2016-17 വർഷത്തിൽ ഈ ജില്ലയിൽ 205 ശിശുമരണങ്ങൾ നടന്നിട്ടുണ്ട്. ഏറ്റവും അധികം ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് മണ്ണാർക്കാട് താലൂക്കിലെ അലനല്ലൂർ CHC പരിധിയിലാണ് (42എണ്ണം) കുഴൽമന്ദത്ത് 20 എണ്ണവും കൊടുവായൂരിൽ 16 എണ്ണവും കോങ്ങാട് 16 എണ്ണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയുടെ യഥാർത്ഥ കാരണങ്ങൾ മനസ്സിലാക്കുകയും മരണങ്ങൾ ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. രോഗ പ്രതിരോധ കുത്തിവെപ്പുകൾ എടുക്കുന്ന കാര്യത്തിൽ പിന്നോക്കം നിൽക്കുന്ന മേഖലകളിൽ കൂടുതൽ ശ്രദ്ധകൊടുക്കേണ്ടതുമാണ് ശിശുമരണങ്ങൾക്കുപ്പുറമെ പോഷകാഹാരക്കുറവും, മറ്റു കാരണങ്ങൾ മൂലമുള്ള രോഗാതുരത ഈജില്ലയിൽ കണ്ടുവരുന്നുണ്ട്. നവജാത ശിശുസംരക്ഷണത്തിനുള്ള പ്രത്യേക യൂണിറ്റ് പാലക്കാട് വുമൺ ആൻഡ് ചൈൽഡ് ആശുപത്രിയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.

1.26.5 അട്ടപ്പാടിയിലെ കുട്ടികളിൽ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി സർക്കാർതലത്തിൽ വിവിധ വകുപ്പുകൾ സംയോജിച്ച് ഗുരുതരമായ തൂക്കകുറവുള്ള കുട്ടികൾക്ക് എനർജി ഡെൻസ് സ്പെഷ്യൽ ഫുഡ് (EDSF) നൽകി വരുന്നുണ്ട്. ഈ പദ്ധതി വിജയം കണ്ടതോടുകൂടി പാലക്കാട് ജില്ലയിലെ നെന്മാറ, ചിറ്റൂർ, മണ്ണാർക്കാട്, കൊല്ലങ്കോട് എന്നീ ഭാഗങ്ങളിലെ ഗുരുതരമായ തൂക്കകുറവുള്ള കുട്ടികൾക്കുകൂടി ഈ സ്പെഷ്യൽ (EDSF) നൽകി വരുന്നുണ്ട്.അട്ടപ്പാടിയിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട സർക്കാരിന്റെ വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്. എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും, സാധ്യമാവുന്ന പ്രൈമറി ഹെൽത്ത് സെന്ററുകളിലും കിടത്തി ചികിത്സാ സംവിധാനം നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്.

1.26.6 സാംക്രമിക രോഗങ്ങൾ കൂടുതലായി കണ്ടുവരുന്ന അഗളി, അമ്പലപ്പാറ, അലനല്ലൂർ, ഓങ്ങല്ലൂർ, തൃത്താല എന്നിങ്ങനെയുള്ള ആരോഗ്യ ബ്ലോക്കുകളിൽ അവ തടയുന്നതിന് ആവശ്യമായ പദ്ധതികൾ ആരംഭിയ്ക്കുന്നത് വളരെയധികം ഗുണകരമായിരിയ്ക്കും.

1.26.7 കൌമാരപ്രായക്കാരായ പെൺകുട്ടികളിൽ ഉള്ള ആരോഗ്യ ബോധവത്കരണ ത്തിന്റെ കുറവും ശരിയായ ആരോഗ്യപരിപാലനത്തിന്റെ കുറവും ചെറു പ്രായത്തിലുള്ള വിവാഹം മൂലം ഉണ്ടാകുന്ന ശാരീരികവും, മാനസികവുമായ പ്രശ്നങ്ങളും മാതൃ മരണങ്ങൾക്ക് കാരണമാവുന്നുണ്ട്. സർക്കാർആരോഗ്യ സ്ഥാപനങ്ങളിൽ കെട്ടിടം അടക്കമുള്ള ഭൗതിക സാഹചര്യങ്ങൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

1.26.8 റീജിയണൽ കാൻസർ സെന്ററിന്റെ യൂണിറ്റായ ECDC (Early Cancer Detection Centre)ഈ ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിച്ചു വരുന്നുണ്ട്.. ഈ സ്ഥാപനം ജില്ലയുടെ വിദൂര സ്ഥലങ്ങളിലെ ജനങ്ങളിൽ ക്യാൻസറിനെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലും, ക്യാൻസർ രോഗികളെ കണ്ടെത്തുന്നതിലും പ്രധാന പങ്കുവഹിക്കുന്നു. ECDC യുടെ 2014-15 ലെ കണക്കുപ്രകാരം ഈ ജില്ലയിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം ക്യാൻസർ രോഗികളെ കണ്ടെത്തിയിരിക്കുന്നു.

പട്ടിക 1.24

Cancer type	No.of Patients		Pre-cancer	
	ECDC	Camp	ECDC	Camp
Oral	14	4	`70	84
Breast	11	2	---	---
Cervix	13	5	20	63
Other malignancies	5	1	---	---
ആകെ	**43**	**12**	**90**	**147**

Source: RCC Annual report 2014-15, RCC,TVM

1.26.9 ആരോഗ്യവുമായി ബന്ധപ്പെട്ട് ശുചിത്വത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ജില്ലയിലെ ചില പ്രദേശങ്ങളിലെ അഴുക്കുചാൽ സംവിധാനങ്ങൾജനങ്ങൾക്ക് ഭീഷണിയായി മാറിയിരിക്കുന്നു. രാത്രി കാലങ്ങളിൽ ഈ അഴുക്കുചാലുകളിൽ അറവ് മാലിന്യങ്ങളും മറ്റും നിക്ഷേപിക്കുന്നത് ശീലമാക്കിയിരിക്കുന്നു. ഈ അഴുക്കുചാലുകൾക്ക് അടുത്തുള്ള ജലസംഭരണികളിൽ ഈ മാലിന്യം കലരുകയും പൊതുജന ആരോഗ്യത്തിന് ഭീഷണിയായി മാറുകയും ചെയ്യുന്നു. അതിനാൽ ശാസ്ത്രീയമായ രീതിയിലുള്ള മാലിന്യ സംസ്കരണ കേന്ദ്രം അത്യാവശ്യമാണ്. കൂടാതെ വീടുകളിൽ മാലിന്യ സംസ്കരണ സംവിധാനത്തിനുള്ള സഹായം സർക്കാർ തലത്തിൽ ചെയ്യേണ്ടതുണ്ട്. ഫ്ലാറ്റുകളിൽ താമസിക്കുന്നവർക്ക് മാലിന്യ നിർമാർജ്ജനത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. പൊതുസ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്ന മാലിന്യങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ സംസ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും, സ്ഥല പരിമിതി അനുഭവപ്പെടുന്ന സാഹചര്യത്തിൽ കമ്മ്യൂണിറ്റിതല മാലിന്യ സംസ്കരണ പദ്ധതി തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. അതുപോലെ കുടിവെള്ള ക്ലോറിനേഷൻ പ്രവർത്തിയും അത്യാവശ്യമാണ്.എങ്കിൽ മാലിന്യനിർമ്മാർജ്ജനത്തിന്ഒരുപരിധിവരെയെങ്കിലും സഹായകമാവും.

1.27 സാമ്പത്തിക വീക്ഷണം

1.27.1 ഒരു രാജ്യത്തിന്റെ അല്ലെങ്കിൽ സംസ്ഥാനത്തിന്റെ വളർച്ചാ നിരക്ക് കണക്കാക്കുവാൻ ഉപയോഗിക്കുന്ന പ്രധാന ഘടകമാണ് മൊത്ത ആഭ്യന്തര വരുമാനം (GDP). പദ്ധതി നിർവ്വഹണ സ്ഥിതി

വിവരകണക്ക് മന്ത്രാലയം ദേശീയ കണക്കുകൾ പുറത്തിറക്കുന്നുണ്ട്. 2004-05 അടിസ്ഥാന വർഷമായി കണക്കാക്കി 2014-15 വരെയും GDP കണക്കാക്കിയിട്ടുണ്ട്. ദേശീയവരുമാനം കണക്കാക്കുന്നതിലെ അടിസ്ഥാന വർഷം 2004-05 എന്നതിൽ നിന്നും 2011-12 ആയി മാറ്റിയിട്ടുണ്ട്. 2008 ൽ ദേശീയ അക്കൌണ്ട്സ് സംവിധാനം സ്വീകരിച്ചതിന്റെ ഫലമായി ചില ആശയങ്ങളിലും മാറ്റം വന്നിട്ടുണ്ട്. ഘടക സംയോജിത മൂല്യത്തിലുള്ള ജി ഡി പി ക്ക് പകരമായി മൊത്ത സംയോജിത മൂല്യം-അടിസ്ഥാന വിലയിൽ (ജി.വി.എ) ആണ് ഇപ്പോൾ കണക്കാക്കി വരുന്നത്.

1.27.2 സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പാണ് കേരള സംസ്ഥാനത്തിൻറെയും ജില്ലകൾ തിരിച്ചുള്ളതുമായ മൊത്തം സംയോജിത മൂല്യം (ജി.വി.എ) കണക്കാക്കുന്നത്. 2011-12 ആണ് അടിസ്ഥാന വർഷമായി ഇപ്പോൾ ഉപയോഗിക്കുന്നത്. 2014-15 (Quick) വരെയുള്ള ജി.വി.എ-യാണ് പുറത്തിറക്കിയിരിക്കുന്നത്.

ജി.ഡി.പി =ജി.വി.എ. അടിസ്ഥാന വിലയിൽ+ഉത്പന്ന നികുതി- ഉത്പന്ന സബ്സിഡികൾ

ജി.വി.എ അടിസ്ഥാന വിലയിൽ=ഘടക വിലയിൽ ജി.വി.എ + ഉത്പാദന നികുതി – ഉത്പാദന സബ്സിഡികൾ

1.27.3 സംസ്ഥാന വരുമാനത്തിൽ പാലക്കാട് ജില്ലയുടെ സംഭാവന 2014-15-ൽ അറ്റ സംയോജിത മൂല്യം നടപ്പ് വിലയിൽ 6.31 ശതമാനമാണ് എന്ന് കാണാൻ കഴിയും. സാമ്പത്തിക മേഖലകളെ പ്രാഥമിക മേഖല, ദ്വിദ്വീയ മേഖല, തൃതീയ മേഖല എന്ന് തരം തിരിക്കുമ്പോൾ പാലക്കാട് ജില്ലയിൽ പ്രാഥമിക മേഖലയിലാണ് സംസ്ഥാന വരുമാനത്തിലേയ്ക്ക് കൂടുതൽ സംഭാവന (8.31%) നല്കപ്പെടുന്നത്. പ്രാഥമിക മേഖലയിൽ 2011-12 ൽ 3,68,553 രൂപയുടെ ഉല്പാദനത്തിൽ നിന്നും 2014-15ൽ 4,17,976 രൂപയായി വർദ്ധിച്ചതായി കാണുന്നു. എന്നാൽ സംസ്ഥാന വരുമാനത്തിൽ പാലക്കാട് ജില്ലയുടെ സംഭാവന നിരക്ക് 8.64% നിന്നും 8.31% ആയി കുറഞ്ഞിരിക്കുന്നതായി കാണാം. ആയതിനാൽ കാർഷിക മേഖല ശക്തപ്പെടുത്താവാനുള്ള നയരൂപീകരണമാണ് വേണ്ടത്.

1.27.4 ദ്വിദ്വീയ മേഖലയിൽ 2011-12 ൽ 547050 രൂപയുടെ ഉല്പാദനത്തിൽ നിന്നും 2014-15 ൽ 720288 രൂപയായി വർദ്ധിച്ചിട്ടുണ്ട്. അതു പോലെ തൃതീയ മേഖയിലും 2011-12 ൽ 1161807 രൂപയിൽ നിന്നും 2014-15 ൽ 1783891 രൂപയായി വർദ്ധിച്ചിട്ടുണ്ട്. തൃതീയ മേഖലയിലാണ് വൻ മുന്നേറ്റം ഉണ്ടായിട്ടുള്ളത് എന്ന് കാണാൻ കഴിയും.

1.27.5 അയൽ ജില്ലകളായ തൃശ്ശൂർ, മലപ്പുറം ജില്ലകളുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ കാർഷിക മേഖലയായ പ്രാഥമിക മേഖലയിലാണ് പാലക്കാട് അയൽ ജില്ലകളെ അപേക്ഷിച്ച് മുന്നിട്ടു നില്ക്കുന്നത്. ദ്വിതീയ മേഖലയിൽ പാലക്കാട് ജില്ലയുടെ ഉല്പാദനം തൃശ്ശൂർ, മലപ്പുറം ജില്ലകളെക്കാൾ പിന്നിട്ടു നില്ക്കുന്നു. പാലക്കാട് ജില്ല വ്യവസായ എസ്റ്റേറ്റുകളുടെ belt ആയിട്ടു കൂടിയും കെട്ടിട നിർമ്മാണ മേഖലയിലെ പിന്നോക്കാവസ്ഥ കാരണം, മലപ്പുറം ജില്ല പാലക്കാട് ജില്ലയേക്കാൾ മുന്നിൽ നിൽക്കുന്നു.

1.28 വിവിധ മേഖലകളുടെ വിശകലനം

1. **പ്രാഥമിക മേഖല:-**

1.28.1 2014-15-ലെ ഘടക വിലയിൽ, ജി.വി.എ കണക്കാക്കുമ്പോൾ പ്രാഥമിക മേഖലയിൽ വിളകളുടെ ഉല്പാദനത്തിലാണ് പാലക്കാട് ജില്ല മുന്നിട്ടു നിൽക്കുന്നത്. പ്രാഥമിക മേഖലയുടെ 42 ശതമാനമാണ് വിളകളുടെ ഉല്പാദനം. എന്നാൽ ആയത് 2011-12-ൽ 52 ശതമാനം ആയിരുന്നു. കന്നുകാലികളുടെ പരിപാലനം പ്രാഥമിക മേഖലയുടെ 38 ശതമാനമാണ്. 2011-12 ൽ ആയതു 29 ശതമാനമായിരുന്നു. വനവിഭവങ്ങളുടെ ഉല്പാദനം 10.3

ശതമാനവും മത്സ്യബന്ധനത്തിൽ നിന്നുള്ള ഉൽപ്പാദനം 4 ശതമാനവും,പാറ,ഘനനം എന്നിവയിൽ നിന്നുള്ള ഉല്പാദനം 5 ശതമാനവുമാണ്. 2011-12-ൽ വനവിഭവങ്ങളുടെ ഉല്പാദനം 9 ശതമാനവും മത്സ്യ ബന്ധനത്തിൽ നിന്നുള്ള ഉല്പാദനം 1 ശതമാനവും പാറ, ഘനനം എന്നിവയിൽനിന്നുള്ള ഉല്പാദനം 6 ശതമാനവുമായിരുന്നു.

1.28.2 ഇതിൽ നിന്നും 2014-15 വർഷം ആയപ്പോഴേയ്ക്കും വിളകളുടെ ഉല്പാദനം ഗണ്യമായി കുറഞ്ഞു എന്ന് കാണാൻ കഴിയും. മത്സ്യ ബന്ധനത്തിലാണ് വർദ്ധനവ് വന്നിട്ടുള്ളതായി കാണുന്നത്.

2.ദ്വിതീയ മേഖല

1.28.3 ദ്വിദീയ മേഖലയിൽ 2014-15-ൽ, അറ്റ ആഭ്യന്തര വരുമാനം നടപ്പു വിലയിൽ മുന്നിട്ടു നിൽക്കുന്നത് കെട്ടിട നിർമ്മാണ മേഖലയിലാണ് (55%). ആയത് 2011-12-ൽ 58 ശതമാനമായിരുന്നു. വ്യാവസായിക മേഖലയിൽ 42% ഉല്പാദനം ഉൾപ്പെടുന്നുണ്ട്. ആയത് 2011-12-ൽ 38 ശതമാനമായിരുന്നു. വൈദ്യുതി, ജലവിതരണം, ഗ്യാസ് എന്നിവയുടെ ഉല്പാദനം 3 ശതമാനമാണ്. 2011-12-ലും വൈദ്യുതി, ജലവിതരണം, ഗ്യാസ് എന്നിവയുടെ ഉല്പാദനം 3 ശതമാനമാണ്.

3.തൃതീയ മേഖല

1.28.4 തൃതീയമേഖലയിൽ സംസ്ഥാനത്തെ നടപ്പു വിലയിലെ അറ്റ ആഭ്യന്തര വരുമാനത്തിൽ പാലക്കാടിന്റെ സംഭാവന 2011-12 ലും 2014-15 ലും ഒരേ നിലയിൽ തുടരുന്നുണ്ടെങ്കിലും കച്ചവടം, ഹോട്ടൽ & റെസ്റ്റോറൻറ് സേവനങ്ങളിൽ നിന്നുള്ള വരുമാനം 2011-12 ൽ 37 ശതമാനമായിരുന്നത് 2014-15 ൽ 41 ശതമാനമായി ഉയർന്നതായി കാണുന്നും

പട്ടിക 1.25

GOVERNMENT OF KERALA						
DEPARTMENT OF ECONOMICS AND STATISTICS 2014-15						
NET DISTRICT VALUE ADDED (AT BASIC PRICE)- CURRENT PRICE						
Base year 2011-12				Percentage of Contribution of Palakkad District to the ആകെ Kerala production	Percentage of contribution to each sector	
Sl.	Industry	Palakkad	Kerala ആകെ		Palakkad	Kerala
1	Agriculture, forestry & fishing	396361	4804874	8.25	94.83	95.56
1.1	Crops	176624	1947575	9.07	42.26	38.73
1.2	Livestock	158851	1720212	9.23	38.00	34.21
1.3	Forestry & Logging	43116	503911	8.56	10.32	10.02
1.4	Fishing	17770	633176	2.81	4.25	12.59
2	Mining & Quarrying	21615	223182	9.68	5.17	4.44
	A. Sub-ആകെ of Primary	417976	5028055	8.31	100.00	
3	Manufacturing	302226	4304444	7.02	42.00	40.06
4	Electricity, Gas, Water Supply & other Utility Services	21153	379853	5.57	3.00	3.53
4.1	Electricity, gas & other utility services	18572	343730	5.40	2.58	3.20
4.2	Water Supply	2581	36123	7.15	0.35	0.34
5	Construction	396908	6061473	6.55	55.10	56.41
	B. Sub-ആകെ of Secondary	720288	10745771	6.70	100.00	100.00

6	Trade,hotels & restaurants	739080	8327561	8.88	41.43	30.76
7	Transport,Storage & Communication	230280	3579652	6.43	12.90	13.22
8	Financial Services	110338	1920767	5.74	6.18	7.10
9	Real estate,ownership of dwellings & professional services	198635	6121059	3.25	11.13	22.61
10	Public Administration	110934	1683372	6.59	6.22	6.22
11	Other Services	394624	5438046	7.26	22.12	20.09
	C. Sub-ആകെ of Tertiary	1783891	27070457	6.59	100.00	100.00
12	District Value Added at basic Prices	2922156	42844283	6.82		
13	Population (In Number)*	2882287	33999784	8.48		
14	District Per Capita Income (Rs) at Basic Price	101383	126013			

Source: Economic Review 2016

പട്ടിക 1.26

GOVERNMENT OF KERALA						
DEPARTMENT OF ECONOMICS AND STATISTICS 2011-12						
NET DISTRICT VALUE ADDED (AT BASIC PRICE)-CURRENT PRICE						
Base year 2011-12				Percentage of Contribution of Palakkad District to the ആകെ Kerala production	Percentage of contribution to each sector	
Sl.	Industry	PALAKKAD	Kerala ആകെ		Palakkad	Kerala
1	Agriculture, forestry & fishing	345594	4026831	8.58	93.77	94.38
1.1	Crops	193917	2156600	8.99	52.62	50.55
1.2	Livestock	110134	1111658	9.91	29.88	26.06
1.3	Forestry & Logging	35630	425567	8.37	9.67	9.97
1.4	Fishing	5913	333005	1.78	1.60	7.81
2	Mining & Quarrying	22959	239593	9.58	6.23	5.62
	A. Sub-ആകെ of Primary	368553	4266424	8.64	100.00	100.00
3	Manufacturing	210681	3000616	7.02	38.51	35.85
4	Electricity, Gas, Water Supply & other Utility Services	14917	311148	4.79	2.73	3.72
4.1	Electricity, gas & other utility services	12564	277574	4.53	2.30	3.32
4.2	Water Supply	2354	33575	7.01	0.43	0.40
5	Construction	321452	5058202	6.36	58.76	60.43
	B. Sub-ആകെ of Secondary	547050	8369967	6.54	100.00	100.00
6	Trade,hotels & restaurants	438473	5125615	8.55	37.74	29.47
7	Transport,Storage & Communication	152251	2490301	6.11	13.10	14.32

8	Financial Services	80897	1408254	5.74	6.96	8.10
9	Real estate,ownership of dwellings & professional services	151399	3549760	4.27	13.03	20.41
10	Public Administration	80633	1223566	6.59	6.94	7.04
11	Other Services	258154	3592748	7.19	22.22	20.66
	C. Sub-ആകെ of Tertiary	1161807	17390244	6.68	100.00	100.00
12	District Value Added at basic Prices	2077410	30026634	6.92		
13	Population (In Number)*	2821587	33501483	8.42		
14	District Per Capita Income (Rs) at Basic Price	73626	89628	82.15		

1.29 ജില്ലാതല പ്രതിശീർഷ വരുമാനം

1.29.1 2014-15 ലെ സംസ്ഥാന പ്രതിശീർഷ വരുമാനം 126013 രൂപയാണ്. ആയത് 2011-12 ൽ 89628 രൂപയായിരുന്നു. ഇത് പാലക്കാട് ജില്ലയിൽ 2014-15 ൽ 101383 രൂപയും 2011-12 ൽ 82200 രൂപയും ആയിരുന്നു. അയൽ ജില്ലകളായ തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ 2014-15-ലെ പ്രതിശീർഷ വരുമാനം യഥാക്രമം 124337 രൂപയും 93478 രൂപയുമാണ്. മലപ്പുറം ജില്ലയിൽ അറ്റ ആഭ്യന്തര ഉല്പാനം പാലക്കാട് ജില്ലയേക്കാൾ കൂടുതലാണെങ്കിലും ജനസംഖ്യയിൽ മുന്നിട്ടു നിൽക്കുന്നതിനാലാണ് മലപ്പുറം ജില്ലയുടെ പ്രതിശീർഷക വരുമാനത്തിൽ കുറവു വന്നത്

1.30 ടൂറിസം

1.29.2 പാലക്കാട് ജില്ലയുടെ വികസനത്തിന് ഊന്നൽ നൽകേണ്ട പുതിയ വളർച്ചാ മേഖലയായാണ് വിനോദ സഞ്ചാരത്തെ കാണേണ്ടത്. അതുകൊണ്ടുതന്നെ, വിനോദ സഞ്ചാര വികസനമെന്നത് ജില്ലയുടെ വികസന പ്രക്രിയയിലെ സുപ്രധാന ഘടകമാണ്. വർത്തമാനകാലത്ത് വിനോദസഞ്ചാരരംഗം വളർച്ചയുടെയും മത്സരത്തിന്റേയും പാതയിലൂടെയാണ് നീങ്ങുന്നത്. ലോകമെമ്പാടുമുള്ള വിവിധ മേഖലകളുടെ വരുമാന വളർച്ച വിലയിരുത്തുമ്പോൾ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം മറ്റു മേഖലകളെ അപേക്ഷിച്ച് കൂടുതലാണെന്ന് മനസ്സിലാക്കാനാകും. ഒഴിവുകാലം വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ചെലവഴിക്കുന്നതിന് താൽപര്യപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുവരികയാണ്. ഈ സാധ്യതയെ എത്രത്തോളം പാലക്കാട് ജില്ലയ്ക്ക് പ്രയോജനപ്രദമാക്കാൻ കഴിയുമെന്നതാണ് പ്രധാനം.

1.29.3 കേരളം പ്രത്യേകിച്ച് പാലക്കാട് ജില്ല ജൈവവൈവിധ്യവും പ്രകൃതി സൌന്ദര്യവും കൊണ്ട് അനുഗ്രഹീതമാണ്. എന്നാൽ ആ ടൂറിസം സാധ്യതകളെ ആ അർത്ഥത്തിൽ പ്രയോജനപ്പെടുത്താൻ നമുക്കാകുന്നില്ല എന്ന പരിമിതി വളർന്നുവരുന്നുണ്ട്. ജില്ലയിലെ സാധ്യതകളെ പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ നാം പുറകിൽ നിൽക്കുകയാണ്. അടിസ്ഥാന സൌകര്യങ്ങളുടെ പോരായ്മയും മൂലധന നിക്ഷേപം വേണ്ടപോലെ ഉണ്ടാകാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നമായി നിലനിൽക്കുന്നു. മികച്ച ടൂറിസം കേന്ദ്രങ്ങൾപോലും ശരിയായി പരിപാലിക്കപ്പെടുന്നില്ല എന്ന പരാതികൾ മലമ്പുഴ ഉദ്യാനം പോലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ നേരത്തെതന്നെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇത്തരം പരിമിതികളെ മറികടക്കുന്ന വിധം മാറ്റങ്ങൾ വരുത്താൻ കഴിയണം. സമഗ്രമായ പരിഷ്കരണമാണ് ഈ രംഗം ആവശ്യപ്പെടുന്നത് എന്നർത്ഥം. ജില്ലയുടെ എല്ലാ മേഖലകളിലേയും സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതോടൊപ്പം നിലവിലുള്ളതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കാനുമാവണം. ജനങ്ങളെ തന്നെ ഇതിൽ ഇടപെടുവിക്കാൻ പറ്റുന്ന ഒരു നയം ആവിഷ്കരിക്കാനാവണം.

1.29.4 പാരിസ്ഥിതിക പ്രശ്നങ്ങൾ പലതരത്തിൽ ഉയർന്നുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് പോറലേൽപ്പിക്കാതെ, എങ്ങനെ വിനോദസഞ്ചാരമേഖലയെ ശക്തിപ്പെടുത്താം എന്ന കാര്യവും നാം പരിശോധനക്ക് വിധേയമാക്കണം. നമ്മുടെ പ്രകൃതിസൌന്ദര്യത്തെ ആകമാനം പ്രയോജനപ്പെടുത്തുന്ന വിധം ആ നയം മാറേണ്ടതുണ്ട്. നമ്മുടെ സാംസ്കാരിക പാരമ്പര്യത്തെയും ജൈവവൈവിധ്യങ്ങളിൽ ഊന്നിയ പ്രകൃതി സൌന്ദര്യത്തെയും പ്രയോജനപ്പെടുത്തികൊണ്ട് വിനോദസഞ്ചാര മേഖലയെ ശക്തിപ്പെടുത്താനാണ് കഴിയേണ്ടത്. നമ്മുടെ സംസ്കാരത്തിൽ അലിഞ്ഞുചേർന്നിട്ടുള്ള ആതിഥേയ മനസ്സിന് കൂടുതൽ പ്രചോദിപ്പിച്ചുകൊണ്ടിള്ള ഒരു നയം ആവിഷ്കരിക്കാനാവണം. തൊഴിൽ തുറന്നുതരുന്ന മേഖല എന്ന നിലയിലും ഇതിന്റെ പ്രാധാന്യം ഏറെ വലുതാണെന്ന് കാണണം. ഈ രംഗത്തെ വികസനത്തിന് മൂലധനത്തിന്റെ ആവശ്യകതയും ഉണ്ട്. പ്രവാസികളുടേയും സംരംഭ തത്പരരുടേയും സഹായത്തോടെ വിനോദസഞ്ചാര മേഖലയിൽ മുന്നേറ്റം കൊണ്ടുവരാനാകും.

1.29.5 ടൂറിസം നയം ആവിഷ്കരിക്കമ്പോൾ ഇവിടെ എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ പ്രത്യേകത എന്തെന്ന് മനസ്സിലാക്കുകയും അതിനെ ഉൾകൊണ്ടുകൊണ്ടും നമ്മുടെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടും ഉള്ള ഒരു കാഴ്ച്ചപ്പാട് ആവിഷ്കരിക്കാൻ കഴിയണം. കേരളത്തിൽ രണ്ടു മൂന്നു തരത്തിലുള്ള വിനോദസഞ്ചാരികളും പൊതുവേ എത്തിച്ചേരുന്നുണ്ട്.

1. മറ്റു രാജ്യങ്ങളിൽ നിന്നുള്ള വിനോദസഞ്ചാരികൾ
2. സംസ്ഥാനത്തിനു പുറത്തുള്ള വിനോദസഞ്ചാരികൾ
3. സംസ്ഥാനത്തിനകത്തുതന്നെ സഞ്ചാരം നടത്തുന്നവർ

1.29.6 ഈ മൂന്ന് വിഭാഗങ്ങളുടേയും താത്പ്പര്യങ്ങളും സവിശേഷതകളും എന്തെന്ന് മനസ്സിലാക്കി-ക്കൊണ്ട് നയം ആവിഷ്കരിക്കാനാവണം. മറ്റു രാജ്യങ്ങളിലെ വിനോദ സഞ്ചാരികളുടെ പ്രത്യേക-തകൾ അനുസരിച്ച് സൌകര്യങ്ങൾ ഒരുക്കാനാകണം.

1.31 ജില്ലയുടെ സാധ്യത

1.31.1 പ്രകൃതിസൌന്ദര്യവും കാലാവസ്ഥയും ജൈവവൈവിധ്യവുമാണ് ജില്ലയുടെ പ്രത്യേകത. പറമ്പിക്കുളം ടൈഗർ റിസർവ്വും, സൈലന്റ് വാലി നാഷണൽപാർക്കും, മലമ്പുഴ ഉദ്യാനവും നെല്ലിയാമ്പതിയും, ശിരുവാണി അണക്കെട്ടും, ധോണി വെള്ളച്ചാട്ടവും, നാട്ടിൻപുറങ്ങളുടെ ജീവവായുവായ വയലേലകളും, കുന്നിൻ ചരിവുകളും, നീർത്തടങ്ങളും, നിത്യഹരിത വനങ്ങളും ഇക്കോ ടൂറിസത്തിനും, സാഹസിക ടൂറിസത്തിനും വഴിയൊരുക്കുന്നു.

1.31.2 പശ്ചിമഘട്ട വനമേഖലയിൽ ഉൾപ്പെടുന്ന പ്രകൃതിരമണീയമായ കേന്ദ്രങ്ങൾ ഇക്കോ ടൂറിസത്തിന്റെ അനന്ത സാദ്ധ്യതകൾ ഉൾക്കൊള്ളുന്നവയാണ്. വനം വകുപ്പ്, ടൂറിസം വകുപ്പ് എന്നിവരുടെ കൂടി സഹകരണത്തോടെ ഈ മേഖലയുടെ സംരക്ഷണം, വികസനം, വനാശ്രയ സമൂഹത്തിന്റെ അഭിവൃദ്ധി എന്നിവ ലക്ഷ്യമാക്കിയുള്ള ടൂറിസം ശാക്തീകരണം ആണ് നടപ്പിലാക്കേണ്ടത്.

1.31.3 കേരളത്തിലെ മറ്റു പ്രദേശങ്ങളിലേതുപോലെ വലിയ വിനോദസഞ്ചാര കേന്ദ്രങ്ങൾ പാലക്കാട് ജില്ലയിൽ ഇല്ലെങ്കിലും ഏതു പ്രദേശമെടുത്താലും പൈതൃക സംരക്ഷണ പട്ടികയിൽ പെടുത്താവുന്ന കലാരൂപങ്ങൾ നമുക്കുണ്ട്. കലയും സാംസ്കാരവും പാരമ്പര്യ തൊഴിലുകളും എല്ലാമായി ബന്ധപ്പെടുത്തി വികസിപ്പിക്കാൻ ജില്ലയുടെ പൈതൃക ടൂറിസം പദ്ധതികൾക്ക് കഴിയണം. ലോകത്തിനു മുന്നിൽ അഭിമാനപൂർവ്വം കാഴ്ച്ചവയ്ക്കാവുന്ന സാംസ്കാരിക കലാ രൂപങ്ങൾ പാലക്കാട് ജില്ലയ്ക്കുണ്ട്. ഇവ കാണാൻ സഞ്ചാരികൾക്ക് താൽപര്യമുണ്ട്. അതിനായി സഞ്ചാരികൾ എത്തുന്നുമുണ്ട്.

1.31.4 നമ്മുടെ ടൂറിസം കേന്ദ്രങ്ങൾ പരിസ്ഥിതിലോല പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവയ്ക്ക് താങ്ങാവുന്നതിലുമപ്പുറം നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്താ- നാകണം. കയ്യേറ്റങ്ങളും, അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങളും ടൂറിസം കേന്ദ്രങ്ങളുടെ

സ്വാഭാവികപരിസ്ഥിതിയും, ഭംഗിയും നശിപ്പിക്കുന്നു. വൻകിട റിസോർട്ടുകൾ മാത്രമല്ല ടൂറിസത്തിന് വേണ്ടത്. ഗതാഗത മാർഗ്ഗങ്ങളുടെ അപര്യാപ്തതയും, വൃത്തിയുള്ള ഭക്ഷണശാലകളുടെ അപര്യാപ്തതയും നെല്ലിയാമ്പതി പോലുള്ള കേന്ദ്രങ്ങളുടെ ടൂറിസം വളർച്ചയിൽ പാലക്കാട് ജില്ല നേരിടുന്ന പ്രധാന വെല്ലുവിളിയാണ്. നഗര ഹൃദയത്തിൽ നിന്നും പറമ്പിക്കുളം നെല്ലിയാമ്പതി, ശിരുവാണി, ധോണി, സൈലന്റ് വാലി തുടങ്ങിയ കേന്ദ്രങ്ങളിലേക്ക് (വെവ്വേറെയായോ, ഒരു പാക്കേജ് മാതൃകയിലോ ഭക്ഷണ-താമസ സൗകര്യം ഉൾപ്പെടെ) യാത്രാ സൗകര്യം ഏർപ്പെടുത്തിയാൽ സംസ്ഥാനത്തിനകത്തുനിന്നും, ഇതര സംസ്ഥാനങ്ങളിൽ നിന്ന് പോലും ടൂറിസ്റ്റുകളെ ആകർഷിക്കാം. വനം വകുപ്പിന്റെ മേൽനോട്ടത്തിൽ ചാലക്കുടിയിൽ നിന്നും അതിരപ്പിള്ളി, വാഴച്ചാൽ വനമേഖലകളിലേക്ക് ഇത്തരത്തിൽ ഏകദിന പാക്കേജ് വിജയകരമായി നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളിൽ വനസംരക്ഷണ സമിതിയുടെ (VSS) പങ്കാളിത്തം ഏർപ്പെടുത്തിയാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒട്ടനവധി പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കാം.

1.32 ഉത്തരവാദിത്ത ടൂറിസം

1.32.1 ഉത്തരവാദിത്ത ടൂറിസം (Responsible Tourism) എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസ്റ്റു കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തിക്കൊണ്ടുതന്നെ, സഞ്ചാരികൾക്ക് എത്തുവാനും, താമസിക്കാനും, ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശ വാസികൾക്ക് ലഭ്യമാക്കുക, പ്രദേശത്തിന്റെ കലാ, സാംസ്കാരിക പൈതൃകം സംരക്ഷിക്കുക, പ്രാദേശിക സമൂഹത്തിന്റെ ജീവിത രീതികൾക്ക് മേൽ ആഘാതമേൽപ്പിക്കാതെ ടൂറിസം വ്യവസായം മുന്നോട്ടു കൊണ്ടുപോകുക, പരിസ്ഥിതി ആഘാതം പരമാവധി ലഘൂകരിക്കുക, എന്നിവയാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.ഉത്തരവാദിത്ത ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് വഹിക്കാനാവും. തദ്ദേശീയർക്കും, ടൂറിസം സംരംഭകർക്കും ഇടയിലുള്ള പ്രധാന കണ്ണിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കണം. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളെ സർക്കാരിന്റെ നിലവിലുള്ള ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കാവുന്നതാണ്. ടൂറിസം പ്രവർത്തനങ്ങളുടെ ഗുണം തദ്ദേശീയരായ പാവപ്പെട്ടവർക്ക് ലഭ്യമാക്കാവുന്നതാണ്. ഇക്കാര്യത്തിൽ നേതൃത്വപരമായ പങ്കും, ദിശാബോധവും നല്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്ക് ഉണ്ട്.

1.32.2 ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഒരു മേഖല മാറുമ്പോൾ അവിടുത്തെ പ്രാഥമിക സൗകര്യങ്ങളുടെ വികാസവും, പൊതു വികാസവും സംഭവിക്കുന്നു. ഇതിനായി ടൂറിസം സംരംഭകരും, പ്രാദേശിക ജനതയും ഒത്തു ചേരുന്ന വേദികൾ രൂപപ്പെടണം. ഒരു ടൂറിസം പദ്ധതിയുടെ വികസനം പുറത്ത് നിന്ന് കാണാൻ എത്തുന്നവർക്ക് വേണ്ടി മാത്രമല്ല പ്രദേശത്തിന്റെ പൊതു ആവശ്യമാണെന്ന ബോധം പ്രദേശ വാസികളിൽ സൃഷ്ടിക്കാൻ കഴിയണം. ആ പ്രദേശത്തെ സാധാരണ കർഷകർ, കരകൗശലത്തൊഴിലാളികൾ, കുടുംബശ്രീ പ്രവർത്തകർ, കലാ പ്രവർത്തകർ എന്നിവർക്ക് ആ നാട്ടിലെ ടൂറിസം കേന്ദ്രത്തിൽ നിന്ന് ഒരു ചെറിയ തോതിലെങ്കിലും നിശ്ചിത വരുമാനമോ, അധിക വരുമാനമോ ലഭിക്കുന്ന നില വരണം. സ്ത്രീകൾ, ഭിന്ന ശേഷിക്കാർ, ട്രാൻസ്ജൻഡർ തുടങ്ങിയവരെ മുഖ്യധാരയിൽ എത്തിക്കാനും ഉത്തരവാദിത്ത ടൂറിസത്തിലൂടെ കഴിയും.

1.32.3 ഉത്തരവാദിത്ത ടൂറിസത്തിന്റെ വിവിധ ഘടകങ്ങളുടെ ഏകോപനം ഫലപ്രദമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൈ സാധ്യമാക്കും. ടൂറിസം വികസനത്തിനാവശ്യമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ ഭാഗമായി ആവിഷ്കരിക്കണം. ടൂറിസം കേന്ദ്രങ്ങൾ പ്രത്യേക ശുചിത്വ പ്ലാൻ തയ്യാറാക്കണം. ഉറവിട മാലിന്യ സംസ്കരണം നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തണം. പ്ലാസ്റ്റിക്കും, ജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മുൻകൂട്ടി തയ്യാറാക്കി

നടപ്പിലാക്കുന്നവർക്ക് മാത്രമേ അംഗീകാരം നല്കാവൂ. ഇത് ലംഘിയ്ക്കുന്നവരുടെ ബന്ധപ്പെട്ട ലൈസൻസ് റദ്ദാക്കണം. ടൂറിസ്റ്റ് കേന്ദ്രങ്ങൾക്ക് ഹരിത ചട്ടം (Green protocol) നിർബന്ധമാക്കണം. പ്ലാസ്റ്റിക് ഉപയോഗം പരമാവധി കുറയ്ക്കണം. ഇതിനായി ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കണം. അടിസ്ഥാന ഇന്റർനെറ്റ് സൗകര്യം ടൂറിസം കേന്ദ്രങ്ങളിൽ ഉറപ്പാക്കണം.ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിയ്ക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണം, ടൂറിസം കേന്ദ്രങ്ങളുടെ പൊതു പെരുമാറ്റ മര്യാദകൾ എന്നിവ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും, പൊതു ജനങ്ങൾക്കും അനുയോജ്യമായ മാർഗ്ഗത്തിലൂടെ ബോധവൽക്കരണം നല്കണം.

1.32.4 പാലക്കാട് ജില്ലയെ ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നതിന് അനുബന്ധ പ്രവർത്തനങ്ങൾ കൂടി നടപ്പിലാക്കണം. ഖരമാലിന്യങ്ങൾ എവിടെയും കൂമ്പാരമായി കിടക്കാൻ അനുവദിയ്ക്കരുത്. പ്ലാസ്റ്റിക് ബാഗുകൾ, പ്ലാസ്റ്റിക് കുപ്പികൾ അനുവദിയ്ക്കരുത്. പകരം സംവിധാനം ഒരുക്കണം. അങ്ങിനെ പരിസ്ഥിതി സൗഹൃദ ടൂറിസം വികസിപ്പിയ്ക്കണം.

1.32.5 ജില്ലയിലെ പ്രധാന പൂരങ്ങളുടെയും, ഉത്സവങ്ങളുടെയും മറ്റു ആഘോഷങ്ങളുടെയും വാർഷിക കലണ്ടർ മുൻകൂട്ടി തയ്യാറാക്കി വെബ്സൈറ്റ് മുഖേനയും, അല്ലാതെയും പ്രസിദ്ധീകരിയ്ക്കണം. ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിയ്ക്കുകയോ, അല്ലെങ്കിൽ ഇവരെക്കുറിച്ച് ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി ആവശ്യാനുസരണം ഇവരുടെ ഉൽപ്പന്നങ്ങൾ വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിയ്ക്കാവുന്നതാണ്. ജില്ലയിൽ മാത്രം കാണാറുള്ള തോൽപ്പാവക്കൂത്ത് തുടങ്ങിയ പ്രാദേശിക കലാരൂപങ്ങൾ അവതരിപ്പിയ്ക്കുന്നവരുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും, ടൂറിസ്റ്റുകൾക്ക് ഇവരുടെ കലാരൂപങ്ങൾ ആസ്വദിയ്ക്കാൻ അവസരം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

1.32.6 ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ പൊതുവായ അടിസ്ഥാന സൗകര്യ വികസനം അതാത് പ്രദേശത്തെ പ്രാദേശിക സർക്കാരിന്റെ കൂടി സഹായത്തിൽ നടപ്പിലാക്കാം. നല്ല റോഡ്, സുലഭമായ കുടിവെള്ളം, വൃത്തിയുള്ള ഭക്ഷണം,വൃത്തിയുള്ള ടോയ്‌ലെറ്റുകൾ, മാലിന്യ സംസ്കരണ സൗകര്യങ്ങൾ, കേബിൾ സൗകര്യം, ഇന്റർനെറ്റ് സൗകര്യം, വൈദ്യുതി, പാർക്കിങ് സൗകര്യം, ഇൻഫോർമേഷൻ സെന്ററുകൾ, പോലീസിന്റെ സേവനം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടത്. ഇപ്രകാരം നടപ്പിലാക്കുന്ന പദ്ധതികൾ ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജൻഡർ എന്നിവർക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ ആയിരിയ്ക്കണം.

1.33 കൽപ്പാത്തിയിലെ വാദ്യോപകരണ മ്യൂസിയം

1.33.1 രണ്ടായിരത്തോളം വിവിധ വാദ്യോപകരണങ്ങൾ പ്രദർശിപ്പിച്ചിരിയ്ക്കുന്ന കല്പാത്തിയിലെ പാലക്കാട് മണി അയ്യർ മെമ്മോറിയൽ ഓഡിറ്റോറിയത്തിലെ വാദ്യോപകരണ മ്യൂസിയം കേരള ഫോക് ലോർ അക്കാദമിയുടെ കീഴിലാണ് പ്രവർത്തിയ്ക്കുന്നത്. പ്രസ്തുത മ്യൂസിയം സംബന്ധിച്ച് ജില്ലയിലെ ജനങ്ങൾക്കും, പാലക്കാട് സന്ദർശിയ്ക്കുന്ന വിനോദ സഞ്ചാരികൾക്കും പരിചയപ്പെടുത്തുന്നതിനും, അതുവഴി ടൂറിസ്റ്റുകളെ ആകർഷിയ്ക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്.

1.34 സാംസ്കാരികം

1.34.1 ഒരു സമൂഹത്തിന്റെ സ്വഭാവ രീതികൾ, ജീവിത രീതികൾ, കലാചാതുര്യം, വസ്തു ധാരണം, ഭാഷ, ആചാരങ്ങൾ, വിനോദങ്ങൾ, വിശ്വാസരീതികൾ തുടങ്ങിയ എല്ലാത്തിന്റെയും ആകെ തുകയെ ആ പ്രത്യേക സമൂഹത്തിന്റെ സംസ്കാരം എന്നു പറയുന്നു. ദേശഭേദത്തിൽ ഓരോ പ്രദേശത്തേയും ജനങ്ങളുടെ സംസ്കാരം വേറിട്ടിരിക്കുന്നു. സംസ്കാരം മനുഷ്യരുടെ വലിയ പ്രത്യേകതയാണ്.

1.34.2 പാലക്കാട് ജില്ല സാംസ്കാരിക രംഗത്ത് അതിന്റെ തനിമ എന്നും പുലർത്തിപ്പോന്നിരുന്നതാണ്. നാടോടി സംസ്കാര രൂപങ്ങളുടെയും ക്ലാസിക്കൽ സാംസ്കാരിക രൂപങ്ങളുടെയും വൈവിധ്യം ജില്ലയുടെ സവിശേഷതയാണ്. ജില്ലയുടെ കിഴക്കൻ മേഖലയിൽ തമിഴ് സംസ്കാരവും, അട്ടപ്പാടി മേഖലയിൽ

ആദിവാസി സംസ്കാരവും, വള്ളുവനാട് മേഖലയിൽ മലയാള സംസ്കാരവും സ്വാധീനം ചെലുത്തുന്നതായി കാണാം. ഭാരതപ്പുഴയുടെ തീരങ്ങൾ സംസ്കാരങ്ങളുടെ ഉറവിടമാണ്. കർണ്ണാടക സംഗീതത്തിനും, കണ്യാർ കളിയ്ക്കും, ആദിവാസി സംസ്കാരത്തിനും പാലക്കാട് ജില്ലയിൽ സ്വന്തമായ അസ്തിത്വം ഉണ്ട്.

1.34.3 വിവിധ കലാ രൂപങ്ങളിൽ പ്രശസ്തരായ നിരവധി പ്രഗത്ഭർ ഉള്ള നാടാണ് പാലക്കാട്. സോപാന സംഗീതജ്ഞൻ ഞെരളത്ത് രാമപ്പൊതുവാൾ, തായമ്പകയിലെ അതികായന്മാരായ തൃത്താല കേശവ പൊതുവാൾ, ചിതലി രാമമാരാർ, ഇടയ്ക്ക വിദ്വാൻ പല്ലാവൂർ അപ്പ മാരാർ, കർണ്ണാടക സംഗീത രംഗത്തെ പ്രഗത്ഭനായ ചെമ്പൈ വൈദ്യനാഥ ഭാഗവതർ, മൃദംഗ വിദ്വാൻ പാലക്കാട് മണി അയ്യർ, വയലിൻ വിദ്വാൻ ശ്രീ. സി.ആർ. മണി അയ്യർ മുതലായ സംഗീത രംഗത്തെ പ്രഗത്ഭർ ജനിച്ചത് പാലക്കാട് ആണ്.

1.34.4 സാഹിത്യ രംഗത്ത് പാലക്കാടിന്റെ സംഭാവന വളരെ വിപുലമാണ്. ഓട്ടൻതുള്ളൽ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാർ ജനിച്ചത് പാലക്കാട് ലക്കിടിയ്ക്കടുത്തുള്ള കിള്ളിക്കുറിശ്ശി മംഗലത്താണ്. തുഞ്ചത്തെഴുത്തച്ഛൻ തന്റെ ജീവിത സായാഹ്നം ചെലവഴിച്ചത് പാലക്കാട് ചിറ്റൂരിലാണ്. സംസ്കൃത പണ്ഡിതനായിരുന്ന പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ, നിരൂപകരായിരുന്ന ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ, ഡോക്ടർ കെ.എൻ എഴുത്തച്ഛൻ, സി.എസ് നായർ, ശങ്കുണ്ണിനായർ, കുറുവൻതൊടി ശങ്കരനെഴുത്തച്ഛൻ, കല്ലൻമാർ തൊടി രാമുണ്ണി മേനോൻ, ചെറ്റളിയിൽ കുഞ്ഞുണ്ണി നമ്പീശൻ, ജ്ഞാനപീഠം അവാർഡ് നേടിയ എം.ടി വാസുദേവൻ നായർ, ഖുർആൻ മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത സി.എൻ അഹമ്മദ് മൗലവി, ഒ.എം.സി നാരായണൻ നമ്പൂതിരിപ്പാട്, ഒളപ്പമണ്ണ, ഒ.എം അനുജൻ, ചെറുകാട്, ഒ.വി വിജയൻ തുടങ്ങിയ സാഹിത്യ രംഗത്തെ പ്രതിഭകൾ നിരവധിയാണ്.

1.34.5 കഥകളി രംഗത്തെ പാലക്കാടിന്റെ സംഭാവന വിപുലമാണ്. ഇട്ടിരാരിച്ച മേനോൻ, പട്ടിക്കാംതൊടി രാവുണ്ണി മേനോൻ, കവളപ്പാറ നാരായണൻ നായർ, കരിയാട്ടിൽ കോപ്പൻ നായർ, കാവുങ്ങൽ ശങ്കരപ്പണിയ്ക്കർ, വാഴേങ്കട കുഞ്ചു നായർ, കലാമണ്ഡലം പത്മനാഭൻ നായർ, കലാമണ്ഡലം രാമൻകുട്ടി നായർ, വെള്ളിനേഴി നാണു നായർ, കീഴ്പടം കുമാരൻ നായർ, കോട്ടക്കൽ ശിവരാമൻ എന്നീ പ്രശസ്തരായ കഥകളി നടന്മാരും, കഥകളി സംഗീതത്തിൽ അദ്വിതീയനായിരുന്ന വെങ്കിടകൃഷ്ണ ഭാഗവതരും, കഥകളി രംഗത്തെ ചെണ്ട വിദഗ്ദ്ധനായിരുന്ന കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാളും പാലക്കാട് ജില്ലയുടെ സംഭാവനയാണ്.

1.34.6 പാവക്കൂത്ത് (തോൽപ്പാവക്കൂത്ത്) എന്ന കലാരൂപം ഇന്നും പ്രചാരത്തിലുള്ള ജില്ലയാണ് പാലക്കാട്. കേരളത്തിൽ ഏറ്റവും കൂടുതൽ അഗ്രഹാരങ്ങൾ കാണപ്പെടുന്നത് പാലക്കാട് ജില്ലയിലാണ്. തമിഴ് മലയാള സംസ്കാരങ്ങളുടെ സമന്വയമാണ് ഈ അഗ്രഹാരങ്ങൾ.

1.34.7 വിവിധ മതവിഭാഗങ്ങളുടെ ആഘോഷങ്ങളും, ഉത്സവങ്ങളും പാലക്കാട് ജില്ലയിൽ വിപുലമായി നടത്തിവരുന്നു. കൽപ്പാത്തി രഥോത്സവം, അട്ടപ്പാടി മല്ലീശ്വരൻ കോവിലിലെ ശിവരാത്രി, നെന്മാറ-വല്ലങ്ങി വേല, പട്ടാമ്പി നേർച്ച, തെരുവത്ത് പള്ളി നേർച്ച, ചിനക്കത്തൂർ, കാവശ്ശേരി, മണ്ണാർക്കാട് പൂരങ്ങൾ, ചിറ്റൂർ കൊങ്ങൻ പട മുതലായവ ഇത്തരത്തിലുള്ള ആഘോഷങ്ങളാണ്.

1.34.8 ഇത്രയും സമ്പന്നമാണ് പാലക്കാട് ജില്ലയിലെ കലാ സാംസ്കാരിക രംഗം എങ്കിലും ഈ രംഗത്തെ പരിപോഷിപ്പിയ്ക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല എന്നത് വസ്തുതയാണ്. അവയിൽ പ്രധാനപ്പെട്ട ചില വസ്തുതകളും, നിർദ്ദേശങ്ങളും തുടർന്ന് പ്രതിപാദിയ്ക്കുന്നു.

1.35 സാംസ്കാരിക നിലയം

വർഷംതോറും, അല്ലെങ്കിൽ മാസം തോറും തുടർച്ചയായി പല സാഹിത്യ- സാംസ്കാരിക പരിപാടികളും പാലക്കാട് ജില്ലയിൽ നടന്നുവരുന്നുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സാംസ്കാരിക പരിപാടികൾ നടക്കുന്ന ജില്ല പാലക്കാട് ആണ്. എന്നാൽ ഈ പരിപാടികൾ നടത്തുന്നതിന് ഒരു പൊതു വേദി പാലക്കാട് ജില്ലയിൽ ഇല്ല. രാപ്പാടി ഓപ്പൺ എയർ ഓഡിറ്റോറിയം

മാത്രമാണ് നിലവിലുള്ളത്. ഇതിൽ നിന്നും വ്യത്യസ്ഥമായി ഒന്നിലധികം സ്റ്റേജ് സംവിധാനവും, താമസ സൗകര്യവും, ലൈബ്രറി ഉൾപ്പെടെ മറ്റു അനുബന്ധ സൗകര്യവും ഉള്ള ഒരു സാംസ്കാരിക നിലയം പാലക്കാട് ജില്ലയിൽ ഉണ്ടായാൽ ചെറിയ പരിപാടികൾ ഉൾപ്പെടെയുള്ള സാംസ്കാരിക പരിപാടികൾ നടത്തുന്നതിന് പ്രോത്സാഹനം ആയിരിയ്ക്കും.

1.36 കലാഗ്രാമം

1.36.1 കലാ ഗ്രാമം എന്ന ആശയം ആദ്യം ഉടലെടുത്തതും പാലക്കാട് ജില്ലയിലാണ്. 2012-ൽ പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമത്തെ കലാ ഗ്രാമമായി പ്രഖ്യാപിച്ചു. വിദേശ രാജ്യങ്ങളിൽ പോലും കേരളത്തിന്റെ മുഖമുദ്രയായി അറിയപ്പെടുന്ന കഥകളി രംഗത്തെയും, കൂടാതെ മറ്റു വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതുമായ നിരവധി കലാകാരന്മാർക്ക് ജന്മം കൊടുത്ത സ്ഥലമാണ് വെള്ളിനേഴി.

1.36.2 കേരളത്തിൽ കഥകളി പഠിപ്പിയ്ക്കുന്ന ഒരേയൊരു സർക്കാർ ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത് വെള്ളിനേഴിയിലാണ്. എന്നാൽ കഥകളി കൊണ്ട് പ്രശസ്തമായ വെള്ളിനേഴി എന്ന ഈ കലാഗ്രാമത്തിലെ ഈ ഹൈസ്കൂളിൽ ഇന്ന് കഥകളി പഠിപ്പിയ്ക്കുന്നതിന് മുടക്കം നേരിടുന്നു എന്നത് വിരോധാഭാസം ആണ്. ഈ ഹൈസ്കൂളിൽ കഥകളി പഠിപ്പിയ്ക്കുന്നതിനായി ഉണ്ടായിരുന്ന 5 പോസ്റ്റുകൾ റദ്ദ് ആക്കിയിരിയ്ക്കുകയാണ്. ഈ സാഹചര്യത്തിൽ ഈ സ്കൂളിലെ കഥകളി പഠനം പുനരാരംഭിയ്ക്കുന്നതിന് കലാകാരന്മാരെ അധ്യാപകരായി നിയമിയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സാധ്യമെങ്കിൽ ജില്ലാതലത്തിൽ സ്വീകരിയ്ക്കേണ്ടതാണ്.

1.37 ഭാരതപ്പുഴ

1.37.1 പ്രകൃതിയിലെ ആവാസ വ്യവസ്ഥയുടെ നിലനിൽപ്പിനും ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനും ജൈവവൈവിധ്യത്തിന്റെ സംരക്ഷണം ആവശ്യമാണ്. പാലക്കാട് ജില്ലയിലെ ജൈവവൈവിധ്യവും സാംസ്കാരിക വൈവിധ്യവും നിലനിർത്തുന്നതിൽ ഭാരതപ്പുഴയ്ക്കും, ഭാരതപ്പുഴയുമായി ബന്ധപ്പെട്ട ആവാസ വ്യവസ്ഥയ്ക്കും ഉള്ള പങ്ക് വളരെ വലുതാണ്. നീളത്തിൽ കേരളത്തിലെ രണ്ടാമത്തെ നദിയായ ഭാരതപ്പുഴയ്ക്ക് 209 കിലോമീറ്റർ നീളം ഉണ്ട്. വെറുമൊരു നദി എന്നതിനേക്കാൾ കേരളത്തിന്റെ സാംസ്കാരിക ചിഹ്നങ്ങളിൽ ഒന്ന് കൂടിയാണ് ഭാരതപ്പുഴ. ഭാരതപ്പുഴയുടെ പ്രധാന ശാഖ ഉത്ഭവിയ്ക്കുന്നത് പശ്ചിമഘട്ടത്തിലെ ആനമലയിൽ നിന്നാണ്. ഏകദേശം 6186.59 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള നദീതടം ഭാരതപ്പുഴയ്ക്കുണ്ട്. പാലക്കാട് ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളിലെയും തൃശ്ശൂർ, മലപ്പുറം ജില്ലകളിലെയുംനെല്ല്, നാളികേരം എന്നീ വിളകൾ കൃഷിചെയ്യുന്നത് ഭാരതപ്പുഴയിലെ വെള്ളത്തെ ആശ്രയിച്ചാണ്. ഒരു കാലത്ത് ജല സമൃദ്ധമായിരുന്ന ഭാരതപ്പുഴ ഇന്ന് വർഷത്തിൽ ഭൂരിഭാഗം സംയത്തും വറ്റി വരണ്ട് ഒരു ജലവാഹിനി (water carrier) മാത്രമായി മാറിയിരിക്കുന്നു. ഭാരതപ്പുഴയുടെ ഈ അവസ്ഥയെക്കുറിച്ച് നിരവധി ചർച്ചകൾ നടക്കാറുണ്ടെങ്കിലും ആധികാരികമായി പഠനങ്ങളൊന്നും അത്രയധികം നടന്നിട്ടില്ല. പഠനങ്ങളിൽ ശ്രദ്ധേയമായ ഒന്ന് ലക്ഷ്മി ശ്രീധർ, Madras School of Economics, Gandhi Mandapam Road Chennai, സറീന ബീഗം ഇർഫാൻ, Associate Professor, Madras School of Economics, Gandhi Mandapam Road, Chennai എന്നിവർ നടത്തിയതാണ്. പ്രസ്തുത പഠനങ്ങൾ പ്രകാരം ഭാരതപ്പുഴയുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണമായ വസ്തുതകൾ തുടർന്ന് പ്രതിപാദിയ്ക്കുന്നു.

1.37.2 ജനസംഖ്യാ വർദ്ധനവ്, നഗരവല്ക്കരണം, വ്യവസായ വല്ക്കരണം എന്നിവ വെള്ളത്തിന്റെ ആവശ്യകത സ്വാഭാവികമായും വർധിപ്പിച്ചു. മുകളിൽ പരാമർശിച്ച പഠന റിപ്പോർട്ട് പ്രകാരം നദിയുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണമായ വസ്തുതകൾ ചുവടെ ചേർക്കുന്നു. ഭാരതപ്പുഴയുടെ വിവിധ കൈവഴികളിലായി എട്ടോളം ഡാമുകളാണ് നിലവിലുള്ളത്. പുഴകൾക്ക് കുറുകെയുള്ള ഈ ഡാമുകൾ സ്വഭാവികമായും നദിയിലെ നീരൊഴുക്കിനെയും, നദിയിലെ എക്കൽ നിക്ഷേപത്തെയും, നദിയിലെ ആവാസ വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുന്നു.

1.37.3 ഭാരതപ്പുഴയുടെ തടത്തിലെ (നദീതടത്തിലെ) 26 % പ്രദേശം വനവും, 52 % കൃഷി സ്ഥലങ്ങളും. 8% തരിശും, 5% ധാന്യങ്ങൾ വിളയിക്കുന്നതിന് അനുയോജ്യമല്ലാത്ത പ്രദേശവും ആണെന്ന് പ്രസ്തുത പഠനത്തിൽ പറയുന്നു. കൃഷി ചെയ്യുന്ന പ്രദേശത്ത് ഭൂരിഭാഗവും നെല്ല് ആണ് കൃഷി ചെയ്യുന്നത്. തൂതപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ എന്നീ നദികളാണ് ഭാരതപ്പുഴയുടെ പോഷകനദികൾ. ഈ ഡാമുകൾ വന്നതിനുശേഷം ഡാമിനു താഴെ നീരൊഴുക്ക് നിലക്കുകയും, ആയതിന്റെ ഫലമായി പരിസരപ്രദേശങ്ങളിൽ പലതും വരൾച്ചാ ഭീഷണി നേരിടുകയും ചേയ്യുന്നു. പുഴയുടെ പ്രദേശങ്ങളിൽ നീരൊഴുക്ക് കുറഞ്ഞതിന്റെ ഫലമായി അഴിമുഖം വഴി ഉപ്പു കലർന്ന വെള്ളം നദിയിൽ പ്രവേശിക്കുകയും, വെള്ളത്തിന്റെ നിലവാരം കുറയുകയും ചെയ്യുന്നു.

വനനശീകരണം : ഭാരതപ്പുഴ ഉത്ഭവിക്കുന്ന പ്രദേശത്തേയും, catchment area-യിലെയും വനനശീകരണവും State induced ഫോറസ്റ്റ് പ്ലാന്റേഷനുവേണ്ടി വൃക്ഷങ്ങൾ വെട്ടുന്നതും, പുഴയുടെ സ്വാഭാവിക നീരൊഴുക്കിനെയും, ആവാസ വ്യവസ്ഥയേയും പ്രതികൂലമായി ബാധിക്കുന്നു.

കാലാവസ്ഥ വ്യതിയാനം : ഭാരതപ്പുഴയിലെയും, സമീപപ്രദേശങ്ങളിലെയും താപനിലയിൽ വർദ്ധനവ് ഉണ്ടാകുന്നതായി പഠനത്തിൽ റിപ്പോർട്ട് ചെയ്യുന്നു. സാധാരണ ഈ പ്രദേശത്ത് തണുത്ത കാലാവസ്ഥ ഉണ്ടായിരുന്ന സമയത്തുപോലും ഇന്ന് താപനില വളരെ ഇയർന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

അനിയന്ത്രിതമായ മണലെടുപ്പ് : കേരളത്തിൽ നിർമ്മാണ മേഖലയിലേക്ക് ആവശ്യമായ മണലെടുപ്പ് നടത്തുന്ന ഏറ്റവും പ്രധാന സ്ഥലമാണ് ഭാരതപ്പുഴ. സിസ്റ്റമാറ്റിക്ക് അല്ലാത്ത മണലെടുപ്പ് നദിയുടെ നാശത്തിനാ കാരണമായതായി University Grants Commission (UGC) യുടെ സ്പോൺസർഷിപ്പോടുകൂടി നടത്തിയ പഠനത്തിൽ വെളിവാകുന്നതായി പറയുന്നു. ഇപ്രകാരമുള്ള മണലെടുപ്പ് പുഴയിലെ വാലറ്റത്ത് ഇവിടുത്തെ river bed ന്റെ നിരപ്പ് സമുദ്ര നിരപ്പിനേക്കാളും താഴ്ന്ന നിലയിലാണ്. ഖനനം മൂലം നദിയിലെ വെള്ളത്തെ പിടിച്ച് വയ്ക്കാനുള്ള കഴിവ് പുഴയ്ക്ക് നഷ്ടപ്പെടുന്നതായി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നു. ഈ കഴിവ് നഷ്ടപ്പെടുന്നതുമൂലം നദിയിലെ മാത്രമല്ല സമീപ പ്രദേശങ്ങളിലും ഭൂഗർഭജലത്തിന്റെ അളവ് ക്രമേണ കുറയുന്നു.

1.38 പരിഹാരമാർഗ്ഗങ്ങൾ

1.38.1 a) ഭാരതപ്പുഴയ്ക്ക് ഉണ്ടായിട്ടുള്ള മാറ്റം സംബന്ധിച്ച് പൊതുജനങ്ങൾക്കടയിൽ ബോധവൽക്കരണം നടത്തുകയാണ് ഏറ്റവും പ്രധാനമായ മാർഗ്ഗം. പുഴയുടെ നാശത്തിനു കാരണമായ വസ്തുതകൾ എന്തെല്ലാമാണെന്നത് സംബന്ധിച്ച് ജനങ്ങളെ ബോധവാൻമാരാക്കണം. അനധികൃതമായി ഖനനം ചെയ്ത് എടുക്കുന്ന മണൽ ഉപയോഗിക്കാതിരിക്കാനും, അപ്രകാരം ഖനനം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടിവരാനും ജനങ്ങളെ ബോധവൽക്കരിക്കണം.

1.38.2 b) സർക്കാർ തലത്തിൽ സാമ്പത്തിക പരിഷ്കാരങ്ങൾ കൊണ്ടുവരാവുന്നതാണ്. മണൽ ഉപയോഗിക്കുന്നതിൽ നിന്ന് ജനങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനുള്ള മാറ്റങ്ങൾ ആയിരിക്കണം അത്. ജൈവ വൈവിധ്യത്തെ തകർക്കുന്ന തരത്തിലുള്ള ഭൂവിനിയോഗത്തിനും, പ്രകൃതി വിഭവങ്ങളുടെ ഉപയോഗത്തിനും താരതമ്യേന ഉയർന്ന നികുതി ഏർപ്പെടുത്തിയും, പ്രകൃതിയെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നവർക്ക് നികുതിയിളവ്, സബ്സിഡി എന്നിവ നൽകിയും ഇത്തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്താവുന്നതാണ്. വാണിജ്യ ആവശ്യങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ബോണ്ട് സംവിധാനം ഏർപ്പെടുത്തിയും, ഡെപ്പോസിറ്റ് തുക വാങ്ങിയും ഖനനം, മത്സ്യ ബന്ധനം തുടങ്ങിയ പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുന്ന മേഖലകളിലെ നിയന്ത്രണം പ്രാവർത്തികമാക്കാവുന്നതാണ്.

. . . . . .

അദ്ധ്യായം -2

വിഭവലഭ്യത

2.1. ആമുഖം

2.1.1 വിഭവങ്ങൾക്ക് ഒരു പ്രദേശത്തിൻറെ പുരോഗതിയിൽ നിർണ്ണായക സ്ഥാനമാണുള്ളത്. വികസനം കൈവരിക്കുന്നതിനും ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിനും വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കണം. ഇതിനായി വിഭവങ്ങളുടെ വിതരണം, പ്രശ്നങ്ങൾ, സാധ്യതകൾ, എന്നിവ മനസ്സിലാക്കേണ്ടതുണ്ട്. നമുക്ക് ലഭ്യമാകുന്ന വിഭവങ്ങളെ താഴെപ്പറയുന്നവിധം 5 വിഭാഗങ്ങളായി തരം തിരിക്കാവുന്നതാണ്.

1. മനുഷ്യവിഭവം
2. പ്രകൃതി വിഭവം
3. സ്ഥാപനങ്ങൾ
4. അടിസ്ഥാന സൌകര്യങ്ങൾ
5. ഫണ്ടുകൾ

2.2 മനുഷ്യവിഭവം

2.2.1 ഒരു പ്രദേശത്തെ ജനസമ്പത്താണ് അവിടത്തെ മനുഷ്യവിഭവം. മനുഷ്യവിഭവം ആ പ്രദേശത്തിൻറെ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്നു. ജനസംഖ്യയുടെ ഒരു ഭാഗം മാത്രമാണ് വികസന പ്രവർത്തനങ്ങളിൽ പങ്ക് കൊള്ളുന്നത്. രോഗികൾ, വയോജനങ്ങൾ, കുട്ടികൾ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ജനസംഖ്യാ വിഭാഗം വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നില്ല.

2.3 ജനസംഖ്യ

2.3.1 2011 ലെ സെൻസസ് അനുസരിച്ച് ജനസംഖ്യയിൽ ആറാം സ്ഥാനത്ത് നിൽക്കുന്ന ജില്ലയാണ് നമ്മുടേത്. പാലക്കാട് ജില്ലയുടെ ആകെ ജനസംഖ്യ 28,09,934 ആണ്. ഇതിൽ 13,59,478 പുരുഷന്മാരും, 14,50,456 സ്ത്രീകളും ഉൾപ്പെടുന്നു. കേരളത്തിലെ ആകെ ജനസംഖ്യയുടെ 8.41 ശതമാനം ജനങ്ങൾ പാലക്കാട് ജില്ലയിലാണ് വസിക്കുന്നത്. ഏറ്റവും കൂടുതൽ ജനങ്ങൾ വസിക്കുന്നത് മണ്ണാർക്കാട് ബ്ലോക്കിലും ഏറ്റവും കുറവ് വസിക്കുന്നത് അട്ടപ്പാടി ബ്ലോക്കിലും ആണ്. മണ്ണാർക്കാട് ബ്ലോക്കിൽ 3,20,075 പേരും, അട്ടപ്പാടി ബ്ലോക്കിൽ 64,318 പേരും.

2.3.2 പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർ ഏറെ വസിക്കുന്ന ജില്ലയാണ് പാലക്കാട്. ജില്ലയിലെ പട്ടികജാതി വിഭാഗത്തിലെ ആകെ ജനസംഖ്യ 4,03,833 ആണ്. ഇതിൽ 1,97,451 പുരുഷന്മാരും, 2,06,382 സ്ത്രീകളും ഉൾപ്പെടുന്നു. ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ ജനസംഖ്യ 48,972 ആണ്. ഇതിൽ 24,314 പുരുഷൻമാരും 24,658 സ്ത്രീകളും ഉൾപ്പെടുന്നു.

പട്ടിക 2.1.

ജനസംഖ്യ

ക്രമ നമ്പർ	സംസ്ഥാനം /ജില്ല	ജനസംഖ്യ (ആകെ)			പട്ടികജാതി			പട്ടികവർഗ്ഗം		
		സ്ത്രീ	പുരു	ആകെ	സ്ത്രീ	പുരു	ആകെ	സ്ത്രീ	പുരു	ആകെ
1	കേരളം	17378649	16027412	33406061	1561765	1477808	3039573	246636	238203	484839
2	പാലക്കാ	1450456	1359478	2809934	206382	197451	403833	24658	24314	48972

പട്ടിക 2.2

ജനസാന്ദ്രത, ജനസംഖ്യാ വളർച്ച നിരക്ക്

ക്രമ നമ്പർ	സംസ്ഥാനം/ ജില്ല/ താലൂക്ക്	ജനസംഖ്യ		ജനസാന്ദ്രത		ജനസംഖ്യാവളർച്ച നിരക്ക്	
		2001	2011	2001	2011	2001	2011
1	കേരളം	31841374	33406061	819	860	9.43	4.9
2	പാലക്കാട് ജില്ല	2617482	2809934	584	626.94	9.88	7.4
3	ഒറ്റപ്പാലം	840970	930692	994	1100.13	12.86	10.7
4	പാലക്കാട്	572928	612116	803	858.35	10.77	6.9
5	ആലത്തൂർ	422229	444995	739	779.23	5.96	5.4
6	ചിറ്റൂർ	425646	437738	375	385.25	4.20	2.9
7	മണ്ണാർക്കാട്	355709	384393	294	317.84	15.15	8.1

ഉറവിടം : എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്

2.3.3 പാലക്കാട് ജില്ലയിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 627 ആണ്. ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള താലൂക്ക് ഒറ്റപ്പാലവും (1100) കുറവ് ജനസാന്ദ്രതയുള്ള താലൂക്ക് മണ്ണാർക്കാടും (317.84) ആണ്. 2001 ൽ ജില്ലയിലെ ജനസംഖ്യ വളർച്ച നിരക്ക് 9.88 ശതമാനം ആയിരുന്നത് 2011 ൽ കുറഞ്ഞ് 7.4 ശതമാനമായി. ഏറ്റവും കൂടുതൽ ജനസംഖ്യ വളർച്ചാനിരക്ക് ഒറ്റപ്പാലം താലൂക്കിലും (10.7%) ഏറ്റവും കുറവുള്ളത് ചിറ്റൂർ താലൂക്കിലും ആണ് (2.9%). കൂടുതൽ ജനസംഖ്യ വളർച്ചാനിരക്കും ജനസാന്ദ്രതയും കൂടുതലുള്ളത് ഒറ്റപ്പാലം താലൂക്കിലാണ്.

2.4 സ്ത്രീ - പുരുഷാനുപാതം

2011 ലെ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം കേരളത്തിലെ സ്ത്രീ-പുരുഷാനുപാതം 1084 ഉം പാലക്കാട് ജില്ലയിലെ സ്ത്രീപുരുഷാനുപാതം 1067 ഉം ആണ്. പട്ടികജാതി വിഭാഗത്തിലെ സ്ത്രീ പുരുഷാനുപാതം 1045 ഉം പട്ടിക വർഗ്ഗത്തിലെ സ്ത്രീ പുരുഷാനുപാതം 1014 ഉം ആണ്.

2.5 സാക്ഷരത

2011 ലെ സെൻസ്സ് പ്രകാരം 89.31% ആണ് പാലക്കാട് ജില്ലയുടെ സാക്ഷരത. അതിൽ പുരുഷൻമാരുടെ സാക്ഷരതാ ശതമാനം 93.10 ഉം സ്ത്രീകളുടേത് 85.79 ഉം ആണ്. സംസ്ഥാനത്തെ സാക്ഷരതാ ശതമാനത്തിൽ 13 സ്ഥാനമാണ് പാലക്കാടിന്. പട്ടികജാതി വിഭാഗത്തിലെ ആകെ നിരക്ഷരരുടെ എണ്ണം 108294 ആണ്. ഇതിൽ 42739 പേർ പുരുഷൻമാരും 65555 പേർ സ്ത്രീകളും ആണ്. പട്ടിക വർഗ്ഗ വിഭാഗത്തിലെ ആകെ നിരക്ഷരരുടെ എണ്ണം 22517 ആണ്. അതിൽ 10074 പുരുഷൻമാരും 12443 സ്ത്രീകളും ഉൾപ്പെടുന്നു.

2.6 തൊഴിൽ പങ്കാളിത്ത നിരക്ക്

2.6.1 ഒരു പ്രദേശത്തെ ആകെ ജനസംഖ്യയിൽ തൊഴിൽ ചെയ്യുന്നവർ എത്ര എന്നതാണ് തൊഴിൽ പങ്കാളിത്ത നിരക്ക്.

പട്ടിക 2.3

തൊഴിൽ പങ്കാളിത്ത നിരക്ക്

ക്രമ നമ്പർ	ജില്ല/ താലൂക്ക്	സ്ഥിരം ജോലിക്കാർ ശതമാനം		ഭാഗിക ജോലിക്കാർ ശതമാനം		ആകെ ജോലിക്കാർ ശതമാനം		ജോലി എടുക്കാത്തവർ ശതമാനം	
		2001	2011	2001	2011	2001	2011	2001	2011
1	ഒറ്റപ്പാലം	23.3	25.63	6.2	5.04	29.5	30.67	70.5	69.33

2	മണ്ണാർക്കാട്	27.4	27.07	5.9	7.20	33.3	34.21	66.7	65.73
3	പാലക്കാട്	32.1	33.51	5.7	6.09	37.8	39.60	62.2	60.40
4	ചിറ്റൂർ	36.5	39.16	8.1	6.38	44.6	45.54	55.4	54.46
5	ആലത്തൂർ	32.2	35.14	8.6	6.07	40.8	41.21	59.2	58.79
6.	പാലക്കാട് ജില്ല	29.4	31.16	6.7	5.94	36.1	37.09	63.9	62.91

ഉറവിടം : എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്

2.6.2 ജനസംഖ്യ കണക്കെടുപ്പുകളുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ആകെ തൊഴിലെടുക്കുന്നവരുടെ നിരക്കിൽ ചെറിയ മാറ്റം സംഭവിച്ചിട്ടുണ്ട്. പട്ടിക 1 പ്രകാരം 2001 ൽ 36.1% ആയിരുന്നത് 2011 ൽ അത് 37.09% ആയി വർദ്ധിച്ചു.

2.6.3 കർഷകത്തൊഴിലാളികൾ കൂടുതലുള്ള ജില്ലയാണ് പാലക്കാട്. തൊഴിലെടുക്കുന്നവരിൽ 23.98 ശതമാനം കർഷകത്തൊഴിലാളികളാണ്. കർഷകർ 6.5 ശതമാനമേ ഉള്ളൂ. 67.11 ശതമാനം തൊഴിലാളികളും മറ്റ് പലവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരാണ്.

പട്ടിക 2.4

തൊഴിലും, തൊഴിൽ വിഭാഗങ്ങളും

ക്രമ നം	താലൂക്ക്	ജനസംഖ്യ	കൃഷിക്കാർ		കർഷക തൊഴിലാളി		കുടിൽ വ്യവസായ തൊഴിലാളികൾ		മറ്റു തൊഴിലാളികൾ	
			എണ്ണം	%	എണ്ണം	%	എണ്ണം	%	എണ്ണം	%
1	ഒറ്റപ്പാലം	930692	16113	5.64	45945	16.10	6239	2.19	217161	76.07
2	മണ്ണാർക്കാട്	384393	12284	9.32	30356	23.04	2827	2.15	86282	65.49
3	പാലക്കാട്	612116	10255	4.23	43838	18.09	6271	2.59	182024	75.10
4	ചിറ്റൂർ	437738	15368	7.71	72444	36.34	5252	2.63	106289	53.32
5	ആലത്തൂർ	444995	13785	7.52	57366	31.28	4446	2.42	107795	58.78
6	പാലക്കാട് ജില്ല	2809934	67805	6.51	249949	23.98	25035	2.4	699551	67.11

ഉറവിടം : എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്

പട്ടിക 2.5

തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യം

ക്രമ നമ്പർ	ജില്ല	സ്ത്രീ/ പുരുഷൻ	ജനസംഖ്യ	സ്ഥിരം ജോലിക്കാർ	ഭാഗിക ജോലിക്കാർ	ആകെ ജോലിക്കാർ	ജോലി എടുക്കാത്തവർ
1	പാലക്കാട്	സ്ത്രീ	1450456	222058	74161	296219	1154237
		പുരുഷൻ	1359478	653482	92639	746121	613357
		ആകെ	**2809934**	**875540**	**166800**	**1042340**	**1767594**

ഉറവിടം : എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്

2.6.4 തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യം വളരെ കുറവാണെന്ന് ടേബിളിൽ നിന്ന് മനസ്സിലാക്കാം. പട്ടിക 2 പ്രകാരം പാലക്കാട് ജില്ലയിലെ ആകെ സ്ത്രീജനസംഖ്യയെ 1450456 ൽ 296219 പേർ മാത്രമാണ് തൊഴിൽ ചെയ്യുന്നത്. ആകെ സ്ത്രീ ജനസംഖ്യയുടെ 20.42% ആണ് ഇത്.

പട്ടിക 2.6.

ജി.ഡി.പി യും ആളോഹരി വരുമാനവും (2014-15)

ക്രമ നമ്പർ	ഇനം	കേരളം	പാലക്കാട് ജില്ല
1	ജി.ഡി.പി (തുക കോടിയിൽ)	394867.97	27038.04
2	ആളോഹരി വരുമാനം (രൂപയിൽ)	104198	84461

ഉറവിടം : പി.എൽ.പി 2018-19 നബാർഡ്

2.6.5 ജി.ഡി.പി യുടെ കാര്യത്തിൽ ഒമ്പതാം സ്ഥാനമാണ് പാലക്കാട് ജില്ലക്കുള്ളത്. ആളോഹരി വരുമാനത്തിൻറെ കാര്യത്തിലും ജില്ല സംസ്ഥാന ശരാശരിയേക്കാൾ ഏറെ പുറകിലാണ്. സംസ്ഥാനത്തിൻറെ ആളോഹരി വരുമാനം 104198 രൂപയുള്ളപ്പോൾ ജില്ലയിലേക്ക് അത് 84461 രൂപയാണ്.

2.7 ജനസംഖ്യ പ്രായപരിധി അടിസ്ഥാനത്തിൽ

2.7.1 ജനങ്ങളുടെ സമഗ്ര പുരോഗതിയ്ക്കു വേണ്ടിയുള്ള ആസൂത്രണത്തിന് ആ പ്രദേശത്തിൻറെ ആകെ ജനസംഖ്യയിലെ ഓരോ പ്രായ പരിധിയിൽപ്പെടുന്ന (Age Group) ജനസംഖ്യയുടെ എണ്ണം അറിയേണ്ടത് ആവശ്യമാണ്. കുട്ടികൾ, മുതിർന്ന പൌരന്മാർ എന്നിവരെ സഹായിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ സ്ഥിതി വിവരക്കണക്ക് സഹായകരമാണ്. 2011 ലെ ജനസംഖ്യ കണക്കെടുപ്പ് പ്രകാരം പാലക്കാട് ജില്ലയിലെ ജനസംഖ്യയെ പ്രായപരിധി തിരിച്ചതിൻറെ അടിസ്ഥാനത്തിലുള്ള സ്ഥിതിവിവരക്കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 2.8

ജനസംഖ്യ –പ്രായ പരിധി തിരിച്ച്

പ്രായപരിധി	പാലക്കാട്				കേരളം			
	സ്ത്രീ	പുരുഷൻ	ആകെ	%	സ്ത്രീ	പുരുഷൻ	ആകെ	%
0-15	333425	344767	678192	24.1	3841333	3989641	7830974	23.45
15-60	929318	865788	1795096	63.9	11210329	10136879	21347208	63.90
60-80	186133	147378	333511	11.9	2309798	1883595	4193393	12.55
പ്രായംകണക്കാക്കിയിട്ടില്ലാത്ത ജനസംഖ്യ	1580	1555	3135	0.1	17189	17297	34486	0.10
ആകെ	**1450456**	**1359478**	**2809934**	**100**	**17378649**	**16027412**	**33406061**	100

ഉറവിടം : എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറ്

2.7.2 മുകളിൽ കൊടുത്ത സ്ഥിതിവിവരക്കണക്ക് പ്രകാരം പാലക്കാട് ജില്ലയിൽ 15 വയസ്സിൽ താഴെ 3,44,767 ആൺകുട്ടികളും 3,33,425 പെൺകുട്ടികളും ആയി ആകെ 6,78,192 കുട്ടികൾ ഉണ്ട്. അറുപത് വയസ്സിന് മുകളിൽ 1,47,378 പുരുഷന്മാരും, 186,133 സ്ത്രീകളും ആയി ആകെ 3,33,511 പേർ ഉണ്ട്. കേരളത്തിലെയും പാലക്കാട് ജില്ലയിലെയും ഓരോ പ്രായപരിധിയിൽ ഉൾപ്പെടുന്ന ജന വിഭാഗങ്ങളുടെയും പ്രാതിനിധ്യം പരിശോധിച്ച് നോക്കിയാൽ സംസ്ഥാനത്തിൻറെ പൊതു സ്വഭാവത്തിൽ നിന്ന് കാര്യമായ വ്യതിയാനം നമ്മുടെ ജില്ലയിൽ ഇല്ല എന്ന് കാണാൻ കഴിയില്ല.

2.8 ആകെ ആശ്രിത നിരക്ക് (Total Dependency Rate)

2.8.1 പ്രൊഡക്ടീവ് പോപ്പുലേഷനിൽ ഉൾപ്പെടാത്തവരും (14 വയസ്സിൽ താഴെയുള്ളവരും 60 വയസ്സിനു മുകളിൽ പ്രായമുള്ളവരും), പ്രൊഡക്ടീവ് പോപ്പുലേഷനിൽ ഉൾപ്പെടുന്നവരും (15 വയസ്സിനും, 60

വയസ്സിനു ഇടയിലുള്ളവർ) തമ്മിലുള്ള അനുപാതമാണ് ആകെ ആശ്രിത നിരക്ക് (Total Dependency Rate) അത് കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ്.

ആകെ ആശ്രിത നിരക്ക് =

$$\frac{\text{(0-14 വയസ്സ് വരെയുള്ള കുട്ടികളുടെ എണ്ണം + 60 വയസ്സിന് മുകളിലുള്ളവരുടെ എണ്ണം}}{\text{15-60 വയസ്സിന് ഇടയിലുള്ളവരുടെ എണ്ണം}} \times 100$$

പാലക്കാട് ജില്ലയിലെ ആകെ ആശ്രിത നിരക്ക് =

$$\frac{6,78,192+3,33,511}{17,95,096} \times 100 = 56.35\ \%$$ ആണ്

കേരളത്തിലെ ആകെ ആശ്രിത നിരക്ക് 55.57 ആണ്.

പ്രൊഡക്ടീവ് പോപ്പുലേഷനും ആശ്രിതരും

15 വയസ്സിന് താഴെയുള്ളവർ	=	6,78,192 (24.14%)
60 വയസ്സിന് മുകളിലുള്ളവർ	=	3,33,511 (11.87%)
പ്രായ വിവരം ഇല്ലാത്ത ജനസംഖ്യ	=	3,135(0.11%)
ആകെ	=	36.09%

15 മുതൽ 60 വയസ്സ് വരെയുള്ളവർ = 28,09,934 – 10,14,838 = 17,95,096 (63.88%)

2.8.2 ശരാശരി ആശ്രിത നിരക്ക് ഉള്ള ഒരു സമൂഹമാണ് ഒരു പ്രദേശത്ത് ഉള്ളതെങ്കിൽ ഡിപെൻഡൻറ് ഗ്രൂപ്പിൽ ഉള്ള ജനവിഭാഗത്തെ (പതിനാല് വയസ്സിന് താഴെയുള്ളവരും, അറുപത് വയസ്സിന് മുകളിൽ ഉള്ളവരും) സംരക്ഷിയ്ക്കുന്നതിന് മതിയായ അളവിൽ തൊഴിലിൽ ഏർപ്പെടാൻ ക്ഷമതയുള്ള ഒരു ജനവിഭാഗ (15 വയസ്സിനും, 60 വയസ്സിനും ഇടയിലുള്ള ജനങ്ങൾ) ആ പ്രദേശത്ത് ഉണ്ടെന്ന് അനുമാനിയ്ക്കാം. എന്നിരുന്നാൽ തന്നെയും 15-60 വയസ്സ് വരെയുള്ളവർ എല്ലാവരും തൊഴിൽ ചെയ്യുന്നവരെന്നോ, 60 വയസ്സിനു മുകളിൽ ഉള്ളവർ എല്ലാവരും തൊഴിൽ ചെയ്യാത്തവരെന്നോ ഉറപ്പിയ്ക്കുവാൻ സാധിയ്ക്കുകയില്ല എന്ന വസ്തുത പരിഗണിയ്ക്കേണ്ടതാണ്. ഇക്കാര്യം നിലവിലുള്ള തൊഴിൽ സാഹചര്യവുമായി ചേർത്തു വായിക്കേണ്ടതാണ്.

2.9 തൊഴിലന്വേഷകർ

ജില്ലാ എംപ്ലോയ്മെൻറ് ഓഫീസറുടെ കണക്ക് പ്രകാരം പാലക്കാട് ജില്ലയിൽ 67404 ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെൻറ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 25928 പുരുഷന്മാരും 41476 സ്ത്രീകളും ഉൾപ്പെടുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി 757 പേർക്ക് താല്ക്കാലിക ജോലിയും 36 പേർക്ക് സ്ഥിരം ജോലിയും ലഭിച്ചു. (തൊഴിലന്വേഷകരെ കുറിച്ചുള്ള വിശദവിവരങ്ങൾ അദ്ധ്യായം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്)

2.10 ആരോഗ്യം

i) ആയുർദൈർഘ്യം

2.10.1 ആയുർദൈർഘ്യത്തിൻറെ കാര്യത്തിൽ പിന്നിട്ട് നില്ക്കുന്ന ജില്ലയാണ് പാലക്കാട് എന്ന് താഴെ പട്ടികയിൽ നിന്ന് മനസ്സിലാക്കാവുന്നതാണ്. കുറഞ്ഞ ആയുർദൈർഘ്യം പുരുഷന്മാരുടെ കാര്യത്തിലും സ്ത്രീകളുടെ കാര്യത്തിലും ഒരുപോലെ കാണാവുന്നതാണ്.

പട്ടിക 2.10

ആയുർദൈർഘ്യം

ഇനം	കേരളം		പാലക്കാട്	
	ആൺ	പെൺ	ആൺ	പെൺ
ആയുർദൈർഘ്യം (2011 സെൻസസ്)	71.4	76.3	65	63

ഉറവിടം : സെൻസ്സ് 2011

2) ആരോഗ്യ സ്ഥാപനങ്ങൾ

2.10.2 ജില്ലയിൽ ആലോപ്പതി, ആയുർവേദം, ഹോമിയോപ്പതി, സിദ്ധ, പാരമ്പര്യവൈദ്യം തുടങ്ങിയവ പ്രചാരത്തിലുള്ള വൈദ്യസമ്പ്രാദയങ്ങളാണ്. ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 2.11

സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ

ക്രമ നം	സർക്കാർ സ്ഥാപനങ്ങൾ	എണ്ണം
1.	മെഡിക്കൽ കോളേജ്	1
2.	ജില്ലാ ആശുപത്രി	1
3.	വനിത - ശിശു ആശുപത്രി	1
4.	താലൂക്ക് ആശുപത്രി	5
5.	കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ & ബ്ലോക്ക് പി.എച്ച്. സി	15
6.	പ്രൈമറി ഹെൽത്ത് സെൻറർ	77
7.	സബ്ബ് സെൻററുകൾ	504
8.	ആയുർവേദ ആരോഗ്യസ്ഥാപനങ്ങൾ	97
9.	ഹോമിയോപ്പതി ആരോഗ്യസ്ഥാപനങ്ങൾ	82
10.	സിദ്ധ ആരോഗ്യസ്ഥപാനം	1
11.	ടൈബൽ മൊബൈൽ യൂണിറ്റ്	6
12.	ടി.ബി. സെന്റർ	1
13.	ഇ.എസ്.ഐ ആശുപത്രി	7
14.	റൈയിൽവേ ആശുപത്രി	1
	ആകെ	**799**

ഉറവിടം : ജില്ലാ ആരോഗ്യവകുപ്പ്, പാലക്കാട്

പട്ടിക 2.12

സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ

അലോപ്പതി		ഹോമിയോപ്പതി	മറ്റുള്ളവ	ആകെ
326	320	121	43	810

ഉറവിടം : ജില്ലാ ആരോഗ്യവകുപ്പ്, പാലക്കാട്

2.11 പ്രവാസി (കേരളീയകാര്യ) വകുപ്പ്

2.11.1 06-12-1996 ലെ സർക്കാർ ഉത്തരവ് നമ്പർ 413/96/ജി.എ.ഡി പ്രകാരം രൂപീകൃതമായതാണ് പ്രവാസി (കേരളീയ കാര്യ) വകുപ്പ് (നോർക്ക). ഈ വകുപ്പിൻറെ പ്രധാന പ്രവർത്തന മേഖലകൾ കേരളത്തിന് പുറത്തും രാജ്യത്തിനകത്തും അന്യരാജ്യങ്ങളിലും താമസിക്കുന്ന കേരളീയരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും അവർക്ക് വേണ്ട സഹായങ്ങളും ഉറപ്പു വരുത്തുക, വിദേശത്ത് ജോലിക്കായി വിവിധ ട്രേഡുകളിൽ ആവശ്യം വേണ്ട പരിശീലനം നല്കുക. വിദേശ മലയാളികൾ നേരിടുന്ന വിദേശ ശിക്ഷാനടപടികളിൽ നിന്നും മോചിതമാക്കുന്നതിനു നടപടികൾ സ്വീകരിക്കുക. വിദേശത്തു നിന്നും തിരിച്ചുവരുന്നവരുടെ പുനരധിവാസം, വിദേശ കേരളീയരെ കൊണ്ട് സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിന് പ്രേരിപ്പിക്കുക എന്നിവയാണ്. പാലക്കാട് ജില്ലയിലെ ആകെ പ്രവാസികളുടെ എണ്ണം 83777 ആണ്. അതിൽ ആൺ 81,608 ഉം പെൺ 2,169 ആണ്. പാലക്കാട് ജില്ലയിൽ വിദേശത്ത് കുടുംബമായി താമസിക്കുന്ന പ്രവാസികൾ ആകെ 83777 പേർ അതിൽ കുടുംബത്തോടെ താമസിക്കുന്നവർ 27710, കുടുംബത്തോടെ അല്ലാതെ താമസിക്കുന്നവർ 56067 പേരുമാണ്.

പട്ടിക 2.13

പ്രവാസികൾ താമസിക്കുന്ന രാജ്യം - ജില്ല തിരിച്ച്

ക്രമ നം	ജില്ല	രാജ്യങ്ങൾ (കോഡ്)										
		1	2	3	4	5	6	7	8	9	10	11
1	പാലക്കാട്	2897	207	833	67	233	77	16	309	33197	31093	4548

1. യു.എസ്.എ
2. കാനഡ
3. യു.കെ
4. ജർമനി
5. മറ്റു യൂറോപ്പ്യൻ രാജ്യങ്ങൾ
6. നൈജീരിയ
7. ലിബിയ
8. മറ്റു ആഫ്രിക്കൻ രാജ്യങ്ങൾ
9. സൌദി അറേബ്യ
10. യു.എ
11. കുവൈറ്റ്

ക്രമ നം	ജില്ല	രാജ്യങ്ങൾ (കോഡ്)										
		12	13	14	15	16	17	18	19	20	21	22
1	പാലക്കാട്	5736	6721	2712	40	11	424	475	999	81	355	483

12. ഒമാൻ
13. ഖത്തർ
14. ബഹറിൻ
15. ഇറാക്ക്
16. ഇറാൻ
17. സിങ്കപ്പൂർ
18. മലേഷ്യ
19. മറ്റു ഏഷ്യൻ രാജ്യങ്ങൾ
20. ന്യൂസിലാൻഡ്
21. ആസ്ട്രേലിയ
22. മറ്റു രാജ്യങ്ങൾ

അവലംബം : പ്രവാസി മലയാളി സെൻസസ് 2013

പട്ടിക 2.14

പാലക്കാട് ജില്ലയിലെ പ്രവാസികൾ ചെയ്യുന്ന ജോലി തരം തിരിച്ച്

ക്രമ നം	തൊഴിൽ	പെൺ	ആൺ	ആകെ
1.	ഡോക്ടർ	76	214	290
2.	നഴ്സ്	495	233	728
3.	എഞ്ചിനീയർ	197	2356	2553
4.	ബാങ്ക്	58	451	509

5.	ഐ.ടി	151	1595	1746
6.	അദ്ധ്യാപകർ	247	255	502
7.	മാനേജർ	62	1375	1437
8.	ഡ്രൈവർ	0	14272	14272
9.	ബിസിനസ്സ്	41	3624	3665
10.	സെയിൽസ്മാൻ	39	11201	11240
11.	മറ്റ് തൊഴിലാളികൾ	803	46032	46835

അവലംബം : പ്രവാസി മലയാളി സെൻസസ് 2013

2.12. പ്രകൃതി വിഭവം

2.12.1 ജീവിതാവശ്യത്തിന് മനുഷ്യവംശത്തിന് ജീവിക്കാർ ആവശ്യമായ എന്തെല്ലാം പ്രകൃതിയിൽ നിന്ന് കിട്ടുന്നുവോ അതെല്ലാം പ്രകൃതി വിഭവങ്ങളാണ്. പ്രകൃതി വിഭവങ്ങളാൽ സമൃദ്ധമായ പ്രദേശങ്ങൾ അവ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനനുസരിച്ച് നല്ല പുരോഗതി കൈവരിക്കുന്നു. മണ്ണ്, കാലാവസ്ഥ, വനം, സസ്യ- ജന്തു ജാലങ്ങൾ, ജലസ്രോതസ്സുകൾ, ധാതുക്കൾ എന്നിവ പ്രകൃതി വിഭവങ്ങളിൽ ഉൾപ്പെടുന്നു. ഉത്തര അക്ഷാംശം 10^0 21^0 നും 11^0 14^0 നും, പൂ വ്വ രേഖാംശം 76^0 02^0 നും 76^0 54^0 ന ഇടയ്ക്കായിട്ടാണ് പാലക്കാട് ജില്ല സ്ഥിതിചെയ്യുന്നത്. ഉഷ്ണമേഖലാ കാലാവസ്ഥയാണ് ജില്ലയിൽ പൊതുവെ അനുഭവപ്പെടുന്നത്. ജില്ലയുടെ കിഴക്ക് മേഖലയിലാണ് ഈ കാലാവസ്ഥ തീക്ഷണമായി അനുഭവപ്പെടുന്നത്. അട്ടപ്പാടി പ്രദേശത്ത് മഴനിഴൽ പ്രദേശത്തിനു സമാനമായ കാലാവസ്ഥയാണ് പൊതുവെ അനുഭവപ്പെടുന്നത്. മാർച്ച് മുതൽ ജൂൺ വര കൊടും ചൂടുള്ള വേനലാണ് ജില്ലയുടെ മിക്ക പ്രദേശങ്ങളിലും ഉള്ളത്.

2.13 ഭൂവിഭാഗങ്ങൾ

ഭൂപ്രകൃതി അനുസരിച്ച് ജില്ലയെ 6 ആയി തിരിക്കാം

1) താഴ്ന്ന പ്രദേശം
2) മിഡ് ലാൻറ്
3) മിഡ് അപ് ലാന്റ്
4) അപ് ലാന്റ്
5) ഹൈലാന്റ്
6) മലനിരകൾ

2.14 മണ്ണ്, ധാതുസമ്പത്ത്

2.14.1 പുഴകളുടെ ഒഴുക്ക് പാലക്കാട് ജില്ലയിൽ ഏറെയാണ്. ഏക്കൽ മണ്ണും പുഴയോര മണ്ണും ഭാരതപ്പുഴ നദീതടത്തിൽ കണ്ട് വരുന്നു. ജൈവാംശം വളരെ കൂടുതലുള്ള അലൂവിയൽ മണ്ണും ജില്ലയിൽ കണ്ട് വരുന്നു. മൈക്ക, ആഗൈറ്റ്, ചോറിഫില്ലൈറ്റ് തുടങ്ങിയ ധാതുക്കളുടെ അംശം വളരെ കൂടിയ വനമണ്ണും ഈ ജില്ലയിൽ ഏറിയ വിസ്തൃതിയിൽ ഉണ്ട്. ലാറ്ററൈറ്റ് മണ്ണിൻറെ വിസ്തൃതി വളരെ കൂടുതലായി മണ്ണാർക്കാട്, ഒറ്റപ്പാലം താലൂക്കുകളിൽ ഉണ്ട്. ചിറ്റൂർ താലൂക്കിൻറെ കിഴക്കൻ പ്രദേശത്ത് കാൽസ്യം കലർന്ന മണ്ണ് കാണപ്പെടുന്നു. പരുത്തിമണ്ണ് ഇതിൻറെ വകഭേദമാണ്.

പട്ടിക 2.15

മണ്ണ്, ധാതുസമ്പത്ത് സ്ഥിതി വിവരങ്ങൾ

ക്രമ നം	മൺതരങ്ങൾ	ധാതുക്കൾ	കാണപ്പെടുന്ന പ്രദേശം
1.	ലാറ്ററൈറ്റ്	സിലിക്ക	മണ്ണാർക്കാട്, ഒറ്റപ്പാലം , പാലക്കാട്, ചിറ്റൂർതാലൂക്കുകൾ
2.	വനമണ്ണ്	മൈക്ക, ആഗൈറ്റ്, ചോറിഫില്ലൈറ്റ്	ജില്ലയുടെ കിഴക്കൻ വനമേഖല, മണ്ണാർക്കാട് താലൂക്ക്

3.	കറുത്തമണ്ണ്	കാൽസ്യം	ചിറ്റൂർ താലൂക്ക്
4.	എക്കൽമണ്ണ്		ജില്ലയിലെ നദീ തടങ്ങളിൽ (പ്രധാനമായും ഭാരതപ്പുഴ തീരങ്ങളിൽ പട്ടാമ്പി, ആലത്തൂർ പ്രദേശങ്ങൾ)
5.		ചുണ്ണാമ്പുകല്ല്	വാളയാർ (കൂടുതൽ) ചിറ്റൂർ, കൊഴിഞ്ഞാമ്പാറ (കുറവ്)
6.		ഇരുമ്പയിര്	കൊല്ലങ്കോട്, മുതലമട, മണ്ണാർക്കാട് (കുറഞ്ഞ അളവിൽ)
7.		സ്വർണ്ണം	അട്ടപ്പാടി പ്രദേശത്ത് കുറഞ്ഞ അളവിൽ

ഉറവിടം : മണ്ണ് സംരക്ഷണ വകുപ്പ്

2.14.2 ജില്ലയിൽ താഴെ കൊടുത്തിരിക്കുന്ന പ്രദേശങ്ങളിൽ ഗ്രാനൈറ്റ്ബിൽഡിംഗ് സ്റ്റോർ, ലാറ്ററൈറ്റ് സ്റ്റോർ എന്നിവ കാണപ്പെടുന്നു.

പട്ടിക 2.16

ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോർ & ലാറ്ററൈറ്റ് സ്റ്റോർ കാണപ്പെടുന്ന പഞ്ചായത്തിൻറെ എണ്ണം

ക്രമ നം	പ്രദേശം	കാണപ്പെടുന്ന പഞ്ചായത്തിൻറെ എണ്ണം	
		ഗ്രാനൈറ്റ് ബിൽഡിംഗ് സ്റ്റോർ	ലാറ്ററൈറ്റ് സ്റ്റോർ
1	മണ്ണാർക്കാട്	3	7
2	ഒറ്റപ്പാലം	11	4
3	പാലക്കാട് താലൂക്ക്	5	1
4	പട്ടാമ്പി	6	4
5	ചിറ്റൂർ	11	-
6	ആലത്തൂർ	10	-

ഉറവിടം : മൈനിംഗ് & ജിയോളജി വകുപ്പ്

നിലവിൽ ഖനനാനുമതിയുള്ള കരിങ്കൽ ക്വാറികൾ

ക്വാറിയിംഗ് ലീസ് - 34 എണ്ണം

ക്വാറിയിംഗ് പെർമിറ്റ് - 4 എണ്ണം

ഖനനാനുമതിയുള്ള ചെങ്കൽ ക്വാറികൾ

ക്വാറിയിംഗ് പെർമിറ്റ് - 3 എണ്ണം

ഡാമുകളിലുള്ള മണൽ

2.14.3 മലമ്പുഴ, ചുള്ളിയാർ തുടങ്ങിയ ഡാമുകളിൽ ഉപയോഗപ്പെടുത്താവുന്ന മണൽ നിക്ഷേപമുണ്ട്. ചുള്ളിയാർ ഡാമിൽനിന്നും 2016-17 വർഷത്തിൽ കെംഡല്ലിൻറെ നേതൃത്വത്തിൽ 4500 ക്യൂബിക് മീറ്റർ മണൽ എടുത്തിട്ടുണ്ട്.

ലൈംസ്റ്റോൺ

2.14.4 പാലക്കാട് ജില്ലയിൽ വാളയാർ പ്രദേശത്ത് ധാരാളം ലൈം സ്റ്റോർ നിക്ഷേപം കാണപ്പെടുന്നു. ഈ നിക്ഷേപം സിമൻറ് ഉൽപ്പാദനത്തിനായി മലബാർ സിമൻറസ് പ്രയോജനപ്പെടുത്തുന്നു.

വനം

2.14.5 കേരളത്തിൻറെ വനവിസ്തൃതിയിൽ മൂന്നാം സ്ഥാനം പാലക്കാടിനാണ്. ജില്ലയുടെ മൊത്തം വിസ്തൃതിയിൽ 28.21% ആണ് വനം ഉള്ളത്.

പട്ടിക 2.17

ഭൂവിനിയോഗം

ക്രമ നം	ഭൂവിനിയോഗം	ഏരിയ ച.മീ	വിസ്തൃതി (%)
1	വനം	1263.90	28.21
2	ജലാശയം	123.42	2.75
3	ചതുപ്പ് നിലം	4.58	0.10
4	വാസയോഗ്യമായ സ്ഥലം	12.05	0.28
5	കൃഷി	644.68	14.39
6	തോട്ടം	208.58	4.66
7	വാസയോഗ്യം / കൃഷി ഇടകലർന്ന	1932.6	43.14
8	നിർമ്മിത വിസ്തൃതി	57.56	1.28
9	മറ്റുള്ളവ	232.18	5.18
ആകെ		**4480**	**100**

ഉറവിടം : പേർസ്പെക്ടീവ് പ്ലാൻ 2013

പട്ടിക 2.16

വനവിസ്തൃതി

വിസ്തൃതി ച.കി.മീ

ക്രമ നം	ഡിവിഷൻ	റിസർവ്വ് ഫോറസ്റ്റ്	നിക്ഷിപ്തം	ഇ.എഫ്.എൽ	ആകെ	ഉൾപ്പെടുന്ന താലൂക്ക്
1	മണ്ണാർക്കാട് & സൈലൻറ് വാലി	209.48	454.7003	-	664.8803	മണ്ണാർക്കാട് (സൈലൻറ് വാലി നിലമ്പൂർ സോണും ഉൾപ്പെടുന്നു)
2	നെന്മാറ	205.5173	144.0884	9.74424	359.38954	ചിറ്റൂർ കൊല്ലങ്കോട്
3	പാലക്കാട്	72.83	173.60	29.07	275.67	പാലക്കാട് ഒറ്റപ്പാലം
4	പറമ്പിക്കുളം ടൈഗർ റിസർവ്വ്	643.66	-	-	643.66	ചിറ്റൂർ (തൃശ്ശൂർ ജില്ലയിലെ ചില വനഭാഗങ്ങളും ഉൾപ്പെടുന്നു)

ഉറവിടം : ഫോറസ്റ്റ് ഡിപ്പാർട്ട് മെൻറ്, പാലക്കാട്

2.14.6 തമിഴ്നാട്ടിലെ ആനമല വന്യജീവി സങ്കേതത്തോട് ചേർന്നാണ് പറമ്പിക്കുളം ടൈഗർ റിസർവ്വ് സ്ഥിതി ചെയ്യുന്നത്. വന്യജീവികളുടെ വൈവിദ്ധ്യം കൊണ്ടും സമൃദ്ധി കൊണ്ടും അനുഗ്രഹീതമായ പറമ്പിക്കുളം വനമേഖലയിൽ ധാരാളം ആദിവാസി ഗോത്രസമൂഹങ്ങളും താമസിക്കുന്നു.

2.14.7 മണ്ണാർക്കാട് താലൂക്കിലെ അഗളിപഞ്ചായത്തിലാണ് സൈലൻറ് വാലി നാഷണൽ പാർക്ക് സ്ഥിതി ചെയ്യുന്നത്. മനുഷ്യവാസമില്ലാത്ത നിത്യഹരിത വനമാണ് ഇത്, ഈ വനത്തിൻറെ പ്രധാന ആകർഷണീയത സിംഹവാലൻ കുരങ്ങാണ്. അതോടൊപ്പം കാട്ടുപോത്ത്, വരയാട്, ആന തുടങ്ങിയ വന്യജീവികളും പാമ്പുകളും, പക്ഷികളും ധാരാളം ഉണ്ട്.

2.17.8 ചിറ്റൂർ താലൂക്കിലാണ് നെല്ലിയാമ്പതി വനമേഖല സ്ഥിതി ചെയ്യുന്നത്. ജില്ലയിൽ ഓറഞ്ച് കൃഷി നടക്കുന്ന പ്രധാന സ്ഥലമാണ് ഇത്. തേയില, കാപ്പി, ഏലം, തുടങ്ങിയ തോട്ടവിളകൾക്ക് പ്രസിദ്ധമാണ് ഈ സ്ഥലം.

2.17.9 വനാന്തർ ഭാഗത്ത് നിന്ന് ചെറുകിട വനവിഭവങ്ങൾ ശേഖരിക്കുന്നവരിൽനിന്ന് ചെറുകിട വനവിഭവങ്ങൾ മൊത്തമായി വാങ്ങി വിപണനം നടത്തുന്ന 5 ആദിവാസി സഹകരണസംഘങ്ങൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

2.17.10 സാമൂഹ്യ വനവൽക്കരണത്തിൻറെ ഭാഗമായി ജില്ലയിൽ ഒരു സാമൂഹ്യ വനവൽക്കരണ ഡിവിഷൻ നിലവിൽ വന്നു. ഇതിൻറെ പ്രധാന ലക്ഷ്യം വിറക്, ചെറുതടി, കന്നുകാലി തീറ്റ, പച്ചിലവളം എന്നിവ ജനങ്ങൾ സ്വയം ഉൽപാദിപ്പിച്ച് ദൈനംദിനാവശ്യങ്ങൾക്ക് ഉപയോഗിച്ച് വനങ്ങളുടെ മേലുള്ള സമ്മർദ്ധം കുറയ്ക്കുക എന്നതാണ്. സ്വകാര്യ ഭൂമിയിൽ നട്ട് വളർത്താൻ കർഷകർക്ക് തൈകളും സാങ്കേതിക ഉപദേശവും സൌജന്യമായി നൽകുന്ന പദ്ധതിയാണ് ഫാം ഫോറസ്റ്റ്.

2.15 ജലസ്രോതസ്സുകൾ

2.15.1 പാലക്കാട് ജില്ലയിൽ കൂടി ഒഴുകുന്ന 2 പ്രധാന നദികൾ ഭാരതപുഴയും, ഭവാനിപ്പുഴയും ആണ്. ചിറ്റൂർപ്പുഴ, ഗായത്രിപുഴ, കൽപ്പാത്തിപുഴ, കണ്ണാടിപുഴ, തൂതപ്പുഴ എന്നിവ ഭാരതപ്പുഴയുടെ പോഷകനദികൾ ആണ്. കുന്തിപ്പുഴ തൂതപ്പുഴയുടെ കൈവഴി ആണ്.

പട്ടിക 2.17

ജലസ്രോതസ്സ്

ക്രമ നം	വിഭാഗം	എണ്ണം	വിസ്തൃതി (ഹെ)
1	നദികൾ	7	447985
2	റിസർവോയറുകൾ	10	6888
3	ചെക്ക് ഡാം	95	2500
4	ജലസേചന ടാങ്കുകൾ	59	748.8
5	ക്ഷേത്ര കുളങ്ങൾ	360	133.8
6	ക്വാറി കുളങ്ങൾ	146	58.8
7	സ്വകാര്യ കുളങ്ങൾ	4445	1326.7
8	കിണറുകൾ	21083	
9	പൊതു കുഴൽ കിണറുകൾ	5539	
10	പഞ്ചായത്ത് കുളങ്ങൾ	888	297.3

ഉറവിടം : ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ്, മൈനർ ഇറിഗേഷൻ & മേജർ ഇറിഗേഷൻ ഡിപ്പാര്ട്ട്മെന്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെൻറ്, ഫിഷറീസ് വകുപ്പ്)

പട്ടിക 2.18

നദികളും മൈക്രോവാട്ടർഷെഡുകളും

ക്രമ നം	നദി	ഏരിയ (%)	മൈക്രോ വാട്ടർഷെഡുകളുടെ എണ്ണം	ഏരിയ (ച.കി.മീ)
1	ഭാരതപ്പുഴ	69	512	3105.18
2	ഭവാനിപ്പുഴ	13.6	130	608.95
3	ചാലക്കുടിപുഴ	10	58	445.51
4	കടലുണ്ടിപുഴ	2.5	27	111.86
5	കാഞ്ഞിരപ്പുഴ	2	13	86.96
6	ഉപ്പാർ	0.2	1	10.51
7	കിച്ചേരി	0.1	3	3.38
8	ഫ്രിഞ്ച് ഏരിയ	2.6	-	107.5
ആകെ			**744**	**4479.85**

ഉറവിടം : പേർസ്പെക്ടീവ് പ്ലാൻ 2013, മണ്ണ് സംരക്ഷണ വകുപ്പ്

2.16 പ്രധാന ജലസേചന പദ്ധതികൾ

i) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി - 2128 മീറ്റർ നീളവും 38 മീറ്റർ ഉയരവും 70.8274 ദശലക്ഷം ഘനമീറ്റർ (Mm^3) സംഭരണശേഷിയുള്ള ഒരു അണക്കെട്ടും 266 കി.മീറ്റർ കനാലുകളും പണി തീർത്തിട്ടുണ്ട്. കനാലുകളുടെ ഭൂരിഭാഗവും കുന്നിൻ ചരിവുകളിലൂടെ കടന്ന് പോവുന്നത് കാരണം വർഷക്കാലത്ത് കനാലുകൾ നികന്ന് പോവുന്നു. ഇതുകാരണം ജലം പാഴായി പോവുകയും വാലറ്റ പ്രദേശങ്ങളിലെ ആയക്കെട്ടിലേക്ക് വെള്ളമെത്തിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. വാർഷിക ഫണ്ടിൻറെ അഭാവം മൂലവും വാലറ്റ പ്രദേശങ്ങളുടെ ഭാഗത്തേക്ക് ജലമെത്തിക്കാൻ കഴിയുന്നില്ല. കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഒന്നാം ഘട്ടം മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടം പദ്ധതിയായ, തൂപ്പനാട് പുഴയിൽ അണക്കെട്ടി ജലം ഒന്നാംഘട്ടത്തിലെ മെയിൻ കനാലിലേക്ക് എത്തിച്ച് 5957 ഹെക്ടർ സ്ഥലത്ത് കൂടി ജലസേചനം നടത്തുക എന്നത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ii) മലമ്പുഴ ജലസേചന പദ്ധതി – പ്രധാനമായും ഈ പദ്ധതിക്ക് കീഴിൽ 3 റിസർവോയറുകൾ ഉണ്ട്.

പട്ടിക 2.19

മലമ്പുഴ ജലസേചന പദ്ധതി

ക്രമ നം	ഡാം	സംഭരണ ശേഷി (Mm^3)	കനാലുകൾ (k.m)	വിസ്തൃതി (ഹെക്ടർ)
1	മലമ്പുഴ	226	353.243	2313
2	മംഗലം	25.494	95.01	393
3	പോത്തുണ്ടി	50.914	18.8	363

ഉറവിടം : ജലസേചന വകുപ്പ്, മലമ്പുഴ

പട്ടിക 2.20

മലമ്പുഴ ജലസേചന പദ്ധതിയിലെ ശരാശരി ജലലഭ്യത (Mm^3)

ക്രമ നം	ഡാം	2014	2015	2016
1	മലമ്പുഴ	218.8749	152.9012	97.3770
2	മംഗലം	27.805	25.344	25.344
3	പോത്തുണ്ടി	43.650	32.980	24.579

ഉറവിടം : ജലസേചന വകുപ്പ്, മലമ്പുഴ

iii) ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ

എ. **ചിറ്റൂർപുഴപദ്ധതി** – അന്തർസംസ്ഥാന നദീ ജല കരാറായ പറമ്പിക്കുളം, ആളിയാർ കരാറിൻറെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി. ഇതിന് ആകെ 331.12 കി.മീ കനാലുകളാണുള്ളത്. കനാലിൻറെ നവീകരണ പ്രവർത്തനങ്ങൾ നന്നായി നടത്തിയാൽ മാത്രമെ വാലറ്റ പ്രദേശങ്ങിലേക്ക് വെള്ളം എത്തിക്കാൻ പറ്റുകയുള്ളൂ. കരാർ പ്രകാരം ലഭ്യമായ 7.25 ടി.എം.സി ജലം ഉപയോഗിച്ച് ചിറ്റൂർ മേഖലയിലെ 16940 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുന്നു.

ബി. **വാളയാർ പദ്ധതി** – സംഭരണ ശേഷി -18.40 ദശലക്ഷം ഘനമീറ്റർ കനാലിൻറെ നീളം – 106.58 കി.മീ

ഡാമും വാളയാർ പുഴയിലെ 4 തടയണകളും കനാലുകളും ഉൾപ്പെടെ 3997 ഹെക്ടർ ആണ് ആയക്കെട്ട് പ്രദേശം.

സി. **ഗായത്രി പദ്ധതി -** മീങ്കര ജലസംഭരണി, ചുള്ളിയാർ ജലസംഭരണി എന്നിവ ഉൾപ്പെട്ടതാണ് ഗായത്രി പദ്ധതി. ഗായത്രി പദ്ധതിയിലൂടെ 5463 ഹെക്ടർ പ്രദേശത്ത് ജലസേചനംചെയ്യുന്നു.

മീങ്കര ജലസംഭരണി: സംഭരണ ശേഷി – 11.30 ദശലക്ഷം ഘനമീറ്റർ

ചുള്ളിയാർഡാം : സംഭരണ ശേഷി – 13.90 ദശലക്ഷം ഘനമീറ്റർ

മഴക്കുറവ് മൂലം ചുള്ളിയാർ ഡാമിൽ ജല സംഭരണം പൂർണ്ണമാകാത്തതിന് പരിഹാരമായി പലകപ്പാണ്ടി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. മഴക്കാലങ്ങളിൽ പലകപ്പാണ്ടി ജലപാതത്തിൽനിന്ന് ഗായത്രി പുഴയിലേക്ക് ഉപയോഗ ശൂന്യമായി ഒഴുകി പോവുന്ന ഏകദേശം 20-25 ദശലക്ഷം ഘനമീറ്റർ ജലത്തിൻറെ ഒരു ഭാഗം കനാൽ വഴി തിരിച്ച് വിട്ട് ചുള്ളിയാർ ഡാമിലെത്തിക്കുവാനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

2.17 കൃഷി

2.17.1 കേരളത്തിൻറെ നെല്ലറ എന്നറിയപ്പെടുന്ന പാലക്കാട് ജില്ലയുടെ മൊത്തം വിസ്തൃതി 4,480 ച.കി.മീ ആണ്. (447584 ഹെക്ടർ) ഇതിൽ നെൽകൃഷിയുടെ വിസ്തൃതി 85417 ഹെക്ടർ ആണ്. (കൃഷി വകുപ്പ്) നെല്ല് കൂടാതെ മറ്റു ധാരാളം വിളകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി കൃഷി ചെയ്ത് വരുന്നു.

പട്ടിക 2.21

ഭൂവിനിയോഗം (കൃഷി)

ക്രമ നം	കാറ്റഗറി	വിസ്തീർണ്ണം (ഹെ)
1	ജില്ലയുടെ വിസ്തീർണ്ണം	4480 ച.കി.മീ (447584 ഹെക്ടർ)
2	കൃഷിചെയ്തിരിക്കുന്ന വിസ്തീർണ്ണം	189123

3	കൃഷിചെയ്യാത്തഭൂമിയുടെ വിസ്തീർണ്ണം	91903
4	കൃഷിചെയ്യാവുന്ന തരിശ് വിസ്തീർണ്ണം	23591
5	വനം	136257

ഉറവിടം : കൃഷിവകുപ്പ്

പട്ടിക 2.22

കഴിഞ്ഞ 3 വർഷങ്ങളിലെ നെൽകൃഷി വിസ്തൃതി

ക്രമ നം	വർഷം	വിരിപ്പ് (ഹെ)	മുണ്ടകൻ(ഹെ)	പുഞ്ച(ഹെ)	ആകെ (ഹെ)
1.	2014-15	44250	45523	400	90173
2.	2015-16	35862	42593	165	78620
3.	2016-17	33990	28602	-	62592

ഉറവിടം : കൃഷിവകുപ്പ്

2.17.2 നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞ് വരികയാണെന്ന് മുകളിലെ പട്ടികയിൽനിന്നും മനസിലാക്കാം. ജലസേചന സംവിധാനങ്ങളുടെ അപര്യാപ്തത, ജലലഭ്യത കുറവ്, തൊഴിലാളി ക്ഷാമം, വിപണന സംവിധാനത്തിൻറെ അഭാവം എന്നിവ പ്രധാന പ്രശ്നങ്ങളാണ്.

2.18 മൃഗസമ്പത്ത്

2.18.1 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഗാർഹിക വരുമാനം ലഭ്യതയിലും മൃഗസംരക്ഷണ മേഖലയിലെ സാധ്യതകൾ നിരവധിയാണ്. മൃഗസംരക്ഷണ വകുപ്പിൻറെ റിപ്പോർട്ട് അനുസരിച്ച് പാലക്കാട് ജില്ലയിൽ 293467 കന്നുകാലികളും 3512994 വളർത്തുപക്ഷികളും ഉണ്ട്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പശുക്കൾ, കാളക്കുട്ടികൾ എന്നിവ പാലക്കാട് ജില്ലയിലാണ്.

പട്ടിക 2.23

പാലക്കാട് ജില്ലയിലെ കന്നുകാലി വിവരങ്ങൾ

കന്നുകാലി ഇനം	പശു, കാളക്കുട്ടി	എരുമ /പോത്ത്	ആട്	ആകെ
എണ്ണം	175095	9191	113031	297317

ഉറവിടം : മൃഗസംരക്ഷണ വകുപ്പ്

പട്ടിക 2.24

കാലി വളർത്തൽ തൊഴിലായി സ്വീകരിച്ച കുടുംബങ്ങളുടെ എണ്ണം

ക്രമ നം	തൊഴിൽ	കുടുംബങ്ങളുടെ എണ്ണം
1	പശുവളർത്തൽ	65405
2	എരുമ / പോത്ത് വളർത്തൽ	3547
3	ആട് വളർത്തൽ	25302
4	പന്നി വളർത്തൽ	132
5	കോഴി വളർത്തൽ	138777
	ആകെ	**233163**

ഉറവിടം : മൃഗസംരക്ഷണ വകുപ്പ്

2.18.2 പാലക്കാട് ജില്ലയിൽ 2,33,163 കുടുംബങ്ങൾ കാലിവളർത്തുന്നവരാണ് എന്ന് മുകളിലെ പട്ടികയിൽ നിന്നും മനസിലാക്കാം. ഈ കുടുംബങ്ങൾ ഏറിയ പങ്കും കർഷക കുടുംബങ്ങളാണ്.

2.19 മത്സ്യബന്ധനം

2.19.1 പാലക്കാട് ജില്ലയിൽ ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, കുഴൽമന്ദം, മലമ്പുഴ എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യകൃഷി നല്ല രീതിയിൽ ചെയ്ത് വരുന്നു. 1963 ൽ ഫിഷറീസ് വകുപ്പ് മലമ്പുഴയിൽ മത്സ്യ വിത്തുല്പാദന കേന്ദ്രം ആരംഭിച്ചു. 1976 ൽ

മീങ്കരയിൽ മത്സ്യ കർഷക വികസന ഏജൻസി രൂപീകരിച്ചതോടെ ശാസ്ത്രീയ മത്സ്യകൃഷി രീതികൾക്ക് ജില്ലയിൽ പ്രചാരം ലഭിച്ചു. ജില്ലയിൽ മത്സ്യകൃഷി നടത്തുന്ന പ്രധാന റിസർവോയറുകളുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു.

പട്ടിക 2.25

മത്സ്യകൃഷി നടത്തുന്ന റിസർവോയറുകൾ

ക്രമ നം	പേര്	വിസ്തൃതി (ഹെ)	മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികളുടെ എണ്ണം	മത്സ്യബന്ധനം നടത്തുന്ന സ്ഥാപനത്തിൻറെ പേര്
1.	മലമ്പുഴ	2313	115	സ്വയം സഹായ സംഘം
2.	മംഗലം	393	33	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
3.	മീങ്കര	259	29	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
4.	ചുള്ളിയാർ	159	32	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
5.	പോത്തുണ്ടി	363	30	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
6.	വാളയാർ	259	50	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
7.	കാഞ്ഞിരപ്പുഴ	512	60	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
ആകെ		**4258**	**349**	

ഉറവിടം : ഫിഷറീസ് വകുപ്പ്, മലമ്പുഴ

2.19.2 വ്യത്യസ്ത ഇനത്തിൽപ്പെട്ട നിരവധി ശുദ്ധജല മത്സ്യങ്ങൾ ജില്ലയിൽ കാണപ്പെടുന്നു. സ്വാഭാവിക ജലസ്രോതസ്സുകളിൽ 80 ൽ പരം മത്സ്യഇനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന് പുറമെ മത്സ്യ കൃഷിക്കായി ഉയർന്ന വളർച്ചാനിരക്കും പ്രതിരോധ ശേഷിയുമുള്ള മത്സ്യങ്ങളേയും വളർത്തിവരുന്നു. 2016-17 ൽ ജില്ലയിലെ വിവിധ റിസർവോയറുകളിൽ നിന്ന് 124.9 ടൺ മത്സ്യം ലഭിച്ചിട്ടുണ്ട്.

2.20 സ്ഥാപനങ്ങൾ

1. സാമ്പത്തിക സ്ഥാപനങ്ങൾ
2. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങൾ
3. സാമൂഹ്യ സ്ഥാപനങ്ങൾ
4. പരിശീലന കേന്ദ്രങ്ങൾ
5. സ്കീമുകൾ, പരിശീലന പരിപാടികൾ

2.21 സാമ്പത്തിക സ്ഥാപനങ്ങൾ

2.21.1 ദേശസാൽകൃത ബാങ്കുകൾ, കൊമേഴ്സ്യൽ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ, വികസന ബാങ്കുകൾ എന്നിവ സാമ്പത്തിക സ്ഥാപന വിഭവങ്ങളാണ്. പാലക്കാട് ജില്ലയിലെ ലീഡ് ബാങ്ക് കനറാ ബാങ്ക് ആണ്.

പട്ടിക 2.26

കഴിഞ്ഞ 3 വർഷങ്ങളിലെ ഡെപ്പോസിറ്റ്, അഡ്വാൻസ്, സി.ഡി റേഷ്യോ വിവരങ്ങൾ

(തുക കോടിയിൽ)

ഇനം	30.06.2015	30.06.2016	30.06.2017
ആകെ ഡപ്പോസിറ്റ്	22969	27143	29196
ആകെ അഡ്വാൻസ്	16590	17657	19596
സി.ഡി റേഷ്യോ	72	65	67

ഉറവിടം : ലീഡ് ബാങ്ക്, പാലക്കാട്

പട്ടിക 2.27

പാലക്കാട് ജില്ലയിലെ ബാങ്കിംഗ് സ്ഥിതി വിവരങ്ങൾ (തിയ്യതി 31.03.2017)

(തുക ലക്ഷത്തിൽ)

ക്രമ നം	ബാങ്ക്	ബ്രാഞ്ചുകൾ	ഡപ്പോസിറ്റ്		അഡ്വാൻസ്	സി.ഡി റേഷ്യോ
			ആകെ നിക്ഷേപം	ആകെ (എൻ.ആർ.ഐ)		
1	സ്റ്റേറ്റ് ബാങ്ക് ഗ്രൂപ്പ്	93	680463	203752	351896	55.09
2	നാഷണലൈസഡ് ബാങ്കുകൾ (18 ബാങ്കുകൾ)	169	638547.94	166915	485799.49	74.29
3	ആർ.ആർ.ബി (കേരള ഗ്രാമീൺ ബാങ്ക്	23	36978	2131	56751	143.76
	പബ്ലിക് സെക്ടർ ആകെ	285	1355988.94	37279769	894446.49	67.22
4	പ്രൈവറ്റ് സെക്ടർ ബാങ്ക് (14 ബാങ്കുകൾ)	132	499992.28	188549.21	320029.90	64.99
5	കോ-ഓപ്പറേറ്റീവ് ബാങ്കുകൾ	153	10635999	-	705092	63
6	കെ.എഫ്.സി	1			40005	
	ആകെ എണ്ണം	571	2919580.22	561347	1959573	66.70

ഉറവിടം : ലീഡ് ബാങ്ക്, പാലക്കാട്

2.21.2 പട്ടികയിൽ ചേർത്തിരിക്കുന്നത് പ്രകാരം പാലക്കാട് ജില്ലയിൽ പൊതു, സ്വകാര്യ, സഹകരണ മേഖലകളിലായി 571 ബാങ്കിംഗ് സ്ഥാപനങ്ങളുണ്ട്. ആകെ ഡപ്പോസിറ്റ് 29196 കോടിയാണ്. ആകെ അഡ്വാൻസ് 19596 കോടിയാണ്. സി.ഡി റേഷ്യോയിൽ ഏറ്റവും മുന്നിൽ നില്ക്കുന്നത് കേരള ഗ്രാമീൺ ബാങ്ക് ബ്രാഞ്ചുകളും ഏറ്റവും പുറകിൽ നിലക്കുന്ന സ്റ്റേറ്റ് ബാങ്ക്, ഗ്രൂപ്പും ആണ്.

പട്ടിക 2.28

പാലക്കാട് ജില്ലയിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ വിവരങ്ങൾ (തുക ലക്ഷത്തിൽ)

ക്രമ നം	ഇനം	2014-15	2015-16	2016-17
1	സംഘങ്ങളുടെ ആകെ എണ്ണം	94	94	95
2	മൊത്തം അംഗസംഖ്യ	2136479	2313096	2325714
3	എ) ഓഹരി മൂലധനം	6216.76	7335.18	9741.63
	ബി) ഓഹരി മൂലധനം സർക്കാരിൻറേത്	537.37	586.98	723.92
	സി) ആകെ ഓഹരി മൂലധനം	6754.13	7922.16	10465.55

4	നിക്ഷേപം	446692.52	506988.69	547208.01
5	കരുതൽ ധനം	7071.18	7331.39	9356.72
6	വായ്പാക്കടം	169582.15	136018.73	201525.86
7	ആകെ പ്രവർത്തന മൂലധനം	692570.37	810795.52	649494.57
8	മൊത്തം വായ്പ ബാക്കി നൽകിയത്	340744.58	393577.06	409496.72
9	കാർഷികോൽപന്നങ്ങളുടെ സംരക്ഷണ വിപണനം	120.79	126.35	105.21
10	വിത്ത്, വളം, കീടനാശിനി വിൽപ്പന	5000.13	6186.06	5592.46
11	എ) ഉപഭോക്തൃ സാധനങ്ങൾ വിൽപ്പന	2064.89	1589.41	1916.21
	ബി) വായ്പാക്കട നിക്ഷേപ അനുപാതം	76.28	77.63	74.83

ഉറവിടം : ജോയിൻറ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാലക്കാട്

2.22 വിദ്യാഭ്യാസ/ഗവേഷണ സ്ഥാപനങ്ങൾ

2.22.1 മനുഷ്യ ശക്തി വികസനത്തിനുള്ള ശക്തമായ ഉപകരണമാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സാമൂഹ്യ വൽക്കരണ പ്രക്രിയയാണ് ആയതിനാൽ സമൂഹവും പ്രകൃതിയുമായുള്ള മനുഷ്യരുടെ ബന്ധം നിർണിയിക്കുവാനും അവയുമായി സർഗ്ഗാത്മക പ്രതി പ്രവർത്തനങ്ങളിൽ സഹായിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം. *(വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ അദ്ധ്യായം 4.12 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)*

1. **ഗവേഷണ സ്ഥാപനങ്ങൾ**

a) ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി

കോഴ്സുകൾ (ബി.ടെക്)	**സീറ്റുകൾ**
സിവിൽ എഞ്ചീനിയറിംഗ്	30
കംപ്യൂട്ടർ സയൻസ് & എഞ്ചീനിയറിംഗ്	30
മെക്കാനിക്കൽ എഞ്ചീനിയറിംഗ്	30
ഇലക്ട്രിക്കൽ എഞ്ചീനിയറിംഗ്	30

എം.എസ് & പി.എച്ച്ഡി പ്രോഗ്രാം സബ്ജെക്ടുകൾ

1. കെമിസ്ട്രി
2. സിവിൽ എഞ്ചീനിയറിംഗ്
3. കംപ്യൂട്ടർ സയൻസ് & എഞ്ചീനിയറിംഗ്
4. ഇലക്ട്രിക്കൽ എഞ്ചീനിയറിംഗ്
5. മെക്കാനിക്കൽ എഞ്ചീനിയറിംഗ്
6. മാത്തമാറ്റിക്സ്
7. ഫിസിക്സ്

ഉറവിടം :ഐ.ഐ.റ്റി, പാലക്കാട്

b) **റീജിയണൽ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷൻ പട്ടാമ്പി**

2.22.2 നെല്ല് ഗവേഷണത്തിൽ പ്രശ്സതിയുള്ള ഈ സ്ഥാപനം 1927 ലാണ് സ്ഥാപിക്കപ്പെട്ടത്. 1972 ൽ കേരള കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ നെല്ല് ഗവേഷണ കേന്ദ്രമായി ഇത് നാമകരണം ചെയ്യപ്പെട്ടു. ഗവേഷണ പ്രവർത്തനങ്ങളിൽ ഭൂരിഭാഗവും നെൽകൃഷിയുടെ പ്രായോഗിക വശങ്ങളെ സംബന്ധിച്ചുള്ളവയാണ്. സസ്യ ജനിതക പാലനം,

വിളപരിപാലനം, കാർഷിക രസതന്ത്രം, ഷട്പദ വിജ്ഞാനം, രോഗ വിജ്ഞാനം, ഉദ്യാനകൃഷി ശാസ്ത്രം, സാമൂഹ്യ ശാസ്ത്ര വ്യാപനം, കാർഷിക എഞ്ചിനിയറിംഗ് എന്നീ 8 വിഭാഗങ്ങളിലായിട്ട് ഗവേഷണ പ്രവർത്തനങ്ങൾ നടക്കുന്നു. നെല്ല് ഗവേഷണം, വിത്ത് ഗവേഷണം, വിത്തുല്പാദനം, പയർ ഗവേഷണം, കാലാവസ്ഥപഠനം എന്നീ മേഖലകളിൽ ദേശീയ തലത്തിൽ പ്രവർത്തിച്ച് വരുന്ന ഏകോപിത ഗവേഷണ പദ്ധതികളുടെ ഉപകേന്ദ്രങ്ങളും ഇവിടെ പ്രവർത്തിച്ച് വരുന്നു. കൂടാതെ വിത്ത് പരിശോധനശാല, നഴ്സറി, ഡയറി, കൃഷി വിജ്ഞാന കേന്ദ്രം, വിജ്ഞാന വിപണനാ കേന്ദ്രം എന്നിവയും ജന കേന്ദ്രത്തിൻറെ ഘടകങ്ങളാണ്.

പട്ടിക 2.32

കെ.വി.കെ പട്ടാമ്പിയുടെ കഴിഞ്ഞ 3 വർഷത്തെ ഉല്പാദന വിവരങ്ങൾ

ഉല്പാദനതരം	2014-15		2015-16		2016-17	
	ആകെ തുക	ലഭ്യമാകാവുന്ന കൃഷിക്കാരുടെ എണ്ണം	ആകെ തുക	ലഭ്യമാകാവുന്ന കൃഷിക്കാരുടെ എണ്ണം	ആകെ തുക	ലഭ്യമാകാവുന്ന കൃഷിക്കാരുടെ എണ്ണം
വിത്ത്	16380	311	16750	70	68316	31
പ്ലാൻറിംഗ് മെറ്റിരീയൽ	200552	1965	173944	1647	283832	892
ബയോ പ്രൊഡക്ട്സ്	16000	48	216420	1732	488700	3882
ലൈവ് സ്റ്റോക്ക്	137700	225	87200	117	162000	178

ഉറവിടം : കൃഷി വിജ്ഞാനകേന്ദ്രം, പട്ടാമ്പി

പട്ടിക 2.33.

സാമൂഹ്യ സ്ഥാപനങ്ങൾ

ക്രമ നം	വിഭാഗം	സർക്കാർ	എയ്ഡഡ്	സ്വകാര്യം/ അൺ എയ്ഡഡ്
1	വൃദ്ധ സദനം	1	-	31
2	അംഗനവാടി	2835	-	-
3	സെപ്ഷ്യൽ സ്കൂൾ	1	1	7
4	ബഡ്സ് സ്കൂൾ	8	-	-

ഉറവിടം : സാമൂഹ്യ നീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്

2.22.3 സാമൂഹ്യ സുരക്ഷാ വകുപ്പിൻറെ കണക്കുകൾ പ്രകാരം പാലക്കാട് ജില്ലയിൽ 32 വൃദ്ധ സദനങ്ങൾ ഉണ്ട്. അതിൽ 1 സർക്കാർ മേഖലയിലും 31 സ്ഥാപനങ്ങൾ സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നു. 2835 അംഗൻവാടികൾ ജില്ലയിൽ ഉണ്ട്. വിദ്യാഭ്യാസ വകുപ്പിൻറെ കണക്കുകൾ പ്രകാരം 1 സർക്കാർ സ്പെഷ്യൽ സ്കൂളും 1 എയ്ഡ്ഡ് സെപ്യഷൽ സ്കൂളും. 7 അൺ എയ്ഡഡ് സ്പെഷ്യൽ സ്കൂളും ജില്ലയിൽ ഉണ്ട്. സർക്കാർ മേഖലയിൽ 8 ബഡ്സ് സ്കൂളുകൾ ഉണ്ട്.

i) **ബഡ്സ് റിഹാബിലിറ്റേഷൻ കേന്ദ്രങ്ങൾ**

1. കണ്ണാടി
2. കരിമ്പ
3. വല്ലപ്പുഴ
4. കുത്തന്നൂർ

ii) **എൻ. ജി. ഒ / സി.ബി.ഒ സ്ഥാപനങ്ങൾ (പ്രധാനപ്പെട്ടവ)**

- ❖ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, പാലക്കാട് യൂണിറ്റ്
- ❖ റെഡ്ക്രോസ് സൊസൈറ്റി, പാലക്കാട് യൂണിറ്റ്
- ❖ റോട്ടറി ഇൻറർനാഷണൽ, പാലക്കാട്
- ❖ ലയൺസ് ക്ലബ് ഇൻറർനാഷണൽ, പാലക്കാട്
- ❖ ശാസ്ത്ര സാഹിത്യ പരിഷത്ത്, പാലക്കാട്
- ❖ ഭാരത് സേവക് സമാജ്, പാലക്കാട്
- ❖ പാലക്കാട് ജില്ല ആരോഗ്യ കുടുംബ ക്ഷേമ സഹകരണ സംഘം, നെന്മാറ
- ❖ നെഹ്റു യുവ കേന്ദ്ര സ്ഥാപനങ്ങൾ, പാലക്കാട് ജില്ല
- ❖ ജില്ലാ സാക്ഷരതാ മിഷൻ, പാലക്കാട്
- ❖ പെയിൻ & പാലിയേറ്റീവ് കെയർ സംഘങ്ങൾ, പാലക്കാട് ജില്ല
- ❖ മൈത്രി, ഡി.പി.ഒ റോഡ്, പാലക്കാട്
- ❖ പീപ്പിൾ സർവ്വീസ് സൊസൈറ്റി, ചക്കന്തറ, പാലക്കാട്
- ❖ ഹോപ്പ് ഫൌണ്ടേഷൻ, കൽമണ്ഡപം, പാലക്കാട്
- ❖ ചൈതന്യ ചാരിറ്റബിൾ ട്രസ്റ്റ്, ഗോവിന്ദപുരം, മുതലമട
- ❖ അട്ടപ്പാടി സോഷ്യൽ സർവ്വീസ് ഓർഗനേസേഷൻ, പാലക്കാട്
- ❖ കണസ്യൂമേർസ് അസോസിയേഷൻ, പാലക്കാട്
- ❖ വിഷൻ ഇന്ത്യ സർവ്വീസ്സ്, പാലക്കാട്
- ❖ ജാമിയ ഹസനീയ ഇസ്ലാംമിയ, കൊടുന്തിരപ്പുള്ളി, പാലക്കാട്
- ❖ ബൈത്തു ഷാരിക അൽ -ഖൈറി ട്രസ്റ്റ്, പത്തിരിപ്പാല, പാലക്കാട്
- ❖ വാളയാർ വാലി ലൈൻസ് ട്രസ്റ്റ്, പാളയപ്പേട്ട, പാലക്കാട്

മേൽപ്പറഞ്ഞവ കൂടാതെ ജില്ലയിൽ ഒട്ടേറെ എൻ.ജി.ഒ / സി.ബി.ഒ അനുബന്ധ സ്ഥാപനങ്ങൾ കൂടി പ്രവർത്തിച്ചുവരുന്നുണ്ട്.

iii) **ഗ്രന്ഥശാലകൾ / വായനശാലകൾ**

3.4.4 കാർഷികേതര പ്രവർത്തന പ്രദേശത്തിന്റെ കേന്ദ്രീകരണം ചിത്രം 3.10 ൽ കാണപ്പെടുന്നു. താമസം നിർമ്മിത, താമസ കാർഷികം എന്നിവയടങ്ങുന്നതാണ് ഈ ഭൂവിനിയോഗം. നഗര കേന്ദ്രീകൃത പ്രദേശം നിർണ്ണയിക്കുന്നതിൽ ഈ ഭൂവിനിയോഗം പ്രാധാന്യമർഹിക്കുന്നു.



ചിത്രം 3.10 കാർഷികേതരപ്രവർത്തന ഭൂവിനിയോഗം

3.4.3 ഭൂവിനിയോഗ കേന്ദ്രീകരണ പ്രകാരമുള്ള പ്രവർത്തനമേഖലകൾ

3.4.3.1 വിവിധ തരത്തിലുള്ള ഭൂവിനിയോഗ കേന്ദ്രീകരണം പഠന വിധേയമാക്കിയതിൽ നിന്ന് പ്രാധാന്യമർഹിക്കുന്ന ഭൂവിനിയോഗ കേന്ദ്രീകരണം രീതിയിൽ താഴെ രേഖപ്പെടുത്തുന്ന വിധത്തിൽ നാലായി തരം തിരിക്കാവുന്നതാണ്. നഗരം, കാ ർഷികം, വനം, കാർഷികതോട്ടം. ഒന്നാമതായി കാർഷികേതര ഭൂവിനിയോഗം എന്നതിൽ താമസം, നിർമ്മിതി, ഇടത്തരം പുരയിട കൃഷി, മറ്റു കാർഷികേതര ഭൂമി എന്നിവ ചേർത്ത് വിശകലനം ചെയ്യുമ്പോൾ പ്രസ്തുത പ്രദേശത്ത് ഉയർന്ന തലത്തിലുള്ള നഗരവ ൽക്കരണ സ്വഭാവം പ്രത്യക്ഷപ്പെടുന്നതായി കാണാം. ഇതിനെ നഗര പ്രവർത്തന മേഖല എന്നതരത്തിൽ പരിഗണിക്കുന്ന രണ്ടാമതായി കാർഷിക പ്രവർത്തനം എന്നരീതിയിൽ വേർതിരിക്കാവുന്നതാണ്. ഈ പ്രവർത്തന മേഖലയിൽ ഏറ്റവും ഉയർന്ന തലത്തിലുള്ള കാർഷിക വൃത്തിപ്രദേശങ്ങളാണ് വരുന്നത്. വനഭൂവിനിയോഗ കേന്ദ്രീകരണ പ്രദേശം പൂർണ്ണമായും വനപ്രവർത്തന മേഖലയായി കണക്കാക്കാ-വുന്നതാണ്. നാലാമതായി കാർഷികതോട്ടം പൂർണ്ണമായും വരുന്ന ഭൂവിനിയോഗ കേന്ദ്രീകരണ പ്രദേശങ്ങൾ. ഭൂവിനിയോഗ കേന്ദ്രീകരണത്തെ തരംതിരിക്കപ്പെട്ടതനുസരിച്ച് പ്രവർത്തന മേഖല ചിത്രം 3.11 ൽ വ്യക്തമാക്കുന്നു.

3.4.3.2 കാർഷികമേഖല, തോട്ടമേഖല പ്രകാരം പൂർണ്ണമായും കാർഷിക വൃത്തിയായി പരിഗണിക്കപ്പെട്ട് വിശകലനം നടത്തുന്ന പ്രകാരം ഭൂവിനിയോഗം അതനുസരിച്ച് ജില്ലയിൽ മൂന്നുതരത്തിലുള്ള പ്രവർത്തന മേഖല

മാത്രമാകുന്നു. കാർഷിക പ്രവർത്തന മേഖല, വനപ്രവർത്തന മേഖല, നഗരപ്രവർത്തനമേഖല (മുഖ്യമായി കാർഷികേതര പ്രവർത്തന പ്രദേശം) എന്ന രീതിയിൽ ഉരുതിരിയുന്ന പ്രവർത്തന മേഖലകൾ 3.12 കാണാം.



ചിത്രം 3.11 നാല് പ്രവർത്തന മേഖല ഉൾപ്പെടുന്ന ഭൂവിനിയോഗ കേന്ദ്രീകരണം



ചിത്രം 3.11 മൂന്ന് പ്രവർത്തന മേഖല ഉൾപ്പെടുന്ന ഭൂവിനിയോഗ കേന്ദ്രീകരണം

3.5 മാനവശേഷി

മാനവശേഷി പഠനത്തിൽ രണ്ടുതരം പഠനങ്ങൾ നടത്തുന്നു. ജനസംഖ്യാ പഠനവും, തൊഴിൽഘടന പഠനവും.

3.5.1 ജനസംഖ്യ പഠനം

ജനസംഖ്യ പഠനഭാഗമായി ജനസംഖ്യ വിന്യാസം, ജനസംഖ്യ വർദ്ധനവ് നിരക്ക്, ജനസാന്ദ്രത, ജനസംഖ്യാകേന്ദ്രീകരണം, ഭാവി ജനസംഖ്യ നിർണ്ണയം എന്നിവയിലെ വ്യതിയാനങ്ങൾ സ്ഥലപരമായി വിവരിക്കപ്പെടുന്നു.

3.5.1.1 ജനസംഖ്യ വിന്യാസം

2011 സെൻസസ് അനുസരിച്ച് പാലക്കാട് ജില്ലയിലെ ജനസംഖ്യ 2809934 എന്ന് കണക്കാ-ക്കിയിട്ടുണ്ട്. കേരള സംസ്ഥാന ജനസംഖ്യയുടെ 6.42 ശതമാനം ഈ ജില്ലയിൽ ഉൾകൊള്ളുന്നുണ്ട്. ജനസംഖ്യയുടെ കണക്കനുസരിച്ച് പാലക്കാട് ജില്ല സംസ്ഥാന ജനസംഖ്യയിൽ 6-ാം സ്ഥാനത്ത് നിലകൊള്ളുന്നു. മുൻകാല 5 ദശാബ്ദങ്ങളിലെ ജനസംഖ്യ വിവരങ്ങൾ താഴെ പട്ടിക രൂപത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വർഷം	ആൺ (പാലക്കാട്)	പെൺ (പാലക്കാട്)	ആകെ ജനസംഖ്യ (പാലക്കാട്)	ആകെ ജനസംഖ്യ (കേരളം)
1971	819571	865771	1685342	21347300
1981	994196	1050203	2044399	25453680
1991	1155822	1226413	2382235	29098523
2001	1266985	1350497	2617482	31841374
2011	1359478	1450456	2809934	33406061

പട്ടിക 3.2 കേരളം, പാലക്കാട് ജില്ലയിലെ ജനസംഖ്യ ദശാബ്ദ വ്യതിയാനം

1971 മുതൽ 1991 വരെയുള്ള ദശാബ്ദങ്ങളിലെ ജനസംഖ്യ വർദ്ധനവ് ശരാശരി 3 ലക്ഷം ആകുന്നു വെങ്കിൽ 2001 മുതൽ 2011 വരെയുള്ള ജനസംഖ്യ വർദ്ധനവ് ശരാശരി 2 ലക്ഷമായി കുറയുന്നതായി കാണുന്നു. നിലവിലെ ജനസംഖ്യയിൽ 1359478 എണ്ണം പുരുഷ ജനസംഖ്യയും 1450456 സ്ത്രീ ജനസംഖ്യയുമാകുന്നു. ഇവ യഥാക്രമം 48.38%, 51.62% എന്ന രീതിയിലാണ്. 1971 മുത ൽ 2011 വരെയുള്ള ജനസംഖ്യ വർദ്ധനവിനനുസൃതമായ തോതിലാണ് പുരുഷ ജനസംഖ്യയും സ്ത്രീ ജനസംഖ്യയും വർദ്ധവ് അനുഭവപ്പെടുന്നത്. ജില്ലയിൽ 2011 ലെ ജനസംഖ്യ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ ജനസംഖ്യവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനമാണ് പാലക്കാട് മുനിസിപ്പാലിറ്റി. അവിടുത്തെ ജനസംഖ്യ 130955 ആണ്. ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനമാണ് നെല്ലിയാംപതി ഗ്രാമപഞ്ചായത്ത്. അവിടുത്തെ ജനസംഖ്യ 5584. നഗര ജനസംഖ്യ ഏറ്റവും കൂടുതൽ പാലക്കാട് മുനിസിപ്പാലിറ്റിയിലും കുറവ് മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലുമാണ്. ഗ്രാമീണ ജനസംഖ്യ ഏറ്റവും കൂടുതൽ അലനല്ലൂർ ഗ്രാമപഞ്ചായത്തിലും കുറവ് നെല്ലിയാംപതി ഗ്രാമപഞ്ചായത്തിലുമാകുന്നു.

3.5.1.2 ജനസംഖ്യ വർദ്ധന നിരക്ക്

3.5.1.2.1 ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് 1971 മുതൽ 2011 വരെ കുറഞ്ഞുവരുന്നതായി കാണുന്നു. ഇവ യഥാക്രം 21.3, 16.52, 9.86, 7.35 എന്നിവയാകുന്നു. ജില്ലയിലെയും കേരളത്തിലെയും ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് താഴെ ചേർത്തിരിക്കുന്ന 3.13 മുതൽ 3.16 വരെയുള്ള ചിത്രങ്ങളിൽ രേഖപ്പെടുത്തി യിരിക്കുന്നു.



ചിത്രം 3.13 ജനസംഖ്യ വ ർദ്ധന നിരക്ക് കേരളം & പാലക്കാട്

3.5.1.2.2 കേരള സംസ്ഥാനത്തിന്റെ വർദ്ധന നിരക്കിൽ നിന്നും കാര്യമായ വ്യത്യാസത്തിലാണ് പാലക്കാട് ജില്ലയുടെ ജനസംഖ്യ വർദ്ധനനിരക്ക് രേഖപ്പെടുത്തുന്നത്. നിലവിൽ കേരള സംസ്ഥാന ജനസംഖ്യ നിരക്ക് 4.91 ആകുന്ന പക്ഷം പാലക്കാട് ജില്ലയി ൽ 7.35 വരുന്നു.

3.5.1.2.3 ജില്ലയിലെ തദ്ദേശീയസ്വയംഭരണ സ്ഥാപനതലത്തിൽ സ്ഥലപരമായി ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് 1981, 1991, 2001, 2011 എന്നീ





വർഷങ്ങളിലെ ചിത്രം 3.14, 3.15, 3.16, 3.17 എന്നിവയിൽ കാണാവുന്നതാണ്. ജില്ലയിലെ തദ്ദേശസ്വയംഭരണതല ജനസംഖ്യ വർദ്ധന നിരക്ക് 1991-2001, 2001-2011 എന്നിവ പട്ടിക 3.3 ൽ രേഖപ്പെടുത്തിയിരിക്കുന്നു. (അനുബന്ധം 1 കാണുക)



ചിത്രം 3.16 1991 മുത ൽ 2001 വരെയുള്ള ജനസംഖ്യ വളർച്ചാ നിരക്ക്



ചിത്രം 3.17 2001 മുത ൽ 2011 വരെയുള്ള ജനസംഖ്യ വളർച്ചാ നിരക്ക്

3.5.1.3 ജനസാന്ദ്രത

ജനസാന്ദ്രത രണ്ടുതരത്തിൽ രേഖപ്പെടുത്താവുന്നതാണ്. ജില്ലയുടെ മൊത്തം വിസ്തീർണ്ണപ്രകാര-മുള്ള ജനസാന്ദ്രതയും, ആവാസയോഗ്യമായ സ്ഥലവിസ്തീർണ്ണ പ്രകാരമുള്ള ജനസാന്ദ്രതയും. ഇവ യഥാക്രമം മൊത്തം ജനസാന്ദ്രത (Gross Population Density) അറ്റജനസാന്ദ്രത (Net Population Density) എന്നിവയാകുന്നു. മൊത്ത വിസ്തീർണ്ണ പ്രകാരമുള്ള ജനസാന്ദ്രത 1971 മുതൽ 2011 വരെയാണുള്ളത് പട്ടിക 3.4 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ജില്ലയിലെ മൊത്തം ജനസാന്ദ്രത 1971 ൽ 376ഉം, 2011 ൽ 627ഉം ആണെന്ന് കാണാം.

വ ർഷം	1971	1981	1991	2001	2011	Area in Sq.km
മൊത്തം ജനസാന്ദ്രത (കേരളം)	549	655	749	819	860	38863
മൊത്തം ജനസാന്ദ്രത (പാലക്കാട്)	376	456	532	584	627	4480
അറ്റ ജനസാന്ദ്രത				1766		

പട്ടിക 3.4 ജനസാന്ദ്രത

സ്ഥലപരമായി ജില്ലയിലെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെയും മൊത്തം ജനസാന്ദ്രത (Gross Population Density) 2001, 2011 വർഷങ്ങളിലെ താഴെ ചിത്രം 3.18, 3.19 എന്നിവയിൽ കാണാം.



ചിത്രം 3.18 ജനസാന്ദ്രത 2001



ചിത്രം 3.19 ജനസാന്ദ്രത 2011

പാലക്കാട് ജില്ലയിലെ അറ്റ ജനസാന്ദ്രത (Net Population Density) 2001 ൽ 1766 ച.കീ.മി ആകുന്നു. ആയത് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തി ൽ അറ്റ ജനസാന്ദ്രത (Net Population Density) ചിത്രം 3.20 ൽ കാണാം.



ചിത്രം 3.20 2001 ലെ അറ്റ ജനസാന്ദ്രത

.5.1.4 ജനസാന്ദ്രത

ജില്ലയിലെ 2011 ലെ ജനസംഖ്യ കണക്കനുസരിച്ച് മൊത്തം ജനസംഖ്യ സ്ഥലപരമായി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നത് സംബന്ധിച്ച പഠനമാണ് ജനസംഖ്യാ കേന്ദ്രീകരണം. ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 2/3 ഭാഗം, ½ഭാഗം, 1/3 ഭാഗം എന്നിവ 1991, 2001, 2011 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ തലത്തിൽ സ്ഥലപരമായി കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നതെന്ന് ചിത്രം 3.21, 3.22, 3.23ലും കാണാം.



ചിത്രം 3.21 ജനസംഖ്യ കേന്ദ്രീകരണം 1991



ചിത്രം 3.22 ജനസംഖ്യ കേന്ദ്രീകരണം 2001



ചിത്രം 3.23 ജനസംഖ്യ കേന്ദ്രീകരണം 2011

3.5.1.5 സ്ത്രീപുരുഷ അനുപാതം (Sex ratio)

ജില്ലയിലെയും സംസ്ഥാനത്തെയും സ്ത്രീപുരുഷാനുപാതം 1991 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലെ പട്ടിക 3.5 ൽ കാണാം. ജില്ലയിൽ ഇവ യഥാക്രമം 1061, 1068, 1067 എന്നരീതിയിലാണ് രേഖപ്പെടുത്തുന്നത്. സംസ്ഥാന തലത്തിൽ ഇവ യഥാക്രമം 1036, 1058, 1084 എന്നരീതിയിലും കാണപ്പെടുന്നു. സംസ്ഥാന തലത്തിനേക്കാൾ ഉയർന്നതോതിലുള്ള സ്ത്രീപുരുഷ അനുപാതമാണ് ജില്ലയിൽ കാണപ്പെടുന്നത്.

ക്രമ നം.	ജില്ല / സംസ്ഥാനം	ലിംഗ അനുപാതം		
		1991	2001	2011
1	പാലക്കാട്	1061	1068	1067
2	കേരളം	1036	1058	1084

പട്ടിക 3.5 സംസ്ഥാനതല ലിംഗാനുപാതം

3.5.1.6 ഭാവി ജനസംഖ്യ നിർണ്ണയം (Future Population)

നിലവിലെയും, മുൻകാല ജനസംഖ്യവർദ്ധനവിന്റെ തോതനുസരിച്ച് ഭാവി ജനസംഖ്യാ നിർണ്ണയം നടത്താവുന്നതാണ്. പ്രസ്തുത നിർണ്ണയാനുസരണം 2021ലെ ജനസംഖ്യ 3061007, 2031ലെ ജനസംഖ്യ 3177641 ആയി വരുന്നതായി കാണാം. താഴെ രേഖപ്പെടുത്തിയിരിക്കുന്ന പട്ടിക 3.6 പ്രകാരം നിർണ്ണയരീതി കാണാം.

വ ർഷം	കൃത്യങ്ക രീതിപ്രകാരം ആകെ ജനസംഖ്യ	ആവറേജ് ഇൻക്രീസ് രീതി പ്രകാരം ആകെ ജനസംഖ്യ	ശരാശരി ജനസംഖ്യ
2021	3144546	3091082	3117814
2031	3519004	3372230	3445617

പട്ടിക 3.6 ശരാശരി ജനസംഖ്യ

3.5.2 തൊഴിൽ ഘടന (Occupational Structure)

ജില്ലയിൽ തൊഴിൽ ഘടന പഠന വിധേയമാക്കുന്നതിൽ നിലവിലെ തൊഴിലാളികളുടെ വിന്യാസം, തൊഴിലാളി വ ർഗ്ഗീകരണം, തൊഴിലാളികളുടെ കേന്ദ്രീകരണം എന്നിവ സ്ഥലപരമായി വിവരിക്കപ്പെടുന്നു.

3.5.2.1 തൊഴിലാളി വിന്യാസം

പാലക്കാട് ജില്ലയിലെ തൊഴിലാളി പങ്കാളിത്തം ക്രമാനുഗതമായി വർദ്ധിച്ചുവരുന്നതായി കാണുന്നു. 1981 ൽ 723348 ആയിരുന്നത് 2011 ൽ 11619063 ആയി വർദ്ധിച്ചിരിക്കുന്നു. തൊഴിലാളികളെ പ്രധാന തൊഴിലാളികൾ (Main Workers), അപ്രധാന തൊഴിലാളികൾ (Marginal Workers) എന്നിങ്ങനെ രണ്ടുതരത്തിലായി കണക്കാക്കി വരുന്നു. ആസൂത്രണ പ്രക്രിയയി ൽ 180 ദിവസത്തേക്കാൾ കൂടുതൽ തൊഴിൽ ലഭ്യമാകുന്ന തൊഴിലാളികൾ പ്രധാന തൊഴിലാളിയും അതിനേക്കാൾ കുറവ് തൊഴി ൽ ലഭിക്കുന്ന തൊഴിലാളികൾ അപ്രധാന തൊഴിലാളികൾ ആകുന്നു. നിലവിൽ പ്രധാന തൊഴിലാളികളുടെ എണ്ണം, അപ്രധാന തൊഴിലാളികളുടെ എണ്ണം എന്നിവ 1981 മുതൽ 2011 വരെയുള്ളത് താഴെ പറയുന്ന പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

വ ർഷം	ആകെ തൊഴിലാളികൾ	ആകെ തൊഴിലാളികളുടെ (%)	പ്രധാന തൊഴിലാളികള്	പ്രധാന തൊഴിലാളികളുടെ (%)	അപ്രധാന തൊഴിലാളികൾ	അപ്രധാന തൊഴിലാ	തൊഴില്	തൊഴിൽരഹിതരുടെ (%)
1991	845141	35.47	786363	93.05	58778	6.95	1537094	64.53
2001	945052	36.1	768620	81.33	176432	18.67	1672430	63.4
2011	1042340	37.09	875540	84	166800	16	1767594	62.91

പട്ടിക 3.7 പ്രധാന / അപ്രധാന തൊഴിലാളികളുടെ എണ്ണം

3.5.2.2 തൊഴിലാളി വർഗ്ഗീകരണം

തൊഴിലാളികളെ സാധാരണനിലയിൽ കർഷകൻ, കർഷകതൊഴിലാളികൾ, കുടിൽവ്യവസായ തൊഴിലാളികൾ, മറ്റു വിധ തൊഴിലാളികൾ എന്നീ തരത്തിൽ വർഗ്ഗീകരിച്ചിരിക്കുന്നു. 1991 മുതൽ 2011 വരെയുള്ള തൊഴിലാളി വർഗ്ഗീകരണം പട്ടിക 3.8 ൽ കാണാവുന്നതാണ്.

വർഷം	കർഷകർ	കർഷകരുടെ (%)	ക ർഷക തൊഴിലാളികള്	കർഷക തൊഴിലാളികളുടെ (%)	കുടിൽ വ്യവസായ തൊഴിലാളികൾ	കുടിൽവ്യവസായ തൊഴിലാളികളു (%)	മറ്റു തൊഴിലാളികൾ	മറ്റു തൊഴിലാളികളുടെ (%)	മൊത്തം
1991	5645	6.35	24981	28.1	4371	4.92	53916	60.6	88913
2001	2483	2.36	9513	9.04	4634	4.4	88618	84.	105248
2011	3440	1.7	14937	7.4	5024	2.56	178629	88.	202030

പട്ടിക 3.8 തൊഴിലാളി വർഗ്ഗീകരണം

കർഷകരുടെ എണ്ണം 1991 ൽ നിന്ന് 2001 ൽ കുറഞ്ഞുവരുന്നു. 2011 കൂടിവരുന്നതായി കാണുന്നു. എന്നാൽ ക ർഷകതൊഴിലാളികൾ, കുടിൽ വ്യവസായ തൊഴിലാളികൾ മറ്റുതൊഴിലാളികൾ എന്നിവ 1991 ൽ നിന്നും 2011 ലേക്ക് വ ർദ്ധിച്ചുവരുന്നതായി കാണാം.

3.5.2.3 തൊഴിലാളി കേന്ദ്രീകരണം

ജില്ലയിൽ തദ്ദേശസ്വയംഭരണ പ്രദേശപ-രമായി വിവിധ തൊഴിലാളി കേന്ദ്രീകരണം വിവിധ ചിത്രങ്ങളിലായി 2001, 2011 വർഷങ്ങളിലെ രേഖപ്പെടുത്തിയിരിക്കുന്നു. 2001 ലെ കുടിൽ വ്യവ-സായ കേന്ദ്രീകരണം ചിത്രം 3.24 ലും കർഷകതൊഴിലാളികളുടെ കേന്ദ്രീകരണം 3.25 ലും കർഷകരുടെ കേന്ദ്രീകരണം 3.26ലും മറ്റുതൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രം 3.27ലും കാണാം. 2011ലെ കുടിൽ വ്യവസായ തൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രം 3.28ലും കാണാം. കർഷകതൊഴിലാളികളുടെ കേന്ദ്രീകരണം ചിത്രം 3.29ലും കാണാം.



ചിത്രം 3.24 കുടി ൽവ്യവസായ കേന്ദ്രീകരണം



ചിത്രം 3.25 കർഷക തൊഴിലാളികളുടെ കേന്ദ്രീകരണം (2001)



ചിത്രം 3.26 കർഷകരുടെ കേന്ദ്രീകരണം (2001)



ചിത്രം 3.27 മറ്റു തൊഴിലാളികളുടെ കേന്ദ്രീകരണം



3.6 അധിവാസിത പ്രദേശത്തിന്റെ വികസനക്രമം (Hierarchy of settlement)

ജില്ലയിലെ ഓരോ അധിവാസിത പ്രദേശത്തിന്റെതായ വികസന ക്രമം നിർണ്ണയിക്ക-പ്പെടുമ്പോഴാണ് ഭാവി ആസൂത്രണ പ്രക്രിയ സുശക്തമാക്കുന്നത്. ഈ പഠനശാഖയിൽ ഓരോ പ്രദേശത്തിന്റെയും പ്രവർത്തന സ്വഭാവം ആദ്യം പഠനവിധേയമാക്കേണ്ടതാണ്.

3.6.1 അധിവാസിത പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവം

ഓരോ അധിവാസിത പ്രദേശത്തിന്റെയും

ചിത്രം 3.28 കുടിൽ വ്യവസായ തൊഴിലാളി കേന്ദ്രീകരണം

പ്രവ ർത്തന സ്വഭാവം നിർണ്ണയിക്ക-പ്പെടുന്നത് ഭൂവിനിയോഗരീതി ആശ്രയിച്ചാണ്. ഭൂവിനിയോഗിക്കുന്നതിൽ കാർഷിക പ്രവ ർത്ത-നവും കാർഷികേതര പ്രവർത്തനത്തിന്റെയും വ്യത്യസ്ത സ്വഭാവ രീതിയാണ് പ്രകടമാക്കുന്നത്. അതുപോലെ ഭൂമിയുടെ വിനിയോഗ വിസ്തീർണ്ണ അനുപാതത്തിൽ പരിശോധിക്കപ്പെടുമ്പോൾ ഇത്തരത്തിലുള്ള സ്വഭാവ വ്യതിയാനം സംഭവി-ക്കുന്നതായി കാണാം. ഭൂമിയുടെ തുണ്ടുവ ൽക്കര-ണം വർദ്ധിക്കുന്നതനുസരിച്ച് പ്രാഥമിക രീതിയിലുള്ള കാർഷിക പ്രവർത്തനത്തിൽ നിന്ന് വ്യതിയാനം സംഭവിക്കുന്നതായി കാണാം. ഭൂമിയുടെ വിനിയോഗരീതിയെയും



ചിത്രം 3.30 അധിവാസിത പ്രദേശത്തിന്റെ പ്രവർത്തന സ്വഭാവം

തുണ്ടുവൽക്കരണരീതിയെയും സംയോജിപ്പിച്ച് പഠന വിധേയമാക്കുമ്പോൾ ഓരോ പ്രദേശത്തിന്റെയും പ്രവർത്തന സ്വഭാവം വ്യക്തമാകുകയും കൂടാതെ ഇത്തരം പ്രവർത്തന സ്വഭാവത്തിൽ വരുന്ന വ്യതിയാനം കൂടി തെളിഞ്ഞുവരുന്നു. ഈ പഠനം ജില്ലയിലെ നഗരവൽക്കരണ രീതിയെ നിർണ്ണയിക്കുന്നതിൽ സ്വാധീനം ചെലുത്തുന്നതായി കാണാം. ചിത്രം 3.30 ലും പട്ടിക 3.9ലും ജില്ലയിലെ ഓരോ അധിവാസിത പ്രദേശത്തിന്റെയും പ്രവർത്തന സ്വഭാവം കാണപ്പെടുന്നു.

ഈ പഠനമനുസരിച്ച് പാലക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി, മണ്ണാർക്കാട്, ചെർപ്പുളശ്ശേരി നഗരപ്രദേശ സ്വഭാവവും മരുതറോഡ്, പിരായിരി, പുതുനഗരം എന്നിവ അർദ്ധനഗരസ്വഭാവ പ്രദേശവും അകത്തേത്തറ അർദ്ധ ഗ്രാമപ്രദേശ സ്വഭാവവും മറ്റുള്ളവ ഗ്രാമസ്വഭാവവും കാണിക്കുന്നതായി കാണാം.

ക്രമ നം.	തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെപേര്	സ്വഭാവം
1	ചെർപ്പുളശ്ശേരി	നഗരം
2	മണ്ണാർക്കാട്	നഗരം
3	പാലക്കാട് മുനിസിപ്പാലിറ്റി	നഗരം
4	ചിറ്റൂർ - തത്തമംഗലം മുനിസിപ്പാലിറ്റി	നഗരം
5	മരുത റോഡ്	അർദ്ധനഗരം
6	പിരായിരി	അർദ്ധനഗരം
7	അകത്തേത്തറ	അർദ്ധ ഗ്രാമം
8	പുതുനഗരം	അർദ്ധ ഗ്രാമം
	മറ്റു ഗ്രാമ പഞ്ചായത്തുകൾ	ഗ്രാമം

പട്ടിക 3.9 അധിവാസിത പ്രദേശത്തിന്റെ സ്വഭാവം

3.6.2 അധിവാസിത പ്രദേശത്തിന്റെ ക്രമം

ഭൌതിക സൌകര്യങ്ങളുടെ അളവനുസരിച്ചാണ് ഓരോ അധിവാസിത പ്രദേശത്തിന്റെയും ക്രമം നിർണ്ണയിക്കപ്പെടുന്നത് ഈ ക്രമം നിശ്ചയിക്കപ്പെടുന്നതിൽ പ്രധാനമായും കണക്കിലെടുക്കുന്നത് താഴെ രേഖപ്പെടുത്തുന്ന ഭൌതിക സൌകര്യങ്ങളാണ്.

1. വിദ്യാഭ്യാസ സൌകര്യങ്ങൾ
2. ആരോഗ്യ സൌകര്യങ്ങൾ
3. വാണിജ്യ സൌകര്യങ്ങൾ
4. ഭൌതിക സംരംഭക സൌകര്യങ്ങൾ
5. ഗതാഗത സൌകര്യങ്ങൾ
6. കാർഷിക അനുബന്ധ സൌകര്യങ്ങൾ

ഓരോ അധിവാസിത പ്രദേശത്തും ലഭ്യമാകുന്ന സൌകര്യങ്ങളുടെ എണ്ണത്തിനനുസരിച്ച് തത്തുല്യ തുക ചേർന്ന് അവയുടെ സഞ്ചയം (Cumilative Function index) വരുന്നതിനനുസരിച്ച് ഓരോ പ്രദേശത്തിന്റെ ക്രമം നിർണ്ണയിക്കപ്പെടുന്നത് ഒന്നാം ക്രമത്തിൽ പാലക്കാട് മുനിസിപ്പാലിറ്റി, രണ്ടാം ക്രമത്തിൽ ഷൊർണ്ണൂർ, ഒറ്റപ്പാലം, പട്ടാമ്പി, വടക്കൻഞ്ചേരി, മണ്ണാർക്കാട്, ചെർപ്പുളശ്ശേരി, ചിറ്റൂർ-തത്തമംഗലം, ആലത്തൂർ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. മൂന്നാം ക്രമത്തിൽ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് മാത്രം ഉൾപ്പെടുന്നു. എന്നാൽ നാലാം ക്രമത്തിൽ നെന്മാറ, കൊഴിഞ്ഞാമ്പാറ, വിളയൂർ, മാത്തൂർ, കുഴൽമന്ദം, അമ്പലപ്പാറ, കൊടുവായൂർ, അഗളി, എലപ്പുള്ളി, ലക്കിടി പേരൂർ, മുതലമട, കൊല്ലങ്കോട്, മലമ്പുഴ, പെരുമാട്ടി എന്നീ 14 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. ബാക്കി വരുന്ന 65 തദ്ദേശ-സ്വയംഭരണ സ്ഥാപന പ്രദേശങ്ങൾ അഞ്ചാം ക്രമത്തിൽ വരുന്നു. ചിത്രം 3.31ലും പട്ടിക 3.10ലും ഇവ വിവരണമായി കാണാം.



ചിത്രം 3.31 അധിവാസിത പ്രദേശത്തിന്റെ ക്രമം

അധിവാസിത പ്രദേശത്തി ന്റെ ക്രമം	ക്രമ നം.	പഞ്ചായത്ത് / നഗരസഭ
I	1	പാലക്കാട് നഗരസഭ
II	1	ഷൊർണ്ണൂർ നഗരസഭ
	2	ഒറ്റപ്പാലം നഗരസഭ
	3	പട്ടാമ്പി നഗരസഭ
	4	വടക്കഞ്ചേരി ഗ്രാമപഞ്ചായത്ത്
	5	മണ്ണാർക്കാട് നഗരസഭ
	6	ചെർപ്പുളശ്ശേരി നഗരസഭ

	7	ചിറ്റൂർ - തത്തമംഗലം നഗരസഭ
	8	ആലത്തൂർ ഗ്രാമപഞ്ചായത്ത്
III	1	ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്
IV	1	നെന്മാറ ഗ്രാമപഞ്ചായത്ത്
	2	കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്ത്
	3	വിളയൂർ ഗ്രാമപഞ്ചായത്ത്
	4	മൂണ്ടൂർ ഗ്രാമപഞ്ചായത്ത്
	5	കുഴൽമന്ദം ഗ്രാമപഞ്ചായത്ത്
	6	അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്
	7	കൊടുവായൂർ ഗ്രാമപഞ്ചായത്ത്
	8	അഗളി ഗ്രാമപഞ്ചായത്ത്
	9	എലപ്പുള്ളി ഗ്രാമപഞ്ചായത്ത്
	10	ലക്കിടി , പേരൂ ർ ഗ്രാമപഞ്ചായത്ത്
	11	മുതലമട ഗ്രാമപഞ്ചായത്ത്
	12	കൊല്ലങ്കോട് ഗ്രാമപഞ്ചായത്ത്
	13	മലമ്പുഴ ഗ്രാമപഞ്ചായത്ത്
	14	പെരുമാട്ടി ഗ്രാമപഞ്ചായത്ത്
V	1	മറ്റു 65 ഗ്രാമപഞ്ചായത്തുകൾ

പട്ടിക 3.10 അധിവാസിത പ്രദേശത്തിന്റെ ക്രമം

3.7 നഗരവല്ക്കരണം (Urbanization)

ആധുനിക രീതിയിൽ നഗരവൽക്കരണം സംഭവ്യമാകുന്നത് മുഖ്യമായി ജനസംഖ്യ കേന്ദ്രീകരണം, തൊഴിൽഘടനയുടെ വ്യതിയാനം, പശ്ചാത്തല സൌകര്യവർദ്ധനവ്, ഭൂവിനിയോഗ മാറ്റം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ്. ഏറ്റവും കൂടുതലായ ജനസംഖ്യ കേന്ദ്രീകരണപ്രദേശവും, കാർഷിക തൊഴിലിൽ നിന്ന് മറ്റു തൊഴിൽ മേഖലകളിലേക്കുള്ള വ്യതിയാനവും, പശ്ചാത്തലസൌകര്യങ്ങളുടെ വർദ്ധനവിനനുസൃതമായി ഭൂവിനിയോഗ മാറ്റം സംജാതമാക്കുന്ന അവസരങ്ങളിലും പ്രസ്തുത പ്രദേശം ആ പ്രദേശക്കാർ ഗ്രാമ അന്തരീക്ഷങ്ങളിൽ നിന്ന് വ്യതിയാനം വന്ന് നഗരവൽക്കരണ സ്വഭാവം കൈവരിക്കുന്നു. ഒരു പ്രദേശം നഗരവൽക്കരണ സ്വഭാവം കൈവരിക്കുന്നതായി കണ്ടെത്തുന്നതിന് മേൽ വിവരിച്ച പഠനങ്ങൾ

അനിവാര്യമാണ്. പരമ്പരാഗത ഗ്രാമീണ സമ്പദ് വ്യവസ്ഥകളിൽ നിന്ന് ആധുനിക സാമ്പത്തിക വ്യവസ്ഥയിലേക്കുള്ള മാറ്റത്തിന്റെ സൂചകമാണ് നഗരവൽക്കരണമെന്നും നിർവ്വചിക്കാം.

ജനസംഖ്യ കേന്ദ്രീകരണം പുതൂർ, ഷോളയൂർ, മലമ്പുഴ, വടകരപതി, നെല്ലിയാംപതി, തെക്കുപടിഞ്ഞാറു മേഖല, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര ഒഴികെയുള്ള മേഖലകളിൽ ഏറ്റവും കൂടുതൽ കാണപ്പെടുന്നു. കാർഷികേതര തൊഴിൽ പ്രവർത്തനം താരതമ്യേന ഏറ്റവും കൂടുതൽ രേഖപ്പെടുത്തി-യിരിക്കുന്നത് നിലവിലെ നഗരത്തിലും അവയുടെ അനുബന്ധ പ്രദേശങ്ങളിലും ഗതാഗത സൌകര്യങ്ങൾ ലഭ്യമാകുന്നതായ പ്രദേശങ്ങളിലുമാണ്. അവയുടെ പട്ടിക 3.11 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമം നം.	തദ്ദേശസ്വയംഭരണ സ്ഥാപനത്തിൻറെ പേര്
1	പിരായിരി
2	പല്ലശ്ശന
3	മുതുമല
4	തിരുവേഗപ്പുറ
5	കൊഴിഞ്ഞാമ്പാറ
6	വിളയൂർ
7	കൊപ്പം
8	മരുതറോഡ്
9	കോട്ടായി
10	പറളി
11	വെള്ളിനേഴി
12	മാത്തൂർ
13	കുമരംപുത്തൂർ
14	പുതുശ്ശേരി
15	കൊടുമ്പ്
16	പൊൽപ്പുള്ളി
17	കാരാക്കുറിശ്ശി
18	തച്ചമ്പാറ

19	മങ്കര
20	നല്ലേപ്പിള്ളി
21	പെരുവെമ്പ്
22	പട്ടഞ്ചേരി
23	പുതുനഗരം
24	വടവന്നൂർ
25	കൊല്ലങ്കോട്
26	എലവഞ്ചേരി
27	വടക്കഞ്ചേരി

പട്ടിക 3.11 കാർഷികേതര തൊഴിൽ പ്രവർത്തന പ്രദേശങ്ങൾ

നിലവിലെ പശ്ചാത്തല സൌകര്യങ്ങളുടെ വിന്യാസം നഗര തദ്ദേശസ്വയംഭരണ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ കാണപ്പെടുന്നത്. നിലവിലെ മുനിസിപ്പാലിറ്റികളായ പാലക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി, മണ്ണാർക്കാട്, ചെർപ്പളശ്ശേരി, ഗ്രാമപഞ്ചായത്തുകളായ വടക്കഞ്ചേരി, ആലത്തൂർ, ശ്രീകൃഷ്ണപുരം എന്നിവയിലാണ്. കാർഷികേതര ഭൂവിനിയോഗം ഏറ്റവും കൂടുതൽ കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത് മുഖ്യമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ്.

3.7.1 പാലക്കാട് ജില്ലയിലെ നഗര പ്രദേശങ്ങൾ

2001 ൽ ജില്ലയിൽ പാലക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം എന്നീ മുനിസിപ്പാലിറ്റികളും പുതുനഗരം സെൻസസ് നഗരമായാണ് നിലനിന്നിരുന്നത്. 2015 പുതിയ മുനിസിപ്പാലിറ്റികളായ ചെർപ്പളശ്ശേരി, പട്ടാമ്പി, മണ്ണാർക്കാട് എന്നിവ നിലവിൽ വന്നു. 2011 സ്ഥിതിവിവര കണക്കനുസരിച്ച് 7 മുനിസിപ്പാലിറ്റികളും കൂടാതെ 6 സെൻസസ് ടൌണുകളായ പിരായിരി, പുതുശ്ശേരി സെൻട്രൽ, പുതുശ്ശേരി വെസ്റ്റ് എന്നിവയും ഉ ൾപ്പെടുന്ന ചിത്രം 3.32 ൽ ഇവയുടെ സ്ഥാനം വ്യക്തമാക്കുന്നു. നഗരസ്വഭാവമുള്ള പ്രദേശങ്ങളുടെ വിസ്തീർണ്ണം 1971 മുതൽ 2011 വരെയുള്ളത് പട്ടിക 3.11 ൽ കാണാം. 1971 ൽ 116.32 ച.കീ.മി ആയിരുന്നത് 1981 ൽ 94.60 ച.കീ.മി ആയി കുറഞ്ഞു. എന്നാൽ മണ്ണാർക്കാട് മുനിസിപ്പാലിറ്റി രൂപീകൃതമായതിനാൽ 1991 ൽ നഗരവിസ്തീർണ്ണം 221.85 ച.കീ.മി ആയി ഉയർന്നു. പിന്നീട് മണ്ണാർക്കാട്



ചിത്രം 3.32 പാലക്കാട് ജില്ലയിലെ നഗരപ്രദേശങ്ങൾ

മുനിസിപ്പാലിറ്റി വീണ്ടും ഗ്രാമപഞ്ചായത്തായി മാറ്റപ്പെട്ടതിനാൽ പ്രസ്തുത വിസ്തീർണ്ണം 2001 ൽ 158.47 ആയി വീണ്ടും കുറഞ്ഞുവന്നു. നിലവിൽ നഗരപ്രദേശങ്ങളുടെ വിസ്തീർണ്ണം 166.24 ച.കി.മി ആണ് പട്ടിക 3.12 നഗരപ്രദേശങ്ങളുടെ വിസ്തീർണ്ണം 1971 മുത ൽ 2011 വരെയുള്ളത് വ്യക്തമാക്കുന്നതാണ്.

ക്രമ നം.	നഗര പ്രദേശങ്ങൾ	2011 ലെ വിസ്തീ ർണ്ണം
1	ഷൊർണ്ണൂർ	34.01
2	ഒറ്റപ്പാലം	32.67
3	പാലക്കാട്	26.56
4	ചിറ്റൂർ - തത്തമംഗലം	15.11
5	പട്ടാമ്പി	15.89
6	ചെർപ്പുളശ്ശേരി	27.91
7	മണ്ണാർക്കാട്	14.09
	ആകെ	166.24

പട്ടിക 3.12 നഗരപ്രദേശങ്ങളുടെ വിസ്തീർണ്ണം

3.7.2 നഗര ജനസംഖ്യ

നഗരവൽക്കര പ്രക്രീയ നിർണ്ണയിക്കപ്പെടുന്നതിലെ പ്രധാന ഘടകമാണ് നഗരവല്ക്കരണ ജനസംഖ്യ. കേരള സംസ്ഥാനത്തിന്റെ നഗരജനസംഖ്യ 2001 ൽ 26 % ആയിരുന്നത് 2011 ൽ 47.7 % ആയി മാറിയിരിക്കുന്നു. പക്ഷേ ജില്ലയുടെ നഗര ജനസംഖ്യ 2001 ൽ 13.6 % ആയിരുന്നത് 2011 ൽ 24.08 % മായി വർദ്ധിച്ചു. പട്ടിക 3.13 ൽ 1971 മുതലുള്ള നഗര ജനസംഖ്യയിൽ നിന്ന് പാലക്കാട് ജില്ലയിലെ നഗരവല്ക്കരണ സ്വഭാവം വളരെ താഴ്ന്ന രീതിയിലാണെന്ന് ഇതിൽ നിന്നും വ്യക്തമാക്കുന്നു. ജില്ലയിലെ നഗര ജനസംഖ്യ 1971 ൽ 12.7% ആയിരുന്നത് നിലവിൽ 24.08 % ആയി വർദ്ധിച്ചിരിക്കുന്നതും കാണാം.

ക്രമ നം.	നഗരങ്ങൾ	1991	2001	2011
1	ഷൊർണ്ണൂർ	39550	42029	43533
2	ഒറ്റപ്പാലം	44186	49242	53792
3	പാലക്കാട്	123289	130767	130955
4	ചിറ്റൂർ - തത്തമംഗലം	32048	31886	32298
5	പട്ടാമ്പി	22108	24168	28632
6	ചെർപ്പുളശ്ശേരി	30490	34593	39241
7	മണ്ണാർക്കാട്	45422	52381	28617

പട്ടിക 3.13 നഗരപ്രദേശങ്ങളിലെ ജനസംഖ്യ

3.7.3 നഗര ജനസംഖ്യ വർദ്ധന നിരക്ക്

ചിത്രം 3.33 ൽ നഗര ജനസംഖ്യ വർദ്ധനവിന്റെ നിരക്ക് 1981 മുത ൽ 2011 വരെയുള്ളത് കാണാവുന്നതാണ് 1981 - 91 ൽ 59.27 % മായിരുന്ന നഗരജനസംഖ്യ വർദ്ധന നിരക്ക് 1991 2001 ൽ 8.3 % മായി കുറഞ്ഞതായി കാണാം. എന്നാൽ 2001 - 2011 ൽ പ്രസ്തുത നിരക്ക് 89.81% നിലയിലാണെന്ന് കാണുന്നു. സ്ഥിരജോലിയും മെച്ചപ്പെട്ട വരുമാന സ്രോതസ്സും തേടിയുള്ള യാത്രയിൽ നഗരപ്രദേശത്തേക്കുള്ള കുടിയേറ്റം മൂലമാണ് പ്രസ്തുത ജനസംഖ്യ വർദ്ധനവ് നഗരപ്രദേശങ്ങളിൽ സാധാരണയായി വർദ്ധിക്കുന്നത്. കാർഷിക പ്രവർത്തനം ഗ്രാമപ്രദേശങ്ങളില് കുറഞ്ഞുവരുന്നതിനനുസരിച്ച് സേവനമേഖലക-ളിലേക്ക് തൊഴി ൽ ഘടന വ്യതിചലിക്കുന്നു. പാലക്കാട് ജില്ലയിലെ കാർഷിക പ്രവർത്തനത്തിൽ നേരിയ തോതില് അനുഭവപ്പെട്ട ഇത്തരം വ്യതിയാനം ജില്ലയിലെ നഗരവല്ക്കരണത്തെയും ബാധിച്ചിരിക്കുന്നതായി കാണാം.

വർഷം	1981	1991	2001	2011
ആകെ ജനസംഖ്യ	21.30	16.57	9.83	7.35
നഗര ജനസംഖ്യ	-3.46	59.27	8.33	89.81

പട്ടിക 3.1 4 നഗരജനസംഖ്യ



ചിത്രം 3.33 പാലക്കാട് ജില്ലയിലെ നഗര പ്രദേശങ്ങളിലെ ജനസംഖ്യാ വളർച്ച നിരക്ക്

3.7.4 ഭാവി നഗരവല്ക്കരണ കേന്ദ്രം

3.7.4.1 ആസൂത്രണ പ്രക്രിയയുടെ പ്രധാന രീതികളിലൊന്നാണ് ഭാവിയിലെ നഗരവല്ക്കരണ പ്രദേശങ്ങളെ നിർണ്ണയിക്കുന്നത്. ജനസംഖ്യ കേന്ദ്രീകരണം, തൊഴില്ഘടന രീതി, തൊഴിലാളികളുടെ കേന്ദ്രീകരണ സ്വഭാവം, നഗരവല്ക്കരണ സ്ഥിതിവിവരം പഠനവിധേയമാക്കുന്നതിൽ നിന്നും അവയുടെ വള ർച്ച , ദിശ, അഥവ വ്യതിയാനം വ്യക്തമാക്കുകയും ആയതിനനുസരിച്ച് ഭാവിയിലെ



നഗരവല്ക്കരണ പ്രദേശങ്ങളെ നിർണ്ണയിക്കുവാൻ സാധ്യമാകുന്നതാണ്.

3.7.4.2 ജില്ലയിൽ നിലവിലുള്ള വിഭവങ്ങളുടെ വിനിയോഗ രീതി അനുസരിച്ച് സാധ്യമാകുന്ന വളർച്ചരീതി പഠനവിധേയമാക്കുന്നതിനനുസരിച്ച് ജില്ലയിലെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്രമം ലഭ്യമാകുന്നു. കൂടാതെ നിലവിലെ ഭൌതിക സൌകര്യങ്ങളുടെ ലഭ്യതയനുസരിച്ച് ഓരോ പ്രദേശത്തേയും പഠനവിധേയമാക്കുമ്പോഴും ജില്ലയിലെ പ്രദേശങ്ങളുടെ വികസന ശ്രേണി ലഭ്യമാകുന്നു. ഈ പഠനങ്ങൾ സംയോജിക്കപ്പെട്ടതനുസരിച്ച് ജില്ലയിലെ ഭാവി നഗരവൽക്കരണ പ്രദേശങ്ങൾ നിർണ്ണയിക്കപ്പെടുന്നു. ചിത്രം 3.34 ൽ ഈ നിർണ്ണയം കാണാവുന്നതാണ്. 2021 ൽ പാലക്കാട് ജില്ലയിൽ ആലത്തൂർ പ്രദേശം നഗര സ്വഭാവം കൈവരിക്കുവാൻ സാധ്യതയുള്ളതായി കാണുന്നു. അതുപോലെ 2031 ൽ പുതുനഗരം, കൊടുവായൂർ പ്രദേശങ്ങളും നഗരസ്വഭാവം കൈവരിക്കുന്നതായി പഠനം തെളിയിക്കുന്നു.

ചിത്രം 3.34 ഭാവി നഗരവല്ക്കരണ രൂപം

3.8 വിഭവങ്ങൾ (Resources)

3.8.1 ജില്ലയിൽ പ്രകൃതിദത്തമായും നിർമ്മിതമായും ലഭ്യമാകുന്ന വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ജില്ലയിലെ സാമ്പത്തിക സ്ഥിതി നിലനില്ക്കുന്നത്. വിഭവങ്ങളെ സാധാരണായായി മൂന്നുമേഖലകളായി തരംതിരിക്കാവുന്നവയാണ്. ഉല്പാദന മേഖല, സാമൂഹിക മേഖല, സേവന മേഖല എന്നിവയാണത്. അവയി ൽ താഴെ രേഖപ്പെടുത്തുന്ന മേഖലകൾ ഉൾപ്പെടുന്നു.

ഉല്പാദന മേഖല	സാമൂഹിക മേഖല	സേവന മേഖല
• കൃഷി	• വിദ്യാഭ്യാസം	• ജലസേചനം
• മൃഗപരിപാലനം	• ആരോഗ്യം	• ശുദ്ധജല വിതരണം
• മത്സ്യബന്ധനം	• സാമൂഹിക സുരക്ഷ	• ശുചീകരണം
• വ്യവസായം	• ദാരിദ്ര്യ നിർമ്മാർജ്ജനം	• ഊർജ്ജം
• വിനോദ സഞ്ചാരം	• പട്ടിക ജാതി / പട്ടിക വർഗ്ഗം	• പശ്ചാത്തല സൌകര്യങ്ങൾ

ഇവകൂടാതെ പരിസ്ഥിതി സംബന്ധമായ പഠനങ്ങളിൽ മുഖ്യ പങ്കുവഹിക്കുന്നതുമായ താഴെ രേഖപ്പെടുത്തുന്ന മേഖലകളെ സംബന്ധിച്ച പഠനങ്ങളും അനിവാര്യമാണ്.

- പരിസ്ഥിതി
- ഖനനം, ഭൂവിജ്ഞാനം
- മണ്ണ്, ജലസംരക്ഷണം

ഈ മേഖലകൾ പ്രത്യക്ഷമായും പരോക്ഷമായും ജില്ലയിലെ സാമ്പത്തിക,സാമൂഹിക, ഭൌതിക വികസനത്തിൽ തനതായ പങ്കുവഹിക്കുന്നുണ്ട്. മേൽ വിവരിത മേഖലകളെ സംബന്ധിച്ച വിശദപഠനങ്ങൾ വിവിധ മേഖലാതലത്തിൽ നടത്തുന്നുണ്ട്.

3.8.2 ആയതിന്റെ സ്ഥലപരവിശകലനം കൂടി നടത്തുമ്പോൾ മാത്രമാണ് പഠനം പൂർണ്ണമായും ആസൂത്രണ ലക്ഷ്യം കൈവരിക്കുവാൻ സാധ്യമാകുന്നത്.

3.8.3 പ്രകൃതി സംരക്ഷണത്തെ നിലനിർത്തിക്കൊണ്ട് പ്രകൃതി വിഭവങ്ങളെ സമർഥമായി വിനിയോഗിക്കേണ്ടത് ആസൂത്രണ പ്രക്രിയകൾക്കുള്ള അനിവാര്യതയാണ്. അതുപോലെ നിർമ്മിത

വിഭവങ്ങൾ പരിസ്ഥിതിക്ക് അനുകൂലമാകുന്ന രീതിയിലാണ് നടത്തപ്പെടേണ്ടത്. അവ യഥാവിധി സംരക്ഷണാർത്ഥത്തിൽ പ്രായോഗികമാക്കുക എന്നത് ഉറപ്പുവരുത്തുന്നതും അനിവാര്യതയാണ്.

3.8.4 വിഭവമേഖലകളെ സംബന്ധിച്ച് വിശദ പഠനത്തിന് സാധ്യമാകുന്ന തരത്തിലുള്ള വിവരശേഖരണത്തിന് പര്യാപ്തമായ കാലാവധി ലഭ്യമല്ലാതിരുന്നത് വിഭവ മേഖല പഠനങ്ങളെ പരിമിതപ്പെടുത്തുന്നു. പ്രത്യക്ഷത്തിൽ ജില്ലയിലെ സാമ്പത്തിക നിലവാരത്തിൽ ഉല്പാദന മേഖലകളായ കൃഷി, മൃഗപരിപാലനം, മത്സ്യബന്ധനം, വ്യവസായം, വിനോദസഞ്ചാരം എന്നിവ ഗണ്യമായ പങ്കുവഹിക്കുന്നതായി പ്രാഥമിക തലത്തിൽ കാണുന്നു. ആദിവാസി സമൂഹങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സുരക്ഷ എന്നിവയിൽ കൂടുതല് ശ്രദ്ധപതിപ്പിക്കേണ്ടതായ ആവശ്യകതയും മുൻപഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ അവഗാഹ പഠനം നടത്തി ആയതിനനുസൃതമായ വികസനങ്ങളെ നിയന്ത്രണ വിധേയമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തേണ്ടതായ ആവശ്യകതയും പ്രാഥമികമായി കാണുന്നു.

3.9 ഗതാഗത ശൃംഖല

ഗതാഗത ശൃംഖലയുടെ പഠനത്തിൽ റോഡ് നെറ്റ് വർക്കിലെ നിയന്ത്രണ കേന്ദ്ര (നോഡ്) ങ്ങളുടെ പഠനം അനിവാര്യമാണ്. പ്രധാന റോഡ് ജംഗ്ഷനുകളും, അതിനോടനുബന്ധമായ വാണിജ്യ വികസനത്തിന്റെയും സഞ്ചയമാണ് ഈ പഠനം.

3.9.1 ഗതാഗത നെറ്റ് വർക്കിലെ നിയന്ത്രിത കേന്ദ്രങ്ങളുടെ ക്രമം

ഗതാഗത നെറ്റ് വർക്കിലെ റോഡുകളുടെ ക്രമം നിശ്ചയിക്കുന്നത് ദേശീയ പാത, സംസ്ഥാന പാത, ജില്ലാ പാത, മറ്റു റോഡുകൾ എന്നിവ പരസ്പരം സംഗമിക്കുന്നതിനനുസരിച്ച് ഓരോ റോഡിനും തത്തുല്യമായ തുക നല്കി അവയുടെ മൊത്തം സഞ്ചിതതുകയനുസരിച്ച് വരുന്ന റോഡ് ജംഗ്ഷനുകളുടെ ക്രമം നിശ്ചയിക്കാവുന്നതാണ്. ആയതിനോടനുബന്ധിച്ചുവരുന്ന വാണിജ്യ സഞ്ചയങ്ങളുടെ തുക കൂടി ചേർത്ത് റോഡ് നെറ്റ് വർക്കിലെ നിയന്ത്രണ കേന്ദ്രങ്ങളുടെ ക്രമം കൂടി നിർണ്ണയിക്കപ്പെടുന്നു. ചിത്രം 3.35ൽ ക്രമം വിവരിക്കപ്പെടുന്നു. ഇതനുസരിച്ച് ജില്ല-യിലെ റോഡ് നെറ്റ് വർക്കിലെ നിയന്ത്രിത കേന്ദ്രങ്ങളെ 5 ക്രമമായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ആയത് പട്ടിക 3.15 കാണാം.



ചിത്രം 3.35 റോഡ് നെറ്റ് വർക്കിലെ നിലവിലെ നിയന്ത്രണ കേന്ദ്രങ്ങൾ

പട്ടിക 3.15 ജില്ലയിലെ ഗതാഗത നെറ്റ് വർക്കിലെ നിയന്ത്രിത കേന്ദ്രത്തിന്റെ ക്രമം

നോഡ് ക്രമം	ക്രമ നമ്പർ	സ്ഥലത്തിന്റെ പേര്
I	1	കണ്ണാടി
	1	തത്തമംഗലം

II	2	നെല്ലിപ്പുഴ
	3	കൊടുവായൂർ
	4	ചന്ദ്രനഗർ
	5	ചിറ്റൂർ
III	1	ഒറ്റപ്പാലം
	2	മംഗലം
	3	മേലേപട്ടാമ്പി
	4	ഷൊർണ്ണൂർ
IV	1	നാഗരിപുരം
	2	കൂറ്റനാട്
	3	പുതുനഗരം
	4	വല്ലങ്ങി
	5	കമ്പ്രാത്ത്ചള്ള
	6	തൃത്താല- കൊപ്പം
	7	മുടപ്പല്ലൂർ
	8	കൊല്ലങ്കോട്
	9	പെരിങ്ങോട്
	10	കോങ്ങാട്
	11	വടക്കഞ്ചേരി
	12	കൈകാട്ടി
	13	തൃത്താല
	14	പുതുശ്ശേരി
	15	കാവശ്ശേരി ചുങ്കം
V	1	നെമ്മാറ ടൌൺ

	2	മണ്ണൂർ
	3	തിരുവാഴിയോട്
	4	അഗളി
	5	ശ്രീകൃഷ്ണപുരം

3.9.2 നെറ്റ് വർക്കിലെ നിർദ്ദേശിത നിയന്ത്രണ കേന്ദ്രക്രമം

ജില്ലയിൽ തത്തുല്യമായ രീതിയില് നെറ്റ് വർക്കും അതിന്റെ നിയന്ത്രണ കേന്ദ്രവും ലഭ്യമാക്ക-ന്നതിന് നിയന്ത്രണ കേന്ദ്രങ്ങൾ നിർദ്ദേശിക്കപ്പെടേണ്ടതാണ്. സ്ഥലപരാസൂത്രണ ഭാഗമായി അവയുടെ സ്ഥാനം നിർണ്ണയിക്കുന്നതിന് താഴെ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ സഞ്ചയ വിശകലനം നടത്തിയി-രിക്കുന്നു.

- ജനസംഖ്യ വിതരണരീതി
- സേവനതലത്തിന്റെ മധ്യതലം
- നിലവിലെ നിയന്ത്രിത കേന്ദ്രത്തിന്റെ ക്രമം

ഏറ്റവും ഉയർന്നതലത്തിലുള്ള റോഡുകളുടെ സംഗമതലം പാലക്കാട് മുനിസിപ്പൽ പ്രദേശത്ത് നിലനില്ക്കുന്നതായി കാണപ്പെടുന്നു. അത് ഒന്നാം ക്രമത്തിലാണ് വരുന്നത്. ജില്ലയുടെ മധ്യഭാഗത്തു വന്നിരിക്കുന്ന ഈ നിയന്ത്രണ ക്രമം തന്നെ ഒന്നാം ക്രമ കേന്ദ്രമായി നിർദേശിക്കുന്നു. ഈ ഒന്നാം ക്രമത്തിലുള്ള നിയന്ത്രണ കേന്ദ്രം ജില്ലയിൽ പൂർണ്ണമായ സേവനകേന്ദ്രമായി പരിഗണിക്കുന്നു.

നിലവിലുള്ള നിയന്ത്രണകേന്ദ്രത്തിന്റെ സേവന പ്രദേശം ഷഡ്ഭുജരൂപത്തിലാണ് രേഖപ്പെട്ടു-ത്തുന്നത്.



ചിത്രം 3.36 റോഡ് നെറ്റ് വർക്കിന്റെ രണ്ടാം ക്രമത്തിലെ നിയന്ത്രണ കേന്ദ്രങ്ങളുടെ സേവനതലം

അത്തരത്തിൽ രണ്ടാം ക്രമനിയന്ത്രണകേന്ദ്രത്തിന്റെ സേവന പ്രദേശം വിശകലനം ചെയ്യുന്നതനുസരിച്ച് ജില്ലയിലെ പടിഞ്ഞാറുഭാഗത്തും, തെക്കുഭാഗത്തും രണ്ടാം ക്രമ നിയന്ത്രണ കേന്ദ്ര-ത്തിന്റെ സേവനം ലഭ്യമാകുന്നതായി കാണുന്നു. ആയതിനാൽ ഈ പ്രദേശമായ പട്ടാമ്പി, ഒറ്റപ്പാലം, മുടപ്പല്ലൂർ, വല്ലങ്ങി എന്നീ



ചിത്രം 3.37 റോഡ് നെറ്റ് വർക്കിന്റെ രണ്ടാം ക്രമ നിർദ്ദേശിത കേന്ദ്രങ്ങൾ



ചിത്രം 3.38 റോഡ് നെറ്റ് വർക്കിന്റെ മൂന്നാം ക്രമത്തിന്റെ സേവനതലം

നാലുതരം രണ്ടാം ക്രമനിയന്ത്രണ കേന്ദ്രങ്ങൾ സേവന തലത്തിലുള്ളതും നി ർദ്ദേശിതവുമായ രണ്ടാം ക്രമ നിയന്ത്രണ കേന്ദ്രവിവരണം ചിത്രം 3.36, 3.37 എന്നിവയിൽ

ചിത്രം 3.37 ൽ നിലവിലുള്ള മൂന്നാം ക്രമം നിയന്ത്രണ കേന്ദ്രത്തിന്റെ സേവന പ്രദേശങ്ങൾ വ്യക്തമാക്കുന്നു. ആയതിൽ നിന്നും മൂന്നാം ക്രമ നിയന്ത്രണ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകാത്ത പ്രദേശങ്ങൾ വ്യക്തമാകുന്നു. ആയതനുസരിച്ച് നി ർദ്ദേശിത മൂന്നാം ക്രമ നിയന്ത്രണ കേന്ദ്രങ്ങൾ ഷൊളികടവ്, കോങ്ങാട്, ഷൊർണ്ണൂർ, കൊപ്പം, തിരുവാഴിയോട്, നാഗരിപുരം, കൂറ്റനാട്, ചിറ്റൂർ, കാമ്പ്രാ- ത്ത്ചള്ള എന്നിവയാകുന്നു. ചിത്രം 3.38 ൽ നി ർദ്ദേശിത മൂന്നാം ക്രമ നിയന്ത്രിത കേന്ദ്രങ്ങൾ കാണാം. നിർദ്ദേശിത നിയന്ത്രണ കേന്ദ്രങ്ങളുടെ ക്രമമനുസരിച്ച് ചിത്രം 3.39ലും പട്ടിക 3.15ലും കാണാം.



ചിത്രം 3.38 നെറ്റ് വർക്കിന്റെ നിർദ്ദേശിത കേന്ദ്രങ്ങളുടെ ക്രമം

3.9.3 വിഭാവന ഗതാഗത ശൃംഖല

3.9.3.1 വിഭാവന ഗതാഗത ശൃംഖല നിർണ്ണയിക്കപ്പെടുന്നതിന്റെ മുഖ്യഘടകം ഗതാഗത ശൃംഖലയാണ്. സുഗമമായ ഗതാഗത ശൃംഖല സ്ഥലപരാസൂത്രണം ചെയ്യപ്പെടുന്നത് ജില്ലയുടെ സാമ്പത്തികതല വികസനത്തിന് അനിവാര്യമാണ് ഗതാഗത ശൃംഖലയുടെ പഠനം. അധിവാസിത പ്രദേശത്തിന്റെ ക്രമവും ഗതാഗത നിയന്ത്രണ കേന്ദ്രത്തിന്റെ ക്രമവുമായി പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അധിവാസിത പ്രദേശത്തിന്റേയും ഗതാഗത നെറ്റ് വർക്കിലെ നിയന്ത്രണ കേന്ദ്രത്തിന്റെ ക്രമം പഠന വിധേയമാക്കിയിട്ടുണ്ട്. അവ നിലവിലുള്ള ഗതാഗത ശൃംഖലയുമായി ബന്ധപ്പെടുത്തുമ്പോൾഗതാഗത സൌകര്യലഭ്യത ലഭ്യമല്ലാത്ത പ്രദേശങ്ങൾ വ്യക്തമായി തെളിഞ്ഞു വരുന്നു. ചിത്രം 3.39ൽ നിയന്ത്രണ കേന്ദ്രങ്ങളുടെ ക്രമവും, നിലവിലെ ഗതാഗത ശൃംഖലയും വ്യക്തമാകുന്നു.

3.9.32 ദേശീയപാത 47, 213 എന്നിവയുടെ ഭാഗമായി 57 കി.മി. ജില്ലയെ തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളേയും തമിഴ്നാട്ടിലെ കോയമ്പത്തൂരുമായി ബന്ധിപ്പിക്കുന്നു. 13 സംസ്ഥാന പാതകളുടെ ഭാഗമായ 251 കി.മി. റോഡുകളും ജില്ലയിലെ ഗതാഗതശൃംഖലയെ സ്വാധീനിക്കുന്നു. 171 മുഖ്യ ജില്ലാറോഡുകൾ 1157.141 കി.മി. ജില്ലയിലെ ഗതാഗത ശൃംഖലയെ സമൃദ്ധമാക്കുന്നു. കൂടാതെ നല്ല റെയിൽവേ നെറ്റ് വർക്കും അനേകം പ്രാഥമിക റോഡുകളും ജില്ലയിലെ ഗതാഗത ശൃംഖലയിൽ ഗണ്യമായ സംഭാവന നൽകുന്നു.

3.9.3.3 ദേശീയപാത 213 ജില്ലയിലെ പാലക്കാട്, മണ്ണാർക്കാട്, എന്നിവയെ ബന്ധിപ്പിക്കുന്നു. ദേശീയപാത 47 വടക്കഞ്ചേരി, ആലത്തൂർ, പാലക്കാട്, കോയമ്പത്തൂർ എന്നിവയെ പരസ്പരം ബന്ധിപ്പിക്കുന്നു. പടിഞ്ഞാറ് കിഴക്ക് ദിശയിൽ സംസ്ഥാന പാത ചാലിശ്ശേരി, പട്ടാമ്പി, ഷൊർണ്ണൂർ, ഒറ്റപ്പാലം, മണ്ണൂർ, പാലക്കാട്, ചിറ്റൂർ-തത്തമംഗലം എന്നിവയുമായി ബന്ധിപ്പിക്കുന്നു. നിർദ്ദേശിത ഒന്നാം ക്രമ, രണ്ടാം ക്രമ, മൂന്നാം ക്രമ കേന്ദ്രങ്ങളുമായി പരസ്പരം ബന്ധിപ്പിക്കുന്ന ഈ റോഡ് ശൃംഖല വിഭാവനം ചെയ്യുന്നു. തെക്കുഭാഗ പ്രദേശങ്ങളായ മണ്ണൂർ, വടക്കഞ്ചേരി, നെന്മാറ, മുതലമട, ചിറ്റൂർ-തത്തമംഗലം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡ് വിഭാവനം ചെയ്യുന്നു. വടക്കൻ മേഖലയിലെ തിരുവാഴിയോട്, മണ്ണാർക്കാട്, ഷൊർണ്ണൂർ, ഒറ്റപ്പാലം, മണ്ണൂർ, കൊപ്പം, കോങ്ങാട് എന്നീ കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുന്ന പുതിയ റോഡ് വിഭാവനം ചെയ്യുന്നു. അഗളി, മണ്ണാർക്കാട്, പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡ് നിലവാരമുള്ള മാനദണ്ഡത്തിൽ പുരോഗമിക്കേണ്ടതാണ്. ചിത്രം 3.40ൽ വിഭാവിത ഗതാഗത ശൃംഖലയുടെ ഭാവനാരൂപം കാണാം. വിഭാവന റോഡുകളെല്ലാം നിലവിലുള്ള ഗതാഗത ശൃംഖലകളുമായി പരസ്പരം ബന്ധപ്പെടുത്തി ഗുണപരവും, നിലവാരമുള്ള മാനദണ്ഡത്തോടെ ഉയർന്ന രീതിയിൽ ആസൂത്രണം ചെയ്ത് ഉയർത്തേണ്ടത് ജില്ലയുടെ സാമ്പത്തിക ഉന്നമനത്തിന് അനിവാര്യമാണ്.



ചിത്രം 3.40 വിഭാവന ഗതാഗത ശൃംഖല

3.10 പ്രവർത്തന ഘടനാരൂപം

3.10.1 ജില്ലയുടെ പ്രവർത്തന ഘടനാരൂപം നിർണ്ണയിക്കപ്പെടുന്നതിൽ അടിസ്ഥാനമായി വരുന്നത് ഭൂവിനിയോഗ കേന്ദ്രീകരണ ഘടന, അധിവാസിത പ്രദേശത്തിന്റെ സ്വഭാവക്രമീകരണം നഗരവല്ക്കരണ രീതി എന്നിവയാണ്. ചിത്രം 3.11ൽ ഭൂവിനിയോഗ കേന്ദ്രീകരണ ഘടന വ്യക്തമാക്കുന്ന കാർഷിക തോട്ടം, വനമേഘല എന്നിവ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങളായ മലനാട് പ്രദേശത്താണ്. നഗര സ്വഭാവം കേന്ദ്രീകരിക്കപ്പട്ടിരിക്കുന്നത് നിലവിലെ മുനിസപ്പൽ പ്രദേശത്തും ആയതിനോടനുബന്ധമായ പ്രദേശങ്ങളിലുമാണ്. കാർഷിക പ്രവർത്തനം മുഖ്യമായും കേന്ദ്രീകരിച്ചിരിക്കുന്നത് ജില്ലയിലെ മധ്യഭാഗത്താണ്.

3.10.11 ചിത്രം 3.34ൽ വിഭാവന നഗരവൽക്കരണ രീതി വ്യക്തമാകുന്നു. നിലവിൽ നഗരങ്ങൾ പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട് എന്നിവയാണ്. 2021 ൽ ആലത്തൂർഗ്രാമപഞ്ചായത്ത് നഗരപ്രദേശമായി ഉയർന്ന് വരുന്നത്. അതുപോലെ തന്നെ 2031 ൽ ഗ്രാമപഞ്ചായത്തുകൾ നഗരസ്വഭാവം കൈവരിക്കുന്നതായി നിർണ്ണയിച്ചിരിക്കുന്നു. ജില്ലയിലെ അധിവാസിത പ്രദേശത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന ചിത്രം 3.30ൽ കാണാം. പഠന വിധേയമായി നഗരം, അർദ്ധനഗരം, അർദ്ധഗ്രാമം, ഗ്രാമം എന്നീ നാലു തരത്തിൽ വേർതിരിക്കപ്പെടുന്നു.

3.10.12 പ്രവർത്തന ഘടന രൂപികരണ പ്രക്രിയ താഴെ രേഖപ്പെടുത്തുന്ന തരത്തിലാകുന്നു. ചെർപ്പുളശ്ശേരി, പട്ടാമ്പി, മണ്ണാർക്കാട്, പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, ചിറ്റൂർ-തത്തമംഗലം എന്നിവ നഗരസ്വഭാവത്തിലും, മരുതറോഡ്, പിരായിരി എന്നിവ അർദ്ധനഗര സ്വഭാവത്തിലും, പുതുനഗരം എന്നിവ അർദ്ധഗ്രാമം ബാക്കിവരുന്ന അധിവാസിത പ്രദേശക്കാർ ഗ്രാമസ്വഭാവവുമാണ് തെളിയിക്കപ്പെട്ടിരിക്കുന്നത്. മേൽ വിവരിത പഠനത്തിൽ നിന്ന് ലഭ്യമാകുന്നതനുസരിച്ച് ജില്ലയിൽ 5 തരത്തിലുള്ള പ്രവർത്തന

ഘടനയുണ്ടെന്ന് തെളിയിക്കപ്പെടുന്നു. ജില്ലയിലെ പ്രവർത്തന ഘടനാരൂപം രൂപികരിക്കുന്ന പ്രക്രിയ ചിത്രം 3.41ൽ താഴെ രേഖപ്പെടുത്തിയിരിക്കുന്നു.



ചിത്രം 3.41 പ്രവർത്തന ഘടന രൂപീകരണ പ്രക്രിയ

- നഗരപ്രവർത്തനം
- ദ്വിദീയ പ്രവർത്തനം
- കാർഷിക അനുബന്ധ പ്രവർത്തനം
- പ്രാഥമിക പ്രവർത്തനം (കാർഷികം)
- വനമേഖലയ്ക്ക് ഹാനികരമല്ലാത്ത പ്രവർത്തനം

3.10.13 നിലവിലെ നഗരപ്രദേശങ്ങൾപൂർണ്ണമായും നഗരപ്രവർത്തനം രേഖപ്പെടുത്തുന്നു. അർദ്ധനഗര സ്വഭാവം രേഖപ്പെടുത്തിയിട്ടുള്ള പ്രദേശത്താണ് ദ്വിതീയ പ്രവർത്തനം കാണപ്പെടുന്നു. ഈ പ്രദേശത്ത് മുഖ്യമായും കാർഷികേതര പ്രവർത്തനവും, എന്നാൽ ഭൂവിനിയോഗം മുഖ്യമായും താമസ ആവശ്യമായി കാണുന്നു. ദ്വിതീയ പ്രവർത്തന ഭാഗമായി ഈ പ്രദേശത്ത് ചെറുകിട കുടിൽവ്യവസായവും, സേവന പ്രവർത്തനവും കാണുന്നു.

3.10.14 കാർഷികവും, അനുബന്ധപ്രവർത്തനവും വരുന്ന പ്രദേശത്തെ നഗരവൽക്കരണ സ്വഭാവം വരുന്നില്ല. കാർഷികവും, കാർഷികതോട്ടത്തിന്റെയും കേന്ദ്രീകരണം ഈ പ്രദേശത്ത് കാണപ്പെടുന്നു. അർദ്ധഗ്രാമ സ്വഭാവമാണ് ഈ പ്രദേശത്തിന്റെ സ്വഭാവ രീതി. കാർഷികം, മൃഗപരിപാലനം, ചെറിയ-തോതിലുള്ള ഗ്രാമീണ വ്യവസായം എന്നിവ ഈ പ്രവർത്തന മേഖലയിൽകാണപ്പെടുന്നു.



ചിത്രം 3.42 ജില്ലയിലെ പ്രവർത്തന ഘടന

3.10.15 പ്രാഥമിക പ്രവർത്തന മേഖലയിലെ ഭൂവിനിയോഗ കേന്ദ്രീകരണം കാർഷിക ഭൂമിയാണ്. ഗ്രാമീണ സ്വഭാവമാണ് ഈ പ്രദേശത്തെ സ്വഭാവ രീതി. കാർഷിക പ്രവർത്തനമാണ് ഈ മേഖലയിലെ പ്രധാന പ്രവർത്തനം. ഈ മേഖലകളിൽ കർഷകരും, കർഷകത്തൊഴിലാളികളുടേയും ജനവാസം കാണപ്പെടുന്നു. വനത്തിന് ഹാനികരമല്ലാത്ത പ്രവർത്തന മേഖലയിൽഗ്രാമീണ സ്വഭാവമാണ് കാണപ്പെടുന്നത്. ഭൂവിനിയോഗ കേന്ദ്രികരണത്തിൽ വനഭൂവിനിയോഗം കാണുന്ന ഈ മേഖലയിലെ പ്രധാന പ്രവർത്തനം വനത്തിന് ഹാനികരമല്ലാത്ത കാർഷികവും അനുബന്ധ പ്രവർത്തനവുമാണ്. ജില്ലയിലെ പ്രവർത്തന ഘടനാ ചിത്രം 3.44ൽ വ്യക്തമാക്കുന്നു.

3.11 സ്ഥലപര ഘടന

ജില്ലയിലെ സ്ഥലപരഘടന ലഭ്യമാകുന്നത് മുഖ്യമായും പ്രവർത്തന മേഖലാ ഘടന, അധിവാസിത പ്രദേശ ക്രമം, ഗതാഗത നെറ്റ് വർക്കിലെ നിയന്ത്രണ കേന്ദ്രക്രമം, ഗതാഗത ശൃംഖല എന്നിവയുടെ സമ്മിശ്ര പഠനത്തിൽ നിന്നാണ്. താഴെ രേഖപ്പെടുത്തുന്ന പഠനങ്ങൾ നടത്തപ്പെട്ടിട്ടുണ്ട്. സ്ഥലപര ഘടന രൂപീകരിക്കുന്ന പ്രക്രിയ ചിത്രം 3.43ൽ വ്യക്തമാക്കിയിരിക്കുന്നു.

- ഭൂവിനിയോഗ വിതരണം
- ജനസംഖ്യാ വിതരണം
- തൊഴിൽ ഘടന
- പ്രവർത്തന സ്വഭാവം
- അധിവാസിത പ്രദേശ ക്രമം
- നിയന്ത്രിത കേന്ദ്രക്രമം
- നഗരവൽക്കരണ രീതി



ചിത്രം 3.43 ജില്ലയിലെ സ്ഥലപരഘടന രൂപീകരണ പ്രക്രിയ

ഈ പഠനങ്ങളെ അടിസ്ഥാനപ്പെടുത്തി ഇവയുടെ സമ്മിശ്രരൂപമാണ് ജില്ലയുടെ സ്ഥലപര ഘടന ലഭ്യമാക്കുന്നത്. ചിത്രം 3.44ൽ ജില്ലയുടെ സ്ഥലപര ഘടന കാണാം.



ചിത്രം 3.44 ജില്ലയുടെ സ്ഥലപരഘടന

സ്ഥലപര ഘടന ഭാവിവികസനത്തിന്റെ വ്യത്യസ്ത തലങ്ങൾ നിർണ്ണയിക്കുന്നതിന് സാധ്യമാകുന്നു. ജില്ലയിലെ വിവിധ തലത്തിലുള്ള വികസനത്തിന് ഏറ്റവും അനുകൂലമായ സ്ഥാനം ഇതിലൂടെ ലഭ്യമാകുകയും ഭാവി വികസനം സുശക്തവും, സുവ്യക്തവുമാകുന്നു എന്നതാണ് ആസൂത്രണ പ്രക്രിയയുടെ വിജയലക്ഷ്യം.

അദ്ധ്യായം. 4

വികസന മേഖലകൾ, അവസ്ഥയും, പരിപ്രേക്ഷ്യവും

4.1 നീർത്തടാതിഷ്ഠിത വികസനം (കൃഷി, ജലസേചനം, മണ്ണ്- ജല സംരക്ഷണം)

4.1.1 കൃഷി

4.1.1.1 കേരളത്തിൽ വിസ്തൃതിയിൽ ഒന്നാമത്തെ ജില്ലയായ പാലക്കാട് കാർഷിക സംസ്കൃതിയിലും സമൃദ്ധിയിലും സമ്പന്നമാണ്. വൈവിദ്ധ്യമാർന്ന ഭൂപ്രകൃതിയും, കാലാവസ്ഥയും ഈ ജില്ലയെ വ്യത്യസ്തമാക്കുന്നു. അതുകൊണ്ടുതന്നെ, വിളകളിലും കാർഷിക രീതിയിലും കർഷക സമൂഹത്തിലും ഈ വൈവിദ്ധ്യം നിലനിൽക്കുന്നു. കാലാവസ്ഥ, മണ്ണ്, ഭൂപ്രകൃതി എന്നിവയുടെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയെ മൂന്ന് AEZ ആയി തരം തിരിച്ചിട്ടുണ്ട്. വടക്ക് – തെക്ക് മലയോര പ്രദേശം, നിരപ്പായ പ്രദേശം.

വടക്കേ മലയോരം	-	അട്ടപ്പാടി ബ്ലോക്ക്
നിരപ്പായ പ്രദേശം	-	ആലത്തൂർ (നെല്ലിയാമ്പതി പഞ്ചായത്ത് ഒഴികെ)
		മണ്ണാർക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ)
		പാലക്കാട്, ചിറ്റൂർ താലൂക്കുകള്
തെക്കേ മലയോരം	-	നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

4.1.1.2 ഈ ജില്ലയിൽ പൊതുവെ പുളിരസമുള്ള വെട്ടുകല് മണ്ണാണ് കണ്ടുവരുന്നത്. എന്നാൽ ചിറ്റൂർ, അട്ടപ്പാടി എന്നീ മഴ നിഴൽ പ്രദേശങ്ങളിൽ ക്ഷാര സ്വഭാവമുള്ള കറുത്ത മണ്ണാണ് കാണപ്പെടുന്നത്.

4.1.1.3 ജില്ലയിൽ ഭാരതപ്പുഴ, ഭവാനിപ്പുഴ, ചിറ്റൂർപുഴ, കടലുണ്ടിപ്പുഴ, കാഞ്ഞിരമുക്ക്, ഉപ്പാർ, കിച്ചേരി എന്നീ ഏഴു നദീതടങ്ങളിലായി 744 സൂക്ഷ്മ നീർത്തടങ്ങളുണ്ട്. പ്രധാന നദിയായ ഭാരതപ്പുഴയ്ക്ക് നാല് ശാഖകളുണ്ട്. ഗായത്രിപ്പുഴ, കണ്ണാടിപ്പുഴ, കല്പാത്തിപുഴ, തൂതപ്പുഴ ജലസേചനത്തിനായി ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്. വാളയാർ, മലമ്പുഴ, കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ, മംഗലം, പോത്തുണ്ടി, പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ പ്രയോജനം 77,492 ഹെക്ടർ സ്ഥലത്തേയ്ക്ക് ലഭിക്കുന്നു. 68.88 ച.കീ.മി വിസ്തൃതി ഈ ഡാമുകൾക്കെല്ലാം കൂടിയുണ്ട്. ജലവിതരണ രീതി ചുവടെ പട്ടികയിൽ നിന്ന് വ്യക്തമാക്കുന്നതാണ്.

പട്ടിക 4.1.1

ക്രമ നമ്പർ	നദി	ഡാമിൻറെ പേര്	വിസ്തീർണ്ണം (ച.കി.മീ)	ജലസേചന വിസ്തീർണ്ണം
1	ഭാരതപ്പുഴ	മലമ്പുഴ	23.13	42090
2	ഭാരതപ്പുഴ	മംഗലം	3.93	6880
3	ഭാരതപ്പുഴ	മീങ്കര	2.59	10930
4	ഭാരതപ്പുഴ	ചുള്ളിയാർ	1.59	
5	ഭാരതപ്പുഴ	പോത്തുണ്ടി	3.63	19930
6	ഭാരതപ്പുഴ	വാളയാർ	2.59	6476

7	ഭാരതപ്പുഴ	കാഞ്ഞിരപ്പുഴ	5.12	9720
8	ചാലക്കുടി	പറമ്പിക്കുളം	20.92	
9	ചാലക്കുടി	തൂണക്കടവ്	2.83	
10	ചാലക്കുടി	പെരുവാരിപ്പള്ളം	2.55	
	ആകെ		68.88	

പട്ടിക 4.1.2

ജല വിതരണ രീതികൾ

ക്രമ നമ്പർ	രീതികൾ	ഹെക്ടർ
1	കനാൽവഴി	48433 ഹെക്ടർ
2	കിണർവഴി	18261 ഹെക്ടർ
3	സംഭരണി വഴി	5316 ഹെക്ടർ
4	മൈനർ & ലിഫ്റ്റ് ഇറിഗേഷൻ	789 ഹെക്ടർ
5	മറ്റുള്ളവ	13225 ഹെക്ടർ

4.1.1.4 ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ വ്യത്യസ്ത കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. അട്ടപ്പാടി, വടകരപ്പതി, എരുത്തേമ്പതി എന്നിവ മഴ നിഴൽ പ്രദേശമായും, കല്ലടിക്കോട് കൂടുതൽ മഴ ലഭിക്കുന്ന പ്രദേശമായും കണക്കാക്കപ്പെടുന്നു. നമ്മുടെ കാലാവസ്ഥയെ സ്വാധീനിക്കുന്ന പശ്ചിമ മലനിരകളിലൂടെയുള്ള വാളയാർ ചുരം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ആയതിനാൽ, നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിൽ വരണ്ട കാറ്റും തുലാം മഴയും ഗണ്യമായ തോതിൽ ലഭിക്കുന്നു.

4.1.1.5 ശരാശരി കൂടിയ ചൂട് 29.1^0C മുതൽ 37.7^0C വരെയും, കുറഞ്ഞ ചൂട് 16.4^0 C മുതൽ 21.9^0 C വരെയുമാണ്. ശരാശരി വർഷപാതം 2290 മില്ലിമീറ്റർ, ശരാശരി മഴ ദിനങ്ങൾ 100 ദിവസങ്ങൾ എന്നതാണ് ജില്ലയിലെ കണക്ക്.

4.1.1.6 കേരളത്തിലെ നെല്ലറ എന്ന് അറിയപ്പെടുന്ന പാലക്കാട് ജില്ലയിൽ നെൽകൃഷി കുറഞ്ഞു വരികയാണ്. 2014-15 ൽ 90173 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരിന്നു. എന്നാൽ 2016-17 ൽ അത് 62592 ഹെക്ടറായി കുറഞ്ഞിരിക്കുന്നു. വിവിധ പ്രദേശങ്ങളിൽ വ്യത്യസ്തമായ വിളകളും കൃഷിരീതിയും കാണപ്പെടുന്നു. കേരളത്തിലെ മാംഗോ സിറ്റി എന്നറിയപ്പെടുന്ന മുതലമട പാലക്കാട് ജില്ലയുടെ മുതൽക്കൂട്ടാണ്. മുതലമട പഞ്ചായത്തിലെ 1750 ഓളം കർഷകരുടെ മുഖ്യവരുമാന സ്രോതസ്സ് വിവിധഇനം മാവു കൃഷിയാണ്. മറ്റു വിളകളായ തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്, ജാതിക്ക, കൊക്കോ, ഇഞ്ചി, മഞ്ഞൾ കൂടാതെ മറ്റു ജില്ലകളിൽ കൃഷി ചെയ്യാത്ത ചെറുധാന്യങ്ങൾ, നിലക്കടല, കരിമ്പ്, പരുത്തി, തണുപ്പ് പ്രദേശങ്ങളിൽ മാത്രം കാണപ്പെടുന്ന ഓറഞ്ച്, കാപ്പി, തേയില, ഏലം, എന്നി വിളകൾ ജില്ലയുടെ നെല്ലിയാമ്പതിയിലും ഉള്ളി ശീതകാല പച്ചക്കറികൾ എന്നിവ ജില്ലയിലെ കിഴക്കൻ മേഖലയായ വടകരപ്പതി, എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ മുതലായ പഞ്ചായത്തുകളിലും കൃഷി ചെയ്തുവരുന്നു. കൃഷിയിടങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

പട്ടിക 4.1.3

വിസ്തൃതിയുടെ അടിസ്ഥാനത്തിലുള്ള കൃഷിയിടങ്ങളുടെ എണ്ണം

ക്രമ നം	ഇനം	എണ്ണം	വിസ്തൃതി (ഹെക്ടർ)
1	1 ഹെക്ടറിൽ താഴെയുള്ളവ	336709 (87%)	60017 (34%)
2	1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ	30214 (8%)	41155 (23%)
3	2 ഹെക്ടറിനു മുകളിലുള്ളവ	20636 (5%)	77412 (43%)

പട്ടിക 4.1.4

ഭൂക്ഷമത വിവരങ്ങൾ

ആകെ വിസ്തീർണ്ണം	4475.82 Sq. Km. (447582 ഹെക്ടർ)
കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം (Gross Cropped Area)	2320.99 Sq. Km. (232099 ഹെക്ടർ)
Net Cropped Area	189123 ഹെക്ടർ
ഒന്നിൽ കൂടുതൽ വിളകൾ കൃഷി ചെയ്യുന്ന ഭൂമി	42975 ഹെക്ടർ
വനപ്രദേശം	128315 ഹെക്ടർ
കൃഷി ചെയ്യാത്ത ഭൂമി (both cultivable & uncultivable)	91903 ഹെക്ടർ
മറ്റ് ഉപയോഗത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം	38240 ഹെക്ടർ

4.1.2 പൊതുവിവരങ്ങൾ

മണ്ണ്

4.1.2.1 ജലം സംഭരിച്ചു നിർത്തുവാനുള്ള ഭൂമിയിലെ ഏറ്റവും വലിയ ജലസംഭരണി മണ്ണ് തന്നെയാണ്. കൃഷിക്ക് വേണ്ടി ഏറ്റവും പുറമെ കാണുന്ന 7-8 ഇഞ്ച് കനത്തിലുള്ള മേൽമണ്ണ് ആണ് നാം ഉപയോഗിക്കുന്നത്. മണ്ണിന്റെ പ്രധാന ഘടകങ്ങൾ ധാതുക്കൾ, ജൈവാംശം, ഈർപ്പം, വായു എന്നിവയാണ്. ഇവയോടൊപ്പം പോഷക ഘടകങ്ങളും സൂക്ഷ്മ ജീവികളും ചേർന്ന് മണ്ണിന് സവിശേഷ ഗുണങ്ങൾ ഉണ്ടാക്കുന്നു. അമ്ലത്വം, ക്ഷാരത്വം, ഊഷ്മാവ് എന്നിവയ്ക്ക് മണ്ണിൻറെ ശേഷിയിൽ കാര്യമായ സ്വാധീനം ചെലുത്തുവാൻ കഴിയും. പാലക്കാട് പ്രധാനമായും കാണപ്പെടുന്ന മണ്ണിനങ്ങളാണ് ചെങ്കൽമണ്ണ്, വനമണ്ണ്, കറുത്തമണ്ണ്, ഏക്കൽമണ്ണ് എന്നിവ. (മണ്ണ് ശ്രേണി സംബന്ധിച്ച വിശദവിവരങ്ങൾക്ക് അനുബന്ധം 1 കാണുക *)

ജലം

4.1.2.2 കേരളത്തിൽ 3108 മില്ലിമീറ്റർ ശരാശരി വർഷപാതം ലഭിക്കുന്നുണ്ടെങ്കിലും ഈ വെള്ളത്തിൻറെ ഭൂരിഭാഗവും ഉപയോഗിക്കാനാവാതെ സമുദ്രത്തിലേയ്ക്കും മറ്റ് ജലാശയങ്ങളിലേയ്ക്കും ഒഴുകി പോകുകയാണ്. ഒരു വർഷം ഏകദേശം 78000 ദശലക്ഷം ഘനമീറ്റർ ജലമാണ് ഇപ്രകാരം ഒഴുകിപ്പോകുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

4.1.2.3 ഇതിൽ 60% (ഏകദേശം 46800 ദശലക്ഷം ഘനമീറ്റർ) ലാഭകരമായി നമുക്ക് ഉപയോഗിക്കാൻ സാധിക്കും. പാലക്കാടിൻറെ ശരാശരി വർഷപാതം 2362 മില്ലിമീറ്ററാണ്. ഇതിൽ 71 ശതമാനം ജൂൺ മുതൽ സെപതംബർ വരെയുള്ള കാലവർഷത്തിൽ നിന്നും 18 ശതമാനം തുലാവർഷത്തിൽ നിന്നുമാണ് ലഭിക്കുന്നത്. പടിഞ്ഞാറുള്ള പട്ടാമ്പിയിൽ അധികം മഴ ലഭിക്കുമ്പോൾ കിഴക്കുള്ള മഴ നിഴൽ പ്രദേശമായ ചിറ്റൂരിൽ ഏറ്റവും കുറവ് മഴയാണ് ലഭിക്കുന്നത്. ചിറ്റൂർ ബ്ലോക്ക് ഭൂഗർഭ ജലത്തിൻറെ അമിത ജലചൂഷണത്തിലും, മലമ്പുഴ ബ്ലോക്ക് നിർണ്ണായക വിഭാഗത്തിലും, പട്ടാമ്പി, തൃത്താല ബ്ലോക്കുകൾ അർദ്ധ നിർണ്ണായക വിഭാഗത്തിലും പെടുന്നു. ഭാരതപ്പുഴയും, ഭവാനിപ്പുഴയും പാലക്കാടിൻറെ പ്രധാന നദികളാണ്. ഭാരതപ്പുഴ പടിഞ്ഞാറ് അറബിക്കടലിൽ ചേരുമ്പോൾ ഭവാനി കിഴക്കോട്ട് ഒഴുകി

കാവേരി നദിയുമായി ചേർന്ന് ബംഗാൾ ഉൾക്കടലിൽ ചേരുന്നു. നദികളുടേയും സൂക്ഷ്മ നീർത്തടങ്ങളുടേയും നീർത്തടങ്ങളിലെ ഇടപെടലുകളുടെ മുൻഗണനകളുടേയും വിശദാംശങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

നദികളും നീർവാർച്ചയും

4.1.2.3 പാലക്കാട് ജില്ലയുടെ പ്രധാന ജലസ്രോതസ്സുകൾ ജില്ലയിലൂടൊഴുകുന്ന നദികളും അവയിലൊഴുകിയെത്തുന്ന നീർച്ചാലുകളുമാണ്. കിഴക്ക് പശ്ചിമഘട്ട മലനിരകളിൽ നിന്നാണ് ഇവയെല്ലാം ഉത്ഭവിക്കുന്നത്. ഇവിടത്തെ പ്രധാന നദിയാണ് ഭാരതപ്പുഴ. ഭവാനിപ്പുഴ അട്ടപ്പാടി പ്രദേശത്തെയും ചാലക്കുടിപ്പുഴ നെല്ലാമ്പതി കുന്നുകളുടെയും നീർവാർച്ച നിർണ്ണയിക്കുന്നു.



ഭാരതപ്പുഴ

4.1.2.4 കേരളത്തിലെ രണ്ടാമത്തെ നീളംകൂടിയ നദിയായ ഭാരതപ്പുഴ സൈലൻറ്വാലിയിൽ നിന്നും ഉദ്ഭവിച്ച് ജില്ലയുടെ തെക്കുഭാഗത്തുകൂടി ഒഴുകി പൊന്നാനിയിൽ വെച്ച് കടലിൽ പതിക്കുന്നു. ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും ഈ നദീതടത്തിൽ പെടുന്നു.

ഭവാനി

4.1.2.5 പശ്ചിമ ഘട്ടത്തിലെ നീലഗിരി(തമിഴ്നാട്) യിൽ നിന്ന് ഉത്ഭവിച്ച് കേരളത്തിൽ പ്രവേശിച്ചശേഷം തെക്കോട്ടൊഴുകി മുക്കാലിയിലെത്തുന്നു. ഇവിടെ വച്ച് പൊടുന്നനെ തിരിഞ്ഞ് മല്ലേശ്വര പർവ്വതം ചുറ്റി വടക്കു കിഴക്കു ദിശയിൽ ഒഴുകുന്നു.

കൽക്കണ്ടിയൂർ എന്ന സ്ഥലത്തു വച്ച് അതിർത്തി കടന്ന് തമിഴ്നാട്ടിലേക്ക് മടങ്ങുന്നു. ശിരുവാണിഇതിൻറെ പോഷകനദിയാണ്.

ചാലക്കുടിപ്പുഴ

4.1.2.6 ആനമലയിലെ നെല്ലിയാംപതിയിൽ നിന്ന് ഉത്ഭവിക്കുന്ന പറമ്പികുളം, കുരിയാകുട്ടി, ഷോളയാർ, കരപ്പാറ, ആനക്കയം എന്നീ അഞ്ചു പുഴകൾ സംഗമിച്ചാണ് ചാലക്കുടിയാറായി തീരുന്നത്. ആനമലയിൽ നിന്നുള്ള ഷോളയാർ കമ്പൻകുടിയിൽ വച്ച് പറമ്പിക്കുളത്തോട് ചേരുന്നു. നെല്ലിയാംപതിയിൽ നിന്നുള്ള കരപ്പാറപുഴ കമ്പൻകുടിക്ക് **1.6** മീറ്റർ താഴെ പറമ്പികുളത്ത് വന്ന് ചേരുന്നു.. പെരിയാറിൻറെ വടക്കേ കൈവഴിയിലൊഴുകി എത്തുന്ന ഈ നദി പിന്നീട് കൊടുങ്ങല്ലൂർ കായലിൽ എത്തിച്ചേരുന്നു. ചപ്പാരത്തോട്, അരക്കയൻ, കുമ്പൻകുഴി, പിള്ളപ്പാറ ത്തോട്, അരൂർമൊഴി എന്നീ പോഷക നദികളും ചാലക്കുടിപ്പുഴയിൽ ലയിക്കുന്നു.

കടലുണ്ടിപ്പുഴ

4.1.2.7 ചേരകൊമ്പൻ മലനിരകളിൽ നിന്നും ഉദ്ഭവിക്കുന്ന ഒലിപ്പുഴയും എരട്ടകൊമ്പൻ മലനിരകളിൽ നിന്നും ഉദ്ഭവിക്കുന്ന വെള്ളിയാറും ചേർന്നാണ് കടലുണ്ടിപുഴ ഒഴുകുന്നത്.

130 കി.മീ. നീളത്തിൽ ഒഴുകുന്ന കടലുണ്ടിപുഴ കരുവാരകുണ്ട്, മേലാറ്റൂർ, പാണ്ടിക്കാട്, മലപ്പുറം, തിരൂരങ്ങാടി എന്നീ സ്ഥലങ്ങളിൽകൂടി ഒഴുകി കടലുണ്ടി നഗരത്തിൽ വെച്ച് കടലിലേക്കൊഴുകുന്നു.

കാഞ്ഞിരമുക്ക്

4.1.2.8 സഹ്യപർവതനിരകളിൽ നിന്നും ഉത്ഭവിച്ച് പാലക്കാട്, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലൂടെ ഒഴുകുന്ന നദിയാണിത്

കീച്ചേരി

4.1.2.9 മാച്ചാട്ടു മലയിൽ നിന്നുത്ഭവിച്ച് വടക്കുപടിഞ്ഞാറോട്ടൊഴുകുന്ന കീച്ചേരിപ്പുഴ നെല്ലായിക്കടുത്തു വച്ച് പടിഞ്ഞാറോട്ടു തിരിഞ്ഞ് ചൂണ്ടൽ. തോട്ടുമായി ചേർന്ന് തെക്ക്-പടിഞ്ഞാറോട്ടൊഴുകുന്നു. ഏനാമാക്കൽ തടാകത്തിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന കോൾ കനാലുമായി മതുക്കരയിൽ ഒന്നിച്ചു ചേരുന്നു. ഇത് പിന്നീട് ചേറ്റുവാക്കായലിലെത്തിയശേഷം കടലിൽ പതിക്കുന്നു..

ഉപ്പാർ

ഭാരതപ്പുഴയിൽ ചെന്നുചേരുന്ന കണ്ണാടിപ്പുഴയുടെ പോഷകനദിയാണ് ഉപ്പാർ.

പട്ടിക 4.1.5

ക്രമ നം	നദി	ഉത്ഭവ സ്ഥാനവും ഭൂനിരപ്പിൽ നിന്നുള്ള ഉന്നതിയും	ചെറുനീർത്തടങ്ങളുടെ എണ്ണം
1.	ഭാരതപ്പുഴ	ആനമല – 1964 മീ	512
2.	ഭവാനി	ആനമല – 1250 മീ	130
3.	ചാലക്കുടി	ചെനകൊമ്പൻ മലകൾ – 1160 മീ	58
4.	കടലുണ്ടി	നീലഗിരി കുന്നുകൾ	27
5.	കാഞ്ഞിരമുക്ക്	പശ്ചിമഘട്ടം	13
6.	കീച്ചേരി	മച്ചാട് മല – 1100 മീറ്റർ	3
7.	ഉപ്പാർ		1

4.1.3 പാലക്കാട് ജില്ലയിലെ നദികളും മൈക്രോവാട്ടർഷെഡുകളും

4.1.3.1 ചരിത്രാതീതകാലം മുതൽ മാനവരാശിയുടെ പുരോഗതി നദീതടങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. പർവ്വത പ്രദേശത്തുനിന്നും താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകുന്ന ജലപ്രവാഹമാണ് നദി. ചെറു നീരുറവകളും ഉറവകളും തോടുകളും ഈ ജല പ്രവാഹത്തിന് സ്രോതസ്സായി വർത്തിക്കുന്നു. നദികൾ കൊണ്ട് സമൃദ്ധമാണ് കേരളം. ഇന്ത്യയുടെ തെക്കുപടിഞ്ഞാറെ സംസ്ഥാനത്ത് വലിയ പർവ്വതനിരയായ സഹ്യ പർവ്വതത്തിനും അറബിക്കടലിനുമിടയിൽ സ്ഥിതി ചെയ്യുന്ന കേരളത്തിൽ 44 നദികളാണുള്ളത്. ഇവയിൽ 3 നദികൾ സഹ്യപർവ്വതത്തിൽ നിന്ന് ഉത്ഭവിച്ച് കിഴക്കോട്ടൊഴുകുന്നവയും ബാക്കിയുള്ളവ പടിഞ്ഞാറോട്ട് ഒഴുകി അറബിക്കടലിൽ പതിക്കുന്നവയുമാണ്. കേരളത്തിൻറെ കാർഷിക വ്യവസായിക പുരോഗതി ഈ നദികളെ ആശ്രയിച്ചിരിക്കുന്നു. ഏതൊരു നദിക്കും ചുറ്റുമായി അതിലേക്ക് വെള്ളം ഒഴുകിയെത്തുന്ന ഒരു ഭൂവിഭാഗം ഉണ്ടാകും. ഈ പ്രദേശമാണ് ഒരു നീർത്തടം. ഈ പ്രദേശത്തിനുള്ളിലെ ജല വ്യവസ്ഥയും മണ്ണും ജൈവസമ്പത്തും പരസ്പരബന്ധിതമായാണ് നിലകൊള്ളുന്നത്. കേരളത്തിൽ ഇപ്രകാരം 44 നീർത്തടങ്ങളാണുള്ളത്.

പട്ടിക 4.1.6

ക്രമ നമ്പർ	പേര്	വിസ്തീർണ്ണം (ഹെക്ടർ)
1	മാക്രോ വാട്ടർഷെഡ് (വൻ നീർത്തടങ്ങൾ)	>50000
2	സബ് വാട്ടർഷെഡ് (സബ് നീർത്തടങ്ങൾ)	10000-50000
3	മില്ലി വാട്ടർഷെഡ് (മില്ലി നീർത്തടങ്ങൾ)	1000-10000
4	മൈക്രോ വാട്ടർഷെഡ് (ചെറുനീർത്തടങ്ങൾ)	100-1000
5	മിനി വാട്ടർഷെഡ് (മിനി നീർത്തടങ്ങൾ)	1-100

4.1.3.2



ഉയർന്ന ഭൂഭാഗങ്ങളാൽ രൂപപ്പെടുന്ന സ്വാഭാവിക അതിർത്തി രേഖയ്ക്കുള്ളിൽ നിന്നും വിവിധ ചാലുകളിലായി വെള്ളം ഒഴുകി ഒരു പൊതു ബഹിർഗമനസ്ഥാനത്തു കൂടി പുറന്തള്ളപ്പെടുന്ന പ്രകൃതിദത്ത വ്യവസ്ഥയാണ് ഒരു നീർത്തടത്തിന് ഉണ്ടാവുക. അതായത് ജലം, മണ്ണ്, ജൈവസമ്പത്ത് എന്നീ പ്രകൃതി വിഭങ്ങൾ പരസ്പരപൂരകങ്ങളായിവർത്തിക്കുന്ന അടിസ്ഥാന യൂണിറ്റാണ് നീർത്തടം. പരിഗണിക്കപ്പെടുന്ന നീർച്ചാലിൻറെ നീളത്തിനനുസരിച്ച് നീർത്തടത്തിൻറെ വിസ്തൃതിയും വ്യത്യാസമാകുന്നു. നദികൾ, ഉപനദികൾ, വിവിധ നിലയിലുള്ള അരുവികൾ എന്നിവയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ നീർത്തടങ്ങളെ താഴെ പറയുന്ന രീതിയിൽ തരം തിരിക്കാം.

4.1.3.3 മേൽ സൂചിപ്പിച്ചവയിൽ കേരള ത്തിലെ വികസനാസൂത്രണ പ്രവർത്തന ങ്ങൾക്ക് ചെറു നീർത്തടങ്ങളെ അടിസ്ഥാന യൂണിറ്റുകളായി തിരഞ്ഞെടുക്കുന്നതാവും അഭികാമ്യം. ജീവിതവും ജീവിതവൃത്തിയുമായി ബന്ധപ്പെട്ട പരസ്പര ആശയവിനിമയം നടത്തുന്നതിന് ശരാശരി 500 ഹെക്ടർ വരുന്ന പ്രകൃതിദത്ത പ്രദേശത്തുൾപ്പെട്ട ജനസമൂഹത്തെ സംഘടിപ്പിക്കുന്നതിന് സാധിക്കും എന്നതാണ് ഇതിനടിസ്ഥാനം.

4.1.3.4 മുൻഗണന സൂചിക പ്രകാരം പാലക്കാട് ജില്ലയിൽ മൊത്തം 744 മൈക്രോവാട്ടർഷെഡുകളിൽ **227** എണ്ണം ഉയർന്ന മുൻഗണന വിഭാഗത്തിലും (High priority) (133653.8 ഹെക്ടർ 29.6%), **328** എണ്ണം ഇടത്തരം മുൻഗണനയിലും (Medium priority) (189441.39 ഹെക്ടർ 41.95%), **189** എണ്ണം താഴ്ന്ന മുൻഗണനയിലും (Low priority) (128507.74 ഹെക്ടർ 28.45%) ഉൾപ്പെടുന്നു.

പട്ടിക 4.1.7

നദികളും നീർത്തടങ്ങളും

ക്രമ നമ്പർ	നദികളുടെ പേര്	മൈക്രോ വാട്ടർ ഷെഡുകളുടെ എണ്ണം	ഉയർന്ന മുൻഗണന	വിസ്തീർണ്ണം (ഹെക്ടർ)	ഇടത്തരം മുൻഗണന	വിസ്തീർണ്ണം (ഹെക്ടർ)	താഴ്ന്ന മുൻഗണന	വിസ്തീർണ്ണം (ഹെക്ടർ)	ആകെ തുക
1	ചാലക്കുടി	58	1	1113.76			57	44955.55	46069.31
2	കീച്ചേരി	3			3	338.23			338.23
3	കാഞ്ഞിരമൊക്ക്	13			10	6851.96	3	1272.09	8124.05
4	ഭാരതപ്പുഴ	512	86	61174.13	306	179143.46	120	77690.8	318008.39
5	ഭവാനി	130	128	65691.48	1	616.72	1	403.39	66711.59
6	കടലുണ്ടി	27	12	5674.43	8	2491.02	7	3135.28	11300.73
7	ഉപ്പാർ	1					1	1050.63	1050.63
	ആകെ തുക	**744**	**227**	**133653.8**	**328**	**189441.39**	**189**	**128507.74**	**451602.93**

4.1.4 നീർത്തടാധിഷ്ഠിത വികസനത്തിൻറെ പ്രസക്തി

4.1.4.1 നാം നടപ്പിലാക്കുന്ന വിവിധ വികസന പ്രവർത്തനങ്ങളിൽ ഏറെയും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ വിഭവങ്ങളിൽ അധിഷ്ഠിതമാണ്. ഈ വിഭവങ്ങളുടെ പാരസ്പര്യവും അവ നിലനിൽക്കുന്ന പാരിസ്ഥിതിക വ്യവസ്ഥയുടെ സന്തുലനാവസ്ഥയും പരിഗണിച്ചു കൊണ്ടുവേണം വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നത്. അല്ലാത്തപക്ഷം രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉടലെടുക്കും. ആയതിനാൽ പ്രകൃതിവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സുസ്ഥിര വികസനത്തിനും നീർത്തടങ്ങളെ ഉചിതമായ യൂണിറ്റുകളായി തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രദേശത്തിനും അനുയോജ്യമായ വികസന പദ്ധതികൾക്ക് രൂപം കൊടുക്കാൻ കഴിയുന്നതോടൊപ്പം, നീർവാർച്ചയേയും മണ്ണൊലിപ്പിനേയും ഫലപ്രദമായി നിയന്ത്രിക്കാനും സുസ്ഥിര വികസനം സാധ്യമാക്കാനും ഇതിലൂടെ കഴിയുന്നു. പ്രകൃതി വിഭവങ്ങളുടെ സ്വാഭാവികസ്ഥിതിയിൽ മാറ്റം വരുത്തുന്ന ഓരോ മനുഷ്യ ഇടപെടലിൻറേയും സ്വാധീനം ഈ യൂണിറ്റിനുള്ളിൽ മൊത്തത്തിലായിരിക്കും പ്രതിഫലിക്കുക. ഭരണപരമായ അതിരുകൾമാത്രം പരിഗണിച്ച് ആസൂത്രണം ചെയ്യുന്ന വികസന പ്രത്യാഘാതം പരിക്കേൽപ്പിക്കുന്നത് അതേ നീർത്തടത്തിൻറെ താഴ്ഭാഗമായി വരുന്ന മറ്റൊരു ഭരണയൂണിറ്റിനെയായിരിക്കും എന്നാൽ നീർത്തടാധിഷ്ഠിത വികസനത്തിലൂടെ, കൃഷി, മണ്ണ്, ജലസംരക്ഷണം, മൃഗസംരക്ഷണം, സാമൂഹ്യവനവത്ക്കരണം, അടിസ്ഥാനസൗകര്യവികസനം തുടങ്ങിയ പ്രവർത്തനങ്ങൾ സമഗ്രമായി സംയോജിക്കപ്പെടുന്നു. ഇത്തരത്തിൽ ഉത്പാദനത്തിൻറേയും വിതരണത്തിൻറേയും നിയന്ത്രണം ഉറപ്പാക്കുവാനും സാധിക്കുന്നു.

4.1.5 നീർത്തട നിർണ്ണയം

4.1.5.1 ലഭ്യമായ ഭൂപടങ്ങളുടെയും ഭൂപ്രകൃതി, ജലവൃഹം തുടങ്ങിയവയെക്കുറിച്ചുള്ള അറിവിലൂടെയുമാണ് നീർത്തടങ്ങളുടെ അതിർത്തി നിർണ്ണയിക്കേണ്ടത്. സർവ്വേ ഓഫ് ഇന്ത്യ തയ്യാറാക്കിയിട്ടുള്ള ആധികാരിക രേഖയായ ടോപ്പോമാപ്പുകളാണ് നീർത്തടനിർണ്ണയത്തിനുപയോഗിക്കുന്നത്. ഇവയിലുൾക്കൊള്ളിച്ചിരിക്കുന്ന നീർച്ചാലുകൾ, നദികൾ, നിമ്നോന്നത സ്ഥിതി വ്യക്തമാക്കുന്ന കോണ്ടൂർ രേഖകൾ എന്നിവ നീർത്തട നിർണ്ണയം സാധ്യമാക്കുന്നു. 1 : 50,000, 1 : 25,000 എന്നീ സ്കെയിലുകളിൽ ടോപ്പോമാപ്പുകൾ ലഭ്യമാണ്. മണ്ണ് പര്യവേക്ഷണ- മണ്ണ് സംരക്ഷണ വകുപ്പ് ഇപ്രകാരം ലഭ്യമായ 1 : 50,000 ടോപ്പോമാപ്പുകൾ ഉപയോഗിച്ച് കേരളത്തിലെ 44

നദികളെ കേന്ദ്രീകരിച്ച് ചെറുനീർത്തടങ്ങൾ കണ്ടെത്തി അതിർത്തികൾ നിർണ്ണയിച്ചിട്ടുണ്ട്. പ്രാദേശിക അന്വേഷണത്തിലൂടെയും ജി.പി.എസ് സാങ്കേതിക വിദ്യയുപയോഗിച്ചും അതിർത്തി നിർണ്ണയം സ്ഥിരീകരിച്ച് ജില്ലാതലത്തിൽ വാട്ടർഷെഡ് അറ്റലസുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ ഭരണ യൂണിറ്റുകളായ പഞ്ചായത്ത്, ജില്ല എന്നിവയുടെ അതിർത്തികൾ ടോപ്പോമാപ്പുകളിൽ ലഭ്യമല്ലാത്തതിനാൽ ഇതിനായുള്ള ഭരണമാപ്പുകളുടെ സഹായത്തോടെ ജി.ഐ.എസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഓരോ ജില്ലയിലേയും പഞ്ചായത്ത് തലത്തിലുള്ള വാട്ടർഷെഡ് മാപ്പുകൾ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

4.1.6 വാട്ടർഷെഡുകളുടെ ക്രോഡീകരണം

4.1.6.1 കേരളത്തിലങ്ങോളമിങ്ങോളം 44 നദികളാണുള്ളത്. ഈ 44 നദികളേയും കേന്ദ്രീകരിച്ച് 44 വൻ നീർത്തടങ്ങളാണ് കേരളത്തിലുള്ളത്. ഈ വൻ നീർത്തടങ്ങ ൾക്ക് തെക്കുനിന്ന് വടക്കോട്ട് എന്ന ക്രമത്തിൽ 1,2,3.... എന്നീ നമ്പരുകൾ കൊടുക്കുന്നതോടൊപ്പം ഓരോ നദിയുടെയും പേരിൻറെ ആദ്യത്തെ ഇംഗ്ലീഷ് വലിയ അക്ഷരം അതാത് നമ്പരുകൾക്കൊപ്പം നൽകുന്നു. ഓരോ വൻ നീർത്തടങ്ങളേയും ഉപ നീർത്തടങ്ങളായി വിഭജിച്ചിരിക്കുന്നു. ഇവയ്ക്ക് ക്രമാനുസൃതം ഘടികാരദിശയിൽ 1 മുതലുള്ള നമ്പരുകൾ നൽകുന്നു.

4.1.6.2 വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ചെറുനീർത്തടങ്ങളായി ഓരോ സബ് വാട്ടർഷെഡിനേയും വീണ്ടും വിഭജിക്കുന്നതോടൊപ്പം ഇംഗ്ലീഷ് അക്ഷരമാലയിലെ ചെറിയ അക്ഷരങ്ങൾ കോഡുകളായി ഘടികാരദിശയിൽ നൽകുന്നു.

ഉദാ:- INIA എന്നാൽ കേരളത്തിൻറെ തെക്കേയറ്റത്തുള്ള നെയ്യാറിലെ 1-മത്തെ സബ് വാട്ടർഷെഡിലെ ആദ്യത്തെ മൈക്രോവാട്ടർഷെഡ്

4.1.7 വാട്ടർഷെഡുകളുടെ മുൻഗണനാക്രമം നിശ്ചയിക്കൽ

4.1.7.1 ഓരോ നീർത്തടത്തിലും അനുവർത്തിക്കേണ്ട വികസന പ്രവർത്തനങ്ങൾ അവിടത്തെ പ്രകൃതി വിഭവങ്ങളുടെ അപചയത്തിൻറെ തോതിനെ ആശ്രയിച്ചിരിക്കുന്നു. അതായത് എത്രയും പെട്ടെന്ന് വികസന പ്രവർത്തനങ്ങളാവശ്യമായ വാട്ടർഷെഡുകളെ മുൻഗണനാക്രമം കൂടുതൽ വിഭാഗത്തിലും കുറവുള്ളവയെ കുറവ് വിഭാഗത്തിലും രണ്ടിനുമിടയിലുള്ളവയെ മധ്യമം എന്ന വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. വാട്ടർഷെഡുകളുടെ മുൻഗണനാക്രമം അവിടുത്തെ മണ്ണ്, ഭൂപ്രകൃതി, സാമൂഹിക-സാമ്പത്തിക സ്ഥിതി, ജലലഭ്യത കാലാവസ്ഥ എന്നീ ഘടകങ്ങളെ സൂക്ഷ്മമായി അപഗ്രഥിച്ചാണ് മുൻഗണനാക്രമം നിശ്ചയിച്ചിരിക്കുന്നത്. ഓരോ ഘടകങ്ങളുടേയും ഉപഘടകങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 4.1.8

	ഘടകങ്ങൾ	ഉപഘടകങ്ങൾ
1	മണ്ണ് ഭൂസവിശേഷതകൾ	ചരിവ്, മണ്ണൊലിപ്പ്, സസ്യാവരണം, കൃഷിഭൂമിയുടെ ലഭ്യത, ഭൂപ്രകൃതി, മണ്ണിൻറെ ആഴം, രചന, നീർവാർച്ച, ജലനിർഗമനശേഷി, പാറ,കല്ല് എന്നിവയുടെ സാന്നിധ്യം.
2	സാമൂഹിക സാമ്പത്തിക സ്ഥിതി	കർഷകതൊഴിലാളികളുടെ എണ്ണം, പട്ടികജാതി-പട്ടിക വർഗ്ഗ ജനസംഖ്യ, ചെറുതും ഇടത്തരവുമായ കർഷകരുടെ ശതമാനം, കാലികളുടെ എണ്ണം, പ്രദേശത്തിൻറെ പിന്നോക്കാവസ്ഥ

3	ജല ലഭ്യത	കുടിവെള്ള ലഭ്യത, ജലസേചനത്തിനുള്ള ലഭ്യത
4	കാലാവസ്ഥ	മഴ

4.1.8 വാട്ടർഷെഡ് നാശോന്മുഖമാകാനുള്ള കാരണങ്ങളും പരിണിതഫലങ്ങളും

കാരണങ്ങൾ

1. കുന്നിൻ ചരിവുകളിലും തുക്കായ പ്രതലങ്ങളിലും സംരക്ഷണതത്വങ്ങൾക്കും വിരുദ്ധമായ മണ്ണിളക്കൽ
2. നീർച്ചാലകളുടെ ഓരങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്താതെയുള്ള കൃഷി
3. അധികജലം സുരക്ഷിതമായി ഒഴുക്കിവിടുന്നതിനുള്ള മാർഗ്ഗങ്ങളുടെ അഭാവം
4. അനിയന്ത്രിതമായ വനനശീകരണവും സസ്യസമ്പത്തിൻറെ അമിതോപയോഗവും
5. അശാസ്ത്രീയമായ വനപാലനം, കാട്ടുതീയും, കന്നുകാലിമേച്ചിലും, അശാസ്ത്രീയമായ ഖനനവും, പാറപൊട്ടിക്കലും
6. മലഞ്ചരിവുകളിലെ തെറ്റായ റോഡ് നിർമ്മാണവും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളും
7. നീർച്ചാലുകളിലേയ്ക്ക് ഫാക്ടറികളിൽ നിന്നും മറ്റും പുറംതള്ളുന്ന വിഷാംശം കലർന്ന മാലിന്യങ്ങൾ
8. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ജനങ്ങളിൽ പ്രകടമാവുന്ന അലംഭാവം
9. പരിസ്ഥിതി പരിഗണിക്കാതെയുള്ള വ്യവസായവത്ക്കരണം
10. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ
11. വെള്ളക്കെട്ട്, ഓരുവെള്ളം, മണ്ണിൻറെ അമ്ലാംശം, ക്ഷാരത്വം തുടങ്ങിയ പ്രശ്നങ്ങൾ

പരിണിത ഫലങ്ങൾ

1. മണ്ണും അതിലെ ഫലപുഷ്ടിയും നഷ്ടപ്പെടുന്നു
2. വെള്ളത്തിൻറെ ലഭ്യതയും ഗുണവും കുറയുകയും, ജലസ്രോതസ്സുകൾ നശിക്കാതെയും ചെയ്യുന്നു.
3. സസ്യസമ്പത്ത് ദുർബലമാകുന്നു.
4. ഭൂമിയുടെ ഉത്പാദനക്ഷമത കുറയുകയും തൻമൂലം കൃഷി വനം പുൽമേടുകൾ ഉദ്യാന/ഫലവൃക്ഷ/നാണ്യ വിളകൾ എന്നിവയിൽ നിന്നുള്ള ഉത്പാദനം കുറയുകയും ചെയ്യുന്നു
5. പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുന്നു
6. ജലസംഭരണികളിലും, ജലാശയങ്ങളിലും, നദികളും താഴ്വരകളിലും മണ്ണടിയുന്നു
7. അടിയ്ക്കടി വരള്ച്ചയും വെള്ളപ്പൊക്കവും ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

4.19 വാട്ടർഷെഡ് വികസന പരിപാടിയുടെ മുഖ്യലക്ഷ്യങ്ങൾ

പ്രകൃതി വിഭങ്ങളായ മണ്ണ്, ജലം, സസ്യസമ്പത്ത് എന്നിവയുടെ ശാസ്ത്രീയ പരിപാലനം, കൃഷിയിലും, അനുബന്ധമേഖലയിലും സ്ഥായിയായ ഉൽപാദനവും, ഉൽപാദനക്ഷമതയും നിലനിർത്തൽ, ഗ്രാമീണ ജനവിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരിസ്ഥിതി പുനരുദ്ധീകരണം, വെള്ളപ്പൊക്കം, വരൾച്ച, ഉരുൾപൊട്ടൽ, മണ്ണിടച്ചിൽ എന്നീ പ്രക്രിയകളെ നിയന്ത്രിക്കുക, ജലസംഭരണികളെയും, ജലാശയങ്ങളെയും, നദികളെയും സംരക്ഷിക്കുക, ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യനീതിക്കും യോജിച്ച ഉൽപാദന വ്യവസ്ഥകൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് വാട്ടർഷെഡ് വികസന പരിപാടിയുടെ മുഖ്യലക്ഷ്യങ്ങൾ.

4.1.10 വാട്ടർഷെഡ് മാനേജ്മെൻറ്

സ്ഥായിയായ വികസനം ലക്ഷ്യമാക്കി ഭൂവിഭവങ്ങളെ സംരക്ഷിക്കുയും പരിപോഷിപ്പിക്കുകയും, പരിസ്ഥിതി സന്തുലത്തിന് കോട്ടം വരാത്ത വിധത്തിൽ അവയെ ശാസ്ത്രീയമായി വിനിയോഗിക്കുകയും ചെയ്യുക എന്നതാണ്. വാട്ടർഷെഡ് മാനേജ്മെൻറ് കൊണ്ട് ഉദ്ദേശിക്കുന്നത്. മണ്ണ് ജലസംരക്ഷണം, ചെറുകിട ജലസേചനം, കാർഷിക വികസനം, ക്ഷീരവികസനം, മൃഗസംരക്ഷണം, മത്സ്യവികസനം, ചെറുകിട വ്യവസായം, സാമൂഹ്യവനവത്ക്കരണം, ടൂറിസം തുടങ്ങി വിവധ വിഷയ മേഖലകളിലെ വികസന സാധ്യതകൾ സമഞ്ജസമായി സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രവികസനം ലക്ഷ്യമാക്കുന്നതാവണം വാട്ടർഷെഡ് മാനേജ്മെൻറ് പരിപാടികൾ. പരിസ്ഥിതിയുടെ സന്തുലനം, വിഭവങ്ങളുടെ യുക്തിസഹമായ പരിപാലന വിനിയോഗങ്ങൾ, വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും എതിരെയുള്ള പ്രതിരോധം എന്നിവ കൂടി വാട്ടർഷെഡ് മാനേജ്മെൻറിൻറെ അന്തർധാരാ ലക്ഷ്യങ്ങളാവണം.

4.1.11 വാട്ടർഷെഡ് മാനേജ്മെന്റിന്റെ വിവിധഘട്ടങ്ങൾ

4.1.11.1 സമഗ്രമായ നീർമറി വികസന പദ്ധതി തയ്യാറാക്കണമെങ്കിൽ വിശദമായ വിവരശേഖരണവും അനിവാര്യമാണ്. ഒരു നീർമറിയിലെ ഭൂവിഭാഗങ്ങളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ശേഖരിക്കേണ്ടതായിട്ടുണ്ട്. ആ പ്രദേശത്തെ പ്രശ്നങ്ങളും സാധ്യതകളും പരിമിതികളും ഉൾക്കൊണ്ടുള്ള വികസന പദ്ധതിയാണ് തയ്യാറാക്കേണ്ടത്. അത് രൂപപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പ്രശ്നങ്ങളെ വേർതിരിച്ചറിയുക
2. പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന കാരണങ്ങളുടെ വിശകലനം
3. പ്രശ്നപരിഹാരത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ കണ്ടെത്തുക
4. ഏറ്റവും നല്ല പരിഹാരമാർഗ്ഗം തെരഞ്ഞെടുക്കൽ.
5. മുൻകാലങ്ങളിലെ ചെയ്ത പ്രവൃത്തികളുടെ സംരക്ഷണവും അഭിവൃദ്ധിപ്പെടുതലും.

സസ്യസമ്പത്ത് :

4.1.11.2 ജൈവ വൈവിദ്ധ്യത്തിൻറെ കലവറയായ നിബിഡ വനങ്ങളും കാർഷിക വിളകളും ഒക്കെ സസ്യസമ്പത്തിൽ ഉൾപ്പെടുന്നു. സസ്യസമ്പത്ത് മണ്ണിനെ പരിപോഷിപ്പിക്കുകയും, ആഹാരം, ജലം, പ്രാണവായു, ഇന്ധനം തുടങ്ങി ജീവൻറെ നില നിൽപ്പിന് ആവശ്യമായ എല്ലാ ഘടകങ്ങളും ലഭ്യമാക്കുകയും ചെയ്യുന്നു.

ഭൂപ്രകൃതി :

4.1.11.3 പാലക്കാട് ജില്ലയെ ഭൂപ്രകൃതിയനുസരിച്ച് ആറായി തിരിച്ചിട്ടുണ്ട്. അവ ചുവടെ കൊടുക്കുന്നു. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം ഏറ്റവും കുറവ് തെക്കുഭാഗത്തുള്ള താഴ്വരകളും (കപ്പൂർ, നാഗലശ്ശേരി, ചാലിശ്ശേരി, തിരുമിറ്റക്കോട് പഞ്ചായത്തുകൾ- പട്ടാമ്പി താലൂക്ക്) ഏറ്റവും ഉയരമുള്ളത് തെക്കേ സഹ്യാദ്രിയിലുള്ള ആനമുടിയും (2694 മീറ്റർ ആണ്)



താഴ്ന്ന പ്രദേശം : പട്ടാമ്പി താലൂക്കിൻറെ തെക്ക് പടിഞ്ഞാറൻ പ്രദേശങ്ങൾ (കപ്പൂർ, നാഗലശ്ശേരി, ചാലിശ്ശേരി, തിരുമിറ്റക്കോട് പഞ്ചായത്തുകളുടെ തെക്കേഭാഗത്തുള്ള താഴ്വരകളും വെള്ളം നിറഞ്ഞ ചതുപ്പ് നിലങ്ങളും പ്രധാനമായും ഈ വിഭാഗത്തിൽപ്പെടുന്നു. സമുദ്ര നിരപ്പിൽ നിന്ന് 20 മീ താഴെയുള്ള ഭൂപ്രദേശമാണിത്.

മിഡ് ലാൻറ് : സമുദ്ര നിരപ്പിൽ നിന്നും 20 മീറ്ററിനും 100 മീറ്ററിനും ഇടയിലുള്ള സ്ഥലമാണിത്. ഈ പ്രദേശത്ത് ചെങ്കുത്തായ ചരിവുകളും ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങളും, ഇടുങ്ങിയ താഴ്വാരങ്ങളുമുണ്ട്. പട്ടാമ്പി, ഒറ്റപ്പാലം, പാലക്കാട്, ചിറ്റൂർ, ആലത്തൂർ, മണ്ണാർക്കാട് താലൂക്കുകളിൽ കാണപ്പെടുന്നു.

മിഡ് അപ് ലാൻറ് : സമുദ്ര നിരപ്പിൽ നിന്നും 100 മീറ്ററിനും 300 മീറ്ററിനും ഇടയിലുള്ള ഈ പ്രദേശത്ത് ചെങ്കുത്തായ ചരിവുകളും ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങളും ഇടുങ്ങിയ താഴ് വാരങ്ങളും ഉണ്ട്. പുറത്തേയ്ക്ക് ഉയർന്നു നിൽക്കുന്ന വെട്ടുകൽപ്പാറകൾ മലപ്പുറം ജില്ലയോട് ചേർന്നു കിടക്കുന്ന പട്ടാമ്പി താലൂക്കിലും, മണ്ണാർക്കാട് താലൂക്കിലും പെട്ട പ്രദേശങ്ങളിൽ കാണുന്നു.

അപ് ലാൻറ് : സമുദ്ര നിരപ്പിൽ നിന്നും 300 മീറ്ററിനും 600 മീറ്ററിനും ഇടയിലുള്ള ഈ പ്രദേശത്തിൻറെ ചരിവിൻറെ ശതമാനം 25 നും 50 നും ഇടയിലാണ്. പശ്ചിമഘട്ട നിരയിലെ മദ്ധ്യ സഹ്യാദ്രി, നീലഗിരിക്കുന്നുകൾ, തെക്കേ സഹ്യാദ്രി എന്നിവിടങ്ങളിൽ ഈ ഭൂവിഭാഗത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ കാണപ്പെടുന്നു.

ഹൈ ലാൻറ് : സമുദ്ര നിരപ്പിൽ നിന്നും 600 മീറ്ററിന് മുകളിലുള്ള ഈ പ്രദേശം സഹ്യാദ്രി, നീലഗിരി, അട്ടപ്പാടി കുന്നുകൾ കാണപ്പെടുന്നു.

മലനിരകൾ : സമുദ്ര നിരപ്പിൽ നിന്നും 2000 മീറ്റർവരെ ഉയരമുള്ള നീലഗിരി, സഹ്യാദ്രി മലകൾ ഇതിൽ ഉൾപ്പെടുന്നു. തെക്കേ സഹ്യാദ്രി 70800 ഹെക്ടർ വിസ്തീർണ്ണം ഉൾപ്പെടുന്നു. നീലഗിരി 13000 ഹെക്ടർ പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്നു. നീലഗിരിക്കുന്നുകൾക്കും, തെക്കേ സഹ്യാദ്രിയ്ക്കും ഇടയിൽ 30 കിലോമീറ്റർ നീളത്തിൽ പാലക്കാട് ചുരം നിലകൊള്ളുന്നു. ഈ പ്രദേശത്തെ കാലാവസ്ഥയെ പാലക്കാട് ചുരം കാര്യമായി ബാധിക്കുന്നു.

4.1.2 ജലസേചനം

4.1.2.1 കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. 2006 ലാണ് പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചത് വടക്ക് പടിഞ്ഞാറ് മലപ്പുറം, തെക്കുപടിഞ്ഞാറ് തൃശ്ശൂർ, വടക്ക് കിഴക്കുഭാഗത്ത് നീലഗിരി, കിഴക്ക് കോയമ്പത്തൂർ എന്നീ ജില്ലകളിൽ ചുറ്റപ്പെട്ടു കിടക്കുന്ന പാലക്കാടിന്റെ മൊത്തം ഭൂപ്രദേശം 4480 ചതുരശ്ര കിലോമീറ്ററാണ്. പശ്ചിമ ഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർ ചുരമാണ്. ഈ ചുരത്തിന്റെ സാന്നിധ്യം മൂലം കേരളത്തിലെ ഇതര ജില്ലകളിൽ നിന്നു വ്യത്യസ്തമായി ഇവിടെ തമിഴ്നാട്ടിലേതു പോലെ വരണ്ട കാലാവസ്ഥയാണ് .

4.1.2.2 കാർഷിക ജില്ലയായ പാലക്കാടിൽ പ്രധാനമായും നെല്ല്, തേങ്ങാ, മരച്ചീനി, ഇഞ്ചി, നിലക്കടല എന്നിവ കൃഷി ചെയ്തു വരുന്നു. കാർഷിക വൃത്തിക്കായി മലമ്പുഴ, ചിറ്റൂർ പുഴ, കാഞ്ഞിരപുഴ എന്നി ജലസേചന പദ്ധതികളും അവയ്ക്കു കീഴിലുള്ള ഡാമുകളും , ഒരു ചെറുകിട ജലസേചന ഡിവിഷനുമാണ് ഉള്ളത്. മേൽ പറഞ്ഞ പദ്ധതികളിൽ പ്രധാനമായും കൃഷി ആവശ്യത്തിനും കുടിവെള്ള ആവശ്യത്തിനുമാണ്, മുൻതൂക്കം നൽകിയിട്ടുള്ളത് കൂടാതെ കൃഷി കൂടുതൽ വ്യാപകമാക്കുന്നതിന് കനാൽ സിസ്റ്റം വഴി വെള്ളം ജില്ലയിലെ പരമാവധി എല്ലാ പ്രദേശങ്ങളിലും എത്തിക്കാറുണ്ട് ജലസ്രോദസ്സുകളുടെ പുനരുജ്ജീവനത്തിനും സംരക്ഷണത്തിനും ഭൂജല നിരപ്പ് വർദ്ധിപ്പിക്കുന്നതിനും കിണറുകളുടെ റീചാർജിങ്ങിനും ജലസേചന പദ്ധതികൾ നവീകരിച്ച് കാര്യക്ഷമമാകേണ്ടതുണ്ട്. കുടിവെള്ളത്തിനും ജലസേചനത്തിനും ഉൾപ്പടെ വിവിധ ആവശ്യങ്ങൾക്കുള്ള ജലം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതികളും പരിപാടികളുമാണ് പദ്ധതിയിൽ ഉൾപെടുത്തേണ്ടത്

4.1.2.3 ജില്ലയിൽ ലഭ്യമാകുന്ന ജലം ഭൂരിഭാഗവും സംഭരിക്കുന്നുണ്ടെങ്കിലും മഴ കുറവായ വർഷങ്ങളിൽ ജലദൗർലഭ്യം നേരിടുന്ന സ്ഥിതിവിശേഷം ജില്ലയിലുണ്ട്. ജില്ലയിൽ ലഭിക്കുന്ന ജലം മുഴുവനായി സംഭരിച്ച് കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഉപയുക്തമാക്കുകയാണ് ജില്ലാ പദ്ധതിയുടെ ജലസേചന മേഖലയുടെ ലക്ഷ്യം.

4.1.2.2 അവസ്ഥാ വിശകലനം

പുഴകൾ

പ്രധാനമായും 8 നദികളാണ് ജില്ലയിലുള്ളത്. ഇതിൽ പ്രബലമായ സ്ഥാനമാണ് ഭാരതപ്പുഴക്കുള്ളത്. പാലക്കാട് ജില്ലയിലെ പ്രധാന നദികളുടെ പട്ടിക ചുവടെ ചേർക്കുന്നു

4.1.2.3 പ്രധാനപ്പെട്ട പുഴകളും അവയുടെ ജലലഭ്യതയും

ഭാരതപ്പുഴ

നില എന്നുകൂടി അറിയപ്പെടുന്ന ഭാരതപ്പുഴ കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ മുഖ്യസ്രോതസാണ്. 209 കിലോമീറ്റർ നീളമുള്ള ഭാരതപ്പുഴ കേരളത്തിലെ രണ്ടാമത്തെ വലിയ നദിയാണ്. പശ്ചിമഘട്ട മലനിരകളിൽ തമിഴ്നാട്ടിലെ പൊള്ളാച്ചിക്ക് സമീപമുള്ള ആനമല-ആനമുടി കുന്നുകളിൽ നിന്നും ഉത്ഭവിക്കുന്നു. കേരളത്തിൽ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലൂടെ ഒഴുകി പൊന്നാനിയിലെത്തി അറബിക്കടലിൽ പതിക്കുന്നു.

ഭവാനി നദി

കാവേരി നദിയുടെ ഒരു പോഷക നദിയായ ഭവാനി നദി പശ്ചിമഘട്ടത്തിലുള്ള തമിഴ്നാട്ടിലെ നീലഗിരി കുന്നുകളിൽ നിന്നും ഉത്ഭവിക്കുന്നു. പാലക്കാട് ജില്ലയിലെ മുക്കാലി വനത്തിൽ ഈ നദി കേരളത്തിൽ പ്രവേശിക്കുന്നു. പിന്നീട് വടക്കുകിഴക്കായി തിരിയുന്ന ഭവാനി വയനാട് ജില്ലയിലെ അട്ടപ്പാടി വനമേഖല, കൂടപ്പട്ടി എന്നിവിടങ്ങളിലൂടെ ഒഴുകി കർണാടകത്തിൽ പ്രവേശിച്ച് കാവേരി നദിയിൽ പതിക്കുന്നു

തൂതപ്പുഴ

ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദിയാണ് തൂതപ്പുഴ. സൈലന്റ് വാലിയിൽ നിന്നാരംഭിക്കുന്ന ഈ നദി പള്ളിപ്പുറത്തു വച്ച് ഭാരതപ്പുഴയിൽ ചേരുന്നു.

ഗായത്രിപ്പുഴ

ഭാരതപുഴയുടെ ഒരു പ്രധാന കൈവഴിയാണ് ഗായത്രിപ്പുഴ. ആനമലയിൽ നിന്നും ഉത്ഭവിക്കുന്ന ഗായത്രിപ്പുഴ കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, പഴയന്നൂർ എന്നിവടങ്ങളിലൂടെ ഒഴുകി മായന്നൂർ വച്ച് ഭാരതപ്പുഴയിൽ ചേരുന്നു. ചീരക്കുഴിപ്പുഴ എന്നും ഈ നദി അറിയപ്പെടുന്നു.

കുന്തിപ്പുഴ

സൈലന്റ് വാലിയിലൂടെ ഒഴുകുന്ന തൂതപ്പുഴയുടെ ഒരു കൈവഴിയാണ് കുന്തിപ്പുഴ.

ഏരികൾ

തമിഴ് വാക്കായ ഏരി എന്നാൽ വിസ്തൃതിയുള്ള കുളങ്ങളാകുന്നു.

പട്ടിക.4.1.9

ഏരികൾ

കുന്നംപിടാരി ഏരി	0.833 ദശലക്ഷം ഘന മീറ്റർ
പൂർണ ജല സംഭരണ ശേഷി ജലനിരപ്പ് (എഫ് ആർ എൽ)	168.535
പരമാവധി ജലനിരപ്പ്	8.735 മീറ്റർ
ഫോർമേഷൻ ലെവൽ	160.850 മീറ്റർ
ക്വാണ്ടിറ്റി ഓഫ് എസ്കേവഷൻ	0.886 ദശലക്ഷം ഘന മീറ്റർ
കമ്പാലത്തറ ഏരി	3.00 ദശലക്ഷം ഘന മീറ്റർ
പൂർണ ജല സംഭരണ ശേഷി ജലനിരപ്പ് (എഫ് ആർ എൽ)	181.08
പരമാവധി ജലനിരപ്പ്	9.00 മീറ്റർ
ഫോർമേഷൻ ലെവൽ	173.90 മീറ്റർ
ക്വാണ്ടിറ്റി ഓഫ് എസ്കേവഷൻ	1.882 ദശലക്ഷം ഘന മീറ്റർ
വെങ്കലക്കയം ഏരി	3.08 ദശലക്ഷം ഘന മീറ്റർ
പൂർണ ജല സംഭരണ ശേഷി ജലനിരപ്പ് (എഫ് ആർ എൽ)	172.60

പരമാവധി ജലനിരപ്പ്	11.05 മീറ്റർ
ഫോർമേഷൻ ലെവൽ	161.30 മീ മീറ്റർ
ക്വാണ്ടിറ്റി ഓഫ് എസ്കേവഷൻ	3.422 ദശലക്ഷം ഘന മീറ്റർ

അവലംബം : ചിറ്റൂർപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

കുന്നംപിടാരി ഏരി

കുന്നംപിടാരി ഏരി കൊഴിഞ്ഞാമ്പാറ പഞ്ചായത്തി ലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന് 0.833 ദശലക്ഷം ഘന മീറ്റർ ജലസംഭരണശേഷിയും, 28 ഹെക്ടർ വിസ്തൃതിയും ഉണ്ട്.

കമ്പാലത്തറ ഏരി

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ നിന്നും ലഭിക്കുന്ന ജലം, ചിറ്റൂർ പുഴ പദ്ധതിയുടെ കീഴിൽ വരുന്ന മൂലത്തറ റെഗുലേറ്ററിൽ നിന്ന് ഇടതുകര കനാൽ വഴി കമ്പാലത്തറ ഏരിയിൽ എത്തുന്നു. ടി ഏരി ഒരു ജലസംഭരണി യായി ഉപയോഗിക്കുന്നു. ഇതിന് 81 ഹെക്ടർ വിസ്തൃതിയും 3.00 ദശലക്ഷം ഘന മീറ്റർ ജല സംഭരണശേഷിയും ഉണ്ട്. ഇതിന്റെ ആയക്കെട്ട് 8210 ഹെക്ടർ ആകുന്നു.

വെങ്കലക്കയം ഏരി

വെങ്കലക്കയം ഏരിയെ കനാൽ വഴി കുന്നംപിടാരി ഏരിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിന് 3.08 ദശലക്ഷം ഘനമീറ്റർ ജലസംഭരണ ശേഷിയും, 62 ഹെക്ടർ വിസ്തൃതിയും ഉണ്ട്. ഇതിന്റെ ആയക്കെട്ട് 3321 ഹെക്ടർ ആകുന്നു.

കുളങ്ങൾ

പാലക്കാട് ജില്ലയിൽ പൊതു കുളങ്ങളും ക്ഷേത്ര കുളങ്ങളും അടക്കം 1870 കുളങ്ങളുടെ കണക്കാണ് നിലവിലുള്ളത്. കുളങ്ങൾ ആഴം കൂട്ടി വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി 39 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. കുളങ്ങളുടെ നവീകരണവും അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മൈനർ ഇറിഗേഷൻ സ്വീകരിച്ച് വരുന്നു. ഈ ഡിവിഷനു കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലായി അറ്റകുറ്റപ്പണി, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തി 54 കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

4.1.2.4 ജില്ലയിലെ പ്രധാന ജലസംഭരണികൾ



പാലക്കാട് ജില്ലയിലെ ജലസംഭരണികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക.4.1.10

ജലസംഭരണികൾ

ക്രമ നമ്പർ	പേര്	സംഭരണ ശേഷി (മില്യൻ ക്യൂബിക് മീറ്റർ)	ആയക്കട്ട് (ഹെക്ടർ)
1	മലമ്പുഴ ഡാം	226	21165
2	ചേരാമംഗലം ഡൈവേർഷൻ സ്കീം		1180

3	മംഗലം ഡാം	25.494	3440
4	പോത്തുണ്ടി ഡാം	44.00	4685
5	ചിറ്റൂർപുഴ പ്രൊജക്റ്റ്	205.30	16940
6	മീങ്കര ഡാം	11.30	3035
7	ചുള്ളിയാർ ഡാം	13.70	2430
8	വാളയാർ ഡാം	18.40	3937
9	കാഞ്ഞിരപ്പുഴ ഡാം	175	9700
10	വെള്ളിയാങ്കർകടവ് റെഗുലേറ്റർ കം ബ്രിഡ്ജ്	6.60	
11	ശിരുവാണി ഡാം		Drinking water
12	മൈനർ ഇറിഗേഷൻ	25.66	10980
	ആകെ	**751.454**	**77492**

അവലംബം :പി.എം.കെ.എസ് വൈ ജില്ലാ പ്ലാൻ റിപ്പോർട്ട്

4.1.2.5 വൻകിട ജലസേചന പദ്ധതികൾ

മലമ്പുഴ ജലസേചനപദ്ധതി

1955 – ൽ ആണ് മലമ്പുഴ അണക്കെ ട്ടിന്റെ പദ്ധതി പൂർത്തീകരിച്ചത്. ഇതിന്റെ പൂർണ്ണ ജലസംഭരണ ശേഷി 226 ദശലക്ഷം ഘനമീറ്റർ ആണ്. ജലവിതരണത്തിനുവേണ്ടി വലതുകരയിൽ കൂടിയും ഇടതുകരയിൽ കൂടിയും 2 കനാലുകൾ അണക്കെട്ടിൽ നിന്നും തുടങ്ങുന്നു. ഇടതുകര കനാലിന് മൊത്തം 31.68 കി. മീറ്ററും വലതുകര കനാലിന് 32 കി. മീ നീളമുണ്ട്. ശാഖാ കനാലുകളും ഉപശാഖാ കനാലുകളും ചേർത്ത് 320 കി. മീ നീളമാണ് ഉള്ളത്. ഇതുകൂടാതെ വളരെ അധികം ഫീൽഡ് ബോത്തികൾ കർഷക സമിതികൾ നേരിട്ട് വൃത്തിയാക്കിയാണ് മുഖ്യമായും ജലവിതരണം നടത്തുന്നത്.

4.1.2.6 മലമ്പുഴ ഡാം - ജലവിതരണ വിശദാംശങ്ങൾ

പട്ടിക.4.1.11

മലമ്പുഴ ജലസേചനപദ്ധതി

ജലസ്രോതസ്സ്	മലമ്പുഴ
പൂർണ ജല സംഭരണ ശേഷി - ജലനിരപ്പ് (എഫ് ആർ എൽ)	115.06 മീ
പൂർണ ജല സംഭരണ ശേഷി(ഗ്രോസ്സ് സ്റ്റോറേജ്)	226 ഘനമീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ്	2.4 ഘനമീറ്റർ

(ഡെഡ് സ്റ്റോറേജ്)	
അവശ്യ ജല സംഭരണം (ജലനിരപ്പ്) (മാക്സിമം ഡ്രോഡൗൺ ലെവൽ)	91.4 മീറ്റർ
പൂർണ ജലസംഭരണ ശേഷിയിലുള്ള ജലവിസ്തീർണം (വാട്ടർ സ്പ്ലഡ് അറ്റ് എഫ് ആർ എൽ)	22 ചതുരശ്ര കി,മീ
ആയക്കെട്ട്	21165 ഹെക്ടർ

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

ഇടതുകര കനാൽ (എൽ.ബി.എം.സി)

ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലികളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

പട്ടിക.4.1.12

ഇടതുകര കനാൽ (എൽ.ബി.എം.സി)

മലമ്പുഴ	കൊടുവായൂർ	പിരായിരി	തരൂർ
മരുതറോഡ്	പല്ലശ്ശേന	പെരുവെമ്പ്	കുത്തന്നൂർ
പാലക്കാട്	മാത്തൂർ	പെരുങ്ങോട്ടുകുറുശ്ശി	തിരുവിലാമല
കൊടുമ്പ്	പറളി	എരിമയൂർ	
കണ്ണാടി	കോട്ടായി	ആലത്തൂർ	
തേങ്കുറിശ്ശി	കുഴൽമന്ദം	കാവശേരി	

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ഇടതുകര പ്രധാന കനാലിന്റെ ബ്രാഞ്ച് കനാലുകൾ താഴെ കൊടുക്കുന്നു

പട്ടിക.4.1.13

ഇടതുകര കനാൽ (എൽ.ബി.എം.സി) - ബ്രാഞ്ച് കനാലുകൾ

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോമീറ്റർ	ആയക്കെട്ട് ഹെക്ടർ
1	കൊട്ടേക്കാട് I	1.700	106.230
2	കൊട്ടേക്കാട് II	2.200	215.700
3	പുത്തൂർ	1.200	127.880
4	കൊടുന്തിരപ്പുള്ളി	10.400	601.360
5	എടത്തറ	11.400	829.960
6	എടത്തറ-പിരായിരി	0.650	67.500
7	പിരായിരി	5.300	267.500
8	കിണാശ്ശേരി	2.500	210.000
9	കടലക്കുറുശ്ശി	8.400	528.000

10	തസ്രാഖ്	3.450	813.170
11	പെരിങ്ങോട്ടുകുറുശ്ശി	24.220	1587.000
12	കണ്ണാടി I	0.600	137.410
13	കണ്ണാടി II	0.243	78.100
14	കണ്ണാടി III	0.320	91.460
15	ഓടന്നൂർ	9.190	853.900
16	കണ്ണനൂർ	0.800	124.030
17	തണ്ണീറങ്ങാട്	2.500	124.650
18	ചെങ്ങാണിയൂർ I	0.512	104.090
19	ചെങ്ങാണിയൂർ II	0.100	87.400
20	പുളിനെല്ലി	3.750	307.560
21	കോട്ടായി I 1	6.800	405.100
22	കോട്ടായി II	0.580	124.500
23	പരുത്തിപ്പള്ളി	0.300	71.470
24	ബെമ്മണ്ണൂർ	0.450	140.020
25	ചൂലന്നൂർ	39.918	1226.930
26	തേങ്കുറിശ്ശി	0.400	136.980
27	കുത്തന്നൂർ I	13.400	1314.470
28	പുതുക്കോട്	0.200	104.000
29	കുഴൽമന്ദം I	0.279	13.000
30	കുത്തന്നൂർ II	1.000	112.000
31	കളപ്പെട്ടി I	0.400	102.790
32	വിളയന്നൂർ I	2.400	242.910
33	വിളയന്നൂർ II	0.400	77.700
34	കളപ്പെട്ടി II	0.150	87.000
35	പെരുംകുന്നം II	1.100	99.550
36	മഞ്ഞള്ളൂർ II	1.000	88.460
37	പെരുംകുന്നം I	0.600	101.170
38	മഞ്ഞള്ളൂർ I	3.000	303.640
39	കുഴൽമന്ദം II	0.800	137.030
40	കുറുശ്ശി	27.200	1006.480
41	കുഴൽമന്ദം III	0.600	73.290
42	കുത്തന്നൂർ III	1.680	237.640
43	കുത്തന്നൂർ IV	0.400	92.670
44	കുത്തന്നൂർ V	0.200	84.990
45	എരിമയൂർ I	0.800	144.880
46	കാവശ്ശേരി	0.600	98.340

47	വാവുള്ളിയാപുരം	1.800	115.740
48	തരൂർ	1.980	142.450
49	പഴമ്പാലക്കോട്	1.200	217.150
50	എത്തന്നൂർ	2.650	990.200
51	കൊടുവായൂർ	2.939	133.810
52	കാക്കയൂർ	1.938	124.260
53	എരിമയൂർ II	15.035	1457.000
54	കൂടല്ലൂർ	0.792	86.000
55	കുനിശ്ശേരി I	5.029	639.740
56	പല്ലാവൂർ II	0.240	245.000
57	കുനിശ്ശേരി II	1.976	142.000
58	കുനിശ്ശേരി III	1.000	132.000
59	കുനിശ്ശേരി IV	0.628	95.000
60	മഞ്ഞളൂർ II	0.668	30.370
61	വെമ്പല്ലൂർ	1.205	82.420
62	പല്ലാവൂർ I	5.550	442.420
	ആകെ	238.722	18965.47

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

വലതുകര കനാൽ (ആർ.ബി.എം.സി)

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലേക്ക് കൃഷിയിടങ്ങിലേക്ക് ജലസേചനം നടത്തിവരുന്നു.

പട്ടിക.4.1.14

വലതുകര കനാൽ (ആർ.ബി.എം.സി)

1. മലമ്പുഴ	6. കേരളശ്ശേരി
2. അകത്തേത്തറ	7. മങ്കര
3. പുതുപ്പരിയാരം	8. മണ്ണൂർ
4. മുണ്ടൂർ	9. ലക്കിടി-പേരൂർ
5. പറളി	10. ഒറ്റപ്പാലം

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

വലതുകര പ്രധാന കനാലിന് താഴെപറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.15

വലതുകര കനാൽ (ആർ.ബി.എം.സി) - ബ്രാഞ്ച് കനാലുകളാണ്

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	കാവിൽപ്പാട്	7.041	358.072
2	പുതുപ്പരിയാരം	4.894	410.686
3	വള്ളിക്കോട് 1	3.627	182.586

4	വള്ളിക്കോട് II	4.023	275.254
5	കിണാവല്ലൂർ	0.790	85.797
6	തേന്നൂർ	4.800	217.402
7	മാങ്കുറിശ്ശി	4.000	318.315
8	മങ്കര	6.800	226.357
9	പത്തിരിപ്പാല	5.400	307.739
10	പാലപ്പുറം	12.300	931.000
	ആകെ	53.675	3313.08

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

പട്ടിക.4.1.16

ഇടതുകര കനാൽ -വലതുകര കനാൽ നീളം

ഇടതുകര കനാൽ നീളം (ബ്രാഞ്ച് ഉൾപ്പെടെ)	വലതുകര കനാൽ നീളം (ബ്രാഞ്ച് ഉൾപ്പെടെ)
267.568 കി. മീ	85.675 കി. മീ
ആകെ 353.243 കി. മീ	

4.12.6.1 ഡാം നിർമ്മാണതിനോടനുബന്ധിച്ച് നിർമ്മിച്ച കനാലുകൾ കാലപ്പഴക്കം നിമിത്തം മണ്ണൊലിപ്പ് പ്രകൃതിയുടെ പ്രത്യേകതകളും കാരണം കേടുപാടുകൾ പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ വാലറ്റ പ്രദേശങ്ങളിൽ പലപ്പോഴും വെള്ളമെത്തിക്കുവാൻ പ്രയാസമാണ്. 1990 മുതൽ നാഷണൽ വാട്ടർ മാനേജ്മെന്റ് പ്രോഗ്രാം, റീവാംമ്പിങ്ങ് ആന്റ് കൺസോളിഡേഷൻ പ്രോഗ്രാം, രാഷ്ട്രീയ സാം വികാസ് യോജന, എ.ഐ.ബി.പി, ഡ്രിപ്പ് തുടങ്ങിയ പദ്ധതികൾ പ്രകാരം കനാലുകളുടെയും അണക്കെട്ടുകളുടെയും നവീകരണ പ്രവർത്തനങ്ങളും ജലവിതരണവും സുഗമമായി നടക്കുന്നു. ഇപ്രകാരം ചെയ്താൽ മാത്രമേ വാലറ്റപ്രദേശങ്ങളിൽ ജലനഷ്ടം കൂടാതെ ജലവിതരണം സുഗമമായി നടക്കാൻ സാധിക്കുകയുള്ളൂ.

4.1.2.7 മംഗലം പദ്ധതി

ഭാരതപ്പുഴയുടെ ശാഖയായ ഗായത്രി പുഴയുടെ ഭാഗമായ മംഗലം പുഴയുടെ കൈവഴിയായ ചെറുകുന്നം പുഴയിൽ കെട്ടിയിട്ടുള്ള ഒരു അണയാണ് മംഗലം ഡാം. 3.96 ച.മീ

വിസ്താരമുള്ള ജലസംഭരണിയിൽ 25.344 ദശലക്ഷം ഘനമീറ്റർ വെള്ളത്തിന്റെ സംഭരണശേഷിയുണ്ട്.

മംഗലം ഡാം - ജലവിതരണ വിശദാംശങ്ങൾ

പട്ടിക.4.1.17

മംഗലം പദ്ധതി

ജലസ്രോതസ്സ്	ചെറുകുന്നം പുഴ
പൂർണ ജല സംഭരണ ശേഷി (എഫ് ആർ. എൽ)	77.88 മീറ്റർ
സംഭരണ ശേഷി	25.494 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ് (ഡെഡ് സ്റ്റോറേജ്)	0.15 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കുന്ന സംഭരണത്തിന്റെ അളവ്	25.344 ദശലക്ഷം ഘന മീറ്റർ
വൃഷ്ടി പ്രദേശം	48.85 ചതുരശ്ര കി,മീ

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

എ) വലതുകര കനാൽ (ആർ.ബി.എം.സി)

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തുന്നു.

1. വണ്ടാഴി
2. കിഴക്കഞ്ചേരി
3. വടക്കഞ്ചേരി
4. കാവശ്ശേരി

വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ശാഖാ കനാലുകളാണ് ഉള്ളത്

പട്ടിക.4.1.18

വലതുകര കനാൽ (ആർ.ബി.എം.സി)

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	ചൂരക്കോട് FB	1.38	43.07
2	എലവമ്പാടം FB	3.55	67.54
3	പുന്നപ്പാടം FB	6.05	208.57
4	ചൂരപ്പട്ട FB	.67	25.54
5	നെല്ലിക്കോട് FB	.86	19.19
6	വണ്ടാഴി FB	1.52	58.12
7	കിഴക്കേത്തറ FB	.57	12.6
8	ചേരുംകോട് FB	1.23	25.32
9	തണ്ടലോടെ FB	1.97	40.48
10	ചിറ്റലെഞ്ചേരി ഡിസ്റ്റിബ്യൂട്ടറി	3.2	58.74

11	മുടപ്പല്ലൂർ ഡിസ്റ്റിബ്യൂട്ടറി	3.187	62.34
12	മുടപ്പല്ലൂർ FB	1.5	52.19
13	മൂവേലിക്കടവ് ഡിസ്റ്റിബ്യൂട്ടറി	3.5	96.29
14	മംഗലം ഡിസ്റ്റിബ്യൂട്ടറി	2.25	95.87
15	അഞ്ചുമൂർത്തി ഡിസ്റ്റിബ്യൂട്ടറി	2.25	95.87
16	തെന്നിലപുരം FB	3.4	14.41
17	ചീനിക്കോട് FB	1.6	62.38
18	പഡൂർ ഡിസ്റ്റിബ്യൂട്ടറി	3.9	161.25
19	കഴനി ഡിസ്റ്റിബ്യൂട്ടറി	3.65	160.13
ആകെ		46.237	1359.9

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ഇടതുകര കനാൽ (എൽ.ബി.എം.സി)

ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലേക്ക് ജലസേചന സൌകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

1. കിഴക്കാഞ്ചേരി
2. വടക്കാഞ്ചേരി
3. കണ്ണമ്പ്ര
4. പുതുക്കോട്

പട്ടിക.4.1.19

ഇടതുകര കനാൽ (എൽ.ബി.എം.സി) - ശാഖാ കനാലുകളാണ്

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	പറശ്ശേരി FB	1.243	29.22
2	വക്കാല ചെറുകുന്നം FB	2.385	66.83
3	മണിയൻചിറ FB	0.830	32.92
4	നാഗം പാറ FB	0.810	38.84
5	കാൽവപ്പാടം ഡിസ്റ്റിബ്യൂട്ടറി	1.923	92.19
6	വേങ്ങശ്ശേരി	0.700	33.96
7	മൂലംകോട് FB	2.000	43.2
8	കാരുമശ്ശേരി ഡിസ്റ്റിബ്യൂട്ടറി	2.000	86.08
9	തിരുവാറ FB	1.800	52.03

10	വാക്കാട് FB	1.200	46.06
11	ചെക്കുളം FB	1.800	31.05
12	കൊന്നഞ്ചേരി	2.000	103.27
13	ആയക്കാട് FB	1.000	44.57
14	മഞ്ചബ്ര ഡിസ്റ്റിബ്യൂട്ടറി	2.800	166
15	ഋഷിനാരദമംഗലം ഡിസ്റ്റിബ്യൂട്ടറി	1.800	51.66
16	പരുവശ്ശേരി ഡിസ്റ്റിബ്യൂട്ടറി	1.400	94.86
17	കണ്ണമ്പ്ര FB	1.600	60.53
18	പുതുക്കോട് FB	1.000	33.4
19	തെക്കേപ്പൊറ്റ FB	2.800	131.43
20	പുതുക്കോട്(ചെറിയ) FB	0.500	24.29
21	മണപ്പാടം ഡിസ്റ്റിബ്യൂട്ടറി	2.400	134.09
	ആകെ	33.991	1396.48

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

കനാൽ നീളം (ബ്രാഞ്ച് കനാലുകളുൾപ്പെടെ) ആകെ 95.01 കി. മി

4.1.2.8 ചേരാമംഗലം പദ്ധതി

4.12.8.1 ആലത്തൂർ താലൂക്കിലെ മേലാർകോട്, എരിമയൂർ, ആലത്തൂർ, കാവശ്ശേരി എന്നീ പഞ്ചായത്തുകളിലായി 1205 ഹെക്ടർ കൃഷിക്ക് ജലം വിനിയോഗിക്കുന്ന ഒരു പദ്ധതിയാണ് ചേരാമംഗലം പദ്ധതി. ഗായത്രി പുഴയിൽ കിള്ളിയാറിൽ നിർമ്മിച്ചിട്ടുള്ള ഈ പദ്ധതി പൂർണ്ണമായും മഴവെള്ളത്തെയും മറ്റു പദ്ധതികളിലെ ആയക്കെട്ട് പ്രദേശങ്ങളിൽ നിന്നും ഒലിച്ചിറങ്ങുന്ന വെള്ളത്തെയും ആശ്രയിച്ചുള്ളതാണ്. ഈ സംഭരണിക്ക് 115.976 മീ നീളവും 2.591 മീ ഉയരവുമുണ്ട്.

പട്ടിക.4.1.20

ചേരാമംഗലം പദ്ധതി - ജലവിതരണ വിശദാംശങ്ങൾ

അടിത്തട്ടിന്റെ ചെരിവ് (ബെഡ് സ്ലോപ്പ്)	1/3600
പ്രധാന കനാലിന്റെ അളവ്	2.9 X 0.91 മീറ്റർ
കനാൽ ഡിസ്ചാർജ്	57 ഘന അടി / സെക്കൻഡ്
ആയക്കെട്ട്	1180 ha

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

പട്ടിക.4.1.21

ചേരാമംഗലം പദ്ധതി - ബ്രാഞ്ച് കനാലുകൾ

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	16 എ ബ്രാഞ്ച് കനാൽ	4.800	285.163
2	എറാകുളം ബ്രാഞ്ച് കനാൽ	3.000	162.118
3	വടക്കേത്തറ ബ്രാഞ്ച് കനാൽ	2.000	61.623
4	കുലിയാട് ഫീൽഡ് ബോത്തി	2.500	29.891
5	15 മത് ഫീൽഡ് ബോത്തി	2.000	27.612
6	18 മത് ഫീൽഡ് ബോത്തി	0.400	27.175
7	19 മത് ഫീൽഡ് ബോത്തി	1.000	30.550
8	20 മത് ഫീൽഡ് ബോത്തി	1.500	56.139
9	23 മത് ഫീൽഡ് ബോത്തി	2.000	30.643
10	24 മത് ഫീൽഡ് ബോത്തി	2.200	10.056
11	26 മത് ഫീൽഡ് ബോത്തി	4.500	88.200
	ആകെ	25.9	809.17

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.9 പോത്തുണ്ടി പദ്ധതി

4.12.9.1 10.50 കി. മീ നീളമുള്ള വലതുകര കനാലും, 8.30 കി.മീ നീളമുള്ള ഇടതുകര കനാലും. 93.00 കി. മീ നീളമുള്ള ശാഖാ കനാലുകളും ഇതിനുണ്ട്. കൂടാതെ സുഗമമായ ജലവിതരണത്തിന് കർഷക സമിതികൾ മേൽനോട്ടം വഹിക്കുന്ന അനേകം ഫീൽഡ് ബോത്തികളും ഇതിനുണ്ട്.

പട്ടിക.4.1.22

പോത്തുണ്ടി ഡാം - ജലവിതരണ വിശദാംശങ്ങൾ

ജലസ്രോതസ്സ്	അയിലൂർ പുഴ
പൂർണ ജല സംഭരണ ശേഷി (എഫ് ആർ എൽ)	108.204 മീറ്റർ
സംഭരണ ശേഷി	50.914 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ് (ഡെഡ് സ്റ്റോറേജ്)	7.014 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കുന്ന സംഭരണത്തിന്റെ അളവ്	43.90 ദശലക്ഷം ഘന മീറ്റർ

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

എ) വലതുകര കനാൽ (ആർ.ബി.എം.സി)

4.12.9.2 വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് നെന്മാറ, മേലാർകോഡ്, എലവഞ്ചേരി, അയിലൂർ, വണ്ടാഴി, എരിമയൂർ, വടക്കഞ്ചേരി പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തുന്നു. വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്.

Pothundi Dam

പട്ടിക.4.1.23

വലതുകര കനാൽ (ആർ.ബി.എം.സി)

ക്രമനമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	ചെമ്മാണംതോട്	3.49	86.32
2	തേവർമണി	1.43	40.26
3	വല്ലങ്ങി	1.3	421.3
4	വിത്തനശ്ശേരി	1.5	165.6
5	കൈപ്പഞ്ചേരി	4.07	70.75
6	കണിയമംഗലം	3.44	91.61
7	ചിറ്റിലഞ്ചേരി നോർത്ത്	5.2	286.82
8	ചിറ്റിലഞ്ചേരി സൗത്ത്	6.4	448
9	ചേരാമംഗലം	1.41	50.31
10	തെക്കുംപുറം	2.5	129.67
11	മലക്കുളം	3.695	86.91
12	ചെറുവഞ്ചിപാടം	1.655	60.23
13	അണക്കപ്പാറ	3.95	54.96
14	ചെല്ലുവടി	5.12	87.8
15	മുടപ്പല്ലൂർ	3.46	91.71
16	തെക്കേത്തറ	10.2	262.78
	ആകെ	58.82	2435.03

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി) ഇടതുകര കനാൽ (എൽ,.ബി.എം.സി)

ഇടതുകര കനാലിന് താഴെ പറയുന്ന ബ്രാഞ്ചുകനാലുകളാണ് ഉള്ളത്

പട്ടിക.4.1.24

ഇടതുകര കനാൽ (എൽ.ബി.എം.സി) .

ക്രമനമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	**അകംപാടം**	0.75	42.20
2	**കക്കഴി**	10.60	284.45
3	**അടിപ്പെരണ്ട**	4.60	97.41
4	**നെന്മാറ**	3.00	123.74
5	**തിരുവഴിയാട്**	1.20	83.52
6	**കയറാടി**	8.30	320.27
7	**അയിലൂർ**	8.60	534.34

8	**പാലിയമംഗലം**	0.60	215.12
	ആകെ	37.65	1701.05

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.10 ചിറ്റൂർപ്പുഴ ജലസേചന പദ്ധതി

ചിറ്റൂർപ്പുഴ പദ്ധതി അന്തർ സംസ്ഥാന നദീജല കരാറായ പറമ്പിക്കുളം, ആളിയാർ കരാറി ന്റെ അടിസ്ഥാനത്തിലാണ് ചിറ്റൂർ പുഴ ജലസേചന പദ്ധതി പ്രവർത്തിക്കുന്നത്. കരാർ പ്രകാരം ലഭ്യമായ 7.5 ടി.എം.സി ജലം ഉപയോഗിച്ച് ചിറ്റൂർ മേഖലയിലെ 16940 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുന്നു. പാലക്കാടിന്റെ നെല്ലറയായ ചിറ്റൂരിന്റെ ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് പ്രസ്തുത പദ്ധതിയെയാണ്. ആളിയാറിൽ നിന്നും ലഭിക്കുന്ന ജലം മണക്കടവ് വിയറിലെത്തി അളന്ന് മൂലത്തറ റെഗുലേറ്ററിൽ എത്തിക്കുന്നു. ഇതിൽ നിന്നും ഇടതകര, വലതുകര കനാൽ ശൃംഖലയിലേക്കും, ചിറ്റൂർപുഴയിലേക്ക് ആവശ്യാ നുസരണം തുറന്നു വിടുന്നു. ലഭ്യമായ ജലം കമ്പാലത്തറ് വെങ്കലക്കയം, കുന്നംപിടാരി എന്നീ ഏരികളിൽ സംഭരിച്ചാണ് കൃഷിക്ക് വിതരണം ചെയ്യുന്നത്.

പട്ടിക.4.1.25

മൂലത്തറ റെഗുലേറ്റർ - ജലവിതരണ വിശദാംശങ്ങൾ

അക്ഷാംശം	76 ഡിഗ്രി 53 മിനിറ്റ് കിഴക്ക്
രേഖാംശം	10 ഡിഗ്രി 40 മിനിറ്റ് വടക്ക്
റെഗുലേറ്ററിന്റെ നീളം	144.84 മീറ്റർ
വെന്റുകളുടെ എണ്ണം	13
മാക്സിമം ഫ്ളഡ് ലെവൽ	185.655 മീറ്റർ
മാക്സിമം ഫ്ളഡ് ഡിസ്ചാർജ്	3080 ഘന മീറ്റർ/ സെക്കന്റ്
സംഭരണ ശേഷി	19 ദശലക്ഷം ഘന അടി

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

പട്ടിക.4.1.26

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	മൂലത്തറ ഇടതുകര കനാൽ	24	8210
2	മൂലത്തറ വലതുകര കനാൽ	16.12	1240
3	കുന്നം കാട്ടുപതി പദ്ധതി	30.60	1970
4	തേമ്പാറമടക്ക് പദ്ധതി	10	3321
5	നർണി- ആലാംകടവ് പദ്ധതി	2.4	74
6	നർണി പദ്ധതി കനാൽ	12.5	431
	ആകെ	**95.62**	**15246**

മൂലത്തറ വലതുകര കനാലിന്റെ നീളം വർദ്ധിപ്പിക്കലും ആവശ്യകതയും

മൂലത്തറ റെഗുലേറ്ററിൽ നിന്ന് തുടങ്ങുന്ന വലതുകര കനാലിന്റെ പണികൾ 15957 മീറ്റർ വരെ പൂർത്തീകരിച്ചിട്ടുണ്ട്.ഈ കനാലിന്റെ നീളം 15957 മീറ്റർ മുതൽ 22147 മീറ്റർ വരെ നീട്ടുന്നതിന് 30.50 കോടി രൂപക്ക് ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥലം ഫ്രീ സറണ്ടർ ആയി ലഭ്യമല്ലാത്തതിനാൽ ഈ പണിയുമായി മുന്നോട്ടു പോകാൻ സാധിച്ചില്ല.

4.1.2.11 വാളയാർ പദ്ധതി

വാളയാർ ജലസംഭരണി യുടെ പൂർണ്ണ സംഭരണ ശേഷി 18.40 ദശലക്ഷം ഘനമീറ്ററാണ്. ഡാമിന് താഴെ വാളയാർ പുഴയിൽ പ്രധാനമായി നാല് തടയ ണകളും അതിന്റെ കനാലു കളും ഉൾപ്പടെ ആകെ 3997 ഹെക്ടർ ആയക്കെട്ട് പ്രദേശം എലപ്പുള്ളി, പുതുശ്ശേരി, രാമശ്ശേരി, പള്ളത്തേരി എന്നീ

ണം ഉൾപ്പെടെ)

വില്ലേജുകളിലായി പരന്നുകിടക്കുന്നു. നാലാമത്തെ തടയണയായ നെല്ലിശ്ശേരി അണയുടെ ഇടതുകരയിൽ നിന്ന് വാളയാർ മെയിൻ കനാൽ തുടങ്ങുന്നു. പ്രസ്തുത ഡാമിൻറെ നവീകരണപ്രവൃത്തികൾ DRIP പദ്ധതിയിൽ ഉൾപ്പെടുത്തി 5.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൻറെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളും ഉൾപ്പെടെ ഏകദേശം 106.58 കി.മീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖല ഉൾപ്പെടുന്ന താണ് വാളയാർ ഡാം പദ്ധതി.

പട്ടിക.4.1.27

വാളയാർ ഡാം - ജലവിതരണ വിശദാംശങ്ങൾ

വൃഷ്ടി പ്രദേശം	106.35 ചതുരശ്ര കി.മി.
ജല വ്യാപക മേഖല	2.59 ചതുരശ്ര കി.മി.
ഡാമിന്റെ പരമാവധി ഉയരം	28.105 മീറ്റർ
സംഭരണ ശേഷി	18.4 ദശലക്ഷം ഘനമീറ്റർ
മാക്സിമം വാട്ടർ ലെവൽ	3997 ഹെക്ടർ
ആയക്കെട്ട്	106.35 ചതുരശ്ര കി.മി.

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

വാളയാർ ഡാമിന്റെ പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. വടകരപ്പതി
2. പുതുശ്ശേരി
3. എലപ്പുള്ളി

പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ചുകളാണ് ഉള്ളത്

പട്ടിക.4.1.28

വാളയാർ ഡാം – ബ്രാഞ്ചുകൾ

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	നെട്ടു അയ്യർ കനാൽ	6	275
2	വടശ്ശേരി കനാൽ	5	74
3	കൗണ്ടൻ കനാൽ	9	236
4	നെല്ലിശ്ശേരി കനാൽ	5	173
5	മെയിൻ കനാൽ	12.36	649

6	നമ്പർ I ഡിസ്ട്രിബ്യൂട്ടറി	2.1	226
7	നമ്പർ II ഡിസ്ട്രിബ്യൂട്ടറി	4.33	210
8	നമ്പർ III ഡിസ്ട്രിബ്യൂട്ടറി	12.036	749
9	വേങ്ങോടി ഡിസ്ട്രിബ്യൂട്ടറി	2.4	170
10	പുതുശ്ശേരി ബ്രാഞ്ച്	6.46	570
11	കല്ലേപ്പുള്ളി ബ്രാഞ്ച്	2.4	79
	ആകെ	67.086	3411

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.12 ഗായത്രി പദ്ധതി

ഗായത്രി പദ്ധതി മീങ്കര ജലസംഭരണി (ഒന്നാം ഘട്ടം), ചുള്ളിയാർ ജലസംഭരണി (രണ്ടാം ഘട്ടം), അവയുടെ കനാലുകൾ എന്നിവയും ഉൾപ്പെട്ടതാണ്. മീങ്കര നദിയും ചുള്ളിയാർ നദിയും ഗായത്രിപ്പുഴയുടെ പോഷകനദികളാണ്. ഈ രണ്ടു ജലസംഭരണികളും പാലക്കാട് ജില്ലയിൽ തമിഴ്നാട് അതിർത്തിയോടു ചേർന്നു സ്ഥിതി ചെയ്യുന്നു. ഇവയുടെ ഭൂരിഭാഗം വൃഷ്ടി പ്രദേശങ്ങൾ (ക്യാച്ച്മെൻറ് ഏരിയ) ആനമല പർവ്വതനിരകളും തമിഴ്നാട് പ്രദേശങ്ങളുമാകുന്നു. ഇവയിലെ ജലം ഉപയോഗിച്ച് പാലക്കാട് ജില്ലയിൽപ്പെട്ട മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, വടവന്നൂർ, പുതുനഗരം, കൊടുവായൂർ, പെരുവെമ്പ്, പല്ലശ്ശേന പഞ്ചായത്തുകളിൽപ്പെട്ട 5,463 ഹെക്ടർ പ്രദേശം കൃഷി ചെയ്യുന്നു.

4.1.2.13 മീങ്കര പദ്ധതി

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഗായത്രി പദ്ധതിയുടെ ഒന്നാം ഘട്ടമായി 1964 ൽ ഈ സംഭരണിയുടെ പദ്ധതി പൂർത്തീകരിച്ചു. ഇതിൽ നിന്ന് 2389 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയ്ക്ക് ജലസേചനം നടത്തിവരുന്നുണ്ട്. മഴ കുറയുന്ന സന്ദർഭങ്ങളിൽ ഒന്നാം വിളയ്ക്കും ആവശ്യാനുസരണം ജലം നല്കാറുമുണ്ട്. കൊല്ലങ്കോട് മേഖലയിലേക്ക് ഡാമിൽനിന്നും കുടിവെള്ള വിതരണം നടത്തുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഈ പദ്ധതി നിർമ്മിച്ചിട്ടുള്ളത്. ഈ ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി 11.30 ദശലക്ഷം ഘനമീറ്റർ ആണ്. 66.74 കി.മീ കനാൽ ശൃംഖലയുമുണ്ട്.

4.1.2.14 ചുള്ളിയാർ പദ്ധതി

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ചുള്ളിയാർ നദിയിൽ 1970 ൽ ഗായത്രി

പദ്ധതിയുടെ രണ്ടാം ഘട്ടമായി ഈ ജലസംഭരണിയുടെ പണികൾ പൂർത്തീകരിച്ചു. ഇവിടെ നിന്ന് 3074 ഹെക്ടർ സ്ഥലത്ത് രണ്ടാം വിള നെൽകൃഷിയ്ക്കും 1691 ഹെക്ടർ കടലകൃഷിയും നടത്തിവരുന്നുണ്ട്. പ്രധാനമായും മഴവെള്ളം ഉപയോഗിച്ചും അന്തർസംസ്ഥാന ജലകരാർ മുഖേന മീങ്കരയിൽ സംഭരിക്കുന്ന അധികജലം ലിങ്ക് കനാൽ വഴി എത്തിച്ചുമാണ് ഈ ജലസംഭരണിയിൽ ജലം നിറയ്ക്കുന്നത്. ഇതിന്റെ പൂർണ്ണ സംഭരണശേഷി 13.90 ദശലക്ഷം ഘനമീറ്റർ ആണ്.

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലെ കൃഷിയിടങ്ങിലേക്ക് ജലസേചനം നടത്തിവരുന്നു.

1. കൊല്ലങ്കോട്
2. എലവഞ്ചേരി
3. മുതലമട
4. പെരുവെമ്പ്
5. വടവന്നൂർ
6. പല്ലശ്ശേന
7. പട്ടഞ്ചേരി
8. പുതുനഗരം
9. കൊടുവായൂർ

ബി) ഇടതുകര കനാൽ (എൽ.ബി.എം.സി)

ഇടതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.29

ഇടതുകര കനാൽ (എൽ.ബി.എം.സി)

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	പാറക്കൽ ചള്ള	1.84	95.02
2	പപ്പൻ ചള്ള	1.00	84.17
3	കാമ്പ്രത്ത് ചള്ള	2.50	183.85
4	പോത്തം പാടം	1.50	137.3
5	മീങ്കര ചുള്ളിയാർ ഫീഡർ കനാൽ	4.20	
6	കല്ലുകെട്ടി ചള്ള	4.40	97.64
7	പൂന്തോണി ചള്ള	2.60	75.93
	ആകെ	18.04	673.91

അവലംബം : ചിറ്റൂർ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി). വലതുകര കനാൽ (ആർ. ബി.എം.സി)

വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.30

വലതുകര കനാൽ (ആർ. ബി.എം.സി) - ബ്രാഞ്ച്

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	ലെഫ്റ്റ് ബാങ്ക് മെയിൻ കനാൽ	10.58	782.35
2	കൊല്ലങ്കോട്	7.29	702.30
3	പയ്യളൂർ	1.75	202.40
4	പുളിക്കൽ പൊറ്റ ഫീൽഡ് ബോത്തി	0.40	
5	നെന്മേനി ഡിസ്ട്രിബ്യൂട്ടറി	1.50	138.56
6	പെരിങ്ങോട്ടുകാവ് ഡിസ്ട്രിബ്യൂട്ടറി	0.80	82.15
7	കരിങ്കുളം ഡിസ്ട്രിബ്യൂട്ടറി	2.03	145.88
8	കിഴക്കേത്തറ ഡിസ്ട്രിബ്യൂട്ടറി	2.50	254.10
9	നന്ദൻകിഴായ ഡിസ്ട്രിബ്യൂട്ടറി	5.30	279.60
10	വടക്കുംമുറി ഡിസ്ട്രിബ്യൂട്ടറി	1.50	104.67
	ആകെ	**33.65**	**2692.01**

അവലംബം : ചിറ്റൂർ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.15 ഇടത്തരം ജലസേചന പദ്ധതികൾ

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി

പാലക്കാട് ജില്ലയിലെ പ്രധാന ഇടത്തരം ജലസേചന പദ്ധതികളിൽ ഒന്നാണ് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി. മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട് താലൂക്കുകളിലെ കാർഷിക പ്രദേശങ്ങളിലേക്ക് ജലസേചനം ലക്ഷ്യമിട്ട് രണ്ട് ഘട്ടങ്ങളായാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഒന്നാം ഘട്ടമായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിന്റെ രണ്ടാം ഘട്ടമായ തൂപ്പനാട് പദ്ധതി സ്ഥലമെടുപ്പിന്റെയും മറ്റു പ്രശ്നങ്ങൾ കാരണം വർഷങ്ങളായി മുടങ്ങികിടക്കുകയാണ്.

2128 മീ നീളവും 38 മീ ഉയരവും 70.8274 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിയുമുള്ള ഒരു അണക്കെട്ടും ഇടതുകര, വലതുകര

എന്നിങ്ങനെ രണ്ടു പ്രധാന കനാലുകളും 27 വിതരണികളും 280 കി. മീറ്ററിലുള്ള ഉപകനാലുകളും ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ഇതുവഴി 9713 ഹെക്ടർ സ്ഥലത്ത് രണ്ടു ഘട്ടങ്ങളിലായി 21853 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നു.

പട്ടിക.4.1.31

കാഞ്ഞിരപ്പുഴ ഡാം - ജലവിതരണ വിശദാംശങ്ങൾ

എഫ്. ആർ.എൽ	97.50 മീറ്റർ
പരമാവധി ജലനിരപ്പ്	97.50 മീറ്റർ
സംഭരണ ശേഷി	70.82 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ് (ഡെഡ് സ്റ്റോറേജ്)	1.557 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കുന്ന സംഭരണത്തിന്റെ അളവ്	59.50 ദശലക്ഷം ഘന മീറ്റർ

അവലംബം –: കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

എ) വലതുകര കനാൽ (ആർ.ബി.എം.സി)

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. കാഞ്ഞിരപ്പുഴ
2. മണ്ണാർക്കാട്
3. തെങ്കര

വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.32

വലതുകര കനാൽ (ആർ.ബി.എം.സി) - ബ്രാഞ്ച്

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	ചൂരിയോട്	1.200	85
2	പള്ളിക്കുറിപ്പ്	12.800	510
3	അരക്കുറിശ്ശി	10.800	180
4	ടെയിൽ എന്റ്	3.620	208
	ആകെ	28.42	983

അവലംബം : കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി) ഇടതുകര കനാൽ (എൽ.ബി. എം.സി)

ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. തച്ചമ്പാറ
2. കരിമ്പുഴ
5. കടമ്പഴിപ്പുറം
6. കോങ്ങാട്
9. വെള്ളിനേഴി
10. തൃക്കടീരി
13. ഒറ്റപ്പാലം
14. അനങ്ങനടി

3. കാരാകുറുശ്ശി 7. കേരളശ്ശേരി 11. പൂക്കോട്ടുകാവ് 15. ചളവറ
4. കരിമ്പ 8. ശ്രീകൃഷ്ണപുരം 12. അമ്പലപ്പാറ 16. വല്ലപ്പുഴ

ഇടതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.33

ഇടതുകര കനാൽ (എൽ.ബി. എം.സി)

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	തച്ചമ്പാറ	1200	87
2	പൊമ്പ്ര	11740	528
3	കാരാകുറിശ്ശി	2760	91
4	കരിമ്പ 1	4480	162
5	കരിമ്പ 2	2770	134
6	വാലിക്കോട്	1635	75
7	ഉമ്മിനേഴി	1500	60
8	പുലാപ്പറ്റ	5220	208
9	നം.7 വിതരണി	4100	
10	വേങ്ങശ്ശേരി	9600	360
11	മണ്ണമ്പറ്റ 1	3500	80
12	മണ്ണമ്പറ്റ 2	2500	127
13	ഈശ്വരമംഗലം	2880	100
14	വലംമ്പിലിമംഗലം	2280	101
15	കുറ്റാനിശ്ശേരി	4200	100
16	വെള്ളിനേഴി	7500	200
17	കുളക്കാട്	2100	40
18	കരിമനാംകുറിശ്ശി	8800	200
19	പൊതി നം. 1 വിതരണി	2560	60
20	പൊതി നം..2 വിതരണി	3000	65
21	പൂതക്കാട്	3000	65
22	വീരമംഗലം	5000	170
23	ഒറ്റപ്പാലം	8855	765
24	വാണിയംകുളം	7500	304
25	വരോട്	3370	

അവലംബം : കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

എന്നാൽ 37 വർഷത്തോളം പഴക്കമേറിയ അണക്കെട്ടും കനാൽ ശൃംഘലകളുമാണ് ഈ പദ്ധതിക്കുള്ളത്. വർഷങ്ങളായിട്ടുള്ള മണ്ണൊലിപ്പ് കാരണം അണക്കെട്ടിൻറെ ജലസംഭരണശേഷിയിലും കുറവ് വന്നിട്ടുണ്ടെന്ന് 2008-ൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. ആയത് നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പഠനം ഗുജ്ഞക പീച്ചിയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. അണക്കെട്ടിൻറെ പുന:രുദ്ധാരണപ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതുവഴി അണക്കെട്ടിൻറെ ശോചനീയാവസ്ഥയ്ക്ക് ഒരു പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

2007 ൽ അംഗീകാരം ലഭിച്ച അകആജ സ്കീമിൽ ഉൾപ്പെടുത്തി കനാലുകൾ നവീകരിച്ചതിനാൽ ആകെ ആയക്കെട്ടിൻറെ 60% സ്ഥലത്തും ജലവിതരണം നടത്തുവാൻ കഴിയുന്നു. എങ്കിലും വാർഷിക അറ്റകുറ്റപണികൾക്കായി ബജറ്റിൽ അനുവദിക്കാറുള്ള തുകയുടെ പോരായ്മ കാരണം കനാലുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തുവാൻ കഴിയാറില്ല. ആയതിനാൽ ജലനഷ്ടമാകുന്നതിനും ആയക്കെട്ട് സ്ഥലത്ത് പൂർണ്ണമായി ജലവിതരണം നടത്തുവാൻ കഴിയാതെ വരികയും ചെയ്യുന്നു. കനാലുകളുടെ ഷട്ടറുകളും സ്ലൂയിസുകളും വളരെ പരിതാപകരമായ അവസ്ഥയിലായതിനാൽ ജലനഷ്ടം ഒഴിവാക്കി ജലവിതരണം ചെയ്യുന്നതിന് പ്രയാസം അനുഭവിക്കുന്നു. കനാലുകളിലെ അനധികൃത കയ്യേറ്റങ്ങളും, മണ്ണൊലിപ്പും ജലവിതരണത്തിന് തടസ്സമാവുന്നുണ്ട്. കാഞ്ഞിരപ്പുഴയിൽ മുണ്ടനാട്ടുകാരാ, ഇടതു മെയിൻ കനാൽ 54 കി .മീ, ഇടതു മെയിൻ കനാൽ കുളപ്പുള്ളി ബ്രാഞ്ച് , കുറ്റവട്ടൂർ സബ് കനാൽ തുടങ്ങി 9 സ്ഥലങ്ങളിൽ കൈയേറ്റം ഉണ്ട്

4.1.2.16 ചെറുകിട ജലസേചന പദ്ധതി

4.12.16.1 മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് 1956 ൽ രൂപീകരിക്കപ്പെട്ടു. പാലക്കാട് ജില്ലയിലെ എല്ലാ മൈനർ ഇറിഗേഷൻ മരാമത്തു പണികളും ഈ ഡിവിഷന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. പാലക്കാട് ജില്ലയിൽ 5 താലൂക്കുകളും, 4 മുനിസിപ്പാലിറ്റികളും 91 ഗ്രാമപഞ്ചായത്തുകളും, 12 അസ്സംബ്ലി നിയോജക മണ്ഡലങ്ങളും ഉണ്ട് ചെറുകിട ജലസേചന വിഭാഗം കേന്ദ്രികരിക്കുന്നത് തടയണയുടെ നിർമാണവും, നവീകരണവും, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, കുളങ്ങളുടെ നവീകരണം, തുടങ്ങിയവയാണ്. തടയണകൾ ജലം സംഭരിക്കുവാനും, കിണർ റീചാർജിങ്ങിനും, കൃഷിക്കും ഉപകരിക്കുന്നു

4.12.16.2 ഈ ഡിവിഷന് കീഴിൽ 85 തടയണകളും 41 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും 107.63 കി .മി എൽ ഐ കനാലുകളുമുണ്ട്. നിലവിൽ 31 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പ്രവർത്തന യോഗ്യമാണ്. ഇത് മൂലം ആകെ 3712 ഹെക്ടർ സ്ഥലത്തേക്ക് ചെറുകനാലുകളിലൂടെ കൃഷി ആവശ്യത്തിന് ജലവിതരണം നടത്തി വരുന്നു.

4.12.16.3 കുളങ്ങളുടെ നവീകരണവും അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും മൈനർ ഇറിഗേഷൻ സ്വീകരിച്ചു വരുന്നു. ഈ ഡിവിഷനുകീഴിൻ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലായി റിപ്പയ്യർ, റിനോവേഷൻ, റീസ്റ്റോറേഷൻ ഓഫ് പോണ്ട്സ് പദ്ധതിയിൽ ഉൾപ്പെടുത്തി 54 കുളങ്ങളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4.12.16.4 ഈ സബ് ഡിവിഷനിലെ പഞ്ചായത്തുകളായ എരുത്തേമ്പതിയും വാടകരപ്പതിയും ജലക്രാന്തി അഭിയനിലെ ജലഗ്രാമങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ ഡിവിഷന് കീഴിൽ ആകെയുള്ളതിൽ 9 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും, 54 ചെക് ഡാമുകളും ചിറ്റൂർ സബ്ഡിവിഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു. ചെക്ക് ഡാമുകളിൽ 0.50 ദശലക്ഷം ഘനമീറ്റർ വെള്ളം സംഭരിക്കുവാൻ സാധിക്കും. കൂടാതെ 699.83 ഹെക്ടർ സ്ഥലം ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗിച്ച് ജലസേചനം നടത്തുന്നു.

4.12.16.5 ഷൊറണ്ടർ സബ്ഡിവിഷന്റെ കീഴിലെ 23 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഭാരതപ്പുഴയിൽനിന്നും 6 എണ്ണം തൂതപ്പുഴയിൽ നിന്നുമാണ്ജലസേചനം നടത്തുന്നത്.

4.1.2.17 <u>ചെറുകിട ജലസേചന പദ്ധതികളുടെ വിശദ വിവരങ്ങൾ</u>

പട്ടിക.4.1.34

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ

ക്രമ നം	ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പേര്	പഞ്ചായത്തിന്റെ പേര്	റിവർ ബേസിൻ	ആയക്കെട്ട് ഹെക്ടർ	വർഷം
1	കരടിപ്പാറ	കൊഴിഞ്ഞാമ്പാറ	ഭാരതപ്പുഴ	113	1988
2	മൂങ്കിൽമട	എരുത്തേമ്പതി	ഭാരതപ്പുഴ	134	2003
3	വലിയേരി	കൊഴിഞ്ഞാമ്പാറ	ഭാരതപ്പുഴ	103	2003
4	തരകൻചള്ള	എരുത്തേമ്പതി	ഭാരതപ്പുഴ	70	1989
5	വാഴപ്പുഴ	കൊല്ലങ്കോട്	ഭാരതപ്പുഴ	69	1990
6	ചെമ്മണംതോട്	മുതലമട	ഭാരതപ്പുഴ	29	2001
7	പ്ലാഴി	പുതുക്കോട്	ഭാരതപ്പുഴ	64	2003
8	കണക്കന്നൂർ	പുതുക്കോട്	ഭാരതപ്പുഴ	21.82	1996
9	പുള്ളോട്	എരിമയൂർ	ഭാരതപ്പുഴ	60	1999
10	കൂക്കുപാളയം	അഗളി	ഭാരതപ്പുഴ	51.58	
11	ആനക്കര	ആനക്കര	ഭാരതപ്പുഴ	205	1969
12	കൂടല്ലൂർ	ആനക്കര	ഭാരതപ്പുഴ	162	1965
13	പട്ടിത്തറ	പട്ടിത്തറ	ഭാരതപ്പുഴ	85	1975
14	തൃത്താല	തൃത്താല	ഭാരതപ്പുഴ	291	1963
15	കണ്ണനൂർ	തൃത്താല	ഭാരതപ്പുഴ	57	1974
16	ഞങ്ങാട്ടിരി	തൃത്താല	ഭാരതപ്പുഴ	92	1973
17	തിരുമിറ്റക്കോട്	തിരുമിറ്റക്കോട്	ഭാരതപ്പുഴ	92	1968
18	കൂട്ടക്കാവ്	പരുതൂർ	ഭാരതപ്പുഴ	71.85	1977
19	വെള്ളിയാങ്കൽകടവ്	പരുതൂർ	ഭാരതപ്പുഴ	89.64	1977

20	നരിപറ്റകുന്ന്	പരുതൂർ	ഭാരതപ്പുഴ	44	1981
21	കാലടികുന്ന്	തിരുവേഗപ്പുറ	ഭാരതപ്പുഴ	53	1977
22	പെരുമുടിയൂർ	മുതുതല	ഭാരതപ്പുഴ	108.94	1980
23	കീഴായൂർ	പട്ടാമ്പി	ഭാരതപ്പുഴ	81.76	1973
24	പള്ളിപ്പുറം	ഓങ്ങലൂർ	ഭാരതപ്പുഴ	134	1979
25	കണ്ണമ്പ്ര		ഭാരതപ്പുഴ	72.87	1988
26	മുണ്ടായ	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	ഭാരതപ്പുഴ	133.86	1977
27	കവളപ്പാറ	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	ഭാരതപ്പുഴ	56.1	1974
28	നെടുങ്കയം	നെല്ലായ	ഭാരതപ്പുഴ	245	1994
29	തുടിക്കൽ	വിളയൂർ	ഭാരതപ്പുഴ	158	1994
30	ആനക്കൽ	കുലുക്കല്ലൂർ	ഭാരതപ്പുഴ	270	2003
31	കാറൽമണ്ണ	ചെറുപ്പളശ്ശേരി	ഭാരതപ്പുഴ	497.97	1995
32	ത്രാങ്ങാലി	വാണിയംകുളം	ഭാരതപ്പുഴ	52.62	1976
33	മണ്ണന്തുർ	വാണിയംകുളം	ഭാരതപ്പുഴ	77.29	1976
34	ചോറോട്ടൂർ	വാണിയംകുളം	ഭാരതപ്പുഴ	53.36	1996
35	പല്ലാരമംഗലം	ലക്കിടിപേരൂർ	ഭാരതപ്പുഴ	35.93	1971
36	പള്ളംതുരുത്ത്	ലക്കിടിപേരൂർ	ഭാരതപ്പുഴ	86.53	1972
37	ചാലയൂർ	പുതൂർ	ഭാരതപ്പുഴ	49.89	1980
38	കക്കുപാടി	അഗളി	ഭാരതപ്പുഴ	95.83	
39	തേനംപാറ	തൃത്താല	ഭാരതപ്പുഴ	490	
40	തത്തനംപുള്ളി	കുലുക്കല്ലൂർ	ഭാരതപ്പുഴ	121.41	
41	ചടയംപാറ	വിളയൂർ	ഭാരതപ്പുഴ	36	

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.18 നിർമ്മാണം പൂർത്തീകരിച്ച തടയണകൾ

പട്ടിക.4.1.35

നിർമ്മാണം പൂർത്തീകരിച്ച തടയണകൾ

ക്രമ നമ്പർ	തടയണ	പുഴയുടെ പേര്
1	പുതുക്കോട് ഭാഗം ചെക്ക് ഡാം 7/100 കി.മീ	ഭാരതപ്പുഴ
2	മുണ്ടിയർകടവ് ചെക്ക് ഡാം 11/000 കി.മീ	ഭാരതപ്പുഴ
3	കണ്ണംകോട് ചെക്ക് ഡാം	വെള്ളിയാർ പുഴ
4	രാമനടിച്ചല്ല ചെക്ക് ഡാം	വരട്ടിയാർ പുഴ
5	കോരപ്പള്ള ചെക്ക് ഡാം	ചൂരിയോട് പുഴ
6	പാടവയൽ ചെക്ക് ഡാം	ഭവാനിപ്പുഴ
7	തെക്കുവട്ട ചെക്ക് ഡാം	ഭവാനിപ്പുഴ

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.19 പുഴയോര സംരക്ഷണം

പുഴയുടെ സ്വഭാവിക വീതിയും വിസ്തൃതിയും പുനസ്ഥാപിക്കുന്നതിലേക്കായി റവന്യൂ അധികൃതരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പുഴകളുടെ ഇരു ഭാഗത്തെയും അതിർത്തികൾ കൃത്യമായി രേഖപ്പെടുത്തി അത്യാവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടിയും ബാക്കി വരുന്ന ഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ധരിപ്പിച്ചും, ജൈവ വേലി കെട്ടിയും സംരക്ഷിക്കേണ്ടതുമാണ്. ഈ അതിർത്തികൾക്ക് അപ്പുറമുള്ള ഭാഗങ്ങൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്തതു മൂലം തുടർന്നുള്ള കൈയ്യേറ്റങ്ങളെ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കും. പുഴകളുടെ സംരക്ഷണത്തിനായി തീരങ്ങളുടെ അടുത്തു നിന്നും മണലെടുക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്. ഓരോ നദികളുടേയും സമഗ്രമായ സംരക്ഷണവും പരിപാലനവുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4.1.2.20 വ്യാവസായിക കാർഷിക ആവശ്യങ്ങൾക്കായി പുഴകളിൽ നിന്നും വെള്ളം എടുക്കൽ

മലമ്പുഴ ഇറിഗേഷൻ പ്രോജെക്ടിൽ നിന്നും 96 MLD വാട്ടർ അതോറിറ്റിക്കു നല്കുന്നുണ്ട്. ആയതിൽ 61 MLD ജലം മാത്രമേ ഉപയോഗിക്കുന്നതായി കാണുന്നുള്ളൂ. ഇതിനാൽ 10 MLD ജലം കിൻഫ്ര കമ്പനിക്ക് വ്യവസായികാവശ്യങ്ങൾക്കു നല്കുവാനായി അനുമതി ലഭിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. ചിറ്റൂർപ്പുഴ പ്രോജെക്ടിലെ വാളയാർ ഡാമിൽ നിന്നും കിലോ ലിറ്ററിന് രണ്ടു രൂപ നിരക്കിൽ മലബാർ സിമെന്റ്സ് കമ്പനിക്ക് വ്യവസായിക ആവശ്യങ്ങൾക്കായി ജലം നല്കുന്നുണ്ട്.

4.1.2.21 ജലസംരക്ഷണം

4.12.21.1 കേരളത്തിൻറെ ഭൂപ്രകൃതി അനുസരിച്ച് പടിഞ്ഞാറോട്ടുള്ള ചരിവ് കാരണം തെക്കുപടിഞ്ഞാറൻ കാലവർഷവും തുലാ വർഷവും വഴി ലഭിക്കുന്ന മഴ വെള്ളത്തിൻറെ ഭൂരിഭാഗവും വളരെ

വേഗം കടലിലേക്കാണ് ഒഴുകി പോകുന്നത്. ഇതുമൂലം വർഷകാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ വരൾച്ചയും കേരളത്തിൽ സ്ഥിരം പ്രതിഭാസമായി മാറുന്നു. പെയ്തു വീഴുന്ന മഴവെള്ളം മണ്ണിനടിയിലേയ്ക്ക് താഴാതെ ഉപരിതലത്തിലൂടെ ഒഴുകി, തോടുകളും പുഴകളും വഴികടലിൽ എത്തുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇതിൻറെ ഫലമായി തീവ്രമായ മണ്ണൊലിപ്പ് ഉണ്ടാകുകയും മണ്ണിൻറെ ഉല്പാദനക്ഷമത കുറയുകയും ചെയ്യുന്നു. പെയ്തു കിട്ടുന്ന ജലം മണ്ണിലേയ്ക്ക് ആഴ്ന്ന് ഇറങ്ങാതെ ഉപരിതലത്തിലൂടെ ഒഴുകി പോകുന്നതിനാൽ മഴവെള്ളം ഒഴുകി പോകാൻ വേണ്ടി മാത്രമുള്ള ചാലുകളായി നമ്മുടെ തോടുകളും പുഴകളും മാറുന്നതോടൊപ്പം ഇവയിൽ സ്ഥിരം നീരൊഴുക്ക് ഇല്ലാതാകുകയും ചെയ്യുന്നു. തൽഫലമായി ഇത്തരം ജലസ്രോതസ്സുകൾക്ക് ശോഷണം സംഭവിക്കുകയും മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. പുഴകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ചെറു തടയണകൾ നിർമ്മിച്ച് മഴ വെള്ളം സംഭരിച്ചാൽ ഒരു പരിധി വരെ വേനൽ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. പ്രസ്തുത പ്രദേശങ്ങളിലുള്ള കുളങ്ങളിലേയും, കിണറുകളിലേയും ജലവിതാനം ഉയരുന്നതിന് സഹായകമാവുകയും ചെയ്യും.

4.12.21.2 കേരളത്തിൽ ചെറുതും വലുതമായ 44 നദികളിൽ മിക്കവയും സ്വഭാവിക വീതിയും വിസ്തൃതിയും സംഭരണ ശേഷിയും നഷ്ടപ്പെട്ട് കൈയ്യേറ്റങ്ങൾക്ക് വിധേയമായി ശുഷ്കമായികൊണ്ടിരിക്കുകയാണ്. വേനൽ കാലത്ത് ഈ നദികൾ നേർത്ത വീതിയിൽ നീർച്ചാലുകളായി ഒഴുകുന്നുണ്ടെങ്കിലും ഈ ജലവും ഒഴുകി പോകുന്നത് അറബി കടലിലേക്കാണ്. വർഷ കാലത്തിനുശേഷം ഒഴുകി പോകുന്ന ജലവും മണലും ശരാശരി കണക്കാക്കിയാൽ കോടിക്കണക്കിനു രൂപയുടെ മൂല്യം അതിനുണ്ടാകുമെന്നതിൽ സംശയമില്ല. അതിനാൽ ഇത്തരം പ്രദേശങ്ങളിൽ ഇപ്പോൾതന്നെ ചെലവ് കുറഞ്ഞ രീതിയിൽ അടിയണകൾ നിർമ്മിക്കാവുന്നതാണ്. ഇതുമൂലം അടിയണകൾക്കു മുകളിലുള്ള പ്രദേശങ്ങളിൽ ഭൂഗർഭ ജലം സംഭരിക്കാവുന്നതാണ്. കൂടാരെ അനിയന്ത്രിതമായ മണലൊഴുക്ക് തടയുവാനും സാധിക്കും.

4.12.21.3 കേരളത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള തോടുകളും നദികളും വേണ്ട വിധത്തിൽ സംരക്ഷിക്കുകയും മഴ വെള്ളം കാര്യക്ഷമമായി സംഭരിക്കുകയും അത് മണ്ണിലിറങ്ങുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്താൽ തന്നെ ജലക്ഷാമം വലിയൊരളവോളം പരിഹരിക്കാവുന്നതാണ്. ഇതിനായി പുഴകളിൽ ഒരു നിശ്ചിത ദൂരത്തിൽ ചെറിയ ചെറിയ തടയണകൾ നിർമ്മിച്ച് ഒഴുകി പോകുന്ന അധിക ജലത്തെ സംഭരിച്ച് നിർത്തി ജലക്ഷാമം പരിഹരിക്കുകയാണ് വേണ്ടത്. കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചും പുഴയുടെ വീതി പുന:സ്ഥാപിച്ചും മാലിന്യ മുക്തമാക്കിയും വേണം പ്രസ്തുത പ്രവർത്തികൾ ആരംഭിക്കേണ്ടത്.

4.1.2.22 സ്ഥിതിവിവര കണക്ക്

പട്ടിക.4.1.36

പാലക്കാട് ജില്ലയിലെ പത്ത് വർഷത്തെ ശരാശരി മഴയുടെ കണക്ക്

വർഷം	മഴ (മില്ലി മീറ്റർ)
2006	2188.906
2007	2677.009
2008	1580.015
2009	2004.728
2010	1877.165

2011	2121.988
2012	1351.112
2013	2254.582
2014	2128.696
2015	1771.059
2016	1086.435



പട്ടിക.4.1.37

വിവിധ മേഖലയിൽ ആവശ്യമായ ജലത്തിന്റെ കണക്ക്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ഗാർഹികം	165.84
2	കൃഷി	1999.28
3	ക്ഷീരവികസനം	0.820
4	വ്യവസായം	1.21

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

ലഭ്യമായ ജലം

പട്ടിക.4.1.38

ജലത്തിന്റെ അളവ്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ഉപരിതല ജലം	856.92
2	ഭൂഗർഭജലം	548.34
	ആകെ	**1405.26**

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

4.1.2.23 ജല ലഭ്യത കുറവ്

പട്ടിക.4.1.39

ജല ലഭ്യത കുറവ്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ആവശ്യകത	2566.49
2	ലഭ്യത	1405.26
3	**ആകെ**	**1161.23**

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

4.1.2.24. മേഖലയിലെ വികസന വിടവുകളും വികസന സാധ്യതകളും

4.1.2.24.1 ജില്ലയിലെ പ്രധാന ജലസേചന പദ്ധതികൾ എല്ലാം വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്തിട്ടുള്ളവയാണ്. ബഡ്ജറ്റിൽ നല്കുന്ന തുക ഡാമിന്റെ അറ്റകുറ്റപണികൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും തികയാറില്ല. ഇതുമൂലം പല സ്ഥലത്തും കനാലുകളും, ഷട്ടറുകളും കേടുപാടുകൾ സംഭവിച്ച് കിടക്കുകയാണ്. ആയതുകൊണ്ട് സുഗമമായ ജലസേചനം നടക്കുന്നില്ല. ഇപ്രകാരം കാർഷിക മേഖലയിൽ അഭിവൃദ്ധി കൈവരിക്കുക എന്നത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

4.1.2.24.2 ജില്ലയിലൂടെ ഒഴുകുന്ന നദികളിൽ മിക്കവയും സ്വാഭാവിക വീതിയും വിസ്തൃതിയും സംഭരണ ശേഷിയും നഷ്ടപ്പെട്ട് കൈയ്യേറ്റങ്ങൾക്ക് വിധേയമായി ശുഷ്കമായി കൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് ഈ നദികളിൽ നേർത്ത വീതിയിൽ നീർച്ചാലുകൾ ഒഴുകുന്നുണ്ടെങ്കിലും ഈ ജലം ഒഴുകി പോകുന്നത് അറബികടലിലേക്കാണ് . വർഷകാലത്തിനുശേഷം ഒഴുകിപോകുന്ന ജലവും മണലും ശരാശരി കണക്കാക്കിയാൽ കോടി കണക്കിന് രൂപയുടെ മൂല്യം അതിന് ഉണ്ടാകും. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ ചിലവ് കുറഞ്ഞ രീതിയിൽ അടയണകൾ നിർമ്മിക്കാവുന്നവയാണ്. അങ്ങനെ ഭൂഗർഭജലം സംഭരിക്കാനും മണലൊഴുക്ക് തടയാനും സാധിക്കും.

4.1.2.24.3 നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കാലപ്പഴക്കം മൂലം കനാലിലൂടെ എല്ലായിടത്തും എത്തിക്കുവാൻ സാധിക്കുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം കനാലുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുവാൻ കഴിയുന്നില്ല. പല പഞ്ചായത്തുകളിലെ കുളങ്ങളിലും മാലിന്യം നിക്ഷേപിച്ച് ഉപയോഗ്യശൂന്യമായിരിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലം ഇവ നവീകരിക്കാൻ കഴിയുന്നില്ല. ഇവ നവീകരിച്ചാൽ ജലനിരപ്പ് ഉയർത്തുവാൻ സാധിക്കുന്നതാണ്.

4.1.2.24.4 മഴ പെയ്തു കിട്ടുന്ന ജലം മണ്ണിലേക്ക് ആഴ്ന്ന് ഇറങ്ങാത ഉപരിതലത്തിലൂടെ ഒഴുകി പോകുന്നതിനാൽ മഴവെള്ളം ഒഴുകി പോകാൻ വേണ്ടി മാത്രമുള്ള ചാലുകളായി നമ്മുടെ തോടുകളും പുഴകളും

മാറുന്നതോടൊപ്പം ഇവയിൽ സ്ഥിരം നീരൊഴുക്ക് ഇല്ലാതാകുകയും ചെയ്യുന്നു. തൽഫലമായി ഇത്തരം ജലസ്രോതസ്സുകൾക്ക് ശോഷണം സംഭവിക്കുകയും മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. പുഴകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ചെറു തടയണകൾ നിർമ്മിച്ച് മഴ വെള്ളം സംഭരിച്ചാൽ ഒരു പരിധി വരെ വേനൽ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. പ്രസ്തുത പ്രദേശങ്ങളിലുള്ള കുളങ്ങളിലേയും കിണറുകളിലേയും ജലവിതാനം ഉയരുന്നതിന് സഹായകമാവുകയും ചെയ്യും.

4.1.2.25 സാധ്യതകൾ

1) കനാലുകളിൽ ധാരാളം നവീകരണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ഇത് ചെയ്താൽ മാത്രമേ വാലറ്റ പ്രദേശങ്ങളിൽ ജലനഷ്ടം കൂടാതെ ജലവിതരണം നടക്കുകയുള്ളൂ.
2) നിലവിലുള്ള മലമ്പുഴ ജലസേചന പദ്ധതി അനുസരിച്ച് ഏകദേശം 8 കി. മീ വിയറിനു മുകളിലാണ് ഇടതുകര കനാൽ വന്നുചേരുന്നത്. മേല്പറഞ്ഞ ദൂരം നിമിത്തം മലമ്പുഴ ഡാമിൽ നിന്നും പുഴയിലേക്ക് നല്കുന്ന വെള്ളം പമ്പിങ്ങ് മൂലവും ബാഷ്പീകരണ നഷ്ടം മൂലവും ചേരാമംഗലം ആയക്കെട്ടിൽ നിർദ്ദിഷ്ട വെള്ളം എത്തിച്ചേരാറില്ല. മേൽ പറഞ്ഞ വസ്തുത കണക്കിലെടുത്ത് പല്ലാവൂർ ബ്രാഞ്ച് കനാൽ വീതികൂട്ടി ചേരാമംഗലം അണക്കെട്ടിന്റെ 1 കി. മീ മുകളിലായി മലമ്പുഴ വെള്ളം എത്തിക്കുന്ന 1 കോടി രൂപ ചിലവ് വരുന്ന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

   പറമ്പികുളം ആളിയാർ കരാർ പ്രകാരം 205 ഘനസെ.മീ വെള്ളമാണ് ലഭിക്കുന്നത്. താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തിയാൽ വേലന്താവളം വരെ നീട്ടുമ്പോൾ വരുന്ന പുതിയ ആയക്കെട്ടായ 8713 ഹെ സ്ഥലത്തിന് ആവശ്യമായ 52.62 ഘന സെ.മീ വെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
3) ഇപ്പോൾ നിലവിലുള്ള എല്ലാ കനാലുകളുടെയും കാര്യക്ഷമത വർദ്ധിപ്പിച്ചാൽ ഏകദേശം 15 ശതമാനം ജലം 30.75mm3 ലഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
4) നിലവിലുള്ള നെൽകൃഷിക്ക് ഏകീകൃത കൃഷിരീതി നടപ്പിലാക്കിയാൽ ഏകദേശം ഘന സെ.മീ വെള്ളം ഈ പുതിയ പദ്ധതിക്കായി നല്കാൻ കഴിയും
5) ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തിലെ പ്രധാന സംഭരണ ശേഷിയുള്ള കുളങ്ങളായ കമ്പാലത്തറ ഏരി വെങ്കലക്കയം ഏരി, കുന്നംപിടാരി ഏരി എന്നിവ മണ്ണുമാറ്റി സംഭരണ ശേഷി വർധിപ്പിച്ചാൽ മഴക്കാലത്തു പാഴായിപ്പോകുന്ന ജലം കുറഞ്ഞത് രണ്ടു പ്രാവിശ്യമെങ്കിലും നിറച്ച് 12 ഘന സെ.മീ വെള്ളം കൂടുതലായി സംഭരിക്കാവുന്നതാണ്.
6) സാധാരണ മഴ ലഭിക്കുന്ന വർഷങ്ങളിൽ 10 % ജലമെങ്കിലും ലാഭിച്ചാൽ പറമ്പിക്കുളം ആളിയാർ പ്രോജെക്ടിൽ നിന്നും ഏകദേശം 5 .3 Mm3 വെള്ളം പുതിയ പ്രദേശങ്ങളിലേക്ക് നല്കാൻ കഴിയുന്നതാണ്.ഇങ്ങനെ 30 .50 +9+12+5.3= 56 .8 Mm^3 വെള്ളം പുതിയ പദ്ധതി പ്രദേശങ്ങളിലേക്ക് നല്കാൻ സാധിക്കുന്നതാണ്.ആയതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതു കൊണ്ട് ഈ പ്രദേശത്തിന്റെ ജലസേചനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുമെന്ന് ഉറപ്പ് വരുത്താവുന്നതാണ്

4.1.2.26 പുതിയ തടയണകളുടെ നിർദ്ദേശം താഴെ പറയുന്ന സ്ഥലങ്ങളിൽ ലക്ഷ്യമിടുന്നു

1	പല്ലശ്ശേന പഞ്ചായത്തിലെ പടിഞ്ഞാറേത്തറ,കുടല്ലൂർ
2	കാരക്കുറുശ്ശി പഞ്ചായത്തിലെ കോലപ്പക്കം
3	കാവശ്ശേരി പഞ്ചായത്തിലെ ആനപ്പാറ വാർഡ് 8

4	കാരക്കുറുശ്ശി പഞ്ചായത്തിലെ മടത്തിൽക്കുണ്ട്
5	തച്ചമ്പാറ പഞ്ചായത്തിലെ മണ്ണാത്തിപ്പാറ
6	കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പള്ളിക്കടവ്
7	കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാണ്ടിപ്പാടംക്കടവ്
8	വിളയൂർ പഞ്ചായത്തിലെ പാറക്കടവ്
9	കരിമ്പുഴ പഞ്ചായത്തിലെ കരിമ്പുഴ
10	കൊല്ലങ്കോട് പഞ്ചായത്തിലെ തൊണ്ടക്കാട് തോട് വാർഡ് 15
11	എരുത്തേമ്പതി പഞ്ചായത്തിലെ വില്ലന്നി
12	നെന്മാറപഞ്ചായത്തിലെ അയനാംപാടം
13	കുഴൽമന്ദം പഞ്ചായത്തിലെ പുല്ലുപാറപ്പാടം
14	എരുത്തേമ്പതി പഞ്ചായത്തിലെ ചെമ്പന്തോട്
15	അയിലൂർ പഞ്ചായത്തിലെ പൂഞ്ചേരി കോളനി
16	പുതൂർ പഞ്ചായത്തിലെ വീട്ടിയൂർ

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.26.1 നിലവിൽ ബജറ്റിൽ ആക്ഷൻ പ്ലാൻ പ്രവർത്തികൾക്കായി വകയിരുത്തിയ തുകകൾ ഉപയോഗിച്ചാണ് ഡാമിന്റെയും,, കനാലിന്റെയും അറ്റകുറ്റപ്പണികൾ നടത്തിയിരുന്നത്. ബജറ്റ് വിഹിതം വളരെ കുറവായതിനാൽ അറ്റകുറ്റപ്പണികൾ പൂർണ്ണമാകുന്നുമില്ല. അതുമൂലം കനാലുകൾ പലയിടത്തും പൊട്ടിപൊളിഞ്ഞ് കിടക്കുകയാണ്. ഇനിയും കനാലുകളിൽ ധാരാളം നവീകരണ പ്രവർത്തനങ്ങൾ നടത്താനുമുണ്ട്. ഇതു പൂർത്തിയായൽ മാത്രമേ ജലനഷ്ടം കൂടാതെ ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ.

4.1.3 മണ്ണ് ശ്രേണികൾ



4.1.2.26.2 ജില്ലയിലെ മണ്ണ് ശ്രേണിയെ സംബന്ധിക്കുന്ന വിവരങ്ങൾ (മണ്ണ് ശ്രേണി, താലൂക്ക്, മണ്ണിന്റെ രചന, മണ്ണിന്റെ സ്വഭാവം, അവിടുത്തെ കാർഷിക വിളകൾ) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

4.1.3.1 പർവ്വത പ്രദേശങ്ങൾ :-

സമുദ്ര നിരപ്പിൽ നിന്നും 1200 മീറ്ററിലധികം ഉയരത്തിൽ സ്ഥിതിചെയ്യുന്ന 20256 ഹെക്ടർ സ്ഥലം മലമ്പ്രദേശങ്ങളിൽപ്പെടുന്നു. പശ്ചിമഘട്ട പർവ്വതനിരകളിൽപ്പെടുന്ന വനപ്രദേശമാണിത്.

4.1.3.2 സമ്മിശ്രമണ്ണിനങ്ങൾ

നെൽപ്പാടങ്ങൾ, തെങ്ങ്, വാഴ മുതലായ കൃഷിയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നികത്തിയ സ്ഥലങ്ങളിൽ സമ്മിശ്രമണ്ണിനങ്ങൾ കാണപ്പെടുന്നു.

4.1.3.3 പൊതു ശുപാർശകൾ

- മണ്ണിൽ ജൈവാംശം കുറവായതിനാൽ ഓരോ വിളകൾക്കും ആവശ്യമായ അളവിൽ ജൈവവളം ചേർക്കേണ്ടതാണ്.
- മണൽ രചന മൂലം നീർവാർച്ച മണ്ണിൻറെ ജലസംഗ്രഹണ ശേഷി കുറവുമാണ്. ആയതിനാൽ തുള്ളിനന, സ്പ്രിംഗ്ളർ മുതലായ ജലസേചന മാർഗ്ഗങ്ങൾ ഉചിതമാണ്.
- കിണർ, റീചാർജ്ജിംഗ്, മഴവെള്ള സംഭരണി മുതലായ ജലസംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നത് ഉചിതമാണ്.
- മണ്ണിൻറെ താഴെതട്ടിൽ ഉറപ്പുള്ള ലാറ്ററൈറ്റ് കാണപ്പെടുന്നതിനാലും ആഴം പരിമിതമായതിനാലും ചെടികളുടെ വേരോട്ടം തടസ്സപ്പെടുന്നു. ലാറ്ററൈറ്റ് മണ്ണിൻറെ കാഠിന്യം കുറയ്ക്കുന്നതിനും ബാഷ്പീകരണം വഴി ജലനഷ്ടം ഒഴിവാക്കുന്നതിനും പുതയിടീൽ, ആവരണ വിളകൃഷി, ഇടവിളകൃഷി എന്നിവ അനുവർത്തിക്കാവുന്നതാണ്.
- ക്ഷാരഗുണമുള്ള മണ്ണ് കാണുന്ന പ്രദേശങ്ങളിൽ മണ്ണടരുകളിൽ കുമ്മായം കാണുന്നുണ്ടെങ്കിൽ നീർവീര്യമാക്കാൻ ഗന്ധകം ചേർക്കണം. ഇതേ പ്രദേശങ്ങളിൽ മണ്ണടരുകളിൽ കുമ്മായം കാണുന്നില്ലെങ്കിൽ ജിപ്സം ചേർത്ത് നിർവീര്യമാക്കണം.
- വേനൽക്കാലത്ത് വിണ്ടുകീറുന്ന കറുത്ത പരുത്തിമണ്ണ് കാണപ്പെടുന്ന ചിറ്റൂർ താലൂക്കുകളിലെ എരുത്തേൻപതി പഞ്ചായത്തിൽ നിയന്ത്രിത ജലസേചനം ഏർപ്പെടുത്താവുന്നതാണ്.

4.1.3.4 വാട്ടർഷെഡ് /നീർമറി പ്രദേശം

4.1.3.4.1 മനുഷ്യൻറെ നിലനിൽപ്പിന് അത്യാന്താപേക്ഷിതമായ മണ്ണ്, ജലം, സസ്യജാലം, മൃഗസമ്പത്ത് എന്നീ വിഭാഗങ്ങളുടെ ശാസ്ത്രീയമായ പരിരക്ഷയും വിനിയോഗവും സാധ്യമാക്കുന്നതിൽ നിർണായകമായ പങ്കാണ് വാട്ടർഷെഡ് അഥവ നീർമറി പ്രദേശ വികസനത്തിനുള്ളത്. പരിസ്ഥിതി സംതുലനത്തിന് കോട്ടം വരുത്താത്തതും സ്ഥായി ഭാവമുള്ളതുമായ സമഗ്ര വികസനത്തിന് പ്രസ്കൃതമായ ഉപാധിയായി വാട്ടർഷെഡ് വികസന പരിപാടിയെ ആഗോള തലത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഇതിൻറെ ഭാഗമായിട്ടാണ് നമ്മുടെ നാട്ടിലും കാർഷിക കാർഷികാനുബന്ധമേഖലകളിലേക്കും

നിർദ്ദേശിക്കപ്പെടുന്ന കേന്ദ്ര സംസ്ഥാനതല പദ്ധതികൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നിഷ്കർഷിക്കപ്പെടുന്നത്.

4.1.3.4.2 പൊതുവായ നീരൊഴുക്കുള്ള ഒരു പ്രദേശത്തെയാണ് വാട്ടർഷെഡ് എന്ന് പറയുന്നത്. അതായത് ഭൂമിയിൽ ലഭിക്കുന്ന മഴ വെള്ളം ഭൂപ്രതലത്തിലൂടെ ഒഴുകി ചെറിയ നീർചാലുകളും വലിയ നീർചാലുകളും, തോടുകളും, പുഴകളുമായി മാറുന്നു. കേരള സംസ്ഥാനത്തെ 44 നദികൾ 44 വാട്ടർഷെഡുകളായി നമുക്ക് കാണാം.



പട്ടിക 4.1.40

മഴയുടെ ലഭ്യത

മാസം	2015 (മി.മീറ്റർ)	2016 (മി.മീറ്റർ)	2017 (മി.മീറ്റർ)
ജനുവരി	0	0.2	
ഫെബ്രുവരി	2	- -	
മാർച്ച്	27.1	4.2	
ഏപ്രിൽ	182.4	4.1	
മെയ്	245.6	169.2	
ജൂൺ	281.8	461.5	
ജൂലായ്		336.6	
ഓഗസ്റ്റ്		159.2	
സെപ്തംബർ		77.4	
ഒക്ടോബർ		88.2	
നവംബർ	185.8		
ഡിസംബർ	42.4		

പട്ടിക 4.1.41

കാർഷിക വിളകൾക്ക് ആവശ്യമായ ജലത്തിൻറെ പ്രതിവർഷ അളവ്

വിളകൾ	ആകെ കൃഷി ചെയ്യുന്ന വിസ്തീർണ്ണം (ഹെക്ടർ)	ജലസേചിത വിസ്തീർണ്ണം (ഹെക്ടർ)	ജലത്തിൻറെ അളവ് (മി. മീറ്റർ)
നെല്ല്	82912	47778	1693.4209
ചെറുധാന്യങ്ങൾ	341	-	-
പയറുവർഗ്ഗം	1070	206	261.530
എണ്ണക്കുരുകൾ	648	-	-
ഹോർട്ടികൾച്ചർ വിളകൾ (വാഴ, മാവ്, കൊക്കോ, മറ്റു വിളകൾ)	45536	10325	399.1036

4.1.3.5 കാലാവസ്ഥ

4.1.3.5.1 സാമാന്യം ദേദപ്പെട്ട വർഷപാതവും ദു:സഹമായ വേനലും ചേർന്ന ആർദ്ര ഉഷ്ണമേഖലയും ആർദ്ര ഉപോഷ്ണ മേഖലയും ജില്ലയുടെ കാലാവസ്ഥയെ നിർണ്ണയിക്കുന്നു. തെക്ക് പടിഞ്ഞാറൻ കാലവർഷവും വടക്ക് കിഴക്കൻ കാലവർഷവും ഭേദപ്പെട്ട വർഷപാതം ജില്ലയ്ക്ക് നൽകുന്നു. മാർച്ച് മുതൽ മെയ് അവസാനം വരെ കടുത്ത വേനൽക്കാലവും ജനുവരി മുതൽ മേയ് വരെ വരണ്ട കാലയളവും ആണ്. പാലക്കാട് ചുരം വഴി കോയമ്പത്തൂർ സമതലപ്രദേശങ്ങളിൽ നിന്നുള്ള ഉഷ്ണ കാറ്റ് കേരളത്തിലെത്തുന്നതാണ് പ്രധാന കാരണം. വളരെയധികം ചൂടും വരണ്ട കാറ്റും അനുഭവപ്പെടുന്ന ജില്ലയാണിത്. വർഷത്തിൽ ഏകദേശം 2000 മി. മീറ്ററോളം വർഷപാതം ജില്ലയ്ക്ക് ലഭിക്കുന്നു. വേനലിൽ 43ഡ്ര ലും ഉയർന്ന താപനില ഈ ജില്ലയിൽ അനുഭവപ്പെടുന്നു. നീലഗിരിയും ആനമലയും രാത്രി കാലങ്ങളിൽ തണുപ്പുള്ള കാലാവസ്ഥ പ്രദാനം ചെയ്യുന്നു.

4.1.3.6 ഭൂഗർഭ ശാസ്ത്രം

പലതരം ഗ്നീസ്സിക്ക് പാറകൾ, ചുണ്ണാമ്പുകല്ല്, ചാർണൊക്കൈറ്റ് ഗ്നീസ്സിക് പാറകൾ, മിഗ്മറ്റൈറ്റ് കോംപ്ലക്സുകൾ തുടങ്ങിയവയാണ ജില്ലയിൽ പൊതുവായി കാണപ്പെടുന്ന ശിലകൾ. അല്പസിലിക ശിലകൾ അട്ടപ്പാടി താഴ്വരകളിൽ കണ്ടു വരുന്നു. ജില്ലയുടെ പടിഞ്ഞാറു ഭാഗത്തായി വെട്ടുകൽ രൂപീകരണങ്ങളും എക്കൽ നിക്ഷേപങ്ങളും കാണപ്പെടുന്നു.

4.1.3.7 കൃഷി

കേരളത്തിൻറെ കൃഷി വിള വിസ്തൃതിയിലും മൊത്തം ഉത്പാദനത്തിലും പ്രഥമ സ്ഥാനം വഹിക്കുന്ന പാലക്കാട് ജില്ല നെല്ലുത്പാദനത്തിൽ എക്കാലവും മുൻപന്തിയിൽ ആണ്.കേരളത്തിൻറെ നെല്ലറയാണ് പാലക്കാട്. നെൽകൃഷിയുടെ വിസ്തീർണ്ണത്തിലും ഉത്പാദനത്തിൻറെയും ഏകദേശം 60 % ശതമാനത്തോളം വിഹിതം പാലക്കാട് ജില്ലയുടേതാണ്. മറ്റു ജില്ലകളിലില്ലാത്ത ചോളം, റാഗി, തിന, ജോവാർ തുടങ്ങിയ ചെറുധാന്യങ്ങളും മുതിര, തുവരപരിപ്പ്, ഉഴുന്ന്, വൻപയർ, ചെറുപയർ എന്നിവയും കൃഷി ചെയ്തുവരുന്നു. ഔഷധ സസ്യ വിളകൾ, പച്ചക്കറി വിളകൾ, പഴവർഗ്ഗങ്ങൾ, തുവരപരിപ്പ്, പിണംപുളി, കൂർക്ക, തേക്ക് എന്നിവ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ഈ ജില്ലയിലാണ്. ക്ഷാര രസമുള്ള മൺ ഇനമുള്ളതിനാൽ നിലക്കടല, പരുത്തി എന്നിവ കൃഷി ചെയ്യുന്ന ഏക ജില്ലയാണിത്. ഇതു

കൂടാതെ ചിറ്റൂർ താലൂക്കിൽ വിപുലമായ കരിമ്പിൻ കൃഷിയിമുണ്ട്. തെങ്ങ്, കവുങ്ങ് കാപ്പി, റബർ, തേയില, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, ഏലം, ഇഞ്ചി, കശുമാവ് എന്നിവയും കൃഷി ചെയ്തു വരുന്നു.

4.1.3.8 കാർഷിക വിളകൾ

ജില്ലയിൽ ഏറ്റവും കൂടുതൽ പ്രദേശത്ത് കൃഷിചെയ്യുന്ന വിള തെങ്ങാണ്. നെല്ല്, റബ്ബർ, വാഴ, കവുങ്ങ്, പച്ചക്കറി തുടങ്ങിയവ മറ്റ് പ്രധാന വിളകളാണ്. പ്രധാന വിളകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4.1.42

പ്രധാന വിള തിരിച്ചുള്ള വിവരങ്ങൾ

ക്രമ നം	വിളതരം	2016-17 ലെ വിസ്തൃതി	2016-17 ലെ ഉല്പാദനം	2016-17 ലെ ഉല്പാദന ക്ഷമത	ഇപ്പോഴത്തെ വിസ്തൃതി (ഹെക്ടർ)	ഉല്പാദന ക്ഷമത Kg/Ha.	നിലവിലെ ഉത്പാദനം MT	2021 ലെ വിസ്തൃതി (ഹെക്ടർ)	2021- - ൽ പ്രതീക്ഷിക്കുന്ന ഉല്പാദന ക്ഷമത Kg/Ha.	2021- - ൽ പ്രതീക്ഷിക്കുന്ന ഉത്പാദനം MT
1	നെല്ല്	40.427	121281.5	3000	42846	3300	141391.8	45000	7000	315000
2	തെങ്ങ്	60172	1504.55	40 nuts	46197.21	43 Nuts/ palm/ year	3476.34 lakh nuts	50503.63	60 Nuts/ palm/ year	5302.88 lakh nuts
3	പച്ചക്കറി	7483.22	69796	9.327	7096.69	10000	70966.9	9290.1	15000	139351.5
4	വാഴ	20.2240	303360.7	15000	25273.54	20000	505470.8	29759.22	30000	892776.6
5	പയറു വർഗ്ഗങ്ങൾ	3.5725	6430.6	1800	3770.8	2000	7541.6	5460.82	2500	13652.05
6	കരിമ്പ്	0.0751	315.5	4200	95	4500	427.5	95	5000	475
7	കവുങ്ങ്	10.4621	68004.05	6500	10572.72	7000	74009.04	11610.35	7800	90560.73
8	കശുമാവ്	0.35156	61.523	175	403.8	180	72.684	440.66	220	96.9452

9	ചെറു ധാന്യങ്ങൾ	975	708	0.726	1000	800	800	700	1200	840
10	കൊക്കോ	67477	281825	4.176	785.87	500	392.935	976.18	650	634.517
11	ഇഞ്ചി	105515	165313	1.566	1176.16	15000	17642.4	1612.4	20000	32248
12	മഞ്ഞൾ	321.20	5233.2	16.292	352.35	18000	6342.3	1232.33	22000	27111.26
13	മാങ്ങ	4773.01	46691.1	9.782	5569.22	10000	55692.2	6261.86	15000	93927.9
14	ജാതി	91125	3035	0.03	1011.25	400	404.5	1330.15	500	665.075
15	കിഴങ്ങ് വർഗ്ഗങ്ങൾ	1848.34	37875.14	20.491	1959.45	25000	48986.25	2171.43	30000	65142.9
16	കുരുമുളക്	2507.81	6233.1	0.402	6522.3	400	2608.92	7477.51	800	5982.008
17	റബ്ബർ	277201	0.124	24404.17	37837.65	1200	45405.18	38488.65	1500	57732.975
18	തേയില	2400	425	0.177	3000	200	600	3000	300	900
	ആകെ	**621883.69226**	**1118093.087**	**52142.139**	**195469,99**	**982231.349**	**115180**	**215410.29**	**152470**	**1422097.4552**

4.1.3.9 മേഖല നേരിടുന്ന പ്രശ്നങ്ങൾ

ജലസേചന സംവിധാനങ്ങളുടെ അപര്യാപ്തത, ജലലഭ്യത കുറവ്

- അശാസ്ത്രീയമായ ജലവിതരണ സംവിധാനങ്ങൾ; പൊട്ടിപൊളിഞ്ഞ കനാലുകൾ, തകർന്ന സ്ലൂയിസ്സുകളും ഷട്ടറുകളും, കനാൽ ബണ്ടുകളുടെ കൈയ്യേറ്റവും തകർച്ചയും
- ജലസ്രോതസ്സുകളുടെ മലിനീകരണം
- കുളങ്ങളുടെ സംരക്ഷണത്തിലുള്ള അപര്യാപ്തത
- തണ്ണീർത്തടങ്ങളുടെ നാശം / നികത്തൽ
- വിളകളുടെ നിർണായകമായ വളർച്ചാ ഘട്ടത്തിൽ ജലലഭ്യതയുടെ അഭാവം
- വിളനിർണയ ജലസേചന കാർഷിക കലണ്ടറിൻറെ അഭാവം
- സൂക്ഷ്മ ജലസേചന സംവിധാനങ്ങളെക്കുറിച്ചുള്ള അജ്ഞത
- കാലാവസ്ഥാ വ്യതിയാനം മൂലം മഴക്കുറവ് അനുഭവപ്പെടുന്നതിനാൽ നേരിടേണ്ടി വരുന്ന രൂക്ഷമായ വരൾച്ച കൃഷിയെയും കാർഷികോല്പാദനത്തെയും തദ്വാരാ കർഷകൻറെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം മൂലം മഴക്കുറവ് അനുഭവപ്പെടുന്നതിനാൽ നേരിടേണ്ടിവരുന്ന രൂക്ഷമായ വരൾച്ച കൃഷിയേയും കാർഷികോല്പാദനത്തെയും തദ്വാരാ കർഷകൻറെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, ഉരുൾപൊട്ടൽ, കൂനം കൃഷി, ഘനനവും അനിയന്ത്രിത പാറ പൊട്ടിക്കലും എന്നിയൊക്കെ മണ്ണൊലിപ്പിനുള്ള കാരണങ്ങളാണ്. ഫലഭൂയിഷ്ഠത നഷ്ടമാകൽ, ഉല്പാദനം കുറയൽ, പുഴകളുടേയും തോടുകളുടേയും സംഭരണശേഷി കുറയൽ, അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കം, ജലവൈദ്യുത പദ്ധതികളുടെ പരാജയം, കൃഷി സ്ഥലങ്ങളുടെ നാശം, റെയിൽ റോഡ് ഗതാഗത തടസ്സം എന്നിവയെല്ലാം മണ്ണൊലിപ്പ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
- അനിയന്ത്രിതമായ വനനാശവും, അശാസ്ത്രീയ കൃഷിരീതികളും നമ്മുടെ സസ്യസമ്പത്തിന് ശോഷണം വരുത്തിക്കൊണ്ടിരിക്കുന്നു.

4.1.3.10 നാശോന്മുഖമാകുന്ന വാട്ടർഷെഡുകൾ

കാരണങ്ങൾ

1. കുന്നിൻ ചരിവുകളിലും രൂക്കായ പ്രതലങ്ങളിലും സംരക്ഷണതത്വങ്ങൾക്കു വിരുദ്ധമായ മണ്ണിളക്കൽ.
2. നീർച്ചാലുകളുടെ വശങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്താതെയുള്ള കൃഷി
3. അധികജലം സുരക്ഷിതമായി ഒഴുക്കിവിടുന്നതിനുള്ള മാർഗ്ഗങ്ങളുടെ അഭാവം
4. അനിയന്ത്രിതമായ വനനശീകരണവും സസ്യസമ്പത്തിൻറെ അമിതോപയോഗവും
5. കാട്ടുതീയും കന്നുകാലിമേച്ചിലും
6. അശാസ്ത്രീയമായ ഖനനവും, പാറപൊട്ടിക്കലും

7. മലഞ്ചരിവുകളിലെ തെറ്റായ റോഡ് നിർമ്മാണവും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളും
8. നീർച്ചാലുകളിലേയ്ക്ക് ഫാക്ടറികളിൽ നിന്നു മറ്റു പുറംതള്ളുന്ന വിഷാംശം കലർന്ന മാലിന്യങ്ങൾ
9. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ജനങ്ങളിൽ പ്രകടമാവുന്ന അലംഭാവം
10. പരിസ്ഥിതി പരിഗമിക്കാതെയുള്ള വ്യവസായവത്ക്കരണം
11. ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ

പരിണിത ഫലങ്ങൾ

1. മണ്ണും അതിലെ ഫലപുഷ്ടിയും നഷ്ടപ്പെടുന്നു
2. വെള്ളത്തിൻറെ ലഭ്യതയും ഗുണവും കുറയുകയും, ജലസ്രോതസ്സുകൾ നശിക്കുകയും ചെയ്യുന്നു.
3. സസ്യസമ്പത്ത് ദുർബലമാകുന്നു
4. ഭൂമിയുടെ ഉത്പാദനക്ഷമത കുറയുകയും തൻമൂലം കൃഷി വനം പുൽമേടുകൾ ഉദ്യാന / ഫലവൃക്ഷ / നാണ്യവിളകൾ എന്നിവയിൽ നിന്നുള്ള ഉത്പാദനം കുറയുകയും ചെയ്യുന്നു.
5. പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുത്തുന്നു
6. ജലസംഭരണികളിലും ജലാശയങ്ങളിലും നദികളും താഴ് വരകളിലും മണ്ണടിയുന്നു
7. അടിയ്ക്കടി വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

4.1.3.11 <u>അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത</u>

- ജലസേചന പദ്ധതികളുടെ അടിസ്ഥാന സൌകര്യങ്ങൾ കാര്യക്ഷമമല്ല.
- നിലവിലുള്ള അടിസ്ഥാന സൌകര്യങ്ങൾ പരിപാലിക്കുന്നതിലുള്ള അലംഭാവം
- കൃഷി, ജലസേചനം, മണ്ണ് സംരക്ഷണ വകുപ്പുകളുടെ ഏകോപനമില്ലായ്മ

4.1.3.12 <u>തൊഴിലാളി ക്ഷാമം – യന്ത്രവത്കൃത സൌകര്യങ്ങളുടെ അഭാവം</u>

- വൈദഗ്ധ്യം ഉള്ളതും അല്ലാത്തതുമായ തൊഴിലാളികളുടെ ക്ഷാമം
- സമയബന്ധിതമായി തൊഴിൽ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോൾ തൊഴിലാളികളില്ലാതെ വരുന്ന അവസ്ഥ
- കാർഷിക യന്ത്രങ്ങളുടെ അഭാവം
- തൊഴിൽസേനയുടെ പരിശീലന ക്യാമ്പ്
- യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സാങ്കേതിക വിദ്ധ്ധരുടെ അഭാവം
- കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻപറ്റാത്ത അവസ്ഥ

4.1.3.13 <u>വിപണന സംവിധാനത്തിൻറെ അഭാവം</u>

- കാർഷികോല്പന്നങ്ങളുടെ വിലയിലെ അസ്ഥിരത
- കാര്യക്ഷമമായ വിപണന സംവിധാനത്തിൻറെ അപര്യാപ്തത
- നെല്ല് സംഭരണം, വിപണനം, യഥാസമയം വില ലഭിക്കായ്മ എന്നിവ സംബന്ധിച്ച പ്രതിസന്ധികൾ
- കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട ഗോഡൌണുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങളുടെ അഭാവം

- ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതികരണ സംവിധാനങ്ങളുടെ അഭാവം

4.1.3.14 കാർഷിക മേഖലയിലെ ഉത്പാദന കുറവ്

- മണ്ണിൻറെ പോഷണവുമായി ബന്ധപ്പെട്ട പ്രതിസന്ധി
- രോഗ,കീട, കളകളുടെ ബാഹുല്യവും വന്യമൃഗ ആക്രമണവും
- വിജ്ഞാന വ്യാപന സംവിധാനങ്ങളുടെ പോരായ്മകൾ
- ഉയർന്ന ഉത്പാദനവും ഉല്പാദന ക്ഷമതയും ലഭ്യമാകുന്ന നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്
- ജൈവവള ഉത്പാദനത്തിൻറെ കുറവ്
- കീടനാശിനി രഹിത കാർഷിക മുറകളെക്കുറിച്ചുള്ള അജ്ഞത

4.1.3.15 മുതലമട മാംഗോ സിറ്റി

വിസ്തൃതിയിൽ മുതലമട പഞ്ചായത്തിൽ ഒന്നാം സ്ഥാനം മാവ് കൃഷിയ്ക്കാണ്. 1750 ഓളം കർഷകർ 3000 ഹെക്ടറിൽ വിവിധ ഇനം മാവ് കൃഷി ചെയ്യുന്നു. ഇതിൽ നിന്നു മാത്രം വാർഷിക വരുമാനം 300 കോടി രൂപയാണ്.

- പരമ്പാരഗതവും അശാസ്ത്രീയവുമായ കൃഷി രീതി
- വിപണനം, മൂല്യവർദ്ധനവ് എന്നിവയ്ക്കുള്ള അടിസ്ഥാന സൌകര്യമില്ലായ്മ
- പരിസ്ഥിതിക്ക് ഭീഷണിയാകുന്ന തരത്തിലുള്ള കീടനാശികളുടെ അമിതോപയോഗം
- പ്രാദേശിക വിപണിയിലൂടെ മാത്രം ഗൾഫ് നാടുകളിലേയ്ക്കുള്ള കയറ്റുമതി
- കാർഷിക യന്ത്രവത്ക്കരണത്തിൻറെ അഭാവം

4.1.3.16 വന്യജീവികളുട ആക്രമണം

ആന, മയിൽ, പന്നി, മാൻ, മലയണ്ണാൻ എന്നിവയുടെ ഉപദ്രവം മൂലം കൃഷി നാശം സംഭവിക്കുന്നു.

4.1.3.17 ആവശ്യങ്ങൾ/ സാധ്യതകൾ

ജലസമൃദ്ധി

- ഭാരതപ്പുഴ സംരക്ഷണം
- കാർഷികോല്പാദനത്തിൻറെ അടിസ്ഥാന ഘടകമായ ജലത്തിൻറെ സംരക്ഷണവും കാര്യക്ഷമമായ ഉപയോഗവും സാദ്ധ്യമാക്കുന്നതിനായി നീർത്തടാധിഷ്ഠിത വികസന മാതൃകകൾ പുനസൃഷ്ടിച്ച് കർഷക പങ്കാളിത്തതോടെ നടപ്പിലാക്കുക
- ഡാമുകൾ, കനാലുകൾ, ചാലുകൾ എന്നിവയിലെ മണൽമാറ്റൽ, പാർശ്വഭിത്തി ബലപ്പെടുത്തൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കൽ എന്നിവ യഥാസമയം നടപ്പിലാക്കുക
- പാടങ്ങൾ കൃത്യമായി ലെവലിംഗ് ചെയ്യുന്നതും വരമ്പുകൾ ബലപ്പെടുത്തുന്നതും വഴി മണ്ണ് ജല സംരക്ഷണം ഉറപ്പാക്കാം
- വരൾച്ചയെ അതിജീവിക്കുന്ന ഇനങ്ങൾ കാർഷിക രീതികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക

- മഴവെള്ളസംഭരണത്തിനും ഭൂഗർഭ ജലസംഭരണികൾ നിറയ്ക്കുന്നതിനും പ്രാധാന്യം നൽകുകയും തന്മൂലം ജലലഭ്യത ഉറപ്പാക്കുകയും ചെയ്യുക
- തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസംഭരണം മെച്ചപ്പെടുത്താം
- ജലവിതരണത്തിനായി കാർഷിക കലണ്ടർ ഉണ്ടാക്കണം

നീർത്തടാധിഷ്ഠിത വികസനം

- കൃഷിഭൂമികളിലെ മണ്ണ് – ജല സംരക്ഷണ പ്രവർത്തനങ്ങൾ
- സംരക്ഷണ കൃഷിമുറകൾ
- നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

അടിസ്ഥാന സൌകര്യ വികസനം

- ഐ.എസ്.ആർ.ഒ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക
- കാർഷിക മേഖലയ്ക്ക് ആവശ്യമായ ഫാം റോഡുകൾ, കാർഷിക വിള സംഭരണ കേന്ദ്രങ്ങൾ, മറ്റു അടിസ്ഥാന സൌകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക

കാർഷിക യന്ത്രവത്ക്കരണം

- കാര്യക്ഷമമല്ലാത്ത കാർഷിക ഉപകരണങ്ങൾ മാറ്റി മെച്ചപ്പെട്ട ഉപകരണങ്ങളും യന്ത്ര സാമഗ്രികളും വാങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം
- പാടശേഖരങ്ങളിലെ അംഗങ്ങൾക്ക് ലെവല്ലർ, പഡ്ലർ, ചിസൽപ്ലവ്, ബണ്ട്ഫോർമർ എന്നിവ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ തരം ഏതായാലും എച്ച്.പി അനുസരിച്ച് കർഷകന് ആവശ്യമുള്ള യന്ത്രങ്ങൾ 75 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കണം.
- കാർഷിക യന്ത്രവത്ക്കരണ മേഖലയിൽ തൊഴിൽ സേനകൾക്ക് നൈപുണ്യം പരിശീലനം നൽകുക
- നെൽകൃഷിയിൽ കളനാശിനി പ്രയോഗം ഒഴിവാക്കുന്നതിനായി യന്ത്രവത്കൃ നടീൽ, യന്ത്രവത്ക്കരണ കളനിയന്ത്രണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- പഞ്ചായത്ത് തലത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്ന തൊഴിൽസേനയുടെ പ്രവർത്തന രീതികളെക്കുറിച്ച് മറ്റ് തൊഴിൽസേനകൾക്ക് ബോധവത്ക്കരണം, പരിശീലനം എന്നിവ നൽകുക. തൊഴിൽസേനകളുടെ ഉപകരണങ്ങൾ നേരെയാക്കാനും മറ്റുമുള്ള തുക അനുവദിക്കുക.
- തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാർഷിക കലണ്ടറിനോട് യോജിച്ചുപോകുന്ന രീതിയിലാക്കണം.
- വിജയകരവും സുസ്ഥിരവുമായ യന്ത്രവത്ക്കരണത്തിന് ആധുനിക യന്ത്രങ്ങളുടെയും കാർഷികോപകരണങ്ങളുടെയും മറ്റു ഘടക ഭാഗങ്ങളുടെയും അവശ്യവസ്തുക്കളുടെയും ലഭ്യത അത്യന്താപേക്ഷിതമാണ്.
- മലിനീകരണ ഹേതുവല്ലാത്ത യന്ത്രവല്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രകൃതി സമ്പത്തുക്കളായ ഭൂമി, വെള്ളം, മണ്ണിലെ പോഷകങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പ് വരുത്തുക.

- കർഷക സഹകരണ സംഘങ്ങളെ കാർഷിക യന്ത്രങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കൽ, കേടുപാടുകൾ തീർക്കൽ, യന്ത്രഘടകങ്ങളുടെ വിതരണം എന്നിവ ഭംഗിയായി നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.
- പാടശേഖര വരമ്പുകളിൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഊർജോല്പാദനം സാധ്യമാക്കി ഉയർന്ന പ്രവർത്തനക്ഷമതയുള്ള പമ്പുകൾ പ്രവർത്തിക്കാം. നിലവിലുള്ള എ.എസ്.സി, കെ.കെ.എസ്, എം.കെ.എസ്.പി എന്നീ പദ്ധതികളുമായി സംയോജിപ്പിക്കാം.

<u>വിപണനം</u>

- കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനുമായി കർഷക ഉല്പാദക സംഘങ്ങൾ കേന്ദ്രീകരിച്ച് സംഭരണ – സംസ്കരണ മൂല്യവർദ്ധിത ഉല്പന്ന വിപണന ശൃംഖല ആവശ്യമാണ്.
- കോൾഡ് സ്റ്റോറേജ്, കൂൾ ചേമ്പർ, പഴങ്ങളും പച്ചക്കറികളും കൈകാര്യം ചെയ്യുന്നതിന് സൌകര്യമൊരുക്കുന്ന കോൺക്രീറ്റ് തറകൾ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികളിൽ സൃഷ്ടിക്കുക.
- ധാന്യവിപണികൾക്ക് ലേല പ്ലാറ്റ്ഫോമുകൾ നിർമ്മിക്കണം.
- നേരിട്ടുള്ള വിപണനം മെച്ചപ്പെടുത്തുന്നതിന് ചില്ലറ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങണം.
- നിലവിലുള്ള ഗോഡൌണുകൾ മില്ലുകൾ എന്നിവയെക്കുറിച്ചുള്ള ഡാറ്റാബേസ് സർവ്വേ മുഖേന തയ്യാറാക്കുക.
- കാർഷികോല്പന്നങ്ങളുടെ വിലനിലവാരം ലഭ്യമാക്കാനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു വിപണി ഗവേഷണ വിവര ശൃംഖല നടപ്പിലാക്കുക.
- സഹകരണ മേഖലയിൽ 50-100 മെട്രിക് ടൺ സംഭരണ ശേഷിയുള്ളവ, പാടശേഖരാടിസ്ഥാനത്തിൽ 10-50 മെട്രിക് ടൺ സംഭരണ ശേഷിയുള്ളവ, കർഷകർക്ക് 10 മെട്രിക് ടൺ വരെ സംഭരണ ശേഷിയുള്ള ഗോഡൌണുകൾ നിർമ്മിക്കണം. നിലവിലുള്ള ഗോഡൌണുകൾ ജില്ലാ – ബ്ലോക്ക് തലത്തിൽ വാടകയ്ക്ക് നൽകുന്നതിന് സംവിധാനമൊരുക്കണം.
- പ്രാദേശിക റൈസ് മില്ലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- കർഷകർക്ക് നെല്ല് സംഭരണം നടത്താനും തുക ഉടനെതന്നെ ലഭ്യമാക്കുന്നതിനും പ്രവർത്തനക്ഷമമായ സംവിധാനങ്ങൾ ഒരുക്കുക
- ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് മുൻതൂക്കം കൊടുത്ത് വിപണനം മെച്ചപ്പെടുത്തുക. (ഉദാ : നെല്ല് – അരി, അരിപ്പൊടി, ഇഡ്ഡലി, ദോശ മാവ്, അവിൽ, തവിടോടുകൂടിയ അരി എന്നിവ)
- വിലകൂടുതൽ ലഭിക്കുന്ന ബസുമതി, ജീരകശാല, ഗന്ധശാല, ഞവര നെല്ല് എന്നിവ പ്രോത്സാഹിപ്പിക്കുക
- നിലവിലുള്ള അരിമില്ലുകൾ, പ്രവർത്തനം നിർത്തിയ മില്ലുകൾ, പൂട്ടി കിടക്കുന്ന അരിമില്ലുകൾ എന്നിവയെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.
- ജില്ലയിൽ ആലത്തൂരിൽ സ്ഥിതി ചെയ്യുന്ന മോഡേൺ റൈസ് മിൽ പ്രവൃത്തിപ്പിയ്ക്കുവാൻ നടപടികൾ സ്വീകരിക്കുക.

ഉത്പാദന വർദ്ധനവ്

- പാലക്കാടിന് പറ്റിയ ഇനം ഹ്രസ്വകാല –മദ്ധ്യകാല മൂപ്പുള്ള പുതിയ നെൽവിത്തിനങ്ങൾ, വരളച്ചയെ പ്രതിരോധിക്കുന്ന ഇനങ്ങൾ, കാറ്റത്ത് വീഴാത്ത ഇനങ്ങൾ എന്നിവ ആവശ്യത്തിനായി ജില്ലയിലെ ഫാമുകൾ, ആർ.എസ്.ജി.പി, വിത്ത് ഗ്രാമം എന്നിവ വഴി ഉത്പാദിപ്പിക്കണം.
- പാലക്കാട് ജില്ലയ്ക്ക് മാത്രമായി ഒരു വിജ്ഞാന വ്യാപന കേന്ദ്രം അത്യാവശ്യമാണ്
- പഞ്ചായത്ത് തലത്തിൽ വിത്ത് ബാങ്കുകൾ രൂപീകരിക്കണം
- ജൈവ കൃഷി രീതി അവലംബിച്ച് മാലിന്യസംസ്കരണം ഉറപ്പാക്കുക
- കൃഷി വകുപ്പിന്റെ അനുവാദത്തോടെ പ്രാദേശികമായി കർഷകർ തന്നെ ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള വിത്തുകൾ കർഷർക്ക് ഇടയിൽ വിതരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സാമ്പത്തിക സഹായം നല്കുക.
- വിത്ത് , വളം, സസ്യസംരക്ഷണ ഉപാധികൾ എന്നിവയ്ക്കുള്ള ധനസഹായ തുക വർദ്ധിപ്പിക്കണം.
- വിള ആരോഗ്യ പരിപാലനത്തിനായി ബ്ലോക്ക് തലത്തിൽ പ്രത്യേക യൂണിറ്റും, ഉദ്യോഗസ്ഥ ക്രമീകരണവും വേണം. ഇതിലൂടെ ഉത്പാദിപ്പിക്കുന്ന ജൈവ-ജീവാണു ഉത്പന്നങ്ങൾ വനിതാ ഗ്രൂപ്പിലൂടെ വിതരണം നടത്തണം.
- ഓരോ സീസണിലും ആരംഭത്തിലും ഇടസമയത്തുമായി വിള ആരോഗ്യ ക്യാമ്പുകൾ നടത്തുന്നതിനും, അടിയന്തിര ഘട്ടങ്ങളിൽ വിവരങ്ങൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, ഉപാധികൾ എന്നിവ കർഷകരിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

വന്യജീവികളിൽ നിന്നുള്ള സംരക്ഷണം

- വന്യജീവികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ വനത്തിൽ തന്നെ ഉത്പാദിപ്പിച്ച് ലഭ്യമാക്കുക.
- വനമേഖലയിലെ ജലസംരക്ഷണം ഉറപ്പാക്കുക.
- സോളാർ/ഇലക്ട്രിക് ഫെൻസിംഗ് പ്രാവർത്തികമാക്കുന്നതിന് സബ്സിഡി അനുവദിക്കുക.
- കൃഷിഭൂമി വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി നവീന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുക.
- വിള ഇൻഷൂറൻസ് പദ്ധതിയിൽ പ്രീമിയം ഇനത്തിൽ സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തുക.

4.1.3.18 വികസന സാധ്യതകൾ

- ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി ജില്ലയിലെ 69 % ഭൂപ്രദേശങ്ങളും ഉള്പ്പെടുന്ന 512 മൈക്രോ വാട്ടര്ഷെഡുകളിലായി 3180 ചതുരശ്ര മീറ്റര് വിസ്തൃതി വരുന്ന ബൃഹ്ത് പദ്ധതി ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ (കൃഷി, ജലസേചനം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമവികസനം) ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത് മണ്ണ് –ജല ജൈവവൈവിധ്യ സംരക്ഷണത്തിനും, സമഗ്ര വികസനത്തിനും ഇടയാക്കും.
- മണ്ണ് പരിശോധന (സോയിൽ ഹെൽത്ത് കാർഡ്) നിർദ്ദേശാനുസരണം കൃഷി ലാഭകരമാക്കാം.
- മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിന് മുൻഗണന നല്കുക.
- ജില്ലയിലെ എല്ലാ ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണവും സംരക്ഷണവും നടപ്പിലാക്കുക.

- തൽസ്ഥാന മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ വഴി പരമാവധി മഴവെള്ളം ഭൂമിയ്ക്കടിയിലെ ജലസ്രോതസ്സുകളിൽ സംഭരിക്കുക.
- മണ്ണിൻറെ ഭൂക്ഷമത അനുസരിച്ചുള്ള ശാസ്ത്രീയ ഭൂവിനിയോഗം നടപ്പിലാക്കുക.

4.1.3.19 മേഖലയിലെ ഉത്പാദനം

നെല്ല്

- നിലവിലെ നെൽപാടങ്ങൾ നിലനിർത്തുകയും, കൃഷി ഇറക്കാത്ത പാടശേഖരങ്ങളിൽ കൃഷിയിറക്കുകയും, പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും, നിശ്ചിത വിസ്തൃതിയിൽ ഒരു വിള എന്നതു മാറ്റി രണ്ട് വിളയിറക്കുകയും അത് പിന്നീട് മൂന്ന് ആക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാം.
- തരിശ് നിലത്തിലെ നെൽകൃഷി, കരനെൽകൃഷി എന്നിവ അനുവർത്തിക്കുന്നതിലൂടെ സുസ്ഥിരത ഉറപ്പ് വരുത്തുക.
- ഉത്പാദനശേഷി കൂടിയ വിത്തിനങ്ങൾ കർഷകരിൽ എത്തിക്കുക.
- സംഘകൃഷി പ്രോത്സാഹിപ്പിക്കുക.
- മണ്ണ് പരിശോധന ഫലത്തെ അടിസ്ഥാനമാക്കി സമഗ്ര പോഷക പരിപാടി, സമഗ്ര- രോഗ നിയന്ത്രണ പരിപാടി എന്നിവ നടപ്പിലാക്കുക.
- സുരക്ഷിത കൃഷിരീതിയ്ക്ക് ആവശ്യമായ ഉത്പാദനോപാധികൾ കർഷകർക്ക് പെട്ടെന്ന് ലഭ്യമാക്കുന്ന രീതിയിൽ കൃഷിഫാമുകൾ സജ്ജമാക്കണം.
- നെല്ലുൽപാദന ക്ഷമത ഒരു ഹെക്ടറിന് 7 ടൺ ആയി ഉയർത്തുക, പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തികൊണ്ട് സുരക്ഷിത നെൽകൃഷി രീതി നടപ്പിലാക്കുകയും ഉൽപ്പാദന ചെലവ് കുറയ്ക്കുകയും ചെയ്യുക.
- അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകൾ ശരിയായ അളവില് ശരിയായ സമയത്ത് കർഷകർക്ക് ലഭ്യമാക്കി ഉത്പാദനം വർദ്ധിപ്പിക്കുക.
- യന്ത്രവത്ക്കരണം, അടിസ്ഥാനസൌകര്യ വികസനം എന്നിവ മെച്ചപ്പെടുത്തുക.
- നെൽപ്പാടത്തെ വരമ്പുകളിൽ പുഷ്പ-പയറുവർഗ്ഗ പച്ചക്കറി കൃഷിയിറക്കി ജൈവവൈവിദ്ധ്യം സംരക്ഷിക്കുകയും കീടരോഗ നിയന്ത്രണം സാദ്ധ്യമാക്കുകയും ചെയ്യുക.
- വന്യജീവികളുടെ ആക്രമത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.
- നെൽപ്പാടത്ത് സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിന് വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തണം.
- വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തണം, അരിമില്ലുകൾ പുനരുദ്ധരിക്കുകയും മൂല്യനിർണ്ണയം നടത്തുകയും ചെയ്യുക.

നാളികേരം

- കരിക്കിൻറെ വർദ്ധിച്ചുവരുന്ന ആവശ്യത്തിന് അനുസൃതമായി 25 ശതമാനം കരിക്ക് ഉല്പാദനത്തിന് ഉതകുന്ന പൊക്കം കുറഞ്ഞ ഇനങ്ങൾ നെടിയ ഇനങ്ങൾക്ക് ഇടയിൽ

നടുന്നതുമായ രീതി പ്രോത്സാഹിപ്പിക്കുക. കൃഷിവകുപ്പിൻറെ ഫാമുകളിൽ തെങ്ങിൻ തൈ ലഭ്യമാക്കണം.

- സങ്കരയിന നാളികേരങ്ങളുടെ ഉത്പാദനം, വിതരണം എന്നിവ ഗവേണഷണ കേന്ദ്രങ്ങൾ, സർക്കാർ ഫാമുകൾ എന്നിവയിൽ നിന്ന് ഉണ്ടാകണം. തുടർന്നുള്ള വംശവർദ്ധനവ് കേരഗ്രാമ പദ്ധതികളിലെ അംഗീകൃത നഴ്സറികളിൽ നടപ്പിലാക്കണം.
- തെങ്ങിൻതോട്ടങ്ങളിലെ ലഭ്യമാകുന്ന സ്ഥലം പരമാവധി ഉപയോഗിക്കുന്നതിനായി ഇഞ്ചി, മഞ്ഞൾ, ഓഷധ സസ്യങ്ങൾ, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ജാതി, കൊക്കോ, കുരുമുളക് എന്നിവ അടങ്ങുന്ന ബഹുനില കൃഷിരീതി ഉപയോഗിക്കാം.
- രോഗ-കീട ബാധയാൽ പൂർണ്ണമായി നശിച്ചതോ, പ്രായാധിക്യത്താൽ വിളവ് കുറഞ്ഞതോ ആയ തെങ്ങുകൾ പൂർണ്ണമായും മാറ്റി ആ സമയത്ത് ഉണ്ടാകുന്ന വരുമാനമില്ലായ്മ അതിജീവിക്കാൻ കർഷകരെ പ്രാപ്തരാക്കുന്ന രീതിയിൽ മറ്റ് വിളകൾ, പശു വളർത്തൽ, മീൻ വളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുകയും, സംയോജിത കൃഷിയിടം മാതൃകയിൽ ഇത്തരം സ്ഥലങ്ങളെ മാറ്റിയെടുക്കുകയും ചെയ്യുക.
- നീര ഉത്പാദനത്തിന് പ്രാധാന്യം നൽകുക
- പച്ചത്തേങ്ങ സംഭരണം, ഉത്പന്ന വൈവിദ്ധ്യവത്കരണം എന്നിവ പ്രോത്സാഹിപ്പിക്കണം.
- കർഷകരെയും, ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവരെയും, ചില്ലറ വിൽപനക്കാരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് കാർഷികോല്പാദനത്തെ വിപണന ശൃംഖലയുമായി ബന്ധപ്പെടുത്തുക.

പച്ചക്കറി

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി, വിദ്യാലയങ്ങളിലെ പച്ചക്കറിത്തോട്ടം, സംഘം പച്ചക്കറി കൃഷി, ജൈവപച്ചക്കറി കൃഷി, കൂത്യതാ കൃഷി, ഫെർട്ടിഗേഷൻ, സംരക്ഷിതകൃഷി എന്നിവ പ്രോത്സാഹിപ്പിക്കണം.
- ഹൈബ്രിഡ് വിത്തുകൾ ലഭ്യമാക്കണം
- പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ മുഖേന ചില്ലറ വിപണന കേന്ദ്രങ്ങൾ നടപ്പിലാക്കുക
- സംഭരണം – വിപണനം-വിതരണം എന്നിവയ്ക്കായി ജില്ലയിൽ വിപുലമായ രീതിയിൽ വിപണി ഉണ്ടാക്കുക. കർഷക ഗ്രൂപ്പുകൾ/സൊസൈറ്റികൾ എന്നിവരുടെ സഹകരണത്തോടെ പ്രത്യേകം മാനവ വിഭവശേഷി ഉൾപ്പെടുത്തി കോൾഡ് സ്റ്റോറേജ്, ഫ്രീസർ വാനുകൾ തുടങ്ങിയ ആധുനിക സൌകര്യങ്ങളോടു കൂടിയ വിപണിയും മൂല്യവർദ്ധനവിനായി സി.എഫ്.ടി.ആർ.ഐ സാങ്കേതിക വിദ്യയെക്കുറിച്ച് അറിവും പരിശീലനവും നൽകണം. ഡെമോൺസ്ട്രേഷനുകൾ, കൃഷിയിടങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള സന്ദർശനങ്ങൾ എന്നിവയും ഉണ്ടാകണം.
- പമ്പ് സെറ്റ് സ്പ്രേയർ, സോളാർ - ഫെറോമോൺ കെണികൾ വിതരണം, സംയോജിത കീടരോഗ പരിപാലനം, സംയോജിത വളപ്രയോഗം, വിള ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കണം.

വാഴ

- അതിസാന്ദ്രതാ രീതിയിലുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുകയും, ആധുനിക സാങ്കേതിക വിദ്യകൾക്ക് ഗവേഷണങ്ങൾ, പ്രദർശനത്തോട്ടങ്ങൾ, സെമിനാറുകൾ, പരിശീലനങ്ങൾ, കൃഷി സ്ഥല സന്ദർശന പരിപാടികൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകണം.
- വാഴ ഉത്പാദക മേഖലകൾ കേന്ദ്രീകരിച്ച് ഉത്പാദക സംഘങ്ങൾ രൂപീകരിക്കുകയും അതുവഴി പുതിയ ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും, വി.എഫ്.പി.സി.കെ മാതൃകയിൽ ബ്ലോക്ക്തലത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.
- വാഴയിൽ നിന്നും ലഭിക്കുന്ന വിവിധ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

മാവ്

- കേരളത്തിലെ പ്രസിദ്ധമായ പരമ്പരാഗത മാവിനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും, മാവ് അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു ഗവേഷണ സ്ഥാപനം (മാംഗോ ഹബ്) മുതലമടയിൽ സ്ഥാപിക്കണം. അതുവഴി വിപണനത്തിലും, മൂല്യവർദ്ധനവിലും പുരോഗതിയുണ്ടാകുന്നു.
- വിളനഷ്ടവും, വിലനഷ്ടവും പരിഹരിക്കുന്നതിനായി പ്രത്യേക ഇൻഷൂറൻസ് പരിരക്ഷയും സഹായ പദ്ധതികളും വേണം.
- ഗുണമേന്മയുള്ള വിവിധ മാവ് ഇനങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കണം.
- ''സേഫ് ടു ഈറ്റ്'' ആശയത്തിന് മാവ് കൃഷിയിൽ മുൻഗണന നൽകുകയും, നിലവിലുള്ള ഉത്പാദന ക്ഷമതയായ 10 മെട്രിക് ടണ്ണിൽ നിന്നും 15 മെട്രിക് ടൺവരെ ഉത്പാദന ക്ഷമത ഉയർത്താൻ സാധിക്കും.
- ''മാംഗോ നെറ്റ്'' വ്യാപിക്കുന്നതു വഴി കൂടുതൽ കർഷകരെ വിപണിയിൽ രജിസ്റ്റർ ചെയ്യാനും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കൂടി മാങ്ങ കയറ്റി അയക്കാനും സാധിക്കും
- കർഷകർക്ക് /ഗ്രൂപ്പുകൾക്ക് ഗോഡൌണുകൾ, കോൾഡ് സ്റ്റോറേജ്, റൈപ്പനിംഗ് ചേമ്പറുകൾ എന്നിവ കൂടുതൽ സഹായത്തോടെ അനുവദിക്കണം.
- കണികജലസേചനം, ഫെർട്ടിഗേഷൻ എന്നിവ പ്രോത്സാഹിപ്പിക്കണം.
- ''റെഡി ടു സെർവ് '' ഇനങ്ങളിൽ മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യൂണിറ്റുകൾ, പരിശീലനങ്ങൾ എന്നിവ അനുവദിക്കണം.
- നിലവിലുള്ള വാർഷിക വരുമാനമായ 300 കോടി രൂപ 750 കോടി രൂപയായി ഉയർത്താൻ കഴിയും.

മറ്റ് പഴവർഗ്ഗങ്ങൾ

- അന്യം നിന്നു പോകുന്ന പഴവർഗ്ഗങ്ങളുടെ തൈകൾ ഉത്പാദിപ്പിച്ച് തരിശ് പ്രദേശങ്ങളിലും കനാൽ വരമ്പുകളിലും കൃഷിചെയ്ത് പഞ്ചായത്തുകളെ ഹരിതാഭമാക്കാവുന്നതാണ്.
- വീട്ടുവളപ്പിൽ പഴവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി നടീൽ വസ്തുക്കൾ അടങ്ങിയ കിറ്റുകളും, പരിശീലനവും നൽകുക.

കിഴങ്ങുവർഗ്ഗങ്ങൾ

- വീട്ടുവളപ്പിലെ കിഴങ്ങു വർഗ്ഗങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടീൽ വസ്തുക്കൾ നൽകുന്ന മിനികിറ്റ് പദ്ധതികൾ നടപ്പിലാക്കണം.
- ചെറുകിഴങ്ങ് വർഗ്ഗങ്ങളുടെ വൈവിദ്ധ്യവത്കരണവും മൂല്യവർദ്ധനവും ഉറപ്പാക്കണം.

സുഗന്ധ വ്യഞ്ജന വിളകൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്ത് ഉയർന്ന ഉല്പാദനവും, ഉത്പാദന ക്ഷമതയും ഉറപ്പ് വരുത്തുക.
- പ്രാദേശിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, കുരുമുളക് തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്യുക.
- കേരള കാർഷിക സർവകലാശാലയുടെ സഹായത്തോടെ ഉല്പാദന വർദ്ധനവ് പാക്കേജുകൾ പ്രചരിപ്പിക്കാം.
- സുഗന്ധ വ്യഞ്ജന വിളകളുടെ നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് സ്പൈസസ് കേന്ദ്രം രൂപീകരിക്കണം.

എണ്ണക്കുരുക്കൾ

- നിലക്കടല, എള്ള് കൃഷി എന്നിവ മൂന്നാംവിളയായി നിലങ്ങളിൽ കൃഷിചെയ്യുന്നതിന് ആനുകൂല്യം അനുവദിക്കണം.

ജൈവ കൃഷി

- സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനായി ജൈവകൃഷി നടപ്പിലാക്കണം
- രാസവള കീടനാശിനി പ്രയോഗം ഒഴിവാക്കി വിഷമുക്തമായ കാർഷികോല്പന്നങ്ങൾ ലഭ്യമാക്കുക
- ജൈവ ഉല്പന്നങ്ങൾക്കായി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- പ്രോത്സാഹന ധനസഹായങ്ങൾ ലഭ്യമാക്കുക

പുഷ്പകൃഷി

- പുഷ്പകൃഷി വികസനം സുഗമമാക്കാൻ മാതൃകാ നഴ്സറികൾ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സ്ഥാപിക്കാം.
- പുഷ്പകൃഷി വ്യവസായത്തിലേർപ്പെട്ടിട്ടുള്ളവരെ അംഗങ്ങളാക്കി കർഷക ഉത്പാദക സംഘങ്ങൽ രൂപവത്ക്കരിക്കാം.
- ചെറുകിട- നാമമാത്ര കർഷകരെയും, സ്ത്രീകളെയും പുഷ്പകൃഷിയിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൽ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കാം.
- പുഷ്പകൃഷി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഇനങ്ങളെക്കുറിച്ച് അറിയുന്നതിനം, മറ്റു പരിശീലനങ്ങളും, വിപണന സൌകര്യങ്ങളും ഒരുക്കികൊടുക്കാം.
- പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കാൻ പുഷ്പകർഷകർക്കായി ഇൻഷൂറൻസ് സംവിധാനം ഏർപ്പെടുത്താം.

ഔഷധ സസ്യകൃഷി

- അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ വിതരണം ശാസ്ത്രീയമായ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കാം.
- ഔഷധങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ സുസ്ഥിരമായ ഉത്പാദന വിതരണത്തിന് അനുയോജ്യമായ രീതിയിൽ ഉടമ്പടി കൃഷി രീതി പ്രയോജനപ്പെടുത്താം.
- ഗവൺമെൻറ് ഫാമുകളിൽ ഔഷധ സസ്യങ്ങളുടെ ക്രോപ്പ് മ്യൂസിയം തുടങ്ങി, നല്ലയിനം തൈകൾ വിതരണം ചെയ്യാം.
- ഔഷധ സസ്യ കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണനം ശക്തിപ്പെടുത്താം.

ചെറുധാന്യകൃഷി

- ചെറുധാന്യങ്ങൾ വളരെ പ്രചാരത്തിലുണ്ടായിരുന്ന സ്ഥലങ്ങളിൽ അവ പുനരാവിഷ്കരിക്കാനുള്ള പരിപാടികൾ തുടങ്ങണം. ഇപ്പോൾ അട്ടപ്പാടി മേഖലയിൽ ആരംഭിച്ചിട്ടുള്ള മില്ലറ്റ് വില്ലേജ് മാതൃകയിൽ മറ്റിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം.

പയർവർഗ്ഗ വിളകൃഷി

- പരമ്പരാഗതമായ പ്രദേശങ്ങളിലും പുതിയ ഇടങ്ങളിലും നെൽപാടങ്ങൾ പ്രയോജനപ്പെടുത്തി പയറുവർഗ്ഗ കൃഷി പ്രചരിപ്പിക്കാം.
- വിവിധയിനം പയർവർഗ്ഗ വിള വിത്തുകൾ കർഷകരിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കാം.

കരിമ്പ് കൃഷി

- കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം ഉറപ്പാക്കണം
- ശർക്കര നിർമാണത്തിനുള്ള പദ്ധതികൾ, ചെറുകിട ക്രഷിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണം.

തേൻ ഉത്പാദനം

- തേൻ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി സ്ത്രീകൾക്കും, ചെറുപ്പക്കാർക്കും നാമമാത്ര കർഷകർക്കും സ്വയം സഹായ സംഘങ്ങൾക്കും അനുയോജ്യമായ ഉപജീവന മാർഗ്ഗമായി തേനീച്ച വളർത്തൽ പ്രചരിപ്പിച്ച് വരുമാനം ഇരട്ടിപ്പിക്കാം. ഗുണനിലവാരമുള്ള തേനുല്പാദനം കൂടാതെ ഒരു പരിധി വരെ തൊഴിലില്ലായ്മയ്ക്കും ഇത് പരിഹാരമാകും.

4.1.3.20 മണ്ണിൻറെ ആരോഗ്യ പരിപാലനം

- മണ്ണിനെ പരിപോഷിപ്പിക്കുന്നതിൻറെ ഭാഗമായി മണ്ണ് പരിശോധന നിർബന്ധമാക്കി, ആയതിൻറെ അടിസ്ഥാനത്തിൽ വളപ്രയോഗം നടപ്പിലാക്കാവുന്നതാണ്.
- ജൈവ വളങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് മാലിന്യ സംസ്കരണം നടത്തി ബ്ലോക്ക് തലത്തിൽ ജൈവ വളങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കാം.
- പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചിലവളവിത്തുകൾ വിതരണം ചെയ്യാം
- നീർമറി പ്രദേശത്തിൻറെ അടിസ്ഥാനത്തിൽ മണ്ണൊലിപ്പ് തടയാനുള്ള നടപടികൾ കൈക്കൊള്ളാം

- കൃഷി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുക
- മണ്ണിൻറെ ഭൂക്ഷമത അനുസരിച്ചുള്ള ശാസ്ത്രീയ ഭൂവിനിയോഗം നടപ്പിലാക്കുക

4.1.3.21 **സംയോജിത കൃഷി രീതി**

- നാമമാത്ര – ചെറുകിട കർഷകനും സ്ഥിരവരുമാനം ലഭിക്കുന്നതിനായി സംയോജിത കൃഷിരീതി പ്രോത്സാഹിപ്പിക്കാം
- സംയോജിത കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിഷരഹിത ഉത്പന്നങ്ങൾ ലഭ്യമാക്കി ആരോഗ്യം സംരക്ഷണവും ഉറപ്പാക്കാം.
- വിവിധ കൃഷികൾ, മൃഗസംരക്ഷണം, മത്സ്യകൃഷി വികസനം, തേനീച്ച വളർത്തൽ തുടങ്ങിയ മേഖലകളെല്ലാം സംയോജിപ്പിച്ച് ചെറുകിട കർഷകർക്ക് സ്ഥിരമായ വരുമാനം ലഭിക്കാൻ ഉതകുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.

4.1.3.22 **ഊഷര ഭൂമി കൃഷി**

- ഊഷര ഭൂമി കൃഷിയ്ക്കായി മെച്ചപ്പെട്ടയിനം കശുമാവിൻ തൈകൾ ഘട്ടംഘട്ടമായി വച്ചു പിടിപ്പിച്ച് കശുമാവിൻറെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കാം.

4.1.3.23 **ഉപയോഗ ശൂന്യമായ നിലങ്ങൾ ഉപയുക്തമാക്കൽ**

- കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ മറ്റ് മരങ്ങൾ വെച്ച് പിടിപ്പിച്ച് സാമൂഹ്യ വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാം.

.....

10	വാക്കാട് FB	1.200	46.06
11	ചെക്കുളം FB	1.800	31.05
12	കൊന്നഞ്ചേരി	2.000	103.27
13	ആയക്കാട് FB	1.000	44.57
14	മഞ്ചബ്ര ഡിസ്റ്റിബ്യൂട്ടറി	2.800	166
15	ഋഷിനാരദമംഗലം ഡിസ്റ്റിബ്യൂട്ടറി	1.800	51.66
16	പരുവശ്ശേരി ഡിസ്റ്റിബ്യൂട്ടറി	1.400	94.86
17	കണ്ണമ്പ്ര FB	1.600	60.53
18	പുതുക്കോട് FB	1.000	33.4
19	തെക്കേപ്പൊറ്റ FB	2.800	131.43
20	പുതുക്കോട്(ചെറിയ) FB	0.500	24.29
21	മണപ്പാടം ഡിസ്റ്റിബ്യൂട്ടറി	2.400	134.09
	ആകെ	33.991	1396.48

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

കനാൽ നീളം (ബ്രാഞ്ച് കനാലുകളുൾപ്പെടെ) ആകെ 95.01 കി. മി

4.1.2.8 ചേരാമംഗലം പദ്ധതി

4.12.8.1 ആലത്തൂർ താലൂക്കിലെ മേലാർകോട്, എരിമയൂർ, ആലത്തൂർ, കാവശ്ശേരി എന്നീ പഞ്ചായത്തുകളിലായി 1205 ഹെക്ടർ കൃഷിക്ക് ജലം വിനിയോഗിക്കുന്ന ഒരു പദ്ധതിയാണ് ചേരാമംഗലം പദ്ധതി. ഗായത്രി പുഴയിൽ കിള്ളിയാറിൽ നിർമ്മിച്ചിട്ടുള്ള ഈ പദ്ധതി പൂർണ്ണമായും മഴവെള്ളത്തെയും മറ്റു പദ്ധതികളിലെ ആയക്കെട്ട് പ്രദേശങ്ങളിൽ നിന്നും ഒലിച്ചിറങ്ങുന്ന വെള്ളത്തെയും ആശ്രയിച്ചുള്ളതാണ്. ഈ സംഭരണിക്ക് 115.976 മീ നീളവും 2.591 മീ ഉയരവുമുണ്ട്.

പട്ടിക.4.1.20

ചേരാമംഗലം പദ്ധതി - ജലവിതരണ വിശദാംശങ്ങൾ

അടിത്തട്ടിന്റെ ചെരിവ് (ബെഡ് സ്ലോപ്പ്)	1/3600
പ്രധാന കനാലിന്റെ അളവ്	2.9 X 0.91 മീറ്റർ
കനാൽ ഡിസ്ചാർജ്	57 ഘന അടി / സെക്കൻഡ്
ആയക്കെട്ട്	1180 ha

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

പട്ടിക.4.1.21

ചേരാമംഗലം പദ്ധതി - ബ്രാഞ്ച് കനാലുകൾ

ക്രമ നമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	16 എ ബ്രാഞ്ച് കനാൽ	4.800	285.163
2	എറാകുളം ബ്രാഞ്ച് കനാൽ	3.000	162.118
3	വടക്കേത്തറ ബ്രാഞ്ച് കനാൽ	2.000	61.623
4	കൂലിയാട് ഫീൽഡ് ബോത്തി	2.500	29.891
5	15 മത് ഫീൽഡ് ബോത്തി	2.000	27.612
6	18 മത് ഫീൽഡ് ബോത്തി	0.400	27.175
7	19 മത് ഫീൽഡ് ബോത്തി	1.000	30.550
8	20 മത് ഫീൽഡ് ബോത്തി	1.500	56.139
9	23 മത് ഫീൽഡ് ബോത്തി	2.000	30.643
10	24 മത് ഫീൽഡ് ബോത്തി	2.200	10.056
11	26 മത് ഫീൽഡ് ബോത്തി	4.500	88.200
	ആകെ	25.9	809.17

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.9 പോത്തുണ്ടി പദ്ധതി

4.12.9.1 10.50 കി. മീ നീളമുള്ള വലതുകര കനാലും, 8.30 കി.മീ നീളമുള്ള ഇടതുകര കനാലും. 93.00 കി. മീ നീളമുള്ള ശാഖാ കനാലുകളും ഇതിനുണ്ട്. കൂടാതെ സുഗമമായ ജലവിതരണത്തിന് കർഷക സമിതികൾ മേൽനോട്ടം വഹിക്കുന്ന അനേകം ഫീൽഡ് ബോത്തികളും ഇതിനുണ്ട്.

പട്ടിക.4.1.22

പോത്തുണ്ടി ഡാം - ജലവിതരണ വിശദാംശങ്ങൾ

ജലസ്രോതസ്സ്	അയിലൂർ പുഴ
പൂർണ ജല സംഭരണ ശേഷി (എഫ് ആർ എൽ)	108.204 മീറ്റർ
സംഭരണ ശേഷി	50.914 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ് (ഡെഡ് സ്റ്റോറേജ്)	7.014 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കുന്ന സംഭരണത്തിന്റെ അളവ്	43.90 ദശലക്ഷം ഘന മീറ്റർ

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

എ) വലതുകര കനാൽ (ആർ.ബി.എം.സി)

4.12.9.2 വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് നെന്മാറ, മേലാർകോഡ്, എലവഞ്ചേരി, അയിലൂർ, വണ്ടാഴി, എരിമയൂർ, വടക്കഞ്ചേരി പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തുന്നു. വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്.

Pothundi Dam

പട്ടിക.4.1.23

വലതുകര കനാൽ (ആർ.ബി.എം.സി)

ക്രമനമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	ചെമ്മാണംതോട്	3.49	86.32
2	തേവർമണി	1.43	40.26
3	വല്ലങ്ങി	1.3	421.3
4	വിത്തനശ്ശേരി	1.5	165.6
5	കൈപ്പഞ്ചേരി	4.07	70.75
6	കണിയമംഗലം	3.44	91.61
7	ചിറ്റിലഞ്ചേരി നോർത്ത്	5.2	286.82
8	ചിറ്റിലഞ്ചേരി സൗത്ത്	6.4	448
9	ചേരാമംഗലം	1.41	50.31
10	തെക്കുംപുറം	2.5	129.67
11	മലക്കുളം	3.695	86.91
12	ചെറുവഞ്ചിപാടം	1.655	60.23
13	അണക്കപ്പാറ	3.95	54.96
14	ചെല്ലുവടി	5.12	87.8
15	മുടപ്പല്ലൂർ	3.46	91.71
16	തെക്കേത്തറ	10.2	262.78
	ആകെ	58.82	2435.03

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി) ഇടതുകര കനാൽ (എൽ,.ബി.എം.സി)

ഇടതുകര കനാലിന് താഴെ പറയുന്ന ബ്രാഞ്ചുകനാലുകളാണ് ഉള്ളത്

പട്ടിക.4.1.24

ഇടതുകര കനാൽ (എൽ.ബി.എം.സി) .

ക്രമനമ്പർ	ബ്രാഞ്ച് കനാലിന്റെ പേര്	നീളം കിലോ മീറ്റർ	ആയക്കെട്ട് ഹെക്ടർ
1	**അകംപാടം**	0.75	42.20
2	**കക്കഴി**	10.60	284.45
3	**അടിപ്പെരണ്ട**	4.60	97.41
4	**നെന്മാറ**	3.00	123.74
5	**തിരുവഴിയാട്**	1.20	83.52
6	**കയറാടി**	8.30	320.27
7	**അയിലൂർ**	8.60	534.34

8	**പാലിയമംഗലം**	0.60	215.12
	ആകെ	37.65	1701.05

അവലംബം : മലമ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.10 ചിറ്റൂർപ്പുഴ ജലസേചന പദ്ധതി

ചിറ്റൂർപ്പുഴ പദ്ധതി അന്തർ സംസ്ഥാന നദീജല കരാറായ പറമ്പിക്കുളം, ആളിയാർ കരാറി ന്റെ അടിസ്ഥാനത്തിലാണ് ചിറ്റൂർ പുഴ ജലസേചന പദ്ധതി പ്രവർത്തിക്കുന്നത്. കരാർ പ്രകാരം ലഭ്യമായ 7.5 ടി.എം.സി ജലം ഉപയോഗിച്ച് ചിറ്റൂർ മേഖലയിലെ 16940 ഹെക്ടർ പ്രദേശത്ത് ജലസേചനം നടത്തുന്നു. പാലക്കാടിന്റെ നെല്ലറയായ ചിറ്റൂരിന്റെ ജലസേചനത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് പ്രസ്തുത പദ്ധതിയെയാണ്. ആളിയാറിൽ നിന്നും ലഭിക്കുന്ന ജലം മണക്കടവ് വിയറിലെത്തി അളന്ന് മൂലത്തറ റെഗുലേറ്ററിൽ എത്തിക്കുന്നു. ഇതിൽ നിന്നും ഇടതകര, വലതുകര കനാൽ ശൃംഖലയിലേക്കും, ചിറ്റൂർപുഴയിലേക്ക് ആവശ്യാ നുസരണം തുറന്നു വിടുന്നു. ലഭ്യമായ ജലം കമ്പാലത്തറ് വെങ്കലക്കയം, കുന്നംപിടാരി എന്നീ ഏരികളിൽ സംഭരിച്ചാണ് കൃഷിക്ക് വിതരണം ചെയ്യുന്നത്.

പട്ടിക.4.1.25

മൂലത്തറ റെഗുലേറ്റർ - ജലവിതരണ വിശദാംശങ്ങൾ

അക്ഷാംശം	76 ഡിഗ്രി 53 മിനിറ്റ് കിഴക്ക്
രേഖാംശം	10 ഡിഗ്രി 40 മിനിറ്റ് വടക്ക്
റെഗുലേറ്ററിന്റെ നീളം	144.84 മീറ്റർ
വെന്റുകളുടെ എണ്ണം	13
മാക്സിമം ഫ്ളഡ് ലെവൽ	185.655 മീറ്റർ
മാക്സിമം ഫ്ളഡ് ഡിസ്ചാർജ്	3080 ഘന മീറ്റർ/ സെക്കന്റ്
സംഭരണ ശേഷി	19 ദശലക്ഷം ഘന അടി

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

പട്ടിക.4.1.26

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	മൂലത്തറ ഇടതുകര കനാൽ	24	8210
2	മൂലത്തറ വലതുകര കനാൽ	16.12	1240
3	കുന്നം കാട്ടുപതി പദ്ധതി	30.60	1970
4	തേമ്പാറമടക്ക് പദ്ധതി	10	3321
5	നർണി- ആലാംകടവ് പദ്ധതി	2.4	74
6	നർണി പദ്ധതി കനാൽ	12.5	431
	ആകെ	**95.62**	**15246**

മൂലത്തറ വലതുകര കനാലിന്റെ നീളം വർദ്ധിപ്പിക്കലും ആവശ്യകതയും

മൂലത്തറ റെഗുലേറ്ററിൽ നിന്ന് തുടങ്ങുന്ന വലതുകര കനാലിന്റെ പണികൾ 15957 മീറ്റർ വരെ പൂർത്തീകരിച്ചിട്ടുണ്ട്.ഈ കനാലിന്റെ നീളം 15957 മീറ്റർ മുതൽ 22147 മീറ്റർ വരെ നീട്ടുന്നതിന് 30.50 കോടി രൂപക്ക് ഭരണാനുമതി ലഭിച്ചെങ്കിലും സ്ഥലം ഫ്രീ സറണ്ടർ ആയി ലഭ്യമല്ലാത്തതിനാൽ ഈ പണിയുമായി മുന്നോട്ടു പോകാൻ സാധിച്ചില്ല.

4.1.2.11 വാളയാർ പദ്ധതി

വാളയാർ ജലസംഭരണി യുടെ പൂർണ്ണ സംഭരണ ശേഷി 18.40 ദശലക്ഷം ഘനമീറ്ററാണ്. ഡാമിന് താഴെ വാളയാർ പുഴയിൽ പ്രധാനമായി നാല് തടയ ണകളും അതിന്റെ കനാലു കളും ഉൾപ്പടെ ആകെ 3997 ഹെക്ടർ ആയക്കെട്ട് പ്രദേശം എലപ്പുള്ളി, പുതുശ്ശേരി, രാമശ്ശേരി, പള്ളത്തേരി എന്നീ

വില്ലേജുകളിലായി പരന്നുകിടക്കുന്നു. നാലാമത്തെ തടയണയായ നെല്ലിശ്ശേരി അണയുടെ ഇടതുകരയിൽ നിന്ന് വാളയാർ മെയിൻ കനാൽ തുടങ്ങുന്നു. പ്രസ്തുത ഡാമിൻറെ നവീകരണപ്രവൃത്തികൾ DRIP പദ്ധതിയിൽ ഉൾപ്പെടുത്തി 5.05 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൻറെ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളും ഉൾപ്പെടെ ഏകദേശം 106.58 കി.മീറ്റർ ദൈർഘ്യമുള്ള കനാൽ ശൃംഖല ഉൾപ്പെടുന്ന താണ് വാളയാർ ഡാം പദ്ധതി.

പട്ടിക.4.1.27

വാളയാർ ഡാം - ജലവിതരണ വിശദാംശങ്ങൾ

വൃഷ്ടി പ്രദേശം	106.35 ചതുരശ്ര കി.മി.
ജല വ്യാപക മേഖല	2.59 ചതുരശ്ര കി.മി.
ഡാമിന്റെ പരമാവധി ഉയരം	28.105 മീറ്റർ
സംഭരണ ശേഷി	18.4 ദശലക്ഷം ഘനമീറ്റർ
മാക്സിമം വാട്ടർ ലെവൽ	3997 ഹെക്ടർ
ആയക്കെട്ട്	106.35 ചതുരശ്ര കി.മി.

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

വാളയാർ ഡാമിന്റെ പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. വടകരപ്പതി
2. പുതുശ്ശേരി
3. എലപ്പുള്ളി

പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ചുകളാണ് ഉള്ളത്

പട്ടിക.4.1.28

വാളയാർ ഡാം – ബ്രാഞ്ചുകൾ

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	നെട്ടു അയ്യർ കനാൽ	6	275
2	വടശ്ശേരി കനാൽ	5	74
3	കൗണ്ടൻ കനാൽ	9	236
4	നെല്ലിശ്ശേരി കനാൽ	5	173
5	മെയിൻ കനാൽ	12.36	649

6	നമ്പർ I ഡിസ്ട്രിബ്യൂട്ടറി	2.1	226
7	നമ്പർ II ഡിസ്ട്രിബ്യൂട്ടറി	4.33	210
8	നമ്പർ III ഡിസ്ട്രിബ്യൂട്ടറി	12.036	749
9	വേങ്ങോടി ഡിസ്ട്രിബ്യൂട്ടറി	2.4	170
10	പുതുശ്ശേരി ബ്രാഞ്ച്	6.46	570
11	കല്ലേപ്പുള്ളി ബ്രാഞ്ച്	2.4	79
	ആകെ	67.086	3411

അവലംബം: ചിറ്റൂർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.12 ഗായത്രി പദ്ധതി

ഗായത്രി പദ്ധതി മീങ്കര ജലസംഭരണി (ഒന്നാം ഘട്ടം), ചുള്ളിയാർ ജലസംഭരണി (രണ്ടാം ഘട്ടം), അവയുടെ കനാലുകൾ എന്നിവയും ഉൾപ്പെട്ടതാണ്. മീങ്കര നദിയും ചുള്ളിയാർ നദിയും ഗായത്രിപ്പുഴയുടെ പോഷകനദികളാണ്. ഈ രണ്ടു ജലസംഭരണികളും പാലക്കാട് ജില്ലയിൽ തമിഴ്നാട് അതിർത്തിയോടു ചേർന്നു സ്ഥിതി ചെയ്യുന്നു. ഇവയുടെ ഭൂരിഭാഗം വൃഷ്ടി പ്രദേശങ്ങൾ (ക്യാച്ച്മെൻറ് ഏരിയ) ആനമല പർവ്വതനിരകളും തമിഴ്നാട് പ്രദേശങ്ങളുമാകുന്നു. ഇവയിലെ ജലം ഉപയോഗിച്ച് പാലക്കാട് ജില്ലയിൽപ്പെട്ട മുതലമട, കൊല്ലങ്കോട്, എലവഞ്ചേരി, വടവന്നൂർ, പുതുനഗരം, കൊടുവായൂർ, പെരുവെമ്പ്, പല്ലശ്ശേന പഞ്ചായത്തുകളിൽപ്പെട്ട 5,463 ഹെക്ടർ പ്രദേശം കൃഷി ചെയ്യുന്നു.

4.1.2.13 മീങ്കര പദ്ധതി

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ഗായത്രി പദ്ധതിയുടെ ഒന്നാം ഘട്ടമായി 1964 ൽ ഈ സംഭരണിയുടെ പദ്ധതി പൂർത്തീകരിച്ചു. ഇതിൽ നിന്ന് 2389 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയ്ക്ക് ജലസേചനം നടത്തിവരുന്നുണ്ട്. മഴ കുറയുന്ന സന്ദർഭങ്ങളിൽ ഒന്നാം വിളയ്ക്കും ആവശ്യാനുസരണം ജലം നല്കാറുമുണ്ട്. കൊല്ലങ്കോട് മേഖലയിലേക്ക് ഡാമിൽനിന്നും കുടിവെള്ള വിതരണം നടത്തുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് ഈ പദ്ധതി നിർമ്മിച്ചിട്ടുള്ളത്. ഈ ജലസംഭരണിയുടെ പൂർണ്ണ സംഭരണ ശേഷി 11.30 ദശലക്ഷം ഘനമീറ്റർ ആണ്. 66.74 കി.മീ കനാൽ ശൃംഖലയുമുണ്ട്.

4.1.2.14 ചുള്ളിയാർ പദ്ധതി

പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ ചുള്ളിയാർ നദിയിൽ 1970 ൽ ഗായത്രി പദ്ധതിയുടെ രണ്ടാം ഘട്ടമായി ഈ ജലസംഭരണിയുടെ പണികൾ പൂർത്തീകരിച്ചു. ഇവിടെ നിന്ന് 3074

ഹെക്ടർ സ്ഥലത്ത് രണ്ടാം വിള നെൽകൃഷിയ്ക്കും 1691 ഹെക്ടർ കടലകൃഷിയും നടത്തിവരുന്നുണ്ട്. പ്രധാനമായും മഴവെള്ളം ഉപയോഗിച്ചും അന്തർസംസ്ഥാന ജലകരാർ മുഖേന മീങ്കരയിൽ സംഭരിക്കുന്ന അധികജലം ലിങ്ക് കനാൽ വഴി എത്തിച്ചുമാണ് ഈ ജലസംഭരണിയിൽ ജലം നിറയ്ക്കുന്നത്. ഇതിന്റെ പൂർണ്ണ സംഭരണശേഷി 13.90 ദശലക്ഷം ഘനമീറ്റർ ആണ്.

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്തുകളിലെ കൃഷിയിടങ്ങിലേക്ക് ജലസേചനം നടത്തിവരുന്നു.

1. കൊല്ലങ്കോട്
2. എലവഞ്ചേരി
3. മുതലമട
4. പെരുവെമ്പ്
5. വടവന്നൂർ
6. പല്ലശ്ശേന
7. പട്ടഞ്ചേരി
8. പുതുനഗരം
9. കൊട്ടുവായൂർ

ബി) ഇടതുകര കനാൽ (ഏൽ.ബി.എം.സി)

ഇടതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.29

ഇടതുകര കനാൽ (ഏൽ.ബി.എം.സി)

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	പാറക്കൽ ചള്ള	1.84	95.02
2	പപ്പൻ ചള്ള	1.00	84.17
3	കാമ്പ്രത്ത് ചള്ള	2.50	183.85
4	പോത്തം പാടം	1.50	137.3
5	മീങ്കര ചുള്ളിയാർ ഫീഡർ കനാൽ	4.20	
6	കല്ലുകെട്ടി ചള്ള	4.40	97.64
7	പൂന്തോണി ചള്ള	2.60	75.93
	ആകെ	18.04	673.91

അവലംബം : ചിറ്റൂർ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി). വലതുകര കനാൽ (ആർ. ബി.എം.സി)

വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.30

വലതുകര കനാൽ (ആർ. ബി.എം.സി) - ബ്രാഞ്ച്

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	ലെഫ്റ്റ് ബാങ്ക് മെയിൻ കനാൽ	10.58	782.35
2	കൊല്ലങ്കോട്	7.29	702.30
3	പയ്യളൂർ	1.75	202.40
4	പുളിക്കൽ പൊറ്റ ഫീൽഡ് ബോത്തി	0.40	
5	നെന്മേനി ഡിസ്ട്രിബ്യൂട്ടറി	1.50	138.56
6	പെരിങ്ങോട്ടുകാവ് ഡിസ്ട്രിബ്യൂട്ടറി	0.80	82.15
7	കരിങ്കുളം ഡിസ്ട്രിബ്യൂട്ടറി	2.03	145.88
8	കിഴക്കേത്തറ ഡിസ്ട്രിബ്യൂട്ടറി	2.50	254.10
9	നന്ദൻകിഴായ ഡിസ്ട്രിബ്യൂട്ടറി	5.30	279.60
10	വടക്കുംമുറി ഡിസ്ട്രിബ്യൂട്ടറി	1.50	104.67
	ആകെ	**33.65**	**2692.01**

അവലംബം : ചിറ്റൂർ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.15 ഇടത്തരം ജലസേചന പദ്ധതികൾ

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി

പാലക്കാട് ജില്ലയിലെ പ്രധാന ഇടത്തരം ജലസേചന പദ്ധതികളിൽ ഒന്നാണ് കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി. മണ്ണാർക്കാട്, ഒറ്റപ്പാലം, പാലക്കാട് താലൂക്കുകളിലെ കാർഷിക പ്രദേശങ്ങളിലേക്ക് ജലസേചനം ലക്ഷ്യമിട്ട് രണ്ട് ഘട്ടങ്ങളായാണ് ഈ പദ്ധതി പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഒന്നാം ഘട്ടമായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി മാത്രമേ പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ഇതിന്റെ രണ്ടാം ഘട്ടമായ തൂപ്പനാട് പദ്ധതി സ്ഥലമെടുപ്പിന്റെയും മറ്റു പ്രശ്നങ്ങൾ കാരണം വർഷങ്ങളായി മുടങ്ങികിടക്കുകയാണ്.

2128 മീ നീളവും 38 മീ ഉയരവും 70.8274 ദശലക്ഷം ഘനമീറ്റർ സംഭരണശേഷിയുമുള്ള ഒരു അണക്കെട്ടും ഇടതുകര, വലതുകര എന്നിങ്ങനെ രണ്ടു പ്രധാന കനാലുകളും 27 വിതരണികളും 280 കി. മീറ്ററിലുള്ള ഉപകനാലുകളും

ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ഇതുവഴി 9713 ഹെക്ടർ സ്ഥലത്ത് രണ്ടു ഘട്ടങ്ങളിലായി 21853 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തിവരുന്നു.

പട്ടിക.4.1.31

കാഞ്ഞിരപ്പുഴ ഡാം - ജലവിതരണ വിശദാംശങ്ങൾ

എഫ്. ആർ.എൽ	97.50 മീറ്റർ
പരമാവധി ജലനിരപ്പ്	97.50 മീറ്റർ
സംഭരണ ശേഷി	70.82 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കാത്ത സംഭരണത്തിന്റെ അളവ് (ഡെഡ് സ്റ്റോറേജ്)	1.557 ദശലക്ഷം ഘന മീറ്റർ
ഉപയോഗിക്കാൻ സാധിക്കുന്ന സംഭരണത്തിന്റെ അളവ്	59.50 ദശലക്ഷം ഘന മീറ്റർ

അവലംബം –: കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

നിലവിലുള്ള ജലസേചനത്തിന്റെ ഘടന

എ) വലതുകര കനാൽ (ആർ.ബി.എം.സി)

വലതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. കാഞ്ഞിരപ്പുഴ
2. മണ്ണാർക്കാട്
3. തെങ്കര

വലതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.32

വലതുകര കനാൽ (ആർ.ബി.എം.സി) - ബ്രാഞ്ച്

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	ചൂരിയോട്	1.200	85
2	പള്ളിക്കുറിപ്പ്	12.800	510
3	അരക്കുറിശ്ശി	10.800	180
4	ടെയിൽ എന്റ്	3.620	208
	ആകെ	28.42	983

അവലംബം : കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

ബി) ഇടതുകര കനാൽ (എൽ.ബി. എം.സി)

ഇടതുകര പ്രധാന കനാലും ശാഖാ കനാലുകളും ഉപയോഗിച്ച് താഴെ പറയുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റികളിലെ കൃഷിയിടങ്ങളിലേക്ക് ജലസേചനം നടത്തിവരുന്നു.

1. തച്ചമ്പാറ	5. കടമ്പഴിപ്പുറം	9. വെള്ളിനേഴി	13. ഒറ്റപ്പാലം
2. കരിമ്പുഴ	6. കോങ്ങാട്	10. തൃക്കടീരി	14. അനങ്ങനടി
3. കാരാകുറുശ്ശി	7. കേരളശ്ശേരി	11. പൂക്കോട്ടുകാവ്	15. ചളവറ
4. കരിമ്പ	8. ശ്രീകൃഷ്ണപുരം	12. അമ്പലപ്പാറ	16. വല്ലപ്പുഴ

ഇടതുകര പ്രധാന കനാലിന് താഴെ പറയുന്ന ബ്രാഞ്ച് കനാലുകളാണ് ഉള്ളത്

പട്ടിക.4.1.33

ഇടതുകര കനാൽ (എൽ.ബി. എം.സി)

ക്രമ നം.	കനാലിന്റെ പേര്	നീളം (കി.മീറ്റർ)	ആയക്കെട്ട് (ഹെക്ടർ)
1	തച്ചമ്പാറ	1200	87
2	പൊമ്പ്ര	11740	528
3	കാരാകുറിശ്ശി	2760	91
4	കരിമ്പ 1	4480	162
5	കരിമ്പ 2	2770	134
6	വാലിക്കോട്	1635	75
7	ഉമ്മിനേഴി	1500	60
8	പുലാപ്പറ്റ	5220	208
9	നം.7 വിതരണി	4100	
10	വേങ്ങശ്ശേരി	9600	360
11	മണ്ണമ്പറ്റ 1	3500	80
12	മണ്ണമ്പറ്റ 2	2500	127
13	ഈശ്വരമംഗലം	2880	100
14	വലംമ്പിലിമംഗലം	2280	101
15	കുറ്റാനിശ്ശേരി	4200	100
16	വെള്ളിനേഴി	7500	200
17	കുളക്കാട്	2100	40
18	കരിമനാംകുറിശ്ശി	8800	200
19	പൊതി നം. 1 വിതരണി	2560	60
20	പൊതി നം..2 വിതരണി	3000	65
21	പൂതക്കാട്	3000	65
22	വീരമംഗലം	5000	170
23	ഒറ്റപ്പാലം	8855	765
24	വാണിയംകുളം	7500	304
25	വരോട്	3370	

അവലംബം : കാഞ്ഞിരപ്പുഴ ഡിവിഷൻ ഓഫീസിലെ രേഖകൾ

എന്നാൽ 37 വർഷത്തോളം പഴക്കമേറിയ അണക്കെട്ടും കനാൽ ശൃംഘലകളുമാണ് ഈ പദ്ധതിക്കുള്ളത്. വർഷങ്ങളായിട്ടുള്ള മണ്ണൊലിപ്പ് കാരണം അണക്കെട്ടിൻറെ ജലസംഭരണശേഷിയിലും

കുറവ് വന്നിട്ടുണ്ടെന്ന് 2008-ൽ നടത്തിയ പഠനങ്ങൾ തെളിയിക്കുന്നുണ്ട്. ആയത് നീക്കം ചെയ്യുന്നതിനുള്ള പദ്ധതിയുടെ പഠനം ഗജ്ഞകെ പീച്ചിയുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. അണക്കെട്ടിൻറെ പുന:രുദ്ധാരണപ്രവൃത്തികൾ പുരോഗമിക്കുകയാണ്. അതുവഴി അണക്കെട്ടിൻറെ ശോചനീയാവസ്ഥയ്ക്ക് ഒരു പരിഹാരമാവുമെന്ന് പ്രതീക്ഷിക്കുന്നു.

2007 ൽ അംഗീകാരം ലഭിച്ച അകആജ സ്കീമിൽ ഉൾപ്പെടുത്തി കനാലുകൾ നവീകരിച്ചതിനാൽ ആകെ ആയക്കെട്ടിൻറെ 60% സ്ഥലത്തും ജലവിതരണം നടത്തുവാൻ കഴിയുന്നു. എങ്കിലും വാർഷിക അറ്റകുറ്റപണികൾക്കായി ബജറ്റിൽ അനുവദിക്കാറുള്ള തുകയുടെ പോരായ്മ കാരണം കനാലുകളിൽ ആവശ്യമായ അറ്റകുറ്റപണികൾ നടത്തുവാൻ കഴിയാറില്ല. ആയതിനാൽ ജലനഷ്ടമാകുന്നതിനും ആയക്കെട്ട് സ്ഥലത്ത് പൂർണ്ണമായി ജലവിതരണം നടത്തുവാൻ കഴിയാതെ വരികയും ചെയ്യുന്നു. കനാലുകളുടെ ഷട്ടറുകളും സ്ലൂയിസുകളും വളരെ പരിതാപകരമായ അവസ്ഥയിലായതിനാൽ ജലനഷ്ടം ഒഴിവാക്കി ജലവിതരണം ചെയ്യുന്നതിന് പ്രയാസം അനുഭവിക്കുന്നു. കനാലുകളിലെ അനധികൃത കയ്യേറ്റങ്ങളും, മണ്ണൊലിപ്പും ജലവിതരണത്തിന് തടസ്സമാവുന്നുണ്ട്. കാഞ്ഞിരപ്പുഴയിൽ മുണ്ടനാട്ടുകാരാ, ഇടതു മെയിൻ കനാൽ 54 കി .മീ, ഇടതു മെയിൻ കനാൽ കുളപ്പുള്ളി ബ്രാഞ്ച് , കുറ്റവട്ടൂർ സബ് കനാൽ തുടങ്ങി 9 സ്ഥലങ്ങളിൽ കൈയേറ്റം ഉണ്ട്

4.1.2.16 ചെറുകിട ജലസേചന പദ്ധതി

4.12.16.1 മൈനർ ഇറിഗേഷൻ ഡിവിഷൻ, പാലക്കാട് 1956 ൽ രൂപീകരിക്കപ്പെട്ടു. പാലക്കാട് ജില്ലയിലെ എല്ലാ മൈനർ ഇറിഗേഷൻ മരാമത്തു പണികളും ഈ ഡിവിഷന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. പാലക്കാട് ജില്ലയിൽ 5 താലൂക്കുകളും, 4 മുനിസിപ്പാലിറ്റികളും 91 ഗ്രാമപഞ്ചായത്തുകളും, 12 അസ്സംബ്ലി നിയോജക മണ്ഡലങ്ങളും ഉണ്ട് ചെറുകിട ജലസേചന വിഭാഗം കേന്ദ്രികരിക്കുന്നത് തടയണയുടെ നിർമാണവും, നവീകരണവും, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, കുളങ്ങളുടെ നവീകരണം, തുടങ്ങിയവയാണ്. തടയണകൾ ജലം സംഭരിക്കുവാനും, കിണർ റീചാർജിങ്ങിനും, കൃഷിക്കും ഉപകരിക്കുന്നു

4.12.16.2 ഈ ഡിവിഷന് കീഴിൽ 85 തടയണകളും 41 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും 107.63 കി .മി എൽ ഐ കനാലുകളുമുണ്ട്. നിലവിൽ 31 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ പ്രവർത്തന യോഗ്യമാണ്. ഇത് മൂലം ആകെ 3712 ഹെക്ടർ സ്ഥലത്തേക്ക് ചെറുകനാലുകളിലൂടെ കൃഷി ആവശ്യത്തിന് ജലവിതരണം നടത്തി വരുന്നു.

4.12.16.3 കുളങ്ങളുടെ നവീകരണവും അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും മൈനർ ഇറിഗേഷൻ സ്വീകരിച്ചു വരുന്നു. ഈ ഡിവിഷനുകീഴിൻ കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലായി റിപ്പയ്യർ, റിനോവേഷൻ, റീസ്റ്റോറേഷൻ ഓഫ് പോണ്ട്സ് പദ്ധതിയിൽ ഉൾപ്പെടുത്തി 54 കുളങ്ങളുടെ നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4.12.16.4 ഈ സബ് ഡിവിഷനിലെ പഞ്ചായത്തുകളായ എരുത്തേമ്പതിയും വാടകരപ്പതിയും ജലക്രാന്തി അഭിയനിലെ ജലഗ്രാമങ്ങളായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഈ ഡിവിഷന് കീഴിൽ ആകെയുള്ളതിൽ 9 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളും, 54 ചെക് ഡാമുകളും ചിറ്റൂർ സബ്ഡിവിഷനു കീഴിൽ പ്രവർത്തിച്ചു വരുന്നു. ചെക്ക് ഡാമുകളിൽ 0.50 ദശലക്ഷം ഘനമീറ്റർ വെള്ളം സംഭരിക്കുവാൻ സാധിക്കും. കൂടാതെ 699.83 ഹെക്ടർ സ്ഥലം ലിഫ്റ്റ് ഇറിഗേഷൻ ഉപയോഗിച്ച് ജലസേചനം നടത്തുന്നു.

4.12.16.5 ഷൊറണൂർ സബ്ഡിവിഷന്റെ കീഴിലെ 23 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ ഭാരതപ്പുഴയിൽനിന്നും 6 എണ്ണം തൂതപ്പുഴയിൽ നിന്നുമാണ്ജലസേചനം നടത്തുന്നത്.

4.1.2.17 ചെറുകിട ജലസേചന പദ്ധതികളുടെ വിശദ വിവരങ്ങൾ

പട്ടിക.4.1.34

ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ

ക്രമ നം	ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പേര്	പഞ്ചായത്തിന്റെ പേര്	റിവർ ബേസിൻ	ആയക്കെട്ട് ഹെക്ടർ	വർഷം
1	കരടിപ്പാറ	കൊഴിഞ്ഞാമ്പാറ	ഭാരതപ്പുഴ	113	1988
2	മുങ്കിൽമട	എരുത്തേമ്പതി	ഭാരതപ്പുഴ	134	2003
3	വലിയേരി	കൊഴിഞ്ഞാമ്പാറ	ഭാരതപ്പുഴ	103	2003
4	തരകൻചള്ള	എരുത്തേമ്പതി	ഭാരതപ്പുഴ	70	1989
5	വാഴപ്പുഴ	കൊല്ലങ്കോട്	ഭാരതപ്പുഴ	69	1990
6	ചെമ്മണംതോട്	മുതലമട	ഭാരതപ്പുഴ	29	2001
7	പ്ലാഴി	പുതുക്കോട്	ഭാരതപ്പുഴ	64	2003
8	കണക്കന്നൂർ	പുതുക്കോട്	ഭാരതപ്പുഴ	21.82	1996
9	പുള്ളോട്	എരിമയൂർ	ഭാരതപ്പുഴ	60	1999
10	കുക്കുപാളയം	അഗളി	ഭാരതപ്പുഴ	51.58	
11	ആനക്കര	ആനക്കര	ഭാരതപ്പുഴ	205	1969
12	കൂടല്ലൂർ	ആനക്കര	ഭാരതപ്പുഴ	162	1965
13	പട്ടിത്തറ	പട്ടിത്തറ	ഭാരതപ്പുഴ	85	1975
14	തൃത്താല	തൃത്താല	ഭാരതപ്പുഴ	291	1963
15	കണ്ണന്നൂർ	തൃത്താല	ഭാരതപ്പുഴ	57	1974
16	ഞങ്ങാട്ടിരി	തൃത്താല	ഭാരതപ്പുഴ	92	1973
17	തിരുമിറ്റക്കോട്	തിരുമിറ്റക്കോട്	ഭാരതപ്പുഴ	92	1968
18	കൂട്ടക്കാവ്	പരുതൂർ	ഭാരതപ്പുഴ	71.85	1977
19	വെള്ളിയാങ്കൽകടവ്	പരുതൂർ	ഭാരതപ്പുഴ	89.64	1977

20	നരിപറ്റകുന്ന്	പരുതൂർ	ഭാരതപ്പുഴ	44	1981
21	കാലടികുന്ന്	തിരുവേഗപ്പുറ	ഭാരതപ്പുഴ	53	1977
22	പെരുമുടിയൂർ	മുതുതല	ഭാരതപ്പുഴ	108.94	1980
23	കീഴായൂർ	പട്ടാമ്പി	ഭാരതപ്പുഴ	81.76	1973
24	പള്ളിപ്പുറം	ഓങ്ങലൂർ	ഭാരതപ്പുഴ	134	1979
25	കണ്ണമ്പ്ര		ഭാരതപ്പുഴ	72.87	1988
26	മുണ്ടായ	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	ഭാരതപ്പുഴ	133.86	1977
27	കവളപ്പാറ	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	ഭാരതപ്പുഴ	56.1	1974
28	നെടുങ്കയം	നെല്ലായ	ഭാരതപ്പുഴ	245	1994
29	തുടിക്കൽ	വിളയൂർ	ഭാരതപ്പുഴ	158	1994
30	ആനക്കൽ	കുലുക്കല്ലൂർ	ഭാരതപ്പുഴ	270	2003
31	കാറൽമണ്ണ	ചെറുപ്പളശ്ശേരി	ഭാരതപ്പുഴ	497.97	1995
32	ത്രാങ്ങാലി	വാണിയംകുളം	ഭാരതപ്പുഴ	52.62	1976
33	മണ്ണന്തുർ	വാണിയംകുളം	ഭാരതപ്പുഴ	77.29	1976
34	ചോറോട്ടൂർ	വാണിയംകുളം	ഭാരതപ്പുഴ	53.36	1996
35	പല്ലാരമംഗലം	ലക്കിടിപേരൂർ	ഭാരതപ്പുഴ	35.93	1971
36	പള്ളംതുരുത്ത്	ലക്കിടിപേരൂർ	ഭാരതപ്പുഴ	86.53	1972
37	ചാലയൂർ	പുതൂർ	ഭാരതപ്പുഴ	49.89	1980
38	കക്കുപാടി	അഗളി	ഭാരതപ്പുഴ	95.83	
39	തേനംപാറ	തൃത്താല	ഭാരതപ്പുഴ	490	
40	തത്തനംപുള്ളി	കുലുക്കല്ലൂർ	ഭാരതപ്പുഴ	121.41	
41	ചടയംപാറ	വിളയൂർ	ഭാരതപ്പുഴ	36	

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.18 നിർമ്മാണം പൂർത്തീകരിച്ച തടയണകൾ

പട്ടിക.4.1.35

നിർമ്മാണം പൂർത്തീകരിച്ച തടയണകൾ

ക്രമ നമ്പർ	തടയണ	പുഴയുടെ പേര്
1	പുതുക്കോട് ഭാഗം ചെക്ക് ഡാം 7/100 കി.മീ	ഭാരതപ്പുഴ
2	മുണ്ടിയർകടവ് ചെക്ക് ഡാം 11/000 കി.മീ	ഭാരതപ്പുഴ
3	കണ്ണംകോട് ചെക്ക് ഡാം	വെള്ളിയാർ പുഴ
4	രാമനടിച്ചല്ല ചെക്ക് ഡാം	വരട്ടിയാർ പുഴ
5	കോരപ്പള്ള ചെക്ക് ഡാം	ചൂരിയോട് പുഴ
6	പാടവയൽ ചെക്ക് ഡാം	ഭവാനിപ്പുഴ
7	തെക്കുവട്ട ചെക്ക് ഡാം	ഭവാനിപ്പുഴ

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.19 പുഴയോര സംരക്ഷണം

പുഴയുടെ സ്വഭാവിക വീതിയും വിസ്തൃതിയും പുനസ്ഥാപിക്കുന്നതിലേക്കായി റവന്യൂ അധികൃതരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പുഴകളുടെ ഇരു ഭാഗത്തെയും അതിർത്തികൾ കൃത്യമായി രേഖപ്പെടുത്തി അത്യാവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണ ഭിത്തികൾ കെട്ടിയും ബാക്കി വരുന്ന ഭാഗങ്ങളിൽ കയർ ഭൂവസ്ത്രം ധരിപ്പിച്ചും, ജൈവ വേലി കെട്ടിയും സംരക്ഷിക്കേണ്ടതുമാണ്. ഈ അതിർത്തികൾക്ക് അപ്പുറമുള്ള ഭാഗങ്ങൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കേണ്ടതുമാണ്. ഇപ്രകാരം ചെയ്യുതു മൂലം തുടർന്നുള്ള കൈയ്യേറ്റങ്ങളെ പൂർണ്ണമായും നിയന്ത്രിക്കാൻ സാധിക്കും. പുഴകളുടെ സംരക്ഷണത്തിനായി തീരങ്ങളുടെ അടുത്തു നിന്നും മണലെടുക്കുന്നത് കർശനമായി നിയന്ത്രിക്കേണ്ടതുണ്ട്. ഓരോ നദികളുടേയും സമഗ്രമായ സംരക്ഷണവും പരിപാലനവുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

4.1.2.20 വ്യാവസായിക കാർഷിക ആവശ്യങ്ങൾക്കായി പുഴകളിൽ നിന്നും വെള്ളം എടുക്കൽ

മലമ്പുഴ ഇറിഗേഷൻ പ്രോജെക്ടിൽ നിന്നും 96 MLD വാട്ടർ അതോറിറ്റിക്കു നല്കുന്നുണ്ട്. ആയതിൽ 61 MLD ജലം മാത്രമേ ഉപയോഗിക്കുന്നതായി കാണുന്നുള്ളൂ. ഇതിനാൽ 10 MLD ജലം കിൻഫ്ര കമ്പനിക്ക് വ്യവസായികാവശ്യങ്ങൾക്കു നല്കുവാനായി അനുമതി ലഭിച്ചിട്ടുണ്ട്. ആയത് കോടതിയുടെ പരിഗണനയിലാണ്. ചിറ്റൂർപ്പുഴ പ്രോജെക്ടിലെ വാളയാർ ഡാമിൽ നിന്നും കിലോ ലിറ്ററിന് രണ്ടു രൂപ നിരക്കിൽ മലബാർ സിമെന്റ്സ് കമ്പനിക്ക് വ്യവസായിക ആവശ്യങ്ങൾക്കായി ജലം നല്കുന്നുണ്ട്.

4.1.2.21 ജലസംരക്ഷണം

4.12.21.1 കേരളത്തിൻറെ ഭൂപ്രകൃതി അനുസരിച്ച് പടിഞ്ഞാറോട്ടുള്ള ചരിവ് കാരണം തെക്കുപടിഞ്ഞാറൻ കാലവർഷവും തുലാ വർഷവും വഴി ലഭിക്കുന്ന മഴ വെള്ളത്തിൻറെ ഭൂരിഭാഗവും വളരെ വേഗം കടലിലേക്കാണ് ഒഴുകി പോകുന്നത്. ഇതുമൂലം വർഷകാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും വേനൽക്കാലത്ത് ഉയർന്ന പ്രദേശങ്ങളിൽ വരൾച്ചയും കേരളത്തിൽ സ്ഥിരം

പ്രതിഭാസമായി മാറുന്നു. പെയ്തു വീഴുന്ന മഴവെള്ളം മണ്ണിനടിയിലേയ്ക്ക് താഴാതെ ഉപരിതലത്തിലൂടെ ഒഴുകി, തോടുകളും പുഴകളും വഴികടലിൽ എത്തുന്നത് കൊണ്ടാണ് ഇത് സംഭവിക്കുന്നത്. ഇതിൻറെ ഫലമായി തീവ്രമായ മണ്ണൊലിപ്പ് ഉണ്ടാകുകയും മണ്ണിൻറെ ഉല്പാദനക്ഷമത കുറയുകയും ചെയ്യുന്നു. പെയ്തു കിട്ടുന്ന ജലം മണ്ണിലേയ്ക്ക് ആഴ്ന്ന് ഇറങ്ങാതെ ഉപരിതലത്തിലൂടെ ഒഴുകി പോകുന്നതിനാൽ മഴവെള്ളം ഒഴുകി പോകാൻ വേണ്ടി മാത്രമുള്ള ചാലുകളായി നമ്മുടെ തോടുകളും പുഴകളും മാറുന്നതോടൊപ്പം ഇവയിൽ സ്ഥിരം നീരൊഴുക്ക് ഇല്ലാതാകുകയും ചെയ്യുന്നു. തൽഫലമായി ഇത്തരം ജലസ്രോതസ്സുകൾക്ക് ശോഷണം സംഭവിക്കുകയും മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. പുഴകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ചെറു തടയണകൾ നിർമ്മിച്ച് മഴ വെള്ളം സംഭരിച്ചാൽ ഒരു പരിധി വരെ വേനൽ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. പ്രസ്തുത പ്രദേശങ്ങളിലുള്ള കുളങ്ങളിലേയും, കിണറുകളിലേയും ജലവിതാനം ഉയരുന്നതിന് സഹായകമാവുകയും ചെയ്യും.

4.12.21.2 കേരളത്തിൽ ചെറുതും വലുതമായ 44 നദികളിൽ മിക്കവയും സ്വഭാവിക വീതിയും വിസ്തൃതിയും സംഭരണ ശേഷിയും നഷ്ടപ്പെട്ട് കൈയ്യേറ്റങ്ങൾക്ക് വിധേയമായി ശുഷ്കമായികൊണ്ടിരിക്കുകയാണ്. വേനൽ കാലത്ത് ഈ നദികൾ നേർത്ത വീതിയിൽ നീർച്ചാലുകളായി ഒഴുകുന്നുണ്ടെങ്കിലും ഈ ജലവും ഒഴുകി പോകുന്നത് അറബി കടലിലേക്കാണ്. വർഷ കാലത്തിനുശേഷം ഒഴുകി പോകുന്ന ജലവും മണലും ശരാശരി കണക്കാക്കിയാൽ കോടിക്കണക്കിനു രൂപയുടെ മൂല്യം അതിനുണ്ടാകുമെന്നതിൽ സംശയമില്ല. അതിനാൽ ഇത്തരം പ്രദേശങ്ങളിൽ ഇപ്പോൾതന്നെ ചെലവ് കുറഞ്ഞ രീതിയിൽ അടിയണകൾ നിർമ്മിക്കാവുന്നതാണ്. ഇതുമൂലം അടിയണകൾക്കു മുകളിലുള്ള പ്രദേശങ്ങളിൽ ഭൂഗർഭ ജലം സംഭരിക്കാവുന്നതാണ്. കൂടാരെ അനിയന്ത്രിതമായ മണലൊഴുക്ക് തടയുവാനും സാധിക്കും.

4.12.21.3 കേരളത്തെ സംബന്ധിച്ചിടത്തോളം നിലവിലുള്ള തോടുകളും നദികളും വേണ്ട വിധത്തിൽ സംരക്ഷിക്കുകയും മഴ വെള്ളം കാര്യക്ഷമമായി സംഭരിക്കുകയും അത് മണ്ണിലിറങ്ങുന്നതിനുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്താൽ തന്നെ ജലക്ഷാമം വലിയൊരളവോളം പരിഹരിക്കാവുന്നതാണ്. ഇതിനായി പുഴകളിൽ ഒരു നിശ്ചിത ദൂരത്തിൽ ചെറിയ ചെറിയ തടയണകൾ നിർമ്മിച്ച് ഒഴുകി പോകുന്ന അധിക ജലത്തെ സംഭരിച്ച് നിർത്തി ജലക്ഷാമം പരിഹരിക്കുകയാണ് വേണ്ടത്. കൈയ്യേറ്റങ്ങൾ ഒഴിപ്പിച്ചും പുഴയുടെ വീതി പുന:സ്ഥാപിച്ചും മാലിന്യ മുക്തമാക്കിയും വേണം പ്രസ്തുത പ്രവർത്തികൾ ആരംഭിക്കേണ്ടത്.

4.1.2.22 സ്ഥിതിവിവര കണക്ക്

പട്ടിക.4.1.36

പാലക്കാട് ജില്ലയിലെ പത്ത് വർഷത്തെ ശരാശരി മഴയുടെ കണക്ക്

വർഷം	മഴ (മില്ലി മീറ്റർ)
2006	2188.906
2007	2677.009
2008	1580.015
2009	2004.728
2010	1877.165
2011	2121.988

2012	1351.112
2013	2254.582
2014	2128.696
2015	1771.059
2016	1086.435



പട്ടിക.4.1.37

വിവിധ മേഖലയിൽ ആവശ്യമായ ജലത്തിന്റെ കണക്ക്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ഗാർഹികം	165.84
2	കൃഷി	1999.28
3	ക്ഷീരവികസനം	0.820
4	വ്യവസായം	1.21

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

ലഭ്യമായ ജലം

പട്ടിക.4.1.38

ജലത്തിന്റെ അളവ്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ഉപരിതല ജലം	856.92
2	ഭൂഗർഭജലം	548.34
	ആകെ	**1405.26**

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

4.1.2.23 ജല ലഭ്യത കുറവ്

പട്ടിക.4.1.39

ജല ലഭ്യത കുറവ്

ക്രമ നമ്പർ	മേഖല	ജലത്തിന്റെ അളവ് (ദശലക്ഷം ഘനമീറ്റർ)
1	ആവശ്യകത	2566.49
2	ലഭ്യത	1405.26
3	**ആകെ**	**1161.23**

അവലംബം : പി.എം.കെ.എസ്.വൈ സംസ്ഥാന ജലസേചന പ്ലാൻ

4.1.2.24. മേഖലയിലെ വികസന വിടവുകളും വികസന സാധ്യതകളും

4.1.2.24.1 ജില്ലയിലെ പ്രധാന ജലസേചന പദ്ധതികൾ എല്ലാം വളരെ വർഷങ്ങൾക്ക് മുമ്പ് കമ്മീഷൻ ചെയ്തിട്ടുള്ളവയാണ്. ബഡ്ജറ്റിൽ നല്കുന്ന തുക ഡാമിന്റെ അറ്റകുറ്റപണികൾക്കും മറ്റ് പ്രവർത്തനങ്ങൾക്കും തികയാറില്ല. ഇതുമൂലം പല സ്ഥലത്തും കനാലുകളും, ഷട്ടറുകളും കേടുപാടുകൾ സംഭവിച്ച് കിടക്കുകയാണ്. ആയതുകൊണ്ട് സുഗമമായ ജലസേചനം നടക്കുന്നില്ല. ഇപ്രകാരം കാർഷിക മേഖലയിൽ അഭിവൃദ്ധി കൈവരിക്കുക എന്നത് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

4.1.2.24.2 ജില്ലയിലൂടെ ഒഴുകുന്ന നദികളിൽ മിക്കവയും സ്വാഭാവിക വീതിയും വിസ്തൃതിയും സംഭരണ ശേഷിയും നഷ്ടപ്പെട്ട് കൈയ്യേറ്റങ്ങൾക്ക് വിധേയമായി ശുഷ്കമായി കൊണ്ടിരിക്കുന്നു. വേനൽക്കാലത്ത് ഈ നദികളിൽ നേർത്ത വീതിയിൽ നീർച്ചാലുകൾ ഒഴുകുന്നുണ്ടെങ്കിലും ഈ ജലം ഒഴുകി പോകുന്നത് അറബികടലിലേക്കാണ് . വർഷകാലത്തിനുശേഷം ഒഴുകിപോകുന്ന ജലവും മണലും ശരാശരി കണക്കാക്കിയാൽ കോടി കണക്കിന് രൂപയുടെ മൂല്യം അതിന് ഉണ്ടാകും. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ ചിലവ് കുറഞ്ഞ രീതിയിൽ അടയണകൾ നിർമ്മിക്കാവുന്നവയാണ്. അങ്ങനെ ഭൂഗർഭജലം സംഭരിക്കാനും മണലൊഴുക്ക് തടയാനും സാധിക്കും.

4.1.2.24.3 നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ കാലപ്പഴക്കം മൂലം കനാലിലൂടെ എല്ലായിടത്തും എത്തിക്കുവാൻ സാധിക്കുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം കനാലുകൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുവാൻ കഴിയുന്നില്ല. പല പഞ്ചായത്തുകളിലെ കുളങ്ങളിലും മാലിന്യം നിക്ഷേപിച്ച് ഉപയോഗശൂന്യമായിരിക്കുന്നു. ഫണ്ടിന്റെ അപര്യാപ്തമൂലം ഇവ നവീകരിക്കാൻ കഴിയുന്നില്ല. ഇവ നവീകരിച്ചാൽ ജലനിരപ്പ് ഉയർത്തുവാൻ സാധിക്കുന്നതാണ്.

4.1.2.24.4 മഴ പെയ്തു കിട്ടുന്ന ജലം മണ്ണിലേക്ക് ആഴ്ന്ന് ഇറങ്ങാത ഉപരിതലത്തിലൂടെ ഒഴുകി പോകുന്നതിനാൽ മഴവെള്ളം ഒഴുകി പോകാൻ വേണ്ടി മാത്രമുള്ള ചാലുകളായി നമ്മുടെ തോടുകളും പുഴകളും മാറുന്നതോടൊപ്പം ഇവയിൽ സ്ഥിരം നീരൊഴുക്ക് ഇല്ലാതാകുകയും ചെയ്യുന്നു. തൽഫലമായി ഇത്തരം ജലസ്രോതസ്സുകൾക്ക് ശോഷണം സംഭവിക്കുകയും മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. പുഴകളിൽ ആവശ്യമായ സ്ഥലങ്ങളിൽ ചെറു തടയണകൾ നിർമ്മിച്ച് മഴ വെള്ളം സംഭരിച്ചാൽ ഒരു പരിധി വരെ വേനൽ കാലത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സാധിക്കും. പ്രസ്തുത പ്രദേശങ്ങളിലുള്ള കുളങ്ങളിലേയും കിണറുകളിലേയും ജലവിതാനം ഉയരുന്നതിന് സഹായകമാവുകയും ചെയ്യും.

4.1.2.25 <u>സാധ്യതകൾ</u>

1) കനാലുകളിൽ ധാരാളം നവീകരണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. ഇത് ചെയ്താൽ മാത്രമേ വാലറ്റ പ്രദേശങ്ങളിൽ ജലനഷ്ടം കൂടാതെ ജലവിതരണം നടക്കുകയുള്ളൂ.
2) നിലവിലുള്ള മലമ്പുഴ ജലസേചന പദ്ധതി അനുസരിച്ച് ഏകദേശം 8 കി. മീ വിയറിനു മുകളിലാണ് ഇടതുകര കനാൽ വന്നുചേരുന്നത്. മേല്പറഞ്ഞ ദൂരം നിമിത്തം മലമ്പുഴ ഡാമിൽ നിന്നും പുഴയിലേക്ക് നല്കുന്ന വെള്ളം പമ്പിങ്ങ് മൂലവും ബാഷ്പീകരണ നഷ്ടം മൂലവും ചേരാമംഗലം ആയക്കെട്ടിൽ നിർദ്ദിഷ്ട വെള്ളം എത്തിച്ചേരാറില്ല. മേൽ പറഞ്ഞ വസ്തുത കണക്കിലെടുത്ത് പല്ലാവൂർ ബ്രാഞ്ച് കനാൽ വീതികൂട്ടി ചേരാമംഗലം അണക്കെട്ടിന്റെ 1 കി. മീ മുകളിലായി മലമ്പുഴ വെള്ളം എത്തിക്കുന്ന 1 കോടി രൂപ ചിലവ് വരുന്ന പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

   പറമ്പികുളം ആളിയാർ കരാർ പ്രകാരം 205 ഘനസെ.മീ വെള്ളമാണ് ലഭിക്കുന്നത്. താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തിയാൽ വേലന്താവളം വരെ നീട്ടുമ്പോൾ വരുന്ന പുതിയ ആയക്കെട്ടായ 8713 ഹെ സ്ഥലത്തിന് ആവശ്യമായ 52.62 ഘന സെ.മീ വെള്ളം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.
3) ഇപ്പോൾ നിലവിലുള്ള എല്ലാ കനാലുകളുടെയും കാര്യക്ഷമത വർദ്ധിപ്പിച്ചാൽ ഏകദേശം 15 ശതമാനം ജലം 30.75mm3 ലഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.
4) നിലവിലുള്ള നെൽകൃഷിക്ക് ഏകീകൃത കൃഷിരീതി നടപ്പിലാക്കിയാൽ ഏകദേശം ഘന സെ.മീ വെള്ളം ഈ പുതിയ പദ്ധതിക്കായി നല്കാൻ കഴിയും
5) ചിറ്റൂർ പുഴ പദ്ധതി പ്രദേശത്തിലെ പ്രധാന സംഭരണ ശേഷിയുള്ള കുളങ്ങളായ കമ്പാലത്തറ ഏരി വെങ്കലക്കയം ഏരി, കുന്നംപിടാരി ഏരി എന്നിവ മണ്ണുമാറ്റി സംഭരണ ശേഷി വർധിപ്പിച്ചാൽ മഴക്കാലത്തു പാഴായിപ്പോകുന്ന ജലം കുറഞ്ഞത് രണ്ടു പ്രാവിശ്യമെങ്കിലും നിറച്ച് 12 ഘന സെ.മീ വെള്ളം കൂടുതലായി സംഭരിക്കാവുന്നതാണ്.
6) സാധാരണ മഴ ലഭിക്കുന്ന വർഷങ്ങളിൽ 10 % ജലമെങ്കിലും ലാഭിച്ചാൽ പറമ്പിക്കുളം ആളിയാർ പ്രോജെക്ടിൽ നിന്നും ഏകദേശം 5 .3 Mm3 വെള്ളം പുതിയ പ്രദേശങ്ങളിലേക്ക് നല്കാൻ കഴിയുന്നതാണ്.ഇങ്ങനെ 30 .50 +9+12+5.3= 56 .8 Mm^3 വെള്ളം പുതിയ പദ്ധതി പ്രദേശങ്ങളിലേക്ക് നല്കാൻ സാധിക്കുന്നതാണ്.ആയതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതു കൊണ്ട് ഈ പ്രദേശത്തിന്റെ ജലസേചനത്തിനും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുമെന്ന് ഉറപ്പ് വരുത്താവുന്നതാണ്

4.1.2.26 പുതിയ തടയണകളുടെ നിർദ്ദേശം താഴെ പറയുന്ന സ്ഥലങ്ങളിൽ ലക്ഷ്യമിടുന്നു

1	പല്ലശ്ശേന പഞ്ചായത്തിലെ പടിഞ്ഞാറേത്തറ,കുടല്ലൂർ
2	കാരക്കുറുശ്ശി പഞ്ചായത്തിലെ കോലപ്പക്കം

3	കാവശ്ശേരി പഞ്ചായത്തിലെ ആനപ്പാറ വാർഡ് 8
4	കാരക്കുറുശ്ശി പഞ്ചായത്തിലെ മടത്തിൽക്കുണ്ട്
5	തച്ചമ്പാറ പഞ്ചായത്തിലെ മണ്ണാത്തിപ്പാറ
6	കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പള്ളിക്കടവ്
7	കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പാണ്ടിപ്പാടംക്കടവ്
8	വിളയൂർ പഞ്ചായത്തിലെ പാറക്കടവ്
9	കരിമ്പുഴ പഞ്ചായത്തിലെ കരിമ്പുഴ
10	കൊല്ലങ്കോട് പഞ്ചായത്തിലെ തൊണ്ടക്കാട് തോട് വാർഡ് 15
11	എരുത്തേമ്പതി പഞ്ചായത്തിലെ വില്ലന്നി
12	നെന്മാറപഞ്ചായത്തിലെ അയനാംപാടം
13	കുഴൽമന്ദം പഞ്ചായത്തിലെ പുല്ലുപാറപ്പാടം
14	എരുത്തേമ്പതി പഞ്ചായത്തിലെ ചെമ്പന്തോട്
15	അയിലൂർ പഞ്ചായത്തിലെ പൂഞ്ചേരി കോളനി
16	പുതൂർ പഞ്ചായത്തിലെ വീട്ടിയൂർ

അവലംബം : പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ ഓഫീസിലെ രേഖകൾ

4.1.2.26.1 നിലവിൽ ബജറ്റിൽ ആക്ഷൻ പ്ലാൻ പ്രവർത്തികൾക്കായി വകയിരുത്തിയ തുകകൾ ഉപയോഗിച്ചാണ് ഡാമിന്റെയും,, കനാലിന്റെയും അറ്റകുറ്റപ്പണികൾ നടത്തിയിരുന്നത്. ബജറ്റ് വിഹിതം വളരെ കുറവായതിനാൽ അറ്റകുറ്റപ്പണികൾ പൂർണ്ണമാകുന്നുമില്ല. അതുമൂലം കനാലുകൾ പലയിടത്തും പൊട്ടിപൊളിഞ്ഞ് കിടക്കുകയാണ്. ഇനിയും കനാലുകളിൽ ധാരാളം നവീകരണ പ്രവർത്തനങ്ങൾ നടത്താനുമുണ്ട്. ഇതു പൂർത്തിയായാൽ മാത്രമേ ജലനഷ്ടം കൂടാതെ ജലവിതരണം നടത്താൻ സാധിക്കുകയുള്ളൂ.

4.1.3 മണ്ണ് ശ്രേണികൾ



4.1.2.26.2 ജില്ലയിലെ മണ്ണ് ശ്രേണിയെ സംബന്ധിക്കുന്ന വിവരങ്ങൾ (മണ്ണ് ശ്രേണി, താലൂക്ക്, മണ്ണിന്റെ രചന, മണ്ണിന്റെ സ്വഭാവം, അവിടുത്തെ കാർഷിക വിളകൾ) അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

4.1.3.1 പർവ്വത പ്രദേശങ്ങൾ :-

സമുദ്ര നിരപ്പിൽ നിന്നും 1200 മീറ്ററിലധികം ഉയരത്തിൽ സ്ഥിതിചെയ്യുന്ന 20256 ഹെക്ടർ സ്ഥലം മലമ്പ്രദേശങ്ങളിൽപ്പെടുന്നു. പശ്ചിമഘട്ട പർവ്വതനിരകളിൽപ്പെടുന്ന വനപ്രദേശമാണിത്.

4.1.3.2 സമ്മിശ്രമണ്ണിനങ്ങൾ

നെൽപ്പാടങ്ങൾ, തെങ്ങ്, വാഴ മുതലായ കൃഷിയ്ക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നികത്തിയ സ്ഥലങ്ങളിൽ സമ്മിശ്രമണ്ണിനങ്ങൾ കാണപ്പെടുന്നു.

4.1.3.3 പൊതു ശുപാർശകൾ

- മണ്ണിൽ ജൈവാംശം കുറവായതിനാൽ ഓരോ വിളകൾക്കും ആവശ്യമായ അളവിൽ ജൈവവളം ചേർക്കേണ്ടതാണ്.
- മണൽ രചന മൂലം നീർവാർച്ച മണ്ണിൻറെ ജലസംഗ്രഹണ ശേഷി കുറവുമാണ്. ആയതിനാൽ തുള്ളിനന, സ്പ്രിംഗ്ളർ മുതലായ ജലസേചന മാർഗ്ഗങ്ങൾ ഉചിതമാണ്.
- കിണർ, റീചാർജ്ജിംഗ്, മഴവെള്ള സംഭരണി മുതലായ ജലസംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നത് ഉചിതമാണ്.
- മണ്ണിൻറെ താഴെതട്ടിൽ ഉറപ്പുള്ള ലാറ്ററൈറ്റ് കാണപ്പെടുന്നതിനാലും ആഴം പരിമിതമായതിനാലും ചെടികളുടെ വേരോട്ടം തടസ്സപ്പെടുന്നു. ലാറ്ററൈറ്റ് മണ്ണിൻറെ കാഠിന്യം കുറയ്ക്കുന്നതിനും ബാഷ്പീകരണം വഴി ജലനഷ്ടം ഒഴിവാക്കുന്നതിനും പുതയിടീൽ, ആവരണ വിളകൃഷി, ഇടവിളകൃഷി എന്നിവ അനുവർത്തിക്കാവുന്നതാണ്.
- ക്ഷാരഗുണമുള്ള മണ്ണ് കാണുന്ന പ്രദേശങ്ങളിൽ മണ്ണടരുകളിൽ കുമ്മായം കാണുന്നുണ്ടെങ്കിൽ നീർവീര്യമാക്കാൻ ഗന്ധകം ചേർക്കണം. ഇതേ പ്രദേശങ്ങളിൽ മണ്ണടരുകളിൽ കുമ്മായം കാണുന്നില്ലെങ്കിൽ ജിപ്സം ചേർത്ത് നിർവീര്യമാക്കണം.
- വേനൽക്കാലത്ത് വിണ്ടുകീറുന്ന കറുത്ത പരുത്തിമണ്ണ് കാണപ്പെടുന്ന ചിറ്റൂർ താലൂക്കുകളിലെ എരുത്തേൻപതി പഞ്ചായത്തിൽ നിയന്ത്രിത ജലസേചനം ഏർപ്പെടുത്താവുന്നതാണ്.

4.1.3.4 വാട്ടർഷെഡ് /നീർമറി പ്രദേശം

4.1.3.4.1 മനുഷ്യൻറെ നിലനിൽപ്പിന് അത്യാന്താപേക്ഷിതമായ മണ്ണ്, ജലം, സസ്യജാലം, മൃഗസമ്പത്ത് എന്നീ വിഭാഗങ്ങളുടെ ശാസ്ത്രീയമായ പരിരക്ഷയും വിനിയോഗവും സാധ്യമാക്കുന്നതിൽ നിർണായകമായ പങ്കാണ് വാട്ടർഷെഡ് അഥവ നീർമറി പ്രദേശ വികസനത്തിനുള്ളത്. പരിസ്ഥിതി സംതുലനത്തിന് കോട്ടം വരുത്താത്തതും സ്ഥായി ഭാവമുള്ളതുമായ സമഗ്ര വികസനത്തിന് പ്രസ്തുതമായ ഉപാധിയായി വാട്ടർഷെഡ് വികസന പരിപാടിയെ ആഗോള തലത്തിൽ അംഗീകരിച്ചിരിക്കുകയാണ്. ഇതിൻറെ ഭാഗമായിട്ടാണ് നമ്മുടെ നാട്ടിലും കാർഷിക കാർഷികാനുബന്ധമേഖലകളിലേക്കും

നിർദ്ദേശിക്കപ്പെടുന്ന കേന്ദ്ര സംസ്ഥാനതല പദ്ധതികൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നിഷ്കർഷിക്കപ്പെടുന്നത്.

4.1.3.4.2 പൊതുവായ നീരൊഴുക്കുള്ള ഒരു പ്രദേശത്തെയാണ് വാട്ടർഷെഡ് എന്ന് പറയുന്നത്. അതായത് ഭൂമിയിൽ ലഭിക്കുന്ന മഴ വെള്ളം ഭൂപ്രതലത്തിലൂടെ ഒഴുകി ചെറിയ നീർചാലുകളും വലിയ നീർചാലുകളും, തോടുകളും, പുഴകളുമായി മാറുന്നു. കേരള സംസ്ഥാനത്തെ 44 നദികൾ 44 വാട്ടർഷെഡുകളായി നമുക്ക് കാണാം.



പട്ടിക 4.1.40

മഴയുടെ ലഭ്യത

മാസം	2015 (മി.മീറ്റർ)	2016 (മി.മീറ്റർ)	2017 (മി.മീറ്റർ)
ജനുവരി	0	0.2	
ഫെബ്രുവരി	2	- -	
മാർച്ച്	27.1	4.2	
ഏപ്രിൽ	182.4	4.1	
മെയ്	245.6	169.2	
ജൂൺ	281.8	461.5	
ജൂലായ്		336.6	
ഓഗസ്റ്റ്		159.2	
സെപ്തംബർ		77.4	
ഒക്ടോബർ		88.2	
നവംബർ	185.8		
ഡിസംബർ	42.4		

പട്ടിക 4.1.41

കാർഷിക വിളകൾക്ക് ആവശ്യമായ ജലത്തിൻറെ പ്രതിവർഷ അളവ്

വിളകൾ	ആകെ കൃഷി ചെയ്യുന്ന വിസ്തീർണ്ണം (ഹെക്ടർ)	ജലസേചിത വിസ്തീർണ്ണം (ഹെക്ടർ)	ജലത്തിൻറെ അളവ് (മി. മീറ്റർ)
നെല്ല്	82912	47778	1693.4209
ചെറുധാന്യങ്ങൾ	341	-	-
പയറുവർഗ്ഗം	1070	206	261.530
എണ്ണക്കുരുകൾ	648	-	-
ഹോർട്ടികൾച്ചർ വിളകൾ (വാഴ, മാവ്, കൊക്കോ, മറ്റു വിളകൾ)	45536	10325	399.1036

4.1.3.5 കാലാവസ്ഥ

4.1.3.5.1 സാമാന്യം ദേദപ്പെട്ട വർഷപാതവും ദു:സഹമായ വേനലും ചേർന്ന ആർദ്ര ഉഷ്ണമേഖലയും ആർദ്ര ഉപോഷ്ണ മേഖലയും ജില്ലയുടെ കാലാവസ്ഥയെ നിർണ്ണയിക്കുന്നു. തെക്ക് പടിഞ്ഞാറൻ കാലവർഷവും വടക്ക് കിഴക്കൻ കാലവർഷവും ഭേദപ്പെട്ട വർഷപാതം ജില്ലയ്ക്ക് നൽകുന്നു. മാർച്ച് മുതൽ മെയ് അവസാനം വരെ കടുത്ത വേനൽക്കാലവും ജനുവരി മുതൽ മേയ് വരെ വരണ്ട കാലയളവും ആണ്. പാലക്കാട് ചുരം വഴി കോയമ്പത്തൂർ സമതലപ്രദേശങ്ങളിൽ നിന്നുള്ള ഉഷ്ണ കാറ്റ് കേരളത്തിലെത്തുന്നതാണ് പ്രധാന കാരണം. വളരെയധികം ചൂടും വരണ്ട കാറ്റും അനുഭവപ്പെടുന്ന ജില്ലയാണിത്. വർഷത്തിൽ ഏകദേശം 2000 മി. മീറ്ററോളം വർഷപാതം ജില്ലയ്ക്ക് ലഭിക്കുന്നു. വേനലിൽ 43ഡ്ര ലും ഉയർന്ന താപനില ഈ ജില്ലയിൽ അനുഭവപ്പെടുന്നു. നീലഗിരിയും ആനമലയും രാത്രി കാലങ്ങളിൽ തണുപ്പുള്ള കാലാവസ്ഥ പ്രദാനം ചെയ്യുന്നു.

4.1.3.6 ഭൂഗർഭ ശാസ്ത്രം

പലതരം ഗ്നീസ്സിക്ക് പാറകൾ, ചുണ്ണാമ്പുകല്ല്, ചാർണൊക്കൈറ്റ് ഗ്നീസ്സിക് പാറകൾ, മിഗ്മറ്റൈറ്റ് കോംപ്ലക്സുകൾ തുടങ്ങിയവയാണ ജില്ലയിൽ പൊതുവായി കാണപ്പെടുന്ന ശിലകൾ. അല്പസിലിക ശിലകൾ അട്ടപ്പാടി താഴ്വരകളിൽ കണ്ടു വരുന്നു. ജില്ലയുടെ പടിഞ്ഞാറു ഭാഗത്തായി വെട്ടുകൽ രൂപീകരണങ്ങളും എക്കൽ നിക്ഷേപങ്ങളും കാണപ്പെടുന്നു.

4.1.3.7 കൃഷി

കേരളത്തിൻറെ കൃഷി വിള വിസ്തൃതിയിലും മൊത്തം ഉത്പാദനത്തിലും പ്രഥമ സ്ഥാനം വഹിക്കുന്ന പാലക്കാട് ജില്ല നെല്ലുത്പാദനത്തിൽ എക്കാലവും മുൻപന്തിയിൽ ആണ്.കേരളത്തിൻറെ നെല്ലറയാണ് പാലക്കാട്. നെൽകൃഷിയുടെ വിസ്തീർണ്ണത്തിലും ഉത്പാദനത്തിൻറെയും ഏകദേശം 60 % ശതമാനത്തോളം വിഹിതം പാലക്കാട് ജില്ലയുടേതാണ്. മറ്റു ജില്ലകളിലില്ലാത്ത ചോളം, റാഗി, തിന, ജോവാർ തുടങ്ങിയ ചെറുധാന്യങ്ങളും മുതിര, തുവരപരിപ്പ്, ഉഴുന്ന്, വൻപയർ, ചെറുപയർ എന്നിവയും കൃഷി ചെയ്തുവരുന്നു. ഔഷധ സസ്യ വിളകൾ, പച്ചക്കറി വിളകൾ, പഴവർഗ്ഗങ്ങൾ, തുവരപരിപ്പ്, പിണംപുളി, കുർക്ക, തേക്ക് എന്നിവ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കൃഷി ചെയ്യുന്നത് ഈ ജില്ലയിലാണ്. ക്ഷാര രസമുള്ള മൺ ഇനമുള്ളതിനാൽ നിലക്കടല, പരുത്തി എന്നിവ കൃഷി ചെയ്യുന്ന ഏക ജില്ലയാണിത്. ഇതു കൂടാതെ ചിറ്റൂർ താലൂക്കിൽ വിപുലമായ കരിമ്പിൻ കൃഷിയിമുണ്ട്. തെങ്ങ്, കവുങ്ങ് കാപ്പി, റബർ, തേയില, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക്, ഏലം, ഇഞ്ചി, കശുമാവ് എന്നിവയും കൃഷി ചെയ്തു വരുന്നു.

4.1.3.8 കാർഷിക വിളകൾ

ജില്ലയിൽ ഏറ്റവും കൂടുതൽ പ്രദേശത്ത് കൃഷിചെയ്യുന്ന വിള തെങ്ങാണ്. നെല്ല്, റബ്ബർ, വാഴ, കവുങ്ങ്, പച്ചക്കറി തുടങ്ങിയവ മറ്റ് പ്രധാന വിളകളാണ്. പ്രധാന വിളകളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പട്ടിക 4.1.42

പ്രധാന വിള തിരിച്ചുള്ള വിവരങ്ങൾ

ക്രമ നം	വിളതരം	2016-17 ലെ വിസ്തൃതി	2016-17 ലെ ഉല്പാദനം	2016-17 ലെ ഉല്പാദന ക്ഷമത	ഇപ്പോഴത്തെ വിസ്തൃതി (ഹെക്ടർ)	ഉല്പാദന ക്ഷമത Kg/Ha.	നിലവിലെ ഉത്പാദനം MT	2021 ലെ വിസ്തൃതി (ഹെക്ടർ)	2021- - ൽ പ്രതീക്ഷിക്കുന്ന ഉല്പാദന ക്ഷമത Kg/Ha.	2021- - ൽ പ്രതീക്ഷിക്കുന്ന ഉത്പാദനം MT
1	നെല്ല്	40.427	121281.5	3000	42846	3300	141391.8	45000	7000	315000
2	തെങ്ങ്	60172	1504.55	40 nuts	46197.21	43 Nuts/ palm/ year	3476.34 lakh nuts	50503.63	60 Nuts/ palm/ year	5302.88 lakh nuts
3	പച്ചക്കറി	7483.22	69796	9.327	7096.69	10000	70966.9	9290.1	15000	139351.5
4	വാഴ	20.2240	303360.7	15000	25273.54	20000	505470.8	29759.22	30000	892776.6
5	പയറു വർഗ്ഗങ്ങൾ	3.5725	6430.6	1800	3770.8	2000	7541.6	5460.82	2500	13652.05
6	കരിമ്പ്	0.0751	315.5	4200	95	4500	427.5	95	5000	475
7	കവുങ്ങ്	10.4621	68004.05	6500	10572.72	7000	74009.04	11610.35	7800	90560.73
8	കശുമാവ്	0.35156	61.523	175	403.8	180	72.684	440.66	220	96.9452

9	ചെറു ധാന്യങ്ങൾ	975	708	0.726	1000	800	800	700	1200	840
10	കൊക്കോ	67477	281825	4.176	785.87	500	392.935	976.18	650	634.517
11	ഇഞ്ചി	105515	165313	1.566	1176.16	15000	17642.4	1612.4	20000	32248
12	മഞ്ഞൾ	321.20	5233.2	16.292	352.35	18000	6342.3	1232.33	22000	27111.26
13	മാങ്ങ	4773.01	46691.1	9.782	5569.22	10000	55692.2	6261.86	15000	93927.9
14	ജാതി	91125	3035	0.03	1011.25	400	404.5	1330.15	500	665.075
15	കിഴങ്ങ് വർഗ്ഗങ്ങൾ	1848.34	37875.14	20.491	1959.45	25000	48986.25	2171.43	30000	65142.9
16	കുരുമുളക്	2507.81	6233.1	0.402	6522.3	400	2608.92	7477.51	800	5982.008
17	റബ്ബർ	277201	0.124	24404.17	37837.65	1200	45405.18	38488.65	1500	57732.975
18	തേയില	2400	425	0.177	3000	200	600	3000	300	900
	ആകെ	**621883.69226**	**1118093.087**	**52142.139**	**195469,99**	**982231.349**	**115180**	**215410.29**	**152470**	**1422097.4552**

4.1.3.9 മേഖല നേരിടുന്ന പ്രശ്നങ്ങൾ

ജലസേചന സംവിധാനങ്ങളുടെ അപര്യാപ്തത, ജലലഭ്യത കുറവ്

- അശാസ്ത്രീയമായ ജലവിതരണ സംവിധാനങ്ങൾ; പൊട്ടിപൊളിഞ്ഞ കനാലുകൾ, തകർന്ന സ്ലൂയിസ്സുകളും ഷട്ടറുകളും, കനാൽ ബണ്ടുകളുടെ കൈയ്യേറ്റവും തകർച്ചയും
- ജലസ്രോതസ്സുകളുടെ മലിനീകരണം
- കുളങ്ങളുടെ സംരക്ഷണത്തിലുള്ള അപര്യാപ്തത
- തണ്ണീർത്തടങ്ങളുടെ നാശം / നികത്തൽ
- വിളകളുടെ നിർണായകമായ വളർച്ചാ ഘട്ടത്തിൽ ജലലഭ്യതയുടെ അഭാവം
- വിളനിർണയ ജലസേചന കാർഷിക കലണ്ടറിൻറെ അഭാവം
- സൂക്ഷ്മ ജലസേചന സംവിധാനങ്ങളെക്കുറിച്ചുള്ള അജ്ഞത
- കാലാവസ്ഥാ വ്യതിയാനം മൂലം മഴക്കുറവ് അനുഭവപ്പെടുന്നതിനാൽ നേരിടേണ്ടി വരുന്ന രൂക്ഷമായ വരൾച്ച കൃഷിയെയും കാർഷികോല്പാദനത്തെയും തദ്വാരാ കർഷകൻറെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം മൂലം മഴക്കുറവ് അനുഭവപ്പെടുന്നതിനാൽ നേരിടേണ്ടിവരുന്ന രൂക്ഷമായ വരൾച്ച കൃഷിയേയും കാർഷികോല്പാദനത്തെയും തദ്വാരാ കർഷകൻറെ വരുമാനത്തെയും പ്രതികൂലമായി ബാധിക്കുന്നു.
- മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവം, ഉരുൾപൊട്ടൽ, കൂനം കൃഷി, ഘനനവും അനിയന്ത്രിത പാറ പൊട്ടിക്കലും എന്നിയൊക്കെ മണ്ണൊലിപ്പിനുള്ള കാരണങ്ങളാണ്. ഫലഭൂയിഷ്ഠത നഷ്ടമാകൽ, ഉല്പാദനം കുറയൽ, പുഴകളുടേയും തോടുകളുടേയും സംഭരണശേഷി കുറയൽ, അതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കം, ജലവൈദ്യുത പദ്ധതികളുടെ പരാജയം, കൃഷി സ്ഥലങ്ങളുടെ നാശം, റെയിൽ റോഡ് ഗതാഗത തടസ്സം എന്നിവയെല്ലാം മണ്ണൊലിപ്പ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ.
- അനിയന്ത്രിതമായ വനനാശവും, അശാസ്ത്രീയ കൃഷിരീതികളും നമ്മുടെ സസ്യസമ്പത്തിന് ശോഷണം വരുത്തിക്കൊണ്ടിരിക്കുന്നു.

4.1.3.10 നാശോന്മുഖമാകുന്ന വാട്ടർഷെഡുകൾ

കാരണങ്ങൾ

1. കുന്നിൻ ചരിവുകളിലും രൂക്കായ പ്രതലങ്ങളിലും സംരക്ഷണതത്വങ്ങൾക്കു വിരുദ്ധമായ മണ്ണിളക്കൽ.
2. നീർച്ചാലുകളുടെ വശങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്താതെയുള്ള കൃഷി
3. അധികജലം സുരക്ഷിതമായി ഒഴുക്കിവിടുന്നതിനുള്ള മാർഗ്ഗങ്ങളുടെ അഭാവം
4. അനിയന്ത്രിതമായ വനനശീകരണവും സസ്യസമ്പത്തിൻറെ അമിതോപയോഗവും
5. കാട്ടുതീയും കന്നുകാലിമേച്ചിലും
6. അശാസ്ത്രീയമായ ഖനനവും, പാറപൊട്ടിക്കലും

7. മലഞ്ചരിവുകളിലെ തെറ്റായ റോഡ് നിർമ്മാണവും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളും
8. നീർച്ചാലുകളിലേയ്ക്ക് ഫാക്ടറികളിൽ നിന്നു മറ്റു പുറംതള്ളുന്ന വിഷാംശം കലർന്ന മാലിന്യങ്ങൾ
9. സാമൂഹ്യവും സാമ്പത്തികവുമായ കാരണങ്ങളാൽ ജനങ്ങളിൽ പ്രകടമാവുന്ന അലംഭാവം
10. പരിസ്ഥിതി പരിഗമിക്കാതെയുള്ള വ്യവസായവത്ക്കരണം
11. ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ

പരിണിത ഫലങ്ങൾ

1. മണ്ണും അതിലെ ഫലപുഷ്ടിയും നഷ്ടപ്പെടുന്നു
2. വെള്ളത്തിൻറെ ലഭ്യതയും ഗുണവും കുറയുകയും, ജലസ്രോതസ്സുകൾ നശിക്കുകയും ചെയ്യുന്നു.
3. സസ്യസമ്പത്ത് ദുർബലമാകുന്നു
4. ഭൂമിയുടെ ഉത്പാദനക്ഷമത കുറയുകയും തൻമൂലം കൃഷി വനം പുൽമേടുകൾ ഉദ്യാന / ഫലവൃക്ഷ / നാണ്യവിളകൾ എന്നിവയിൽ നിന്നുള്ള ഉത്പാദനം കുറയുകയും ചെയ്യുന്നു.
5. പരിസ്ഥിതി സന്തുലനം നഷ്ടപ്പെടുത്തുന്നു
6. ജലസംഭരണികളിലും ജലാശയങ്ങളിലും നദികളും താഴ് വരകളിലും മണ്ണടിയുന്നു
7. അടിയ്ക്കടി വരൾച്ചയും വെള്ളപ്പൊക്കവും ഉണ്ടാകുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടുന്നു.

4.1.3.11 <u>അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത</u>

- ജലസേചന പദ്ധതികളുടെ അടിസ്ഥാന സൌകര്യങ്ങൾ കാര്യക്ഷമമല്ല.
- നിലവിലുള്ള അടിസ്ഥാന സൌകര്യങ്ങൾ പരിപാലിക്കുന്നതിലുള്ള അലംഭാവം
- കൃഷി, ജലസേചനം, മണ്ണ് സംരക്ഷണ വകുപ്പുകളുടെ ഏകോപനമില്ലായ്മ

4.1.3.12 <u>തൊഴിലാളി ക്ഷാമം – യന്ത്രവത്കൃത സൌകര്യങ്ങളുടെ അഭാവം</u>

- വൈദഗ്ധ്യം ഉള്ളതും അല്ലാത്തതുമായ തൊഴിലാളികളുടെ ക്ഷാമം
- സമയബന്ധിതമായി തൊഴിൽ സാന്നിദ്ധ്യം ആവശ്യമുള്ളപ്പോൾ തൊഴിലാളികളില്ലാതെ വരുന്ന അവസ്ഥ
- കാർഷിക യന്ത്രങ്ങളുടെ അഭാവം
- തൊഴിൽസേനയുടെ പരിശീലന ക്യാമ്പ്
- യന്ത്രങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള സാങ്കേതിക വിദ്ധ്ധരുടെ അഭാവം
- കാർഷിക യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താൻപറ്റാത്ത അവസ്ഥ

4.1.3.13 <u>വിപണന സംവിധാനത്തിൻറെ അഭാവം</u>

- കാർഷികോല്പന്നങ്ങളുടെ വിലയിലെ അസ്ഥിരത
- കാര്യക്ഷമമായ വിപണന സംവിധാനത്തിൻറെ അപര്യാപ്തത
- നെല്ല് സംഭരണം, വിപണനം, യഥാസമയം വില ലഭിക്കായ്മ എന്നിവ സംബന്ധിച്ച പ്രതിസന്ധികൾ
- കാർഷികോല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട ഗോഡൌണുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങളുടെ അഭാവം
- ഉല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതികരണ സംവിധാനങ്ങളുടെ അഭാവം

4.1.3.14 കാർഷിക മേഖലയിലെ ഉത്പാദന കുറവ്

- മണ്ണിൻറെ പോഷണവുമായി ബന്ധപ്പെട്ട പ്രതിസന്ധി
- രോഗ,കീട, കളകളുടെ ബാഹുല്യവും വന്യമൃഗ ആക്രമണവും
- വിജ്ഞാന വ്യാപന സംവിധാനങ്ങളുടെ പോരായ്മകൾ
- ഉയർന്ന ഉത്പാദനവും ഉല്പാദന ക്ഷമതയും ലഭ്യമാകുന്ന നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്
- ജൈവവള ഉത്പാദനത്തിൻറെ കുറവ്
- കീടനാശിനി രഹിത കാർഷിക മുറകളെക്കുറിച്ചുള്ള അജ്ഞത

4.1.3.15 മുതലമട മാംഗോ സിറ്റി

വിസ്തൃതിയിൽ മുതലമട പഞ്ചായത്തിൽ ഒന്നാം സ്ഥാനം മാവ് കൃഷിയ്ക്കാണ്. 1750 ഓളം കർഷകർ 3000 ഹെക്ടറിൽ വിവിധ ഇനം മാവ് കൃഷി ചെയ്യുന്നു. ഇതിൽ നിന്നു മാത്രം വാർഷിക വരുമാനം 300 കോടി രൂപയാണ്.

- പരമ്പാരഗതവും അശാസ്ത്രീയവുമായ കൃഷി രീതി
- വിപണനം, മൂല്യവർദ്ധനവ് എന്നിവയ്ക്കുള്ള അടിസ്ഥാന സൌകര്യമില്ലായ്മ
- പരിസ്ഥിതിക്ക് ഭീഷണിയാകുന്ന തരത്തിലുള്ള കീടനാശികളുടെ അമിതോപയോഗം
- പ്രാദേശിക വിപണിയിലൂടെ മാത്രം ഗൾഫ് നാടുകളിലേയ്ക്കുള്ള കയറ്റുമതി
- കാർഷിക യന്ത്രവത്ക്കരണത്തിൻറെ അഭാവം

4.1.3.16 വന്യജീവികളുടെ ആക്രമണം

ആന, മയിൽ, പന്നി, മാൻ, മലയണ്ണാൻ എന്നിവയുടെ ഉപദ്രവം മൂലം കൃഷി നാശം സംഭവിക്കുന്നു.

4.1.3.17 ആവശ്യങ്ങൾ/ സാധ്യതകൾ

ജലസമൃദ്ധി

- ഭാരതപ്പുഴ സംരക്ഷണം
- കാർഷികോല്പാദനത്തിൻറെ അടിസ്ഥാന ഘടകമായ ജലത്തിൻറെ സംരക്ഷണവും കാര്യക്ഷമമായ ഉപയോഗവും സാദ്ധ്യമാക്കുന്നതിനായി നീർത്തടാധിഷ്ഠിത വികസന മാതൃകകൾ പുനസൃഷ്ടിച്ച് കർഷക പങ്കാളിത്തതോടെ നടപ്പിലാക്കുക
- ഡാമുകൾ, കനാലുകൾ, ചാലുകൾ എന്നിവയിലെ മണൽമാറ്റൽ, പാർശ്വഭിത്തി ബലപ്പെടുത്തൽ, കയർ ഭൂവസ്ത്രം ഉപയോഗിക്കൽ എന്നിവ യഥാസമയം നടപ്പിലാക്കുക
- പാടങ്ങൾ കൃത്യമായി ലെവലിംഗ് ചെയ്യുന്നതും വരമ്പുകൾ ബലപ്പെടുത്തുന്നതും വഴി മണ്ണ് ജല സംരക്ഷണം ഉറപ്പാക്കാം
- വരൾച്ചയെ അതിജീവിക്കുന്ന ഇനങ്ങൾ കാർഷിക രീതികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക
- മഴവെള്ളസംഭരണത്തിനും ഭൂഗർഭ ജലസംഭരണികൾ നിറയ്ക്കുന്നതിനും പ്രാധാന്യം നൽകുകയും തന്മൂലം ജലലഭ്യത ഉറപ്പാക്കുകയും ചെയ്യുക
- തോടുകളിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് ജലസംഭരണം മെച്ചപ്പെടുത്താം
- ജലവിതരണത്തിനായി കാർഷിക കലണ്ടർ ഉണ്ടാക്കണം

നീർത്തടാധിഷ്ഠിത വികസനം

- കൃഷിഭൂമികളിലെ മണ്ണ് – ജല സംരക്ഷണ പ്രവർത്തനങ്ങൾ
- സംരക്ഷണ കൃഷിമുറകൾ
- നീർച്ചാലുകളിലെ സംരക്ഷണ പ്രവർത്തനങ്ങൾ

അടിസ്ഥാന സൌകര്യ വികസനം

- ഐ.എസ്.ആർ.ഒ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുക
- കാർഷിക മേഖലയ്ക്ക് ആവശ്യമായ ഫാം റോഡുകൾ, കാർഷിക വിള സംഭരണ കേന്ദ്രങ്ങൾ, മറ്റു അടിസ്ഥാന സൌകര്യങ്ങൾ എന്നിവ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക

കാർഷിക യന്ത്രവത്ക്കരണം

- കാര്യക്ഷമമല്ലാത്ത കാർഷിക ഉപകരണങ്ങൾ മാറ്റി മെച്ചപ്പെട്ട ഉപകരണങ്ങളും യന്ത്ര സാമഗ്രികളും വാങ്ങാൻ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം
- പാടശേഖരങ്ങളിലെ അംഗങ്ങൾക്ക് ലെവല്ലർ, പഡ്ലർ, ചിസൽപ്ലവ്, ബണ്ട്ഫോർമർ എന്നിവ ഉൾപ്പെടെയുള്ള യന്ത്രങ്ങൾ തരം ഏതായാലും എച്ച്.പി അനുസരിച്ച് കർഷകന് ആവശ്യമുള്ള യന്ത്രങ്ങൾ 75 ശതമാനം സബ്സിഡിയിൽ ലഭ്യമാക്കണം.
- കാർഷിക യന്ത്രവത്ക്കരണ മേഖലയിൽ തൊഴിൽ സേനകൾക്ക് നൈപുണ്യം പരിശീലനം നൽകുക
- നെൽകൃഷിയിൽ കളനാശിനി പ്രയോഗം ഒഴിവാക്കുന്നതിനായി യന്ത്രവത്കൃ നടീൽ, യന്ത്രവത്ക്കരണ കളനിയന്ത്രണം എന്നിവ പ്രോത്സാഹിപ്പിക്കുക.
- പഞ്ചായത്ത് തലത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്ന തൊഴിൽസേനയുടെ പ്രവർത്തന രീതികളെക്കുറിച്ച് മറ്റ് തൊഴിൽസേനകൾക്ക് ബോധവത്ക്കരണം, പരിശീലനം എന്നിവ നൽകുക. തൊഴിൽസേനകളുടെ ഉപകരണങ്ങൾ നേരെയാക്കാനും മറ്റുമുള്ള തുക അനുവദിക്കുക.
- തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ കാർഷിക കലണ്ടറിനോട് യോജിച്ചുപോകുന്ന രീതിയിലാക്കണം.
- വിജയകരവും സുസ്ഥിരവുമായ യന്ത്രവത്ക്കരണത്തിന് ആധുനിക യന്ത്രങ്ങളുടെയും കാർഷികോപകരണങ്ങളുടെയും മറ്റു ഘടക ഭാഗങ്ങളുടെയും അവശ്യവസ്തുക്കളുടെയും ലഭ്യത അത്യന്താപേക്ഷിതമാണ്.
- മലിനീകരണ ഹേതുവല്ലാത്ത യന്ത്രവല്ക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി പ്രകൃതി സമ്പത്തുക്കളായ ഭൂമി, വെള്ളം, മണ്ണിലെ പോഷകങ്ങൾ എന്നിവയുടെ സംരക്ഷണം ഉറപ്പ് വരുത്തുക.
- കർഷക സഹകരണ സംഘങ്ങളെ കാർഷിക യന്ത്രങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കൽ, കേടുപാടുകൾ തീർക്കൽ, യന്ത്രഘടകങ്ങളുടെ വിതരണം എന്നിവ ഭംഗിയായി നടപ്പിലാക്കുന്നതിന് പ്രാപ്തരാക്കുക.

- പാടശേഖര വരമ്പുകളിൽ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഊർജോല്പാദനം സാധ്യമാക്കി ഉയർന്ന പ്രവർത്തനക്ഷമതയുള്ള പമ്പുകൾ പ്രവർത്തിക്കാം. നിലവിലുള്ള എ.എസ്.സി, കെ.കെ.എസ്, എം.കെ.എസ്.പി എന്നീ പദ്ധതികളുമായി സംയോജിപ്പിക്കാം.

വിപണനം

- കാർഷികോല്പന്നങ്ങളുടെ സംഭരണത്തിനും വിതരണത്തിനുമായി കർഷക ഉല്പാദക സംഘങ്ങൾ കേന്ദ്രീകരിച്ച് സംഭരണ – സംസ്കരണ മൂല്യവർദ്ധിത ഉല്പന്ന വിപണന ശൃംഖല ആവശ്യമാണ്.
- കോൾഡ് സ്റ്റോറേജ്, കൂൾ ചേമ്പർ, പഴങ്ങളും പച്ചക്കറികളും കൈകാര്യം ചെയ്യുന്നതിന് സൌകര്യമൊരുക്കുന്ന കോൺക്രീറ്റ് തറകൾ തുടങ്ങിയ അടിസ്ഥാന സൌകര്യങ്ങൾ വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക വിപണികളിൽ സൃഷ്ടിക്കുക.
- ധാന്യവിപണികൾക്ക് ലേല പ്ലാറ്റ്ഫോമുകൾ നിർമ്മിക്കണം.
- നേരിട്ടുള്ള വിപണനം മെച്ചപ്പെടുത്തുന്നതിന് ചില്ലറ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങണം.
- നിലവിലുള്ള ഗോഡൌണുകൾ മില്ലുകൾ എന്നിവയെക്കുറിച്ചുള്ള ഡാറ്റാബേസ് സർവ്വേ മുഖേന തയ്യാറാക്കുക.
- കാർഷികോല്പന്നങ്ങളുടെ വിലനിലവാരം ലഭ്യമാക്കാനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഒരു വിപണി ഗവേഷണ വിവര ശൃംഖല നടപ്പിലാക്കുക.
- സഹകരണ മേഖലയിൽ 50-100 മെട്രിക് ടൺ സംഭരണ ശേഷിയുള്ളവ, പാടശേഖരാടിസ്ഥാനത്തിൽ 10-50 മെട്രിക് ടൺ സംഭരണ ശേഷിയുള്ളവ, കർഷകർക്ക് 10 മെട്രിക് ടൺ വരെ സംഭരണ ശേഷിയുള്ള ഗോഡൌണുകൾ നിർമ്മിക്കണം. നിലവിലുള്ള ഗോഡൌണുകൾ ജില്ലാ – ബ്ലോക്ക് തലത്തിൽ വാടകയ്ക്ക് നൽകുന്നതിന് സംവിധാനമൊരുക്കണം.
- പ്രാദേശിക റൈസ് മില്ലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക.
- കർഷകർക്ക് നെല്ല് സംഭരണം നടത്താനും തുക ഉടനെതന്നെ ലഭ്യമാക്കുന്നതിനും പ്രവർത്തനക്ഷമമായ സംവിധാനങ്ങൾ ഒരുക്കുക
- ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് മുൻതൂക്കം കൊടുത്ത് വിപണനം മെച്ചപ്പെടുത്തുക. (ഉദാ : നെല്ല് – അരി, അരിപ്പൊടി, ഇഡ്ഡലി, ദോശ മാവ്, അവിൽ, തവിടോടുകൂടിയ അരി എന്നിവ)
- വിലകൂടുതൽ ലഭിക്കുന്ന ബസുമതി, ജീരകശാല, ഗന്ധശാല, ഞവര നെല്ല് എന്നിവ പ്രോത്സാഹിപ്പിക്കുക
- നിലവിലുള്ള അരിമില്ലുകൾ, പ്രവർത്തനം നിർത്തിയ മില്ലുകൾ, പൂട്ടി കിടക്കുന്ന അരിമില്ലുകൾ എന്നിവയെ പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.
- ജില്ലയിൽ ആലത്തൂരിൽ സ്ഥിതി ചെയ്യുന്ന മോഡേൺ റൈസ് മിൽ പ്രവൃത്തിപ്പിയ്ക്കുവാൻ നടപടികൾ സ്വീകരിക്കുക.

ഉത്പാദന വർദ്ധനവ്

- പാലക്കാടിന് പറ്റിയ ഇനം ഹ്രസ്വകാല –മദ്ധ്യകാല മൂപ്പുള്ള പുതിയ നെൽവിത്തിനങ്ങൾ, വരളച്ചയെ പ്രതിരോധിക്കുന്ന ഇനങ്ങൾ, കാറ്റത്ത് വീഴാത്ത ഇനങ്ങൾ എന്നിവ ആവശ്യത്തിനായി ജില്ലയിലെ ഫാമുകൾ, ആർ.എസ്.ജി.പി, വിത്ത് ഗ്രാമം എന്നിവ വഴി ഉത്പാദിപ്പിക്കണം.

- പാലക്കാട് ജില്ലയ്ക്ക് മാത്രമായി ഒരു വിജ്ഞാന വ്യാപന കേന്ദ്രം അത്യാവശ്യമാണ്
- പഞ്ചായത്ത് തലത്തിൽ വിത്ത് ബാങ്കുകൾ രൂപീകരിക്കണം
- ജൈവ കൃഷി രീതി അവലംബിച്ച് മാലിന്യസംസ്കരണം ഉറപ്പാക്കുക
- കൃഷി വകുപ്പിന്റെ അനുവാദത്തോടെ പ്രാദേശികമായി കർഷകർ തന്നെ ഉൽപ്പാദിപ്പിച്ച ഗുണമേന്മയുള്ള വിത്തുകൾ കർഷർക്ക് ഇടയിൽ വിതരണം നടത്തുന്നതിന് പഞ്ചായത്ത് തലത്തിൽ സാമ്പത്തിക സഹായം നല്കുക.
- വിത്ത് , വളം, സസ്യസംരക്ഷണ ഉപാധികൾ എന്നിവയ്ക്കുള്ള ധനസഹായ തുക വർദ്ധിപ്പിക്കണം.
- വിള ആരോഗ്യ പരിപാലനത്തിനായി ബ്ലോക്ക് തലത്തിൽ പ്രത്യേക യൂണിറ്റും, ഉദ്യോഗസ്ഥ ക്രമീകരണവും വേണം. ഇതിലൂടെ ഉത്പാദിപ്പിക്കുന്ന ജൈവ-ജീവാണു ഉത്പന്നങ്ങൾ വനിതാ ഗ്രൂപ്പിലൂടെ വിതരണം നടത്തണം.
- ഓരോ സീസണിലും ആരംഭത്തിലും ഇടസമയത്തുമായി വിള ആരോഗ്യ ക്യാമ്പുകൾ നടത്തുന്നതിനും, അടിയന്തിര ഘട്ടങ്ങളിൽ വിവരങ്ങൾ, നിയന്ത്രണ മാർഗ്ഗങ്ങൾ, ഉപാധികൾ എന്നിവ കർഷകരിലെത്തിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

<u>വന്യജീവികളിൽ നിന്നുള്ള സംരക്ഷണം</u>

- വന്യജീവികൾക്കാവശ്യമായ ഭക്ഷ്യവസ്തുക്കൾ വനത്തിൽ തന്നെ ഉത്പാദിപ്പിച്ച് ലഭ്യമാക്കുക.
- വനമേഖലയിലെ ജലസംരക്ഷണം ഉറപ്പാക്കുക.
- സോളാർ/ഇലക്ട്രിക് ഫെൻസിംഗ് പ്രാവർത്തികമാക്കുന്നതിന് സബ്സിഡി അനുവദിക്കുക.
- കൃഷിഭൂമി വന്യജീവി ആക്രമണത്തിൽ നിന്നും സംരക്ഷിക്കുന്നതിനായി നവീന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കുക.
- വിള ഇൻഷൂറൻസ് പദ്ധതിയിൽ പ്രീമിയം ഇനത്തിൽ സർക്കാർ വിഹിതം കൂടി ഉൾപ്പെടുത്തുക.

4.1.3.18 <u>വികസന സാധ്യതകൾ</u>

- ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി ജില്ലയിലെ 69 % ഭൂപ്രദേശങ്ങളും ഉള്പ്പെടുന്ന 512 മൈക്രോ വാട്ടര്ഷെഡുകളിലായി 3180 ചതുരശ്ര മീറ്റര് വിസതൃതി വരുന്ന ബൃഹ്ത് പദ്ധതി ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ (കൃഷി, ജലസേചനം, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാമവികസനം) ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത് മണ്ണ് –ജല ജൈവവൈവിധ്യ സംരക്ഷണത്തിനും, സമഗ്ര വികസനത്തിനും ഇടയാക്കും.
- മണ്ണ് പരിശോധന (സോയിൽ ഹെൽത്ത് കാർഡ്) നിർദ്ദേശാനുസരണം കൃഷി ലാഭകരമാക്കാം.
- മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്നതിന് മുൻഗണന നല്കുക.
- ജില്ലയിലെ എല്ലാ ജലസ്രോതസ്സുകളുടെയും പുനരുദ്ധാരണവും സംരക്ഷണവും നടപ്പിലാക്കുക.
- തൽസ്ഥാന മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ വഴി പരമാവധി മഴവെള്ളം ഭൂമിയ്ക്കടിയിലെ ജലസ്രോതസ്സുകളിൽ സംഭരിക്കുക.
- മണ്ണിൻറെ ഭൂക്ഷമത അനുസരിച്ചുള്ള ശാസ്ത്രീയ ഭൂവിനിയോഗം നടപ്പിലാക്കുക.

4.1.3.19 മേഖലയിലെ ഉത്പാദനം

നെല്ല്

- നിലവിലെ നെൽപാടങ്ങൾ നിലനിർത്തുകയും, കൃഷി ഇറക്കാത്ത പാടശേഖരങ്ങളിൽ കൃഷിയിറക്കുകയും, പാട്ടത്തിന് സ്ഥലമെടുത്ത് കൃഷി ചെയ്യുന്നതിന് പ്രോത്സാഹിപ്പിക്കുകയും, നിശ്ചിത വിസ്തൃതിയിൽ ഒരു വിള എന്നതു മാറ്റി രണ്ട് വിളയിറക്കുകയും അത് പിന്നീട് മൂന്ന് ആക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാം.
- തരിശ് നിലത്തിലെ നെൽകൃഷി, കരനെൽകൃഷി എന്നിവ അനുവർത്തിക്കുന്നതിലൂടെ സുസ്ഥിരത ഉറപ്പ് വരുത്തുക.
- ഉത്പാദനശേഷി കൂടിയ വിത്തിനങ്ങൾ കർഷകരിൽ എത്തിക്കുക.
- സംഘകൃഷി പ്രോത്സാഹിപ്പിക്കുക.
- മണ്ണ് പരിശോധന ഫലത്തെ അടിസ്ഥാനമാക്കി സമഗ്ര പോഷക പരിപാടി, സമഗ്ര- രോഗ നിയന്ത്രണ പരിപാടി എന്നിവ നടപ്പിലാക്കുക.
- സുരക്ഷിത കൃഷിരീതിയ്ക്ക് ആവശ്യമായ ഉത്പാദനോപാധികൾ കർഷകർക്ക് പെട്ടെന്ന് ലഭ്യമാക്കുന്ന രീതിയിൽ കൃഷിഫാമുകൾ സജ്ജമാക്കണം.
- നെല്ലുൽപാദന ക്ഷമത ഒരു ഹെക്ടറിന് 7 ടൺ ആയി ഉയർത്തുക, പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തികൊണ്ട് സുരക്ഷിത നെൽകൃഷി രീതി നടപ്പിലാക്കുകയും ഉൽപ്പാദന ചെലവ് കുറയ്ക്കുകയും ചെയ്യുക.
- അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകൾ ശരിയായ അളവില് ശരിയായ സമയത്ത് കർഷകർക്ക് ലഭ്യമാക്കി ഉത്പാദനം വർദ്ധിപ്പിക്കുക.
- യന്ത്രവത്ക്കരണം, അടിസ്ഥാനസൌകര്യ വികസനം എന്നിവ മെച്ചപ്പെടുത്തുക.
- നെൽപ്പാടത്തെ വരമ്പുകളിൽ പുഷ്പ-പയറുവർഗ്ഗ പച്ചക്കറി കൃഷിയിറക്കി ജൈവവൈവിദ്ധ്യം സംരക്ഷിക്കുകയും കീടരോഗ നിയന്ത്രണം സാദ്ധ്യമാക്കുകയും ചെയ്യുക.
- വന്യജീവികളുടെ ആക്രമത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുക.
- നെൽപ്പാടത്ത് സാങ്കേതിക വിദ്യകൾ പ്രചരിപ്പിക്കുന്നതിന് വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തണം.
- വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തണം, അരിമില്ലുകൾ പുനരുദ്ധരിക്കുകയും മൂല്യനിർണ്ണയം നടത്തുകയും ചെയ്യുക.

നാളികേരം

- കരിക്കിൻറെ വർദ്ധിച്ചുവരുന്ന ആവശ്യത്തിന് അനുസൃതമായി 25 ശതമാനം കരിക്ക് ഉല്പാദനത്തിന് ഉതകുന്ന പൊക്കം കുറഞ്ഞ ഇനങ്ങൾ നെടിയ ഇനങ്ങൾക്ക് ഇടയിൽ നടുന്നതുമായ രീതി പ്രോത്സാഹിപ്പിക്കുക. കൃഷിവകുപ്പിൻറെ ഫാമുകളിൽ തെങ്ങിൻ തൈ ലഭ്യമാക്കണം.
- സങ്കരയിന നാളികേരങ്ങളുടെ ഉത്പാദനം, വിതരണം എന്നിവ ഗവേണഷണ കേന്ദ്രങ്ങൾ, സർക്കാർ ഫാമുകൾ എന്നിവയിൽ നിന്ന് ഉണ്ടാകണം. തുടർന്നുള്ള വംശവർദ്ധനവ് കേരഗ്രാമ പദ്ധതികളിലെ അംഗീകൃത നഴ്സറികളിൽ നടപ്പിലാക്കണം.

- തെങ്ങിൻതോട്ടങ്ങളിലെ ലഭ്യമാകുന്ന സ്ഥലം പരമാവധി ഉപയോഗിക്കുന്നതിനായി ഇഞ്ചി, മഞ്ഞൾ, ഓഷധ സസ്യങ്ങൾ, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, ജാതി, കൊക്കോ, കുരുമുളക് എന്നിവ അടങ്ങുന്ന ബഹുനില കൃഷിരീതി ഉപയോഗിക്കാം.
- രോഗ-കീട ബാധയാൽ പൂർണ്ണമായി നശിച്ചതോ, പ്രായാധിക്യത്താൽ വിളവ് കുറഞ്ഞതോ ആയ തെങ്ങുകൾ പൂർണ്ണമായും മാറ്റി ആ സമയത്ത് ഉണ്ടാകുന്ന വരുമാനമില്ലായ്മ അതിജീവിക്കാൻ കർഷകരെ പ്രാപ്തരാക്കുന്ന രീതിയിൽ മറ്റ് വിളകൾ, പശു വളർത്തൽ, മീൻ വളർത്തൽ, കോഴി വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുകയും, സംയോജിത കൃഷിയിടം മാതൃകയിൽ ഇത്തരം സ്ഥലങ്ങളെ മാറ്റിയെടുക്കുകയും ചെയ്യുക.
- നീര ഉത്പാദനത്തിന് പ്രാധാന്യം നൽകുക
- പച്ചത്തേങ്ങ സംഭരണം, ഉത്പന്ന വൈവിദ്ധ്യവത്കരണം എന്നിവ പ്രോത്സാഹിപ്പിക്കണം.
- കർഷകരെയും, ഭക്ഷ്യസംസ്കരണ രംഗത്ത് പ്രവർത്തിക്കുന്നവരെയും, ചില്ലറ വിൽപനക്കാരെയും ഒരു കുടക്കീഴിൽ കൊണ്ടുവന്ന് കാർഷികോല്പാദനത്തെ വിപണന ശൃംഖലയുമായി ബന്ധപ്പെടുത്തുക.

<u>പച്ചക്കറി</u>

- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി, വിദ്യാലയങ്ങളിലെ പച്ചക്കറിത്തോട്ടം, സംഘം പച്ചക്കറി കൃഷി, ജൈവപച്ചക്കറി കൃഷി, കൂത്യതാ കൃഷി, ഫെർട്ടിഗേഷൻ, സംരക്ഷിതകൃഷി എന്നിവ പ്രോത്സാഹിപ്പിക്കണം.
- ഹൈബ്രിഡ് വിത്തുകൾ ലഭ്യമാക്കണം
- പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ മുഖേന ചില്ലറ വിപണന കേന്ദ്രങ്ങൾ നടപ്പിലാക്കുക
- സംഭരണം – വിപണനം-വിതരണം എന്നിവയ്ക്കായി ജില്ലയിൽ വിപുലമായ രീതിയിൽ വിപണി ഉണ്ടാക്കുക. കർഷക ഗ്രൂപ്പുകൾ/സൊസൈറ്റികൾ എന്നിവരുടെ സഹകരണത്തോടെ പ്രത്യേകം മാനവ വിഭവശേഷി ഉൾപ്പെടുത്തി കോൾഡ് സ്റ്റോറേജ്, ഫ്രീസർ വാനുകൾ തുടങ്ങിയ ആധുനിക സൌകര്യങ്ങളോടു കൂടിയ വിപണിയും മൂല്യവർദ്ധനവിനായി സി.എഫ്.ടി.ആർ.ഐ സാങ്കേതിക വിദ്യയെക്കുറിച്ച് അറിവും പരിശീലനവും നൽകണം. ഡെമോൺസ്ട്രേഷനുകൾ, കൃഷിയിടങ്ങൾ, ഗവേഷണ കേന്ദ്രങ്ങൾ എന്നിവയിലേയ്ക്കുള്ള സന്ദർശനങ്ങൾ എന്നിവയും ഉണ്ടാകണം.
- പമ്പ് സെറ്റ് സ്പ്രേയർ, സോളാർ - ഫെറോമോൺ കെണികൾ വിതരണം, സംയോജിത കീടരോഗ പരിപാലനം, സംയോജിത വളപ്രയോഗം, വിള ആരോഗ്യ പരിപാലനം എന്നിവ ഉറപ്പാക്കണം.

<u>വാഴ</u>

- അതിസാന്ദ്രതാ രീതിയിലുള്ള കൃഷിരീതി പ്രോത്സാഹിപ്പിക്കുകയും, ആധുനിക സാങ്കേതിക വിദ്യകൾക്ക് ഗവേഷണങ്ങൾ, പ്രദർശനത്തോട്ടങ്ങൾ, സെമിനാറുകൾ, പരിശീലനങ്ങൾ, കൃഷി സ്ഥല സന്ദർശന പരിപാടികൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകണം.
- വാഴ ഉത്പാദക മേഖലകൾ കേന്ദ്രീകരിച്ച് ഉത്പാദക സംഘങ്ങൾ രൂപീകരിക്കുകയും അതുവഴി പുതിയ ഇനം നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും, വി.എഫ്.പി.സി.കെ മാതൃകയിൽ ബ്ലോക്ക്തലത്തിൽ വിപണന കേന്ദ്രങ്ങൾ തുടങ്ങുകയും ചെയ്യുക.
- വാഴയിൽ നിന്നും ലഭിക്കുന്ന വിവിധ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

മാവ്

- കേരളത്തിലെ പ്രസിദ്ധമായ പരമ്പരാഗത മാവിനങ്ങളുടെ ജൈവവൈവിദ്ധ്യം സംരക്ഷിക്കുന്നതിനും, മാവ് അടിസ്ഥാനമാക്കി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ ഒരു ഗവേഷണ സ്ഥാപനം (മാംഗോ ഹബ്) മുതലമടയിൽ സ്ഥാപിക്കണം. അതുവഴി വിപണനത്തിലും, മൂല്യവർദ്ധനവിലും പുരോഗതിയുണ്ടാകുന്നു.
- വിളനഷ്ടവും, വിലനഷ്ടവും പരിഹരിക്കുന്നതിനായി പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷയും സഹായ പദ്ധതികളും വേണം.
- ഗുണമേന്മയുള്ള വിവിധ മാവ് ഇനങ്ങളുടെ നടീൽ വസ്തുക്കൾ ലഭ്യമാക്കണം.
- ''സേഫ് ടു ഈറ്റ്'' ആശയത്തിന് മാവ് കൃഷിയിൽ മുൻഗണന നൽകുകയും, നിലവിലുള്ള ഉത്പാദന ക്ഷമതയായ 10 മെട്രിക് ടണ്ണിൽ നിന്നും 15 മെട്രിക് ടൺവരെ ഉത്പാദന ക്ഷമത ഉയർത്താൻ സാധിക്കും.
- ''മാംഗോ നെറ്റ്'' വ്യാപിക്കുന്നതു വഴി കൂടുതൽ കർഷകരെ വിപണിയിൽ രജിസ്റ്റർ ചെയ്യാനും യൂറോപ്യൻ രാജ്യങ്ങളിലേയ്ക്ക് കൂടി മാങ്ങ കയറ്റി അയക്കാനും സാധിക്കും
- കർഷകർക്ക് /ഗ്രൂപ്പുകൾക്ക് ഗോഡൌണുകൾ, കോൾഡ് സ്റ്റോറേജ്, റൈപ്പനിംഗ് ചേമ്പറുകൾ എന്നിവ കൂടുതൽ സഹായത്തോടെ അനുവദിക്കണം.
- കണികജലസേചനം, ഫെർട്ടിഗേഷൻ എന്നിവ പ്രോത്സാഹിപ്പിക്കണം.
- ''റെഡി ടു സെർവ് '' ഇനങ്ങളിൽ മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യൂണിറ്റുകൾ, പരിശീലനങ്ങൾ എന്നിവ അനുവദിക്കണം.
- നിലവിലുള്ള വാർഷിക വരുമാനമായ 300 കോടി രൂപ 750 കോടി രൂപയായി ഉയർത്താൻ കഴിയും.

മറ്റ് പഴവർഗ്ഗങ്ങൾ

- അന്യം നിന്നു പോകുന്ന പഴവർഗ്ഗങ്ങളുടെ തൈകൾ ഉത്പാദിപ്പിച്ച് തരിശ് പ്രദേശങ്ങളിലും കനാൽ വരമ്പുകളിലും കൃഷിചെയ്ത് പഞ്ചായത്തുകളെ ഹരിതാഭമാക്കാവുന്നതാണ്.
- വീട്ടുവളപ്പിൽ പഴവർഗ്ഗകൃഷി പ്രോത്സാഹിപ്പിക്കുന്നതിൻറെ ഭാഗമായി നടീൽ വസ്തുക്കൾ അടങ്ങിയ കിറ്റുകളും, പരിശീലനവും നൽകുക.

കിഴങ്ങുവർഗ്ഗങ്ങൾ

- വീട്ടുവളപ്പിലെ കിഴങ്ങു വർഗ്ഗങ്ങൾ നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് നടീൽ വസ്തുക്കൾ നൽകുന്ന മിനികിറ്റ് പദ്ധതികൾ നടപ്പിലാക്കണം.
- ചെറുകിഴങ്ങ് വർഗ്ഗങ്ങളുടെ വൈവിദ്ധ്യവത്കരണവും മൂല്യവർദ്ധനവും ഉറപ്പാക്കണം.

സുഗന്ധ വ്യഞ്ജന വിളകൾ

- ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ വിതരണം ചെയ്ത് ഉയർന്ന ഉല്പാദനവും, ഉത്പാദന ക്ഷമതയും ഉറപ്പ് വരുത്തുക.

- പ്രാദേശിക ഇനങ്ങൾ പ്രോത്സാഹിപ്പിക്കുകയും, കരുമുളക് തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്യുക.
- കേരള കാർഷിക സർവകലാശാലയുടെ സഹായത്തോടെ ഉല്പാദന വർദ്ധനവ് പാക്കേജുകൾ പ്രചരിപ്പിക്കാം.
- സുഗന്ധ വ്യഞ്ജന വിളകളുടെ നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും ലഭ്യമാക്കുന്നതിന് സ്പൈസസ് കേന്ദ്രം രൂപീകരിക്കണം.

എണ്ണക്കുരുക്കൾ

- നിലക്കടല, എള്ള് കൃഷി എന്നിവ മൂന്നാംവിളയായി നിലങ്ങളിൽ കൃഷിചെയ്യുന്നതിന് ആനുകൂല്യം അനുവദിക്കണം.

ജൈവ കൃഷി

- സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിനായി ജൈവകൃഷി നടപ്പിലാക്കണം
- രാസവള കീടനാശിനി പ്രയോഗം ഒഴിവാക്കി വിഷമുക്തമായ കാർഷികോല്പന്നങ്ങൾ ലഭ്യമാക്കുക
- ജൈവ ഉല്പന്നങ്ങൾക്കായി വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക
- പ്രോത്സാഹന ധനസഹായങ്ങൾ ലഭ്യമാക്കുക

പുഷ്പകൃഷി

- പുഷ്പകൃഷി വികസനം സുഗമമാക്കാൻ മാതൃകാ നഴ്സറികൾ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ സ്ഥാപിക്കാം.
- പുഷ്പകൃഷി വ്യവസായത്തിലേർപ്പെട്ടിട്ടുള്ളവരെ അംഗങ്ങളാക്കി കർഷക ഉത്പാദക സംഘങ്ങൽ രൂപവത്ക്കരിക്കാം.
- ചെറുകിട- നാമമാത്ര കർഷകരെയും, സ്ത്രീകളെയും പുഷ്പകൃഷിയിലൂടെ അവരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും തൊഴിലവസരങ്ങൽ മെച്ചപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കാം.
- പുഷ്പകൃഷി കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഇനങ്ങളെക്കുറിച്ച് അറിയുന്നതിനം, മറ്റു പരിശീലനങ്ങളും, വിപണന സൌകര്യങ്ങളും ഒരുക്കികൊടുക്കാം.
- പ്രകൃതിക്ഷോഭത്തെ പ്രതിരോധിക്കാൻ പുഷ്പകർഷകർക്കായി ഇൻഷൂറൻസ് സംവിധാനം ഏർപ്പെടുത്താം.

ഔഷധ സസ്യകൃഷി

- അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ വിതരണം ശാസ്ത്രീയമായ ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കാം.
- ഔഷധങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളുടെ സുസ്ഥിരമായ ഉത്പാദന വിതരണത്തിന് അനുയോജ്യമായ രീതിയിൽ ഉടമ്പടി കൃഷി രീതി പ്രയോജനപ്പെടുത്താം.
- ഗവൺമെൻറ് ഫാമുകളിൽ ഔഷധ സസ്യങ്ങളുടെ ക്രോപ്പ് മ്യൂസിയം തുടങ്ങി, നല്ലയിനം തൈകൾ വിതരണം ചെയ്യാം.
- ഔഷധ സസ്യ കർഷകരുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വിപണനം ശക്തിപ്പെടുത്താം.

ചെറുധാന്യകൃഷി

- ചെറുധാന്യങ്ങൾ വളരെ പ്രചാരത്തിലുണ്ടായിരുന്ന സ്ഥലങ്ങളിൽ അവ പുനരാവിഷ്കരിക്കാനുള്ള പരിപാടികൾ തുടങ്ങണം. ഇപ്പോൾ അട്ടപ്പാടി മേഖലയിൽ ആരംഭിച്ചിട്ടുള്ള മില്ലറ്റ് വില്ലേജ് മാതൃകയിൽ മറ്റിടങ്ങളിലേയ്ക്കും വ്യാപിപ്പിക്കണം.

പയർവർഗ്ഗ വിളകൃഷി

- പരമ്പരാഗതമായ പ്രദേശങ്ങളിലും പുതിയ ഇടങ്ങളിലും നെൽപാടങ്ങൾ പ്രയോജനപ്പെടുത്തി പയറുവർഗ്ഗ കൃഷി പ്രചരിപ്പിക്കാം.
- വിവിധയിനം പയർവർഗ്ഗ വിള വിത്തുകൾ കർഷകരിൽ എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കാം.

കരിമ്പ് കൃഷി

- കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം ഉറപ്പാക്കണം
- ശർക്കര നിർമാണത്തിനുള്ള പദ്ധതികൾ, ചെറുകിട ക്രഷിംഗ് യൂണിറ്റുകൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണം.

തേൻ ഉത്പാദനം

- തേൻ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനായി സ്ത്രീകൾക്കും, ചെറുപ്പക്കാർക്കും നാമമാത്ര കർഷകർക്കും സ്വയം സഹായ സംഘങ്ങൾക്കും അനുയോജ്യമായ ഉപജീവന മാർഗ്ഗമായി തേനീച്ച വളർത്തൽ പ്രചരിപ്പിച്ച് വരുമാനം ഇരട്ടിപ്പിക്കാം. ഗുണനിലവാരമുള്ള തേനുല്പാദനം കൂടാതെ ഒരു പരിധി വരെ തൊഴിലില്ലായ്മയ്ക്കും ഇത് പരിഹാരമാകും.

4.1.3.20 മണ്ണിൻറെ ആരോഗ്യ പരിപാലനം

- മണ്ണിനെ പരിപോഷിപ്പിക്കുന്നതിൻറെ ഭാഗമായി മണ്ണ് പരിശോധന നിർബന്ധമാക്കി, ആയതിൻറെ അടിസ്ഥാനത്തിൽ വളപ്രയോഗം നടപ്പിലാക്കാവുന്നതാണ്.
- ജൈവ വളങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് മാലിന്യ സംസ്കരണം നടത്തി ബ്ലോക്ക് തലത്തിൽ ജൈവ വളങ്ങളുടെ യൂണിറ്റുകൾ സ്ഥാപിക്കാം.
- പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചിലവളവിത്തുകൾ വിതരണം ചെയ്യാം
- നീർമറി പ്രദേശത്തിൻറെ അടിസ്ഥാനത്തിൽ മണ്ണൊലിപ്പ് തടയാനുള്ള നടപടികൾ കൈക്കൊള്ളാം
- കൃഷി, മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുടെ സംയോജിത പ്രവർത്തനം ഉറപ്പാക്കുക
- മണ്ണിൻറെ ഭൂക്ഷമത അനുസരിച്ചുള്ള ശാസ്ത്രീയ ഭൂവിനിയോഗം നടപ്പിലാക്കുക

4.1.3.21 സംയോജിത കൃഷി രീതി

- നാമമാത്ര – ചെറുകിട കർഷകനും സ്ഥിരവരുമാനം ലഭിക്കുന്നതിനായി സംയോജിത കൃഷിരീതി പ്രോത്സാഹിപ്പിക്കാം

- സംയോജിത കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിലൂടെ വിഷരഹിത ഉത്പന്നങ്ങൾ ലഭ്യമാക്കി ആരോഗ്യം സംരക്ഷണവും ഉറപ്പാക്കാം.
- വിവിധ കൃഷികൾ, മൃഗസംരക്ഷണം, മത്സ്യകൃഷി വികസനം, തേനീച്ച വളർത്തൽ തുടങ്ങിയ മേഖലകളെല്ലാം സംയോജിപ്പിച്ച് ചെറുകിട കർഷകർക്ക് സ്ഥിരമായ വരുമാനം ലഭിക്കാൻ ഉതകുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യണം.

4.1.3.22 ഊഷര ഭൂമി കൃഷി

- ഊഷര ഭൂമി കൃഷിയ്ക്കായി മെച്ചപ്പെട്ടയിനം കുരുമാവിൻ തൈകൾ ഘട്ടംഘട്ടമായി വച്ചു പിടിപ്പിച്ച് കുരുമാവിൻറെ ഉത്പാദനവും ഉത്പാദന ക്ഷമതയും വർദ്ധിപ്പിക്കാം.

4.1.3.23 ഉപയോഗ ശൂന്യമായ നിലങ്ങൾ ഉപയുക്തമാക്കൽ

- കൃഷിയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ മറ്റ് മരങ്ങൾ വെച്ച് പിടിപ്പിച്ച് സാമൂഹ്യ വനവൽക്കരണത്തെ പ്രോത്സാഹിപ്പിക്കാം.

.....

4.2 മൃഗസംരക്ഷണം, ക്ഷീരവികസനം

4.2.1 ആമുഖം

4.2.1.1 ദാരിദ്ര നിർമ്മാർജ്ജനത്തിനുള്ള ഫലപ്രദമായ ഒരു പോംവഴിയായാണ് ലോകത്താകമാനം മൃഗസംരക്ഷണ മേഖലയെ നോക്കി കാണുന്നത്. രാജ്യത്തിന്റെ ദേശീയ വരുമാനത്തിലും സാമൂഹ്യ സാമ്പത്തിക വികസനത്തിലും മൃഗസംരക്ഷണ മേഖലയുടെ പങ്ക് നിർണ്ണായകമാണ്. ഈ മേഖല ജനങ്ങൾക്ക് നല്കുന്ന തൊഴിലവസരങ്ങളും, സംരംഭസാധ്യതകളും നിരവധിയാണ്. ഗാർഹിക വരുമാനത്തിലും അതുവഴി സുസ്ഥിര വികസനത്തിലും സർവ്വോപരി സ്ത്രീശാക്തീകരണത്തിലും മൃഗസംരക്ഷണ മേഖലയുടെ പങ്ക് വളരെ വലുതാണ്.

4.2.1.2 പത്തൊമ്പതാം കന്നുകാലി സെൻസ്സ് പ്രകാരം പാലക്കാട് ജില്ലയിൽ 293467 കന്നുകാലികളും, 3512994 വളർത്തു പക്ഷികളുമാണുള്ളത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്നത് പാലക്കാട് ജില്ലയിലാണ്. മൃഗസംരക്ഷണ വകുപ്പിനും, ക്ഷീരവികസന വകുപ്പിനും പുറമെ വിവിധ പദ്ധതികളുടെ പരിണിതഫലമാണ് ജില്ലയിലെ ഉയർന്ന പാൽ ഉൽപ്പാദനവും വർദ്ധിച്ച ഉൽപ്പാദന ക്ഷമതയും പാൽ ഉല്പാദനത്തിൽ ജില്ല സ്വയം പര്യാപ്തമാണെങ്കിലും സംസ്ഥാനതലത്തിൽ ഈ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ജില്ലയിൽ ഇനിയും പാലു ഉല്പ്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

4.2.1.3 ജില്ലയിലെ പ്രതിദിന ശരാശരി പാലുൽപ്പാദനം 707500 ലിറ്റർ ആണ്. പ്രതിവർഷ ഉൽപ്പാദനം 2.58 ലക്ഷം മെട്രിക് ടൺ ആണ്. കേരളത്തിന്റെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് മൃഗസമ്പത്തിന്റെ കാര്യത്തിലും ഒന്നാമതുതന്നെയാണ്. ആകെ 7.98 ലക്ഷം എണ്ണം മുട്ടക്കോഴികളാണ് ജില്ലയിൽ ഉള്ളത്. ഏകദേശം 1.7 കോടിയാണ് പാലക്കാട് ജില്ലയിലെ പ്രതിവർഷ മുട്ട ഉത്പാദനം.

4.2.2 നിലവിലെ അവസ്ഥ

എ) കന്നുകാലി സെൻസസ്

കന്നുകാലികളിൽ 175095 പശുക്കൾ, കാളക്കുട്ടികൾ എന്നിവയും, 9191 എരുമകൾ പോത്തുകൾ എന്നിവയും 113031 ആടുകളുമാണുള്ളത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പശുക്കൾ കാളക്കുട്ടികൾ എന്നിവ ഉള്ളത് പാലക്കാട് ജില്ലയിൽ ആണ്. ആകെയുള്ളതിന്റെ 12.49%. ജില്ലയിൽ 65405 കർഷകകുടുംബങ്ങളുടെ തൊഴിൽ പശുവളർത്തൽ തന്നെയാണ്. എരുമ / പോത്ത് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് 3547 പേരാണ്. 25,302 പേർ ആട് വളർത്തലിലും, 132 കർഷകർ പന്നിവളർത്തലിലും 1,38,777 പേർ കോഴിവളർത്തലിലും ഏർപ്പെട്ടിരിക്കുന്നു.

പട്ടിക 4.2.1

ബ്ലോക്ക് തല കന്നുകാലി സെൻസസ്

ക്രമ നം	ബ്ലോക്ക്	കന്നുകാലികളുടെ എണ്ണം
1	ചിറ്റൂർ	25493
2	ഒറ്റപ്പാലം	16947

3	പാലക്കാട്	13684
4	അട്ടപ്പാടി	13493
5	ശ്രീകൃഷ്ണപുരം	12879
6	ആലത്തൂർ	12842
7	കുഴൽമന്ദം	12470
8	മണ്ണാർക്കാട്	12383
9	കൊല്ലങ്കോട്	12374
10	മലമ്പുഴ	11434
11	നെന്മാറ	10412
12	തൃത്താല	8528
13	പട്ടാമ്പി	6751

അവലംബം : 19 മത് കന്നുകാലി സെൻസസ് 2012

ചിത്രം 4.2.1



അവലംബം : 19 മത് കന്നുകാലി സെൻസസ് 2012

ചിത്രം 4.2.2



അവലംബം : 19 മത് കന്നുകാലി സെൻസസ് 2012

1. **പശുക്കൾ**

ജില്ലയിൽ 1,75,095 പശുക്കൾ/കാളക്കുട്ടികൾ ഉണ്ട് ഇവയിൽ 31586 എണ്ണം കാളകളും, 1,43,509 എണ്ണം പശുക്കളുമാണ്. ബ്ലോക്ക് തലത്തിൽ ഏറ്റവും കൂടുതൽ കന്നുകാലികൾ ഉള്ളത് **ചിറ്റൂർ ബ്ലോക്കിലാണ്.** ചിറ്റൂർ ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 25,493 കന്നുകാലികൾ ആണ് ഉള്ളത്. പശുക്കളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനം **ഒറ്റപ്പാലം ബ്ലോക്കിനാണ്.** വിവിധ പഞ്ചായത്തുകളിലായി 16,947 പശുക്കളാണ് ഇവിടെ ഉള്ളത്. 13,684 പശുക്കളുമായി **പാലക്കാട് ബ്ലോക്ക്** മൂന്നാം സ്ഥാനത്തും, 13,493 പശുക്കളുമായി **അട്ടപ്പാടി ബ്ലോക്ക്** നാലാം സ്ഥാനത്തും നില കൊള്ളുന്നു. ഏറ്റവും കുറവ് കന്നുകാലികൾ ഉള്ളത് പട്ടാമ്പി ബ്ലോക്കിലാണ്. വിവിധ പഞ്ചായത്തുകളിലായി 6,751 പശുക്കളാണ് ഇവിടെ ഉള്ളത്. പാലക്കാട് ജില്ലയുടെ കിഴക്കൻ മേഖലയിൽ സ്ഥിതി ചെയ്യുന്ന അഗളി, പുതൂർ, ഷോളയൂർ, പുതുശ്ശേരി, മുതലമട, പെരുമാട്ടി, കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലാണ് ഏറ്റവും കൂടുതൽ പശുക്കൾ ഉള്ളത്. ജില്ലയിലെ പശുക്കളിൽ 93 ശതമാനവും സങ്കരയിനങ്ങളാണ്. നാടൻ ഇനത്തിൽപ്പെട്ട പശുക്കളുടേയും, കാളകളുടെയും ആകെ എണ്ണം 12,337 ആണ്. ഇവ കൂടുതലും **അട്ടപ്പാടി മേഖലയിലാണ്** കാണപ്പെടുന്നത്.

2. **എരുമകൾ**

ജില്ലയിൽ 9191 എരുമകൾ / പോത്തുകൾ ഉണ്ട്. ഇവയിൽ 7544 എണ്ണം പോത്തുകളും, 1647 എണ്ണം എരുമകളും ആണ്. എരുമകൾ കൂടുതലും ജില്ലയിലെ കിഴക്കൻമേഖലകളിലാണ് വളർത്തിവരുന്നത്. മാംസത്തിനായുള്ള പോത്തുവളർത്തൽ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഒരു ഉപതൊഴിൽ എന്ന രീതിയിൽ കണ്ടുവരുന്നുണ്ട്.

3. **ആടുകൾ**

ജില്ലയിൽ 1,13,031 ആടുകളും, 1,157 ചെമ്മരിയാടുകളും ഉണ്ട്. ഇത് ജില്ലയിലെ ആകെ കന്നുകാലികളുടെ 38.5% ആണ്. ആടുകളെ ഇറച്ചിക്കും, പാലിനും, തുകലിനും വേണ്ടിയാണ് വളർത്തിവരുന്നത്. ജില്ലയിൽ ഏറ്റവും കൂടുതൽ ആടുകൾ ഉള്ളത് അഗളി ഗ്രാമപഞ്ചായത്തിലാണ്. ഷോളയൂർ, പുതൂർ, മുതലമട, പെരുമാട്ടി, പുതുശ്ശേരി, വടകരപ്പതി, ആനക്കര, കിഴക്കഞ്ചേരി, കോങ്ങാട് തുടങ്ങി പഞ്ചായത്തുകളിലാണ് കൂടുതൽ ആടുകളെ വളർത്തി വരുന്നത്. അഗളി , ഷോളയൂർ, പുതൂർ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലെ ജനവിഭാഗങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം ആടുവളർത്തൽ

തന്നെയാണ്. ജില്ലയിൽ മലബാറി, അട്ടപ്പാടി ബ്ലാക്ക്, ജമുനാപ്യാരി, സിരോഹി തുടങ്ങിയ ഇനങ്ങൾ കണ്ടുവരുന്നുണ്ടെങ്കിലും കൂടുതൽ ജനങ്ങൾ വളർത്താൻ ഇഷ്ടപ്പെടുന്നത് മലബാറി ഇനം തന്നെയാണ്.

4. മറ്റു മൃഗങ്ങൾ

19 മത് കന്നുകാലി സെൻസസ് പ്രകാരം 31 കുതിരകൾ, 15 കഴുതകൾ, 6,732 മുയലുകൾ, 66 ആനകൾ, 69,553 വളർത്തുനായകൾ എന്നിവ ജില്ലയിൽ ഉണ്ട്. സെൻസസ് പ്രകാരമുള്ള ജില്ലയിലെ തെരുവുനായ്ക്കളുടെ എണ്ണം 26,772 ആണ്.

5. വളർത്തുപക്ഷികൾ

കോഴി, താറാവ്, ടർക്കി, കാടപക്ഷി തുടങ്ങിയ ഇനങ്ങളെയാണ് ജില്ലയിൽ കർഷകർ വളർത്തിവരുന്നത്. ഇവയിൽ 7,98,913 എണ്ണം അടുക്കളമുറ്റത്തെ കോഴികളാണ്. സെൻസ്സ് പ്രകാരം 25,273 താറാവുകൾ, 4,556 ടർക്കികൾ, 6,588 കാടക്കോഴികൾ, 25,473 മറ്റു വളർത്തുപക്ഷികൾ എന്നിവയെ വിവിധ കർഷകഭവനങ്ങളിലായി വളർത്തിവരുന്നുമുണ്ട്.

വിവിധ കോഴി ഫാമുകളിലായി 1,03,162 മുട്ടക്കോഴികളെയും 24,77,322 ഇറച്ചി കോഴികളെയും 14,336 താറാവുകളെയും 57,371 മറ്റു വളർത്തു പക്ഷികളെയും വളർത്തി വരുന്നുണ്ട്.

ബി) പാലുൽപ്പാദനം

ജില്ലയിലെ ക്ഷീരവികസന വകുപ്പിന്റെ കീഴിൽ 13 ബ്ലോക്ക് പഞ്ചായത്തുകളിലായി 323 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളിൽ കൂടിയുള്ള പ്രതിദിന ശരാശരി പാൽ ശേഖരണം 2,81,530 ലിറ്റർ ആണ്. ഏറ്റവും കൂടുതൽ പാൽ ശേഖരിക്കപ്പെടുന്നതും കറവപശുക്കൾ കൂടതലുള്ളതും **ചിറ്റൂർ ബ്ലോക്കാണ്**. 55 ക്ഷീരസംഘങ്ങളിൽ നിന്നുമായി പ്രതിദിനം 1,10,688 ലിറ്റർ പാൽ ആണ് ശേഖരിക്കപ്പെടുന്നത്.

പട്ടിക 4.2.2

ബ്ലോക്ക് തല ദൈനംദിന പാൽ ഉത്പാദനം

(ആപ്കോസ് സൊസൈറ്റി വഴി)

ക്രമ നം	ബ്ലോക്ക്	ദിവസ ഉത്പാദനം (ലിറ്റർ)
1	ചിറ്റൂർ	110668
2	ഒറ്റപ്പാലം	10126
3	പാലക്കാട്	12853
4	അട്ടപ്പാടി	19199
5	ശ്രീകൃഷ്ണപുരം	13832
6	ആലത്തൂർ	16334
7	കുഴൽമന്ദം	14543
8	മണ്ണാർക്കാട്	5735
9	കൊല്ലങ്കോട്	29856
10	മലമ്പുഴ	20142
11	നെന്മാറ	15755

12	തൃത്താല	6883
13	പട്ടാമ്പി	5604

അവലംബം : ക്ഷീരവികസന വകുപ്പ്, പാലക്കാട്

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്നത് പാലക്കാട് ജില്ലയിലാണ്. മൃഗസംരക്ഷണ വകുപ്പിനും, ക്ഷീരവികസനവകുപ്പിനും പുറമെ വിവിധ ഗ്രാമപഞ്ചായത്തുകളിലൂടെ ക്ഷീരമേഖലയിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ പരിണിതഫലമാണ് ജില്ലയിലെ ഉയർന്ന പാൽ ഉൽപ്പാദനവും വർദ്ധിച്ച ഉത്പാദന ക്ഷമതയും

ചിത്രം 4.2.3



അവലംബം : ക്ഷീരവികസന വകുപ്പ്, പാലക്കാട്

4.2.3 ക്ഷീര സഹകരണ സംഘങ്ങൾ

4.2.3.1 ജില്ലയിൽ 13 ബ്ലോക്ക് പഞ്ചായത്തുകളിലായി 323 ക്ഷീര സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 303 ആപ്കോസ് സംഘങ്ങളും 20 ക്ഷീരവ്യവസായ സംഘങ്ങളും ആകെ ക്ഷീരോൽപ്പാദകരുടെ എണ്ണം 26,445 ആണ്. ഇതിൽ 20,591 പേർ മെമ്പർമാരും 5,854 നോൺ മെമ്പർമാരും ആണ്.

4.2.3.2 കേരളത്തിലെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ക്ഷീരകർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ജില്ലയിൽ 33,159 ക്ഷീരോൽപ്പാദകർ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായുണ്ട്. ഇതിൽ 7,645 അംഗങ്ങൾക്ക് പെൻഷനും, 498 പേർക്ക് കുടുംബ പെൻഷനും ലഭിക്കുന്നുണ്ട്. ഓരോ ബ്ലോക്കിലെയും കറവപ്പശുക്കളുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ ക്ഷീര സഹകരണസംഘങ്ങൾ ജില്ലയിൽ ആരംഭിക്കേണ്ടതായിട്ടുണ്ട്. പാൽ വിപണനത്തിന് കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നത് വഴി ആ പ്രദേശത്ത് കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുകയും അതുവഴി പാലുൽപ്പാദനം വർദ്ധിക്കുകയും ചെയ്യും.

പട്ടിക 4.2.3

ബ്ലോക്ക്തല ക്ഷീരസംഘങ്ങളുടെ എണ്ണം

ക്രമ നം	ബ്ലോക്ക്	ആപ്കോസ് സംഘങ്ങൾ	ക്ഷീര വ്യവസായ സംഘങ്ങൾ
1	ചിറ്റൂർ	54	1
2	ഒറ്റപ്പാലം	26	
3	പാലക്കാട്	21	1
4	അട്ടപ്പാടി	15	
5	ശ്രീകൃഷ്ണപുരം	26	1
6	ആലത്തൂർ	33	2
7	കുഴൽമന്ദം	25	2
8	മണ്ണാർക്കാട്	18	1
9	കൊല്ലങ്കോട്	7	6
10	മലമ്പുഴ	12	5
11	നെന്മാറ	25	1
12	തൃത്താല	24	
13	പട്ടാമ്പി	15	
	ആകെ	301	20

അവലംബം : ക്ഷീരവികസന വകുപ്പ്, പാലക്കാട്

പട്ടിക 4.2.4



അവലംബം : ക്ഷീരവികസന വകുപ്പ്, പാലക്കാട്

4.2.4 മിൽമ – പാൽ സംഭരണം, വിതരണം

4.2.4.1 മിൽമയ്ക്ക് ജില്ലയിൽ നിലവിൽ കല്ലേപ്പുള്ളിയിൽ ഒരു ഡയറി പ്ലാന്റും പട്ടാമ്പി, അട്ടപ്പാടി എന്നീ സ്ഥലങ്ങളിൽ ചില്ലിംഗ് പ്രാന്റും ഉണ്ട്. ഡയറി പ്ലാന്റിന്റെ ശേഷി 2 ലക്ഷം ലിറ്റർ പ്രതിദിനം ആണ്. അട്ടപ്പാടിയിലെ ചില്ലിംഗ് പ്ലാന്റിൽ 20,000 ലിറ്ററും, പട്ടാമ്പിയിൽ 30,000 ലിറ്ററും ആണ് ശേഷി. 2 ലക്ഷം

ലിറ്റർ സംഭരണത്തിൽ 1,35,000 ലിറ്റർ ദിവസേന വിതരണം നടത്തി വരുന്നു. പാലക്കാട് ജില്ലയിലും മലപ്പുറം ജില്ലയിൽ ഏകദേശം പെരിന്തൽമണ്ണ വരെയും വിതരണം നടത്തുന്നുണ്ട്. 12000 ലിറ്റർ പാൽ തൈര് ഉണ്ടാക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. ബാക്കി വരുന്ന പാൽ മറ്റ് ജില്ലകളിലുള്ള മിൽമയുടെ പ്ലാന്റിലേക്കും പാൽപൊടി ഉണ്ടാക്കുന്നതിനുമായി ഉപയോഗിക്കുന്നു. ഇതിനു പുറമെ നെയ്യും, സംഭാരവും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി വരുന്നു.

സി) തീറ്റപ്പുൽ / കാലിത്തീറ്റ ഉൽപ്പാദനം

4.2.4.2 ജില്ലയിൽ ക്ഷീരവികസന വകുപ്പിന്റെയും, കെ.എൽ.ഡി ബോർഡിന്റെയും ആഭിമുഖ്യത്തിലാണ് തീറ്റപ്പുൽകൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പാലക്കാട് ജില്ലയിലെ തീറ്റപ്പുൽകൃഷിയുടെ ആകെ വിസ്തീർണ്ണം 4,563 ഹെക്ടർ ആണ്. ജില്ലയുടെ പ്രതിവർഷ തീറ്റപ്പുൽ ഉത്പാദനം 6.8 ലക്ഷം മെട്രിക് ടൺ ആണ്. എന്നാൽ ആവശ്യകത 11.8 ലക്ഷം മെട്രിക് ടൺ ആണ്. ജില്ലയുടെ പ്രതിവർഷ വൈക്കോൽ ഉൽപ്പാദനം 3.01 ലക്ഷം മെട്രിക് ടൺ ആണ്. **ഉൽപ്പാദിക്കപ്പെടുന്ന വൈക്കോലിന്റെ ഏറിയ പങ്കും ജില്ലയ്ക്ക് പുറത്തേക്കാണ് കൊണ്ടുപോകാറുള്ളത്**. ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വൈക്കോൽ ലഭ്യമാക്കുന്നതരത്തിലുള്ള ഗവൺമെൻറ് ഇടപെടൽ സാധ്യമാകാറില്ല. **ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈക്കോലും സംഭരിക്കുകയും, സംപുഷ്ടീകരിക്കുകയും ചെയ്ത് കർഷകർക്ക് വിതരണം ചെയ്യുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.**

ഡി) മാംസോൽപ്പാദന മേഖല

4.2.4.3 ജില്ലയിലെ ഇറച്ചി ഉത്പാദനം പ്രധാനമായും ആട്, കാള, പന്നി എന്നിവയിൽ നിന്നുമാണ്. ഇത് കൂടാതെ കോഴിയിറച്ചി ഉല്പാദനം പ്രധാനമായും ബ്രോയിലർ കോഴികളിൽ നിന്നും നാടൻ കോഴികളിൽ നിന്നുമാണ്. ജില്ലയിൽ ഇറച്ചിയുടെ പ്രതിവർഷ ആവശ്യകത 26,980 മെട്രിക് ടണ്ണാണ്. എന്നാൽ ഇതിന്റെ 20 ശതമാനം മാത്രമേ ജില്ലയിൽ ഉത്പ്പാദിപ്പിക്കപ്പെടുന്നുള്ളൂ. ഇറച്ചി ഉൽപാദനത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലികളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ചെക്ക് പോസ്റ്റിലൂടെ കടന്നുവരുന്ന കന്നുകാലികളുടെ എണ്ണം പരിശോധിച്ചാൽ ഇത് വ്യക്തമാകും. ചെക്ക് പോസ്റ്റ് കടന്നുവരുന്ന കന്നുകാലികളിൽ 90 ശതമാനവും കശാപ്പിനുവേണ്ടിയുള്ളതാണ്. ജില്ലയിലെ അംഗീകൃത കാലിച്ചന്തകളായ കുഴൽമന്ദം, വാണിയംകുളം എന്നിവിടങ്ങളിലാണ് ഇവയുടെ പ്രധാന വിണനം നടക്കുന്നത്.

പട്ടിക 4.2.4

2016-17 ൽ കേരള ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോയ മൃഗങ്ങളുടേയും, പക്ഷികളുടേയും മൃഗോൽപ്പനങ്ങളുടെയും വിവരങ്ങൾ

ക്രമ നം	ചെക്ക് പോസ്റ്റുകളുടെ പേര്	ആകെ മൃഗങ്ങൾ	മൃഗോല്പന്നങ്ങൾ				
			പക്ഷി വർഗ്ഗങ്ങൾ (എണ്ണം)	പാൽ ലിറ്റർ	മുട്ട (എണ്ണം)	തീറ്റ (കി .ഗ്രാം)	വളം (കി. ഗ്രാം)
1	ആർ.പി ചെക്കുപോസ്റ്റ് മട്ടത്തുകാട്	26879	0	0	10087330	0	1986000
2	ആർ.പി ചെക്കുപോസ്റ്റ് വാളയാർ	3534	188870	49676781	831949944	0	41000
3	ആർ.പി ചെക്കുപോസ്റ്റ് കോഴിപ്പാറ	218697	8867110	0	0	13223000	9254500
4	ആർ.പി ചെക്കുപോസ്റ്റ് മുതലമട	100064	0	0	22618235	0	0

5	ആർ.പി ചെക്കുപോസ്റ്റ് മീനാക്ഷിപുരം	45874	0	101542566	14022720	692740	0
6	ആർ.പി ചെക്കുപോസ്റ്റ് ഗോപാലപുരം	78737	10906567	0	17581118	750100	530000
7	ആർ.പി ചെക്കുപോസ്റ്റ് ചെമ്മണാംപതി	711	0	0	785000	13652550	64329300
	ആകെ	474496	19962547	151219347	897044347	28318390	76140800

അവലംബം : മൃഗസംരക്ഷണ വകുപ്പ്

ഇ) മുട്ട ഉൽപ്പാദന മേഖല

4.2.4.4 1970 കളിൽ മുട്ട ഉത്പാദനത്തിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത ഉണ്ടായിരുന്ന സംസ്ഥാനമായിരുന്നു കേരളം. ഇവിടെ നിന്നും മറ്റു സംസ്ഥാനങ്ങളിലേക്ക് തീവണ്ടി മാർഗ്ഗം മുട്ട കയറ്റി അയച്ചിരുന്നു. എന്നാൽ കഴിഞ്ഞ നാലു ദശാബ്ദങ്ങൾക്കുള്ളിൽ മുട്ട ഉത്പാദനത്തിൽ നമ്മുടെ രാജ്യം വലിയയൊരു മുന്നേറ്റത്തിന് സാക്ഷ്യം വഹിച്ചെങ്കിലും നമ്മുടെ സംസ്ഥാനം പല കാരണങ്ങൾകൊണ്ട് പുറകോട്ടു പോവുകയാണ് ഉണ്ടായത്. വ്യവസായികാടിസ്ഥാനത്തിലുള്ള മുട്ടക്കോഴി വളർത്തൽ, ജനസാന്ദ്രതയേറിയ സംസ്ഥാനം എന്ന നിലയക്ക്, കേരളത്തിന് അനുയോജ്യമല്ലാതായതാണ് ഈ പുറകോട്ടു പോകലിനുള്ള പ്രധാന കാരണം. ഫാം തുടങ്ങുന്നതിനുള്ള നിയമങ്ങൾ മറ്റൊരു കാരണമാണ്. നിലവിലെ പഞ്ചായത്ത് രാജ് നിയമം അനുസരിച്ച് 100 കോഴികളിലധികം വളർത്താൻ ലൈസൻസ് നിർബന്ധമാണ്. ലൈസൻസ് ലഭിക്കുന്നതിന് നിരവധി മാനദണ്ഡങ്ങൾ പാലിക്കേണ്ടതായുണ്ട്. തീറ്റ ചിലവും, കൂലി ചിലവും അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ താരതമ്യേന കൂടുതൽ ആണ്.

4.2.4.5 അതേ സമയം വീട്ടുമുറ്റത്തെ കോഴി വളർത്തൽ വിപുലപ്പെട്ടുവരുന്നുമുണ്ട് ഏകദേശം 144 കോടി കോഴിമുട്ടയാണ് കേരളത്തിന്റെ വാർഷിക ഉത്പാദനം. ഇതിൽ 95 ശതമാനത്തിലധികവും വീട്ടുമുറ്റത്ത് വളർത്തുന്ന കോഴികളിൽ നിന്നാണ് ഏകദേശം 360 കോടിയോളം മുട്ട നമ്മൾ മലയാളികൾ അന്യസംസ്ഥാനത്തുനിന്നും പ്രതിവർഷം വാങ്ങുന്നുണ്ട്. ദേശീയ തലത്തിൽ മുട്ടയുടെ വാർഷിക പ്രതിശീർഷ ഉപയോഗം 63 ശതമാനം ആണെങ്കിൽ കേരളത്തിൽ അത് ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതൽ ആണ്. നാഷണൽ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് ന്യൂട്ട്രീഷൻ ഇത് പ്രതിവർഷം 180 മുട്ടയായി ഉയർത്തണമെന്നാണ് ശുപാർശ ചെയ്യുന്നത്. ഉത്പാദനത്തിലെയും ഉപഭോഗത്തിലെയും ഈ അന്തരം മുട്ടക്കോഴി വളർത്തൽ മേഖലയിലെ അനന്തസാധ്യതകളെ സൂചിപ്പിക്കുന്നു.

4.2.4.6 28.99 ലക്ഷം ജനസംഖ്യയുള്ള പാലക്കാട് ജില്ലയിൽ 85 ശതമാനം ആളുകൾ മുട്ട കഴിക്കുന്നവരാണെന്ന് കണക്കാക്കിയാൽ നിലവിലെ പ്രതിശീർഷ വാർഷിക ഉപയോഗം അനുസരിച്ച് 15.5 കോടി മുട്ടകളുടെ ആവശ്യമുണ്ട്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്ടിഷ്യന്റെ ശുപാർശ കണക്കിലെടുത്താൽ ജില്ലയിലെ മുട്ടയുടെ ആവശ്യകത 44 കോടി ആകും. പോഷകാഹാര കമ്മി നികത്തുന്നതിനോടൊപ്പം കുടുംബങ്ങൾക്ക് അധികവരുമാനത്തിനുള്ള ഉപാധികൂടിയാണ് മുട്ടക്കോഴി വളർത്തൽ.

4.2.4.7 ഗുണമേന്മയുള്ള മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഉത്പാദിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ മേഖലാ കോഴി വളർത്തൽ കേന്ദ്രം മലമ്പുഴയിൽ പ്രവർത്തിക്കുന്നുണ്ട്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി ജില്ലാ പഞ്ചായത്തിന്റെയും കൂടി സഹായത്തോടെ നിരവധി വികസന പ്രവർത്തനങ്ങളാണ് മേഖല കോഴിവളർത്തൽ കേന്ദ്രത്തിൽ നടത്തിയിട്ടുള്ളത്. തത്ഫലമായി മുട്ടയിടുന്ന പ്രായത്തിലുള്ള കോഴികൾ 4,000 എണ്ണം വളർത്താനുള്ള സൌകര്യങ്ങൾ ഉൾപ്പെടെ ആകെ 6000 കോഴികളെ വളർത്തുന്നതിനുള്ള ശേഷി ഫാമിന് ഉണ്ട്. 60,000 മുട്ടകൾ സെറ്റ് ചെയ്യാൻ ശേഷിയുള്ള സെറ്റർ മെഷിനും 15,000 മുട്ട വിരിയിക്കാൻ ശേഷിയുള്ള ഹാച്ചർ മെഷീനും നിലവിൽ ഉണ്ട്. വൈദ്യുതിയുടെ മുറിയാതെയുള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് സ്ഥാപിച്ച ജനറേറ്ററും, വിരിയിക്കുന്ന മുട്ട

സൂക്ഷിക്കുന്നതിനുള്ള ശീതികരണിയും ഫാമിൽ സ്ഥാപിച്ചിട്ടുണ്ട്. പ്രതിവർഷം 7.87 ലക്ഷം മുട്ടകളും 3 ലക്ഷത്തോളം കോഴിക്കുഞ്ഞുങ്ങളെയും ഉത്പ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

4.2.4.8 ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പിടക്കോഴിക്കുഞ്ഞുങ്ങളെ 2 മാസം വരെ വളർത്തി വിവിധ പദ്ധതികൾക്ക് ലഭ്യമാക്കാനുള്ള 15 എഗർ നഴ്സറികളും നിലവിൽ ഉണ്ട്. 15 എഗ്ഗർ നഴ്സറികളിലും കൂടി ഒരു ബാച്ചിൽ ആകെ 30,000 കോഴിക്കുഞ്ഞുങ്ങളെയും ഒരു വർഷത്തിൽ 1,20,000 കുഞ്ഞുങ്ങളെയും വളർത്താൻ സാധിക്കും. ഇവയുടെ വിപുലീകരണവും പരിഗണിക്കേണ്ടതാണ്.

4.2.4.9 പാലക്കാട് ജില്ലയിൽ തിരുവിഴാംകുന്നിലെ യൂണിവേഴ്സിറ്റി ഫാമിൽ പ്രവർത്തിക്കുന്ന പൌൾട്രീസയൻസ് കോളേജിന്റെയും വളർത്തുപക്ഷി ഗവേഷണ കേന്ദ്രത്തിന്റെയും സഹകരണം സാങ്കേതികവിദ്യാ കൈമാറ്റത്തിൽ മാത്രം ഒതുങ്ങാതെ കുഞ്ഞുങ്ങളുടെ ഉത്പാദനത്തിലും ലഭ്യമാക്കുകയാണെങ്കിൽ അത് ഈ മേഖലയ്ക്ക് ഒരു മുതൽക്കൂട്ടാകും. പൊതുമേഖലാ സ്ഥാനപമായ കേരളാ സ്റ്റേറ്റ് പൌൾട്രീ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ സഹകരണവും തേടാവുന്നതാണ്.

4.2.5 <u>നിലവിലെ പദ്ധതികളും പരിമിതികളും</u>

4.2.5.1 മൃഗസംരക്ഷണ വകുപ്പ് പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി മുട്ടക്കോഴി വളർത്തൽ മേഖലയിൽ നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതിയായ സ്കൂൾ പൌൾട്രീ ക്ലബ്ബിൽ 62 സ്കൂളുകളിലായി 15,500 കോഴിക്കുഞ്ഞുങ്ങളും, എസ്.സി.എ റ്റി എസ്.സി.പി പദ്ധതിയിൽ ഉൾപ്പെടുത്തി 26 പഞ്ചായത്തുകളിലായി 5,000 കോഴിക്കുഞ്ഞുങ്ങളുമാണ് മൃഗസംരക്ഷണവകുപ്പ് 2016-17 വർഷത്തിൽ ജില്ലയിൽ വിതരണം ചെയ്തിട്ടുള്ളത്. കൂടാതെ എ.റ്റി.എസ്.പി പദ്ധതിയിൽ ട്രൈബൽ മേഖലയിൽ 6,000 കോഴിക്കുഞ്ഞുങ്ങളേയും വിതരണം ചെയ്തിട്ടുണ്ട്.

4.2.5.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ടെങ്കിലും, പദ്ധതി നടത്തിപ്പിലെ സാങ്കേതിക പ്രശ്നങ്ങളിൽ കുരുങ്ങി ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും, ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിലുള്ള വിമുഖതയും ഇതിലുള്ള പ്രധാന കാരണങ്ങളാണ്.

1) മുട്ടക്കോഴി വളർത്തൽ മേഖലയിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഏറ്റവുമധികം ഫലപ്രാപ്തി ലഭിക്കുന്ന പദ്ധതിയാണ് സ്കൂൾ പൌൾട്രി ക്ലബ്. ഗവൺമെൻറ്, എയ്ഡഡ് മേഖലയിലെ യു.പി, ഹൈസ്കൂൾ വിദ്യാര്ത്ഥികൾക്ക് 5 മുട്ടക്കോഴി വീതം നൽകുന്ന പദ്ധതിയാണിത്. വിദ്യാർത്ഥികളിൽ മൃഗസംരക്ഷണ മേഖലയോട് അഭിരുചി വളർത്തുന്നതിനും, സമ്പാദ്യശീലം ഉണ്ടാക്കിയെടുക്കുന്നതിനും ഈ പദ്ധതി ഫലപ്രാപ്തിയിലെത്തുന്നുണ്ട്. കൂടാതെ രാജ്യത്തിൻറെ ഭക്ഷ്യകലവറയിലേക്ക് പോഷകമൂല്യമുള്ള കോഴിമുട്ട സംഭാവന ചെയ്യുന്നുമുണ്ട്.
2) ജില്ലയിൽ 146 ഗവൺമെൻറ് സ്കൂളുകളിലായി 1,61,492 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. എയ്ഡഡ് മേഖലയിലെയും, സ്വകാര്യ മേഖലയിലെയും സ്കൂളുകളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞാൽ രാജ്യത്തിനാകെ മാതൃകയായി മാറാൻ ഈ പദ്ധതിക്ക് കഴിയും.
3) ഓരോ വിദ്യാലയവും മുട്ടയുടെ വിപണന കേന്ദ്രമായി മാറണം. ഉച്ചഭക്ഷണ പരിപാടിയിലേയ്ക്ക് ഈ മുട്ടകൾ ഉപയോഗിക്കാം.
4) ഉയർന്ന ജനിതക മൂല്യമുള്ള, അത്യുൽപ്പാദന ശേഷിയുള്ള ബി.വി.380, ഹയലിൻ ബ്രൌൺ എന്നീ ഇനം കോഴികൾ ഇന്നു ലഭ്യമാണ്. വ്യാവസായിക സംരംഭങ്ങൾക്ക് അനുയോജ്യമായ ഈ

കോഴികളെ ഉപയോഗിച്ച് കേജ് രീതിയിൽ വളർത്തുന്ന വലിയ യൂണിറ്റുകൾ വിഭാവനം ചെയ്യാവുന്നതാണ്.

5) പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ യൂണിറ്റിലെ അംഗങ്ങൾക്ക് കോഴിയും കേജും നൽകുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്. വനിതകൾക്ക് അധിക വരുമാനത്തിനുള്ള മാർഗ്ഗമായി പദ്ധതി മാറും.
6) പദ്ധതികളിൽ വിതരണം ചെയ്യുന്നതിന് കുഞ്ഞുങ്ങളെ ലഭിക്കുന്നതിന് മലമ്പുഴ മേഖലാ കോഴിവളർത്തൽ കേന്ദ്രത്തിൻറെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്.
7) പുതിയതായി 5 എഗ്ഗർ നഴ്സറികൾ കൂടി അധികം തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

എഫ്) <u>മൃഗസംരക്ഷണ സേവനമേഖല</u>

4.2.5.3 പാലക്കാട് ജില്ലാ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ 79 വെറ്ററിനറി ഡിസ്പെൻസറികൾ, 15 വെറ്ററിനറി ഹോസ്പിറ്റലുകൾ, 95 വെറ്റിനറി സബ്ബ് സെന്ററുകൾ, 4 വെറ്ററിനറി പോളി ക്ലിനിക്കുകൾ, 3 റീജിയണൽ അനിമൽ ഹെൽത്ത് സെന്ററുകൾ, ഡിസ്ട്രിക് വെറ്ററിനറി സെന്റർ, പ്രൊജക്ട് ഓഫീസ്, റീജിയണൽ പൌൾട്രി ഫാം, മൊബൈൽ വെറ്ററിനറി ഡിസ്പെൻസറി, അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട്, ജില്ലാ മൃഗസംരക്ഷണ ഓഫീസ്, കന്നുകുട്ടി പരിപാലന കാര്യാലയം, ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, റിൻഡർപെസ്റ്റ് ഇറാഡിക്കേഷൻ ഓഫീസ്, മൊബൈൽ ഫാം എയ്ഡ് യൂണിറ്റ് എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ റിൻഡർപെസ്റ്റ് ഇറാഡിക്കേഷൻ ഓഫീസിനു കീഴിൽ 7 ചെക്ക് പോസ്റ്റുകളും പ്രവർത്തിക്കുന്നു.

പട്ടിക 4.2.5

സ്ഥാപനം	എണ്ണം
വെറ്ററിനറി ഡിസ്പെൻസറി	79
വെറ്ററിനറി ഹോസ്പിറ്റൽ	15
വെറ്ററിനറി സബ്ബ് സെന്റർ	95
വെറ്ററിനറി പോളിക്ലിനിക്ക്	4
ജില്ലാ വെറ്ററിനറി കേന്ദ്രം	1

4.2.7 <u>സേവനങ്ങൾ</u>

- ഓരോ ജില്ലയിലെയും വെറ്റിനറി സ്ഥാപനങ്ങൾ വഴി കർഷകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നു.
- കർഷകരുടെ മൃഗങ്ങൾക്ക് കൃത്രിമ ബീജസങ്കലനം നടത്തുന്നതിനുള്ള സേവനം ലഭ്യമാക്കുന്നു
- വിവിധ തരത്തിലുള്ള മൃഗസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകുന്നു
- കർഷകർക്കുള്ള പരിശീലനം നൽകുന്നു
- കശാപ്പുചെയ്ത മാംസം പരിശോധിക്കുന്നു
- ജന്തുജന്യ രോഗങ്ങളെ നിയന്ത്രിക്കുന്നു

4.2.8 <u>മൃഗസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന ജില്ലയിലെ മറ്റു സ്ഥാപനങ്ങൾ</u>

1) ക്ഷീര വികസന വകുപ്പ്
2) കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, ധോണി
3) ലൈവ്സ്റ്റോക്ക് റിസേർച്ച് സ്റ്റേഷൻ, തിരുവിഴാംകുന്ന്, പാലക്കാട്

4) ഏവിയൻ സയൻസ് ആന്റ് മാനേജ്മെന്റ്, തിരുവിഴാംകുന്ന്

5) മിൽമ

4.2.9 ഗവണമെന്റ് ഫാമുകൾ

1) ഗോട്ട് ഫാം അട്ടപ്പാടി, പാലക്കാട്

2) കോഴി വളർത്തൽ കേന്ദ്രം, മലമ്പുഴ, പാലക്കാട്

4.2.10 ലാബോറട്ടറി വിശദാംശങ്ങൾ

1. റീജിയണൽ ഡിസീസ് ഡയഗനോസ്റ്റിക്ക് ലബോറട്ടറി, പാലക്കാട്

1965 ൽ പാലക്കാട് റിന്റർപെസ്റ്റ് നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായാണ് ഈ ലബോറട്ടറി ആരംഭിച്ചത്. റിന്റർപെസ്റ്റ് യൂണിറ്റിലും മൊബൈൽ വിജിലൻസ് യൂണിറ്റിലും, ക്ലിനിക്കൽ നിരീക്ഷണത്തിലും രോഗം അന്വേഷണത്തിനായും ആർ.പി ലാബോറട്ടി പ്രവർത്തിക്കുന്നു. കൂടാതെ രോഗം പൊട്ടിപ്പുറപ്പെടുന്നത് അന്വേഷിക്കുക, രോഗനിർണ്ണയം നടത്തുക, പ്രധാനപ്പെട്ട രോഗങ്ങളുടെ ദീർഘ വീക്ഷണം, പ്രധാന രോഗങ്ങളും ഉയർന്നു വരുന്ന രോഗങ്ങളും നിരീക്ഷിക്കുക, ഗവൺമെൻറിൻറെ കന്നുകാലി ഫാമുകളിലെയും, കോഴി ഫാമുകളിലെയും കോഴികളുടെ ആരോഗ്യസ്ഥിതിയുടെ ആനുകാലിക നിരീക്ഷണം, വെറ്ററിനേറിയൻസിനുള്ള പരിശീലനം, ബോധവത്ക്കരണ പരിപാടികൾ, ക്യാമ്പുകൾ സംഘടിപ്പിക്കുക, ബോർഡർ ചെക്ക് പോസ്റ്റുകൾ പരിശോധിക്കൽ, ഏവിയൻ ഇൻഫ്ളുവൻസ, ബി.എസ്.ഇ പോലുള്ള ചില രോഗങ്ങളുടെ ദേശീയ നിരീക്ഷണത്തിനായി സാമ്പിളുകളുടെ ശേഖരണം, സംരക്ഷിക്കൽ എന്നിവയാണ് നിലവിലെ പ്രവർത്തനങ്ങൾ.

2. ക്ലിനക്കൽ ലാബ്, പാലക്കാട്

3. വി.പി.സി ചിറ്റൂർ, വി.പി.സി ഒറ്റപ്പാലം, വി.പി.സി ആലത്തൂർ, വി.പി.സി മണ്ണാർക്കാട് എന്നീ സ്ഥാപനങ്ങളിൽ ലാബുകൾ പ്രവർത്തിക്കുന്നു.

4.2.11 അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം (എ.ബി.സി)

തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനായി, പാലക്കാട് ജില്ലാ പഞ്ചായത്തിന്റെയും, മൃഗസംരക്ഷണ വകുപ്പിന്റെയും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും സംയുക്താഭിമുഖ്യത്തിൽ ഈ പദ്ധതി പാലക്കാട് നടപ്പിലാക്കി വരുന്നു. തെരുവുനായ്ക്കളെ വന്ധീകരണം ചെയ്യുന്ന പരിപാടി പാലക്കാട്, കൊട്ടുവായൂർ, ആലത്തൂർ, ഒറ്റപ്പാലം, ചിറ്റൂർ എന്നീ അഞ്ച് കേന്ദ്രങ്ങളിലായി നടത്തിവരുന്നു. വന്ധീകരണം ചെയ്ത നായ്ക്കളെ പേ വിഷബാധക്കെതിരെയുള്ള കുത്തിവയ്പ് എടുത്തശേഷം 3 ദിവസം ശുശ്രൂഷിച്ച് അതാത് സ്ഥലത്ത് തിരികെ കൊണ്ടുവിടുന്നു. ജില്ലയിൽ 5 കേന്ദ്രങ്ങളിലായി 12,368 നായ്ക്കളെ ഇതിനകം വന്ധീകരിച്ചിട്ടുണ്ട്.

4.2.12 ലൈവ് സ്റ്റോക്ക് മാനേജ്മെൻറ് ട്രെയ്നിംഗ് സെൻറർ

4.2.12.1 സാങ്കേതിക ജ്ഞാനം നൽകാനും മൃഗസംരക്ഷണ വിഭാഗങ്ങളിൽ ശാസ്ത്രീയ പരിശീലനം നൽകാനും എൽ.എം.ടി.സി രൂപീകരിക്കപ്പെട്ടു. എൽ.എം.ടി.സി മലമ്പുഴ പാലക്കാട് രൂപീകരിക്കപ്പെട്ടത് 2000 ത്തിലാണ്. ഈ പരിശീലന കേന്ദ്രം മുഖേന ഉത്പാദന യൂണിറ്റുകളുടെ ശാസ്ത്രീയമായ പരിശീലനം കർഷകർക്ക് നൽകാനും, ഉത്പാദനം വർദ്ധിപ്പിക്കുവാനും, സ്വയം തൊഴിൽ കണ്ടെത്താൻ സ്ത്രീകൾക്ക് പരിശീലനം നൽകുകയുമാണ് ചെയ്യുന്നത്. കൂടാതെ സ്ത്രീകൾക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും കുടുംബ വരുമാനം വർദ്ധനവിനും സഹായകരമാകും വിധമുള്ള പരിശീലനങ്ങൾ

നൽകുന്നു. സമൂഹത്തിൽ ദുർബല വിഭാഗങ്ങളെ ഉയർത്തിക്കാട്ടുന്നതിനും, സ്വയം തൊഴിൽ നേടാൻ തൊഴിൽരഹിതരായ യുവാക്കളെ സഹായിക്കുന്നതിനും, മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കുന്ന വിവിധ സ്കീമുകൾക്ക് സാങ്കേതിക അറിവും പ്രസക്തമായ വിവരവും നൽകുന്നു. ക്ഷീരവികസനം, ആട് വളർത്തൽ, താറാവ് വളർത്തൽ, പന്നി വളർത്തൽ, ഇറച്ചിക്കോഴി ഉത്പാദനം, മുട്ടക്കോഴി വളർത്തൽ, കാട വളർത്തൽ, മുയൽ പരിപാലനം എന്നീ മേഖലകളിൽ പരിശീലനം നൽകിവരുന്നു.

4.2.12.2 ഈ പരിശീലനങ്ങളിൽ കർഷകർ, സാമൂഹ്യ പ്രവർത്തകർ, വിമുക്ത ഭടന്മാർ, സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, എസ്.സി/എസ്.റ്റി ഗ്രൂപ്പുകളിൽ നിന്നുള്ളവർ എന്നിവർ ഉൾപ്പെടുന്നു. കൂടാതെ വെറ്ററിനറി, പാരാ വെറ്ററിനറി ജീവനക്കാർക്കും, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സ് സർട്ടിഫിക്കറ്റ് ഉള്ളവർക്കും പുതുതായി നിയമിക്കപ്പെട്ട എൽ.ഐ മാർക്ക് 11 മാസത്തെ പരിശീലനം കൂടി ഇവിടെ നടത്തുന്നു. 2016-17 ൽ 35 പരിശീലന പരിപാടികളിലായി 1995 കർഷകർക്ക് ഇവിടെ പരിശീലനം നൽകുകയുണ്ടായി. ഈ കർഷകരിൽ 300 പേർ പ്രാരംഭ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4.2.13 രാത്രികാല ചികിത്സ സേവനം

പാലക്കാട് ജില്ലയുടെ 6 ബ്ലോക്കുകളിൽ വൈകുന്നേരം 6.00 മണി മുതൽ കാലത്ത് 6.00 മണിവരെ ഈ സേവനം നൽകി വരുന്നു. രാത്രികാലങ്ങളിൽ അടിയന്തിര ചികിത്സ സഹായം നൽകുന്നു. സാധാരണ ക്ഷീരകർഷകർക്ക് 24 മണിക്കൂർ ഗുണനിലവാരമുള്ള വെറ്ററിനറി സേവനം ഉറപ്പാക്കുന്നു.

4.2.14 കുളമ്പ് രോഗം

ഡിസംബർ, ജൂൺ മാസങ്ങളിൽ കുളമ്പുരോഗപ്രതിരോധ കുത്തിവെയ്പ് നടത്തുന്നു. കഴിഞ്ഞ 22-ഘട്ടത്തിൽ 1,54,048 ഉരുക്കൾക്ക് കുത്തിവെയ്പ് നടത്തിയിട്ടുണ്ട്. എല്ലാ പഞ്ചായത്തിലെയും, ലൈവ്സ്റ്റോക്ക് ഇൻസ്പെടകർമാരെ ഇതിനായി നിയോഗിക്കുന്നു. പശു, എരുമ, പന്നി എന്നീ മൃഗങ്ങൾക്ക് 5 രൂപ നിരക്കിൽ പ്രതിരോധ കുത്തിവെയ്പ് എടുക്കുന്നതാണ്.

4.2.15 കോഴിവസന്ത

കോഴി, താറാവ് എന്നിവയ്ക്ക് ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെയും ജൂലായ് 15 മുതൽ ആഗസ്റ്റ് 15 വരെയും പ്രതിരോധകുത്തിവെയ്പ് എടുക്കുന്നു. അതാത് പഞ്ചായത്തിലെ പരിശീലനം ലഭിച്ച കുടുംബശ്രീ വോളണ്ടിയർമാരെ കുത്തിവയ്പിന് നിയോഗിക്കുന്നു. ഓരോ കോഴിയ്ക്കും 2 രൂപ വെച്ച് കർഷകരിൽ നിന്നും ഈടാക്കുന്നു.

4.2.16 റാബ്ബീസ് ഫ്രീ കേരള വാക്സിനേഷൻ

പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെയപ് പഞ്ചായത്തുതോറും നടത്തുന്നുണ്ട്. കുത്തിവെയ്പ് സർട്ടിഫിക്കറ്റ് 10/- നിരക്കിൽ ഈടാക്കുന്നതാണ്.

4.2.17 മൃഗാശുപത്രിയിലെ ചികിത്സാരേഖകൾ - രോഗങ്ങളും സംബന്ധിച്ച വിവരം

പാലക്കാട് ജില്ലയിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആകെ റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം 4,26,941 ആണ്.

പട്ടിക 4.2.6

വൈറ്റമിനുകളുടെ / ധാതുക്കളുടെ അപര്യാപ്തത മൂലം	9073
ദഹന വ്യവസ്ഥ സംബന്ധിച്ച രോഗങ്ങൾ	116508
പ്രത്യുല്പാദന വ്യവസ്ഥ സംബന്ധിച്ച രോഗങ്ങൾ	24474
(മെറ്റബോളിക്) ഉപാപചയ രോഗങ്ങൾ	9959

മുടന്തൻ പനി	4450
ക്യാൻസർ സംബന്ധിയായ രോഗങ്ങൾ	282
അകിടുവീക്കം	11852
പരാദ രോഗങ്ങൾ	143038
ശ്വാസകോശ സംബന്ധിയായ രോഗങ്ങൾ	47794
ചർമ്മരോഗങ്ങൾ	17838
ശസ്ത്രക്രിയകൾ	9248
വിഷബാധ മൂലമുള്ള രോഗങ്ങൾ	812
മറ്റ് അസുഖങ്ങൾ	31599
അസ്ഥി സംബന്ധമായ രോഗങ്ങൾ	1

അവലംബം : മൃഗസംരക്ഷണ വകുപ്പ്, പാലക്കാട്

ജില്ലയിലെ കന്നുകാലികളിൽ പ്രധാനമായും കണ്ടുവരുന്നത് പരാദരോഗങ്ങളും, ദഹന വ്യവസ്ഥ സംബന്ധിച്ച രോഗങ്ങളുമാണ്. പരാദങ്ങളെ നിയന്ത്രിക്കുന്നതിനായി കൂടുതൽ ഇടപെടലുകൾ നടത്തേണ്ട ആവശ്യകത ഇതു സൂചിപ്പിക്കുന്നു. അകിടുവീക്കം പോലുള്ള രോഗങ്ങൾ പാലുൽപ്പാദനത്തെ സാരമായി ബാധിക്കുന്നതിനാൽ അവ നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പകർച്ച വ്യാധികൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പുകൾ കൃത്യമായ ഇടവേളയിൽ നടത്തുന്നതിനാൽ കുളമ്പുരോഗം, കുരളടപ്പൻ തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്നത് ഒരു പരിധി വരെ തടയുവാൻ സാധിച്ചിട്ടുണ്ട്.

4.2.18 കൃത്രിമ ബീജാധാന രേഖകൾ

പാലക്കാട് ജില്ലയിൽ പശു, എരുമ, ആട് എന്നിവയുടെ കൃത്രിമ ബീജാധാനത്തിനായി 150780 ഡോസ് ബീജ മാത്രകൾ 2016-17 ൽ ചിലവായിട്ടുണ്ട്. ഇതിൽ പശു, എരുമ, ആട് എന്നിവയുടെ തരം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.2.7

തരം	ആദ്യത്തെ കുത്തിവെയ്പ്പ്	ആവർത്തന കുത്തിവെയ്പ്പ്
പശു	118994	24508
എരുമ	566	44
ആട്	6240	428

(അവലംബം : മൃഗസംരക്ഷണ വകുപ്പ്, പാലക്കാട്)

ഇതു കൂടാതെ അപ്കോസ് വഴി 17850 ബീജ മാത്രയും, സ്വകാര്യ എ.ഐ കേന്ദ്രങ്ങൾ വഴി 4410 ബീജ മാത്രയും ജില്ലയിൽ ചിലവായിട്ടുണ്ട്.

4.2.19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ വളരെയധികം പ്രാധാന്യമുള്ളതും, അഭിമാനിക്കത്തക്കതുമായ ഒരു പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി. പശുക്കുട്ടികളെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് കർഷകന് ധനസഹായം നൽകുന്ന പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാല പദ്ധതി.

കേരളത്തിന്റെ കാലിസമ്പത്തിൽ ഏറ്റവുമധികം കന്നുകാലികളുള്ള ജില്ലയാണ് പാലക്കാട്. കഴിഞ്ഞ മൂന്നു സാമ്പത്തിക വർഷങ്ങളിൽ 15717 കന്നുകുട്ടികളെ വരി ചേർക്കുകയും, ഇതിൽ 75 ശതമാനത്തോളം കിടാരികൾ 18 മാസമാകുമ്പോഴേക്കും ഗർഭം ധരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാരണത്താൽ ജില്ലയിലെ പ്രതിദിന പാലുൽപ്പാദനം 707500 ലിറ്ററായി വർദ്ധിപ്പിക്കയും ചെയ്തിട്ടുണ്ട്.

4.2.20 കർഷക രജിസ്ട്രേഷൻ

പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഔദ്യോഗിക വൈബ് സൈറ്റിൽ 27501 കർഷക ഓൺലൈൻ കർഷക രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട്. ഓരോ ബ്ലോക്കുകളിലെയും കർഷക രജിസ്ട്രേഷൻ ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

പട്ടിക 4.2.7

ബ്ലോക്ക് തല കർഷക രജിസ്ട്രേഷൻ വിവരങ്ങൾ

ക്രമ നം	ബ്ലോക്ക്	കർഷകരുടെ എണ്ണം
1	ചിറ്റൂർ	1936
3	പാലക്കാട്	3211
4	അട്ടപ്പാടി	689
5	ശ്രീകൃഷ്ണപുരം	2197
6	ആലത്തൂർ	2803
7	കുഴൽമന്ദം	2988
8	മണ്ണാർക്കാട്	1112
9	കൊല്ലങ്കോട്	1355
10	മലമ്പുഴ	1684
11	നെന്മാറ	3693
12	തൃത്താല	1594
13	പട്ടാമ്പി	1111
	ആകെ	24373

അവലംബം : മൃഗസംരക്ഷണ വകുപ്പ്, പാലക്കാട്

ജില്ലയിൽ 65,405 കർഷക കുടുംബങ്ങളുടെ തൊഴിൽ പശുവളർത്തൽ തന്നെയാണ്. എരുമ / പോത്ത് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത് 3547 പേരാണ്. 2530 പേർ ആട് വളർത്തലിലും, 132 കർഷകർ പന്നിവളർത്തലിലും ഏർപ്പെട്ടിരിക്കുന്നു. ആകെയുള്ള കർഷകരുടെ മൂന്നിലൊന്നു മാത്രമേ നിലവിൽ കർഷക രജിസ്ട്രേഷൻ ചെയ്തിട്ടുള്ളു.

4.2.21 പ്രശ്നങ്ങൾ

- ഇറച്ചിയുടെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ കഴിഞ്ഞിട്ടില്ല
- ആളോഹരി ലഭ്യത വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു
- അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന ഉരുക്കളുടെ പരിശോധന ഇല്ല
- ഉൽപ്പന്നം നിർമ്മിക്കുന്നില്ല.
- അംഗീകൃത അറവുശാലകൾ വിപണനകേന്ദ്രങ്ങൾ ഇല്ല
- ഇറച്ചി മൃഗങ്ങളെ വളർത്തുന്നത് കുറവ്
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നുണ്ടെങ്കിലും പദ്ധതി നടത്തിപ്പിലെ സാങ്കേതിക പ്രശ്നങ്ങളിൽ കുരുങ്ങി ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. ഗുണഭോക്തൃ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും, ഗുണഭോക്തൃ വിഹിതം അടയ്ക്കുന്നതിലുള്ള വിമുഖതയും ഇതിലുള്ള പ്രധാന കാരണങ്ങളാണ്.

4.2.22 സാധ്യതകൾ

കേരളത്തിലെ ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷനും മറ്റ് ധനസഹായങ്ങളും അനുവദിക്കുന്നതിനും വേണ്ടിയാണ് ക്ഷീര കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ജില്ലയിൽ 33,159 ക്ഷീരോൽപ്പാദകർ കേരള ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായുണ്ട്. ഇതിൽ 7,645 അംഗങ്ങൾക്ക് പെൻഷനും, 498 പേർക്ക് കുടുംബ പെൻഷനും ലഭിക്കുന്നുണ്ട്. ഓരോ ബ്ലോക്കിലെയും കറവപ്പശുക്കളുടെ എണ്ണത്തിന് ആനുപാതികമായി കൂടുതൽ ക്ഷീര സഹകരണസംഘങ്ങൾ ജില്ലയിൽ ആരംഭിക്കേണ്ടതുണ്ട്. പാൽ വിപണനത്തിന് കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തുന്നത് ആ പ്രദേശത്ത് കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുവാനും അതുവഴി പാലുൽപ്പാദനം വർദ്ധിപ്പിക്കുവാനും കഴിയും. ഗ്രാമപഞ്ചായത്തുതലത്തിൽ 2 വാർഡുകൾക്ക് ഒരു ക്ഷീര സഹകരണ സംഘം എന്ന കണക്കിന് സംഘങ്ങൾ ആരംഭിക്കേണ്ടതാണ്.

4.2.23 പരിഹാര നിർദ്ദേശങ്ങൾ

- ഇറച്ചിക്കായി മൃഗങ്ങളെ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുക
- തരിശുനിലങ്ങളിൽ പുല്ലുകൃഷി വ്യാപിപ്പിക്കുക.
- ജില്ലാ പഞ്ചായത്തിന്റെ നേതൃത്തിൽ അറവുശാല നിർമ്മിക്കുക
- അംഗീകൃത വിപണന കേന്ദ്രങ്ങൾ എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചയത്തുകളിലും സജ്ജമാക്കുക
- ഇതര സംസ്ഥാന കന്നുകാലി കടത്ത് നിയന്ത്രണ വിധേയമാക്കി രോഗ പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കുക.
- ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ വ്യവസായ അടിസ്ഥാനത്തിൽ ആരംഭിക്കുക.
- മാലിന്യ സംസ്കരണം കേന്ദ്രീകൃതമാക്കണം.
- കൃഷിവകുപ്പ് മുഖാന്തിരം വൈക്കോൽ സംഭരിക്കുകയും കർഷകർക്ക് അവരുടെ ആവശ്യാനുസരണം വിതരണത്തിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

4.3 മത്സ്യമേഖല

4.3.1 ആമുഖം

4.3.1.1 കേരളത്തിലെ ഏറ്റവും വലിയ ജില്ലയായ പാലക്കാട് വൈവിധ്യമാർന്ന ഭൂപ്രകൃതികൾ ഉൾക്കൊള്ളുന്ന പ്രദേശമാണ്. കാർഷിക മേഖലയ്ക്ക് വലിയ പ്രാധാന്യമുള്ള ജില്ലയാണിത്. അതുകൊണ്ടു തന്നെ കൃഷി മൃഗസംരക്ഷണം എന്നീ മേഖലകളോടൊപ്പം മത്സ്യമേഖലയ്ക്കും പ്രധാന സ്ഥാനമുണ്ട്.

4.3.1.2 കടൽത്തീരമില്ലാത്ത ഒരു ഉൾനാടൻ ജില്ലായാണെങ്കിലും പ്രകൃത്യാലുള്ള ജലസ്രോതസ്സുകളായ പുഴകൾ, തോടുകൾ, കുളങ്ങൾ എന്നിവയാൽ സമ്പന്നമാണ് പാലക്കാട്. ജില്ലയിൽ മിക്ക നദികളിലും അണക്കെട്ടുകളും, തടയണകളും നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഇവ മത്സ്യകൃഷിക്കും, മത്സ്യബന്ധനത്തിനും അനുയോജ്യമാണ്. മത്സ്യബന്ധനത്തെ അപേക്ഷിച്ച് മത്സ്യകൃഷിക്ക് പ്രാധാന്യമുള്ളതിനാൽ മത്സ്യത്തൊഴിലാളികളേക്കാൾ മത്സ്യകർഷരാണ് ജില്ലയിൽ അധികമായിട്ടുള്ളത്.

4.3.1.3 പതിറ്റാണ്ടുകൾക്കു മുമ്പ തന്നെ പാലക്കാട് ജില്ലയിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങളിൽ മത്സ്യകൃഷിയും വിജയകരമായി ചെയ്തുവന്നിരുന്നു. ഇതുവഴി കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവും അതോടൊപ്പം അധികവരുമാനവും ലഭിച്ചിരുന്നു. 1963 ൽ ഫിഷറീസ് വകുപ്പ് മലമ്പുഴയിൽ മത്സ്യവിത്തുല്പാദന കേന്ദ്രം ആരംഭിച്ചതോടെ മത്സ്യക്കുഞ്ഞു ലഭ്യത ഉറപ്പു വരുത്തുന്നതിനും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞു. 1976 ൽ മീങ്കരയിൽ മത്സ്യകർഷക വികസന ഏജൻസി രൂപീകരിച്ചതോടെ ശാസ്ത്രീയ മത്സ്യകൃഷി രീതികൾക്ക് ജില്ലയിൽ പ്രചാരം ലഭിച്ചു. ഇത് മത്സ്യകൃഷി ഒരു തൊഴിൽമേഖല എന്ന നിലയിൽ വളരുന്നതിനും കൃഷി വൈവിധ്യവൽക്കരിക്കുന്നതിനും സഹായകമായി. പാലക്കാട് ജില്ലയിൽ ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, കുഴൽമന്ദം, മലമ്പുഴ എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യകൃഷി മികച്ച രീതിയിൽ ചെയ്തു വരുന്നു.

4.3.1.4 ജില്ലയിൽ മലമ്പുഴ റിസർവ്വോയറിലാണ് 1960 കളിൽ മത്സ്യകൃഷി ആരംഭിച്ചത്. റിസർവോയർ മത്സ്യബന്ധന പ്രവർത്തനങ്ങൾ വിജയകരമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്ന് കൂടുതൽ റിസർവ്വോയറുകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചു. 1980 കൾ മുതൽ ചുള്ളിയാർ, മീങ്കര, പോത്തുണ്ടി, വാളയാർ, മംഗലം, കാഞ്ഞിരപ്പുഴ എന്നീ 6 റിസർവ്വോയറുകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് മത്സ്യബന്ധനം നടത്തി വരുന്നു. ജില്ലയിലെ മത്സ്യോല്പാദനത്തിൽ പ്രധാന പങ്കു വഹിക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള മത്സ്യം ജനങ്ങൾക്കെത്തിക്കുന്നതിനും, സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്നതിനും റിസർവ്വോയറിലെ മത്സ്യകൃഷി സഹായകരമാവുന്നു. 1992 ൽ മലമ്പുഴ ആസ്ഥാനമായി ഇൻഡോ ജർമ്മൻ റിസർവ്വോയർ ഫിഷറീസ് ഡെവലപ്പ്മെൻറ് പ്രൊജക്ട് ആരംഭിച്ചു. ജർമ്മൻ സാങ്കേതിക സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധതിയിലൂടെ മത്സ്യതൊഴിലാളികൾക്കുള്ള പരിശീലനങ്ങളും റിസർവ്വോയർ മത്സ്യബന്ധനത്തിന് വേണ്ട അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1997 ൽ ജർമ്മൻ സഹായം അവസാനിച്ചതോടു കൂടി ഈ പദ്ധതി കേരള റിസർവ്വോയർ ഡവലപ്പ്മെൻറ് പ്രൊജക്ട് എന്ന പേരിൽ തുടർന്നു വരുന്നു. നിലവിൽ റിസർവ്വോയർ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി വരുന്നത് ഈ പ്രൊജക്ടിൻറെ ഭാഗമായിട്ടാണ്.

4.3.2 അവസ്ഥ വിശകലനം

4.3.2.1 പാലക്കാട് ജില്ലയിൽ കൂടി ഒഴുകുന്ന രണ്ട് പ്രധാന നദികൾ ഭാരതപ്പുഴയും, ഭവാനിപ്പുഴയുമാണ്. ഭാരതപ്പുഴയുടെ ഭൂരിഭാഗവും പാലക്കാട് ജില്ലയിലാണ്. ചിറ്റൂർപ്പുഴ, കണ്ണാടിപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, തൂത്തപ്പുഴ എന്നിവ ഇതിൻറെ പോഷക നദികളാണ്. ഭവാനിപ്പുഴ, അട്ടപ്പാടി മലനിരകളിലുത്ഭവിച്ച് തമിഴ്നാട്ടിലേക്ക് പ്രവേശിച്ച് കാവേരിയോട് ചേരുന്നു. ഈ രണ്ടു നദികൾക്കു പുറമെ കടലുണ്ടിപ്പുഴയുടെ ഒരു ചെറിയ ഭാഗം ജില്ലയുടെ വടക്കു കിഴക്കു ഭാഗത്തുകൂടി കടന്നു പോകുന്നു.ജില്ലയുടെ തെക്കു വടക്കു ഭാഗത്തുള്ള പറമ്പിക്കുളം മേഖലയിലൂടെ ചാലക്കുടിപ്പുഴയുടെ ഉത്ഭവപ്രദേശമാണ്. സ്വാഭാവിക മത്സ്യസമ്പത്തിനാൽ അനുഗൃഹീതമാണ് ഈ നദികൾ.

4.3.2.2 കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ജില്ലയായതിനാൽ ഇവിടത്തെ ഭൂരിഭാഗം കുളങ്ങളും ജലസേചന സൌകര്യം കണക്കിലെടുത്ത് പണി കഴിപ്പിച്ചവയാണ്. ഏകദേശം അയ്യായിരത്തിലധികം കുളങ്ങളാണ് ജില്ലയിലുള്ളത്. ഇവയിൽ സ്വകാര്യകുളങ്ങളും, പൊതുകുളങ്ങളും, ക്ഷേത്രകുളങ്ങളും, ക്വാറികളും ഉൾപ്പെടുന്നു. പാലക്കാട് ജില്ലയിൽ മത്സ്യകൃഷി പരമ്പരാഗതമായി ചെയ്തു വരുന്നത് ഈ കുളങ്ങളിലാണ്. സ്വാഭാവിക മത്സ്യസമ്പത്തിനാൽ അനുഗൃഹീതമാണ് ഈ കുളങ്ങൾ. ഇവയിൽ ഭൂരിഭാഗവും ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, കുഴൽമന്ദം, മലമ്പുഴ എന്നീ ബ്ലോക്കുകളിലാണ് സ്ഥിതി ചെയ്യുന്നത്. ജില്ലയിലെ ജലസമ്പത്തിൻറെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.1. **ജലസമ്പത്ത്**

ജലവിഭവങ്ങൾ	**എണ്ണം**	**വിസ്തൃതി (ഹെ)**
പഞ്ചായത്ത് കുളങ്ങൾ	888	297.3
ജലസേചന ടാങ്കുകൾ	59	748.8
ക്ഷേത്രകുളങ്ങൾ	360	133.8
സ്വകാര്യകുളങ്ങൾ	4445	1326.7
ക്വാറികുളങ്ങൾ	146	58.8
അണക്കെട്ടുകൾ, തടയണകൾ	90	7495.1
ആകെ	**5988**	**10060.5**

4.3.2.3 ജില്ലയിലെ പ്രധാനപ്പെട്ട നദികളിൽ നിർമ്മിച്ചിട്ടുള്ള അണക്കെട്ടുകളോട് ചേർന്നുള്ള റിസർവ്വോയറുകൾ ജലകൃഷിയ്ക്കനുയോജ്യമായ സാഹചര്യം ഒരുക്കുന്നു. ജില്ലയിൽ മത്സ്യകൃഷിയ്ക്കനുയോജ്യമായ ജലസമ്പത്തിൽ പ്രധാന പങ്ക് വഹിക്കുന്നത് റിസർവ്വോയറുകളാണ്.



4.3.3 ജലകൃഷി

4.3.3.1 പതിറ്റാണ്ടുകൾക്ക് മുമ്പുതന്നെ പാലക്കാട്ജില്ലയിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന കുളങ്ങളിൽ മത്സ്യകൃഷിയും വിജയകരമായി ചെയ്തുവന്നിരുന്നു .ഇതുവഴി കർഷകർക്ക് ഗുണനിലവാരമുള്ള മത്സ്യവും അതോടൊപ്പം അതികവരുമാനവും ലഭിച്ചിരുന്നു .1963 ൽ ഫിഷറീസ് വകുപ്പ് മലമ്പുഴയിൽ .കേന്ദ്രം ആരംഭിച്ചതോടെ മത്സ്യ കുഞ്ഞു ലഭ്യത ഉറപ്പുവരുത്തുന്നതിനും കൂടുതൽ പ്രദേശങ്ങളിലേക്ക് മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിനും കഴിഞ്ഞു 1976 ൽ മീങ്കരയിൽ മൽസ്യ കർഷക വികസന ഏജൻസി രൂപീകരിച്ചതോടെ ശാസ്ത്രീയ മത്സ്യ കൃഷി രീതികൾക്ക് ജില്ലയിൽ പ്രചാരം ലഭിച്ചു.ഇത് മത്സ്യ കൃഷി ഒരു തൊഴിൽ മേഖല എന്ന നിലയിൽ വളരുന്നതിനും കൃഷി വൈവിധ്യവ ത്കരിക്കുന്നതിനും സഹായകമായി . പാലക്കാട് ജില്ലയിൽ ചിറ്റൂർ, കൊല്ലങ്കോട്, നെന്മാറ, ആലത്തൂർ, കുഴൽമന്ദം, മലമ്പുഴ എന്നീ ബ്ലോക്കുകളിൽ ഉൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മത്സ്യ കൃഷി മികച്ച രീതിയിൽ ചെയ്തുവരുന്നു .

4.3.3.2 ജില്ലയിൽ മലമ്പുഴ റിസെർവോയറിൽ ആണ് 1960 കളിൽ മത്സ്യ കൃഷി ആരംഭിച്ചത് . റിസെർവോയർ മത്സ്യ ബന്ധന പ്രവർത്തനങ്ങൾ വിജയകരമാണെന്നു ബോധ്യപ്പെട്ടതിനെ തുടർന്ന് കൂടുതൽ റിസെർവോയറുകളിലേക്കു വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചു . 1980 കൾ മുതൽ ചുള്ളിയാർ, മീങ്കര, പോത്തുണ്ടി, വാളയാർ, മംഗളം, കാഞ്ഞിരപ്പുഴ എന്നീ 6 റിസെർവോയറുകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ചു മത്സ്യ ബന്ധനം നടത്തിവരുന്നു. ജില്ലയിലെ മത്സ്യോത്പാദനത്തിൽ പ്രധാന പങ്കു വഹിക്കുന്നതിനോടൊപ്പം ഗുണമേന്മയുള്ള മത്സ്യം ജനങ്ങളിൽ എത്തിക്കുന്നതിന്,

സമൂഹത്തിലെ പാർശ്വവത്കരിക്കപ്പെട്ട മത്സ്യ തൊഴിലാളികൾക്ക് തൊഴിൽ അവസരങ്ങൾ പ്രധാനം ചെയ്യുന്നതിനും, റിസെർവോയറിലെ മത്സ്യ കൃഷി സഹായകമാകുന്നു . 1992 ൽ മലമ്പുഴ ആസ്ഥാനമായി ഇന്തോ- ജർമ്മൻ റിസെർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രൊജക്റ്റ് ആരംഭിച്ചു. ജർമ്മൻ സാങ്കേതിക -സാമ്പത്തിക സഹായത്തോടെ നടപ്പാക്കിയ ഈ പദ്ധതിയിലൂടെ മത്സ്യ തൊഴിലാളികൾക്കുള്ള പരിശീലനങ്ങളും ,റിസെർവോയർ മത്സ്യ ബന്ധനങ്ങൾക്കു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 1997 ൽ ജർമ്മൻ സഹായം അവസാനിച്ചതോടുകൂടി ഈ പദ്ധതി കേരള റിസെർവോയർ ഡെവലൊപ്മെന്റ് പ്രൊജക്റ്റ് എന്ന പേരിൽ തുടർന്ന് വരുന്നു . നിലവിൽ റിസെർവോയർ മത്സ്യ ബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തി വരുന്നത് ഈ പ്രോജക്ടിന്റെ ഭാഗമായിട്ടാണ് .

4.3.3.3 പരിസ്ഥിതിയ്ക്ക് ഒട്ടും ദോഷം ചെയ്യാത്ത മത്സ്യബന്ധന രീതിയാണ് റിസർവ്വോയറുകളിൽ അനുവർത്തിച്ചു വരുന്നത്. മത്സ്യബന്ധനത്തിനായി വിവിധ കണ്ണിവലുപ്പത്തിലുള്ള ഗിൽനെറ്റുകളും മത്സ്യബന്ധനവുമായി പരശലുകളും ആണ്. റിസർവ്വോയറുകളിൽ ഉപയോഗിക്കുന്നത്. പിടിച്ചെടുത്ത മത്സ്യം റിസർവ്വോയറുകളിലെ വിൽപ്പന കൌണ്ടർ വഴി സർക്കാർ നിരക്കിൽ വിൽപ്പന നടത്തുന്നു. പിടിച്ചെടുത്ത മത്സ്യത്തിൻറെ വിലയുടെ 75 ശതമാനം മത്സ്യത്തൊഴിലാളികൾക്ക് തന്നെ വിതരണം

4.3.3.4 ജില്ലയിലെ പ്രധാനപ്പെട്ട റിസർവ്വോയറുകളുടേയും അവയിൽ മത്സ്യബന്ധനം കാര്യക്ഷമമായി നടത്തി വരുന്ന റിസർവ്വോയറുകളുടേയും വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു. പ്രധാനപ്പെട്ട 10 റിസർവ്വോയറുകളിൽ 7 എണ്ണത്തിൽ മത്സ്യകൃഷി നടത്തിവരുന്നുണ്ട്. മറ്റു മൂന്നു റിസർവ്വോയറുകൾ സ്ഥിതി ചെയ്യുന്നത് പറമ്പിക്കുളം കടുവാസാങ്കേതത്തിൽ ആയതിനാൽ അവിടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് വ്യവസ്ഥാപിത രീതിയിൽ മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം ലഭിച്ചിട്ടില്ല. ഇവിടെ നിയന്ത്രിത രീതിയിലുള്ള മത്സ്യബന്ധനം മാത്രം നടന്നു വരുന്നു.

പട്ടിക 4.3.2

നമ്പർ	പേര്	വിസ്തൃതി (ഹെ)	മത്സ്യബന്ധനം നടത്തുന്ന തൊഴിലാളികൾ	മത്സ്യബന്ധനം നടത്തുന്ന സ്ഥാപനം
1	മലമ്പുഴ	2313	115	സ്വയം സഹായം സംഘം
2	മംഗലം	393	33	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
3	മീങ്കര	259	29	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
4	ചുള്ളിയാർ	159	32	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
5	പോത്തുണ്ടി	363	30	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
6	വാളയാർ	259	50	എസ്.എസ്.എസ്.റ്റി സഹകരണ സംഘം
7	കാഞ്ഞിരപ്പുഴ	512	60	എസ്.എസ്.എസ്.റ്റി

				സഹകരണ സംഘം
8	പറമ്പിക്കുളം	2092		
9	തൂണക്കടവ്	283		
10	പെരുവാരിപ്പള്ളം	255		
ആകെ		**6888**		

4.3.4 മത്സ്യസമ്പത്ത്

4.3.4.1 വ്യത്യസ്ത ഇനത്തിൽപ്പെട്ട നിരവധി ശുദ്ധജല മത്സ്യങ്ങൾ ജില്ലയിൽ കാണപ്പെടുന്നു. സ്വാഭാവിക ജലസ്രോതസ്സുകളിൽ 80 ൽപ്പരം മത്സ്യ ഇനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പശ്ചിമഘട്ടത്തിലെ മുകൾഭാഗത്തുള്ള നദികളുടെ ഉത്ഭവ സ്ഥാനങ്ങളിൽ മഹസീർ പോലെയുള്ള ശീതജല മത്സ്യങ്ങളും സമതലപ്രദേശങ്ങളിൽ കാർപ്പുകൾ, വരാൽ, പൂച്ചമത്സ്യങ്ങൾ, വാള, ആരൽ, കരിമീൻ, പുഴാൻ, മനിഞ്ഞാൽ, മത്സ്യ ഇനങ്ങളും കാണപ്പെടുന്നു. ഇവയിൽ കൂടുതലും ഭക്ഷ്യയോഗ്യമായ ഇനങ്ങളാണ്. വിദേശ വിപണിയിൽ വിപണന സാധ്യതയുള്ള അലങ്കാര മത്സ്യങ്ങളും ഇവയിലുൾപ്പെടുന്നു. മത്സ്യങ്ങൾ കൂടാതെ കൊഞ്ച്, ഞണ്ട്, ചിപ്പികൾ എന്നിവയും മത്സ്യസമ്പത്തിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും പരിസ്ഥിതി ശോഷണവും മാനുഷിക ഇടപെടലുകളും സ്വാഭാവിക മത്സ്യസമ്പത്തിന് ഭീഷണിയായിത്തീരുന്നു.

4.3.4.2 സ്വാഭാവിക മത്സ്യ സമ്പത്തിനു പുറമെ മത്സ്യകൃഷിയ്ക്കായി ഉയർന്ന വളർച്ചാ നിരക്കും പ്രതിരോധശേഷിയുള്ള മത്സ്യങ്ങളേയും വളർത്തി വരുന്നു. ഇന്ത്യൻ മേജർ കാർപ്പുകളായ കട് ല, രോഹു, മൃഗാൽ എന്നിവയും ഗ്രാസ്സ്, കാർപ്പ്, സിൽവർകാർപ്പ്, കോമൺ കാർപ്പ് എന്നിവയാണ് ജില്ലയിൽ കൃഷിയ്ക്കായി വളർത്തുന്ന മത്സ്യങ്ങൾ ഇതിനു പുറമെ തിലാപ്പിയ, വാള തുടങ്ങിയ മത്സ്യങ്ങളും ഇപ്പോൾ കൃഷി ചെയ്തു വരുന്നു.

4.3.5 മത്സ്യത്തൊഴിലാളികൾ

4.3.5.1 ജില്ലയിൽ മത്സ്യബന്ധന സാധ്യതകൾ പരിമിതമാണെങ്കിലും മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ച മത്സ്യത്തൊഴിലാളികളുണ്ട്. പ്രധാനമായും റിസർവ്വോയറുകൾ കേന്ദ്രീകരിച്ചും ജില്ലയിലെ പടിഞ്ഞാറൻ ഭാഗങ്ങളിലെ നദികളിൽ മത്സ്യബന്ധനം നടത്തിയുമാണ് മത്സ്യത്തൊഴിലാളികൾ പ്രവർത്തിക്കുന്നത്. റിസർവ്വോയറുകളിലെ മത്സ്യബന്ധനം 1980 കളിൽ സംഘടിതമായ രീതിയിൽ ആരംഭിച്ചു. ഈ തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിലും സഹകരണ മേഖലയിലും പരിശീലനങ്ങൾ ലഭിച്ചിട്ടുള്ളതിനാൽ മെച്ചപ്പെട്ട രീതിയിൽ റിസോർവ്വോയർ മത്സ്യബന്ധനം നടത്തുന്നതിൽ മികച്ച പ്രാവീണ്യമുണ്ട്. ജില്ലയിലെ മറ്റു ജലാശയങ്ങളിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന തൊഴിലാലികളും വൈദഗ്ദ്യമുള്ളവരാണ്. പാലക്കാട് ജില്ലയിലെ എല്ലാ മത്സ്യത്തൊഴിലാളികളും പുതുനഗരം ഉൾനാടൻ എന്ന മത്സ്യഗ്രാമത്തിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരെയാണ് കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ എന്നു വിവക്ഷിക്കുന്നത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരെ അനുബന്ധ മത്സ്യത്തൊഴിലാളികൾ എന്ന് കണക്കാക്കുന്നു. ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ സ്ഥിതിവിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.3.3.

മത്സ്യത്തൊഴിലാളികളുടെ സ്ഥിതി വിവര കണക്കുകൾ

വർഷം	2013--14	2014-15	2015-16	2016-17
കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ	455	453	481	458
അനുബന്ധ മത്സ്യത്തൊഴിലാളികൾ	289	272	244	268
	744	**725**	**725**	**726**

ആകെ രജിസ്റ്റർ ചെയ്ത 726 മത്സ്യത്തൊഴിലാളികൾ ജില്ലയിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളുടെ എണ്ണം 458 ആണ്. അനുബന്ധ മത്സ്യത്തൊഴിലാളികളുടെ എണ്ണം 268 ആണ്. കേരളത്തിലെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ 1.2% പാലക്കാട് ജില്ലയിലാണ്.

4.3.6 വിപണന കേന്ദ്രങ്ങൾ

ജില്ലയിലെ 4 മൊത്ത വ്യാപാരകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏറ്റവും വലിയ വ്യാപാരകേന്ദ്രമായ ഡാൻസ് മാർക്കറ്റ് പാലക്കാട് നഗരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഏറ്റവും വലിയ ഉണക്ക മത്സ്യവിപണന കേന്ദ്രം വാണിയംകുളത്ത് സ്ഥിതി ചെയ്യുന്നു. ഇതു കൂടാതെ റിസർവ്വോയറുകളിൽ നിന്നുള്ള മത്സ്യം വിൽക്കുന്നതിനായി വിൽപ്പന കൌണ്ടറുകളും പ്രവർത്തിക്കുന്നുണ്ട്. പ്രധാനപ്പെട്ട മത്സ്യവിപണന കേന്ദ്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടാമ്പി ആധുനിക മത്സ്യ മാർക്കറ്റ്

പട്ടിക 4.3.4.

ജില്ലയിലെ മത്സ്യവിപണന കേന്ദ്രങ്ങൾ

ബ്ലോക്ക് പഞ്ചായത്ത്	മൊത്ത വ്യാപാര കേന്ദ്രങ്ങൾ	ചില്ലറ വ്യാപാര കേന്ദ്രങ്ങൾ	ആകെ
കൊല്ലങ്കോട്	1	3	4
ഒറ്റപ്പാലം		8	8
നെന്മാറ		1	1

ആലത്തൂർ		7	7
ചിറ്റൂർ		3	3
കുഴൽമന്ദം		2	2
മണ്ണാർക്കാട്	1	7	8
പട്ടാമ്പി		4	4
മലമ്പുഴ		6	6
പാലക്കാട്	1	17	18
ശ്രീകൃഷ്ണപുരം		7	7
തൃത്താല		2	2
പട്ടാമ്പി മുൻസിപ്പാലിറ്റി	1	4	5
ഒറ്റപ്പാലം മുൻസിപ്പാലിറ്റി		5	5
ഷൊർണ്ണൂർ മുൻസിപ്പാലിറ്റി		4	4
ചെർപ്പുളശ്ശേരി മുൻസിപ്പാലിറ്റി		4	4
റിസർവ്വോയർ മത്സ്യവിൽപ്പനകേന്ദ്രം		7	7
ആകെ	**4**	**91**	**95**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ലൈസൻസുള്ള ചെറുകിട വ്യാപാര കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. പുതുനഗരം, മണ്ണാർക്കാട്, പട്ടാമ്പി, പാലക്കാട് എന്നിവിടങ്ങളിലേക്ക് മൊത്ത വ്യാപാര കേന്ദ്രങ്ങളുള്ളത്. പാലക്കാട്, മലമ്പുഴ ബ്ലോക്കുകളിലായി 3 ഐസ് പ്ലാൻറുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

4.3.7 <u>വിദ്യാഭ്യാസം / പരിശീലന സ്ഥാപനങ്ങൾ</u>

ജില്ലയിൽ മത്സ്യമേഖലയിലുള്ള പരിശീലനത്തിനും വിദ്യാഭ്യാസത്തിനും അടിസ്ഥാന സൌകര്യങ്ങൾ കുറവാണ്. മലമ്പുഴയിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ പ്ലസ്ടു തലത്തിൽ ഒരു വിഷയമായി ജലകൃഷി ഉൾപ്പെടുത്തിയിട്ടുണ്ട്. മുണ്ടൂരിലുള്ള ഇൻറഗ്രേറ്റഡ് റൂറൽ ടെക്നോളജി സെൻറർ (ഐ.ആർ.ടി.സി) എന്ന സ്ഥാപനവും പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

4.3.8 <u>സ്ഥാപനങ്ങൾ</u>

ജില്ലയിൽ ഫിഷറീസ് വകുപ്പ് മത്സ്യകൃഷി, മത്സ്യബന്ധനം, മത്സ്യത്തൊഴിലാളി ക്ഷേമം എന്നീ മേഖലകളിലാണ് വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഈ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികളും, പ്രവർത്തനങ്ങളും ഏകോപ്പിക്കുന്നത് മലമ്പുഴയിലുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ നിന്നുമാണ്.

സംസ്ഥാനത്ത് ഏറ്റവുമധികം മത്സ്യവിത്തുല്പാദനം നടത്തുന്നത്. ഫിഷറീസ് വകുപ്പിൻറെ കീഴിൽ മലമ്പുഴയിൽ പ്രവർത്തിക്കുന്ന ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രമാണ്.

കൂടാതെ ജില്ലയിൽ മങ്കര, ചുള്ളിയാർ, മംഗലം ഡാം, വാളയാർ എന്നിവിടങ്ങളിൽ മത്സ്യവിതത് ഫാമുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യമേഖലയിൽ അഞ്ചോളം മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഉടമസ്ഥതയിലുള്ള മത്സ്യവിത്തുല്പാദന ഫാമുകളുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.5.

സർക്കാർ ഫാമുകളിലെ മത്സ്യക്കുഞ്ഞുല്പാദന ശേഷി

മത്സ്യവിത്ത് റിയറിംഗ് ഫാമുകൾ	വിസ്തൃതി (ഹെ)	ഉല്പാദന ശേഷി (മില്യൻ / വർഷം)
മലമ്പുഴ	3.58	15
മംഗലം	0.16	1.7
മീങ്കര	0.35	3.6
വാളയാർ	0.15	1.4
ചുള്ളിയാർ	0.41	4.5

4.3.8.1 ഫിഷറീസ് വകുപ്പിൻറെ നിയന്ത്രണത്തിലുള്ള മലമ്പുഴ ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രത്തിൽ ഗുണനിലവാരമുള്ള കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു. മലമ്പുഴ, കൊല്ലങ്കോട്, നെന്മാറ ബ്ലോക്കുകളിൽ മത്സ്യക്കുഞ്ഞ് വളർത്തൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. മലമ്പുഴ ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രത്തിൻറെ ഉല്പാദന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 4.3.6.

മലമ്പുഴ ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രത്തിൽനിന്നുള്ള ഉല്പാദനം

വർഷം	ഉല്പാദനം ലക്ഷത്തിൽ
2012-13	97
2013-14	58
2014-15	100.4
2015-16	80.0
2016-17	82.8

4.3.8.2 മലമ്പുഴയിലെ അക്വേറിയം ക്ലോംപ്ലക്സ് വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്നതും, വിനോദത്തോടൊപ്പം വിജ്ഞാനവും പകരുന്ന ഒരു കേന്ദ്രമാണ്. 10000 ചതുരശ്ര അടി വിസ്തൃതിയിൽ ഇരുനിലകളിലായി ശീതികരിച്ച ടണൽ മാതൃകയിൽ രൂപകൽപ്പന ചെയ്തു ക്രമീകരിച്ചിരിക്കുന്ന അക്വേറിയം ടാങ്കുകളിൽ വർണ്ണമത്സ്യങ്ങൾ പ്രദർശിപ്പിട്ടുണ്ട്. അക്വേറിയം കോംപ്ലക്സ് സന്ദർശകരുടെ എണ്ണവും വരവും ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.7.

മലമ്പുഴ അക്വേറിയം സന്ദർശകരുടെ വിവരങ്ങൾ

വർഷം	സന്ദർശകർ (ലക്ഷത്തിൽ)	വരുമാനം (ലക്ഷത്തിൽ)
2012-13	2.84	11.7
2013-14	2.023	17.3
2014-15	2.215	19.1
2015-16	2.293	20.0
2016-17	2.920	67.5

4.3.8.3 മത്സ്യകർഷകർക്ക് സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനും മത്സ്യകൃഷി ജില്ലയിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച സ്ഥാപനമാണ് മത്സ്യകർഷക വികസന ഏജൻസി ജില്ലയിലെ മത്സ്യകൃഷി വ്യാപനത്തിൽ പ്രമുഖ പങ്കു വഹിക്കുന്നു. മത്സ്യക്കുളത്തിൻറെ നിർമ്മാണം, പുനരുദ്ധാരണം ഹാച്ചറികളുടെ നിർമ്മാണം എന്നിവയ്ക്ക് മത്സ്യകർഷക വികസന ഏജൻസി വഴി സാങ്കേതിക, സാമ്പത്തിക സഹായം നൽകി വരുന്നു.

4.3.8.4 സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ ജീവിക്കുന്ന മത്സ്യത്തൊഴി ലാളികൾക്ക് ആവശ്യമായ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയാണ്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന യോഗ്യരായ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി അംഗത്വം നൽകുന്നത് ബോർഡ് മുഖാന്തിരമാണ്. അതോടൊപ്പം അനുബന്ധ തൊഴിലാളികൾക്കുള്ള അംഗത്വവും ബോർഡ് വഴി നൽകുന്നു. അംഗത്വം ലഭിച്ചിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്, പെൻഷൻ, അവിചാരിതമരണം, വിവാഹധനസഹായം, താൽക്കാലിക അംഗവൈകല്യം മത്സ്യത്തൊഴിലാളിയുടെ മരണം, രോഗ ചികിത്സാ പദ്ധതി എന്നീ ആനുകൂല്യങ്ങൾ ബോർഡ് നൽകുന്നു.

4.3.8.5 കാർഷിക മേഖലയ്ക്ക് പ്രാധാന്യമുള്ള ജില്ലയായതിനാൽ മത്സ്യമേഖലയിൽ മത്സ്യകൃഷിയ്ക്കാണ് പ്രാധാന്യം. ഇവയിൽ കാർപ്പ് മത്സ്യങ്ങളുടെ കൃഷിയ്ക്കാണ് ജില്ലയിൽ പ്രമുഖ സ്ഥാനം. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യതയും, കുറഞ്ഞ പരിപ്പാലനച്ചെലവും ആണ് കാർപ്പ് മത്സ്യകൃഷിയ്ക്ക് പ്രാധാന്യം ലഭിക്കുന്നതിനുള്ള കാരണം. സ്വകാര്യ കുളങ്ങളിലാണ് മത്സ്യകൃഷി കൂടുതലായി ചെയ്തു വരുന്നത്. എങ്കിലും പരമ്പരാഗത രീതികൾ വിട്ട് സമീപ കാലത്തായി കർഷകർ കരിമീൻ, വാള, തിലാപ്പിയ തുടങ്ങിയ മത്സ്യങ്ങളുടെ ഏകവർഗ്ഗ കൃഷി രീതിയിലും താല്പര്യം കാണിച്ചു തുടങ്ങിയിട്ടുണ്ട്. വീടുകൾക്ക് അനുയോജ്യമായ അക്വാ-പോണിക്സ് എന്ന കൃഷി രീതിയും പ്രചാരം നേടി വരുന്നു. കുറഞ്ഞ സ്ഥലത്തു നിന്നും കൂടുതൽ മത്സ്യം ഉല്പാദിപ്പിക്കുന്നതിന് ഈ കൃഷി രീതി സഹായകമാണ്. ജലത്തിൻറെ പുനചംക്രമണം നടത്തുന്നതിനാൽ ഈ കൃഷിരീതിയ്ക്ക് വെള്ളം കുറച്ചു മതി. മത്സ്യത്തോടൊപ്പം പച്ചക്കറിയും അക്വാപോണിക്സിൽ ലഭ്യമാവുന്നു. ജില്ലയിൽ വളരെയധികം വിപണന സാധ്യതയുള്ള മേഖലയാണ് അലങ്കാര മത്സ്യകൃഷി. ഈ മേഖലയിൽ ചെറുകിട യൂണിറ്റുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. വനിതകൾക്ക് മികച്ച രീതിയിൽ നടത്തുവാൻ കഴിയുന്ന സംരംഭമാണ് അലങ്കാര മത്സ്യകൃഷി.

4.3.8.6 ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ മത്സ്യകർഷകർ സമ്മിശ്ര മത്സ്യകൃഷി, തിലാപ്പിയ കൃഷി, ആറ്റുകൊഞ്ച് കൃഷി, മലേഷ്യൻ വാളകൃഷി, എന്നിവയും മത്സ്യത്തോടൊപ്പം കോഴി വളർത്തൽ,

പന്നിവളർത്തൽ, പശുവളർത്തൽ, പച്ചക്കറി കൃഷി എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള സംയോജിത മത്സ്യകൃഷി എന്നീ രീതികൾ അവലംബിച്ചു വരുന്നു. ഉല്പാദിപ്പിക്കുന്ന മത്സ്യം തദ്ദേശീയമായിത്തന്നെ ഉപയോഗിക്കപ്പെടുകയും വിറ്റഴിക്കപ്പെടുകയുമാണ് ചെയ്യുന്നത്.

4.3.8.7 ജില്ലയിൽ ഒരു വർഷം ഏകദേശം 40000 ടൺ മത്സ്യം ഉപയോഗിക്കപ്പെടുന്നതായി കണക്കാക്കുന്നു. ഇതിൽ ഭൂരിഭാഗവും സമുദ്രജല മത്സ്യങ്ങളാണ്. ജില്ലയിലെ പ്രധാനപ്പെട്ട മൊത്ത ചില്ലറ വ്യാപാരകേന്ദ്രങ്ങൾ വഴിയാണ് ഇവ വിപണനം ചെയ്യപ്പെടുന്നത്. സമുദ്രജല മത്സ്യങ്ങളുടെ ലഭ്യത പരിമിതമായതിനാൽ മത്സ്യകൃഷിയിലൂടെ മാത്രമേ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിയുകയുള്ളൂ.

4.3.8.8 സർക്കാർ നടപ്പാക്കിയ മത്സ്യകേരളം, മത്സ്യസമൃദ്ധി എന്നീ പദ്ധതികൾ വഴി കൂടുതൽ കർഷകർ മത്സ്യകൃഷിയിലേക്ക് കടന്നുവരുന്നതിനും, കൂടുതൽ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ പദ്ധതികളിലൂടെ ജലകൃഷിയുടെ സാധ്യതകളെക്കുറിച്ച് കർഷകരെ ബോധവൽക്കരിക്കുന്നതിനും, ടി മേഖലയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഇടപെടൽ ഉറപ്പാക്കുന്നതിനും സാധിച്ചു. അതോടൊപ്പം മത്സ്യകർഷകർക്ക് പരിശീലനപരിപാടികൾ സംഘടിപ്പിക്കുന്നതിനും മത്സ്യ കർഷക ക്ലബ്ബുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിനും സാധിച്ചു. 2016-17 മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 1277 ഹെക്ടറിൽ നിന്നായി 2629 ടൺ മത്സ്യം ഉല്പാദിപ്പിച്ചിട്ടുണ്ട്.

4.3.8.9 അണക്കെട്ടുകൾ, ചെക്ക് ഡാമുകൾ എന്നിവയുൾപ്പെടെ 7500 ഹെക്ടർ വരുന്ന ജലാശയങ്ങളിൽ 4258 ഹെക്ടർ വരുന്ന 7 റിസർവ്വോയറുകളിലാണ് മത്സ്യകൃഷി ചെയ്തു വരുന്നത്. ഇവയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളും സ്വയംസഹായസംഘങ്ങളും വഴി മത്സ്യക്കുഞ്ഞു നിക്ഷേപവും, മത്സ്യബന്ധനവും നടത്തി വരുന്നുണ്ട്. 2016-17 വർഷത്തിൽ ജില്ലയിലെ അണക്കെട്ടുകളിൽ നിന്നു മാത്രം 124.9 ടൺ മത്സ്യം പിടിക്കുകയും ചെയതിട്ടുണ്ട്. അണക്കെട്ടുകളിൽ നിന്നുള്ള മത്സ്യോല്പാദനത്തിൻറെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.8.

അണക്കെട്ടുകളിൽ നിന്നുള്ള മത്സ്യോല്പാദനം (2016-17)

റിസർവ്വോയറുകൾ	വിസ്തൃതി (ഹെ)	മത്സ്യലഭ്യത (കി. ഗ്രാം)
വാളയാർ	259	10314.4
മീങ്കര	259	17276.0
ചുള്ളിയാർ	159	21587.7
പോത്തുണ്ടി	363	5868.6
മംഗലം	393	15181.8
കാഞ്ഞിരപ്പുഴ	512	7175.9
മലമ്പുഴ	2313	47537.6
ആകെ	**4258**	**124942.0**

4.3.8.10 ഗുണമേന്മയുള്ള മത്സ്യം മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് റിസർവ്വോയറുകൾക്ക് പ്രധാന പങ്കുണ്ട്. മത്സ്യോല്പാദനം ഉറപ്പു വരുത്തുന്നതിനായി എല്ലാ വർഷവും റിസർവ്വോയറുകളിൽ മത്സ്യക്കുഞ്ഞു നിക്ഷേപം നടത്തി വരുന്നു. പ്രത്യേക സാഹചര്യം കണക്കിലെടുത്ത്

അഡ്വാൻസ്ഡ് ഫിംഗർലിംഗ്സ് വലുപ്പത്തിലുള്ള മത്സ്യക്കുഞ്ഞുങ്ങളെയാണ് റിസർവ്വോയറുകളിൽ നിക്ഷേപിക്കുന്നത്. നിക്ഷേപിക്കുന്ന മത്സ്യങ്ങൾക്കൊപ്പം പ്രകൃതാലുള്ള മത്സ്യങ്ങളും റിസർവ്വോയറുകളിൽ നിന്നു ലഭിക്കുന്നു. വലിയ റിസർവ്വോയറുകളിൽ നിന്നും തദ്ദേശീയ മത്സ്യങ്ങളും ചെറിയ റിസർവ്വോയറുകളില് നിന്നും വളർത്തുവാനായി നിക്ഷേപിക്കുന്ന മത്സ്യങ്ങളും, ആണ് കൂടുതലായി ലഭിക്കുന്നത്.

4.3.8.11 കഴിഞ്ഞു നാലു വർഷങ്ങളിലായി ജില്ലയിലെ റിസർവ്വോയറുകളിൽ നിന്നുള്ള മത്സ്യോല്പാദനത്തിൻറെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.9

മത്സ്യം ലഭ്യത

വർഷം	മത്സ്യം ലഭിച്ചത് (ടൺ)
2013-14	131.1
2014-15	103.4
2015-16	169.1
2016-17	124.9

4.3.8.12 നദികളും പുഴകളും ഉൾപ്പെടെയുള്ള പൊതുജലാശയങ്ങളിൽ പല കാരണങ്ങളാലും ശോഷിച്ചു കൊണ്ടിരിക്കുന്ന മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിനായി മത്സ്യക്കുഞ്ഞുങ്ങളെ പുഴകളിൽ നിക്ഷേപിക്കുന്ന പദ്ധതിയിലൂടെ ജലാശയങ്ങളിൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, മത്സ്യത്തൊഴിലാളികളുടെ വരുമാനം ഉറപ്പു വരുത്തുന്നതിനും സാധിക്കുന്നു. അതോടൊപ്പം പൊതുജനങ്ങൾക്ക് മത്സ്യലഭ്യത ഉറപ്പു വരുത്തുവാൻ കഴിയുന്നു. എല്ലാ വർഷവും ജില്ലയിലെ വിവിധ നദികളിൽ മത്സ്യക്കുഞ്ഞു നിക്ഷേപം നടത്തി വരുന്നുണ്ട്. കഴിഞ്ഞ 5 വർഷങ്ങളിലായി മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചതിൻറെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 4.3.10.

പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം

വർഷം	കടവ് (എണ്ണം)	ചിലവാക്കിയ തുക (രൂപ)	മത്സ്യവിത്തിനറെ എണ്ണം
2012-13	7	850000	1827029
2013-14	7	850000	1700000
2014-15	7	1380000	3272000
2015-16	8	625000	1129257
2016-17	9	760000	1345483

4.3.8.13 ജില്ലയിൽ 726 മത്സ്യതൊഴിലാളികളാണ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തത് പ്രവർത്തിക്കുന്നത്. അതിൽ 458 പേർ മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരും 268 പേർ മത്സ്യമേഖലയുടെ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്നവരുമാണ്.

മത്സ്യത്തൊഴിലാളികളിൽ 26 ശതമാനം പേർ പട്ടികജാതി /പട്ടികവർഗ്ഗത്തിൽ പ്പെട്ടവരാണ്. ഇവർ പ്രധാനമായും റിസർവ്വോയറുകളിലാണ് മത്സ്യബന്ധനം നടത്തി വരുന്നത്.

പട്ടിക 4.3.11.

മത്സ്യത്തൊഴിലാളുകളുടെ എണ്ണം 2016-17

	എണ്ണം	പട്ടികജാതി	പട്ടികവർഗ്ഗം
കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ	458	111	12
അനുബന്ധ മത്സ്യത്തൊഴിലാളികൾ	268	66	0
	726	**177**	**12**

4.3.9 പ്രശ്നങ്ങൾ

1. മത്സ്യക്കൃഷിയ്ക്ക് ഏറ്റവും അത്യാവശ്യം വേണ്ട ജലലഭ്യത വർഷം തോറും കുറഞ്ഞുവരുന്നു. ആയതിനാൽ മിക്ക കർഷകർക്കും ഉദ്ദേശിച്ച വിളവ് ലഭിക്കുന്നില്ല.
2. മത്സ്യക്കൃഷിയ്ക്കായി കുളങ്ങളും, പൊതു ജലാശയങ്ങളും അനുവദിക്കുന്നതിലുള്ള സാങ്കേതിക ബുദ്ധിമുട്ട്
3. മത്സ്യക്കൃഷിയ്ക്കാവശ്യമായ മത്സ്യത്തീറ്റ, വലകൾ തുടങ്ങിയ അടിസ്ഥാനസൌകര്യങ്ങൾ ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങൾ ജില്ലയിൽ ലഭ്യമല്ല.
4. പുതിയ ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ ലഭിക്കുന്നതിനുള്ള പ്രയാസം
5. മെച്ചപ്പെട്ട വിളവ് ലഭിക്കുമ്പോഴും വിപണി കണ്ടെത്തുന്നതിനും, മെച്ചപ്പെട്ട വില ലഭിക്കുന്നതിനും പ്രയാസം
6. മത്സ്യസമ്പത്തിൻറെ ശോഷണവും വിനാശകരമായ മത്സ്യബന്ധ രീതികളും
7. ആധുനിക മത്സ്യ വിപണന കേന്ദ്രങ്ങളുടെ കുറവ്
8. ബ്ലോക്കുതലത്തിൽ ഫിഷറീസ് വകുപ്പിന് ഓഫീസും, ജീവനക്കാരും ലഭ്യമല്ല
9. മത്സ്യവിപണന കേന്ദ്രങ്ങളിൽ അടിസ്ഥാന സൌകര്യങ്ങളും മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളും നിലവിൽ പരിമിതമാണ്.

10. ആധുനിക മത്സ്യവിപണനകേന്ദ്രങ്ങൾ ജില്ലയിൽ സ്ഥാപിക്കുക

4.3.10 മേഖലയിലെ സാധ്യതകൾ

- ആഹാരം എന്ന നിലയിൽ മത്സ്യത്തിനുള്ള സ്വീകാര്യത
- കൂടുതൽ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങൾ
- കൃഷിയിലെ വൈവിധ്യവൽക്കരണം
- അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം
- അണക്കെട്ടുകളിലെ ഉല്പാദനക്ഷമത വർദ്ധനവ്
- നൂതന രീതിയായ കൂടു മത്സ്യകൃഷി പ്രോത്സാഹിപ്പിക്കൽ
- അലങ്കാര മത്സ്യകൃഷിയുടെ പ്രോത്സാഹനം
- വീട്ടുവളപ്പിലെ മത്സ്യകൃഷി – അക്വപോണിക്സ് യൂണിറ്റുകൾ
- മൂല്യവർദ്ധിത ഉല്പന്നങ്ങൾ
- ആധുനിക വിപണന കേന്ദ്രങ്ങൾ
- മണ്ണ് ജല പരിശോധനയ്ക്കായി ലാബുകൾ
- വെബ് അധിഷ്ഠിത വിപണികൾ
- ശാസ്ത്രീയ പരിചരണ മുറകൾ അവലംബിച്ച് നിലവിലുള്ള ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക
- അലങ്കാര മത്സ്യകൃഷി വ്യാപകമാക്കുക

4.4 വനം, പരിസ്ഥിതി, കാലാവസ്ഥ

4.4.1 ആമുഖം

4.4.1.1 പാലക്കാട് ജില്ല നിലവിൽ വരുന്നത് 1957 ജനുവരി ഒന്നിനാണ്. ജില്ലയുടെ പഴയ ചരിത്രം പരിശോധിച്ചാൽ പെരുമാൾമാരുടെ ഭരണത്തിന് ശേഷം രാജ്യം നാട്ടുരാജാക്കൻമാരുടെ കീഴിൽ വരുകയായിരുന്നു. വള്ളു കോനാതിരി (വള്ളുവനാടിന്റെ ഭരണാധികാരി), വെങ്കനാട് ഭരണാധികാരി (കൊല്ലങ്കോട് രാജാ) ശേഖരിവർമ്മ പാലക്കാട് രാജാ എന്നിവരായിരുന്നു അന്നത്തെ പെരുമാൾമാരുടെ മുഖ്യ ഭരണാധികാരികൾ. സാമ്രാജ്യത്വ ശക്തികളുടെ വരവോടെ പെരുമാൾ സാമ്രാജ്യം പല സ്വരൂപങ്ങലായി മാറുകയായിരുന്നു. അതിൽ പ്രധാനമായിട്ടുള്ളത് നടുംപുറയൂർ സ്വരൂപം, തരൂർ സ്വരൂപം, കൊല്ലങ്കോട്, വള്ളുവനാട്, കവളപ്പാറ സ്വരൂപങ്ങളായിരുന്നു. നടുംപുറയൂർ സ്വരൂപത്തിൻറെ പിൻതുടർച്ചക്കാരനാണ് പാലക്കാട് രാജ എന്നും അദ്ദേഹത്തിന്റെ ആസ്ഥാനം ആതവനാട് അംശത്തിൽ നിന്നും (പൊന്നാനി താലൂക്ക്) ആഴ്വാഞ്ചേരി തമ്പ്രാക്കളിൽ നിന്നും പരസ്പരം ഭൂമി കൈമാറി പാലക്കാട് താലൂക്കിലുള്ള അകത്തേതറ അംശത്തിലേക്ക് മാറുകയായിരുന്നുവെന്നാണ് ചരിത്രം.

4.4.1.2 പാലക്കാട് ജില്ലയിൽ പാലക്കാട്, ഒറ്റപ്പാലം, മണ്ണാർക്കാട്, ആലത്തൂർ, ചിറ്റൂർ എന്നീ അഞ്ച് താലൂക്കുകളാണുള്ളത്. പാലക്കാട് ജില്ല $10^0 20'$ നും $11^0 14'$ വടക്ക് അക്ഷാംശത്തിനും $76^0 20'$ നും $76^0 54'$ കിഴക്ക് രേഖാംശത്തിനുമിടയിലായാണ് സ്ഥിതി ചെയ്യുന്നത്. അതിൽ 4480 ചതുരശ്ര കിലോ മീറ്റർ ഭൂപ്രദേശമാണ് പാലക്കാട് ജില്ല വ്യാപിച്ചുകിടക്കുന്നത്. ടി ഭൂപ്രദേശങ്ങളിൽ 1527 ചതുരശ്ര കിലോമീറ്റർ വനമേഖലയാണുള്ളത്.

4.4.1.3 ജില്ലയുടെ വനസമ്പത്തിന്റെ ഗുണമേന്മയും, വിസ്തീർണ്ണവും വർദ്ധിപ്പിക്കുകയും അതുവഴി നൽകുന്ന പാരിസ്ഥിതിക സേവനങ്ങൾ മെച്ചപ്പെടുത്തുക, തണ്ണീർത്തടങ്ങൾ സംരക്ഷിക്കുക, വനാശ്രിത സമൂഹങ്ങൾക്ക് ഗുണദായക പ്രദമായ ജീവനോപാധികൾ വികസിപ്പിക്കുക, ഹരിത കേരളം, ലൈഫ് മിഷൻ എന്നീ പദ്ധതികളുടെ ലക്ഷ്യപ്രാപ്തിക്ക് വേണ്ടി സജ്ജമാക്കുക, ജൈവ വൈവിധ്യ സംരക്ഷണം, സുസ്ഥിര ജീവനം എന്നിവ ഈ അത്യന്തിക ലക്ഷ്യത്തിൽപ്പെടുന്നു. അതോടൊപ്പം ആകെയുള്ള ഭൂപ്രദേശത്തിന്റെ 1/3 വനമായി സംരക്ഷിക്കുക എന്ന വന നയത്തിൻറെ ലക്ഷ്യപ്രാപ്തി കൈവരിക്കുകയെന്നത് കൂടി ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

4.4.2 നിലവിലെ അവസ്ഥ

പാലക്കാട് ജില്ലയിലെ വനപ്രദേശങ്ങൾ

4.4.2.1 പാലക്കാട് ജില്ലയുടെ ആകെയുള്ള വന വിസ്തൃതി 1579.4064 ചതുരശ്ര കിലോ മീറ്ററാണ്. ടി വനമേഖല അഞ്ച് ഡിവിഷനുകളിലായാണ് വ്യാപിച്ചു കിടക്കുന്നത്. അഞ്ച് ഡിവിഷനുകളിൽ മൂന്ന് ടെറിട്ടോറിയൽ ഡിവിഷനുകളും (പാലക്കാട്, മണ്ണാർക്കാട്, നെന്മാറ) ഒരു നാഷണൽ പാർക്കും (സൈലന്റ് വാലി നാഷണൽ പാർക്ക്) ഒരു ടൈഗർ റിസർവ്വും (പറമ്പികുളം ടൈഗർ റിസർവ്വ്) ഉൾപ്പെടും. ടെറിടോറിയൽ ഡിവിഷനുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്ന പേരിലും, നാഷണൽ പാർക്കിന്റെ ഉദ്യോഗസ്ഥൻ വൈൽഡ് ലൈഫ് വാർഡൻ എന്ന പേരിലും, ടൈഗർ റിസർവ്വിന്റെ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻ ഡെപ്യൂട്ടി ഡയറക്ടർ എന്ന പേരിലുമാണ് അറിയപ്പെടുന്നത്.

പട്ടിക 4.4.1

ഡിവിഷൻ	റേയ്ഞ്ച്	താലൂക്ക്	വിസ്തൃതി (കി.മീ)
മണ്ണാർക്കാട്	മണ്ണാർക്കാട്	മണ്ണാർക്കാട്	133.1192
	അട്ടപ്പാടി	മണ്ണാർക്കാട്	170.2327
	അഗളി	മണ്ണാർക്കാട്	131.4690
പാലക്കാട്	ഒലവക്കോട്	പാലക്കാട്	81.08
	വാളയാർ	പാലക്കാട്	156.75
	ഒറ്റപ്പാലം	ഒറ്റപ്പാലം	37.84
നെന്മാറ	ആലത്തൂർ	ആലത്തൂർ	83.9578
	കൊല്ലങ്കോട്	ചിറ്റൂർ	68.8451
	നെല്ലിയാമ്പതി	ചിറ്റൂർ	206.5857
സൈലൻറ് വാലി	സൈലൻറ് വാലി നാഷണൽ പാർക്ക്	മണ്ണാർക്കാട്	143.52
	ഭവാനി	മണ്ണാർക്കാട്	94
പറമ്പിക്കുളം	സുങ്കം	ചിറ്റൂർ	80.26923
	പറമ്പിക്കുളം	ചിറ്റൂർ	51.61
	കരിമല	ചിറ്റൂർ	68.37698
	ഒരു കൊമ്പൻ	ചിറ്റൂർ	71.76087
പാലക്കാട് ടിംബർ സെയിൽസ്	വാളയാർ ടിംബർ ഡിപ്പോ / റെയ്ഞ്ച്	പാലക്കാട്	80.26923
	നെടുങ്കയം ടിംബർ ഡിപ്പോ / റെയ്ഞ്ച്	നിലമ്പൂർ	51.61643
	അരുവാക്കോട് ടിംബർ ഡിപ്പോ / റെയ്ഞ്ച്	നിലമ്പൂർ	68.27

4.4.3 വനദേശസാൽക്കരണം

1971 ൽ കേരളത്തിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള വനങ്ങളെല്ലാം സർക്കാരിലേക്ക് നിക്ഷിപ്തമാക്കികൊണ്ട് സംസ്ഥാന സർക്കാർ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ, കുടുംബ വഹകളായിയുള്ളവ, ട്രസ്റ്റിന് കീഴിലുള്ളവ, ദേവസ്വം വഹകളായവ തുടങ്ങിയവയെല്ലാം 10.05.1971 തിയ്യതി

മുതൽ സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കി കൊണ്ട് The Kerala Forest (Vesting and Assignment) Act,1971 എന്ന തലക്കെട്ടോടെ നിയമം പാസ്സാക്കി പ്രാബല്യത്തിൽ വരികയുണ്ടായി. ടി നിയമ പ്രകാരം സ്വകാര്യ കൈവശമുള്ള വനഭൂമികൾ ഏറ്റെടുക്കുകയും ആയതിന്മേൽ തർക്കങ്ങളുണ്ടെങ്കിൽ പരിഹാരം കാണുന്നതിന് ഫോറസ്റ്റ് ട്രിബ്യൂണൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഏറ്റെടുത്തതിൽ കൂടുതൽ സ്വകാര്യ ഏറ്റെടുത്തിട്ടുള്ളത് പാലക്കാട് ജില്ലയിൽ നിന്ന് തന്നെയാണ്.

പട്ടിക 4.5.2

2012-13		2013-14		2014-15		2015-16		2016-17	
No. of decentralized nurse ries	Total No. of seedlings raised (including Teak Stumps	No. of decentralized nurse ries	Total No. of seedlings raised (including teak Stumps	No. of decentralized nurse ries	Total No. of seedlings raised (including Teak Stumps)	No. of decentralized nurseries	Total No. of seedlings raised (including Teak Stumps)	No. of decentralized nurseries	Total No. of seedlings raised (including Teak Stumps)
12 Nos	464951	11 Nos	467787	10 Nos	480000	8Nos.	300000	10 Nos.	350000
Total Exp. (in RS)	5701472		6429558		9260460		5903092		7174834

4.4.4 പരിസ്ഥിതി ദുർബല പ്രദേശം

വനം ദേശസാൽക്കരണത്തിന് ശേഷം ഏറ്റെടുത്ത വനഭൂമി തർക്കങ്ങളിലും വ്യവഹാരങ്ങളിലും ഉൾപ്പെട്ട് പാരിസ്ഥിതികമായി പ്രാധാന്യമുള്ള ഒട്ടേറെ വനഭാഗങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. അത്തരത്തിലുള്ള വനഭൂമി സംരക്ഷിക്കുന്നതിന് 02-06-2000 തീയതിയിൽ പ്രാബല്യത്തിൽ വരുന്ന രീതിയിൽ പരിസ്ഥിതി ദുർബല പ്രദേശങ്ങളെല്ലാം ഏറ്റെടുക്കുന്നതിന് നിയമം സർക്കാർ പാസ്സാക്കിയിരുന്നു. ടി നിയമപ്രകാരം പരിസ്ഥിതി ദുർബലമായി കണ്ടെത്തിയ ഭൂമികൾ സർക്കാരിന് ഏറ്റെടുക്കാനുള്ള വ്യവസ്ഥ വെച്ചുകൊണ്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ ഏറ്റെടുക്കുന്ന ഭൂമികളിൽ തർക്കമോ അവകാശമോ ഉന്നയിച്ച് ആക്ഷേപമുള്ള പക്ഷം ആയത് പരിഹരിച്ച് കിട്ടുന്നതിനായി ജില്ലാ ആസ്ഥാനത്ത് തന്നെ ഒരു തർക്ക പരിഹാര ട്രൈബ്യൂണൽ രൂപീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ മേൽ രണ്ട് നിയമങ്ങൾ വഴി ഏറ്റെടുത്തിട്ടുള്ള വനഭൂമികളും റിസർവ്വ് വനങ്ങളും താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 4.4.3

ക്രമ നമ്പർ	ഡിവിഷൻ	റിസർവ്വ് വനം (ച. മീ.)	നിക്ഷിപ്ത വനം (ച. മീ.)	പരിസ്തിതി ദുർബല പ്രദേശം (ച. മീ.)
1	നെന്മാറ ഡിവിഷൻ	162.52	144.089	9.7442
2	പാലക്കാട് ഡിവിഷൻ	704.676	594.5156	129.1246

3	മണ്ണാർക്കാട് ഡിവിഷൻ	150.7322	276.8272	7.2004
4	പറമ്പിക്കുളം ടൈഗർ റിസർവ്വ്	390.89	-	-
5	സൈലന്റ് വാലി നാഷണൽ പാർക്ക്	154.38	-	-
	ആകെ	**1563.1982**	**1015.4318**	**146.0692**

4.4.5 പാലക്കാട് തടി വിൽപന ഡിവിഷൻ

4.4.5.1 പാലക്കാട് തടി വിൽപന ഡിവിഷൻ രൂപീകരിച്ചിരിക്കുന്നത് പ്രധാനമായും വനം ഡിവിഷനുകളിൽ നിന്നും ശേഖരിക്കുന്ന തടികൾ വിപണനം നടത്തി സർക്കാരിലേയ്ക്ക് മുതൽകൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ്. ശേഖരിക്കുന്ന തടികൾ പൊതു ലേലത്തിലൂടെയും റീട്ടെയിൽ വിൽപ്പനയിലൂടെയുമാണ് വിപണനം നടത്തുന്നത്. ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് ആർക്കും രജിസ്റ്റർ ചെയ്ത് പങ്കെടുത്ത് തടികൾ എടുക്കാവുന്നതാണ്. അതേസമയം, റീട്ടെയിൽ വിൽപന സാധാരണക്കാർക്കും, പൊതുജനങ്ങളുടെയും തടി സംബന്ധമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടിയാണ് ആരംഭിച്ചിട്ടുള്ളത്. ആവശ്യക്കാർ കെട്ടിട പെർമിറ്റ്, പ്ലാൻ, കൈവശ സർട്ടിഫിക്കറ്റ് തുടങ്ങിയവ ബന്ധപ്പെട്ട ഡിപ്പോയിൽ ഹാജരാക്കിയാൽ വിൽപ്പനയ്ക്ക് വെച്ചിട്ടുള്ള തടികൾ നേരിൽ കണ്ട് തിരഞ്ഞെടുക്കാനും ആയതിനുള്ള തുക ഒടുക്കിയാൽ അന്നേദിവസംതന്നെ തടി കൊണ്ടു പോകുന്നതിനും കഴിയുന്നതാണ്. ഒരാൾക്ക് പരമാവധി 10m^3 തടി അനുവദിക്കുകയുള്ളൂ. നല്ല തടി തിരഞ്ഞെടുക്കാം, അന്നേ ദിവസം തന്നെ തടി കൊണ്ടു പോകാം, നടപടി ക്രമങ്ങൽ തീരെയില്ല, മറ്റ് സ്വകാര്യ ഡിപ്പോകളിൽ നിന്ന് ലഭിക്കുന്നതിനെക്കാൾ മെച്ചപ്പെട്ട വിലയിലും ഗുണനിലവാരത്തിലുള്ളതുമായവ ലഭിക്കുമെന്നതാണ് ഇതിലെ സവിശേഷത.

4.4.5.2 തടി വിൽപന ഡിവിഷൻ കീഴിൽ മൂന്ന് ഡിപ്പോകളാണുള്ളത്. പാലക്കാട് ജില്ലയിൽ വാളയാറും, മലപ്പുറം ജില്ലയിൽ അരുവാക്കോട്, നെടുങ്കയം എന്നിവിടങ്ങളിലാണ് ഡിപ്പോകളുള്ളത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി തടി വിൽപന നടത്തിയതും, ആയതിന് സർക്കാരിലേക്ക് ലഭിച്ച തുകയും താഴെ കൊടുക്കുന്ന പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.4

ക്രമ നമ്പർ	വർഷം	ഇ-ലേലങ്ങളുടെ എണ്ണം	തടിയുടെ അളവ് (m^3)	തടിയുടെ മൂല്യം
1	2014	2	155.455	10446864
2	2015	83	7212.911	467196835
3	2016	163	8166.113	575713920
4	2017	140	10106.59	766920684
	ആകെ	**388**	**25641.069**	**18202783**

4.4.6 വൃക്ഷ –സസ്യ-ജന്തു സമ്പത്ത്

4.4.6.1 വിവിധതരം വനങ്ങൾ

ജില്ലയിലെ വനങ്ങലെ വൃക്ഷങ്ങളുടെയും, സസ്യങ്ങളുടെയും ബാഹ്യമായ സ്വഭാവ സവിശേഷതകളായ ഇലപൊഴിയ്ക്കാത്ത, ഇലപൊഴിയുന്ന വിവിധ തട്ടുകളിൽ കാണപ്പെടുന്ന, വരണ്ട പ്രദേശങ്ങളിൽ കാണുന്ന ഉയർന്ന തലങ്ങളിൽ കണ്ടുവരുന്ന എന്ന് തുടങ്ങി വിവിധ തലങ്ങളിൽ വളരുന്ന വൃക്ഷങ്ങളെയും, സസ്യങ്ങളെയും, ചാമ്പ്യൻ & സേത്ത് എന്നീ വൈജ്ഞാനികർ തരം തിരിച്ചിട്ടുണ്ട്.

1. **ദക്ഷിണ മേഖല നിത്യഹരിത വനങ്ങൾ :** ഈ വിഭാഗത്തിന്റെ സവിശേഷതകൾ ഇപ്രകാരമാണ്. ഏകദേശം 45 മീ ഉയരത്തിൽ ഒറ്റതടിയായി സിലിണ്ടർ ആകൃതിയിൽ സൂര്യപ്രകാശത്തിന് വേണ്ടി മത്സരിക്കുന്നതിനാൽ മേൽത്തട്ടിലേക്ക് കാണപ്പെടുന്നു. ഏകദേശം 5 മീ വരെ വ്യാസമുള്ള മരങ്ങൾ കാണപ്പെടുന്നു. ധാരാളം ഭീമൻ വള്ളികൾ ചുറ്റപ്പെട്ട അവസ്ഥയിലും തടിയിൽ പായലും, പരാന്ന സസ്യങ്ങളും കണ്ടുവരുന്നു. ഇത്തരത്തിലുള്ള വൃക്ഷങ്ങൾ 1500mm മുതൽ 2000mm വരെ മഴ ലഭിക്കുന്ന വനപ്രദേശങ്ങളിൽ കാണപ്പെടുന്നു. കൂടാതെ കടൽപ്പരപ്പിൽ നിന്നും 250 മീ മുതൽ 1200 മീ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ധാരാളം അരുവികൾ ഉത്ഭവിക്കുന്നത് ഇത്തരത്തിലുള്ള വൃക്ഷ നിബിഡമായ പ്രദേശങ്ങളിൽ നിന്നാണ്. ഇവിടെ കണ്ടുവരുന്നത് പ്രധാനമായും പാലി, പുന്ന, ചുരുളി, വയന, വെടിപ്ലാവ്, കൽപ്പയിൻ, ആഞ്ഞിലി, വെള്ളപയിൻ, കളമാവ് തുടങ്ങിയവയാണ്.
2. **അർദ്ധ നിത്യഹരിത മേഖല വനങ്ങൾ :** മേൽപറഞ്ഞവയിൽ നിന്നും വിത്യസ്ഥമായി നല്ല വണ്ണമുള്ളതും, കടൽഭാഗത്ത് വീതികൂടിയ ചിറകിന്റെ മാതൃകയിലുള്ളതും സിലിണ്ടർ ആകൃതിയോടുകൂടി വൃക്ഷങ്ങളാണ്. ഈ വനഭാഗങ്ങളിൽ സൂര്യപ്രകാരം താഴേയ്ക്ക് അത്യാവശ്യം പതിക്കുന്നത് കാണാം. പ്രധാനമായി കണ്ടുവരുന്ന വൃക്ഷങ്ങൾ മഞ്ഞകടമ്പ്, ഞാവൽ, തമ്പകം, മണിരേത്, ആവൽ, മാവ്, നെടുനാര്, ചീനി, മയില, ആനതൊടി തുടങ്ങിയവയാണ്. ഇവിടെ അപൂർവ്വമായി മാത്രമെ നിലത്തോട് ചേർന്ന് വളരുന്ന സസ്യങ്ങൾ കാണുന്നത്.
3. **സതേൺ മോയിസ്റ്റ് മിക്സ്ഡ് ഡെസിഡസ് ഫോറസ്റ്റ് :** വരണ്ട കാലാവസ്ഥയിൽ ഇല പൊഴിയുന്നതാണ് ഈ വനമേഖലയിൽ കണ്ടുവരുന്ന വൃക്ഷങ്ങളുടെ പ്രത്യേകത സാധാരണയായി സമുദ്ര നിരപ്പിൽ നിന്ന് 100 മീ മുതൽ 400 മീ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കണ്ടുവരുന്നു. മാർച്ച് – മെയ് മാസങ്ങളിൽ തീർത്തും ഇലപൊഴിഞ്ഞ അവസ്ഥയിൽ കാണപ്പെടുന്നു. ഇവിടെ കണ്ടുവരുന്ന വൃക്ഷങ്ങൾ മഞ്ഞകടമ്പ്, ഏഴിലംപാല, മുള്ളുപൂള, വീട്ടി, ചന്ദനവേമ്പ്, ചടച്ചി, വേങ്ങ, തേക്ക്, മരുത്, താന്നി, ഇരുൾ തുടങ്ങിയവയാണ്.
4. **സതേൺ ഡ്രൈ മിക്സ്ഡ് ഡെസിഡസ് ഫോറസ്റ്റ് :** സമുദ്രനിരപ്പിൽ നിന്ന് 300-400 മീ വരെ ഉയരമുള്ള പ്രദേശങ്ങളിൽ കണ്ടുവരുന്ന വൃക്ഷങ്ങൾ ഉൾപ്പെടുന്ന വനമേഖലയാണ്. ഏകദേശം 13 മുതൽ 25 മീറ്റർവരെ ഉയരത്തിൽ വളരുന്ന വൃക്ഷങ്ങളാണ്. ധാരാളം പുല്ല് വർഗ്ഗങ്ങളും, അടിക്കാടുകളും ഈ വനഭാഗത്ത് കാണുന്ന പ്രത്യേകതകളാണ്. തേക്ക്, മഴ കാഞ്ഞിരം, കരിമരുത്, പ്ലാശ് വീട്ടി, മുള്ളുവേങ്ങ, പൂള, വാക, ഉതി, വെള്ള നവ, മട്ടി തുടങ്ങിയവയാണ് പ്രധാനമായും കണ്ടുവരുന്ന വൃക്ഷങ്ങൾ.
5. **സതേൺ യൂഫോർബിയ സ്ക്രബ് :** ഈ വിഭാഗത്തിൽ കണ്ടുവരുന്ന സസ്യങ്ങൾ താരതമ്യേന മഴ കുറവുള്ളതും വരണ്ടതുമായ സ്ഥലങ്ങളിൽ കാണപ്പെടുന്നവയാണ്. പാലക്കാട് ജില്ലയുടെ മഴനിഴൽ

പ്രദേശങ്ങളായ അട്ടപ്പാടി, അഗളി, ചെമ്മണാംപതി തുടങ്ങിയ സ്ഥലങ്ങളിൽ കണ്ടുവരുന്ന വൃക്ഷങ്ങളാണ് ഈ വിഭാഗത്തിൽപ്പെടുന്നത്.

4.4.7 വൃക്ഷ സമ്പത്ത്

4.4.7.1 ജില്ലയുടെ എല്ലാ വനം ഡിവിഷനുകൾക്ക് കീഴിലും വാണിജ്യാടിസ്ഥാനത്തിൽ തേക്ക് നട്ട് പിടിപ്പിച്ചിട്ടുള്ളത്. വനമേഖലയിൽ നിന്നും ലഭിക്കുന്ന ഒരു സാമ്പത്തിക സ്രോതസ്സാണ്. വന മേഖലകളുടെ ഒരു നിശ്ചിത ഭാഗം ഓരോ ഡിവിഷനിലും ഇതിനായി നീക്കിവെച്ചിട്ടുണ്ട്.

തേക്ക് തോട്ടങ്ങൾ

4.4.7.2 സ്വാഭാവിക വനങ്ങളും ശുഷ്ക്ക വനങ്ങളും വെട്ടിമാറ്റിയാണ് വാണിജ്യാടിസ്ഥാനത്തിൽ രാജ്യത്തിൻറെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി തേക്ക് നടാൻ തീരുമാനിച്ചിട്ടുള്ളത്. ഇപ്രകാരം നട്ടുവളർത്തി 60 വർഷം പൂർത്തിയാകുന്ന മുറയ്ക്ക് മുറിച്ച് നീക്കം ചെയ്യുന്നു. ഇത്തരത്തിൽ മുറിച്ച് നീക്കുന്നവ സർക്കാർ ഡിപ്പോകളിലേക്ക് എത്തിച്ച് പൊതു ലേലത്തിൽ വിറ്റ് സർക്കാരിലേക്ക് മുതൽകൂട്ടുന്നു. ജില്ലയിലെ ഓരോ ഡിവിഷനിലും ഇപ്രകാരം വളർത്തിയ തേക്ക് തോട്ടങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.5

ക്രമ നമ്പർ	ഡിവിഷൻ	തോട്ടങ്ങൾ
1	നെന്മാറ ഡിവിഷൻ	1631.93
2	പാലക്കാട് ഡിവിഷൻ	1927.610
3	മണ്ണാർക്കാട് ഡിവിഷൻ	598.750
4	പറമ്പിക്കുളം ടൈഗർ റിസർവ്വ്	8747.466
5	സൈലന്റ് വാലി നാഷണൽ പാർക്ക്	437.300
	ആകെ	**13343.056**

യുക്കാലിപ്റ്റസ്/ അക്ഷേഷ്യ തോട്ടങ്ങൾ

4.4.7.3 സർക്കാരിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും എച്ച്.എൻ.എൽ എന്ന സ്ഥാപനത്തിന്റെ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി ശുഷ്ക്ക വനപ്രദേശങ്ങളിൽ യുക്കാലിപ്റ്റസ് പോലുള്ള ഹ്രസ്വ വളർച്ച വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതും സർക്കാരിൻറെ നയത്തിന്റെ ഭാഗമാണ് അതിൻപ്രകാരം ജില്ലയിലെ വനം ഡിവിഷനുകളിൽ നട്ടുവളർത്തിയ തോട്ടങ്ങളുടെ വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.6

ക്രമ നമ്പർ	ഡിവിഷൻ	തോട്ടങ്ങൾ
1	നെന്മാറ ഡിവിഷൻ	146.54
2	പാലക്കാട് ഡിവിഷൻ	108.920
3	മണ്ണാർക്കാട് ഡിവിഷൻ	143.920
4	പറമ്പിക്കുളം ടൈഗർ റിസർവ്വ്	-

5	സൈലന്റ് വാലി നാഷണൽ പാർക്ക്	57.890
	ആകെ	**457.270**

കശുമാവ്

4.4.7.4 വനമേഖലകളിൽ ശൂന്യമായും ശുഷ്കമായതുമായ പ്രദേശങ്ങളിൽ സർക്കാരിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വിദേശനാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും വേണ്ടി കശുമാവ് വെച്ചുപിടിപ്പിക്കുന്നതിന് തിരഞ്ഞെടുക്കുകയുണ്ടായി. ആയതിൻപ്രകാരം ജില്ലയിലെ വിവിധ വനം ഡിവിഷനുകളിൽ കശുമാവ് തോട്ടങ്ങൾ കശുവണ്ടി ശേഖരിക്കുന്നതിന് വർഷാവർഷം ലേലം ചെയ്യാറുണ്ട്. തോട്ടങ്ങളുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.7

ക്രമ നമ്പർ	ഡിവിഷൻ	തോട്ടങ്ങൾ
1	നെന്മാറ ഡിവിഷൻ	300.830
2	പാലക്കാട് ഡിവിഷൻ	17.70
3	മണ്ണാർക്കാട് ഡിവിഷൻ	152.710
4	പറമ്പിക്കുളം ടൈഗർ റിസർവ്വ്	-
5	സൈലന്റ് വാലി നാഷണൽ പാർക്ക്	-
	ആകെ	**470.71**

4.4.8 വന്യജീവി സമ്പത്ത്

4.4.8.1 ജില്ലയിലെ വനപ്രദേശങ്ങൾ വന്യജീവി സമ്പത്തിനാൽ സമൃദ്ധമാണ്. വിവിധയിനം സസ്തനികൾ, ഉരഗങ്ങൾ എന്നിവ യഥേഷ്ടമുള്ള വനഭാഗമാണ് പാലക്കാട് ജില്ലയിലുള്ളത്. സുവോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്ക് പ്രകാരം 315 വിഭാഗം ജീവജാലങ്ങളെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. അതിൽ പ്രാണിവർഗ്ഗം, മൊളസ്ക, വിവിധ ഇനം മീനുകൾ, ഉഭയജീവികൾ, സസ്തനികൾ, തുടങ്ങിയവ സൈലൻറ് വാലി ഉൾപ്പെടെയുള്ള ദേശീയോദ്യാനത്തിൽ കണ്ടുവരുന്നതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആന, കടുവ, പുലി, കരടി, കുരങ്ങ്, വരയാട്, സിംഹവാലൻ കുരങ്ങ്, കാട്ടുപോത്ത്, മാൻ, പന്നി, മയിൽ തുടങ്ങിയവ യഥേഷ്ടം ജില്ലയിലെ വനഭൂമിയിൽ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പക്ഷികളിൽ 40 കുടുംബങ്ങളിൽപ്പെട്ട 211 തരം പക്ഷികളെ കണ്ടെത്തിയിട്ടുള്ളതായി പക്ഷി ഗവേഷകർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽതന്നെ ഭൂരിഭാഗവും സൈലൻറ് വാലി ഉദ്യാനത്തിൽ കണ്ടുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സിംഹവാലൻ കുരങ്ങാണ് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ പ്രധാന flagship species ആയി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പറമ്പിക്കുളം ടൈഗർ റിസർവ്വിന്റെ മുഖ്യ സംരക്ഷണ ജീവി ദേശീയമൃഗമായ കടുവായാണ്. ഭക്ഷ്യ ശൃംഖലയിലെ ഏറ്റവും ഉന്നത സ്ഥാനത്ത് നിലകൊള്ളുന്ന ഇനമായതിനാൽ തന്നെ വന്യജീവി സംരക്ഷണത്തിന്റെ പ്രധാന സൂചിക കടുവകളുടെ എണ്ണത്തിനെ അനുസരിച്ചാണ്. സംസ്ഥാനത്തെ ഏക മയിൽ സങ്കേതമായ ചൂലന്നൂർ മയിൽ സങ്കേതം പാലക്കാട് തൃശ്ശൂർ ജില്ലകളിലായി സ്ഥിതി ചെയ്യുന്നു.

4.4.8.2 പാലക്കാട് ജില്ലയിൽ നിലവിൽ 1563.1982 ച.മീ റിസർവ്വ് വനവും 1015.4318 ച.മീ നിക്ഷിപ്ത വനവും 146.0692 ച.മീ പരിസ്ഥിതി ദുർബല പ്രദേശവുമാണ് ഉള്ളത്. ജില്ലയുടെ എല്ലാം വനം ഡിവിഷനുകൾക്ക് കീഴിലും വാണിജ്യാടിസ്ഥാനത്തിൽ തേക്ക് നട്ട് പിടിപ്പിച്ചിട്ടുള്ളത് വനമേഖലയിൽ നിന്നും ലഭിക്കുന്ന ഒരു സാമ്പത്തിക സ്രോതസ്സാണ്. വന മേഖലകളുടെ ഒരു നിശ്ചിത ഭാഗം ഓരോ ഡിവിഷനിലും ഇതിനായി

നീക്കിവച്ചിട്ടുണ്ട്. ജില്ലയിൽ ആകെ 13343.056 ഹെക്ടർ തേക്ക് തോട്ടങ്ങളാണുള്ളത്. സർക്കാരിന്റെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനും HNL (ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്) എന്ന സ്ഥാപനത്തിന്റെ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി ശിഷ്ട വന പ്രദേശങ്ങളിൽ യൂക്കാലിപ്റ്റസ് പേലുള്ള ഗ്രസ്യ വളർച്ച വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ജില്ലയിൽ 457.270 ഹോക്ടർ യൂക്കാലിപ്റ്റസ്, അക്കേഷ്യ തോട്ടങ്ങളാണുള്ളത്. വന മേഖകളിൽ ശൂന്യമായും ശുഷ്കമായതുമായ പ്രദേശങ്ങളിൽ സർക്കാരിന്റെ വരുമാനം വർദ്ദിപ്പിക്കുന്നതിനും വിദേശനാണ്യം നേടിത്തരുന്ന കശുവണ്ടി വ്യവസായം പുനരുജ്ജീവിക്കുന്നതിനും വേണ്ടി കശുമാവ് വെച്ചു പിടിപ്പിക്കുന്നതിന് തിരഞ്ഞെടുക്കുകയുണ്ടായി ആയതിൻ പ്രകാരം ജില്ലയിൽ 470.71 ഹെക്ടർ കശുമാവ് തോട്ടമാണുള്ളത്.

4.4.8.3 ജില്ലയിലെ വനപ്രദേശങ്ങൾ വന്യജീവി സമ്പത്തിനാൽ സമൃഷ്ടമാണ്. വിവിധയിനം സസ്തനികൾ, ഉരഗങ്ങൾ എന്നില യഥോഷ്ടമുള്ള വനഭാഗമാണ് പാലക്കാട് ജില്ലയിലുള്ളത്. സുവോളജിക്കൽ സർവ്വെ ഓഫ് ഇന്യയുടെ കണക്ക് പ്രകാരം 315 വിഭാഗം ജീവജാലങ്ങളെ ജില്ലയിൽ കണ്ടെത്തിയിട്ടുണ്ട്. പക്ഷികളിൽ 40 കുടുംബങ്ങളിൽപ്പെട്ട 211 തരം പക്ഷികളെ കണ്ടെത്തിയിട്ടുള്ളതായി പക്ഷി ഗവേഷകർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതിൽ തന്നെ ഭൂരിഭാഗവും സൈലന്റ് വാലി ഉദ്യാനത്തിൽ കണ്ടുവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സിംഹവാലൻ കുരങ്ങുകളുടെ സാന്നിദ്ധ്യമാണ് സൈലന്റ് വാലി ദേശീയോദ്യാനത്തിന്റെ പ്രത്യേകത. പറമ്പിക്കുളം ടൈഗർ റിസർവിന്റെ മുഖ്യ സംരക്ഷണ ജീവി ദേശീയ മൃഗമായ കടുവയാണ്. സംസ്ഥാനത്തെ ഏക മയിൽ സങ്കേതമാ ചൂലന്നൂർ മയിൽ സങ്കേതം പാലക്കാട് തൃശ്ശൂർ ജില്ലകളിലായി സ്ഥിതി ചെയ്യുന്നു.

4.4.8.4 ഓരോ വനം ഡിവിഷനു കീഴിലും ആദിവാസികളും അവർ താമസിക്കുന്ന കോളനികളുടേയും മേൽ നോട്ടം അതാത് ഡിവിഷനധികാരിയിൽ നിക്ഷിപ്തമാണ്. ആദിവാസികളുടെ ആവശ്യങ്ങളിൽ പലതിനും വനം വകുപ്പിന്റെ സഹകരണത്തോടെ പല പ്രവർത്തനങ്ങളും നടത്തിവരുന്നു. വീട് വോയ്ക്കുന്നതിനും കുടിവെള്ളത്തിനും വൈദ്യുതിക്ക് വേണ്ടിയും ഗതാഗത ആവശ്യങ്ങൾക്കും കൃഷി തുടങ്ങിയ അനുബന്ധ ആവശ്യങ്ങൾക്കും വനം വകുപ്പിന്റെ ഇടപെടൽ സജീവമായിട്ടുണ്ട്. വനം വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഓരോ കോളനിയുടേയും ഉത്തരവാദിത്തം ഏൽപ്പിച്ചുകൊടുക്കുന്നുണ്ട്. ''ഊരുമിത്ര''യുടെ ഉത്തരവാദിത്തമാണ് കോളനിവാസികളുടെ ഉന്നമനത്തിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. റേഷൻ കാർഡിനായാലും വനം വകുപ്പിനെ ആശ്രയിക്കുന്നു. ആയതിനാൽത്തന്നെ ആദിവാസി കോളനികളിലെ പല പ്രവർത്തികൾക്കും വനം വകുപ്പുമായി യോജിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇത് പ്രധാനമായും പട്ടിക വർഗ്ഗ വകുപ്പാണ് എല്ലാ കാര്യങ്ങളിടേയും മേൽനോട്ടം വഹിക്കലും ആവശ്യമായ ഫണ്ടനുവദിക്കുന്നതും ചെയ്യുന്നത്. വനാശ്രിത സമൂഹമായി നിലനിൽക്കുന്നതിനാൽ ഏത് മേഖലയിലും സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം തുടങ്ങി മിക്ക വകുപ്പുകളുടേയും ഇടപെടൽ അനിവാര്യമാണ്.

4.4.9 <u>വനമേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ</u>

വനമേഖല നേരിടുന്ന പ്രധാന വിപത്തുകളെല്ലാം തന്നെ മനുഷ്യ നിർമ്മിതമായ ഘടകങ്ങൾമൂലം സംഭവിക്കുന്നവയാണ്. വനമേഖല ശുഷ്കിച്ചുവരുന്നതിൻറെ പ്രധാന കാരണം അനധികൃത കയ്യേറ്റം, കാട്ടുതീ, കാലിമേച്ചിൽ, വനോൽപന്നങ്ങളുടെ അനിയന്ത്രിതമായ ചൂഷണം, തടി മോഷണം, കഞ്ചാവ് കൃഷി, മൃഗവേട്ട, മനുഷ്യ-വന്യജീവി സംഘർഷം, അതിർത്തി നിർണ്ണയത്തിൻറെ അഭാവം തുടങ്ങിയവയാണ്. വനമേഖലയുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകളുടെ ഏകോപനവും ശക്തമായ നേതൃത്വവും അത്യാവശ്യമാണ്. ഓരോ

വെല്ലുവിളികളും സ്ഥിതിവിവരകണക്കുകളുടെ സഹായത്തോടെ വിശകലനം ചെയ്താൽ ഇതിൻറെ പ്രാധാന്യം എത്രയുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്.

4.4.10 വനം കയ്യേറ്റം

വനം കയ്യേറുന്നത് വന വിസ്തൃതി കുറയ്ക്കുന്നതിനും സമീപ വനപ്രദേശങ്ങലിലെ സംതുലിതാവസ്ഥ നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. വനഭൂമി കയ്യേറി കൃഷി ഇറക്കിയവർ ജില്ലയിൽ ഒട്ടനവധിയാണ്. അത്തരത്തിലുള്ള കയ്യേറ്റങ്ങളെ 01.01.1997 ന് മുമ്പും 01.01.1997 ന് ശേഷവും എന്നിങ്ങനെ 2 വിഭാഗങ്ങളിൽ പെടുത്തിയിട്ടുണ്ട്. 01.01.1997 ന് മുമ്പ് വനഭൂമി കയ്യേറിയവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സർക്കാർ തലത്തിൽ പുരോഗമിച്ചുവരുന്നു. ഇതിൽ മേൽത്തട്ട് നിർദ്ദേശങ്ങൾ അനിവാര്യമാണ്. വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ, സർവ്വെ, പോലീസ്, വനം എന്നീ വകുപ്പുകളുടെ സംയോജിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്.

4.4.11 കാട്ടുതീ

വനഭൂമിയെ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിക്കുന്ന വിപത്താണ് കാട്ടുതീ. പ്രകൃതിയാൽ കാട്ടുതീ ഉണ്ടാകുന്നത് വളരെ വിരളമാണ്. ആയതിനാൽ ഭൂരിഭാഗവും കാട്ടുതീ മനുഷ്യ നിർമ്മിതമാണ്. വനഭൂമിയോട് ചേർന്ന് താമസിക്കുന്നവർ സ്വേച്ഛ താൽപര്യങ്ങൾക്കായി സൃഷ്ടിക്കുന്നതാണ് കാട്ടുതീയിൽ കൂടുതലും. ആയതുകൊണ്ട് തന്നെ ശരിയായ ബോധവൽക്കരണ പരിപാടികളിലൂടെയും യഥാസമയമുള്ള മുൻകരുതലുകളിലൂടെയും ഒരു പരിധിവരെ കാട്ടുതീ പ്രതിരോധിക്കാൻ കഴിയും. വനം വകുപ്പ് തലത്തിൽ ഫയർ ലൈനുകൾ എടുത്തും, ഫയർ ഗ്യാങ്ങിനെ നിയോഗിച്ചുമെല്ലാം തീ തടയാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ടെങ്കിലും അതൊന്നുംതന്നെ പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്തുന്നില്ല. ഈ മേഖലയിൽ വിവിധ വകുപ്പുകളുടെ ഏകോപനവും സംയോജിച്ചുള്ള പ്രവർത്തനവും അത്യന്താപേക്ഷിതമാണ്. ഇതിൽ പ്രധാനമായും കീഴ്ത്തട്ട് പ്രവർത്തനങ്ങൾ അനിവാര്യമാണ്. കാട്ടുതീ അണയ്ക്കുന്നതിന് ഫയർ ഫോഴ്സ്, പഞ്ചായത്ത് തലത്തിലുള്ള ഇടപെടലുകൾ, വിദ്യാഭ്യാസ ഇതര സ്ഥാപനങ്ങൾ വഴിയുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് കാര്യമായ പങ്കുവഹിക്കാനാകും. കണക്കുകൾ പരിശോധിക്കുമ്പോൾ ഓരോ വർഷവും ചൂട് ക്രമാതീതമായി വർദ്ധിക്കുന്നത് വഴി തീ പിടിക്കുന്നതിനുള്ള സാധ്യതയും വർദ്ധിക്കുന്നു. മഴയുടെ കുറവ്, ജല ലഭ്യത കുറവ്, വനയോര മേഖലകളിൽ വന്യമൃഗശല്യം തുടങ്ങിയവ തീ ഉണ്ടാക്കുന്നതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ കാട്ടുതീ സംബന്ധിച്ച കണക്കുകൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.8

ക്രമ നം	വർഷം	തീപ്പിടുത്തങ്ങളുടെ എണ്ണം	ഏരിയ
1	2010-2011	169	897.8749
2	2011-2012	260	1452.425
3	2012-2013	146	672.0874
4	2013-2014	150	419.219
5	2014-2015	77	248.194
	Total	802	3689.8003

പട്ടിക 4.4.9

കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ 2015–16

ക്രമ നമ്പർ	ഡിവിഷൻറെ പേര്	ഫയർലൈൻ (കി.മീ.)	നിയോഗിച്ച ഫയർ വാച്ചർമാരുടെ എണ്ണം	ചെലവ്
1	നെന്മാറ	195.40	4269	49.69
2	പാലക്കാട്	85.000	775	10.58
3	മണ്ണാർക്കാട്	160.200	7364	45.11
4	സൈലൻറ് വാലി	199.850	3881	59.78
5	പറമ്പിക്കുളം	263.00	3390	51.68
	ആകെ	**903.45**	**19679**	**216.84**

4.4.12 കാലിമേച്ചിൽ

വനമേഖലയെ കാർന്നുതിന്നുന്ന ഒരു വിപത്താണ് കാലിമേച്ചിൽ. കന്നുകാലികളുടെ കടന്നുകയറ്റം സസ്യങ്ങളുടെ പുനരുജ്ജീവനത്തെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ വളർന്നുവരുന്ന സസ്യങ്ങളുടെ തലഭാഗം കടിച്ചുതിന്നുക വഴി സസ്യങ്ങൾ മുരടിക്കാൻ ഇടയാകുന്നു. അട്ടപ്പാടി, അഗളി, പുതൂർ തുടങ്ങിയ മേഖലകളിലാണ് കാലിമേച്ചിൽ അനിയന്ത്രിതമായി കാണപ്പെടുന്നത്.

4.4.13 തടിമോഷണം

തടിമോഷണം വനസംരക്ഷണത്തിന് ഏറ്റവും വിഘാതം സൃഷ്ടിക്കുന്ന പ്രവർത്തിയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് ഇക്കഴിഞ്ഞ വർഷങ്ങളിൽ തടിമോഷണത്തിന്റെ അളവ് കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

4.4.14 അശാസ്ത്രീയമായ വനവിഭവ ശേഖരണം

വന മേഖലകളിൽ നിന്ന് ലഘു വനവിഭവങ്ങൾ ശേഖരിക്കുന്നത് പരമ്പരാഗതമായി ആദിവാസി ജനവിഭാഗമാണ്. എന്നാൽ ആദിവാസികളല്ലാത്തവരും പരിചയക്കുറവുള്ളവരും വനവിഭവങ്ങളുടെ ശേഖരണം നടത്തിവരുന്നുണ്ട്. ഓരോ വിഭവവും അതാത് സമയത്തും അനുയോജ്യമായ അവസരത്തിലും തീർത്തും വനവിഭവങ്ങൾക്ക് ശോഷണം സംഭവിക്കാതെ സമാഹരിക്കുന്നത് അവയുടെ നിരന്തരമായ ലഭ്യത ഉറപ്പ് വരുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. എന്നാൽ, സമാഹരിക്കുന്നവർ മേൽപറഞ്ഞ ഘടകങ്ങൾ കണക്കിലെടുക്കാതെ വനവിഭവങ്ങൾ അശാസ്ത്രീയമായി നീക്കം ചെയ്യുന്നത് വിഭവ ശോഷണത്തിന് കാരണമാകുന്നു. ഉദാഹരണമായി നെല്ലിക്ക ശേഖരിക്കുന്നത് കമ്പുകൾ ഒടിച്ചിട്ട് എടുക്കുന്ന വിധമുണ്ട്. ചീനിക്ക എടുക്കുന്നത് വള്ളികളില് നിന്ന് ഉതിർത്ത് എടുക്കണം. എന്നാൽ പകരം ആ വള്ളി ചുറ്റിപടരുന്ന വൃക്ഷത്തിൻറെ കടയ്ക്കൽ തീ നൽകിയാണ് ശേഖരിക്കപ്പെടുന്നത്. ഇത്തരത്തിലുള്ള അശാസ്ത്രീയമായ ശേഖരണം വനവിഭവ സമ്പത്ത് നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

4.4.15 കഞ്ചാവ് കൃഷി

4.4.15.1 വനങ്ങളിലുള്ള വൃക്ഷങ്ങളുടെ ചെറുസസ്യങ്ങളും, അടിക്കാടുകളും വെട്ടിനീക്കി തീയിട്ട് തടമെടുത്ത് കഞ്ചാവ് കൃഷി ഇറക്കുന്നത് വനത്തിനും സമൂഹത്തിനും നേരിടാവുന്ന വൻ വിപത്താണ്. നിരന്തരമായ റെയ്ഡിലൂടെയും ഉൾവനങ്ങളിൽ താമസിച്ച് പെട്രോളിംങ് നടത്തുകവഴിയും ഒരു പരിധിവരെ ഈ വിപത്തിനെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ വിഷയത്തിൽ മറ്റ് വകുപ്പുകളുടെ

സഹകരണത്തോടെ കഞ്ചാവ് കൃഷി നശിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനായി മേൽതട്ട് നിർദ്ദേശങ്ങൾ അനിവാര്യമാണ്. വനം, എക്സൈസ്, പോലീസ്, സൈന്യം, പഞ്ചായത്ത് എന്നിവരുടെ സംയോജിത പ്രവർത്തനവും സെൻട്രൽ എക്സൈസ്, ആൻറിനാർക്കോട്ടിക് വിഭാഗം എന്നീ സ്ഥാപനങ്ങളുടെ സമൂലമായ ഇടപെടലുകളും വളരെ അത്യാവശ്യമാണ്. മുൻവർഷങ്ങളിലെ കഞ്ചാവ് തോട്ടങ്ങൾ നശിപ്പിച്ചിട്ടുള്ളതിന്റെ വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.10

ക്രമ നം	ഡിവിഷൻ	2014		2015		2016	
		റെയ്ഡുകളുടെ എണ്ണം	കഞ്ചാവ് ചെടികളുടെ എണ്ണം	റെയ്ഡുകളുടെ എണ്ണം	കഞ്ചാവ് ചെടികളുടെ എണ്ണം	റെയ്ഡുകളുടെ എണ്ണം	കഞ്ചാവ് ചെടികളുടെ എണ്ണം
1	നെന്മാറ	21	0	109	0	146	0
2	മണ്ണാർക്കാട്	30	240	42	1770	32	10710
3	പാലക്കാട്	20	0	44	0	42	8
	ആകെ	**71**	**240**	**195**	**1770**	**90**	**10710**

4.4.16 മൃഗവേട്ട

വനമേഖലകളിൽ മൃഗവേട്ട മുൻവർഷങ്ങളെ അപേക്ഷിച്ച് കുറഞ്ഞു വന്നിട്ടുണ്ട്. വന സംരക്ഷണത്തിനായി ഉൾവന പട്രോളിംഗും, ക്യാമ്പിങ്ങും ഒരു പരിധിവരെ ഈ വിപത്ത് കുറയാനിടയാക്കിയിട്ടുണ്ട്. രഹസ്യവിവരങ്ങൾ ശേഖരിച്ചും റെയ്ഡുകൾ നടത്തിയും വാർത്താവിനിമയ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിയും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

4.4.17 അതിർത്തി നിർണ്ണയം

വനാതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ പലയിടങ്ങളിലും വനം കയ്യേറ്റം തടയാൻ കഴിയുന്നില്ല. കയ്യേറ്റക്കാരുടെ സംഘടിതമായ ശ്രമംമൂലം വനാതിർത്തി നിർണ്ണയം നടപ്പിലാക്കാൻ കഴിയാത്തത് ഒരു പ്രധാന പ്രശ്നമാണ്. വരുന്ന 3 വർഷത്തിനുള്ളിൽ വനാതിർത്തി പൂർണ്ണമായും നിർണ്ണയിച്ച് സ്ഥിരം അതിർത്തികല്ലുകളും, മാർക്കുകളും സ്ഥാപിക്കുന്ന ജോലികൾ എല്ലാ വനം ഡിവിഷനുകളിലും ഊർജ്ജിതമായി നടന്നുവരുന്നു. വനം, റവന്യൂ , സർവ്വേ വകുപ്പുകളുടെ സംയോജിച്ച പ്രവർത്തനത്തിലൂടെ മാത്രമെ വനാതിർത്തി നിർണ്ണയം പൂർത്തീകരിക്കൽ സാധ്യമാവുകയുള്ളൂ.

4.4.18 മനുഷ്യ- വന്യജീവി സംഘർഷം

4.4.18.1 വളരെയധികം ജനശ്രദ്ധ പിടിച്ചുപറ്റുന്നതും സംസാര വിഷയമാകുന്നതുമായ പ്രശ്നമാണ് മനുഷ്യ- വന്യജീവി സംഘർഷം. വനയോര മേഖലകളിലാണ് ഇതിൻറെ തീവ്രത കൂടുതലായും അനുഭവപ്പെടുന്നത്. വെള്ളം, തീറ്റ ഇവയന്വേഷിച്ച് വനത്തിന് സമീപമുള്ള ജനവാസ മേഖലകളിലേക്ക് ഇറങ്ങിവരുന്ന വന്യജീവികൾ വ്യാപകമായ തോതിൽ കൃഷിനാശം വരുത്തിവയ്ക്കുന്നത് ജില്ലയിലെ ഒരു സാധാരണ സംഭവമാണ്. പാലക്കാട് ജില്ലയിൽ മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായി നിലനിൽക്കുന്നത്. പാലക്കാട് വനം ഡിവിഷനുകീഴിൽ വരുന്ന പുതുശ്ശേരി, കഞ്ചിക്കോട്, വാളയാർ തുടങ്ങിയ മേഖലകളിലാണ്. കൃഷി നാശം വരുത്തുന്നതു കൂടാതെ പലയിടങ്ങളിലും വന്യജീവികളുടെ ആക്രമണം മൂലം മനുഷ്യർക്ക് ജീവഹാനി

സംഭവിക്കുന്നുണ്ട്. മണ്ണാർക്കാട് ഡിവിഷനു കീഴിലുള്ള കല്ലടിക്കോട്, ശിരുവാണി, പുതൂർ ഭാഗങ്ങളിൽ മേൽപറഞ്ഞ രീതിയിലുള്ള ഗുരുതരമായ അവസ്ഥയാണ് ഉള്ളത്. ഇതിൽ ഏറ്റവും കൂടുതൽ വ്യാപകമായ തോതിൽ കൃഷിനാശവും വസ്തുനാശവും ആൾനാശവും വരുത്തിവെയ്ക്കുന്നത് കാട്ടാനകളാണ്. കാട്ടുപന്നി, മയിൽ തുടങ്ങിയവയും കൃഷിയ്ക്ക് വൻതോതിൽ നാശം വരുത്തിവെയ്ക്കുന്നുണ്ട്. ഇത്തരം സംഭവങ്ങൾ വനംവകുപ്പ് ജീവനക്കാരോട് പൊതുജനങ്ങൾക്ക് വെറുപ്പും വിദ്വേഷവും സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ട്.

4.4.18.2 പ്രതിരോധ നടപടികളായി സൌരോർജ്ജ കമ്പിവേലിയെയാണ് വനം വകുപ്പ് കൂടുതലായും ആശ്രയിച്ചുവരുന്നത്. ചുരുങ്ങിയ ചെലവിൽ പെട്ടെന്ന് ഒരു പരിഹാരമുണ്ടാക്കാൻ ഒരു പരിധിവരെ സൌരോർജ്ജ വേലികൾ ഫലപ്രദമാണ്. കൂടാതെ ആനകളെ പ്രതിരോധിക്കാനുള്ള ട്രഞ്ച്, കരിങ്കൽ ഭിത്തി, ജൈവവേലികൾ, പ്രത്യേക ലൈറ്റുകൾ തുടങ്ങിയ സംവിധാനങ്ങൾ പലയിടങ്ങളിലുമായി ഉപയോഗിച്ചുവരുന്നുണ്ടെങ്കിലും ശാശ്വതമായ പരിഹാര മാർഗ്ഗങ്ങൾ അവലംഭിക്കാനായിട്ടില്ല. കഴിഞ്ഞ 3 വർഷങ്ങളായി പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കാനായിട്ടില്ല. കഴിഞ്ഞ 3 വർഷങ്ങളിലെ കൃഷിനാശം, വസ്തുനാശം, ആൾനാശം എന്നിവയ്ക്ക് വിവിധ വനം വകുപ്പ് ഡിവിഷനുകളിൽ നിന്ന് നൽകിയ നഷ്ടപരിഹാര തുകയുടെ വിവരങ്ങൾ താഴെപട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.11

അവസാന മൂന്നു വർഷങ്ങളിലായി ജില്ലയിൽ നൽകിയ നഷ്ടപരിഹാര തുക

ക്രമ നം	കേസ്	നെന്മാറ		പാലക്കാട്		മണ്ണാർക്കാട്		പറമ്പിക്കുളം		സൈലൻറ് വാലി		ആകെ	
		ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക	ലഭിച്ച അപേക്ഷകളുടെ എണ്ണം	നൽകിയ തുക
1	കൃഷി നാശം	63	4.513	755	43.81	617	70	0	0	152	25.4	1587	143.74
2	മരണം	48	48.5	26	40.00	8	48	0	0	0	0	82	136.50
3	വസ്തു നാശം		0	25	1.45	0	0	0	0	0	0	25	1.45
4	കന്നുകാലി നഷ്ടം	28	1.14	19	2.40	20	10.96	0	0	28	4.24	95	18.74
5	അപകടം	53	20.71	23	10.45	11	5.96	12	0.85	1	0.08	100	38.05
6	വീട് നാശം		0	0	0.00	5	0.56	0	0	0	0	5	0.56
7	മറ്റുള്ളവ	0	0	0	0.00	0	0	0	0	0	0	0	0.00
	ആകെ തുക	**192**	**74.86**	**848**	**98.1**	**661**	**135.5**	**12**	**0.85**	**181**	**29.7**	**1894**	**339.04**

4.4.19 മനുഷ്യ – വന്യജീവി സംഘർഷത്തിൻറെ കാരണങ്ങൾ

ജില്ലയിലെ മനുഷ്യ- വന്യജീവി സംഘർഷത്തിന്റെ കാരണങ്ങൾ ഇതുവരെ ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കിയിട്ടില്ല. മനുഷ്യ- വന്യജീവി സംഘർഷം ഒരു ആഗോള പ്രതിഭാസമാണെങ്കിലും 2012 ന് ശേഷമാണ് പാലക്കാട് ജില്ലയിൽ രൂക്ഷമായി അനുഭവപ്പെടാൻ തുടങ്ങിയത്. അതിനു മുമ്പ് വനയോര മേഖലകളിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ഈ പ്രതിഭാസം ഇപ്പോൾ ജനവാസ് മേഖലകളിലേയ്ക്കുകൂടി വ്യാപിച്ചു വരുന്നതായി അനുഭവപ്പെടുന്നു. പല കാരണങ്ങളും ഇതിനു നിദാനമായി എടുത്തു പറയപ്പെടുന്നുണ്ടെങ്കിലും ശാസ്ത്രീയമായ പഠനങ്ങളുടെ അഭാവത്തിൽ അവയെല്ലാംതന്നെ സാധ്യതകളായി മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

- വനത്തിനകത്ത് ആവശ്യമായ ആഹാരം, ജലം എന്നിവയുടെ ലഭ്യതകുറവ്
- വനത്തിനുള്ളിൽ മനുഷ്യരുടെ അനാവശ്യമായ ഇടപെടലുകൾ
- കഞ്ചാവ് കൃഷി
- വന്യമൃഗങ്ങളുടെ എണ്ണത്തിൽ വന്ന വർദ്ധനവ്
- കാലാവസ്ഥ വ്യതിയാനം
- ആനത്താരകളിൽ വിഘാതം ഉണ്ടാകുന്നത്

4.4.20 പരിഹാര മാർഗ്ഗങ്ങൾ

1. വനത്തിനകത്ത് ആവശ്യമായ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും, ജല ലഭ്യത ഉറപ്പുവരുത്തുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുക. നാട്ടിലേതുപോലെ വനത്തിനകത്തും ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക. ചെക്ക് ഡാമുകളും, കുളങ്ങളും നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുക. ഇത് ഇതര വകുപ്പുകളുടെ സംയോജനത്തോടുകൂടി വനനിയമങ്ങൾക്ക് വിധേയമായി നടപ്പിലാക്കാവുന്നതാണ്.
2. വനയോര മേഖലകളിൽ ജനസഞ്ചാരമുള്ള വഴികളുടെ ഇരുവശത്തുമുള്ള അടിക്കാടുകൾ വെട്ടിനീക്കി മൃഗങ്ങളുടെ സാന്നിദ്ധ്യം അറിയാവുന്ന രീതിയിൽ നിലനിർത്തുക. മേൽപറഞ്ഞ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വനസംരക്ഷണ സമിതികളുടെയും വനം വകുപ്പിൻറെയും മേൽനോട്ടത്തിൽ നടപ്പിലാക്കാവുന്നതാണ്.
3. വനത്തിനകത്തുള്ള ആളുകളുടെ സഞ്ചാരം നിയന്ത്രിക്കുക. സഞ്ചാരാവകാശമുള്ളവർക്ക് ആവശ്യമുള്ള മുൻകരുതലുകളും ബോധവത്ക്കരണവും നടത്തുക.
4. കഞ്ചാവ് കൃഷിപോലുള്ളവ തടയുന്നതിന് പ്രത്യേക കർമ്മപദ്ധതി നടപ്പിലാക്കുക. ആയതിന് സമാന്തര വകുപ്പുകളുടെ സഹകരണം, സംയോജനം എന്നിവ പ്രയോജനപ്പെടുത്താവുന്നതാണ്.
5. വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥയിൽ മാറ്റങ്ങൾ സംഭവിക്കാതെ നിലനിർത്തുക. ആയതിലേയ്ക്ക് സജീവമായ ഇടപെടലുകൾ നടത്തുക. വനപ്രദേശങ്ങളിലും വനയോര മേഖലകളിലും മാലിന്യം നിക്ഷേപിക്കുന്നത് നിയമം മൂലം തടയുകയും, മാലിന്യ നിർമ്മാർജ്ജനത്തിന് അനുയോജ്യമായ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.
6. കാലാവസ്ഥ വ്യതിയാനം മുന്നിൽകണ്ട് അതിന് തക്കതായ പ്രതിപ്രവർത്തനങ്ങൾ നടപ്പിലാക്കുക

7. ആനത്താരകൾ പുന:സ്ഥാപിക്കുക. തടസ്സങ്ങൾ നീക്കി മൃഗങ്ങൾക്ക് സുഗമമായ നീക്കങ്ങൾക്ക് വഴിയൊരുക്കുക.

4.4.21 ആദിവാസി ക്ഷേമവും ലഘു വനോൽപ്പന്നങ്ങളും

ഓരോ വനം ഡിവിഷനു കീഴിലും ആദിവാസികളും അവർ താമസിക്കുന്ന കോളനികളുടെയും മേൽനോട്ടം അതാത് ഡിവിഷൻ അധികാരിയിൽ നിക്ഷിപ്തമാണ്. ആദിവാസികളുടെ ആവശ്യങ്ങളിൽ പലതിനും വനം വകുപ്പിന്റെ സഹകരണത്തോടെ പല പ്രവർത്തനങ്ങളും നടത്തിവരുന്നു. വീട് വയ്ക്കുന്നതിനും, കുടിവെള്ളത്തിനും, വൈദ്യുതിയ്ക്ക് വേണ്ടിയും ഗതാഗത ആവശ്യങ്ങൾക്കും, കൃഷി തുടങ്ങിയ അനുബന്ധ ആവശ്യങ്ങൾക്കും വനംവകുപ്പിൻറെ ഇടപെടൽ സജീവമായിട്ടുണ്ട്. വനംവകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ഓരോ കോളനികളുടെയും ഉത്തരവാദിത്തം ഏൽപ്പിച്ചു കൊടുക്കുന്നുണ്ട്. ''ഊരുമിത്ര'' എന്ന പേരിൽ ഇത് അറിയപ്പെടുന്നു. ''ഊരുമിത്ര'' യുടെ ഉത്തരവാദിത്തമാണ് കോളനി നിവാസികളുടെ ഉന്നമനത്തിന് ആവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നത്. റേഷൻ കാർഡിനായാലും വനംവകുപ്പിനെ ആശ്രയിക്കുന്നു. ആയതിനാൽ തന്നെ ആദിവാസി കോളനികളിലെ പല പ്രവൃത്തികൾക്കും വനംവകുപ്പുമായി യോജിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇത് പ്രധാനമായും പട്ടികവർഗ്ഗ വകുപ്പാണ് എല്ലാ കാര്യങ്ങളുടെയും മേൽനോട്ടം വഹിക്കലും ആവശ്യമായ ഫണ്ട് അനുവദിക്കുന്നതും ചെയ്യുന്നത്. വനാശ്രിത സമൂഹമായി നിലനിൽക്കുന്നതിനാൽ ഏതു മേഖലയിലും സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം തുടങ്ങി മിക്ക വകുപ്പുകളുടെയും ഇടപെടൽ അനിവാര്യമാണ്.

4.4.22 ഫോറസ്റ്റ് ഡവലപ്പ്മെൻറ് ഏജൻസി (എഫ്.ഡി.എ)

വനസംരക്ഷണം ഊർജ്ജിതമാക്കുന്നതിനും വനത്തെ ആശ്രയിച്ച് കഴിയുന്നവരെ സഹായിച്ചും അവരുടെ സേവനം കാടിന്റെ സംരക്ഷണത്തിന് ഉപയോഗപ്പെടുത്തിയും അതുവഴി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ലക്ഷ്യം വെച്ച് 1997-98 കാലത്ത് ആരംഭിച്ച പദ്ധതിയാണ് ജനപങ്കാളിത്തതോടുകൂടി വനസംരക്ഷണം ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം. ഇതിൽ അധികാരം കേന്ദ്രീകരിച്ച് താഴെ തട്ടിലെ ജനങ്ങൾക്ക് ആനുകൂല്യങ്ങൾ എത്തിക്കുകയെന്ന ലക്ഷ്യം കൂടിയുണ്ട്. വനസംരക്ഷണസമിതികൾ (വി.എസ്.എസ്) ഓരോ ഡിവിഷനിലും രൂപീകരിച്ചിട്ടുണ്ട്. വനത്തെ ആശ്രയിച്ച് ജീവിക്കുന്നവരെയും വനയോര മേഖലയിൽ താമസിക്കുന്നവരെയും ലക്ഷ്യം വെച്ച് തുടങ്ങിയതാണ്. ഓരോ സമിതിയിലുള്ള അംഗങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവരുടെ ഭരണസമിതിയാണ് പ്രവർത്തനം നിയന്ത്രിക്കുന്നത് അതിലെ സെക്രട്ടറി വനം ഉദ്യോഗസ്ഥനാണ്. ഓരോ സമിതിയ്ക്കും പ്രവർത്തന മേഖല വേർതിരിച്ച് നൽകിയിട്ടുണ്ട്. ഈ പ്രവർത്തന മേഖലയിലെ ജോലികളെല്ലാം സമിതിയുടെ മേൽനോട്ടത്തിലാണ് ചെയ്യുന്നത്. സമിതിയുടെ പ്രവർത്തനം കൃത്യമായും അവരുടെ പ്രവർത്തനമേഖല കണക്കിലെടുത്ത് തയ്യാറാക്കിയ സൂക്ഷ്മസൂത്രണരേഖ യുടെ അടിസ്ഥാനത്തിലാണ്. ഇതിൽ ആദിവാസികൾ മാത്രമുള്ള സമിതികളുമുണ്ട്. ഇത്തരത്തിലുള്ള സമിതികളുടെ കൂട്ടായ്മയാണ് വനവികസന ഏജൻസി (എഫ്.ഡി.എ) ഇതിൻറെ ചെയർമാൻ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമാണ്. കേന്ദ്ര ഗവൺമെൻറ് അനുവദിക്കുന്ന തുക നേരിട്ട് എഫ്.ഡി.എ യിലേക്ക് വരുകയും അവിടെനിന്നാണ് ഓരോ സമിതികളുടെയും അക്കൌണ്ടിലേക്ക് ഫണ്ട് അനുവദിക്കുന്നത്. സമിതികൾ തയ്യാറാക്കിയ അടങ്കലുകൾ പാസ്സാക്കി പ്രവർത്തികൾ പൂർത്തീകരിച്ചതിന് ശേഷമേ ടി ജോലിയ്ക്കുള്ള തുക കൈമാറുകയുള്ളൂ. ടെറിട്ടോറിയൽ ഡിവിഷനുകളിൽ വി.എസ്.എസ് എന്നും, സംരക്ഷണകേന്ദ്രങ്ങളായ പറമ്പിക്കുളം, സൈലൻറ് വാലി പോലുള്ള സാങ്കേതങ്ങളിൽ ഇ.ഡി.സി (ഇക്കോ ഡെവലപ്പ്മെൻറ് കമ്മിറ്റി)

എന്ന പേരിലും അറിയപ്പെടുന്നു. ഓരോ വനം ഡിവിഷനിലും രൂപീകരിച്ചിട്ടുള്ള സമിതികളുടെ പേരുവിവരങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.12

ഡിവിഷൻ	വനസംരക്ഷണ സമിതികളുടെ എണ്ണം	വന വിസ്തൃതി	കുടുംബങ്ങളുടെ എണ്ണം		
			പട്ടികവർഗ്ഗം	പട്ടിക ജാതി	മറ്റുള്ളവ
പാലക്കാട്	11	2036.98	464	742	2009
നെന്മാറ	17	34070	667	302	2288
മണ്ണാർക്കാട്	11	4976	75	537	512

പട്ടിക 4.4.13

ഡിവിഷൻ	ഇക്കോ ഡവലപ് മെൻറ് കമ്മിറ്റി കളുടെ എണ്ണം	വനവിസ്തൃതി	കുടുംബങ്ങളുടെ എണ്ണം		
			പട്ടികവർഗ്ഗം	പട്ടികജാതി	മറ്റുള്ളവ
പറമ്പിക്കുളം ടൈഗർ റിസർവ്	7	43.27	11	277	58
സൈലൻറ് വാലി നാഷണൽ പാർക്ക്	7	868.80	23	184	197

4.4.23 വനവികസന സമിതികളുടെ പ്രവർത്തനം

വനവികസന സമിതികൾ അവരപുടെ പദ്ധതി പ്രദേശത്താണ് പ്രവർത്തിക്കേണ്ടത്. ഏകദേശം 100 മുതൽ 300 ഹെക്ടർ വരെ വ്യാപ്തിയുള്ള പ്രദേശമായിരിക്കും പദ്ധതിപ്രദേശം. സമിതിക്ക് ഏത് ജോലികളും അവരുടെ പ്രദേശത്ത് എടുക്കും. എന്നിരുന്നാലും വനസംരക്ഷണ പ്രവർത്തനത്തിൽ ഊന്നിയായിരിക്കും അവരുടെ പ്രവർത്തനം. വനവൽക്കരണം, അഗ്നിസംരക്ഷണം, അനധികൃത മരംമുറി കൈയ്യേറ്റം തടയുക, മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ, നിർവ്വഹിക്കുക എന്നീ പ്രവർത്തികൾക്കാണ് മുൻതൂക്കം.

പഞ്ചായത്തിൻറെ കീഴിൽ തൊഴിലുറപ്പ് പദ്ധതിയും, കുളം, റോഡ്, ചെക്ക് ഡാം, നീർത്തട സംരക്ഷണം തുടങ്ങിയ പ്രവർത്തികൾക്ക് സമിതി മുഖാന്തിരം നിർവ്വഹിക്കാവുന്നതാണ്. പട്ടികജാതി/വർഗ്ഗവകുപ്പ്, കൃഷിവകുപ്പ്, മൃഗസംരക്ഷണവകുപ്പ് തുടങ്ങിയ ഇതരവകുപ്പുകൾക്കും സംയോജിച്ച് പ്രവർത്തനങ്ങൾ നടത്താം.

4.4.24 ജനജാഗ്രതാ സമിതികൾ

ജനജാഗ്രതസമിതികൾ നിലവിൽ വന്നത് 2016-17 കാലഘട്ടത്തിലാണ്. വനയോര മേഖലകളിലും, പ്രാന്തപ്രദേശങ്ങലിലും വന്യജീവികളുടെ കടന്നു കയറ്റം മൂലം ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. കൃഷിനാശം, വസ്തുനാശം, അപാകതകൾ എന്നിവ വളരെ വ്യാപകമായി ഉയർന്ന് വരുന്ന വിഷയങ്ങളാണ്. ഇത്തരത്തിലുള്ള വിഷയങ്ങളെ ജനപങ്കാളിത്തത്തോടുകൂടി നേരിടുന്നതിന് രൂപീകരിച്ച സമിതിയാണ് ജനജാഗ്രതാസമിതി.

ജനജാഗ്രതാസമിതികൾ വനഭൂമി പങ്കിടുന്ന ഓരോ പഞ്ചായത്തിലും രൂപീകരിക്കണമെന്നാണ് വ്യവസ്ഥ ഓരോ മൂന്ന് മാസം കൂടുമ്പോൾ യോഗം ചേരുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. ജനജാഗ്രത സമിതികളിൽ എല്ലാ പ്രശ്നങ്ങളും ഉന്നയിക്കാം. ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക്

പരിഹാരം കാണുകയെന്നതാണ് പ്രധാനം. ഈ സമിതികളുടെ അദ്ധ്യക്ഷൻ പഞ്ചായത്ത് പ്രസിഡൻറും, റെയിഞ്ചാഫീസർ കൺവീനറുമാണ്. ഓരോ വനം ഡിവിഷനുകളിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

4.4.25 വനോൽപ്പന്നങ്ങൾ

വനത്തിൽ നിന്നും ശേഖരിക്കുന്ന വനോൽപ്പന്നങ്ങളെ ലഘുവനോൽപ്പന്നങ്ങൾ എന്നും പിന്നീട് തടിയേതര വനോൽപ്പന്നങ്ങളെന്നും നിലവിൽ അറിയപ്പെടുന്നു. ലഘു വനോൽപ്പന്നങ്ങൾ വനാശ്രിത സമൂഹമായ ആദിവാസികളാണ് ശേഖരിച്ച് വരുന്നത്. ആദിവാസികൾ ശേഖരിച്ചുവരുന്ന വനോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാത്തതിനാൽ ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ടാണ് പട്ടികജാതി / പട്ടികവർഗ്ഗ ഫെഡറേഷന് കീഴിൽ വരുന്ന ഗിരിജൻ സൊസൈറ്റികളാണ് ഫെഡറേഷനു വേണ്ടി പ്രാദേശികമായി ഓരോ ഡിവിഷനിലും ശേഖരിക്കുന്നത്. പാലക്കാട് ജില്ലയിൽ പ്രധാനമായും മലമ്പുഴ ഗിരിജൻ സൊസൈറ്റിയും അട്ടപ്പാടി ഗിരിജൻ സൊസൈറ്റിയാണ് വനോൽപന്നങ്ങൾ ആദിവാസികളിൽ നിന്ന് ശേഖരിക്കുന്നത്. ഇത്തരത്തിൽ ശേഖരിക്കുന്നതിന് സൊസൈറ്റിയിലെ മെമ്പർമാർക്ക് മുൻകൂട്ടി ശേഖരണ കാലയളവിലേയ്ക്കായി ലൈസൻസ് അതാതു ഡിവിഷനുകളിൽ നിന്നും അനുവദിക്കാറുള്ളത്. ഈ ലൈസൻസിനോട് അനുബന്ധിച്ച് ശേഖരിക്കുന്ന വനോൽപ്പന്നങ്ങളുടെ ലിസ്റ്റും ആരെയെല്ലാമാണ് ശേഖരിക്കാൻ അനുവദിക്കേണ്ടതെന്നും വ്യക്തമാക്കേണ്ടതാണ്. വിവിധ ഡിവിഷണനുകളിലും ഒരേ തരത്തിലുള്ള ലഘു വനോൽപ്പന്നങ്ങളാണ് ശേഖരിച്ചുവരുന്നത്.

ഗിരിജിൻ സൊസൈറ്റി മുഖാന്തിരം ശേഖരിക്കുന്ന വനോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്ന് സമയത്ത് എടുക്കാതെയും ഉൽപ്പന്നങ്ങൾ ഗുണമേന്മ കുറഞ്ഞ് പോവുകയും അതുവഴി അവർക്ക് ലഭിക്കേണ്ട വില ലഭിക്കാതാവുകയും ചെയ്യുന്ന അവസ്ഥയാണ് ഉള്ളത്. ആയതിനാൽ ഈ സൊസൈറ്റിയുടെ ശേഖരണം അവരിൽ നിന്നും മാറ്റി അതാത് ഡിവിഷനുകളിൽ തന്നെ പ്രവർത്തിച്ചുവരുന്ന വനവികസന ഏജൻസിയുടെ കീഴിലുള്ള വനവികസന സമിതികൾ മുഖാന്തിരം ശേഖരിക്കുന്നത് ആദിവാസികൾക്ക് ന്യായവില ലഭിക്കുന്നത് ഉപകരിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനായുള്ള തുടക്കം വകുപ്പ് തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

4.4.26 ഇക്കോടൂറിസം സാധ്യതകൾ

4.4.26.1 ജില്ലയിലെ വനമേഖലകളിൽ നിലവിൽ ഇക്കോ ടൂറിസത്തിന്റെ ഭാഗമായി പറമ്പിക്കുളം ടൈഗർ റിസർവ്വിലും സൈലന്റ് വാലി ദേശീയോദ്യാനത്തിലും പല പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നുണ്ട്. കൂടാതെ, പാലക്കാട് ഡിവിഷനിലും നെന്മാറ, മണ്ണാർക്കാട് ഡിവിഷനുകളിലും പദ്ധതിയുടെ ഭാഗമായി ചില പ്രവർത്തനങ്ങളുണ്ടെങ്കിലും കാര്യക്ഷമമായി നടപ്പിലാക്കിയിട്ടില്ല.

4.4.26.2 പറമ്പിക്കുളം വനം മേഖലയിൽ സ്ഥലവാസികളായ ആദിവാസി സമൂഹത്തെ ഉൾപ്പെടുത്തി ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ (ഇ.ഡി.സി) രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ മുഖാന്തിരമാണ് ടൂറിസം നടത്തുന്നത്. അതുവഴി ധാരാളം ആദിവാസി ആളുകൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുകയും റിസർവ്വിനും അതിന്റെ സംരക്ഷണത്തിനും ഊന്നൽ നൽകി വന്യജീവി സങ്കേതം സംരക്ഷിക്കപ്പെടുന്നുമുണ്ട്.

4.4.26.3 സൈലന്റ് വാലി ദേശീയോദ്യാനത്തിലും പറമ്പിക്കുളത്തിന്റെ അതേ മാതൃകയിൽ ഇക്കോ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇത് പൂർണ്ണമായും വനം വകുപ്പ് തന്നെ നേരിട്ട് നടത്തുന്ന സംരംഭങ്ങളാണ്. ടൂറിസം സാദ്ധ്യതകൾവനത്തിനകത്തായതിനാൽ മറ്റ് വകുപ്പുകളുടെ ഇടപെടൽ 1980 ലെ

കൺസർവേഷൻ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. വനേതര പ്രവർത്തനങ്ങളായി മാറുമെന്നതിനാൽ ഇതര വകുപ്പുകൾക്ക് പരിമിതിയുണ്ട്.

4.4.26.4 നെന്മാറ വനമേഖലയിലെ കേശവൻപാറ, കാരാശ്ശുരിമേട്, സീതാർകുണ്ട്, 14 മൈൽ വ്യൂ പോയിന്റ്, അയ്യപ്പതിട്ട് വ്യൂ പോയിന്റ്, മാൻപാറ എന്നിവ അവിടുത്തെ ഇക്കോ ടൂറിസത്തിന് സാദ്ധ്യമായ സ്ഥലങ്ങളാണ്. നിലവിൽ ഈ സ്ഥലങ്ങളെല്ലാം ടൂറിസം അനുവദിക്കുന്നുണ്ടെങ്കിലും നിയന്ത്രിതമായ രീതിയിൽ സാദ്ധ്യതകൾ ആലോചിക്കേണ്ടതയുണ്ട്.

4.4.26.5 പാലക്കാട് ഡിവിഷനിലെ ധോണി വെള്ളച്ചാട്ടം, ഒറ്റപ്പാലത്തിന് സമീപമുള്ള അനങ്ങൻമല , മലമ്പുഴ പാമ്പ് പുനരധിവാസ കേന്ദ്രം, മാൻ പാർക്ക് എന്നിവ ഇക്കോ ടൂറിസം സാദ്ധ്യതകൾ ഉള്ള സ്ഥലങ്ങളാണ്. മണ്ണാർക്കാട് വനമേഖലയിലെ തോട്ടുകാപ്പ് ഇക്കോ ഡവലപ്മെന്റ് സെന്റർ, ശിരുവാണി, കേരള മേട്, ആറ്റ്ല, മീൻവല്ലം പദ്ധതികൾ ഇക്കോ ടൂറിസം സാദ്ധ്യതകളുള്ള സ്ഥലങ്ങളാണ്.

4.4.26.6 മേൽ സ്ഥലങ്ങളിലെല്ലാം ചെറിയ രീതിയിൽ ടൂറിസം നടത്തുന്നുണ്ടെങ്കിലും വനമേഖലകളിൽ വന്യജീവികളുടെ സൌര്യ വിഹാരത്തിന് തടസ്സം വരുന്ന രീതിയിൽ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. സംരക്ഷണ കേന്ദ്രങ്ങളായ പരമ്പിക്കുളവും സൈലന്റ് വാലി ഉദ്യാനവും നിയന്ത്രിതമായ രീതിയിൽ ഒരേ സ്ഥലങ്ങളാണ് ടൂറിസത്തിനായി ഉപയോഗപ്പെടുത്തിവരുന്നത്. എന്നാൽ മറ്റ് വനം ഡിവിഷനുകൾ സംരക്ഷണ കേന്ദ്രങ്ങളെല്ലെങ്കിലും വന്യജീവികൾ ധാരാളം വിഹരിക്കുന്ന പ്രദേശങ്ങൾ കൂടിയാണ്. ഉദാഹരണമായി മലമ്പുഴ, ധോണി, എലിവാൽ പ്രദശങ്ങൾ ആന, പുലി എന്നിവയുടെ സാദ്ധ്യം വളരെ വ്യക്തമാണ്. നെല്ലിയാമ്പതി മേൽപ്പറഞ്ഞ രീതിയിലുള്ള വന്യജീവികൾ ധാറാളമുള്ള സ്ഥലങ്ങളാണെങ്കിലും നേരിട്ടുള്ള കാഴ്ചകൾ വിരളമാണ്.

4.4.26.7 ജില്ലയിലെ ഇക്കോ ടൂറിസം നടത്തുന്ന കേന്ദ്രങ്ങളിലേക്ക് ഒരു ടൂറിസം പാക്കേജ് ആരംഭിക്കുന്നത് വളരെ അത്യാവശ്യമാണ്. ജില്ലാ ആസ്ഥാനത്ത് എത്തുന്ന വ്യക്തികൾക്ക് 3 ദിവസം കൊണ്ട് കണ്ട് മടങ്ങാവുന്ന രീതിയിൽ ഒരു ഗൈഡഡ് ടൂറിസം എന്തുകൊണ്ടും ആലോചിക്കാവുന്നതാണ്. അതിനായി ഒരു ടൂറിസം ഇൻഫർമേഷൻ സെൻറർ ആരംഭിക്കുകയും ആ സെൻററിൽ ജില്ലയിൽ എല്ലാ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി കൊടുക്കാനും അതിനാവിശ്യമായ ചെറുവാഹനങ്ങൾ അനുവദിച്ച് മേൽ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും തിരിച്ച് ഇതേ സ്ഥാനത്തുതന്നെ എത്തുന്നതിനുമുള്ള ഒരു ശൃംഖല അനുവദിക്കാവുന്നതാണ്. ടി സെൻറർ മറ്റ് ഇക്കോ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി മുറികൾ ബുക്ക് ചെയ്യുന്നതിനും താമസം, ഭക്ഷണം, സുരക്ഷിതമായ യാത്ര എന്നിവ ഉറപ്പുവരുത്തുവാനുള്ള സംവിധാനങ്ങളും മറ്റു വകുപ്പുകളുമായി ചേർന്ന് ആരംഭിക്കാവുന്നതാണ്.

4.4.27 കാലാവസ്ഥ വ്യതിയാനം

4.4.27.1 കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട് ജില്ലയിൽ വനമേഖലകളിൽ അനുവദിക്കപ്പെട്ടുവരുന്ന മാറ്റങ്ങളെക്കുറിച്ച് വിവരിക്കുമ്പോൾ മേൽ പ്രദേശങ്ങളിൽ ലഭിക്കുന്ന മഴ, ചൂട്, ആർദ്ര തുടങ്ങിയ ഘടകങ്ങളെ സംബന്ധിച്ച് വിവരക്കേണ്ടതുണ്ട്. കാലാവസ്ഥയിൽ വന്ന ഗണ്യമായ മാറ്റങ്ങൾ മേഖലയിലുള്ള എല്ലാ ജീവജാലങ്ങളേയും പ്രതികൂലമായി ബാധിച്ചുതുടങ്ങിയിരിക്കുന്നു. അന്തരീക്ഷത്തിൽ ചൂട് വർദ്ധിച്ചുവരിക, ഓരോ വർഷങ്ങളിലും ലഭിക്കുന്ന മഴയുടെ കുറവ്, ദാഹജലത്തിന് വേണ്ടിയുള്ള ജനങ്ങളുടെ ആവശ്യം വനങ്ങളിൽ ജനത്തിന്റെ ലഭ്യത കുറയുന്നതുമൂലം വന്യമൃഗങ്ങളുടെ നാട്ടിലേക്കുള്ള പലായനം, കൃഷി നശിക്കുന്നതു മൂലം ജീവിത മാർഗ്ഗങ്ങൾ തടസ്സപ്പെടുക തുടങ്ങിയ കാലാവസ്ഥാ ഘടകങ്ങൾ ജീവിതത്തെ ദോഷമായി ബാധിച്ചു തുടങ്ങിയിരിക്കുന്നു. ആയതിനാൽ ലഭ്യമായ വിവരങ്ങൾ സുസ്ഥിരമായ

ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക, ജലം അമൂല്യമാണ്, അത് പാഴാക്കിക്കളയാതെ മനുഷ്യനും ജീവജാലങ്ങൾക്കും തുല്യമായി ആവശ്യമുള്ളതിനാൽ ആയതിന്റെ സംരക്ഷണത്തിന് യുദ്ധകാലാടിസ്ഥാനത്തിൽ സംരക്ഷിക്കുന്നതിനും സൂക്ഷിക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക, ആഗോളതാപനം വർദ്ധിച്ചു വരുന്നത് തടയുന്നതിന് എല്ലാ മേഖലകളിലും ഹരിതവൽക്കരണം അത്യാവശ്യമാണ്. മുൻ വർഷങ്ങളിൽ ലഭിച്ച മഴയുടെ അളവ് താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.14

ക്രമ നം	വർഷം	ഊഷ്മാവ് (Avg Max)
1.	2007	34.28
2.	2008	34.29
3.	2009	34.26
4.	2010	33.64
5.	2011	33.73
6.	2012	34.44
7.	2013	34.19
8.	2014	31.97
9.	2015	34.91
10.	2016	35.13

മുൻ വർഷങ്ങളിൽ അന്തരീക്ഷത്തിൻറെ ആർദ്രത താഴെ പട്ടികയിൽ ചേർക്കുന്നു

പട്ടിക 4.4.15

ക്രമ നം	വർഷം	ആർദ്രത (Avg)
1.	2007	86.96
2.	2008	87.00
3.	2009	91.74
4.	2010	83.05
5.	2011	86.19
6.	2012	85.08
7.	2013	82.34

8.	2014	83.77
9.	2015	83.02
10.	2016	53.67

4.4.27.2 പാലക്കാട് ജില്ല ഒരു കാർഷിക ജില്ലയാണ്. കൃഷിയും പ്രധാനമായും ആശ്രയിച്ച് ജീവിക്കുന്നവരാണ് ഈ ജില്ലയിലെ ഭൂരിഭാഗം കർഷകർ. നെല്ല്, തെങ്ങ്, കരിമ്പ്, വാഴ, പച്ചക്കറി എന്നിവയായിരുന്നു പ്രധാന വിഭവങ്ങൾ കൃഷി ചെയ്ത് വന്നിരുന്നത്. കാലവസ്ഥയിൽ വന്ന മാറ്റങ്ങൾ കൃഷിയേയും ബാധിച്ചു. കൃഷി പലരും ഉപേക്ഷിച്ചു. വരുമാനം കുറഞ്ഞു. കൃഷി ലാഭകരമല്ലാതായി മാറി. ജില്ലയിൽ ശരാശരി 2362mm മഴ ലഭിച്ച സ്ഥാനത്ത് 1200mm ൽ താഴെ മാത്രമേ ലഭിക്കുന്നുള്ളൂ.

4.4.28 സൂര്യതാപം

കേരളത്തിൽ സൂര്യതാപം മൂലം ജീവജാലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ഏറെയും, ഭൗമശാസ്ത്രപരമായ പ്രത്യേകതകളാൽ പാലക്കാടിനാണ് സംഭവിക്കാൻ ഇടയുള്ളത് എന്നുള്ളതിനാൽ ഇതുസംബന്ധിച്ച് സമഗ്ര ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്രസ്ഥാപനം പാലക്കാട് സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. 2016 വർഷത്തിലെ മാർച്ച് മുതൽ മെയ് വരെയുള്ള കണക്കുകൾ എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ പേർക്ക് സൂര്യാതാപം ഏറ്റിരിക്കുന്നത് ചിറ്റിലഞ്ചേരി- പാലപ്പുറം, പുതുശ്ശേരി, നെല്ലിക്കോട്, കുളപ്പുള്ളി, തിരുവില്ലാമല, കണ്ണാടി, മലമ്പുഴ എന്നിവടങ്ങളിലാണ്. സൂര്യതാപം ഏൽക്കുന്ന സമയം 12 മണിക്കും 3 മണിക്കും ഇടയിലാണെന്ന് മനസ്സിലാക്കാം. വളർത്തു മൃഗങ്ങൾക്ക് സൂര്യാതാപം മൂലമുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായ വിവരങ്ങൾ ലഭ്യവുമല്ല. അതോടൊപ്പം കൃഷിയിനങ്ങൾക്ക് ഉണ്ടായിട്ടുള്ള വിവിധങ്ങളായ നാശനഷ്ടങ്ങൾ കണക്കാക്കാൻ കഴിയുന്നതിനും അപ്പുറമാണ് സംഭവിച്ചിരിക്കുന്നത്. പ്രത്യേകിച്ച് സൂക്ഷ്മ ജീവികൾ, ചെറുസസ്യങ്ങൾ, ജലജീവികൾ, ജലസസ്യങ്ങൾ എന്നിവയുടെ നാശമൊന്നും പഠനവിധേയമാക്കിയിട്ടില്ല. കാലവസ്ഥ വ്യതിയാനം കൊണ്ട് വൃക്ഷങ്ങൾക്കുണ്ടായിട്ടുള്ള മാറ്റങ്ങളിൽ പ്രധാനം കേരളത്തിൻറെ സംസ്ഥാന പുഷ്പമായ കണിക്കൊന്നയിലാണ്. വർഷത്തിൽ ഒരിക്കൽ മാത്രം പൂക്കുന്ന കണിക്കൊന്ന വർഷം മുഴുവൻ പൂത്തു നിൽക്കുന്ന അവസ്ഥ ഇതിനുദാഹരണമാണ്.

4.4.29 പരിസ്ഥിതി

പ്രധാന നദികൾ

ജില്ലയിൽ പ്രധാനമായും 2 പുഴകളാണ്. ജലസേചന ആവശ്യം നിറവേറ്റുന്നത്. ഒന്ന് ഭാരതപ്പുഴയും രണ്ട് കിഴക്കോട് ഒഴുകുന്ന ഭവാനിപ്പുഴയുമാണ്. ഭവാനിപ്പുഴയാകട്ടെ കാവേരി നദിയുടെ ഒരു പ്രധാന കൈവഴിയുമാണ്. വനമേഖലയിൽ നിന്ന് ഉത്ഭവിക്കുന്ന പ്രധാന നദികൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 4.4.16

ക്രമ നമ്പർ	നദിയുടെ പേര്	ഉത്ഭവ സ്ഥാനം	നദി ഒഴുകുന്ന വനഭാഗം
1	കുന്തിപ്പുഴ	സൈലൻറ്വാലി റിസർവ്വ് ഫോറസ്റ്റ്	തത്തേങ്ങലം പാറമല മെഴുകുംപാറ

			ആനമൂളി ഉരുകുംകുന്ന്
2	ഭവാനി	അട്ടപ്പാടി റിസർവ്വ് ഫോറസ്റ്റ്	അറളിക്കോണം തുവ കള്ളമല
3	നെല്ലിപുഴ	അട്ടപ്പാടി റിസർവ് ഫോറസ്റ്റ്	ഉരുളംകുന്ന് മുക്കാലി, വേങ്ങമല
4	തൂപ്പനാട്ടുപുഴ	മീൻവല്ലം	ഉരുളംകുന്ന് കരിമല മീൻവല്ലം ചുള്ളിപ്പാറ മുണ്ടനാട്
5	കാഞ്ഞിരപ്പുഴ	വെറ്റിലച്ചോല	വക്കോടൻ വെറ്റിലച്ചോല അണക്കരണം കുണ്ടനാട്ടി കൂനൽ
6	ശിരുവാണി	മുട്ടിക്കുളം	മുട്ടിക്കുളം റിസർവ്വ്
7	വാളയാർ	വാളയാർ റിസർവ്വ് ഫോറസ്റ്റ്	ചീനോത്ത്നായർ മലവാരം
8	മലമ്പുഴ	മലമ്പുഴ റിസർവ്വ് ഫോറസ്റ്റ്	എമ്പുർഭഗവതി മലവാരം
9	തേക്കടി റിവർ	നെല്ലിയാമ്പതി റിസർവ്വ് വനത്തിൻറെ തെക്കുകിഴക്ക് ഭാഗം	ഭാഗപളളം, വെട്ടിയാർ, പുല്ലുക്ക ത്തോട്
10	ഭാരതപ്പുഴ	ആനമലക്കുന്നുകൾ	ചിറ്റൂർ, പാലക്കാട്, ഷൊർണ്ണൂർ
11	കാരപ്പാറ	നെല്ലിയാമ്പതി	പറമ്പിക്കുളം, പെരിങ്ങൽക്കുത്ത്
12	ചുള്ളിയാർ റിസർവ്വ്	പുറമലവാരം	തെൻമല, സീതാർകുണ്ട്, ചെമ്മണാംപതി.

ജില്ലയുടെ ജലസേചനാവശ്യത്തിനായി 12 റിസർവോയറുകളും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തൂണക്കടവ്, ചുള്ളിയാർ, പോത്തുണ്ടി, മീങ്കര, മൂലത്തറ, വാളയാർ, മലമ്പുഴ, ഗായത്രി, കാഞ്ഞിരപ്പുഴ, മാൻകുളം തുടങ്ങിയവയാണ്. ഈ സൌകര്യങ്ങളെല്ലാം ഉണ്ടായിട്ടും ജില്ല വരൾച്ചയുടെ പിടിയിലാണ്. ശരിയായ ജലസംരക്ഷണമോ നയമോ ഇല്ലാത്തതിനാലാണ് ഡാമുകളുണ്ടായിട്ടും ജലക്ഷാമം നേരിടുന്നത്. കാലാവസ്ഥ വ്യതിയാനം മൂലം സംഭവിക്കുന്ന മാറ്റങ്ങളാണ്. മഴയുടെ ലഭ്യതക്കുറവ് കാർഷിക മേഖലയെ കൂടാതെ മറ്റ് അനുബന്ധ മേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. മഴയുടെ അളവ് താഴെ പട്ടിക പരിശോധിച്ചാൽ വ്യക്തമാണ്. പെയ്യുന്ന മഴവെള്ളം ഗ്രൌണ്ട് വാട്ടർ ആയിട്ടോ സർഫെയ്സ് വാട്ടർ ആയിട്ടോ ശരിയായ രീതിയിൽ സംരക്ഷിക്കേണ്ടതുണ്ട്. വ്യാപകമായ ബോധവത്ക്കരണ പരിപാടി പഞ്ചായത്ത് തലത്തിൽ നിന്ന് ആരംഭിക്കേണ്ടതാണ്.

പട്ടിക 4.4.17

Average monthly rainfall distribution for Palakkad District (2007-2011)

Year	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec	Total
2007	1	0	0	101	159	625	1033	478	507	310	32.6	19	**3267**
2008	0	26.6	154	28	41	446	359	214	242	364	9	0.1	**1883**
2009	0	0	81	58	139	282	985	262	250	176	248	15	**2496**
2010	1.9	0	10.8	131	110	545	508	267	180	401	279	24	**2457**
2011	1	61	17.4	126	69	717	399	422	336	248	205	9	**2610**

ചിത്രം 4.4.1



4.4.30 മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ

മണ്ണ് –ജലം സംരക്ഷണ പ്രവർത്തനങ്ങൾ വളരെ അത്യാവശ്യമായി എല്ലാ മേഖലകളിലും നടപ്പിലാക്കേണ്ട ഒരു പദ്ധതിയാണ്. ഓരോ വർഷം കഴിയുന്തോറും ജലത്തിന് വേണ്ടിയുള്ള ആവശ്യം വർദ്ധിക്കുമ്പോൾ ജലം നൽകാനില്ല. ജലസ്രോതസ്സുകളിൽ തന്നെ ആരംഭിക്കേണ്ട പ്രക്രിയയാണ്. വനമേഖലകളിൽ നിന്നും ഉത്ഭവിക്കുന്ന കൈവഴികളും, അരുവികളും നദികളായി മാറുന്നു. കൂടുതൽ ജലം മണ്ണിലേക്ക് താഴ്ന്ന് ഇറങ്ങുന്നതിനുള്ള പ്രവർത്തികളാണ് അത്യാവശ്യം ചെയ്യേണ്ടത്. ഇത് വി.എസ്.എസ് മുഖാന്തിരം ചെയ്യാം. പഞ്ചായത്തിൻറെ നേതൃത്വത്തിൽ വനംവകുപ്പുമായി ചേർന്ന് പ്രവർത്തിക്കാവുന്ന മേഖലയാണ്. വരും കാലഘട്ടങ്ങളിൽ ഏറ്റവും അധികം ഊന്നൽ കൊടുക്കേണ്ട പദ്ധതിയാണ് മണ്ണ് ജലം സംരക്ഷണപദ്ധതി. മണ്ണ് – ജലസംരക്ഷണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട എല്ലാ വകുപ്പുകളും നടപ്പിലാക്കുക. വനമേഖലകൾ പ്രത്യേകിച്ചും ജലസ്രോതസ്സുകളുടെ ഉറവിടമാകയാൽ മണ്ണ് – ജലസംരക്ഷണ

പ്രവർത്തനങ്ങൾ മലയോര മേഖലകളിൽ നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്. ഇതിനായി സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെൻറ്, പഞ്ചായത്ത്, റവന്യൂ തുടങ്ങിയ വകുപ്പുകളുടെ ഏകോപനം അനിവാര്യമാണ്.

4.4.31 മൈനിംഗ് & ജിയോളജി

4.4.31.1 മൈനിംഗ് & ക്വാറിയിങ്ങ് എന്നിവയ്ക്കുള്ള ലൈസൻസുകൾ നൽകുന്നതിനു മുമ്പായി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥൻമാർ സ്ഥലം സന്ദർശിക്കുകയും ടി സ്ഥലം വനഭൂമിയിലോ പരിസ്ഥിതി ദുർബല പ്രദേശത്തോ സ്ഥിതി ചെയ്യുന്നതല്ല എന്ന് ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. സ്ഥലപരിശോധന നടത്തിയ ആ ഭൂമികളുടെ യഥാർത്ഥ അവസ്ഥ മനസ്സിലാക്കിയാണ് പല ലൈസൻസുകളും നൽകുന്നത്.

4.4.31.2 ഖനനം /പാറ പൊട്ടിക്കൽ തുടങ്ങിയവ പരിസ്ഥിതിയുടെ സുസ്ഥിരതയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്. വർഷാവർഷങ്ങളിൽ അനുവദനീയമായ തോതിൽ പ്രാദേശികമായ പ്രത്യേകത പരിഗണിച്ച് ഖനനം, പാറപ്പൊട്ടിക്കൽ എന്നിവ അനുവദിക്കാവുന്നതാണ്.

4.4.31.3 ഖനനത്തിന് ലൈസൻസ് അപേക്ഷിക്കുന്നവർ വരുമാനത്തിൻറെ 3% മുതൽ 6% വരെ ഈ പ്രദേശത്തെ സാമൂഹിക വികസനത്തിനായി വിനിയോഗിക്കണമെന്നത് നിർബന്ധമാക്കണം. ഉപേക്ഷിക്കപ്പെട്ട ക്വാറികൾ, ഖനന പ്രദേശങ്ങൾ തുടങ്ങിയവ ജലം സംഭരിച്ചു നിർത്തുവാനുള്ള സംവിധാനങ്ങളായി പ്രയോജനപ്പെടുത്താവുന്നതാണ്. പ്രാദേശികമായ പുഴകൾ, തോടുകൾ, അരുവികൾ, നീർചാലുകൾ തുടങ്ങിയവയുടെ സംരക്ഷണത്തിനായി പ്രത്യേക പരിപാടികൾ ആവിഷ്കരിക്കുകയും അവ മാലിന്യ വിമുക്തമാക്കി സംരക്ഷിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്.

4.4.31.4 പാലക്കാട് ജില്ലയിലെ പ്രധാന ധാതുസ്രോതസ്സുകൾ, മേജർ, മൈനർ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രധാന ധാതുനിക്ഷേപം ചുണ്ണാമ്പുകല്ല്, ഗ്രാനൈറ്റ് എന്നിവയാണ്. ഗ്രാനൈറ്റ്, ലാറ്ററൈറ്റ്, ടൈൽ, ഇഷ്ടിക, കളിമണ്ണ്, മണൽ എന്നിവയാണ് മറ്റ് മൈനർ ധാതു നിക്ഷേപങ്ങൾ. ക്രിസ്റ്റൽ രൂപത്തിലുള്ള ചുണ്ണാമ്പുകൽ നിക്ഷേപം പാലക്കാട് വാളയാറിലെ പണ്ടാരത്തു ഖനികളിൽ വ്യാപകമായി കണ്ടെത്തിയിട്ടുണ്ട്. ആയത് കെട്ടിട നിർമ്മാണ വേളയിൽ വ്യാപകമായി ഉപയോഗിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ അകത്തേത്തറ, പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം, മണ്ണാർക്കാട് എന്നീ സ്ഥലങ്ങളിലാണ് ഗ്രാനൈറ്റ് ക്വാറികൾ പ്രധാനമായും സ്ഥിതി ചെയ്യുന്നത്. ലാറ്ററൈറ്റ് നിക്ഷേപം തൃത്താല, പടിഞ്ഞാറങ്ങാടി, ലക്കിടി – പേരൂർ, പറളി, മണ്ണാർക്കാട് എന്നീ മേഖലകളിലും കണ്ടുവരുന്നു. ജില്ലയിൽ ഏക്കൽമണ്ണ് നിക്ഷേപവും വ്യാപകമായി കാണപ്പെടുന്നു. Paleochannel നിക്ഷേപങ്ങൾ കൊഴിഞ്ഞാമ്പാറ എരുത്തേമ്പതി, വടകരപ്പതി ഭാഗങ്ങളിൽ കേന്ദ്രീകരിക്കുന്നു. പുഴമണലിൻറെ പ്രധാന സ്രോതസ്സ് ഭാരതപ്പുഴയുടെ തീരങ്ങളാണ്. പുഴമണൽ ഖനനവും വിപണനവും എന്നിവയിൽ നിന്നുള്ള പാരിസ്ഥിതക അനുമതിയോടുകൂടി വളരെ നിയന്ത്രിതമായി മാത്രം അനുവദിക്കാവുന്നതാണ്. പാലക്കാട് ജില്ലയിൽ കണ്ടുവരുന്ന കളിമണ്ണ് ബ്രിക്ക് ക്ലേ ഗ്രേഡിൽ ഉൾപ്പെടുന്നതിനാൽ ഇഷ്ടിക നിർമ്മാണത്തിനാണ് കളിമണ്ണ് നദീതീരങ്ങളിലും താഴ്വരകളിലും കാണപ്പെടുന്നു. പട്ടാമ്പി, ആലത്തൂർ, കൊല്ലങ്കോട് ഭാഗങ്ങളിലാണ് കളിമണ്ണ് പ്രധാനമായും കണ്ടുവരുന്നത്. ഭൂമി നികത്തുന്നതിന് ഉപയോഗിക്കുന്ന സാധാരണ മണ്ണ് പട്ടാമ്പി, കോങ്ങാട് ഭാഗങ്ങളിലെ ഉയർന്ന പ്രദേശങ്ങളിൽ കാണപ്പെടുന്നു.

4.4.31.5 പാലക്കാട് ജില്ലയെ സംബന്ധിച്ചിടത്തോളം ധാരാളം കരിങ്കൽ ഖനികളും, മണൽ മണ്ണ് തുടങ്ങിയ പദാർത്ഥങ്ങൾ വ്യാപകമായി കുഴിച്ചെടുത്ത് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിച്ച് വരുന്നുണ്ട്. നിയന്ത്രിതമായ അളവിൽ ധാതുക്കൾ ഖനനം ചെയ്യുന്നതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുവാൻ

സാധ്യത ഇല്ലാത്തതാണ്. പരിസ്ഥിതിക്ക് ദോഷം വരുന്ന ഏത് പ്രവർത്തിയെയും നിയന്ത്രിക്കുവാനുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തേണ്ടതായിട്ടുണ്ട്. ഖനനം മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാത നിർണ്ണയ ആഘാത നിർണ്ണയ അതോറിറ്റി, ജില്ലാ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി എന്നീ കമ്മിറ്റികളിൽ രൂപീകരിച്ചിട്ടുള്ളതും ജില്ലയിൽ പ്രവർത്തിച്ചു വരുന്നതുമാണ്. പ്രസ്തുത കമ്മിറ്റികളിൽ നിന്നും പാരിസ്ഥിതിക അനുമതി സമ്പാദിച്ച് മാത്രമേ ധാതുക്കളെ ഖനനം നടത്തുന്നതിന് നിയമം അനുവദിക്കുകയുള്ളൂ.

4.4.31.6 പരിസ്ഥിതിക്ക് ഉണ്ടാകുന്ന ദൂഷ്യഫലങ്ങളെ കുറയ്ക്കുന്നതിന് പരമാവധി സ്ഥലങ്ങളിൽ മരങ്ങൾ വെച്ച് പിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്തെങ്കിൽ മാത്രമേ പ്രകൃതിയിലുണ്ടാകുന്ന നാശങ്ങൾ കുറയ്ക്കുവാൻ കഴിയുകയുള്ളൂ. കാലാവസ്ഥ മാറ്റങ്ങൾ ഇതിന് ഉത്തമോദാഹരണമാണ്. പാലക്കാട് ജില്ലയെ സംബന്ധിച്ച് മുൻവർഷങ്ങളെ അപേക്ഷിച്ച് മഴയുടെ ലഭ്യത കുറഞ്ഞുവരുകയും, വെയിലിൻറെ ചൂട് ക്രമാതീതമായ തോതിൽ കുഴൽ കിണറുകൾ കുഴിച്ച് വെള്ളം പമ്പ് ചെയ്യുന്നത് ഭൂമിക്കിടയിലുള്ള വെള്ളത്തിൻറെ അളവ് താഴ്ന്നു പോകാൻ ഒരു കാരണമായിട്ടുണ്ട്. കുടിവെള്ളത്തിനായി നഗരങ്ങളിലും നാട്ടിൻപുറങ്ങളിലും ടാങ്കർ ലോറിയിൽ വരുന്ന വെള്ളത്തെ ആശ്രയിക്കുന്ന ഒരു സ്ഥിതി വിശേഷമാണ് ഇപ്പോൾ ഉള്ളത്. ആയതിനാൽ പരിസ്ഥിതി സൌഹാർദ്ദപരമായ പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും നടപ്പിലാക്കുകയാണെങ്കിൽ ദോഷഫലങ്ങൾ ലഘൂകരിക്കാം എന്ന് അറിയിക്കുന്നു.

4.4.31.7 ''കാടില്ലെങ്കിൽ നാടില്ല'' എന്ന വാക്യത്തെ അന്വർത്ഥമാക്കികൊണ്ട് എല്ലാ ജീവജാലങ്ങളുടെയും നിലനിൽപ്പിന് വനം അത്യന്താപേക്ഷിതമാണ് . നല്ല ജലം, നല്ല വായു, നല്ല മണ്ണ് എല്ലാ മനുഷ്യരുടേയും, മറ്റ് ജീവജാലങ്ങളുടേയും ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ്. അതുകൊണ്ട് തന്നെ വനസംരക്ഷണവും അതുവഴിയുള്ള പ്രകൃതി സംരക്ഷണവും മറ്റ് എന്തിനെക്കാളുമേറെ പ്രാധാന്യം അർഹിക്കുന്നു. വരുംകാലങ്ങളിലെ പ്രകൃതിയിന്മേലുള്ള എല്ലാ ഇടപെടലുകൾക്കും ആവശ്യമായ കരുതലുകളും പരിപാലനവും ഉറപ്പാക്കേണ്ടതുണ്ട്.

4.5 .വ്യവസായം, വാണിജ്യം, സ്വയംതൊഴിൽ സംരംഭങ്ങൾ

4.5.1 ആമുഖം

4.5.1.1 ചെറുകിട വ്യവസായ മേഖലയിൽ വ്യാവസായികമായി മുന്നിൽ നിൽക്കുന്ന ഒരു ജില്ലയാണ് പാലക്കാട്. കൃഷി കഴിഞ്ഞാൽ ജില്ലയിൽ ഏറ്റവും അധികം പേർക്ക് തൊഴിൽ നല്കുന്ന മേഖല സൂക്ഷ്മ - ചെറുകിട - ഇടത്തരം മേഖലയാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കയർ അനുബന്ധ സംരംഭങ്ങൾ, കൈത്തറി, മൺപാത്രം, ക്ഷേത്രകലാരൂപങ്ങൾ, മരപ്പണികൾ, തയ്യൽ എന്നിവയും പ്രവർത്തിച്ചുവരുന്നു. വ്യവസായ മേഖലയിൽ 23,362 തൊഴിൽ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏതാണ്ട് 1236.71 കോടി രൂപയുടെ നിക്ഷേപവും 85128 പേർക്ക് നേരിട്ട് തൊഴിൽ നല്കുകയും ചെയ്യുന്നു.

4.5.1.2 വ്യവസായ വികസന ഓഫീസർമാരുടെ സേവനം താഴെതലത്തിൽ ഇവിടെ നിന്നും ലഭിക്കുന്നു. വ്യവസായം ആരംഭിയ്ക്കുന്നതിനും നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉള്ള കൈത്താങ്ങ് സഹായം ഈ ഓഫീസുകളിൽ നിന്നും ലഭിക്കുന്നു.

4.5.1.3 ജില്ലയിൽ ഏറ്റവും അധികം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഒറ്റപ്പാലം താലൂക്കിലാണ്. ഏറ്റവും കുറവ് മണ്ണാർക്കാടും. അടിസ്ഥാന സൌകര്യങ്ങളുടെ അഭാവമാണ് ഇവിടെ വ്യവസായ സ്ഥാപനങ്ങൾ കുറയാൻ കാരണം.

4.5.1.4 ജില്ലയിൽ സൂക്ഷ്മ സംരംഭങ്ങളായി 21,607 എണ്ണം നിലവിലുണ്ട്. ഇവയിൽ 17,289 നിർമ്മാണ സ്ഥാപനങ്ങളും 4,318 സേവന സ്ഥാപനങ്ങളുമാണ്. ചെറുകിട സ്ഥാപനങ്ങളായി 1,705 എണ്ണം ജില്ലയിലുണ്ട് ഇവയിൽ 1,202 നിർമ്മാണ സ്ഥാപനങ്ങളും 503 എണ്ണം സേവന സ്ഥാപനങ്ങളുമാണ്. ഇടത്തരം സംരംഭങ്ങളായി 50 എണ്ണം ഉള്ളതിൽ 40 എണ്ണം നിർമ്മാണ സ്ഥാപനങ്ങളും 10 എണ്ണം സേവന സ്ഥാപനങ്ങളുമാണ്.

4.5.1.5 ജില്ലയിൽ ഏറ്റവും അധികം സംരംഭങ്ങൾ ഗാർമെന്റ് ജോലിയാണ്. വളരെ കുറഞ്ഞ മുതൽ മുടക്കിൽ തുടങ്ങാവുന്നതും, ഏറെ പേർക്ക് തൊഴിൽ നല്കാൻ കഴിയുന്നതുമായ മേഖലയാണ് ഇത്. ഇത് ഏറേയും സ്ത്രീ സംരംഭകർ നടത്തുന്നതുമാണ്. രണ്ടാം സ്ഥാനത്ത് ഭക്ഷ്യ സംസ്കരണ സംരംഭങ്ങളാണ്. ഏറ്റവും ലാഭകരമായി ജില്ലയിൽ നടത്തുവാൻ കഴിയുന്ന സംരംഭമേഖല ഭക്ഷ്യ സംസ്കരണമാണ്. മരാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. എഞ്ചിനീയറിംഗ് യൂണിറ്റുകൾക്കും ജില്ലയിൽ വലിയ സാധ്യതകളാണ്. ജില്ലയിലെ കാർഷിക ഉല്പന്നങ്ങൾ അധിഷ്ഠിതമായ ഒട്ടനവധി സംരംഭങ്ങൾ ആരംഭിക്കുവാൻ സാധ്യതകൾ ഉണ്ട്.

4.5.2 അവസ്ഥാ വിശകലനം

മൂന്ന് വർഷമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന വസ്തുത ജില്ലയിൽ വ്യവസായ മേഖലകൾ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തമായ ഒരു നയസമീപനമോ, പ്രവർത്തന പരിപാടിയോ ഉണ്ടായിട്ടില്ല എന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറെയും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തികൾക്ക് സഹായം നൽകുന്നതിലാണ് ഊന്നൽ നല്കിയിട്ടുള്ളത്. ഇങ്ങനെ സഹായം നല്കിയിട്ടുള്ള ചെറുകിട യൂണിറ്റുകളിൽ ഉത്പാദന യൂണിറ്റുകൾ, വിപണന യൂണിറ്റുകൾ, സംസ്കരണ യൂണിറ്റുകൾ, സേവന യൂണിറ്റുകൾ, പരമ്പരാഗത യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമേ വ്യവസായ വികസനത്തിനായി തൊഴിലുപകരണങ്ങളുടെ വിതരണം, പരിശീലനപരിപാടികൾ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ സ്ഥാപനത്തിലും അല്ലാതെയും കൂട്ടുസംരംഭങ്ങൾ

ആരംഭിക്കുന്നതിനും സഹായം നല്കിയിട്ടുണ്ട്. ഇങ്ങനെ വ്യക്തികൾക്കും കൂട്ടുസംരംഭങ്ങൾക്കും വനിത, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ പ്രത്യേകം വകയിരിത്തിയിട്ടും സഹായങ്ങൾ നല്കിയിട്ടുണ്ട്.

4.5.3 സൂക്ഷ്മ /ചെറുകിട / ഇടത്തരം സംരംഭങ്ങൾ

2016-17 വരെയുള്ള കണക്ക് പരിശോധിച്ചാൽ ഈ ജില്ലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ എണ്ണം 23,362 ആണ്.

പട്ടിക 4.6.1

ക്രമ നം	കാറ്റഗറി	2013-14 വരെ	2014-15	2015-16	2016-17
1.	എം.എസ്.എം.ഇ	17,488	19,598	21,098	23,362
2.	നിക്ഷേപം (കോടി)	813.59	938.94	1057.40	1236.71
3.	തൊഴിൽ (എണ്ണം)	65,284	71,941	78,044	85,128

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

2014-15 ൽ 1,861 സ്ഥാപനങ്ങൾ തുടങ്ങിയിട്ടുണ്ട്. 6693 പേർക്ക് തൊഴിൽ നൽകിയതിൽ 30,130 സ്ത്രീ തൊഴിലാളികളാണ്. എന്നാൽ 2015-16 ൽ 1,937 സ്ഥാപനങ്ങൾ ആരംഭിച്ചു. എങ്കിലും തൊഴിൽ നൽകിയത് 6,193 പേർക്ക് മാത്രമാണ്. കൂടുതൽ മെഷിനറി നിക്ഷേപം വരുന്നതിനാലും, തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കാനില്ലാത്തതിനാലും തൊഴിൽ അവസരങ്ങൾ കുറയുന്നു എന്ന് കാണാം.

പട്ടിക 4.6.2

5 വർഷത്തെ നിക്ഷേപവും തൊഴിലും

ക്രമ നം	കാറ്റഗറി	2011-12	2012-13	2013-14	2014-15	2015-16
1.	എം.എസ്.എം.ഇ	1013	1600	1831	1861	1937
2.	നിക്ഷേപം (കോടി)	123.96	125.09	155.54	125.35	118.46
3.	തൊഴിൽ (എണ്ണം)	5030	6392	6718	6693	6193

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

പുതിയ എം.എസ്.എം.ഇ കൾ ആരംഭിക്കുന്നതിൽ ക്രമാനുസൃതമായ വളർച്ച ജില്ലയിൽ ഉണ്ടായിട്ടുണ്ട്. എന്നാൽ 2011-12 ഉം 2012-13 ഉം വർഷങ്ങളിൽ ഉണ്ടായ വളർച്ചാ നിരക്ക് തുടർന്നുള്ള വർഷങ്ങളിൽ നിലനിർത്താൻ കഴിഞ്ഞിട്ടില്ല.

പട്ടിക 4.6.3

എം.എസ്.എം.ഇ യിൽ ജോലിചെയ്യുന്ന സ്ത്രീ – പുരുഷ തൊഴിലാളികൾ

ക്രമ നം	ലിംഗം	2011-12	2012-13	2013-14	2014-15	2015-16
1.	സ്ത്രീകൾ	1,166	2,370	1,899	2,931	2,068
2.	പുരുഷൻമാർ	3,864	4,022	4,819	4,262	4,125
	ആകെ	5,030	6,392	6,718	7,193	6,193

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

സൂക്ഷ്മ – ചെറുകിട – ഇടത്തരം വ്യവസായ മേഖലയിൽ ശരാശരി 30% സ്ത്രീ തൊഴിലാളികളുടെ പ്രാതിനിധ്യമുണ്ട്.

പട്ടിക 4.6.4

ക്രമ നം	താലൂക്ക്	പ്രവർത്തിക്കുന്ന എം.എസ്.എം.ഇ (എണ്ണം)	ശതമാനം
1.	ഒറ്റപ്പാലം	6947	29.73
2.	പാലക്കാട്	6190	26.50
3.	ചിറ്റൂർ	4756	20.35
4.	ആലത്തൂർ	3491	14.94
5.	മണ്ണാർക്കാട്	1978	8.47
	ആകെ	23362	100

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

ജില്ലയിൽ ഏറ്റവും അധികം ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഒറ്റപ്പാലം താലൂക്കിലും ഏറ്റവും കുറവ് മണ്ണാർക്കാട് താലൂക്കിലുമാണ്. അടിസ്ഥാന സൌകര്യങ്ങളുടെ അഭാവമാണ് ഇവിടെ വ്യവസായ സ്ഥാപനങ്ങൾ കുറയാൻ കാരണം.

പട്ടിക 4.6.5

പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സെക്ടർ അടിസ്ഥാനത്തിൽ

ക്രമ നം	ഘടന	നിർമ്മാണ സ്ഥാപനങ്ങൾ	സേവന സ്ഥാപനങ്ങൾ	ആകെ
1.	സൂക്ഷ്മ സംരംഭങ്ങൾ	17289	4318	21607
2.	ചെറുകിട സംരംഭങ്ങൾ	1202	503	1705
3.	ഇടത്തരം സംരംഭങ്ങൾ	40	10	50
	ആകെ	**18531**	**4831**	**23362**

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

ആകെ വരുന്ന സംരംഭങ്ങളിൽ 16% മാത്രമേ സേവന വിഭാഗത്തിൽ വരുന്നുള്ളു എന്നത് ശുഭസൂചനമാണ്. കൂടുതൽ നിർമ്മാണ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് വ്യവസായ മേഖലയെ പുഷ്ടിപ്പെടുത്തും.

ചിത്രം 4.6.1



4.5.4 സംരംഭ മേഖലകൾ

ജില്ലയിലെ സംരംഭ നിക്ഷേപ മേഖലകൾ ഇനം തിരിച്ച് വാർഷിക അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക 4.6.6

ക്രമ നം	സംരംഭ മേഖല	2013-14 വരെ	2014-15	2015-16	2016-17
1	കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണം	2,229	2,459	2,520	2,674
2	പേപ്പർ ഉല്പന്നങ്ങൾ	247	294	320	377
3	റബ്ബർ & പ്ലാസ്റ്റിക്	138	348	475	631
4	മരാധിഷ്ഠിതം	515	690	745	865
5	ഗാർമെൻറ്	2,792	2,857	2,902	3,112
6	കോട്ടൺ	202	255	301	346
7	ലെതർ	60	70	82	89
8	കെമിക്കൽ	173	201	222	251
9	മിനറൽ	125	195	210	233
10	മെററൽ	310	520	630	812
11	എഞ്ചിനീയറിംഗ്	1,948	2,038	2,150	2,391
12	ഇലക്ട്രോണിക് & ഇലക്ട്രിക്കൽ	75	105	115	127
13	ജെം ഡിസൈനിംഗ്	98	130	148	157
14	ഫാഷൻ ഡിസൈനിംഗ്	140	170	201	232
15	ആർട്ടിസാൻസ്	250	310	348	384
16	കൈത്തറി	42	-	-	42
17	ഖാദി	102	-	-	102
18	കയർ	42	-	-	42
19	സോഡ / പാനീയങ്ങൾ	190	200	210	240
20	റിപ്പയറിങ്ങ് & സർവ്വീസിങ്ങ്	2,887	3,537	4,187	4,787
21	മറ്റുള്ളവ	4,823	5,115	5,232	5,465
	ആകെ	**17,388**	**19,494**	**20,998**	**23,359**

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

4.5.5 വൻകിട – ഇടത്തര വ്യവസായ സ്ഥാപനങ്ങൾ

55 വൻകിട – ഇടത്തര വ്യവസായ സ്ഥാപനങ്ങളാണ് ജില്ലയിൽ പ്രവർത്തിച്ചുവരുന്നത്.

4.5.6 വ്യവസായഭൂമി

ജില്ലാ വ്യവസായകേന്ദ്രം കെ.എസ്.ഐ.ഡി.സി, കിൻഫ്രാ, സിഡ്കോ, മിനി ഇൻസ്ട്രീയൽ എസ്റ്റേറ്റ്, കോ-ഓപ്പറേറ്റീവ് സൊസൈറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നീ ഏജൻസികളുടെ കീഴിൽ വികസിപ്പിച്ചെടുത്ത വ്യവസായ ഭൂമി /ഷെഡ് എന്നിവ നിലവിൽ ഉണ്ട്.

പട്ടിക 4.6.7

ജില്ലാ വ്യവസായ കേന്ദ്രം (ഡി.ഐ.സി) എസ്റ്റേറ്റുകൾ

വ്യവസായ കേന്ദ്രങ്ങളുടെ പേര്	ആവശ്യം വേണ്ട വിസ്തൃതി (ഏക്കർ)	ഏരിയ ഫോർ കോമൺ അമിനിറ്റീസ് (ഏക്കർ)	അനുവദിക്കാവുന്ന ഏരിയ	അനുവദിച്ച ഏരിയ	ആകെ യൂണിറ്റുകൾ
എൻ.ഐ.ഡി.എ കഞ്ചിക്കോട്	532.80	19.36	513.44	513.44	236
ഐ.ഡി.എ പുതുശ്ശേരി	134.15	4.16	129.99	129.99	64
ഡി.പി കപ്പൂർ	18.26	1.97	16.29	15.46	25
ഡി.പി ഷൊർണ്ണൂർ	17.72	0.60	17.12	7.50	2
ആകെ	**702.93**	**26.09**	**676.84**	**666.39**	**327**

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

4.5.7 കെ.എസ്.ഐ.ഡി.സി

പാലക്കാട് പുതുശ്ശേരിയ്ക്ക് അടുത്ത് കനാൽ പിരിവ് എന്ന സ്ഥലത്ത് കെ.എസ്.ഐ.ഡി.സി നിക്ഷേപ മേഖല എന്ന പേരിൽ വ്യവസായ മേഖലയ്ക്ക് രൂപം കൊടുത്തിരുന്നു. 34 ഏക്കർ സ്ഥലമാണ് വികസിപ്പിച്ചിരിക്കുന്നത്. വ്യവസായ ശാലയും ഈ സ്ഥലത്ത് നിർമ്മിച്ചു നൽകുന്നു. സ്ഥലം വ്യവസായികൾക്ക് അനുവദിച്ചു കൊടുക്കുന്ന പ്രക്രിയ നടന്നുവരികയാണ്. 5000 തൊഴിൽ അവസരങ്ങൾ ഇത് വഴി നൽകുമെന്നാണ് .

4.5.8 കിൻഫ്ര

200 ഏക്കർ സ്ഥലം കിൻഫ്ര കഞ്ചിക്കോട് 'കിൻഫ്ര വൈസ് പാർക്ക് 'വ്യവസായ ആവശ്യത്തിന് ലഭ്യമാക്കിയിരിക്കുന്നു. 17 സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു.

പട്ടിക 4.6.8

ക്രമ നം	വ്യവസായ സ്ഥാപനങ്ങളുട പേര്	തൊഴിലാളികൾ	മൂലധന നിക്ഷേപം (ലക്ഷത്തിൽ)
1.	പെപ്സികോ ഇന്ത്യ ഹോൾഡിംഗ്സ് (പ്രൈ)ലിമിറ്റ്ഡ്	450	11000
2.	സെൻട്രൽ വെയർഹൌസിംഗ് കോർപ്പറേഷൻ	5	180
3.	വേൾഡ് വൈഡ് ഐയൺ & സ്റ്റീൽ (പ്രൈ) ലിമിറ്റഡ്	70	300
4.	സ്റ്റീൽ മാക്സ് റോളിംഗ് മിൽസ് ലിമിറ്റഡ്	80	350
5.	കൈരളി സിമൻറ് കമ്പനി	12	65
6.	മണ്ണാർക്കാട് സ്റ്റീൽ (പ്രൈ) ലിമിറ്റഡ്	46	180

7.	കുറ്റിപ്പുള്ളൻ ഐയൺ & സ്റ്റീൽ കമ്പനി (പ്രൈ)ലിമിറ്റ്ഡ്	47	410
8.	എം .പി. എസ് സ്റ്റീൽ കാസ്റ്റിംഗ് (പ്രൈ)ലിമിറ്റ്ഡ്	155	7295
9.	പ്രിൻസ് ടി.എം.ടി സ്റ്റീൽ (പ്രൈ) ലിമിറ്റഡ്	81	391
10.	സൺപവർ സിമൻറ് കമ്പനി (പ്രൈ) ലിമിറ്റഡ്	85	2300
11.	ടെക്നോമാക്സ് ഇൻറസ്ട്രീസ്	5	80
12	സീബ്ര ലാബ് സിസ്റ്റം (പ്രൈ) ലിമിറ്റഡ്	32	250
13.	ഹൈ ഡെൻസോ സ്റ്റീൽ & എഞ്ചിനീയറിംഗ് (പ്രൈ) ലിമിറ്റഡ്	21	75
14.	പാലക്കാട് സർജിക്കൽ ഇൻറസ്ട്രീസ് പ്രൈ ലിമിറ്റഡ്	61	100
15.	സാർകോ	1	10
16.	ഐസോടെക് മെട്രോളജി സൊല്യൂഷൻസ്	4	10
17	സ്പിനോടെക് ടൂളിംഗ് സൊല്യൂഷൻസ്	8	120
ആകെ		1163	23116

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

162 ഏക്കർ കഞ്ചിക്കോട് ഏരിയായിൽ കിൻഫ്രായുടെ മറ്റൊരു ഇൻഡസ്ട്രീയൽ പാർക്കും കഞ്ചിക്കോട് പ്രവർത്തിക്കുന്നു. പ്രവർത്തനം തുടങ്ങിയതും ഉടൻ തുടങ്ങാൻ കഴിയുന്നതുമായ 63 വ്യവസായ സ്ഥാപനങ്ങളാണ് ഈ പാർക്കിലുള്ളത്. 440.64 കോടി രൂപയുടെ നിക്ഷേപവും, 2050 തൊഴിലാളികൾക്ക് തൊഴിലും ലഭ്യമാക്കുന്നതാണ്.

പട്ടിക 4.6.9

സിഡ്കോ

ക്രമ നം	ചെറുകിട വ്യവസായ എസ്റ്റേറ്റുകൾ	വ്യവസായ സ്ഥാപനങ്ങളുടെ പേര്
1.	ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, ഒലവക്കോട്	1. M/s. കെൽ 2. M/s. സയോക്ക് ബാറ്ററീസ് 3. M/s. അലൻ അസോസിയേറ്റീസ് 4. M/s. മരുത് ഇൻഡസ്ട്രീസ് 5. M/s. എം.എസ്.എഫ്.ഇ.എൽ എൻറർ പ്രൈസസ്
2.	ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, കാരക്കാട്	1. M/s. ലക്ഷമി എഞ്ചിനീയറിംഗ് 2. M/s. വെറൈറ്റി ഫാർമ്മസൂട്ടിക്കൽസ് 3. M/s. വെറൈറ്റി ഫോർമുലേഷൻ 4. M/s. മായിൽ ഫിറ്റിംഗ്സ് 5. M/s. തുളസി ഫൌണ്ടറീസ് & ഫോർഗിംസ്

3.	മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, ഒറ്റപ്പാലം	1. M/s. നിള കാറ്ററിംഗ് സർവ്വീസ് 2. M/s. നിള ബേക്കസ്
4.	മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, വാണിയംകുളം	1. M/s. അമ്മ ഫോറിൻസ് 2. M/s. അമൃത ഫോറിൻസ് 3. M/s. മേലേത്തിൽ ഇൻഡസ്ട്രീസ്
5.	മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ്, പട്ടാമ്പി (തിരുമംഗലം ദേശം)	1. M/s. സൂര്യ ക്ലാസ്സ് ക്രിയേഷൻ 2. M/s. സൂര്യ ക്രിയേഷൻ 3. M/s. നിള ഫുഡ്സ്
6.	ഇൻഡസ്ട്രീയൽ പാർക്ക്	1. M/s.നിള കൺഫെഷനറീസ് 2. M/s. വെൽനോൺ ഇൻഡസ്ട്രീസ് 3. M/s. തോയ് ഇൻഡസ്ട്രീസ്

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

പാലക്കാട് ജില്ല മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. 6 എസ്റ്റേറ്റുകളിലായി 42 വ്യവസായ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിച്ചു വരുന്നു. എസ്.സി/എസ്.ടി സംരംഭകർക്ക് പ്രത്യേക ഷെഡുകളും നീക്കിവച്ചിരിക്കുന്നു.

പട്ടിക 4.6.10

ക്രമ നം	മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകൾ	ആകെ ഭൂമി (ഏക്കർ)	ഷെഡ്ഡുകളുടെ വിശദവിവരം		ആകെ യൂണിറ്റുകൾ	നിലവിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ
			900 ച.സെ	600 ച.സെ		
1.	കഞ്ചിക്കോട്	1	4	6	10	10
2.	കൊടുവായൂർ	1	4	6	6	6
3.	വടക്കഞ്ചേരി	1	4	6	9	8
4.	തരൂർ	1	4	6	6	4
5.	മുതലമട	1.28	4	6	7	6
6.	പാട്ടൂർ	1	4	6	4	4
ആകെ		**6.28**	**24**	**36**	**42**	**38**

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

4.5.9 പരമ്പരാഗത വ്യവസായങ്ങൾ

കയർ, കൈത്തറി എന്നിവയാണ് മുഖ്യപരമ്പരാഗത വ്യവസായങ്ങൾ ഇവ വലിയ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നു.

1) **കയർമേഖല**

പട്ടിക 4.6.10

ക്രമ നം	താലൂക്ക്	പ്രവർത്തിക്കുന്നത്	പ്രവർത്തന രഹിതം	നിഷ്ക്രിയം	ആകെ	നിക്ഷേപം
1.	ആലത്തൂർ	3	-	-	3	260200
2.	ചിറ്റൂർ	6	7	2	15	12715290
3.	മണ്ണാർക്കാട്	5	1	-	6	4947800
4.	പാലക്കാട്	11	4	1	16	16683821
	ആകെ	**25**	**12**	**3**	**40**	**34607111**
കയർ ക്ലസ്റ്റർ						
1	ചിറ്റൂർ	-	5	-		3955036
2	പാലക്കാട്	-	1	-		1371466

അവലംബം : ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

ചെറുതും വലുതും കയർ സഹ. സംഘങ്ങൾ ഉൾപ്പെടെ 25 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു.

2) **കൈത്തറി**

40 ൽ പരം കൈത്തറി സംഘങ്ങൾ ജില്ലയിൽ രജിസ്റ്റർ ചെയ്തിരുന്നു. എങ്കിലും ഇപ്പോൾ 14 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്.

പട്ടിക 4.6.11

ക്രമ നം	സൊസൈറ്റികളുടെ പേര്	തരം	സർക്കിൾ
1	എലപ്പുള്ളി നൂൽനൂൽപ്പ് സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	പാലക്കാട്
2	മാർലാഡ് നൂൽനൂൽപ്പ് സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	ഫാക്ടറി	പാലക്കാട്
3	കൊട്ടുമ്പ് കൈത്തറി സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	പാലക്കാട്
4	പല്ലംചാത്തനൂർ നൂൽനൂൽപ്പ് സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	പാലക്കാട്
5	പഴമ്പാലക്കോട് നൂൽനൂൽപ്പ് സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	ഒറ്റപ്പാലം
6	കരുമാനാംകുറിശ്ശി കൈത്തറി സഹകരണ	കുടിൽവ്യവസായം	ഒറ്റപ്പാലം

	ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്		
7	പാലപ്പുറം നൂൽനൂൽപ്പ് സഹകരണ ഉത്പാദക & വിപണന സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	ഒറ്റപ്പാലം
8	ചിറ്റൂർ നൂൽനൂൽപ്പ് വ്യവസായ സഹകരണ സൊസൈറ്റി ലിമിറ്റഡ് മാഞ്ചിറ	ഫാക്ടറി	ചിറ്റൂർ
9	ദേവാംഗപുരം കൈത്തറി വ്യവസായ സഹകരണ സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	ചിറ്റൂർ
10	കൊല്ലങ്കോട് (എസ്.സി) കൈത്തറി വ്യവസായ സഹകരണ സൊസൈറ്റി ലിമിറ്റഡ്	ഫാക്ടറി	ചിറ്റൂർ
11	വടക്കത്തറ & കടംപിടി കൈത്തറി വ്യവസായ സഹകരണ സൊസൈറ്റി ലിമിറ്റഡ്	കുടിൽവ്യവസായം	ചിറ്റൂർ
12	കിഴക്കേത്തറ കൈത്തറി നെയ്ത്ത് ഐ.സി.എസ് ലിമിറ്റഡ്, കൊല്ലങ്കോട്	കുടിൽവ്യവസായം	ചിറ്റൂർ
13	നീളിക്കാട് കൈത്തറി നെയ്ത്ത് ഐ.സി.എസ് ലിമിറ്റഡ്, തത്തമംഗലം	കുടിൽവ്യവസായം	ചിറ്റൂർ
14	കൊല്ലങ്കോട് കൈത്തറി നെയ്ത്ത് ഐ.സി.എസ് ലിമിറ്റഡ്,	കുടിൽവ്യവസായം	ചിറ്റൂർ

4.5.10 മറ്റ് പരമ്പരാഗത വ്യവസായങ്ങൾ

4.5.10.1 ഓരോ ഗ്രാമത്തിന്റെയും ആവശ്യങ്ങൾ നിർവ്വഹിക്കാൻ ഉതകുന്ന കുടിൽ വ്യവസായങ്ങൾ ആയിരുന്നു ഇവിടെ ഉണ്ടായിരുന്നത്. മൺപാത്ര നിർമ്മാണം, കൈത്തറി, എണ്ണയാട്ടൽ, പണിയായുധ നിർമ്മാണം എന്നിവയായിരുന്നു ഇതിൽ പ്രധാനം. മറ്റ് സ്ഥലങ്ങളിൽ ഉത്പാദിപ്പിച്ചിരുന്നത് ആഴ്ചചന്തകളിലൂടെയും മറ്റും ഇവിടെ വിപണനം നടത്തുകയും ചെയ്തിരുന്നു. ബ്രിട്ടീഷുകാരുടെ വരവവോടെയും വമ്പിച്ച മാറ്റങ്ങൾ ഒന്നും ഉണ്ടായില്ല. എന്നാൽ കുടിൽ വ്യവസായങ്ങൾ ക്ഷയിച്ചു തുടങ്ങി. കൈത്തറി വസ്ത്രങ്ങൾക്ക് പകരം വിദേശവസ്ത്രങ്ങൾ വിപണിയിൽ സ്ഥാനം പിടിച്ചു. കൂടാതെ ബാസൽമിഷൻ ഓട് ഫാക്ടറികളും മറ്റും സ്ഥാപിച്ചത് എടുത്തുപറയാവുന്നതാണ്. ഒലവക്കോട്ടെ ഓട് ഫാക്ടറി 1887 ൽ ആണ് സ്ഥാപിക്കപ്പെട്ടത്.

4.5.10.2 കുടിൽ വ്യവസായങ്ങളെ പൊതുവിലും ഖാദി വ്യവസായത്തെ പ്രത്യേകിച്ചും വളർത്തിയെടുക്കുക എന്നത് ഗാന്ധിജിയുടെ കർമപരിപാടിയിലെ പ്രധാന ഇനമായിരുന്നു. പാലക്കാട് ജില്ലയിൽ പല ഭാഗത്തും ഇത്തരം പ്രവർത്തനം നടന്നു. വനിതകളുടെ നേതൃത്വത്തിലും ഇത്തരം പ്രവർത്തനങ്ങൽ ആരംഭിച്ചിരുന്നു. വിദേശ വസ്ത്ര ബഹിഷ്കരണ പരിപാടി ഇതിന് ആക്കം കൂട്ടി.

4.5.10.3 സ്വാതന്ത്ര്യലബ്ധിക്കുശേഷം ഖാദി കമ്മീഷനുകൾ നിലവിൽ വന്നതോടെ ഖാദി നൂൽ നൂൽപ്പ്, നെയ്ത്ത്, തീപ്പെട്ടി നിർമ്മാണം, ധാന്യസംസ്കരണം, ഈറ്റ-മുള വ്യവസായം, കൊല്ലപ്പണി, ആശാരിപ്പണി, പുൽപ്പായ നെയ്ത്ത് തുടങ്ങിയ പതിനൊട്ടോളം വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകാൻ തുടങ്ങി. പാലക്കാട് ജില്ലയിൽ ഖാദിബോർഡിന്റെ പ്രവർത്തനം തുടങ്ങുന്നതിന് മുമ്പുതന്നെ വള്ളുവനാട് ഡവലപ്പ്മെൻറ് സൊസൈറ്റിയും സർവ്വസേവാസംഘവും പ്രവർത്തിച്ചിരുന്നു.

4.5.10.4 ആധുനിക വ്യവസായങ്ങൾ അടുത്ത കാലത്താണ്, പാലക്കാട് വളർന്നുവരാൻ തുടങ്ങിയത്. കാർഷിക ഉപകരണങ്ങളുടെ നിർമ്മാണത്തിൽ പാലക്കാടിന് ഏതാണ്ട് കുത്തകതന്നെ അവകാശപ്പെടാം. ഒറ്റപ്പാലത്തെ ഓട്ടുകമ്പനിയും, ഒറ്റപ്പാലത്തെയും ആലത്തൂരിലെയും ബീഡി കമ്പനികളും പാലക്കാട് ജില്ലയിലെ പഴക്കമേറിയ വ്യവസായങ്ങളാണ്. മേനോൻ പാറയിലെ പഞ്ചസാര ഫാക്ടറി, ഷൊർണ്ണൂർ ഗവൺമെൻറ് പ്രസ്സ്, പുതുപ്പരിയാരത്തെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, എടത്തറയിലെ കുമാർ ഇൻഡസ്ട്രീസ് എന്നിവ എടുത്തുപറയത്തക്ക വ്യവസായ സ്ഥാപനങ്ങളാണ്. കഞ്ചിക്കോട് സുപ്രധാന വ്യവസായ മേഖലയായി വളരുകയാണ്.

4.5.11 <u>ഖാദി ഗ്രാമ വ്യവസായങ്ങൾ</u>

4.5.11.1 പാലക്കാട് ജില്ലാ ഖാദി വ്യവസായ ഓഫീസിന് കീഴിൽ 21 നൂല്പ് കേന്ദ്രങ്ങളിലായി 320 നൂല്പുകാരും, 19 നെയ്ത്ത് കേന്ദ്രങ്ങളിലായി 230 നെയ്ത്തുകാരും, ചിതലിയിൽ പ്രവർത്തിക്കുന്ന സിൽക്ക് നെയ്ത്ത് കേന്ദ്രത്തിൽ 21 പേരും, പാലത്തുള്ളിയിലെ റെഡിമെയ്ഡ് യൂണിറ്റിൽ 15 പേരും, ചിതലിയിലെ തന്നെ യാൺ ഡൈയിംഗ് യൂണിറ്റിൽ ഒരാളും, കളപ്പെട്ടി തേൻ സംസ്കരണ യൂണിറ്റിൽ 4 പേരും, ശ്രീകൃഷ്ണപുരം മണ്ണമ്പറ്റയിൽ പ്രവർത്തിക്കുന്ന മാറ്റ് നിർമ്മാണ കേന്ദ്രത്തിൽ 7 പേരും, ഉൾപ്പെടെ നിലവിൽ 45 ഉല്പാദന കേന്ദ്രങ്ങളിലായി 598 പേർ പ്രോജക്ടിൻറെ കീഴിൽ നേരിട്ട് ജോലി ചെയ്തുവരുന്നു.

4.5.11.2 ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിൽ കാരാകുറിശ്ശിയിൽ പുതുതായി ആരംഭിച്ച നെയ്ത്ത് കേന്ദ്രത്തിൽ 18 പേർ പരിശീലനം പൂർത്തിയാക്കി വരുന്നു. താഴെ പറയുന്ന സ്ഥലത്ത് മുൻപ് ഖാദി ഉൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് അവയെല്ലാം അടഞ്ഞു കിടക്കുകയാണ്. അടഞ്ഞു കിടക്കുന്നവ പുരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1) വടകരപ്പതി ബെഡ്ഡ് യൂണിറ്റ്
2) പുതുനഗരം സ്പിന്നിംഗ് യൂണിറ്റ്

4.5.11.3 മേൽ പറഞ്ഞ യൂണിറ്റുകൾ പുനരുദ്ധീകരിക്കുന്നതിന് 10 ലക്ഷം രൂപ വീതം 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കേണ്ടതാണ്. 200 ലേറെ പേർ ജോലി ചെയ്യുന്ന നെയ്ത്ത് മേഖലയിലെ തൊഴിലാളികൾക്ക് ഉൽപ്പാദനം കൂട്ടാനും അതുവഴി പ്രതിഫലം വർദ്ധിപ്പിക്കുവാനുമായി പാലക്കാട് ജില്ലയിൽ മണ്ണൂരിൽ ഒരു റെഡിമെയ്ഡ് പാവ് യൂണിറ്റ് തുടങ്ങുന്നതിനായി ജില്ലാ പഞ്ചായത്ത് 2017-18 പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച 15 ലക്ഷം രൂപ വനിയോഗിച്ച് പാവ് യൂണിറ്റ് സ്ഥാപിക്കുവാൻ റെയ്ഡേക്കാക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. നെയ്ത്ത് കേന്ദ്രങ്ങളിലെ തറികൾ കൂടുതൽ പ്രവർത്തനക്ഷമമാക്കുന്നതിനായി റിപ്പയർ ചെയ്യുന്നതിനും ആവശ്യമായ സ്പെയർപാർട്സുകൾ വാങ്ങുന്നതിനുമായി 10 ലക്ഷം രൂപ അനുവദിക്കേണ്ടതാണ്.

4.5.11.4 ചിതലിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന യാൺ റെഡിമെയ്ഡ് യൂണിറ്റ് വിപുലീകരിക്കേണ്ടതുണ്ട്. ഇവിടെ ഇപ്പോൾ പ്രതിമാസം ശരാശരി 20,000 കഴി നൂലാണ് ഡൈ ചെയ്യുന്നത്. പരമ്പരാഗതമായ രീതിയിൽ ഒരാൾ മാത്രമാണ് ഇപ്പോൾ തൊഴിൽ ചെയ്യുന്നത്. ഡൈയിംഗ് യൂണിറ്റിൽ രാസവസ്തുക്കൾ ഉപയോഗിക്കുന്നുണ്ട്. എന്നതിനാൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് നിർദ്ദേശപ്രകാരം എഫ്ളൂൽ ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കേണ്ടതുണ്ട്. അതുപ്രകാരം യൂണിറ്റ് വിപുലികരിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും ഉൽപ്പാദനം നാലിരട്ടിയോളം വർദ്ധിപ്പിക്കുവാനും സാധിക്കുന്നതാണ്. 2018-19 പദ്ധതിയിൽ 25 ലക്ഷം രൂപ അനുവദിക്കാവുന്നതാണ്.

4.5.11.5 മേൽപറഞ്ഞ ഖാദി സ്ഥാപനങ്ങളിലേതുൾപ്പെടെ 1200 ഓളം പേർ ജില്ലയിൽ ഖാദി ഉൽപ്പാദന മേഖലയിൽ ജോലി ചെയ്തുവരുന്നു. ഖാദി തൊഴിലാളികളിൽ 99% പേരും സ്ത്രീകൾ ആണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. മഹത്തായ ദേശീയ പാരമ്പര്യം ഉൾക്കൊള്ളുന്ന ഖാദി ഉൽപ്പാദന മേഖലയിലെ തൊഴിലാളികൾക്ക് ജോലി സമയത്ത് അലർജ്ജിയും മറ്റ് ശാരീരിക അസ്വാസ്ഥകളും

രോഗങ്ങളും ഉണ്ടാകാനിടയുണ്ട്. ഒരു പരിധിവരെ ഇത്തരം അസുഖങ്ങളിൽനിന്നും മോചനം ലഭിക്കുന്നതിനായി ജില്ലയിലെ മുഴുവൻ ഖാദി തൊഴിലാളികൾക്കും ജോലി സമയത്ത് ധരിക്കുന്നതിനായി ഏപ്രണും, മാസ്കും നൽകുന്നത് തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ആശ്വസമായിരിക്കുന്നു. 2012-13, 2013-17 കണ്ണൂർ ജില്ലാ പഞ്ചായത്ത് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിക്കേണ്ടതാണ്.

1)	ഖാദി യൂണിറ്റുകളുടെ പുനരുദ്ധാരണം	:	20,00,000
2)	വൈദ്യുതികരണം, ഫാൾസ് സീലിംഗ്, വാൾ ഫാൻ	:	25,00,000
3)	കുടിവെള്ളം	:	25,00,000
4)	ഏപ്രണും മാസ്കും	:	15,00,000
5)	തറികൾ റിപ്പയർ & സ്പെയർ പാർട്സ്	:	10,00,000

	ആകെ		**95,00,000**
			==========

4.5.12 എൻറർ പ്രണർ സപ്പോർട്ട് സ്കീം

സബ്സിഡി ആനുകൂല്യം വിതരണം ചെയ്യുന്ന സംസ്ഥാന സർക്കാരിൻറെ പദ്ധതിയാണ് എന്റർ പ്രണർ സപ്പോർട്ട് സ്കീം. ഇതിൻറെ നേട്ടങ്ങൾ ചുവടെ പറയുന്നു.

പട്ടിക 4.6.12

ക്രമ നം	വർഷം	ഭൌതികനേട്ടം	വിതരണം ചെയ്ത തുക
1	2013-14	34 സ്ഥാപനങ്ങൾ	1.91 കോടി
2	2014-15	57 സ്ഥാപനങ്ങൾ	1.97 ”
3	2015-16	67 സ്ഥാപനങ്ങൾ	3.52 ”
4	2016-17	73 സ്ഥാപനങ്ങൾ	1.79 ”
	ആകെ	**231**	**9.19** കോടി

നിർമ്മാണ സ്ഥാപനങ്ങൾക്ക് മാത്രമാണ് ഈ ആനുകൂല്യം നൽകുന്നത്. സേവന സ്ഥാപനങ്ങൾക്കും ഇത് വിതരണം നടത്തുവാൻ വ്യവസ്ഥ ഉണ്ടാക്കേണ്ടതാണ്.

4.5.13 പി.എം.ഇ.ജി.പി

4.5.13.1 സ്വയം തൊഴിൽ വായ്പ രംഗത്ത് ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി അഥവാ പി.എം.ഇ.ജി.പി. നല്ല നിലയിൽത്തന്നെ ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. 2008-2009 മുതൽ നിലവിൽ വന്ന പദ്ധതിയാണ് ഇത്. കാർഷിക പദ്ധതികൾ, ഫാം സെക്ടറുകൾ, എന്നിവയ്ക്ക് വായ്പ നൽകുവാൻ ഈ പദ്ധതിയിൽ വ്യവസ്ഥ ഇല്ല. അതിന് കൂടി സൌകര്യം നൽകിയാലേ പാലക്കാട് ജില്ലയ്ക്ക് ഇത് പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ.

4.5.13.2 ഗ്രാമപഞ്ചായത്തുകൾ ചെയ്തതിന് സമാന സ്വഭാവമുള്ള പരിപാടികൾ തന്നെയാണ് കൂടുതലായും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ചെയ്തിട്ടുള്ളത്. വ്യവസായ വികസനത്തിനുവേണ്ട അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കി കൊടുക്കുന്നതിനും, വിപണന സൌകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനുവേണ്ടിയുള്ള പ്രൊജക്ടുകൾക്ക് വളരെ കുറഞ്ഞ പരിഗണന മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളൂ. ഈ മേഖലയിൽ നിക്ഷേപിക്കാനുദ്ദേശിക്കുന്ന പണം അനേകം വ്യക്തികൾക്ക് നാമമാത്ര തുകയായി വിതരണം ചെയ്യുന്ന സമീപനത്തിനാണ് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾ ഊന്നൽ നല്കിയിട്ടുള്ളത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പ്രാദേശിക ആസൂത്രണ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി ഓരോ തട്ടിലും എന്തെന്തു കാര്യങ്ങൾ ചെയ്യണം എന്നതിനെ സംബന്ധിച്ച വിദഗ്ദമായ ഒരു മാർഗ്ഗനിർദ്ദേശം സംസ്ഥാന തലത്തിൽ നല്കാൻ കഴിയാത്തതിന്റെ കൂടി ഫലമായി മൂന്ന് തട്ട് പഞ്ചായത്തുകളും കൂടി പരിപാടികൾ നടപ്പിലാക്കിയപ്പോൾ ആവർത്തനം വന്ന ഒരു മേഖലയാണ് വ്യവസായ മേഖല. വിവിധ സർക്കാർ സ്കീമുകളിലൂടെ നടത്തികൊണ്ടിരിക്കുന്ന പരിപാടികൾക്ക് സമാന്തര പരിപാടികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ശ്രദ്ധിച്ചിട്ടുള്ളത്.

4.5.14 <u>വിടവുകൾ</u>

1) പദ്ധതി രൂപീകരണ സമയത്ത് ദീർഘവീക്ഷണം ഇല്ലായ്മ.
2) ഉത്പ്പാദന മേഖലയിൽ കൃഷി, ഡയറി മറ്റു ബന്ധപ്പെട്ട മേഖലകളിലേക്ക് അധികം ഫണ്ട് വെയ്ക്കുന്നു.
3) പദ്ധതി നടത്തിപ്പിന്റെ പുരോഗതി യഥാസമയം വിലയിരുത്തുന്നതായി കാണുന്നില്ല.
4) പദ്ധതികൾ നിർബന്ധം വെയ്ക്കേണ്ടതിനാൽ ഗൃഹപാഠം ചെയ്യാതെ പദ്ധതികൾ വെയ്ക്കുന്നു.
5) വ്യവസായ വികസന ഓഫീസർമാർക്ക് ബന്ധപ്പെട്ട എൽ.എസ്.ജി.ഡി യഥാസമയം ഗുണഭോക്താക്കളുടെ അംഗീകൃത ലിസ്റ്റ് നല്കുന്നില്ല. ആയതിനാൽ പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിയുന്നില്ല.
6) വ്യവസായ വികസന ഓഫീസർമാർ നല്ല പദ്ധതികൾ സമർപ്പിക്കുന്നില്ല.
7) ബ്ലോക്കുതലത്തിൽ വ്യക്തികൾക്ക് പദ്ധതി വെയ്ക്കുവാൻ കഴിയുന്നില്ല. ഗ്രൂപ്പുകളുടെ ലിസ്റ്റ് അംഗീകരിച്ചു തന്നാലും അവരുമായുള്ള കൂടിക്കാഴ്ചയിൽ ചില വ്യക്തികൾ പിൻമാറുന്നതിൽ അത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നില്ല.
8) സബ്സിഡിയുടെ മാനദണ്ഡമനുസരിച്ച് ഗ്രേഡിങ്ങ് നടത്തുന്നതിന് 6 മാസം വരെ കാത്തിരിക്കുകയും അതിനുശേഷം അംഗീകാരം നല്കുകയും ചെയ്യുമ്പോൾ ഒരു സാമ്പത്തിക വർഷം അവസാനിക്കുന്നതാണ്. ആയതിനാൽ അത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുവാൻ കഴിയുന്നില്ല.
9) ചെറുകിട സൂക്ഷ്മ വ്യവസായ മേഖലയിൽ, പരിശീലനം മാത്രമായി പദ്ധതി വെയ്ക്കുവാൻ കഴിയുകയില്ല. അതിനുശേഷം ബാങ്ക് ലോൺ ലഭിക്കാതെ പദ്ധതി പ്രാവർത്തികമാക്കുവാൻ കഴിയുകയില്ല.
10) വികസന സമിതിയിൽ പൊതുവായ ചർച്ച വരുന്നില്ല. സമിതി അംഗങ്ങൾ വളരെ കുറച്ചു മാത്രമേ കരട് പദ്ധതി ചർച്ചകളിൽ പങ്കെടുക്കുന്നുള്ളു.
11) വ്യവസായ ഉദ്യോഗസ്ഥർ ശക്തമായി പദ്ധതി നടത്തിപ്പിൽ ഇടപെടുന്നില്ല.
12) അംഗീകരിച്ച പദ്ധതി യഥാസമയം നടപ്പിലാക്കാതെ നീട്ടുകൊണ്ടുപോകുകയും, മാർച്ച് മാസത്തോടെ പദ്ധതി ''സമയം ഇല്ല'' എന്ന് പറഞ്ഞ് പദ്ധതി നടപ്പിലാക്കാതെ വരുന്നു.
13) വികസന കാര്യ കമ്മിറ്റിയിൽ ബാങ്ക് ലോണുമായി ബന്ധപ്പെട്ട പദ്ധതികൾ വെയ്ക്കുന്ന സമയത്ത് ഗുണഭോക്താക്കളുടെ കൂടിക്കാഴ്ചയിലും ബാങ്ക് പ്രതിനിധികൾ പങ്കെടുക്കുന്നില്ല. അതുകൊണ്ട് ലോൺ യഥാസമയം ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിയുന്നില്ല.
14) കരടു പദ്ധതികൾ വെയ്ക്കുന്ന സമയത്ത് നിർബന്ധമായും പ്രാദേശിക സാമ്പത്തിക വികസനം എന്ന മേഖലയിൽ പദ്ധതിയുടെ പൂർണ്ണമായ തോതിൽ തുക വെയ്ക്കുന്നില്ല.
15) പഞ്ചായത്ത് തലത്തിലുള്ള ഗ്രാമസഭയിൽ വരുന്ന നിർദ്ദേശങ്ങൾ വ്യവസായ വികസന ആഫീസൽ അറിയുന്നില്ല. വി.ഇ.ഒ / ഐ.ഇ.ഒ തമ്മിൽ പദ്ധതി രൂപീകരണ സമയത്ത് ആവശ്യമായ ചർച്ചകൾ നടക്കുന്നില്ല.

4.5.15 വികസന പ്രശ്നങ്ങൾ

- വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനുള്ള കാലതാമസം.
- തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുടെ അഭാവം.
- പരമ്പരാഗത വ്യവസായങ്ങളിൽ ആവശ്യമായ വൈവിധ്യവത്കരണവും, യന്ത്രവത്ക്കരണവും നടക്കുന്നില്ല.
- ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ ലോൺ ലഭിക്കുന്നതിനുള്ള കാലതാമസം.
- സംരംഭകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള മാർക്കറ്റിംഗ് സംവിധാനങ്ങളുടെ അഭാവം.
- വ്യവസായ ഉത്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുന്ന ഇതര വകുപ്പുകളുടെ ഏകോപനമില്ലായ്മ
- ജില്ലയിൽ ലഭ്യമായിട്ടുള്ള കാർഷിക വിഭവങ്ങൾ, വനവിഭവങ്ങൾ എന്നിവ സംസ്കരിക്കുന്നതിനും അവയെ മൂല്യവർദ്ധിത ഉത്പന്നങ്ങലാക്കി മാറ്റുന്നതിനുമുള്ള സൌകര്യങ്ങളുടെ അപര്യാപ്തത.
- വ്യവസായവുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി കളിൽ സമർപ്പിക്കുന്ന പ്രൊജക്ടുകളുടെ പരാജയം.
- പൂട്ടിപോകുന്ന സംരംഭകങ്ങൾ, രജിസ്റ്റർ ചെയ്യുന്ന ചെറുകിട സംരംഭങ്ങളിൽ 30 മുതൽ 40 ശതമാനം വരെ പൂട്ടിപോകുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. ഇതിന്റെ പ്രധാന കാരണങ്ങൾ.
- വിപണിയുടെ അപര്യാപ്തത
- മാനേജ്മെന്റ് രംഗത്തെ പ്രശ്നങ്ങൾ.
- തൊഴിലാളി പ്രശ്നങ്ങൾ.
- പരിസ്ഥിതി പ്രശ്നങ്ങൾ
- തന്മൂലം ലൈസൻസുകൾ പുതുക്കി ലഭിക്കാതെ വരുന്ന അവസ്ഥ

4.5.16 വികസന സാധ്യതകൾ

4.5.16.1 വ്യവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും, വ്യവസായ സംസ്കാരം വളർത്തുന്നതിനും, വൻകിട വ്യവസായങ്ങൾക്കും, ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇടത്തരം വ്യവസായങ്ങൾക്കും ആവശ്യമായ സ്ഥല ലഭ്യതയും മറ്റ് സൌകര്യങ്ങളും ലഭ്യമാക്കാൻ കഴിയുമെന്നതിനാൽ പൊതുമേഖലയിലോ, സഹകരണമേഖലയിലോ, സംയുക്ത സംരംഭമായോ വ്യവസായങ്ങൾ ആരംഭിയ്ക്കുകയാണെങ്കിൽ അത് ജില്ലയുടെ മൊത്തം വ്യവസായ വികസനത്തിന് സഹായകരമാകും. ഇതനുസരിച്ചുള്ള നയസമീപനവും മുതൽമുടക്കും സർക്കാർ ഭാഗത്തുനിന്നു ഉണ്ടാകേണ്ടതാണ്.

4.5.16.2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ മേഖലയ്ക്ക് നീക്കിവെയ്ക്കുന്ന തുക വ്യക്തിഗത ആനുകൂല്യങ്ങളായി വിതരണം ചെയ്യുന്നതിനുപകരം അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിക്കുകയാണെങ്കിൽ വ്യവസായ വികസനത്തിന് തീർച്ചയായും അത് വഴിതെളിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് ഇടപെടാൻ കഴിയുന്ന മേഖല ചെറുകിട വ്യവസായ മേഖലയാണ്. ചെറുകിട വ്യവസായ വികസനത്തിന് ആവശ്യമായ പഞ്ചായത്ത് തല സൌകര്യ വികസനം തദ്ദേശ സ്ഥാപനങ്ങൾക്ക് ചെയ്യാൻ കഴിയുന്നതും അതുവഴി വ്യവസായ വികസനം

സാധ്യമാക്കാവുന്നതുമാണ്. വ്യവസായ വികസനത്തിനായി ചുവടെ എഴുതിയ പ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

4.5.17 മിനി വ്യവസായ എസ്റ്റേറ്റുകൾ

എല്ലാ ബ്ലോക്കുകളിലും, മുൻസിപ്പാലികളിലും കുറഞ്ഞത് ഒന്നോ, അതിൽ കൂടുതലോ പ്രദേശങ്ങളിൽ ഭൂമി വാങ്ങി ഷെഡ്ഡുകൾ നിർമ്മിച്ച് മുഴുവൻ അടിസ്ഥാപന സൌകര്യങ്ങളും ഉൾപ്പെടുത്തി വ്യവസായ സംരംഭകർക്ക് വിലയ്ക്കോ തവണ വ്യവസ്ഥയിലോ നല്കാവുന്നതാണ്. സ്ഥലലഭ്യതയുടെ പ്രശ്നവും, പലതരം നടപടികളുടെ പ്രശ്നവും ഇതുവഴി പരിഹരിക്കപ്പെടുമെന്നതിനാൽ ഒട്ടേറെ ചെറുകിട വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ കഴിയും. ഇത്തരം പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്തുകളും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും സംയുക്തമായി നടത്തുന്നതിനാണ് സാധ്യത കൂടുതലുള്ളത്.

4.5.18 വികസന പ്രദേശങ്ങൾ / പ്ലോട്ടുകൾ

ഒരു പ്രത്യേക വിസ്തീർണ്ണം ഭൂമി വാങ്ങി, മുഴുവൻ അടിസ്ഥാന സൌകര്യങ്ങളും വികസിപ്പിച്ചശേഷം, പ്ലോട്ടുകൾ തിരിച്ച് ആവശ്യാനുസരണം സംരംഭകർക്ക് നല്കാവുന്നതാണ്. ഇങ്ങനെ സ്ഥാപിക്കുന്ന വ്യവസായ പ്ലോട്ടുകളിലെ പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾക്കു പുറമെ ഇടത്തരം വ്യവസായങ്ങളും ആരംഭിക്കാൻ കഴിയുന്നതാണ്. എല്ലാ ബ്ലോക്കുകളിലും / മുനിസിപ്പാലിറ്റികളിലും ഗ്രാമ പഞ്ചായത്തുകളുടെ സംയുക്ത സംരംഭമായി ഇത് ചെയ്യാവുന്നതാണ്.

4.5.19 വ്യവസായ സമൂഹങ്ങൾ

ഒരേതരം ഉൽപ്പന്നങ്ങളോ, ഒരേതരം അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാവുന്നതോ ആയ ഒരേതരം ഉത്പ്പന്നങ്ങളോ, പലതരം ഉൽപന്നങ്ങളോ ഉത്പ്പാദിക്കുന്നതോ ആയ വ്യവസായ യൂണിറ്റുകൾ ഒരേ പ്രദേശത്ത് സ്ഥാപിക്കുക. ഇത്തരം വ്യവസായ സമൂഹങ്ങളിൽ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുപുറമെ, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, സൂക്ഷിപ്പ്, ഉൽപ്പന്നങ്ങളുടെ സൂക്ഷിപ്പ്, ഗുണനിലവാരം ഉറപ്പുവരുത്താൻ പൊതു വിപണന ശൃംഖല മറ്റ് പൊതുസൌകര്യങ്ങൾ എന്നിവയുള്ള പൊതുവായ സൌകര്യങ്ങളും ഏർപ്പെടുത്താവുന്നതാണ്.

4.5.20 നിലവിലുള്ള വ്യവസായ സമൂഹങ്ങളുടെ വികസനം

ഒരേതരം ഉൽപ്പന്നങ്ങളോ ഒരേതരം അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുവുന്നതോ ആയ പല ഉൽപന്നങ്ങളും നിർമ്മിക്കുന്ന വ്യവസായങ്ങൾ ഇപ്പോൾ തന്നെ കേന്ദ്രീകരിച്ചിട്ടുള്ള പ്രദേശങ്ങൾ ഉണ്ട്. കൈത്തറി, കളിമൺ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കട്ടറി, കാർഷിക ഉപകരണങ്ങൾ തുടങ്ങിയ വ്യവസായങ്ങൾ ഇല്ലാതെ തന്നെ ഓരോ പ്രദേശങ്ങളിൽ കേന്ദ്രീകരിച്ചിട്ടുള്ളതിന് ഉദാഹരണങ്ങളാണ്. ഇവർക്ക് വേണ്ട പൊതു സൌകര്യങ്ങൾ ഏർപ്പെടുത്തിയാൽ അത്തരം വ്യവസായങ്ങളുടെ വികസനം സാധ്യമാക്കാവുന്നതാണ്. ഉദാ : ഷൊർണ്ണൂരിലെ എക്സ്റ്റൻഷൻ സെൻററിലെ പവർഹാമർ ഉപയോഗപ്പെടുത്തിയാണ് പരിസര പ്രദേശങ്ങളിലെ ഒട്ടേറെ യൂണിറ്റുകൾ വളർന്നുവന്നത്.

4.5.21 ഫംഗക്ഷണൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ഒരേതരം ഉല്പന്നങ്ങളുടെ ഉല്പാദന പ്രക്രിയയിലെ വിവിധതരം പ്രവർത്തനങ്ങൾ വ്യത്യസ്ത യൂണിറ്റുകളിലായി ഒരേ സ്ഥലത്ത് നിർവ്വഹിക്കുന്നതിനുള്ള വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നത് അത്തരം ഉല്പന്നങ്ങളുടെ ഉല്പാദന ചെലവ് കുറയ്ക്കാനും, ഗുണനിലവാരം വർദ്ധിപ്പിക്കാനും വിപണനം എളുപ്പമാക്കാനും സഹായകരമാകും.

4.5.22 പൊതുസൌകര്യങ്ങൾ ലഭ്യമാക്കുക

വ്യവസായ എസ്റ്റേറ്റുകളോടും, വ്യവസായ സമൂഹങ്ങളോടും അനുബന്ധിച്ച് ആ പ്രദേശത്ത് കേന്ദ്രീകരിച്ചിട്ടുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായകരമായ പൊതുവായ സ്റ്റോറേയ്ജ് സൌകര്യങ്ങൾ, വിപണന ശൃംഖല, സേവന സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തി ചെറുകിട /വ്യക്തിഗത യൂണിറ്റുകളെ സഹായിക്കാൻ കഴിയുന്നതാണ്.

4.5.23 വിപണന കേന്ദ്രങ്ങൾ

ഖാദി /ചെറുകിട/ ഗ്രാമവ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണന കേന്ദ്രങ്ങൾ ഓരോ ബ്ലോക്കിലേയും / മുൻസിപ്പാലിറ്റിയിലേയും പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതായാൽ വിപണന പ്രശ്നത്തിന് പരിഹാരം കാണാവുന്നതാണ്. ഇത്തരം വിപണന കേന്ദ്രങ്ങളുടെ നടത്തിപ്പിന് അതിൽ പങ്കാളികളാകുന്ന യൂണിറ്റുകളുടെ സംഘം രൂപീകരിച്ച് അവരെ ഏല്പിക്കാവുന്നതുമാണ്. ജില്ലാതലത്തിൽ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

4.5.24 അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക

ജില്ലയ്ക്ക് പുറത്തു വരുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നടത്തുന്ന ചെറുകിട വ്യവസായ യൂണിററുകൾക്ക് അത്തരം അസംസ്കൃത സാധനങ്ങൾ വേണ്ടസമയത്തും കുറഞ്ഞ വിലയിലും ലഭ്യമാക്കുന്നതിന് ജില്ലാതലത്തിൽ സംവിധാനമുണ്ടാക്കാവുന്നതാണ്.

4.5.25 വ്യവസായ സഹകരണ സംഘങ്ങൾ

ജില്ലയിൽ രജിസ്റ്റർ ചെയ്ത വ്യവസായ സഹകരണ സംഘങ്ങളിൽ പലതിന്റെയും പ്രവർത്തനം മെച്ചമല്ല. പല സഹകരണ സംഘങ്ങളും പ്രവർത്തന രഹിതമാകുകയും ചെയ്തിട്ടുണ്ട്. ഇത്തരം സഹകരണ സംഘങ്ങൾ മെച്ചപ്പെടുത്തുവാൻ സാധ്യതയുള്ളവ കണ്ടെത്തി അവയുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്. അതുപോലെ ഗ്രാമ - ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾക്ക് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ആ പ്രദേശത്ത് സാധ്യതയുള്ള വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കാൻ വേണ്ട സഹായം നൽകാവുന്നതാണ്.

4.5.26 സൊസൈറ്റികൾ / ഏജൻസികൾ

വ്യവസായ പശ്ചാത്തല സൌകര്യ വികസനത്തിനായി ദേശീയ ചെറുകിട വ്യവസായ വികസന ബാങ്ക്, കാർഷിക വികസന ബാങ്ക്, തുടങ്ങിയ സ്ഥാപനങ്ങൾക്ക് പലപ്പോഴും നേരിട്ട് വായ്പയെടുക്കാൻ കഴിയുകയില്ല. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ വ്യവസായ പശ്ചാത്തല വികസനത്തിനായി പ്രത്യേക സൊസൈറ്റികളോ ഏജൻസികളോ രൂപീകരിച്ച് ഈ മേഖലയിൽ പ്രവർത്തിക്കാവുന്നതാണ്.

4.5.27 സംരഭകത്വ പരിശീലന പരിപാടി

പശ്ചാത്തല സൌകര്യ വികസനത്തോടൊപ്പം പുതിയ സംരംഭകരെ കണ്ടെത്തുന്നതിന് ഫലപ്രദമായ സംരംകത്വ പരിപാടികൾ ജില്ലാതലത്തിൽ നടത്തുകയാണെങ്കിൽ സാങ്കേതിക പരിശീലനവും, മാനേജീരിയൽ പരിശീലനവും ലഭിച്ചിട്ടുള്ളവരും, മുതൽമുടക്ക് നടത്താൻ ശേഷിയുള്ളവരും തൊഴിൽ തേടിപോകുന്നത് തടയാനും, ജില്ലയിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നവരാക്കാനും കഴിയും.

4.5.28 ഇടപെടൽ സാധ്യതകൾ

പാലക്കാട് ഏറ്റവും വലിയ കാർഷിക ജില്ലയാണ്. നെല്ല് ആണ് പ്രധാന ഉല്പന്നം. കർഷകർക്ക് ന്യായമായ വില ലഭിക്കണമെങ്കിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ധാരാളമായി ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്.

1) **കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**

- ജില്ലയിൽ മുഴുവനും നെല്ല് അസംസ്കൃത വസ്തുവായി വ്യവസായ - സേവന - വ്യാപാര സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. നെല്ല് കേട് കൂടാതെ സൂക്ഷിക്കുവാനുള്ള ഗോഡൌൺ ഫ്രീസിംഗ് സംവിധാനങ്ങൾകൊണ്ട് വരാവുന്നതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഊന്നൽ നൽകാവുന്നതാണ്.
- മാമ്പഴം, നാളികേരം എന്നിവയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ചിറ്റൂർ മേഖലയിൽ വലിയ സാധ്യതകൾ ഉണ്ട്. പ്രാദേശികമായി ഈ മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ നടത്തുവാൻ അവസരം ഒരുക്കാവുന്നതാണ്.
- തക്കാളി മറ്റു പച്ചക്കറികൾ, ധാന്യങ്ങൾ, നേന്ത്രക്കായ, മത്സ്യം, മാംസം എന്നിവയിൽ അധിഷ്ഠിതമായ വ്യവസായ സംരംഭപദ്ധതികളുടെ വികസനത്തിന് ഊന്നൽ നൽകണം.

2. പരമ്പാരഗത വ്യവസായങ്ങൾ പരമ്പരാഗത വ്യവസായങ്ങളായ, കൈത്തറി, ഖാദി, മൺപാത്രം, മരപണികൾ, കള്ള്ചെത്ത്, ഇരുമ്പുപണി, വാദ്യോപകരണങ്ങൾ, കൊട്ട, വട്ടി മുറം, വനവിഭവങ്ങൾ, തയ്യൽ തുടങ്ങിയ മേഖലകൾക്ക് ജില്ലയിൽ വലിയ പ്രാധാന്യം ഉണ്ട്. അവയുടെ പ്രോത്സാഹനത്തിനു വേണ്ടിയുള്ള പദ്ധതികൾ ജില്ലക്ക് ആവശ്യമുണ്ട്.

- പനയോല, വാഴയില, കവുങ്ങ് പാള, ചിരട്ട തുടങ്ങിയ ജൈവ പാക്കേജിംഗ് സംവിധാനങ്ങൾ ജില്ലക്ക് നന്നായി ഉപയോഗപ്പെടുത്താവുന്നതാണ്.
- കളിമൺതൊഴിലാളികൾക്ക് അസംസ്കൃതവസ്തുവായ മണ്ണ് സംഭരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾക്ക് രൂപം നൽകാവുന്നതാണ്.
- ഖാദിമേഖലയിലെ തൊഴിൽ അവസരങ്ങൾ മെച്ചപ്പെടുത്തുന്നതിന് നവീനമായ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

3. സംരംഭ സാക്ഷരതാമിഷൻ

സംരംഭ സാക്ഷരതാമിഷൻ എന്ന പേരിൽ പുതിയ പദ്ധതി ആരംഭിക്കുന്നത് വ്യവസായ മേഖലയുടെ ഭാവിക്ക് ഉപകരിക്കുന്നതാണ്. ഇതിൽ ഉൾപ്പെടുത്തേണ്ടവ.

- വ്യവസായ അവബോധന പരിപാടികൾ.
- വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ഇൻക്യൂബേഷൻ സെന്ററുകൾ.
- എല്ലാ വിദ്യാലയങ്ങളിലും ഇ.ഡി ക്ലബ്ബുകൾ.
- സാങ്കേതിക വിജ്ഞാന വ്യാപന സംവിധാനങ്ങൾ.
- സാങ്കേതിക യോഗ്യതകൾ നേടിവരുന്ന യുവതി യുവാക്കൾക്ക് സംരംഭമേഖലയിലെ അവസരങ്ങൾ ലഭ്യമാക്കുന്നതിന് നവീന പദ്ധതികൾ.

സ്വയം തൊഴിൽ ചെയ്യുന്ന പുതു സംരംഭകർക്ക് സർക്കാർ സഹായം നൽകുന്നതിന് കുടുംബ വാർഷിക വരുമാനം മാനദണ്ഡമാക്കേണ്ടതില്ല. കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് വൻ സാധ്യതയുള്ള ജില്ലയാണ് പാലക്കാട്. എന്നാൽ വികസിതമായ ഭൂമിയും കെട്ടിടവും ആവശ്യത്തിന് ലഭ്യമല്ലായെന്നുള്ളത് വലിയ തടസ്സം സൃഷ്ടിക്കുന്നു.

- ആയതിനാൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭങ്ങൾക്ക് വികസിതമായ ഭൂമി നൽകാൻ പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്.

- പ്രദേശിക ഗവൺമെൻറുകൾക്ക് ഗോഡൌണുകളും ശീതികരിച്ച സംഭരണ കേന്ദ്രങ്ങളും തുടങ്ങാൻ കഴിഞ്ഞാൽ കർഷകർക്ക് ഉയർന്ന വില ലഭിക്കാൻ ഉപകരിക്കും.
- അടിസ്ഥാന സൌകര്യങ്ങളുള്ള വ്യവസായ ഷെഡ്ഡുകൾ നിർമ്മിച്ച് സംരംഭകർക്ക് ലഭ്യമാക്കാവുന്നതാണ്.
- ചുരുങ്ങിയ സ്ഥലത്ത് മൾട്ടിസ്റ്റോറീസ് ശാലകൾ നിർമ്മിച്ച് നൽകാവുന്നതാണ്
- വെള്ളം, വൈദ്യുതി, ഇന്ധനങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക.

4.5.29 വിപണന പ്രോത്സാഹന പദ്ധതികൾ പാലക്കാട് ജില്ലക്ക് ആവശ്യമുണ്ട്. ആയതിന് വിവിധ രീതികൾ സ്വീകരിക്കാവുന്നതാണ്.

- ജില്ലയുടെ കാർഷിക - കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിൽക്കുന്നതിന് ഒരു ഓൺലൈൻ പോർട്ടൽ ആരംഭിക്കാവുന്നതും, അത് സ്ഥിരമായി നിലനിർത്തുന്നതിന് സൌകര്യങ്ങൾ ഉണ്ടാക്കാവുന്നതാണ്.
- പ്രോഡക്ട് എക്സ്പോകൾ വർഷത്തിൽ രണ്ട് എന്ന നിരക്കിൽ സംഘടിപ്പിക്കാവുന്നതാണ്.
- സർക്കാർ ഹോസ്റ്റലുകൾ അംഗൻവാടികൾ, ഹോസ്പിറ്റലുകൾ എന്നിവിടങ്ങളിൽ ഉല്പന്ന വിതരണത്തിന് സ്ഥിരം സംവിധാനം ഉണ്ടാക്കാവുന്നതാണ്.
- കയറ്റുമതി പ്രോത്സാഹന പരിപാടികൾ ഏറ്റെടുത്ത് നടത്തുക.
- എസ്.സി, എസ്.ടി, വനിത, കുടുംബശ്രീ സംരംഭങ്ങൾ എന്നീ വിഭാഗങ്ങളുമായി സംയോജിപ്പിച്ച് പ്രത്യേക ഉത്പന്ന പ്രദർശന മേളകൾ സംഘടിപ്പിക്കുക.

4.5.29.1 വിവിധ വകുപ്പുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ പരമാവധി ഉപയോഗിച്ച് ജില്ലയുടെ വ്യവസായിക വളർച്ചയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇതിലൂടെ ജില്ലയുടെ സാമ്പത്തിക വളർച്ചയും, തൊഴിൽ സാദ്ധ്യതകളും ഉറപ്പുവരുത്തുന്നു. പരിസ്ഥിതി സൗഹൃദ സാമ്പത്തിക വളർച്ചയും ഉയർന്ന നിലയിലുള്ള വൈദഗ്ധ്യ വികസനവും മാന്യമായ തൊഴിലും ഉറപ്പുവരുത്തുക എന്നതാണ് മുഖ്യ ലക്ഷ്യം. കൃഷിയിലും വ്യവസായത്തിലുമുള്ള ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടേയും പ്രയോഗത്തേ അടിസ്ഥാനപ്പെടുത്തി മാത്രമേ ചെറുകിട വ്യവസായ മേഖലയുടെ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഈ പദ്ധതി രേഖ മേൽ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ഒരു വഴി കാട്ടിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

4.5.29.2 പാലക്കാട് ജില്ലയിലെ കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് ഉൻപ്പാദനം നടത്തുകയാണെങ്കിൽ കർഷകർക്കും സംരംഭകർക്കും ജില്ലയ്ക്കും സാമ്പത്തിക ഉന്നമനം കൈവരിക്കാവുന്നതാണ്. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം നടത്തുന്നതിനുള്ള നടപടികൾ കൈകൊള്ളാവുന്നതാണ്. ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ മാർക്കറ്റിൽ മത്സരിക്കുന്നതിന് പാക്കേജിംഗ്, ബ്രാൻറിംഗ് മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്താവുന്നതാണ്. അനന്തസാധ്യതകളുള്ള ഐ.ടി മേഖലയേ പരമാവധി പ്രയോജനപ്പെടുത്തുകയാണെങ്കിൽ യുവ സംരംഭകർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്. ഇപ്പോൾ വളർന്നുവരുന്ന സർവ്വീസ് മേഖലയെ പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ജില്ലയിലെ വിഭവ-മനുഷ്യശേഷി പൂർണ്ണമായി ഉപയോഗിച്ച് ഒരു വ്യവസായ വത്ക്കരണ നയംതന്നെ സൃഷ്ടിക്കാവുന്നതാണ്.

.....

5.1 ആരോഗ്യം , കുടിവെള്ളം, ശുചിത്വം

(ഖര-ദ്രാവക മാലിന്യ സംസ്കരണം ഉൾപ്പെടെ)

5.1.1 ആമുഖം

5.1.1.1 ഭൂവിസ്തൃതിയും അതിന്റെ വൈവിദ്ധ്യവുംകൊണ്ട് നിരവധി സവിശേഷതകൾ ഉള്ള ജില്ലയാണ് പാലക്കാട്. അട്ടപ്പാടി, നെല്ലിയാമ്പതി, പറമ്പിക്കുളം എന്നീ ഗോത്രവർഗ്ഗ മേഖലകൾ ജില്ലയുടെ ആരോഗ്യമേഖലയെ വലിയതോതിൽ സ്വാധീനിക്കുന്നുണ്ട്. കഞ്ചിക്കോട് വ്യവസായമേഖലയും ചിറ്റൂർ, കൊല്ലങ്കോട്, ആലത്തൂർ തുടങ്ങിയ കാർഷിക മേഖലകളും കാഞ്ഞിരപ്പുഴ, എടത്തനാട്ടുകര, തുടങ്ങിയ തോട്ടം മേഖലകളും എല്ലാം ജില്ലയുടെ വൈവിദ്ധ്യങ്ങളെയും ഒപ്പം വെല്ലുവിളികളെയും സൂചിപ്പിക്കുന്നതാണ്.

5.1.1.2 ഉപകേന്ദ്രങ്ങൾ മുതൽ തയ്യാറാക്കിവരുന്ന ഒരു ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഇപ്പോൾ ജില്ലക്ക് സ്വന്തമായി ഉണ്ട്. ഇങ്ങനെ താഴെ തലം മുതൽ 88 ഗ്രാമ പഞ്ചായത്തുകളിലും 7 മുനിസിപ്പാലിറ്റികളിലും 13 ബ്ലോക്ക് പഞ്ചായത്തുകളിലും തയ്യാറാക്കപ്പെട്ട തൽസ്ഥിതി റിപ്പോർട്ടുകൾ ജില്ലയിലെ ആരോഗ്യ മേഖലയിലെ ഇടപെടൽ സാധ്യതകളുടെ ദിശാ സൂചികയാണ്.

5.1.1.3 ഒരേ സമയം പകർച്ച വ്യാധികളും ജീവിത ശൈലീ രോഗങ്ങളും ആരോഗ്യ പ്രശ്നങ്ങളുടെ മുൻനിരയിലുണ്ട്. അമിത പോഷണം മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളും പോഷകാഹാര കുറവ് മൂലമുള്ള മരണങ്ങളും യാഥാർത്ഥ്യ ങ്ങളായി നിലനിൽക്കുന്നു. സംസ്ഥാനത്തേയ്ക്കുള്ള ഇതര സംസ്ഥാനത്തൊഴിലാളികളുടെ പ്രവേശന കവാടം കൂടിയാണ് പാലക്കാട് ജില്ല. ഏകദേശം 75000 അന്യ സംസ്ഥാന തൊഴിലാളികൾ ജില്ലയിലുണ്ടെന്നത് ആരോഗ്യപ്രശ്നങ്ങളെ രൂക്ഷമാക്കുന്നു. രോഗ പ്രതിരോധ പ്രവർത്തനങ്ങളോട് പ്രത്യേകിച്ചും കുത്തിവെയ്പ്പുകളോട് പുറം തിരിഞ്ഞ് നിൽക്കുന്ന വലിയൊരു വിഭാഗവും ജില്ലയിലുണ്ട്.

5.1.1.4 പാലക്കാട് ജില്ലയുടെ രോഗാതുരത ഉയർത്തുന്നതിൽ കൊതുക് ജന്യ രോഗങ്ങൾക്ക് വലിയ പങ്ക് ഉണ്ട്. മുന്നൊരുക്കങ്ങളിലും മുൻ കരുതലുകളിലും വലിയ വീഴ്ച വന്നത് കൊണ്ടാണ് ഈ സ്ഥിതി ഉണ്ടായത്. പകർച്ചവ്യാധി നിയന്ത്രണവുമായി നേരിട്ട് ബന്ധമുള്ള ശുദ്ധമായ കുടിവെള്ള വിതരണം, മാലിന്യ സംസ്കരണം എന്നിവയൊന്നും ഫലപ്രദമാണെന്ന് പറയാനാവില്ല. 28 ലക്ഷത്തിലധികം ജനസംഖ്യയുള്ള ജില്ലയിലെ നിരവധിയായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് ജനകീയവും, സംയോജിതവുമായ ഒരു പ്രവർത്തന പദ്ധതിയാണ് ആവശ്യം.

5.1.1.5 28 ലക്ഷത്തിലധികം ജനസംഖ്യയുള്ള പാലക്കാട് പൊതുജനാരോഗ്യ മേഖലയിൽ നിരവധി പ്രശ്നങ്ങളാണ് ഇന്ന് നേരിടുന്നത്. ഇവ പരിഹരിക്കാൻ ജനകീയവും സംയോജിതവുമായ ഒരു പ്രവർത്തന പദ്ധതിയാണ് നമുക്ക് ആവശ്യം. സാക്ഷരത, ജനകീയാസൂത്രണം, പരിരക്ഷ, തുടങ്ങിയ പദ്ധതികളുടെ കാര്യത്തിൽ ജനകീയ പാരമ്പര്യമുള്ള ജില്ലയാണ് നമ്മുടേത്. വരും കാലത്ത് പൊതുജനാരോഗ്യ പ്രശ്ന പരിഹാരത്തിന് ഈ ജനകീയത മുതൽകൂട്ടാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

5.1.2 അവസ്ഥ വിശകലനം

ആരോഗ്യ സ്ഥാപനങ്ങൾ (അലോപ്പതി)

പാലക്കാട് 3 മെഡിക്കൽ കോളേജ്, ഒരു ജില്ലാ ആശുപത്രി, 5 താലൂക്ക് ആശുപത്രി, ഒരു ടി.ബി സെൻറർ, സാമൂഹികാരോഗ്യ കേന്ദ്രങ്ങളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി 92 എന്നിങ്ങനെയുള്ള സ്ഥാപനങ്ങൾ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു . 504 ആരോഗ്യ ഉപകേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു. സബ്സെൻററുകളുടെ എണ്ണത്തിന് ആനുപാതികമായി ജെ.എച്ച്.ഐ തസ്തികകൾ നിലവിലില്ല. 16 പി.എച്ച്.സി കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഇവക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളും അധിക ജീവനക്കാരേയും ഇനിയും നിയമിക്കേണ്ടതായിരിക്കുന്നു. ജില്ലാ, താലൂക്ക്

ആശുപത്രികളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെൻററുകളിലും മാനദണ്ഡപ്രകാരമുള്ള പശ്ചാത്തല സൗകര്യങ്ങൾ ഇല്ലാതെയാണ് പ്രവർത്തിച്ചു വരുന്നത്.

പട്ടിക 5.1.1

ആരോഗ്യ രംഗത്തെ ഇപ്പോഴത്തെ അവസ്ഥ

ക്രമ നം	ഇനം	എണ്ണം
1.	ജില്ലാ വിസ്തീർണ്ണം	4480 ച.കി.മീ
2.	ജനസംഖ്യ (2011 സെൻസസ് പ്രകാരം)	2809934
3.	അസംബ്ലി മണ്ഡലങ്ങൾ	12
4.	പാർലമെന്റ് മണ്ഡലങ്ങൾ	7
5.	താലൂക്കുകളുടെ എണ്ണം	6
6.	റവന്യൂ ബ്ലോക്കുകളുടെ എണ്ണം	13
7.	ഹെൽത്ത് ബ്ലോക്ക്	14
8.	നഗരസഭകളുടെ എണ്ണം	7
9.	ഗ്രാമപഞ്ചായത്തുകളുടെ എണ്ണം	89
10.	വില്ലേജുകളുടെ എണ്ണം	156
11.	സർക്കാർ മെഡിക്കൽ കോളേജുകളുടെ എണ്ണം	1
12.	സ്വകാര്യ മെഡിക്കൽ കോളേജുകളുടെ എണ്ണം	2
13.	ജില്ലാ ആശുപത്രികളുടെ എണ്ണം	1
14.	ജില്ലാ ടി.ബി സെന്ററുകളുടെ എണ്ണം	1
15.	താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികളുടെ എണ്ണം	5
16.	സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ എണ്ണം	15
17	പി.എച്ച്.സി കളുടെ എണ്ണം	77
18	സ്വകാര്യ ആശുപത്രി / ക്ലിനിക്ക് – കളുടെ എണ്ണം	198
19	മറ്റുള്ളവ	15
20	നഴ്സിംഗ് സ്കൂൾ	3
21	ജില്ലാ വെക്ടർ കണട്രോൾ യൂണിറ്റ്	1
22	സബ് സെന്ററുകളുടെ എണ്ണം	504
23	സ്ത്രീ പുരുഷ അനുപാതം	1067/1000
24	ജനസാന്ദ്രത/ കി.മീ	627
25	സാക്ഷരത നിരക്ക്	89.31%
26	ടൈബൽ മൊബൈൽ യൂണിറ്റ്	6

പട്ടിക 5.1.2

പാലക്കാട് ജനസംഖ്യ വിശദാംശങ്ങൾ

ജനസംഖ്യ	ആൺ	പെൺ	ആകെ
ജനസംഖ്യ	1359478	1450456	2809934
പട്ടികജാതി	197451	206382	403833
പട്ടികവർഗ്ഗം	24314	24658	48972

പട്ടിക 5.1.3

നാഷണൽ ഹെല്ത്ത് മിഷനു കീഴിലുള്ള നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും വിശദാംശങ്ങളും

പേർ	ഒ. പി യിൽ വന്ന രോഗികളുടെ എണ്ണം		
	2015/16	2016/17	2017/18
ആലങ്കോട് നഗരാരോഗ്യ കേന്ദ്രം	4244	22428	16858
ദിറ തെരുവ് നഗരാരോഗ്യ കേന്ദ്രം	26501	32942	35438
കൊളപ്പുള്ളി നഗരാരോഗ്യ കേന്ദ്രം	18125	16853	14666
സൌത്ത് പനമണ്ണനഗരാരോഗ്യ കേന്ദ്രം	6795	8325	5011
വെണ്ണക്കര നഗരാരോഗ്യ കേന്ദ്രം	22819	28079	19616
ആകെ	**78484**	**108628**	**91589**

പട്ടിക 5.1.4

ആയുർവേദ വിഭാഗത്തിന്റെ വിശദാംശങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആശുപത്രികൾ	1
2	ഡിസ്പെൻസറി	84
3	ട്രൈബൽ ഡിസ്പെൻസറി	1
4	സിദ്ധ ഡിസ്പെൻസറി	1
5	എൻ.എച്ച്.എം ഡിസ്പെൻസറി	11
6	കിടത്തി ചികിത്സയുള്ള ആശുപത്രികൾ	6
7	ആകെ കിടക്കകളുടെ എണ്ണം	130

പട്ടിക 5.1.5

ഹോമിയോ വിഭാഗത്തിന്റെ വിശദാംശങ്ങൾ

ക്രമ നം	ഇനം	എണ്ണം
1	ആശുപത്രികൾ	1
2	ഡിസ്പെൻസറി	49
3	എൻ.എച്ച്.എം ഡിസ്പെൻസറി	29
4	എസ്.ടി.പി ക്ലിനിക്	3

5.1.3 ആരോഗ്യ സ്ഥാപനങ്ങൾ (അലോപ്പതി)

പട്ടിക 5.1.6

ഒ.പി./ഐ.പി വിവരങ്ങൾ

വർഷം	ശരാശരി ഒ.പി	ഐ.പി
2015	4296341	124218
2016	4542576	142397
2017	4763898	146395

5.1.4 ആർദ്രം മിഷൻ

പട്ടിക 5.1.7

കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ അവസ്ഥ

ജില്ലയിൽ 16 പി.എച്ച്.സി കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1	പ്രാഥമികാരോഗ്യ കേന്ദ്രം, ശ്രീകൃഷ്ണപുരം
2	പ്രാഥമികാരോഗ്യ കേന്ദ്രം, കൊല്ലങ്കോട്
3	പ്രാഥമികാരോഗ്യ കേന്ദ്രം, ഓങ്ങല്ലൂർ
4	പ്രാഥമികാരോഗ്യ കേന്ദ്രം, കുമരനല്ലൂർ
5	പ്രാഥമികാരോഗ്യ കേന്ദ്രം, വണ്ടാഴി
6	പ്രാഥമികാരോഗ്യ കേന്ദ്രം, മാത്തൂർ
7	പ്രാഥമികാരോഗ്യ കേന്ദ്രം, കല്ലടിക്കോട്
8	പ്രാഥമികാരോഗ്യ കേന്ദ്രം, കുത്തന്നൂർ
9	പ്രാഥമികാരോഗ്യ കേന്ദ്രം, അടക്കാപുത്തൂർ
10	പ്രാഥമികാരോഗ്യ കേന്ദ്രം, ഒഴലപ്പതി
11	പ്രാഥമികാരോഗ്യ കേന്ദ്രം, പുതുപ്പരിയാരം
12	പ്രാഥമികാരോഗ്യ കേന്ദ്രം, മങ്കര
13	പ്രാഥമികാരോഗ്യ കേന്ദ്രം, കിഴക്കഞ്ചേരി
14	പ്രാഥമികാരോഗ്യ കേന്ദ്രം, പുത്തൂർ
15	പ്രാഥമികാരോഗ്യ കേന്ദ്രം, നെല്ലായ
16	പ്രാഥമികാരോഗ്യ കേന്ദ്രം, കുമരംപുത്തൂർ

ഇതിന് പുറമേ പാലക്കാട് ജില്ലാ ആശുപത്രി, ചിറ്റൂർ താലൂക്ക് ആശുപത്രി, ആലത്തൂർ, മണ്ണാർക്കാട്, ഒറ്റപ്പാലം, പട്ടാമ്പി എന്നീ സ്ഥാപനങ്ങളേയും ആർദ്രം മിഷനിൽ ഉള്പ്പെടുത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി സമയം ദീർഘിപ്പിക്കുകയും, ഭൌതികസൌകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സങ്കല്പ്പമായ ആരോഗ്യസേന എല്ലായിടത്തും രൂപീകരിച്ച പ്രവർത്തനം തുടങ്ങുകയും ചെയ്തു.

പട്ടിക 5.1.8

കോട്ടത്തറ ഗവ. ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി

സൌകര്യങ്ങളും വിശദാംശങ്ങളും	എണ്ണം / അവസ്ഥ
കിടക്കകൾ	154
വിഭാഗങ്ങൾ	അസ്ഥിരോഗം
	നേത്രവിഭാഗം
	ഇ.എൻ.ടി
	ജനറൽ
	ശിശുരോഗം
	സൈക്യാട്രി
	അനസ്തേഷ്യ

	പ്രസവം
ശരാശരി ഒ.പി	750
ശരാശരി ഐ.പി	150
കാഷ്വാലിറ്റി, എക്സറേ, ഓപ്പറേഷൻ തിയ്യറ്റേർ	24 മണിക്കൂർ
വെൻറിലേറ്റർ	ലഭ്യമാണ്
ആംബുലൻസ്	ലഭ്യമാണ്
സ്കാനിംഗ്	ലഭ്യമാണ്
ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്	ലഭ്യമാണ്
ദന്തരോഗ സേവനം	ലഭ്യമാണ്
സെക്കൻററി പാലീയേറ്റീവ് സേവനം	ലഭ്യമാണ്
ഡയാലിസിസ് യൂണിറ്റ്	ലഭ്യമാണ്
തിമിര ശസ്ത്രക്രിയ സേവനം	ലഭ്യമാണ്

പട്ടിക 5.1.9

കിടത്തി ചികിത്സയുള്ള ആശുപത്രികളിൽ വന്ന രോഗികളുടെ എണ്ണം

ആശുപത്രിയുടെ പേര്	2015		2016		2017	
	ഐ.പി	ഒ.പി	ഐ.പി	ഒ.പി	ഐ.പി	ഒ.പി
ഡി.എച്ച് പാലക്കാട്	131	7000	112	8123	158	5463
ജി.എ.എച്ച്. തെങ്കര	88	5000	96	7212	56	5000
ജി.എ.എച്ച്. തത്തമംഗലം	58	4400	56	5647	48	4400
ജി.എ.എച്ച്. ഒറ്റപ്പാലം	40	5000	54	6732	56	5000
ജി.എ.എച്ച്. വടക്കഞ്ചേരി	56	3956	61	3241	50	2965
ജി.എ.എച്ച്. ചളവറ	38	4600	43	3123	32	3674
ജി.എ.എച്ച്. തരൂർ	75	4000	67	4500	59	4500

5.1.5 ജില്ലാ പദ്ധതി-രൂപരേഖ

പൊതുജനാരോഗ്യം

5.1.5.1 മറ്റ് വികസനമേഖലകളെപ്പോലെ കുതിച്ച ചാട്ടം രേഖപ്പെടുത്തിയിട്ടില്ലെങ്കിലും പൊതുജനാരോഗ്യ മേഖലയിലും വികേന്ദ്രീകരണം ഏറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആരോഗ്യ അനുബന്ധമേഖലയിലെകളുടെ അടിസ്ഥാന ആവശ്യങ്ങളായ കക്കൂസ്, കുടിവെള്ളം, വീട് എന്നിവക്കു പുറമെ വിവിധ മേഖലയിലുള്ള ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ, മറ്റു സൗകര്യങ്ങൾ എന്നീ കാര്യങ്ങളിൽ എടുത്തുപറയത്തക്ക പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. തൽഫലമായി ജനകീയാസൂത്രണ പ്രക്രിയക്ക് മുൻപ് 30 ശതമാനം ആളുകൾ പൊതുജനാരോഗ്യസംവിധാനം ഉപയോഗിച്ചിരുന്ന സ്ഥാനത്ത് അതിപ്പോൾ ഏതാണ്ട് 40 ശതമാനത്തിലെത്തിയിട്ടുണ്ട്.

5.1.5.2 ഒരു കാലത്ത് പകർച്ചവ്യാധികൾ മൂലം ഏതാണ്ട് 70 മുതൽ 80 ശതമാനം വരെ ആളുകൾ മരണപ്പെട്ടിരുന്ന നമ്മുടെ കേരളത്തിൽ ഇന്ന് പകർച്ചേതരവ്യാധികൾ മൂലമാണ് ഏറ്റവും കൂടുതൽ മരണപ്പെട്ടു കൊണ്ടിരിക്കുന്നത്. രണ്ടാം തലമുറപ്രശ്നങ്ങളായി ജീവിതശൈലീ രോഗങ്ങൾ, നഗരവൽക്കരണം, ജനസംഖ്യാവർദ്ധനവ്, സാന്ദ്രത, വർദ്ധിച്ച ആയുർദൈർഘ്യം, പുതിയ പകർച്ചവ്യാധികളുടെ കടന്നുവരവ്, എന്നിവയോടൊപ്പം പ്രായമായവരുടെ പ്രശ്നങ്ങൾ, മാനസികാരോഗ്യ പ്രശ്നങ്ങൾ, റോഡപകടങ്ങൾ, ആത്മഹത്യ, അമിതമദ്യപാനം, മറ്റു ലഹരി മരുന്നുകളുടെ ഉപയോഗം,

എന്നിവയെല്ലാം തന്നെ ആരോഗ്യരംഗത്തെ പ്രധാന പ്രശ്നങ്ങളാണ്. ശുദ്ധമായ കുടിവെള്ളത്തിൻറെ അഭാവം, അശാസ്ത്രീയമായ ഖര-ദ്രവ മാലിന്യപരിപാലനം, അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമക്കുറവ്, മരുന്നുകളുടെ അശാസ്ത്രീയവും അമിതവുമായ ഉപയോഗം, വ്യാജചികിത്സ ഇടപെടൽ, വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവ്, സൂപ്പർ സ്പെഷ്യാലിറ്റിയോടുള്ള ആഭിമുഖ്യം, വൈദ്യശാസ്ത്രരംഗത്തെ കച്ചവടവൽക്കരണം ഇവയെല്ലാം തന്നെ മേൽ പറഞ്ഞ പ്രശ്നങ്ങൾക്ക് കാരണമാണ്.

5.1.5.3 പൊതുജനാരോഗ്യരംഗത്ത് നമ്മുടെ പരമ്പാരാഗത രീതികളെയും ആയുർവേദം, സിദ്ധ, യൂനാനി എന്നിങ്ങനെയുള്ള മറ്റു ശാഖകളേയും സമന്വയിപ്പിക്കുകയും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിലും ആരോഗ്യത്തെ നിർണയിക്കുന്ന മറ്റു സാമൂഹിക ഘടങ്ങളെ പ്രതിനിധാനം ചെയ്യുന്ന വിവിധ വകുപ്പുകളുടെ സഹകരണം കൂടി ഉറപ്പാക്കുന്ന തരത്തിൽ വിവിധ തലങ്ങളിലുള്ള പ്രാദേശിക ഭരണകൂടങ്ങളുടെ ഇടപെടൽ ആരോഗ്യ മേഖലയിൽ അനിവാര്യമാണ്.

പട്ടിക 5.1.10

ജനസംഖ്യയും മരണവും സംബന്ധിച്ച വിശദാംശങ്ങൾ

ഇനം	കേരളം	പാലക്കാട്
ജനസംഖ്യ	3,33,87,677,	2809934
ജനസാന്ദ്രത	860	627
ആൺ \പെൺ അനുപാതം	1084	972 (2015/16)
ജനന നിരക്ക്		
മരണനിരക്ക്		

5.1.5.4 ഉയർന്ന ജനസാന്ദ്രതയുള്ള ജില്ല എന്ന നിലക്ക് ആരോഗ്യസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങളും കാര്യക്ഷമതയും സേവനസന്നദ്ധതയും അതിനനുസരിച്ച് മെച്ചപ്പെടുത്തേണ്ടതുണ്ട്. 202 ഓടെ 60 വയസ്സിനു മുകളിലുള്ളവരുടെ എണ്ണം 15 വയസ്സിനു താഴെയുള്ളവരുടെ എണ്ണത്തെക്കാൾ കൂടുമെന്ന് പ്രതീക്ഷിക്കുന്നു. ഈ സാഹചര്യത്തിൽ പ്രായം ചെന്നവർക്കായുള്ള സേവന വികസനപദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്.

5.1.6 മാതൃമരണം

ഇന്ത്യയിലെ മാതൃമരണ നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ കേരളം വളരെ മുന്നിലാണ്. കേരളത്തിന്റെ മാതൃമരണ നിരക്ക് 66 ആണെങ്കിൽ പാലക്കാട് ജില്ലയുടേത് 40 ആണ്. മാതൃമരണങ്ങൾ കൂടുതലും ഗർഭകാലത്തുണ്ടാകുന്ന രക്തസമ്മർദ്ദം, അപസ്മാരം മൂലമാണ്.

5.1.7 ശിശുമരണ നിരക്ക്

ജില്ലയിലെ ശിശുമരണനിരക്ക് പ്രധാനമായും ജനിതക വൈകല്യങ്ങളും ജന്മനാലുള്ള ഹൃദയ വൈകല്യങ്ങളുമാണ് മരണ കാരണങ്ങൾ. ******* % നവജാത ശിശുക്കൾക്ക് തൂക്കം കുറവാണ്. നവജാത ശിശുമരണനിരക്ക് 6.

5.1.8 സാംക്രമിക രോഗങ്ങൾ

5.1.8.1 സംസ്ഥാനത്തെ മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി കൊതുകുജന്യരോഗങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്. ഡെങ്കിപ്പനി, ഹെപ്പറ്റൈറ്റിസ്-എ, എച്ച്1എൻ1, മന്ത്, വയറിളക്ക രോഗങ്ങൾ, ചിക്കൻപോക്സ്, എന്നിവയാണ് കഴിഞ്ഞ കാലങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

5.1.8.2 മന്ത് രോഗത്തിന് കാരണമാകുന്ന മൈക്രോഫിലേറിയയുടെ രക്തത്തിലുള്ള സാന്നിദ്ധ്യം ഏറ്റവും കൂടുതലായി കാണുന്നത് പാലക്കാട് ജില്ലയിൽ മാത്രമാണ്. കേരളം മന്ത് രോഗവിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിന് ബാക്കി നിൽക്കുന്ന ജില്ലയായി പാലക്കാട് നിൽക്കുന്നു.

ക്ഷയരോഗം

5.1.8.3 കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ക്ഷയരോഗം കുറഞ്ഞുവരുന്നുണ്ട്. ക്ഷയരോഗം നിർമ്മാർജ്ജനം ചെയ്യുന്നതിന് അനുയോജ്യമായ കാലാവസ്ഥയാണ് കേരളത്തിലുള്ളത്. പാലക്കാട് ജില്ലയിൽ കൃത്യമായി ചികിത്സ പിന്തുടരാത്തതുമൂലം ചികിത്സാ പ്രതികരിക്കാത്ത രോഗികളുണ്ട്. ജീവനക്കാരുടെ കുറവ് ജില്ലാ ക്ഷയരോഗ വകുപ്പിൽ അനുഭവപ്പെടുന്നുണ്ട്

കുഷ്ഠരോഗം

5.1.8.4 പാലക്കാട് ജില്ലയിൽ 10000 ജനസംഖ്യയ്ക്ക് 0.29 ആണ്. ജില്ലയിൽ കുഷ്ഠരോഗത്തിന്റെ അംഗവൈകല്യം 25% ആണ്. 10 ഓളം കുട്ടികളിൽ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എച്ച്.ഐ.വി./എയ്ഡ്സ്

5.1.8.5 എച്ച്.ഐ.വി./എയ്ഡ്സ് ബാധിതർ, മറ്റ് ജില്ലകളെ അപേക്ഷിച്ച് കൂടുതലാണ്. 2002 എച്ച്.ഐ.വി. അണുബാധ സ്ഥിതീകരിച്ചിട്ടുണ്ട്. 90-95% ആളുകളെ എ.ആർ.റ്റി. ചികിത്സയിലേക്ക് കൊണ്ടുവരുവാൻ കഴിയുന്നുണ്ട്.

ഡെങ്കിപ്പനി

5.1.8.6 കഴിഞ്ഞ രണ്ടു മൂന്ന് വർഷങ്ങളായി ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകളെ ബാധിച്ച് മരണം സംഭവിച്ചത് ഡെങ്കിപ്പനി മൂലമാണ്. 2017 ൽ 9110 സംശയാസ്പദമായതും 2287 സ്ഥിരീകരിച്ചതുമായ ഡെങ്കിപ്പനികളും 41 മരണങ്ങളും ഉണ്ടായിട്ടുണ്ട്. പാലക്കാട് മുനിസിപ്പാലിറ്റി, മണ്ണാർക്കാട്, മേലാർക്കോട്, മൂണ്ടൂർ, പുതുശ്ശേരി, പിരായിരി തുടങ്ങിയ സ്ഥലങ്ങളിലാണ് കൂടുതൽ കേസുകളും റിപ്പോർട്ട് ചെയ്തത്. കുടിവെള്ള ദൗർലഭ്യം, കൊതുക് വളരാൻ സാഹചര്യമൊരുക്കും ഉറവിടങ്ങൾ തുടങ്ങിയവയാണ് രോഗം വ്യാപകമാകാൻ കാരണം.



	JANUARY	FEBRUARY	MARCH	APRIL	MAY	JUNE	JULY	AUGUST	SEPTEMBER	OCTOBER	NOVEMBER	DECEMBER
2017	22	22	27	109	135	44	150	121	91	44	42	
2016	10	40	9	0	3	6	19	12	4	13	8	13
2015	5	7	6	2	7	36	0	68	0	4	4	6



5.1.9 വയറിളക്ക രോഗങ്ങൾ

വയറിളക്ക രോഗങ്ങൾ വ്യാപകമായി ഈ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി റിപ്പോർട്ട് ചെയ്യുവരുന്നു. ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലും നെന്മാറ, ആലത്തൂർ പ്രദേശങ്ങളിലുമാണ് കൂടുതലും വയറിളക്ക രോഗങ്ങൾ സ്ഥിരമായി കണ്ടുവരുന്നത്. ശുദ്ധജലത്തിന്റെ അഭാവം, മാലിന്യങ്ങൾ, മാലിന്യ സംസ്കരണത്തിന്റെ പോരായ്മകൾ തുടങ്ങിയവയാണ് വയറിളക്കത്തിന്റെ കാരണങ്ങൾ.

5.1.10 ജീവിത ശൈലീ രോഗങ്ങൾ

5.1.10.1 ജീവിത ശൈലീ രോഗങ്ങൾ വളരെ അപകടകരമായ അവസ്ഥയിലാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്യുകൊണ്ടിരിക്കുന്നത്. ആരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ സർക്കാർ സംവിധാനങ്ങളിലും സ്വകാര്യ ക്ലിനിക്കുകൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ വരെ ഇത്തരം രോഗികളുടെ ബാഹുല്യമാണ് കണ്ടുവരുന്നത്.

5.1.10.2 ജീവിത ശൈലിയിലുണ്ടായ മാറ്റത്തോടൊപ്പം പാശ്ചാത്യ ഭക്ഷണ രീതികൾ, വ്യായാമക്കുറവ്, വീടുകളിലും ജോലിസ്ഥലങ്ങളിലും അനുഭവപ്പെടുന്ന മാനസിക സമ്മർദ്ദങ്ങൾ തുടങ്ങിയ ജീവിത ശൈലീ രോഗങ്ങളുടെ കാരണങ്ങൾ ജില്ലയിൽ വർദ്ധിച്ചു വരികയാണ്. താഴെ കിടയിൽ നടക്കുന്ന സ്ക്രീനിംഗ് ക്യാമ്പുകളിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതൽ അനുഭവപ്പെടുന്നത്. പുരുഷന്മാർ വളരെ കുറച്ചു മാത്രമേ സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തുന്നുള്ളൂ. വിദ്യാർത്ഥികളിൽ ശാരീരിക ക്ഷമതാ പ്രവർത്തനങ്ങൾ വളരെ കുറവായിട്ടാണ് കാണുന്നത്. പ്രാരംഭ പരിശോധനക്ക് സംവിധാനങ്ങൾ കുറവായതും, ഉള്ള സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാത്തതും കാരണം അവസാന ഘട്ടത്തിലാണ് പലരും ചികിത്സ തേടുന്നത്. ഇത് മരണ നിരക്ക് വർദ്ധിപ്പിക്കുന്നു.

5.1.10.2 ജില്ലയിലെ കണക്കുകൾ പ്രകാരം ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും 21% ആളുകൾ ഏതെങ്കിലും ജീവിതശൈലീ രോഗത്തിന് അടിമപ്പെട്ടവരാണ്. 30-60 വയസ്സിനിടക്കുള്ള മുഴുവൻ പേരുടേയും സ്ക്രീനിംഗ് പൂർത്തിയാക്കാത്തതുകൊണ്ടാണ് ഈ കണക്കുകൾ ഇനിയും ഉയരാനാണ് സാധ്യത. നമ്മുടെ പഞ്ചായത്തത്ത് പ്രദേശങ്ങളിൽ 1 വർഷം ജീവിതശൈലീ രോഗങ്ങളാൽ 45 ഓളം മരണങ്ങൾ സംഭവിക്കുന്നു. ഇതിൽ പകുതിയും കാൻസർ, മൂലമുള്ള മരണങ്ങളാണ്. കൂടാതെ ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, എന്നിവയുടെ തോതും കൂടുതലാണ്. അതേ സമയം ഇത്തരം രോഗങ്ങളുടെ ചികിത്സാ സൗകര്യങ്ങൾ ജില്ലയിൽ പരിമിതമാണ്. ഏതൊരു രോഗനിർണയ ക്യാമ്പിലും 100 പേരെ പരിശോധിക്കുമ്പോൾ ശരാശരി 6 പുതിയ രോഗികളെ ജില്ലയിൽ കണ്ടെത്തുന്നുണ്ട്. ജീവിതശൈലീ

രോഗങ്ങളും ആഹാരശീലങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ജില്ലയിൽ കൗമാരക്കാരിൽ 12 ശതമാനം പേർക്ക് വിളർച്ചയുണ്ട് എന്ന കാര്യം ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

5.1.11 മാനസികാരോഗ്യം

2013 ലാണ് പാലക്കാട് ജില്ലാ മാനസികാരോഗ്യ പരിപാടി തുടങ്ങുന്നത്. മറ്റ് അസുഖങ്ങളിൽ നിന്നും വ്യത്യസ്തമായി ഒട്ടേറെ ചികിത്സകൾക്കുശേഷമാണ് രോഗികളെ കണ്ടെത്താൻ കഴിയുന്നത്. ചികിത്സിക്കാനുള്ള വിമുഖതയും, മറ്റ് അശാസ്ത്രീയ ചികിത്സക്കാരും മന്ത്രവാദികളും ഈ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രീയമായ ചികിത്സക്കുള്ള സൗകര്യം ജില്ലയുടെ മറ്റു സ്ഥലങ്ങളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ആയുഷ് വകുപ്പുകളിലൂടെയുള്ള ചികിത്സക്കും പ്രാധാന്യം ലഭിക്കേണ്ടതുണ്ട്.

5.1.12 സാന്ത്വനപരിചരണം

ജില്ലയിൽ മെച്ചപ്പെട്ട രീതിയിൽ പാലിയേറ്റീവ് കെയർ പ്രോഗ്രാം നടുന്നുവരുന്നു എല്ലാ ഗ്രാമതല ബ്ലോക്ക്-ജില്ലാതലങ്ങളിലുമായി 96 യൂണിറ്റുകൾ നിലവിൽ ഉണ്ട്. പൊതുജന പങ്കാളിത്തത്തിൽ കുറവ് വന്നിട്ടുണ്ട്.

5.1.13 വയോജന പരിപാലനം

കേരളത്തിൽ 50 ലക്ഷത്തോളം വൃദ്ധജനങ്ങൾ ഉണ്ടന്നാണ് കണക്കാക്കപ്പെടുന്നത്. പാലക്കാട് ജില്ലയിലെ വയോജനങ്ങളുടെ കണക്കുകൾ ലഭ്യമല്ല. ജില്ലയിലെ വയോജന പരിപാലനത്തിനാവശ്യമായ പദ്ധതികൾ കാര്യമായി ഇല്ല എന്നുതന്നെ പറയാം. ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് കെയർ യൂണിറ്റ് ഇതുവരെ ആരംഭിച്ചിട്ടില്ല. 5 വാർഡുകളിൽ ജെറിയാട്രിക് കോർണർ ആരംഭിക്കാനുള്ള നടപടികൾ ഏതാണ്ട് പൂർത്തീകരിച്ചു കഴിഞ്ഞു.

പട്ടിക 5.1.11

വയോജന ആരോഗ്യ പരിരക്ഷ

നം	ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ	കാലാവധി		
				1-2	3-5	5-10
1	മുതിർന്ന പൌരൻമാരുടെ വിവര ശേഖരണവും ഡാററ ബേസ് തയ്യാറാക്കലും	വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും വിവരശേഖരണം നടത്തുക. രോഗവിവങ്ങളും ചികിത്സാവിവരങ്ങളും ശേഖരിക്കൽ	തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ	√		
2	പാലിയേറ്റീവ് പരിചരണം	പാലിയേറ്റീവ് പരിചരണം ആവശ്യമുള്ളവർക്ക് പ്രാദേശികമായ പാലീ യേറ്റീവ് കെയർ യൂണിറ്റി ന്റെ സൗകര്യം ഉപയോഗിക്കുക.	തദ്ദേശസ്വയംഭരണ വകുപ്പ്	√		
3	ജില്ലാ ആശുപത്രിയിൽ ജെറിയാട്രിക് കെയർ യൂണിറ്റ്	പ്രത്യേക ഒ.പി./ഐ.പി സൗകര്യങ്ങളുള്ള ജെറിയാട്രിക് കെയർ സ്ഥാപിക്കുക	ആരോഗ്യകേരളം		√	

4	ജെറിയാട്രിക് കെയർ പരിശീലനം	ജെറിയാട്രിക് കെയർ സന്നദ്ധ പ്രവർത്തകർക്ക് പരിശീലന പരിപാടി ജില്ലാ തലത്തിൽ നൽകാവു ന്നതാണ്.	തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്	√		
5	വയോജന കൂട്ടായ്മ	വാർഡുതലത്തിൽ വൃദ്ധജനങ്ങളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിനുവേണ്ടി കൂട്ടായ്മകൾ സംഘടിപ്പിക്കാവുന്നതാണ്.	തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്	√		

5.1.14 ആദിവാസി ആരോഗ്യം

പ്രധാനമായും അട്ടപ്പാടി, പറമ്പിക്കുളം, നെല്ലിയാമ്പതി തുടങ്ങിയവാണ് ആദിവാസി മേഖലകൾ. 40,000 ത്തോളം ആദിവാസികൾ വിവിധ ഊരുകളിലായി താമസിക്കുന്നു. പോഷകാഹാരക്കുറവ്, ശിശുമരണം, നവജാത ശിശുക്കളുടെ തൂക്ക കുറവ്, അരിവാൾ രോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ, അടിയന്തിര ചികിത്സ ലഭിക്കുന്നതിനുള്ള കാലതാമസം തുടങ്ങിയവയാണ് പ്രധാന പ്രശ്നങ്ങൾ. അട്ടപ്പാടി ആദിവാസി മേഖലയിലെ ശിശുമരണ നിരക്ക് 28 ആണ്.

5.1.15 ജീവനക്കാരും ഭൗതിക സാഹചര്യവും

ജനസംഖ്യാ അനുപാതമനുസരിച്ച് ആവശ്യമായ ഫീൽഡുതല ജീവനക്കാരുടെ കുറവ്, രോഗപ്രതിരോധ പരിപാടികൾ ഉൾപ്പെടെയുള്ള വിവിധ ആരോഗ്യ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. 560 ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ വേണ്ട സാഹചര്യത്തിൽ നിലവിൽ 303 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും 515 ജൂനിയർ ഹെൽത്ത് നേഴ്സുമാരും മാത്രമുള്ളൂ. പാലക്കാട് ജില്ലയിൽ 513 കുടുംബക്ഷേമ കേന്ദ്രങ്ങളാണ് ഉള്ളത്.

5.1.16 ആരോഗ്യമേഖലയിലെ സ്ഥാപന വിഭവങ്ങളുടെ അവസ്ഥാ വിശകലനവും വിടവുകളും

ജില്ലാ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, താലൂക്ക് ആശുപത്രികൾ, സാമൂഹിക-പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ. മേൽ സൂചിപ്പിച്ച ആശുപത്രികളിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സൗകര്യങ്ങളും പോരായ്മകളും ചുവടെ ചേർക്കുന്നു.

1. ആശുപത്രികളുടെ പ്രവർത്തനത്തിന് ആവശ്യമായ സ്ഥലപരിമിതികൾ എല്ലാ ആശുപത്രികളിലുമുണ്ട്.
2. ഒ.പി./ഐ.പി. എണ്ണത്തിൻറെ അനുപാതമനുസരിച്ച് ഡോക്ടർമാരും നേഴ്സുമാരുമുൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ഉണ്ട്.
3. ജില്ലാ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം തുടങ്ങിയ സ്ഥലങ്ങളിൽ മാത്രമേ നിലവിൽ ഉള്ളൂ.
4. നിലവിൽ ട്രോമാ കെയർ യൂണിറ്റ് ജില്ലാ ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം എന്നീ സ്ഥാപനങ്ങളിൽ മാത്രമുള്ളൂ.
5. സി.ടി.സ്കാൻ സംവിധാനം ജില്ലാ ആശുപത്രിയിൽ മാത്രമേ നിലവിലുള്ളൂ. യു.എസ്.ജി. സ്കാൻ ജില്ലാ ആശുപത്രി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, താലൂക്ക് ആസ്ഥാന ആശുപത്രി, ആലത്തൂർ, ഒറ്റപ്പാലം എന്നിവടങ്ങളിൽ മാത്രം. എം.ആർ.ഐ. സ്കാൻ ജില്ലയിൽ ഒരു ആശുപത്രിയിലും ഇല്ല.
6. അത്യാഹിത വിഭാഗത്തിൽ സംവിധാനം നിലവിൽ ഇല്ല.

7. ജില്ലയിലെ ഏക ബ്ലഡ് ബാങ്ക് പാലക്കാട് ജില്ലാ ആശുപത്രിയിലാണ്. രക്തത്തിൻറെ ആവശ്യകതയ്ക്ക് അനുസരിച്ച് നൽകാനുള്ള അപര്യാപ്തതയുമുണ്ട്. ഇതിൽ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്.
8. അംഗപരിമിതർക്കുവേണ്ടിയുള്ള സൗകര്യങ്ങൾ പ്രധാനപ്പെട്ട ആശുപത്രികളിൽ നിലവിലില്ല.
9. ആശുപത്രി ഉപകരണങ്ങളുടെ കേടുപാടുകൾ പരിഗണിയ്ക്കുന്നതിന് കാലതാമസം നേരിട്ടുണ്ട്. കിർലോസ്കർ ഏജൻസിയുടെ സേവനം തൃപ്തികരമല്ല.
10. ക്യാൻസർ സെൻറർ കെയർ സംവിധാനം ജില്ലാ ആശുപത്രിയിലും, ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും നിലവിലുള്ളൂ.
11. ഡയാലിസിസ് സംവിധാനം ജില്ലാ ആശുപത്രിയിലും ചെർപ്പുളശ്ശേരി സാമൂഹിക ആരോഗ്യകേന്ദ്രത്തിലും മാത്രമേ നിലവിലുള്ളൂ. താലൂക്ക് ആസ്ഥാന ആശുപത്രി, ചിറ്റൂരിൽ ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.
12. പ്രസവ സംബന്ധമായ സേവനം ലഭ്യമാക്കുന്നത് 7 ആശുപത്രികൾ മാത്രമുള്ളൂ. ലാപ്പറോസ്കോപ്പിക് സേവനങ്ങൾ 6 ആശുപത്രികളിൽ ലഭ്യമാണ്.
13. മോർച്ചറി സൗകര്യം 6 ആശുപത്രികളിലെ നിലവിലുള്ളൂ.
14. മാനസിക ക്ലിനിക്, കൗൺസിലിങ്ങ് തുടങ്ങിയവ 2 ആശുപത്രികളിലെ നിലവിലുള്ളൂ.
15. ലാബോറട്ടറി സംവിധാനങ്ങൾ മേജർ ആശുപത്രികളിൽ മെച്ചപ്പെടുത്തേണ്ടതാണ്. കോട്ടത്തറയിൽ നിലവിലുള്ള സെൻററിൽ ലാബിൽ പ്രതീക്ഷിച്ച രീതിയിൽ ടെസ്റ്റുകൾ ചെയ്യുന്നതിൽ കുറവ് കാണുന്നുണ്ട്. കോട്ടത്തറ സെൻററിൽ ലാബിലേക്ക് മറ്റ് സ്ഥലങ്ങളിൽ നിന്നും സാമ്പിളുകൾ എത്തിക്കാൻ കഴിയാത്തതാണ് കാരണം.
16. പഴയതും പുതിയതുമായ പകർച്ചവ്യാധികളുടെ ആധിക്യം.
17. വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങൾ.
18. കുട്ടികളുടെ രോഗ പ്രതിരോധ കുത്തിവെപ്പിന്റെ കവറേജ് കുറവ്.
19. ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും എണ്ണത്തിലുള്ള കുറവ്.
20. ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങളുടേയും ഫർണീച്ചർ, ഉപകരണങ്ങളുടേയും അപര്യാപ്തത.
21. മാനദണ്ഡങ്ങൾക്കനുസരിച്ച്(ജില്ലാ താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി) ആവശ്യമായ ജീവനക്കാരുടെ തസ്തിക ഇല്ലായ്മ.
22. ജില്ലാ മെഡിക്കൽ ഓഫീസിന്റെ പരിമിതികളും സൗകര്യമില്ലായ്മയും
23. ആശുപത്രിയിൽ എത്തിച്ചേരുന്ന ഐ.പി/ഒ.പി രോഗികൾക്ക് മതിയായ സൗകര്യങ്ങൾ ലഭ്യമല്ലായ്മ.
24. റഫറൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തത.
25. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യക്ക് ആനുപാതികമായി അവരുടെ ആരോഗ്യ പ്രശ്ന പരിഹാരങ്ങൾക്ക് ഉള്ള സൗകര്യക്കുറവ്.
26. പരിരക്ഷാ രോഗികൾക്കുള്ള സെക്കണ്ടറി പരിചരണക്കുറവ്.
27. പാർശ്വവൽകൃത വിഭാഗങ്ങളുടെ (എസ്.ടി, മത്സ്യതൊഴിലാളികൾ) ആരോഗ്യ സംരക്ഷണത്തിനുള്ള അപര്യാപ്തത.
28. ഗുണനിലവാരമുള്ള ആരോഗ്യ അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്.
29. ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് സൗകര്യങ്ങളുടെ അപര്യാപ്തത.
30. ആരോഗ്യ അനുബന്ധ മേഖലകളിലെ (മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം മുതലായവ) അപര്യാപ്തത.

31. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ.
32. തദ്ദേശീയ മലമ്പനി കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു.
33. റസിസ്റ്റൻറ് ടി.ബി കേസുകളുടെ വ്യാപനം കൂടുന്നു.
34. പൊതുജനാരോഗ്യ സേവനം നൽകുന്നതിനായി വാഹനങ്ങളും ആംബുലൻസുകളുടേയും അപര്യാപ്തത.
35. ജില്ലയിലെ പ്രസവ കേസുകളുടെ എണ്ണം പരിശോധിച്ചാൽ മെറ്റേർണിറ്റി സെന്ററിന്റെ അപര്യാപ്തത.
36. ആരോഗ്യ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.
37. പരിരക്ഷാ പ്രവർത്തനം നഗരസഭാ മേഖലയിൽ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്.
38. പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ വർദ്ധിച്ചു വരുന്നു.
39. സിസേറിയൻ നിരക്ക് കൂടുന്നു. (30%-ൽ അധികമാണ് ഇപ്പോൾ).

പട്ടിക 5.1.12

പകർച്ചവ്യാധി നിയന്ത്രണം

നം	ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	സംയോജക സാധ്യതകൾ	കാലാവധി വർഷത്തിൽ		
				1–2	3–5	5–10
1	ആരോഗ്യസേന രൂപീകരണം	രോഗപ്രതിരോധ പ്രവർത്തങ്ങൾ	സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, വാട്ടർ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെൻറ്, ശുചിത്വമിഷൻ, പി.ഡബ്ലിയു.ഡി. തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ.	√		
2	പകർച്ച പ്രതിരോധ പദ്ധതി	കൂട്ടായ രോഗ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ		√		
3	ജനകീയ മോണിറ്ററിംഗ് സമിതികൾ	സമിതികൾപകർച്ചവ്യാധി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ	ജനപ്രതിനിധികൾ, മറ്റ് വകുപ്പ് മേധാവികൾ.	√		
4	ശ്വാസ് ക്ലിനിക്കുകൾ	വിവിധ ചികിത്സാ രീതികൾ ലഭ്യമാകാനുള്ള അവസരം സൃഷ്ടിക്ക ൽ	ആയുർവേദ, ഹോമിയോ, യുനാനി ഡിപ്പാർട്ടുമെൻറുകൾ		√	
5	സ്കൂളുകളിൽ കുടിവെള്ള പരിശോധന	ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ലഭ്യമാക്ക ൽ	വിദ്യാഭ്യാസവകുപ്പ്, വാട്ടർ അതോറിറ്റി, ആരോഗ്യവകുപ്പ്, മെഡിക്ക ൽ കോളേജുകൾ.	√		
6	കൂടുതൽ ആശുപത്രികളിൽ ലാബ്	രോഗനിർണ്ണയവും രോഗാവസ്ഥ വിലയിരുത്തലും	തദ്ദേശ സ്വയംഭരണവകുപ്പ്, എൻ.എച്ച്.എം.		√	

	സംവിധാനം	പ്രാഥമികതലത്തിൽ തന്നെ ലഭ്യമാക്കൽ	സംവിധാനങ്ങൾ			
7	കുട്ടികൾക്ക് ആരോഗ്യ ബോധവത്കരണം	സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്കരണവും പ്രതിരോധപ്രവർത്തനങ്ങൾ എത്തിക്കലും.	വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ്.	√		
8	ജില്ലാതലത്തിൽ പബ്ലിക് ഹെൽത്ത ലാബ്	, Pn എല്ലാവിധ ലാബു പരിശോധനകളും ñയി ൽ തന്നെ ചെയ്യാനുള്ള സംവിധാനം ഒരുക്കൽ.	ആരോഗ്യവകുപ്പിൻറെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ആൻറ് ക്ലിനിക്ക ൽ ലാബോറട്ടറി (SPHL)		√	
9	ശുചിത്വ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം	വ്യാപകമായി ഫലപ്രദമായ ശുചീകരണ പ്രവർത്തനങ്ങൾ	ശുചിത്വമിഷൻ, കുടുംബശ്രീ	√		
10	ആക്രി കടകൾ, റബ്ബർ കർഷകർ, തോട്ടം ഉടമകൾ എന്നിവരുടെ ജില്ലാതല ഫോറം	കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രണം	ആഭ്യന്തരവകുപ്പ്, ലേബർ ഡിപ്പാർട്ടുമെൻറ്, അഗ്രികൾച്ചറൽ വകുപ്പ്	√		
11	അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ഹെ ൽ ത്ത് കാർഡ് വിതരണവും	ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നുള്ള രോഗപകർച്ച തടയലും അവരുടെ ആരോഗ്യപരിപാലനവും	ലേബർ ഡിപ്പാർട്ട്മെൻറ്, തദ്ദേശ സ്വയംഭരണ വകുപ്പ്.	√		
	കൃത്യമായി ജില്ലാ തലത്തി ൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തങ്ങളുടെ വിജയപ്രാപ്തി.	ജില്ലാ ഭരണകൂടം - ജില്ലാ പായത്ത് മേധാവികൾ എല്ലാ മാസവും പ്രവർത്തനങ്ങളുടെ കൃത്യമായ വിലയിരുത്തലുകളും പോരായ്മകൾ പരിഹരിക്കലും	റവന്യൂവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യവകുപ്പ്	√		

പട്ടിക 5.1.13

ക്രമ നം	ഇനം	എസ്.ഡി.ജി ലക്ഷ്യം	
1			എല്ലാ ഗർഭിണികൾക്കും യഥാസമയത്ത് ആവശ്യമായ പരിശോധനകൾ നടത്തി വേണ്ടി നിർദ്ദേശങ്ങളും ചികിത്സകളും നൽകി എന്ന് ഉറപ്പ് വരുത്തുക.

	മാതൃമരണം	മാതൃമരണ നിരക്ക് 66-ൽ നിന്ന് 30 ആക്കുക.	എല്ലാ ഗർഭിണികളെയും മൂന്ന് മാസം മുമ്പ് രജിസ്റ്റർ ചെയ്തു എന്നു ഉറപ്പുവരുത്തുക. നവദമ്പതികൾക്കും വിവാഹം നിശ്ചയിച്ചവർക്കും ആവശ്യമായ കൗൺസിലിംഗ് നൽകി അവരെ ബോധവത്കരിക്കുക. കൗമാരക്കാരിലെ അനീമിയ നേരത്തെ തന്നെ കണ്ടെത്തി പരിഹരിക്കുക. ഗർഭകാലത്തും കൗമാര പ്രായത്തിലും എടുക്കേണ്ട പ്രതിരോധ കുത്തി വെയ്പുകൾ 100% യഥാസമയം എടുത്തു എന്ന് ഉറപ്പു വരുത്തുക. അപകട സാധ്യത ഉള്ള ഗർഭിണികളെ നേരിട്ടു കണ്ടെത്തി ആവശ്യമായ പരിചരണം തുടക്കം മുതലും പ്രസവശേഷവും നൽകി, പ്രസവം സുരക്ഷിതമാക്കുക. പ്രസവ ശുശ്രൂഷ നൽകുന്ന ഡോക്ടർമാർ, നേഴ്സുമാർ, നേഴ്സിംഗ് അസിസ്റ്റൻറ് തുടങ്ങിയവർക്ക് ആവശ്യമായ തുടർ പരിശീലനങ്ങൾ നൽകാവുന്നതാണ്. പ്രസവ മുറികളും, വാർഡുകളും രോഗി സൗഹൃദമാകുകയും ആവശ്യമായ സൗകര്യങ്ങൾ ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

			ആദിവാസി മേഖലകളിലെ ഗർഭിണികളുടെ പ്രസവം 100% ആശുപത്രിയിൽ തന്നെയാകുവാൻ കാലേക്കൂട്ടിയുള്ള മുന്നൊരുക്കം നടത്താനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കണം.
2	ശിശുമരണം	ശിശുമരണ നിരക്ക് 12-ൽ നിന്ന് 8 ആക്കുക	അപായ സാധ്യതയുള്ള ഗർഭസ്ഥശിശുക്കളുടെ അമ്മമാരെ, നേരത്തെ കണ്ടെത്തുകയും, അടിയന്തിരമായി ലഭിക്കേണ്ട ചികിത്സ ലഭ്യമാക്കാനുള്ള സാഹചര്യം ഉണ്ടാക്കുക. ഗർഭകാലഘട്ടത്തിൽ എടുക്കേണ്ട വാക്സിനുകൾ, ഫോളിക് ആസിഡ് ഉൾപ്പെടെയുള്ള ആവശ്യമായ മരുന്നുകൾ, അധിക പൂരക പോഷണം ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുക. ആദിവാസി മേഖലയിൽ പ്രത്യേകം പരിഗണന നൽകുക. ആദ്യത്തെ 6 മാസം കുഞ്ഞുങ്ങൾക്ക് മുലപ്പാൽ മാത്രം നൽകുകയും അതിനുശേഷം 2 വയസ്സുവരെ മറ്റ് ആഹാരത്തോടൊപ്പം മുലപ്പാൽ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക. പ്രസവിച്ച് ആദ്യ ദിവസം മുതൽ 5 വയസ്സുവരെ വളർച്ച മോണിറ്ററിംഗ് 100% ഉറപ്പ് വരുത്തണം.
3	നവജാത ശിശു മരണം	7ൽ നിന്നും 5 ആക്കുക	
4	5 വയസ്സിനു താഴെയുള്ള കുട്ടികളുടെ മരണ നിരക്ക്.	.14-ൽ നിന്ന് 9 ആക്കി കുറക്കുക.	
5	മഞ്ഞപ്പിത്തം	വാർഷിക രോഗ ബാധ 50% ആയി കുറക്കുക.	ശുദ്ധമായ കുടിവെള്ളത്തിൻറെ ലഭ്യത എല്ലാ പ്രദേശങ്ങളിലും ഉറപ്പ് വരുത്തുക. തിളപ്പിച്ചാറിയ വെള്ളം കുടിയ്ക്കുവാനുള്ള ശീലം
6	മഞ്ഞപ്പിത്തം ബി കുത്തിവെപ്പ്	ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക.	

			ജനങ്ങളിൽ വളർത്തുക. കൃത്യമായ ഇടവേളകളിൽ കുടിവെള്ള സ്രോതസ്സുകൾ ക്ലോറിനേറ്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുക. ഭക്ഷണം നൽകുന്ന സ്ഥാപനങ്ങളും അതിലെ ജീവനക്കാരും ശുചിത്വം പാലിക്കുകയും, സാംക്രമിക രോഗങ്ങൾ പകരുവാനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്യണം. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുവാനും വലിയ തോതിലുള്ള മാലിന്യജലം ട്രീറ്റ് ചെയ്യുവാനുമുള്ള സൗകര്യം ഏർപ്പെടുത്തണം. ശാസ്ത്രീയമായ കൈ കഴുകൽ ശീലമാക്കുവാൻ പ്രോത്സാഹിപ്പിക്കുക. കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിന് കൃത്യമായ ഇടവേളകളിൽ വെള്ളം പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
7	കുഷ്ഠം	കുഷ്ഠരോഗ ബാധ നിരക്ക് 0.1 ന് താഴെയാക്കുക	കുഷ്ഠരോഗം നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കുന്നതിനായി സ്കൂളുകൾ, ഇതര സംസ്ഥാന തൊഴിലാളി സമൂഹം, ആദിവാസി മേഖല, പൊതുസമൂഹം തുടങ്ങിയ എല്ലാ മേഖലകളിലും കുഷ്ഠരോഗ സ്ക്രീനിംഗ് ശക്തിപ്പെടുത്തുക. രോഗബാധിതർക്ക് നേരത്തെ തന്നെ ചികിത്സ ലഭ്യമാക്കുകയും

			അത് ചികിത്സാ കാലാവധിയിൽ മരുന്ന് പൂർണ്ണമായും കഴിച്ചു എന്ന് ഉറപ്പുവരുത്തുക. രോഗം മൂലമുണ്ടായ അംഗവൈകല്യങ്ങൾക്ക് തുടർ ചികിത്സയും പുനരധിവാസവും ഉറപ്പാക്കണം. സമൂഹത്തിൽ കുഷ്ഠരോഗവുമായി ബന്ധപ്പെട്ട സ്റ്റിഗ്മ ഇല്ലാതാക്കുവാനാവശ്യമായ ബോധവത്കരണം നൽകുക.
8	മന്ത്	മൈക്രോഫൈലേറിയ നിരക്ക് 1% ന് താഴെയാക്കുക.	വരും വർഷങ്ങളിൽ (2018, 2019) സമൂഹ മന്ത് രോഗചികിത്സയിൽ 85% ആളുകളും മരുന്ന് കഴിച്ചു എന്ന് ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. മന്ത് വിരയുടെ നിരക്ക് കണ്ടെത്തുന്നതിനായി രാത്രികാല രക്തപരിശോധന കൂടുതൽ നടത്തുക. കൊതുകിന്റെ000000 ഉറവിട നശീകരണമുൾപ്പെടെയുള്ള സമഗ്ര കൊതുക് നിയന്ത്രണ പരിപാടി ശക്തമാക്കുക. മന്ത് രോഗം ബാധിച്ച രോഗികൾക്ക് ആവശ്യമായ പരിചരണം ഉറപ്പുവരുത്തുന്നതിന് എല്ലാ മേജർ ആശുപത്രികളിലും പ്രത്യേക ക്ലിനിക് തുടങ്ങുക.
9	മലമ്പനി	തദ്ദേശീയ മലമ്പനി ബാധ ഇല്ലാതാക്കുക.	പനി ബാധിതരിലെ രക്തപരിശോധന, തദ്ദേശീയരിലും, ഇതര സംസ്ഥാന

			തൊഴിലാളികളിലും കൂടുതലായി നടത്തുകയും, രോഗം നേരത്തെ കണ്ടെത്തി ചികിത്സ ഉറപ്പ് വരുത്തുകയും ചെയ്യുക. സംയോജിത സമഗ്ര കൊതുക് നീരിക്ഷണ നിയന്ത്രണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.
10	ക്ഷയം	മരണ നിരക്ക് പ്രതിവർഷം 1000-ൽ നിന്ന് 650 ആയി കുറക്കുക, പുതിയതായി ടി.ബി ബാധിക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറക്കുക.	2 ആഴ്ചയിൽ കൂടുതൽ ചുമയുള്ള ആളുകളിലെ കഫ പരിശോധന നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക. രോഗം കണ്ടെത്തിയവരിൽ DOT ചികിത്സ ലഭ്യമാക്കുക. ക്ഷയരോഗ മരണം ഒഴിവാക്കാനാവശ്യമായ കൃത്യമായ മോണിറ്ററിംഗ് പ്രത്യേകിച്ച് മറ്റ് അസുഖങ്ങളുള്ള രോഗികളിൽ നടത്തേണ്ടതുണ്ട്. എം.ബി.ആർ. - ക്ഷയത്തിന്റെ വ്യാപനം തടയുക. രോഗബാധിതരായ ആളുകൾ താമസിക്കുന്ന വീടുകളിലെ 5 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് മുൻകൂർ ചികിത്സ നൽകുക.
11	എച്ച്.ഐ.വി/എയ്ഡ്സ്	90% എച്ച്.ഐ.വി രോഗികളേയും കണ്ടുപിടിക്കുക, എ.ആർ.ടി ചികിത്സ 90% രോഗികൾക്കും ലഭ്യമാക്കുക.	IETC കളിലും FICTC കളിലും വഴിയുള്ള സ്ക്രീനിംഗ് കൂടുതൽ ശക്തിപ്പെടുത്തുക. ART ക്ലിനിക്കിൽ നിന്നും ആവശ്യമായ മരുന്നുകളും ചികിത്സയും ഉറപ്പാക്കുക. ART ക്ലിനിക്കിന്റെ ഭൌതിക സാഹചര്യം മെച്ചപ്പെട്ടു

			ത്തേണ്ടതാണ്. പുലരി ക്ലിനിക്കുകൾ (ജനനേന്ദ്രീയ-ലൈംഗിക രോഗ ചികിത്സാ കേന്ദ്രം) സ്ക്രീനിംഗ് ശക്തിപ്പെടുത്തേണ്ടതാണ്. സന്നദ്ധപ്രവർത്തകരുടേയും സംഘടനകളുടേയും സഹായത്തോടെ രോഗ വ്യാപനം സാധ്യതയുള്ള High risk group കളിൽ ഊർജിതമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.
12	മാനസിക ആരോഗ്യം	സാമൂഹിക മാനസിക ആരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിക്കുക.	എല്ലാ മേജർ ആശുപത്രി കളിലും മനോരോഗ കൗൺസിലിംഗ്, ചികിത്സ ഇവയ്ക്ക് ആവശ്യമായ ക്ലിനിക്കുകളും, ആവശ്യത്തിന് ഡോക്ടർമാരുടെയും കൗൺസിലർമാരുടെയും സേവനവും ഉറപ്പാക്കേണ്ട താണ്. കൗമാരക്കാരിലെ മനോരോഗങ്ങൾ കണ്ടെത്താൻ സ്കൂൾ തലത്തിൽ സൗകര്യ മൊരുക്കുകയും ചികിത്സ ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്. അനാഥരും അലഞ്ഞു തിരിഞ്ഞു നടക്കുന്ന രോഗികൾക്കും ആവശ്യമായ പുനരധിവാസത്തിന് ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്.
13			ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യ ത്തിൽ വ്യായാമം പ്രോത്സാ ഹിപ്പിക്കുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കേണ്ട താണ്.

	വ്യായാമം	വ്യായാമക്കുറവ് 10% എങ്കിലും കുറക്കുക.	വ്യായാമം ചെയ്യുന്നതിനു മാത്രമായി പ്രത്യേക പൊതു സ്ഥലങ്ങൾ കണ്ടെത്തി അത്തരം സ്ഥലങ്ങളിൽ ശാസ്ത്രീയ വ്യായാമ മുറകൾ പരിശീലിപ്പിക്കുന്നതിന് സാഹചര്യം സൃഷ്ടിക്കാവുന്നതാണ്. സ്കൂളുകളിലും കോളേജിലുകളിലും വ്യായാമത്തിന് ആവശ്യമായ സംവിധാനങ്ങൾ ഒരുക്കുക.
14	റോഡ് അപകടങ്ങൾ	മരണ നിരക്കും അംഗവൈകല്യം സംഭവിക്കലും ഇപ്പോഴുള്ള നിരക്കിൻറെ 50% ആയി കുറക്കുക.	എല്ലാ താലൂക്ക് ആശുപത്രികളിലും ദേശീയ പാതക്ക് സമീപമുള്ള ആശുപത്രികളിലും ട്രോമ കെയർ യൂണിറ്റുകൾ സജ്ജമാക്കണം. ആംബുലൻസുകളുടെ കുറവ് ജില്ലാ ആശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ പരിഹരിക്കപ്പെടണം. നിലവിലുള്ള 108 ശൃംഖലയെ പ്രവർത്തന ശേഷിയുള്ള 24 ത 7 ആംബുലൻസുകളുമായി ബന്ധിപ്പിച്ച് സേവനം ഉറപ്പുവരുത്തേണ്ടതാണ്.

HEPATITIS A HIGH RISK AREAS



CHC AGALI
BPHC KOPPAM
PHC THIRUMITTACODE
BPHC ALANELLUR
PHC KULUKKALLUR
PHC KUMARAMPUTHUR
BPHC AMABALAPPARA
GH SHORNUR
PHC KANJIRAPUZHA
PHC KAPOOR
PHC NELLAYA
PHC VALLAPUZHA
PHC THENKARA
PHC ELEUMBLASSERY
PHC PALLIPPURAM
PHC KARAKURISSI
PHC KALLADIKKODE
PHC ONGALLUR

എലിപ്പനി കൂടുതലായി കാണുന്ന മേഖലകൾ





	JANUARY	FEBRUARY	MARCH	APRIL	MAY	JUNE	JULY	AUGUST	SEPTEMBER	OCTOBER	NOVEMBER	DECEMBER
2017	6	5	4	4	2	6	9	3	6	6	6	
2016	8	8	4	7	4	7	16	2	6	3	4	5
2015	3	1	5	3	4	6	14	10	9	13	4	6



	JANUARY	FEBRUARY	MARCH	APRIL	MAY	JUNE	JULY	AUGUST	SEPTEMBER	OCTOBER	NOVEMBER	DECEMBER
2017	4	3	0	0	0	1	3	1	7	7	4	
2016	1	5	0	4	0	1	3	4	2	2	3	2
2015	0	0	1	0	0	0	2	2	1	0	1	6



	Jan	Feb	Mar	Apr	May	Jun	Jul	Aug	Sep	Oct	Nov	Dec
2017	4	1	1	3	3	4	4	5	5	3	3	
2016	2	0	0	1	1	3	10	6	7	3	6	4
2015	0	1	0	2	1	4	3	6	4	2	1	7



	JANUARY	FEBRUARY	MARCH	APRIL	MAY	JUNE	JULY	AUGUST	SEPTEMBER	OCTOBER	NOVEMBER	DECEMBER
2017	5	5	5	6	4	4	3	6	13	7	6	
2016	11	21	19	24	10	38	40	41	29	8	12	12
2015	5	10	15	13	8	31	31	23	27	29	25	30

5.1.17 പട്ടിക വർഗ്ഗക്കാരുടെ ആരോഗ്യം - അവസ്ഥാ വിശകലനവും വിടവുകളും

1. മാറിയ ജീവിതശൈലി.
2. ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം.
3. പര്യാപ്തമായ ആരോഗ്യ സബ് സെൻററുകൾ/പി.എച്ച്.സികൾ പിന്നോക്ക മേഖലകളിൽ നിലവിലില്ല.
4. അംഗനവാടി സൗകര്യങ്ങളും പോഷണകിറ്റുകളും അപര്യാപ്തം.

5. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടച്ചയില്ലാത്തതും യുവാക്കളെ ആകർഷിക്കാൻ കഴിയാത്തതും.
6. വർദ്ധിക്കുന്ന പുകയില-മദ്യം-വ്യാപക ഉപയോഗം.
7. ആധുനിക ശുചിത്വ അവബോധമില്ലായ്മ.
8. ഒറ്റപ്പെട്ട വനാന്തര മേഖലകളിൽ വീട്ടു പ്രസവങ്ങൾ സംഭവിക്കുന്നു.
9. ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും വ്യക്തിഗത സേവനങ്ങളും ലഭിക്കുന്നില്ല.
10. കിടപ്പുരോഗികളും രോഗികളായ അഗതികളും വർദ്ധിക്കുന്നത്.
11. ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം.
12. അട്ടപ്പാടിയിൽ 2 ഒ.പി ക്ലിനിക്കുകകളും പറമ്പിക്കുളം കുരിയാർകുറ്റിയിൽ ഒരു ആയുവേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു.
13. അട്ടപ്പാടിയിലെ ഊരുകളിൽ ലഭിക്കുന്ന ആരോഗ്യ സേവനങ്ങൾ മറ്റു ഊരുകളിൽ ലഭ്യമാകാൻ വേണ്ട സംവിധാനങ്ങളില്ല.

5.1.18 നിർദ്ദേശങ്ങൾ

1. പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന പി.എച്ച്.സികൾ, സി.എച്ച്.സികളായി ഉയർത്തുകയോ, പ്രസവ വിഭാഗമുൾപ്പെടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുക.
2. പട്ടികവർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന മുഴുവൻ സി.എച്ച്.സികളിലും പി.എച്ച്.സികളിലും ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുക.
3. ട്രൈബൽ ആശാവർക്കർമാർ എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ മേഖലയ്ക്ക് വേണ്ടി ടി വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം കൊടുത്ത് നിയമിക്കണം.
4. ഭിന്നശേഷി/നിത്യരോഗി (കിടപ്പ്) യുള്ളവരെ സർവ്വെ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
5. പാരമ്പര്യ ചികിത്സാ അറിവുകൾ സംരക്ഷിക്കാനും പകരാനും പ്രത്യേക പദ്ധതി (ഗവേഷണ ചികിത്സാവിഭാഗമുൾപ്പെടെ) നടപ്പിലാക്കണം.
6. ആധുനിക സൗകര്യങ്ങളുള്ള ആംബുലൻസുൾപ്പെടെയുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാധ്യമാക്കൽ.
7. വനാന്തര ഊരുകളിലെ കുട്ടികൾക്ക് പ്രത്യേക പോഷണകിറ്റുകളുടെ ഭക്ഷ്യസഹായ പദ്ധതി.
8. തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ.
9. വിവിധ ആരോഗ്യ വകുപ്പുകളുടെയും എക്സൈസ് വകുപ്പിൻറെയും ഏകോപനവും സംയുക്ത പദ്ധതി പ്രവർത്തനങ്ങളും അനിവാര്യം.
10. എം.ഡി.ആർ ടിബി കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
11. ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനായി മാതൃശിശു പരിപാലന കേന്ദ്രം ആരംഭിക്കുക. പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ കോളനിയിൽ നിന്ന് തന്നെയുള്ള പരിശീലനം നേടിയ നഴ്സിൻറെ സേവനം ലഭ്യമാക്കുക.
12. പഞ്ചായത്ത് തലത്തിൽ ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിക്കുക. ടി കേന്ദ്രത്തിൽ കൗൺസിലിംഗ്, മാനസിക രോഗ നിർണ്ണയം, ചികിത്സയ്ക്ക് വേണ്ട നിർദ്ദേശം, തുടർ പരിചരണം

തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും, സൈക്കോളജിസ്റ്റിൻറെയും സേവനങ്ങൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്. ഇത്തരമൊരു സ്ഥാപനം ഒന്നാംഘട്ടം എന്ന നിലയിൽ മണ്ണാർക്കാട് കേന്ദ്രീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.

13. വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
14. സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
15. ട്രൈബൽ മേഖല കേന്ദ്രീകരിച്ച് ഒരു ഡി-അഡിഷൻ സെൻറർ ആരംഭിക്കുക.
16. അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാതെ പോഷകാഹാരം ഉറപ്പാക്കുക.
17. പട്ടികവർഗ്ഗ ആരോഗ്യവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് മാതൃകയിൽ ഒരു ക്വിക്ക് റെസ്പോൺസ് ടീം രൂപീകരിക്കാവുന്നതാണ്.
18. അഗതികൾ, പ്രത്യേക പരിചരണം ആവശ്യമുള്ളവർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികളെ ആശുപത്രിയിൽ കൂട്ടിരുന്ന് പരിചരിക്കുന്നതിനായി പ്രത്യേകം പരിശീലനം നേടിയിട്ടുള്ളവരെ നിയോഗിക്കാവുന്നതാണ്.
19. വീടുകളിലെ പ്രസവം ഒഴിവാക്കുന്നതിന് തീയതി അടുത്തിട്ടുള്ള ഗർഭിണികളെ മുൻകൂട്ടി താമസിപ്പിക്കുന്നതിനായി ഗൃഹാന്തരീക്ഷത്തോടുകൂടിയ ഒരു സാറ്റലൈറ്റ് സെൻറർ ആരംഭിക്കാവുന്നതാണ്.
20. മരണാന്തര ചടങ്ങുകൾ നിർവ്വഹിക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കാവുന്നതാണ്.
21. ആശ്രയ പദ്ധതയിൽ ഉൾപ്പെടുത്തി അശരണർക്കും,വൃദ്ധർക്കും ആഹാരം നൽകാവുന്നതാണ്.
22. കൗമാരക്കാരായ പെൺകുട്ടികൾക്കെന്ന പോലെ കൗമാരക്കാരായ ആൺകുട്ടികൾക്കും പോഷകാഹാര കിറ്റുകൾ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.
23. എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് അനുവദിക്കുക.

5.1.19 ആദിവാസി മേഖലയിലെ സ്ഥിതിവിവരകണക്ക്

മുൻതലമുറയുടെ വനവുമായുള്ള പാരസ്പര്യം പല ഘടകങ്ങളാൽ പുലർത്താൻ കഴിയാത്തത് കൊണ്ടും സ്വാശ്രയ കാർഷിക സംസ്കാരം നഷ്ടപ്പെട്ടതിനാലും ആരോഗ്യ മേഖലയിലും ആയുർദൈർഘ്യത്തിലും ഗോത്ര മേഖല പിറകിലാണ്.

പട്ടിക 5.1.14

ആകെ ജനസംഖ്യ	ടി.ഡി.ഒ	ഐ.ടി.ഡി.പി	ആകെ
ആകെ കുടുംബങ്ങൾ	5811	1106	16827
ആകെ ജനസംഖ്യ	18932	32956	51888
ആൺ	9114	16101	25215
പെൺ	9818	16855	26673
പട്ടികവർഗ്ഗ ഊരുകൾ	246	192	438

പട്ടിക 5.1.15

ഭിന്നശേഷിയുള്ളവർ / നിത്യരോഗികൾ

ക്രമ നം	വെല്ലുവെളികളുടെ സ്വഭാവം	എണ്ണം
1.	കാൻസർ	98
2.	കുഷ്ഠം	23
3.	ക്ഷയം	142
4.	ഹൃദയസംബന്ധമായ രോഗം	575
5.	സിക്കിൾസെൽ അനിമീയ	117
6.	ആസ്തമ	212
7.	ബി.പി	310
8.	പ്രമേഹം	65
9.	സന്ധിരോഗങ്ങൾ	585
10.	ത്വക്ക് രോഗം	179
11	കണ്ണ് രോഗങ്ങൾ	237
12	തൊണ്ട, ചെവി	117

പട്ടിക 5.1.16

ജില്ലയിൽ ശിശു- മാതൃ മരണ നിരക്ക് ശരാശരി

വർഷം		ജില്ലയിൽ ആകെ	ജില്ലയിൽ ആകെ എസ്.ടി വിഭാഗം	നിരക്ക്
2016-17	ശിശു മരണനിരക്ക്	206	23	6
	മാതൃ മരണനിരക്ക്	17	1	49

പട്ടിക 5.1.17

ജില്ലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ

ക്രമ നം	ആശുപത്രിയുടെ പേർ	കിടക്കകളുടെ എണ്ണം	മുഴുവൻ സമയ സേവനം ലഭ്യമായ ആശുപത്രികൾ
1.	സാമൂഹ്യ ആരോഗ്യ കേന്ദ്രം, ആലത്തൂർ	150	ഉണ്ട്
2.	സാമൂഹ്യ ആരോഗ്യ കേന്ദ്രം, ചിറ്റൂർ	108	ഉണ്ട്
3.	ജില്ലാ ആശുപത്രി, പാലക്കാട്	794	ഉണ്ട്
4.	ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കോട്ടത്തറ	100	ഉണ്ട്
5.	താലൂക്ക് ആശുപത്രി, മണ്ണാർക്കാട്	129	ഉണ്ട്
6.	സാമൂഹ്യ ആരോഗ്യ കേന്ദ്രം അഗളി	42	ഉണ്ട്

പട്ടിക 5.1.18

ആരോഗ്യ പരിപാലന സംവിധാനം ഊരുകളിൽ

ക്രമ നം	ഗ്രാമപഞ്ചായത്ത്	ആരോഗ്യ സേവനത്തിന് പൊതുസംവിധാനം നിലവിലില്ലാത്ത ഊരുകൾ
1.	പുതുശ്ശേരി	1
2.	മുതലമട	1
3.	നെല്ലിയാമ്പതി	1
4.	പുതൂർ	5

5.1.20 നിരീക്ഷണങ്ങൾ

5.1.20.1 അലോപ്പതി

- ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങളിൽ 40 ശതമാനത്തിലെങ്കിലും ഭൌതിക സാഹചര്യത്തിന്റെ കുറവുകള് കാണുന്നുണ്ട്.
- ഏതാണ്ട് 20 ശതമാനം സ്ഥാപനങ്ങളിൽ ജീവനക്കാരുടെ കുറവുണ്ട്.
- 40 ശതമാനത്തോളം ആളുകൾ പൊതു ആരോഗ്യസ്ഥാപനങ്ങളെ ആശ്രയിക്കുന്നുണ്ട്.
- പല സ്ഥാപനങ്ങളും ഗുണഭോക്താക്കൾക്ക് എത്തിപ്പെടാന് പറ്റാത്ത സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നു
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളില്ലാത്ത പഞ്ചായത്തുകൾ ഇപ്പോഴുമുണ്ട്.

5.1.20.2 ഹോമിയോപ്പതി

- ഭൌതിക സാഹചര്യകുറവ്
- എത്തപ്പെടാൻ ബുദ്ധിമുട്ട്
- ജീവനക്കാരുടെ കുറവ്

5.1.21 സാധ്യതകൾ

- സ്വകര്യ മേഖലയെ പ്രയോജനപ്പെടുത്താവുന്നതാണ്
- വിവിധ ആരോഗ്യ മേഖലകളെ കോർത്തിണക്കി ഫലപ്രദമായി രോഗനിരീക്ഷണസംവിധാനത്തിനുള്ള ജില്ലാ തല നെറ്റ് വർക്ക് രൂപീകരിക്കാം. ഇത് പകർച്ചവ്യാധി പ്രതിരോധ നടപടികൾക്ക് ഗുണകരമാകും.
- സ്പോൺസർ ഷിപ്പ് വഴി ആശുപത്രികളുടെ ഭൌതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.
- വിവിധ രോഗങ്ങളാൽ ആശുപത്രികളിൽ അഡ്മിറ്റ ചെയ്യപ്പെട്ട രോഗികൾക്ക് ജനകീയ സംരംഭങ്ങളിലൂടെ ഭക്ഷണം സൌജന്യമായി നൽകാവുന്നതാണ്.
- ആശുപത്രികൾ ജനകീയസൌഹൃദമാക്കുന്നതിനായി ജനകീയ സഹായത്തോടെ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
- ലാബുകളിൽ പകർച്ച വ്യാധികൾ പരിശോധിക്കുന്നതിന് ആവശ്യമായ കിറ്റുകൾ ഉണ്ടെന്ന് ഉറപ്പാക്കുക.
- എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലാബ് ഉണ്ടെന്ന് ഉറപ്പുവരുത്തുക

- ആവശ്യമായ മാനവവിഭവശേഷി ഉറപ്പാക്കുക
- എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഐ.പി ഉറപ്പാക്കുക
- ആയുഷ് മേഖലയെ ശക്തിപ്പെടുത്തുക
- എല്ലാ സ്ഥാപനങ്ങളിലും കാഷ് അക്രഡിറ്റേഷനുള്ളവയാക്കാം
- ബാലമുകുളം, സീതാലയം, സദ്ഗമയ തുടങ്ങിയ പദ്ധതികൾ ജില്ലയിൽ എല്ലായിടത്തും നടപ്പിലാക്കാം

5.1.22 ആയുർവേദം

5.1.22.1 ജില്ലയിൽ നിലവിൽ 84 സർക്കാർ ഡിസ്പെൻസറികളും (വിഷ 1, സിദ്ധ 1, ടൈബൽ 1 ഉൾപ്പെടെ) ഏഴ് ആശുപത്രികളും 11 എൻ.എച്ച്. എം ഡിസ്പെൻസറികളും ആണ് ഉള്ളത്. ജില്ലാ ആശുപത്രിയിൽ 50 കിടക്കകളും, തെങ്കര, തരൂർ എന്നിവിടങ്ങളിൽ 30 കിടക്കകളും തത്തമംഗലം, വടക്കഞ്ചേരി, ഒറ്റപ്പാലം എന്നീ ആശുപത്രികളിൽ 20 കിടക്കകളും ചളവറയിൽ 10 കിടക്കകളും ആണുള്ളത്.

5.1.22.2 ജില്ലാ ആശുപത്രിയിൽ നിലവിൽ പൊതുവിഭാഗത്തെ കൂടാതെ മർമ്മം, വിഷം എന്നീ സ്പെഷ്യാലിറ്റികളാണുള്ളത്. നിലവിൽ റഫറൽ സമ്പ്രദായം ഇല്ല ഡിസ്പെൻസറികൾ പഞ്ചായത്തിൻറെ നിയന്ത്രണത്തിലാണ്, തത്തമംഗലം, ഒറ്റപ്പാലം ആശുപത്രികൾ മുനിസിപ്പാലികളുടേയും വടക്കഞ്ചേരി, തരൂർ, തെങ്കര, ചളവറ എന്നീ ആശുപത്രികൾ അതാത് പഞ്ചായത്തുകളുടേയും ജില്ലാ ആശുപത്രി ജില്ലാ പഞ്ചായത്തിൻറെയും നിയന്ത്രണത്തിലാണ്. പട്ടാമ്പി താലൂക്കിൽ ഒരിടത്തു പോലും കിടത്തി ചികിത്സയുള്ള ആശുപത്രികളില്ല.

5.1.22.6 ജില്ലയിലെ 6 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലും ആയുർവേദ ഡിസ്പെൻസറികളോ, ആശുപത്രികളോ ഇല്ല. പൊൽപ്പുള്ളി, കരിമ്പ്ര, കാവശ്ശേരി, കേരളശ്ശേരി, കോങ്ങാട്, പറളി എന്നീ പഞ്ചായത്തുകളിലും പട്ടാമ്പി മുനിസിപ്പാലിറ്റിയിലും ആയുർവ്വേദ സ്ഥാപനങ്ങൾ ഇല്ല.

5.1.23 ആയുഷ്

5.1.23.1 ജില്ലയിൽ ആയുർവേദ ആയുഷ് വകുപ്പിനു കീഴിൽ ആശുപത്രികളും, ഡിസ്പെൻസറികളും ഉൾപ്പെടെ 91 സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ധാരാളം ആളുകൾ ഈ ചികിത്സാ രീതിയും പ്രയോജനപ്പെടുത്തുന്നുണ്ട്. ആവശ്യമായ ജീവനക്കാരുടെ അഭാവം, പശ്ചാത്തല സൗകര്യമില്ലായ്മ, ഫർണിച്ചർ ഉൾപ്പെടെയുള്ള ഉപകരണങ്ങളുടെ അഭാവം, ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തത് എന്നിവയെല്ലാം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. 5 ആശുപത്രികളിൽ കിടത്തി ചികിത്സയുണ്ട്. പാലക്കാട് ജില്ലയുടെ ആരോഗ്യ സ്ഥിതി പല മേഖലകളിലും എൻ.എഫ്. എച്ച്.എസ് റിപ്പോർട്ടു പ്രകാരമുള്ള ദേശീയ ശരാശരിയേക്കാൾ മോശമാണ്.

- കുട്ടികളിലെ വിളർച്ച
- കൌമാര പ്രായക്കാരായ പെൺകുട്ടികളിലെ വിളർച്ച
- പ്രത്യുൽപാദന ക്ഷമതയുള്ള സ്ത്രീകളിലെ വിളർച്ച
- വൃദ്ധരായ സ്ത്രീകളിലെ വിളർച്ച
- 50 വയസ്സിനു മുകളിൽ പ്രായമായവരിലെ അസ്ഥി സാന്ദ്രത
- കുട്ടികളിലെ തൂക്കകുറവ്
- കുട്ടികളിലെ കുപോഷണം

5.1.23.2 തുടങ്ങി പല സൂചകങ്ങളുടെ കാര്യത്തിലും പാലക്കാട് ജില്ല ആരോഗ്യപരമായി പുറകിലാണ്. ഉദാഹരണത്തിന് കുട്ടികളുടെ വിളർച്ച 80 ശതമാനം മുതൽ 99 ശതമാനം വരെയുള്ള വിദ്യാലയങ്ങൾ ഉണ്ട്.

(ഉദാ – മീനാക്ഷിപുരം -86.5%, കാക്കയൂർ - 89%, മംഗലം - 99%) പലയിടത്തും 60 ശതമാനത്തിനു മുകളിൽ കുട്ടികൾക്ക് രക്ത കുറവുണ്ട്. (ഉദാ –അഞ്ചാമത്തെ പെർസൻറൈലിനു താഴെ)

5.1.23.3 എം.ടി.ആർ. ടി.ബി, ലൈപ്രസി തുടങ്ങിയവ പാലക്കാട്ടെ അതിർത്തി പ്രദേശങ്ങളിൽ വളരെ കൂടുതലാണ്. പകർച്ചവ്യാധികൾ, ലഹരി ഉപയോഗം എന്നിവയുടെ തോതും പല മേഖലകളിലും കൂടുതലാണ്. പല സ്കൂളുകളിലും വേണ്ടത്ര മൂത്രപ്പുരകളോ, കക്കൂസുകളോ ഇല്ല. ഉള്ളയിടങ്ങളിൽ തന്നെ വെള്ളം കിട്ടാനില്ല. ശുചിത്വത്തിൻറെ കാര്യത്തിൽ പല സ്ഥലങ്ങളിലേയും സ്ഥിതി പിന്നോക്കമാണ്. നിലവിൽ 1 മുതൽ 7 ക്ലാസിലെ കുട്ടികൾക്കുവേണ്ടി ബാലമുകുളം എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി ജില്ലയിലെ 9 വിദ്യാലയങ്ങളിൽ നടക്കുന്നുണ്ട്.

5.1.23.4 അട്ടപ്പാടിയിൽ ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കുമായി – ക്ഷേമനിധി, വൃദ്ധജനങ്ങൾക്കായി വയോ അമൃതം,കരൾ രോഗമുള്ളവർക്കായി – കരൾ രോഗമുക്തി. ജില്ലാ ആശുപത്രിയോടനുബന്ധിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി സ്പെഷ്യൽ ക്ലിനുക്കുകൾ മാനസികം സ്പെഷ്യൽ ഒ.പി, സ്പോർട്സ് ആയുർവേദ റിസേർച്ച് സെൻറർ, എന്നീ സംസ്ഥാന സർക്കാർ ഫണ്ടസ് പ്രോജക്ടുകൾ നിലവിലുണ്ട്.

ആയുർവേദം

- ഭൌതിക സാഹചര്യകുറവ്
- എത്തപ്പെടാൻ ബുദ്ധിമുട്ട്
- ജീവനക്കാരുടെ കുറവ്
- റഫറൽ സൌകര്യക്കുറവ്

5.1.24 നിർദ്ദേശങ്ങൾ

1. എല്ലാ പഞ്ചായത്തിലും ആയുർവ്വേദ ഡിസ്പെൻസറികൾ തുടങ്ങുക.
2. അഗളി, പുതൂർ, ഷോളയൂർ, മുതലമട, പെരുമാട്ടി മുതലായ വലിയ പഞ്ചായത്തുകളിൽ രണ്ട് ഡിസ്പെൻസറികൾ ആരംഭിക്കുക
3. നിലവിൽ ബ്ലോക്ക് തല ആശുപത്രികൾ ഇല്ല. ബ്ലോക്ക് പഞ്ചായത്തിൻറെ കീഴിൽ എല്ലാ ബ്ലോക്കുകളിലും 20 കിടക്കകളുള്ള ആശുപത്രികൾ തുടങ്ങുക. പഞ്ചകർമ്മ ചികിത്സാ, ഫിസിയോ തെറാപ്പി എന്നീ സൗകര്യങ്ങൾ ഉറപ്പ് വരുത്തുക.
4. എല്ലാ താലൂക്കുകളിലും 50 കിടക്കകളുള്ള ആശുപത്രികൾ തുടങ്ങുക. ബാലരോഗം, സ്ത്രീ രോഗം, ശല്യതന്ത്രം, ശാലക്യതന്ത്രം എന്നീ സ്പെഷ്യാലിറ്റികളുള്ള ഡോക്ടർമാരെ നിയമിക്കുക. പഞ്ചകർമ്മ, ഫിസിയോ തെറാപ്പി എന്നിവയ്ക്കു പുറമെ ലാബ് സൗകര്യങ്ങളും, യോഗ പരിശീലനത്തിനുള്ള സൗകര്യവും ഉറപ്പ് വരുത്തുക.
5. വൃദ്ധ ജനങ്ങൾക്കായി പ്രത്യേക വാർഡ്, കെട്ടിടം (Ortho Friendly ആയി രൂപകൽപ്പന ചെയ്തത്) ഉണ്ടാകണം.
6. ജില്ലാ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. ബാലരോഗം, സ്ത്രീ രോഗം, ശല്യതന്ത്രം, ശാലക്യതന്ത്രം, മാനസിക രോഗം, സ്വസ്ഥവൃത്തം എന്നീ സ്പെഷ്യാലിറ്റികളിലുള്ള

ഡോക്ടർമാരെ നിയമിക്കുക. ഇവയ്ക്കു പുറമെ ഫിസിയോ തെറാപ്പി, യോഗ , ലാബ് സൗകര്യങ്ങൾ, X.ray, USG എന്നീ സൗകര്യങ്ങളും ഉൾപ്പെടുത്തണം.

7. നിലവിൽ റഫറൽ സമ്പ്രദായം ഇല്ല. പഞ്ചായത്ത് ഡിസ്പെൻസറി- ബ്ലോക്ക് തല ആശുപത്രി- താലൂക്ക് ആശുപത്രി- ജില്ലാ ആശുപത്രി എന്ന നിലയിൽ റഫറൽ സംവിധാനം കൊണ്ടു വരിക.
8. പട്ടിക വർഗ്ഗ കോളനികളിൽ വിസിറ്റു ചെയ്യുന്നതിനും വൃദ്ധ ജനങ്ങളുടെ സമഗ്ര ആരോഗ്യ പരിപാടിയുടെ ഭാഗമായി അവരെ വീടുകളിലോ, തൊട്ടടുത്ത അംഗൻ വാടികളിലോ പോയി പരിശോധിക്കുന്നതിനും മൊബൈൽ യൂണിറ്റുകൾ തുടങ്ങുക.
9. സ്പോർട്സ് ആയുർവ്വേദ കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിക്കുക.
10. സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഒരു ആശുപത്രി.
11. വൃദ്ധ ജനങ്ങളുടെ ആരോഗ്യ പരിചരണത്തിന് വൃദ്ധ ജന പരിപാലന കേന്ദ്രം - Geriatric Care Centre
12. Health Tourism - നെല്ലിയാമ്പതി, അട്ടപ്പാടി മേഖലകളിൽ Treatment Centre കൾ തുടങ്ങുക
13. ജില്ലയുടെ ആരോഗ്യ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുക.
14. അംഗൻവാടി കുട്ടികൾ , സ്കൂൾ കുട്ടികൾ , കൗമാര പ്രായക്കാരായ പെൺകുട്ടികൾ , Reproductive Age Group ലുള്ള സ്ത്രീകൾ, വൃദ്ധർ എന്നിവർക്കു സമഗ്ര ആരോഗ്യ പരിപാടികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.
15. പരിസര ശുചിത്വം, കുടിവെള്ളം, പോഷക മൂല്യമുള്ള ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തുക.
16. കൃഷി, മൃഗ സംരക്ഷണം എന്നീ വകുപ്പുകളുമായി ചേർന്ന് Integrated Project കൾ മേൽ പറഞ്ഞ മേഖലകളിൽ നടപ്പിലാക്കുക.
17. അട്ടപ്പാടിയിലെ കൗമാര പ്രായക്കാരായ പെൺകുട്ടികളിൽ വിളർച്ച പരിഹരിക്കുന്നതിന് സമഗ്ര പദ്ധതി നടപ്പിലാക്കുക.

5.1.25 ഹോമിയോപ്പതി

5.1.25.1 ജില്ലയിൽ നിലവിൽ 49 ഗവ:ഹോമിയോ ഡിസ്പെൻസറികളും, 29 എൻ.എച്ച്.എം ഹോമിയോ ഡിസ്പെൻസറികളും 3 എസ്.സി. ഡിസ്പെൻസറികളും 25 ബെഡ്ഡുകളോടു കൂടിയ ഒരു ജില്ലാ ഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു. ഇവയിൽ എല്ലാം കൂടി ഏകദേശം പതിനായിരത്തോളം രോഗികൾക്ക് പ്രതിദിനം സേവനം നൽകുന്നു. ഇത്രയും സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ജില്ലാ മെഡിക്കൽ ആഫീസിലെ സ്റ്റാഫ് പാറ്റേൺ താഴെപറയും പ്രകാരമാണ്.

ഡി.എം.ഒ	-	1
സീനിയർ സൂപ്രണ്ട്	-	1
ക്ലർക്ക്	-	2
ടൈപ്പിസ്റ്റ്	-	1
ഓഫീസ് അറ്റൻറൻറ്	-	1
പാർട്ട് ടൈം സ്വീപ്പർ	-	1

5.1.25.2 ജില്ലയിലെ 82 ഓളം സ്ഥാപനങ്ങളുടേയും മറ്റു സ്പെഷ്യൽ പ്രോജക്ടുകളുടേയും കാര്യക്ഷമമായ പ്രവർത്തനത്തിന് ജില്ലാ മെഡിക്കൽ ആഫീസിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ കുറവ്

വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു. ആയതിനാൽ ജില്ലാ ഹോമിയോ മെഡിക്കൽ ആഫീസിലേക്ക് ഒരു ജൂനിയർ സൂപ്രണ്ട്, 4 ക്ലർക്ക് എന്നീ തസ്തികകൾ അനുവദിക്കേണ്ടതുണ്ട്.

5.1.25.3 ഡിസ്പെൻസറികളുടെ സുഗമമായ പ്രവർത്തനത്തിന് ടി സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ ഏകീകരിക്കേണ്ടതുണ്ട്. നിലവിൽ ചില സ്ഥാപനങ്ങളിൽ 3 തസ്തികകളും (മെഡിക്കൽ ആഫീസർ, ഡിസ്പെൻസർ, പി.ടി.എസ്) , ചില സ്ഥാപനങ്ങളിൽ 4 തസ്തികളും (മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, അറ്റൻഡർ, പി.ടി.എസ്) എന്നിങ്ങനെയാണുള്ളത്. ഇത് ഏകീകരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഒരേ സ്റ്റാഫ് പാറ്റേൺ നടപ്പിലാക്കേണ്ടതുണ്ട് (4 തസ്തികകൾ).

5.1.25.4 കൽപ്പാത്തിയിൽ പ്രവർത്തിക്കുന്ന ജില്ലാ ഹോമിയോ ആശുപത്രിയിലെ വിവിധ സ്പെഷ്യൽ ഒ.പി.കൾ, സ്പെഷ്യൽ പ്രോജക്ടുകൾ എന്നിവയിലൂടെ. നല്ല രീതിയിൽ ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. രോഗപ്രതിരോധ രംഗത്തും ശ്രദ്ധേയമായ സേവനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുന്നുണ്ട്.

5.1.25.5 ജില്ലാ ഹോമിയോ ആശുപത്രിയോടനുബന്ധിച്ച് നടത്തുന്ന പ്ലാൻ പദ്ധതികൾ പ്രധാനമായും 4 എണ്ണമാണ്. എല്ലാ ദിവസങ്ങളിലും പ്രവർത്തിക്കുന്ന സീതാലയം പദ്ധതിയിലൂടെ സ്ത്രീകളുടെ മാനസിക വൈകാരിക സാമൂഹ്യ കുടുംബപ്രശ്നങ്ങൾക്ക് സഹായങ്ങൾ നൽകുന്നു. കൂടാതെ വന്ധ്യതാ നിരവാരണ ക്ലിനിക്, ലഹരി വിമുക്തി ചികിത്സാ ക്ലിനിക്, കൗൺസിലിംഗ് എന്നിവ ഇതിന്റെ തന്നെ ഭാഗമായി പ്രവർത്തിക്കുന്നു.

5.1.25.6 കുട്ടികളിലെ പഠന പിന്നോക്കാവസ്ഥ, പെരുമാറ്റ വൈകല്യങ്ങൾ എന്നിവ പരിഹരിക്കുവാനും മറ്റു ബൗദ്ധിക മാനസിക വികാസം ലഭ്യമാക്കുവാനും ഉതകുന്ന സേവനങ്ങൾ നൽകുന്ന സദ്ഗമയ പദ്ധതി /ക്ലിനിക് , എന്നിവ എല്ലാ ദിവസവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒരു സ്പെഷ്യൽ എജ്യുക്കേഷൻ ടീച്ചറുടെ സേവനം കൂടി ലഭ്യമാണ്. യോഗയിലൂടെയും പ്രകൃതി ചികിത്സയിലൂടെയുമുള്ള രോഗപ്രതിരോധം ,ഹോമിയോപ്പതി ചികിത്സ എന്നിവ സമന്വയിപ്പിച്ച് ജീവിതശൈലീരോഗ പ്രതിരോധത്തിലൂന്നി ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെയുള്ള ആയുഷ് ഹോളിസ്റ്റിക് കേന്ദ്രവും ഇവിടെ എല്ലാ ദിവസവും പ്രവർത്തിക്കുന്നു. യോഗ ട്രൈയ്നർ, പ്രകൃതി ചികിത്സ വിദഗ്ധൻ എന്നിവരുടെ സേവനം ഇതിലൂടെ ലഭിക്കുന്നു. പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതി ആശുപത്രി ആർ.എം.ഒ. യുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്തിൻറെ കൂടി സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഒ.പി. എല്ലാ വ്യാഴാഴ്ചയും പ്രവർത്തിക്കുന്നു.

5.1.25.7 ഈ സ്ഥാപനത്തിലൂടെ ലഭിക്കുന്ന മറ്റ് സ്പെഷ്യൽ ഒ.പി സേവനങ്ങളിൽ തിങ്കളാഴ്ചകളിലെ പ്രമേഹരോഗ ക്ലിനിക്, കുട്ടികളുടെ ശ്വാസകോശ രോഗ ക്ലിനിക്, ചൊവ്വാഴ്ചകളിൽ പ്രവർത്തിക്കുന്ന തൈറോയിഡ് ക്ലിനിക്,ബുധനാഴ്ചകളിലെ മൂത്രാശയ രോഗങ്ങൾക്കുള്ള ക്ലിനിക്, ബുധൻ, വ്യാഴം ദിവസങ്ങളിലെ കരൾ പിത്താശയ രോഗ ക്ലിനിക്, വെള്ളിയാഴ്ച ദിവസങ്ങളിലെ അീ ഞലരമേഹ ഇഹശിശര എന്നിവ ഉൾപ്പെടുന്നു.

5.1.25.8 ഇത്രയും പദ്ധതികളും രോഗികളും ഉള്ള ഈ ആശുപത്രി സ്ഥലപ??മിതി മൂലം വീർപ്പുമുട്ടുകയാണ്. 25 രോഗികൾക്കുള്ള കിടത്തി ചികിത്സ , ഫിസിയോതെറാപ്പി യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനിംഗ്, നല്ല രീതിയിൽ പ്രവർത്തിക്കുന്ന ലബോറട്ടറി, ഫാർമസി എന്നിവയും ഇവിടെ പ്രവർത്തിക്കുന്നു. ഇതേ ബിൽഡിംഗിൽ തന്നെയാണ് ജില്ലാ മെഡിക്കൽ ഓഫീസും പ്രവർത്തിക്കുന്നത്. പേ വാർഡുകളുടെ എണ്ണം കൂട്ടേണ്ടത് വളരെ അത്യാവശ്യമാണ്.

5.1.25.9 350 രോഗികൾ ഏറ്റവും കുറഞ്ഞ സാദ്ധ്യതയിൽ ഈ ആശുപത്രിയിൽ പ്രതിദിനം സേവനം നേടുന്നുണ്ട്. എല്ലാവർക്കും ഇരിക്കുവാനുള്ള സ്ഥലംപോലും പക്ഷേ ലഭ്യമല്ല. കാത്തിരുപ്പ് ഒഴിവാക്കി വേഗം ചികിത്സ നേടി പോകുന്നതിനായി ആവശ്യമുള്ളത്ര ഡോക്ടർമാരും ഇല്ല എന്നു വേണം പറയാൻ.

എൻ.എച്ച്.എം നിയമിച്ചിരുന്ന ഡോക്ടറുടെ സേവനം പിൻവലിച്ചത് രോഗികളുടെ കാത്തിരിപ്പ് സമയം കൂട്ടുന്നതിനു മാത്രമേ ഉപകരിച്ചിട്ടുള്ളു. ആയതിനാൽത്തന്നെ എൻ.എച്ച്.എം ഡോക്ടറെ നിയമിക്കുക എന്നത് വളരെ പ്രധാനമാണ്. മറ്റൊരു സ്ഥലവും കെട്ടിടവും കണ്ടെത്തുകയോ ഉള്ള കെട്ടിടം ബലപ്പെടുത്തി മുകളിലേക്ക് പണിത് ഉയർത്തുകയോ മാത്രമാണ് സ്ഥലപരിമിതി നേരിടുന്നതിനുള്ള പോംവഴി.

5.1.25.10 വൃദ്ധരായ രോഗികൾക്ക് സൗഹാർദ്ദപരമായ രീതിയിൽ ആശുപത്രി, വാർഡ്, കുളിമുറി എന്നിവയിൽ മാറ്റങ്ങളും അനിവാര്യമാണ്. പാലിയേറ്റീവ് കെയറിൽ കഴിയുന്ന രോഗികൾ വരെ എത്തുന്ന ഈ സ്ഥാപനത്തിൽ സ്ഥലപരമമിതി മൂലം റാമ്പ് നിർമ്മിക്കുന്നതിന് സാദ്ധ്യമല്ല. ഒന്നാം നിലയിലുള്ള ഐ.പി. യിലേക്ക് രോഗികളെ ചുമന്ന് കയറ്റേണ്ട അവസ്ഥയ്ക്ക് ഇനിയും വിരാമമായിട്ടില്ല. സ്ഥലപരിമിതി കണക്കിലെടുത്ത് ഒരു ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിനോടൊപ്പം തന്നെ ആശുപത്രിയിലേക്ക് കയറുന്നിടത്ത് റെയ്ലിംഗുകളും വീൽ ചെയർ, സ്ട്രെക്ച്ചർ എന്നിവ എത്തിക്കാനുള്ള സംവിധാനങ്ങളും , വാർഡിലും കുളിമുറികളിലും വൃദ്ധരായവർക്ക് പിടിച്ച് നടക്കുന്നതിനുള്ള സംവിധാനങ്ങളും ആവശ്യമാണ്.

5.1.25.11 ആവർത്തിച്ച് റിപ്പയർ ചെയ്യേണ്ടിവരുന്ന ശുചിമുറികൾ എച്ച്.എം.സി ഫണ്ട് ഉപയോഗം ഗണ്യമായി കൂട്ടുന്നു. ഇവയെല്ലാം തന്നെ അടിയന്തിര ശ്രദ്ധ പതിയേണ്ടവയാണ്. ശുചിത്വത്തിന് ഊന്നൽ നൽകി ആശുപത്രി മാലിന്യ സംസ്കരണത്തിനും ഒരു സംവിധാനം അത്യന്താപേക്ഷിതമാണ്. നാപ്കിൻ ഇൻസിനറേറ്റർ , കമ്പോസ്റ്റ് യൂണിറ്റ്, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നത് ഇതിനൊരു പരിഹാരമാണ്. ആശുപത്രി മാലിന്യം നീക്കം ചെയ്യുന്നതിന് ക.ങ.അ യുടെ കീഴിലുള്ള 'കാമഴല' സംവിധാനത്തിൻറെ സഹകരണം ആവശ്യമാണ്.

5.1.25.12 പാരാമെഡിക്കൽ ജീവനക്കരുടെ കുറവാണ് മറ്റൊരു പ്രധാന പ്രശ്നം. ഇതുമൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് വിവരണാതീതമാണ്. ഫാർമസിയിലെ മരുന്നുകൾ സൂക്ഷിക്കുന്നതിന് വിപുലമായ സ്റ്റോർ റൂം അത്യാവശ്യമാണ്. 24 ലക്ഷത്തോളം രൂപയ്ക്കുള്ള മരുന്ന് എല്ലാ വർഷവും ജില്ലാ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ലഭിക്കുന്നുണ്ട് എങ്കിലും , മുഴുവൻ മരുന്നും ഒരുമിച്ച് സൂക്ഷിക്കുവാൻ സ്ഥലപരിമിതിയുണ്ട്. ഹോംകോ ആലപ്പുഴയിൽ നിന്നും ഘട്ടം ഘട്ടമായിട്ടാണ് ഇവ ലഭിക്കുന്നത് എന്നത് രോഗികൾക്ക് ബുദ്ധിമുട്ടും ലഭ്യതക്കുറവും ഉണ്ടാക്കുന്നുണ്ടെങ്കിലും സ്ഥലപരിമിതിമൂലമുള്ള ബുദ്ധിമുട്ട് നേരിടാൻ സാധിക്കുന്നത് ഇതിനാലാണ്. ഹോംകോയുടെ ഒരു സെയിൽസ് ഔട്ലെറ്റ് ആശുപത്രിയോട് ചേർന്ന് തുടങ്ങുന്നത് ഒരു പോംവഴിയാണ്. ലാഭം ആശുപത്രിയിലേക്കോ ജില്ലാ പഞ്ചായത്തിലേക്കോ വക ചേർക്കുന്ന രീതിയിലായാൽ മരുന്നുകൾ ലഭ്യമല്ലാത്ത കാലഘട്ടത്തിൽ ഫാർമസി തേടി രോഗികൾ പോകുന്ന ബുദ്ധിമുട്ട് കുറയും.

5.1.25.13 ആശുപത്രിയിൽ വന്ന് കാത്തിരിക്കുന്ന രോഗികൾക്ക് ഭക്ഷണ സംവിധാനവും ഈ കോമ്പൗണ്ടിൽ ലഭ്യമല്ല. കിടപ്പു രോഗികൾക്ക് കൂട്ടിരിക്കുന്നവർക്കും ഇത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ആയതിനു പരിഹാരമായി ഒരു കാൻറീൻ തുടങ്ങുക എന്നതാണ് പോംവഴി. പെയിൻ & പാലിയേറ്റീവ് രോഗികളേയും അത്യാവശ്യഘട്ടങ്ങളിൽ മറ്റു രോഗികളേയും ഷിഫ്റ്റ് ചെയ്യുന്നതിന് നിലവിൽ യാതൊരു സംവിധാനവും ഇവിടെ ലഭ്യമല്ല. ആയതിനാൽ തന്നെ സ്ഥാപനത്തിന് ഒരു ആംബുലൻസും അത്യാവശ്യമാണ്. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും ഗവ:ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. ഈ വർഷം ആദ്യം 13 സ്ഥാപനങ്ങൾ പ്രഖ്യാപിച്ചിരുന്നു എങ്കിലും ഫലത്തിൽ അവ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ കാണുന്നില്ല. എല്ലാ പഞ്ചായത്തുകളിലും സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങേണ്ടത്, ജില്ലാ ഹോമിയോ ആശുപത്രിയിലെ തിരക്ക് കുറയ്ക്കുന്നതിനും ഇതൊരു റഫറൽ സെൻററായി മാറ്റുന്നതിനും ആവശ്യമാണ്. പാലക്കാട് ജില്ലക്ക് ആകെ ഒരു ആശുപത്രി മാത്രമാണുള്ളത്. ആയതിനാൽ താലൂക്ക് അടിസ്ഥാനത്തിൽ 10

ബെഡ്ഡുകൾ ഉള്ള ആശുപത്രികൾ തുടങ്ങേണ്ടതുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും ഇത് സഹായിക്കും.

5.1.25.14 സീതാലയം ,സദ്ഗമയ, യോഗ , പെയിൻ & പാലിയേറ്റീവ് എന്നീ സംവിധാനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിൻറെ ഭാഗമായി ബ്ലോക്ക് തലത്തിൽ ഫെസിലിറ്റേഷൻ സെൻററുകൾ തുടങ്ങുന്നതും സീതാലയം സദ്ഗമയ പോലുള്ളവയെ സർവ്വീസ് പ്രൊവൈഡറുകൾ ആയി അംഗീകരിക്കുന്നതും നല്ലതാണ്. ബ്ലോക്ക് തലത്തിൽ ആശുപത്രികൾ തുടങ്ങുന്നത് റഫറൽ സംവിധാനത്തിന് സഹായകരമാവും.

5.1.25.15 രോഗപ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വോളൻററി ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ നല്ല രീതിയിൽ ഈ വകുപ്പിൽ നിന്നും നടത്തുന്നുണ്ട് എങ്കിലും സ്വന്തമായ വാഹനം , ഫീൽഡ് സ്റ്റാഫ് എന്നിവയുടെ അഭാവം ഡോക്ടർമാർക്ക് നല്ല ബുദ്ധിമുട്ട് നൽകുന്നുണ്ട്. എങ്കിലും സ്വന്തം സ്ഥാപനത്തിൽ സ്റ്റാഫ് ഷോർട്ടേജ് ഉണ്ടെങ്കിൽപ്പോലും ഈ ബുദ്ധിമുട്ടുകൾക്കിടയിലും ആത്മാർത്ഥമായ സേവനം നൽകുന്ന ഡോക്ടർമാരും, പാരാമെഡിക്കൽ ജീവനക്കാരുമാണ് ഈ വകുപ്പിന്റെ ശക്തി. ഞഅഴഇഒ എന്ന സംവിധാനത്തിലൂടെയാണ് പ്രതിരോധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.

5.1.25.16 ഇന്നും വൈദ്യുതി ലഭിക്കാത്ത സ്ഥാപനങ്ങൾ ഈ ജില്ലയിലുണ്ട്. അട്ടപ്പാടി മേഖലയിലുള്ള ചിണ്ടക്കി ഡിസ്പെൻസറിയിൽ ഇനിയും വൈദ്യുതി ലഭിച്ചിട്ടില്ല. 1 കെ.വി. റൂഫ് ടോപ്പ് സോളാർ യൂണിറ്റുകൾ എല്ലാ സ്ഥാപനങ്ങളിലും അനർട്ട് സബ്സിഡിയോടെ സ്ഥാപിക്കുന്നത് ഇതിന് ഒരു പോംവഴിയാണ്. മലമ്പുഴ ഗവ:ഹോമിയോ ഡിസ്പെൻസറിയിൽ പഞ്ചായത്ത് പ്രോജക്റ്റ് മുഖേന ഇത് നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ ഹോമിയോ ആശുപത്രിയിലും റൂഫ് ടോപ്പ് വൈദ്യുത യൂണിറ്റ്, സോളാർ വാട്ടർ ഹീറ്റർ എന്നിവ പ്രവർത്തിക്കുന്നു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഈ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

5.1.25.17 ആനക്കര ഗവ:ഹോമിയോ ഡിസ്പെൻസറിക്ക് സ്ഥലം ലഭ്യമായെങ്കിലും 4 വർഷമായി സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ സ്വന്തം കെട്ടിടം നിർമ്മിക്കുവാനായിട്ടില്ല. സ്ഥലത്തിൻറെ അനുമതിയാണ് പ്രശ്നം. വല്ലപ്പുഴ , കൊപ്പം എന്നീ സ്ഥാപനങ്ങൾക്ക് സ്വന്തമായി കെട്ടിടമില്ല. ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെൻറ്പല സ്ഥാപനങ്ങൾക്കും അത്യാവശ്യമാണ്. മലമ്പുഴ ഗവ:ഹോമിയോ ഡിസ്പെൻസറി കെട്ടിടം വാസയോഗ്യമല്ല. എരുത്തേമ്പതി, ചിറ്റൂർ മേഖലകളിലുള്ള സ്ഥാപനങ്ങളിൽ ജലദൗർലഭ്യവും രൂക്ഷമായിരിക്കുന്നു. സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി മരുന്ന് ലഭിക്കേണ്ടതും അത്യാവശ്യമാണ്. പറമ്പിക്കുളം, അട്ടപ്പാടി, നെല്ലിയാമ്പതി മേഖലകളിൽ നടത്തിയ എ.ടി.എസ്.പി സബ് പ്രോജക്റ്റ് ക്യാമ്പുകളിൽ കൂടി ഗുരുതരമായ രീതിയിൽ വിളർച്ച, ലഹരി ആസക്തി/കരൾ രോഗം, ത്വക് രോഗങ്ങൾ, വിരശല്യം എന്നിവ കണ്ടെത്തിയിരുന്നു. വൃത്തിഹീനമായ ചുറ്റുപാടുകളിലെ ജീവിതവും ഇതിനു കാരണമാകാം. തുടർ ചികിത്സ ലഭ്യമാക്കുക എന്നതാണിവിടെയുള്ള വെല്ലുവിളി. ഇതിനായി ഒരു മൊബൈൽ ടൈബൽ ക്ലിനിക് തുടങ്ങുന്നത് അഭികാമ്യമാണ്. ടെലിമെഡിസിൻ യൂണിറ്റുകളുമായി ഇവയെ ബന്ധിപ്പിക്കുകയാണെങ്കിൽ എല്ലാ സിസ്റ്റം ഓഫ് മെഡിസിനിൽ ഉള്ളവർക്കും ഡാറ്റ ലഭ്യമാക്കാവുന്നതും സമയോചിതമായ ഇടപെടലുകൾ നടത്താവുന്നതുമാണ്. ഇതിനു പുറമെ പലമേഖലകളിലും നടത്തിയിട്ടുള്ള ക്യാമ്പുകളിലൂടെ കൗമാരപ്രായക്കാരിലെയും വൃദ്ധജനങ്ങളിലെയും അസുഖങ്ങൾ വിളർച്ച എന്നിവ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. അസുഖങ്ങൾ തരംതിരിച്ചൊരു ഡാറ്റാബേയ്സ് ഓരോ പഞ്ചായത്തിനു കീഴിലും ഉണ്ടാകുന്നത് ആരോഗ്യനിലവാരം അറിയുന്നതിനും ഏത് അസുഖം ഏത് മേഖലയിൽ കൂടുതലായി കാണപ്പെടുന്നു എന്നതറിയുന്നതിനും, സമയോചിതമായി ഇടപെടുന്നതിനും സഹായിക്കും. സമഗ്ര ആരോഗ്യ പരിരക്ഷയ്ക്ക്

ഉതകുംവിധം രോഗ നിർണ്ണയ ക്യാമ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കാവുന്നതാണ്.

5.1.25.18 കുടുംബ പ്രശ്നങ്ങൾ, കൗമാര ആരോഗ്യപ്രശ്നങ്ങൾ എന്നിവയ്ക്കും പഠന വൈകല്യങ്ങൾക്കും , വന്ധ്യത, ലഹരിമോചനം എന്നിവയ്ക്കും ഊന്നൽ നൽകുന്ന സീതാലയം, സദ്ഗമായ പദ്ധതികൾ, ജീവിത ശൈലീരോഗ നിയന്ത്രണത്തിനായുള്ള ആയുഷ് ഹോളിസ്റ്റിക് സെൻറർ, പെയിൻ ആൻറ് പാലിയേറ്റീവ് എന്നിവ കേന്ദ്രീകരിച്ചും ചികിത്സ കൗൺസിലിംഗ്, യോഗ ട്രൈയ്നിംഗ് എന്നിവയെല്ലാം ചേർത്ത് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ക്യാമ്പുകൾ നടത്താവുന്നതുമാണ്.

5.1.25.19 ഇതിനു പുറമെ കാലാകാലങ്ങളിലുള്ള അറ്റകുറ്റപ്പണികൾ , ഫർണീച്ചർ, മരുന്ന്, കമ്പ്യൂട്ടർ സംവിധാനങ്ങൾ എന്നിവയും സ്ഥാപനങ്ങൾക്ക് അത്യാവശ്യമാണ്.ആശുപത്രികളും ഡിസ്പെൻസറികളുമായി ജില്ലയിൽ 99 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. എന്നാൽ എല്ലാതദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും, ഡിസ്പെൻസറികളില്ല. സാധാരണക്കാരിൽ വളരെയധികം ഹോമിയോപ്പതി വിശ്വാസം ആർജ്ജിച്ചിട്ടുണ്ട്. ഹോമിയോ ജില്ലാ ഓഫീസ് സൗകര്യപ്രദമായ സ്ഥലത്തല്ല പ്രവർത്തിയ്ക്കുന്നത്. 1991 ൽ പ്രവർത്തനം തുടങ്ങിയ കാലത്തുള്ള സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. സ്വകാര്യ മേഖലയിൽ വളരെയധികം ഹോമിയോ ക്ലിനിക്കുകൾ പ്രവർത്തിയ്ക്കുന്നുണ്ട്. മെഡിക്കൽ ബിരുദമില്ലാത്തവരും ഈ രംഗത്ത് ചികിത്സ നടത്തുന്നുണ്ട്.

പട്ടിക 5.1.19

വിഭാഗം	പ്രവർത്തിക്കുന്നത്
ആശുപത്രി	1
ഡിസ്പെൻസറി	49
എൻ.എച്ച്.എം ഡിസ്പെൻസറി	29
എസ്.ടി.പി സെൻറർ	3

5.1.25.20 എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലും ഡിസ്പെൻസറികൾ സ്ഥാപിക്കുക, പശ്ചാത്തല സൗകര്യമില്ലാത്തവർക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക, ജില്ലാ ഓഫീസിന് സൗകര്യപ്രദമായ കെട്ടിടവും വാഹനസൗകര്യവും മാനദണ്ഡപ്രകാരമുള്ള ജീവനക്കാരെ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ചികിത്സയോടൊപ്പം രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിന് വാർഷിക പദ്ധതികളിൽ കൂടുതൽ പരിഗണന ലഭിക്കേണ്ടതുണ്ട്.

5.1.26 പ്രശ്നങ്ങൾ

- പകർച്ച വ്യാധികളുടെ ആധിക്യം
- വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ
- കുട്ടികളുടെ രോഗപ്രതിരോധ കുത്തിവെയ്പ്പിന്റെ കവറേജ് കുറവ്
- ജനസംഖ്യ ആനുപാതികമായി ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്
- ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- ജില്ലാ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി എന്നിവിടങ്ങളിലെ ജീവനക്കാരുടെ തസ്തിക ഇല്ലായ്മ
- ജില്ലാ മെഡിക്കൽ ഓഫീസറിന്റെ പരിമിതികളും സൌകര്യമില്ലായ്മയും
- ആശുപത്രികളിലെത്തുന്ന രോഗികൾക്ക് മതിയായ സൌകര്യങ്ങൾ ലഭിക്കുന്നില്ല.
- റഫറൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തത

- വയോജനങ്ങൾക്ക് ആനുപാതികമായി പ്രശ്നപരിഹാരങ്ങൾക്കുള്ള സൌകര്യക്കുറവ്
- ഗുണനിലവാരമുള്ള ആരോഗ്യ അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്
- ഇതര സംസ്ഥാന തൊഴിലാളികൾ, പാർശ്വവത്കൃത വിഭാഗങ്ങൾ (എസ്.ടി, മത്സ്യതൊഴിലാളികൾ) ആരോഗ്യ സംരക്ഷണത്തിലുള്ള അപര്യാപ്തത
- തദ്ദേശിയ മലമ്പനി കേസുകൾ, റെസിസ്റ്റന്റ് ടി.ബി കേസുകൾ എന്നിവയുടെ വ്യാപനം
- ആശുപത്രികളിൽ വാഹന സൌകര്യക്കുറവ്, മെറ്റേർണിറ്റി സെന്ററിന്റെ അപര്യാപ്തത
- പോഷകാഹാരക്കുറവ്, സിസേറിയൻ നിരക്കുകളുടെ വർദ്ധനവ് എന്നിവ
- ആയുർവ്വേദ ഡിസ്പെൻസറികളുടെ അടിസ്ഥാന സൌകര്യക്കുറവ്.
- പകർച്ച വ്യാധികളുടെ ആധിക്യം
- വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ
- കുട്ടികളുടെ രോഗപ്രതിരോധ കുത്തിവെയ്പ്പിന്റെ കവറേജ് കുറവ്
- ജനസംഖ്യ ആനുപാതികമായി ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ്
- ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൌതിക സാഹചര്യങ്ങളുടെ അപര്യാപ്തത
- ജില്ലാ, താലൂക്ക് ആശുപത്രികൾ, സി.എച്ച്.സി എന്നിവിടങ്ങളിലെ ജീവനക്കാരുടെ തസ്തിക ഇല്ലായ്മ
- ജില്ലാ മെഡിക്കൽ ഓഫീസറിന്റെ പരിമിതികളും സൌകര്യമില്ലായ്മയും
- ആശുപത്രികളിലെത്തുന്ന രോഗികൾക്ക് മതിയായ സൌകര്യങ്ങൾ ലഭിക്കുന്നില്ല.
- റഫറൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തത
- വയോജനങ്ങൾക്ക് ആനുപാതികമായി പ്രശ്നപരിഹാരങ്ങൾക്കുള്ള സൌകര്യക്കുറവ്
- ഗുണനിലവാരമുള്ള ആരോഗ്യ അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്
- ഇതര സംസ്ഥാന തൊഴിലാളികൾ, പാർശ്വവത്കൃത വിഭാഗങ്ങൾ (എസ്.ടി, മത്സ്യതൊഴിലാളികൾ) ആരോഗ്യ സംരക്ഷണത്തിലുള്ള അപര്യാപ്തത
- തദ്ദേശിയ മലമ്പനി കേസുകൾ, റെസിസ്റ്റന്റ് ടി.ബി കേസുകൾ എന്നിവയുടെ വ്യാപനം
- ആശുപത്രികളിൽ വാഹന സൌകര്യക്കുറവ്, മെറ്റേർണിറ്റി സെന്ററിന്റെ അപര്യാപ്തത
- പോഷകാഹാരക്കുറവ്, സിസേറിയൻ നിരക്കുകളുടെ വർദ്ധനവ് എന്നിവ
- ആയുർവ്വേദ ഡിസ്പെൻസറികളുടെ അടിസ്ഥാന സൌകര്യക്കുറവ്.

5.1.27 <u>സാദ്ധ്യതകൾ/ നിർദ്ദേശങ്ങൾ</u>

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലും ഡിസ്പെൻസറികൾ സ്ഥാപിയ്ക്കുക, പശ്ചാത്തല സൗകര്യമില്ലാത്തവർക്ക് സ്വന്തമായി കെട്ടിടം നിർമ്മിയ്ക്കുക, ജില്ലാ ഓഫീസിന് സൗകര്യപ്രദമായ കെട്ടിടവും, വാഹന സൗകര്യവും മാനദണ്ഡ പ്രകാരമുള്ള ജീവനക്കാരെ ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. ചികിത്സയോടൊപ്പം രോഗ പ്രതിരോധ പ്രവർത്തനങ്ങളിൽ കൂടുതൽ ഊന്നൽ നൽകുന്നതിന് വാർഷിക പദ്ധതികളിൽ കൂടുതൽ പരിഗണന ലഭിയ്ക്കേണ്ടതുണ്ട്.
- ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിയ്ക്കേണ്ടതാണ്

- വിവിധ ആരോഗ്യ മേഖലകളെ കോർത്തിണക്കി ഫലപ്രദമായി രോഗ നിരീക്ഷണ സംവിധാനത്തിനുള്ള ജില്ലാതല നെറ്റ്‌വർക്ക് രൂപീകരിയ്ക്കാം. ഇത് പകർച്ച വ്യാധി പ്രതിരോധ നടപടികൾക്ക് ഗുണകരമാവും.
- സ്പോൺസർഷിപ് വഴി ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.
- വിവിധ രോഗങ്ങളാൽ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെട്ട രോഗികൾക്ക് ജനകീയ സംരംഭങ്ങളിലൂടെ ഭക്ഷണം സൗജന്യമായി നൽകാവുന്നതാണ്.
- ആശുപത്രികൾ ജനകീയ സൗഹൃദമാക്കുന്നതതിനായി ജനകീയ സഹായത്തോടെ ഹെല്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
- ലാബുകളിൽ പകർച്ച വ്യാധികൾ പരിശോധിയ്ക്കുന്നതിന് ആവശ്യമായ കിറ്റുകൾ ഉണ്ടെന്ന് ഉറപ്പാക്കുക.

പ്രശ്നങ്ങൾ

- മാറിയ ജീവിത ശൈലി
- ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം
- പര്യാപ്തമായ ആരോഗ്യ സബ് സെന്ററുകൾ/പി.എച്ച്.സി-കൾ പിന്നാക്ക മേഖലകളിൽ നിലവിലില്ല
- അംഗനവാടി സൗകര്യങ്ങളും പോഷണ കിറ്റുകളും അപര്യാപ്തം
- ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് തുടർച്ചയില്ലാത്തതും, യുവാക്കളെ ആകർഷിയ്ക്കാൻ കഴിയാത്തതും
- വർദ്ധിയ്ക്കുന്ന പുകയില-മദ്യം-വ്യാപക ഉപയോഗം
- ആധുനിക ശുചിത്വ അവബോധമില്ലായ്മ
- ഒറ്റപ്പെട്ട വനാന്തര മേഖലകളിൽ വീട്ടു പ്രസവങ്ങൾ സംഭവിയ്ക്കുന്നു
- ഭിന്നശേഷിക്കാർക്ക് സൗഹൃദമായ അന്തരീക്ഷവും, വ്യക്തിഗത സേവനങ്ങളും ലഭിയ്ക്കുന്നില്ല
- കിടപ്പു രോഗികളും രോഗികളായ അഗതികളും വർദ്ധിയ്ക്കുന്നത്
- ആശുപത്രിയിൽ പോകാനുള്ള മാനസിക വൈമുഖ്യം
- അട്ടപ്പാടിയിൽ 2 ഒ.പി ക്ലിനിക്കുകളും, പറമ്പിക്കുളം കുരിയാർകുറ്റിയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും പ്രവർത്തിയ്ക്കുന്നു.
- അട്ടപ്പാടിയിലെ ഊരുകളിൽ ലഭിയ്ക്കുന്ന ആരോഗ്യ സേവനങ്ങൾ മറ്റു ഊരുകളിൽ ലഭ്യമാകാൻ വേണ്ട സംവിധാനങ്ങളില്ല.

നിർദ്ദേശങ്ങൾ

- പട്ടികവർഗ്ഗക്കാർ ആശ്രയിയ്ക്കുന്ന പി.എച്ച്.സി-കൾ സി.എച്ച്.സി-കളായി ഉയർത്തുകയോ പ്രസവ വിഭാഗമുൾപ്പെടെ കിടത്തി ചികിത്സാ സൗകര്യങ്ങൾ ആരംഭിയ്ക്കുക.
- പട്ടിക വർഗ്ഗക്കാർ കൂടുതലായി ആശ്രയിയ്ക്കുന്ന മുഴവൻ സി.എച്ച്.സി കളിലും പി.എച്ച്.സി കളിലും ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിയ്ക്കുക.
- ട്രൈബൽ ആശാ വർക്കർമാർ എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ മേഖലയ്ക്ക് വേണ്ടി ടി വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം കൊടുത്ത് നിയമിയ്ക്കണം.

- ഭിന്നശേഷി/നിത്യ രോഗി(കിടപ്പ്)-യുള്ളവരെ സർവേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിയ്ക്കണം.
- പാരമ്പര്യ ചികിത്സാ അറിവുകൾ സംരക്ഷിയ്ക്കാനും പകരാനും പ്രത്യേക പദ്ധതി (ഗവേഷണ ചികിത്സാ വിഭാഗം ഉൾപ്പെടെ) നടപ്പിലാക്കണം.
- ആധുനിക സൗകര്യങ്ങളുള്ള ആംബുലൻസ് ഉൾപ്പെടെ മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാധ്യമാക്കൽ
- വനാന്തര ഊരുകളിലെ കുട്ടികൾക്ക് പ്രത്യേക പോഷണ കിറ്റുകളുടെ ഭക്ഷ്യ സഹായ കിറ്റുകൾ
- തുടർച്ചയായുള്ളതും സൗഹാർദ്ദപരവുമായ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ
- വിവിധ ആരോഗ്യ വകുപ്പുകളുടെയും എക്സൈസ് വകുപ്പിന്റെയും ഏകോപനവും സംയുക്ത പദ്ധതി പ്രവർത്തനങ്ങളും അനിവാര്യം
- എം.ഡി.ആർ ടി.ബി കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതാണ്
- ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനായി മാതൃ ശിശു പരിപാലന കേന്ദ്രം ആരംഭിയ്ക്കുക. പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ കോളനിയിൽ നിന്ന് തന്നെയുള്ള പരിശീലനം നേടിയ നഴ്സിന്റെ സേവനം ലഭ്യമാക്കുക.
- പഞ്ചായത്ത് തലത്തിൽ ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിയ്ക്കുക. ടി കേന്ദ്രത്തിൽ കൗൺസിലിംഗ് , മാനസിക രോഗ നിർണ്ണയം, ചികിത്സയ്ക്ക് വേണ്ട നിർദ്ദേശം, തുടർ പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടെയും, സൈക്കോളജിസ്റ്റിന്റെയും സേവനങ്ങൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്. ഇത്തരമൊരു സ്ഥാപനം ഒന്നാം ഘട്ടം എന്ന നിലയിൽ മണ്ണാർക്കാട് കേന്ദ്രീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക
- സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിയ്ക്കുക.
- ട്രൈബൽ മേഖല കേന്ദ്രീകരിച്ച് ഒരു ഡി അഡിക്ഷൻ സെന്റർ ആരംഭിക്കുക
- അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാത്ത പോഷകാഹാരം ഉറപ്പാക്കുക
- പട്ടിക വർഗ്ഗ ആരോഗ്യവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് മാതൃകയിൽ ഒരു ക്വിക്ക് റെസ്പോൺസ് ടീം രൂപീകരിയ്ക്കാവുന്നതാണ്
- അഗതികൾ, പ്രത്യേക പരിചരണം ആവശ്യമുള്ളവർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികളെ ആശുപത്രിയിൽ കൂട്ടിരുന്ന് പരിചരിയ്ക്കുന്നതിനായി പ്രത്യേക പരിശീലനം നേടിയിട്ടുള്ളവരെ നിയോഗിയ്ക്കാവുന്നതാണ്
- വീടുകളിലെ പ്രസവം ഒഴിവാക്കുന്നതിന് തീയതി എടുത്തിട്ടുള്ള ഗർഭിണികളെ മുൻകൂട്ടി താമസിപ്പിയ്ക്കുന്നതിനായി ഗൃഹാന്തരീക്ഷത്തോട് കൂടിയ ഒരു സാറ്റലൈറ്റ് സെന്റർ ആരംഭിയ്ക്കാവുന്നതാണ്.

- മരണാനന്തര ചെലവുകൾ നിർവ്വഹിയ്ക്കുന്നതിനായി ധനസഹായം അനുവദിയ്ക്കുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിയ്ക്കാവുന്നതാണ്.
- ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അശരണർക്കും വൃദ്ധർക്കും ആഹാരം നൽകാവുന്നതാണ്
- കൗമാരക്കാരായ പെൺകുട്ടികൾക്ക് എന്നപോലെ കൗമാരക്കാരായ ആൺകുട്ടികൾക്കും പോഷകാഹാര കിറ്റുകൾ അനുവദിയ്ക്കുന്നത് പരിഗണിയ്ക്കാവു ന്നതാണ്.
- എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് അനുവദിയ്ക്കുക

5.1.28 പകർച്ച വ്യാധി

5.1.28.1 ഡെങ്കിപ്പനി,വയറിളക്ക രോഗങ്ങൾ ഹെപ്പറ്റൈറ്റിസ് എ തുടങ്ങിയ രോഗങ്ങളാണ് കൂടുതൽ കാണുന്നത്. ജന്തുജന്യ രോഗങ്ങളിൽ എലിപ്പനിയാണ് കൂടുതൽ കാണുന്നത്. ഇതര ദേശ തൊഴിലാളികളിലും തദ്ദേശ വാസികളിലും മലമ്പനി കേസുകൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. ടി.ബി, എച്ച്1.എൻ1, ചിക്കൻപോക്സ് തുടങ്ങി വായുജന്യ രോഗങ്ങളും കാണപ്പെടുന്നു.

പട്ടിക 5.1.20

പകർച്ചവ്യാധികൾ

രോഗം		2013	2014	2015	2016	2017
മലേറിയ	എണ്ണം	76	67	44	43	36
	മരണം	0	0	0	0	0
ടൈഫോയ്ഡ്	എണ്ണം	535	433	555	225	183
	മരണം	0	0	0	0	0
ജെ.ഇ	എണ്ണം	1	1	10	8	4
	മരണം	0	0	0	2	3
ചിക്കൻപോക്സ്	എണ്ണം	77	199	202	336	647
	മരണം	0	6	4	2	2
ഡെങ്കിപ്പനി	എണ്ണം	1991	639	1617	1307	9829
	മരണം	11	7	11	8	45
എലിപ്പനി	എണ്ണം	106	114	91	101	79
	മരണം	14	10	12	11	16
മഞ്ഞപ്പിത്തം എ	എണ്ണം	144	114	247	261	64
	മരണം	0	0	1	3	0
മഞ്ഞപ്പിത്തം ബി	എണ്ണം	31	70	87	68	71
	മരണം	1	1	1	0	0
കോളറ	എണ്ണം	0	12	0	3	0
	മരണം	0	1	0	0	0
എച്ച്.1 എൻ 1	എണ്ണം	15	0	84	18	167
	മരണം	10	0	8	1	10
ടി.ബി	എണ്ണം	2147	2289	2206	2221	1446
	മരണം	60	44	35	35	0
കുഷ്ഠം	എണ്ണം	125	88	8	54	0
	മരണം	0	0	0	0	0

5.1.28.2 സംസ്ഥാനത്തെ മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്തമായി പകർച്ച വ്യാധികളുടെ ആധിക്യം പാലക്കാട് ജില്ലയിൽ കൂടുതലാണ്. ജില്ലയുടെ കിഴക്കും, പടിഞ്ഞാറും പ്രദേശങ്ങൾ വ്യത്യസ്തമായ ഭൂപ്രകൃതിയും, കാലാവസ്ഥയും നിലവിൽ നിൽക്കുന്നു. തമിഴ്നാടിനോട് അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ ഡെങ്കു, എച്ച്1.എൻ1 തുടങ്ങിയ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്. കാലാവസ്ഥ വരണ്ടതും കാറ്റ് കൂടുതുമായതിനാൽ വൈറൽ അസുഖങ്ങളും ശ്വാസകോശ രോഗങ്ങളും കൊതുകു ജന്യ രോഗങ്ങളും കൂടുതലായി കണ്ടു വരുന്നു. അതോടൊപ്പം തന്നെ ടി ബി കോളറ മൂലമുള്ള മരണങ്ങളും ഈ രംഗത്ത് ആശങ്കയുളവാക്കുന്ന പ്രശ്നങ്ങളാണ്. കൊതുകു ജന്യ രോഗങ്ങളും വയറിളക്ക രോഗങ്ങളും പ്രശ്നമായി തുടരുന്നുണ്ട്.

5.1.29 നിരീക്ഷണങ്ങൾ

- ജില്ലയിൽ പകർച്ച വ്യാധികൾ ഗൗരവമായി തുടരുന്നുണ്ട്.
- ജനസംഖ്യാ ആനുപാതികമായി ഫീൽഡ് തല ആരോഗ്യ പ്രവർത്തകരുടെ കുറവ് ഇതിന് ആക്കം കൂട്ടുന്നു.
- പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്ക് ജനകീയ പങ്കാളിത്തം ഉണ്ടാവുന്നില്ല
- പ്രാദേശിക തലത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം ഫലപ്രദമായി നടക്കുന്നില്ല
- എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ലാബുകളില്ലാത്തത് പ്രതിസന്ധി സൃഷ്ടിയ്ക്കുന്നുണ്ട്.
- മാലിന്യ സംസ്കരണം ഇല്ലാത്തതും ശുദ്ധമായ കുടിവെള്ളം ഇല്ലാത്തതും കുടിവെള്ള ക്ഷാമവും പകർച്ച വ്യാധികൾ പെരുകാൻ ഇടയാക്കുന്നുണ്ട്.
- രോഗ നിരീക്ഷണ സംവിധാനം കാര്യക്ഷമമാക്കേണ്ടതുണ്ട്.
- രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും താഴെത്തട്ടിൽ നിർണ്ണായക പങ്ക് വഹിയ്ക്കേണ്ട വാർഡ് തല ശുചിത്വ സമിതികൾ സജീവമല്ല. വാർഡ് തല ഫണ്ടുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനോ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനോ കഴിയുന്നില്ല.
- ക്ഷയ രോഗികളുടെ പ്രിവലൻസ് നിരക്കനുസരിച്ച് കണ്ടെത്താൻ കഴിയുന്നില്ല. ക്ഷയ രോഗികളുടെ മരണം ഒരു പ്രശ്നമായി തുടരുന്നു.

<u>സാധ്യതകൾ/ നിർദ്ദേശങ്ങൾ / പരിഹാരങ്ങൾ</u>

- വിവിധ ആരോഗ്യ മേഖലകളെ കോർത്തിണക്കി ഫലപ്രദമായി രോഗനിരീക്ഷണ സംവിധാനത്തിനുള്ള പ്രാദേശിക നെറ്റ് വർക്ക് രൂപീകരിക്കാം. ഇത് പകർച്ചവ്യാധി പ്രതിരോധ നടപടികൾക്ക് ഗുണകരമാകും.
- ആരോഗ്യസേന പോലുള്ള ജനകീയ പ്രതിരോധസംവിധാനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും രൂപവൽക്കരിക്കാവുന്നതാണ്.
- വകുപ്പ് തല സംയോജനവും ഏകോപനവും ശക്തിപ്പെടുത്താം
- പകർച്ചവ്യാധി പ്രതിരോധ പദ്ധതികൾ തയ്യാറാക്കണം
- പകർച്ചവ്യാധി പ്രതിരോധത്തിന് ജനകീയ മോണിറ്ററിംഗ് സമിതികൾ ഉണ്ടാകണം
- ശ്വാസ് ക്ലിനിക്കുകളുടെ പ്രവർത്തനം എല്ലാ പി.എച്ച്.സി കളിലും ശക്തിപ്പെടുത്തണം

- ആയുഷ് വിഭാഗങ്ങളെ ഏകോപിപ്പിച്ച് പ്രവർത്തിക്കണം.
- കുടിവെള്ള പരിശോധന നടത്താനുള്ള സൌകര്യങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തിലെയും പ്ലസ്ടു വിദ്യാലയങ്ങൾ മുഖാന്തിരം നടത്താനുള്ള സൌകര്യങ്ങൾ ഉണ്ടാകണം.
- ഔഷധോദ്യാനങ്ങളുടെ നിർമ്മാണം
- ലാബുകളിൽ പ്രധാനപ്പെട്ട എല്ലാ പകർച്ചവ്യാധികളും പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.
- ലാബുകളിൽ പ്രധാനപ്പെട്ട എല്ലാ പകർച്ചവ്യാധികളും പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാകണം.
- ഗ്രാമപഞ്ചായത്ത് തലത്തിൽ രക്ത/അവയവ/മൃതദേഹ ദാന സേനകൾ ഉണ്ടാകണം.
- സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മാലിന്യ, ശുചിമുറി സംവിധാനങ്ങൾ നിർബന്ധമാക്കണം.
- ക്ഷയരോഗ ബാധിതരെ കണ്ടെത്തുന്നതിനുവേണ്ടി ജനകീയ ഇടപെടൽ വേണം
- വിദ്യാഭ്യാസവകുപ്പിന്റെ സഹായത്തോടുകൂടി സ്കൂൾ വിദ്യാർത്ഥികളിലൂടെ ബോധവത്കരണവും, രോഗപ്രതിരോധ പ്രവർത്തനങ്ങളും വീടുകളിൽ എത്തണം
- എല്ലാ വർഷവും ഉണ്ടാകുന്ന പകർച്ചവ്യാധികാലത്തിന് മുമ്പുതന്നെ (മെയ്, ജൂൺ, ജൂലൈ) അത് തടയുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങളും സജ്ജീകരണങ്ങളും നേരത്തെതന്നെ (ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ) ഗ്രാമപഞ്ചായത്തുകളിൽ ആരോഗ്യകേന്ദ്രത്തിൽ സജ്ജമാക്കണം.
- വാർഡുതല ശുചിത്വസമിതികൾ എല്ലാ മാസവും കൂടുകയും കൂടുതൽ ചലനാത്മകവും, സമയബന്ധിതമായും പ്രവർത്തന സജ്ജമാക്കണം.
- ജില്ലാ – ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗങ്ങളിൽ എല്ലാ മാസവും പകർച്ചവ്യാധികളുടെ നിലവിലെ അവസ്ഥകൾ ചർച്ചപ്പെടുകയും നിർദ്ദേശങ്ങളും ഇടപെടലുകളും ഉണ്ടാകണം.
- ജില്ലാടിസ്ഥാനത്തിൽ ഒരു പബ്ലിക്ക് ഹെൽത്ത് ലാബ് ഉണ്ടാകണം
- വിദ്യാർത്ഥികൾക്ക് പരീക്ഷ പാസ്സാകാൻ സാമൂഹ്യ സേവന സർട്ടിഫിക്കറ്റ് നിർബന്ധമാക്കണം
- പഞ്ചായത്ത് തലത്തിൽ ക്ലബുകൾ, വായനശാലകൾ എന്നിവക്ക് ഗ്രാൻഡുകൾ അനുവദിക്കുമ്പോൾ സാമൂഹ്യ പ്രവർത്തനങ്ങൾ മാനദണ്ഡമാക്കണം.
- വിദ്യാർത്ഥികളുടെ എസ്.പി.സി, സ്കൌട്ട്, എൻ.എസ്.എസ് ക്യാമ്പുകൾക്കിടയിൽ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകണം.
- ജനസംഖ്യാനുപാതികമായി ഫീൽഡ് തലത്തിൽ ആരോഗ്യപ്രവർത്തകരെ നിയമിക്കണം.
- പകർച്ചവ്യാധികളുടെ പഠനം, നിരീക്ഷണം, ജീവനക്കാരുടെ പരിശീലനം എന്നിവക്കായി ഡയറ്റ് മാതൃകയിൽ ജില്ലാ തലത്തിൽ ഒരു റിസോഴ്സ് സെൻറർ ഉണ്ടാകണം.
- പഞ്ചായത്ത് തലത്തിൽ വിവിധ കുറ്റങ്ങൾക്ക് ചുമത്തുന്ന പിഴകൾക്കൊപ്പം സാമൂഹ്യ സേവനം കൂടി ചെയ്യുന്ന തലത്തിലേക്ക് നിയമങ്ങൾ പരിഷ്കരിക്കപ്പെടണം.

- ജില്ല് / ബ്ലോക്ക് അടിസ്ഥാനത്തിൽ ശാസ്ത്രീയ അറവുശാല, ആധുനിക ശ്മശാനം, സ്വാപ്പ് ഷോപ്പുകൾ, പാഴ് വസ്തുക്കളിൽ നിന്നും കളിപ്പാട്ടങ്ങളും മറ്റ് മൂല്യവർദ്ധിത ഉത്പന്നങ്ങളും നിർമ്മിക്കുന്ന കേന്ദ്രം എന്നിവ ഉണ്ടാകണം.
- ആക്രിക്കടക്കാർ റബ്ബർ കർഷകർ, തോട്ടം ഉടമകൾ എന്നിവരുടെ ജില്ലാ തല ഫോറം രൂപീകരിക്കുകയും തുടർ പ്രവർത്തനങ്ങൾ ആലോചിക്കുകയും വേണം
- ഇതരദേശ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫലപ്രദമായ സംവിധാനവും ഹെൽത്ത് കാർഡ് നൽകുവാനും കഴിയണം.
- അതിർത്തി മേഖലകളിൽ തമിഴ്നാട് ആരോഗ്യവകുപ്പുമായി ചേർന്ന്, രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുവാൻ സംവിധാനമുണ്ടാകണം.
- ജില്ലാ ഭരണകൂടവും (ജില്ലാ കളക്ടറുടെ നേതൃത്വത്തിലും) ജില്ലാ പഞ്ചായത്തും (ജില്ലാ പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിലും) എല്ലാ മാസവും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾ വിലയിരുത്തണം.

5.1.30 മാതൃ ശിശു ആരോഗ്യവും രോഗ പ്രതിരോധ കുത്തിവെയ്പ്പും

കുത്തിവെപ്പിലൂടെ തടയാവുന്ന രോഗങ്ങൾ (വി പി ഡി)

5.1.30.1 ജില്ലയിൽ വാക്സിൻ മൂലം തടയാവുന്ന രോഗങ്ങളും മരണങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. സംസ്ഥാനത്ത് നിയന്ത്രണ വിധേയമായിരുന്ന ഡിഫ്തീരിയ പോലുള്ള രോഗങ്ങൾ ജില്ലയിൽ തിരിച്ചു വന്നുകൊണ്ടിരിയ്ക്കുന്നു. 2016 ൽ 18 ഉം, 2017ൽ ഒക്ടോബർ വരെ 6 ഉം ഡിഫ്തീരിയ കേസുകളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചില വാക്സിൻ വിരുദ്ധർ പ്രചരിപ്പിയ്ക്കുന്ന തെറ്റിദ്ധാരണകൾ മൂലം ജനങ്ങൾ ഭയത്തോടെയാണ് പ്രതിരോധ കുത്തിവെപ്പുകളെ കണ്ടുകൊണ്ടിരിയ്ക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ പല ഇടപെടലുകൾ നടത്തിയിട്ടും ഇതുവരെ വേണ്ടത്ര മുന്നേറ്റം കൈവരിയ്ക്കാൻ സാധ്യമായിട്ടില്ല.

5.1.30.2 രോഗ പ്രതിരോധ കുത്തിവെപ്പിനെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ പരത്തുന്നവർക്കെതിരെ ശക്തമായ നിയമപരമായ നടപടികൾ ഉണ്ടായാൽ മാത്രമേ ഈ ചെറുത്തു നിൽപ്പ് അവസാനിപ്പിയ്ക്കാൻ സാധിയ്ക്കുകയുള്ളൂ. 2013-2017 വർഷങ്ങളിൽ ജില്ലയിൽ റിപ്പോർട്ട് ചെയ്ത വി.പി.ഡി കേസുകളും, പ്രതിരോധ കുത്തിവെപ്പ് എടുക്കാത്ത കുട്ടികളുടെ വിവരങ്ങളും, പ്രസവത്തിന്റെ കണക്കുകളും പട്ടികയായി ചേർക്കുന്നു. പ്രതിരോധ കുത്തിവെയ്പ്പിൽ പിന്നോക്കം നിൽക്കുന്നത് ചളവറ, അലനല്ലൂർ, കൊപ്പം, അമ്പലപ്പാറ, കടമ്പഴിപ്പുറം, ചാലിശ്ശേരി മുതലായ ഹെൽത്ത് ബ്ലോക്കുകളാണ്. ഈ സ്ഥലങ്ങളിൽ കുത്തിവെയ്പ്പിന് പ്രത്യേക ശ്രദ്ധ കേന്ദ്രീകരിയ്ക്കേണ്ടതുണ്ട്.

പട്ടിക 5.1.21

0-5 വയസ്സ് കുട്ടികൾ	ഒരു കുത്തിവെപ്പും എടുക്കാത്തവർ	ഭാഗികമായി കുത്തിവെപ്പ് എടുത്തവർ	ആകെ
233534	317	4439	4756

പട്ടിക 5.1.22

വി.പി.ഡി കേസുകളും മരണങ്ങളും

രോഗം	2013		2014		2015		2016		2017	
	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം	കേസ്	മരണം
ടെറ്റനസ്	6	0	3	2	0	0	1	0	0	0
നിയോ നാറ്റൽ ടെറ്റനസ്	0	0	0	0	0	0	0	0	0	0
ഡിഫ്തീരിയ	1	0	1	0	0	0	18	0	6	0
മീസിൽസ്	63	0	85	0	203	0	186	0	126	0
പെർട്ടസിസ്	2	0	5	0	4	0	0	0	1	0

പട്ടിക 5.1..23

മീസിൽസ് റൂബെല്ല കുത്തിവെപ്പിന്റെ വിശദാംശങ്ങൾ 28-12-2017 വരെ

ആകെ ലക്ഷ്യം	കുത്തിവെയ്പ്പ് എടുത്തവർ	ശതമാനം
647629	553817	85.51

പട്ടിക 5.1.24

ജില്ലയിലെ പ്രസവങ്ങൾ

രീതി	2013-14	2014-15	2015-16	2016-17
സാധാരണ പ്രസവം (സർക്കാർ)	6037	6104	5872	5185
സിസേറിയൻ (സർക്കാർ)	2966	3351	3324	2962
സാധാരണ പ്രസവം (സ്വകാര്യം)	21287	19582	18399	17711
സിസേറിയൻ (സ്വകാര്യം)	8755	9119	9440	9143
ഗൃഹപ്രസവം	127	105	95	49

സർക്കാർ ആശുപത്രികളിലെ ഉയർന്ന സിസേറിയൻ നിരക്കും, ഗൃഹ പ്രസവങ്ങളും ജില്ലയെ സംബന്ധിച്ച് പ്രശ്നമായി നിലനിൽക്കുകയാണ്.

നിരീക്ഷണങ്ങൾ

- ഗർഭിണികളിലെ വിളർച്ച, ജനന സമയത്തെ തൂക്കക്കുറവ്, മാതൃ മരണം, ശിശു മരണം എന്നിവ ജില്ലയിലെ പ്രധാന പ്രശ്നങ്ങളാണ്. ഇവ ആദിവാസി മേഖലകളിൽ കൂടുതലായി കാണുന്നുണ്ട്
- രോഗ പ്രതിരോധ കുത്തിവെപ്പുകളിൽ നിന്നും ഒട്ടേറെ പേർ വിട്ടു നിൽക്കുന്നുണ്ട്
- ഒട്ടേറെ സൗകര്യങ്ങളുണ്ടായിട്ടും ഗൃഹ പ്രസവം ജില്ലയിലെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു
- പ്രതിരോധ കുത്തിവെപ്പുകളിൽ നിന്നും വിട്ടു നിൽക്കുന്നത് കാരണം അത് മൂലം തടയാവുന്ന മരണങ്ങൾ ഉണ്ടാകുന്നു.
- അജ്ഞാത സന്ദേശങ്ങൾ ഈ രംഗത്ത് സൃഷ്ടിയ്ക്കുന്ന സ്വാധീനത്തെ മറികടക്കാൻ കഴിയുന്നില്ല.

സാധ്യതകൾ/ നിർദ്ദേശങ്ങൾ/ പരിഹാരങ്ങൾ

- കുത്തിവെയ്പ്പിൽ നിന്നും വിട്ടു നിൽക്കുന്നവരെ സ്വാധീനിക്കാൻ കഴിവുള്ളവരെ ചേർത്ത് സ്വകാഡ് പ്രവർത്തനം ശക്തിപ്പെടുത്താം
- മതശാലകളും, ആരാധനാലയങ്ങളും കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ശക്തിപ്പെടുത്താം.
- സാമൂഹ്യസംഘടനകളുടെ സേവനം തേടാം
- ഗൃഹപ്രസവം നടക്കുന്ന മേഖലകളിൽ ആശുപത്രിയിലേക്ക് ദൂരക്കൂടുതലുണ്ടെങ്കിൽ ഇടത്തട്ട് (ഷോർട്ട് സ്റ്റേ) കേന്ദ്രങ്ങളൊരുക്കുക.
- ഗ്രാമപഞ്ചായത്ത് തലത്തിൽ ആൻറിനാറ്റൽ ക്ലിനിക്കുകളുടെ സേവനം ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ഓരോ ഗർഭിണിയും കുഞ്ഞും പഞ്ചായത്തിൻറേതായി കണക്കാക്കി സേവനങ്ങൾ നൽകുക.
- ആയുഷ് വകുപ്പുമായി ചേർന്ന് യോഗ ക്ലിനിക്കുകൾ തുടങ്ങാം
- സ്കൂൾ പ്രവേശനത്തിന് രോഗപ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കുക
- ഗൃഹപ്രസവം ഒഴിവാക്കുന്നതിന്റെ ഭാഗമായി ഗർഭിണികളെ നേരത്തെ ആശുപത്രിക്കു സമീപം താമസിപ്പിക്കുന്നതിനുള്ള സംവിദാനമൊരുക്കുക.

5.1.31 കൌമാര ആരോഗ്യം

5.1.31.1 2016 – 17 ൽ 9, 13, 180 വിദ്യാർത്ഥികളെ പരിശോധിച്ചതിൽ 94,538 പേർക്ക് വിവിധ പ്രശ്നങ്ങളുള്ളതായി കണ്ടെത്തി. സുഷ്മ്നാ നാഡി ജന്മ തകരാർ, ഡൌൺ സിൻഡ്രോം, മുച്ചുണ്ട്, ക്ലബ്ബ് ഫൂട്ട്, ജന്മനാ ഇടുപ്പെല്ല് തകരാർ, ജന്മനാ തിമിരം, ബധിരത, ഹൃദയതകരാർ, കാഴ്ച്ച തകരാർ, രക്തക്കുറവ്, തലസസ്സീമിയ, ഹെപ്പറ്റൈറ്റിസ്, വിറ്റമിൻ കുറവ്, സിക്കിൾ സെൽ അനീമിയ, മൂത്രാശയ രോഗം, രക്താതിമർദ്ദം, തൂക്കക്കുറവ്, തൂക്കക്കൂടുതൽ, പൊണ്ണത്തടി മുതലായവയാണ് പ്രധാനമായും കണ്ടെത്തിയ ആരോഗ്യപ്രശ്നങ്ങൾ. പുകവലി, മദ്യപാനം, പാൻ ഉപയോഗം തുടങ്ങിയ സ്വഭാവ വൈകൃതങ്ങളും കണ്ടെത്തിയിട്ടുണ്ട്. പെൺകുട്ടികളിൽ ക്രമം തെറ്റിയ ആർത്തവം, ആർത്തവ സമയത്ത് കടുത്ത വേദന വെള്ളപോക്ക് എന്നീ ക്രമക്കേടുകളും ഉണ്ട്.

പട്ടിക 5.1.25

പ്രശ്നങ്ങൾ	2014-15	2015-16	2016-17
ആകെ പരിശോധിച്ചവർ	288577	534224	913180
പ്രശ്നങ്ങൾ കണ്ടെത്തിയവർ	83329	63086	94533
സുഷുമ്ന നാഡീ ജന്മ്നാ തകരാർ	4	6	6
ഡൌൺ സിൻഡ്രോം	44	18	31
മുച്ചുണ്ട്	153	16	104
ക്ലബ്ബ് ഫൂട്ട്	207	10	37
ജന്മനാ ഇടുപെല്ല് തകരാർ	4	3	25
ജന്മനാ തിമിരം	5	1	11

ജന്മനാ ബധിരത	42	6	18
ജന്മനാ ഹൃദയത്തകരാർ	385	26	165
കാഴ്ചത്തകരാർ	0	0	0
രക്തകുറവ്	402	277	521
സിക്കിൾസെൽ അനിമീയ	24	1	268
തലാസസ്സീമിയ	20	0	219
ഹെപ്പറ്റൈറ്റിസ്	0	2	9
വൈറ്റമിൻ കുറവ്	164	379	496
ശ്രദ്ധകുറവ്	25	24	421
പാൻ ഉപയോഗം	13	84	234
പുകവലി	0	55	37
മദ്യം	0	10	35
മറ്റുള്ളവ	0	3	8833
മൂത്രാശയരോഗം	3176	2155	29
രക്താതി മർദ്ദം	0	0	68518
തൂക്കകുറവ്	36019	41609	5482
തൂക്കകൂടുതൽ	4103	3063	501
പൊണ്ണത്തടി	165	150	348
ക്രമം തെറ്റിയ ആർത്തവം	3909	1190	9004
ആർത്തവസമയത്ത് കടുത്ത വേദനം	4666	1729	13605
വെള്ളപോക്ക്	1906	518	3777

നിരീക്ഷണങ്ങൾ

- സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിൽ നിരവധി ആരോഗ്യ പ്രശ്നങ്ങൾ കാണപ്പെടുന്നുണ്ട്
- 10 മുതൽ 30 ശതമാനം വരെ കുട്ടികൾക്കും ആരോഗ്യ പ്രശ്നങ്ങൾ ഉണ്ട്
- സ്ത്രീ സംബന്ധമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന പെൺകുട്ടികൾ ധാരാളമായുണ്ട്
- വളർന്നു വരുന്ന തലമുറ എന്ന നിലക്ക് ഇവരുടെ ആരോഗ്യ കാര്യങ്ങളിൽ ഫലപ്രദമായ ശ്രദ്ധ ചെലുത്താൻ കഴിയുന്നില്ല.
- നിരവധി പരിശ്രമങ്ങൾക്കു ശേഷവും വിദ്യാലയങ്ങളിൽ വേണ്ടത്ര ശുചിമുറികളോ, മാലിന്യ സംസ്കരണ സംവിധാനമോ ഇല്ല.

സാധ്യതകൾ/ നിർദ്ദേശങ്ങൾ/ പരിഹാരങ്ങൾ

- ഉച്ചഭക്ഷണപരിപാടി കൂടുതൽ ജനകീയവും പോഷകപ്രദവുമാക്കണം

- സ്കൂളുകളിൽ വ്യായാമം / യോഗ / കളികൾ എന്നിവ കൂടുതൽ പ്രോത്സാഹിപ്പിക്കണം
- വേണ്ടത്ര ശുചിമുറികൾ ഇനിയും നിർമ്മിക്കാനുണ്ട്.
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാകണം
- പെൺ സൌഹൃദ ടോയലറ്റുകളും നാപ്കിൻ വെൻഡിംഗ് മെഷീനും ഉണ്ടാകണം
- വിദ്യാലയങ്ങളോട് ചേർന്ന് പച്ചക്കറിത്തോട്ടം നിർമ്മിക്കാവുന്നതാണ്
- എല്ലാ വിദ്യാലയങ്ങളിലും മേൽത്തരം വാട്ടർ ഫിൽറ്ററുകൾ സ്ഥാപിക്കണം
- പാഠഭാഗങ്ങളിൽ ലൈംഗികവിദ്യാഭ്യാസം, വ്യക്തിശുചിത്വം, സമൂഹശുചിത്വം എന്നിവ ഉൾപ്പെടുത്തണം.
- നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കൽ
- വിദ്യാലയങ്ങളുടെ പ്രവർത്തി സമയം രാവിലെ 7 മണി മുതൽ ഉച്ചക്ക് 1 മണിവരെയാക്കണം
- രോഗപ്രതിരോധ കുത്തിവെയ്പ് നിർബന്ധമാക്കണം.

5.1.32 ജീവിതശൈലി രോഗങ്ങൾ

ജീവിത ശൈലി രോഗങ്ങൾ വളര അപകടകരമായ അവസ്ഥയിലാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുന്നത്. ആരോഗ്യ ഉപകേന്ദ്രങ്ങൾ മുതൽ സർക്കാർ സംവിധാനങ്ങളിലും സ്വകാര്യ ക്ലിനിക്കുകൾ മുതൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ വരെ ഇത്തരം രോഗികളുടെ ബാഹുല്യമാണ് കണ്ടുവരുന്നത്.

5.1.31.2 ജീവിത ശൈലിയിലുണ്ടായ മാറ്റത്തോടൊപ്പം പാശ്ചാത്യ ഭക്ഷണ രീതികൾ, വ്യായമക്കുറവ്, വീടുകളിലും ജോലിസ്ഥലങ്ങളിലും അനുഭവപ്പെടുന്ന മാനസിക സമ്മർദ്ദങ്ങൾ തുടങ്ങിയ ജീവിത ശൈലി രോഗങ്ങളുടെ കാരണങ്ങൾ ജില്ലയിൽ വർദ്ധിച്ച വരികയാണ്. താഴെകിടയിൽ നടക്കുന്ന സ്ക്രീനിംഗ് ക്യാമ്പുകളിൽ സ്ത്രീകളുടെ പങ്കാളിത്തമാണ് കൂടുതൽ അനുഭവപ്പെടുന്നത്. പുരുഷന്മാർ വളരെ കുറച്ച മാത്രമേ സ്ക്രീനിംഗ് ക്യാമ്പുകളിൽ എത്തുന്നുള്ളൂ. വിദ്യാർത്ഥികളിൽ ശാരീരിക ക്ഷമതാ പ്രവർത്തനങ്ങൾ വളരെ കുറവായിട്ടാണ് കാണുന്നത്. പ്രാരംഭ പരിശോധനയ്ക്ക് സംവിധാനങ്ങൾ കുറവായതും ഉള്ള സംവിധാനങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാത്തതും കാരണം അവസാന ഘട്ടത്തിലാണ് പലരും ചികിത്സാ തേടുന്നത്. ഇത് മരണ നിരക്ക് വർദ്ധിപ്പിക്കുന്നു.

5.1.31.3 ആരോഗ്യകരമായ ജീവിത ശൈലിയും ആരോഗ്യ ശീല വൽക്കരണവും ഉൾക്കൊണ്ടാൽ മാത്രമേ ഈ അപകട നിലയിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുകയുള്ളൂ. പ്രവർത്തി സ്ഥലങ്ങളിൽ സ്ക്രീനിംഗ്, പ്രാഥമിക സ്ക്രീനിംഗിൽ വൃക്ക, കാൻസർ രോഗങ്ങൾ കണ്ടെത്തുവാനുള്ള സംവിധാനങ്ങളും ആവശ്യമാണ്. വ്യായാമ സൌകര്യങ്ങൾ വർദ്ധിപ്പിക്കുക, സ്ട്രെസ്സ് മാനേജ്മെൻറ് സംവിധാനങ്ങൾ, വിനോദങ്ങൾ, വിദ്യാർത്ഥികളെ കേന്ദ്രീകരിച്ച് പ്രത്യേക ബോധവത്ക്കരണം, ജില്ലക്കകത്തുതന്നെ വിദഗ്ദ ചികിത്സാ സൌകര്യങ്ങൾ എന്നിവ ആവശ്യമാണ്.

പട്ടിക 5.1.26

ആരോഗ്യ കേന്ദ്രങ്ങൾ മുഖേന ചികിത്സ തേടിയവരുടെ കണക്കുകൾ

ക്രമ നം	രോഗം	2015	2016	2017
1	രക്താതിസമ്മർദ്ദം	82652	74960	62263
2	ഹൃദയരോഗങ്ങൾ	7132	13204	10047

3	പ്രമേഹം ടൈപ്പ് 1	902	497	718
4	പ്രമേഹം ടൈപ്പ് 2	71527	71744	53248
5	ബ്രോങ്കൈറ്റിസ്	48114	40587	24592
6	ആസ്മ	43975	48874	28879
7	സർവിക് കാൻസർ	165	313	295
8	ബ്രെസ്റ്റ് കാൻസർ	236	674	499
9	ശ്വാസകോശ കാൻസർ	316	533	404
10	ഓറൽ കാൻസർ	253	505	422
11	മറ്റു കാൻസർ	1442	2919	2308
12	റീനൽ ഫെയിലിയർ	795	1374	1654
13	പൊണ്ണത്തടി	1549	921	796

5.1.31.4 ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി തലത്തിലുള്ള വിദ്യാർത്ഥികളിൽപ്പോലും പൊണ്ണത്തടി, രക്താതിസമ്മർദ്ദം തുടങ്ങിയ അനോരോഗ്യകരമായ പ്രവണതകൾ കണ്ടു വരുന്നു എന്നത് പ്രശ്നത്തിൻറെ ഗൌരവം വർദ്ധിപ്പിക്കുന്നു.

5.1.31.5 ജില്ലയിലെ കണക്കുകൾ പ്രകാരം ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും 21 % ആളുകൾ ഏതെങ്കിലും ജീവിതശൈലീ രോഗത്തിന് അടിമപ്പെട്ടവരാണ്. 30-60 വയസ്സിനിടക്കുള്ള മുഴുവൻ പേരുടേയും സ്ക്രീനിംഗ് പൂർത്തിയാക്കാത്തതുകൊണ്ടാണ് ഈ കണക്കുകൾ ഇനിയും ഉയരനാണ് സാധ്യത. നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിൽ 1 വർഷം ജീവിതശൈലീ രോഗങ്ങളാൽ 45 ഓളം മരണങ്ങൾ സംഭവിക്കുന്നു. ഇതിൽ പകുതിയും കാൻസർ, മൂലമുള്ള മരണങ്ങളാണ്. കൂടാതെ ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, എന്നിവയുടെ തോതും കൂടുതലാണ്. അതേ സമയം ഇത്തരം രോഗങ്ങളുടെ ചികിത്സാ സൌകര്യങ്ങൾ ജില്ലയിൽ പരിമിതമാണ്. ഏതൊരു രോഗനിർണ്ണയ ക്യാമ്പിലും 100 പേരെ പരിശോധിക്കുമ്പോൾ ശരാശരി 6 പുതിയ രോഗികളെ ജില്ലയിൽ കണ്ടെത്തുന്നുണ്ട്. ജീവിതശൈലി രോഗങ്ങളും ആഹാരശീലങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ജില്ലയിൽ കൌമാരക്കാരിൽ 12 ശതമാനം പേർക്ക് വിളർച്ചയുണ്ട് എന്ന കാര്യം ഗൌരവമായി പരിശോധിക്കേണ്ടതുണ്ട്.

5.1.31.6 കഞ്ചിക്കോടു പ്രവർത്തിച്ചു വരുന്ന ആർ.സി.സി ഉപകേന്ദ്രമായ ഇ.സി.ഡി യുടെ സേവനം പ്രാദേശിക തലങ്ങളിൽ എത്തിക്കണം. വൃക്ക രോഗ ചികിത്സക്ക് താലൂക്ക് തലങ്ങളിൽ സൌകര്യമുണ്ടാകണം. മാനസിക ആരോഗ്യ പ്രശ്നങ്ങളും മാനസിക രോഗവും പൊതുവേ വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. വരും വർഷങ്ങളിലെ പദ്ധതി ആസൂത്രണ സമയത്ത് മാനസിക ആരോഗ്യ പ്രശ്ന പരിഹാരത്തിന് കൂടിയുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതായുണ്ട്.

പട്ടിക 5.1.27

ജില്ലാ മാനസിക ആരോഗ്യ പരിപാടി

ഔട്ട് റീച്ച് സെൻററുകളുടെ എണ്ണം	20
ആകെ രോഗികളുടെ എണ്ണം	4574
ഡേ കെയർ സെൻററുകളുടെ എണ്ണം	2
രോഗികളുടെ എണ്ണം	3

5.1.31.7 2013 ലാണ് പാലക്കാട് ജില്ലാ മാനസികാരോഗ്യ പരിപാടി തുടങ്ങുന്നത്. മറ്റ് അസുഖങ്ങളിൽ നിന്നും വ്യത്യസ്തമായി ഒട്ടേറെ ചികിത്സകൾക്കു ശേഷമാണ് രോഗികളെ കണ്ടെത്താൻ കഴിയുന്നത്. ചികിത്സിക്കാനുള്ള വിമുഖതയും, മറ്റ് അശാസ്ത്രീയ ചികിത്സക്കാരും മന്ത്രവാദികളും ഈ രംഗത്ത് ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ശാസ്ത്രീയമായ ചികിത്സയ്ക്കുള്ള സൌകര്യം ജില്ലയുടെ മറ്റു സ്ഥലങ്ങളിലേക്കു കൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ആയുഷ് വകുപ്പുകളിലൂടെയുള്ള ചികിത്സക്കും പ്രാധാന്യം ലഭിക്കേണ്ടതുണ്ട്.

സാധ്യതകൾ/ നിർദ്ദേശങ്ങൾ/ പരിഹാരങ്ങൾ

- സബ് സെൻറർ തലത്തിലെ ക്ലിനിക്കുകൾ ഫലപ്രദമായി നടക്കണം
- ഓരോ വാർഡുകളിലുമുള്ള 30 വയസ്സിനു മുകളിലുള്ളവരെ മുഴുവൻ സ്ക്രീൻ ചെയ്ത് വിവരങ്ങൾ രേഖപ്പെടുത്തണം
- രോഗികൾക്ക് വൈദ്യനിർദ്ദേശമനുസരിച്ച് മരുന്നുകൾ സബ് സെൻറർ തലത്തിൽ നൽകാൻ കഴിയണം
- വകുപ്പ് പരിപാടികളുടെ വിടവുകൾക്കനുസരിച്ച് പഞ്ചായത്ത് തലത്തിൽ പദ്ധതികൾ ഉണ്ടാകണം
- ഗ്രാമപഞ്ചായത്ത് തലത്തിൽ / വാർഡു തലത്തിൽ ആളുകൾക്ക് വ്യായാമം ചെയ്യാനുള്ള മൈതാനങ്ങൽ, സൈക്കിൾ പാതകൾ, നടപ്പാതകൾ നീന്തൽക്കുളങ്ങൾ എന്നിവ ഉണ്ടാകണം.
- കേരളോത്സവം, ഗ്രാമോത്സവങ്ങൾ എന്നിവ ഫലപ്രദമായി സംഘടിപ്പിക്കാൻ കഴിയണം.
- 35 വയസ്സിനു മുകളിലുള്ളവർക്കായി പ്രത്യേക കായിക മത്സരങ്ങൾ സംഘടിപ്പിക്കണം
- മദ്യം, പുകയില എന്നിവയുടെ ഉപയോഗത്തിനെതിരെ വ്യാപകമായി പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം
- ഓരോ വീട്ടിലും ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കപ്പെടണം
- ജങ്ക് ഫുഡുകൾക്കെതിരായ പ്രചരണവും ശരിയായ ഭക്ഷണരീതിയുടെ പ്രോത്സാഹനവും ഉണ്ടാകണം.
- മാനസിക സംഘർഷം കുറക്കുന്നതിനുള്ള ക്ലിനിക്കുകൾ ഗ്രാമപഞ്ചായത്ത് തലത്തിലുണ്ടാകണം
- ഗ്രാമപഞ്ചായത്ത് തലത്തിൽ ആയുർവ്വേദമേഖലയിൽ ബന്ധപ്പെട്ട് യോഗ ക്ലിനിക്കുകൾ ഉണ്ടാകണം.
- രോഗികൾക്ക് ഉപകേന്ദ്രങ്ങൾ വഴി മരുന്ന് ലഭിക്കുന്നതിനുള്ള സൌകര്യമുണ്ടാക്കണം
- മരുന്നുകളുടെ തുടർച്ച ഉറപ്പു വരുത്തണം
- ജില്ലാ ആശുപത്രിയുമായി ബന്ധപ്പെട്ട് ആർ.സി.സി യുടെ സാറ്റലൈറ്റ് സെൻറർ തുടങ്ങണം

പട്ടിക 5.1.28

സാന്ത്വന പരിചരണം

വർഷം	ഹോംകെയർ വേണ്ടവർ	കാൻസർ	സി.കെ.ഡി	സുഷുമ്ന തകരാർ	എച്ച്.ഐ.വി	മോർഫിൻ	റെൽസ് ട്യൂബ്	കൊളോസ്റ്റമി	ട്രക്കിയോസ്റ്റമി	ലിംഫെഡിമ	കിടക്ക രോഗികൾ 60>	കിടക്ക രോഗികൾ 60>
2015-16	7026	1715	270	368	14	93	82	141	43	59	1886	4142
2016-17	8182	2351	367	389	10	91	82	172	49	74	2120	4489
2017-18	8889	2514	376	375	14	91	98	172	61	74	1512	3493
യൂണിറ്റുകളുടെ എണ്ണം											96	
ഫിസിയോ തെറാപ്പിസ്റ്റുകളുടെ എണ്ണം											1	

നിരീക്ഷണങ്ങൾ/നിഗമനങ്ങൾ

- ജില്ലയിൽ മെച്ചപ്പെട്ട രീതിയിൽ നടന്നു വരുന്നുണ്ട്
- ജനകീയ പങ്കാളിത്തക്കുറവുണ്ട്.
- മുഴുവൻ പ്രവർത്തനങ്ങളും ജനങ്ങൾ ഏറ്റെടുക്കുന്ന രീതിയിലേക്ക് വിഭാവനം ചെയ്യണം
- ഡോക്ടേഴ്സ് ഹോം കെയർ കുറവാണ്
- പദ്ധതി മാർഗ്ഗരേഖപ്രകാരം ഫിസിയോതെറാപ്പിസ്റ്റിൻറെ സേവനം ലഭ്യമാകുന്നതായി കാണുന്നില്ല
- സെക്കണ്ടറി കെയർ സംവിധാനം മെച്ചപ്പെടുത്തണം
- വിവിധ വൈദ്യ ശാസ്ത്ര ശാഖകളെ പരമാവധി പ്രയോജനപ്പെടുത്തണം

നിർദ്ദേശങ്ങൾ /പരിഹാരങ്ങൾ

- ജനകീയ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ഇടപെടൽ വേണം
- പലയിടങ്ങളിലും സ്വകാര്യ പാലിയേറ്റീവ് സംവിധാനങ്ങളുമായി ഐക്യപ്പെടൽ നടക്കുന്നില്ല
- പാലീയേറ്റീവ് രോഗികളിൽ അർഹരായവർക്ക് മരണവുമായി ബന്ധപ്പെട്ട ചെലവുകൾ ഏറ്റെടുക്കാവുന്നതാണ്.
- പാലീയേറ്റീവുമായി ബന്ധപ്പെട്ട എല്ലാ സംവിധാനങ്ങളും (ഒ.പി) യുൾപ്പെടെ വീടുകളിൽ നൽകാൻ കഴിയണം.
- വാഹനവാടകയിൽ ഏറ്റവും പ്രതിമാസം ഏറ്റവും കൂടുതൽ പണം ചെലവഴിക്കുന്ന നില മാറുന്നതിനായി പാലിയേറ്റീവിന് സ്വന്തം വണ്ടി ഉണ്ടാകണം
- സെക്കൻഡറി യൂണിറ്റ് എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമുണ്ടാകണം

5.1.33 സാധ്യതകളും പരിഹാരങ്ങളും

ഭൂമിശാസ്ത്രപരം

സാധ്യതകൾ

1. വനവിഭവങ്ങളുടെ ലഭ്യത കൂടിയ പ്രദേശമാണ്
2. പ്രാദേശിക ഭക്ഷ്യ വിഭവ ഉൽപാദന സാധ്യത കൂടിയ പ്രദേശമാണ്

പരിമിതികൾ

1. ത്വരിത ജലവാർച്ചയുള്ള പ്രദേശം, ശുദ്ധജല ദൌർലഭ്യം ഉണ്ട്.
2. കുന്ന് – മല പ്രദേശങ്ങളിൽ ഭവന സന്ദർശന പ്രവർത്തനങ്ങൾക്കുള്ള പ്രയാസം
3. എത്തിപ്പെടൽ ദുഷ്കരമായ ആദിവാസി മേഖലകൾ

പരിസ്ഥിതിപരം

സാധ്യതകൾ

1. സാമൂഹ്യ വനവൽകരണം
2. നീർത്തട പരിപാലനവും വികസനവും
3. നദീജല സംരക്ഷണവും വിനിയോഗവും
4. മറ്റ് ജല സ്രോതസ്സുകളുടെ സംരക്ഷണവും വിനിയോഗവും

പരിമിതികൾ

1. ക്വാറികളുടെ പ്രവർത്തനം
2. മണൽ ഊറ്റൽ
3. ജലസ്രോതസ്സുകളുടെ മലിനീകരണം
4. ഖര-ദ്രവ മാലിന്യങ്ങളുടെ അസാസ്ത്രീയമായ പരിപാലനം

ജനസംഖ്യാപരം

സാധ്യതകൾ

1. മനുഷ്യ വിഭവ ശേഷിയുടെ ലഭ്യത
2. വയോജനങ്ങളുടെ സംരക്ഷണ സാധ്യത നിലനിൽക്കുന്നു

പരിമിതികൾ

1. തൊഴിൽ വൈദഗ്ധ്യം കുറഞ്ഞ മനുഷ്യ വിഭവശേഷി
2. ഉയർന്ന ജനസാന്ദ്രത. ഇതുണ്ടാക്കുന്ന പാരിസ്ഥിതിക – സാമൂഹിക – ആരോഗ്യ പ്രശ്നങ്ങൾ.

സ്ഥലീയം

സാധ്യതകൾ

- കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും

പരിമിതികൾ

1. കൈവശമുള്ള ഭൂമിയും കെട്ടിടങ്ങളും പരമാവധി പ്രയോജനക്ഷമമാക്കാത്തത്
2. സബ്ബ് സെൻററുകൾ ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൂമിയും കെട്ടിടവും ലഭ്യമാകാത്തത്.

സാമൂഹികം - സാംസ്കാരികം

സാധ്യതകൾ

1. സഹകരണ മനോഭാവം (പാലിയേറ്റീവ്, കിഡ്നി കെയർ മേഖലകളിലെ ഇടപെടലുകൾ)
2. സർക്കാർ പദ്ധതികളോടുള്ള സംശയാസ്പദമായ സമീപനവും എതിർപ്പും

3. സ്ത്രീ വിദ്യാഭ്യാസക്കുറവ്
4. പൊതു ഇടങ്ങളിലും സ്ഥാപനങ്ങളിലും സ്ത്രീ പ്രാതിനിധ്യത്തിൻറെ കുറവ്
5. തീരുമാനങ്ങളെടുക്കുന്നതിലെ സ്ത്രീ പങ്കാളിത്തത്തിൻറെ കുറവ്

പൊതു സാധ്യതകൾ

1. ആരോഗ്യ മേഖലയിലെ പദ്ധതി വിഹിതം ആകെ പദ്ധതി വിഹിതത്തിൻറെ 5% എങ്കിലും ആക്കുക
2. കാഷ് അടിസ്ഥാനത്തിലുള്ള ഭൌതിക സാഹചര്യങ്ങൾ ഒരുക്കുക
3. ആർദ്രം – എഫ്.എച്ച്.സി അടിസ്ഥാനമാക്കി മനുഷ്യ വിഭവന ശേഷി വർദ്ധിപ്പിക്കു
4. വിവര സാങ്കേതിക വിദ്യയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുക
5. സാങ്കേതിക വൈദഗ്ധ്യം നൽകുന്നതിനായി ആവശ്യമായ പരിശീലനം നൽകുക

5.1.34 വികസന ലക്ഷ്യങ്ങൾ

1. **സ്ഥാപനങ്ങളുടെ ശാക്തീകരണം**

1. അടിസ്ഥാന സൌകര്യങ്ങളുടെ വികസനം
2. ഔഷധ ലഭ്യത ഉറപ്പുവരുത്തൽ
3. കിടപ്പുരോഗികൾക്കുള്ള ഭക്ഷണ ലഭ്യത
4. മാനവ വിഭവശേഷി വർദ്ധിപ്പിക്കുക
5. മനോഭാവമാറ്റ പരിപാടികൾ
6. ആശുപത്രി മാലിന്യ സംസ്കരണം
7. ഔഷധസസ്യത്തോട്ട നിർമ്മാണം
8. സ്പെഷ്യലിസ്റ്റ് ഒ.പി കളിലൂടെ അഷ്ടാംഗ ചികിത്സാ സൌകര്യം
9. മാതൃകാ സ്ഥാപനം
10. വാർഡുതല ശുചിത്വ ആരോഗ്യ പോഷണ പരിപാടികളിൽ ആയുർവേദത്തിൻറെ പങ്ക്
11. ഗ്രാമസഭകളിൽ ആയുർവേദ പ്രചാരണം
12. ഗ്രാമങ്ങളിൽ ആയുർവേദ ജീവിതശൈലി നടപ്പിലാക്കുക
13. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള ആശുപത്രികളിൽ പ്രത്യേകം തിരഞ്ഞെടുത്തവയിൽ സ്പെഷ്യാലിറ്റി
14. ബ്ലോക്കിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും അടിസ്ഥാന സൌകര്യ വികസനവും കംപ്യൂട്ടർ വൽക്കരണവും നടപ്പിലാക്കുക.
15. ജില്ലാ മെഡിക്കൽ ഓഫീസിൻറെ വികസനം

2. **പൊതുജനാരോഗ്യ സംരക്ഷണം**

1. ആയുർവേദ ചികിത്സ ഏറ്റവും ഫലപ്രദമാകുന്ന രോഗവസ്ഥകളായ അസ്ഥി – സന്ധിഗത രോഗങ്ങൾ, പക്ഷാഘാതം മുതലായവയ്ക്ക് മികവിൻറെ കേന്ദ്രങ്ങൾ സജ്ജമാക്കുക
2. കായിക താരങ്ങളുടെ കായിക ക്ഷമത വർദ്ധിപ്പിക്കുക- കായിക പരിക്കുകൽ ഭേദമാക്കുക
3. സാന്ത്വന പരിചരണം
4. വൃദ്ധജനപരിപാലനം
5. മാതൃ ആരോഗ്യ സംരക്ഷണം- ശിശുമരണനിരക്ക് കുറയ്ക്കൽ
6. ജീവിതശൈലീ രോഗനിയന്ത്രണം – പ്രതിരോധം

7. ഹൃദരോഗപരിചരണം
8. ജനപദോദ്ധ്വംസനീയം അടിസ്ഥാനമാക്കി ആയുർവേദ പൊതുജനാരോഗ്യ പരിപാലന പ്രവർത്തനങ്ങളുടെ സമകാലികമായ നവീകരണം
9. പകർച്ചവ്യാധി പ്രതിരോധം
10. വേനൽക്കാല ആരോഗ്യ പരിപാലനം
11. മഴക്കാല പൂർവ്വ രോഗ പ്രതിരോധം
12. മാനസികാരോഗ്യം
13. ക്ഷയരോഗ നിർമ്മാർജ്ജനം
14. പോഷകാഹാര പരിപാടികൾ
15. ദേശീയ അന്ധതാ നിവാരണ പരിപാടികൾ

3. **ആദിവാസി മേഖലയിലെ ആരോഗ്യം**

പട്ടികജാതി പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണ പരിപാടികൾ

4. **അട്ടപ്പാടി / കിഴക്കൻ മേഖലയുടെ ആരോഗ്യം**
5. **വിദ്യാലയ ആരോഗ്യ പരിപാടി**

1. വിദ്യാലയങ്ങളിൽ ആരോഗ്യകരമായ ഉച്ചഭക്ഷണം
2. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള ബോധവത്ക്കരണ പരിപാടികൾ

6. **യോഗപരിശീലനം**
7. **മെഡിക്കൽ ടൂറിസം / ഹെൽത്ത് ടൂറിസം**
8. **സ്റ്റാർട്ട് അപ്പ് പദ്ധതികൾക്കുള്ള ബോധവത്ക്കരണ പരിപാടികൾ**

5.1.35 അട്ടപ്പാടിയിലെ ശിശു മരണം കുറയ്ക്കുവാൻ 2013 മുതൽ സ്വീകരിച്ച നടപടികൾ

1) അടിയന്തിര നടപടികൾ

1. അടിയന്തിരമായി അട്ടപ്പാടി മുഴുവൻ ഒരു സ്ക്രീനിംഗ് ക്യാമ്പ് നടത്തി 299 ഗുരുതരമായ തൂക്കക്കുറവുള്ള കുട്ടികളെ കണ്ടെത്തി, വേണ്ട ചികിത്സ നൽകുവാനുള്ള നടപടി സ്വീകരിച്ചു.
2. ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികൾക്ക് യൂനിസെഫ്, നാഷണൽ ന്യൂട്രീഷൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ പോഷകാഹാര പുനരധിവാസ കേന്ദ്രങ്ങൾ 3 (ആഗളി സി.എച്ച്.സി -1) പൂതൂർ, പി.എച്ച്.സി -1 ഷോളയൂർ പി.എച്ച്.സി-1) എണ്ണം ആരംഭിച്ചു. അതിനുള്ള ട്രൈനിംഗ്, കെട്ടിടങ്ങൾ, ഭക്ഷണ സാധനങ്ങൾ എന്നിവ തയ്യാറാക്കി, പദ്ധതിയിക്കായി വാഹനങ്ങൾ ഏർപ്പാടാക്കി, പ്രവർത്തനങ്ങൾക്കായി അട്ടപ്പാടി പാക്കേജ് എന്ന പേരിൽ 4.33 കോടി രൂപ ആരോഗ്യ കേരളം വഴി ലഭ്യമാക്കി.
3. അയൺ ഫോളിക് ആസിഡ് ഗുളികളുടെ ലഭ്യത ഉറപ്പ് വരുത്തി.

5.1.36 ഹ്രസ്വകാല നടപടികൾ

- 24 സബ് സെൻററുകൾ 24 മണിക്കൂർ പ്രവർത്തന സജ്ജമാക്കി
- ഒരു ജെ.പി.എച്ച്.എൻ നെ കൂടി നിയമിച്ച് പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി
- തൂക്കം കുറവുള്ള കുഞ്ഞ് ജനിച്ചാൽ അതിനെ സംരക്ഷിക്കുന്നതിനുള്ള ഉപകരണങ്ങൾ, ഡോക്ടർമാർക്കും, നഴ്സുമാർക്കും ട്രൈനിംഗ് എന്നിവ നൽകി

- ശിശുരോഗവിദഗനേയും, ഗൈനക്കോളജിസ്റ്റിനേയും അനസ്തേഷ്യ ഡോക്ടറേയും സർജ്ജനേയും നിയമിച്ചു.
- നവജാത ശിശു ഐ.സി.യു
- പുതിയ 75 തസ്തികകൾ
- പാരാമെഡിക്കൽ ജീവനക്കാർക്ക് ട്രൈനിംഗ് നൽകി
- ജീവനക്കാരുടെ സേവനം മെച്ചപ്പെടുത്താൻ വേണ്ടി ശമ്പള വർദ്ധനവ്
- ആശുപത്രിയിൽ രക്ത സംഭരണ യൂണിറ്റും, അൾട്രാസൌണ്ട് സ്കാനിംഗും ആരംഭിച്ചു
- വീട്ടിലെ പ്രസവം ഒഴിവാക്കാൻ ഇ.സി.ഡി മോണിറ്ററിംഗ് സെൽ, കുട്ടികൾക്ക് സി. സാം പരിപാടി ആരംഭിച്ചു
- 3 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ കൂടി പാസാക്കി
- ജാതക്, ജനനി എന്നീ സോഫ്റ്റ് വെയറുകൾ തയ്യാറാക്കി യഥാക്രമം ശിശുക്കളുടെ തൂക്കവും ഗർഭിണികളുടെ ആരോഗ്യവും ദിനം പ്രതി മേലധികാരികൾക്ക് മനസ്സിലാക്കുവാനുള്ള സൌകര്യമുണ്ടായി.
- പോഷകാഹാരക്കുറവും, രക്തം കുറഞ്ഞ കുഞ്ഞുമുള്ള ഗർഭിണികളേയും ആശുപത്രികളിൽ മൂന്ന് മാസത്തോളം താമസിപ്പിച്ച് പോഷണ സമൃദ്ധമായ ആഹാരം നൽകി തൂക്കമുള്ള കുഞ്ഞാക്കി പ്രസവിപ്പിക്കാൻ നടപടികൾ ഉണ്ടായി.
- കൌമാര പ്രായത്തിലുള്ള പെൺകുട്ടികൾക്ക് 18 വയസ്സാകുമ്പോൾ 45 കിലോ ശരീരഭാരം ഉണ്ടാകുന്ന രീതിയിലുള്ള ആരോഗ്യ ബോധവത്ക്കരണ പരിപാടികളും, മെൻസ്ട്രറ്റുവൽ ഹൈജീൻ പരിപാടികളും ആരംഭിച്ചു.
- സ്കൂളുകൾ കേന്ദ്രീകരിച്ച് ഒരുമ എന്ന പേരിൽ ഹെൽത്ത് ക്ലബ്ബുകൾ കൂടുതൽ കാര്യക്ഷമമാക്കി.
- ആരോഗ്യം, സാമൂഹിക നീതി, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, തദ്ദേശ സ്വയംഭരണ, പോലീസ്, കൃഷി, മൃഗസംരക്ഷണം, റവന്യൂ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് ഒറ്റപ്പാലം സബ് കളക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി
- 2016 ൽ ശിശു മരണം 8 ആക്കി കുറയ്ക്കാൻ സാധിച്ചു. 2013 ൽ 31 ഉം, 2014 ൽ 15 ഉം 2015 ൽ 14 ഉം ആയിരുന്നു.
- ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം 299 ൽ നിന്നും 36 ആയി കുറഞ്ഞു.

5.1.37 ദീർഘകാല നടപടികൾ

ആദിവാസി കുടുംബത്തിനു ഭൂമിയ്ക്കു രേഖ ലഭ്യമാക്കൽ, കൃഷി, മൃഗസംരക്ഷണം, കുടിവെള്ളം, കക്കൂസ്, തൊഴിൽ, ഭവനം, തുടങ്ങിയ നടപടികളിൽ കൂടി സാമ്പത്തിക ഭദ്രത ഉണ്ടാക്കാനുള്ള പദ്ധതികൾ അനുബന്ധ വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്നു.

പട്ടിക 5.1.29

എൻ.ആർ.സി യുടെ ഏകീകരിച്ച റിപ്പോർട്ട് 2013 മുതൽ 2017 വരെ

എൻ.ആർ.സി യുടെ പേർ	പുതിയ പ്രവേശനം	വീണ്ടും വന്ന പ്രവേശനം	ആകെ പ്രവേശനം
അഗളി	178	132	310
പുതൂർ	123	62	185
ഷോളയൂർ	81	3	116
ആകെ	**382**	**229**	**611**

5.1.38 കോട്ടത്തറ ഗവ : ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 2013 തൊട്ടുള്ള പ്രവർത്തനങ്ങൾ

100 കിടക്കകളുടെ സൌകര്യമുള്ളതും, പ്രതിദിനം 750 ഒ.പി യും 150 ഓളം ഐ.പി യും ഉള്ള കോട്ടത്തറ ഗവ : ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രികളുടെ സേവനങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രതിദിനം ശരാശരി 750 ഒ.പി വരുന്ന സ്ഥാപനം
2) പ്രതിദിനം ശരാശരി 150 ഐ.പി വരുന്ന സ്ഥാപനം
3) 24 മണിക്കൂറും അത്യാഹിത വിഭാഗം, ലാബ്, എക്സ് റേ പ്രവർത്തിച്ചു വരുന്നു
4) 2 കിടക്കളോട് കൂടിയ വെൻറിലേറ്ററും, ഡിഫിബ്രിലേറ്റർ സൌകര്യത്തോട് കൂടിയ മുതിർന്നവർക്കുള്ള ഐ.സി. യു സജ്ജീകരണം.
5) ആംബുലൻസ് സർവീസ്സ്
6) യു.എസ്.ജി സ്കാനിംഗ് സൌകര്യം
7) ജനറൽ മെഡിസിൻ, ഓർത്തോ, ഗൈനക്ക്, ഒഫ്താൽമോളജി, ഇ.എൻ.റ്റി, സൈക്യാട്രി, പീഡിയാട്രിക്, സർജ്ജറി & അനസ്തേഷ്യ, ദന്ത രോഗ വിഭാഗം എന്നിവയുടെ സ്പെഷ്യാലിറ്റി ഒ.പി സൌകര്യം
8) എല്ലാ മാസവും ഓഡിയോളജി, ഡെർമറ്റോളജി & ഗാസ്ട്രോ സർജ്ജറി എന്നിവയുടെ സ്പെഷ്യൽ ഒ.പി സൌകര്യം
9) എല്ലാ മാസവും ശരാശരി ഓർത്തോ – 30, ഗൈനക്ക് – 20, ഇ.എൻ.റ്റി – 10, ജനറൽ സർജ്ജറി – 40, ഓപ്പറേഷൻ നടന്നു വരുന്നു.
10) ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സൌകര്യം
11) ആർ.എസ്.ബി.വൈ, ആർ.ബി.എസ്.കെ, ആരോഗ്യ കിരണം, ജെ.എസ്.എസ്.കെ, ട്രൈബൽ ഇൻഷൂറൻസ് & ചിസ് പ്ലസ് എന്നിവയുടെ സേവനം
12) എല്ലാ ആഴ്ചയും ബുധനാഴ്ച്ച പ്രതിരോധ കുത്തിവെയ്പ്പിനുള്ള സൌകര്യം
13) നവജാത ശിശുകൾക്കുള്ള പ്രത്യേക പരിചരണ ഐ.സി.യു സജ്ജീകരണം
14) ദന്ത രോഗ വിദഗ്ധ സേവനം
15) സെക്കണ്ടറി പെയിൻ & പാലിയേറ്റീവ് കെയർ സൌകര്യം
16) ഡയാലിസിസ് യൂണിര്റ് സൌകര്യം
17) ഐ.സി.റ്റി.സി കൌൺസലിംഗ് സൌകര്യം
18) ക്യാൻറീൻ സൌകര്യം
19) സെക്കണ്ടറി പാലീയേറ്റീവ് കെയർ യൂണിറ്റ്
20) പൊതുജന ആരോഗ്യ അവബോധ പരിപാടികൾ

21) സൈക്യാട്രി, സിക്കിൾ സെൽ & ടി.ബി പുനരധിവാസ പരിപാടികൾ
22) ആശുപത്രി കോമ്പൌണ്ടിൽ ഒന്നര ഏക്കർ ഭൂമിയിൽ പച്ചക്കറി കൃഷി
23) എല്ലാ വെള്ളിയാഴ്ചയും സിക്കിൾ സെൽ അനീമിയ ക്ലിനിക്ക്
24) ജനിതക കൌൺസലിംഗ്, കൌമാര കൌൺസിലിംഗ് & കുടുംബ ക്ഷേമ കൌൺസിലിംഗ് സൌകര്യം
25) എല്ലാ വെള്ളിയാഴ്ചയും വന്ധ്യതാ ക്ലിനിക്ക്, ക്യാൻസർ നിർണ്ണയ ക്ലിനിക്ക് & എൻ.എസ്.വി ക്ലിനിക്ക് സൌകര്യം
26) എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച മെഡിക്കൽ ബോർഡ് സൌകര്യം
27) എല്ലാ മാസവും 9 ആം തിയ്യതി പി.എം.എസ്.എം.എ പരിപാടി
28) ഫിസിയോതെറാപ്പി യൂണിറ്റ്
29) എല്ലാ തിങ്കളാഴ്ചയും തിമിര ശസ്ത്രക്രിയ ക്യാമ്പ്

പൊതുജനങ്ങൾക്കായി കൂടുതൽ സൌകര്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു

1) തിങ്കൾ മുതൽ വെള്ളി വരെ നേത്ര രോഗ വിദഗ്ധ ഡോക്ടറുടെ സേവനം ലഭ്യമാണ്
2) എല്ലാ തിങ്കളാഴ്ചകളിലും കോയമ്പത്തൂർ ലോട്ടസ് കണ്ണാശുപത്രിയുടെ നേതൃത്വത്തിൽ തിമിര ശസ്ത്രക്രിയാ ക്യാമ്പ് നടത്തുന്നു
3) മെഡിക്കൽ ബോർഡ് എല്ലാ മാസവും ഒന്നാമത്തെ ചൊവ്വാഴ്ചയും നടത്തുന്നതാണ്. സർട്ടിഫിക്കറ്റ് ആവശ്യമുള്ള അംഗപരിമിതർ കസ്റ്റമർ കെയർ സെൻററിൽ ബന്ധപ്പെടുക
4) കേൾവി പരിശോധനയ്ക്ക് ഓഡിയോളജിസ്റ്റിൻറെ സേവനം എല്ലാ മാസവും ഒന്നാമത്തെ ചൊവ്വാഴ്ചയും, മൂന്നാമത്തെ ശനിയാഴ്ചയും ലഭ്യമാണ്.
5) സ്പീച്ച് തെറാപ്പിസ്റ്റിൻറെ സേവനം എല്ലാ മാസവും ഒന്നാമത്തെ തിങ്കളാഴ്ച ലഭ്യമാണ്.
6) ഐ.ക്യൂ ടെസ്റ്റിനുള്ള സൌകര്യം എല്ലാ മാസവും ഒന്നാമത്തെ ചൊവ്വാഴ്ചയും ലഭ്യമാണ്.
7) മാനസികനില അസ്വസ്ഥമാകുന്നുവെങ്കിൽ എല്ലാ ദിവസവും കൌൺസിലറുടെ സേവനം ലഭ്യമാണ്.
8) ആഹാര നിയന്ത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഡയറ്റീഷ്യൻറെ സേവനം എല്ലാ തിങ്കളാഴ്ച്ചകളിലും ലഭ്യമാണ്.
9) സിക്കിൾ രോഗം തടയുവാൻ ആദിവാസി വിഭാഗത്തിലെ യുവതി – യുവാക്കൾക്കായി സിക്കിൾ സെൽ ക്ലിനിക്കും, ജനറ്റിക് കൌൺസലിംഗ് എല്ലാ വെള്ളിയാഴ്ചയും ലഭ്യമാണ്.
10) ഫിസിയോതെറാപ്പിസ്റ്റിൻറെ സേവനം എല്ലാ ദിവസവും ലഭ്യമാണ്
11) പ്രതിരോധ കുത്തിവെയ്പ്പ് എല്ലാ ബുധനാഴ്ച്ചയും ലഭ്യമാണ്
12) എല്ലാ വെള്ളിയാഴ്ച്ചയും വന്ധ്യതാ ക്ലിനിക്ക് സേവനം ലഭ്യമാണ്
13) എല്ലാ വെള്ളിയാഴ്ച്ചയും ക്യാൻസർ നിർണ്ണയ ക്ലിനിക്ക് റൂം നമ്പർ
14) കസ്റ്റമർ കെയർ സെൻററിൽ നിന്നും അഡ്മിറ്റ് രോഗികളുടെ വിവരങ്ങൾ, ബോധവത്ക്കരണ ലഘുലേഖ, ആശുപത്രി സേവനങ്ങൾ, പേ വാർഡ് റൂമിൻറെ ലഭ്യത, ഫീസ് വിവരങ്ങൾ, പാലീയേറ്റീവ് ഉത്പന്നങ്ങൾ, നിരോധ്, ഒ.ആർ.എസ്, ബ്ലീച്ചിംഗ് പൌഡർ ലഭ്യമാണ്.
15) മരുന്നുകളുടെ പ്രവർത്തനം, പ്രത്യാഘാതങ്ങൾ, അലർജി തുടങ്ങിയവ ഡ്രഗ് ഇൻഫർമേഷൻ സെലിൽ ലഭിക്കും.
16) 40 വയസ്സിനു മുകളിലുള്ള എല്ലാവർക്കും എല്ലാ ദിവസവും ബി.പി. ഷുഗർ പരിശോധന ലഭ്യമാണ്.
17) ഒന്നിടവിട്ടുള്ള ഞായറാഴ്ച്ചകളിൽ സ്കാനിംഗ് സൌകര്യം ഉണ്ടായിരിക്കുന്നതാണ്.

18) എല്ലാമാസവും രണ്ടാമത്തെ വെള്ളിയാഴ്ച്ച ഗ്യാസ്ട്രോ എൻറോസ്കോപ്പി സൌകര്യവും കീ ഹോൾ സർജറി സൌകര്യവും ലഭ്യമാണ്,

19) പാലിയേറ്റീവ് പ്രവർത്തനത്തിനു താത്പര്യമുള്ളവർ റൂ നമ്പർ 29 ൽ ബന്ധപ്പെടുക

20) എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ചയും നാലാമത്തെ ഞായറാഴ്ച്ചയും ത്വക്ക് രോഗ വിദഗ്ധ ഡോക്ടറുടെ സേവനം ലഭ്യമാണ്.

21) അനാഥരായ രോഗികൾക്കായി ബൈസ്റ്റാൻഡർ സൌകര്യം

22) എല്ലാ മാസവും 9- തീയ്യതി പി.എം.എസ്.എം.എ പരിപാടി

23) ഡയാലിസിസ് യൂണിറ്റ് സൌകര്യം

24) നവജാത ശിശുകൾക്കുള്ള പ്രത്യേക പരിചരണ ഐ.സി.യു സജ്ജീകരണം

25) ദന്ത രോഗ വിദഗ്ധ സേവനം

26) 24 മണിക്കൂറും അത്യാഹിത വിഭാഗം, ലാബ്, എക്സ്-റേ, ഇ.സി.ജി, ഓപ്പറേഷൻ തിയ്യേറ്റർ പ്രവർത്തിച്ചു വരുന്നു.

27) ആർ.എസ്.ബി.വൈ, ആർ.ബി.എസ്.കൈ, ആരോഗ്യ കിരണം, ജെ.എസ്.എസ്.കെ, ടൈബൽ ഇൻഷൂറൻസ്, എസ്. — ചിസ് & ചിസ് പ്ലസ് എന്നിവയുടെ സേവനം

5.1.39 <u>പുതുതായി ആരംഭിക്കുന്ന സേവനങ്ങൾ</u>

1. കീമോതെറപ്പി യൂണിറ്റ്
2. ഡി.ഇ.ഐ.സി
3. മുതിർന്ന പൌരന്മാരുടെ ഡെ കെയർ & പുനരധിവാസ പരിശീലന കേന്ദ്രം

<u>പട്ടിക 5.1.30</u>

ലേബർ റൂം റിപ്പോർട്ട് — ജി.റ്റി.എസ്.എച്ച് കോട്ടത്തറ

ക്രമ നം	ഭാരം	ആകെ 2017		
		ആൺ	പെൺ	ആകെ
1	1 കിലോയ്ക്ക് താഴെ	2	0	2
2	1 കിലോ മുതൽ 1.5 കിലോ വരെ	1	5	6
3	1.5 കിലോ മുതൽ 5 കിലോ വരെ	11	10	21
4	2 കിലോ മുതൽ 2.5 കിലോ വരെ	72	80	152
5	2.5 കിലോയ്ക്കു അധികം	150	140	290
	ആകെ	**236**	**235**	**471**

<u>പട്ടിക 5.1.31</u>

<u>കഴിഞ്ഞ 3 വർഷങ്ങളിലെ കോട്ടത്തറ ആശുപത്രിയിലെ പ്രസവങ്ങളുടെ താരതമ്യ പട്ടിക</u>

ക്രമ നം	ഭാരം	ആകെ 2015	ആകെ 2016	ആകെ 2017
1	1 കിലോയ്ക്ക് താഴെ	0	0	2
2	1 കിലോ മുതൽ 1.5 കിലോ വരെ	8	2	6

3	1.5 കിലോ മുതൽ 5 കിലോ വരെ	12	29	21
4	2 കിലോ മുതൽ 2.5 കിലോ വരെ	130	114	152
5	2.5 കിലോയ്ക്കു അധികം	256	227	290
	ആകെ	**406**	**372**	**471**

കുറിപ്പ് : മുൻ വർഷങ്ങളെക്കാളും കോട്ടത്തറ ആശുപത്രിയിലെ പ്രസവം കൂടുകയും 2.5 കിലോയ്ക്കു മുകളിലുള്ള കുട്ടികളുടെ എണ്ണം നന്നായി കൂടുകയും ചെയ്തിരിക്കുന്നു. എങ്കിലും തൂക്കക്കുറവുള്ള കുട്ടികളുടെ എണ്ണത്തിലും, ഐ.യു.ജി.ആർ കുട്ടികളുടെ എണ്ണത്തിലും നേരത്തെയുള്ള പ്രസവങ്ങളുടെ എണ്ണത്തിലും കാര്യമായ കുറവ് വന്നിട്ടില്ല.

പട്ടിക 5.1.32

നവജാത ശിശു രോഗ പരിചരണ ഐ.സി.യു ജി.റ്റി.എസ്.എച്ച്. കോട്ടത്തറ

ക്രമ നം	ഭാരം	ആകെ 2017		
		ആൺ	പെൺ	ആകെ
1	1 കിലോയ്ക്ക് താഴെ	2	0	2
2	1 കിലോ മുതൽ 1.5 കിലോ വരെ	5	4	9
3	1.5 കിലോ മുതൽ 5 കിലോ വരെ	25	22	47
4	2 കിലോ മുതൽ 2.5 കിലോ വരെ	26	26	52
5	2.5 കിലോയ്ക്കു അധികം	35	21	56
	ആകെ	**93**	**73**	**166**

പട്ടിക 5.1.33

പ്രത്യേക പരിശോധന റിപ്പോർട്ട് – ജി.റ്റി.എസ്.എച്ച് കോട്ടത്തറ

ക്രമ നം	ഇനം	ആകെ
1.	എ.സി.റ്റി.സി യിൽ പരിശോധന നടത്തിയ ആകെ ഗർഭിണികൾ	749
2.	തൈറോയ്ഡ് ടെസ്റ്റ് ചെയ്ത ഗർഭിണികൾ	424
3.	യു.എസ്.ജി സ്കാനിംഗ് ചെയ്ത ആകെ ഗർഭിണികൾ	1286
4.	അനോമലി സ്കാനിംഗ് ചെയ്ത ആകെ ഗർഭിണികൾ	125
5.	ഗുരുതരമായ വൈകല്യമുള്ള അനോമലി സ്കാനിംഗ് റിപ്പോർട്ട്	32

കുറിപ്പ് : ഗുരുതരമായ വൈകല്യമുള്ള അനോമലി സ്കാനിംഗ് റിപ്പോർട്ട് ഒന്നും തന്നെ ഉണ്ടായിരുന്നില്ല.

പട്ടിക 5.1.34

സർജ്ജറി റിപ്പോർട്ട് - ജി.റ്റി.എസ്.എച്ച് കോട്ടത്തറ

മാസം	ഗൈനക്ക്		ഓർത്തോ		ജനറൽ സർജ്ജറി		ഇ.എൻ.റ്റി		നേത്ര രോഗ വിഭാഗം	
	മൈനർ	മേജർ	മൈനർ	മേജർ	മൈനർ	മേജർ	മൈനർ	മേജർ	കാറ്ററാക്ട്	ടെറിജിയം
ജനുവരി	15	6	7	25	7	22	2	16	31	2
ഫെബ്രുവരി	0	16	18	7	11	12	8	4	20	0
മാർച്ച്	9	10	33	06	14	14	17	01	29	0
ഏപ്രിൽ	0	18	24	4	22	9	11	2	14	1
മെയ്	0	30	15	15	22	05	17	07	27	0
ജൂൺ	0	18	19	6	28	2	13	4	12	1
ജൂലൈ	01	19	13	03	37	09	03	04	32	0
ആഗസ്റ്റ്	01	24	15	14	19	11	12	05	25	0
സെപ്റ്റംബർ	0	13	03	05	23	06	08	04	12	1
ഒക്ടോബർ	01	13	01	05	33	16	10	02	34	0
നവംബർ	01	25	05	08	22	08	16	2	25	2
ഡിസംബർ	0	15	02	1	17	13	07	0	14	1
ആകെ	**28**	**207**	**155**	**99**	**255**	**127**	**124**	**51**	**275**	**8**

കുറിപ്പ് : കോട്ടത്തറ ആശുപത്രിയിലെ കണ്ണ് ഓപ്പറേഷൻ തിയ്യേറ്റർ പ്രവർത്തന സജ്ജമാക്കി തിമിര – മൈനർ ശസ്ത്രക്രിയകൾ നടത്തുവാനുള്ള ഏർപ്പാട് ഉണ്ടാവണം.

5.1.40 കോട്ടത്തറ ആശുപത്രിയിലെ മേജർ സർജ്ജറികൾ

1. റ്റോട്ടൽ ഹിപ്പ് റീ- പ്ലെയ്സ്മെൻറ്
2. ക്നീ റീ- പ്ലെയ്സ്മെൻറ്
3. ജി.ഐ.എസ്.റ്റി സർജ്ജറി ഫോർ ലിംഫൊമ രോഗികൾക്ക്
4. തൈറോയ്ഡക്ടൊമി
5. റ്റോൺസിലക്ടൊമി
6. ലാപ്രോസ്കോപ്പിക്ക് സ്റ്റെറിലൈസേഷൻ
7. സ്റ്റാപ്ലർ ഹെമറോയ്ഡെക്ടമി
8. കീ – ഹോൾ സർജ്ജറി

പട്ടിക 5.1.35

അരിവാൾ രോഗ നിയന്ത്രണ റിപ്പോർട്ട് – ജി.റ്റി.എസ്.എച്ച് കോട്ടത്തറ

മാസം	ആകെ ടെസ്റ്റ് ചെയ്ത അരിവാൾ രോഗ കേസസ്	ആകെ കണ്ടുപിടിക്കപ്പെട്ട അരിവാൾ രോഗ പോസിറ്റീവ് കേസസ്
ജനുവരി	86	09
ഫെബ്രുവരി	170	40
മാർച്ച്	564	93
ഏപ്രിൽ	188	39
മെയ്	296	50

ജൂൺ	271	43
ജൂലൈ	206	35
ആഗസ്റ്റ്	183	27
സെപ്റ്റംബർ	545	61
ഒക്ടോബർ	416	88
നവംബർ	349	68
ഡിസംബർ	210	39
ആകെ	**3484**	**592**

കുറിപ്പ് : സിക്കിൾ രോഗികളുടെ ചികിത്സയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് വഴി സാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നു. ആകെയുള്ള 147 സിക്കിൾ സെൽ രോഗികളെ 5 ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനെ ഓരോ വെള്ളിയാഴ്ച ദിവസങ്ങളിൽ കോട്ടത്തറ് ആശുപത്രിയിൽ കൃത്യമായി ഫിസിഷ്യൻറെ നേതൃത്വത്തിൽ പരിശോധന നടത്തുകയും, മരുന്ന് നൽകുകയും, ഡയറ്റീഷ്യൻറെ നിരീക്ഷണത്തിൽ പോഷകാഹാര കിറ്റ് നൽകുകയും കൌൺസിലറുടേയും, സൈക്യാട്രിസ്റ്റിൻറെയും, ട്രൈബൽ വെൽഫെയർ ഓഫീസറുടേയും നേതൃത്വത്തിൽ ജനറ്റിക് കൌൺസിലിംഗും നടത്തി വരുന്നു. രോഗികളെ കൊണ്ടു വരുന്നതിനും, കൊണ്ട് വിടുന്നതിനും വാഹന സൌകര്യവും, അന്നത്തെ ദിവസത്തെ ഭക്ഷണവും പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോഷകാഹാര കിറ്റിൽ താഴെ പറയുന്ന സാധനങ്ങൾ മാവേലി സ്റ്റോർ വഴി ലഭ്യമാക്കി വരുന്നു.

5.1.41 മാനസിക – അരിവാൾ രോഗ പുനരധിവാസ കൃഷി രീതി - ജി.റ്റി.എസ്.എച്ച് കോട്ടത്തറ

കോട്ടത്തറ ആശുപത്രി കോമ്പൌണ്ടിലെ കൃഷി സ്ഥലത്ത് പുനരധിവാസത്തോടനുബന്ധിച്ച് മാനസിക രോഗികളും, അരിവാൾ രോഗമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾ ജൈവ രീതിയിൽ കൃഷി ചെയ്യുകയും. കൃഷി ചെയ്ത പച്ചക്കറികളും, മറ്റും ആശുപത്രി ക്യാൻറീനിലേയ്ക്ക് നൽകുകയും അത് പാകം ചെയ്ത് പ്രസവ വാർഡിൽ അഡ്മിറ്റാകുന്ന ഐ.യു.ജി.ആർ അമ്മമ്മാർക്കു നൽകുകയും ചെയ്യുന്നു.

കുറിപ്പ് : മാനസിക വൈകല്യമുള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുവാൻ സർക്കാർ ആട് ഫാമിൻറെ സഹായത്തോടെ ആടുകളെ വിതരണം ചെയ്യുകയും അത് വഴി രോഗികളിൽ സംരക്ഷണത്തിൻറെയും, സ്നേഹത്തിൻരെയും വികാരങ്ങൾ ഉണർത്തുവാൻ സാധിച്ചത് വളരെ നല്ല ഒരു നേട്ടമാണ്.

പട്ടിക 5.1.36

അട്ടപ്പാടി മൊബൈൽ മെഡിക്കൽ ക്യാമ്പ് റിപ്പോർട്ട് - 2017

ക്രമ നം	ഇനം	2017
1	ആകെ നടത്തിയ ക്യാമ്പുകൾ	154
2	ആകെ പോയ ഊരുകൾ	130
3	ആകെ പട്ടികവർഗ്ഗ രോഗികൾ	1834
4	ആകെ കണ്ട ഗർഭിണികൾ	42
5	ആകെ കുട്ടികൾ 5 വയസ്സിനു താഴെ	159
6	ആകെ കണ്ട കൌമാര പ്രായക്കാർ	185
7	റഫർ ചെയ്ത കേസുകൾ	10
8	കണ്ടുപിടിക്കപ്പെട്ട അനീമിയ കേസസ്	46
9	പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തിയത്	24
10	ഐ.ഇ.സി നൽകിയത്	154

കുറിപ്പ് : പുതൂർ പി.എച്ച്.സി യുടെ കീഴിൽ സൈലൻറ് വാലി ഉൾപ്പെടുന്ന മൊബൈൽ യൂണിറ്റ് നമ്പർ 5 ൽ ഡോക്ടർ ഇല്ലാതിരുന്നതിനാൽ ക്യാമ്പുകളുടെ എണ്ണം കുറവായിരുന്നു. പ്രക്തന ഗോത്ര മേഖലയിൽ മെഡിക്കൽ ക്യാമ്പുകളുടെ സേവനം ലഭിച്ചിരുന്നില്ല. എന്നാൽ 2018 ജനുവരി മുതൽ പുതിയ ഡോക്ടർ ചാർജ്ജ് എടുത്തു. 5 മൊബൈൽ യൂണിറ്റുകളുടേയും അഡ് വാൻസ് ടൂറിൻറെ പകർപ്പുകൾ ജനപ്രതിനിധികൾക്കും, ഐ.സി.ഡി.എസ്, കുടുംബശ്രീ, ട്രൈബൽ വകുപ്പുകൾക്കും നൽകുന്നതിനാൽ ക്യാമ്പുകളുടെ നടത്തിപ്പും, ക്രമീകരണങ്ങളും മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. 2018 ജനുവരി മുതൽ മൊബൈൽ യൂണിറ്റ് 03 ൽ മെഡിക്കൽ ഓഫീസർ ഇല്ലാത്തത് ഷോളയൂർ പി.എച്ച്.സി യുടെ ഏരിയയിലെ പ്രവർത്തനത്തെ കാര്യമായി ബാധിക്കും.

പട്ടിക 5.1.37

പ്രജനന ശിശു ആരോഗ്യ പദ്ധതി റിപ്പോർട്ട് – സി.എച്ച്.സി

ക്രമ നം	ഇനം ജനറൽ / എസ്.റ്റി	ആകെ /എസ്.റ്റി
1.	ആകെ ഗർഭിണികൾ /എസ്.റ്റി	935/485
2.	അപകട സാധ്യത കൂടുതലുള്ള ഗർഭിണികൾ /എസ്.റ്റി	469/285
3.	അനീമിയ കെയ്സസ് / എസ്.റ്റി	230/198
4.	ആകെ പ്രസവം /എസ്.റ്റി	935/485
5.	ആകെ സ്ഥാപന പ്രസവം /എസ്.റ്റി	932/469
6.	വീട്ടിലെ പ്രസവം /എസ്.റ്റി	4/5
7.	ഭാരം 2.5 കിലോയ്ക്കു താഴെ /എസ്.റ്റി	181/114
8.	ഭാരം 2.5 കിലോയ്ക്കു മുകളിൽ /എസ്.റ്റി	607/348
9.	അബോർഷൻ /എസ്.റ്റി	36/24
10.	ഭാഗികമായ പരിശോധന കുത്തിവെയ്പ്പ് എടുത്ത കുട്ടികൾ /എസ്.റ്റി	9/0
11.	പ്രതിരോധകുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികൾ	1/0
12.	നവജാത ശിശുമരണം	15/14
13.	ചാപിള്ള	2/2
14.	ശിശു മരണം	1/1
15	മാതൃ മരണം	1/1
16	ആകെ പ്രസവം	935/485
17	ഗർഭസ്ഥ ശിശുമരണം	9/7

പട്ടിക 5.1.38

കഴിഞ്ഞ 3 വർഷങ്ങളിലുള്ള അട്ടപ്പാടി ബ്ലോക്കിലെ – എസ്.റ്റി പ്രസവങ്ങളുടെ താരതമ്യ പട്ടിക

വർഷം	ചാപിള്ള (എസ്.റ്റി)	ഗർഭസ്ഥ ശിശു മരണം (എസ്.റ്റി)	ഭാരം 2.5 കിലോയ്ക്കു താഴെ (എസ്.റ്റി)	ഭാരം 2.5 കിലോയ്ക്കു മുകളിൽ (എസ്.റ്റി)	ഐ.യു.ജി.ആർ (എസ്.റ്റി)	നേരത്തെയുള്ള പ്രസവം (എസ്.റ്റി)
2015	5	18	328	206	15	33
2016	2	10	224	210	9	33
2017	2	9	137	348	11	32

കുറിപ്പ് : മുൻ വർഷങ്ങളെക്കാളും കോട്ടത്തറ ആശുപത്രിയിലെ പ്രസവം കൂടുകയും 2.5 കിലോയ്ക്കു മുകളിലുള്ള കുട്ടികളുടെ എണ്ണം നന്നായി കൂടുകയും ചെയ്തിരിക്കുന്നു. എങ്കിലും തൂക്കകുറവുള്ള കുട്ടികളുടെ എണ്ണത്തിലും, ഐ.യു.ജി.ആർ കുട്ടികളുടെ എണ്ണത്തിലും നേരത്തെയുള്ള പ്രസവങ്ങളുടെ എണ്ണത്തിലും കാര്യമായ കുറവ് വന്നിട്ടില്ല.

പട്ടിക 5.1.39

ക്രമ നം	ഇനം	ജനു-ഡിസം (2010)	ജനു-ഡിസം (2011)	ജനു-ഡിസം (2012)	ജനു-ഡിസം (2013)	ജനു-ഡിസം (2014)	ജനു-ഡിസം (2015)	ജനു-ഡിസം (2016)	ജനു-ഡിസം (2017)
1.	രേഖപ്പെടുത്തിയ ഗർഭിണികൾ	511	560	551	565	529	534	501	546
2.	അപകട സാധ്യതയുള്ള ഗർഭിണികൾ	191	135	196	346	359	232	241	285
3.	മൊത്തം പ്രസവം എസ്.റ്റി	998	914	923	932	1009	1012	878	935
4.	വീട്ടിലെ പ്രസവം	69	91	52	64	39	22	6	5
5.	ഗർഭം അലസൽ	32	32	21	77	53	34	33	24
6.	മാതൃമരണം	0	1	1	0	1	1	0	1
7.	ചാപിള്ള	4	1	0	2	2	3	1	2
8.	ഗർഭസ്ഥ ശിശുമരണം	12	10	10	18	6	16	8	7
9	ശിശുമരണം	15	13	16	31	15	14	8	14
10	2 മുതൽ 5 വയസ്സുവരെയുള്ള മരണം	0	0	0	6	0	2	2	0
11	നവജാത ശിശുമരണ നിരക്ക്	15	14	17	33	14	13	9	13

കുറിപ്പ് : നവജാത ശിശുമരണം ആകെ 15 ആണ്. ഇതിൽ ആദിവാസി വിഭാഗക്കാർ 14 ആണ്. ആകെയുള്ള ശിശുമരണ നിരക്ക് കണക്കാക്കിയാൽ 16 ആണ്. എന്നാൽ ഇതിൽ ആദിവാസി വിഭാഗക്കാരുടെ മാത്രം ശിശുമരണ നിരക്ക് എടുത്താൽ 28 ആണ്. ഇത്തവണത്തെ ശിശുമരണങ്ങളിൽ 7 എണ്ണം ജനന വൈകല്യങ്ങൾ മൂലമാണ് ഉണ്ടായത്. 5 എണ്ണം വളരെ നേരത്തെ ഉള്ള പ്രസവത്തെ തുടർന്നുള്ള അസുഖങ്ങളും, 2 എണ്ണം മുലപ്പാൽ ശ്വാസകോശത്തിൽ കയറിയുമാണ് ഉണ്ടായത്. ഇതിൽ ജനന വൈകല്യങ്ങൾ നേരത്തെ അനോമലി സ്കാനിംഗിൽ കണ്ടെത്തിയിരുന്നുവെങ്കിലും ആരും തന്നെ അബോർഷൻ നടത്തുവാൻ തയ്യാറായിരുന്നില്ല.

പട്ടിക 5.1.40

Progress Chart of Infertility Cases – GTSH Kottathara

	Dec 2017	Cumulative 2017
Infertility Clinic Treated for the month	02	48
No of cases conceived	0	15
No of cases delivered	0	2

കുറിപ്പ് : എല്ലാ വെള്ളിയാഴ്ച്ചയും ഒരു ചെലവും കൂടാതെ കോട്ടത്തറ ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് നടന്നു വരുന്നു. 2016 ൽ 64 കേസുണ്ടായിരുന്നു. അതിൽ 2 കേസ് പ്രസവിക്കുകയും ചെയ്തു. കൂടാതെ 2017 ൽ 48 പേർ വരികയും അതിൽ 15 പേർ ഗർഭിണിയാകുകയും, 2 കേസ് പ്രസവിക്കുകയും ചെയ്തു.

5.1.42 അട്ടപ്പാടി ആരോഗ്യമേഖല മെച്ചപ്പെടുത്തുവാൻ വേണ്ടുന്ന നടപടികൾ

1. കോട്ടത്തറ ആശുപത്രിയിൽ 100 കിടക്കകളുടെ പണി പൂർത്തിയായി പ്രവർത്തനം തുടങ്ങിയതിനാൽ, അധികം സൃഷ്ടിക്കേണ്ടതായ തസ്തികകൾ ഉടൻ നടപടി സ്വീകരിക്കുക.
2. ടി ആശുപത്രിയിൽ കൂടുതൽ സേവനം നൽകുന്നതിനായി ജനറൽ മെഡിസിൻ, ഓർത്തോ, ഇ.എൻ.റ്റി, ഗൈനക്കോളജി, സൈക്യാട്രി, സർജ്ജറി, ശിശുരോഗ വിദഗ്ധ സേവനം, അനസ്തേഷ്യ, കണ്ണ് രോഗ വിഭാഗം, ത്വക്ക് രോഗ വിഭാഗം എന്നീ സ്പെഷ്യാലിറ്റികളിൽ കൂടുതൽ മെച്ചപ്പെട്ട സേവനം നൽകുക.
3. ജീവനക്കാരുടെ ഒഴിവുകൾ നികത്തുക (സ്പെഷ്യലിസ്റ്റ് ഡോക്ടർമ്മാരുടെ തസ്തികളും, സിവിൽ സർജ്ജൻറെ തസ്തികളും, സ്റ്റാഫ് നഴ്സ് , ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ, റെഡിയോഗ്രാഫർ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ, ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ)മാരുടെ തസ്തികളും നികത്തുക
4. ആരോഗ്യകേരളം വഴി അടിയന്തിരമായി ഒഴിഞ്ഞ് കിടക്കുന്ന സെക്കൻഡ് ജെ.പി.എച്ച്.എൻ മാരുടെ തസ്തികകൾ നികത്തുക.
5. കോട്ടത്തറ ആശുപത്രിയിലെ ഇലക്ട്രിസിറ്റി ലൈൻ ലോ ടെൻഷൻ മാറ്റി ഹൈ ടെൻഷൻ ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
6. നോഡൽ ഓഫീസർക്ക് യാത്ര ചെയ്യാൻ ഉതകുന്ന തരത്തിലുള്ള വാഹനവും, മറ്റും ചെലവിനുള്ള ഫണ്ടും അടിയന്തിരമായി അനുവദിച്ച് തരുക. ഓഫീസ് പ്രവർത്തനം സുഗമമായി നടത്തുന്നതിലേയ്ക്കായി ആവശ്യമുള്ള സ്റ്റാഫുകളും, കമ്പ്യൂട്ടറും അനുവദിക്കുക.
7. കോട്ടത്തറ ആശുപത്രി പ്രവർത്തനം തുടങ്ങിയതിനാൽ ലിഫ്റ്റ് സംവിധാനം ഏർപ്പെടുത്തുക
8. ടി ആശുപത്രിയിൽ ഒരു സി.റ്റി സ്കാൻ മെഷീൻ സ്ഥാപിക്കുക
9. എസ്.സി / എസ്.റ്റി വകുപ്പിൻറെ കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിൻറെ പെരിഫറൽ യൂണിറ്റായി കോട്ടത്തറ ആശുപത്രിയെ പരിഗണിച്ച് വിവിധ വകുപ്പുകളുടെ സേവനം ലഭ്യമാക്കുക
10. ടി ആശുപത്രിയിൽ 100 കിടക്കയിൽ 150 ഓളം രോഗികൾ അഡ്മിറ്റാകുന്നതിനാൽ ഫയർ സേഫ്റ്റി സംവിധാനത്തിലേയക്കായി ഫണ്ട് അനുവദിച്ച് തരുക
11. കോട്ടത്തറ ആശുപത്രിയിൽ ഒ.പി കമ്പ്യൂട്ടറൈസേഷൻ, ഇൻറർകോം കണക്ഷൻ എന്നിവ സജ്ജമാക്കുന്നതിലേയ്ക്കായി ഫണ്ട് അനുവദിക്കുക
12. ടി ആശുപത്രിയിൽ ഒരു പവർ ലോണ്ട്രി അനുവദിച്ച് തരുക
13. കോട്ടത്തറ ആശുപത്രിയിലെ രണ്ട് ബ്ലോക്കിലെ ഇടയിലുള്ള ഭാഗം ഒ.പി ബ്ലോക്കായി മാറ്റുവാൻ വേണ്ട ഫണ്ട് അനുവദിക്കുക.
14. ടി ആശുപത്രിയിൽ എ.ആർ.റ്റി ലിങ്ക് സെൻറർ, ഡി.ഇ.ഐ.സി എന്നിവയ്ക്കു പ്രത്യേക ബ്ലോക്ക് നിർമ്മിക്കുക
15. ആശുപത്രിയിൽ ശുദ്ധമായ കുടിവെള്ളം ലഭിക്കുന്നതിലേയ്ക്കായി ആർ.ഒ പ്ലാൻറ് സ്ഥാപിക്കുക
16. മലിനജല സംസ്കരണത്തിനായി സീവേജ് ട്രീറ്റ്മെനറ് പ്ലാൻറ് സ്ഥാപിക്കുക
17. എമർജൻസി മെഡിസിനുകൾ 24 മണിക്കൂറും ലഭ്യമാക്കുന്നതിലേയ്ക്കായി കോർഫണ്ട് അനുവദിക്കുക
18. എസ്.എൻ.സി.യു & ലേബർ വാർഡ് എന്നിവയുടെ സുഗമമായ പ്രവർത്തനത്തിന് അറ്റൻഡൻറർമാരെ നിയമിക്കുക
19. ആശുപത്രിയിൽ കൂടുതൽ ആദിവാസി സൌഹൃദ സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ആദിവാസി വിഭാഗത്തിൽപ്പെട്ട നേഴ്സിംഗ്, പാരാമെഡിക്കൽ വിഭാഗക്കാരെ പ്രാദേശികമായി നിയമിക്കുക
20. എ.എൽ.എസ് ആംബുലൻസ് അനുവദിക്കുക
21. മദ്യം, ലഹരി വിമോചന കേന്ദ്രവും, പുനരധിവാസ കേന്ദ്രവും തുടങ്ങാൻ അഡ്മിനിസ്ട്രേറ്റീവ് അംഗീകാരം നൽകുക
22. ഡോക്ടർമ്മാർക്കും, സ്റ്റാഫ് നേഴ്സിനും എൻ.ആർ.സി ട്രൈനിംഗ് നൽകുക

23. കീമോതെറാപ്പി യൂണിറ്റ്, ക്യാൻസർ നിർണ്ണയ യൂണിറ്റ് എന്നിവ അനുവദിക്കുക
24. ടി.ബി യൂണിറ്റും, ടി.ബി ഐസൊലേഷൻ വാർഡും അനുവദിക്കുക
25. എക്കോ കാർഡിയോഗ്രാം, ആഞ്ചിയോഗ്രാം, ആഞ്ചിയോപ്ലാസ്റ്റി എന്നിവ അനുവദിക്കുക. കാർഡിയോളജിസ്റ്റിൻറെ അധിക തസ്തിക സൃഷ്ടിക്കുക
26. ആദിവാസി വിഭാഗക്കാർക്കിടയിൽ വരുന്ന വന്ധ്യത ചികിത്സിക്കുന്നതിലേയ്ക്കായി കോട്ടത്തറ ആശുപത്രിയിൽ വന്ധ്യതാ ക്ലിനിക്ക് അനുവദിക്കുക
27. പകർച്ചവ്യാധികളുള്ള രോഗികളുടെ പ്രത്യേക പരിചരണത്തിനു വേണ്ടി ഐസോലേഷൻ റൂം കൂടുതൽ മെച്ചപ്പെടുത്തുക
28. അതീവ പ്രാധാന്യമുള്ള മരുന്നുകൾ സൂക്ഷിക്കുന്നതിനു നാർകോട്ടിക് കാബിൻ സ്ഥാപിക്കുക
29. അതീവ ഗുരുതരാവസ്ഥയിലുള്ള കുട്ടികളെ റഫർ ചെയ്യുന്നതിനു പോർട്ടബിൾ ഇൻക്യൂബേറ്റർ സംവിധാനം ഏർപ്പെടുത്തുക.
30. ഡെൻറൽ ഹൈജീൻ ക്ലിനിക്ക് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുക, ഡെൻറൽ ക്യാബിനറ്റ് ഏർപ്പാടാക്കുക.
31. നേഴ്സ് കോൾ സിസ്റ്റം ഏർപ്പാടാക്കുക
32. ആശുപത്രിയിൽ ഡിസ്റ്റിൽഡ് വാട്ടർ യൂണിറ്റ് സ്ഥാപിക്കുക
33. ഓക്സിജൻ സപ്ലൈയ്ക്കു വേണ്ടി ഓക്സിജൻ കോൺസെൻട്രേറ്റർ സ്ഥാപിക്കുക
34. രോഗികൾക്ക് ബോധവത്ക്കരണത്തിനും മാനസിക ഉല്ലാസത്തിനും വേണ്ടി മാസ്റ്റർ ആൻറിന ടി.വി സിസ്റ്റം ഏർപ്പാടാക്കുക.
35. അഡ്മിറ്റാകുന്ന ഗർഭിണികളുടെ പരിചരണം മെച്ചപ്പെടുത്തുന്നതിനായി വയർലെസ് ഫീറ്റൽ മോണിറ്റർ സംവിധാനം ഏർപ്പാടാക്കുക.
36. സ്റ്റാഫ് ക്വാട്ടേഴ്സ് നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
37. മാനസിക രോഗം വൈകല്യമുള്ളവരുടെ ചികിത്സയ്ക്ക് ഇലക്ട്രോ കൺവൽസീവ് തെറാപ്പിയ്ക്കുള്ള അനുവാദം ലഭ്യമാക്കൽ
38. റെക്കോർഡുകൾ സൂക്ഷിക്കാൻ ഇലക്ട്രോണിക് മെഡിക്കൽ റെക്കോർഡ് ലൈബ്രറി അനുവദിക്കുക
39. കുട്ടികളിലുണ്ടാകുന്ന മഞ്ഞപ്പിത്തം ചികിത്സിക്കുന്നതിനായി ഡ്രും തെറാപ്പി എർപ്പാടാക്കുക
40. നവജാത ശിശുക്കളിലെ മഞ്ഞപ്പിത്തം കണ്ടുപിടിക്കുവാൻ ട്രാൻസ് ക്യൂട്ടേനിയസ് ബിലിറൂബിനോമീറ്റർ ലഭ്യമാക്കുക
41. അടിയന്തിരമായി ചെയ്തു തീർക്കേണ്ട എല്ലാ വർക്കുകൾക്കും തുക അനുവദിക്കുക
42. ഓഡിയോ – വിഡീയോ ഇൻറഗ്രേഷൻ പരിപാടികളിൽ ഓപ്പറേഷൻ തീയ്യേറ്ററിലെ പ്രവർത്തനങ്ങൾ രേഖപ്പെടുത്തുന്നതിനും, ഡോക്യുമെന്റേഷനും, സ്റ്റാഫുകൾക്കും ക്ലാസ്സ് എടുക്കുന്നതിനുള്ള സംവിധാനം കോൺഫറൻസ് ഹാളിൽ തയ്യാറാക്കുക.
43. ഡയാലിസിസ് യൂണിറ്റിൽ കത്തീറ്റർ വാഷിംഗ് സ്റ്റേഷൻ ഉണ്ടാക്കുവാനുള്ള സൌകര്യങ്ങൾ ഏർപ്പാടാക്കുക
44. സ്റ്റാഫുകളുടെ കുട്ടികൾക്കുള്ള പരിചരണത്തിന് ഡേ കെയർ സംവിധാനം ഏർപ്പാടാക്കുക
45. വാർഡിലുള്ള രോഗികളുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിലേയ്ക്കായി ലോക്കർ സംവിധാനമുള്ള കാബിനറ്റ് സ്ഥാപിക്കുക
46. ഡൊമസ്റ്റിക് റഫ്രജിറേറ്റർ മാറ്റി അതിനുപകരം ഡ്രഗ് റഫ്രജിറേറ്റർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുക
47. വെൽനെസ് ക്ലിനിക്ക് ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുക

48. ആശാ വർക്കർമാരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുക. വട്ടലക്കി ഫാമ്മിംഗ് സൊസൈറ്റിയുടെ സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന നേഴ്സിംഗ് കോളേജ് എത്രയും പെട്ടെന്ന് നടപ്പിലാക്കുക.
49. അട്ടപ്പാടിയിലെ ആശുപത്രികളിലും, മറ്റ് സർക്കാർ സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതിന് ആ മേഖലയിൽ തന്നെ പ്രത്യേക റിക്രൂട്ട്മെൻറ് നടത്തുക
50. ആദിവാസി വിഭാഗക്കാരുടെ ഇടയിൽ സാമ്പത്തിക ശീലം വളർത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് മൊബൈൽ ബാങ്കിംഗ് സംവിധാനം ശക്തിപ്പെടുത്തുക.
51. ആദിവാസികളുടെ കൃഷിഭൂമി കൃഷിക്കായി ഉപയോഗിക്കുന്നതിലേയ്ക്കായി ജലസേചനം നടത്തികൊടുക്കുക. അതുമൂലം തനതു കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുകവഴി പോക്ഷകാഹാരകുറവ് പരിഹരിക്കാൻ കഴിയും.
52. ഊരുകളിൽ തുടർച്ചയായി ആരോഗ്യത്തെ കുറിച്ച് ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിലേയ്ക്കായി വലിയ സ്ക്രീനോട് കൂടിയുള്ള വാഹനം അനുവദിക്കുക.
53. ആദിവാസി ഭാഷയിൽ ബോധവത്ക്കരണ പരിപാടികൾ നടത്തുന്നതിനായി നടപടി ഉണ്ടാക്കുക.
54. ട്രൈബൽ ഹോസ്റ്റലുകളുടെ അടിസ്ഥാനസൌകര്യം മെച്ചപ്പെടുത്തുക. ആഴ്ച്ചയിൽ ഒരിക്കൽ അവരുടെ തനത് ഭക്ഷണം കഴിക്കുവാൻ സാഹചര്യം ഒരുക്കുക
55. ആധാർ രജിസ്ട്രേഷനു വേണ്ടി കോട്ടത്തറ ആശുപത്രിയിൽ സെൻറർ തുടങ്ങുവാൻ അപേക്ഷ തന്നിരിക്കുന്ന ഏജൻസിയ്ക്ക് അനുവാദം നൽകുക.
56. ആധാർ ഇല്ലാത്തതിനാൽ ബാങ്ക് അക്കൌണ്ട് ഇല്ലാത്ത എസ്.റ്റി വനിതകൾക്ക് പ്രസവ ധനസഹായം ക്യാഷായി നൽകുവാനുള്ള പ്രത്യേക അനുവദാനം ലഭ്യമാക്കണം.
57. ഊരുകൾ കേന്ദ്രീകരിച്ച് എല്ലാ പേരുടെയും ഹീമോഗ്ലോബിൻ പരിശോധന നടത്തുവാൻ പ്രോജക്ട് അനുവദിക്കുക.
58. പാലിയേറ്റീവ് – മാനസികാരോഗ – അനാഥ – പുനരധിവാസ കേന്ദ്രം അനുവദിക്കുക
59. മെച്ചപ്പെട്ട റോഡ് സംവിധാനം ഏർപ്പാടാക്കുക
60. കുട്ടികളെ പഠിപ്പിക്കുന്നതിനും ഒരു സി.ബി.എസ്.സി സ്കൂൾ അനുവദിച്ചാൽ കൂടുതൽ നല്ല ജീവനക്കാരെ അട്ടപ്പാടിയിൽ ആകർഷിക്കുന്നതിനും സാധിക്കും.

5.1.2 കുടിവെള്ള മേഖല

5.1.2.1 ആമുഖം

5.1.2.1.1 ദേശീയ ജലനയത്തിൽ ശുദ്ധമായ കുടിവെള്ളത്തിന് പ്രഥമസ്ഥാനം ആണെങ്കിലും ഇപ്പോഴും കേരളത്തിൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. കേരളത്തിൽ ഏകദേശം 65% നഗരവാസികൾക്കും, 40-50% വരെ ഗ്രാമീണ ജനങ്ങൾക്കും മാത്രമേ ശുദ്ധജലം എത്തിക്കാനായിട്ടുള്ളൂ. ഇത് പാലക്കാട് ജില്ലയിൽ 74% നഗരവാസികൾക്കും 35% ഗ്രാമീണർക്കുമാണ്.

5.1.2.1.2 ജലക്ഷാമമുണ്ടാകുമ്പോൾ അതിജീവനമാർഗ്ഗങ്ങൾക്ക് സമയവും ധനവും ചെലവഴിച്ച് ദീർഘവീക്ഷണമില്ലാത്ത പദ്ധതികൾ ആസൂത്രണം ചെയ്യുന്നവരും ഇതൊന്നും എനിക്ക് ബാധകമല്ല എന്ന് സ്വയം വിലയിരുത്തി മുൻകരുതലുകളെ പരിഹസിക്കുകയും യാഥാർത്ഥ്യത്തോടടുക്കുമ്പോൾ അമിത ഉത്കണ്ഠ പ്രകടിപ്പിക്കുകയും ചെയ്യുന്ന പൊതുസമൂഹത്തിന് ചില ജല സംരക്ഷണ ചിന്തകളും പാഠങ്ങളും അത്യന്താപേക്ഷിതമാണ്. ഇവിടെയാണ് ജലസാക്ഷരത പ്രവർത്തനത്തിന്റെ ആവശ്യകത. ജലസാക്ഷരത പ്രവർത്തനം ഒരു യജ്ഞമായി സ്കൂൾ തലം മുതൽ നിർബന്ധമാക്കേണ്ടതുണ്ട്. ഇതിന്

മനുഷ്യൻ ഇതുവരെ വിവിധ രംഗങ്ങളിൽ ആർജ്ജിച്ച എല്ലാ വിധ അറിവും കൂട്ടായ്മയും ഉപയോഗിച്ചുകൊണ്ടുള്ള സമഗ്രമായ മഹാ സംരംഭമാണ് ജലയജ്ഞമായി നടപ്പാക്കേണ്ടത്. കൃഷി, വ്യവസായം, മണ്ണ് സംരക്ഷണം, വനവൽക്കരണം, സാമൂഹ്യ വിവരങ്ങൾ, പുതുകൃഷി രീതിയിലുൾപ്പെടുന്ന ജൈവ സാങ്കേതിക വിദ്യ എന്നിവയടങ്ങുന്ന പ്രായോഗിക സമന്വയം ഇതിനാവശ്യമാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജല സ്രോതസ്സുകളുടെയും പരിസ്ഥിതികളുടെയും സംരക്ഷണവുമായി ബന്ധപ്പെടുത്തി ഭൂമിയെ പച്ചപ്പണിയിക്കുന്ന പുത്തൻ വികസന നയമാണ് ആവശ്യം.

5.1.2.13 44 നദികളുള്ള കേരളം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതിന്റെ പ്രധാന കാരണങ്ങൾ താഴെ ചേർക്കുന്നു.

- വർദ്ധിച്ച ജനസാന്ദ്രത, അതിനാൽ ഉണ്ടാകുന്ന ക്രമാതീതവും അസന്തുലിതാവസ്ഥയിലുള്ള ജലത്തിൻറെ ആവശ്യം
- വെള്ളത്തിന്റെ ഉപഭോഗത്തിലുള്ള ധാരാളിത്തം, ജലസേചനത്തിലെ പുതു സാങ്കേതിക വിദ്യയുടെ അഭാവം
- കുത്തനെക്കിടക്കുന്ന ഭൂപ്രതലമായതിനാൽ കിട്ടുന്ന മഴവെള്ളം ഒലിച്ചു പോവുകയും ഭൂമിയിലേയ്ക്ക് അലിഞ്ഞിറങ്ങാതിരിക്കുകയും ചെയ്യുന്നു.
- ക്രമല്ലാത്ത സുലഭമായ മഴ, വർഷത്തിൽ 4-5 മാസങ്ങളിൽ മഴ ലഭ്യതയില്ല.
- എല്ലാ ശുദ്ധജല തടാകങ്ങളും മഴയെ ആശ്രയിച്ചിരിക്കുന്നു
- വ്യാപകമായ വനനശീകരണം മൂലം അപ്രതീക്ഷതിമായ മഴ ജലത്തിന്റെ കുത്തൊഴുക്ക്, മണ്ണൊലിപ്പ്, മണ്ണിടിയൽ എന്നിവ വർദ്ധിപ്പിക്കുയും ഭൂഗർഭജലം നിക്ഷിപ്തമാക്കുന്നതിന് തടസ്സമാവുകയും ചെയ്യുന്നു.
- തണ്ണീർത്തടങ്ങളുടെ വ്യാപകമായ നശീകരണവും, പരിസ്ഥിതി നാശവും
- മണ്ണ്, ജലം, പരിസ്ഥിതി എന്നിവയുടെ വ്യാപകമായ മലിനീകരണം

5.1.2.2 <u>അവസ്ഥ വിശകലനം</u>

<u>മഴകുറയുന്നതെന്തുകൊണ്ട്</u>

5.1.2.2.1 ഭൗമോപരിതലത്തിലെ ചൂട് കൂടുന്തോറും മഴ പെയ്യിക്കാൻ സാഹചര്യമൊരുക്കുന്ന ഈർപ്പമുള്ള അവസ്ഥ ഇല്ലാതാവുന്നു. അതുകൊണ്ട് ജല കണങ്ങൾ ഭൗമാന്തരീക്ഷത്തിൽ എത്തുന്നതിനു മുമ്പ് തന്നെ നീരാവിയായി മാറുന്നു. കൂടാതെ മേഘങ്ങളെ തടഞ്ഞു നിർത്തി മഴ പെയ്യിക്കാൻ സഹായിക്കുന്ന വൻ മരങ്ങളും, കുന്നുകളും, മലകളും ഇല്ലാതാവുന്നു. കുന്നുകളും പുൽമേടുകളും ഇല്ലാതാവുന്നതോടുകൂടി ശക്തമായി മഴപെയ്താലും ചെറിയ തോതിൽ മാത്രമാണ് വെള്ളം ഭൂമിയിലേയ്ക്ക് ഇറങ്ങുന്നത്. കിണറുകളിലെ വെള്ളത്തിൻറെ തോത് വർഷം പ്രതി കുറയുകയാണെന്ന് പല പഠനങ്ങളും പറയുന്നു. സംസ്ഥാനത്തെ 45 ലക്ഷത്തോളം കിണറുകിളിൽ 48% വേനൽക്കാലത്ത് വറ്റുന്നവയാണ്. മഴയുടെ 50% 30-40 മണിക്കൂർ കൊണ്ട് പെയ്തു തീരുന്നു. അതുകൊണ്ടുതന്നെ ഭൂതലത്തിൽ പതിക്കുന്ന മഴയുടെ 80% ഉപരിതല നീരൊഴുക്കായി ഭവിക്കുകയാണ്. മഴ പെയ്യാതിരിക്കാനുള്ള കാരണങ്ങൾ വേറെയും ഉണ്ട്. അതുകൂടി പരിശോധിക്കാം.

1. **ആഗോളതാപനം :-** ഇത് ഇന്ന് നിയന്ത്രണാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാസമാണ്. നമ്മുടെ സുഖഭോഗങ്ങൾ നമുക്കുതന്നെ വിനയായി തീരാൻ ഇതുമാത്രം മതി. വികസനം ആവശ്യമാണ്. എന്നാൽ പകരം വെയ്ക്കാൻ ഒന്നുമില്ലെങ്കിൽ മനുഷ്യരാശിയെ ഇല്ലാതാക്കുന്ന വികസനം കൊണ്ട് എന്തു പ്രയോജനം

2. **വനനശീകരണം :-** വനം പ്രകൃതിയുടെ ശ്വാസകോശമാണ്. ഭൂമിയിലെ നമ്മൾ ഉൾപ്പെടെയുള്ള ജീവജാലങ്ങൾ ജീവിച്ചിരിക്കുന്നതു തന്നെ മരങ്ങൾ ഉള്ളതുകൊണ്ടു തന്നെയാണ്. വനനശീകരണത്തിനെതിരായി നമ്മൾ ഒന്നും തന്നെ ചെയ്യുന്നില്ല. മരമില്ലെങ്കിൽ എനിക്കെന്ത് എന്ന രീതിയാണ് നമുക്കുള്ളത്.

3. **ജലസ്രോതസ്സുകളുടെ അമിത ചൂഷണം** :-മാനവസംസ്കാരം ഉടലെടുത്തതുതന്നെ നദീതീരങ്ങളിൽ നിന്നാണ്. എന്നാൽ നദികളും പുഴകളും നശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണ്. മാനവരാശിയുടെ ആവശ്യങ്ങൾക്ക് എന്ന വ്യാജേന മണൽ വാരിയും, മലീമസമാക്കിയും, മണ്ണിട്ടു നികത്തി സ്ഥലം കയ്യേറിയും നിക്ഷിപ്ത താൽപര്യങ്ങൾക്കായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ് പ്രകൃതിയുടെ നീരുറവകൾ.

4. **ഭൂഗർഭ ജല ശോഷണം : -** ഉപരിതലജലം കിട്ടാതായപ്പോൾ അമിത ചൂഷണത്തിന് ഭൂഗർഭജലം അളവിൽ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങി. ഇത് വറ്റിപോകുന്നത് ആർക്കും കാണാൻ കഴിയില്ലല്ലോ. അതുകൊണ്ടുതന്നെ ചൂഷണത്തിന് അതിരില്ല. ഒരു പ്രദേശം മുഴുവൻ മരുഭൂമിയാകാൻ ഇത് ധാരാളം മതി.

5. **നിലം നികത്തൽ : -**ഗാർഹിക ആവശ്യങ്ങൾക്കായി ലാഭം മാത്രം കണ്ടുകൊണ്ട് വൻതോതിൽ മലയും കുന്നുകളും നിലങ്ങളും നികത്തി വൻകൊട്ടാരങ്ങൾ പണിയുമ്പോൾ നമുക്ക് നഷ്ടമാകുന്നത് കാർഷിക ഭക്ഷ്യോത്പാദന മേഖലയാണ്. കുടി വെള്ളവും കൃഷി ചെയ്യാൻ മണ്ണും വെള്ളവും ശുദ്ധവായുവും ഇല്ലെങ്കിൽ കൊട്ടാരങ്ങൾ പണിതിട്ടെന്തുകാര്യം പുതിയ ജലസംരക്ഷണ ജലവിനിയോഗ സംസ്കാരം ജനങ്ങളിൽ വളർത്തുന്നതിനായി ഒരു ജനകീയ യജ്ഞം തന്നെ നടത്തിയാലെ ഈ കാലഘട്ടത്തിൻറെ ആവശ്യമായി മാറിയിരിക്കുന്ന ജലസംരക്ഷണം ഉറപ്പുവരുത്താനാകൂ.

ഇതിനായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ തമ്മിലും ഫലപ്രദമായ ഏകോപനം ഉറപ്പാക്കേണ്ടതാണ്.

5.1.2.3 ജില്ലയിലെ ജല സ്രോതസ്സുകൾ

1. ഉപരിതല ജലസ്രോതസ്സുകൾ

പാലക്കാട് ജില്ലയിൽ പ്രധാനമായും 7 നദീതടങ്ങളാണ് ഉള്ളത്. നദീതടങ്ങളുടെ വിസ്തൃതിയെ സംബന്ധിച്ച വിശദമായ പട്ടിക 1 ഉൾപ്പെടുത്തുന്നു.

പട്ടിക 5.1.41

ജില്ലയിലെ നദീത്തടങ്ങളുടെ വിസ്തൃതി

ക്രമ നം	നദീതടം	വിസ്തൃതി (%)	വിസ്തൃതി (ച.കി.മീ.)	സൂക്ഷ്മനീർത്തടങ്ങളുടെ എണ്ണം
1	ഭാരതപ്പുഴ	69.00	3105.18	506
2	ഭവാനിപ്പുഴ	13.6	608.95	123
3	ചാലക്കുടിപ്പുഴ	10.00	445.51	56
4	കടലുണ്ടിപ്പുഴ	2.5	111.86	26
5	കാഞ്ഞിരപ്പുഴ	2.00	86.96	12
6	ഉപ്പാർ	0.2	10.51	1
7	കേച്ചേരിപ്പുഴ	0.1	3.38	3
8	അരിക്പ്രദേശങ്ങൾ	26	107.50	42
	ആകെ		**4479385**	**769**

5.1.2.3.1 ഇതിൽ ജില്ലയുടെ 69% വ്യാപിച്ചിരിക്കുന്നത് ഭാരതപ്പുഴ നദീതടമാണ്. ഇതിൻറെ പ്രധാന പോഷകനദികളാണ് ചിറ്റൂർപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപുഴ, തൂതപ്പുഴ എന്നിവ. അട്ടപ്പാടി മേഖലയിൽ കൂടി ഒഴുകുന്ന ഭവാനിപ്പുഴ കിഴക്കോട്ട് ഒഴുകി കാവേരി നദീതടത്തിൽ എത്തുന്നു. നെല്ലിയാമ്പതി മലനിരയിൽ കൂടി ഒഴുകി വരുന്ന ചാലക്കുടി പുഴ, കാരപ്പാറ, പറമ്പിക്കുളം എന്നീ പോഷകനദികളിൽ കൂടി പടിഞ്ഞാറുഭാഗത്തേയ്ക്ക് ഒഴുകുന്നു.

5.1.2.3.2 ജില്ലയിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകളായ ചിറ്റൂർപ്പുഴ, മലമ്പുഴ, കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ, പോത്തുണ്ടി, മംഗലം എന്നീ ജലാശയങ്ങൾ ഭാരതപ്പുഴ നദീത്തടത്തിലാണ്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിലെ കാലവർഷത്തിൽ വാർഷിക മഴയുടെ 60% വും ബാക്കി 40% വും തുലാവർഷവും വേനൽമഴയുമായി ജില്ലയിൽ ലഭിച്ചുവരുന്നു. പശ്ചിഘട്ട മലനിരകൾ അതിരിടുന്ന ജില്ലയിലെ നെല്ലിയാമ്പതി, പറമ്പിക്കുളം, നിശബ്ദ താഴ്വരയുൾപ്പെടുന്ന അട്ടപ്പാടി, മലമ്പുഴ എന്നീ വനമേഖലകൾ ജില്ലയുടെ 28% വിസ്തൃതിയിൽ പരന്നുകിടക്കുന്നു. അതിനോടനുബന്ധിച്ച രൂപപ്പെട്ട പാലക്കാട് ജില്ലയുടെ സവിശേഷ ഭൂപ്രകൃതി അനുസരിച്ച് സ്വാഭാവികമായുണ്ടായ ജലസംഭരണ നീർത്തട സംവിധാനമാണ് ജില്ലയിലുള്ളത്. ജില്ലയിലെ പ്രധാന സ്രോതസ്സായ ഭാരതപ്പുഴയുടെ കൈവഴികളായ കുന്തിപ്പുഴ, കാഞ്ഞിരപ്പുഴ, തൂപ്പനാട്ടുപുഴ, കരിമ്പുഴ, തൂതപ്പുഴ, മംഗലംപുഴ, മലമ്പുഴ, കൽപ്പാത്തിപുഴ, ചിറ്റൂർപുഴ, കണ്ണാടിപുഴ, ഗായത്രിപുഴ എന്നിവയും ശിരുവാണി, കാഞ്ഞിരപ്പുഴ, പെരുവാരിപ്പള്ളം, തൂണക്കടവ്, മൂലത്തറ റെഗുലേറ്റർ, പോത്തുണ്ടി, മംഗലം, മീങ്കര, കമ്പാലത്തറ, ചുള്ളിയാർ എന്നീ ജലസംഭരണികളും ഉൾപ്പെടുന്ന വിപുലമായ ഉപരിതല ജലസംവിധാനമുണ്ട്.

5.1.2.4 <u>പാലക്കാട് ജില്ലയിലെ ഭൂജല വിഭവ അവസ്ഥ</u>

5.1.2.4.1 പാലക്കാട് ജില്ലയിൽ ഭൂജല വിഭവം ഫ്രീയാററിക് നിലയിലും, സെമി കൺഫൈൻറ്/കൺഫൈൻറ് രീതിയിലുമാണ് കാണുന്നത്. ഹൈഡ്രോജിയോളജിക്കലായി ജില്ലയിലെ ലാറ്ററൈറ്റ് മേഖലകളിലും താഴ്വാരങ്ങളിലെ അലുവീയം മേഖലകളിലും ലഭിക്കുന്ന ഭൂജലത്തിനെ ഫ്രീയാറ്റിക് ഭൂജലം എന്നും പാറകളുടെ വിള്ളലുകളിൽ ശേഖരിക്കപ്പെടുന്ന ജലത്തിനെ അതിൻറെ അവസ്ഥയ്ക്കനുസരിച്ച് സെമി കൺഫൈൻറ്/ കൺഫൈൻറ് എന്നും വിവകഷിക്കുന്നു.

5.1.2.4.2 താഴ്വര പ്രദേശങ്ങളിലെ അലുവീയം പ്രതിനിധാനം ചെയ്യുന്ന സ്ഥലങ്ങളിൽ മഴക്കാലത്തിന് മുമ്പുള്ള ജലവിതാനം തറനിരപ്പിൽ നിന്നും ശരാശരി 2 മീ മുതൽ 8 മീ വരെയും മഴക്കാലത്തിന് ശേഷം ഇത് ശരാശരി 1 മീ മുതൽ 6 മീ വരെയും വരുന്നു. ഈ പ്രദേശത്ത് തുറന്ന കിണറുകളാണ് സാധാരണയായി കാണുന്നത്. ഇവയുടെ പ്രതിദിന ജലലഭ്യത ശരാശരി $20M^3$ വരെയാണ്. തൃത്താല, ഒറ്റപ്പാലം, പട്ടാമ്പി, മണ്ണാർക്കാട് എന്നീ ബ്ലോക്കുകളിൽ ലാറ്ററൈറ്റ് (വെട്ടുകൽ) ആണ് പ്രധാനമായും ഭൂജല സ്രോതസ്സായിവർത്തിക്കുന്നത്. ഈ മേഖലകളിൽ മഴക്കാലത്തിന് മുമ്പുള്ള ജലവിതാനം തറനിരപ്പിൽ നിന്നും 4 മീ മുതൽ 11 മീ വരെയും മഴക്കാലത്തിന് ശേഷം 3 മീ മുതൽ 8 മീ വരെയാണ് ശരാശരി വ്യതിയാനം കാണപ്പെട്ടുവരുന്നത്. ഇത്തര പ്രദേശങ്ങളിൽ ശരാശരി പ്രതിദിന ജലലഭ്യത 5 മുതൽ $30M^3$ വരെയാണ്. അലുവിയം പ്രദേശങ്ങളിലും ലാറ്ററൈറ്റ് പ്രദേശങ്ങളിലും ഭൂജലം സാധാരണ തുറന്ന കിണർ വഴിയാണ് ഉപയോഗപ്പെടുത്തുന്നത്.

5.1.2.4.3 ജില്ലയുടെ ഏകദേശം 80% ത്തോളം വരുന്ന വിഭാഗമാണ് ക്രിസ്റ്റലൈൻ ഫോർമേഷൻ അഥവാ കരിമ്പാറകൾ ഈ മേഖലകളിലെ അപക്ഷയവും പാറകളിൽ ഉണ്ടാകുന്ന ഭ്രംശനങ്ങളും ആണ് ജലം ശേഖരിക്കപ്പെടുന്ന സ്രോതസ്സുകളായ് മാറുന്നത്. പാറകളിലെ വിള്ളലുകളിൽ ശേഖരിക്കപ്പെടുന്ന വെള്ളം കുഴൽ കിണർ വഴി ഉപയോഗപ്പെടുത്തുന്നു.ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും കുഴൽ കിണർ നിർമ്മിക്കുന്നുണ്ടെങ്കിലും ജില്ലയുടെ കിഴക്ക് ഭാഗത്തുള്ള പാലക്കാട് ഗ്യാപ്പ് മേഖലയിലെ ചിറ്റൂർ, മലമ്പുഴ, പാലക്കാട്, കുഴൽമന്ദം എന്നീ ബ്ലോക്കുകളിൽ കുഴൽ കിണറുകൾ ധാരാളമായി ഉപയോഗിച്ചു വരുന്നു.

ഇത്തരത്തിലുള്ള കിണറുകളുടെ ശരാശരി ആഴം 130 മീ വരെയാണ്. എന്നാൽ ജില്ലയിലെ കിഴക്കൻ മേഖലയിലും 190-200മീ ആഴത്തിൽ കുഴൽ കിണർ കുഴിക്കുന്ന അവസ്ഥയാണ് 10 വർഷങ്ങൾക്ക് മുമ്പ് ശരാശരി ആഴം 100-200 മീ ആയിരുന്ന അവസ്ഥയാണ് ഇപ്പോൾ ഈ അവസ്ഥയിലേയ്ക്ക് എത്തിപ്പെട്ടത്. ഭൂജലത്തിൻറെ ഉപഭോഗ വർദ്ധനവും മഴയുടം കുറവു മൂലം പ്രദേശത്തെ പാറകളിലെ ആഴം കുറഞ്ഞ വിള്ളലുകളിലുള്ള ജലലഭ്യതയുടെ കുറവാണ് ആഴം കൂടുവാനുള്ള കാരണമായിരിക്കുന്നത്. മഴയുടെ അളവിലുള്ള ശോഷണവും അതിൻമൂലമുണ്ടാകുന്ന സ്വാഭാവിക ഭൂജല സംപോഷണത്തിൻറെ കുറവും കുഴൽ കിണറുകളുടെ ആഴം കൂടന്നതിനും കാരണമാകുന്നു. ഇത്തരത്തിലുള്ള കിണറുകളുടെ ജലലഭ്യത 2 മുതൽ 30 വരെ എൽ.പി.എസ് ആയി കണ്ടുവരുന്നു.

5.1.2.5 ഗ്രൌണ്ട് വാട്ടർ എസ്റ്റിമേഷൻ

ഏറ്റവും പുതിയ എസ്റ്റിമേഷൻ പ്രകാരം പാലക്കാട് ജില്ലയിലെ വാർഷിക ഭൂജല ലഭ്യത 637.83 എം.സി.എം നിലവിലെ എല്ലാ ആവശ്യങ്ങൾക്കും കൂടിയുള്ള ആകെ ജല ഉപഭോഗം 352.85 എം.സി.എം കാർഷികാവശ്യത്തിനുള്ള ഭാവിയിലെ ജല ഉപഭോഗം 278.99 എം.സി.എം എന്നിങ്ങനെയാണ്. ഇത് 2011 ലെ കണക്കുകൾ തമ്മിൽ താരതമ്യം ചെയ്യുമ്പോൾ കുറയുന്നതായും കാർഷികാവശ്യത്തിനുള്ള ഭാവിയിലെ ജല ഉപഭോഗം കൂടുന്നതായും കാണുന്നു.

പട്ടിക 5.1.42

പാലക്കാട് ജില്ലയിലെ ബ്ലോക്ക് അടിസ്ഥാനത്തിലുള്ള ഭൂജല ലഭ്യത

നം	ബ്ലോക്ക്	മഴക്കാലത്ത് മഴവെള്ളത്തിൽ നിന്നുള്ള റീചാർജ്ജ്	മഴക്കാലത്ത് മറ്റു സ്രോതസ്സിൽ നിന്നുള്ള റീചാർജ്ജ്	മഴക്കാലമല്ലാത്ത സമയത്ത് മഴവെള്ളത്തിൽ നി.ന്നുള്ള റീചാർജ്ജ്	അഴക്കാലമല്ലാത്ത സമയത്ത് മറ്റു സ്രോതസ്സുകളിൽ നിന്നുള്ള റീ ചാർജ്ജ്	ആകെ വാർഷിക ഭൂജല റീചാർജ്ജ് ധ(4) + (5) + (6) + (7) പ	പ്രൊവിഷൻ ഫോർ നാച്വറൽ ഡിസ്ചാർജ്ജ്	ആകെ വാർഷിക ഭൂജല ലഭ്യത ധ(8) + (9) പ
	2	3	4	5	6	7	8	9
1	ആലത്തൂർ	245.22	102.41	444.57	5573	8572.2	8572.22	7714.98
2	അട്ടപ്പാടി	3995.64	36.75	742.38	163.18	4920	492	4427.96
3	ചിറ്റൂർ	2694.16	262.75	488.43	3910	7355.3	735.53	6619.8
4	കൊല്ലങ്കോട്	1688.29	68.58	306.07	5260	7322.29	732.29	6590.65
5	കുഴൽമന്ദം	1875.71	43.36	340.05	5867	3126.1	812.61	7313.51
6	മലമ്പുഴ	218077	82.96	395.36	1513	4172.1	417.21	3754.88
7	മണ്ണാർക്കാട്	3147.168	22.34	570.56	952	4692.1	469.21	4222.86
8	നെ്ാറ	2171.43	46.74	393.67	395.72	3007.6	300.76	2760.8
9	ഒറ്റപ്പാലം	2493.79	29.27	452.11	610	3585.2	358.52	3226.65
10	പാലക്കാട്	2269.75	34.48	411.49	4539	7254.7	725.47	6529.25
11	പട്ടാമ്പി	3763.57	129.46	682.31	779.64	5335	533.5	4801.48
12	ശ്രീകൃഷ്ണപുരം	2499.17	33.58	453.08	654	3639.8	636.98	3275.85
13	തൃത്താല	2241.11	22.76	406.3	216.38	2886.6	288.66	2597.9
	ആകെ (എച്ച്.എ.എം)	33472.8	895.44	68.38	30433	70870	7089.95	63782.8
	ആകെ (എസ്.എ.എം)	334.73	8.95	60.68	304.33	708.7	70.87	637.83

പാലക്കാട് ജില്ലയിലെ 13 ബ്ലോക്കുകളിൽ ചിറ്റൂരിനെ ഓവർ എക്സ്പ്ലോയിറ്റഡ് കാറ്റഗറിയിലും മലമ്പുഴയെ ക്രിട്ടിക്കൽ കാറ്റഗറിയിലും പട്ടാമ്പി ബ്ലോക്കിനെ സെമി ക്രിട്ടിക്കൽ കാറ്റഗറിയിലും ബാക്കിയുള്ളവയെ സെയ്ഫ് കാറ്റഗറിയിലും ഉൾപ്പെടുത്തിയിരിക്കുന്നു.

ഭൂതല സ്രോതസ്സിൽ കുറവ് വന്നതായി കാണപ്പെട്ട ബ്ലോക്കുകളായ ചിറ്റൂർ, മലമ്പുഴ, പട്ടാമ്പി എന്നിവിയങ്ങളിൽ സമഗ്രമായ ഭൂജല സംപോഷണ പരിപാടികൾ നടപ്പിലാക്കുക വഴി പ്രസ്തുത ബ്ലോക്കുകളെ സെയ്ഫ് ബ്ലോക്കുകളാക്കി മാറ്റുന്നതിന് വേണ്ട നടപടികളാണ് വേണ്ടത്. ഇതിലേയ്ക്കായി കിണർ റീ ചാർജ്ജിംഗ്, മഴക്കുഴികൾ, തടയണ, അടിയണ എന്നിവയും മറ്റു അനുബന്ധ പ്രവർത്തനങ്ങളും ഭൂപ്രകൃതിക്ക് അനുസരിച്ച് നടപ്പാക്കേണ്ടതുണ്ട്. ഇവയിൽ ഏറ്റവും പ്രയോജനകരവും അഭികാമ്യവുമായ മാർഗ്ഗമായ തുറന്ന കിണർ റീചാർജ്ജിംഗ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിലും, സാമ്പത്തിക സഹായത്താലും ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്. തുറന്ന കിണറിന് സമീപം സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ മേൽക്കൂരയിൽ വീഴുന്ന മഴവെള്ളം പി.വി.സി ഗട്ടർ പൈപ്പ് വഴി ശേഖരിച്ച് അനുയോജ്യമായ ഫിൽറ്റർ! മീഡിയ വഴി തുറന്ന കിണറിലേയ്ക്ക് ഒഴുകിവിട്ട് ഭൂജല വിതാനം ഉയർത്തുന്ന രീതിയാണിത്.

5.1.2.6 ജില്ലയിലെ കുഴൽകിണറുകളുടെ വിവരം

കേരളം ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് പ്രകാരം പുതിയ കിണർ കുഴിക്കുന്നതിന് ഭൂജല വകുപ്പിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടത് വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിലും പൊതു കുടിവെള്ള സ്രോതസ്സിന് 30 മീറ്ററിനുള്ളിൽ ചെയ്യുന്ന കുഴൽ കിണറുകൾക്കുമാണ്. പാലക്കാട് ജില്ലയിൽ ചിറ്റൂർ ബ്ലോക്കാണ് വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ളത്. മറ്റുള്ള ബ്ലോക്കുകളിൽ ഭൂജല വകുപ്പിൻറെ അനുവാദം ഇല്ലാതെ കുഴൽ കിണറുകൾ കുഴിച്ചു വരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റു ഗവൺമെൻറ് സ്ഥാപനങ്ങളും ഭൂജല പര്യവേക്ഷണത്തിനായി വകുപ്പിനെ സമീപിക്കാറുണ്ടെങ്കിലും അതിനു ശേഷം കുഴൽ കിണർ നിർമ്മിച്ചിട്ടുണ്ടോ എന്ന വിവരം ഈ ഓഫീസിൽ ലഭിക്കുന്നില്ല. വകുപ്പിൻറെ മേൽ നോട്ടത്തിൽ ഒരു സമഗ്രമായ വെൽ സെൻസസ് പരിപാടി ആസൂത്രണം ചെയ്തുവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് വിശ്വസനീയമായ വിവരങ്ങൾ ലഭ്യമാകും. എന്നാൽ മുൻകാലങ്ങളിൽ വരൾച്ചയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനും, സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും വേണ്ടി പഞ്ചായത്തുകളിൽ നിന്നും നേരിട്ട് പൊതു കുഴൽ കിണറുകളുടെ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ആയതിൻറെ വിവരങ്ങൾ താഴെ ചേർക്കുന്നു. ഈ വിവരങ്ങൾക്ക് കാലിക പരിഷ്കരണം നടത്തേണ്ടതുണ്ട്.

പട്ടിക 5.1.43

പൊതു കുഴൽ കിണറുകളുടെ വിവരം

ക്രമ.നം	ബ്ലോക്ക്	കുഴൽകിണറുകളുടെ എണ്ണം
1	ആലത്തൂർ	1004
2	അട്ടപ്പാടി	192
3	ചിറ്റൂർ	411
4	കൊല്ലങ്കോട്	424
5	കുഴൽമന്ദം	626
6	മലമ്പുഴ	349
7	മണ്ണാർക്കാട്	230
8	നെന്മാറ	642

9	ഒറ്റപ്പാലം	562
10	പാലക്കാട്	403
11	പട്ടാമ്പി	214
12	ശ്രീകൃഷ്ണപുരം	262
13	തൃത്താല	220
	ആകെ	**5539**

5.1.2.7 ജില്ലയിലെ കുടിവെള്ളത്തിൻറെ ഗുണനിലവാരം

ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ജലസ്രോസ്സുകൾ, ഇരുമ്പ്, ഫ്ളൂറൈഡ്, ലവണാംശം എന്നിവയുടെ ആധിക്യത്താൽ ഗുണനിലവാര പ്രശ്നം നേരിടുന്നുണ്ട്. ജില്ലയിൽ ആകെ 192 ആവാസമേഖലകൾ പ്രശ്നബാധിതമായി കണ്ടെത്തിയിട്ടുണ്ട്. ജില്ലയിലെ കുടിവെള്ള ഗുണനിലവാര പ്രദേശങ്ങളും വിശദാശംങ്ങളും പട്ടിക തിരിച്ച് ഉൾപ്പെടുത്തിയിട്ടുണ്ട്.

5.1.2.8 കുടിവെള്ള മേഖലയിലെ വെല്ലുവിളി

5.1.2.8.1 ഇന്ന് പാലക്കാട് ജില്ല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ വെല്ലുവിളി മണലാരണ്യമായി മാറിക്കൊണ്ടിരിക്കുന്ന ഭാരതപ്പുഴയാണ്. പാലക്കാടിനു പുറമെ തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലേയും ഏകദേശം 51 കുടിവെള്ള പദ്ധതികൾ ജലസ്രോതസ്സായ ഭാരതപ്പുഴയെ ആശ്രയിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്.

5.1.2.8.2 കാലാവസ്ഥാ വ്യതിയാനവും തുടരെയുണ്ടാകുന്ന കൊടും വരൾച്ചയും കുടിവെള്ള ക്ഷാമത്തിൻറെ കാഠിന്യത്തെ ഓർമ്മിപ്പിക്കുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്നതിനും, മഴവെള്ളം സംഭരണം, വെള്ളത്തിൻറെ പുനരുപയോഗം എന്നിവയ്ക്ക് ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

5.1.2.8.3 2030 ആകുമ്പോഴേയ്ക്കും ഇപ്പോഴുള്ളതിനേക്കാൾ 64% ത്തിൽ അധികം ജലം പാലക്കാടിൻറെ ആവശ്യത്തിനു വേണ്ടിവരും. കുടിവെള്ളത്തിനു 29% ത്തിൻറേയും ജലസേചനത്തിനു 81% ത്തിൻറെയും അധിക ജലത്തിൻറെ ആവശ്യമാണ് മൂന്നു ദശകം കഴിയുമ്പോൾ! നമ്മൾ നേരിടാൻ പോകുന്നത്.

പട്ടിക 5.1.44

ക്രമ നമ്പർ	നിയോജകമണ്ഡലം	പഞ്ചായത്ത്/പ്രദേശം
1.	ചിറ്റൂർ	വടകരപ്പതി, എരുത്തേമ്പതി,കൊഴിഞ്ഞാമ്പാറ, നല്ലേപ്പിള്ളി, പെരുമാട്ടി, പട്ടഞ്ചേരി
2.	മണ്ണാർക്കാട്	ഷോളയൂർ, അഗളി,പുതൂർ, അലനല്ലൂർ, കോട്ടപ്പാടം
3.	നെന്മാറ	നെല്ലിയാമ്പതി, പല്ലശ്ശന, വടവന്നൂർ
4.	ആലത്തൂർ	എരിമയൂർ, ആലത്തൂർ,തേങ്കുറിശ്ശി
5.	പാലക്കാട്	മാത്തൂർ, പിരായിരി

6.	മലമ്പുഴ	മുണ്ടൂർ, കോങ്ങാട്, എലപ്പുള്ളി, മലമ്പുഴ (അകമലവാരം)
7.	തരൂർ	കാവശ്ശേരി, തരൂർ, കോട്ടായി, പുതുക്കോട്
8.	കോങ്ങാട്	കോങ്ങാട്, കരിമ്പ, മണ്ണൂർ
9.	പട്ടാമ്പി	മുതുതല, തിരുവേഗപ്പുറ, വല്ലപ്പുഴ, ഓങ്ങല്ലൂർ
10.	തൃത്താല	ചാലിശ്ശേരി, നാഗലശ്ശേരി, പരതൂർ, തിരുമിറ്റക്കോട്
11.	ഷൊർണ്ണൂർ	ചളവറ, വാണിയംകുളം, ചെർപ്പുളശ്ശേരി
12.	ഒറ്റപ്പാലം	തച്ചനാട്ടുകര, അമ്പലപ്പാറ

5.1.2.9 ജില്ലയിലെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ

എങ്ങനെയാണ് ഈ വെല്ലുവിളി നേരിടുക

5.1.2.9.1 പാലക്കാടിൻറെ പച്ചപ്പും മണ്ണിൻറെ നന്മയും ജലത്തിൻറെയും വായുവിൻറെയും ശുദ്ധിയും വീണ്ടെടുക്കാൻ ഏകമാർഗ്ഗം ഭാരതപ്പുഴയുടെ പുനരുജ്ജീവനം മാത്രമാണ്. ഇതിനായി സംയോജിത നീർത്തട വിനിയോഗത്തിലധിഷ്ഠിതമായി പ്രയോഗികമായി ആസൂത്രണം ചെയ്ത് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി ജലസംരക്ഷണ പ്രവർത്തനവും വാട്ടർ ബഡ്ജറ്റിംഗ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുകയുമാണ് വേണ്ടത്.

5.1.2.9.2 ഒരു പ്രദേശത്ത് ലഭിക്കുന്ന ജലത്തിൻറെ അളവ് നീരൊഴുക്കിൻറെ തോത്, ഊർന്നിറങ്ങുന്ന ജലത്തിൻറെ അളവ്, മഴ വെള്ളം ശേഖരിക്കുന്നതിൻറെ അളവ്, പ്രദേശത്തെ വിളവുകൾക്ക് വേണ്ടിവരുന്ന ജലത്തിൻറെ അളവ് ആ പ്രദേശത്തെ ജിവജാലങ്ങൾക്ക് വേണ്ടിവരുന്ന ജലത്തിൻറെ അളവ് എന്നിവ ശാസ്ത്രീയമായി കണ്ടെത്തി വാർഡുതല ജലസംരക്ഷണസേന തയ്യാറാക്കാനും വാട്ടർ ബഡ്ജറ്റ് ആധാരമാക്കി ഓരോ പ്രദേശത്തിനു വേണ്ടുന്ന മികച്ച ജല പരിപാലന ജലവിനിയോഗ സംസ്കാര തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടുന്ന നിയമ നിർമ്മാണം കൊണ്ടു വരിക.

5.1.2.9.3 ഭാരതപ്പുഴ പുനരുജ്ജീവനത്തിനു പ്രധാനമായും വേണ്ടത് അന്തർ സംസ്ഥാന നദീജല കരാറനുസരിച്ചുള്ള ജലം ചിറ്റൂർപുഴയിലേയ്ക്ക് നേടിയെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയാണ്. കരാർ ലംഘനങ്ങൾ അനുസ്യൂതം തുടരുന്നുണ്ടെങ്കിലും ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനു വേണ്ട ജലം പോലും നമുക്കു ലഭിക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ ദു:ഖസത്യം.

5.1.2.10 പരിഹാര നിർദ്ദേശങ്ങൾ

എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡ് തലത്തിൽ ജലസംരക്ഷണ സേന രൂപീകരിച്ച് നിലവിലുള്ള ജലസ്രോതസ്സുകളായ പൊതു കിണറുകൾ, കുളങ്ങൾ, അരുവികൾ, നീർച്ചാലുകൾ, കുഴൽകിണറുകൾ എന്നിവ സംരക്ഷിക്കുകയും ആഴം കൂട്ടേണ്ടത് ആഴം കൂട്ടിയും കിട്ടുന്ന മഴവെള്ളം ഭൂമിക്കടിയിൽ സംഭരിച്ചുവെക്കാനും നമുക്ക് കഴിയണം.

- ❖ ഓരോ വീടുകളിലും ലഭിക്കുന്ന മഴവെള്ളം സ്വന്തം കിണറുകളിലൂടെ ഭൂമിയുടെ ഉള്ളിലേയ്ക്കു കുഴൽ വഴി ഇറക്കി വിടാനുള്ള സംവിധാനം ഉറപ്പുവരുത്തണം

- ❖ ധാരാളം പറമ്പുകൾ ഉള്ളവർ മഴക്കുഴിപോലുള്ളവ ഉണ്ടാക്കി മഴവെള്ളം ഭൂമിയിലേയ്ക്ക് ഇറക്കിവിടണം.
- ❖ പുൽമേടുകളാണ് ഏറ്റവു കൂടുതൽ മഴവെള്ളം തടഞ്ഞുനിർത്തുന്നത്. അതുകൊണ്ട് പുൽമേടുകൾ സംരക്ഷിക്കുക.
- ❖ പാടങ്ങളും അടിക്കാടുകളും തീയിട്ടു നശിപ്പിക്കാതിരിക്കുക(താപനം ആഗോള)
- ❖ പുഴകൾ ഉപയോഗ യോഗ്യമാക്കുക
- ❖ ഭൂഗർഭജലം അമിത ചൂഷണം ചെയ്യാതിരിക്കുക
- ❖ വനവൽക്കരിക്കുക

5.1.2.11 <u>കേരള ജല അതോറിറ്റി ജില്ലയിൽ കുടിവെള്ള വിതരണം നടത്തുന്ന പദ്ധതികൾ</u>

5.1.2.11.1 ജില്ലയിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി ജലശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ച് കുടിവെള്ളം വിതരണം ചെയ്യുന്ന 15 പ്രധാന പദ്ധതികളും പുഴകളിലെ ഇൻഫിൽറ്ററേഷൻ ഗ്യാലറിയിൽ ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന 19 പദ്ധതികളും നടപ്പിലാക്കി പ്രവർത്തിച്ചു വരുന്നു. ഈ പദ്ധതികളെല്ലാം ചേർന്ന് ജില്ലയിലെ നിലവിലുള്ള ജനസംഖ്യയുടെ 40% ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നുണ്ട്. ജില്ലയിൽ 637220 കുടുംബങ്ങൾ ഉള്ളതിൽ 154373 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നിലവിലുണ്ട്. ഈ ജില്ലയിലെ കുടുംബങ്ങളുടെ 25% വരും കൂടാതെ 14994 പൊതുടാപ്പുകൾ ഏകദേശം 2 ലക്ഷത്തോളം കുടുംബങ്ങൾക്ക് ഉപയുക്തമാകുന്നു.

5.1.2.11.2 പാലക്കാട് ജില്ലയിലെ 7 നഗരങ്ങളിൽ 3 നഗരങ്ങളിൽ മാത്രമേ കേരള വാട്ടർ അതോറിറ്റിയുടെ ജലശുദ്ധീകരണശാലയോടുകൂടിയ കുടിവെള്ള വിതരണപദ്ധതികൾ നിലവിലുള്ളൂ. നിലവിൽ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി, മണ്ണാർക്കാട് മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ജലശുദ്ധീകരണ ശാലയോടുകൂടിയ കുടിവെള്ളവിതരണ പദ്ധതികൾ നിലവിലില്ല. പാലക്കാട് ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളിൽ 37 ഗ്രാമപഞ്ചായത്തുകളിൽ മാത്രമേ ജലശുദ്ധീകരണശാലയോടുകൂടിയ കുടിവെള്ള വിതരണ പദ്ധതികൾ നിലവിലുള്ളൂ

5.1.2.12 <u>ജലശുദ്ധീകരണശാല വഴി വിതരണം നടത്തുന്ന പദ്ധതികൾ</u>

5.1.2.12.1 ജില്ലയിൽ ജലസംഭരണി(ഡാം/റിസർവോയർ) കേന്ദ്രീകരിച്ച് 5 പദ്ധതികളിലൂടെയും ഭരതപ്പുഴ കേന്ദ്രീകരിച്ച് നടപ്പിലാക്കിയിട്ടുള്ള 11 പദ്ധതികളിലൂടെയും 3 മുനിസിപ്പാലിറ്റികളിലും 37 ഗ്രാമപഞ്ചായത്തുകളിലുമായി 781831 ഉപഭോക്താക്കൾക്കായി ജലശുദ്ധീകരണശാല വഴി ശുദ്ധീകരിച്ച 128.70 ദശലക്ഷം ലിറ്റർ കുടിവെള്ളം എത്തിക്കുന്നു. ഇത് ജില്ലയിലെ ജനസംഖ്യയുടെ 27% മാണ്. ജലശുദ്ധീകരണശാല, പദ്ധതി വിവരങ്ങൾ, പ്രയോജനം ലഭിക്കുന്ന ജനസംഖ്യ എന്നിവ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5.1.2.12.2 <u>കുഴൽകിണർ പദ്ധതികൾ</u>

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 28 പദ്ധതികളാണ് കുഴൽകിണറിലെ ജലം ഉപയോഗപ്പെടുത്തി ആവിഷ്കരിച്ചിട്ടുള്ളത്. 8 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം 136450 ഉപഭോക്താക്കൾക്കായി 17 പഞ്ചായത്തുകളിൽ പ്രയോജനം ലഭിച്ചുവരുന്നു. ജില്ലയിലെ ജനസംഖ്യയുടെ 5%ആളുകൾ കുഴൽകിണർ സ്രോതസ്സായ കുടിവെള്ളമാണ് ഉപയോഗിച്ചു വരുന്നത്. വിശദവിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5.1.2.12.5 <u>നിലവിലുള്ള ഗ്രാമീണ കുടിവെള്ള പദ്ധതികൾ</u>

ഭാരതപ്പുഴയിലും കൈവഴികളിലുമായി നിർമ്മിച്ച 19 ഗ്രാമീണകുടിവെള്ള പദ്ധതികൾ വഴി 21.61 ദശലക്ഷം ലിറ്റർ കുടിവെള്ളം പ്രതിദിനം വിതരണം ചെയ്യുന്നുണ്ട്. ജില്ലയിലെ 241500 ഗുണഭോക്താക്കൾക്ക് ഇത്തരം പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. മണ്ണാർക്കാട് , ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ

മുനിസിപ്പാലിറ്റികളും 16 പഞ്ചായത്തുകളിലും ഈ രീതിയിലുള്ള ഇടത്തരം പദ്ധതി വഴിയാണ് കുടിവെള്ളം എത്തിക്കുന്നത്. ജില്ലയിലെ 10% ജനങ്ങൾക്കാണ് ഇവ ഉപയുക്തമാകുന്നത്. വിശദ വിവരങ്ങൾ പട്ടിക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

5.1.2.13 ജലനിധി നടപ്പിലാക്കിയ മിനികുടിവെള്ള പദ്ധതികൾ അവലോകനം

ലോകബാങ്ക് ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ ആദ്യ രണ്ട് ഘട്ടങ്ങളായി 40 ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ ശുദ്ധജല വിതരണത്തിനായി 100 കോടിയോളം രൂപ മുടക്കി ചെറുകിട കുടിവെള്ള പദ്ധതികൾ നിർമ്മിക്കുകയുണ്ടായി. ജന പങ്കളിത്തത്തോടെയുള്ള ഈ കുടിവെള്ള പദ്ധതികൾ അട്ടപ്പാടി ബ്ലോക്ക് പോലെയുള്ള ആദിവാസി മേഖലയിൽ കോടികൾ ചെലവഴിച്ച് തുടങ്ങിയെങ്കിലും പണം നൽകുക-ഉപയോഗിക്കുക എന്ന നയമായതിനാൽ പരാജയമായിരുന്നു. പാർശ്വവൽക്കരിക്കപ്പെട്ട ആദിവാസി മേഖലയിൽ പൊതുമേഖല സ്ഥാപനമായ കേരള വാട്ടർ അതോറിറ്റി മുഖേനയുള്ള സമഗ്ര കുടിവെള്ള പദ്ധതികൾ മാത്രമേ സുസ്ഥിരതയോടെ പ്രവർത്തിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ സാധിക്കൂ. ജലനിധി വഴി ജില്ലയിൽ 5 പദ്ധതികൾ വഴി 92675 പേർക്ക് ഉപയുക്തമാകുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉള്ളത്. വിശദാംശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 5.1.45

ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജലനിധി പദ്ധതികൾ

ക്രമ നം.	പഞ്ചായത്ത്	ആകെ പദ്ധതി	ഉപയോഗത്തിലുള്ളത്	പ്രയോജനം ലഭിക്കുന്ന ജനങ്ങൾ
1	ലെക്കിടി – പേരൂർ	1	1	32817
2	പറളി	1	1	16765
3	എലവഞ്ചേരി	30	30	18456
4	മങ്കര	1	1	18500
5	നെന്മാറ	18	18	6140
ആകെ		51	51	92678

5.1.2.14 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ചെറുകിട കുടിവെള്ള പദ്ധതി - അവലോകനം

പാലക്കാട് ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ജനകീയാസൂത്രണം തുടങ്ങിയ വർഷം മുതൽ കിണറുകളും, കുഴൽ കിണറുകളും സ്രോതസ്സായി നിരവധി മിനി കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻറെ കൃത്യമായ വിശദാംശങ്ങൾ ചുരുക്കം ചില ഗ്രാമപഞ്ചായത്തുകളിലും നഗരസഭയിലും മാത്രമേ ലഭ്യമായിട്ടുള്ളൂ. എല്ലാ വർഷവും വ്യക്തമായ ദീർഘവീക്ഷണമില്ലാതെ ഇത്തരം ആവർത്തന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ലക്ഷങ്ങൾ ഓരോ കുടിവെള്ള പദ്ധതികളിലും പാഴായിപ്പോകുന്നു. ഇവിടെയാണ് കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തു നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രസക്തിയേറുന്നത്. പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയ കുടിവെള്ള പദ്ധതികളുടെ ലഭ്യമായ വിവരങ്ങൾ പട്ടികയിൽ തയ്യാറാക്കി ഉൾപ്പെടുത്തിയിരിക്കുന്നു.

പട്ടിക 5.1.46

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ചെറുകിട കുടിവെള്ള പദ്ധതികൾ						
ക്രമ നമ്പർ	നിയോജക മണ്ഡലം	പഞ്ചായത്ത്	പദ്ധതികൾ			പ്രയോജനം ലഭിക്കുന്ന ജനസംഖ്യ
			ആകെ	ഉപയോഗത്തിലുള്ളത്	ഉപയോഗ ശൂന്യമായത്	
1	നെന്മാറ	കൊല്ലങ്കോട്	26	24	2	1919
2	നെന്മാറ	എലവഞ്ചേരി	85	82	3	1525
3	നെന്മാറ	വടവന്നൂർ	27	0	27	427
4	ചിറ്റൂർ	വടകരപ്പതി	56	14	42	3559
5	ചിറ്റൂർ	നല്ലേപ്പിള്ളി	17	12	5	6000
6	മലമ്പുഴ	എലപ്പുള്ളി	66	56	10	652
7	മലമ്പുഴ	മലമ്പുഴ	39	20	19	4696
8	തരൂർ	കുത്തനൂർ	73	67	6	12000
9	കോങ്ങാട്	കോങ്ങാട്	20	19	1	3000
10	ആലത്തൂർ	ആലത്തൂർ	63	47	16	4518
	ആകെ		472	341	131	38296

5.1.2.15 സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രസക്തി

ശാസ്ത്രീയ ജലശുദ്ധീകരണ ശാലയോടുകൂടിയ ശുദ്ധജല വിതരണപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടത്. 2050 ലെ ജനസംഖ്യ കണക്കാക്കി കേരള ജല അതോറിറ്റി ദീർഘ വീക്ഷണത്തോടെ തയ്യാറാക്കിയ പഠനത്തിൽ പാലക്കാട് ജില്ലയിൽ ഗ്രാമങ്ങളിൽ ആളോഹരി 100 ലിറ്ററും നഗരങ്ങളിൽ 150 ലിറ്ററും എന്ന നിലയിൽ കണക്ഷനുകൾക്ക് ആവശ്യം വരുന്ന ജലം 541.53 ദശലക്ഷം ലിറ്റർ ആണ്. 2050ലെ കണക്കാക്കിയ ജനസംഖ്യയായ 3451613 ജനങ്ങൾക്ക് ശുദ്ധജലത്തിനായി വേണ്ടി വരുന്നത് 541.53 ദശലക്ഷം ലിറ്റർ ആണ്.

5.1.2.16 ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

പാലക്കാട് ജില്ലയിലെ അവസ്ഥാ വിശകലനത്തിൻറെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ദീർഘകാല വീക്ഷണത്തോടു കൂടി തയ്യാറാക്കിയ ശാസ്ത്രീയ പഠനത്തിൽ 2050 വർഷമാകുമ്പോൾ പാലക്കാട് ജില്ലയിൽ 3705306 ജനങ്ങൾക്ക് വേണ്ടിവരുന്ന ജലത്തിൻറെ അളവ് 541.53 ദശലക്ഷം ആണ് . ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളിൽ ആളോഹരി പ്രതിദിനം 100 ലിറ്ററും 7 നഗരങ്ങളിൽ ആളോഹരി പ്രതിദിനം 150 ലിറ്ററും എന്ന നിലയിൽ ആണ് കണക്കാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നു.

വിപുലമായ ഉപരിതല സ്രോതസ്സുള്ള ജില്ലയിൽ പ്രധാനമായും ഇതു പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്രീയ ജലശുദ്ധീകരണശാലയോടുകൂടിയ സമഗ്ര കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തി 785833 ലക്ഷം രൂപയുടെ 49 സമഗ്ര കുടിവെള്ള പദ്ധതികൾ ആണ് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ വിവിധഘട്ടങ്ങളിലാ.യി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതു പൂർത്തിയാകുമ്പോൾ 3456118 ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും. ഇത് 2050ലെ ജനസംഖ്യയുടെ 93.37% ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കും. സമഗ്ര കുടിവെള്ള പദ്ധതിയുടെ വാർഷിക പുരോഗതി പട്ടികയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

പട്ടിക 5.1.47

നടപ്പിലാക്കികൊണ്ടിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ വാർഷിക പുരോഗതി

ക്രമ നം	കുടിവെള്ള പദ്ധതിയുടെ പേര്	പദ്ധതി തുക	പദ്ധതിയിൽ ഉൾപ്പെട്ട പഞ്ചായത്തുകള്	പ്രയോജനം ലഭിക്കുന്ന ജനസംഖ്യ	ആളോഹരി ഉപയോഗം
എ	2017-2018				
1	NRDWP രണ്ടാംഘട്ട കുടിവെള്ള പദ്ധതി	1000 ലക്ഷം	ആനക്കര,പട്ടിത്തറ,കപ്പൂർ	96041	70 എൽ.പി.സി.ഡി
2	ARWSS/NRDWP-സമഗ്ര കുടിവെള്ള പദ്ധതി	720+900 ലക്ഷം	നെല്ലായ,കുലുകല്ലൂർ	84750	70 എൽ.പി.സി.ഡി
3	NRDWP/XVI SLSSC 2011 ഒന്നാംഘട്ട കുടിവെള്ള പദ്ധതി	1500 ലക്ഷം	കുഴൽമന്ദം,തേങ്കുറുശ്ശി,കണ്ണാടി	118138	70 എൽ.പി.സി.ഡി
4	NRWDP/XVIII SLSSC 2012 രണ്ടാംഘട്ട കുടിവെള്ള പദ്ധതി	700 ലക്ഷം	കുഴൽമന്ദം,തേങ്കുറുശ്ശി,കണ്ണാടി	118138	70 എൽ.പി.സി.ഡി
5	NRWDP/XVIII SLSSC 2012 ഒന്നാംഘട്ട കുടിവെള്ള പദ്ധതി	571.30 ലക്ഷം	മണ്ണാർക്കാട് ,തെങ്കര	82185	70 എൽ.പി.സി.ഡി
6	NRWDP/XIX SLSSC 2013 ഒന്നാംഘട്ട കുടിവെള്ള പദ്ധതി(പാക്കേജ് 1)	1100 ലക്ഷം	നെന്മാറ,അയിലൂർ ,മേലാർക്കോട്	148146	70 എൽ.പി.സി.ഡി
7	NRWDP/XIX SLSSC 2013 ഒന്നാംഘട്ട കുടിവെള്ള പദ്ധതി(പാക്കേജ് 2)	1100 ലക്ഷം	നെന്മാറ,അയിലൂർ ,മേലാർക്കോട്	148146	70 എൽ.പി.സി.ഡി
8	**അമൃത്- 1.**AMRUT-SAAP 2015-16 PHASE1 (Part1)	544 ലക്ഷം	പാലക്കാട് മുൻസിപ്പാലിറ്റി	172683	150 എൽ.പി.സി.ഡി
9	**അമൃത്- 1.**AMRUT-SAAP 2015-16 PHASE1 (PartII)	456 ലക്ഷം	പാലക്കാട് മുൻസിപ്പാലിറ്റി	,,	,,

സംസ്ഥാന പദ്ധതികൾ					
10	പുതുശ്ശേരി പഞ്ചായത്തിലെ റെയിൽവെ കോച്ച് ഫാക്ടറി സ്ഥാപിക്കുന്ന സ്ഥലത്ത് പമ്പിംഗ് മെയിൻ മാറ്റിയിടൽ റീച്ച്1	200 ലക്ഷം	പുതുശ്ശേരി	,,	,,
11	പുതുശ്ശേരി പഞ്ചായത്തിലെ റെയിൽവെ കോച്ച് ഫാക്ടറി സ്ഥാപിക്കുന്ന സ്ഥലത്ത് പമ്പിംഗ് മെയിൻ മാറ്റിയിടൽ റീച്ച്2	100 ലക്ഷം	പുതുശ്ശേരി	,,	,,
12	പുതുശ്ശേരി വാട്ടർ സപ്ലൈ സ്കീമിലെ മെക്കാനിക്കൽ യൂണിറ്റ് മാറ്റി സ്ഥാപിക്കൽ	47 ലക്ഷം	പുതുശ്ശേരി	,,	,,
13	മീങ്കര ഡാമിൽ പുതിയ റോ വാട്ടർ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ	24 ലക്ഷം	മുതലമട	,,	,,
14	കൊല്ലങ്കോട് പഞ്ചായത്തിലെ പ്ലാന്റിലെ നിലവിലുള്ള ഫിൽറ്റർ മീഡിയ മാറ്റി സ്ഥാപിക്കൽ	45 ലക്ഷം	കൊല്ലങ്കോട്	,,	,,
15	കൊഴിഞ്ഞാമ്പാറ പദ്ധതിയിലെ നിലവിലുള്ള 300 എം.എം.എസി പൈപ്പ് മാറ്റി 500 എം.എം.ഡി ഐ.കെ 9 പൈപ്പ് സ്ഥാപിക്കൽ	750 ലക്ഷം	കൊഴിഞ്ഞാമ്പാറ	,,	,,
ആസ്തി വികസനം					
16	ആസ്തി വികസന പദ്ധതി 2017-18 പാലക്കാട് മണ്ഡലം — പാലക്കാട് മുനിസിപ്പാലിറ്റി — പൈപ്പ് ലൈൻ നീട്ടൽ കണ്ണാടി — മാത്തൂർ -പിരായിരി കുടിവെള്ള പദ്ധതി	50 ലക്ഷം	കണ്ണാടി, മാത്തൂർ, പിരായിരി ഗ്രാമപഞ്ചായത്തുകൾ (പാലക്കാട് മുനിസിപ്പാലിറ്റി)	,,	,,
17	ആസ്തി വികസന പദ്ധതി 2017-18 പാലക്കാട് മണ്ഡലം കേരളശ്ശേരി പഞ്ചായത്ത് തട്ടുക്കശ്ശേരി മണിയംകുന്ന് കോളനി	25 ലക്ഷം	കേരളശ്ശേരി ഗ്രാമപഞ്ചായത്ത്	,,	,,
18	ആസ്തി വികസന പദ്ധതി 2017-18 മുതലമട ഗ്രാമ പഞ്ചായത്ത് കലാംകുളമ്പ് കുടിവെള്ളം	15 ലക്ഷം	മുതലമട ഗ്രാമ പഞ്ചായത്ത്	,,	,,
19	ആസ്തി വികസന പദ്ധതി 2017-18 ചിറ്റൂർ-കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരപ്പതി എന്നീ ഗ്രാമ	45 ലക്ഷം	കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വടകരപ്പതി	,,	,,

	പഞ്ചായത്തുകളുടെ കുടിവെള്ള വിതരണം				
20	2013 പെരുവെമ്പ് കുടിവെള്ള പദ്ധതി	500 ലക്ഷം	പെരുവെമ്പ്	28066	,,
21	ഗ്രീൻ ബുക്ക് വാർഷിക പദ്ധതി 2017-18 ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റിക്കും, വടവന്നൂർ പഞ്ചായത്തിനും വേണ്ടിയുള്ള പദ്ധതി	1500 ലക്ഷം	ചിറ്റൂർ, തത്തമംഗലം മുനിസിപ്പാലിറ്റിക്കും, വടവന്നൂർ പഞ്ചായത്തിനും	മുനിസിപ്പാലിറ്റി – 41990, വടവന്നൂർ - 22265	മുനിസിപ്പാലിറ്റി – 150, എൽ.പി..സി.ഡി വടവന്നൂർ -100 എല്.പി.സി.ഡി
ബി	**2018-19**				
1	കിൻഫ്ര പാർക്ക് - കഞ്ചിക്കോട് ഡെപ്പോസിറ്റ് വർക്ക്	334 ലക്ഷം	വടകരപ്പതി – പുതുശ്ശേരി		
2.	2016 പെരുങ്ങോട്ടുകുറുശ്ശി – കുത്തന്നൂർ കുടിവെള്ള പദ്ധതി, 2-ാം ഘട്ടം	600 ലക്ഷം	പെരുങ്ങോട്ടുകുറുശ്ശി – കുത്തന്നൂർ	53089	,,
3.	2016ലെ എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതി – ഒന്നാം ഘട്ടം	1170 ലക്ഷം	എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി	165724	70 എൽ.പി.സി.ഡി
4.	കിഫ്ബി -അമ്പലപ്പാറ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി	1000 ലക്ഷം	അമ്പലപ്പാറ	40799	100 എൽ.പി.സി.ഡി
5.	കിഫ്ബി –എസ്.ഐ.പി.- നെന്മാറ, അയിലൂർ, മേലാർക്കോട്	2450 ലക്ഷം	നെന്മാറ, അയിലൂർ, മേലാർക്കോട്	102250	70 എൽ.പി.സി.ഡി
6.	കിഫ്ബി – അർബൻ - ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, വാണിയംകുളം ഗ്രാമപഞ്ചായത്ത് – സമഗ്ര കുടിവെള്ള പദ്ധതി	3500 ലക്ഷം	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി, വാണിയംകുളം ഗ്രാമപഞ്ചായത്ത്	105797	150 എൽ.പി.സി.ഡി - അർബൻ - 100 എൽ.പി.സി.ഡി – റൂറൽ
7.	കിഫ്ബി – തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം കുടിവെള്ള പദ്ധതി	2200 ലക്ഷം	തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം	161542	100 എൽ.പി.സി.ഡി
8.	ഗ്രീൻ ബുക്ക് ആമ്പൽ പ്ലാൻ 17-18 ചിറ്റൂര്, തത്തമംഗലം മുനിസിപ്പാലിറ്റി, വടവന്നൂർ പഞ്ചായത്ത് കുടിവെള്ള പദ്ധതി	1500 ലക്ഷം	ചിറ്റൂര്, തത്തമംഗലം മുനിസിപ്പാലിറ്റി, വടവന്നൂർ പഞ്ചായത്ത്	മുനിസിപ്പാലിറ്റി – 41990 വടവന്നൂർ - 22265	മുനിസിപ്പാലിറ്റി – 150 എൽ.പി.സി.ഡി വടവന്നൂർ - 100 എൽ.പി.സി.ഡി
സി	**2019-20**				
1.	2016 വണ്ടാഴി വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര കുടിവെള്ള പദ്ധതി 1-ാം	2000 ലക്ഷം	വണ്ടാഴി വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര	153350	100 എൽ.പി.സി.ഡി

	ഘട്ടം				
2.	ഓങ്ങല്ലൂർ, വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി	1500 ലക്ഷം	ഓങ്ങല്ലൂർ, വല്ലപ്പുഴ	88906	70 എൽ.പി.സി.ഡി
3.	കൊപ്പം, വിളയൂര് പഞ്ചായത്ത് കുടിവെള്ള പദ്ധതി	2000 ലക്ഷം	കൊപ്പം, വിളയൂര്	68761	100 എൽ.പി.സി.ഡി
4.	ചെർപ്പുളശ്ശേരി, അനങ്ങനടി, തൃക്കടീരി, ചളവറ പഞ്ചായത്ത് കുടിവെള്ള പദ്ധതി (കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിക്കണം)	4604 ലക്ഷം	ചെർപ്പുളശ്ശേരി, അനങ്ങനടി, തൃക്കടീരി, ചളവറ	118092	70 എൽ.പി.സി.ഡി
5.	അഗളി, സമീപ പഞ്ചായത്തുകൾ കുടിവെള്ള പദ്ധതി (നബാർഡിൽ നിന്നും ഭരണാനുമതി ലഭിക്കണം)	2500 ലക്ഷം	അഗളി, പുതൂർ, ഷോളയൂർ	115942	70 എൽ.പി.സി.ഡി
6.	മണ്ണൂർ, മങ്കര, കേരളശ്ശേരി പഞ്ചായത്തുകൾ കുടിവെള്ള പദ്ധതി (നബാർഡിൽ നിന്നും ഭരണാനുമതി ലഭിക്കണം)	2600 ലക്ഷം	മണ്ണൂർ, മങ്കര, കേരളശ്ശേരി	61784	70 എൽ.പി.സി.ഡി
7.	കുഴൽമന്ദം , തേങ്കുറുശ്ശി, കണ്ണാടി പഞ്ചായത്തുകൾ കുടിവെള്ള പദ്ധതി – 3- ആം ഘട്ടം (പുതുക്കിയ ഭരണാനുമതി ലഭിക്കണം)	1000 ലക്ഷം	കുഴൽമന്ദം , തേങ്കുറുശ്ശി, കണ്ണാടി	118138	70 എൽ.പി.സി.ഡി
8.	കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി പഞ്ചായത്തുകൾ കുടിവെള്ള പദ്ധതി	2900 ലക്ഷം	കൊഴിഞ്ഞാമ്പാറ, വടകരപ്പതി, എരുത്തേമ്പതി	95472	100 എൽ.പി.സി.ഡി
9.	എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതി – 2- ആം ഘട്ടം	2500 ലക്ഷം	എലപ്പുള്ളി, നല്ലേപ്പുള്ളി,, പെരുമാട്ടി, പട്ടഞ്ചേരി	പ്രോജക്ട് തയ്യാറാക്കി വരുന്നു.	70 എൽ.പി.സി.ഡി
10.	അമ്പലപ്പാറ പഞ്ചായത്ത് കുടിവെള്ള പദ്ധതി – 2- ആം ഘട്ടം	1000 ലക്ഷം	അമ്പലപ്പാറ	40799	100 എൽ.പി.സി.ഡി
11.	മലമ്പുഴ കുടിവെള്ള പദ്ധതി	7500 ലക്ഷം	മരുതറോഡ്, അകത്തേത്തറ,പുതുപ്പരിയാരം, മലമ്പുഴ, പുതുശ്ശേരി, മുണ്ടൂർ	198959	പ്രോജക്ട് തയ്യാറാക്കി വരുന്നു.
12.	എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതി	2000 ലക്ഷം	എലവഞ്ചേരി, പല്ലശ്ശന, ആലത്തൂർ,	41669	പ്രോജക്ട് തയ്യാറാക്കി

			എരിമയൂർ, കാവശ്ശേരി		വരുന്നു.
13.	വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര – 2-ആം ഘട്ടം (കിഫ്ബി)	7500 ലക്ഷം	വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര, പുതുക്കോട്	127526	പ്രോജക്ട് തയ്യാറാക്കി വരുന്നു.
14.	കരിമ്പ, കോങ്ങാട് കുടിവെള്ള പദ്ധതി	2500 ലക്ഷം	കരിമ്പ, കോങ്ങാട്, മുണ്ടൂർ (പാർട്ട്)		പ്രോജക്ട് തയ്യാറാക്കി വരുന്നു.
15.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 16-17 2- ആം ഘട്ടം പാക്കേജ് 1	975 ലക്ഷം	,,	,,	,,
16.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 16-17 2- ആം ഘട്ടം പാക്കേജ് 3		,,	,,	,,
17.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 16-17 2- ആം ഘട്ടം പാക്കേജ് 4		,,	,,	,,
18.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 2017-18 3- ആം ഘട്ടം പാക്കേജ് 1	1050 ലക്ഷം	,,	,,	,,
19.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 2017-18 2- ആം ഘട്ടം പാക്കേജ് 2	2225 ലക്ഷം	,,	,,	,,
20.	എ.എം.ആർ.യു.ടി.-എസ്.എ.ടി. 2019 -20 3 ആം ഘട്ടം പാക്കേജ് 2	5683 ലക്ഷം	പാലക്കാട് മുനിസിപ്പാലിറ്റി		150 എൽ.പി.സി.ഡി
	ആകെ	**78583.3**			

5.1.3 ശുചിത്വം

5.1.3.1 ആമുഖം

5.1.3.1.1 നാം ഉപയോഗിച്ച് വലിച്ചെറിയുന്ന ഏതൊരു വസ്തുവിനും മാലിന്യം എന്ന് മുദ്രകുത്തുന്നു. മാലിന്യം പൊതു സ്ഥലങ്ങളിലേക്കും ജലാശയങ്ങളിലേയ്ക്കും വലിച്ചെറിയുന്നതും കത്തിക്കുന്നതും ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവെക്കുന്നു. ഗുരുതരമായ പകർച്ചവ്യാധികൾ പെരുകുന്ന അവസ്ഥ നിലനിൽക്കുന്നതിനാൽ മാലിന്യം പരിപാലനം ഒരു മെഡിക്കൽ എമർജൻസി കൂടിയാണ്.

5.1.3.1.2 പൊതുജനാരോഗ്യത്തിനും പ്രകൃതിയുടെ തനതായ നിലനില്പിനും ഭീഷണിയായി തീരുന്ന മാലിന്യം ഇന്ന് ഗുരുതര പ്രശ്നമാണ്. ദിനന്തോറും ഉൽപ്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായും ലളിതമായും സംസ്കരിക്കുകയും അതിലൂടെ പ്രകൃതി വിഭവ സംരക്ഷണവും ജനങ്ങളുടെ

ആരോഗ്യപരിപാലനവും ഉറപ്പാക്കുകയാണ് സർക്കാർ മാലിന്യ സംസ്കരണ പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്.

5.1.3.1.3 ഈ സന്ദർഭത്തിൽ സീറോ വെയ്സ്റ്റ് എന്ന സങ്കൽപ്പത്തിന് പ്രാധാന്യം ഏറുന്നു. ഭൂമിയിൽ നിന്ന് നാം ഉൽപ്പാദിപ്പിക്കുന്ന എല്ലാ വസ്തുക്കളും സുരക്ഷിതമായി ഭൂമിയിലേക്ക് തിരികെ വിടുന്ന അവസ്ഥ സംയോജിതമാകുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള 4 വികസ മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷൻറ ഉപദൌത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി 15.7.2017 പ്രകാരം ''എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം'' മാണ് എന്ന അവബോധം സൃഷ്ടിച്ചു. ഉത്തരവാദിത്വത്ത മാലിന്യ പരിപാലന രീതികൾ പാലിക്കുന്നതിനോട് പൌരന്മാരിൽ അനുകൂല മനോഭാവവും ശീലവും ഉണ്ടാക്കി സമൂഹത്തിൽ ആകെ ഒരു പുതിയ മാലിന്യ സംസ്കാരം സൃഷ്ടിക്കുക എന്നതാണ് ഹരിത കേരള മിഷന്റെ ഉപദൌത്യമായ ശുചിത്വ മാലിന്യ സംസ്കരണത്തിൻറെ ലക്ഷ്യങ്ങൾ.

5.1.3.1.4 മാലിന്യ പരിപാലത്തിന്റെ സമീപനം തന്നെ മാലിന്യം പരമാവധി കുറയ്ക്കുക(Reduce), പുനരുപയോഗം(Reuse), പുനചംക്രമണം(Recycling) എന്നിവയാണ്. മുകളിൽ സൂചിപ്പിച്ച 3 R കളും നമ്മുടെ ജീവിതത്തിൽ പ്രാവൃത്തികമാക്കുന്നതിനും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനും വ്യാപകമായ പ്രചരണം നടത്താവുന്നതാണ്. ആഘോഷവേളകളിൽ പ്ലാസ്റ്റിക് ടംബ്ലർ, പ്ലാസ്റ്റിക് കപ്പികൾ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപേക്ഷിച്ച് പ്രകൃതി സൌഹൃദ വസ്തുക്കളോ, കഴുകി ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളോ ഉപയോഗിക്കുകയാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ സർക്കാർ ഓഫീസുകളിലും, വിദ്യാലയങ്ങളിലും ഗ്രീൻപ്രോട്ടോകോൾ പാലിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. പല ഓഫീസുകളിലും ഈ ലക്ഷ്യം നേടികഴിഞ്ഞു.

5.1.3.1.5 വീടുകളിലും, സ്ഥാപനങ്ങളിലും, കടകളിലും ഉണ്ടാകുന്ന മാലിന്യം ജൈവമാലിന്യമായും അജൈവ മാലിന്യമായും തരം തിരിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. ജൈവ മാലിന്യങ്ങൾ അവരുടെ വീട്ടുകളിൽ തന്നെ കുഴി കമ്പോസ്റ്റ്, മഴക്കാല കമ്പോസ്റ്റ്, ജൈവ സംസ്കരണ ഭരണി, റിംഗ് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാൻറ് എന്നിവയിൽ ഒന്നിലൂടെ ഉത്പാദകന്റെ ഉത്തരവാദിത്വത്തിൽ സംസ്കരിക്കപ്പെടണം. സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ കമ്മ്യൂണിറ്റി കംമ്പോസ്റ്റ് രീതി ആശ്രയിക്കാവുന്നതാണ്.

5.1.3.1.6 അജൈവ മാലിന്യങ്ങളായ പ്ലാസ്റ്റിക് കവറുകൾ കപ്പികൾ, പാട്ടകൾ, ഉപയോഗ ശൂന്യമായ ഇലക്ട്രോണിക് വസ്തുക്കൾ എന്നിവയുടെ സംഭരണത്തിനും സംസ്കരിക്കുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ സർർക്കാർ നകിയിട്ടുണ്ട്. അജൈവ മാലിന്യ സംഭരണത്തിനായി മെറ്റീരിയൽ കണക്ഷൻ ഫെസിലിറ്റി സെൻറർ, ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കാവുന്നതാണ്. പഴയ വസ്തുക്കൾ പുനരുപയോഗത്തിന് കൈമാറ്റം ചെയ്യുന്നതിനായി സ്വാപ് ഷോപ്പുകൾ, റിപ്പയ്യർഷോപ്പുകൾ, പരിസ്ഥിതി സൌഹൃദ ഉൽപ്പന്നങ്ങളുടെ ഉൽപ്പദന യൂണിറ്റുകൾ, വിപണന കേന്ദ്രങ്ങൾ, എന്നിവ സ്ഥാപിക്കുന്നതിനും സർക്കാർ നിർദ്ദേശിക്കുന്നു.

5.1.3.1.7 മാലിന്യത്തിൽ നിന്നും സ്വാതന്ത്രം എന്ന ലക്ഷ്യം നേടുന്നതിന് വിവിധ തട്ടുകളിലായി നടത്തുന്ന കേന്ദ്ര സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടും, സമന്വയിപ്പിച്ചുകൊണ്ടും എങ്ങിനെ നടപ്പിലാക്കാം എന്നതാണ് ഈ അദ്ധ്യായം കൊണ്ട് ഉദ്ദേശിക്കുന്നത്. മാലിന്യങ്ങൾ തുറന്നിട്ട സ്ഥലത്ത് കത്തിച്ചാൽ മാരകമായ ഡയോക്സിൻ, ഫൂറാനുകൾ, നൈട്രജൻ ഓക്സൈഡ്, സൾഫർ ഓക്സൈഡുകൾ, ഹൈഡ്രോക്ലോറിക് ആസിഡ് തുടങ്ങിയ രാസവിഷമാലിന്യങ്ങൾ ഉണ്ടാകുന്നു. ഇവ ശ്വാസിച്ചാൽ ഉടനവധി ആരോഗ്യപ്രശ്നങ്ങൾ, രോഗാവസ്ഥകൾ എന്നിവയും അർബുദം, കരൾരോഗങ്ങൾ ഹൃദയസംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കും വഴി തെളിയിക്കുന്നു.

5.1.3.1.8 മാലിന്യങ്ങൾ അലക്ഷ്യമായി എവിടെയെങ്കിലും വലിച്ചെറിയുകയാണെങ്കിൽ ജൈവ അജൈവ വസ്തുക്കളുടെ രാസപ്രവർത്തനം വഴി ലീച്ചേറ്റ് എന്ന അവശിഷ്ടം ഉണ്ടാകുന്നു. ജൈവ മാലിന്യങ്ങൾ മാത്രം നിക്ഷേപിച്ച ഇടങ്ങളിൽ നിന്ന് ഉണ്ടാകുന്ന അവശിഷ്ടം പൊതുവേ വിഷമയം അല്ല. പക്ഷേ ജൈവ വിഘടനത്തിന് വിധേയമാക്കാത്ത മാലിന്യങ്ങളിൽ നിന്നും ഉണ്ടാകുന്ന ലീച്ചേറ്റ് ശ്വാസകോശരോഗങ്ങൾ, ത്വക്ക്, വൃക്ക, കരൾ എന്നിവയെ ബാധിക്കുന്ന ഗുരുതരമായ ക്യാൻസറിന് കാരണമാകുന്നു.

5.1.3.1.9 മണ്ണിനടിയിൽ ജൈവ അജൈവ മാലിന്യങ്ങൾ കുഴിച്ചിടുന്നതുവഴി ലീച്ചേറ്റ് മണ്ണിലും ജലത്തിലും അടിഞ്ഞുകൂടും. പച്ചക്കറികളും ഇലക്കറികളും, മാംസ്യവുമാണ് നമ്മുടെ ഉള്ളിൽ കയറിപ്പറ്റുന്ന മാരക ഘനലോഹങ്ങളുടെ ഉറവിടം. ഉറവിട മാലിന്യ സംസ്കരണം വളരെ കൃത്യമായി നടപ്പിലാക്കുക വഴി നമ്മുടെ നാടിന്റെ മലിനാവസ്ഥ ഒഴിവാക്കുന്നതാണ്. മാലിന്യ വലിച്ചെറിയൽ, അജൈവ മാലിന്യം കത്തിക്കൽ എന്നിവയ്ക്കെതിരെ കർശന നടപടി എടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരം നൽകേണ്ടതാണ്.

5.1.3.2 <u>അവസ്ഥ വിശകലനം</u>

5.1.3.2.1 സംസ്ഥാനം നേരിടുന്ന പൊതു അവസ്ഥയിൽ നിന്നും വിഭിന്നമല്ല ജില്ലയിലെ ശുചിത്വ – മാലിന്യ പ്രശ്നങ്ങൾ. ജില്ലയിലെ ഗാർഹിക മാലിന്യ സംസ്കരണം സംബന്ധിച്ച് അവസ്ഥാ നിർണ്ണയപഠന പ്രകാരം ജൈവ-അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്ന രീതി, പൊതുജനങ്ങളുടെ ശുചിത്വശീലങ്ങൾ, പാഴ്ജലം കൈകാര്യം ചെയ്യുന്ന രീതി എന്നിവ മനസ്സിലാക്കാൻ സാധിക്കും. ജില്ലയിലെ ഗ്രാമപ്രദേശങ്ങളിലെ വീടുകളിൽ ജൈവ മാലിന്യ സംസ്കരണം എന്നത് വലിയ പ്രശ്നം സൃഷ്ടിക്കുന്ന വിഷയമല്ലെങ്കിലും അവസ്ഥാ നിർണ്ണയ പഠന പ്രകാരം 21.25% പേർ (143024) മൂന്നു സെൻറ് ഭൂമിയിൽ താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. ഇത്തരം വീടുകളിലെയും വ്യാപാര സ്ഥാപനങ്ങളിലേയും ജൈവ മാലിന്യ സംസ്കരണത്തിന് പ്രത്യേക ഊന്നൽ നൽകി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ ഒരുക്കുന്നത് ഇവിടങ്ങളിലെ ജൈവ മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. അവ പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ സാമൂഹിക കമ്പോസ്റ്റിംഗ് സംവിധാനം ഏർപ്പെടുത്താവുന്നതാണ്.

5.1.3.2.2 ജില്ലയിലെ അജൈവ മാലിന്യങ്ങളുടെ കൈകാര്യം വളരെ ഊന്നൽ നൽകേണ്ട മേഖലയാണ്. പാഴ്വസ്തു വ്യാപാരികൾ 36% അജൈവ മാലിന്യങ്ങൾ ശേഖരിച്ചു കൊണ്ടുപോകുന്നുണ്ടെങ്കിലും ഭൂരിഭാഗം പ്ലാസ്റ്റിക് കവർ അജൈവ മാലിന്യങ്ങൾ (34%) കത്തിച്ചുകളയുന്നതായും പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതായും അവസ്ഥാ നിർണ്ണയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇത് ഭാവിയിൽ ജില്ലയിൽ വലിയ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിവെക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് പുനരുപയോഗ വ്യവസായങ്ങൾക്ക് കൈമാറുന്ന സംവിധാനം ഏർപ്പെടുന്നത് അജൈവ മാലിന്യങ്ങൾ മൂലം ഉണ്ടാകുന്ന മാലിന്യപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമാകും.

5.1.3.2.3 വീടുകളിലും സ്ഥാപനങ്ങളിലും കക്കൂസ് മാലിന്യ പരിപാലനം അശാസ്ത്രീയമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ചില സ്വകാര്യ വ്യക്തികളും സംഘടനകളും അശാസ്ത്രീയമായി കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്നു. ഇവർ സുരക്ഷിതമല്ലാത്ത മാർഗ്ഗങ്ങളിൽ മലം ശേഖരിച്ച് പൊതുസ്ഥലങ്ങളിലും കൃഷിയിടങ്ങളിലും ജലസ്രോതസ്സുകളിലും തള്ളുന്നു. നിലവിൽ എല്ലാ ജില്ലകളിലും ആധുനിക കക്കൂസ് മാലിന്യ സംസ്കരണ പ്ലാൻറ് അടിയന്തിരമായി സ്ഥാപിക്കണമെന്ന് സുപ്രീം കോടതി (എസ്.എം.പി) സിവിൽ നമ്പർ 30493/2013 ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ജില്ലയിൽ ഇത്തരം പ്ലാന്റ് ഇതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ല. അവസ്ഥാനിർണ്ണയ പഠനപ്രകാരമുള്ള സ്ഥിതിയനുസരിച്ച്

ജില്ലാതലത്തിൽ പട്ടണങ്ങൾ കേന്ദ്രീകരിച്ച് ആധുനിക കക്കൂസ് മാലിന്യ സംസ്കരണ പ്ലാൻറ് അനിവാര്യമാണ്.

5.1.3.2.4 കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയുടേയും, 1999 മുതൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതിയുടെ ഭാഗമായും, നിർമ്മൽ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായും വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾ ജില്ലയിൽ നൽകിയിരുന്നു. തദ്ദേശസ്വയഭരണ സ്ഥാപനങ്ങൾ പദ്ധതി മുഖേനയും ഗാർഹിക ശൌചാലയങ്ങൾ നല്കിയിട്ടുണ്ട്.

പട്ടിക 5.1.48

ശുചിത്വമിഷൻ മുഖേന നൽകിയ ശൌചാലയങ്ങളുടെ വിവരങ്ങൾ

ക്രമ നം	ഘടകങ്ങൾ	2008-09 സാമ്പത്തിക വർഷം വരെ	2009-10	2010-11	2011-12	2012-13	2013-14	2014-15	2015-16	2016-17
1.	വ്യക്തിഗത ഗാർഹിക ശൌചാലയം	95298	11720	0	250	5273	3583	3583	1989	16675
2	സ്കൂൾ ടോയ്ലറ്റ്	262	27	0	16	187	8	24	0	0
3	അംഗനവാടി ടോയ്ലറ്റ്	509	11	0	65	57	0	0	0	0
4	സാമൂഹ്യ ശുചിത്വ സമുച്ചയം	19	7	4	19	14	5	0	4	3
5	റൂറൽ സാനിട്ടറി മാർട്ട്	5	1	0	0	0	0	0	0	0

ഉറവിടം : ഒ.ഡി.എഫ് ബേസ് ലൈൻ സർവ്വേ, ശുചിത്വമിഷൻ

5.1.3.2.5 പൊതുജന ശീലങ്ങളിൽ പ്ലാസ്റ്റിക് കവറുകളുടെയും മറ്റു ഉപയോഗം ജില്ലയിൽ കൂടുതലായി കാണപ്പെടുന്നു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സമഗ്രമായ ബോധവൽക്കരണവും, ബദൽ ഉൽപ്പന്നങ്ങളുടെ ലഭ്യതയും അടിയന്തിരമായി ഉറപ്പുവരുത്തേണ്ടതാണ്. കാലങ്ങളായി പ്ലാൻറിൽ നിക്ഷേപിക്കപ്പെട്ട മാലിന്യകൂമ്പാരങ്ങളും കമ്പോസ്റ്റിംഗിൻറെ ഭാഗമായി ഒഴിവാക്കപ്പെട്ട തിരസ്കരണികളും വലിയ ഭീഷണിയായി നിലനിൽക്കുന്നുണ്ട്. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട ഖരമാലിന്യങ്ങളുടെ കൂമ്പാരങ്ങൾ ഭാവിയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ ഇത്തരം അവശിഷ്ടമാലിന്യകൂമ്പാരങ്ങൾ സംസ്കരിക്കുന്നതിന് ജില്ലയിൽ ഒരു സാനിറ്ററി ലാൻഡ് ഫില്ലിംഗ് സംവിധാനം വേണ്ടിവരും. ഇത്തരം മാലിന്യകൂമ്പാരങ്ങൾ ഭാവിയിൽ ഉണ്ടാവാതിരിയ്ക്കാൻ ഉറവിട മാലിന്യ സംസ്കരണം നിർബന്ധമാക്കണം. ചന്തകളിലെ മാലിന്യ സംസ്കരണ രീതി ശാസ്ത്രീയമായി പുനരുദ്ധരിപ്പിക്കണം. നിലവിലെ ഇടപെടൽ അപര്യാപ്തമാണ്.

5.1.3.2.6 ലൈസൻസിംഗ് സമ്പ്രദായം നൂറു ശതമാനമാക്കാൻ കഴിഞ്ഞിട്ടില്ല. അറവുശാല, കോഴിക്കടകൾ, മത്സ്യസ്റ്റാളുകൾ എന്നിവയ്ക്ക് മാലിന്യ പരിപാലന വ്യവസ്ഥകൾ കർശനമാക്കിക്കൊണ്ട് ലൈസൻസിംഗ് ഉറപ്പിക്കേണ്ടതാണ്.

5.1.3.2.7 സ്വച്ഛഭാരത് മിഷന്റെ വെളിയിട വിസർജ്ജന വിമുക്ത കാമ്പയിനിന്റെ ഭാഗമായി വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ലൈൻ സർവ്വേ പ്രകാരം കണ്ടെത്തി മുഴുവൻപേർക്കും നൽകിയിരുന്നു. ഇത് വ്യക്തിഗത ശൌചാലയങ്ങളുടെ

കുറവ് ഒരു പരിധിവരെ കുറക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ പൊതുശൌചാലയങ്ങളും, സമൂഹ ശൌചാലയ കോംപ്ലക്സുകളുടേയും കുറവ് ജില്ലയിലുണ്ട്.

5.1.3.2.8 ഗ്രാമപ്രദേശങ്ങളിൽ നിന്ന് വിഭിന്നമായി പൊതുശൌചാലയങ്ങളും കമ്മ്യൂണിറ്റി ശൌചാലയങ്ങളും കൂടുതൽ ആവശ്യമുള്ള സ്ഥലങ്ങളാണ് നഗരപ്രദേശങ്ങൾ. ജനസംഖ്യ പ്രകാരം നഗരപ്രദേശങ്ങളിൽ ആവശ്യമായതിന്റെ 30% പൊതുശൌചാലയങ്ങൾ മാത്രമേ ഇന്നു നിലവിൽ ജില്ലയിലെ നഗരപ്രദേശങ്ങളിലുള്ളു. വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾക്കു സൌകര്യമില്ലാത്ത സ്ഥലങ്ങളിൽ കമ്മ്യൂണിറ്റി ശൌചാലയങ്ങളുടെയും ആവശ്യകത നിലവിലുണ്ട്.

5.1.3.2.9 മാലിന്യം ഉത്പാദിപ്പിക്കുന്ന പ്രധാന കേന്ദ്രങ്ങളായ ചന്തകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ എന്നിവയിൽ ശരിയായ രീതിയിലുള്ള മാലിന്യ സംസ്കരണ ഉപാധികളില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള ചന്തകളിൽ പോലും അടിസ്ഥാന സൌകര്യമായ ടോയലറ്റുകൾ നിലവിൽ ഇല്ല.

5.1.3.2.10 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കഴിഞ്ഞ വർഷത്തെ ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾ വിശകലനം ചെയ്യുമ്പോൾ സമഗ്രവും, സുസ്ഥിരവുമായ മാതൃക പദ്ധതികൾ കുറവാണ്. വ്യക്തിഗത മാലിന്യ സംസ്കരണ ഉപാധികൾ, ശൌചാലയങ്ങൾ എന്നിവയ്ക്കാണ് ജില്ലയിലെ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മുൻതൂക്കം നൽകിയിരിക്കുന്നത്.

5.1.3.3 മാലിന്യ സംസ്കരണം -ജില്ലയിലെ നിലവിലെ സ്ഥിതി

1. ഗാർഹിക മാലിന്യം

5.1.3.3.1 ഹരിത കേരളം പദ്ധതി" മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" കാമ്പെയ്നറെ ഭാഗമായി മുഴുവൻ വീടുകളുടെയും മാലിന്യ സംസ്കരണം സംബന്ധിച്ച അവസ്ഥ നിർണയ സർവ്വേ ജില്ലയുടെ ഗാർഹിക മാലിന്യ പരിപാലനം സംബന്ധിച്ച് വ്യക്തത നൽകുന്നു. ഗാർഹിക തലത്തിലെ ജൈവ അജൈവ മാലിന്യ സംസ്കരണ രീതികൾ, ശീലങ്ങൾ, വീടുകളിലെ കംപോസ്റ്റിംഗ്, പാഴ്ജല സംസ്കരണ രീതികൾ, കക്കൂസ് മാലിന്യം കൈകാര്യം ചെയ്യുന്ന രീതികൾ, എന്നിവ സംബന്ധിച്ച് ജില്ലയിലെ നിലവിലെ സ്ഥിതി അവസ്ഥ നിർണ്ണയത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്.

എ .**വീടുകളിലെ അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്ന രീതി**

5.1.3.3.2 വീടുകളിലെ അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിവിധങ്ങളായ രീതികൾ പിന്തുടരുന്നു. ഇതിൽ പ്രധാനമായും കൃഷി, വളക്കുഴിയായി 25 ശതമാനം പേരും, മൃഗങ്ങൾക്ക് തീറ്റയായി 32 ശതമാനം, കംമ്പോസിറ്റിംഗ് രീതി ഉപയോഗിച്ച് വളമായി മാറ്റുന്ന 2 ശതമാനം, ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിക്കുന്നവർ 1 ശതമാനം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് 4 ശതമാനം, കത്തിക്കുന്നവർ 16 ശതമാനം, സ്വകാര്യ ഏജൻസികളെ ഏല്പ്പിക്കുന്നവർ 2 ശതമാനം, പൊതുയിടങ്ങളിൽ നിക്ഷേപിക്കുന്നവർ 7 ശതമാനം, അലക്ഷ്യമായി വലിച്ചെറിയുന്നവർ 8 ശതമാനം എന്നാണ് പഠന വിവരം.

ബി. അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ

5.1.3.3.3 അജൈവ മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നത് പല രീതികൾ വീടുകളിൽ പിന്തുടരുന്നതായി പഠനത്തിൽ കണ്ടെത്തുന്നു 14 ശതമാനം വീടുകളിൽ സൂക്ഷിക്കുന്നു, 36 ശതമാനം പേർ സ്വകാര്യ വ്യക്തികൾ, ഏജൻസികൾ എന്നിവരെ ഏൽപ്പിക്കുന്നു. 5 ശതമാനം പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുന്നു. 27 ശതമാനം പേർ കത്തിച്ചു കളയുന്നു, 8 ശതമാനം വീട്ടുകാർ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതായും 8 ശതമാനം അലക്ഷ്യമായി വലിച്ചെറിയുന്നതായും അവസ്ഥ നിർണ്ണയ പഠനം പറയുന്നു.

സി. വീടുകളിലെ പാഴ്ജല ഉപയോഗം

5.1.3.3.4 വീടുകളിലെ പാഴ്ജല ഉപയോഗം സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുമ്പോൾ 19 ശതമാനം പാഴ്ജല കുഴി ഉപയോഗിക്കുന്നതായും, 25 ശതമാനം പേർക്ക് സ്വീവേജ് പൈപ്പ് സംവിധാനം ഉള്ളതായും, 49 ശതമാനം പേർ വീടുകളിലെ മരങ്ങളുടെ തടത്തിൽ ഒഴുക്കി വിടുന്നതായും, 14 ശതമാനം പേർ കൃഷിക്ക് ഉപയോഗപ്പെടുത്തുന്നതായും, 14 ശതമാനം പേർ വീടിനുപുറത്ത് പൊതുസ്ഥലങ്ങളിൽ ഒഴുക്കിവിടുന്നതായും കാണുന്നു. 2,08,548 വീടുകളിൽ പാഴ്ജലം സൂക്ഷിക്കുന്നതിന്റെ ഭാഗമായി, പാഴ്ജല കുഴി നിർമ്മിച്ചിട്ടുണ്ട്.

ഡി. സെപ്റ്റിക് ടാങ്ക് /കക്കൂസ് മാലിന്യ സംസ്കരണ രീതി

5.1.3.3.5 ജില്ലയിലെ വീടുകളിലെ സെപ്റ്റിക് ടാങ്ക് / കക്കൂസ് കുഴിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന പരിഹാര രീതികൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കുമ്പോൾ 11 ശതമാനം പേർ പുതിയ കുഴി നിർമ്മിച്ച് അതിലേക്ക് മാറ്റുന്നതായും, 1 ശതമാനം മുനിസിപ്പൽ ടാങ്കർ ലോറികളിൽ പമ്പ് ചെയ്ത് കൊണ്ടുപോകുന്നതായും, 13 ശതമാനം വീടുകൾ പ്രൈവറ്റ് ഏജൻസികളുടെ ടാങ്കർ ലോറികളിൽ പമ്പ് ചെയ്ത് കൊണ്ടുപോകുന്നതായും, 0.25 ശതമാനം പേർ ഓടകളിലേയ്ക്കും തോടുകളിലേയ്ക്കും ഒഴുക്കി വിടുന്നതായും, 74 ശതമാനം വീടുകളിൽ ഇത്തരം രീതികൾ ഒന്നും സ്വീകരിക്കേണ്ടതായി വന്നിട്ടില്ലെന്നും അവസ്ഥ നിർണ്ണയ പ്രകാരമുള്ള കണക്ക് പറയുന്നു.

ഇ. വീടുകളിലെ കമ്പോസ്റ്റിംഗ് സംവിധാനം

5.1.3.3.6 പാലക്കാട് ജില്ലയിലെ 29.5% വീടുകളിൽ വിവിധ തരത്തിലുള്ള കമ്പോസിറ്റ് സംവിധാനം നിലവിലുണ്ട്. ഇതിൽ 9.3% വീടുകളിൽ പൈപ്പ് കമ്പോസിറ്റിംഗും, 3.7 % വീടുകളിൽ ബക്കറ്റ് കമ്പോസ്റ്റിംഗും, 0.7% വീടുകളിൽ റിംഗ് കമ്പോസ്റ്റിംഗും, 14.8% വീടുകളിൽ കിച്ചൺ ബിനുകൾ ജൈവ മാലിന്യം സംസ്കരിക്കുന്നതിനും, 65.5 % പേർ മറ്റു പല സംവിധാനങ്ങളും ഉപയോഗിച്ച് വരുന്നു.

എഫ്. സാധനങ്ങൾ വാങ്ങിക്കൊണ്ട് വരാൻ ഉപയോഗിക്കുന്ന രീതി

5.1.3.3.7 പാലക്കാട് ജില്ലയിൽ ഭൂരിഭാഗം പേരും (65.3 %) പ്ലാസ്റ്റിക് കവറുകളാണ് സാധനങ്ങൾ വാങ്ങിക്കൊണ്ട് വരുവാൻ ഉപയോഗിക്കുന്നത്. തുണി, ചാക്ക്, ചണം, സഞ്ചി- 18.5% ആളുകൾ ഉപയോഗിക്കുന്നുണ്ട്. സന്ദർശിച്ച 6,72,758 വീടുകളിൽ അഴുകുന്ന മാലിന്യങ്ങൾ സംസ്കരിക്കുവാൻ യാതൊരു വിധ സംവിധാനവും ഇല്ലാത്ത 2,18,849 വീടുകൾ ഉണ്ട്. ഈ വീടുകളിൽ ഉറവിട മാലിന്യ സംസ്കരണം ഏർപ്പെടുത്തേണ്ടതാണ്. അഴുകാത്ത മാലിന്യങ്ങൾ സംസ്കരിക്കുവാൻ സംവിധാനം ഇല്ലാത്ത 2,88,155 വീടുകളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുത്ത് പൊതു സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

5.1.3.4 നഗരസഭകളിലെ മാലിന്യസംസ്കരണം

നഗരസഭകൾ നേരിടുന്ന പ്രധാന വെല്ലുവിളിയാണ് ഖരമാലിന്യ സംസ്കരണം. മുനിസിപ്പൽ ഖരമാലിന്യ ഘടന, ഭൂപ്രകൃതി, കാലാവസ്ഥ, ജീവിതരീതിയിലുള്ള വ്യതിയാനം, വർദ്ധിച്ചുവരുന്ന ഉപഭോക്തൃ സംസ്കാരം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. ഗാർഹികം, വാണിജ്യം, വ്യവസായം, കൃഷി എന്നിവയിൽ നിന്നുള്ള അവശിഷ്ടങ്ങളാണ് മുനിസ്സിപ്പൽ ഖരമാലിന്യം. നഗരമാലിന്യങ്ങൾ പ്രധാനമായും ഗാർഹിക വാണിജ്യ മേഖലകളിലാണ്. മുനിസ്സിപ്പൽ ഖരമാലിന്യ സംസ്കരണ ഘട്ടം 2000 പ്രകാരം ഖരമാലിന്യങ്ങളുടെ സംഭരണം, പരിപാലനം, സംസ്കരണം, നീക്കം ചെയ്യൽ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ജില്ലയിൽ ഖരമാലിന്യങ്ങൾ കൂടിയ തോതിൽ ഉത്പാദിപ്പിക്കുന്നത് ഷൊർണ്ണൂർ, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി, ചെർപ്പുളശ്ശേരി, മണ്ണാർക്കാട് എന്നീ നഗരസഭ പ്രദേശങ്ങളിലും, അലനല്ലൂർ, പുതുശ്ശേരി, വടക്കഞ്ചേരി, ആലത്തൂർ, കൊടുവായൂർ, നെന്മാറ, പുതുപ്പരിയാരം, കോങ്ങാട്, അകത്തേത്തറ,

വല്ലപ്പുഴ, ശ്രീകൃഷ്ണപുരം, മരുതറോഡ്, കൊടുമ്പ്, നാഗലശ്ശേരി, ലക്കിടി-പേരൂർ, കുഴൽമന്ദം, പിരിയാരി, ഓങ്ങല്ലൂർ, അഗളി, പുതുനഗരം, വാണിയംകുളം, കൊല്ലങ്കോട്, മുണ്ടൂർ, മലമ്പുഴ, കൊപ്പം, തൃത്താല, കൊഴിഞ്ഞാമ്പാറ, വടകരപ്പതി തുടങ്ങിയ പഞ്ചായത്തുകളിലുമാണ്.

എ. പാലക്കാട് നഗരസഭ

ജില്ലയിൽ ഏറ്റവും കൂടുതൽ ഖരമാലിന്യം ഉത്പാദിപ്പിക്കുന്നത് പാലക്കാട് നഗരസഭയിലാണ്. ദിവസേന 20-25 ടൺ ഖരമാലിന്യം ശേഖരിച്ച് കൊടുമ്പ് ഗ്രാമപഞ്ചായത്തിലെ കൂട്ടുപാതയിൽ പ്രവർത്തിക്കുന്ന ട്രഞ്ചിംഗ് ഗ്രൌണ്ടിൽ സംഭരിക്കുന്നു. നഗരസഭ പരിധിയിലെ വീടുകളിൽ നിന്നും മാർക്കറ്റുകളിൽ നിന്നും സംഭരിക്കുന്ന ഖരമാലിന്യങ്ങൾ പ്രവർത്തിക്കുവാൻ വിൻഡോ കമ്പോസ്റ്റ് പ്ലാന്റിൽ സംസ്കരിച്ച് വളമാക്കി മാറ്റുന്നു. **ഇങ്ങനെ അവശേഷിക്കുന്ന മാലിന്യങ്ങൾ ഒരു മാലിന്യ കൂനയായി മാറിയിട്ടുണ്ട്. ഈ മാലിന്യ കൂമ്പാരങ്ങൾ സമീപപ്രദേശ വാസികൾക്ക് ദുരിതമാണ്.**

സമഗ്ര ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി നഗരസഭ 2007 ഒക്ടോബർ 2 മുതൽ വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുന്നത് അവസാനിപ്പിച്ചിരിക്കുകയാണ്. പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് നഗരസഭയുടെ കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ള താല്ക്കാലിക മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിച്ച് നഗരസഭയുടെ പ്രവർത്തിക്കുന്ന ട്രഞ്ചിംഗ് ഗ്രൌണ്ടിൽ സംഭരിക്കുന്നു.

ബി. ചിറ്റൂർ തത്തമംഗലം നഗരസഭ

ചിറ്റൂർ തത്തമംഗലം നഗരസഭയ്ക്ക് കീഴിൽ **പാറക്കളം വിൻഡോ കമ്പോസിറ്റിംഗ്** പ്ലാന്റ് 3 വർഷമായി പ്രവർത്തിച്ചുവരുന്നു. 3 ടൺ കപ്പാസിറ്റിയുള്ള പ്ലാന്റിൽ ദിവസേന 2.5 ടൺ മാലിന്യങ്ങൾ സംസ്കരിച്ച് വിൻഡോ കമ്പോസിറ്റിംഗ് രീതിയിലൂടെ വളമാക്കി മാറ്റുന്നു. **'അമൃതം ജൈവവളം'** എന്ന പേരിൽ ഇത് കർഷകർക്ക് വിൽക്കുന്നു. ശുചീകരണ തൊഴിലാളികളാണ് പ്ലാന്റ് പരിപാലിച്ചുവരുന്നത്. 500 കി. ഗ്രാം വളം വിൻഡോ കമ്പോസിറ്റിംഗിലൂടെ ഈ പ്ലാന്റ് ഉത്പാദിപ്പിക്കുന്നു. മാലിന്യ സംസ്കരണത്തിനുള്ള കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2015-16, 2016-17 വർഷത്തെ മികച്ച പ്ലാന്റിനുള്ള അവാർഡ് ഈ പ്ലാന്റ് കരസ്ഥമാക്കിയിട്ടുണ്ട്. പ്ലാസ്റ്റിക്ക് അടക്കമുള്ള അജൈവ മാലിന്യങ്ങൾ കുടുംബശ്രീ അജൈവ മാലിന്യ സംഭരണ കേന്ദ്രങ്ങളിൽ ശേഖരിച്ച്, വേർതിരിച്ച് നഗരസഭയുടെ മേൽനോട്ടത്തിൽ പാഴ്വസ്തു വ്യാപരികൾക്ക് വ്യാപാരം നടത്തിവരുന്നു. അജൈവ മാലിന്യങ്ങൾ ശേഖരിച്ച് വയ്ക്കുന്നതിന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

സി. ഒറ്റപ്പാലം നഗരസഭ

ഒറ്റപ്പാലം നഗരസഭയ്ക്കു കീഴിലുള്ള പനമണ്ണ സൌത്തിൽ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിച്ചുവരുന്നുണ്ട്. നഗരസഭ പരിധിയിൽ ഉത്പാദിപ്പിക്കുന്ന ഖര മാലിന്യങ്ങൾ ശേഖരിച്ച്, വേർതിരിച്ച് വിൻഡ്രോ കമ്പോസ്റ്റിംഗ് രീതിയിലൂടെയാണ് പ്ലാന്റിൽ സംസ്കരിച്ചുവരുന്നത്. 3000 കി. ഗ്രാം ഖര മാലിന്യങ്ങൾ സംസ്കരിക്കാൻ ശേഷിയുള്ള പ്ലാൻറാണ് ഒറ്റപ്പാലം നഗരസഭയ്ക്ക് കീഴിലുള്ള സംസ്കരണ പ്ലാന്റ്. വിൻഡോ കമ്പോസിറ്റിംഗിലൂടെ ലഭിക്കുന്ന ജൈവവളം നഗരസഭ വിൽപ്പന നടത്തുന്നു.

ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, പട്ടാമ്പി നഗരസഭകളും മാലിന്യം നീക്കം നടത്തിവരുന്നുണ്ട്. മെറ്റിരീയൽ കളക്ഷൻ, ഫെസിലിറ്റി സംസ്കരണം എന്നിവ പുരോഗമിക്കുന്നുണ്ട്.

പട്ടിക 5.1.49

നഗരസഭകളിലെ ഖരമാലിന്യ സംസ്കരണം

ക്രമനം	നഗരസഭയുടെ പേര്	അഴുകുന്ന മാലിന്യങ്ങൾ		അഴുകാത്ത മാലിന്യങ്ങൾ	
		നഗരസഭയുടെ ഇടപെടലിലൂടെ ദിവസേന സംസ്കരിക്കുന്ന/ കൈകാര്യം ചെയ്യുന്ന ജൈവ മാലിന്യങ്ങൾ	സംസ്കരണ രീതി	നഗരസഭയുടെ ഇടപെടലിലൂടെ ദിവസേന സംസ്കരിക്കുന്ന കൈകാര്യം ചെയ്യുന്ന അജൈവ മാലിന്യങ്ങളുടെ അളവ്	റിമാർക്സ്
1	പാലക്കാട്	20 ടൺ	വിൻഡ്രോ കമ്പോസ്റ്റിംഗ്	2.4 ടൺ	ശേഖരിച്ച് വേർതിരിച്ച് ആക്രികച്ചവടക്കാർക്ക് കൈമാറുന്നു
2	ചിറ്റൂർ - തത്തമംഗലം	2.5 ടൺ	വിൻഡ്രോ കമ്പോസ്റ്റിംഗ്	30 ടൺ	ശേഖരിച്ച് വേർതിരിച്ച് ആക്രികച്ചവടക്കാർക്ക് കൈമാറുന്നു
3	ഷൊർണ്ണൂർ	0.5 ടൺ	ബയോഗ്യാസ് & എയറേബിക് ബിൻ	1 ടൺ	ഷ്രെഡ്ഡിംഗ് നടത്തി ആക്രികച്ചവടക്കാർക്ക് കൈമാറുന്നു
4	ഒറ്റപ്പാലം	1.5 ടൺ	വിൻഡ്രോ കമ്പോസ്റ്റിംഗ്	30 ടൺ	ശേഖരിച്ച് ആക്രികച്ചവടക്കാർക്ക് കൈമാറുന്നു
5	ചെർപ്പുളശ്ശേരി		-	45 ടൺ	ആക്രികച്ചവടക്കാർ നേരിട്ട് ശേഖരിക്കുന്നു
6	പട്ടാമ്പി	1 ടൺ	ഓപ്പൺ കമ്പോസ്റ്റിംഗ്	0.5 ടൺ	വേർതിരിച്ച് വാർഡിൽ സൂക്ഷിക്കുന്നു
7	മണ്ണാർക്കാട്		-		-

അവലംബം : ശുചിത്വമിഷൻ

5.1.3.5 ജില്ലയിലെ ശൌചാലയ സൌകര്യങ്ങൾ

സ്വച്ഛ ഭാരത് മിഷൻ വെളിയിട മലമൂത്ര വിസർജ്ജവിമുക്ത ക്യാമ്പയിന്റെ ഭാഗമായി നടത്തിയ ബേസ് ലൈൻ സർവ്വെ പ്രാകരം **ജില്ലയിൽ 23075 വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾ ആവശ്യമുള്ളതായി കണ്ടെത്തിയിട്ടുണ്ട്**. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) വെളിയിട മലമൂത്ര വിസർജ്ജന വിമുക്ത കാമ്പയിന്റെ ഭാഗമായി വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾ ഇല്ലാത്ത മുഴുവൻ വീടുകൾക്കും ശൌചാലയങ്ങൾ ശുചിത്വ മിഷന്റെയും, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് വിഹിതം ഉപയോഗിച്ച് നിർമ്മിച്ച് നൽകിയിരുന്നു. കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയുടെയും 1999 മുതൽ സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടിയുടെ ഭാഗമായും നിർമ്മാൺ ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായും വ്യക്തിഗത ഗാർഹിക ശൌചാലയങ്ങൾ ജില്ലയിൽ നൽകിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും, ഗാർഹിക ശൌചാലയങ്ങൾ നൽകിയിട്ടുണ്ട്.

ഓ.ഡി.എഫ് സുസ്ഥിരത (ODF Sustainability)

കേന്ദ്ര കുടിവെള്ളം & ശുചിത്വ മന്ത്രാലയം, രാജ്യത്ത് വെളിയിട വിസർജ്ജന വിമുക്തമായ അവസ്ഥ നിലനിർത്തുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് വിശദമായ നിർദ്ദേശം നൽകിയിട്ടുണ്ട്. ജനങ്ങളിൽ മലമൂത്ര വിസർജ്ജനത്തിനായി ശൌചാലയങ്ങൾ ഉപയോഗിക്കുന്ന ശീലമുണ്ടാക്കുകയും, സുരക്ഷിതവും ആരോഗ്യപരവുമായ ജീവിതശൈലി അവരിൽ ഉണ്ടാക്കുകയുമാണ് ഇതു കൊണ്ടുദ്ദേശിക്കുന്നത്. പാലക്കാട്

ജില്ല 2016 ഒക്ടോബർ 18 ഓ.ഡി.എഫ് ആയി പ്രഖ്യാപിച്ചെങ്കിലും ഈ അവസ്ഥ നിലനിർത്തേണ്ടതുണ്ട്. ആയതിനുവേണ്ടി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന ശുചിത്വമിഷൻ നിർദ്ദേശിച്ചിട്ടുണ്ട്.

1. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ ഓ.ഡി.എഫ് സുസ്ഥിരത ഉറപ്പുവരുത്തുക
2. ബ്ലോക്ക പരിധിയിൽ വരുന്ന ചന്ത, ബസ് സ്റ്റാന്റുകൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ 100% വൃത്തിയും, ശുചിത്വവും ഉള്ളതാണെന്ന് ഉറപ്പുവരുത്തുക
3. പൊതുജനങ്ങളിൽ ശൌചാലയം ഉപയോഗിക്കുന്ന ശീലമാക്കുക, സുരക്ഷിതവും ആരോഗ്യപരവുമായ ജീവിത രീതി ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
4. പൊതു ടോയ്ലറ്റുകളും, സാമൂഹ്യ ശുചിത്വ സമുച്ചയങ്ങളും, സ്കൂളുകൾ, അംഗനവാടികൾ എന്നിവിടങ്ങളിലെ ശൌചാലയങ്ങളും വൃത്തിയായി സൂക്ഷിക്കുന്നുന്ന് ഉറപ്പുവരുത്തുക.

ഇതു പരിശോധിക്കുന്നതിനായി ബ്ലോക്കിലെ ശുചിത്വമിഷൻ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് പഞ്ചായത്തുതലത്തിൽ പരിശോധന നടത്തുന്നതിനുള്ള നടപടികളും ജില്ലാതലത്തിൽ സൂപ്പർ ചെക്ക് നടത്തുന്നതിനുള്ള നടപടികളും ജില്ലയിൽ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ തരത്തിലുള്ള വിവര – വിജ്ഞാന – വ്യാപന പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പട്ടിക 5.1.50

പൊതുശൌചാലയങ്ങൾ - ജനസംഖ്യാടിസ്ഥാനത്തിൽ ആവശ്യമുള്ളത്

ക്രമ. നം	നഗരസഭയുടെ പേര്	ജനസംഖ്യ	ആവശ്യമുള്ള കമ്മ്യൂണിറ്റി ടോയലറ്റുകളുടെ എണ്ണം
1	ഷൊർണ്ണൂർ	43,533	20
2	ഒറ്റപ്പാലം	53,792	25
3	പാലക്കാട്	1,30,995	60
4	ചിറ്റൂർ-തത്തമംഗലം	32,298	15
5	പട്ടാമ്പി	28,632	13
6	ചെർപ്പുളശ്ശേരി	40008	18
7	മണ്ണാർക്കാട്	31,902	15
ആകെ		**3,61,160**	**166**

അവലംബം : ശുചിത്വമിഷൻ

5.1.3.6 അറവുശാലകളും കോഴിക്കടകളും –മാലിന്യ സംസ്കരണവും സൌകര്യങ്ങളും

മാംസ്യ, മത്സ്യങ്ങളുടെ ഉപഭോഗത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്. ഭൂരിപക്ഷം കേരളീയരുടെയും ആഹാരക്രത്തിൽ ഒഴിച്ചു കൂടാനാവാത്ത ഒരു വിഭവമാണ് മാംസ്യം. വർഷങ്ങളായി കന്നുകാലി ജനസംഖ്യ കുറഞ്ഞു വരുമ്പോഴും മാംസ ഉപഭോഗം വർദ്ധിച്ചു വരുന്നതായാണ് കാണുന്നത്.

4.9.37 സംസ്ഥാനത്ത് അറവുശാലകളിലും, ഇറച്ചി കടകളിലും, കോഴിക്കടകളിലും 8.60% (1349) എണ്ണം പ്രവർത്തിക്കുന്നത് പാലക്കാട് ജില്ലയിലാണ്. ഇവയിൽ നിന്ന് ദിവസേന പുറന്തള്ളുന്ന മാലിന്യങ്ങൾ ഓരോ പ്രദേശങ്ങളിലും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

4.9.38

1. **അറവുശാലകളുടെയും കോഴിക്കടകളുടെയും ഉടമസ്ഥാവകാശം സംബന്ധിച്ച്**

4.9.38 പാലക്കാട് ജില്ലയിൽ പ്രവർത്തിക്കുന്ന അറവു ശാലകളിലും കോഴിക്കടകളിലും 51.5% (695 എണ്ണം) വാടകയ്ക്ക് പ്രവർത്തിക്കുന്നവയാണ്, 38.9% (525 എണ്ണം) സ്വന്തമായിട്ടുള്ളതാണ്. 9.6% (129 എണ്ണം) മറ്റുതരത്തിൽ പ്രവർത്തിക്കുന്നവയാണ്.

2. **രജിസ്ട്രേഷൻ ലൈസൻസ് എന്നിവ സംബന്ധിച്ച്**

ജില്ലയിൽ പ്രവർത്തിക്കുന്ന അറവുശാലകളിൽ ഭൂരിപക്ഷവും 3.86% (875 എണ്ണം) യാതൊരു വിധ രജിസ്ട്രേഷനും ഇല്ലാതെ പ്രവർത്തിക്കുന്നവയാണ്. രജിസ്ട്രേഷനുള്ള സ്ഥാപനങ്ങളിൽ, 75.53% (358) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. 12.24% സ്ഥാപനങ്ങൾ ഫുഡ് സേഫ്റ്റി ഡിപ്പാർട്ട്മെൻറിൽ മാത്രം രജിസ്റ്റർ ചെയ്തവരാണ്. 6.75% (32)സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഫുഡ്സേഫ്റ്റി ഡിപ്പാർട്ട്മെൻറിലും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5.48% മറ്റുതരത്തിൽ രജിസ്ട്രേഷൻ ചെയ്ത സ്ഥാപനങ്ങളാണ്. ലൈസൻസ് എടുത്തു പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 18.01% (243) ആണ്. **ഭൂരിപക്ഷം സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്**.

3. **സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്**

ജില്ലയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾ, അറവ് ശാലകൾ, കോഴിക്കടകൾ എന്നിവയിൽ (89.32% (1205 എണ്ണം) സ്ഥിരമായി പ്രവർത്തിക്കുന്നവയാണ്. 10.67% (144)സ്ഥാപനങ്ങൾ താൽക്കാലികമായി പ്രവർത്തിക്കുന്നവയാണ്. ബഹു ഭൂരിഭാഗം സ്ഥാപനങ്ങളും 79.11% (1067 എണ്ണം)ദിവസവും തുറന്നു പ്രവർത്തിക്കുന്നതും 16.16% (218)ആഴ്ചയിലും, 0.37% (5) മാസത്തിലും, 1.11% (15) ഉത്സവകാലങ്ങളും , 3.26% (44)ചില പ്രത്യേക സമയങ്ങളിൽ മാത്രം തുറന്നു പ്രവർത്തിക്കുന്നതുമാണ്. ജില്ലയിലെ ഇത്തരം സ്ഥാപനങ്ങളിൽ 64.12% (865)കോഴിക്കടകളും, 14.30% (193)ഇറച്ചിസ്റ്റാളുകളും, 0.29% (4)അറവുശാലകൾ മാത്രവും 67% (90) ഇറച്ചിയും കോഴിയും ഒന്നിച്ചു വിൽക്കുന്ന കേന്ദ്രമായും, 13.56% സ്ഥാപനങ്ങൾ അറവുശാലയും/ ഇറച്ചി സ്റ്റാളുമായും, 1.07% സ്ഥാപനങ്ങൾ മറ്റുള്ളവയായും പ്രവർത്തിക്കുന്നവയാണ്.

4. **സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ**

പാലക്കാട് ജില്ലയിൽ അറവ് ശാലകളിലും കോഴിക്കടകളിലും ബഹു ഭൂരിപക്ഷവും ദിവസവും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായതിനാൽ ദിവസേന മാലിന്യങ്ങൾ ഉൽപാദിപ്പിക്കുന്നവയാണ്. ഈ സ്ഥാപനങ്ങളിൽ 7.70% (104 എണ്ണം) യാതൊരു തരത്തിലുള്ള മാലിന്യ സംസ്കരണ സംവിധാനവും ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. 5.4% (74) സ്ഥാപനങ്ങൾ പുറം തള്ളുന്ന മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുറന്ന കുഴികൾകളിലാണ്, 11.38% (302) സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് മൂടിയ കുഴികളിലാണ്. 2% (27)ത്തിന് മാലിന്യ സംസ്കരണത്തിന് ട്രീറ്റ്മെൻറ് പ്ലാൻറുകളുണ്ട്. 8% (108)അറവു ശാലകളിൽ നിന്നും, കോഴിക്കടകളിൽ നിന്നുള്ള മറ്റുൽപ്പന്നങ്ങൾക്ക് വേണ്ടിയുള്ള പ്ലാൻറുകളിലാണ് മാലിന്യം സംസ്കരിക്കുന്നത്. ഭൂരിഭാഗം വരുന്ന സ്ഥാപനങ്ങളിൽ 54.41% (734) മറ്റു തരത്തിലാണ് മാലിന്യം സംസ്കരിക്കുന്നത്.

അറവുശാലകളിലെയും കോഴിക്കടകളിലെയും മാലിന്യ സംസ്കരണ സംവിധാനങ്ങൾ



5. വർഷത്തിൽ കശാപ്പു ചെയ്യുന്ന മൃഗങ്ങളുടേയും പക്ഷികളുടേയും എണ്ണം സംബന്ധിച്ച്

പാലക്കാട് ജില്ലയിൽ ഒരു വർഷം കശാപ്പു ചെയ്യുന്ന മാടുകളുടെ എണ്ണം 35488 ആണ്. പോത്തുകൾ 3,10,141 ആടുകൾ 46,702, പന്നി 928, മുയൽ 3,478 എന്നിങ്ങനെയാണ്. ആടുമാടുകളും, പോത്തുകളുമാണ് പ്രധാനമായും കശാപ്പു ചെയ്യപ്പെടുന്ന മൃഗങ്ങൾ. കശാപ്പു ചെയ്യുന്ന മാടുകളിൽ 42.38% ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലും, 57.62% ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങളിലുമാണ്. പോത്തുകളിൽ 34.57% മാത്രമേ ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്ന അറവു ശാലകളിൽ കശാപ്പു ചെയ്യപ്പെടുന്നത്. **65.43% ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലാണ് കശാപ്പു ചെയ്യപ്പെടുന്നത്.** കശാപ്പു ചെയ്യുന്ന ആടുകളിൽ 53.85% ലൈസൻസുള്ളവയിലും, 46.15% ലൈസൻസില്ലാത്തവയുമാണ്. വർഷത്തിൽ കശാപ്പു ചെയ്യുന്ന പന്നികളിൽ 29.79% ലൈസൻസുള്ളവയിലും, **70.21% ലൈസൻസില്ലാത്തവയിലുമാണ്** . മുയൽ ആകട്ടെ കശാപ്പു ചെയ്യപ്പെടുന്നത് 64.43% ലൈസൻസ് പ്രകാരം പ്രവർത്തിക്കുന്നവയിലും, **35.57% ലൈസൻസില്ലാത്തവയിലുമാണ്.**

വർഷത്തിൽ കശാപ്പു ചെയ്യുന്ന മൃഗങ്ങൾ



അവലംബം : കേരളത്തിലെ അറവുശാലകളെയും കോഴിക്കടകളെയും സംബന്ധിച്ച് സർവ്വേ 2014 എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്

പാലക്കാട് ജില്ലയിൽ ഒരു വർഷം മാംസത്തിനായി കോഴിക്കടകളിൽ കശാപ്പു ചെയ്യുന്നത് 56,684 എണ്ണം മുട്ടക്കോഴികളെയാണ്. കോഴിക്കുഞ്ഞുങ്ങൾ 71,31,557, താറാവ് 2,202, ടർക്കി കോഴി 152, കാട

38498 മറ്റുള്ളവ 2880 എന്നിവയാണ്. ഓരോ വർഷവും കടകളിലൂടെ മാംസ ആവശ്യത്തിനായി കശാപ്പ ചെയ്യുന്നത്.

5.1.3.7 ചന്തകളിലെ സൌകര്യങ്ങളും ശുചിത്വ മാലിന്യ സംസ്കരണവും

മാലിന്യം ഉത്പ്പാദിപ്പിക്കുന്ന പ്രധാനപ്പെട്ട കേന്ദ്രങ്ങളാണ് ചന്തകൾ. പാലക്കാട് ജില്ലയിൽ പ്രധാന ടൌണുകൾ കേന്ദ്രീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലും, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലും ചന്തകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

പൊതുജനങ്ങളുടെ നിത്യ ജീവിതത്തിനാവശ്യമായ പച്ചക്കറി, മത്സ്യം മറ്റു പലചരക്ക് സാധനങ്ങൾ എന്നിവ ഒരു കുടക്കീഴിൽ ലഭ്യമാക്കുമെന്നതിനാൽ തന്നെ പൊതുജനങ്ങളെ ധാരാളമായി ഇവിടങ്ങളിലേക്ക് ആകർഷിച്ചുവരുന്നു. സംസ്ഥാനത്തെ മൊത്തം ചന്തകളിൽ ആറു ശതമാനത്തോളം പാലക്കാട് ജില്ലയിലാണ്.

1. **ചന്തകളുടെ ഉടമസ്ഥാവകാശം**

പാലക്കാട് ജില്ലയിലെ ആകെ 42 ചന്തകളിൽ 19 എണ്ണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതാണ്. ഇതിൽ 16 എണ്ണവും തുറന്ന സ്ഥലത്തു സ്ഥിതി ചെയ്യുന്ന ചന്തകളാണ്. **2 എണ്ണം നിയന്ത്രണങ്ങൾ ഉള്ള ചന്തകളാണ്**. സ്വകാര്യ ഉടമസ്ഥതയിലുള്ള ചന്തകളിൽ 10 എണ്ണവും തുറന്ന സ്ഥലത്തും **രണ്ട് എണ്ണം നിയന്ത്രണങ്ങൾക്കു അതീതമായി പ്രവർത്തിക്കുന്നതുമാണ്**. ബാക്കിയുള്ള 11 എണ്ണം മറ്റു തരത്തിലുള്ള ഉടമസ്ഥതയിലുള്ളവയാണ്.

2. **ചന്തകളിലെ സൌകര്യങ്ങൾ**

ചന്തകളിലെ സൌകര്യങ്ങൾ പരിശോധിക്കുമ്പോൾ 57% ചന്തകളിൽ വൈദ്യുതിയും, 54% ചന്തകളിൽ വെള്ളത്തിൻറെ ലഭ്യതയുണ്ട്. അതേ സമയം 30% ചന്തകളിൽ മാത്രമേ ടോയലറ്റ് സൌകര്യങ്ങൾ ലഭ്യമായിട്ടുള്ളൂ. ഇതിൽ നഗരസഭ പരിധിയിലെ 66% ചന്തകളിൽ ഇലക്ട്രിസിറ്റിയും, 50% ചന്തകളിൽ വെള്ളവും ലഭ്യമാണെങ്കിലും, 33% സ്ഥലങ്ങളിൽ മാത്രമേ ടോയലറ്റ് സൌകര്യം ലഭ്യമായിട്ടുള്ളൂ.

3. **മാർക്കറ്റ് സൌകര്യങ്ങൾ**

പഞ്ചായത്തുകളിലെ ചന്തകളിൽ 55% വീതം ഇലക്ട്രിസിറ്റി, വെള്ളം എന്നീ സൌകര്യങ്ങളുണ്ടെങ്കിലും, 30% സ്ഥലങ്ങളിലെ ടോയലറ്റ് സൌകര്യം നിലവിലുള്ളൂ.

4. **ചന്തകളിലെ ഉൽപ്പന്നങ്ങൾ, സേവനങ്ങൾ**

പാലക്കാട് ജില്ലയിലെ ചന്തകളിൽ 93% കാർഷിക ഉൽപ്പന്നങ്ങളും, 54% ചന്തകളിൽ കാർഷികേതര ഉൽപ്പന്നങ്ങളും, 9.5% സാമൂഹികമായ സേവനങ്ങളുമാണ് നിലവിലുള്ളത്. ഇതിൽ നഗരസഭ പരിധിയിൽ 62.5% കാർഷിക ഉത്പ്പന്നങ്ങളും, 37.5% കാർഷികേതര ഉൽപ്പന്നങ്ങളുമാണ് ലഭ്യമാകുന്നത്. ഗ്രാമപ്രദേശങ്ങളിൽ എല്ലാ ചന്തകളിലും കാർഷികേതര ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതോടൊപ്പം 58.52% ചന്തകളിൽ കാർഷികേതര ഉത്പ്പന്നങ്ങളും 11.76% സാമൂഹികമായ സേവനങ്ങളും ലഭ്യമാണ്.

5. **ചന്തകളിലെ മാലിന്യ സംസകരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിൽപ്പെട്ട ചന്തകളിൽ നിന്ന് മാലിന്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശേഖരിച്ചു സംസ്കരിക്കുന്നുണ്ടെങ്കിലും പൂർണ്ണമായ തോതിൽ ഇടപെടൽ നടത്താൻ സാധിച്ചിട്ടില്ല. പാലക്കാട് ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 47% ചന്തകളിൽ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇടപെടൽ നടത്തുന്നുണ്ട്. എന്നാൽ 53.1% ചന്തകളി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതും ശുചീകരണം നടക്കുന്നതും മറ്റുതരത്തിലാണ്. 75% ചന്തകളിൽ മറ്റുതരത്തിൽ ശുചീകരണവും മാലിന്യ സംസ്കരണവും നടക്കുന്നു. **പഞ്ചായത്ത് തലത്തിൽ മാലിന്യം സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടൽ മെച്ചപ്പെടേണ്ടതുണ്ട്.**

5.1.3.8 ഹോട്ടൽ, റസ്റ്റോറന്റ്എന്നിവ സംബന്ധിച്ച വിവരങ്ങൾ

മാലിന്യങ്ങൾ ദിവസേന ഉൽപ്പാദിക്കുന്ന സ്ഥാപനങ്ങളാണ് ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ടീസ്റ്റാളുകൾ എന്നിവ. സംസ്ഥാനത്തെ 10% വരുന്ന റസ്റ്റോറന്റുകൾ പ്രവർത്തിച്ചുവരുന്നത് പാലക്കാട് ജില്ലയിലാണ്. ഹോട്ടലുകളുടെ കാര്യം പരിശോധിച്ചാൽ 4.2% ടിസ്റ്റാളുകളിൽ 8.2% പാലക്കാട് ജില്ലയിലാണ്. കേരളത്തിലെ റസ്റ്റോറന്റുകളിൽ 14.6% (5322 എണ്ണം) നഗരസഭ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിൽ 5.9% റസ്റ്റോറൻറുകളും (312 എണ്ണം) പാലക്കാട് നഗരസഭയിലാണ്.

അവലംബം : ഹോട്ടലുകളും റസ്റ്റോറന്റുകളെയും കുറിച്ചുള്ള സർവ്വേ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)

5.1.3.9 റസ്റ്റോറന്റുകളിലെയും ഹോട്ടലുകളിലെയും മാലിന്യം നീക്കം ചെയ്യുന്നത് സംബന്ധിച്ച്

പാലക്കാട് ജില്ലയിലെ ഭൂരിഭാഗവും റസ്റ്റോറന്റുകളിലെയും മാലിന്യങ്ങൾ പ്രധാനമായും തദ്ദേശീയമായി നീക്കം ചെയ്യുക എന്ന ഉപാധിയാണ് അനുവർത്തിച്ചിരിക്കുന്നത്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുക, കുടുംബശ്രീ യൂണിറ്റുകൾ മുഖേന മാലിന്യം നീക്കം ചെയ്യുക തുടങ്ങിയ രീതികളാണ് ജില്ലയിലെ റസ്റ്റോറന്റുകൾ പിൻതുടർന്നുവരുന്നത്.

റസ്റ്റോറന്റുകളിൽ 47.24% (1746 എണ്ണം) തിൽ ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ സർട്ടിഫിക്കറ്റ് ഉള്ളവയും, 23.75% (878 എണ്ണം) സാനിറ്റേഷൻ സർവ്വേ സർട്ടിഫിക്കറ്റ് ഉള്ളവയും, 66.5% (2458 എണ്ണം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ഉള്ളവയുമാണ്.

52.47% (106 എണ്ണം) ഹോട്ടലുകൾ തദ്ദേശീയമായി മാലിന്യങ്ങൾ നീക്കം ചെയ്യുന്നു. 3.46% (7 എണ്ണം) ബയോഗ്യാസ് പ്ലാന്റുകളിലൂടെ മാലിന്യം സംസ്കരിക്കുന്നു. 37.62% (76 എണ്ണം) കുടുംബശ്രീ യൂണിറ്റുകളെ ഏൽപ്പിക്കുന്നു. 6.43% (13 എണ്ണം) പേർ മറ്റുള്ള രീതികളാണ് അവലംബിച്ചിട്ടുള്ളത്. 2.27% (4 എണ്ണം) മലിനജല സംസ്കരിക്കുന്നതിനാ വശ്യമായ പ്ലാൻറു സ്ഥാപിച്ചിട്ടുണ്ട്.

10.56% (21 എണ്ണം) മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സൌകര്യങ്ങൾ മഴവെള്ള സംഭരണി 8.91% (18) സോളാർ സംവിധാനം 21.78% (44) എന്നീ പ്രകൃതി സൌഹൃദ സംവിധാനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ചായക്കടകളിൽ 92.70% മാലിന്യം നീക്കം ചെയ്യുന്ന രീതിയാണ് പിന്തുടരുന്നത്. 6.62% കുടുംബശ്രീ യൂണിറ്റുകളെ ഏർപ്പിക്കുകയാണ് ചെയ്യുന്നത്.

5.1.3.10 തട്ടുകടകൾ

വഴിയോരങ്ങളിലും, തെരുവുകളിലും സ്ഥിരമായോ, താത്ക്കാലികമായോ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഭക്ഷണ പാനീയങ്ങൾ ലഭിക്കുന്ന സംവിധാനങ്ങളാണ് തട്ടുകടകൾ. മാറിയ ജീവിത ശൈലിയുടെയും, ഭക്ഷണ ക്രമത്തിന്റെയും ഭാഗമായി രൂപപ്പെട്ട സംവിധാനമാണ് തട്ടകട. സംസ്ഥാനത്തു പ്രവർത്തിക്കുന്ന തട്ടുകടയിൽ 11.47% പാലക്കാട് ജില്ലയിലാണ്. സംസ്ഥാനത്തെ നഗരസഭകളിൽ ഏറ്റവും കൂടുതൽ തട്ടുകടകൾ പ്രവർത്തിക്കുന്നത് (218 എണ്ണം) പാലക്കാട് നഗരസഭയിലാണ്. ദിവസേന തുറന്നു പ്രവർത്തിക്കുന്ന തട്ടുകടകളിൽ മാലിന്യം സംസ്കരിക്കുന്നത് ഭൂരിഭാഗവും തദ്ദേശീയമായ രീതികളാണ് സ്വീകരിച്ചുവരുന്നത്. ജില്ലയിലെ തട്ടുകടകളിൽ 6.40%(81) മാത്രമേ ഭക്ഷ്യ സുരക്ഷാ സർട്ടിഫിക്കറ്റും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസും പ്രകാരം പ്രവർത്തിക്കുന്നുള്ളൂ.

തട്ടുകടകളെ സംബന്ധിച്ച് മാലിന്യ സംസ്കരണം ഒരു പ്രധാനപ്പെട്ട ഘടകമാണ്. ജില്ലയിലെ 92.49% (1171) തട്ടുകടകളും മാലിന്യം നീക്കം ചെയ്യുന്നതിന് തദ്ദേശീയമായ രീതിയാണ് സ്വീകരിച്ചുവരുന്നത്. 4.89% തട്ടുകടകൾ മാലിന്യം നീക്കം ചെയ്യുന്നത് കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോട് കൂടിയാണ്. ഒരു ചെറിയ വിഭാഗം തട്ടുകടകൾ (1.42%) ബയോഗ്യാസ് പ്ലാന്റ് ഉപയോഗിച്ചും മാലിന്യം സംസ്കരിച്ചു വരുന്നു.

5.1.3.11 സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

ജില്ലയിൽ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഇല്ല. ജലസ്രോതസ്സു കളിലേക്കും മറ്റും നീക്കം ചെയ്യുന്നതുമൂലം വലിയ മാലിന്യ /ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. പ്രധാന പട്ടണങ്ങളിലും, റെയിൽവേ

സ്റ്റേഷനുകളിലും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾ തയ്യാറാക്കുന്നതിലേയ്ക്കായി പാലക്കാട് ജില്ലാ ശുചിത്വമിഷൻ, തദ്ദേശ എഞ്ചിനീയറിംഗ് വിഭാഗത്തിന് ഏകദിന പരിശീലനം നൽകിയിട്ടുണ്ട്.

5.1.3.12 നവീന സെപ്റ്റേജ് ട്രീറ്റ് മെന്റ് പ്ലാന്റ്

തദ്ദേശ സ്ഥാപനങ്ങൾ മുഖ്യമായും ഊന്നൽ നല്കേണ്ട ഒരു പ്രധാന മേഖലയാണ് മലിനജല സംസ്കരണം. സെപറ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ അഭാവം മൂലം പ്രധാന നഗരങ്ങളിലേയും ടൌണുകളിലേയും മലിന ജലം അവിടങ്ങളിലെ ജലസ്രോതസ്സുകളായ പുഴകളിലേക്കും തോടുകളിലേക്കുമാണ് ഒഴുകി എത്തുന്നത്. ഇതു വലിയ തോതിൽ പുഴ മലിനീകരണത്തിനും പരിസ്ഥിതി നാശത്തിനുമാണ് കാരണമാകുന്നത്. ജില്ലയിലൂടെ ഒഴുകുന്ന പ്രധാന നദിയായ ഭാരതപുഴ ഇത്തരം മലിന ജലം ഒഴുക്കി വിടുന്നതുമൂലം മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒന്നാണ്. ഒറ്റപ്പാലം, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനുകളിൽ നിന്നുംമുള്ള മലിന ജലം മുഴുവൻ ഒഴുക്കിവിടുന്നത് പുഴയിലേക്കാണ്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു നവിന സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കാവുന്നതാണ്.

5.1.3.13 ആധുനിക ശ്മശാനങ്ങൾ

പുരയിടങ്ങളിലും, ജലസ്രോതസ്സുകളുടെ സമീപവും ശവസംസ്കാരം നടത്തുന്ന രീതി മാറ്റി ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിലവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ **17 ഗ്രാമപഞ്ചായത്തുകൾ, 1 മുനിസിപ്പാലിറ്റി, 5 ബ്ലോക്ക് പഞ്ചായത്തുകൾ** ഗ്യാസ് ക്രിമറ്റോറിയത്തിനായി വികസന ഫണ്ടിൽ നിന്ന് 40 ലക്ഷം രൂപയും, ഗ്രാമപഞ്ചായത്തുകളുടെ വിഹിതം 165 ലക്ഷം രൂപയും, ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം 220 ലക്ഷം രൂപയും ചേർന്ന് 785 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5.1.3.14 വിവര –വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ

വിവര –വിജ്ഞാന-വ്യാപന പദ്ധതികൾ 2018 വർഷത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. എല്ലാ വീടുകളിലും ഉറവിട മാലിന്യ സംസ്കരണം കൊണ്ടു വരുന്നതിനുള്ള മുന്നൊരുക്കങ്ങൾക്കായി ജില്ലാതലത്തിൽ റിസോഴ്സ് പേഴ്സൺമാർക്ക് ട്രെയിനിംഗ് കൊടുക്കുവാനും, പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, ബ്ലോക്ക് പ്രസിഡണ്ട്, സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നിവർക്ക് പരിശീലനം നല്കുവാനും തീരുമാനമായിട്ടുണ്ട്.

പൊതുജനങ്ങളിൽ ശുചിത്വവും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട മനോഭാവവും സ്വഭാവമാറ്റവും സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ശുചിത്വമിഷന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധങ്ങളായ വിവര-വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ശാസ്ത്രീയമായ മാലിന്യസംസ്കരണം, മാലിന്യങ്ങളുടെ ഉറവിടത്തിലെ തരംതിരിവ്, മാലിന്യ ഉത്പാദനം കുറക്കൽ വസ്തുക്കളുടെ പുനരുപയോഗം തുടങ്ങിയവയുമായി ബന്ധപ്പെട്ട സന്ദേശങ്ങളാണ് പൊതുജന ബോധവല്ക്കരണത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടത്. ഹരിതകേരളം മിഷൻ സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായുള്ള മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ജൈവമാലിന്യ സംസ്കരണ ഉപാധികളുടെ പ്രദർശനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുള്ള വിവിധ തരത്തിലുള്ള പരിപാടികൾ, സ്വച്ഛതാ ഹി സേവ കാമ്പയിനുമായി ബന്ധപ്പെട്ട പ്രദർശനങ്ങളും ബോധവല്ക്കരണ പരിപാടികളും വിദ്യാർത്ഥികൾക്കായുള്ള ശുചിത്വ ക്വിസ്, ഓണം ഗ്രീറ്റിംഗ് കാർഡ് മത്സരം, സീറോ വേയ്സ്റ്റ് സിവിൽ സ്റ്റേഷൻ ക്യാമ്പയിൻ തുടങ്ങിയവ ശുചിത്വമിഷന്റെ നേതൃത്വത്തിൽ നടത്തിയ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളാണ്.

വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ശുചിത്വമിഷന്റെ നേതൃത്വത്തിൽതയ്യാറാക്കി വിതരണം ചെയ്ത മെറ്റീരിയലുകൾ.

പട്ടിക 5.1.51

ഐ.ഇ.സി മെറ്റീരിയൽ	തരം
മഴക്കാലപൂർവ്വ ശുചീകരണം	നോട്ടീസ്
ഗ്രീന് പ്രോട്ടോക്കോൾ റംസാൻ	പോസ്റ്റർ നോട്ടീസ്
സീറോ വേസ്റ്റ് സിവിൽ സ്റ്റേഷൻ	പോസ്റ്റർ നോട്ടീസ്
സ്വച്ഛതാ ഹി സേവ ക്യാമ്പയിൻ	നോട്ടീസ്
സ്വച്ഛ സർവേക്ഷൻ	നോട്ടീസ് സ്റ്റിക്കർ
സ്വച്ഛതാ ആപ്പ്	നോട്ടീസ് സ്റ്റിക്കർ
ഗ്രീൻ പ്രോട്ടോക്കോൾ	ലഘുലേഖ

5.1.3.15 പൊതു കമ്പോസ്റ്റിംഗ് സംവിധാനങ്ങൾ

നിലവിലെ സ്ഥിതി പ്രകാരം ജില്ലയിലെ പൊതു മാലിന്യസംസ്കരണ സംവിധാനങ്ങൾ ചില നഗരസഭകളിലും ചുരുക്കം ചില ഗ്രാമ പഞ്ചായത്തുകളിലും മാത്രമേ നിലവിലുള്ളു എന്നാൽ ചന്തകളിൽ നിന്നും സ്വന്തമായി ഉറവിട മാലിന്യസംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ കഴിയാത്തയിടങ്ങളിൽ നിന്നുമുള്ള ജൈവ മാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണങ്ങളായ വലിയ ബയോഗ്യാസ് പ്ലാന്റുകളോ തുമ്പൂർമൊഴി എയറോബിക് കംമ്പോസ്റ്റ് വിൻഡോ കംമ്പോസ്റ്റിംഗ് യൂണിറ്റുകളോ ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ഥാപിക്കുകയും ഹരിത കർമ്മ സേനാംഗങ്ങൾ വഴി പരിപാലനം നടത്താനും കഴിയുന്നതാണ്.

5.1.3.16 ഏറ്റെടുത്തിട്ടുള്ളതും വ്യാപിപ്പിക്കേണ്ടതുമായ കാര്യങ്ങൾ

1) എല്ലാ പൌരന്മാരിലും അനുകൂലമായ മനോഭാവവും ശീലങ്ങളും രൂപീകരിക്കുന്നതിനും സുരക്ഷിതമാലിന്യ പരിപാലന സംസ്കാരം വളർത്തുന്നതിനും അനുയോജ്യമായ വിവര –വിജ്ഞാന പ്രവർത്തനങ്ങൾ.
2) എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജൈവമാലിന്യങ്ങളുടെ പരിപാലനത്തിന് മേൽനോട്ടം വഹിക്കുന്നതിനും അജൈവമാലിന്യ ശേഖരണത്തിനും ഹരിതകർമ്മസേന രൂപീകരണം.
3) അജൈവ മാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും തരംതിരിച്ച് വൃത്തിയാക്കി ശേഖരിച്ച് പുന:ചംക്രമണം ഉറപ്പാക്കുന്നതിനുള്ള മെറ്റീരിയൽ ഫെസിലിറ്റി, റിസോഴ്സ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ.
4) ഗാർഹിക/ സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങൾ ഉത്പാദകന്റെ ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ സംവിധാനങ്ങളും അത് സാധ്യമാകാത്ത ഇടങ്ങളിൽ കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് /ബയോമെഥനേഷൻ സംവിധാനങ്ങൾ.
5) പൊതുയിടങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യ നിക്ഷേപം തടയുന്നതിനാവശ്യമായ നിരീക്ഷണ സംവിധാനങ്ങളും, മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കൽ.
6) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഹരിതകർമ്മസേനയുടെ പ്രാരംഭ ചെലവുകൾക്കാവശ്യമായ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തൽ.

7) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസും, ടെക്നോളജിയും ലഭ്യമാക്കൽ.
8) വീടുകളിൽ നിന്നും സ്ഥാപനതലത്തിൽ നിന്നുമുള്ള ജൈവ-അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ യൂസർ ഫീ ഏർപ്പെടുത്തൽ.
9) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ കൈമാറ്റ കടകളും റിപ്പയർ ഷോപ്പുകളും സ്ഥാപിക്കൽ.
10) ചന്തകൾ, അറവുശാലകൾ, കോഴിക്കടകൾ, കല്ല്യാണമണ്ഡപങ്ങൾ, ഹോട്ടൽ -റസ്റ്റോറന്റുകൾ എന്നിവടങ്ങളിൽ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കൽ.
11) എല്ലാ സ്ഥാപനതലങ്ങളിലും ദ്രവമാലിന്യ പരിപാലത്തിനാവശ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ.
12) വീടുകളിൽ നിന്നും സ്ഥാപനങ്ങളിലും നിന്നുമുള്ള ഇ-വേയ്സ്റ്റ് ശേഖരിച്ച് പുനരുപയോഗ കേന്ദ്രങ്ങൾക്ക് സുരക്ഷിതമായി കൈമാറ്റം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ സ്ഥാപിക്കൽ.
13) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ ശ്മശാനങ്ങളിൽ വാതകശ്മശാന സൌകര്യങ്ങൾ ഒരുക്കൽ.
14) ഗവ/സ്വകാര്യ ആശുപത്രികളിൽ ഉത്പാദിപ്പിക്കുന്ന ബയോമെഡിക്കൽ മാലിന്യങ്ങൾ പുനരുപയോഗ സംസ്കരണ കേന്ദ്രങ്ങളിലെത്തിച്ച് സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സ്ഥാപിക്കൽ.
15) മുഴുവൻ സ്കൂളുകളിലും അംഗനവാടികളിലും ശൌചാലയ സൌകര്യങ്ങൾ ഉറപ്പാക്കൽ.
16) ആവശ്യമായ എല്ലാ പൊതുയിടങ്ങളിലും പൊതു ശൌചാലയങ്ങളും സമൂഹതല ശൌചാലയ സമുച്ചാലയങ്ങളും സ്ഥാപിക്കൽ.
17) പൊതു പരിപാടികൾ, ഉത്സവങ്ങൾ, ആഘോഷ പരിപാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ ഗ്രീൻ പ്രൊട്ടോക്കോൾ നടപ്പിലാക്കൽ.
18) മഴക്കാല ശുചീകരണ പ്രവർത്തനങ്ങളും മഴക്കാല രോഗങ്ങൾ പകർച്ചവ്യാധികൾ സംബന്ധിച്ചുള്ള വിവര-വിജ്ഞാന –വ്യാപന പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ.
19) എല്ലാ വീടുകളിലും ശുചിത്വമാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് മാലിന്യ സംസ്കരണത്തിന് സബ്സിഡി ഉറപ്പാക്കൽ.

5.1.3.17 <u>മാലിന്യ മുക്തകേരളം</u>

എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി സ്വച്ഛഭാരത് മിഷൻ പരിപാടിയുടെ കീഴിൽ 2017-18 സാമ്പത്തിക വർഷം ഓരോ ഗ്രാമപഞ്ചായത്തിലും ആകെ 20 ലക്ഷം രൂപ വരെ ചെലവ് പ്രതീക്ഷിക്കുന്ന ഖരദ്രാവക മാലിന്യ പ്രോജക്ടുകൾ തയ്യാറാക്കി ശുചിത്വമിഷൻ മുഖേന നടപ്പാക്കാവുന്നതാണ്. ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പൊതുശൌചാലയ സമുച്ചയം – 90% എസ്.ബി.എം ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്.
- മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങൾ
- തുമ്പൂർമുഴി മോഡൽ, കമ്മ്യൂണിറ്റിതല എയറോബിക് കമ്പോസ്റ്റിംഗ് സംവിധാനം
- മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ.
- കൈമാറി ലഭിച്ച ആശുപത്രികളിൽ ഖര-ദ്രവ-മാലിന്യ സംസ്കരണ പ്ലാന്റുകൾ, സ്കൂളുകളിൽ കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ, സർക്കാർ ഓഫീസുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ.

- ഒന്നിലധികം ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി നടപ്പിലാക്കാവുന്ന പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്.
- റസിഡൻസ് അസോസിയേഷൻ, കോളനികൾ, സർക്കാർ ക്വാട്ടേഴ്സുകൾ, സർക്കാർ ആശുപത്രികൾ, കല്ല്യാണ മണ്ഡപങ്ങൾ എന്നിവയിൽ ബയോഗ്യാസ് പ്ലാന്റ് അല്ലെങ്കിൽ വലിയ കമ്പോസ്റ്റിംഗ് പ്ലാന്റുകൾ.

5.2 പാർപ്പിടം- ദാരിദ്രം നിർമ്മാർജ്ജനം

5.2.1 ആമുഖം

5.2.1.1 മനുഷ്യൻറെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. വീട് ഒരു സാധാരണ പൌരന് സാമൂഹിക സുരക്ഷിതത്വം പ്രദാനം ചെയ്യുന്നു. കാലങ്ങളായി നമ്മുടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ വിവിധ ഭവന പദ്ധതികളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇന്നും ഏറ്റവും കൂടുതൽ ഭവന രഹിതരുള്ള ജില്ലകളിൽ ഒന്നാണ് പാലക്കാട്. 5 വർഷം കൊണ്ട് (പതിമൂന്നാം പദ്ധതിക്കാലത്ത്) ജില്ലയെ പൂർണ്ണമായും ഒരു ഭവനരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കണം എന്നുള്ള ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് നാം മുന്നേറേണ്ടത്. 1975 ലെ വില്ലേജ് ഹൌസിംഗ് സ്കീം മുതൽ ഇന്ത്യയിലും കേരളത്തിലുമായി നിരവധി സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. ജില്ലയിൽ പ്രത്യേകിച്ച് അട്ടപ്പാടി പോലെയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ കൂടുതലുള്ള പ്രദേശങ്ങൾ പ്രത്യേക ശ്രദ്ധയും ഊന്നലും ഭവന രഹിതരുടെ കാര്യത്തിൽ നൽകേണ്ടതുണ്ട്, എല്ലാ വിഭാഗം ജനങ്ങൾക്കും വികസന ഗുണഫലങ്ങൾ ലഭ്യമാകുന്ന സാമൂഹ്യനീതി പുലർത്തുക എന്നിങ്ങനെ ഇന്ന് കേരളം അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളികൾക്കു പരിഹാരമായാണ് സർക്കാർ നവകേരള മിഷൻ പ്രകാരമുള്ള കർമ്മ പദ്ധതിയ്ക്ക് രൂപം നൽകിയത്. ഇതിൽ പാർപ്പിട ജീവനോപാധി മേഖല ലൈഫ് മിഷൻ പദ്ധതി. എല്ലാവർക്കും സുരക്ഷിത മായും, നിർഭയമായും ജീവിക്കാൻ പര്യാപ്തമായ വീടുകളുണ്ടെന്ന് ഉറപ്പാക്കുക എന്നതാണ് ഈ മിഷൻറെ പ്രധാന ലക്ഷ്യം. സർക്കാരിൻറെ വിവിധ ഭവന പദ്ധതികൾ ഇപ്പോൾ ലൈഫ് മിഷൻ എന്ന ഒരു കുടക്കീഴിലാണ് വരുന്നത്. അടുത്ത 5 വർഷം കൊണ്ട് ഭവനരഹിതരായ എല്ലാവർക്കും സുരക്ഷിതമായ ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നമുക്ക് കൈകോർക്കാം.

5.2.1.2 കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്നുള്ള വ്യതിചലനം പാലക്കാട് ജില്ലയിൽ പാർപ്പിടങ്ങളുടെ ആവശ്യകത വർഷം തോറും വർദ്ധിച്ചുവരികയാണ് സാമ്പത്തികമായി പിന്നോക്കവാസ്ഥയിലുള്ളവർ സ്വന്തമായൊരു വീടിൻറെ സാക്ഷാത്കരത്തിനു വേണ്ടി പ്രയാസപ്പെടുന്നു. വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിന് സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അതിൽ കേന്ദ്ര ഗവൺമെൻറും, സംസ്ഥാന ഗവൺമെൻറും 60:40 എന്ന അനുപാതത്തിൽ തുക അനുവദിച്ചു വീട് നൽകുന്ന ഒരു പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന. കൂടാതെ അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതർക്കും ഭവനരഹിതർക്കും സുരക്ഷി തവും വാസയോഗ്യവുമായ ഒരു പാർപ്പിട സൌകര്യം ഒരുക്കുന്ന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് ലൈഫ് മിഷനിലൂടെ വിവിധ പദ്ധതികളെ ഏകോപിപ്പിച്ച് സമയബന്ധിതമായി നടത്തുന്നു. പാർപ്പിടെന്ന സുരക്ഷിത ഭവനത്തിനു പുറമെ ആവശ്യമുള്ള ശുചിമുറി, കുടിവെള്ള ലഭ്യത, ഗതാഗതസൌകര്യം, മാലിന്യ നിർമ്മാർജ്ജന സംവിധാനം തുടങ്ങിയവയെല്ലാം ചേർന്നതാവണം. ഇത്തരം രൂപകൽപന ചെയ്ത് നടപ്പിലാക്കുന്ന ഒരു ഭവന പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. ഇതിലെ ഗുണഭോക്താക്കളുടെ സാമ്പത്തിക ശാക്തീകരണം കൂടി ലക്ഷ്യം വെക്കുന്നതാണ് പദ്ധതി.

5.2.2 അവസ്ഥാ വിശകലനം

5.2.2.1 2011 ലെ സെൻസ്സ് റിപ്പോർട്ട് പ്രകാരം ജില്ലയിൽ 628287 വീടുകളാണ് ഉണ്ടായിരുന്നത്. ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നും കുടുംബങ്ങളും തിങ്ങിപ്പാർക്കുന്ന അവസ്ഥയുമുണ്ട്. കൂടാതെ വാസയോഗ്യമല്ലാത്ത 37642 ഭവനങ്ങൾ കുടുംബശ്രീ നടത്തിയ സർവ്വേയിൽ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പൂർത്തീകരണത്തിന് ശരാശരി 2 ലക്ഷം രൂപ വീതം ആവശ്യമായി വരുന്നതാണ്. ഇത് പിന്നീട് സർക്കാർ ലൈഫ് മിഷൻ പദ്ധതിയിലൂടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നുണ്ട്.

5.2.2.2 ലൈഫ് മിഷൻ സർവ്വെയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരുടേയും ഭൂരഹിതരുടേയും മുൻസിപ്പാലിറ്റി, ബ്ലോക്ക് തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5.2.1

ഭവന രഹിതർ (മുനിസിപ്പാലിറ്റി)

ക്രമ നമ്പർ	മുനിസിപ്പാലിറ്റി	എസ്.സി	എസ്.ടി	ജനറൽ	ആകെ
1	പാലക്കാട് മുനിസിപ്പാലിറ്റി	69	6	651	726
2	മണ്ണാർക്കാട് മുനിസിപ്പാലിറ്റി	26	1	310	337
3	പട്ടാമ്പി മുനിസിപ്പാലിറ്റി	11	1	94	106
4	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	9	2	71	82
5	ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി	9	2	70	81
6	ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി	5	0	61	66
7	ഒറ്റപ്പാലം മുനിസിപ്പാലിറ്റി	2	0	36	38
	ആകെ	**131**	**12**	**1293**	**1436**

അവലംബം : ലൈഫ് സർവ്വേ

പട്ടിക 5.2.2

ഭവന രഹിതർ (ബ്ലോക്ക്)

ക്രമ നമ്പർ	മുനിസിപ്പാലിറ്റി	എസ്.സി	എസ്.ടി	ജനറൽ	ആകെ
1	തൃത്താല	281	12	1076	**1369**
2	പട്ടാമ്പി	302	7	1611	**1920**
3	ഒറ്റപ്പാലം	92	1	612	**705**
4	ശ്രീകൃഷ്ണപുരം	63	6	606	**675**
5	മണ്ണാർക്കാട്	194	30	2430	**2654**
6	അട്ടപ്പാടി	82	97	836	**1015**
7	പാലക്കാട്	112	8	1368	**1488**
8	കുഴൽമന്ദം	266	8	1304	**1578**
9	ചിറ്റൂർ	168	15	2397	**2580**
10	മലമ്പുഴ	197	21	1618	**1836**
11	നെന്മാറ	130	15	1363	**1508**
12	കൊല്ലങ്കോട്	107	8	1637	**1752**
13	ആലത്തൂർ	155	33	1505	**1693**
	ആകെ	**2149**	**261**	**18363**	**20773**

അവലംബം : ലൈഫ് സർവ്വേ

പട്ടിക 5.2.3

ഭൂരഹിത – ഭവന രഹിതർ (മുനിസിപ്പാലിറ്റി)

ക്രമ നമ്പർ	മുനിസിപ്പാലിറ്റി	എസ്.സി	എസ്.ടി	ജനറൽ	ആകെ
1	പാലക്കാട് മുനിസിപ്പാലിറ്റി	153	37	4191	4381
2	മണ്ണാർക്കാട് മുനിസിപ്പാലിറ്റി	52	4	666	722
3	ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റി	59	1	540	600
4	ഒറ്റപ്പാലം മുനിസിപ്പാലിറ്റി	59	3	538	600
5	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	73	1	366	440
6	പട്ടാമ്പി മുനിസിപ്പാലിറ്റി	37	6	249	292
7	ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി	44	0	171	215
	ആകെ	**477**	**52**	**6721**	**7250**

അവലംബം : ലൈഫ് സർവ്വേ

പട്ടിക 5.2.4

ഭൂരഹിത – ഭവന രഹിതർ (ബ്ലോക്ക്)

ക്രമ നമ്പർ	മുനിസിപ്പാലിറ്റി	എസ്.സി	എസ്.ടി	ജനറൽ	ആകെ
1	തൃത്താല	549	31	1098	**1678**
2	പട്ടാമ്പി	431	15	1142	**1588**
3	ഒറ്റപ്പാലം	248	10	796	**1054**
4	ശ്രീകൃഷ്ണപുരം	208	7	597	**812**
5	മണ്ണാർക്കാട്	429	90	2207	**2726**
6	അട്ടപ്പാടി	77	92	409	**578**
7	പാലക്കാട്	342	20	2299	**2661**
8	കുഴൽമന്ദം	488	14	1137	**1639**
9	ചിറ്റൂർ	473	126	2452	**3051**
10	മലമ്പുഴ	392	55	2959	**3406**
11	നെന്മാറ	519	163	1696	**2378**
12	കൊല്ലങ്കോട്	802	74	2479	**3355**
13	ആലത്തൂർ	376	46	2267	**2689**
	ആകെ	**5334**	**743**	**21538**	**27615**

അവലംബം : ലൈഫ് സർവ്വേ

5.2.2.3 പാലക്കാട് ജില്ലയിൽ 22209 ഭവനരഹിതരും 34865 ഭൂരഹിത-ഭവനരഹിതരും നിലവിൽ ലൈഫ് സർവേ പ്രകാരം കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ക്ലേശഘടകങ്ങൾ പരിഗണിച്ച് ഗുണഭോക്താക്കളുടെ കരട് സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിക്കുകയും ആയത് ഗ്രാമ / വാർഡ് സഭയിൽ വെച്ച് അംഗീകാരം ലഭിച്ചതിന് ശേഷമാണ് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കുക. ജില്ലയിലെ യഥാർത്ഥ കണക്ക് ലഭ്യമാക്കുന്നതിന് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

5.2.3 ക്ലേശ ഘടകങ്ങൾ

5.2.3.1 ലൈഫ് മിഷൻ പ്രകാരം ഭവന ധനസഹായം നല്കുന്നതിന് മുൻഗണന നിശ്ചയിത്താൻ താഴെപറയുന്ന ക്ലേശ ഘടകങ്ങളാണ് അടിസ്ഥാനമാക്കുന്നത്.

1) മാനസിക വെല്ലുവിളി നേരിടുന്നവരോ അന്ധരോ ശാരീരിക തളർച്ച ബാധിച്ചവരോ ആയ അംഗങ്ങൾ ഉള്ള കുടുംബങ്ങൾ
2) അഗതികൾ
3) 40 ശതമാനത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ
4) ഭിന്നലിംഗക്കാർ
5) ഗുരുതര / മാരക രോഗമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ
6) അവിവാഹിതരായ അമ്മമാർ കുടുംബനാഥയായ കുടുംബങ്ങൾ
7) രോഗമോ അപകടമോ കാരണം തൊഴിലെടുത്ത് ജീവിക്കാനാവാത്ത കുടുംബനാഥരായ കുടുംബങ്ങൾ
8) വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ (25 വയസ്സിൽ കൂടുതൽ പ്രായമുള്ള ആൺമക്കളുള്ള വിധവകളെ പരിഗണിക്കേണ്ടതില്ല)
9) എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ

5.2.3.2 പാലക്കാട് ജില്ലയിൽ ഇന്ദിരാ ആവാസ് യോജന ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2010-11 മുതൽ 2015-16 വരെയുള്ള കാലഘട്ടങ്ങളിൽ 28983 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയിലുൾപ്പെടുത്തി ഇതിനോടകം 463 വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

5.2.3.3 ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് വീട് പണി തുടങ്ങി ആയത് പൂർത്തീകരിക്കാൻ സാധിക്കാതെ വന്നിട്ടുള്ള 9561 ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

5.2.3.4 ജനറൽ/എസ്.സി വിഭാഗങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയും, എസ്.ടി വിഭാഗത്തിന് പൂർത്തീകരണത്തിനാവശ്യമായ യഥാർത്ഥ ചിലവിൻറെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ആയത് ലൈഫ് മിഷൻ ജില്ലാസമിതി തീരുമാനിക്കുകയും ചെയ്യുന്നതാണ്.

5.2.3.5 മുൻപ് വർഷങ്ങളിൽ അനുവദിച്ച് പൂർത്തിയാക്കാത്ത വീടുകളുടെ പൂർത്തീകരണവും ലൈഫ് മിഷൻ പ്രകാരം നിർവ്വഹിക്കുന്നതാണ്. സർവ്വെ പ്രകാരം നിലവിൽ ജില്ലയിൽ ലഭ്യമായിട്ടുള്ള സ്പിൽ ഓവർ വീടുകളുടെ എണ്ണം സംബന്ധിച്ച വിശദമായ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 5.2.5

പണിപൂർത്തിയാക്കാത്ത ഭവനങ്ങൾ (ബ്ലോക്ക്)

ബ്ലോക്കിൻറെ പേര്	ഗ്രാമ പഞ്ചായത്ത്	പട്ടിക ജാതി	പട്ടിക വർഗ്ഗം	ഫിഷറീസ് വകുപ്പ്	ബ്ലോക്ക്	മുനിസിപ്പാലിറ്റി	മൈനോരിറ്റി വെൽഫെയർ വകുപ്പ്	ആകെ
തൃത്താല	60	149	0	0	320	0	0	529
അട്ടപ്പാടി	211	16	2957	0	868	0	0	4052

ചിറ്റൂർ	99	67	327	0	178	0	0	671
മണ്ണാർക്കാട്	120	99	170	0	130	0	0	519
ഒറ്റപ്പാലം	26	68	0	0	113	0	0	207
പാലക്കാട്	54	90	0	0	200	0	0	344
ആലത്തൂർ	48	130	45	1	132	0	1	357
കുഴൽമന്ദം	61	155	0	0	183	0	0	399
കൊല്ലങ്കോട്	74	85	218	0	122	0	0	499
നെന്മാറ	23	51	35	0	179	0	1	289
പട്ടാമ്പി	57	59	0	0	133	0	0	249
മലമ്പുഴ	98	96	166	0	255	0	0	615
ശ്രീകൃഷ്ണപുരം	11	69	11	0	21	0	0	112
ആകെ	**942**	**1134**	**3929**	**1**	**2834**	**0**	**2**	**8842**

അവലംബം : ലൈഫ് സർവ്വേ

പട്ടിക 5.2.6

പണിപൂർത്തിയാക്കാത്ത ഭവനങ്ങൾ (മുനിസിപ്പാലിറ്റി)

മുനിസിപ്പാലിറ്റിയുടെ പേര്	ഗ്രാമ പഞ്ചായത്ത്	പട്ടിക ജാതി	പട്ടിക വർഗ്ഗം	ഫിഷറീസ് വകുപ്പ്	ബ്ലോക്ക്	മുനിസിപ്പാലിറ്റി	മൈനോരിറ്റി വെൽഫെയർ വകുപ്പ്	ആകെ
പാലക്കാട്	0	54	0	0	0	131	0	185
ചിറ്റൂർ തത്തമംഗലം	0	12	0	0	0	95	0	107
ഒറ്റപ്പാലം	0	6	0	0	0	121	0	127
ഷൊർണ്ണൂർ	0	68	1	0	0	201	0	270
പട്ടാമ്പി	1	4	0	0	14	0	0	19
മണ്ണാർക്കാട്	0	0	0	0	7	4	0	11
ആകെ	**1**	**144**	**1**	**0**	**21**	**552**	**0**	**719**

അവലംബം : ലൈഫ് സർവ്വേ

5.2.4 പ്രശ്നങ്ങൾ

5.2.4.1 പാലക്കാട് ജില്ലയിൽ മുൻകാലങ്ങളിൽ വിവിധ ഭവന പദ്ധതികളിലൂടെ ധനസഹായം നൽകിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 9561 ഗുണഭോക്താക്കൾ അടക്കം 80485 ഗുണഭോക്താക്കളെ പതിമൂന്നാം പദ്ധതി കാലയളവിൽ സ്വന്തം ഭവനം ഉള്ളവരാക്കി മാറ്റേണ്ടതുണ്ട്. കൂടാതെ പ്രസ്തുത കാലയളവിൽ ഭവനരഹിതരായി ഇനിയും കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും സ്വന്തമായി ഭവനം നൽകേണ്ടതുണ്ട്.

5.2.4.2 ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭവനം അനുവദിക്കുന്നതിന് മുമ്പ് അവരുടെ യോഗം വിളിച്ചുകൂട്ടി കൃത്യമായ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. പലരും നമ്മുടെ സംസ്ഥാനത്തിൻറെ സാമൂഹിക അവസ്ഥയിൽ കൂടിയ വിസ്തൃതിയിൽ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവരായിരിക്കും. എന്നാൽ അനുവദിക്കുന്ന തുകയിൽ മറ്റു ബാധ്യതകളില്ലാതെ പൂർത്തീകരിക്കുന്നവരായിരിക്കും. എന്നാൽ അനുവദിക്കുന്ന തുകയിൽ മറ്റു ബാധ്യതകളില്ലാതെ പൂർത്തീകരിക്കാൻ കഴിയുന്ന ഭവനത്തിൻറെ പരമാവധി വിസ്തീർണ്ണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തേണ്ടതാണ്. വളരുന്ന വീട്, പ്രകൃതി സൌഹൃദ വീട് എന്നിവയിൽ കൃത്യമായ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. പരമാവധി പരിസരത്ത് തന്നെ ലഭിക്കുന്ന ഭവന

നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നല്കുന്നത് നിർമ്മാണ ചെലവ് കുറയ്ക്കുന്നതിനും, സുദൃഢമാകുന്നതിനും സഹായിക്കും.

5.2.4.3 തദ്ദേശസ്വയംഭരണ സമിതികളിൽ രൂപീകരിച്ച കർമ്മ സമിതികളുടെ മേൽനോട്ടത്തിൽ ഭവന നിർമ്മാണത്തിൽ സാങ്കേതിക പരിചയമുള്ളവരുടെയും വിരമിച്ച സാങ്കേതിക വിഭാഗം ജീവനക്കാരുടേയും ഒരു സന്നദ്ധ സഹായ സമിതി രൂപീകരിച്ച് ഭവന നിർമ്മാണത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി അവർക്കുള്ള ഭൂമിയുടെ തരം, വിസ്തൃതി എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ പദ്ധതിയിൽ അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി കൊടുക്കേണ്ടതാണ്. ഭൂരഹിത ഭവന രഹിതർക്ക് ആവശ്യമായ സജ്ജീകരണങ്ങളോ കൂടിയ ഭവന സമുച്ചയം ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഭവന നിർമ്മാണത്തിന് ഭൂമി ലഭ്യമാകാത്ത മുനിസിപ്പാലിറ്റികളും, ഗ്രാമപഞ്ചായത്തുകളും ഭവനസമുച്ചയം നിർമ്മിക്കുന്നതിന് പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനായി മുനിസിപ്പാലിറ്റികളും, ഗ്രാമപഞ്ചായത്തുകളും സ്ഥലം കണ്ടെത്തേണ്ടതുണ്ട്.

5.2.5 <u>സാധ്യതകൾ</u>

5.2.5.1 ജനസംഖ്യ വളർച്ചക്കനുസരിച്ച് എല്ലാവർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ജില്ലയിൽ തീവ്രയത്ന പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്. സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യമെത്തുന്നതിന് വിവിധ ഏജൻസികളെയും, സ്ഥാപനങ്ങളെയും വ്യവസായ യൂണിറ്റുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് ഒരു ബൃഹത്തായ പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും തങ്ങളുടെ പരിധിയിലെ എല്ലാ ഭവന രഹിതർക്കും ഭവന നിർമ്മാണത്തിനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ എണ്ണം, വസ്തുവില്ലാത്തവർ, നിലവിൽ ലഭ്യമായത്, അധികമായി കണ്ടെത്തേണ്ടി വരുന്ന വസ്തുവിൻറെ വിവരം, ആവശ്യമായ ധനം, സ്പോൺസറിംഗ്, സംഭാവന എന്നിവ വഴി കണ്ടെത്താൻ കഴിയുന്ന ധനസമാഹരണം, മറ്റ് ധനസ്രോതസ്സുകൾ, നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കൽ, തൊഴിൽ സേന രൂപീകരിക്കൽ തുടങ്ങിയ കർമ്മ പരിപാടികൾക്ക് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും രൂപം നൽകേണ്ടതാണ്.

5.2.5.2 ഈ ദൌത്യം വിജയകരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർക്കാരിനും മാത്രമായി കണ്ടെത്താൻ കഴിയുകയില്ല. ആയത് പരിഹരിക്കുന്നതിന് പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഭവന നിധി രൂപീകരികകാവുന്നതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾ, മതസംഘടനകൾ, റസിഡൻഷ്യൽ അസോസിയേഷൻ, എന്നിവരിൽ നിന്നും സംഭാവനകൾ ഭവന നിധിയിലേക്ക് സ്വീകരിക്കാവുന്നതാണ്. ഭവനനിധിയുടെ സമാഹരണത്തിനായി താഴെ വിവരിക്കുന്ന മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

- ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലും ഉള്ള തൊഴിലാളികൾ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽനിന്നും ഒരു ദിവസത്തെ വരുമാന പ്രസ്തുത നിധിയിലേക്ക് സംഭാവനയായി ശേഖരിക്കാവുന്നതാണ്.
- സി.എസ്.ആർ. ഫണ്ട്
- വിവിധതരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ
- വിവിധതരത്തിലുള്ള സ്പോൺസർഷിപ്പുകൾ
- ഭവനനിർമ്മാണത്തിന് ഭൂമിദാനം സ്വീകരിയ്ക്കാൽ

5.2.6 നിർവ്വഹണരീതി

5.2.6.1 പാലക്കാട് ജില്ലയിൽ മുൻകാലങ്ങളിൽ വിവിധ ഭവന പദ്ധതികളിലൂടെ ധനസഹായം നൽകിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 9561 ഗുണഭോക്താക്കൾ അടക്കം 80485 ഗുണഭോക്താക്കളെ പദ്ധതി കാലയളവിനകം സ്വന്തം ഭവനം ഉള്ളവരാക്കി മാറ്റേണ്ടതുണ്ട്. കൂടാതെ പ്രസ്തുത കാലയളവിൽ ഭവനരഹിതരായി അധികമായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും സ്വന്തമായി ഭവനം നൽകേണ്ടതുണ്ട്.

5.2.6.2 ഭവന രഹിതരായ ഗുണഭോക്താക്കൾക്ക് ഭവനം അനുവദിക്കുന്നതിന് മുമ്പ് അവരുടെ യോഗം വിളിച്ചുകൂടി കൃത്യമായ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്. പലരും നമ്മുടെ സംസ്ഥാനത്തിൻറെ സാമൂഹിക അവസ്ഥയിൽ കൂടിയ വിസ്തൃതിയിൽ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നവരായിരിക്കും. എന്നാൽ അനുവദിക്കുന്ന തുകയിൽ മറ്റു ബാധ്യതകളില്ലാതെ പൂർത്തീകരിക്കാൻ കഴിയുന്ന ഭവനത്തിൻറെ പരമാവധി വിസ്തീർണ്ണത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തേണ്ടതാണ്. വളരുന്ന വീട്, പ്രകൃതി സൌഹൃദ വീട് എന്നിവയിൽ കൃത്യമായ അവബോധം സൃഷ്ടിക്കേണ്ടതുണ്ട്. പരിസരത്ത് ലഭിക്കുന്ന ഭവന നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ച് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകുന്നത് അഭികാമ്യം ആണ്.

5.2.6.3 തദ്ദേശ സ്വയംഭരണ സമിതികളിൽ രൂപീകരിച്ച കർമ്മ സമിതികളുടെ മേൽനോട്ടത്തിൽ ഭവന നിർമ്മാണത്തിൽ സാങ്കേതിക പരിചയമുള്ളവരുടേയും വിരമിച്ച സാങ്കേതിക വിഭാഗം ജീവനക്കാരുടേയും ഒരു സന്നദ്ധ സഹായ സമിതി രൂപീകരിച്ച് ഭവന നിർമ്മാണത്തിനായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി അവർക്കുള്ള ഭൂമിയുടെ തരം, വിസ്തൃതി എന്നിവയ്ക്ക് അനുയോജ്യമായ രീതിയിൽ പദ്ധതിയിൽ അനുവദിക്കുന്ന തുകയ്ക്ക് അനുസരിച്ച് പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കി കൊടുക്കേണ്ടതാണ്. ഭൂരഹിത ഭവന രഹിതർക്ക് എല്ലാ സജ്ജീകരണത്തോടും കൂടിയ ഭവന സമുച്ചയം ആണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി വിവിധ ഗ്രാമപഞ്ചായത്തുകളിൽ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്.

5.2.7 പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

5.2.7.1 നിശ്ചിത സമയത്തിനകം തന്നെ പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കും വീട് നിർമ്മാണം പൂർത്തിയാക്കണമെന്നാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പട്ടികജാതി / പട്ടികവർഗ്ഗ കോളനികളിൽ പ്രാദേശികമായ പ്രത്യേകതകൾ കണക്കിലെടുത്ത് ഗൃഹനിർമ്മണതന്ത്രം ആവിഷ്കരിക്കുന്നുണ്ട്. പ്രാദേശിക വിഭവ ലഭ്യത പരിശോധിച്ച് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗഹങ്ങൾക്ക് തൊഴിൽ ലഭ്യത കൂടി ഉറപ്പ് വരുത്തുന്ന തരത്തിലാണ് ഗൃഹനിർമ്മാണം നടപ്പിലാക്കുന്നത്. ഗൃഹനിർമ്മാണതന്ത്രം ആവിഷ്കരിക്കുന്നതിന് പ്രാദേശികമായ പരമ്പരാഗതതന്ത്രം കൂടി കണക്കിലെടുക്കുകയും ഗുണഭോക്താക്കളുടെ കൂടി അഭിപ്രായവും പങ്കാളിത്തവും ഉറപ്പുവരുത്തണമെന്നും നിശ്ചയിച്ചിട്ടുണ്ട്.

5.2.7.2 കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് സാധ്യമായ സ്ഥലങ്ങളിലെല്ലാം തന്നെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ നിർമ്മിക്കുന്നതാണ്. മഴവെള്ള സംഭരണികൾ ഉപയോഗിച്ച് മഴവെള്ളം പരമാവധി സംഭരിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. അത്യാവശ്യമായ സ്ഥലത്ത് പൈപ്പ് വഴി കുടിവെള്ളം ഉറപ്പുവരുത്തുന്നതാണ്.

5.2.7.3 ശുചിമുറി നിർമ്മാണത്തിന് വീട് ഒന്നിന് 12000/- ശുചിത്വമിഷൻ ഫണ്ട് ഉപയോഗിക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്. പ്രധാനമായും മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ജൈവകമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മാണം ഉറപ്പുവരുത്തും. പ്ലാസ്റ്റിക് തുടങ്ങിയ അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ ശേഖരിച്ച് സംസ്കരണ പ്രക്രിയകൾക്ക് പ്രൊജക്ട് നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കണമെന്നും ലക്ഷ്യമിട്ടിട്ടുണ്ട്.

5.2.7.4 വൈദ്യുതി ഉറപ്പാക്കുന്നതിന് സൌഭാഗ്യ പദ്ധതി പ്രകാരം എല്ലാ വീടുകളിലും വൈദ്യുത ലഭ്യത ഉറപ്പാക്കും. വൈദ്യുതി ലൈൻ ലഭ്യമല്ല എന്ന് ഉറപ്പുള്ള ഊരുകലിലും വീടുകളിലും സോളാർ ഏനർജി ഉപയോഗിച്ചുള്ള പദ്ധതി നടപ്പാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

5.2.8 <u>അർഹത മാനദണ്ഡം</u>

<u>വീടിന് സ്ഥലവും വീടും ഇല്ലാത്തവർ</u>

1) സ്വന്തമായി / കുടുംബാംഗങ്ങളുടെ പേരിൽ വീടിന് സ്ഥലം ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
2) റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3) കുടുംബവരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.
4) സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
5) സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.
6) അവകാശികൾക്ക് വസ്തു ഭാഗം ചെയ്തു സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമി ഇല്ല എന്ന കാരണത്താൽ ഭൂരഹിതരായവർ അർഹരല്ല.

<u>വീടിന് സ്ഥലം ഉള്ള ഭവനരഹിതർ</u>

1) സ്വന്തമായി / കുടുംബാംഗണങ്ങളുടെ പേരിൽ വീടിന് സ്ഥലം ഇല്ലാത്തവർ/ പരമ്പരാഗതമായി ഭൂമി കൈമാറി കിട്ടാൻ സാധ്യത ഇല്ലാത്തവർ.
2) റേഷൻ കാർഡ് ഉള്ള കുടുംബം (ഒരു റേഷൻ കാർഡിന് ഒരു ഭവനം)
3) സ്വന്തമായി വസ്തു ഉള്ളവർ (നഗരങ്ങളിൽ 5 സെൻറിൽ താഴെയും ഗ്രാമങ്ങളിൽ 25 സെൻറിൽ താഴെയും ഭൂമി ഉള്ളവർ മാത്രം) പട്ടിക വർഗ്ഗക്കാർക്ക് ബാധകമല്ല.
4) കുടുംബവരുമാനം 3 ലക്ഷത്തിൽ താഴെ ഉള്ളവർ.
5) സർക്കാർ / അർദ്ധ സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർ/ പെൻഷൻ വാങ്ങുന്നവർ ഉള്ള കുടുംബം ആകാൻ പാടില്ല.
6) സ്വകാര്യ ആവശ്യത്തിന് നാല് ചക്ര വാഹനം ഉണ്ടാകാൻ പാടില്ല.

ഈ പദ്ധതിയുടെ ഭാഗമായി വീടുകൾക്ക് നാലു ഗഡുക്കളായിട്ടാണ് ധനസഹായം നൽകുന്നത്. ബേസ്മെൻറ് പൂർത്തിയാകുമ്പോൾ 10% ചുമർ, മേൽക്കൂര നിരപ്പ് വരെ പൂർത്തിയാകുമ്പോൾ 45%, മേൽക്കൂര പൂർത്തിയാക്കുമ്പോൾ 25% ഫിനിഷിംഗ് പ്രവർത്തികൾ പൂർത്തിയാകുമ്പോൾ ബാക്കി 20% തുകയും നൽകാം.

5.2.9 <u>ദാരിദ്ര്യം</u>

5.2.9.1 ഭൂവിസ്തൃതിയിൽ സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. അതുപോലെ തന്നെ ഏറ്റവും കൂടുതൽ പട്ടികജാതി ജന വിഭാഗങ്ങൾ അധിവസിക്കുന്നത് ഈ ജില്ലയിലാണ്. പട്ടികവർഗ്ഗ ജനസംഖ്യയുടെ കാര്യത്തിൽ ജില്ല രണ്ടാം സ്ഥാനത്താണ്. പിന്നോക്ക ജില്ലയായ പാലക്കാട് എല്ലാ വിഭാഗക്കാരിലും പ്രത്യേകിച്ച് പട്ടികജാതി – പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ മറ്റു പിന്നോക്ക ജനവിഭാഗങ്ങൾ എന്നിവർക്കിടയിൽ ദാരിദ്ര്യം നിലനിൽക്കുന്നു. 2011 ൽ പ്രസിദ്ധീകരിച്ച സെൻസസ് പ്രകാരം 301424 കുടുംബങ്ങളാണ് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾ.

പട്ടികജാതി വിഭാഗം - 83824 കുടുംബങ്ങൾ

പട്ടികവർഗ്ഗ വിഭാഗം - 12965 കുടുംബങ്ങൾ

5.2.9.2 മനുഷ്യൻറെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രം ലഭ്യമായാൽ ദാരിദ്ര്യം ഇല്ലാതാകുന്നില്ല. അടിസ്ഥാന ആവശ്യങ്ങളോടൊപ്പം തന്നെ ആരോഗ്യപരവും,

വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ ഉന്നമനത്തിന് സഹായമാകുന്ന സാഹചര്യം ഉണ്ടാകണം. സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനം ഉണ്ടായാൽ മാത്രമേ സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദാരിദ്ര്യ വിഭാഗം ജനങ്ങളുടെ അവസ്ഥയ്ക്ക് മാറ്റം വരികയുള്ളൂ. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിന് ഓരോ മേഖലയിലും പ്രത്യേക ഊന്നൽ നൽകേണ്ടതുണ്ട്.

5.2.10 കാർഷിക മേഖല

5.2.10.1 പാലക്കാട് ജില്ല കാർഷിക ജില്ലയാണ്. ഭൂരിഭാഗം ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചാണ് കഴിയുന്നത്. കാർഷിക മേഖലയിൽ ഉത്പാദന ചെലവ് കുറക്കുന്നതിനും, ഉത്പാദന വർദ്ധനവിനും ആവശ്യമായ പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കണം.

5.2.10.2 മഹിളാ കിസാൻ സശാക്തീകരൺ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ആവശ്യമായ പരിശീലനവും തൊഴിലും ലഭ്യമാക്കുന്നതിലൂടെ കാർഷിക മേഖലയിൽ വനിതകൾക്ക് തൊഴിൽ സാധ്യതയേറുന്നു. ജനകീയാസൂത്രണ പദ്ധതികളിലൂടെ ഉല്പാദന മേഖലകളിൽ നൂതന പദ്ധതികൾ നടപ്പിലാക്കുകയും, തൊഴിലുറപ്പ് പദ്ധതിയുടെയും, മഹിളാ കിസാൻ സശാക്തീകരൺ, കുടുംബശ്രീ പദ്ധതിയുടേയും സംയോജന സാധ്യതകൾകൂടി പരിഗണിക്കുമ്പോൾ കൂടതൽ പേർക്ക് ഈ മേഖലയ്ക്ക് തൊഴിൽ ലഭിക്കുന്നു. അവശ വിഭാഗങ്ങൾക്ക് നേരിട്ട് ഗുണം ചെയ്യുന്ന മില്ലെറ്റ് ഗ്രാം പദ്ധതി പോലെയുള്ള പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായി സംയോജിപ്പിക്കേണ്ടതുണ്ട്.

പട്ടിക 5.2.7

ആകെയുള്ള ആശ്രയ കുടുംബങ്ങൾ	പുതിയ ഗുണഭോക്താക്കൾ	പാലക്കാട് ജില്ലയിലെ ആകെയുള്ള ആശ്രയ ഗുണഭോക്താക്കൾ
11134	4821	15955

ഉറവിടം : ഡി.എഫ്.കെ സർവ്വേ 2017

പട്ടിക 5.2.8

ആശ്രയ പ്രോജക്ടിനുവേണ്ടി ആകെ അനുവദിച്ച തുക

ഗ്രാമപഞ്ചായത്ത്	35%
ബ്ലോക്ക് പഞ്ചായത്ത്	15%
ജില്ലാ പഞ്ചായത്ത്	10%
മുനിസിപ്പാലിറ്റി	ആകെ പ്രോജക്ട് തുകയുടെ ചാലഞ്ച് ഫണ്ട് കഴിച്ചുള്ള തുക

5.2.10.3 മനുഷ്യൻറെ അടിസ്ഥാന ആവശ്യങ്ങളായ ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവ മാത്രം ലഭ്യമായാൽ ദാരിദ്ര്യം ഇല്ലാതാകുന്നില്ല. അടിസ്ഥാന ആവശ്യങ്ങളോടൊപ്പം തന്നെ ആരോഗ്യപരവും, വിദ്യാഭ്യാസപരവും, തൊഴിൽപരവുമായ ഉന്നമനത്തിന് സഹായമാകുന്ന സാഹചര്യം ഉണ്ടാകണം. സാമൂഹികവും സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനം ഉണ്ടായാൽ മാത്രമേ സമൂഹത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന ദാരിദ്ര്യ വിഭാഗം ജനങ്ങളുടെ അവസ്ഥയ്ക്ക് മാറ്റം വരികയുള്ളൂ. ദാരിദ്ര്യം ഇല്ലായ്മ ചെയ്യുന്നതിന് ഓരോ മേഖലയിലും പ്രത്യേക ഊന്നൽ നൽകേണ്ടതാണ്.

5.2.11 പ്രശ്നങ്ങൾ

- സാധ്യമായതും ലഭ്യമായതുമായ പിന്തുണകളുടെ സാഹചര്യത്തിലും കാർഷിക പ്രവർത്തനങ്ങളുടെ കുറവ്

- കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള അസൌകര്യങ്ങൾ.
- കാർഷിക വിപണനത്തിലെ പോരായ്മകൾ.

5.2.12 **പരിഹാര നിർദ്ദേശങ്ങൾ**

- 5000 ജോയിൻറെ ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുക വഴി 10000 ഏക്കറായി കൃഷി സ്ഥലം വ്യാപിപ്പിക്കുക
- അരി ഉത്പാദന രംഗത്തും പാൽ ഉത്പാദന രംഗത്തും പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുക
- സാധ്യമായ സ്ഥലങ്ങളിൽ മറ്റ് വകുപ്പുകളുമായി സംയോജിച്ച് വിപുലമായ പച്ചക്കറി ചന്തകൾ സ്ഥാപിക്കുക

5.2.13 **മൃഗസംരക്ഷണം**

5.2.13.1 ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന കുടുംബങ്ങൾക്ക് ഉപജീവനത്തിനായി ആട്, കോഴി, പശു മുതലായ മൃഗങ്ങളെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ മൃഗസംരക്ഷണവകുപ്പ് വഴി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.തൊഴിലുറപ്പ് പദ്ധതിയിലൂടെ കാലിത്തൊഴുത്ത്, ആട്ടിൻകൂട്ട്, കോഴിക്കൂട്ട് എന്നിവ നിർമ്മിച്ചു നൽകാവുന്നതാണ്. വായ്പയും ധനസഹായവും ലഭ്യമാക്കുന്നതിലൂടെ സ്വന്തമായി വരുമാന മാർഗ്ഗം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു സാധ്യമാകുന്നു.

5.2.13.2 പ്രാദേശിക സാമ്പത്തിക വികസനത്തിൻറെ ഭാഗമായി മൃഗസംരക്ഷണം, ക്ഷീരോൽപാദനമായ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കിക്കൊടുക്കാവുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. വിവിധ വകുപ്പുകൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ലഭ്യമാക്കാം. വായ്പകൾ, ബാങ്കുകൾ വഴി ലഭിക്കുന്നതിനു വേണ്ട സഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കണം.

5.2.14 **സ്ത്രീകളുടേയും കുട്ടികളുടേയും വികസനം**

വനിതകൾക്കാവശ്യമായ പദ്ധതികൾ ദേശീയ ഉപജീവനമിഷൻ വഴി കേരളത്തിൽ കുടുംബശ്രീ സംവിധാനത്തിലൂടെ നടപ്പിലാക്കി വരുന്നു. നിരവധി തൊഴിൽ ദായക പദ്ധതികൾ എൻ.ആർ.എൽ.എം വഴിയും പരിശീലനങ്ങൾ ഡി.ഡി.യു.ജി.കെ.വൈ വഴിയും കുടുംബശ്രീ മിഷൻ നടപ്പിലാക്കുന്നുണ്ട്. ഡി.ഡി.യു.ജി.കെ.വൈ യുടെ കീഴിൽ അഞ്ച് നൈപുണ്യ പരിശീലന കേന്ദ്രങ്ങൾ ജില്ലയിൽ പ്രവർത്തിച്ചുവരുന്നു. 18 മുതൽ 35 വയസ്സ് വരെ പ്രായമുള്ള യുവതിയുവാക്കളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. 2019 നുള്ളിൽ 3356 യുവതിയുവാക്കളെ നൈപുണ്യവത്കരിക്കുവാനും അതുവഴി തൊഴിൽ ലഭ്യമാക്കുകയാണ് ലക്ഷ്യം.

5.2.15 **കുടുംബശ്രീ സൂക്ഷ്മ വായ്പകൾ**

5.2.15.1 **എൻ.ആർ.എൽ.എം**

5.2.15.1.1 **പ്രശ്നങ്ങൾ**

- ആവശ്യമുള്ള എല്ലാ കുടുംബങ്ങൾക്കും പ്രത്യേകിച്ച് പട്ടികജാതി / പട്ടികവർഗ്ഗ കുടുംബാംഗങ്ങൾക്ക് ആയാസ രഹിതമായി വായ്പ ലഭിക്കുന്നതിലെ പോരായ്മകൾ.
- പ്രത്യേക പരിഗണന അർഹിക്കുന്ന ട്രാൻസ് ജെൻറർ, അന്യ സംസ്ഥാന തൊഴിലാളികൾ, എച്ച്.ഐ.വി പോസിറ്റീവ്സ്, പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ എന്നീ സാമൂഹ്യ വിഭാഗങ്ങളുടെ പങ്കാളിത്ത കുറവ്

5.2.15.1.2 **പരിഹാര നിർദ്ദേശങ്ങൾ**

- ഇതുവരെ ലിങ്കേജ് ചെയ്യാത്ത 5312 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ഉറപ്പാക്കുക. പ്രതീക്ഷിക്കുന്ന തുക 50.32 കോടി

- 800 ഭിന്നലിംഗക്കാരെയും, അന്യ സംസ്ഥാന തൊഴിലാളികളെയും, എച്ച്.ഐ.വി പോസിറ്റീവ്സ്, പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ എന്നീ സാമൂഹ്യ വിഭാഗങ്ങളേയും കുടുംബശ്രീയ്ക്ക് കീഴിൽ കൊണ്ടുവരിക.

5.2.15.1.3 **മൈക്രോ എൻറർപ്രൈസസ്**

ജില്ലയിലെ വിവിധ ഗ്രാമ പഞ്ചായത്തിലെ കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ കാർഷിക മൃഗ സംരക്ഷണ മേഖലയിലെ കോമൺ ഇൻററസ്റ്റ് ഗ്രൂപ്പുകൾ എന്നിവക്ക് സഹായകമായി ദേശീയ ഗ്രാമീണ ഉപജീവന പദ്ധതിയിൽ കമ്മ്യൂണിറ്റി എൻറർപ്രൈസസ് ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെൻറ് ഫണ്ട് എന്നിവ നിലവിലുണ്ട്. ഈ സംവിധാനങ്ങൾ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്നതിലൂടെ ഒരു പരിധി വരെ ദാരിദ്ര നിർമ്മാർജ്ജനത്തിലേക്ക് ദൂരം കുറക്കാൻ കഴിയും.

5.2.15.1.4 **പ്രശ്നങ്ങൾ**

- കുടുംബശ്രീ സംഘടന സംവിധാനത്തിലെ യുവതി യുവാക്കൾക്ക് ഇണങ്ങുന്ന തൊഴിലുകൾ ലഭിക്കുന്നതിന് പ്രതിസന്ധി
- കുടുംബശ്രീ സംരംഭകർക്ക് ആധുനിക സംരംഭങ്ങൾ രൂപീകരിക്കുന്നതിനും നടത്തുന്നതിനും അടിസ്ഥാന സൌകര്യങ്ങൾ, ആധുനിക വിദ്യ തുടങ്ങിയ സൌകര്യങ്ങളുടെ അഭാവം
- കുടുംബശ്രീ ഉല്പന്നങ്ങൾക്ക് ആധുനികവും സ്ഥായിയായതും തുടർച്ചയുള്ളതുമായ വിപണി സൌകര്യങ്ങളുടെ കുറവ്.

5.2.15.1.5 **പരിഹാര നിർദ്ദേശങ്ങൾ**

- 18 മുതൽ 35 വയസ്സുവരെ പ്രായക്കാർക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലൂടെ തൊഴിൽ വൈദഗ്ദ്ധ്യം നൽകുക. പ്രതിവർഷം 2000 പേർക്ക് തൊഴിൽ ഉറപ്പാക്കുക.
- ഒരേ രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭകരുടെ കൂട്ടായ്മയിലൂടെ അപ്പാരൽ ഫുഡ് പ്രൊസസിംഗ്, കൺസ്ട്രക്ഷൻ മേഖലയിൽ പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കുക.
- ഉത്പന്നങ്ങളുടെ വിപണനത്തിനായി 95 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാനോ മാർക്കറ്റിംഗ് ഔട്ട് ലൈറ്റുകൾ, ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം ആരംഭിക്കുക.

5.2.16 **സാമൂഹിക സുരക്ഷിതത്വം**

5.2.16.1 വയോജന കേന്ദ്രങ്ങൾ, പകൽ വീടുകൾ, അനാഥാലയങ്ങൾ, ശിശു സംരക്ഷണ കേന്ദ്രങ്ങൾ, മഹിളാ മന്ദിരങ്ങൾ, ബി.ആർ.സി, ബഡ്സ് ഹോം, വർക്കിംഗ് വിമൺസ് ഹോസ്റ്റൽ എന്നിങ്ങനെ വിവിധങ്ങളായ സാമൂഹിക സുരക്ഷിത സംവിധാനങ്ങൾ ഇന്ന് നിലിവിലുള്ളത് അപര്യാപ്തമാണ്. ഭൂരിഭാഗം വയോജന കേന്ദ്രങ്ങളും ഒരു കെയർ ടേക്കറുടെ അഭാവം മൂലം ഉദ്ദേശിച്ച രീതിയിൽ ലക്ഷ്യ പ്രാപ്തി കൈവരിക്കുവാൻ കഴിയുന്നില്ല. ധാരാളം കേന്ദ്രങ്ങൾ കെട്ടിടങ്ങൾ മാത്രമായി അവശേഷിക്കുന്ന അവസ്ഥ ഒഴിവാക്കാനായി വയോജന കേന്ദ്രങ്ങൾ, പകൽ വീടുകൾ എന്നിയിലെല്ലാം തന്നെ ഒരു കെയർ ടേക്കറെ നിയമിക്കേണ്ടത് ആവശ്യമാണ്. സാമൂഹ്യ സുരക്ഷിതത്വ സംവിധാനങ്ങൾ കൂടുതലും ഏറ്റെടുക്കാൻ കഴിയുന്നത് ഗ്രാമപഞ്ചായത്തുകൾക്കാണ്. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തെ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്. അങ്കണവാടികളുടെ സേവനം പ്രയോജനപ്പെടുത്തണം. ഒരു അങ്കണവാടി എന്നത് നോഡൽ സെൻററായി പ്രവർത്തിക്കണം. ലൈഫ് മിഷൻ പാർപ്പിട മേഖലയിൽ സമഗ്ര പാർപ്പിട പരിപാടിയുമായി മുന്നോട്ടു പോകുന്നുണ്ട്.

5.2.16.2 **പ്രശ്നങ്ങൾ**

- പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് ലഭ്യമാകേണ്ട സ്ഥാപനങ്ങളുടെ അപര്യാപ്തത.

- കുട്ടികളുടെ മേഖലയിൽ അവരുടെ ബഹുമുഖശേഷി വികസനത്തിനുള്ള കുറവ്.
- വർദ്ധിച്ചു വരുന്ന വയോജന നിരക്കിനുള്ള ആനുപാതികമായി ലഭ്യമാക്കേണ്ട സൗകര്യങ്ങളുടെ കുറവ്.
- പട്ടിക വർഗ്ഗ മേഖലയിൽ അനുയോജ്യമായതും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നതുമായ ഉപജീവന സംവിധാനങ്ങളുടെ പോരായ്മയും കുറവും.

5.2.16.3 <u>പരിഹാര നിർദ്ദേശങ്ങൾ</u>

- ജില്ലയിൽ ആകെ 18000 ത്തിൽ കൂടുതൽ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ബഡ്സ്/ബി.ആർ.സി കേന്ദ്രങ്ങൾ ആരംഭിക്കുക... ഭിന്നശേഷിക്കാർക്കുള്ള വൈദഗ്ധ്യ പരിശീലന കേന്ദ്രങ്ങളും പുനരധിവാസ കേന്ദ്രങ്ങളും ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് വിവിധോദ്ദേക ശിശു വിഹാറുകൾ സ്ഥാപിക്കുക.ബാലസഭാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- എല്ലാ സർക്കാർ ഓഫീസുകളിലും ബന്ധപ്പെട്ട സംവിധാനങ്ങളിലും വയോജനങ്ങൾക്കു എത്താനായി. റാമ്പുകൾ, ലിഫ്റ്റുകൾ എന്നിവ സ്ഥാപിക്കുക . എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വയോജനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും നിലവിലുള്ള പകൽ വീടുകൾ കാര്യക്ഷമമാക്കാൻ caretaker സേവനം ഉറപ്പുവരുത്തുകയും ചെയ്യുക
- കുടുംബശ്രീ മുഖേന പട്ടികജാതി മേഖകളിൽ നടപ്പിലാക്കുന്ന ഉപജീവന സംവിധാനങ്ങളിൽ നിന്നും ഉല്പാദിക്കപ്പെടുന്ന ഉത്പന്നങ്ങൾ സർക്കാരിന് കീഴിലുള്ള supplyco പോലുള്ള സ്ഥാപനങ്ങൾ വാങ്ങുന്നു എന്നുറപ്പുവരുത്തുക . അതിലൂടെ സ്ഥിരമായ വിപണി ഉറപ്പുവരുത്തുക

5.2.17 <u>ജെൻഡർ</u>

5.2.17.1 <u>പ്രശ്നങ്ങൾ</u>

- സ്ത്രീകളുടേയും കുട്ടികളുടേയും അവകാശ സംരക്ഷണത്തിനു വരാവുന്ന അതിക്രമങ്ങളും പ്രതിരോധിക്കുന്നതിന് സാമൂഹ്യ പിന്തുണയുള്ള സംഘടന സംവിധാനത്തിൻറെ അഭാവം.
- പ്രാദേശികമായി ലഭ്യമാകാവുന്ന ശേഷികളെ പോഷിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും സഹായകരമായ കേന്ദ്രങ്ങളുടെ കുറവ്
- ദൈനംദിന ജീവിതത്തിൽ അഭിമുഖീകരിക്കേണ്ടി വരുന്ന പ്രതിസന്ധികളെ മാനസികമായി മറികടക്കുന്നതിന് സഹായിക്കുന്ന പിന്തുണകളുടെ കുറവ്.
- മനുഷ്യക്കടത്ത്, ശൈശവ വിവാഹം, അവിവാഹിതരാകുമ്പോഴും അമ്മമാർ ആകേണ്ടി വരുന്ന സാഹചര്യം, തുടങ്ങിയ സാമൂഹ്യ സമസ്യകളെ അഭിമുഖീകരിക്കുന്നതിന് നൽകേണ്ട പിന്തുണകളുടെ കുറവ്.

5.2.17.2 <u>പരിഹാര നിർദ്ദേശങ്ങൾ</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് സമ്പൂർണ്ണ സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി ജെൻറർ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് ശിശു വിഹാറുകൾ ആരംഭിക്കുക, കുട്ടികൾക്കും, സ്ത്രീകൾക്കുമായി കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സ്ഥാപിക്കുക. ജില്ലയിലെ ത്രിതല,

ഒറ്റപ്പാലം ഭാഗത്തു നിര്മിച്ചവരുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കി അവരവരുടെ അഭിരുചി മേഖലകളിൽ സ്കിൽ ട്രെയ്നിങ് നൽകുക.

- സ്ത്രീകൾക്കുണ്ടാകുന്ന മാനസിക പിരിമുറുക്കം സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി 95 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കമ്മ്യൂണിറ്റി കൗൺസിലിംഗ് സെൻറുകൾ ആരംഭിക്കുക.
- സാമൂഹിക ബോധവത്കരണം ഊർജിതമാക്കുകയും,പഞ്ചായത്ത്/വാർഡ് തലത്തിൽ 1691 വിജിലന്റ് ഗ്രൂപ്പുകളെ കാര്യക്ഷമമാക്കുകയും ചെയ്യുക.

5.2.18 ബഡ്സ് സ്കൂൾ

ജില്ലയിൽ 18000 ൽപരം വിവിധ തരത്തിലുള്ള മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾ നിലവിലുണ്ട്. ഇവർക്കായി ജില്ലയിൽ ബഡ്സ് സ്കൂളുകളും ബി.ആർ.സികളുമായി 8 സ്ഥാപനങ്ങൾ മാത്രമാണ് നിലവിലുള്ളത്. 25 കുട്ടികളെങ്കിലും ഉണ്ടെങ്കിൽ ബഡ്സ് സ്കൂൾ തുടങ്ങാവുന്ന സാഹചര്യത്തിൽ ജില്ലയിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബഡ്സ് സ്കൂൾ തുടങ്ങാനുള്ള ആവശ്യകത നിലവിലുണ്ട്. മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഫലപ്രദമായ മറ്റു സംവിധാനങ്ങളുടെ കുറവുള്ള സാഹചര്യത്തിൽ മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകൾ/ബി.ആർ.സികൾ തുടങ്ങേണ്ടതുണ്ട്.

പട്ടിക 5.2.9

ബഡ്സ് സ്കൂൾ/ബി.ആർ.സി-ഘട്ടം ഘട്ടമായുള്ള വ്യാപനം

2017–18	2018–19	2019–20	2020–21	2021–22	2022–23
10%	20%	20%	30%	10%	10%

5.2.19 ആരോഗ്യം, കുടിവെള്ളം, ശുചിത്വം

5.2.19.1 ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നതും പിന്നോക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്ന സമുദായ ജനവിഭാഗം നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്, ആധുനിക ചികിത്സാ സൗകര്യങ്ങളുടെ അഭാവം, കിടത്തി ചികിത്സാ സൗകര്യങ്ങളുടെ കുറവ്, ശുദ്ധമായ കുടിവെള്ളം, സാമൂഹ്യ ശുചിത്വത്തിന് വേണ്ടത്ര പ്രാധാന്യം ഇല്ലാത്ത അവസ്ഥ എന്നിവ. ഇതെല്ലാം ദാരിദ്ര്യ വിഭാഗങ്ങൾ നേരിടുന്ന വെല്ലുവിളിയാണ്.

5.2.19.2 രോഗാതുരമായ ഒരവസ്ഥഉണ്ടാവാതിരിക്കുവാൻആരോഗ്യമേഖലയിൽ വേണ്ടത്ര സൗകര്യം സാധ്യമാക്കുക, ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉറപ്പാക്കുക, മാലിന്യങ്ങൾ ഉറവിടങ്ങളിൽതന്നെ സംസ്കരിക്കുക എന്നിവയ്ക്ക് പദ്ധതികൾ ഉണ്ടാകണം. അതോടൊപ്പം ബോധവൽകരണ പരിപാടികളും സംഘടിപ്പിക്കണം.

5.2.20 പൊതുമരാമത്ത്

5.2.20.1 കോളനികളിലേയ്ക്കും മറ്റുമുള്ള ഗതാഗത സൗകര്യം ഉറപ്പാക്കാൻ ഉതകുന്ന തരത്തിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതുണ്ടതുണ്ട്. ദാരിദ്ര്യ മേഖലയിൽ ഉൾപ്പെടുന്ന ഭൂരിഭാഗം പേരും അധിവസിക്കുന്നത് യാത്രാ സൗകര്യങ്ങളില്ലാത്ത പ്രദേശങ്ങളിലായിരിക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഇവിടെ നിന്നുള്ള കുട്ടികൾ എത്തിപ്പെടാത്തതിൻറെ ഒരു കാരണം ഗതാഗത സൗകര്യം ഇല്ലായ്മയാണ്. . ഈ സ്ഥിതിയ്ക്ക് മാറ്റം വരേണ്ടതാണ്.

5.2.20.2 ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ഭാഗമായി വീട്, ഭൂമി എന്നിവ ഇല്ലാത്തവരുടേയും ശോചനീയമായ വീടുള്ളവരുടേയും കണക്കെടുപ്പുകൾ ലൈഫ് സർവ്വേയിലൂടെ പൂർത്തിയായിട്ടുണ്ട്. 2022 ആകുമ്പോൾ എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാൽകരിക്കും.

5.2.20.3 പട്ടികജാതി പട്ടിക വർഗ്ഗ മേഖലയിലാണ് കൂടിതൽ ദാരിദ്രർ അധിവസിക്കുന്നത്. ധനസഹായങ്ങൾ നൽകിയതുകൊണ്ടു മാത്രം ഇവരുടെ ദാരിദ്ര്യം മാറുകയില്ല, ശരിയായ ബോധവൽക്കരണത്തിലൂടെയും നിരന്തര പരിശ്രമത്തിലൂടെയും ഇവരെ പ്രബുദ്ധരാക്കണം. വിദ്യാഭ്യാസത്തിൻറെ ആവശ്യകതയും ആരോഗ്യപരമായ ജീവിത സാഹചര്യം സൃഷ്ടിക്കേണ്ടതിൻറെയും ലഹരിപദാർത്ഥങ്ങളും മറ്റും ഉപയോഗിക്കുന്നതുകൊണ്ടുള്ള ദൂഷ്യങ്ങളും ഇവരെ മനസ്സിലാക്കി പൊതു സമൂഹത്തിന് ഒപ്പം തന്നെ നിർത്തേണ്ടതാണ്.

5.2.20.4 ദാരിദ്ര്യം എന്നത് പരിഹരിക്കണമെങ്കിൽ സമൂഹത്തിൻറെ എല്ലാ മേഖലയിലും മാറ്റം വരേണ്ടത് അനിവാര്യമാണ്. ഒറ്റയടിക്ക് ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്നത് അസാധ്യമാണ്. തുടർച്ചയായ ശ്രമങ്ങളിലൂടെ വർഷങ്ങളുടെ പ്രയത്നം ഈ രംഗത്ത് അത്യാവശ്യമാണ്. ഓരോ വകുപ്പുകളും കൈകോർത്തുപിടിച്ച് മുൻ പിൻ ബന്ധങ്ങൾ ഉറപ്പാക്കുന്നതിലൂടെ മാത്രമേ വളരെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തെ ദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുവാൻ സാധിക്കുകയുള്ളൂ. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിട്ടു നൽകപ്പെട്ട വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം എങ്ങനെ നടക്കുന്നു എന്നത് വിലയിരുത്തണം. നാടിൻറെ യഥാർത്ഥ സ്ഥിതി അറിയുന്ന ജനപ്രതിനിധികൾക്കാണ് ഇതിന് ആവശ്യമായ ഊർജ്ജം ഉദ്യോഗസ്ഥർക്ക് പ്രധാനം ചെയ്യാൻ സാധിക്കുക . തദ്ദേശ സ്ഥാപനങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ പ്രത്യേകമായി പട്ടികപ്പെടുത്തി ഏകോപിപ്പിച്ച് ജില്ലാതലത്തിൽ കൃത്യമായ പരിപ്രേക്ഷ്യം രൂപപ്പെടുത്തുന്നതിലൂടെ മഹത്തായ നേട്ടങ്ങൾ എത്തിപ്പിടിക്കുന്നതിന് ജില്ലക്ക് സാധിക്കും എന്നത് ഉറപ്പാണ്.

5.2.1 സാമൂഹ്യനീതി വകുപ്പ്

5.2.1.1 ആമുഖം

5.2.1.1.1 ശിശുക്കൾ, കുട്ടികൾ എന്നി പദങ്ങൾ പൊതുവെ 18 വയസ്സിനു താഴെയുള്ള വിഭാഗത്തിൽപ്പെടുന്നവർക്കായി ഉപയോഗിച്ചുവരുന്നു. ഇവർ നേരിടുന്ന അതിജീവന വെല്ലുവിളികൾ, വളർച്ച – വികസന പ്രശ്നങ്ങൾ, സുരക്ഷാപ്രശ്നങ്ങൾ, ക്ഷേമ നടപടികൾ എന്നിവ വിശകലനം ചെയ്തു ഹ്രസ്വ – ദീർഘകാല പരിഹാരമാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

5.2.1.1.2 കേരളം ലിംഗാനുപാത കണക്കുകളിൽ ഭാരതത്തിൽ മുന്നിട്ടു നിൽക്കുന്നുണ്ടെങ്കിലും 0-6 പ്രായത്തിലുള്ള ജൂവൈനൽ ലിംഗാനുപാത കണക്കുകൾ സൂചിപ്പിക്കുന്നത് നെഗറ്റീവ് അനുപാതമാണ്. (1000 ആൺകുട്ടികൾക്ക് 964 പെൺകുട്ടികൾ) 2011 സെൻസസ് കണക്കുകൾ പ്രകാരം പാലക്കാട് ജില്ലയുടെ ജൂവനൈൽ ലിംഗാനുപാതം 967 ആണ്. ഇതിൽ നഗരപ്രദേങ്ങളെക്കാൾ (959) മികച്ച ലിംഗാനുപാതം ഗ്രാമ പ്രദേശങ്ങളിൽ (969) ആണെന്ന് കാണാം.

5.2.1.1.3 അങ്കണവാടിയിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ കുഞ്ഞിൻറെയും ആരോഗ്യ പോഷണ പരിപാലനം, മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടുന്ന ആരോഗ്യ നിർദ്ദേശങ്ങൾ, ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ നിരീക്ഷണം, കൌമാരക്കാരികളായ പെൺകുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ട സംവിധാനങ്ങൾ എന്നിവ ഒരു അംഗനവാടിയിലൂടെ ലഭ്യമാണ്. മാത്രമല്ല 3-6 പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് അനൌപചാരിക പ്രീ സ്കൂൾ വിദ്യാഭ്യാസം, രോഗപ്രതിരോധ കുത്തിവെപ്പുകൾ, അനുപൂരക പോഷകാഹാരവിതരണം എന്നിവയും അങ്കണവാടികൾ പ്രദാനം ചെയ്യുന്നു.

5.2.1.1.4 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പ്രത്യേക പദ്ധതികൾ ഈ വിഭാഗത്തിൻറെ കൃത്യമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോ വ്യക്തികളുടേയും അവർ നേരിടുന്ന വെല്ലുവിളികളുടെ അവസ്ഥകൾ തിരിച്ചറിഞ്ഞശേഷം അവർക്ക് അനുയോജ്യമായ രീതിയിലുള്ള ഹ്രസ്വകാലത്തേക്കുള്ളതും ദീർഘകാലത്തേക്കുള്ളതുമായ പദ്ധതികളായിരിക്കണം

തയ്യാറേക്കേണ്ടത്. കേരളത്തിൽ 438853 സ്ത്രീകളും 353895 പുരുഷൻമാരും 1189 ഭിന്നലിംഗത്തിൽപ്പെട്ടവരും ഉൾപ്പെടെ 793937 അംഗപരിമിതരുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇതിൽ ഒരു കുടുംബത്തിൽ ഒരു അംഗപരിമിത വ്യക്തി 653434 കുടുംബങ്ങളിലും, ഒരു കുടുംബത്തിൽ 2 അംഗപരിമിത വ്യക്തികൾ 52030 കുടുംബങ്ങളിലും, ഒരു കുടുംബത്തിൽ 3 അംഗപരിമിതർ 4998 കുടുംബങ്ങളിലും, ഒരു കുടുംബത്തിൽ 4 അംഗപരിമിതർ 765 കുടുംബങ്ങളിലുമുണ്ട്.

5.2.1.1.5 ഭിന്നശേഷിക്കാരായ വ്യക്തികളുടെ കേരളത്തിലെ നിലവിലെ പൊതുവിവര കണക്കാണിത്. സാമൂഹ്യ നീതി വകുപ്പിൻറെ 2016 കണക്കുകൾ അനുസരിച്ച് പാലക്കാട് ജില്ലയിൽ 62814 അംഗപരിമിത വ്യക്തികൾ ഉണ്ട്. സംസ്ഥാനത്തെ വയോജന നയരേഖ പ്രകാരം വയോജനങ്ങൾ എന്ന് വിവക്ഷിക്കുന്നത് 60 വയസ്സ് തികഞ്ഞവരെ ആയിരിക്കും. വയോജനങ്ങൾ അവരുടെ വാർദ്ധക്യാവസ്ഥയിൽ എത്തുമുൻപ് സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി അനുഷ്ഠിച്ചിട്ടുള്ള മഹത്തായ സേവനങ്ങൾ അംഗീകരിക്കുന്നതോടൊപ്പം ആയതിന് വയോജനങ്ങളോട് സമൂഹത്തിനും രാഷ്ട്രത്തിനുമുള്ള കടപ്പാട് പ്രകടിപ്പിക്കുകയും ചെയ്യുന്നു.

5.2.1.1.6 സംസ്ഥാനത്തെ ജനസംഖ്യയിൽ ഏകദേശം 12.83 ശതമാനത്തിൽ എത്തി നിൽക്കുന്ന വയോജനങ്ങളുടെ സംഖ്യ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ 15 ശതമാനം ആയി വർദ്ധിക്കുമെന്നും 2030 ഓടെ വയോജനങ്ങളുടെ സംഖ്യ കുട്ടികളുടെ സംഖ്യയേക്കാൾ 2 ശതമാനം അധികരിക്കുമെന്നും കണക്കാക്കപ്പെടുന്നു. പ്രത്യേക സഹായം അത്യാവശ്യമായിട്ടുള്ളത് 80 വയസ്സിനുമേൽ പ്രായമുള്ളവർ, വിധവകൾ, അവിവാഹിതർ, സന്താനങ്ങളില്ലാത്തവർ എന്നീ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾ, വികലാംഗരും ദുർബ്ബലരുമായിട്ടുള്ളവർ, അടുത്ത ബന്ധുക്കളാരും ജീവിച്ചിരിപ്പില്ലാത്തവർ, വീട്ടിൽ മറ്റാരുമില്ലാത്തവർ, ഗുരുതരവും മാരകവുമായ രോഗം ബാധിച്ചവർ, അഗതികൾ എന്നിവർക്കാണ്.

5.2.1.1.7 വ്യവസ്ഥാപിതായ ആൺ- പെൺ ലിംഗമാതൃകകൾക്ക് പുറത്തുള്ള നിരവധി അവസ്ഥകൾ സാധ്യമാണെന്ന് തെളിയിച്ച വ്യക്തികളാണ് ട്രാൻസ്ജെൻററുകൾ. കേരളത്തിൽ ട്രാൻസ്ജെൻറർ എന്ന് തുറന്ന് പറഞ്ഞ് ജീവിക്കാൻ കഴിയാതിരുന്ന അപകടകരമായ കാലത്തുനിന്നും സ്വതന്ത്രമായി ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങളിലേക്ക് ട്രാൻസ്ജെൻററുമാർക്ക് മാറാൻ കഴിയണം. പാർശ്വവത്ക്കരിക്കപ്പെട്ടവരെ മുഖ്യധാരയിൽ സ്വീകരിക്കുന്ന തലത്തിലേക്ക് കേരളീയ പൊതു മണ്ഡലത്തിന് മാറാൻ കഴിയണം.

5.2.1.1.8 എല്ലാ പൌരന്മാരെപ്പോലെയും സ്വതന്ത്ര്യത്തോടെ ജീവിക്കാനുള്ള അവകാശം, ആക്രമങ്ങളിൽ നിന്നും വിമുക്തമായ ഒരു ജീവിതം ആസ്വദിക്കാനുള്ള സ്വതന്ത്ര്യം, തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യം, തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള സ്വതന്ത്ര്യം, വികസനത്തെ സംബന്ധിച്ചുള്ള തീരുമാനങ്ങളിൽ തങ്ങളുടെ സാന്നിദ്ധ്യവും പ്രാതിനിധ്യവും ഉറപ്പുവരുത്തുക എന്നിവ സാധ്യമാവും വിധം പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

5.2.1.1.9 ഇതോടൊപ്പം പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ എച്ച്.ഐ.വി ബാധിതർ, കിടപ്പ് രോഗികൾ, അവിവാഹിതരായ അമ്മമാർ, ഇതര സംസ്ഥാന തൊഴിലാളികളും അവരുടെ കുടുംബങ്ങളും. എന്നിവരുടെ പ്രശ്നങ്ങൾക്കു കൂടി പരിഹാരം കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുയും ചെയ്യേണ്ടതാണ്.

5.2.2.2 അവസ്ഥ വിശകലനം

ശിശുക്കൾ

പട്ടിക 5.2.10

ശിശുക്കൾ - പാലക്കാട് ജില്ല

ക്രമ നം	ഇനം	ആകെ
1.	ആകെ ശിശുജനസംഖ്യ	237903
2.	ആൺകുട്ടികൾ	116847
3.	പെൺകുട്ടികൾ	121056
4.	ലിംഗാനുപാതം	1036/1000
5.	ശിശുമരണം	224
6.	ശിശുമരണനിരക്ക്	5/1000 സജീവ ജനനത്തിനു
7.	മാതൃമരണം	12
8.	മാതൃമരണനിരക്ക്	0.27/1000

ഉറവിടം : സാമൂഹ്യനീതി വകുപ്പ്

5.2.2.2.1 ജില്ലയിൽ ആകെ ശിശു ജനസംഖ്യ 237903 ഉം ആൺകുട്ടികൾ 116847 ഉം പെൺകുട്ടികൾ 121056 ഉം ആണ്. വികസനത്തിൻറെ മേഖലകളിൽ ആൺ-പെൺ കുട്ടികളുടെ തുല്യതയിൽ വരുന്ന വ്യത്യാസം വർദ്ധിക്കുന്നു. ഉയർന്ന ജനസംഖ്യയും സ്വകാര്യവത്ക്കരണവും ദരിദ്ര്യ വിഭാഗങ്ങൾക്കും ഇതര സംസ്ഥാന കുട്ടികൾക്കും ഗുണമേന്മയുള്ള സേവനങ്ങൾ അന്യമാക്കുന്നു. സേവനങ്ങളുടെ മേഖലയിലുള്ള ഗുണമേന്മയുടെ കുറവിന് ഉദാഹരണമാണ് പട്ടികവർഗ്ഗ മേഖലയിലെ പോഷാകാഹാരം, ആരോഗ്യപ്രശ്നങ്ങൾ, കുടിവെള്ളത്തിൻറെ ഗുണമില്ലായ്മ, കുറഞ്ഞ വിദ്യാഭ്യാസ നേട്ടങ്ങൾ, കുട്ടികൾക്കിടയിലെ മയക്കുമരന്ന് ഉപയോഗം, കൌമാര ഗർഭധാരണം എന്നിവ. പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ ആൺകുട്ടികളെക്കാൾ മികവ് പുലർത്തുന്നു. പക്ഷെ പഠിത്തം നിർത്തുന്നതിൽ ഏറെയും പെൺകുട്ടികളാണ്. നിലവിൽ ആൺ പെൺകുട്ടികൾ നേരിടുന്ന അനാരോഗ്യം, അപൂർണ്ണ രോഗ പ്രതിരോധം, ചികിത്സാ അഭാവം, വൃത്ത ഹീനമായ പരിസരം വിദ്യാഭ്യാസ നിലവാരം എന്നിവ അടുത്ത തലമുറയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു. ഉപഭോക്തൃ സംസ്കാരവും അണു കുടുംബത്തിന്റെ ദ്രുത ഗതിയിലുള്ള വളർച്ചയും കുട്ടികളുടെ ഭാവി ജീവിതത്തിൽ നിസ്സഹായത സൃഷ്ടിക്കുന്നു. ഉയർന്ന ജനപ്പെരുപ്പം, അതിവേഗ നഗരവത്ക്കരണം, കുടിയേറ്റം എന്നിവയിൽ നിന്നുള്ള വെല്ലുവിളികൾ എന്നിവയും ഇതിന് കാരണങ്ങളാണ്.

പട്ടിക 5.2.11

അങ്കണവാടികൾ - പാലക്കാട് ജില്ല

ആകെ അങ്കണവാടികൾ	സ്വന്തമായി കെട്ടിട മുള്ളവ	വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ	വാടക ഇല്ലാത്ത പൊതു കെട്ടിടത്തിൽ പ്രവർത്തി ക്കുന്നവ	മറ്റു കെട്ടിടങ്ങളിൽ പ്രവർത്തി ക്കുന്നവ	വൈദ്യുതീകരിച്ച കെട്ടിടങ്ങൾ	ഫർണിച്ചറുള്ള കെട്ടിടങ്ങൾ	ടോയ്‌ലറ്റ് സൌകര്യമുള്ള അംഗണവാടികൾ
2835	2051	389	98	297	1146	1552	2316

മാത്രമല്ല 3-6 പ്രായത്തിലുള്ള കുഞ്ഞുങ്ങൾക്ക് അനൌപചാരിക പ്രീ-സ്കൂൾ വിദ്യാഭ്യാസം, രോഗപ്രതിരോധ കുത്തിവെയ്പ്പുകൾ, അനുപൂരക പോഷകാഹാര വിതരണം എന്നിവയും അങ്കണവാടികൾ പ്രധാനം ചെയ്യുന്നു.

പട്ടിക 5.2.12

പോഷണനിലവാരം – 0 മുതൽ 6 വയസ്സുവരെയുള്ള ശിശുക്കൾ

ക്രമ നം	ഇനം	എണ്ണം
1.	തൂക്കം പരിശോധിച്ച കുട്ടികളുടെ എണ്ണം	193728
2.	സാധാരണ തൂക്കമുള്ള കുട്ടികൾ	138656
3.	മിതമായ തൂക്കകുറവുള്ള കുട്ടികൾ	53635
4.	ഗുരുതരമായ തൂക്കകുറവുള്ള കുട്ടികൾ	1437

ഉറവിടം : സാമൂഹ്യനീതി വകുപ്പ്

ആകെ 193728 കുട്ടികളുടെ തൂക്കം പരിശോധിച്ചതിൽ 1437 പേർക്ക് ഗുരുതരമായ തൂക്കകുറവുണ്ടെന്ന് കണ്ടെത്തി.

പട്ടിക 5.2.13

മാതൃമരണം, ശിശുമരണം, – പാലക്കാട് ജില്ല

മാതൃമരണം		ശിശുമരണം	
വർഷം	എണ്ണം	വർഷം	എണ്ണം
2012-13	12	2012-13	290
2013-14	15	2013-14	286
2014-15	18	2014-15	291
2015-16	19	2015-16	257
2016-17	17	2016-17	206

പട്ടിക 5.2.14

പട്ടികവർഗം വിഭാഗം - ശിശുമരണം, മാതൃമരണം – പാലക്കാട് ജില്ല

ശിശുമരണം			മാതൃമരണം		
വർഷം	എണ്ണം	നിരക്ക്	വർഷം	എണ്ണം	നിരക്ക്
2011	18	27	2011	1	148
2012	24	30	2012	2	247
2013	36	47	2013	1	129
2014	18	25	2014	3	408
2015	18	24	2015	1	134
2016	14		2016	1	

ഉറവിടം : സാമൂഹ്യനീതി വകുപ്പ്

മുകളിൽ കൊടുത്തിരിക്കുന്ന പട്ടിക പ്രകാരം പാലക്കാട് ജില്ലയിലും, പട്ടികവർഗ്ഗ വിഭാഗത്തിലും മാതൃ-ശിശു മരണനിരക്ക് 2015 നേക്കാൾ 2016-17 വർഷത്തിൽ കുറഞ്ഞിരിക്കുന്നതായി കാണാം.

5.2.2.3 ജില്ലാ ശിശുസംരക്ഷണ സമിതി

പ്രധാനമായും 3 തരം കുട്ടികളുടെ സംരക്ഷണമാണ് ഈ സമിതി ഉറപ്പുവരുത്തുന്നത്.

1. പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്നു. ഉദാ : അനാഥർ, ഭിന്നശേഷിക്കാർ.
2. കുറ്റകൃത്യത്തിന് ഇരയായ കുട്ടികൾക്ക് സംരക്ഷണവും സഹായങ്ങളും ഉറപ്പുവരുത്തുന്നു. ഉദാ : ചൂഷണത്തിനു വിധേയരായ കുട്ടികൾ, ബാലവേല ചെയ്യുന്ന കുട്ടികൾ, ശിക്ഷിക്കപ്പെട്ടവരുടെ കുട്ടികൾ.
3. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ ഉദാ : കൊലപാതകം, മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾ ചെയ്ത കുട്ടികൾ

ശിശുസംരക്ഷണ സമിതി പ്രാദേശികതലത്തിൽ പ്രവർത്തിച്ചുവരുന്നു .

5.2.2.4 സാമൂഹ്യനീതി വകുപ്പ് – ക്ഷേമസ്ഥാപനങ്ങൾ

- ഗവ. മഹിളാമന്ദിരം, മുട്ടികുളങ്ങര, പാലക്കാട്
- ഗവ.ഒബ്സെർവഷൻ ഹോം, മുട്ടികുളങ്ങര, പാലക്കാട്
- ഗവ. ഓൾഡ് ഏജ് ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്പഡ് ആൻഡ് ഐജ്ഡ്, പാലക്കാട്.

5.2.2.5 അംഗപരിമിതർ

പട്ടിക 5.2.15

അംഗപരിമിതർ

ഇനം	എണ്ണം
ബുദ്ധിപരമായ വെല്ലുവിളി നേരിടുന്നവർ	6167
മാനസികരോഗ ബാധിതർ	5368
അസ്ഥിസംബന്ധമായ വെല്ലുവിളികൾ നേരിടുന്നവർ	16958
കാഴ്ചവൈകല്യം ബാധിച്ചവർ	6301
ശ്രവണ ഭാഷണ വെല്ലുവിളികൾ-നേരിടുന്നവർ	6434

കുഷ്ഠരോഗ വിമുക്തരായവർ	576
സെറിബ്രൽ പാൾസി ബാധിച്ചവർ	571
ഓട്ടിസം ബാധിച്ചവർ	400
സമ്മിശ്രവൈകല്യം ഉള്ളവർ	3043
40% ത്തില് താഴെ വൈകല്യം ബാധിച്ചവർ	16997
ആകെ അംഗപരിമിതർ	**62815**

ജില്ലാ അടിസ്ഥാനത്തിൽ ഓരോ പഞ്ചായത്തുകളിലും മുഴുവൻ അംഗപരിമിതരുടേയും വിവരശേഖരണം സാമൂഹ്യ നീതി വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ അതാത് പ്രദേശത്തിന് അനുയോജ്യമായ പ്രോജക്ടുകൾ നിർമ്മിക്കുന്നതിന് ഏറെ സഹായകമായിരിക്കും. പ്രത്യേക ഗ്രാമസഭകൾ നിർബന്ധമായും സംഘടിപ്പിക്കുകയും ഗ്രാമസഭകളിലെ കൂട്ടായ ചർച്ചകളിലൂടെ കണ്ടെത്തിയ വിഷയങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. യാത്ര ഇളവുകൾ നിയമങ്ങൾ എന്നിവ സംബന്ധിച്ച ബോർഡുകൾ പൊതുസ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്നത് ഈ വിഷയങ്ങളിലുള്ള അജ്ഞത ഒഴിവാക്കാൻ കഴിയും.

5.2.2.6 വയോജനങ്ങൾ

പട്ടിക 5.2.16

വയോജനങ്ങൾ - അടിസ്ഥാന വിവരങ്ങൾ

വയസ്സ്	പട്ടികജാതി	പട്ടികവർഗ്ഗം	മറ്റുള്ളവർ
60 വയസ്സിനും 80 വയസ്സിനും ഇടയിലുള്ളവർ	46128	4457	260960
80 വയസ്സിനു മുകളിലുള്ളവർ	7063	678	33084
60 വയസ്സിനു മുകളിലുള്ള വിധവകൾ	72425		

വയോജന സുരക്ഷിതത്വത്തിന് അനിവാര്യമായും വേണ്ടത് സാമൂഹിക സുരക്ഷിതത്വമാണ്. പ്രായം ചെന്നവരിൽ 26.33% ഇപ്പോഴും ജോലി ചെയ്യുന്നു. പണിയിലേർപ്പെടാത്ത വൃദ്ധരിൽ 55.14% മറ്റുള്ളവരെ ആശ്രയിച്ചാണ് ജീവിക്കുന്നത്. 1991 ലെ സെൻസസ് വെളിപ്പെടുത്തുന്നു. ഇവരിൽ 30% ദാരിദ്ര രേഖയ്ക്ക് താഴെയാണ് കഴിയുന്നത്. വയോവൃദ്ധരിൽ 11% ന് മാത്രമാണ് ജീവസന്ധാരണത്തിന് സ്വയം പര്യാപ്തമായ ഉപാധികളുള്ളതെന്ന് 1991 ലെ സെൻസസ് വെളിപ്പെടുത്തുന്നു. വയോജനങ്ങളിൽ നല്ലൊരു വിഭാഗം വിധവകളാണ്. വാർദ്ധക്യത്തിലെ വൈധവ്യത്തിൽ മൂന്നുതരം ദുരിതങ്ങൾ നേരിടേണ്ടി വരുന്നു. സ്ത്രീത്വത്തിൽ നിന്നുള്ള പരാധീനതകൾ, ദാരിദ്ര്യം, പരിരക്ഷയുടെ അഭാവം.

5.2.2.7 ട്രാൻസ്ജെൻറുകൾ

ട്രാൻസ്ജെൻറുകളുടെ ലഭ്യമായ കണക്ക്

ഇന്ത്യൻ സെൻസസ് 2011

ഇന്ത്യ - 4.88 ലക്ഷം

കേരളം - 3092

അംഗപരിമിത സെൻസസ് 2015

കേരളം 1189, പാലക്കാട് –131

സാക്ഷരതാമിഷൻ സർവ്വേ

പാലക്കാട് – 42

റ്റി.ജി സർവ്വേ 2015

കേരളം – 25000, പാലക്കാട് – 2000 (400 visible)

പലപ്പോഴും ട്രാൻസ് ജെൻറർ വ്യക്തികൾ അവരുടെ തന്മ വെളിപ്പെടുത്താൻ ധൈര്യപ്പെടാറില്ല. കുടുംബം, സ്കൂൾ/ കോളേജ്, തൊഴിലിടങ്ങൽ എന്നിവിടങ്ങളിൽ നിന്നും ഉണ്ടാകാവുന്ന അപമാനവും, തിരസ്കാരവും ഭയന്നാണ് മിക്കപ്പോഴും സ്വത്വം വെളിപ്പെടുത്തുവാൻ ആഗ്രഹിക്കാത്തത്, അതുകൊണ്ട് തന്നെ അവർക്ക് പല സർക്കാർ സഹായങ്ങളും കൈപ്പറ്റുവാൻ മെനക്കെടാറില്ല. അതുകൊണ്ടു തന്നെ യഥാർത്ഥ കണക്ക് സർവ്വേ / സെൻസസ് എന്നിവയിലൂടെ വെളിപ്പെട്ടതിനേക്കാൾ കൂടുതൽ എണ്ണം ആവാനാണ് സാധ്യത.

5.2.2.8 പ്രത്യേക പരിഗണന അർഹിക്കുന്നവർ

1. **എച്ച്.ഐ.വി ബാധിതർ**

പട്ടിക 5.2.17

എയ്ഡ്സ് ബാധിതർ	
പാലക്കാട് ജില്ലയിൽ	5005
6 വയസ്സിനു താഴെയുള്ളവർ	1512
60 വയസ്സിനു മുകളിലുള്ളവർ	3493

2. കിടപ്പു രോഗികൾ
3. അവിവാഹിതരായ അമ്മമാർ
4. ഇതര സംസ്ഥാന തൊഴിലാളികൾ

പട്ടിക 5.2.18

ഇതര സംസ്ഥാന തൊഴിലാളികളുടെ ജനന വിവരങ്ങൾ

ആൺകുട്ടികൾ	5996
പെൺകുട്ടികൾ	6328
ആകെ സജീവ ജനനം	12324
ചാപിള്ള പ്രസവം	122

5.2.2.9 പ്രശ്നങ്ങൾ/ വിടവുകൾ

I. ശിശുക്കൾ

1) ഐ.സി.ഡി.എസ് സംവിധാനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചേരുന്നതിനു വേണ്ടി നിലവിലെ അംഗനവാടികളുടെ അവസ്ഥ സൌകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

2) പാലക്കാട് ജില്ലയിൽ 21 ഐ.സി.ഡി.എസ് പ്രൊജക്ടുകളിലായി പ്രവർത്തിക്കുന്ന 2835 അങ്കണവാടികളിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത് 2270 അങ്കണവാടികൾ ഉണ്ട്.

3) പെൺകുട്ടികൾക്ക് 18 ഉം ആൺകുട്ടികൾക്ക് 21 ഉം ആണ് നിയമപരമായ വിവാഹ പ്രായമെന്നിരിക്കെ പ്രായ പൂർത്തിയാകുന്നതിനു മുൻപേ തന്നെ കുട്ടികളെ നിർബന്ധിതമായോ അല്ലാതെയോ വിവാഹം കഴിപ്പിച്ചയക്കുന്ന പ്രവണത ജില്ലയിൽ കണ്ടു വരുന്നുണ്ട്. ശാരീരിക മാനസിക സാമ്പത്തിക പക്വതയാർജ്ജിക്കും മുന്നേ വിവാഹിതയാകുന്നത് വലിയ പ്രത്യാഘാതങ്ങളാണ് ഭാവിയിൽ ഉണ്ടാകാനിടയുള്ളത്. നിയമങ്ങൾ നിലവിൽ ഉണ്ടെങ്കിലും അതിനെ സംബന്ധിച്ച് അജ്ഞരാണ് ഭൂരിഭാഗവും. ഈ വിഷയത്തിൽ വ്യാപകമായ ബോധവത്ക്കരണത്തിനായുള്ള ഇടപെടലുകളാണ് ആവശ്യം. സ്കൂളുകളിലും രക്ഷിതാക്കൾക്കിടയിലും മതാധ്യക്ഷന്മാർക്കിടയിലും ബോധവത്ക്കരണ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്.

4) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

5) പോഷകാഹാരം

6) സ്കൂൾതലത്തിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്

7) കുട്ടികൾക്ക് മാനസികോല്ലാസം കേന്ദ്രങ്ങൾ

8) **അതിജീവന പ്രശ്നങ്ങൾ**

- കുറയുന്ന ലിംഗാനുപാതം
- ഗർഭാവസ്ഥയിലെ പരിചരണ കുറവ്
- ശിശു മരണങ്ങൾ

9) **വളർച്ച വികസന പ്രശ്നങ്ങൾ**

- പോഷകാഹാരക്കുറവ്
- ആരോഗ്യ പരിപാലന രീതികളെക്കുറിച്ചുള്ള അജ്ഞത
- യഥാസമയം പ്രതിരോധ കുത്തിവെപ്പുകൾ എടുക്കാത്തത്

10) **സുരക്ഷാ- ഇതര പ്രശ്നങ്ങൾ**

- കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ
- ശൈശവ വിവാഹം
- മനുഷ്യക്കടത്ത്
- ലഹരിപദാർത്ഥങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം
- ബാലവേല

11) **മറ്റ് വെല്ലുവിളികൾ**

- അനാഥത്വം
- രോഗാതുരരായ കുട്ടികളുടെ ചികിത്സ / പുനരധിവാസം

പട്ടിക 5.2.19

ജില്ലയിലെ കൊഴിഞ്ഞ് പോകുന്ന കുട്ടികളുടെ വിവരങ്ങൾ

വർഷം	ആകെ	പട്ടികവർഗ്ഗം
2014	100	70
2015	83	71
2016	101	79
2017	70	48

ഉറവിടം : സാമൂഹ്യനീതി വകുപ്പ്

II. ഭിന്നശേഷിക്കാർ

- അവഗണന
- വിദ്യാഭ്യാസക്കുറവ്
- ബുദ്ധിവികസനത്തിലുള്ള പ്രശ്നങ്ങൾ
- തൊഴിൽ പരിപോഷണക്കുറവ്
- ചികിത്സാ സൌകര്യങ്ങളുടെ ലഭ്യതക്കുറവ്
- അന്ധരും ബധിരരുമായവരുടെ പ്രശ്നങ്ങൾ
- ചൂഷണങ്ങൾക്ക് വിധേയമാകേണ്ടിവരുന്നത്
- വൈകല്യം തിരിച്ചറിയുന്നതിലെ കാലതാമസം
- കഴിവുകൾ തിരിച്ചറിഞ്ഞ് വളർത്തിയെടുക്കുന്നതിനുള്ള സൌകര്യമില്ലായ്മ
- രക്ഷിതാക്കളുടെ തിരിച്ചറിവില്ലായ്മ

III. വയോജനങ്ങൾ

- വാർദ്ധക്യാവസ്ഥയിലെ ഒറ്റപ്പെടൽ
- കുടുംബാംഗങ്ങളിൽ നിന്നുണ്ടാകുന്ന ശാരീരികവും മാനസികവുമായ പീഡനങ്ങൾ
- അലഞ്ഞുതിരിഞ്ഞു നടക്കുന്ന വയോജനങ്ങൾ
- മറവിരോഗം, സ്മൃതിനാശം
- പാവപ്പെട്ട വൃദ്ധരുടെ പോഷാകാഹാരകുറവ്
- ഹോം നേഴ്സ് സംവിധാനത്തിലെ ചൂഷണം

IV. ട്രാൻസ് ജെൻറർ

- സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട്
- ഇടയ്ക്ക് വെച്ച് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന അവസ്ഥ
- ഹോസ്പിറ്റലുകളിൽ ടി.ജി ഡെസ്കുകളുടെ അഭാവം
- കലാകായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള അവസരക്കുറവ്
- വീടും, സ്ഥലവും ഇല്ലാത്ത അവസ്ഥ

V. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾ

1) എച്ച്.ഐ.വി രോഗബാധിതർ

- സമൂഹത്തിലും കുടുംബത്തിലും ഒറ്റപ്പെടുന്ന അവസ്ഥ
- എ.ആർ.റ്റി ചികിത്സ ലഭ്യതകുറവ്
- കൌൺസിലിംഗ്, ബോധവത്ക്കരണം എന്നിവയിൽ പങ്കാളിത്തം ഇല്ലായ്മ
- മുൻകൂട്ടി കണ്ടെത്താനുള്ള താമസം ആയുർദൈർഘ്യം കുറയ്ക്കാൻ ഇടയാക്കുന്നു
- അവസരങ്ങൾ ഉപയോഗിക്കാൻ കഴിയാത്ത സാമൂഹിക അവസ്ഥ
- സാമൂഹ്യ നിയന്ത്രണങ്ങൾ
- മദ്യം, മയക്കുമരുന്ന് ഇവയുടെ അമിത ഉപയോഗം
- ചികിത്സ തുടരാനുള്ള വൈമുഖ്യം മരണത്തിലേക്ക് നയിക്കുന്നു
- മാനസിക ശാരീരിക ആരോഗ്യക്കുറവ്
- അമ്മയിൽ നിന്നും കുട്ടിയിലേക്ക് രോഗം പകരുന്ന അവസ്ഥ

2. കിടപ്പു രോഗികൾ

- കൃത്യമായ ചികിത്സലഭ്യതക്കുറവ്
- രോഗീപരിചരണം ശരിയായ രീതിയിൽ ലഭ്യമാകാത്തതിനാൽ ശരീരം പൊട്ടി വ്രണമാകുന്ന അവസ്ഥ
- രോഗിയുടെയും കുടുംബത്തിന്റെയും സാമ്പത്തിക മാനസിക പ്രശ്നങ്ങൾ
- കുടുംബത്തിലുള്ളവരുടെ അവഗണന
- ചലനശേഷിക്കുറവ്
- മനസികവൈകല്യം
- പോഷക ആഹാരക്കുറവ്

3. അവിവാഹിതരായ അമ്മമാർ

- സാമൂഹികമായ അവഗണന
- സ്ഥലം, വീട് അപര്യാപ്തത
- ചൂഷണങ്ങൾ, പീഡനങ്ങൾ
- വിദ്യാഭ്യാസത്തിന്റെയും വരുമാനത്തിന്റെയും ലഭ്യത കുറവ്
- കുട്ടികളുടെയും കുടുംബത്തിന്റെയും പരിപാലനം,സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമാകുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ
- സുരക്ഷിതത്വ പ്രശ്നങ്ങൾ

4. ഇതര സംസ്ഥാന തൊഴിലാളികൾ

- താമസം,അടിസ്ഥാനസൗകര്യങ്ങൾ ലഭ്യതക്കുറവ്
- അനുകൂല്യങ്ങൾക്കായി തിരിച്ചറിയൽ രേഖകൾ ഇല്ലാത്ത അവസ്ഥ

- ശൈശവ വിവാഹം
- ബാലവേല,ബാലഭിക്ഷാടനം .
- പകർച്ചവ്യാധികൾക്കു ചികിത്സലഭ്യതക്കുറവ്
- ഭാഷാപ്രശ്നങ്ങൾ
- മേൽവിലാസവും,മറ്റു രേഖകളും ഇല്ലാത്ത അവസ്ഥ
- ഗൃഹപ്രസവവും,അനാചാരങ്ങളും
- അങ്കണവാടിപോഷകാഹാരം ലഭ്യമാണെങ്കിലും അത് ഉപയോഗിക്കാത്ത അവസ്ഥ
- സമൂഹത്തിൽ ഭാഷ, സാമൂഹികപ്രശ്നങ്ങൾ കൊണ്ട് ഒറ്റപ്പെടുന്ന അവസ്ഥ
- മദ്യം മയക്കുമരുന്നുകൾ സൈബർ കുറ്റകൃത്യങ്ങൾ,ലൈംഗിക അതിക്രമങ്ങൾ എന്നിവ വർധിച്ച തോതിൽ നിലനിൽക്കുന്ന അവസ്ഥ .

5.2.2.10 സാധ്യതകൾ/ പരിഹാര നിർദ്ദേശങ്ങൾ

5.2.2.10.1 ശിശുക്കൾ

- ലിംഗ സമത്വം കൈവരിക്കുന്നതിനായി സമൂഹത്തിൻറെ മൈക്രോ – മീസോ മാക്രോ തലങ്ങളിൽ നിന്നുകൊണ്ടുള്ള ബോധവത്ക്കരണ പരിപാടികൾ ഊർജിതപ്പെടുത്തുക.
- പെൺഭ്രൂണഹത്യ സത്തകൾ കണക്കിലെടുത്തു ആദ്യകാല ഗർഭവസ്ഥ രജിസ്ട്രേഷൻ നിർബന്ധിതമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.
- സ്വകാര്യ മേഖലയിൽ ഭ്രൂണാവസ്ഥയിലെ ലിംഗനിർണയ സംവിധാനങ്ങൾ നിരീക്ഷണ വിധേയമാക്കുക.
- ഭ്രൂണത്തിന് വളർച്ചക്കുറവ് കണ്ടെത്തിയ അമ്മമാർക്ക് അന്യസംസ്ഥാന തൊഴിലാളി സ്ത്രീകൾ ഉൾപ്പെടുള്ളവർക്ക് അധിക അനുപൂരക ഭക്ഷണം ഉറപ്പാക്കുക
- ശിശുക്കൾക്ക് ആദ്യത്തെ ആറുമാസം മുലപ്പാൽ മാത്രവും, 2 വയസ്സ് വരെ മറ്റാഹാരങ്ങളങ്ങളോടൊപ്പം മുലപ്പാൽ നൽകുന്നുണ്ടെന്നും ഉറപ്പാക്കുക.
- ബേട്ടീ ബച്ചാവോ ബേട്ടീ പഠാവോ എന്ന കേന്ദ്രാവിഷ്കൃതപദ്ധതി വിപുലീകരിക്കുക, വകുപ്പുകളിലേക്ക് വ്യാപിപ്പിക്കുക, സമാനമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുക.
- വളർച്ച നിരീക്ഷണം ഉറപ്പ വരുത്തുക
- കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടെയും സ്ത്രീകളുടെയും വികസന വർക്കിംഗ് ഗ്രൂപ്പുകൾ, ജാഗ്രതാസമിതി, കൌമാരക്ലബ്ബുകൾ എന്നിവയിലെ അംഗങ്ങൾക്ക് നിർബന്ധിത ശിശുസൌഹൃദ പദ്ധതികൾ തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങളും വിവിധ ഡിപ്പാർട്ട്മെൻറുകളുടെ ഏകോപന സാധ്യതകളും ഉറപ്പുവരുത്തുക.
- എല്ലാ പഞ്ചായത്തുകളിലും ഒരു അങ്കണവാടിയിൽ പ്രീ സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താനാവശ്യമായ ക്ലസ്റ്റർ റൂം സംവിധാനം ഉണ്ടാക്കുകയും പ്രതിമാസം പ്രവർത്തകർക്കു തീം പരിശീലനത്തിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്യുക.
- സ്വഭവനങ്ങളിലും പൊതുയിടങ്ങളിലും കുട്ടികൾക്ക് സുരക്ഷിതത്വം ഉറപ്പ വരുത്തുക

- ശൈശവ വിവാഹത്തിൽ വ്യാപകമായ ബോധവത്കരണം നടത്തുക, ജില്ലയെ ശിശു സൌഹൃദജില്ലയായി മാറ്റുകയും, പോക്സോ കോടതി സ്ഥാപിക്കുകയും ചെയ്യുക
- സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പുകളെക്കുറിച്ച വ്യാപക പ്രചാരണം നൽകുക
- ട്രാൻസ് ജെൻറർ വിഭാഗത്തിൽ പെടുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെക്കുറിച്ച് അദ്ധ്യാപകർക്ക് അവബോധം നൽകുക
- പഠനം ഉപേക്ഷിക്കേണ്ടി വന്ന വിദ്യാർത്ഥികൾക്ക് പഠനം പൂർത്തിയാക്കുന്നതിന് സംവിധാനം
- മാരകരോഗങ്ങൾ അനുഭവിക്കുന്ന കുഞ്ഞുങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സ സൌകര്യം
- കുട്ടികളുടെ മാനസിക കായിക ഭൌതിക വളർച്ചയ്ക്ക് ഗ്രാമ- ബ്ലോക്ക് അടിസ്ഥാനത്തിൽ പാർക്കുകൾ, ലൈബ്രറികൾ, ബാലസഭകൾ

5.2.2.10.2 <u>ഭിന്നശേഷിക്കാർ</u>

- സ്വയം തൊഴിൽ പരിശീലനം
- തൊഴിൽ സംരക്ഷണ സൌകര്യങ്ങൾ ഏർപ്പെടുത്തൽ
- ഉപകരണവിതരണം
- വിദ്യാഭ്യാസ ധനസഹായം
- പഠനോപകരണങ്ങൾ
- അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ
- ഭക്ഷണം, വസ്ത്രം, ആരോഗ്യം എന്നിവയ്ക്കുള്ള പാക്കേജ്
- കാലെ കൂട്ടിയുള്ള വൈകല്യനിർണ്ണയത്തിന് പ്രത്യേക ക്യാമ്പുകൾ
- കൃത്യമായ സ്ഥിതി വിവരകണക്ക് ശേഖരണം
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ, ബഡ്സ് സ്കൂളുകൾ എന്നിവ ആരംഭിക്കൽ
- ഇത്തരം സ്ഥാപനങ്ങളുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ
- ശക്തമായി രീതിയിലുള്ള നിരീക്ഷണ – ഏകോപന – നടപ്പിലാക്കൻ സംവിധാനം എന്നിവയാണ്.
- ജില്ലാതലത്തിൽ അംഗപരിമിതരുടെ പ്രത്യേക ഡാറ്റാബാങ്ക്
- ഭിന്നശേഷി സ്പെഷ്യൽ ഫ്രൻറ് ഓഫീസ് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഇതിലൂടെ പദ്ധതികളുടെ സംശയദൂരീകരണവും സഹായം ലഭ്യമാക്കലും
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് ജില്ലാതലത്തിൽ എല്ലാ പഞ്ചായത്തുകൾക്കുമായി ഏകീകരിച്ച ഫോം വിതരണം
- ഫിസിയോതെറാപി ,സ്പീച്ച്തെറാപ്പി സെന്ററുകൾ സംവിധാനത്തിനായി ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ഒരു തെറാപ്പി സെൻറർ.
- ബഡ്സ്സ്കൂളുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ, എന്നിവക്ക് സ്വന്തമായി സ്ഥലം, ലഭ്യമാക്കുന്നതിനും, ഭിന്നശേഷിസൗഹൃദ കെട്ടിടം, തൊഴിൽ പരിശീലനത്തിനാവശ്യമായ വർക്ക് ഷെഡ് , വാഹനം എന്നിവ ലഭ്യമാക്കുക.

- എല്ലാ പൊതുസ്ഥാപനങ്ങളും പൊതുഇടങ്ങളും പരിപൂർണ്ണ ഭിന്നശേഷി സൗഹൃദമാക്കുക.
- പി,ഡബ്ല്യു.ഡി ആക്ട് 2016, നാഷണൽ ട്രസ്റ്റ് ആക്ട് 1999, എന്നിവയുടെ ബോധവത്ക്കരണം മാത്രമല്ല പ്രത്യേക ക്യാമ്പുകളിലൂടെ അതിവേഗപ്രവർത്തനങ്ങളും ലഭ്യമാക്കണം
- ബഡ്സ് സ്കൂളുകൾ റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവടങ്ങളിൽ മൂന്നു മാസത്തിലൊരിക്കൽ ആരോഗ്യപരിശോധന സൗകര്യങ്ങൾ ലഭ്യമാക്കുക
- പ്രത്യേക വിദ്യാഭ്യാസത്തിന്റെ സിലബസ്സ് പ്രകാരമുള്ള പഠനോപകരണങ്ങൾ ബഡ്സ് സ്കൂളുകൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ എന്നിവക്ക് ലഭ്യമാക്കുക
- ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ തൊഴിൽ പരിശീലനത്തിന് ധനസഹായം അനുവദിക്കുകയും അവർ നിർമ്മിച്ച ഉത്പന്നങ്ങളുടെ വിതരണത്തിനുള്ള സംവിധാനം ലഭ്യമാക്കുകയും ചെയ്യുക
- അംഗപരിമിതരായ കുട്ടികൾക്കായി സ്ഥിരനിക്ഷേപ പദ്ധതി നടപ്പിലാക്കാം
- എല്ലാ സ്ഥാപനങ്ങളിലും ബാരിയർ ഫ്രീ അക്സസ് നടപ്പിലാക്കാം
- എല്ലാ അംഗപരിതർക്കുമായി സാമൂഹ്യ സ്വശ്രുത്വം നടപ്പിലാക്കാവുന്ന അനുയോജ്യമായ തൊഴിൽ സംരംഭങ്ങൾ ഏതെന്ന് വ്യക്തിയുടെ പ്രത്യേക പഠനത്തിലൂടെ കണ്ടെത്തി അവ നല്കാവുന്നതാണ്.

- തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് കേരള സാമൂഹ്യ സുരക്ഷാമിഷമൻ മുഖേന നടപ്പിലാക്കുന്ന ക്യാമ്പുകളും, ആധാർകാർഡ് ലഭ്യമാക്കുന്നതിനുള്ള അക്ഷയ മുഖേനയുള്ള ക്യാമ്പുകളും 3 മാസത്തിലൊരിക്കൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നിർബന്ധമായും സംഘടിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

5.2.2.10.3 <u>വയോജനങ്ങൾ</u>

- തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന 60 വയസ്സിലധികം പ്രായമുള്ളവരുടെ അപ്പപ്പോഴുള്ള കണക്ക് സൂക്ഷിക്കുക
- പൊതു നിരത്തുകളിലും , പൊതു കെട്ടിടങ്ങളിലും വയോജനങ്ങൾക്ക് തടസ്സം കൂടാതെ സഞ്ചരിക്കുന്നതിനുള്ള സൌകര്യം
- വയോജനങ്ങളുടെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനു വേണ്ടി സാമൂഹിക നീതി സംബന്ധിച്ച് ഒരു സ്റ്റാൻറിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനായി സംസ്ഥാന നിയമസഭയോട് ആവശ്യപ്പെടുക.
- വയോജന വേദി രൂപീകരിക്കുക. വൃദ്ധ സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം നൽകുക
- 60 നും അതിന് മുകളിലും പ്രായമുള്ള എല്ലാ വയോജനങ്ങൾക്കും തിരിച്ചറിയൽ / ഹെൽത്ത് കാർഡ് ലഭ്യമാക്കുക.
- റിട്ടയർമെൻറിനു ശേഷം വിനിമയാനുകൂല്യങ്ങൾ ചിലവഴിച്ച് വാർദ്ധക്യാവസ്ഥയിൽ ഒറ്റപ്പെടാതെ കൂട്ടായി ജീവിക്കുന്നതിനുള്ള പ്രത്യേക സദനങ്ങൾ ആരംഭിക്കുക.
- ഉചിതമായ പ്രോത്സാഹന നടപടിയിലൂടെ വൃദ്ധജന ശുശ്രൂഷ എന്ന കടമ നിറവേറ്റുന്നതിൽ കുടുംബത്തിനുള്ള കഴിവ് വർദ്ധിപ്പിക്കേണ്ടത് ആവശ്യമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

- ബ്ലോക്ക് തലത്തിൽ ആരംഭിക്കുന്ന കമ്മ്യൂണിറ്റി കം ഡേ കെയർ സെന്ററിന് ആവശ്യമായ സഹായങ്ങൾ നൽകുക
- വൃദ്ധർക്കു വേണ്ടി ആരോഗ്യ സേവന പായ്ക്കേജ് രൂപവത്ക്കരിച്ച് സൌജന്യ മെഡിക്കൽ പരിശോധന, കൃത്യമായ ഇടവേള വെച്ചുള്ള ക്ലിനിക്കൽ സേവനങ്ങൾ, മരുന്ന്, ശ്രവണ സഹായികൾ കണ്ണടകൾ എന്നിവ ലഭ്യമാക്കുക.
- ജെറിയാട്രിക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ആരംഭിക്കുക
- അലഞ്ഞു തിരിഞ്ഞ് നടക്കുന്ന വയോജനങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക കേന്ദ്രങ്ങൾ തുടങ്ങുക
- വയോജനങ്ങൾക്കായി കൌൺസലിംഗ് സെന്റർ തുടങ്ങുക
- പാലക്കാട് ജില്ലാ ഹോമിയോ ആശുപത്രി, ആയുർവേദ ആശുപത്രി എന്നിവിടങ്ങളിൽ കൂടി ജെറിയാട്രിക്ക് ചികിത്സാ സംവിധാനം നടപ്പിലാക്കുക. (മേൽത്തട്ട്)
- കുടുംബശ്രീ മുഖേന ഹോം നേഴ്സ് സംവിധാനം നടപ്പിലാക്കുക. ഈ മേഖലയിലെ ചൂഷണം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.
- മറവിരോഗം സ്മൃതിനാശം എന്നിവയ്ക്കുള്ള പ്രത്യേക ചികിത്സ സംവിധാനമുള്ള ക്ലിനിക്കുകൾ ആരംഭിക്കുക
- പാവപ്പെട്ട വൃദ്ധരുടെ മരണ കാരണങ്ങളിൽ മുഖ്യമായത് പോഷകാഹാരത്തിൻറെ അഭാവം മൂലമുള്ള രക്തക്കുറവാകയാൽ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സൌജന്യ പോഷകാഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

5.2.2.10.4 ട്രാൻസ്ജെൻറർ

- ടി.ജി ജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പ്രത്യേക ഗ്രാൻറുകൾ അനുവദിക്കുക
- ഭിന്നശേഷിക്കാർക്ക് അനുവദിക്കുന്നതുപോലെ ജനങ്ങൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി പെൻഷൻ അനുവദിക്കുക (തമിഴ്നാട്ടിലും, കർണ്ണാടകയിലും അനുവദിക്കുന്നുണ്ട്)
- പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാന പരിധി നോക്കാതെ അവരുടെ സ്വയം സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ പഠിക്കുന്ന ക്ലാസ്സിന്റെ തോത് അനുസരിച്ച് സ്കോളർഷിപ്പ് അനുവദിക്കുക.
- പഠനം അവസാനിപ്പിക്കേണ്ടിവരുന്നവർക്ക് തുടർപഠനം നടത്തുവാനുള്ള സൗകര്യം സാക്ഷരതാമിഷനുമായി ബന്ധപ്പെട്ടു നടപ്പിലാക്കാവുന്നതാണ്
- തദ്ദേശ്ശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരത്തിലുള്ള കെട്ടിടങ്ങളിൽ തൊഴിലിനായി വാടകയ്ക്ക് സ്ഥലം ലഭ്യമാക്കുന്നതിൽ പ്രതേക പരിഗണന നൽകുക.
- സർക്കാർ, സ്വാകാര്യ ഉടമസ്ഥതയിലുള്ള ഐ.ഐ.റ്റി, കേറ്ററിംഗി, ഇൻസ്റ്റിറ്റ്യൂഷൻ, നൃത്തവിദ്യാലയങ്ങൾ, ഫാഷൻ ഡിസൈനർ, പഠനകേന്ദ്രങ്ങൾ, കംപ്യൂട്ടർ പരിശീലന കേന്ദ്രങ്ങൾ കോസ്മ്മറ്റോളജി മേക്ക്പ്പ് പരിശീലനം, ഷീ ടാക്സി മുതലായവയിൽ ജനങ്ങൾക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കുക
- താലൂക്ക്, ജില്ലാ ആശുപത്രികളിൽ ടി.ജി ഡെസ്കുകൾ സ്ഥാപിക്കുക

- ജില്ല ആശുപത്രികൾ കേന്ദ്രീകരിച്ച് ടി.ജി ക്ലിനിക്കുകൾ അനുവദിക്കുകയും, ടി.ജി വിഭാഗം ആളുകളെക്കുറിച്ച് കൂടുതൽ അവഗാഹം ഡോക്ടർമാർക്ക് ലഭ്യമാക്കുകയും അവർ ടി.ജി രോഗികളെ ചികിത്സിക്കുന്നത് ഏറ്റവും കൂടുതൽ ഫലപ്രദമാക്കുമെന്ന് വിലയിരുത്തണം.
- പ്രത്യേക വിദഗ്ധ പരിശീലനം നേടിയവർ നടത്തുന്ന കൗൺസിലിങ് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കീഴിൽ ജില്ലാപഞ്ചായത്തുകളിലും നഗരസഭകളിലും ആരംഭിക്കുക പ്രവർത്തിക്കുന്ന കൗൺസിലർമാർ സഹായം തേടിയെത്തുന്നവരുടെ സ്വകാര്യതയെ മാനിക്കുമെന്നു ഉറപ്പുവരുത്തുക
- തമിഴ്നാട് സർക്കാരിന്റെതുപോലെ എല്ലാ ടി.ജി മാർക്കും ബി.പി.എൽ കാർഡുകളും ആനുകൂല്യങ്ങളും ലഭ്യമാക്കുക.
- സ്ഥലമോ വീടോ ഇല്ലാത്ത ടി.ജി ക്കാർക്ക് പ്രത്യേക പാർപ്പിട സഹായം നല്കുക
- ടി.ജി ജനങ്ങൾക്കു കലാ പ്രവർത്തനങ്ങൾക്കു അവസരമൊരുക്കുക
- ടി.ജി വിഭാഗം ജനങ്ങൾക്ക് പാരാലീഗൽ പരിശീലനം നല്കുക
- ടി.ജി വിഷയവുമായി ബന്ധപ്പെട്ട് ഗവ. വകുപ്പിലെ ജീവനക്കാർക്ക് (ആരോഗ്യം, വിദ്യാഭ്യാസം, പോലീസ്, തദ്ദേശസ്വയംഭരണം) ഉൾപ്പെടെ സമൂഹത്തിൽ പൊതു അവബോധം ഉണ്ടാക്കിയെടുക്കാൻ ശിൽപശാലകൾ സംഘടിപ്പിക്കുക

5.2.2.10.4 <u>പ്രത്യേക പരിഗണന അർഹിക്കുന്നവർ</u>

<u>എച്ച്.ഐ.വി ബാധിതർ</u>

- എ.ആർ.റ്റി ചികിത്സ സംവിധാനം, ഹോം കൌൺസിലിംഗ് എന്നിവ ലഭ്യമാക്കുക
- കൌൺസിലിംഗ്, ബോധവത്ക്കരണം, പങ്കാളിത്തം ഉറപ്പ് വരുത്തുക
- രക്തദാനം നടത്തുമ്പോൾ എച്ച്.ഐ.വി സ്ക്രീനിംഗ് ഉറപ്പ് വരുത്തുക
- കൌമാര പ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി സ്കൂളിലും എച്ച്.ഐ.വി ബോധവത്ക്കരണം സംഘടിപ്പിക്കുക
- രോഗികൾക്കും കുടുംബത്തിനും സാന്ത്വനവും പിൻതുണയും നൽകി ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുക
- എല്ലാ പി.എച്ച്.സി കളിലും എച്ച്.ഐ.വി പരിശോധന സൌകര്യം തുടർ ചികിത്സ സൌകര്യം എന്നിവ ലഭ്യമാക്കുക
- സൌജന്യ മരുന്ന് വിതരണം നടത്തുക
- പോഷകാഹാരം, വീട്, ഭവന പുനർ നിർമ്മാണം എന്നിവക്ക് പ്രാമുഖ്യം നൽകുക
- തൊഴിൽ സംരംഭങ്ങളിലൂടെ സ്വയം പര്യാപ്തരാക്കുക
- ഇവരുടെ കുട്ടികളുടെ അവകാശ സംരക്ഷണം ഉറപ്പ വരുത്തുക
- പി.പി.ടി.സി.ടി യൂണിറ്റ് ജില്ലയിലെ എല്ലാ ആശുപത്രികളിലും നിർബന്ധമാക്കുക

5.2.2.10.5 <u>കിടപ്പു രോഗികൾ</u>

- ഹോം കെയർ ,സാന്ത്വന പരിചരണം,കാര്യക്ഷമമാക്കുക
- ഇത്തരക്കാരുടെ ഡാറ്റാബാങ്ക് പഞ്ചായത്തുകളിൽ ലഭ്യമാക്കുക

- കുടുംബശ്രീ സംവിധാനത്തിലൂടെ രോഗീപരിപാലനപരിചരണ യൂണിറ്റ് ലഭ്യമാക്കുക
- കൗൺസിലിങ്ങിലൂടെ രോഗിയുടെയും കുടുംബത്തിന്റെയും മാനസികസമ്മർദ്ദം കുറയ്ക്കുവാനുള്ള ഹെൽപ്ഡെസ്ക് സംവിധാനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കുക
- ചലനശേഷി മെച്ചപ്പെടുത്താനുള്ള ഉപകരണങ്ങൾ നല്കുക
- പ്രത്യേക പോഷകഹാരം ലഭ്യമാക്കുക

5.2.2.10.6 **അവിവാഹിതരായ അമ്മമാർ**

- അവിവാഹിതരായ അമ്മമാരുടെ ഡാറ്റാബാങ്ക് തയാറാക്കുക
- സുരക്ഷിതത്വ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വനിതാകൗൺസിലറുടെ സേവനം ലഭ്യമാക്കുക
- പഞ്ചായത്ത്തല ജാഗ്രതാസമിതി ശാക്തീകരണം,പ്രാതിനിധ്യം എന്നിവ ഉറപ്പുവരുത്തുക
- സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുക
- ഇവരുടെ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, അവകാശസംരക്ഷണം, എന്നിവ ഉറപ്പാക്കുക
- വീട് ,പുനർനിർമാണം എന്നിവയിൽ മുൻഗണന നല്കുക.

5.2.2.10.7 **ഇതരസംസ്ഥാന തൊഴിലാളികൾ**

- പഞ്ചായത്ത് തലത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ഡാറ്റാബാങ്ക് തയാറാക്കുക
- വർഷത്തിൽ നാലു തവണ എങ്കിലും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക
- ചികിത്സാസൗകര്യം ലഭ്യമാക്കുക
- നിയമബോധവത്ക്കരണത്തിനായി പഞ്ചായത്തലത്തിൽ ദ്വിഭാഷി സംവിധാനം ഏർപ്പെടുത്തുക
- പോഷകാഹാരം, പ്രതിരോധകുത്തിവെപ്പുകൾ എന്നിവയിൽ ഇവർക്ക് പ്രാധാന്യം നല്കുക ഇത്തരക്കാർക്കായ് ജില്ലാതല ഹെല്പ്ഡെസ്ക് തുടങ്ങുക
- പഞ്ചായത്ത് തലത്തിൽ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക
- കുറ്റകൃത്യങ്ങൾക്കും നിയമലംഘനങ്ങൾക്കും എതിരെ പോലീസ് സഹായത്തോടെ ബോധവത്ക്കരണം നടത്തുക
- ശുചിത്വം ,ശുദ്ധജലലഭ്യത എന്നിവ താമസസ്ഥലങ്ങളിൽ ഉറപ്പുവരുത്തുക
- സുരക്ഷിതത്വ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക

സാമൂഹ്യനീതി ഉറപ്പുവരുത്തുകയും വിഷയമേഖലകളുടെ വികസനത്തിന് പ്രാധാന്യം നൽകുകയും ചെയ്തുകൊണ്ടാണ് ഈ മേഖലകളുടെ വിവിധ ഘട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. വിവിധ മേഖലകളിൽ ഉള്ളവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് നിർദ്ദേശങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. പ്രഥമമായി എന്നാൽ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും നയങ്ങൾ നിലനിർത്തുകയും ഭരണപരമായ ചുമതലകൾ വിന്യസിക്കുകയും ആ പ്രവർത്തനങ്ങൾ മേലധികാരികൾ മേൽനോട്ടം വഹിക്കപ്പെടുകയും ചെയ്തു വരുന്ന നിലവിലുള്ള വ്യവസ്ഥിതിയിൽ സുതാര്യത, പ്രതികരണം, കാര്യക്ഷമത, പങ്കാളിത്തം, ഉൾക്കൊള്ളൽ, സമവായം എന്നീ തത്വങ്ങളിലൂന്നി കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എല്ലാവരും അവരുടെ അധികാരപരിധിയിൽ എല്ലാ കുട്ടികളും അതിജീവനം വികസനം, സംരക്ഷണം,

പങ്കാളിത്തം എന്നീ അവകാശങ്ങൾ സമഗ്രമായി അനുഭവിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കഴിയുന്നതായിരിക്കണം. ഇതുപോലെ തന്നെ മറ്റെല്ലാമേഖലകളിലും വികസന കാഴ്ച്ചപ്പാട് ജില്ലയുടെ വളർച്ചാ നിലവാരം ഉയർത്തുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

.....

5.3 വിദ്യാഭ്യാസം

(സംസ്കാരം , കായികം, യുവജനക്ഷേമം ,സാക്ഷരത)

5.3.1 ആമുഖം

നാലായിരത്തി അഞ്ഞൂറ് ച.കി.മീ.വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന പാലക്കാട് ജില്ലയില് 2001, 2011 കാലഘട്ടത്തിലെ കനേഷുമാരി കണക്കുകളുടെ അടിസ്ഥാനത്തിൽ 6-22 വരെ പ്രായമുള്ളവർ ഏകദേശം 6 ലക്ഷത്തോളമാണ്. 2016-17ലെ ആറാം അദ്ധ്യയന ദിവസത്തിലെ കണക്കനുസരിച്ച് (അവലംബം– യുഡിഐഎസ്ഇ) 4,99,313 വിദ്യാർത്ഥികൾ 1300 ഓളം വിദ്യാലയങ്ങളിലൂടെ പ്രൈമറി തലം മുതൽ ഹയർ സെക്കന്ററി തലം വരെ പഠിക്കുന്നു. സമാന്തര മേഖലയിൽ (സ്വകാര്യമേഖലയിൽ) പ്രവർത്തിക്കുന്ന വിദ്യാലയങ്ങൾ, കോളേജുകളിലെ കണക്കുകൾ കൂടിയാകുമ്പോൾ സെക്കന്റിതലം വരെയുള്ള പഠ്യമേഖലയിൽ വിദ്യാഭ്യാസം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നില്ലെന്ന് കാണാം. എസ്.എസ്.എ നടത്തിയ അന്വേഷണത്തിൽ, നൂറിൽ താഴയുള്ള കുട്ടികൾ മാത്രമാണ് സ്കൂളിൽ പോകാത്തത്. പിന്നോക്കവിഭാഗത്തിലുള്ള വിദ്യാർത്ഥികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾ, അവർക്കുവേണ്ടി എസ്.എസ്.എ പ്രത്യേക പദ്ധതി നടപ്പിലാക്കുന്നുണ്ട്. എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും പ്രീ-പ്രൈമറി മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് ഉച്ചഭക്ഷണ പദ്ധതി ഫലപ്രദമായി നടത്തിവരുന്നുണ്ട്.

5.3.2 അവസ്ഥാ വിശകലനം

പട്ടിക 5.3.1.

വിദ്യാഭ്യാസ മേഖലയിലെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

ഇനം	2013	2014	2015	2016	2017
എസ്.എസ്.എൽ.സി വിജയ ശതമാനം	87.98	91.28	97.19	93.99	93.60
ഹയർ സെക്കന്ററി വിജയ ശതമാനം	75.92	73.92	79.33	78.18	74.89
വൊക്കേഷണൽ ഹയർ സെക്കന്ററി വിജയ ശതമാനം	80.63	83.60	84.98	89.35	89
കലോത്തസവം (സംസ്ഥാന കലോത്സവത്തിലെ സ്ഥാനം)	-	1	2	2	2
കായികമേള (സംസ്ഥാന കായികമേളയിലെ സ്ഥാനം)	-	2	2	1	2

5.3.3 മേഖലയിലെ പ്രശ്നങ്ങൾ

5.3.3.1 അട്ടപ്പാടി ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ പ്രത്യേകം അഭിസംബോധന ചെയ്യേണ്ടതുതന്നെ. മലയാളം മീഡിയത്തിലുള്ള പാഠ പുസ്തകങ്ങൾ അവരുടെ പ്രോദേശിക ഭാഷയുമായി സംവദിക്കുന്നതോ വിനിമയ ശേഷിയുള്ളതോ അല്ല. തനതായ പ്രാദേശിക സംസ്കൃതിയെ മാനിച്ചുകൊണ്ടു മാത്രമെ പഠന വിഭവങ്ങൾ തയ്യാറാക്കാവൂ. അട്ടപ്പാടി പോലെ പ്രത്യേക പരിഗണന അർഹിക്കുന്ന കാർഷിക പ്രാധാന്യമുള്ള കിഴക്കൻ മേഖലകളിൽ സാമൂഹികവും സാംസ്കാരികവുമായ പ്രത്യേക പ്രശ്നങ്ങൾ കുട്ടികളുടെ പഠന പ്രവർത്തനങ്ങളെ പിറകോട്ട് അടിപ്പിക്കുന്നു. പത്താം ക്ലാസ്സ് പൊതുപരീക്ഷയിൽ ജില്ലയുടെ വിജയശതമാനം ഏറെ മുന്നോട്ട് പോയപ്പോഴും ആലത്തൂർ, ചിറ്റൂർ, കുഴൽമന്ദം, കൊല്ലങ്കോട് പ്രദേശങ്ങളിൽ ചില സ്കൂളുകൾ ഇന്നും വളരെ പുറകിലാകുന്നതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതുണ്ട്.

5.3.3.2 ജില്ലയി□ നിലവി□ 18 ഗവ എ□ പി, 2 ഗവ യു പി, വിദ്യാലയങ്ങ□ പൂ□ണമായോ ഭാഗികമായോ വാടകകെട്ടിടത്തിലാണ് പ്രവ□ത്തിക്കുന്നത്. പ്രസ്തുത വിദ്യാലയങ്ങ□ക്ക് സ്ഥലം, കെട്ടിടം എന്നിവക്ക് വേണ്ട നടപടിക□ ആവശ്യമാണ്. 20 ഓളം വിദ്യാലയങ്ങളി□ വേന□ക്കാലം അടുക്കുമ്പോ□ കുടിവെള്ളം ലഭ്യമല്ല . പ്രസ്തുത സാഹചര്യത്തി□ വിദ്യാലയങ്ങളി□ മഴവെള്ള സംഭരണം, മറ്റു ജല സ്രോതസുക□ എന്നിവ വിഭാവനം ചെയ്യേണ്ടതാണ്.

5.3.3.3 26 ഗവ ഹൈ സ്കൂളുകളിലും 90 ഓളം ഗവ/എയ്ഡഡ് എ□ പി, 30 ലധികം ഗവ/എയ്ഡഡ് യു പി വിദ്യാലയങ്ങളി□ മതിയായ കളി സ്ഥലം ഇല്ല. കായിക മേഖലയിലെ വിദ്യാ□ത്ഥികളുടെ സമഗ്ര വികസനത്തിന് വിദ്യാലയങ്ങലിലോ വിദ്യാലയങ്ങളോടനുബന്ധിച്ചോ കളിസ്ഥലങ്ങ□ ഒരുക്കുന്നതിന് വേണ്ട നടപടിക□ ഉണ്ടാകേണ്ടതാണ്

5.3.3.4 30% വിദ്ധ്യാലയങ്ങളി□ മതിയായ ലൈബ്രറി സൗകര്യം ഇല്ല. എല്ലാ ഹൈസ്കൂളുകളിലും എത്രറെയും പെടെന്ന് ലൈബ്രേറിയ□ തസ്തിക അനുവദിക്കു ന്നതിനുള്ള നടപടിക□ നടക്കുന്നുണ്ടെങ്കിലും, ലൈബ്രറി സ്ഥാപിക്കുന്നതിനുള്ള നടപടിക□ ആയിട്ടില്ല

5.3.3.5 ശൗചാലയ സൗകര്യം ഉണ്ടെങ്കിലും ആയതു വിദ്യാ□ത്ഥികളുടെ എണ്ണത്തിനും, സൗകര്യത്തിനും ആനുപാതികമായില്ല എന്നു കാണാ□ സാധിച്ചിട്ടുണ്ട്, ഗവ ഹൈ സ്കൂ□ മേഖലയി□ തന്നെ ഇത് 50% വരുന്നുണ്ട്. മറ്റു വിദ്യാലയങ്ങളിലെ അവസ്ഥ : എയ്ഡഡ് എ□ പി - 133, ഗവ എ□ പി - 46, എയ്ഡഡ് യു പി -96, ഗവ യു പി -36, എയ്ഡഡ് ഹൈ സ്കൂ□ - 13, എന്നിങ്ങനെയാണ്

5.3.3.6 ആഗോളതലത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊള്ളുവാനും തദ്ദേശമായ സുസ്ഥിര വികസനത്തിന് കാർഷിക വ്യവസായ മേഖലയിൽ ഫലപ്രദമായി ഇടപെടുവാനും പ്രാപ്തരാക്കുന്ന തരത്തിലായിരിക്കണം പാലക്കാട് ജില്ലയിലെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം. പഠനത്തോടൊപ്പം തൊഴിൽ പരിശീലനത്തിനുള്ള എല്ലാ ഘടകങ്ങളും നമ്മുടെ ഐടിഐ, പോളിടെക്നിക്ക് എഞ്ചിനിയറിംഗ് പഠന മേഖലയിൽ പ്രത്യേകമായി ഉൾപ്പെടുത്തണം. ജില്ലയിലെ ശാസ്ത്ര സാങ്കേതിക

മേഖലയിലെ പുത്തൻ സങ്കേതങ്ങളെ പഠന വിഷയങ്ങളാക്കി പരിജ്ഞാനം നേടിയ യുവജനങ്ങളെ നമ്മുടെ കാർഷിക വികസനത്തിന്റെ നേതൃത്വം ഏല്പിക്കാൻ കഴിയണം. ജലദൌർലഭ്യത, കാലാവസ്ഥാ വ്യതിയാനം, കൃഷി നഷ്ടം എന്നീ കാരണങ്ങളാൽ കാർഷിക മേഖലയിൽ നിന്ന് അകന്നുപോകുന്നവരെ തിരികെ കൊണ്ടുവരുന്നതിനും കാര്യശേഷിയുള്ള വിദഗ്ദരെ സൃഷ്ടിച്ചെടുക്കുകയുമാണ് നമ്മുടെ പരമമായ ലക്ഷ്യം.

പട്ടിക 5.3.2.

ജില്ലയിലെ ഹയർ സെക്കന്ററി സ്കൂളുകളുടെ വിശദ വിവരങ്ങൾ

ക്രമ നം.	ഇനം	സ്കൂളുകളുടെ എണ്ണം	പഠിക്കുന്ന കുട്ടികൾ (എണ്ണം)
1.	സർക്കാർ	63	14610
2.	എയ്ഡഡ്	64	13611
3.	അൺ എയ്ഡഡ്	22	1638
ആകെ		149	29859

5.3.4 ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലയിലെ വിടവുകൾ

എല്ലാ മേഖലയിലും അക്കാദമിക്ക് നിലവാരം പ്രതീക്ഷിക്കുന്ന രീതിയിൽ ഉയർത്തുവാൻ കഴിയുന്നില്ല. ജില്ലയിലെ മൊത്തം വിദ്യാഭ്യാസ മികവിന്റെ സൂചി താഴേക്ക് പോകുന്നതിന് ഇത് കാരണമാകുന്നു. പാലക്കാടിന്റെ കിഴക്കൻ മേഖലയിലും അട്ടപ്പാടി മേഖലയിലും ഇത് മുഖ്യ പ്രശ്നമായി വർഷങ്ങളായി നിലനിൽക്കുന്നു. കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാഭ്യാസത്തിന്റെ പിന്നോക്ക അവസ്ഥക്കുള്ള പ്രധാന കാരണമാണ്. വിദ്യാർത്ഥികളുടെ കഴിവുകൾ പരിപോഷിപ്പിക്കുന്ന തരത്തിലുള്ള ഇടപെടലുകൾ ഹയർ സെക്കന്ററി മേഖലയിലില്ല, ശാസ്ത്രീയമല്ലാത്ത ടൈംടേബിളും കുത്തി നിറച്ച സിലബസും, ഭൌതിക സാഹചര്യങ്ങളുടെ കുറവും ഇതിന് കാരണമാകുന്നു. കൃത്യ സമയത്തിലല്ലാത്ത ഭക്ഷണ രീതി അവരുടെ ശാരീരിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഈ അവസ്ഥയിൽ 9 മണി മുതൽ 4.45 വരെ ക്ലാസ്സിൽ ഇരിക്കുന്നത് ഈ കുട്ടികളിൽ ക്ഷീണം, അനീമിയ, തലവേദന, തുടങ്ങിയ പ്രശ്നങ്ങൾ അവരുടെ പഠനത്തെ സാരമായി ബാധിക്കുന്നു. ഈ പ്രദേശങ്ങളിലെ സാമൂഹിക പിന്നോക്ക അവസ്ഥ കാരണം പെൺകുട്ടികൾക്ക് സുരക്ഷിതത്വത്തിന്റെ കുറവ് അനുഭവപ്പെടുന്നു. ഇംഗ്ലീഷ്, ഒരു ഭാഷ എന്ന രീതിയിൽ ആത്മവിശ്വാസത്തോടെ കൈകാര്യം ചെയ്യാൻ സാധിക്കുന്നില്ല. ക്ലാസ് മുറികളിലെ സ്ഥലത്തിന്റെ അപര്യാപ്തത, ലാബ് സംവിധാനങ്ങളുടെ കുറവ്, ലൈബ്രറിയുടെ അപര്യാപ്തത, കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായുള്ള ശൌചാലയങ്ങളുടെ അഭാവം, ആവശ്യാനുസരണം കുടിവെള്ളം ലഭിക്കുന്നതിനുള്ള സൌകര്യമില്ലായ്മ, ചുറ്റുമതിലില്ലാത്ത സ്കൂൾ കെട്ടിടങ്ങൾ, കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കളിസ്ഥലമില്ലായ്മ എല്ലാംതന്നെ വിദ്യാർത്ഥികളുടെ പഠന രീതിയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്. ഫണ്ടുകൾ അനുവദിക്കുമ്പോൾ അവയുടെ ആവശ്യകതയും ഉപയോഗവും ശാസ്ത്രീയമായി വിലയിരുത്തുവാൻ സാധിക്കുന്നില്ല. ഫണ്ടുകൾ പല ഏജൻസികൾ അനുവദിക്കുന്ന പക്ഷം അതിൽ ഒരു ഏകീകരണം ഉണ്ടാകുന്നില്ല. (എം.എൽ.എ, എം.പി, ത്രിതല പഞ്ചായത്ത്, ആർ.എം.എസ്.എ മുതലായവ) പല പ്രവർത്തനങ്ങളും സ്കൂൾ അധികൃതർ അറിയുന്നില്ല.

5.3.5 ഭൌതിക സൌകര്യങ്ങളുടെ അഭാവം

75% സ്കൂളുകളിലും കളിസ്ഥലം ഇല്ല. വിശ്രമമുറി, മൾട്ടി മീഡിയ റൂം, ചിൽഡ്രൻസ് പാർക്ക്, ഡൈനിംഗ് ഹാൾ, അസംബ്ലി ഹാൾ എന്നിവ നാമമാത്രമേയുള്ളൂ. കുട്ടികളുടെ/പെൺകുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശൌചാലയങ്ങളുടെ അഭാവം, മാലിന്യ സംസ്കരണ മാർഗ്ഗങ്ങൾ അപര്യാപ്തം. നീന്തല്ക്കുളം, ജിംനേഷ്യം തുടങ്ങിയവ സ്വപ്നം മാത്രം. മിക്ക വിദ്യാലയങ്ങളിലും സ്വന്തമായ വാഹന സൌകര്യമോ വാടക വാഹനമോ ഒരുക്കുന്നു എന്നത് ഒരു പ്രത്യേകതയാണെങ്കിലും വാഹന സൌകര്യം സ്കൂൾ ടൈമിംഗിനെ സാരമായി ബാധിക്കുന്നു. വർദ്ധിച്ചുവരുന്ന ഹൈടെക് സൌകര്യങ്ങളും ഉപകരണങ്ങളും സ്കൂളുകളുടെ വൈദ്യുത ബില്ലിനെ വളരെയധികം ഉയർത്തുന്നു. ഗിരിവർഗ്ഗ മേഖലയിലും അതിർത്തി പ്രദേശങ്ങളിലും ജോലി ലഭിക്കുന്ന അദ്ധ്യാപകർ കൂടുതൽ സൌകര്യമുള്ള സ്ഥലങ്ങളിലേക്ക് മാറാൻ തിരക്ക് കൂട്ടുന്നു. ഈ പ്രദേശത്തിലുള്ള കുറഞ്ഞ താമസ സൌകര്യങ്ങളും ഇതിന് കാരണമാകുന്നു. തദ്ദേശീയരായ അദ്ധ്യാപകർക്ക് വേണ്ടത്ര മുൻഗണന ലഭിക്കുന്നതുമില്ല.

5.3.6 സ്കൂളുകളുടെ ഭൌതിക സൌകര്യങ്ങൾ

തുറന്ന കിണർ - 94,

ബോർ വെൽ - 3

പൈപ്പ് കണക്ഷൻ - 62

മറ്റുള്ളവ - 10

(ആകെ സ്കൂളുകളുടെ എണ്ണം — 169)

അടുക്കള — 149

ഹാൻറ് വാഷ് — 98

ടോയലറ്റ് — (ആൺകുട്ടികൾ - 1045, പെൺകുട്ടികൾ -1926)

യുറിനൽസ് - (ആൺകുട്ടികൾ - 1215, പെൺകുട്ടികൾ -1240)

5.3.7 അക്കാദമിക പ്രശ്നങ്ങൾ

അക്ഷരമറിയാത്ത കുട്ടികൾ ഇപ്പോഴും സ്കൂൾ രംഗത്തുണ്ട് എന്നുള്ളത് ഭീഷണി നിലനിർത്തുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല, പ്രത്യേക മേഖലയിൽ നൈപുണ്യം വികസിപ്പിക്കാൻ ശ്രമം നടത്തുന്നില്ല, കലാ-കായിക-ശാസ്ത്ര മത്സരങ്ങളിൽ പ്രതിഭകളായിട്ടുള്ളവർക്ക് തുടർ പരിശീലനത്തിനുള്ള പദ്ധതികളില്ല, പരിസ്ഥിത സൌഹൃദ വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് ഇനിയും പ്രവർത്തികമായിട്ടില്ല, പൊതു വിദ്യാഭ്യാസരംഗത്ത് വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ കൂട്ടായ ചർച്ചയുടെ അഭാവം ഫലം കാണുന്നില്ല, ഹയർ സെക്കന്ററി, ഹൈസ്കൂൾ വിഭാഗത്തിലെ റിസൽട്ട് ഓറിയന്റഡ് പ്രവർത്തനങ്ങൾ താഴ്ന്ന ക്ലാസ്സുകളിലും പ്രതിഫലിക്കുന്നു, യു.പി., എൽ.പി. സ്കൂളുകൾ അവഗണിക്കപ്പെടുന്നു തുടങ്ങി ഒട്ടനവധി അക്കാദമിക പ്രശ്നങ്ങൾ ഇന്നും നിലനിൽക്കുന്നു.

പട്ടിക 5.3.3.

കുട്ടികളുടെ പ്രവേശനം 1-10 (2017-18)

ക്രമ നം.	ഇനം	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	ശതമാനം
1	ജനറൽ	113287	191753	42629	347669	
2	പട്ടിക ജാതി	21539	**33031**	1700	56270	**16.18**
3	പട്ടിക വർഗ്ഗം	4777	2911	645	**8333**	**2.4**
4	എ.പി.എൽ	66862	120825	39237	226924	65.27
5	ബി പി എൽ	46425	70928	3392	120745	34.73
6	മുസ്ലിം	43336	80003	19318	142657	41.03
7	ഒ ബി സി	77941	136669	33544	248154	71.38
8	മറ്റുള്ളവ	2010	5611	2355	9976	2.87

ഉറവിടം : സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്

പട്ടിക 5.3.4

UNECONOMIC SCHOOLS IN PALAKKAD

ഡി.ഡി.ഇ പാലക്കാട്													
സെക്ഷൻ	ക്ലാസ്സ്	ആകെ സ്കൂളുകളുടെ എണ്ണം			ആകെ കുട്ടികളുടെ എണ്ണം			ടീച്ചിംഗ് സ്റ്റഫ്			നോൺ ടീച്ചിംഗ് സ്റ്റാഫ്		
		ഗവ	എയ്	ആകെ	ഗവ	എയ്	ആകെ	ഗവ	എയ്	ആകെ	ഗവ	എയ്	ആകെ
എൽ.പി	I-IV	135	186	321	7142	10457	17599	606	834	1440	120	0	120
	I-V	11	10	21	655	648	1303	59	64	123	11	0	11
	ആകെ	146	196	342	7797	11105	18902	665	898	1563	131	0	131
യു.പി	I-VII	8	30	38	781	3390	4171	68	326	394	9	29	38
	V- VII	0	1	1	0	65	65	0	11	11	0	1	1
	ആകെ	8	31	39	781	3455	4236	68	337	405	9	30	39
എച്ച്.എസ്	I-X	0	0	0	0	0	0	0	0	0	0	0	0
	V- X	0	0	0	0	0	0	0	0	0	0	0	0

	VIII- X	1	0	1	63	0	63	3	0	3	1	0	1
	ആകെ	1	0	1	63	0	63	3	0	3	1	0	1

5.3.8 ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വിദ്യാർത്ഥികൾ

എസ്.സി.ഇ.ആർ.ടി തയ്യാറാക്കി നൽകിയ പാഠപുസ്തകത്തിൽ നിന്നും പാഠങ്ങൾ തയ്യാറാക്കി പഠിപ്പിക്കണം. പ്രൈമറി വിദ്യാഭ്യാസത്തിൽ വേരുന്നി കുട്ടികളെ തയ്യാറാക്കണം. പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നത് പ്രി-പ്രൈമറിയാണ്. ഇക്കാരണത്താൽ പ്രി-പ്രൈമറി ക്ലാസ്സുകൾ മികച്ചതാക്കേണ്ടത് അത്യാവശ്യമാണ്. ആകർഷകമായ ക്ലാസ്സ്റൂമുകളും, മാനസിക ഉല്ലാസത്തിനാവശ്യമായ ഭൌതിക സാഹചര്യങ്ങളും, ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പഠന രീതിയും ശിശു സൌഹൃദ സൌകര്യങ്ങൾക്ക് ആവശ്യമാണ്. പ്രി-പ്രൈമറി അദ്ധ്യാപകർക്കുള്ള സർക്കാർ ട്രെയിനിംഗ് സെന്ററുകൾ ഏകീകൃത പാഠ്യ പദ്ധതി എന്നിവ ഉപകാരപ്രദമായ തരത്തിൽ തയ്യാറാക്കേണ്ടതുണ്ട്. പ്രി-പ്രൈമറി, പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളുടെ സ്കൂൾ പ്രവേശനത്തിന് ദൂര പരിധി നിശ്ചയിക്കണം. പ്രൈമറി ക്ലാസ്സുകളിൽ എൽ.കെ.ജി., യു.കെ.ജി എന്നീ വിഭാഗങ്ങൾക്ക് പ്രത്യേക ചുമതലക്കാരായി അദ്ധ്യാപകരേയും ആയമാരേയും നിയമിക്കണം. അദ്ധ്യാപകർക്ക് പുതിയ പാഠ്യ പദ്ധതി അനുസരിച്ചുള്ള പരിശീലനത്തിന് ജില്ലാതലത്തിൽ പദ്ധതിയുണ്ടാകണം. അനുഭവാധിഷ്ഠിത പഠനത്തിന് സഹായകമായ വിധത്തിൽ അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കണം.

പട്ടിക 5.3.5

ജില്ലയിലെ സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

ക്രമ നം.	ഇനം	ലോവർ പ്രൈമറി	അപ്പർ പ്രൈമറി	ഹൈസ്കൂൾ	ഹയർ സെക്കന്ററി	വൊക്കേഷണൽ ഹയർ സെക്കന്ററി	ടെക്നിക്കൽ ട്രെയിനിംഗ്
1	സർക്കാർ	197	66	89	60	17	3
2	എയ്ഡഡ്	346	161	77	66	8	-
3	അൺ എയ്ഡഡ്	26	21	40	22	-	-
ആകെ		569	248	206	148	25	3

ഉറവിടം : വിദ്യാഭ്യാസ വകുപ്പ്

പട്ടിക 5.3.6

അട്ടപ്പാടിയിലെ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നം.	ഇനം	ലോവർ പ്രൈമറി	അപ്പർ പ്രൈമറി	ഹൈസ്കൂൾ	ഹയർ സെക്കന്ററി	വൊക്കേഷണൽ ഹയർ സെക്കന്ററി	ടെക്നിക്കൽ ട്രെയിനിംഗ്
1	സർക്കാർ	10	3	5	3	2	-
2	എയ്ഡഡ്	4	-	3	1	-	-
3	അൺ എയ്ഡഡ്	2	1	2	-	-	-
ആകെ		16	4	10	4	2	-

ഉറവിടം : പട്ടികവർഗ്ഗ വികസന വകുപ്പ്

5.3.9 കുട്ടികളുടെ സ്കൂൾ എൻറോൾമെന്റ് അവസ്ഥാ വിശകലനം

5.3.9.1 2017-18ലെ 1 മുതൽ 10 വരെയുള്ള കുട്ടികളുടെ കണക്കുകൾ പ്രകാരം സർക്കാർ സ്കൂളുകളിൽ 32.58% എയ്ഡഡ് സ്കൂളുകളിൽ 55.16 % അൺഎയ്ഡഡ് സ്കൂളുകളിൽ 12.26 % കുട്ടികൾ പഠിക്കുന്നു. പട്ടികജാതി വിഭാഗത്തിൽ ആകെ കുട്ടികളിൽ 38.28% സർക്കാർ സ്കൂളുകളിലും 58.70% എയ്ഡഡ് സ്കൂളുകളിലും ബാക്കി 3.99% അൺഎയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു.

5.3.9.2 ഓരോ വിഭാഗം സ്കൂളുകളിലും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ സര്ക്കാർ സ്കൂളുകളിലെ എൻറോൾമെന്റിന്റെ 19.01% വും എയ്ഡഡ് എൻറോൾമെന്റിന്റെ 17.23% വും അൺഎയ്ഡഡിന്റെ 3.02% വും പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളാകുന്നു.

5.3.9.3 2016-17ലെ പാലക്കാട് ജില്ലയിലെ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണത്തിന്റെ വിശകലനത്തിൽ നിന്ന് സാമൂഹികവും സാമ്പത്തികവുമായ പിന്നാക്കം നില്ക്കുന്ന കുട്ടികളുടെ എണ്ണം മൊത്തം കുട്ടികളുടെ 35% ഉണ്ടെന്ന് കാണാം. ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ ദാരിദ്രരേഖയ്ക്ക് താഴെ മുന്നിലൊന്നിലധികം കുട്ടികളുണ്ട്. ആയത് പരിഹരിക്കണമെങ്കിൽ ഈ വിഭാഗത്തിലെ കുട്ടികൾക്ക് പ്രാദേശിക തലത്തിൽ സ്കൂൾ സമയത്തിന് ശേഷം നല്ല പഠനാന്തരീക്ഷവും പഠന കൂട്ടായ്മയും ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആകെയുള്ളതിന്റെ 16% ൽ അധികവും പട്ടിക വർഗ്ഗക്കാർ 2.5% വും ആണ്.

5.3.9.4 സാമ്പത്തികവും കുടുംബപരവും സാമൂഹികവുമായ സുരക്ഷിതത്വമില്ലായ്മയും, രക്ഷാകർതൃ പിൻതുണാ സംവിധാനങ്ങളുടെ കുറവും പിന്നാക്ക വിഭാഗത്തിലുള്ള കുട്ടികളുടെ പഠന പ്രവർത്തനങ്ങളിൽ ആത്മവിശ്വാസവും പ്രചോദനവും കുറയ്ക്കുന്നു. ഇതിനെതിരെ കൌൺസിലിംഗും മോട്ടിവേഷൻ ക്ലാസ്സുകളും സംഘടിപ്പിക്കേണ്ടതുണ്ട്. പട്ടിക വിഭാഗത്തിലുള്ള കുട്ടികൾക്ക് റെസിഡൻഷ്യൽ സമ്പ്രദായത്തിൽത്തന്നെ വിദ്യാഭ്യാസം നല്കേണ്ടതുണ്ട്. ഇതിനായി 26 സ്ഥാപനങ്ങൾ ഉണ്ടെങ്കിലും അതിൽ 1,742 പേർക്ക് മാത്രമെ മതിയായ താമസ സൌകര്യമുള്ളൂ. നിലവിൽ 260 ഊരുകളിൽ അംഗൻവാടികൾ ഉണ്ടെങ്കിലും 94 ഊരുകളിലെ കുടുംബങ്ങൾക്കും ഈ സൌകര്യം ലഭ്യമല്ല. 71 കുടുംബങ്ങൾക്ക് സമീപ പ്രദേശത്തായി അംഗൻവാടി ഇല്ലാത്തതിനാൽ അധിക ദൂരം നടക്കണമെന്ന ക്ലേശത്താൽ പലരും ഈ കേന്ദ്രങ്ങളില് എത്താറില്ല.

പട്ടിക 5.3.7

2017-18 വർഷത്തിൽ ഒന്നാം ക്ലാസ്സ് മുതൽ 10 ക്ലാസ്സ് വരെ എൻറോള്മെൻറ് ചെയ്ത കുട്ടികളുടെ എണ്ണം

വിഭാഗം	ഗവണ്മെൻറ്	എയ്ഡഡ്	അൺ എയ്ഡഡ്	ആകെ	ശതമാനം
ജനറൽ	113287	191753	42629	347669	
എസ്.സി	21539	33031	1700	56270	16.18
എസ്.റ്റി	4777	2911	645	8333	2.4
എ.പി.എൽ	66862	120825	39237	226924	65.27
ബി.പി.എൽ	46425	70928	3392	120745	34.73
മുസ്ലീം	43336	80003	19318	142657	41.03

ഒ.ബി.സി	77941	136669	33544	248154	71.38
മറ്റുള്ളവ	2010	5611	2355	9976	2.87

5.3.9.5 2017-18 ലെ 1 മുതൽ 10 വരെയുള്ള കുട്ടികളുടെ കണക്കുകൾ പ്രകാരം സർക്കാർ സ്കൂളുകളിൽ 32.58% വും എയ്ഡഡ് സ്കൂളുകളിൽ 55.16% വും അൺ എയ്ഡഡ് സ്കൂളുകളിൽ 12.26% ഉം കുട്ടികൾ പഠിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽ ആകെയുള്ള കുട്ടികളിൽ 38.28% ഗവ. സ്കൂളുകളിലും 58.70% എയ്ഡഡ് സ്കൂളുകളിലും ബാക്കി 3.99% അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു. പട്ടികവർഗ്ഗം വിഭാഗം കുട്ടികളിൽ ആകെയുള്ളതിൻറെ 57.33% ഗവ സ്കൂളുകളിലും 34.93% ഏയ്ഡഡ് സ്കൂളുകളിലും ബാക്കി 7.74% അൺ എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്നു. ഓരോ വിഭാഗം സ്കൂളിലും കുട്ടികളുടെ എണ്ണത്തിൻറെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ ഗവ. സ്കൂളുകളിലെ എൻറോൾമെന്റിൻറെ 19.01% വും എയ്ഡഡ് എൻറോള്മെൻറിൻറെ 17.23% വും അൺ എയ്ഡഡിൻറെ 3.02%വും പട്ടികജാതി വിഭാഗത്തിൽപെട്ട കുട്ടികളാകുന്നു. 2016-17 ലെ പാലക്കാട് ജില്ലയിലെ 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികളുടെ എണ്ണത്തിൻറെ വിശകലനത്തിൽ നിന്നും, സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ എണ്ണം, മൊത്തം കുട്ടികളുടെ 35% ഉണ്ടെന്നും കാണാം. ഔപചാരിക വിദ്യാഭ്യാസ മേഖലയിൽ ദാരിദ്ര്യരേഖയ്ക്കു താഴെ മുന്നിലൊന്നിലധികം കുട്ടികൾ ഉണ്ട് എന്നത് പഠനാന്തരീക്ഷത്തിലും നിലവാരത്തിലും ഉള്ള കുറവിനു പ്രധാനകാരണമായി വിലയിരുത്താം. ആയതു പരിഹരിക്കണമെങ്കിൽ ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പ്രാദേശിക തലത്തിൽ സ്കൂൾ സമയത്തിനു ശേഷം നല്ല പഠനാന്തരീക്ഷവും പഠന കൂട്ടായ്മയും ഉണ്ടാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിക്കേണ്ടതാകുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആകെയുള്ളതിൻറെ 16% ത്തിലധികം ഉണ്ട്. പട്ടികവിഭാഗമാകട്ടെ 2.5% ഉണ്ട്. സാമ്പത്തികവും കുടുംബപരവും സാമൂഹികവുമായ സുരക്ഷിതത്വം താരതമ്യേന വളരെ കുറവായ ഈ മേഖലകളിലെ കുട്ടികൾ പഠന പ്രവർത്തനങ്ങളിൽ പിറകിലാകുന്നത് ജില്ലയിലെ വിദ്യാഭ്യാസ മേഖലയുടെ പൊതുവായ പിന്നാക്കാവസ്ഥയ്ക്കു കാരണമാകുന്നു.

5.3.9.6 രക്ഷാകർത്തൃ പിന്തുണാസംവിധാനങ്ങൾ കുറവായ ഈ വിഭാഗം കുട്ടികൾക്കു പഠനപ്രവർത്തനങ്ങളിൽ ആത്മവിശ്വാസവും പ്രചോദനവും നൽകുന്നതിനുള്ള കൌൺസലിംഗും മോട്ടിവേഷൻ ക്ലാസുകളും സംഘടിപ്പിക്കേണ്ടതാകുന്നു. അതുപോലെ രക്ഷിതാക്കൾക്കും ഗാർഹിക പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുള്ള പിന്തുണാ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതാകുന്നു.

പട്ടിക 5.3.8

ജില്ലയിലെ പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള താമസസൌകര്യ വിവരങ്ങൾ (2016-17)

സ്ഥാപനങ്ങളുടെ എണ്ണം	താമസ സൌകര്യ ലഭ്യത	നിലവിൽ താമസിക്കുന്ന കുട്ടികൾ	താമസ സൌകര്യ ലഭ്യതക്കുറവ്
26	1742	2521	779

പട്ടിക 5.3.9

ഉന്നത വിദ്യാഭ്യാസം

ക്രമ നം	വിഭാഗം	എണ്ണം
1.	എൽ.പി, യു.പി , എച്ച്.എസ് സ്കൂളുകൾ	1005
2.	+2 സ്കൂളുകൾ	149
3.	വി.എച്ച്.എസ്.സി	25
4.	ബഡ്സ് സ്കൂളുകൾ +ബി.ആർ.സി കൾ	8

ഉറവിടം : വിദ്യാഭ്യാസ വകുപ്പ്, പാലക്കാട്

പട്ടിക 5.3.10

ജില്ലയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും നിലവിലുള്ള അവസരങ്ങളും

യു.ജി/പി.ജി/ഡിഗ്രി	ആർട്സ് & സയൻസ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	8	17	2018	19
എയ്ഡഡ്	8	17	3202	30
ഐ.എച്ച്.ആർ.ഡി	5	11	507	46
അൺഎയ്ഡഡ്	26	55	4889	5
ആകെ	47	100	10616	100
ബി.ടെക്	എഞ്ചിനീയറിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	1	7	240	7
എയ്ഡഡ്	1	7	480	15
അൺഎയ്ഡഡ്	13	86	2600	78
ആകെ	15	100	3320	100

	എഞ്ചിനീയറിംഗ് കോളേജ്

ബി. ആർക്ക്	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം
അൺഎയ്ഡഡ്	2	100	80

എം.ടെക്	എഞ്ചിനീയറിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	1	17	18	4
എയ്ഡഡ്	1	17	90	22
അൺഎയ്ഡഡ്	4	66	304	74
ആകെ	**6**	**100**	**412**	**100**

ബി.എഡ്	ട്രെയിനിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
എയ്ഡഡ്	1	8	250	20
അൺഎയ്ഡഡ്	11	92	1070	80
ആകെ	**12**	**100**	**1320**	**100**

എം.എഡ്	ട്രെയിനിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
എയ്ഡഡ്	1	33	25	29
അൺഎയ്ഡഡ്	2	67	60	71
ആകെ	**3**	**100**	**85**	**100**

എൽ.എൽ.ബി	ലോ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	2	100	120	100

ബി.ബി.എ – എൽ എൽ. ബി	ലോ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	1	100	60	100

ബി.എസ്.സി	നേഴ്സിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	3	100	110	100

ബി.ഫാം	ഫാർമസി കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	1	100	60	100
എം. ഫാം	ഫാർമസി കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	1	100	20	100

ബി.എ.എം.എസ്	ആയുർവേദ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	3	100	150	100

ബി.ഡി.എസ്	ഡെൻറൽ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	1	100	60	100

എം.ബി.ബി.എസ്	മെഡിക്കൽ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	1	50	60	41
ഗവൺമെൻറ്	1	50	85	59
ആകെ	2	100	145	100

എം.ബി.എ	മാനേജ്മെൻറ് & ബിസിനൻസ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
അൺഎയ്ഡഡ്	3	100	360	100

അഫ്സൽ -ഉൽ-ഉൽമ്മ	അറബിക് /ഓറിയൻറൽ റ്റൈറ്റിൽ കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %

പ്രിലിമിനറി	1	100	60	100
ബി.എ 3 വർഷം	1	100	40	100
എം.എ 5 വർഷം	3	100	120	100

മ്യൂസിക്	മ്യൂസിക് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ബി.എ	1	100	40	100
എം.എ	1	100	10	100
എം.എ 5 വർഷം	3	100	120	100

ഡിപ്ലോമ	പോളിടെക്നിക്ക് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	3	50	949	49.7
അൺ എയ്ഡഡ്	3	50	960	50.3
ആകെ	6	100	1909	100

ടി.ടി.ഐ	ട്രൈയിനിംഗ് കോളേജ്			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	4		123	100
എയ്ഡഡ്	2		62	100
അൺ എയ്ഡഡ്	7		350	100

ന്യൂനപക്ഷം	2		47	100
ആകെ	**15**		582	100

ഐ.ടി.ഐ	ഐ.ടി.ഐ			
	കോളേജുകളുടെ എണ്ണം	കോളേജുകൾ %	സീറ്റുകളുടെ എണ്ണം	സീറ്റ് %
ഗവൺമെൻറ്	9			
എയ്ഡഡ്	34			
ആകെ	**43**			

ഉറവിടം : വിദ്യാഭ്യാസ വകുപ്പ്, പാലക്കാട്

പട്ടിക 5.3.11

ജില്ലയിലെ കോഴ്സുകളും സീറ്റും സംബന്ധിച്ച പട്ടിക

കോഴ്സുകൾ	സീറ്റുകളുടെ എണ്ണം
യുജി-ബി.എ, ബി.എസ്സ്.സി, ബി.കോം, ബി.ബി.എ, ബി.സി.എ, ബി.എസ്.ഡബ്ല്യൂ, ബി.എ.എസ്.എൽ.ബി	9315
ബി.ടെക്	3320
എം.ബി.ബി.എസ്	145
ഡെൻറൽ കോളേജ്-ബി.ഡി.എസ്	60
ഫാർമസി- ബി.ഫാം	60
ലോ- എൽ.എൽ.ബി, ബി.ബി.എ + എൽ.എൽ.ബി,	180
പോളി ടെക്നിക്ക് – ഡിപ്ലോമ	1909
അറബിക് – പ്രിലിമിനറി, 3 വർഷം, 5 വർഷം	220
മ്യൂസിക് – ബി.എ	40
ആയുർവേദിക് – ബി.എ.എം.എസ്	150
ടി.ടി.സി	582

പ്ലസ് ടു പാസായവർക്കുള്ള ആകെ സീറ്റുകൾ	15981
പി.ജി –എം.എ, എം.എസ്സ്.സി, എം.കോം, എം.എസ്.ഡബ്ല്യൂ, എം.സി.എ, എം.എ.എസ്.എൻ.പി	1301
എം.ടെക്	204
എം.ബി.എ	360
എം.എഡ്	85
ബി.എഡ്	1320
എം.ഫാം	20
മ്യൂസിക് –എം.എ	10
ഡിഗ്രി പാസായവർക്കുള്ള ആകെ സീറ്റുകൾ	3300

ഉറവിടം : വിദ്യാഭ്യാസ വകുപ്പ്, പാലക്കാട്

പട്ടിക 5.3.12

അട്ടപ്പാടിയിലെ സ്ഥാപനങ്ങൾ

ലോവർ പ്രൈമറി സ്കൂൾ	അപ്പർ പ്രൈമറി സ്കൂൾ	ഹൈസ്കൂൾ	ഹയർ സെക്കൻറി സ്കൂൾ	വൊക്കേഷണൽ ഹയർ സെക്കൻറി സ്കൂൾ
ഗവൺമെൻറ്-10	ഗവൺമെൻറ്-3	ഗവൺമെൻറ്-5	ഗവൺമെൻറ്-3	ഗവൺമെൻറ്-2
എയ്ഡഡ് – 4	എയ്ഡഡ് –	എയ്ഡഡ് – 3	എയ്ഡഡ് – 1	എയ്ഡഡ് – 0
അൺ എയ്ഡഡ് -2	അൺ എയ്ഡഡ് -1	അൺ എയ്ഡഡ് -2	അൺ എയ്ഡഡ് -	അൺ എയ്ഡഡ് -0

സർക്കാർ സ്പെഷ്യൽ സ്കൂളുകൾ - 9

ബഡ്സ് സ്കൂളുകൾ - 2

അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ - 2

പട്ടിക 5.3.13

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് വിവരങ്ങൾ

ക്ലാസ്സ്	ഹിന്ദു		മുസ്ലീം		ക്രിസ്ത്യൻ		മറ്റുള്ളവ	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1	34	19	17	13	0	0	10	5
2	17	11	13	8	0	1	4	3
3	13	10	10	7	0	0	3	3
4	10	5	13	5	0	1	1	0
5	17	3	4	4	0	0	5	1
6	13	7	7	4	0	1	6	3

7	21	7	9	1	0	0	11	8
8	38	15	11	2	2	0	9	5
9	102	38	34	3	5	0	24	6
10	58	34	25	19	1	0	14	12
11	0	0	0	0	0	0	0	0
12	0	0	0	0	0	0	0	0
	323	149	143	66	8	3	87	46

പട്ടിക 5.3.14

കൊഴിഞ്ഞുപോക്ക് വിവരങ്ങൾ - സബ്ജ് ജില്ലാ തലത്തിൽ

ഡി.ഇ.ഒ/ എ.ഇ.ഒ പേര്	1		2		3		4		5		6		7		8		9		10		11		12	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
എ.ഇ.ഒ ആലത്തൂർ	5	0	5	1	2	5	1	2	0	1	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ ചെറുപ്പളശ്ശേരി	5	0	2	1	3	1	0	1	1	1	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ ചിറ്റൂർ	6	6	5	3	0	0	2	3	0	0	1	0	1	1	0	0	0	0	0	0	0	0	0	0
എ.ഇ.ഒ കൊല്ലങ്കോട്	9	9	7	4	6	3	12	3	0	0	0	1	1	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ കുഴൽമന്ദം	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ മണ്ണാർക്കാട്	6	2	2	1	4	1	1	1	3	0	2	0	1	3	0	0	0	0	0	0	0	0	0	0
എ.ഇ.ഒ ഒറ്റപ്പാലം	0	5	0	0	1	1	0	0	1	0	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ പാലക്കാട്	10	3	3	4	2	2	1	0	2	0	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ പറളി	0	0	1	0	0	0	0	1	0	0	0	0	0	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ പട്ടാമ്പി	3	2	1	1	3	1	4	1	0	0	1	0	2	0	0	0	0	0	0	0	0	0	0	0
എ.ഇ.ഒ ഷൊർണ്ണൂർ	6	3	1	2	1	1	0	0	0	0	0	0	4	3	0	0	0	0	0	0	0	0	0	0
എ.ഇ.ഒ തൃത്താല	5	2	4	3	1	3	1	0	0	1	0	0	0	1	0	0	0	0	0	0	0	0	0	0
ഡി.ഇ.ഒ മണ്ണാർക്കാട്	3	4	3	3	2	1	0	0	6	3	6	3	8	2	23	5	45	18	19	21	0	0	0	0
ഡി.ഇ.ഒ ഒറ്റപ്പാലം	0	0	1	0	0	0	0	1	4	0	6	4	3	3	8	4	26	5	27	12	0	0	0	0
ഡി.ഇ.ഒ	3	1	1	0	1	1	2	0	9	2	10	7	21	3	29	13	94	24	52	32	0	0	0	0

പാലക്കാട്																								
ആകെ	61	37	36	23	26	20	24	13	26	8	26	15	41	16	60	22	165	47	98	65	0	0	0	0

പട്ടിക 5.3.15

കഴിഞ്ഞ മൂന്നു വർഷത്തെ പരീക്ഷാ വിജയശതമാനവും

കലാ-കായിക നേട്ടങ്ങളും

ഇനം	2014	2015	2016
എസ്.എസ്.എൽ.സി വിജയ ശതമാനം	91.28	97.19	93.99
ഹയർ സെക്കണ്ടറി വിജയ ശതമാനം	73.92	79.33	78.18
വൊക്കേഷണൽ ഹയർ സെക്കണ്ടറി വിജയ ശതമാനം		84.98	89.35
കലോത്സവം (സംസ്ഥാന കലോത്സവത്തിലെ സ്ഥാനം)	1	2	2
കായിക മേള (സംസ്ഥാന കായികമേളയിലെ സ്ഥാനം)	2	2	1

5.3.10 പ്രശ്നങ്ങൾ, സാധ്യതകൾ

1. കോളേജ് വിദ്യാഭ്യാസ മേഖലയിൽ പൊതു വിദ്യാഭ്യാസ ധാരയിൽ തൊഴിൽ ഗവേഷണ സാദ്ധ്യതയുള്ള കോഴ്സുകൾ ആരംഭിക്കുക.
2. കോളേജുകൾ അടിസ്ഥാനമാക്കി പഠന ബോർഡുകൾ ആരംഭിക്കുകയും ബിരുദ പഠനത്തിന്റെ ഭാഗമായി നൂതന കോഴ്സുകൾ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളാകത്തക്ക രീതിയിൽ പ്രാപ്തരാക്കുക.
3. ഗവേഷണ തത്പരരായവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
4. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് പോരായ്മകൾ പരിഹരിക്കുവാൻ ഹയർ എജ്യുക്കേഷൻ കൌൺസിൽ നിർദ്ദേശിച്ച പ്രകാരം കോളേജ് ക്ലസ്റ്റർ സമ്പ്രദായം നടപ്പിലാക്കുക.
5. എയ്ഡഡ് വിദ്യാലയങ്ങളിലെ ഭൌതിക സൌകര്യകുറവ് ഗുണനിലവാരത്തെ ബാധിക്കുന്നു. അത് മെച്ചപ്പെടുത്തുന്നതിന് ആസൂത്രിതമായ ശ്രമം വേണം.
6. 75 ശതമാനം വിദ്യാലയങ്ങളിലും പ്ലേ ഗ്രൌണ്ട് ഇല്ലാ എന്നതും അതു പ്രൈമറി സ്കൂളിലാണെന്നതും ശ്രദ്ധാർഹമാണ്. അതുണ്ടാക്കുകയും അല്ലെങ്കിൽ വാർഡിൽ ഒരു പൊതു കളിസ്ഥലം ഉണ്ടാക്കാൻ ശ്രമിക്കുകയും വേണം.
7. എല്ലാ കോളേജുകളിലും സമയബന്ധിതമായി വിശ്രമമുറി, മൾട്ടിമീഡിയ റൂം ചിൽഡ്രൻസ് പാർക്ക്, ഡൈനിംഗ് ഹാൾ, ആക്ടിവിറ്റി ത്രും (പെൺകുട്ടികൾ) അസംബ്ലി ഹാൾ എന്നിവ സജ്ജീകരിക്കണം.
8. പെൺകുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ടോയലറ്റുകൾ /നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവ ലഭ്യമാക്കണം.

9. എല്ലാ കോളജുകളിലും ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ, മറ്റു മാലിന്യങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യാൻ പദ്ധതി ഉണ്ടാക്കണം.

10. നീന്തൽകുളം, ജിംനേഷ്യം എന്നിവ മുൻഗണന അനുസരിച്ച് അനുവദിക്കണം.

5.3.11 പ്രധാന പ്രശനങ്ങൾ സാധ്യകൾ - സ്കൂൾതലത്തിൽ

1. വാഹന സൌകര്യം സ്കൂൾ സമയത്തെ അപഹരിക്കരുത്. സ്കൂൾ ബസ് പഞ്ചായത്ത് തലത്തിലും പൂൾ ചെയ്ത് പൊതു സംവിധാനം ആക്കണം.

2. എല്ലാ വിദ്യാലയങ്ങളിലും ഹെൽത്ത് ക്ലിനിക്കുകൾ, കൌൺസിലിംഗ് കേന്ദ്രങ്ങളും ഉണ്ടാകണം.

3. ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് ഹെഡ്മാസ്റ്റർക്ക് അധികഭാരം ഉണ്ടാക്കുന്നു. എല്ലാ ചെറിയ സ്കൂളുകളിലും ഉച്ചഭക്ഷണ അടുക്കള, മറ്റ് സംവിധാനങ്ങൾ എന്നിവക്ക് പകരം പഞ്ചായത്തിൽ ഒരിടത്ത് ആധുനിക സൌകര്യങ്ങളുടെ കമ്മ്യൂണിറ്റി കിച്ചൻ എന്ന സംവിധാനം ആലോചിക്കാവുന്നതാണ്. നിലവിലുള്ള പാചകത്തൊഴിലാളികളും കുടുംബശ്രീ യൂണിറ്റുകളും ശ്രമിച്ചാൽ ഇരട്ടിപ്പ് ഒഴിവാക്കാനും മികച്ച ഭക്ഷണം നൽകാനും കഴിയും

4. കലാകായിക മത്സരങ്ങൾ വലിയ ദുർവ്യയത്തിനും സംഘാടനത്തിനും ഇടവരുത്തുന്നു. ഇത് പഞ്ചായത്ത് തലത്തിൽ വികേന്ദ്രീകരിച്ച് സ്കൂളുകൾ ചെയ്യുകയും സബ് ജില്ലാ തലം മികച്ച മത്സര കേന്ദ്രങ്ങളാവുകയും വേണം.

5. പാലക്കാട് കേന്ദ്രമാക്കി ഒരു വിദ്യാഭ്യാസ കോംപ്ലക്സ് സ്ഥാപിക്കണം. ഈ കോംപ്ലക്സിൽ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, എസ്.എസ്.എ, ആർ.എം.എസ്.എ, ഐ.ടി @സ്കൂൾ, ടൈയിനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ എന്നിവ സജ്ജീകരിക്കണം. ഇത് മികച്ച ഏകോപനത്തിൻറെ വേദിയായി മാറും. ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ കൺവറ്ജൻസ് കേന്ദ്രമായി ഇതു പ്രവർത്തിക്കും.

6. അട്ടപ്പാടി കേന്ദ്രമായി എ.ഇ.ഒ ഓഫീസ് അനുവദിക്കണം. അവിടെ മോണിറ്ററിംഗിന് വാഹനം അനുവദിക്കണം.

7. ശാസ്ത്ര പ്രവർത്തിപരിചയ, കായികകലാ മേളകളിലെ മികച്ച പ്രതിഭകൾക്ക് പരിശീലനത്തിനും ഗവേഷണത്തിനും വേണ്ട ജില്ലാ, സബ് ജില്ലാ സംവിധാനങ്ങൾ ഒരുക്കണം.

8. ഹൈസ്കൂൾ കുട്ടികളുടെ തൊഴിൽ നൈപുണ്യ വികസനത്തിന് മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ആധുനിക സാധ്യതയുള്ള 40 ഓളം തൊഴിൽ മേഖലകൾ കണ്ടെത്തുകയും എട്ടാം ക്ലാസ്സ് മുതൽ ഒരു വിഷയ മേഖലയിൽ തുടർച്ചയായി പരിശീലനവും പ്രായോഗിക അനുഭവവും നല്കണം.

9. ഐ.ടി പരിശീലനത്തിന് സബ് ജില്ലയിൽ ഐ.ടി വിഭവ കേന്ദ്രം സ്ഥാപിക്കണം. 12 കേന്ദ്രങ്ങളിൽ ആധുനിക സൌകര്യങ്ങളുള്ള ഇവിടെ രക്ഷാകർതൃ പരിശീലനം, ഐ.ടി സർവ്വീസ്, സ്കോളർഷിപ്പ്, ഈ-ഗവേണൻസ് എന്നിവക്കുള്ള കേന്ദ്രങ്ങൾ കൂടിയാവണം. കുട്ടികളുടെ വിവിധതരം സ്കോളർഷിപ്പുകൾ സാമൂഹിക സുരക്ഷ പദ്ധതിയുടെ ഭാഗമായി നിർബന്ധമാക്കണം. ഇത് ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കാനും ഉദ്യോഗസ്ഥ തലത്തിൽ സംവിധാനം വേണം.

10. എൽ.ഡി കുട്ടികളുടെ പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും, വിദ്യാഭ്യാസ ജില്ലാ തലത്തിൽ നടക്കണം.

11. ഐ.ടി സർവ്വീസ്, മൊബൈൽ സർവ്വീസ് സെല്ലുകൾ രൂപീകരിക്കണം.
12. ഇ-വെയ്സ്റ്റ് മാനേജ്മെന്റ് ക്ലീൻ കേരള മിഷനുമായി സഹകരിച്ച് പദ്ധതി ജില്ലാതലത്തിൽ ഉണ്ടാവണം.
13. സ്കൂൾ 4 മണിക്ക് അടച്ച് പൂട്ടുന്നത് ആവരുത്. സാമൂഹ്യ ആവശ്യങ്ങൾക്ക് തുറന്നിരിക്കണം. ഈ രംഗത്തുള്ളവരുടെ തുടർ പഠന കേന്ദ്രങ്ങളായി സ്കൂളുകൾ മാറണം.
14. നോൺ കൺവൻഷണൽ ഏനർജി റിസോഴ്സസ് വൻതോതിൽ സ്കൂളിൽ എത്തണം. ഗ്യാസ് പ്ലാന്റുകൾ, വെയിസ്റ്റ് മാനേജ് മെന്റ്, സോളാർ ഇലക്ട്രിസിറ്റി എന്നിവ ഉറപ്പാക്കണം.

പ്രീ പ്രൈമറി മുതൽ +2 വരെയുള്ള സ്കൂളുകളിൽ കളിസ്ഥലത്തിന്റെ അഭാവം അനുഭവപ്പെടുന്നുണ്ട്. ജില്ലയിൽ 400 മീ ചുറ്റളവുള്ള 5 സ്കൂൾ /കോളേജ് മൈതാനങ്ങളും, 1 സിന്തറ്റിക് ട്രാക്കും, 200 മീ ചുറ്റളവുമുള്ള 41 സ്കൂൾ മൈതാനങ്ങളുമുണ്ട്. 37 സ്കൂളുകളിൽ കളിസ്ഥലങ്ങൾ നടുമുറ്റത്തിൽ ഒതുങ്ങിയിരിക്കുന്നു.

- പ്രീ-പ്രൈമറി മുതൽ 4 ക്ലാസ്സുവരെ കളികളിൽ ഏർപ്പെടാനുള്ള അവസരം ലഭിക്കുന്നില്ല.
- ചെറുപ്പം മുതൽ കുട്ടികൾക്ക് കായിക സംസ്കാരം വളർത്തുന്നതിന് ആവശ്യമായ യോഗ്യതയുള്ള അദ്ധ്യാപകരുടെ അപര്യാപ്തത.

5.3.12 പ്രശ്ന പരിഹാരങ്ങൾ

1) 60 കുട്ടികൾക്ക് ഇരിക്കത്തക്ക രീതിയിലുള്ള റൂമുകൾ ഉണ്ടാക്കുക. ആവശ്യാനുസരണം ഫർണീച്ചറുകളും ഫാനും മറ്റു അനുബന്ധ സൌകര്യങ്ങളും ഒരുക്കുക.
2) ഐ.ടി അറ്റ് സ്കൂളിൻറെ സേവനങ്ങൾ ലഭ്യമാകുവാനുള്ള നടപടികൾ ഉണ്ടാകണം.
3) ലൈബ്രറി സൌകര്യം ഉറപ്പാക്കുക. ആവശ്യാനുസരണം പുസ്തകങ്ങളും റഫറൻസ് ഗ്രന്ഥങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉണ്ടാകണം. ഡിജിറ്റൽ ലൈബ്രറി സംവിധാനം ഉണ്ടാകണം. എല്ലാ സ്കൂളിലേയ്ക്കും 1 ലക്ഷ രൂപ ലൈബ്രറി പ്രവർത്തനങ്ങൾക്കായി അനുവദിക്കുക.
4) ലാബ് സംവിധാനം എല്ലാ വിഷയങ്ങൾക്കും ഉറപ്പാക്കുക. എല്ലാ വർഷവും ലാബിന് ആവശ്യമായ കെമിക്കലുകളും ഉപകരണങ്ങളും വാങ്ങുവാൻ ഓരോ സ്കൂളിനു 10000 രൂപ അനുവദിക്കുക.
5) കുടിവെള്ളം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിനുവേണ്ടി പൊതുവായി ഒരു വാട്ടർ പ്യൂരിഫയർ അനുവദിക്കുക.
6) കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയലറ്റുകൾ ഉറപ്പാക്കുക.
7) സ്കൂളിന് ചുറ്റുമതിലുകൾ ആവശ്യമാണ്. സെക്യൂരിറ്റി ഗാർഡിൻറെ സേവനം ലഭ്യമാക്കുക
8) കൌമാരക്കാരായ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൻറെ ഭാഗമായി കൌൺസിലറുമാരെ നിയമിക്കുക
9) പ്രഭാതഭക്ഷണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

10) ഹൈസ്കൂൾ വരെയുള്ള ഉച്ചക്കഞ്ഞിയുടെ വേസ്റ്റും മറ്റു ഉപയോഗിച്ച് ഒരു ബയോഗ്യാസ് പ്ലാൻറ് തുടങ്ങുക. അതിലെ ഗ്യാസ് ലാബിൻറെ പ്രവർത്തനങ്ങൾക്കു വേണ്ടി ഉപയോഗിക്കുക

11) മഴവെള്ള സംഭരണികൾ സ്ഥാപിക്കുക, അത് യഥാവിധം പരിപാലിക്കുക

12) സ്കൂളിൻറെ വൈദ്യുത ബിൽ അടയ്ക്കേണ്ട തുക ജില്ലാ പഞ്ചായത്തിൽ നിന്ന് അനുവദിക്കുക. അല്ലെങ്കിൽ സോളാർ പാനലുകൾ സ്ഥാപിക്കുകയും അതിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി യിലേക്ക് പൂൾ ചെയ്യുകയും ചെയ്യുക. ഒരു സ്കൂൾ കേന്ദ്രീകരിച്ച് പ്ലാൻറ് സ്ഥാപിച്ച് ആ വൈദ്യുതി മറ്റ് ചെറിയ സ്കൂളുകൾക്ക് കൂടി ലഭ്യമാക്കുക.

13) കായികപരമായി മുന്നേറ്റം കാഴ്ചവയ്ക്കുന്ന കുട്ടികളെ ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുക. എല്ലാ സ്കൂളുകൾക്കും 10000/- രൂപ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാൻ അനുവദിക്കുക.

14) സ്കൂൾ ക്യാമ്പസിലെ മരങ്ങളെ എണ്ണി തിട്ടപ്പെടുത്തുക. മരങ്ങളെ നമ്പരിടുക, ശാസ്ത്രീയ പേരുവിവരങ്ങൾ പതിപ്പിക്കുക.

15) രക്ഷിതാക്കൾക്ക് ആവശ്യമായ ക്ലാസ്സുകൾ നടത്തുക. സാമൂഹ്യപ്രശ്നങ്ങൾ ശരിയായ രീതിയിൽ പരിഹാരം കാണാനുള്ള പൊതു ജനപരിപാടികൾ നടത്തുക.

16) കരിയർഗൈഡൻസ് ക്ലാസുകൾ എല്ലാ സ്കൂളുകളിലും മെച്ചപ്പെടുത്തുവാനുള്ള സൌകര്യം ഒരുക്കുക.

17) ജില്ലയിലെ കുളങ്ങൾ വൃത്തിയാക്കി നീന്തൽ പരിശീലന കേന്ദ്രങ്ങളാക്കുകയും എല്ലാ കുട്ടികളെയും നീന്തൽ പഠിപ്പിക്കുകയും ചെയ്യുന്നതിനുള്ള സമഗ്ര നടപടികൾ സ്വീകരിക്കുക.

18) സ്കൂൾ അധികൃതരുമായി ചർച്ച ചെയ്തായിരിക്കണം ഫണ്ട് അനുവദിക്കേണ്ടത്. ഫണ്ട് ചിലവഴിക്കാൻ വേണ്ടി മാത്രം അനുവദിക്കുന്നതാവരുത്

19) പ്ലാസ്റ്റിക്കിൻറെ ഉപയോഗം ഒഴിവാക്കുക. എൻറെ മരം,നമ്മുടെ മരം തുടങ്ങിയ പദ്ധതികൾ, ഹരിത ക്യാമ്പസ് ആക്കാനുള്ള നപടികൾ സ്വീകരിക്കുക.

20) അദ്ധ്യാപകരേയും പിടി.എ യേയും ഉൾപ്പെടുത്തി ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ എന്നിവർ യോഗങ്ങൾ വിളിക്കുക

21) ഹയർ സെക്കണ്ടറിയിൽ വിജയശ്രീ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

22) പഠനപിന്നോക്കം നിൽക്കുന്നവരെ കണ്ടെത്തി പ്രത്യേക പരിശീലനം നടത്തുക.

23) പഠനത്തിൽ മുന്നോക്കം നിൽക്കുന്നവർക്കാവശ്യമായ പഠന വസ്തുക്കൾ തയ്യാറാക്കുകയും പ്രഗത്ഭരായ വ്യക്തികളുടെ സേവനം നൽകുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാവുകയും വേണം

24) ഇംഗ്ലീഷ് ആത്മവിശ്വാസത്തോടെ ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ കുട്ടികളെ പ്രാഗത്ഭ്യരാക്കുക. ഇംഗ്ലീഷ് ലാബുകൾ ഉപയോഗപ്പെടുത്തുക. കമ്മ്യൂണിക്കേറ്റീവ് സ്കിൽ വളർത്തുന്നതിനുള്ള അനുബന്ധപ്രവർത്തനങ്ങൾ നടത്തുവാൻ സ്കൂളുകളിൽ ഇടപെടലുകൾ ഉണ്ടാകുക.

5.3.13 വൊക്കേഷണൽ ഹയർസെക്കൻററി വിദ്യാഭ്യാസം

ഉന്നത വിദ്യാഭ്യാസരംഗത്ത് ഏറെ നേട്ടങ്ങൾ കൈവരിച്ച നമ്മുടെ സംസ്ഥാനത്ത് വിദ്യാ സമ്പന്നരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുമ്പോൾ തന്നെ സാങ്കേതിക നൈപുണ്യം കൈവരിച്ചവരുടെ അപര്യാപ്തത പല മേഖലകളുടെയും വികസനത്തിന് വിഘാതമാകുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമൂഹത്തിന് ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിച്ച ഒരു തൊഴിൽശക്തിയെ ലഭ്യമാക്കാനുമാണ് കേരളത്തിൽ തൊഴിലധിഷ്ഠിത ഹയർ സെക്കൻററി പദ്ധതിക്ക് തുടക്കം കുറിച്ചത്. എസ്.എസ്.എൽ.സി / തത്തുല്യ പരീക്ഷ പാസാവുന്ന വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട ഒരു തൊഴിൽ മേഖല തിരഞ്ഞെടുക്കുന്നതിനും പരിശീലനം നേടുന്നതിനും വി.എച്ച്.എസ്.ഇ അവസരം ഒരുക്കുന്നു. അതോടൊപ്പം തന്നെ ഉന്നത പഠനത്തിനായി പ്ലസ് ടു കോഴ്സിന് തുല്യമായ യോഗ്യത നേടാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു.

5.3.14 ലക്ഷ്യം / ഉദ്ദേശ്യം

ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാൻ അനുയോജ്യമായ തൊഴിൽ ശക്തിയെ വാർത്തെടുത്ത് രാജ്യത്തിൻറെ സമ്പത്ത് വ്യവസ്ഥയുടെ വികസനത്തെ ത്വരിതപ്പെടുത്തുക, സാമൂഹിക സുരക്ഷിതത്വവും സമൂഹത്തിൻറെ വളർച്ചയും ഉറപ്പുവരുത്താൻ ഉതകുന്ന തൊഴിൽശക്തിയെ പ്രദാനം നൽകുക. അദ്ധ്യാപകരും വിദ്യാർത്ഥികളും ആർജിച്ച കഴിവുകളും മികവുകളും സമൂഹത്തിൻറെ വികസനത്തിന് പ്രയോജനപ്പെടുത്തുന്നു.

5.3.15 പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ഓരോ വിദ്യാർത്ഥിയും പഠിക്കുന്ന കോഴ്സുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ ഓൺ ദി ജോബ് ട്രെയിനിംഗ് പ്രോഗ്രാം കുട്ടികൾക്ക് നൽകുന്നു. വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രായോഗിക പരിജ്ഞാനം നൽകുന്നതിനും അവരെ കൂടുതൽ തൊഴിൽ നൈപുണ്യം ഉള്ളവരായി മാറ്റുന്നതിനും പ്രൊഡക്ഷൻ കം ട്രെയിംഗ് സെൻററുകൾ നടത്തിവരുന്നു. കൂടാതെ പ്രൊഡക്ഷൻ കം ട്രെനിംഗ് സെൻററുകളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങളുടേയും ഉപകരണങ്ങളുടേയും ബന്ധപ്പെട്ട സേവനങ്ങലും സമൂഹത്തിലേക്ക് എത്തിക്കുന്നതിന് വൊക്കേഷണൽ എക്സ്പോ സംഘടിപ്പിക്കുന്നു.

5.3.16 വൊക്കേഷണൽ ഹയർസെക്കൻററി പാലക്കാട് ജില്ലയിൽ

സംസ്ഥാനത്ത് ഒട്ടാകെയുള്ള വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകൾ വി.എച്ച്.എസ്.ഇ ഡയറക്ടറുടെ ഭരണപരമായ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനു പുറമെ സംസ്ഥാനത്തെ ഏഴ് മേഖലകളായി തിരിച്ച് അസിസ്റ്റൻറ് ഡയറക്ടറുടെ മേൽ നോട്ടത്തിൽ മേഖല കാര്യാലയങ്ങളും പ്രവർത്തിക്കുന്നു. ഇതിൽ കുറ്റിപ്പുറം മേഖലയുടെ കീഴിലാണ് പാലക്കാട് ജില്ല പ്രവർത്തിക്കുന്നത്. ഇതിനു പുറമേ സംസ്ഥാനത്തെ 7 മേഖലകളിലായി തിരിച്ച് അസിസ്റ്റൻറ് ഡയറക്ടറുടെ മേൽനോട്ടത്തിൽ മേഖല കാര്യാലയങ്ങളും പ്രവർത്തിക്കുന്നു. ഇതിൽ കുറ്റിപ്പുറം മേഖലയുടെ കീഴിലാണ് പാലക്കാട് ജില്ല പ്രവർത്തിക്കുന്നത്.

പാലക്കാട് ജില്ലയിൽ ഗവൺമെൻറ് മേഖലയിൽ 18 വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളും എയ്ഡഡ് മേഖലയിൽ 7 വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളുമാണുള്ളത്. പാലക്കാട് ജില്ലയിലെ വിവിധ മേഖലകളിലായി ഈ സ്കൂളുകൾ വ്യാപിച്ചിരിക്കുന്നു. ഓരോ പ്രദേശത്തിൻറെ സ്വഭാവം മനസ്സിലാക്കിയാണ് ഓരോ കോഴ്സുകൾ അനുവദിച്ചിരിക്കുന്നത്. 4 ഗ്രൂപ്പുകളിലായി 8 ബ്രാഞ്ചുകളിലായി 35

കോഴ്സുകളാണ് വൊക്കേഷണൽ ഹയർ സെക്കൻററിയിൽ ഉള്ളത്. ഇതിൽ 21 കോഴ്സുകളാണ് പാലക്കാട് ജില്ലയിൽ ഉള്ളത്. ഇതിൽ വളരെ പ്രധാനപ്പെട്ട തൊഴിൽ സാധ്യതകൾ വളരെ കൂടുതൽ ഉള്ള ഗ്രാഫിക് ഡിസൈനിങ്ങ് ആൻറ് പ്രിൻറിംഗ് ടെക്നോളജി, ബയോമെഡിക്കൽ ആൻറ് എക്യൂപ്മെൻറ് ടെക്നോളജി, ഫാഷൻ ടെക്നോളജി, അഗ്രികൾച്ചർ ഇലക്ട്രിക്കൽ - ആൻറ് ഇലക്ട്രോണിക്സ് മുതലായ കോഴ്സുകളും ഉൾപ്പെടുന്നു.

പാലക്കാട് ജില്ലിയിലെ സാമ്പത്തികമായി ഏറെ താഴെ നിൽക്കുന്ന അതോടൊപ്പം തന്നെ പ്രതികൂല സാഹചര്യങ്ങൾ മൂലം പത്താം ക്ലാസ്സുവരെയുള്ള പഠനത്തിൽ പിന്നോക്കം പോയ വിദ്യാർത്ഥികൾക്ക് ആശ്രയമായി വൊക്കേഷണൽ ഹയർസെക്കൻററി പാലക്കാട് ജില്ലയിൽ പ്രവർത്തിച്ചുവരുന്നത്. സമൂഹത്തിലെ താഴേക്കിടയിലുള്ളവർക്ക് പഠനത്തോടൊപ്പം അവർ ആർജ്ജിച്ചെടുത്ത നൈപുണ്യത്തിൽ നിന്നും കുടുംബങ്ങൾക്ക് കൈതാങ്ങായി മാറാൻ കുട്ടികൾക്ക് കഴിയുന്നു.

5.3.17 പരിമിതികൾ

പാലക്കാട് ജില്ലയിലെ മുഴുവൻ വൊക്കേഷണൽ ഹയർസെക്കൻററി വിദ്യാലയങ്ങളും പരിമിത സാഹചര്യങ്ങളാൽ വീർപ്പ് മുട്ടുന്നു. 30, 40 കുട്ടികൾക്ക് മാത്രം ഇരിക്കാൻ കഴിയുന്ന പഴകിയതും പൊളിഞ്ഞു വീഴാറായതുമായ ക്ലാസ് മുറികളിൽ 60 വിദ്യാർത്ഥികളെ ഇരുത്തി പഠിപ്പിക്കേണ്ട സാഹചര്യത്തിലാണ് മുഴുവൻ വിദ്യാലയങ്ങളും അതോടൊപ്പം തന്നെ ഫർണ്ണീച്ചറുകളുടെ കാര്യമാണെങ്കിൽ വളരെ പരിതാപകരം എന്നേ പറയാനുള്ളൂ. വൊക്കേഷണൽ ഹയർ സെക്കൻറിക്ക് ജില്ലാ പഞ്ചായത്ത് പോലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫർണീച്ചറുകളും മറ്റും നേരിട്ട് ലഭ്യമല്ലാത്തതിനാൽ ഹൈസ്കൂളിൽ നിന്നും മറ്റും ലഭിക്കുന്ന പൊട്ടിപ്പൊളിഞ്ഞ ബഞ്ചുകളും ഡസ്കുകളുമാണ് ഉപയോഗിക്കുന്നത്. അതുപോലെ തന്നെ 4 കുട്ടികൾക്ക് മാത്രം ഇരിക്കാവുന്ന ഡസ്ക്കുകളിലും ബഞ്ചുകളിലും 6 വിദ്യാർത്ഥികളെ ഇരുത്തേണ്ട അവസ്ഥയിലാണ് സ്കൂളുകൾ. ഇത് പഠനത്തെ വളരെ ദോഷകരമായ രീതിയിൽ ബാധിക്കുന്നു.

5.3.18 വി.എച്ച്.എസ്.ഇ

- ആധുനിക ഡിജിറ്റൽ സൌകര്യങ്ങളോട് കൂടിയ ക്ലാസ് മുറികൾ, ഡിജിറ്റൽ പഠന സാമഗ്രികൾ ഉപയോഗിക്കാനുള്ള സൌകര്യങ്ങൾ ഇവ ക്ലാസ്സ് മുറികളിൽ വേണം.
- ഡിജിറ്റൽ ലൈബ്രററികൾ, ലൈബ്രററികൾ, സെമിനാർ ഹാൾ, വായനാമുറികൾ എന്നിവ ആവശ്യമാണ്.
- മികച്ച രീതിയിൽ ഒരുക്കിയ ആധുനിക സൌകര്യങ്ങളോടു കൂടിയ നോൺ വൊക്കേഷണൽ, വൊക്കേഷണൽ ലാബുകൾ
- ക്ലാസു മുറികളെയും ഓഫീസിലെയും സ്റ്റാഫ് റൂമിനെയും ബന്ധിപ്പിച്ചു കൊണ്ടുള്ള പബ്ലിക്ക് അഡ്രസിങ്ങ് സിസ്റ്റം
- കുട്ടികൾക്ക് കുടിവെള്ളം ഉറപ്പുവരുത്തുന്നതിന് വേണ്ടി വാട്ടർ പ്യൂരിഫൈയിംഗ് പ്ലാൻറുകൾ
- തൊഴിൽ നൈപുണ്യം നേടുന്നതിന് ആവശ്യമായ ആധുനിക സൌകര്യങ്ങളുള്ള വർക്ക് ഷോപ്പ്, വൊക്കേഷണൽ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും സേവനങ്ങൾ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ സെയിൽസ് കൌണ്ടറുകൾ.

- പാലക്കാട് ജില്ലയിലെ എല്ലാ വൊക്കേഷണൽ ഹയർസെക്കൻററി സ്കൂളുകളും മികവിൻറെ കേന്ദ്രങ്ങളായി മാറേണ്ടതുണ്ട്. അതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങളും മറ്റ് ആവശ്യങ്ങളും ലഭ്യമാക്കണം.

പട്ടിക 5.3. 16

ജില്ലയിലെ കായികാദ്ധ്യാപകരുടെ എണ്ണം

	ഹൈസ്കൂൾ	യു.പി	എൽ.പി
ഗവൺമെന്റ്	89	8	0
എയ്ഡഡ്	77	15	0
അൺ-എയ്ഡഡ്	21	11	0
ആകെ	187	34	0

എൽ.പി/യു.പി സ്കൂളുകളിൽ 80 പാർട്ട് ഇൻസ്ട്രക്ടേഴ്സിനെ എസ്.എസ്.എ മുഖാന്തിരം താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. ഇവർ 2/3 സ്കൂളികളിലായി ഒരാൾ ജോലി ചെയ്യുന്നു.

- പ്രീ – പ്രൈമറി മുതൽ പ്ലസ് ടു വരെയുള്ള സ്കൂളുകളിൽ അനുയോജ്യമായ കളി ഉപകരണങ്ങളുടെ അപര്യാപ്തത
- സ്പെഷ്യലൈസ്ഡ് കോച്ചിംങ് സെന്ററിന്റെ അപര്യാപ്തത
- സ്പോർട്സ് കൌൺസിലിൻറെയും അസോസിയേഷനുകൾ, ക്ലബുകളുടെ ക്രിയാത്മകമായ ഇടപെടൽ
- പ്രീ- പ്രൈമറി മുതൽ +2 വരെയുള്ള സ്കൂളുകളിൽ, ത്രിതല പഞ്ചായത്ത്, ഗവൺമെന്റ് എന്നിവയുടെ ഇടപെടലുകളിലൂടെ കളിസ്ഥലങ്ങൾ രൂപീകരിക്കുക. നിലവിലുള്ള കളിസ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കാതെയും ചുറ്റുമതിൽ, ഡ്രൈനേജ് തുടങ്ങിയവയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് സംരക്ഷണം ഉറപ്പാക്കുക
- പ്രീ പ്രൈമറി മുതൽ നാലാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് ശാസ്ത്രീയമായി കളികൾ അഭ്യസിക്കുന്നതിനും കായിക സംസ്കാരം രൂപീകരിക്കുന്നതിനും ഒരു പാഠ്യക്രമവും ക്ലാസ് ടൈംടേബിളിൽ അതിനുള്ള സമയവും അനുവദിക്കുക.
- പ്രീ-പ്രൈമറി മുതൽ പ്ലസ് ടു വരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും കായിക സംസ്കാരം വളർത്തുന്നതിനു പര്യാപ്തമായ രീതിയിൽ യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുക കുട്ടികളുടെ എണ്ണം നോക്കാതെ ഒരു സ്കൂളിന് ഒരദ്ധ്യാപകൻ എന്ന രീതിയിലെങ്കിലും യു.പി. ഹൈസ്കൂൾ തലങ്ങളിൽ പാഠപുസ്തകം കൈകാര്യം ചെയ്യാൻ പറ്റുന്ന തരത്തിലുള്ള അനുപാതത്തിൽ അധ്യാപകരെ നിയമിക്കുക. താഴ്ന്ന ക്ലാസ്സുകളിൽ തന്നെ പ്രാദേശിക കളങ്ങളും മറ്റു സൌകര്യങ്ങളും പ്രയോജനപ്പെടുത്തി നീന്തൽ, സൈക്ലിംങ് ഇവ നിർബന്ധമാക്കുക. ക്ലാസുകളുടെ പ്രമോഷൻ കുട്ടികളുടെ കായിക ക്ഷമതയും ഒരു മാനദണ്ഡമാക്കുക. എസ്.എസ്.എൽ.സി മാർക്ക് ലിസ്റ്റിൽ

കായികക്ഷമതയ്ക്ക് ഗ്രേഡിംഗ് എർപ്പെടുത്തുകയും അതനുസരിച്ച് ഉന്നതപഠനത്തിന് വെയിറ്റേജ് നൽകുകയും ചെയ്യുക

- ഹയർ സെക്കണ്ടറിയിൽ ഓപ്ഷണലായി കായിക വിദ്യാഭ്യാസം ഏർപ്പെടുത്തുക
- എല്ലാ സ്കൂളുകളിലും അനുയോജ്യമായ കളി ഉപകരണങ്ങൾ ലക്ഷ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും, ഇവ സൂക്ഷിക്കുന്നതിന് സ്പോർട്സ് റൂമുകൾ നിർമ്മിക്കുകയും വേണം.
- പഞ്ചായത്ത്, സബ്ബ് ജില്ല, ജില്ലാ തലങ്ങളിൽ അതല്റ്റിക്സ് ഗെയിംസ്, നീന്തൽ , തൈ-കോണ്ടോ, തുടങ്ങിയവയ്ക്ക് കോച്ചിംഗ് സെൻററുകൾ ആരംഭിക്കുകയും യോഗ്യരായ കോച്ചുകളുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക. അഞ്ചാം ക്ലാസ്സ് മുതൽ തന്നെ ഈ കോച്ചിംഗ് സെൻറുകളിലേക്ക് അഡ്മിഷൻ ആരംഭിക്കണം
- പൊതുജനങ്ങളിലേക്ക് കായികസംസ്കാരം ഉണ്ടാക്കുന്ന തരത്തിലുള്ള പ്രവർത്തനം സ്പോർട്സ് കൌൺസിലുകളും അസോസിയേഷനുകളും സ്പോർട്സ് ക്ലാസുകളും മാതൃകയാക്കേണ്ടതാണ്.
- ജില്ലാടിസ്ഥാനത്തിൽ അതലറ്റിക്സ്, ഗെയിംസ്, നീന്തൽ, തൈകോണ്ടോ തുടങ്ങിയ മത്സരങ്ങൾ നടത്തുന്നതിന് നിലവാരമുള്ള സ്പോര്ർട്സ് കോംപ്ലക്സ് നിർമ്മിക്കുക
- ടി.പി.എഫ്. പി യുടെ ബി.എം.ഐ ലെ പ്രശ്ന പരിഹാരത്തിന് എല്ലാ വിദ്യാലയത്തിലേയും മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യാനുസരണം പോഷകാഹാരം നൽകാനുള്ള സംവിധാനം.
- കളിയ്ക്കിടയിൽ സംഭവിക്കുന്ന പരിക്കുകൾക്ക് ശാസ്ത്രീയമായി ചികിത്സ ലഭിക്കുന്നതിന് മെഡിക്കൽ സംഘത്തിൻറെ സേവനം ഉറപ്പാക്കുക. കുട്ടികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും മെഡിക്കൽ സംഘത്തിൻറെ സേവനം ഉപയോഗപ്പെടുത്തണം.

5.3.19 ആയുർവ്വേദം - സ്കൂൾ ആരോഗ്യം രംഗത്ത്

സ്കൂൾ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യത്തിന് ആയുർവ്വേദത്തിന്റെ പങ്ക് മഹത്താണ്. അത് ഇപ്പോൾ വളരെ ചുരുങ്ങിയ തോതിൽ മാത്രമെ പ്രയോജനപ്പെടുത്തി വരുന്നുള്ളൂ.സമഗ്ര ആരോഗ്യമെന്നത് ഒരു വിദ്യാർത്ഥിയുടെ സമ്പൂർണ്ണ കായിക, മാനസിക, സാമൂഹിക ആരോഗ്യത്തെ ലക്ഷ്യം വച്ചുള്ളതാണ്. ഒരു രാഷ്ട്രത്തിന്റെ വളർച്ചയിൽ കുട്ടികളുടെ ആരേഗ്യത്തിന് വളരെ വലിയ സ്ഥാനമാണുള്ളത്. ബാല്യകാലത്തിലെ ആരോഗ്യശീലങ്ങൾ ഒരു ആരോഗ്യമുള്ള പൌരനെ വാർത്തെടുക്കാൻ സഹായിക്കുന്നു. ജില്ലയിലെ മികച്ച ഒരു സർക്കാർ വിദ്യാലയത്തിൽ നടത്തിയ മാനസിക ആരോഗ്യ സർവ്വേയിൽ 50% ലേറെ കുട്ടികൾ പല വിധത്തിലുള്ള മാനസിക സംഘർഷങ്ങൾ അനുഭവിച്ചുവരുന്നതായി കണ്ടിട്ടുണ്ട് (ഭാരതീയ ചികിത്സാ വകുപ്പിന്റെ 'താരുണ്യം' പദ്ധതി).

കേരളത്തിലെ പൊതുജനാരോഗ്യ രംഗത്ത് ഭാരതീയ ചികിത്സാ വകുപ്പ് (ആയുർവ്വേദം – ആയുഷ്) കാര്യമായ പങ്ക് വഹിക്കുന്നു. ഉദാഹരണമായി പാലക്കാട് ജില്ലയിൽ 5 സർക്കാർ സ്കൂളുകളിൽ നടത്തി വരുന്ന ബാലമുകുളം പദ്ധതി. സ്കൂൾ ആരോഗ്യ പദ്ധതിയിൽ പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങളെ ആയുർവ്വേദ ജീവിതചര്യയും, വേണ്ടുന്ന സന്ദർഭങ്ങളിൽ ചികിത്സയും ഉപദേശങ്ങളും വളരെ പ്രയോജനപ്രദമായി കണ്ടുവരുന്നു. കൂടാതെ കായിക രംഗത്ത് ഭാരതീയ ചികിത്സാ വകുപ്പിന്റെ സ്പോർട്സ് ആയുർവ്വേദ റിസേർച്ച് സെൽ (എസ്.എ.ആർ.സി) വിവിധ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ആയുർവ്വേദ ആശുപത്രി കേന്ദ്രീകരിച്ച് നടത്തിയ യൂണിറ്റിന്റെ സേവനം ഈ വർഷം പറളി ഹയർ സെക്കന്ററി സ്കൂളിലെ ഉപകേന്ദ്രങ്ങളിലും നല്കി വരുന്നു. ജില്ലയിലെ വിവിധ സ്കൂൾ കായിക മേളയിലും എസ്.എ.ആർ.സി.യുടെ

സേവനം നൽകി വരുന്നു. ഈ സേവനങ്ങൾക്ക് മികച്ച പ്രതികരണങ്ങളാണ് കായിക അദ്ധ്യാപകരിൽ നിന്നും വിവിധ സംഘടനകളിൽ നിന്നും ലഭിക്കുന്നത്.

ഭാവിയിൽ വിദ്യാർത്ഥികളുടെ സമഗ്ര ആരോഗ്യ വികസനത്തിന് താഴെ പറയുന്ന രീതികൾ പ്രയോജനപ്പെടുത്താവുന്നതാണ്.

1. ആയുർവ്വേദത്തിൽ വിവക്ഷിക്കുന്ന നല്ല ആരോഗ്യ ശീലങ്ങൾ പ്രാരംഭ ക്ലാസ്സുകളിൽത്തന്നെ ബോധവത്കരണം നടത്തുക.
2. സ്കൂൾ ആരോഗ്യ പദ്ധതിയിൽ ആയുർവ്വേദത്തിന്റെ പങ്ക് ഉറപ്പാക്കുക.
3. വിദ്യാർത്ഥികളുടെ ആരോഗ്യ പരിപാലനത്തിന് എസ്.എ.ആർ.സി.യുടെ പ്രവർത്തനങ്ങൾ പ്രയോനപ്പെടുത്തുക. അതിനായി സ്കൂൾ, ജില്ല, ഉപജില്ലാ തലത്തിൽ കേന്ദ്രങ്ങളാരംഭിക്കുക.

5.3.20 ഉദ്ദേശ ലക്ഷ്യങ്ങൾ

- അടിസ്ഥാന ആരോഗ്യം ഉറപ്പ് വരുത്തൽ
- കായിക ക്ഷമത വർദ്ധിപ്പിക്കൽ
- വളർച്ചാ വൈകല്യങ്ങൾ, പഠന വൈകല്യങ്ങൾ മറ്റു ആരോഗ്യപരമായ ബുദ്ധിമുട്ടുകളുടെ നേരത്തെയുള്ള കണ്ടെത്തലും അതിന്റെ പരിഹാരവും
- ശരിയായ ആരോഗ്യ പരിപാലനം ചെയ്യാത്തതുകൊണ്ട് ഉണ്ടാകുന്ന, പ്രത്യേകിച്ച് കായിക രംഗത്ത് ഉണ്ടാകുന്ന പരിക്കുകൾ മുതലായവ പ്രശ്നങ്ങളുടെ പരിഹാരം
- ആയൂർവേദ രീത്യാ കായിക ക്ഷമത വിലയിരുത്തുകയും ഭാവിയിലെ താരങ്ങളെ കണ്ടെത്തുകയും വേണ്ട രീതിയിലുള്ള തയ്യാറെടുപ്പുകൾ ആയൂർവേദ രീതിയിൽ ഉൾപ്പെടുത്തി നല്കുക
- ആരോഗ്യ സംരക്ഷണത്തിനായുള്ള നാട്ടറിവുകളുടെ സംരക്ഷണം

5.3.21 സാങ്കേതിക വിദ്യാഭ്യാസം

എല്ലാ എഞ്ചിനീയറിംഗ് കോളേജിലും ഫലപ്രദമായ വ്യവസായ വിദ്യാഭ്യാസ സ്ഥാപന സമ്പർക്ക് പദ്ധതികൾ ആരംഭിക്കുക. സമൂഹത്തിന്റെ പൊതു വികസനത്തിന് ഗുണകരമാവും വിധം ആവശ്യാധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാനുള്ള സ്വാതന്ത്ര്യം കോളേജുകൾക്ക് അക്കാദമിക് ഓട്ടോണമി നല്കുക. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളിലും പ്രത്യേകം നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുക. ഇത്തരം കോഴ്സുകളുടെ സിലബസ്സ് ഓരോ കോളേജുകളും സാങ്കേതിക വിദഗ്ധരുമായി കൂടിയാലോചിച്ച് രൂപപ്പെടുത്തുക. ഗ്രാമീണ സാങ്കേതിക വിദ്യയുടെ സാധ്യതകളെ പുത്തൻ ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ സഹായത്തോടെ പുനരാവിഷ്കരിച്ച് കാർഷിക മേഖലയുടെ പുരോഗതിക്ക് ആവശ്യമായ ഇടപെടലുകൾ നടത്തുക. പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിയുംവിധം പഠിതാക്കളിൽ ആത്മവിശ്വാസം വളർത്തികൊണ്ടു വരുവാൻ സഹായകമായ സ്റ്റാർട്ട് അപ് എക്കോ സിസ്റ്റം ആവിഷ്കരിക്കുക. പുത്തൻ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ആശയങ്ങൾ രൂപപ്പെടുത്തുക. നടപ്പിലാക്കുന്നതിനുള്ള ധനസ്രോതസ്സുകളെ കുറിച്ച, അവ ലോണായി ലഭിക്കുന്നതിൻറെയും തിരിച്ചടക്കേണ്ട രീതികളെ കുറിച്ചും അനുബന്ധ നിയമങ്ങലെകുറിച്ച പടിതാക്കളിൽ അവബോധം സൃഷ്ടിക്കുന്ന സ്റ്റാർട്ട് അപ് സെൻററുകൾ ആരംഭിക്കുക.

ദീർഘകാല പദ്ധതി എന്ന നിലയിൽ പാലക്കാട് പ്രവർത്തനം ആരംഭിച്ച ഐ.ഐ.ടി യുടെയും കേരള സാങ്കേതിക സർവ്വകലാശാലയുടെയും മേൽ നോട്ടത്തിലും നിയന്ത്രണത്തിലും നമ്മുടെ ജില്ലയിൽ ഒരു സാങ്കതിക നൈപുണ്യ പരിശീലന വൈദഗ്ധ്യ വികസന കേന്ദ്രം ആരംഭിക്കണം. നമ്മുടെ കാർഷിക, വ്യവസായിക – വിഭവ മാനേജ് മെൻറ് മേഖലകളിൽ ഫലപ്രദമായി ഇടപെടുവാൻ ശേഷിയുള്ള സാങ്കേതിക വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കലാവണം ഈ കേന്ദ്രത്തിൻറെ പ്രധാന ദൌത്യം.

പാലക്കാട് ജില്ലയിൽ 9 ഗവൺമെൻറ് ഐ.ടി.ഐ കൾ പ്രവർത്തിക്കുന്നു. എസ്.സി.ഡി.ഡി നിയന്ത്രണത്തിൽ 3 ഉം സർക്കാർ അഫിലിയേഷനുള്ള 34 പ്രൈവറ്റ് ഐ.ടി.എ കളുമുണ്ട്. ജില്ലയിൽ എസ്.എസ്.എൽ.സി പാസ്സാവുന്ന കുട്ടികളുടെ എണ്ണം കണക്കാക്കുമ്പോൾ ഐ.ടി.എ പഠന സൌകര്യം കുറവാണെന്നു കാണാം. കാർഷിക മേഖലയുടെ ഭാവി ആവശ്യങ്ങൾ നേരിടുന്നതിനും, ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പര്യാപ്തമായ രീതിയിൽ കൂടുതൽ ഐ.ടി.ഐ കൾ ആരംഭിക്കണം. കാർഷിക ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെ നിർമ്മാണവും, പരിപാലനവും നിർവ്വഹിക്കുവാൻ കഴിയും വിധം ആയിരിക്കണം ഈ മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത്.

ജില്ലയിൽ ആകെ 6 പോളിടെക്നിക്കുകളാണ് ഉള്ളത്. സർക്കാർ സ്വകാര്യ മേഖലയിൽ 3 എണ്ണം വീതം ആകെ സീറ്റുകളുടെ എണ്ണം 1909 ആണ്. ഇതിൽ 949 സീറ്റ് ഗവൺമെൻറ് പോളിടെക്നിക്കുകളിലും, ബാക്കി 960 എണ്ണൺ പ്രൈവറ്റ് പോളിടെക്നിക്കുകളിലും ആണ്. വിദ്യാർത്ഥികൾ താത്പര്യപൂർവ്വം പോളിടെക്നിക് വിദ്യാഭ്യാസത്തിന് എത്തുന്നു എന്നതിൻറെ തെളിവാണ് ഇവിടുത്തെ വിജയ ശതമാനം. ഈ അനുകൂല ഘടകത്തെ ഉപയോഗപ്പെടുത്തി കൂടുതൽ പോളിടെക്നിക്കുകൾ ആരംഭിക്കുവാനും ജില്ലയുടെ കാർഷിക – വ്യാവസായിക വളർച്ചയ്ക്ക് ഉതകും വിധം കൂടുതൽ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുവാനും അതാത് മേഖലകളിൽ വിന്യസിക്കുവാനും കഴിയണം.

5.3.22 യുവജനക്ഷേമം

സംസ്ഥാനത്തെ തന്നെ ഭൂവിസ്തൃതിയിൽ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. ജില്ലയിലെ 88 പഞ്ചായത്തുകളും 7 നഗരസഭകളുമടക്കം 95 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമടങ്ങുന്നതാണ് ജില്ലാ യുവജനകേന്ദ്രത്തിൻറെ പ്രവർത്തന പരിധി. ജില്ലാ യുവജനകേന്ദ്രത്തിനു കീഴിൽ 202 യൂത്ത ക്ലബുകൾ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചു വരുന്നു. 61 യൂത്ത് കോ-ഓർഡിനേറ്റർമാരാണ് നിലവിലുള്ളത്.

സംസ്ഥാനത്തുതന്നെ മാതൃകയാകുന്നതരത്തിൽ പ്രവർത്തനം മെച്ചപ്പെടുത്താൻ വലിയ പരിശ്രമമാണ് നിലവിൽ നടത്തി കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ രണ്ടാമത്തെ ഏറ്റവും വലിയ വ്യവസായമേഖലായ ഉൾകൊള്ളുന്നതും അട്ടപ്പാടിപോലെ ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലങ്ങളടങ്ങുന്നതും, പശ്ചിമഘട്ടമലനിരകളുടെ വാലറ്റ പ്രദേശങ്ങളും ഉൾകൊള്ളുന്ന ജില്ലയാണ് പാലക്കാട്. അതുപോലെ തന്നെ എൻഡോസൽഫാൻ ദുരിതബാധിതരും കടുത്ത വരൾച്ചയെ അഭിമുഖീകരിക്കുന്ന പ്രദേശങ്ങളും ജില്ലയിലുണ്ട്.

ഇത്തരം പ്രശ്നങ്ങളെ മനസ്സിലാക്കി കൊണ്ടാണ് ജലസുരക്ഷയും മാലിന്യ നിർമ്മാർജ്ജനവും ലക്ഷ്യമിട്ട് 500 പേരടങ്ങുന്ന യൂത്ത് ബ്രിഗേഡ് എന്ന സ്ഥിരം സേന രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നത്. പാരിസ്ഥിതിക പ്രവർത്തനത്തിൻറെ സമസ്ത മേഖലകളിലും വിവിധ സംവിധാനങ്ങളുമായും (തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ) സഹകരിച്ച് യൂത്ത് ബ്രഗേഡ് പ്രവർത്തിക്കുന്നു. ആവശ്യമുള്ളയിടങ്ങളിലെല്ലാം യൂത്ത് ബ്രിഗേഡിൻറെ മാനവവിഭവശേഷി നൽകുവാനും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുവാനും നിലവിൽ കഴിയുന്നുണ്ട്. ഹരിത കേരള മിഷൻറെ ജില്ലാ

കേന്ദ്രം നൽകുന്ന പിന്തുണയോടും കൂടിയാണ് യൂത്ത് ബ്രിഗേഡിൻറെ പ്രവർത്തനം സജീവമാക്കി നിലനിർത്താൻ കഴിയുന്നത്.

5.3.23 കല, സംസ്കാരം

കേരള സർക്കാർ സാംസ്കാരിക വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലയിലെ ഏക സ്ഥാപനമാണ് ലക്കിടി കിള്ളികുറിശ്ശി മംഗലം കുഞ്ചൻ നമ്പ്യാർ സ്മാരകം യുഗപ്രഭാവനായ മലയാള മഹാകവി കുഞ്ചൻ നമ്പ്യർ ജനിച്ച (ഏതാണ്ട് 400 വർഷം മുമ്പ് കലക്കത്ത് ഭവനമടങ്ങുന്ന 53 സെൻറ് സ്ഥലം 1976 ൽ സർക്കാർ ഏറ്റെടുക്കുകയായിരുന്നു. ഭവനവും, കവിയെ പ്രസവിച്ച മുറിയും ഇന്നും സംരക്ഷിക്കപ്പെട്ടു വരുന്നു. മൂന്നുതരം തുള്ളലുകളുടെയും ദൃശ്യ രൂപങ്ങളും മച്ചിനകത്ത് കെടാവിളക്കും സംരക്ഷിക്കപ്പെട്ടു വരുന്നു. തുള്ളൽ, നൃത്തം, മൃദംഗം, സംഗീതം ഇവ അഭ്യസിപ്പിക്കുന്ന കലാപീഠം സ്മാരകത്തിന്റെ ഭാഗമാണ്. ജന്മഗൃഹത്തിൽ തന്നെയാണ് ഇവയുടെ കളരിയും നടന്നു വരുന്നത്. മലയാളത്തിന്റെ കവിയുടെ സ്മാരകം കാണാനായി നിരവധിയാളുകൾ, വിദ്യാർത്ഥികൾ ഒക്കെ ഇവിടം സന്ദർശിക്കുന്നുണ്ട്. അവർക്ക് വേണ്ടി തുള്ളൽ ഡമോൺസ്ട്രേഷൻ, വീഡിയോ ലൈബ്രറി, വിശ്രമ മന്ദിരം തുടങ്ങിയവ സ്ഥാപിക്കുക സമിതിയുടെ പരിഗണനയിലുള്ളതാണ്.എല്ലാവർഷവും മെയ്മാസം 5 തീയ്യതി കുഞ്ചൻ ദിനമായാഘോഷിക്കുന്നു. തുള്ളൽ കലാകാരൻമാർക്ക് സംസ്ഥാന തലത്തിൽ അവാർഡ് അന്ന് നൽകുന്നു. തുള്ളൽ കവിയരങ്ങ്, അക്ഷരശ്ലോക സദസ്സ്, എഴുത്താണി എഴുന്നെള്ളിപ്പ് എന്നീ പരിപാടികളും പരമ്പരാഗതമായി നടക്കുന്നുണ്ട്. കുട്ടികളെ എഴുത്തിനിരുത്തുന്ന ഒരു പ്രധാന സ്ഥാപനമാണ് ഇവിടം. എല്ലാ വർഷവും വിദ്യാരംഭത്തിന് 500 ഓളം പേർ വന്നുപോകാറുണ്ട്. തുള്ളലിൻറെ വ്യാപനത്തിനായി സെമിനാറുകൾ, ചർച്ചകൾ, പഠനങ്ങൾ, റിസർച്ചുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള വേദിയായി ഈ സ്മാരകത്തെ മാറ്റണമെന്നാണ് സമിതിയുടെ ആഗ്രഹം. അതിനായി വിപുലമായ ഒരു ലൈബ്രറി ആവശ്യമാണ്. നിലവിൽ വളരെ ചെറിയ തുള്ളൽ കവിതകളുടെ ഒരു സമാഹാരം മാത്രമാണുള്ളത്. 2011 ൽ പണിത നാട്യശാല കാലോചിതമായ പരിഷ്കരണങ്ങൾ ആവശ്യപ്പെടുന്നു. ശബ്ദം, വെളിച്ചം തുടങ്ങി നൂറിലേറെ വർഷം പഴക്കമുള്ള പൈതൃക ഗൃഹം അതേ രീതിയിൽ പുതുക്കി സംരക്ഷിക്കേണ്ടത് ഏറ്റവും അടിയന്തിര പ്രാധാന്യമുള്ളതാണ്.

നിരന്തരമായി സന്ദർശകരെത്തിച്ചേരുന്ന സ്മാരകത്തിലേക്ക് മതിയായ ഗതാഗത സൌകര്യം ഒരുക്കേണ്ടതുണ്ട്. റോഡുകൾ നവീകരിക്കണം. 2008 ൽ ആരംഭിച്ച കലാപീഠത്തിൽ കലാമണ്ഡലം നൽകുന്ന 3 വർഷം ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകളാണ് ഇപ്പോൾ നടക്കുന്നത്. ഇവിടെയുള്ള അദ്ധ്യപകർക്ക് അഡ്ഹോക്ക് ആയാണ് ശമ്പളം നൽകുന്നത്. അവർക്ക് മതിയായ പ്രതിഫലം നൽകാനും, ഡാൻസ്- തുള്ളൽ കോപ്പുകളുടെ സംരക്ഷണത്തിനുമായി വർഷം തോറും വരുന്ന ചിലവ് നിർവ്വഹിക്കേണ്ടതുണ്ട്. 1 പാർട്ട് ടൈം സ്വീപ്പറും, വാച്ചമാൻ കം പ്യൂൺ, ക്ലാർക്ക് എന്നിവരടങ്ങിയ 3 ജീവനക്കാർക്ക് ശമ്പളം നൽകുന്നത്. സർക്കാർ നൽകുന്ന 5 ലക്ഷം രൂപ ഗ്രാന്റിൽ നിന്നാണ്. 25 ലക്ഷം രൂപയെങ്കിലും വാർഷിക ഗ്രാന്റ് ലഭിച്ചാലെ ദൈനംദിന പ്രവർത്തനങ്ങൾ നടന്നുപോകുകയുള്ളൂ. പാലക്കാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കലാതല്പരരായ വ്യക്തി – സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സഹായം കൊണ്ടാണ് നിവർത്തിച്ചു പോരുന്നത്. ഈ സ്മാരകത്തെ സംസ്ഥാന നിലവാരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാനുള്ള സാദ്ധ്യതകളുണ്ട്. അതിനായി തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ, കേരള സർക്കാർ സാംസ്കാരിക വകുപ്പ്, എം.പി –എം.എൽ.എ ഫണ്ട് ഇവരൊക്കെ സഹായിച്ചുകൊണ്ടുള്ള പദ്ധതി ഉണ്ടായാൽ ജില്ലക്ക് തന്നെ അഭിമാനകരമായ ഒരു സാംസ്കാരിക സ്ഥാപനമായി കുഞ്ചൻ നമ്പ്യാർ സ്മാരകം മാറും.

5.3.24 ലൈബ്രറി

ജില്ലയിൽ വിദ്യാഭ്യാസ – സാംസ്കാരിക രംഗത്ത് ഒട്ടേറെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങളുമായി സജീവമായി പ്രവർത്തിക്കുന്ന പ്രസ്ഥാനമാണ് ലൈബ്രറി കൌൺസിൽ അനൌപചാരിക വിദ്യാഭ്യാസ രംഗത്തും കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളോടൊപ്പം നിന്ന് സ്വതന്ത്ര്യ സമരത്തിനു വരെ നേതൃത്വം നല്കുകയും ചെയ്ത പാരമ്പര്യമുള്ള പ്രസ്ഥാനമാണ് ഗ്രന്ഥശാലാ പ്രസ്ഥാനം. വളർന്നുവരുന്ന തലമുറക്ക് വായനയുടെ മാഹാത്മ്യവും അതുകൊണ്ടുണ്ടാവുന്ന അറിവുകളെക്കുറിച്ചും ബോധവത്ക്കരണം നടത്തികൊണ്ട് സമൂഹത്തിലും വിദ്യാർത്ഥികൾക്കിടയിലും പ്രവർത്തിക്കുന്നു. കാലഘട്ടത്തിനനുസരിച്ച് അതാത് കാലത്ത് ആവശ്യപ്പെടുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു. മദ്യവിമുക്തി, നമുക്ക് ജാതിയില്ല, നൂറാം വാർഷികം, പൊതുവിദ്യാഭ്യാസ സംരക്ഷണം, പ്ലാസ്റ്റിക് വിമുക്ത കേരളം, ജൈവപച്ചക്കറി പ്രോത്സാഹനം തുടങ്ങിയ ഒട്ടേറെ പരിപാടികളാണ് ഈ വർഷം ഏറ്റെടുത്ത് നടത്തിയത്

നമ്മുടെ ജില്ലയിൽ സംസ്ഥാന ലൈബ്രറി കൌൺസിൽ അംഗീകരിച്ചിട്ടുള്ള 450 ഗ്രന്ഥശാലകൾ ഉണ്ട്. 450 ഗ്രന്ഥശാലകളും ജില്ലയുടെ ഗ്രാമാന്തരങ്ങളിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും വനിതകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് സജീവമായി പ്രവർത്തിക്കുന്നു. ഇ-വിജ്ഞാന സേവന കേന്ദ്രം, വനിത വയോജന പുസ്തക വിതരണം, വയോജനങ്ങൾക്കുവേണ്ടിയുള്ള പകൽവീട്, പി.എസ്.സി പരിശീലനം, കരിയർ ഗൈഡനസ്, ടൈബൽ മേഖലയിൽ മുന്നേറ്റം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിവരുന്നു. 2016-17 വർഷത്തിൽ 6 താലൂക്കുകളിലായി 100 ലധികം വരുന്ന എ ഗ്രേഡ് ലൈബ്രറികളുണ്ട്. ബി ഗ്രേഡിൽ 120 ലധികം ലൈബ്രറികളും, മറ്റുള്ളവ സി,ഡി, ഇ, എഫ് ഗ്രേഡുകളിലായി പ്രവർത്തിക്കുന്നു. 8000 ലധികം പുസ്തകങ്ങൾ ഉണ്ടെങ്കിലേ എ ഗ്രേഡിലെത്തുകയുള്ളൂ. അതോടൊപ്പം തന്നെ 5 മലയാള പത്രങ്ങളും 2 ഇംഗ്ലീഷ് പത്രങ്ങളും 20 ആനുകാലികങ്ങളും വേണം. ഇത്രയും പുസ്തകങ്ങളും പത്രങ്ങളും ആനുകാലികങ്ങളും വായനശാലകളിൽ ലഭ്യമാക്കാൻ ഏറെ പ്രയാസമുണ്ട്.

ലൈബ്രറി കൌൺസിലിൽ നിന്ന് വർഷന്തോറും കിട്ടുന്ന തുച്ഛമായ ഗ്രാൻറിൽ നിന്നാണ പുസ്തകങ്ങൾ സമാഹരിക്കുന്നത്. വളർന്നുവരുന്ന വായനക്കാരായ വിദ്യാർത്ഥികൾക്കാവശ്യമായ പുസ്തകങ്ങൾ നൽകാൻ പലപ്പോഴും വായനശാലകൾക്ക് കഴിയാറില്ല. വിദ്യാർത്ഥികൾക്ക് ഇ-റീഡിംഗിനാവശ്യമായ സൌകര്യങ്ങളുമില്ല. അതുപോലെ സംഭാവനയായും ഗ്രാന്റ് മുഖേന ലഭിക്കുന്ന പുസ്തകങ്ങൾ സൂക്ഷിക്കാനാവശ്യമായ ബുക്ക് ഷെൽഫുകളും വേണ്ടത്ര ഇല്ല. 450 ലൈബ്രറികളിൽ 300 ലധികം ലൈബ്രറികൾക്കും ആവശ്യമായ കെട്ടിട സൌകര്യങ്ങളുമില്ല. ഉള്ള കെട്ടിടങ്ങൾ മെയിൻറനനസ് ചെയ്യാനും സാമ്പത്തികശേഷിയില്ല. പല സെമിനാറുകളും ബോധവത്ക്കരണം നടത്തുന്നതിനാവശ്യമായ ഹാൾ, ഫർണീച്ചർ, സൌണ്ട് സിസ്റ്റം, എൽ.സി.ഡി പ്രൊജക്ടർ എന്നിവയും ഇല്ല.

വളർന്നുവരുന്ന സമൂഹത്തിലെ വിദ്യാർത്ഥികൾ, ജോലി അന്വേഷിക്കുന്നവർ, പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കാൻ സഹായം ലഭിക്കേണ്ടവർ ഇവരെല്ലാം നിത്യേന വായനശാലയെ സമീപിക്കുന്നു. ആയതിനാൽ വിദ്യാഭ്യാസ –സാംസ്കാരിക രംഗത്ത് സജീവമായി ഇടപെട്ടു കൊണ്ടിരിക്കുന്ന ലൈബ്രറികളുടെ ഉന്നമനത്തിന് താഴെപറയുന്ന പദ്ധതികൾ ജില്ലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കേണ്ടത് അത്യാവശ്യമാണ്.

1. 200 ലധികം വരുന്ന അംഗീകൃത ഗ്രന്ഥശാലകൾക്ക് സുരക്ഷിതമായ കെട്ടിടം, വായനാ മുറികൾ, സെമിനാർ ഹാൾ, കമ്പ്യൂട്ടർ പരിശീലന മുറികൾ എന്നിവ നിർമ്മിച്ചു നല്കണം.
2. പുസ്തകങ്ങൾ സൂക്ഷിക്കാൻ 400 ലധികം ലൈബ്രറികൾക്കും ബുക്ക് ഷെൽഫുകൾ നിർമ്മിച്ചു നൽകണം
3. വളർന്നു വരുന്ന തലമുറയ്ക്കായി പുതിയ സൌകര്യങ്ങൾ ലഭിക്കുന്നതിനായി കമ്പ്യൂട്ടറുകൾ ലൈബ്രറികൾക്ക് നൽകണം.
4. വായനശാലയിൽ വരുമ്പോൾ, പരിപാടികൾ നടത്തുമ്പോൾ, ക്ലാസുകൾ നടത്തുമ്പോൾ, ഉപയോഗിക്കാനാവശ്യമായ ഫർണിച്ചറുകൾ വാങ്ങി നൽകണം.
5. 100 ലധികം ലൈബ്രറികൾ പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു. അവ വാർഷിക അറ്റകുറ്റപണികൾ ചെയ്യണം
6. ഓരോ വായനശാലയിലുമുള്ള ബാലവേദി അംഗങ്ങൾക്കായി പ്രത്യേക ബാലസാഹിത്യ പുസ്തകങ്ങൾ നൽകണം.
7. ബാലവേദി അംഗങ്ങൾക്ക് കലാ-കായിക പരിശീലനത്തിനുള്ള ഉപകരണങ്ങളും സൌകര്യങ്ങളും ക്ലാസ്സുകളും നൽകണം.
8. ജോലി അന്വേഷിക്കുന്ന കുട്ടികൾക്കായി പി.എസ്.സി പരിശീലനത്തിനായി ആവശ്യമായ റഫറൻസ് പുസ്തകങ്ങൾ വാങ്ങിച്ചു നല്കണം.
9. സെമിനാറുകളും ചർച്ചകളും ബോധവത്ക്കരണ ക്ലാസുകളും നടത്തുന്നതിന് എല്ലാ ലൈബ്രറികൾക്കും സൌണ്ട് സിസ്റ്റ് ലഭ്യമാക്കണം.
10. എ ഗ്രേഡ് ലൈബ്രറികൾക്ക് ആവശ്യമായ വൈഫൈ കണക്ഷനുകളും സൌകര്യങ്ങളും ലഭ്യമാക്കണം.
11. വായനശാലകൾ കേന്ദ്രീകരിച്ച് ഓരോ വർഷവും കലാമത്സരങ്ങൾ, ബോധവത്ക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നതിനുള്ള സാമ്പത്തിക സഹായം നല്കണം.
12. ഗ്രാമങ്ങളിലുള്ള ലൈബ്രറികളോട് ചേർന്നുള്ളതും അല്ലാത്തതുമായ ക്ലബ്ബുകൾക്കും കെട്ടിട സൌകര്യങ്ങൾ, മറ്റുപകരണങ്ങൾ, പരിശീലനം നടത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം എന്നിവ നല്കണം.
13. ക്ലബ്ബുകളുടെയും വായനശാലകളുടേയും നേതൃത്വത്തിൽ കൃഷി, വനംവകുപ്പുകളുടെ സഹായത്തോടെ ചെടികൾ വച്ച് പിടിപ്പിക്കൽ, സംരക്ഷണം, ജൈവപച്ചക്കറി വിത്തുകൾ, ചെടികൾ വിതരണം, പാലിയേറ്റീവ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം നൽകണം.
14. എല്ലാ വായനശാലകളിലും ആവശ്യമായ മലയാള പത്രങ്ങൾ, ഇംഗ്ലീഷ് പത്രങ്ങൾ, പ്രധാനപ്പെട്ട ആനുകാലികങ്ങൾ എന്നിവയ്ക്ക് വാർഷിക വരിസംഖ്യ എടുത്ത് എത്തിക്കൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകണം.

15. വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും യുവാക്കൾക്കുമായി ശാസ്ത്രബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകണം

16. ഓരോ പഞ്ചായത്തിലും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സാംസ്കാരിക സെമിനാറുകൾ, കലാ-സാംസ്കാരിക സന്ധ്യകൾ സംഘടിപ്പിക്കുന്നതിന് സഹായം അനുവദിക്കണം.

17. ഹോം ലൈബ്രറികളും സഞ്ചരിക്കുന്ന ലൈബ്രറികളും ഓരോ വായനശാലയുമായി ബന്ധപ്പെട്ട് ഉണ്ടാകണം.

5.3.25 സാക്ഷരത

ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്ത്, നഗരസഭ വാർഡുകളിലും സർവ്വേ നടത്തി നിരക്ഷരരായ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി ലിസ്റ്റ് കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കണം. സർവ്വെ നടത്തുന്നതിനുള്ള ചെലവും നടത്തുന്നതിന് താല്പര്യമുള്ള ടീമും ആവശ്യമാണ്. ലിസ്റ്റ് തയ്യാറാക്കി ക്ലാസ്സുകൾ ഒരുക്കി എല്ലാവരേയും പഠിക്കുന്നതിന് തയ്യാറാക്കണം. അവർക്ക് പഠനോപകരണങ്ങളും കണ്ണടയും നൽകണം. മുടക്കം വരാതെ കൃത്യമായി ക്ലാസുകൾ നടത്തണം. പഠിപ്പിക്കാൻ ആത്മാർത്ഥയുള്ള ഇൻസ്ട്രക്ടർമാർ വേണം. ഇൻസ്ട്രക്ടർമാർക്ക് ഓണറേറിയം നൽകണം. പഠിതാക്കൾക്ക് ലഘുഭക്ഷണവും, ചായയും നൽകണം. പ്രമുഖരായവർ ക്ലാസുകൾ സന്ദർശിച്ച് പ്രോത്സാഹനം നൽകണം. കൃത്യമായി പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനും കഴിയണം. ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി പ്രോജക്ട് ആവശ്യമാണ്.

നാലാംതരം തുല്യതാ കോഴ്സ് സർവ്വേ നടത്തി നാലാംതരം പാസ്സാക്കിയിട്ടില്ലാത്ത മുഴുവൻ പഠിതാക്കേളയും കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി ക്ലാസ്സുകളിൽ എത്തിക്കാൻ കഴിയണം. പഠിതാക്കൾക്ക് ജനന തീയ്യതി സർട്ടിഫിക്കറ്റുകൾ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും മുൻകൈയ്യെടുത്ത് നൽകണം. പഠനോപകരണങ്ങളും കണ്ണടയും നൽകണം. ക്ലാസ്സുകൾ കൃത്യമായി നടത്തുന്നതിന് ഇൻസ്ട്രകർമാരെ ചുമതലപ്പെടുത്തണം. അവർക്ക് ഓണറേറിയം നൽകേണ്ടതുണ്ട്. പരീക്ഷ കൃത്യമായി നടത്തി സർട്ടിഫിക്കറ്റ് നൽകേണ്ടതുണ്ട്. പരീക്ഷ നടത്തിപ്പിനുള്ള ചെലവുകളും, പഠിതാക്കൾക്ക് ഭക്ഷണവും നൽകേണ്ടതുണ്ട്.

ഏഴാം തരം തുല്യതാ കോഴ്സ് നാലാംതരം പാസ്സായവർക്ക് ഏഴാംതരം ചേർന്ന് പഠിക്കാം. സർവ്വേ നടത്തി ലിസ്റ്റ് തയ്യാറാക്കണം. എന്നാൽ ജനനതീയ്യതി സർട്ടിഫിക്കറ്റ് ഇല്ലാത്തതുകൊണ്ട് പഠിക്കാൻ കഴിയുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ജനനതീയ്യതി സർട്ടിഫിക്കറ്റുകൾ നൽകേണ്ടതുണ്ട്. പാഠപുസ്തകങ്ങളും കണ്ണടയും നൽകണം. ക്ലാസുകൾ ഡിഗ്രി യോഗ്യതയുള്ള ഇൻസ്ട്രക്ടർ മാരെ വെച്ച് കൃത്യമായി നടത്തേണ്ടതുണ്ട്. പഠിതാക്കൾക്ക് ചായയും ലഘുഭക്ഷണവും നൽകണം. കൃത്യമായി പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകണം. രണ്ടുദിവസങ്ങളിലായി നടത്തുന്ന പരീക്ഷ നടത്തിപ്പിൻറെ ചെലവും പഠിതാക്കൾക്ക് ഭക്ഷണവും നൽകേണ്ടതുണ്ട്.

പത്താം തരം തുല്യതാ കോഴ്സ് ഏഴാം തരം പാസ്സായവർക്കും, പത്താംതരം പാസ്സാവാൻ കഴിയാത്തവർക്കും പത്താംതരം തുല്യതാ കോഴ്സുകൾ ചേർന്ന് പഠിക്കാവുന്നതാണ്. സർവ്വേ നടത്തി പത്താംതരം പാസ്സായിട്ടില്ലാത്തവരുടെ ലിസ്റ്റ് തയ്യാറാക്കി മുഴുവൻ പേരെയും പഠനത്തിനൊരുക്കേണ്ടതുണ്ട്. കോഴ്സ് ഫീസ് അടക്കാൻ ബുദ്ധിമുട്ടുള്ളവർക്കായി പ്രോജക്ട് വേക്കേണ്ടതാണ്. പ്രധാനപ്രശ്നം ചേർന്നതിൽ പകുതിയോളം പേർ ക്ലാസ്സിൽ എത്താതിരിക്കുയോ, പങ്കെടുക്കുന്നവരിൽ വീഴ്ച വരുത്തി പരീക്ഷ എഴുത്താതിരിക്കുയോ ചെയ്യുന്നു.ചേർന്ന മുഴുവൻ പേരെയും ക്ലാസിലെത്തിച്ച് പരീക്ഷിയിൽ പങ്കെടുപ്പിക്കുന്നതിന് പ്രത്യേക ശ്രമങ്ങൾ ആവശ്യമാണ്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ് സ്കൂളിൽ പത്താം ക്ലാസ്സ് പാസ്സായ 22 വയസ്സ് പൂർത്തിയായവർക്കും തുല്യത പത്താംക്ലാസ്സ് പാസ്സായവർക്കും ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് ചേരാവുന്നതാണ്. കോഴ്സ് ഫീസ് അടക്കാൻ ബുദ്ധിമുട്ടുന്നവർക്കായി പ്രോജക്ട് വെക്കേണ്ടതാണ്. ഹ്യൂമാനിറ്റീസ്, കോമേഴ്സ് കോഴ്സുകളാണ് ഇപ്പോഴുള്ളത്. ഹയർസെക്കണ്ടറി തോറ്റവർ വളരെയധികം ഈ കോഴ്സിൽ ചേരുന്നുണ്ട്. സയൻസ് വിഷയങ്ങളിലും കോഴ്സ് ആവശ്യമാണ്. യോഗ്യതയുള്ള അദ്ധ്യാപകരെ ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടുന്നു. കോഴ്സിനു ചേരുന്നവരിൽ പകുതിലേറെ പേരും ക്ലാസുകളിൽ എത്തുകയോ കോഴ്സ് പൂർത്തീയാക്കുകയോ ചെയ്യുന്നില്ല. 50 പേർക്കാണ് ഒരു ക്ലാസ് അനുവദിക്കുന്നത്.

ഇതര സംസ്ഥാന തൊഴിലാളി സാക്ഷരത പഠിതാക്കൾ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇവർ തൊഴിലെടുത്ത് കുടുംബം പുലർത്താനെത്തിയവരാണ്. കൂടുതൽ സമയം അവധിയില്ലാതെ, വിശ്രമമില്ലാതെ പണിയെടുത്താണ് ഇവർ വളരെ പരിമിതികളുള്ള താമസ സ്ഥലങ്ങളിൽ ഒതുങ്ങി ജീവിക്കുന്നത്. ഇവരെ കണ്ടെത്തി കാര്യങ്ങൾ ധരിപ്പിച്ച് ക്ലാസ്സുകൾ ഒരുക്കി പഠിപ്പിക്കുന്നതിന് വളരെ കഴിവുള്ള അദ്ധ്യാപകരെ ഏർപ്പെടുത്തിയാ മാത്രമേ ക്ലാസ്സുകൾ നടത്തി മലയാളം പഠിപ്പിക്കുന്നതിന് സാധിക്കുകയുള്ളൂ. ഇവരെ കണ്ടെത്തുന്നതിനുള്ള സർവ്വേ നടത്തി ലിസ്റ്റ് തയ്യാറാക്കണം. പഠിക്കാൻ തയ്യാറുള്ളവരെ കണ്ടെത്തി ക്ലാസുകൾ ഒരുക്കണം. വിവിധ ഫാക്ടറികളിലും ഏജൻറുമാരുടേയും കീഴിൽ ജോലി ചെയ്യുന്നവരായതുകൊണ്ട് അവരുടെ അനുമതിയും സഹകരണവും ഒഴിച്ചു കൂടാനാവാത്തതാണ്. അതുപോലെ താമസസൌകര്യം നൽകുന്നവരുടേയും സഹകരണം ആവശ്യമാണ്. ഹിന്ദിയും മലയാളവും കൈകാര്യം ചെയ്യുന്നവരാകണം അദ്ധ്യാപകർ. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വളരെ മുൻകൈ എടുക്കുകയും പ്രവർത്തനം മുന്നോട്ടു നയിക്കേണ്ടതും ആവശ്യമാണ്. പാലക്കാട് ജില്ലയിൽ മുതലമട ഗ്രാമപഞ്ചായത്തിലാണ് ഇതര സംസ്ഥാന തൊഴിലാളി സാക്ഷരതാ പരിപാടി നടത്തുന്നത്. ആവശ്യമായ പ്രോജക്ടുകൾ വെക്കേണ്ടതുണ്ട്. ലേബർ, സാമൂഹ്യനീതി, ആരോഗ്യം, പോലീസ് ഡിപ്പാർട്ട്മെൻറുകളുടെ സഹകരണം ആവശ്യമാണ്.

ട്രാൻസ്ജൻഡേഴ്സ് സാക്ഷരാ പരിപാടി : ട്രാൻസ്ജന്റേഡേഴ്സുകളെ സർവ്വേ നടത്തി കണ്ടെത്തേണ്ടതുണ്ട്. അതിനായി അവരെത്തന്നെ സർവ്വേക്കായി ചുമതലപ്പെടുത്തി. 42 പേരെയാണ് സർവ്വേയിലൂടെ കണ്ടെത്തിയത്. ഇവരെ നാലാംതരം, ഏഴാംതരം, പത്താംതരം, ഹയർസെക്കണ്ടറി ക്ലാസുകളിലെത്തിക്കേണ്ടതുണ്ട്. ട്രാൻസ്ജന്റേഡേഴ്സ് സംഗമം നടത്തി പറഞ്ഞെങ്കിലും ആരും തന്നെ പഠിക്കുന്നതിന് താല്പര്യം എടുത്തില്ല. 15 പേരുണ്ടെങ്കിൽ അവരുടെ സംഘടനയുമായി ബന്ധപ്പെട്ട് ക്ലാസ്സു നടത്താമെന്നും ഫീസ് സൌജന്യമാണെന്നും അറിയിച്ചെങ്കിലും ആരും തന്നെ തുല്യത കോഴ്സ്സിന് എത്തിയില്ല.

അട്ടപ്പാടി സാക്ഷരതാ പരിപാടി അട്ടപ്പാടിയിൽ പരിപൂർണ്ണാ സാക്ഷരതാ കൈവരിക്കുന്നതിന് സാക്ഷരത പരിപാടി നടത്തിവരുന്നു. 94 ഊരുകളിൽ ഒന്നാം ഘട്ടം നടത്തി ഈ ഊരുകളിൽ രണ്ടാം ഘട്ടമായി നാലാം തരം തുല്യത ക്ലാസ്സുകളും മറ്റ് ഊരുകളിൽ സാക്ഷരത പരിപാടിയും നടത്തുന്നതിനും ജനപ്രതിനിധികളുമായി സഹകരിച്ച് സർവ്വേ പൂർത്തിയാക്കി ക്ലാസ്സുകൾ ആരംഭിച്ചു. പാലക്കാട് നഗരത്തിൽനിന്ന് വളരെ അകലെ സ്ഥിതി ചെയ്യുന്ന അട്ടപ്പാടി ഊരുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തുന്നതിന് വാഹനസൌകര്യം, താമസസൌകര്യം എന്നിവ അത്യാവശ്യമാണ്. മുഴുവൻ പഠിതാക്കളേയും ക്ലാസ്സുകളിലെത്തിക്കുന്നതിനും കൃത്യമായി ക്ലാസുകൾ നടത്തുന്നതിനും ആവശ്യമായ പ്രോജക്ട് ആവശ്യമാണ്.

5.3.26 ആർ.എം.എസ്.എ പാലക്കാട്

രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ) പദ്ധതിക്ക് 2009 ൽ തുടക്കം കുറിച്ചു. സെക്കണ്ടറി വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെൻറ് നിരക്ക് 5 വർഷത്തിനുള്ളിൽ 75% വർദ്ധിപ്പിക്കുക. എല്ലാ കുട്ടികൾക്കും അവരവരുടെ വീടുകളിൽ നിന്നും സ്വീകാര്യമായ ദൂരത്തിൽ സെക്കൻററി സ്കൂളുകൾ ഉണ്ടായിരിക്കുക എന്നിവ പ്രധാന ലക്ഷ്യങ്ങളാണ്. പാലക്കാട് ജില്ലയിൽ ആർ.എം.എസ്.എ സ്കീമിൽ ഉൾപ്പെടുന്ന സ്കൂളുകൾ താഴെ പറയുന്നവയാണ്.

പട്ടിക 5.3.17

ക്രമ നം	സ്കൂളിൻറെ പേര്	ക്രമ നം	സ്കൂളിൻറെ പേര്
1.	ജി.എച്ച്.എസ് ബെമ്മണ്ണൂർ	11	ജി.എച്ച്.എസ് കൊട്ടുമുണ്ട് (വെസ്റ്റ്)
2.	ജി.എച്ച്.എസ് കല്ലിങ്കൽപാടം	12	ജി.എച്ച്.എസ് തേനാരി
3.	ജി.എച്ച്.എസ് നെല്ലികുറിശ്ശി	13	ജി.എച്ച്.എസ് തെങ്കര
4.	ജി.എച്ച്.എസ് ഗുഡല്ലൂർ	14	ജി.എച്ച്.എസ് തിരുവാഴിയോട്
5.	ജി.എച്ച്.എസ് കുഴൽമന്ദം	15	ജി.എച്ച്.എസ് ഉമ്മിണി
6.	ജി.എച്ച്.എസ് മട്ടത്തുകാട്	16	ജി.എച്ച്.എസ് വടശ്ശേരിപുറം
7.	ജി.എച്ച്.എസ് മീനാക്ഷിപുരം	17	ജി.എച്ച്.എസ് വല്ലപ്പുഴ
8.	ജി.എച്ച്.എസ് മുടപ്പല്ലൂർ	18	ജി.എച്ച്.എസ് വെണ്ണക്കര
9.	ജി.എച്ച്.എസ് നാഗലശ്ശേരി	19	ജി.എച്ച്.എസ് വിളയൂർ
10.	ജി.എച്ച്.എസ് നന്ദിയോട്	20	ജി.എച്ച്.എസ് പാലൂർ

പാലക്കാട് ജില്ലക്ക് ആർ.എം.എസ്.എ ഗ്രാൻറ് ആയി 45,50,000/- രൂപ അനുവദിച്ചു.

5.3.27 നിർദ്ദേശങ്ങൾ

- പഞ്ചായത്ത് തലത്തിൽ പ്രീപ്രൈമറി കുട്ടികൾക്കായി കലാകായിക ഉത്സവങ്ങൾ സംഘടിപ്പിക്കണം
- 75% വിദ്യാലയങ്ങളിലും പ്ലേ ഗ്രൌണ്ട് ഇല്ല എന്നതും അതു പ്രൈമറി സ്കൂളിലാണെന്നതും ശ്രദ്ധാർഹമാണ്. അല്ലെങ്കിൽ വാർഡിൽ ഒരു പൊതു കളിസ്ഥലം ഉണ്ടാക്കാൻ ശ്രമിക്കുകയും വേണം.
- എല്ലാ വിദ്യാലയങ്ങളിലും സമയബന്ധിതമായി വിശ്രമമുറി, മൾട്ടിമീഡിയ റൂ, ചിൽഡ്രൻസ് പാർക്ക്, ഡൈനിംഗ് ഹാൾ, ആക്ടിവിറ്റി റൂം അസംബ്ലി ഹാൾ എന്നിവ സജ്ജീകരിക്കണം.
- പെൺകുട്ടികളുടെ എണ്ണത്തിന് അനുസരിച്ച് ടോയലറ്റുകൾ / നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവ ലഭ്യമാക്കണം.
- എല്ലാ വിദ്യാലയങ്ങളിലും ഉച്ചഭക്ഷണ അവശിഷ്ടങ്ങൾ, മറ്റു മാലിന്യങ്ങൾ എന്നിവ നിർമ്മാർജ്ജനം ചെയ്യാൻ പദ്ധതി ഉറപ്പാക്കണം.
- വാഹനസൌകര്യം സ്കൂൾ സമയത്തെ അപഹരിക്കരുത്. സ്കൂൾബസ് പഞ്ചായത്ത് തലത്തിൽ പൂൾ ചെയ്ത് പൊതു സംവിധാനം ആക്കണം.

- സ്കൂൾ ആകർഷകവും ഹരിതാഭവും ജൈവവൈവിധ്യ കേന്ദ്രങ്ങളുമാകണം.
- എല്ലാ വിദ്യാലയങ്ങളിലും ഹെൽത്ത് ക്ലിനിക്കുകൾ, കൌൺസലിംഗ് കേന്ദ്രങ്ങളും ഉണ്ടാകണം
- ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പ് ഹൈഡ് മാസ്റ്റർക്ക് അധികഭാരം ഉണ്ടാക്കുന്നു. എല്ലാ ചെറിയ സ്കൂളുകളിലും ഉച്ചഭക്ഷണ അടുക്കള, മറ്റ് സംവിധാനങ്ങൾ എന്നിവക്ക് പകരം പഞ്ചായത്ത് ഒരിടത്ത് ആധുക സൌകര്യങ്ങളുടെ കമ്മ്യൂണിറ്റി കിച്ചൻ എന്ന സംവിധാനം ആലോചിക്കാവുന്നതാണ്. നിലവിലുള്ള പാചകത്തൊഴിലാളികളും കുടുംബശ്രീ യൂണിറ്റുകളും ശ്രമിച്ചാൽ ഇരട്ടിപ്പ് ഒഴിവാക്കാനും മികച്ച ഭക്ഷണം നൽകാനും കഴിയും.
- കലാകായിക മത്സരങ്ങൾ വലിയ ദുർവ്യയത്തിനും സംഘാടനത്തിനും ഇടവരുത്തുന്നു. ഇത് പഞ്ചായത്ത് തലത്തിൽ വികേന്ദ്രീകരിച്ച് സ്ക്രീൻ ചെയ്യുകയും സബ് ജില്ലാതലം മികച്ച മത്സരകേന്ദ്രങ്ങളാവുകയും വേണം.
- പാലക്കാട് കേന്ദ്രമാക്കി ഒരു വിദ്യാഭ്യാസ കോപ്ലംക്സ് സ്ഥാപിക്കണം. ഈ കോംപ്ലക്സിൽ ഡി.ഡി.ഇ, ഡി.ഇ.ഒ, എ.ഇ.ഒ, എസ്.എസ്.എ, ആർ.എം.എസ്.എ, ഐ.ടി@ സ്കൂൾ, ട്രൈയിനിംഗ് ഹാൾ, കോൺഫറൻസ് ഹാൾ എന്നി സജ്ജീകരിക്കണം
- ഹൈസ്കൂൾ കുട്ടികളുടെ തൊഴിൽ നൈപുണ്യ വികസനത്തിന് മാസ്റ്റർ പ്ലാൻ ഉണ്ടാക്കണം. ആധുനിക സാധ്യതയുള്ള 40 ഓളം തൊഴിൽ മേഖലകൾ കണ്ടെത്തുകയും 8 ആം ക്ലാസ്സ് മുതൽ ഒരു വിഷയമേഖലയിൽ തുടർച്ചയായി പരിശീലനവും പ്രായോഗിക അനുഭവവും നൽകണം.
- എൽ.ഡി കുട്ടികളുടെ പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും വിദ്യാഭ്യാസ ജില്ലാതലത്തിൽ നടക്കണം. ഇതിന് സ്ഥിരം സംവിധാനം വേണം.
- ഇ-വെയ്സ്റ്റ് മാനേജ്മെൻറ് ക്ലീൻ കേരള മിഷനുമായി സഹകരിച്ച് പദ്ധതി ജില്ലാതലത്തിൽ ഉണ്ടാവണം.
- സ്കൂൾ 4 മണിക്ക് അടച്ചു പൂട്ടുന്നത് ആവരുത്. സാമൂഹ്യ ആവശ്യങ്ങൾക്ക് (കൃഷി, ആരോഗ്യം, വയോജന വിദ്യാഭ്യാസം) തുറന്നിരിക്കണം. ഈ രംഗത്തുള്ളവരുടെ തുടർപഠന കേന്ദ്രങ്ങളായി സ്കൂളുകൾ മാറണം.
- നോൺ കൺവൻഷണൽ ഏനർജി റിസോഴ്സസ് വൻതോതിൽ സ്കൂളിൽ എത്തണം.
- ഗ്യാസ് പ്ലാൻറുകളിൽ. വെയിസ്റ്റ് മാനേജ്മെൻറ്, സോളാർ ഇലക്ട്രിസിറ്റി എന്നിവ ഉറപ്പാക്കണം.

5.3.28 ഹയർസെക്കൻററി

- കുട്ടികൾക്ക് ഇംഗ്ലീഷ് ഭാക്ഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തി ലഭിക്കുന്ന വിധത്തിൽ, അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കണം.
- ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിന് അദ്ധ്യാപകരെയും പ്രാപ്തരാക്കണം. പരിശീലനം ആസൂത്രണം ചെയ്യണം
- എല്ലാ സ്കൂളിലും ക്ലാർക്ക്, മിനീസ്റ്റീരയൽ സ്റ്റാഫ് തസ്തികൾ സൃഷ്ടിച്ച് നിയമനം നടത്തണം

- കരിയർ ഗൈഡൻസ്, കൌൺസലിംഗ് വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുക, ഒരു ഉപജില്ലയിൽ ഒന്ന് എന്ന നിലയിലെങ്കിലും വിദ്ഗദ്ധർ ഉൾപ്പെടുന്ന കരിയർ ഗൈഡൻസ് / കൌൺസിലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുക.
- അദ്ധ്യാപക പരിശീലനങ്ങൾ കൃത്യമായി നടപ്പിലാക്കുക. പരിശീലനങ്ങളിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ ക്ലാസ് റൂമിൽ വിനിമയം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക.
- ലൈബ്രറിയും ലൈബ്രറിയൻ തസ്തികയും അനുവദിക്കുക.

നിർദ്ദേശങ്ങൾ

- കോളേജ് വിദ്യാഭ്യാസ മേഖലയിൽ പൊതു വിദ്യാഭ്യാസ ധാരയിൽ തൊഴിൽ ഗവേഷണ സാധ്യതയുള്ള കൂടുതൽ കോഴ്സുകൾ ആരംഭിക്കുക.
- കോളേജുകൾ അടിസ്ഥാനമാക്കി പഠന ബോർഡുകൾ രൂപീകരിക്കുയും അക്കാദമിക ഓട്ടോണമിയെ ഉപയോഗപ്പെടുത്തി ബിരുദ പഠനത്തിൻറെ ഭാഗമായി നൂതന കോഴ്സുകൾ ഉൾപ്പെടുത്തി യുവതതലമുറയെ പ്രാദേശിക വികസന പ്രക്രിയയിൽ പങ്കാളികളാക്കാൻ പ്രാപ്തരാക്കണം.
- ഡിഗ്രി പഠനത്തിനൊപ്പം ഏതെങ്കിലും നൈപുണ്യ വികസാനം ഉറപ്പുവരുത്തുന്ന ഘടകങ്ങൾ കരക്കുലത്തിൻറെ ഭാഗമാക്കുക.
- ഗവേഷണതലപരരായവരെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിനായി ജില്ലയിൽ തന്നെ ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കണം.
- പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ടു വരുന്ന പോരായ്മകൾ പരിഹരിക്കുവാൻ ആദ്യ ഹയർ എഡ്യൂക്കേഷൻ കൌൺസിൽ നിർദ്ദേശിച്ച തരത്തിൽ കോളേജ് ക്ലസ്റ്റർ സംവിധാനം നടപ്പിലാക്കണം.
- ജില്ലാതല ക്ലസ്റ്റർ സംവിധാനത്തിനു നേതൃത്വം ഗവൺമെൻറ് കോളേജുകൾക്ക് നൽകുകയും കാര്യക്ഷമമായ പ്രവർത്തനം ഉറപ്പു വരുത്തിയ ശേഷം അത്തരം കോളേജുകളെ ഭാവിയിൽ സർവ്വകലാശാല പദവിയിലേക്ക് ഉയർത്തേണ്ടതുമാണ്.
- കോളേജ് പ്രവേശനത്തിന് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന ക്യാംപ് സംവിധാനത്തിലെ പോരായ്മകൾ പരിഹരിക്കണം. ഇതിൻറെ ഭാഗമായി പഠിതാവ് ഇഷ്ടപ്പെടുന്ന കോഴ്സ് കോളേജിൽ പഠിക്കുവാനുള്ള അവസരം മെറിറ്റ് മാനദണ്ഡം അട്ടിമറിക്കാതെ മ്യൂച്ചൽ ട്രാൻഫർ രീതിയിൽ നടപ്പാക്കണം.
- ജില്ലാതലത്തിൽ ഒരു ഹയർ എഡ്യൂക്കേഷൻ ആക്ടിവിറ്റി റിസോഴ്സസ് ഹെയർസെൽ രൂപീകരിക്കണം. കോളേജുകൾ നേരിടുന്ന ഫാക്കൽറ്റി ഷോർട്ടേജ് താത്കാലികമായി പരിഹരിക്കുന്നതിനും, ജില്ലാകേന്ദ്രീകരിച്ചുള്ള മൂല്യനിർണ്ണയം വേഗത്തിലാക്കുന്നതിനും, ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ സംവിധാനം ഉപയോഗപ്പെടും.
- എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും ഫലപ്രദമായ വ്യവസായ വിദ്യാഭ്യാസ സ്ഥാപന സമ്പർക്ക പദ്ധതികൾ ആരംഭിക്കുക.

- സമൂഹത്തിൻറെ പൊതു വികസനത്തിന് ഗുണകരമാവും വിധം ആവശ്യാധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുവാനുള്ള സ്വാതന്ത്രം കോളേജുകൾക്ക് അക്കാദമിക് ഓട്ടോണമി നൽകുക. ഇതിൻറെ അടിസ്ഥാനത്തിൽ എല്ലാ കോളേജുകളിലും പ്രത്യേകം നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുക. കോഴസ്സുകളുടെ സിലബസ്സ് ഓരോ കോളേജുകളും സാങ്കേതിക വിദഗ്ധരുമായി കൂടിയാലോചിച്ച് രൂപപ്പെടുത്തുക.
- ഗ്രാമീണ സാങ്കേതിക വിദ്യയുടെ സാധ്യതകളെ പുത്തൻ ശാസ്ത്ര സാങ്കേതിക നേട്ടങ്ങളുടെ സഹായത്തോടെ പുരാവിഷ്കരിച്ച് കാർഷിക മേഖലയുടെ പുരോഗതിക്ക് ആവശ്യമായ ഇടപെടലുകൾ നടത്തുക.
- പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ ആരംഭിക്കുവാൻ കഴിയുംവിധം പഠിതാക്കളിൽ ആത്മ വിശ്വാസം വളർത്തികൊണ്ടുവരുവാൻ സഹായകമായ (സ്റ്റാർട്ട് അപ് ഇക്കോ സിസ്റ്റം) ആവിഷ്കരിക്കുക. പുത്തൻ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ആശയങ്ങൾ രൂപപ്പെടുത്തുക. നടപ്പിലാക്കുന്നതിനുള്ള ധനസ്രോതസ്സുകളെ കുറിച്ചും, അവ ലോണായി ലഭിക്കുന്നതിൻറെയും, തിരിച്ചടക്കേണ്ട രീതികളെകുറിച്ചും അനുബന്ധ നിയമങ്ങളെ കുറിച്ചു പഠിതാക്കളിൽ അവബോധം സൃഷ്ടിക്കുന്ന സ്റ്റാർട്ട് അപ് സെൻററുകൾ ആരംഭിക്കുക.
- ദീർഘകാല പദ്ധതി എന്ന നിലയിൽ പാലക്കാട് പ്രവർത്തനം ആരംഭിച്ച ഐ.ഐ.ടി യുടേയും കേരള സാങ്കേതിക സർവ്വകലാശാലയുടേയും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നമ്മുടെ ജില്ലയിൽ ഒരു സാങ്കേതിക നൈപുണ്യ പരിശീലന വൈദഗ്ധ്യ വികസന കേന്ദ്രം ആരംഭിക്കണം. നമ്മുടെ കാർഷിക, വ്യവസായിക – വിഭവ മാനേജ്മെൻറ് മേഖലകളിൽ ഫലപ്രദമായി ഇടപെടുവാൻ ശേഷിയുള്ള സാങ്കേതിക വിദഗ്ധരെ പരിശീലിപ്പിച്ചെടുക്കലാവണം ഈ കേന്ദ്രത്തിൻറെ പ്രധാന ദൌത്യം.

6.1 ഊർജ്ജം

6.1.1 ആമുഖം

6.1.1.1 ഏതു സമൂഹത്തിന്റയും രാജ്യത്തിന്റെയും ഏറ്റവും പ്രാഥമികമായ ചാലകശക്തിയാണ് ഊർജ്ജം. പുരോഗതിയിലേക്കുള്ള ഓരോ ചുവടുവെപ്പിലും ഊർജ്ജത്തിന്റെ ഒരു അധിക ആവശ്യം ഉണ്ടാവുന്നതാണ്. ജീവിതത്തിന്റെ ഓരോ അണുവിലും ഊർജ്ജം ഏറ്റവും അടിയന്തരമായ ഒരു ആവശ്യമായി മാറുകയാണ്. അതായത് എല്ലാ പുരോഗതിയുടെയും പ്രാഥമിക ആവശ്യ ഘടകം ഊർജ്ജം തന്നെയാണ്. കേരളത്തിലെ വൈദ്യുതി ഊർജ്ജ മേഖലയിലെ ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ജനറേഷൻ തുടങ്ങിയ വിഭാഗങ്ങളായി, സാമ്പത്തികമായും, കാര്യക്ഷമമായും, മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ ഉത്തരവാദിത്വം കെ.എസ്.ഇ.ബി ലിമിറ്റഡ് വളരെ ഭംഗിയായി നിർവഹിച്ചുവരുന്നു. പാലക്കാട് ജില്ല ഭാരതപ്പുഴയുടെ ചെറുതും വലുതമായ പോഷകനദികൾ കൊണ്ട് അനുഗ്രഹീതമാണ്. സൂക്ഷമമായി പര്യവേഷണം നടത്തപ്പെടുകയാണെങ്കിൽ ഇവയെല്ലാം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സ്രോതസ്സുകളായി ഉപയോഗപ്പെടുത്താവുന്നതാണ്. കേരള സംസ്ഥാനമൊട്ടാകെയുള്ള കുടുംബങ്ങൾ വൈദ്യുതീകരണം പൂർത്തീകരിച്ച് സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി ബഹു. കേരള സംസ്ഥാന മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 2017 മെയ് മാസം ഇരുപത്തിയൊമ്പതാം തീയ്യതി കോഴിക്കാട് വച്ച് പ്രഖ്യാപിക്കുയുണ്ടായി. ഇത് മൂലം പുതിയ വൈദ്യുതി കണക്ഷനുകൾക്ക് വേണ്ടിയുള്ള അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിൻറെ ഭാഗമായി ജില്ലയുടെ നഗരഗ്രാമ വ്യത്യാസമില്ലാത്ത എല്ലാ പ്രദേശങ്ങളിലും വൈദ്യുതി ലൈൻ എത്തിക്കുക എന്ന ശ്രമകരമായ നാഴികകല്ല് പിന്നിട്ടു കഴിഞ്ഞിരിക്കുന്നു.

6.1.1.2 സംസ്ഥാനത്തിന്റെയും അതുപോലെ തന്നെ ജില്ലയുടെയും ഊർജ്ജമേഖലയുടെ ഒരു സംക്ഷിപ്ത രൂപം അനാവരണം ചെയ്യുന്നു.വൈദ്യുതി എല്ലാ വ്യവസായങ്ങളുടേയും മാതാവായി പരിഗണിക്കപ്പെടുന്നു. തമിഴ്നാട് സംസ്ഥാനത്തോട് ചേർന്നു കിടക്കുന്ന കഞ്ചിക്കോട് കേരളത്തിലെ രണ്ടാമത്തെ വലിയ വ്യവസായ മേഖലയാണ്. ഈ മേഖലയുടെ വികസനത്തിനും ഉന്നമനത്തിനും ധാരാളം സാധ്യതകൾ നിലനില്ക്കുന്നു. വൈദ്യുതിയുടെ വിതരണതരംഗം കാര്യക്ഷമമാക്കുന്നതിന് ജില്ലയിൽ രണ്ടു സർക്കിൾ ഓഫീസുകളുടെ കീഴിൽ 6 ഡിവിഷനുകളിലായി 65 സെക്ഷൻ ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു.

6.1.2 നിലവിലുള്ള അവസ്ഥ

വൈദ്യുതി സ്രോതസ്സുകൾ

6.1.2.1 പാലക്കാട് ജില്ലയിലെ വൈദ്യുതി ഉപയോഗം മറ്റു ജില്ലകളിലെ വൈദ്യുതി സ്രോതസുകളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ജില്ലയിൽ പരിമിതമായ ഉല്പാദനകേന്ദ്രങ്ങൾ മാത്രമാണ് നിലവിലുള്ളത്. മലമ്പുഴയിൽ 2.5 MW ശേഷിയുള്ള വർഷത്തിൽ 3 മാസം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു മിനി ഹൈഡൽ പ്രോജക്ടും മീൻ വല്ലത്ത് 3 MW ശേഷിയുള്ള ഒരു പദ്ധതിയും പ്രവർത്തിച്ചു വരുന്നു. കഞ്ചിക്കോട് കെ.എസ്.ഇ.ബി യുടെ 2 MW സ്വകാര്യ

സംരംഭകരുടെ പദ്ധതികളും, അഗളിയിൽ 18.6 MW അഹല്യയുടെ 8.4 MW ഇനോക്സിന്റെ 16 MW ശേഷിയുള്ള കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളും ഉണ്ട്. കൂടാതെ സൌരോർജ്ജത്തിൽ നിന്നും കൊല്ലങ്കോട്ടും, കഞ്ചിക്കോട്ടും കെ.എസ്.ഇ.ബി യുടെ കീഴിൽ ഓരോ മെഗാവാട്ടിന്റെ പദ്ധതികളും, കുഴൽമന്ദത്ത് അനെർട്ടിന്റെ കീഴിൽ 2 MW സൌരോർജ്ജ വൈദ്യുതി നിലയവും പ്രവർത്തിച്ച് വരുന്നു.

6.1.2.2 പാലക്കാട് ജില്ലയിൽ പാരമ്പര്യ വൈദ്യുതി സ്രോതസ്സുകളിൽ മീൻവല്ലം ജലവൈദ്യുത പദ്ധതി മാത്രമാണ് നിലവിലുള്ളത്. ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള പ്രസ്തുത പ്രോജക്ടിന്റെ സ്ഥാപിത ശേഷി 3 MW ആണ്. ഈ പദ്ധതി നടപ്പിലാക്കാനായി 18 കോടി രൂപ ചെലവ് വന്നു. പ്രവർത്തനമാരംഭിച്ചത് 28.8.2014 ൽ ആണ്. ഇതുവരെ 2.24 കോടി യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുകയും 10.65 കോടി രൂപയുടെ വരുമാനം ഉണ്ടാക്കുകയും ചെയ്തു.

6.1.2.3 പാലക്കുഴിയിൽ ജില്ലാപഞ്ചായത്തിന്റെ കീഴിൽ 1 MW ചെറുകിട ജല വൈദ്യുതപദ്ധതിയുടെ നിർമ്മാണ ഉദ്ഘാടനം വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം.എം മണി നിർവഹിച്ചു. 13 കോടി രൂപ ചെലവ് വരുന്ന പദ്ധതി 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മീൻവല്ലം ജലവൈദ്യുത പദ്ധതി

6.1.3 <u>പാരമ്പര്യ വൈദ്യുതി സ്രോതസ്സുകൾ</u>

ഇന്ത്യയിലെ ഊർജ്ജ ഉപയോഗത്തിന്റെ ഭൂരിഭാഗവും നിറവേറ്റപെടുന്നത് പാരമ്പര്യ ഊർജ്ജ സ്രോതസ്സുകളിൽ നിന്നാണ് ഉപയോഗത്തിന്റെ 86-87 % സംഭാവന ഈ മേഖലയിൽ നിന്നാണ്. (താപവൈദ്യുതി 65.34%, ജലവൈദ്യുതി 21.53%) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നു ബാക്കി 13.3% ഉപയോഗം നിറവേറ്റപ്പെടുന്നു. (റിന്യൂവബിൾ എനർജി 10.42%, ന്യൂക്ലിയർ എനർജി 2.71%) പാലക്കാട് ജില്ലയിലെ പാരമ്പര്യ വൈദ്യുതി സ്രോതസ്സിൻറെ സ്ഥാപിതശേഷി 5.5 MW ആണ്.

6.1.4 പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

ജില്ലയിലെ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ പ്രധാന പങ്കു വഹിക്കുന്നത് സൌരോർജ്ജവും, കാറ്റിൽ നിന്നുള്ള വൈദ്യുതിയുമാണ്.

6.1.4.1 സൌരോർജ്ജം : ഭൂമിയിയിൽ ലഭിക്കുന്ന ഊർജ്ജത്തിൻറെ അടിസ്ഥാന സ്രോതസ്സായ സൂര്യൻ തന്നെയാണ് ഏറ്റവും പ്രധാന അക്ഷയ ഊർജ്ജ ഉറവിടം. സോളാർ വാട്ടർ ഹീറ്റർ, സൌരറാന്തൽ, സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം എന്നിവ സൌരോർജ്ജത്തെ ഉപയോഗപ്പെടുത്തുവാൻ നിലവിലുള്ള ചില മാർഗ്ഗങ്ങളാണ്.

6.1.4.2 സോളാർ വാട്ടർ ഹീറ്റർ : സൂര്യതാപം ഉപയോഗിച്ച് വെള്ളം ചൂടാക്കുവാൻ സോളാർ വാട്ടർ ഹീറ്റർ നിലവിൽ ഉപയോഗിച്ചുവരുന്നു. ധാരാളം സൂര്യപ്രകാരം ലഭിക്കുന്ന തുറസ്സായ സ്ഥലങ്ങളിൽ സൂര്യപ്രകാശത്തിൻറെ ലഭ്യതയും സോളാർ കളക്ടറിൻറെ ക്ഷമതയും അനുസരിച്ച് 60 മുതൽ 80 ഡിഗ്രി സെൽഷ്യസ് വരെ വെള്ളം ചൂടാക്കുവാൻ സാധിക്കുന്നു. ഗാർഹികാവശ്യങ്ങൾക്ക് 100 മുതൽ 300 ലിറ്റർ വരെ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകൾ ജില്ലയിൽ വ്യാപകമായി സ്ഥാപിച്ചിട്ടുണ്ട്.

6.1.4.2.1 സൌരറാന്തൽ വീടുകളിൽ ടേബിൾ ലാബിനു പകരമായും, രാത്രികാലങ്ങളിൽ എൽ.പി.ജി വിളക്കുകളും, പെട്രോമാക്സുകളും ഉപയോഗിക്കുന്ന വഴിയോരക്കച്ചവടക്കാർക്കും വളരെ ഉപയോഗപ്രദമാണ്. സോളാർ പാനൽ, ബാറ്ററി, ബൾബ് എന്നിവ പ്രധാന ഭാഗങ്ങളായിട്ടുള്ള സൌരറാന്തൽ പകൽ സൂര്യപ്രകാശം വൈദ്യുതിയാക്കി മാറ്റി ബാറ്ററിയിൽ ശേഖരിക്കുകയും ആവശ്യമുള്ള സമയത്ത് ലൈറ്റ് പ്രകാശിപ്പിക്കുവാൻ ഉപയോഗിക്കുകയും ചെയ്യുന്നു. അനർട്ടിൻറെ സോളാർ ഫോട്ടോവോൾട്ടായിക് പദ്ധതിയിൽ ഉൾപ്പെടുത്തി സൌരറാന്തൽ ജില്ലയിൽ വിതരണം ചെയ്തിട്ടുണ്ട്.

6.1.4.2.2 സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം (സൌര മേൽക്കൂര പദ്ധതി) സോളാർ പാനൽ, സോളാർ ഇൻവെർട്ടർ, ബാറ്ററി, എന്നിവ പ്രധാന ഭാഗങ്ങളായുള്ള മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൌരോർജ്ജ പ്ലാൻറ് രാത്രിയിൽ വൈദ്യുതി വിളക്കുകൾ, വാട്ടേജ് കുറവുള്ള ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പര്യാപ്തമാണ്. കണക്ട് ചെയ്യേണ്ട ലോഡിനനുസരിച്ചാണ് പാനൽ എങ്കിൽ വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുവാൻ സാധിക്കും. അത് വഴി പകൽ അധികം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി, ശൃംഖലയിലേയ്ക്ക് നൽകുകയും രാത്രി സൌരോർജ്ജം ലഭ്യമല്ലാത്ത സമയത്ത് തിരിച്ചെടുക്കുകയും ചെയ്യാം.

6.14.2.3 പാലക്കാട് ജില്ലയിലെ സൌരോർജ്ജ പദ്ധതികളുടെ നടത്തിപ്പ് ചുമതല അനെർട്ട് ആണ് നിർവഹിക്കുന്നത്. അനെർട്ടിന്റെ സൌരജ്ജമേൽക്കൂര പദ്ധതിയിൽ ഇതുവരെ പാലക്കാട് ജില്ലയിൽ 755 KW ശേഷിയുള്ള 663 വീടുകളിലായി ഓഫ് ഗ്രിഡ് സൌരോർജ്ജ പവർ പ്ലാന്റുണ്ട്. 60 വീടുകളിലായി 440 KW ശേഷിയുള്ള ഓൺ ഗ്രിഡ് പവർ പ്ലാന്റുണ്ട്. ജില്ലയുടെ വൈദ്യുതി ഉപയോഗത്തിന്റെ ഒരു ശതമാനത്തോളം ഇപ്രകാരം നിറവേറ്റപ്പെടുന്നു. പ്രതിദിനം നാലിയരത്തോളം യൂണിറ്റ് വൈദ്യുതി ഗാർഹിക ഉപയോഗത്തിനായി സൌരോർജ്ജത്തിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്നു.

6.1.5 കാറ്റിൽ നിന്നുള്ള ഊർജ്ജം

കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ ഉപയോഗിക്കുന്ന യന്ത്രസംവിധാനമാണ് കാറ്റാടിയന്ത്രം. അടിത്തറയിൽ ഉറപ്പിച്ച ഒരു ടവറിൻറെ മുകളിലായി ബ്ലെയിഡുകൾ, പ്രൊപ്പല്ലർ, ജനറേറ്റർ എന്നിവയടങ്ങുന്നതാണ് കാറ്റാടിയന്ത്രം. അനേകം കാറ്റാടികൾ ഒരു പ്രദേശത്ത് സ്ഥാപിച്ചാണ് വൈദ്യുതിയിൽ ആനുപാതികമായി വർദ്ധനവ് സൃഷ്ടിക്കുന്നത്. സെക്കൻഡിൽ 12-16 മീറ്റർ വേഗമുള്ള കാറ്റിൽ നിന്നും 20 മീറ്റർ നീളമുള്ള ബ്ലെയ്ഡുകളും 1000 കിലോ വാട്ട് ശേഷിയുള്ള ജനറേറ്ററും ഘടിപ്പിച്ചിട്ടുള്ള ഒരു യന്ത്രത്തിൽ നിന്നും 1 MW വൈദ്യുതി ഉല്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കും.

ജില്ലയിൽ കാറ്റിൽ നിന്നുള്ള വൈദ്യുതി പദ്ധതികൾ കെ.എസ്.ഇ.ബി ലിമിറ്റഡും മറ്റു സ്വകാര്യ ഏജൻസികളും ഏറ്റെടുത്തു നടത്തിക്കൊണ്ടിരിക്കുന്നു. ഇതിൽ കഞ്ചിക്കോട് കെ.എസ്.ഇ.ബി ലിമിറ്റഡ്ന് 2 MW ഉത്പാദന ശേഷിയും, സ്വകാര്യ ഏജൻസിയുടെ കീഴിൽ അട്ടപ്പാടി യിൽ 18.6 MW ശേഷിയും, അഹല്യയുടെ 8.4 MWശേഷിയും, ഇനോക്സ് കമ്പനിയ്ക്ക് 16 MW ശേഷിയുമുള്ള കാറ്റിൽ നിന്നുള്ള ഊർജ്ജ ഉത്പാദന കേന്ദ്രങ്ങ ളുണ്ട്.

6.1.6 ജൈവ ഇന്ധനങ്ങൾ

മൊത്തം ഊർജ്ജ ആവശ്യത്തിൻറെ 40 ശതമാനത്തോളം ജൈവ ഇന്ധനങ്ങളാണ് നിറവേറ്റുന്നത്. ചിരട്ട, വിറക്, തെങ്ങോല, മടൽ,തെങ്ങിൽ നിന്ന് ലഭിക്കുന്ന മറ്റ് അവിശിഷ്ടങ്ങൾ, ചുള്ളിക്കമ്പുകൾ, കരി ഇലകൾ, ചാണക വറളി മുതലായവയാണ് പ്രധാന ജൈവ ഇന്ധനങ്ങൾ. ഇവയുടെ ഫലപ്രദവും ഊർജ്ജക്ഷമവുമായ ഉപയോഗത്തിനായി അനാർട്ട് പല തരത്തിലുള്ള വിറകടുപ്പുകൾ ലഭ്യമാക്കി വരുന്നു.

പട്ടിക 6.1.1.

അനർട്ട് മുഖേന ജില്ലയിൽ നടപ്പിലാക്കിയ മെച്ചപ്പെട്ട വിറകടുപ്പുകളുടെ വിശദാംശങ്ങൾ

ക്രമ നം	സാമ്പത്തിക വർഷം	ഗാർഹികം		സ്ഥാപനങ്ങൾ
		ജനറൽ	എസ്.സി/ എസ്.ടി	സ്കൂളുകൾ, അംഗനവാടികൾ/പബ്ലിക്
1	2012-13	173	2068	62
2	2013-14	118	1415	39

3	2014-15	0	485	1
4	2015-16	71	1327	75
5	2016-17	179	783	1
	മൊത്തം	**541**	**6078**	**178**

അവലംബം:- അനെർട്ട്

ഇത്തരത്തിൽ 6619 എണ്ണം 2+1 മോഡൽ അടുപ്പുകളും ഉച്ച ഭക്ഷണം പാകം ചെയ്യുന്ന സ്കൂളുകൾ, അംഗനവാടികൾ, മറ്റു പൊതു സ്ഥാപനങ്ങൾ എന്നിവടങ്ങളിലേക്ക് യോജിച്ച 189 എണ്ണം കമ്മ്യൂണിറ്റി അടുപ്പുകളും സർക്കാർ ധനസഹായത്തോടെ ജില്ലയിൽ സ്ഥാപിച്ചിട്ടുണ്ട്.

6.1.7 ബയോഗ്യാസ് പ്ലാന്റുകൾ

പട്ടിക 6.1.2

അനെർട്ട് മുഖേന പാലക്കാട് ജില്ലയിൽ നടപ്പിലാക്കിയ ബയോ ഗ്യാസ് പ്ലാന്റുകൾ

ക്രമ നം	സാമ്പത്തിക വർഷം	പോർട്ടബിൾ	ഫിക്സഡ്
1	2012-13	0	142
2	2013-14	14	65
3	2014-15	89	59
4	2015-16	117	44
5	2016-17	94	22
ആകെ		**314**	**332**

അവലംബം : അനെർട്ട്

6.1.7.1 കേരളത്തിൽ ഇന്ന് ഒരു സാമൂഹികാരോഗ്യ പ്രശ്നം തന്നെയായി മാറിയിരിക്കുന്ന ചീഞ്ഞളിയുന്ന ജൈവ മാലിന്യങ്ങൾ സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും അതോടൊപ്പം അതിൽ നിന്നും വിലപ്പെട്ട പാചക ഇന്ധനമായ ജൈവ വാതകം ഉൽപ്പാദിപ്പിക്കുന്നതും സഹായകരമായ ഉപകരണ സംവിധാനമാണ് ബയോഗ്യാസ് പ്ലാന്റുകൾ. രണ്ട് തരം മോഡലുകൾ നിലവിൽ ഉപയോഗത്തിലുണ്ട്.

1) പോർട്ടബിൾ മോഡൽ
2) ഫിക്സഡ് മോഡൽ

6.1.7.2 പാലക്കാട് ജില്ലയിൽ വിവിധ പ്രദേശങ്ങളിലായി 332 എണ്ണം ഫിക്സഡ് ബയോ ഗ്യാസ് പ്ലാന്റുകളും 314 എണ്ണം പോർട്ടബിൾ ബയോ ഗ്യാസ് പ്ലാന്റുകളും ഈ കാലയളവിൽ സ്ഥാപിച്ചിട്ടുണ്ട്. ചീഞ്ഞളിയുന്ന ജൈവ മാലിന്യങ്ങൾ ഉപയോഗപ്രദമായി നിർമ്മാർജ്ജനം ചെയ്യുന്നതിലൂടെ പാചക വാതകമായ ജൈവ വാതകം ഉപയോഗിക്കുന്നതിനും, പ്ലാൻറിൽ നിന്നും പുറത്ത് വരുന്ന സ്ലറി ജൈവ വളമായി ഉപയോഗിക്കുന്നതിനും സാധിക്കുന്നു. മാലിന്യ നിർമ്മാർജ്ജനം, ഊർജ്ജ സംരക്ഷണം, ജൈവ വള ഉപയോഗം എന്നീ മൂന്ന് ലക്ഷ്യങ്ങളാണ് ബയോ ഗ്യാസ് പ്ലാന്റുകൾ നിറവേറ്റുന്നത്.

6.1.8 ഗാർഹിക ഗ്യാസ് സിലിണ്ടറുകളുടെ ഉപയോഗം

ജില്ലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ 27 ലക്ഷം ഗാർഹിക ഗ്യാസ് സിലിണ്ടറുകൾ വിതരണം ചെയ്തു.

6.1.9 ട്രാൻസ്മിഷൻ (പ്രസരണം)

6.1.9.1 ഈ വിഭാഗത്തിൽ ഊർജ്ജ ഉത്പാദന കേന്ദ്രത്തിൽ നിന്നുള്ള വൈദ്യുതി സബ് സ്റ്റേഷനിലേക്ക് എക്സ്ട്രാ ഹൈടെൻഷൻ ലൈനിലൂടെ മൊത്തത്തിൽ കൈമാറ്റം ചെയ്യപ്പെടുന്നു. അതിനുശേഷം 11 കെ.വി തീവ്രതയിലേക്ക് കുറച്ച് ട്രാൻസ്ഫോമറിലൂടെ വിതരണം ചെയ്യുന്ന ജില്ലയിലെ പ്രസരണശൃംഖല താഴെ പറയുന്നു.

പട്ടിക 6.1.3

ജില്ലയിലെ പ്രസരണശൃംഖല

ക്രമ നം	സാമ്പത്തിക വർഷം	പോർട്ടബിൾ	ഫിക്സഡ്
1	220 കെ.വി	2	111.4
2	110 കെ.വി	1	496
3	66 കെ.വി	4	136
4	33 കെ.വി	20	249

അവലംബം : കെ.എസ്.ഇ.ബി

കഞ്ചിക്കോടിനടുത്തുള്ള മണ്ണുക്കാട് എന്ന സ്ഥലത്ത് ഒരു 400 കെ.വി സബ്സ്റ്റേഷൻ പി.ജി.സി.ഐ.എൻ ന്റെ മേൽനോട്ടത്തിൽ പ്രവർത്തനസജ്ജമായിട്ടുണ്ട്.

6.1.9.2 പാലക്കാട് ജില്ലയിൽ പ്രസരണവ്യൂഹം 41 സബ്സ്റ്റേഷനുകളിൽ വിവിധ വോൾട്ടേജ് നിലകളിലായി (220 കെ.വി, 110 കെ.വി, 66കെ.വി, 33കെ.വി) അടങ്ങിയിരിക്കുന്നു. മിക്കവാറും എല്ലാ സബ് സ്റ്റേഷനുകളും അധിക വൈദ്യുതി ആവശ്യകത ഉണ്ടാവുകയാണെങ്കിൽ നിറവേറ്റാൻ സജ്ജമാണ്. പാലക്കാട് ജില്ല സമ്പൂർണ്ണ വൈദ്യുതീകൃത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലയിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന രീതിയിലുള്ളതാണ് പ്രസരണ വിതരണ സംവിധാനം.

6.1.9.3 സംസ്ഥാനത്തെ 22% ശതമാനത്തോളം എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കൾ പാലക്കാട് ജില്ലയിൽ നിന്നാണ്. ഈ ഉപഭോക്താക്കളിലധികവും 110 കെ.വി വോൾട്ടേജ് നിലയിലാണ് ഉപയോഗിക്കുന്നത്. ഇത് പാലക്കാട് ജില്ലയിലെ വ്യവസായ മേഖലയുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്നു. ജില്ലയിലെ വാർഷിക ഊർജ്ജ ഉത്പാദനം ഉപയോഗവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

6.1.9.4 സംസ്ഥാനത്തെ ഹൈടെൻഷൻ ഉപഭോഗക്താക്കളിൽ 8 ശതമാനം ജില്ലയിൽ നിന്നാണ്. ഭാവിയിൽ ജില്ലയുടെ ഊർജ്ജ ആവിശ്യങ്ങൾ നിറവേറ്റപ്പെടുന്ന രീതിയിൽ ഊർജ്ജ ഉല്പാദനമേഖല വിപുലീകരിക്കേണ്ടത് അത്യാവശ്യമാണെന്ന് വ്യക്തമാണ്.

6.1.10 ഊർജ്ജ ഉപഭോഗം

ജില്ലയിലെ വൈദ്യുതി ഉപഭോഗം 2016-17 സാമ്പത്തിക വർഷത്തിൽ 1998 മില്ല്യൺ യൂണിറ്റാണ്. എന്നാൽ ഉത്പാദനം വാർഷിക ഉപഭോഗത്തിന്റെ രണ്ടു ശതമാനം മാത്രമാണ്. സംസ്ഥാനത്തെ മേൽ പറഞ്ഞ കാലയളവിലെ വൈദ്യുതി ഉപഭോഗം 19460 മില്ല്യൺ യൂണിറ്റാണ്. ജില്ലയിലെ ആകെ ഉപയോക്താക്കളുടെ എണ്ണം 1110959 ആണ്. ജില്ലയിലെ ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള എണ്ണവും ഉപയോഗവും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

6.1.4. പട്ടിക

വാർഷിക വൈദ്യുതി ഉപഭോഗം പാലക്കാട് ജില്ല -2017

തരം	ഉപഭോഗം എം.യു	ഉപഭോക്താക്കളുടെ എണ്ണം	ഉപഭോഗ ശതമാനം	ഉപഭോക്താക്കളുടെ എണ്ണം (ശതമാനം)
ഗാർഹികം	750.84	7,82,849	37.6	70.4
വാണിജ്യം	223.46	1,57,879	11.2	14.22
കൃഷി	107.39	63,870	5.42	5.8
വ്യവസായം (എൽ.ടി)	69.5	12,091	3.5	1.1
ഹൈടെൻഷൻ എക്സ്ട്രാ ഹൈടെൻഷൻ	468 334	394 11	23.4 16.7	0.04 0.001
തെരുവു വിളക്കുകൾ	36.68	87,091	1.8	7.84
മറ്റുള്ളവ	8.45	6,774	0.40	0.6
ആകെ	**1998.32**	**11,10,959**	**100%**	**99.64%**

അവലംബം : കെ.എസ്.ഇ.ബി

6.1.11 വിതരണമേഖലയുടെ സംക്ഷിപ്തരൂപവും വരുമാന സ്രോതസ്സുകളും

വൈദ്യുതിമേഖലയുടെ നിലവിലെ സ്ഥിതി വിശകലനം ചെയ്യുമ്പോൾ വൈദ്യുതി വിതരണ സംവിധാനം സ്തുത്യർഹമായ പങ്കുവഹിക്കുന്നു.

പട്ടിക 6.1.5

വൈദ്യുതി വിതരണ സംവിധാനം

ലൈൻ ദൈർഘ്യം (കി.മീ	വോൾട്ടേജ്	ട്രാൻസ്ഫോർമർ കപ്പാസിറ്റി	എണ്ണം	എണ്ണം
249	33 കെ.വി	550 കെ.വി.എ	7	7
133	22 കെ.വി	315 കെ.വി.എ	20	20
5200	11 കെ.വി	250 കെ.വി.എ	403	403
11727	എൻ.ടി 3പി.എച്ച്	160 കെ.വി.എ	1130	1130
12790	എൻ.ടി എസ്.പി.എച്ച്	100 കെ.വി.എ	5022	5022
		63 കെ.വി.എ	136	136
		50 കെ.വി.എ	7	7
		25 കെ.വി.എ	102	102

അവലംബം : കെ.എസ്.ഇ.ബി

6.1.12 വരുമാന വിശകലനം

കെ.എസ്.ഇ.ബി ലിമിറ്റഡ് കേരളത്തിലെ സേവനമേഖലയിൽ നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ അദ്യുതീയമായ സ്ഥാനം അലങ്കരിക്കുന്നു. വൈദ്യുതി വില്പനയിലൂടെയുള്ള വരുമാനത്തെയും,

വൈദ്യുതി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനെയും ആശ്രയിച്ചാണ് ഈ സ്ഥാപനത്തിന്റെ വളർച്ച നിലകൊള്ളുന്നത്. സ്ഥാപനത്തിന്റെ താരിഫ് അടിസ്ഥാനത്തിലുള്ള വരുമാന വിശകലനം താഴെ കൊടുത്തിരിക്കുന്നു.

6.1.6. പട്ടിക

താരിഫ് അടിസ്ഥാനത്തിലുള്ള വരുമാന വിശകലനം

തരം	ഉപഭോക്താക്കളുടെ എണ്ണം	വാർഷിക ഉപഭോഗം	വരുമാനം (ലക്ഷം)
എക്സ്ട്രാ ഹൈടെൻഷൻ	11	334.32	13584
ഹൈടെൻഷൻ	394	468	30660
ഗാർഹികം	782649	750.8	29109
വാണിജ്യം	157879	223.5	20696
കൃഷി	63870	107.4	1942
വ്യവസായം	12091	69.5	5332
തെരുവു വിളക്കുകൾ	87091	36.7	1390
മറ്റുള്ളവ	6774	8.45	633
ആകെ	**11,10,959**	**1998.67**	**1,03,346**

അവലംബം : കെ.എസ്.ഇ.ബി

ഈ വിശകലനത്തിൽ നിന്നും എച്ച്.റ്റി ഉപഭോക്താക്കളാണ് ജില്ലയിൽ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ മുഖ്യപങ്കുവഹിക്കുന്നത്. രണ്ടാം സ്ഥാനത്ത് വാണിജ്യ ഉപഭോക്താക്കളും തുടർന്ന് ഗാർഹിക ഉപഭോക്താക്കളും ആണെന്നത് വ്യക്തമാണ്.

6.1.13 വൈദ്യുതി മേഖലയിലെ വികസന പ്രവണത

എല്ലാ വർഷവും ഉപഭോഗത്തിൽ 9 ശതമാനം വർദ്ധന മുൻവർഷങ്ങളെ അപേക്ഷിച്ച് ഉണ്ടാകുന്നു. ഉപഭോഗത്തിലെ വർദ്ധനവ് മുന്നിൽക്കണ്ട് ഉത്പാദന രംഗത്ത് പുതിയ സ്രോതസ്സുകൾ കണ്ടേത്തേണ്ടതിൻറെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

6.1.14 ജില്ലയിലെ ഊർജ്ജ മേഖലയിൽ ഉണ്ടായ വളർച്ച

6.1.14.1 വൈദ്യുതി ഉപഭോക്താക്കളെ അവരുടെ ഉപഭോഗം, കണക്ടഡ് ലോഡ്, താരിഫ് എന്നിവ അടിസ്ഥാനപ്പെടുത്തിയാണ് തരം തിരിച്ചിരിക്കുന്നത്.

1) ലോ ടെൻഷൻ ഉപഭോക്താക്കൾ - ഈ വിഭാഗത്തിലുള്ള ഉപഭോക്താക്കളെ ഗാർഹികം, വാണിജ്യം, കാർഷികം, വ്യവസായം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.
2) ഹൈ ടെൻഷൻ ഉപഭോക്താക്കൾ - 33 കെ.വി വരെയുള്ള വോൾട്ടേജ് നിലയിലുള്ള ഉപഭോക്താക്കളാണ് ഈ ഇനത്തിൽ വരുന്നത്
3) എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കൾ - 110 കെ.വി വരെയുള്ള വോൾട്ടേജ് നിലയിലുള്ള ഉപഭോക്താക്കളാണ് ഈ ഇനത്തിൽ വരുന്നത്.

6.1.14.2 വൈദ്യുതി ഉപഭോക്താക്കളുടെ എണ്ണം 2012-13 ൽ 8,68,429 ൽ നിന്നും 2016-17 ൽ 11,10,959 ആയി ഉയർന്നിട്ടുണ്ട്. ഉപഭോക്താക്കളുടെ എണ്ണത്തിൽ വ്യക്തമായ വർദ്ധനവ് ഈ കാലയളവിൽ ഉണ്ടായിരുന്നതായി മനസ്സിലാക്കുവാൻ സാധിക്കുന്നു. ഏകദേശം 28 ശതമാനം വർദ്ധനവാണ്

ഉണ്ടായിരിക്കുന്നത്. സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടന്ന സംസ്ഥാനം എന്ന നിലയിൽ ഈ എണ്ണത്തിലുള്ള വർദ്ധനവിൽ ഇനിയും ഗണ്യമായ കുറവുണ്ടാകും. പുതിയ വൈദ്യുതി കണക്ഷനുകളുടെ എണ്ണത്തിൽ വരുന്ന ആനുപാതിക വർദ്ധനവ് തുടർന്ന് ഉണ്ടാകാൻ സാധ്യതയില്ല.

6.1.15 ആകെ ഉപഭോഗത്തിലുള്ള വർദ്ധനവ്

പാലക്കാട് ജില്ലയുടെ വൈദ്യുതി ഉപഭോഗം 2013 ൽ 1377 എം.യു ൽ നിന്ന് 2017 ൽ 1998.67 എം.യു ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉപഭോഗം വർഷം തോറും വർദ്ധിച്ചു കൊണ്ടിരിക്കുന്നതായി കാണുന്നു.

6.1.16 വികസനത്തിലെ പ്രശ്നങ്ങളും സാധ്യതകളും- നിലവിലുള്ള സ്ഥിതിയിലെ വിടവുകൾ

ഊർജ്ജ ഉത്പാദനമേഖല

6.1.16.1 പാലക്കാട് ഊർജ്ജ ഉത്പാദനമേഖലയിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല. ഈ മേഖലയിൽ ജില്ലാ വളരെയധികം മുന്നോട്ടുപോകേണ്ടതുണ്ട്. ജില്ലയിലെ വാർഷിക ഊർജ്ജ ഉത്പാദനം ഉപയോഗവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. സംസ്ഥാനത്തെ മൊത്തം സ്ഥാപിത ശേഷിയുടെ 2% മാത്രമാണ് ജില്ലയിൽ നിലവിലുള്ളത്. ഭാവിയിൽ ജില്ലയുടെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന രീതിയിൽ ഊർജ്ജ ഉൽപാദനമേഖല വിപൂലികരിക്കേണ്ടത് അത്യാവശ്യമാണെന്ന് വ്യക്തമാണ്.

6.1.16.2 ജലം, സൌരോർജ്ജം, കാറ്റ് എന്നീ സ്രോതസ്സുകൾക്കാണ് മുഖ്യ പരിഗണന നൽകേണ്ടത്. പദ്ധതികളുടെ വലിപ്പം പരിഗണിക്കാതെ തന്നെ കൂടുതൽ ജലവൈദ്യുത പദ്ധതികൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. സോളാർ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ബഹുമുഖമായ ഇടപെടൽ ആവശ്യമാണ്. സോളാർ പദ്ധതികളുടെ പരിമിതി അതിനാവശ്യമായ ഭൂമിയുടെ അളവ് വളരെ കൂടുതൽ ആണെന്നതാണ്. ഒരു മെഗാവാട്ടിന് ശരാശരി 5 ഏക്കർ ഭൂമി ആവശ്യമാണ്. വികേന്ദ്രീകൃതമായി ഉപഭോക്താവിൻറെ പുറപ്പുറത്ത് ചെറു സോളാർ നിലയങ്ങൾ വ്യാപകമായി സ്ഥാപിക്കപ്പെടുന്നതിന് ജില്ലയിൽ സാധ്യതകളേറെയാണ്. ഗ്രിഡിലേക്ക് നിലയം ബന്ധിക്കുന്നതിനുള്ള സാങ്കേതികവും ഭരണപരവുമായ തടസ്സങ്ങൾ, തുടക്കത്തിൽ വലിയൊരു തുക നിക്ഷേപിക്കേണ്ടത്, ആവശ്യമായ അറ്റകുറ്റപ്പണികൾക്ക് പ്രാദേശികമായി സാങ്കേതിക വിദഗ്ധരുടെ ലഭ്യതക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ ഈ രംഗത്ത് അനുഭവപ്പെടുന്നുണ്ട്.

6.1.16.1 പ്രസരണമേഖല

1.1 തടസമേതും അനുഭവപ്പെടാതെ തുടർച്ചയായി വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുവാൻ പ്രസരണ ശൃംഖലയുടെ ആധുനികവത്കരണവും, ശേഷി വർദ്ധനയും ആവശ്യമാണ്. പുതിയ പ്രസരണ പദ്ധതികൾക്ക് അനുഭവപ്പെടുന്ന പ്രധാന തടസ്സം ലൈനുകൾ നിർമിക്കുന്നതിന് ഭൂവുടമകളിൽ നിന്നും നേരിടുന്ന എതിർപ്പാണ്. ഒരു പരിധി വരെ ഇതു മറികടക്കുവാൻ പ്രസരണമേഖലയുടെ നിലവിലുള്ള പ്രസരണ ലൈനുകളുടെ വോൾട്ടത വൈദ്യുതിവാഹകശേഷിയും വർദ്ധിപ്പിച്ച് നിലവിലുള്ള കോറിഡോറിലൂടെ കൂടുതൽ വൈദ്യുതി കടത്തിവിടുന്നതു വഴി കഴിയും. പ്രസരണമേഖലയുടെ വികസനത്തിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന ബ്രഹത്തായ പദ്ധതി കിഫ്ബിയുടെ സഹായത്തോടെ നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടുണ്ട്.

1.2 ജില്ലയിൽ നിലവിലുള്ള 33 കെ.വി സബ് സ്റ്റേഷനുകളിൽ ഒന്നിലധികം സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നില്ല. കടമ്പഴിപ്പുറം പ്രദേശത്ത് നിലവിൽ വൈദ്യുതി വിതരണം നടത്തുന്ന 110 കെ.വി പത്തിരപ്പാല, കല്ലടിക്കോട്, കോങ്ങാട് സബ് സ്റ്റേഷനുകളിൽ നിന്നുള്ള നാല് 11 കെ.വി ഫീഡറുകളിലൂടെയാണ്. നിലവിലുള്ള ഫീഡറുകളുടെ വാലറ്റ പ്രദേശമായതിനാൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും വലിയ

തോതിൽ അനുഭവപ്പെടുന്നുണ്ട്. കടമ്പഴിപ്പുറത്ത് 33 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിലൂടെ ഇതിനൊരു ശാശ്വത പരിഹാരമുണ്ടാകും.

1.3 പാലക്കാട് മുൻസിപ്പാലിറ്റിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും മലമ്പുഴ സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി നല്കി വരുന്നത്. നിലവിൽ ഇവിടേക്ക് ഒരു 110 കെ.വി സിംഗിൾ സർക്യൂട്ട് ലൈൻ മാത്രമേ ഉള്ളൂ. ഇതിനു പരിഹാരമായി കഞ്ചിക്കോട് 220 കെ.വി സബ് സ്റ്റേഷനിൽ നിന്ന് 19 കി.മീ ദൈർഘ്യമുള്ള 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്. ഇത് കൂടാതെ മലമ്പുഴ സബ്സ്റ്റേഷന്റെ ശേഷിവർദ്ധിപ്പിക്കുന്നതിനായി ഒരു പുതിയ 10 എം.വി.എ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവർത്തിയും പുരോഗമിക്കുന്നുണ്ട്.

വിതരണ മേഖല

നമ്മുടെ ജില്ലയിലെ വനപ്രദേശങ്ങളിൽ ഇപ്പോഴും വൈദ്യുതി എത്താത്ത മേഖലകളുണ്ട്. ഈ മേഖലകളിൽ ദിനം പ്രതി പുതിയ വീടുകൾ പണിതുവരുന്നുണ്ടെങ്കിലും അവിടേക്ക് വൈദ്യുതി ലൈനുകൾ വലിക്കുവാനുള്ള അനുമതി വനം വകുപ്പ് നല്കിയിട്ടില്ല. വൈദ്യുതീകരിക്കാത്ത മേഖലകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

6.1.7. പട്ടിക

നിലവിൽ വൈദ്യുതീകരിക്കാത്ത മേഖലകൾ

സെക്ഷൻ	മേഖല
നെല്ലിയാമ്പതി	പുല്ലുക്കാട്, ബിയാട്ടീസ് എസ്റ്റേറ്റ്
കിഴക്കഞ്ചേരി	ചുരുപാറ, മണ്ണൂർവ, കൽക്കുഴി, പതിരാപോത്തുമേട്, ലഡാക്ക്, കരിങ്കയം
മുടപ്പല്ലൂർ	മേമലപോത്തൻതോട്

അവലംബം : കെ.എസ്.ഇ.ബി

വ്യവസായ മേഖലയുടെ വികസനം ജില്ലയുടെ തന്നെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. കഞ്ചിക്കോട് വ്യവസായമേഖലയായ എൻ.ഐ.ഡി.എ പ്രദേശത്ത് ഇടതടവില്ലാതെ വൈദ്യുതി വിതരണം നടത്തുന്നതിന് എച്ച്.ടി കേബിളുകൾ സ്ഥാപിക്കാനും ഫീഡറുകൾ പുനക്രമീകരണം നടത്താനും ചെറുകിട വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി നല്കാൻ പുതിയ ഒരു 160 കെ.വി.എ ട്രാൻസ് ഫോർമർ സ്ഥാപിക്കാനുമായി ആകെ 407.12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

പാലക്കാട് ജില്ലയിലെ മലമ്പ്രദേശങ്ങളിൽ, മരങ്ങൾ തഴച്ചു വളരുന്ന പ്രദേശങ്ങളിൽ നിലവിലെ വൈദ്യുതി ലൈനിലൂടെ തടസ്സരഹിതമായി വൈദ്യുതി വിതരണം നടത്തുന്നത്, പ്രത്യേകിച്ച് മഴക്കാലത്ത്, ദുഷ്കരമായ പ്രവർത്തിയാണ്. ഇതിനു പരിഹാരമായി വൈദ്യുതി തടസ്സം ഏറെ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം എ.ബി.സി കേബിളുകൾ, ഭൂഗർഭ കേബിളുകൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.

6.1.17 വികസന നിർദ്ദേശങ്ങൾ

ജൈവമാലിന്യം ശരിയായ രീതിയിൽ ഉപയോഗിച്ച് ഊർജ്ജം ഉത്പാദിപ്പിക്കാവുന്നതാണ്. അട്ടപ്പാടി മേഖലയിൽ കാറ്റിൽനിന്ന് വൻതോതിലുള്ള ഊർജ്ജ ഉത്പാദനത്തിന് സാധ്യതയുണ്ട്. പ്രസ്തുത പ്രദേശത്ത് കേരള ഗവൺമെൻറും കേന്ദ്ര ഗവണ്മെൻറ് സ്ഥാപനമായ എൻ.എച്ച്.പി.സി യും തമ്മിൽ കാറ്റിൽ നിന്നും 80MW വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ധാരണപത്രം ഒപ്പ് വയ്ക്കുകയും തുടർന്ന് 8.6 MW ൻറെ വൈദ്യുതി ഉത്പാദനത്തിന് അനുമതി നല്കിയിട്ടുള്ളതുമാകുന്നു. കിഴക്കൻ കാറ്റിൽ നിന്നും കഞ്ചിക്കോട്, കൊഴിഞ്ഞാമ്പാറ, ഒഴലപ്പതി, വേലന്താവളം മേഖലകളിൽ വൈദ്യുതോല്പാദനം നടത്തുവാൻ ധാരാളം സാദ്ധ്യതകൾ

നിലനിൽക്കുന്നുണ്ട്. ഇതിനുവേണ്ട സാങ്കേതിക പഠനം ഇനിയും നടക്കാനുണ്ട്. കൂടാതെ ആലത്തൂർ, വടക്കഞ്ചേരി മേഖലയിൽ കാറ്റിൽ നിന്നും, സൌരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളെ പറ്റിയും പഠനങ്ങൾ നടത്തേണ്ടതുണ്ട്.

6.1.18 ഊർജ്ജമേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവൃത്തികൾ

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് 7.3.1957 ലാണ് സ്ഥാപിക്കപ്പെട്ടത്. ഈ സ്ഥാപനം വൈദ്യുതി, ഉത്പാദന, പ്രസരണ വിതരണ മേഖലകളിൽ പ്രവർത്തിക്കുന്നു. കേരള സംസ്ഥാനത്തിലെ എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ന്യായമായ വിലക്ക് നിലവാരമുള്ള വൈദ്യുതി ലഭ്യമാക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഊർജ്ജവ്യവസ്ഥയുടെ വളർച്ച ഈ മേഖലയിൽ ഗണ്യമായ പരിവർത്തനങ്ങൾ വരുത്തിയിട്ടുണ്ട്. ഉല്പാദന ചെലവിലും, വരുമാനത്തിലും പ്രത്യക്ഷമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. നിബന്ധനകൾക്കടിസ്ഥാനമായി വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും ക്രമേണ ഇത് അടിസ്ഥാന സൌകര്യങ്ങൾ വർധിപ്പിച്ച് സേവനമേഖലയായി പരിണമിക്കപ്പെട്ടു.

6.1.18 അനെർട്ട്

6.1.18.1 പാരമ്പര്യേതര ഊർജ്ജമേഖലയിൽ വിവരങ്ങൾ ശേഖരിക്കുക, ഊർജ്ജസംരക്ഷണം, പഠനങ്ങൾ നടത്തുക, പുതിയ റിന്യൂവബൾ ആയ മലിനീകരിക്കാത്ത ഊർജ്ജ സ്രോതസ്സുകൾ കണ്ടുപിടിക്കുക, ഗ്രാമപ്രദേശങ്ങൾക്ക് ആവശ്യമായ സാങ്കേതിക വിവരങ്ങൾ നല്കുക, പുതിയ പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് അനെർട്ടിൻറെ ഉദ്ദേശ ലക്ഷ്യം

6.1.18.2 പാലക്കാട് ജില്ലയ്ക്കാവശ്യമുള്ള ഊർജ്ജത്തിന്റെ ഭൂരിഭാഗവും സംസ്ഥാന വിഹിതത്തിൽ നിന്നുമാണ്. ജില്ലയിലെ ഉത്പാദനം വളരെ കുറവാണ്. ഏകദേശം 2% മാത്രമേ ഉള്ളൂ. ആയതിനാൽ മറ്റു ഊർജ്ജസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. പാലക്കാട് ജില്ലയിൽ വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് അനന്തസാധ്യതകളുണ്ട്. ഇതിനു ഊർജ്ജം അത്യന്താപേക്ഷിതമാണ്. ജില്ലയുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിന് ഊർജ്ജ മേഖലയെ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്.

6.2 ഗതാഗതം, വാർത്താവിനിമയം, വിനോദസഞ്ചാരം

6.2.1 ഗതാഗതം

6.2.1.1 ആമുഖം

6.2.1.1.1 വിസ്തൃതിയിൽ കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. സഹ്യപർവ്വതത നിരകളോട് ചേർന്ന് കിടക്കുന്നതും തമിഴ്നാടിനോട് അതിർത്തി പങ്കിടുന്നതുമായ ഈ ജില്ല ഭൂമിശാസ്ത്രപരമായും കാലാവസ്ഥാപരമായും കേരളത്തിലെ മറ്റു ജില്ലകളിൽ നിന്നും വ്യത്യസ്ഥമാണ്. ജില്ലയുടെ സർവ്വവിധ വികസനത്തിന്റേയും പ്രധാന ഘടകമാണ് ഗതാഗത സൌകര്യങ്ങൾ. ഈ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ജില്ലാ പദ്ധതിക്ക് രൂപം കൊടുക്കട്ടെ. 20 വർഷങ്ങൾക്കു മുമ്പുള്ള ജില്ലയുടെ ഗതാഗത സൌകര്യങ്ങളേക്കാൾ രണ്ടിരട്ടിയായി ഇന്നത്തെ അവസ്ഥ മാറിയിട്ടുണ്ട്. ഇനിയും ഒരു 20 വർഷങ്ങൾക്ക് ശേഷമുള്ള ജില്ലയുടെ ഭാവി ഗതാഗത അവസ്ഥ കണക്കിലെടുത്തുകൊണ്ടുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത് .

6.2.1.1.2 ഇത്തരമൊരു വികസന പ്രക്രിയക്കുറിച്ച് ചിന്തിക്കുമ്പോൾ ഇന്ത്യൻ റോഡ് വികസനം സമഗ്രമായ ചർച്ചക്ക് ശേഷം രൂപപ്പെടുത്തിയ പാതവികസന പദ്ധതി അടിസ്ഥാനപ്പെടുത്തിയുള്ള നിർദ്ദേശങ്ങൾകൂടി കണക്കിലെടുക്കാം. അതിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഇന്ധനലാഭം, പരിസ്ഥിതി, സുരക്ഷ, കൂടിയ അക്ഷഭാരം, പുതിയ സംയോജനങ്ങൾക്ക് വേണ്ടിയുള്ള മുറവിളി എന്നിവയായിരിക്കണം വികസന തീരുമാനങ്ങളെ ഭരിക്കുന്ന പ്രധാന ഘടകങ്ങൾ .
2. ദേശീയ സമ്പത്ത് വ്യവസ്ഥയിൽ (നാഷണൽ ഇക്കോണമി) 5% വളർച്ചയെ സിദ്ധിക്കത്തക്ക നിലയിൽ വേണം പദ്ധതി ക്രമീകരിക്കേണ്ടത്.
3. വികസന രാഷ്ട്രങ്ങളിലെ സാമ്പത്തിക വളർച്ചയുടെ പ്രധാന അധോഘടകം ഗതാഗതമാണ്. ഗതാഗതത്തിനുവേണ്ടിയുള്ള പദ്ധതി വിഹിതം കുറഞ്ഞുവരുന്നത് ഘടകമാണെന്നറിഞ്ഞുകൊണ്ട് 20% എങ്കിലും വർദ്ധിപ്പിക്കണം.
4. ഗതാഗത മേഖലയുടെ ഉദാരവത്ക്കരണവും, മനുഷ്യ നിർമ്മിതവുമായ അനാവശ്യ നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനവും നിർബന്ധമായും നടപ്പിലാക്കണം. കൂടാതെ ഈ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തണം.
5. ഇന്ധന സംരക്ഷണത്തിന് ആവശ്യം വേണ്ട പ്രാധാന്യം നൽകണം
6. ഇതുവരെ ബന്ധപ്പെടാത്ത സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് വികസനം നടത്തണം.
7. ഗ്രാമീണ ജനതക്ക് തൊഴിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളിൽ പാതകളുടെ വികസനം പ്രധാന പങ്ക് വഹിക്കണം
8. മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത് താലൂക്ക്, ജില്ല, സംസ്ഥാന, ദേശീയ തലത്തിലാണ്. പ്രത്യേകത ഏറെയുള്ള ഭൂപ്രദേശമാണ് പാലക്കാട് ജില്ല. സമുദ്ര നിരപ്പിൽ നിന്നും 20 മീറ്റർ മുതൽ 2386 മീറ്റർ വരെ ഉയരമുള്ള നിമ്നോന്നതയുള്ള ഭൂപ്രകൃതി. മലകളും നദികളും താഴ്വരകളും പാടശേഖരങ്ങളും ഗതാഗത സൌകര്യങ്ങളും ഒരുക്കാൻ ഏറെ പ്രയാസപ്പെടുന്ന അവസ്ഥയാണുള്ളത്.

ഈ വർദ്ധിച്ചുവരുന്ന ജനങ്ങളുടെ കാലികമായ ആവശ്യങ്ങൾ മുൻനിർത്തിയുള്ള വികസന സമീപനമാണ് ഈ പദ്ധതി രൂപീകരണത്തിന് അടിസ്ഥാനമാക്കിയിട്ടുള്ളത്.

6.2.1.2 ഗതാഗതം

ഒരു ദേശത്തിൻറെ അഭ്യുദയത്തിൻറെ ഏറ്റവും പ്രധാനപ്പെട്ട അടയാളങ്ങളിലൊന്നാണ് വിവിധ തലങ്ങളിലുള്ള പാതകളുടെ വികസനം. മനുഷ്യ ശരീരത്തിൻറെ നാഡീവ്യൂഹം എന്നപോലെ പാതക ളുടെ ശൃംഖലയാണ് മനുഷ്യരേയും പദാർത്ഥങ്ങളേയും ദേശത്തിൻറെ എല്ലാ മുന്നിലും മൂലയിലും എത്തിക്കുന്നത്. ഇക്കാരണത്താൽ തന്നെ ഈ പാതകളുടെ സമഗ്രമായ വികസനം രാജ്യത്തിൻറെ സാമൂഹ്യ സാമ്പത്തിക വികസനത്തിൻറെ അനിവാര്യമായ പ്രഥമഘടകമായി മാറുന്നു. നമ്മുടെ രാജ്യത്തിൻറേ ഏറ്റവും വലിയ സമ്പത്ത് അദ്ധ്വാനിക്കുന്ന ജനവിഭാഗമാണ്. അവരുടെ അദ്ധ്വാനത്തിൻറെ ഫലം പ്രദേശത്തിൻറെ വിവിധഭാഗങ്ങളിൽ എത്തിക്കുന്നതിനും അതുവഴി അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും പാതകളുടെ വികസനം അത്യന്താപേക്ഷിതമാണ്. ജില്ലയിലെ വികസന ത്തിനുള്ള പദ്ധതി വിഹിതത്തിൻറെ 20 ശതമാനമെങ്കിലും പാതകളുടെ വികസനത്തിന്നായി ഉപയോഗിക്കേണ്ടതിൻറെ പ്രാധാന്യം ഇതിനാൽതന്നെ സുവ്യക്തമാണ്. അതിനാൽ സമഗ്രമായ അന്വേഷണങ്ങളിലൂടെ സർവ്വതല സ്പർശിയായ ദീർഘവീക്ഷണത്തോടു കൂടിയ വികസനസമീപനമാണ് ഈ പദ്ധതി രൂപീകരണത്തിൻറെ ഭൂമികയായി വർത്തിക്കേണ്ടത്.

6.2.1.3 പാതകളെ പൊതുവായി ഇങ്ങനെ തരം തിരിക്കാം

1. ദേശീയ പാതകൾ
2. സംസ്ഥാന പാതകൾ
3. പ്രധാന ജില്ലാ പാതകൾ
4. മറ്റു ജില്ലാ പാതകൾ
5. ഗ്രാമീണ പാതകൾ

ഇതിൽ ദേശീയ പാതകൾ പ്രാഥമിക ഘടനയിലും സംസ്ഥാന പാതകളും പ്രധാന ജില്ലാതല പാതകളും ദ്വിതീയഘടനയിലും മറ്റു പാതകൾ തൃതീയഘടനയിലും ഉൾപ്പെടുന്നു. ഇവയിൽ ദേശീയ പാതകൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ ദേശീയപാത വിഭാഗത്തിലും സംസ്ഥാനപാതകളും മറ്റു പ്രധാന പാതകളും സംസ്ഥാന പൊതുമരാമത്ത് വകുപ്പിലെ നിരത്ത് വിഭാഗത്തിലും സൂക്ഷിച്ചു വരുന്നു. എന്നാൽ മറ്റു ജില്ലാ പാതകളും ഗ്രാമീണ പാതകളും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പരിപാലിച്ചു പോരുന്നത്.

I) ദേശീയ പാതകൾ

ഈ ജില്ലയിലൂടെ 2 ദേശീയ പാതകളാണ് കടന്നുപോകുന്നത്.

1. **എൻ എച്ച് 544 – വാളയാർ - വാണിയംപാറ റോഡ് :** സംസ്ഥാന അതിർത്തിയായ വാളയാർ മുതൽ ആലത്തൂർ വടക്കഞ്ചേരി വഴി ജില്ലാ അതിർത്തിയായ വാണിയംപാറയിൽ എത്തിച്ചേരുന്ന ആകെ 64.15 കി.മീ. ദൈർഘ്യമുള്ള പ്രസ്തുത റോഡാണ് എൻ എച്ച് 544 ന്റെ ഭാഗമായി ഈ ജില്ലയിലൂടെ കടന്നുപോകുന്നത്. ഇതിൽ എൻ എച്ച് അതോറിറ്റി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ വാളയാർ മുതൽ വടക്കഞ്ചേരി വരെ 4 വരിയായി പുനരുദ്ധാരണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വടക്കഞ്ചേരി മുതൽ വാണിയംപാറ വരെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തി പൂർത്തിയാവുന്നതോടു കൂടി ഈ ഭാഗം 6 വരി പാതയായി മാറ്റപ്പെടും.
2. **എൻ എച്ച് 966 – കരിങ്കല്ലത്താണി - ചന്ദ്രനഗർ റോഡ് :**ജില്ലാ അതിർത്തിയായ കരിങ്കല്ലത്താണിയിൽ നിന്ന് ആരംഭിച്ച് മണ്ണാർക്കാട് - മുണ്ടൂർ - ഒലവക്കോട് വഴി എൻ എച്ച് 544ലെ ചന്ദ്രനഗറിൽ അവസാനിക്കുന്ന ആകെ 57 കി.മീ.ദൈർഘ്യമുള്ള പാതയാണ് എൻ എച്ച് 966 ന്റെ ഭാഗമായി ജില്ലയിലൂടെ കടന്നുപോകുന്നത്. ഇതിൽ കരിങ്കല്ലത്താണി മുതൽ നാട്ടുകൽ വരെയുള്ള പാത

നിലവിൽ 2 വരി പാതയാണ്. നാട്ടുകൽ മുതൽ താണാവ് വരെയുള്ള ഭാഗം ദേശീയപാത നിലവാരമുള്ള 2 വരിപാതയായി ഉയർത്തുന്നതിന് വേണ്ടിയുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കൂടാതെ താണാവ് മുതൽ ചന്ദ്രനഗർ വരെയുള്ള ഭാഗം 4 വരിപാതയായി വികസിപ്പിക്കുന്നതിന് ആവശ്യമായ വിശദമായ പദ്ധതി രേഖ അംഗീകാരത്തിനായി സമർപ്പിക്കുകയാണ്.

6.2.1.4 പൊതുമരാമത്ത് ദേശീയപാത വകുപ്പിന്റെ അധീനതയിലുള്ള റോഡുകളുടെ വിവരം

ദേശീയപാതയുടെ പേര്	നീളം (കിലോമീറ്ററിൽ)
1. എൻ എച്ച് 544 – വാളയാർ - വാണിയംപാറ റോഡ്	64.15
2. എൻ എച്ച് 966 – കരിങ്കല്ലത്താണി - ചന്ദ്രനഗർ റോഡ്	57.00
ആകെ	121.15

പുതിയ നിർദ്ദേശങ്ങൾ

1. വല്ലാർപാടം പദ്ധതി പൂർത്തിയായാൽ കോയമ്പത്തൂരിലേക്കുള്ള ചരക്ക് വണ്ടികളുടേയും കണ്ടെയ്നറുകളുടേയും അനുനിമിഷം ഏറിവരാവുന്ന ഗതാഗതം കണക്കിലെടുത്ത് വടക്കഞ്ചേരി മുതൽ വാളയാർ വരെയുള്ള പാത 6 വരിപാതയാക്കാം.
2. ദേശീയപാത എൻ എച്ച് 966 കരിങ്കല്ലത്താണി മുതൽ ചന്ദ്രനഗർ വരെയുള്ള 57 കി.മീ. നീളവും ദേശീയപാത നിലവാരത്തിലുള്ള 6 വരി പാതയായി ഉയർത്തേണ്ടതുണ്ട്.
3. **മണ്ണാർക്കാട് ബൈപ്പാസ്**

എൻ എച്ച് 966 – കരിങ്കല്ലത്താണി - ചന്ദ്രനഗർ റോഡിൽ ഗുരുതരമായ ഗതാഗത കുരുക്കും തിരക്കും അനുഭവപ്പെടുന്ന ഒരു മേഖലയാണ്. മണ്ണാർക്കാട് ബൈപ്പാസ് യാഥാർത്ഥ്യമാകുന്നതോടു കൂടി ഗതാഗത കുരുക്കിൽ നിന്നും ഈ മേഖലയ്ക്ക് ശാപമോക്ഷം ലഭിക്കും. ആകെ 8.5 കി.മീ. ദൈർഘ്യം വരുന്ന പ്രസ്തുത പദ്ധതി കുമരംപുത്തൂർ വില്ലേജ് ഓഫീസ് പരിസരത്തുനിന്നും ആരംഭിച്ച് ചൂരിയോട് ദേശീയ പാതയിൽ വന്നുചേരും വിധമാണ് വിഭാവനം ചെയ്തിരിക്കുന്നത്.

4. **വടക്കഞ്ചേരി പൊള്ളാച്ചി പാത**

നിലവിൽ സംസ്ഥാന പാതയായ വടക്കഞ്ചേരി പൊള്ളാച്ചി പാത കേരളത്തേയും തമിഴ്നാടിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പ്രധാന ഇടനാഴിയാണ്. നിലവിൽ ഒരു സംസ്ഥാന പാതയിൽ ഉൾക്കൊള്ളാവുന്നതിലധികം ഗതാഗത തിരക്ക് അനുഭവപ്പെടുന്ന ഈ റോഡ് ഒരു ദേശീയ പാതയായി അടിയന്തിരമായി വികസിപ്പിക്കേണ്ടതുണ്ട്. ആയതിനായുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആകെ 40 കി.മീ. നീളമുള്ള പ്രസ്തുത റോഡ് എൻ എച്ച് 544 ൽ വടക്കഞ്ചേരി റോയൽ ജംഗ്ഷനിൽ നിന്നും ആരംഭിച്ച് സംസ്ഥാന അതിർത്തിയായ ഗോവിന്ദാപുരത്ത് അവസാനിക്കുന്നു.

5. **പാലക്കാട് പെരിന്തൽമണ്ണ പാത**

സംസ്ഥാന പാതയായ പാലക്കാട് പെരിന്തൽമണ്ണ പാത (തിരുവാഴിയോട് വഴി) വാഹനഗതാഗതത്തിന്റെ ആധിക്യം കൊണ്ട് വീർപ്പുമുട്ടുകയാണ്. നിലവിലെ പാലക്കാട് നിന്ന് കോഴിക്കോട്ടേക്കുള്ള ദേശീയപാതവഴി പെരിന്തൽമണ്ണ എത്തിച്ചേരുന്നതിന് ദൈർഘ്യം കുറവുള്ള പ്രസ്തുത റോഡ് 4 വരിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭ ദിശയിലാണ്.

6. **കാവിൽപ്പാട് റെയിൽവെ ലെവല് ക്രോസിന് ഫ്ലൈ ഓവർ**

കോഴിക്കോട് പാലക്കാട് ദേശീയ പാതയിൽ കാവിൽപ്പാട് ജംഗ്ഷനിലുള്ള ലെവൽ ക്രോസ്സ് മൂലം ട്രെയിൻ ഗതാഗത സമയത്ത്, റോഡ് ഗതാഗതത്തിന് വളരെയധികം വിഷമതകൾ അനുഭവിക്കുന്നുണ്ട്. പ്രസ്തുത ഫ്ലൈഓവർ പദ്ധിതി നടപ്പിലാക്കുകയാണെങ്കിൽ ഗതാഗത ക്ലേശം പൂർണ്ണമായും പരിഹരിക്കപ്പെടും.

II. സംസ്ഥാന പാതകൾ

ജില്ലയിൽ ആകെ 11 സംസ്ഥാന പാതകളുണ്ട്. 246 കി.മീ. ഇവയുടെ ആകെ നീളം. പ്രസ്തുത റോഡുകൾ സംസ്ഥാന പാതകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ നിലവാരം നിലവിലെ ഗതാഗതത്തെ ഉൾക്കൊള്ളാൻ പര്യാപ്തമല്ല, ഇവയിൽ 39 കി.മീ. ദൈർഘ്യമുള്ള വടക്കഞ്ചേരി പൊള്ളാച്ചി പാത ദേശീയ പാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ പ്രാധാന്യവും ഗതാഗത ആധിക്യവും പരിഗണിച്ച് പ്രധാന ജില്ലാതല റോഡുകൾ കൂടി സംസ്ഥാന പാതകളായി ഉയർത്തേണ്ടതുണ്ട്. പാലക്കാട് പൊന്നാനി റോഡ് , ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ്, തിരുവാഴിയോട് ആര്യമ്പാവ് റോഡ്, മണ്ണാർക്കാട് ചിന്നത്തടാകം റോഡ്, കുമരംപുത്തൂർ ഒലിപ്പുഴ റോഡ്.

III. പ്രധാന ജില്ലാതല റോഡുകൾ

ജില്ലയിൽ ആകെ 306 ജില്ലാതല പാതകളാണുള്ളത്. 1938 കി.മീ. ഇവയുടെ ആകെ ദൈർഘ്യം. എന്നാൽ ഇതിൽ പകുതിയോളം മാത്രമെ പ്രധാന ജില്ലാതല റോഡുകളുടെ നിലവാരം പുലർത്തുന്നുള്ളൂ. ശേഷിക്കുന്ന പാതകളിൽ ഭൂരിഭാഗവും സമീപകാലത്ത് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഏറ്റെടുത്തവയാണ്. ഇവയാകട്ടെ വീതിയുടെ കാര്യത്തിലും കലുങ്കുകള്, പാലങ്ങള് എന്നിവയുടെ മേന്മയുടെ കാര്യത്തിലും ഉപരിതലമേന്മയുടെ കാര്യത്തിലും തുലോം പിന്നോക്കമാണ്. ഇവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്. ഗവ.ഉത്തരവ് പ്രകാരം ജില്ലയിൽ ആകെ 1938.396 കി.മീ. പ്രധാന ജില്ലാതല റോഡുകളുണ്ട്.

6.2.1.5 പ്രശ്നങ്ങൾ, സാധ്യതകൾ

A) അപകടകരമായ വളവുകൾ നിവർത്തൽ

1. കൽമണ്ഡപം കണ്ണനൂർ റോഡ് (പഴയ ദേശീയ പാത) യാക്കര പാലത്തിന് സമീപം
2. പാലക്കാട് - തത്തമംഗലം – പൊള്ളാച്ചി റോഡിൽ തണ്ണിശ്ശേരി വളവ്
3. കാണിക്കമാത ജംഗ്ഷൻ
4. ഒലവക്കോട് മലമ്പുഴ റോഡിലെ ഒലവക്കോട് സായി ജംങഷൻ
5. പാലക്കാട് പൊന്നാനി റോഡിൽ മംഗര പോലീസ് സ്റ്റേഷൻ സ്റ്റോപ്പ്
6. പുതുനഗരം കിണാശ്ശേരി റോഡിൽ തണ്ണീർ പന്തൽ ജംങ്ഷൻ
7. പാലക്കാട് പൊള്ളാച്ചി റോഡിൽ എരട്ടയാൽ ജംഗ്ഷൻ, പള്ളത്തേരി വളവ്
8. ജി.വി.സി.കൽപ്പാത്തി റോഡ് ശേഖരീപുരം
9. പാലക്കാട് മലമ്പുഴ റോഡിൽ - മാട്ടുമന്ത ജംഗ്ഷൻ
10. പാലക്കാട് പെരിന്തൽമണ്ണ റോഡിൽ എഴക്കാട് ലേബർ സ്കൂൾ എം.ഇ.എസ്., ഐ.ടി.സി വളവുകൾ
11. പട്ടാമ്പി ആമയൂർ റോഡിൽ മേലേകൊടുമുണ്ട വളവ്
12. ചെറുതുരുത്തി –പെരുമ്പിലാവ് റോഡിൽ കൂട്ടുപാത ജംഗ്ഷൻ
13. കോതക്കുറുശ്ശി ചേറംപറ്റക്കാവ് ചളവറ റോഡിൽ കി.മീ.0/800 അപകട വളവ്
14. പാലക്കാട് പൊന്നാനി റോഡിൽ കി.മീ.29/600 മുതൽ 29/300 വരെ വലിയ അപകട വളവുണ്ട്. ഇത് അപകട മേഖലയാണ്. ആയതിനാൽ അപകട സൂചന കാണിക്കുന്ന ബോർഡും വളവ് നിവർത്തുന്നതിനുള്ള സംവിധാനവും ആവശ്യമാണെന്ന് ഒറ്റപ്പാലം പോലീസ് കത്ത് നൽകിയിട്ടുണ്ട്.
15. വാണിയംകുളം കോതക്കുറിശ്ശി റോഡിൽ കി.മീ.2/500 ൽ പത്തംകുളം വളവും നിവർത്തിയാൽ അപകടം കുറയ്ക്കാം.

16. മംഗലം മുരുക്കുംപറ്റ റോഡിൽ കി.മീ.1/000-ലെ ഹെയർ പിൻ വളവിൽ സൈൻ ബോർഡ് - അപകട സൂചന ബോർഡ്
17. ഒറ്റപ്പാലം മണ്ണാർക്കാട് റോഡിൽ കി.മീ.16/500 ൽ കല്ലുവഴിയിൽ ഹെയർപിൻ വളവിൽ അപകട സൂചന ബോർഡ് സ്ഥാപിക്കുക.
18. ഷൊർണ്ണൂർ പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവെയിൽ കി.മീ.4/600 കിമീ (സഞ്ചീവനി ഹോസ്പിറ്റൽ സ്റ്റോപ്പ്) കി.മീ. 9/400, കി.മീ.23/800 (കരിങ്ങനാട് കുണ്ട് ബസ് സ്റ്റോപ്പ് 24/600 (വിളയൂർ ടൌൺ ഭാഗം) എന്നിവിടങ്ങളിലെ അപകടകരമായ വളവും കയറ്റവും കാരണം അപകടത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നു.
19. മുടപ്പല്ലൂർ - മംഗലം ഡാം പ്രധാന ജില്ലാ പാതയിൽ കി.മീ. 0/600, 0/800, 1/300, 2/000, 2/500, 2/800, 3/000, 4/000, 4/600, 5/300 എന്നീ സ്ഥലങ്ങളിലെ വളവ് നികത്തൽ, റോഡിന്റെ വീതി കൂട്ടി സൈൻ ബോർഡുകൾ സ്ഥാപിക്കുക.

B) **<u>റോഡിലെ വെള്ളക്കെട്ടുകൾ</u>**

1. പാലക്കാട് പൊന്നാനി റോഡിൽ തേന്നൂർ, എടത്തറ, പറളി സ്കൂൾ സമീപം, ചക്കാന്തറ പള്ളിക്ക് സമീപം, മാങ്കുറുശ്ശി മങ്കര ഇറക്കം
2. പാലക്കാട് – തത്തമംഗലം – പൊള്ളാച്ചി റോഡിൽ പനങ്കുററി
3. പാലക്കാട് – പെരിന്തൽമണ്ണ റോഡിൽ ചല്ലിക്കൽ വളവ്
4. ഒലവക്കോട് – ധോണി റോഡിൽ കല്ലേക്കുളങ്ങര
5. കോങ്ങാട് – മണ്ണാർക്കാട് – ടിപ്പു സുൽത്താൻ റോഡിൽ ഉമ്മനഴി ജംഗ്ഷന്, എം.ഇ.എസ്., ഐ.ടി.സി ജംഗ്ഷൻ
6. മണ്ണാർക്കാട് തച്ചനാട്ടുകര പഞ്ചായത്തിൽ പാലോട് ജംഗ്ഷനും, ശ്രീകൃഷ്ണപുരം - മുറിയംകണ്ണി – ചെത്തല്ലൂർ റോഡിൽ പൂവത്താണി ജംഗ്ഷനും, കുമരംപുത്തൂർ - ഒലുപ്പുഴ റോഡിൽ കാരയും, അഗളി – ജെല്ലിപ്പാറ റോഡിൽ ധോണിഗ്രണ്ടും, ആനക്കട്ടി – ഷോളയൂർ റോഡിൽ മൂലഗംഗൽ ജംഗ്ഷനുമാണ്. ഇതിന് ശാശ്വത പരിഹാരം കാണേണ്ടതുണ്ട്.
7. തൃത്താല കുമ്പിടി റോഡിൽ മണ്ണിലം – പെരുമ്പലം ചെ.11/500 കലുങ്ക് നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കണം,
8. വട്ടോളിക്കാവ് - ചാത്തനില റോഡിൽ ചെ.2/000 വെള്ളക്കെട്ട്
9. ചാലിശ്ശേരി വളവ്കുളം റോഡിൽ ചെ.3/000 വെള്ളക്കെട്ട്
10. വളക്കഞ്ചേരി - പൊള്ളാച്ചി റോഡിൽ ചിറ്റിലംഞ്ചേരി വടക്കഞ്ചേരി – പൂട്ടൂർ റോഡിൽ കി.മീ. 7/000, 8/000, മണപ്പാടം – കണ്ണമ്പ്ര കി.മീ. 0/6000, 1/500, 2/000, വടക്കഞ്ചേരി കിഴക്കഞ്ചേരി റോഡ് കി.മീ. 2/600 ഇരട്ടക്കുളം – വാണിയമ്പാറ കി.മീ.6/000 എന്നീ സ്ഥലങ്ങളിലെ വെള്ളക്കെട്ട്, ഡ്രയിനേജ് നിർമ്മാണം.
11. വാഴക്കോട് – ആലത്തൂർ സംസ്ഥാന രാജ പാതയിൽ കി.മീ.3/500 ൽ വെള്ളക്കെട്ട്, പ്രസ്തുത ഭാഗം ഉയർത്തിക്കെട്ടൽ.
12. മണ്ണാർക്കാട് – ചിന്നത്തടാകം റോഡിലെ മന്ദംപൊട്ടി നിലമ്പതി, അലനല്ലൂർ - കണ്ണങ്കുണ്ട് കോസ് വെ എന്നിവ പാലങ്ങളാക്കി നിർമ്മിക്കുക.

C) **കവല നവീകരണം** - അത്തിക്കോട് ജംഗ്ഷൻ

D) **പാലങ്ങൾ**

ജില്ലയിൽ പൊതുമരാമത്ത് റോഡുകളിൽ ആകെ 180 പാലങ്ങളാണുള്ളത്. ഇവയെല്ലാം പ്രബലിത കോൺക്രീറ്റ് നിർമ്മിതമാണ്. ഇവയിൽ 8 എണ്ണം ബലക്ഷയമുള്ളതിനാൽ പുനർനിർമ്മിക്കേണ്ടതാണ്. ഈ പാലങ്ങൾ 6 മീറ്ററിൽ കൂടുതൽ സ്പാനുള്ളവയാണ്. എന്നാൽ 29 പാലങ്ങൾ 6 മീറ്ററിനേക്കാൾ വീതി കുറഞ്ഞവയായതിനാൽ കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ആയതിനാൽ ഇവ വീതി കൂട്ടി നിർമ്മിക്കേണ്ടതുണ്ട്. ജില്ലയുടെ കാർഷിക മേഖലയുടെ വികസനത്തിന് റോഡ് ഗതാഗതം സാദ്ധ്യമാക്കുന്നതിന് ഇനിയും 28 പുതിയ പാലങ്ങൾ കൂടി നിർമ്മിക്കേണ്ടതുണ്ട്.

E) **കാനകൾ (ഡ്രൈനേജ്)**

ആസൂത്രിതമായ ഡ്രൈയ്നേജ് സംവിധാനങ്ങളും, ഓടകളും, കലങ്കുകളും ഉൾപ്പെടുന്ന ഡ്രൈനേജിന്റെ അഭാവം മൂലം മിക്ക റോഡുകളുടേയും ഉപരിതലത്തിൽ നിരന്തരം കേടുപാടുകൾ സംഭവിക്കുന്നുണ്ട്. കൂടാതെ വളവ് നിവർത്തൽ, ജംഗ്ഷൻ നവീകരണം, അടയാളബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതോടുകൂടി ജില്ലയിലെ അപകട സാദ്ധ്യതാ മേഖലകളായ 49 സ്ഥലങ്ങളിലെ റോഡപകടങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്.

F) **കണക്ടിവിറ്റി**

സംസ്ഥാനത്തെ പ്രധാന വന്യജീവി സംങ്കേതങ്ങളിലൊന്നായ പറമ്പിക്കുളം നമ്മുടെ ജില്ലയുടെ ഭാഗമാണെങ്കിലും തമിഴ്നാടു വഴി മാത്രമെ ഇവിടെക്ക് എത്തിച്ചേരുവാൻ കഴിയുകയുള്ളൂ. ഇതിനൊരു ബധൽ സംവിധാനം ആവശ്യമാണ്. വനപ്രദേശങ്ങളും പാടശേഖരങ്ങളും ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ്. തന്മൂലം വാസയോഗ്യമായ മേഖലകളിൽ ജനവാസം ക്രമാതീതമായി വർദ്ധിക്കുകയും ചെയ്യുന്നു. ആയതിനാൽ ഈ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി ബൈപാസുകളും ഫ്ലൈ ഓവറുകളും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

G) **ഫ്ലൈ ഓവറുകൾ**

കുളപ്പുള്ളി, പട്ടാമ്പി, കൊപ്പം ജംഗ്ഷൻ എന്നിവിടങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരമായി ഫ്ലൈ ഓവർ പദ്ധതികൾ നിർദ്ദേശിക്കുന്നു.

G) **ബൈപ്പാസുകൾ**

നിലവിലുള്ള ബൈപ്പാസായ കല്മണ്ഡപം – കല്പാത്തി ബൈപ്പാസിന്റെ നിലവാരം ഉയർത്തേണ്ടതും കല്മണ്ഡപം ജംഗ്ഷൻ വിപുലീകരിക്കേണ്ടതുമാണ്.

1. പട്ടാമ്പി ബൈപ്പാസ്

   പട്ടാമ്പി ആമയൂർ റോഡ് പുതിയ ഗേറ്റ് മുതൽ പട്ടാമ്പി പെരുന്തൽമണ്ണ റോഡ് പുതുക്കിയ ചന്ത വരെ റോഡ് വീതി കൂട്ടി ബൈപാസ്സ് സംവിധാനം ഒരുക്കേണ്ടതാണ്.

2. പട്ടാമ്പി ശങ്കരമംഗലം ബൈപ്പാസ്

   പട്ടാമ്പി ശങ്കരമംഗലം ബൈപ്പാസ് – പട്ടാമ്പി വെറ്റിനറി ഹോസ്പിറ്റൽ തുടങ്ങി പട്ടാമ്പി പെരുന്തൽമണ്ണ റോഡിൽ എത്തുന്നതാണ്.

3. ഒറ്റപ്പാലം ബൈപ്പാസ് പ്രവൃത്തി കെ.ഐ.ഐ.എഫ്.ബി.യിൽപ്പെടുത്തി ആർ.ബി.ഡി.സി.കെ ഏറ്റെടുത്ത് നടത്തി വരുന്നു. 2) ചെർപ്പുളശ്ശേരി ടൌൺ ബൈപ്പാസ്, ടൌണിലെ അനുസ്ഥ റോഡുകളെ ഉൾപ്പെടുത്തി ബൈപ്പാസ് നിർമ്മിക്കാവുന്നതാണ്.

4. ഷൊർണ്ണൂർ പെരിന്തൽമണ്ണ റോഡിൽ നിന്നുള്ള വാഹനങ്ങൾ തൃശ്ശൂർ റോഡിൽ നിന്നുള്ള വാഹനങ്ങൾ എന്നിവ ജില്ലയിലെ കൊച്ചിൻ പാലം കടന്ന് എസ്.എം.ബി ജംഗ്ഷന് വഴി പൊതുവാൾ ജംഗ്ഷൻ കടന്ന് പെരിന്തൽമണ്ണയ്ക്ക് പോകുകയാണ്. പ്രസ്തുത റോഡ് പരിശോധിച്ച് വാഹനങ്ങൾ കടന്നുപോകുന്ന എസ്.എം.ബി.ജംഗ്ഷൻ പൊതുവാൾ ജംഗ്ഷൻ വഴി സംസ്ഥാന ഹൈവെയാക്കി മാറ്റാവുന്നതാണ്.
5. ഷൊർണ്ണൂർ പെരിന്തൽമണ്ണ റോഡ് 7 മീ. വീതിയുള്ളതും ഉപരിതലം ബി.എം. & ബി.സി. പ്രവൃത്തി നടത്തിയിട്ടുള്ളതുമാണ്. എങ്കിലും വാഹനങ്ങളുടെ വർദ്ധനവും ആശാസ്ത്രീയമായ ഘടനയും കാരണം അപകടങ്ങൾ കൂടി വരുന്നു. ആയതിനാൽ പ്രസ്തുത റോഡ് 2 വരി പാതയാക്കി ഉയർത്തേണ്ടതുണ്ട്.
6. പാലക്കാട് - പൊള്ളാച്ചി റോഡിൽ കൊഴിഞ്ഞാമ്പാറയിലെ ബൈപ്പാസ് നിർമ്മാണം
7. തത്തമംഗലം — നാട്ടുകൽ റോഡിൽ കൊടുവായൂർ - പുതുനഗരം-തത്തമംഗലം ബൈപ്പാസ്
8. മംഗലം — ഗോവിന്ദാപുരം റോഡിൽ നെന്മാറ — കൊല്ലങ്കോട് ബൈപ്പാസ്
9. പെരുമ്പിലാവ് — പട്ടാമ്പി — പെരിന്തൽമണ്ണ റോഡ് വീതി കൂട്ടൽ, പെരിങ്ങോട് — അക്കിക്കാവ് — ബൈപാസ്സ് നിർമ്മാണം
10. പാലക്കാട് പെരിന്തൽമണ്ണ റോഡിൽ കോങ്ങാട് — തിരുവാഴിയോട് — ചെർപ്പുളശ്ശേരി — ബൈപ്പാസ്
11. കൊച്ചിൻ പാലം ഷൊർണ്ണൂർ റെയിലെ ഹോസ്പിറ്റൽ വരെയും, 0/000 — 1/400, എസ്.എൻ.ബി. ജംഗ്ഷൻ മുതൽ പൊതുവാൾ ജംഗ്ഷന് വരെയും, 0/000 — 0/700 കി.മീ. — ബൈപ്പാസ് നിർമ്മാണം.
12. കുനിശ്ശേരി ബൈപ്പാസ് (0/000-2/300കി.മീ., എരുമയൂർ ബൈപ്പാസ് (0/000- 0/800 കി.മീ)
13. എൻ.എച്ച് 544 ൽ നിന്നും പ്രധാന ജില്ലാ പാതയായ ആലത്തൂർ ബസാർ റോഡ് — ബൈപ്പാസ്
14. ആലത്തൂർ ടൌണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും ദേശീയ പാതയിൽ നിന്നും ഹോസ്പിറ്റലുകളിലേക്കും സ്കൂളുകളിലേക്കും എളുപ്പത്തിലെത്തിച്ചേരും വിധം ബൈപ്പാസ് നിർമ്മാണം.
15. പാലക്കാട് — പൊന്നാനി സംസ്ഥാന പാതയിൽ ഒറ്റപ്പാലം, വാണിയംകുളം, കുളപ്പുള്ളി ജംഗ്ഷനുകൾ ഒഴിവാക്കികൊണ്ട് മായന്നൂർ പാലം മുതൽ ഒറ്റപ്പാലം, മാന്നന്നൂർ, ഭാരതപ്പുഴ റെയിൽവെ സ്റ്റേഷൻ സ്ഥലത്തെ യോജിപ്പിച്ചുകൊണ്ട് എസ്.എം.പി.ജംഗ്ഷനിൽ എത്തിച്ചേരുന്ന വിധത്തിൽ റെയിൽവെ ലൈനിനു സമാന്തരമായി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇത് ഷൊർണ്ണൂർ, പട്ടാമ്പി തീരദേശ റോഡിലേക്ക് ബന്ധിപ്പിക്കാനാകും. അധികം ജനവാസമില്ലാത്ത പ്രദേശങ്ങളിലൂടെ കടന്നുപോകുന്നതുകൊണ്ട് സ്ഥലമെടുപ്പ് പ്രക്രിയ ലളിതമാകും.
16. നിലവിലുള്ള ലക്കിടി മംഗലത്തു നിന്നും മുരുക്കുമ്പാറ വരോട് സൌത്ത് പനമണ്ണ — മിനിശ്ശേരി റോഡ് ശ്യംഗല നവീകരിച്ചാൽ ഒറ്റപ്പാലത്തുള്ള ഗതാഗതക്കുരുക്ക് കുറയ്ക്കാൻ സാധിക്കും.

I) **പാർക്കിംഗ് സ്പേസ്**

- ചെറുതുരുത്തി പെരുമ്പിലാവ് റോഡിൽ ചെ.9/500 ആറങ്ങോട്ടുകര ജംഗ്ഷനിൽ പാർക്കിംഗ് സൌകര്യം
- പാലക്കാട് പൊന്നാനി റോഡ് ചെ.66/300 ൽ പാർക്കിംഗ് സൌകര്യം

- കുറ്റനാട് തൃത്താല റോഡിൽ ചെ.5/000ൽ തൃത്താല ജംഗ്ഷനിൽ പാർക്കിംഗ് സൌകര്യം
- ചാലിശ്ശേരി പെരിങ്ങോട് റോഡിൽ ചെ.3/700 പെരിങ്ങോട് ജംഗ്ഷനിൽ പാർക്കിംഗ് സൌകര്യം
- വടക്കഞ്ചേരി ബസാർ റോഡിൽ നിന്നും എൻ.എച്ച് 47 ലേക്കുള്ള ബൈപ്പാസ് റോഡിന്റെ അരികിലായി പാർക്കിംഗ് താവളം.
- വടക്കഞ്ചേരി ബസാർ റോഡിൽ കി.മീ.0/800 ൽവലതുവശത്തായി പാർക്കിംഗ് താവളം നിർമ്മിക്കാവുന്നതാണ്.
- മണലി, പുത്തൂർ, പലാൽ ജംഗ്ഷൻ എന്നിവിടങ്ങളിൽ പാർക്കിംഗ് സൌകര്യമൊരുക്കുക.
- ചെർപ്പുള്ളശ്ശേരി ടൌൺ, മേലേപ്പാടി, കടമ്പഴിപ്പുറം, ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ പാർക്കിംഗ് സൌകര്യമൊരുക്കുന്നതിന് പൊതുമരാമത്ത് റോഡിന്റെ വശങ്ങൾ ഉപയോഗിക്കാവുന്നതാണ്.

J) <u>റെയിൽവെ ലെവൽക്രോസുകൾ</u>

1. പാലക്കാട്- പൊന്നാനി റോഡ് (ഇംഗ്ലീഷ് ചർച്ച് റോഡ്)
2. പുതുനഗരം - കിണാശ്ശേരി കി.മീ.6/300ൽ കിണാശ്ശേരിയിൽ
3. തേങ്കുറുശ്ശി – പെരുവെമ്പ് കി.മീ.4/500ൽ കടുക്കാംകുന്നം
4. പാലക്കാട് – മലമ്പുഴ റോഡിൽ കി.മീ.4/500ൽ കടുക്കാംകുന്നം
5. പാലക്കാട്- പൊന്നാനി റോഡ് പറളി പാലം
6. പഴയ എൻ.എച്ച് റോഡിൽ
7. കഞ്ചിക്കോട് – മലമ്പുഴ റോഡിൽ കി.മീ.1/000
8. ഒലവക്കോട് – മലമ്പുഴ റോഡിൽ നടക്കാവ്
9. കുഴൽമന്ദം – മങ്കര റോഡ് – കാളിക്കാവ്

6.2.1.6 <u>പുതുതായി നിർമ്മിക്കേണ്ട റെയിൽവെ ഓവർ ബ്രിഡ്ജുകൾ</u>

മേൽ പറഞ്ഞ ലെവൽ ക്രോസുകളിൽ റെയിൽവെ ഓവർ ബ്രിഡ്ജുകൾ നിർക്കാവുന്നതാണ്

1. പട്ടാമ്പി – ആമയൂർ റോഡിൽ ചെ.5/000ൽ കൊടുമുണ്ട ലെവൽ ക്രോസ്സ്
2. മുതലമട – ചെറിക്കുടങ്ങാട് റോഡിൽ ചെ.4/200ൽ പാലത്തറ ഗേറ്റ് ലെവൽ
3. തിരുവേഗപ്പുറം – പള്ളിപ്പുറം റോഡിൽ ചെ.4/800 ൽ പള്ളിപ്പുറം ഗേറ്റ് ലെവൽ ക്രോസ്സ്

I. <u>മലയോര ഹൈവേ</u>

പൊൻപാറ മുതൽ മണ്ണാർക്കാട് ചുങ്കം വരെയുള്ള 26.5 കി.മീ. റോഡും വടക്കഞ്ചേരി തങ്കം ജംഗ്ഷൻ മുതൽ കൊല്ലങ്കോട് വരെയുള്ള റോഡും, കൊല്ലങ്കോടു മുതൽ കൂട്ടുപാത വരെയുള്ള റോഡും മലയോര ഹൈവേയുടെ ഭാഗമായിട്ടുണ്ട്.

<u>വിനോദ സഞ്ചാരം</u> വെള്ളിയാങ്കല്ല് പാലത്തിന് അടുത്തുള്ള പാർക്കിംഗ് മെച്ചപ്പെടുത്തി വിനോദ സഞ്ചാരം അഭിവൃദ്ധിപ്പെടുത്താവുന്നതാണ്.

- ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡിൽ ''അനങ്ങനടി ഇക്കോ ടൂറിസം പദ്ധതി'' പ്രദേശത്തേക്ക് റോഡ് വികസിപ്പിക്കുവാനും പാർക്കിംഗ് സൌകര്യം ഏർപ്പെടുത്തുവാനും കഴിയും

- ചൂലന്നൂർ മയിൽ സങ്കേതം — തരൂർ പള്ളി കുട്ടൻതോട് നൊച്ചൂർ റോഡിനും, തിരുവില്ലാമല — പെരിങ്ങോട്ടുകുറുശ്ശി റോഡിനും ഇടയിലായി സ്ഥിതി ചെയ്യുന്ന ഇന്ത്യയിലെതന്നെ ഏക മയിൽ സങ്കേതം.
- ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ നെല്ലിയാമ്പതി, പറമ്പിക്കുളം, മീൻവല്ലം, ശിരുവാണി, കാഞ്ഞിരപ്പുഴ, സൈലന്റ് വാലി, ലക്കിടി കുഞ്ചൻ സ്മാരകം, തസ്രാക്ക് എന്നിവയെ ബന്ധപ്പെടുത്തി ഉയർന്ന നലവാരമുള്ള ഒരു റോഡ് ശൃംഖല രൂപപ്പെടുത്തേണ്ടതുണ്ട്.

പാലക്കാട് - മലമ്പുഴ, ഒലവക്കോട് — മലമ്പുഴ, കഞ്ചിക്കോട് — മലമ്പുഴ, ചിറക്കൽപ്പടി — കാഞ്ഞിരപ്പുഴ, കരിമ്പ —മീൻവല്ലം, എടക്കുറുശ്ശി — ശിറുവാണി, മുതലമട — ചെമ്മണാംപതി, മുടപ്പല്ലൂർ - മംഗലം ഡാം, നെന്മാറ — നെല്ലിയാമ്പതി, കൈനാട്ടി — കാരാപാറ, സീതാർക്കുണ്ട് , തണ്ണീർപന്തൽ - തസ്രാക്ക്, മംഗലം — കിള്ളിക്കുറുശ്ശി മംഗലം, അത്തിക്കോട് — തുഞ്ചൻമഠം, നടുവത്തപ്പാറ — ചൂലന്നൂർ, കുളവൻമുക്ക് — കുത്തന്നൂർ - തോലന്നൂർ - പെരിങ്ങോട്ടുകുറുശ്ശി തുടങ്ങിയ റോഡുകളുടെ നിലവാരം ഉയർത്തി ജില്ലയിലെ വിനോദ സഞ്ചാര മേഖല വികസിപ്പിക്കാവുന്നതാണ്.

II. പൊതുമരാമത്ത് വകുപ്പ് കെട്ടിടങ്ങൾ

സമൂഹത്തിൻറെ ആകെയുള്ള വികസനം യാഥാർത്ഥ്യമാക്കുന്നതിൽ പ്രധാന ഘടകമായ മനുഷ്യ വർഗ്ഗത്തിൻറെ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്, അവൻറെ ജീവിത ചക്രത്തിലെ വിവിധ തലങ്ങളിലെ സ്വസ്ഥവും സുഗമവുമായ ആവാസത്തിന് അനുയോജ്യമായ കെട്ടിടങ്ങളുടെ നിർമ്മാണവും പരിപാലനവും വളരെ പ്രാധാന്യമേറിയതാണ്. ഇങ്ങനെ കെട്ടിട നിർമ്മാണം നടത്തുമ്പോൾ വളരെ പരിമിതമായ പ്രകൃതി വിഭവങ്ങളുടെ അമിത ചൂഷണം ഒഴിവാക്കുന്ന തരത്തിലുള്ള പദ്ധതി വിഭാവനം ഉറപ്പ് വരുത്തേണ്ടതുണ്ട്. പരമാവധി പ്രകൃതിയോട് ഇണങ്ങി ചേരുന്ന വിധത്തിലുള്ള ആസൂത്രണം നടത്തുന്നതിൽ വിട്ടുവീഴ്ചയുണ്ടാകാൻ പാടില്ല.

കെട്ടിട നിർമ്മാണ കാര്യത്തിൽ ഗ്രീൻ ബിൽഡിംഗ് പോളിസി, മഴവെള്ള കൊയ്ത്ത്, സൌരോർജ്ജ സംവിധാനം എന്നിവ കൂടി നടപ്പിലാക്കേണ്ടതുണ്ട്. വിവിധ തട്ടിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും ആസൂത്രിതമായ മനുഷ്യാധ്വാനം പ്രധമ പങ്ക് വഹിക്കുന്നു. മനുഷ്യർക്ക് സ്വസ്ഥവും സുസ്ഥിരവുമായ വാസത്തിന് അനുയോജ്യമായ കെട്ടിടങ്ങൾ ഒരുക്കുക അത്യന്താപേക്ഷിതമാണ്. പഴയകാല കെട്ടിടങ്ങൾ പരിസ്ഥിതി സൗഹൃദ നിർമ്മിതികളായിരുന്നുവെങ്കിലും വർത്തമാന കാലത്തിലെ കെട്ടിടങ്ങൾ മിക്കവയും പരിസ്ഥിതിക്ക് ആഘാതം സൃഷ്ടിക്കുന്നവയാണ്.

നിലവിൽ ജില്ലയിലെ ഭരണ സംവിധാനത്തിന് ആവശ്യമായ കെട്ടിടങ്ങൾ പരിമിതമാണ്. താലൂക്ക് ജില്ലാ കേന്ദ്രങ്ങളിലെ ചിതറിക്കിടക്കുന്ന സർക്കാർ ഓഫീസുകൾ ഒരു കുടക്കീഴിലാക്കി സർക്കാർ സേവനങ്ങൾ പൊതുജനങ്ങളിലാകെ സുഗമമായി എത്തിക്കുന്നതിന് നിലവിലുള്ള സിവിൽ സ്റ്റേഷനുകൾക്ക് ഉപരിയായി സൌകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാത വയോജന അംഗ പരിമിത, ഭിന്നശേഷി വിഭാഗ സൌഹൃദമാക്കേണ്ടതും, ബഹുനില പാർക്കിംഗ് സൌകര്യമൊരുക്കേണ്ടതും അത്യാവശ്യമാണ്.

ഔദ്യോഗിക അനൌദ്യോഗിക ആവശ്യങ്ങള്ക്കായി ജില്ലയിൽ എത്തിച്ചേരുന്നവർക്ക് സുരക്ഷിതവും സുഗമമവുമായ താമസ സൌകര്യം ഒരുക്കുന്നതിനായി നിലവിൽ 14 വിശ്രമകേന്ദ്രങ്ങളാണ് ഉള്ളത്. ഇവയിലാകെ 116 മുറികളും ഉണ്ട്. ആയത് അപര്യാപ്തമായതിനാൽ അടിസ്ഥാന സൌകര്യങ്ങൾ ഇനിയും വികസിപ്പിക്കേണ്ടതുണ്ട്.

6.2.1.7 നിർദ്ദേശങ്ങൾ (ത.സ്വ.ഭ.വ)

1. ടൌൺ ഹാൾ, പാർക്ക്, റോഡ് റബ്ബറൈസേഷൻ, മാര്ക്കറ്റ്, ബൈപാസ്സ്, മാസ്റ്റർ ഡ്രൈയ്നേജ്, കോസ് വെ, പന്നിയാംകുറുശ്ശി വീട്ടിക്കാട് റോഡ്, ഇ.എം.എസ് റോഡ്, മയത്തുക്കര വീരമംഗലം റോഡ് എന്നീ റോഡുകളുടെ വികസനം. അതുപോലെത്തന്നെ ചെറുപ്പളശ്ശേരി — ഒറ്റപ്പാലം റോഡ്, ചെർപ്പളശ്ശേരി പട്ടാമ്പി റോഡ് എന്നിവ വികസിപ്പിച്ച് ഡ്രൈയ്നേജ് സംവിധാനം.
2. പുനർ നിർമ്മാണം ആവശ്യമായ പാലങ്ങൾ :- ചെമ്മണാംപതി പാലം, ഗായത്രി പാലം, കണ്ണമംഗലം പാലം, പുന്നപ്പാടം കോസ്വേ, വേലന്താവളം പാലം, മംഗലം പാലം, അമേത്തിക്കര പാലം, ഊട്ടറപ്പാലം
3. പുതിയതായി നിർമ്മിക്കേണ്ട പാലങ്ങൾ :- തെന്നിലാപുരം പാലം, ആറങ്ങാട്ടുകടവ് പാലം, പഴംപാലക്കോട് പാണ്ടിക്കടവ് പാലം, ചുള്ളിമാട് പാലം, എഴുത്തുംചിറപാലം, ഓടന്നൂർ പാലം, മലമ്പുഴ റിങ്ങ് റോഡ് പാലം, ഈസ്റ്റ് ഒറ്റപ്പാലം പാലം, കണിയാപുരം പാലം, കണ്ണംകുണ്ട് കടവ് പാലം, പാറമണ്ണുകാട് പനംപുള്ളി പാലം, കമ്പ-ചളിക്കടവ് പാലം, പറമ്പിക്കുളം പാലം, ചീരംപുഴ പാലം, പുളിന്തോടി പാലം, വടക്കുമുറി കനാൽ പാലം, പത്തനാപുരം പാലം, മഞ്ഞപ്ര മംഗലം ചിറപാലം, തോരാപുരം പാലം, ചെട്ടിക്കാട് അമ്പാഴക്കോട് പാലം, തത്തേഗംലം പാലം, ചീരക്കടവ് കോസ്വേ, കരിപ്പൻകുന്ന് താനികാലത്തി പാലം, വാടാനംകുറിശ്ശി പാലം, പാലപ്പുറം കുതിരവഴി പാലം, പാറക്കടവ് കോസ്വേ, പാലപ്പുറം പാലം, ഞാവലക്കാട് പാലം.

A) **ഗ്രാമപഞ്ചായത്തുകൾ**

ജില്ലയിലെ പ്രധാന ഗ്രാമീണ റോഡുകളിൽ പലതും സുഗമമായ ഗതാഗത യോഗ്യമല്ലാത്തതാണ്. ഇവ മുൻഗണനാ ക്രമം നിശ്ചയിച്ച് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽ നോട്ടത്തിൽ പുനരുദ്ധരിക്കേണ്ടതിന് വേണ്ടിയുള്ള കർമ്മ പരിപാടി തയ്യാറാക്കേണ്ടതാണ്. അതോടൊപ്പം ജില്ലാ റോഡുകളെ ബന്ധിപ്പിക്കുന്ന ഗ്രാമീണ റോഡുകൾ പ്രധാന ജില്ലാ റോഡുകളുടെ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

6.1.2 വാർത്താവിനിമയം

6.1.2.1 ആമുഖം

സർക്കാരിന്റെ വിവിധ വികസന-ക്ഷേമ പദ്ധതികൾ ജനങ്ങളിലെത്തിക്കുകയാണ് ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രവർത്തന ലക്ഷ്യം. ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ജില്ലാ ഘടകമായാണ് ജില്ലാ ഇൻഫർമേഷൻ ഓഫീസ്. 14 ജില്ലകളിലും പ്രവർത്തിക്കുന്ന ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നിന്നും മാധ്യമങ്ങൾക്ക് നല്കുന്ന പത്രക്കുറിപ്പുകളിലൂടെയാണ് നിലവിൽ വികസന—ക്ഷേമ പദ്ധതികളെക്കുറിച്ച് പൊതുജനങ്ങൾ അറിയുന്നത്. നേരിട്ട് സംവദിക്കുന്നതിന് പകരം സർക്കാറിനും പൊതുജനങ്ങൾക്കുമിടയിൽ മാധ്യമങ്ങളുണ്ട്. അതുകൊണ്ട് തന്നെ സർക്കാർ-ജില്ലാ ഇൻഫർമേഷൻ ഓഫീസ് — മാധ്യമങ്ങൾ - പൊതുജനങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകൾ കടന്നാണ് വിവരങ്ങൾ പൊതുജനങ്ങളിലെത്തുന്നത്. ഇതിനിടയിൽ വാർത്ത പലപ്പോഴും ഫിൽറ്റർ ചെയ്യപ്പെടുന്നുണ്ട്.

6.1.2.2 അവസ്ഥ വിശകലനം

സംസ്ഥാന സർക്കാരിൻറെ വികസനക്ഷേമ പ്രവർത്തനങ്ങൾ പൊതുജനങ്ങളി ലെത്തിക്കുന്നത് നിലവിൽ ജില്ലാ ഇൻഫർമേഷൻ നൽകുന്ന പത്രക്കുറിപ്പുകളിലൂടെയാണ്. മന്ത്രിമാർ, എം.എൽ.എ മാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്ടർ എന്നിവർ നടത്തുന്ന യോഗങ്ങൾ, മന്ത്രിമാരുടെ പൊതുപരിപാടികൾ, വിവിധ വകുപ്പുകൾ നല്കുന്ന അറിയിപ്പുകൾ എന്നിവയാണ് എല്ലാദിവസവും

പത്രക്കുറിപ്പിൽ ഉൾപ്പെടുത്തുന്നത്. ഇത് ഗ്രൂപ്പ് മെയിലിലൂടെ 100 ലധികം മാധ്യമസ്ഥാപനങ്ങൾക്ക് വൈകീട്ട് അഞ്ചിനകം അയച്ച് നല്കും. 17 മലയാള ദിനപത്രങ്ങൾ, മൂന്ന് ഇംഗ്ലീഷ് ദിനപത്രങ്ങൾ, രണ്ട് തമിഴ് ദിനപത്രങ്ങൾ, ഒരു സായാഹ്ന പത്രം, പത്ത് മുഖ്യധാരാ ചാനലുകൾ, ആറ് ലോക്കൽ ചാനലുകൾ, രണ്ട് വെബ് പോർട്ടലുകൾ എന്നിവയെക്കൂടാതെ ദൂരദർശനും ആകാശവാണിക്കും പത്രിക്കുറിപ്പ് നല്കുന്നുണ്ട്. ജില്ലയുടെ അതിർത്തി പ്രദേശമായ കോഴിപ്പാറയിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ അഹല്യ റേഡിയോയ്ക്കും പത്രക്കുറിപ്പ് നല്കുന്നുണ്ട്. ഇൻഫർമേഷൻ -പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ഫീൽഡ് പബ്ലിസിറ്റി പരിപാടികളിലൂടെയും ആശയവിനിമയം നടത്താറുണ്ട്. എല്ലാ വർഷവും മന്ത്രിസഭാ വാർഷികം. വായനാ വാരം, ഗാന്ധിജയന്തി വാരം, ഭരണഭാഷാ വാരാഘോഷം തുടങ്ങിയവയാണ് വകുപ്പ് സ്ഥിരമായി നടത്തുന്ന ഫീൽഡ് പബ്ലിസിറ്റി പരിപാടികൾ. ഈ കാലയളവിൽ മാത്രമാണ് ജില്ലയ്ക്കായി ഫണ്ട് അനുവദിക്കുക. ഇത് വിനിയോഗിച്ച് ഫലപ്രദമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്താറുണ്ട്.

6.2.1.3 വിടവുകൾ

1) സർക്കാരിൻറെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിവരങ്ങൾ പത്രക്കുറിപ്പിനായി കൃത്യസമയത്ത് ലഭിക്കാത്ത സാഹചര്യം
2) മുഖ്യധാരാ മാധ്യമങ്ങളിൽ പരസ്യങ്ങൾ കൂടിയത് മൂലം വാർത്തകൾ തിരസ്കരിക്കപ്പെടുകയോ വേണ്ടത്ര പ്രാധാന്യത്തോടെ പ്രസിദ്ധീകരിക്കപ്പെടുകയോ ചെയ്യാത്ത അവസ്ഥ.
3) മാധ്യമങ്ങൾ രാഷ്ട്രീയ – വ്യവസായ താത്പര്യങ്ങൾക്ക് കൂടുതൽ മുൻഗണന നല്കുന്ന സാഹചര്യം
4) പ്രധാന ദിനപത്രങ്ങൾക്ക് പ്രാദേശിക എഡിഷനുകൾ വന്നതോടെ ചില വാർത്തകൾ അതത് പ്രദേശത്ത് മാത്രം പ്രസിദ്ധീകരിക്കപ്പെടുന്ന സ്ഥിതിയായി
5) മുഖ്യധാരാ ദൃശ്യ മാധ്യമങ്ങൾ വികസന വാർത്തകൾക്ക് പ്രാധാന്യം നല്കുന്നില്ല
6) പ്രാദേശിക ചാനലുകളിൽ വികസന – ക്ഷേമ വാർത്തകളുടെ കവറേജ് താരതമ്യേന തൃപ്തികരമാണെങ്കിലും വിനിമയ മാധ്യമം എന്ന നിലയ്ക്ക് പരിമിതികളുണ്ട്.
7) ജില്ലയിൽ നിലവിൽ പ്രചാരമുള്ള ഒരു സായാഹ്ന പത്രം (തുറന്ന കത്ത്) മാത്രമാണുള്ളത്. ഈ പത്രത്തിൽ സർക്കാറിന്റെ വികസന – ക്ഷേമ വാർത്തകൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നുണ്ട്.
8) വള്ളുവനാട്.കോം, അനുഗ്രഹാവിഷൻ.കോം ഓൺലൈൻ പോർട്ടലുകളിലും സർക്കാർ വാർത്തകൾക്ക് പരിഗണന ലഭിക്കുന്നുണ്ട്.
9) വികസന –ക്ഷേമ വാർത്തകൾക്ക് മുൻഗണന നൽകുന്ന ദൂരദർശൻ, ആകാശവാണി എന്നിവയ്ക്ക് മറ്റ് ചാനലുകൾ - എഫ്.എം റേഡിയോ സ്റ്റേഷനുകളുമായി താരതമ്യം ചെയ്താൽ പ്രേക്ഷകർ/ ശ്രോതാക്കൾ കുറവായിരിക്കും
10) ജില്ലയിലെ ഏക കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ - അഹല്യാ കമ്മ്യൂണിറ്റി റേഡിയോ പത്രക്കുറിപ്പിലെ എല്ലാ വാർത്തകളും ഉൾപ്പെടുത്തുന്നുണ്ടെങ്കിലും കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷന്റെ പരിമിതികൾ കണക്കിലെടുക്കേണ്ടതാണ്.

6.2.1.4 സാധ്യതകൾ

6.2.1.4.1 ഫലപ്രദമായ ആശയവിനിമയത്തിന് മുകളിൽ കൊടുത്ത കാരണങ്ങൾ തടസ്സമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും എത്രത്തോളം പേർ ഇത്തരം വാർത്തകൾക്ക് അച്ചടി — ദൃശ്യ മാധ്യമങ്ങളെ ആശ്രയിക്കുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. ഒരു പത്രത്തിന്റെ സർക്കുലേഷൻ ആനുപാതികമായി വായനക്കാരുടെ കണക്കെടുക്കുക സാധ്യമല്ല. അതിരാവിലെ കൂലിപ്പണിക്ക് പോകുന്നവർ, വിദ്യാർത്ഥികൾ,

സമൂഹത്തിന്റെ മറ്റ് പിന്നോക്ക വിഭാഗത്തിലുള്ളവർ എന്നിവർ ദിവസേനയോ അല്ലെങ്കിൽ മിക്കവാറും പത്രം വായിക്കുന്ന ശീലമില്ല.

6.2.1.4.2 ഈ സാഹചര്യത്തിലാണ് താഴെ കൊടുക്കുന്ന പരിഹാരമാർഗങ്ങൾ നടപ്പിലാക്കേണ്ടത്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് മികച്ച പത്രക്കുറിപ്പുകൾ തയ്യാറാക്കുന്നതിനും പബ്ലിക്ക് റിലേഷനിലും പരിശീലനം നല്കുന്നത് മുതൽ സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിലുള്ളവർക്ക് അച്ചടി – ദൃശ്യ മാധ്യമങ്ങളേയോ മറ്റ് സംവിധാനങ്ങളേയോ ആശ്രയിക്കാതെ നേരിട്ട് വിവരങ്ങൾ നല്കുന്ന വാർത്താവിനിമയ ബോർഡ് സ്ഥാപിക്കുന്നത് വരെയുള്ള നിർദ്ദേശങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. നവമാധ്യമങ്ങളിലൂടെയുള്ള ആശയവിനിമയത്തിന് സാങ്കേതികവും സാമ്പത്തികവുമായ നിയന്ത്രണങ്ങൾ ഭാവിയിൽ പ്രതീക്ഷിക്കാവുന്ന കാലഘട്ടത്തിലും പരമ്പരാഗത രീതിയിൽ ഗ്രാമപ്രദേശങ്ങളിലും മറ്റേത് സ്ഥാപനങ്ങളിലും ചുരുങ്ങിയ ചെലവിൽ സ്ഥാപിക്കാവുന്നതാണ് വാർത്താവിനിമയ ബോർഡുകൾ, ഇവയിലേയ്ക്കുള്ള അറിയിപ്പുകളും മറ്റ് വിവരങ്ങളും ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിന്റെ prd.kerla.gov.in സൈറ്റിൽ നിന്നുമെടുത്ത് പ്രദർശിപ്പിക്കാവുന്നതാണ്.

6.2.1.4.3 വികസന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണം ലഭിക്കുന്നതിന് താഴെ കൊടുക്കുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. **ജില്ലാ ഇൻഫർമേഷൻ ഓഫീസിന് വെബ് സൈറ്റ്**

1.1 ജില്ലാ ഇൻഫർമേഷൻ ഓഫീസിന് സ്വന്തമായി ഒരു വെബ് സൈറ്റ് തുടങ്ങി ദിവസേന നല്കുന്ന പത്രക്കുറിപ്പുകൾ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുകയും മറ്റ് പൊതു താത്പര്യമുള്ള വിവരങ്ങൾ നല്കുകയും ചെയ്യാം (നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ (എൻ.ഐ.സി) യുമായി ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ട്.

2. **വാട്ട്സ് ആപ്പ് ഗ്രൂപ്പ്**

2.1വാർത്താ വിനിമയം ഉപസമിതിയിലുൾപ്പെട്ട അംഗങ്ങളുടെയും മറ്റ് തിരഞ്ഞെടുത്ത മേഖലകളിലുള്ളവരുടെയും വാട്ട്സ് ആപ്പ് ഗ്രൂപ്പുകളുണ്ടാക്കാം.

3. **സേവനാവകാശ നിയമപ്രകാരമുള്ള ബോർഡുകൾ**

3.1 എല്ലാ സർക്കാർ ഓഫീസുകളിലും സേവനാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം അതത് ഓഫീസിൽ നിന്നുള്ള സേവനങ്ങൾ സംബന്ധിച്ച് ബോർഡുകളുണ്ടെന്ന് ഉറപ്പാക്കും. (എല്ലാ സർക്കാർ ഓഫീസുകളും)

4. **സ്കൂൾ അസംബ്ലികളിലൂടെ ബോധവത്ക്കരണം**

4.1 സ്കൂൾ അസംബ്ലികളിൽ വായിക്കാവുന്ന തരത്തിൽ ഐ.പി.ആർ.ഡി പത്രക്കുറിപ്പുകൾ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ ക്രോഡീകരിച്ച് എല്ലാ ദിവസവും അറിയിപ്പുകളും സേവനങ്ങളും ഒരു വിദ്യാർത്ഥി വായിക്കാവുന്നതാണ്. എല്ലാ സ്കൂളുകളിലും വാർത്താ വിനിമയ ബോർഡുകളും സ്ഥാപിക്കേണ്ടതാണ്. (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ).

5. **ഫെയ്സ് ബുക്ക് (ഫീഡ് ബാക്ക് സംവിധാനം)**

5.1 ജില്ലാ ഇൻഫർമേഷൻ ഓഫീസിന് ഒരു ഫെയ്സ് ബുക്ക് പേജ് തുടങ്ങേണ്ടതാണ്. ഓരോ പദ്ധതിയെക്കുറിച്ച പൊതുജനങ്ങളുടെ പ്രതികരണം സമാഹരിച്ച് നിലവിൽ എല്ലാ മാസവും ഡയറക്ടറേറ്റിലേയ്ക്കും മന്ത്രിമാർക്കും അയയ്ക്കുന്ന ജനപ്രതികരണ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണ്. ജില്ലാ കലക്ടറുടെയും മറ്റ് വകുപ്പ് ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയങ്ങളും ഇത്തരത്തിലുള്ള പ്രതികരണങ്ങളിലൂടെ ലഭിക്കും. (ജില്ലാ ഇൻഫർമേഷൻ ഓഫീസ്)

5.2

6. കമ്മ്യൂണിക്കേഷൻ ഓഫീസർമാർ

6.1 ഓരോ വകുപ്പുമായി ബന്ധപ്പെട്ട പുതിയ ഉത്തരവുകൾ, അറിയിപ്പുകൾ, വിവിധ പദ്ധതികൾ എന്നിവയെക്കുറിച്ച് അതത് സമയത്ത് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അറിയിക്കുന്നതിന് ഓരോ ഓഫീസിലും കമ്മ്യൂണിക്കേഷൻ ഓഫീസർമാരെ നിയോഗിക്കാം. ഇവർക്ക് ഐ-പി.ആർ.ഡി പരിശീലനം നല്കുന്നതാണ്. (ജില്ലാ ഓഫീസ് മേധാവികൾ)

7. മൊബൈൽ പ്രദർശന വാഹനം

7.1 ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണം അനിവാര്യമാണ്. നിലവിൽ പബ്ലിസിറ്റി വാഹനം വികസന-ക്ഷേമ പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി ജില്ലയിൽ പര്യാടനം നടത്തുന്നതിന് പകരം ജില്ലയ്ക്ക് ഒരു ഫീൽഡ് പബ്ലിസിറ്റി വാഹനം ആവശ്യമാണ്. എല്ലാ വകുപ്പുകൾക്കും നിബന്ധനകൾക്ക് വിധേയമായി പ്രചാരണത്തിനായി വാഹനം ഉപയോഗിക്കാം. (ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി വാഹനം വാങ്ങാവുന്നതാണ്, വാഹനം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുമാവാം)

8. സാംസ്കാരിക – കലാ സമിതികളുടെ പങ്കാളിത്തം

8.1 നാടൻ കലാരൂപങ്ങളേയും ജില്ലയുടേതായ തനത് കലകളേയും കലാകാരന്മാരേയും വികസന ക്ഷേമ പ്രവർത്തനങ്ങളുടെ പ്രചാരണത്തിന് വിനിയോഗിക്കാവുന്നതാണ്. ഇതിനായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള സോങ് ആൻഡ് ഡ്രാമാ ഡിവിഷനിൽ രജിസ്റ്റർ ചെയ്യുന്നതിന് സമാനമായി കലാകാരന്മാരുടെയും സംഘടനകളുടേയും അംഗീകൃത പാനൽ തയ്യാറാക്കാം.

9. വാർഡ്തല സേവാകേന്ദ്രങ്ങൾ സജീവമാക്കണം

9.1 പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസുകളിൽ എത്താതെ തന്നെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് വാർഡ്തലത്തിൽ സേവാ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ തീരുമാനിച്ചത്. ജില്ലയിലെ എല്ലാ വാർഡുകളിലും സേവാകേന്ദ്രങ്ങൾ തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉപസമിതി അംഗം കൂടിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സേവാകേന്ദ്രങ്ങൾ നിലവിൽ വന്നാൽ ഐ.പി.ആർ.ഡി യുടെ വാർത്താ വിനിമയ ബോർഡുകൾ ഇവിടങ്ങളിലും സജ്ജീകരിക്കാവുന്നതാണ്.

10. യുവജനക്ഷേ ബോർഡ് കോഡിനേറ്റർമാർ

10.1 ജില്ലയിൽ യുവജനക്ഷേമ ബോർഡിൻറെ അഫിലിയേറ്റ് ചെയ്ത 500 ക്ലബുകളുണ്ട്. ഇതിൽ 250 ക്ലബുകൾ വളരെയധികം സജീവമാണ്. ബ്ലോക്ക് തലത്തിലുള്ള കോഡിനേറ്റർമാരുടെ യോഗം എല്ലാ ആഴ്ചയും ചേരുന്നതിനാൽ ഇവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിലൂടെ താഴെ തട്ടിലേയ്ക്ക് ആശയവിനിമയം നടത്താവുന്നതുമാണ്.

11. നെഹ്റു യുവകേന്ദ്ര വൊളന്റിയർമാർ

11.1 നെഹ്റു യുവകേന്ദ്രയിൽ അഫിലിയേറ്റ് ചെയ്ത 925 ക്ലബുകൾ ജില്ലയിലുണ്ട്. ഇവയിൽ 450 എണ്ണം സജീവമാണ്. ആഴ്ചയിൽ ഒരിക്കൽ ബ്ലോക്ക് തലത്തിൽ വൊളന്റിയർമാരുടെ യോഗം ചേരുന്നതിൽ ഇവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിലൂടെ താഴെത്തട്ടിലേയ്ക്ക് ആശയവിനിമയം നടത്താവുന്നതാണ്.

12. ഓഫീസുകളിൽ നിന്നും പ്രതിമാസ ബുള്ളറ്റിൻ

12.1 ജില്ലയിലെ ഓഫീസുകൾ ഓരോ മാസവും നടപ്പാക്കിയ /നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, പൊതുജന താത്പര്യമുള്ള അറിയിപ്പുകൾ എന്നിവ എല്ലാ മാസവും നിശ്ചിത

തീയതിക്കകം ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ ലഭ്യമാക്കണം. നിലവിൽ മന്ത്രിസഭാ വാർഷികത്തോടനുബന്ധിച്ച് പ്രത്യേക പത്രക്കുറിപ്പുകൾ നല്കുന്നതിനോ വികസന പുസ്തകം തയ്യാറാക്കുന്നതിനോ മാത്രമാണ് ഇത്തരത്തിൽ ഓരോ ഓഫീസുകളിൽ നിന്നും സമഗ്ര റിപ്പോർട്ട് ലഭിക്കുന്നത്.

13. വാർത്താ വിനിമയ ബോർഡുകൾ

13.1 ജില്ലയിലെ സ്കൂളുകൾ, 40 ഇ-വിജ്ഞാൻ കേന്ദ്രങ്ങൾ, 250 അക്ഷയകേന്ദ്രങ്ങൾ, 3825 അങ്കണവാടികൾ, സാക്ഷരതാ തുടർ വിദ്യാഭ്യാസ കേന്ദ്രങ്ങൾ, സേവാകേന്ദ്രങ്ങൾ, ടൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, എംപ്ലോയബിലിറ്റി സെന്ററുകൾ, പഞ്ചായത്ത് ഓഫീസുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ലൈബ്രറി കൌൺസിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികൾ എന്നിവിടങ്ങളിൽ ഐ.പി.ആർ.ഡി. യുടെ വാർത്താ വിനിമയ ബോർഡുകളും, ഏകീകൃത ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

14. ജനപഥം –കേരള കോളിങ് പ്രചാരണം

14.1 ഇൻഫർമേഷൻ - പബ്ലിക്ക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ ജനപഥം, കേരള കോളിങ്ങ് എന്നിവ കൂടുതൽ പേരിലെത്തിക്കുന്നതിനായി പ്രത്യേക പ്രചാരണം നടത്തേണ്ടതാണ്. മുതുതല ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ കീഴിലുള്ള നാല് സ്കൂളുകളിൽ നിലവിൽ ഈ മാസികകൾ സൌജന്യമായി നല്കുന്നുണ്ട്. മറ്റ് പഞ്ചായത്തുകൾക്കും ഈ മാതൃക പിന്തുടരാവുന്നതാണ്. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള 150 സ്കൂളുകളിൽ മാസികകൾ സൌജന്യമായി നല്കുന്നത് 2017-18 വാർഷിക പദ്ധതിയിൽ തുക വകയിരുത്തണമെന്നാവശ്യപ്പെട്ട് ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ അപേക്ഷ നല്കിയിട്ടുണ്ട്.

15. അക്ഷയ കേന്ദ്രങ്ങൾ - ഇൻഫർമേഷൻ ഹബ്ബ്

15.1 ജില്ലയിൽ പ്രവർത്തിക്കുന്ന 255 അക്ഷയകേന്ദ്രങ്ങളിൽ ധാരാളം പൊതുജനങ്ങൾ വിവിധ സേവനങ്ങൾക്കായി എത്തുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ എൽ.ഇ.ഡി പ്രൊജക്ടർ/റ്റി.വി സ്ഥാപിച്ച് സർക്കാറിന്റെ വികസന – ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രചാരണം നല്കാവുന്നതാണ്. ഇത് സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കേണ്ടതാണ്. പദ്ധതി നടപ്പാക്കുന്നതിന് മുൻപ് താത്കാലിക സംവിധാനമെന്ന നിലയിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

16. വികസനോന്മുഖ പത്രപ്രവർത്തനത്തിന് അവാർഡ്

16.1 വികസനോന്മുഖ പത്രപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാധ്യമ പ്രവർത്തകർക്കായി ജില്ലാതലത്തിൽ എല്ലാ വർഷവും ഒരു അവാർഡ് ഏർപ്പെടുത്തേണ്ടതാണ്. ഇത്തരം വാർത്തകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ നല്കുന്നതിൽ ഉദ്യോഗസ്ഥരും സജ്ജരാവണം. അവാർഡ് തുകയ്ക്കും ഫലകത്തിനും ഫണ്ട് വകയിരുത്തണം.

17. ജീവനക്കാർക്ക് പബ്ലിക് – റിലേഷൻസ് പരിശീലനം

17.1 പൊതുജനങ്ങളുമായി മികച്ച ആശയവിനിമയം, കത്തിടപാടുകളിൽ പാലിക്കേണ്ട കൃത്യതയും പാടവവും, ഓഫീസിലെ ജീവനക്കാർ തമ്മിൽ പ്രൊഫഷനലായി നല്ല ബന്ധങ്ങൾ നിലനിർത്തേണ്ടതിൻറെ ആവശ്യം എന്നിവയെക്കുറിച്ച് ഇൻഫർമേഷൻ - പബ്ലിക – റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പരിശീലനം ആവശ്യമാണ്.

18. ജില്ലാതല ഓഫീസർമാരും മാധ്യമപ്രതിനിധികളും ഉൾപ്പെടെ ആശയകൈമാറ്റ വേദികൾ

18.1 ജില്ലാതല ഓഫീസർമാരും മാധ്യമപ്രതിനിധികളും മാസത്തിലൊരിക്കൽ മുഖാമുഖം നടത്താൻ സംവിധാനമുണ്ടാക്കണം. പ്രസ് ക്ലബിൽ വെച്ച് ഇത് നടത്താവുന്നതാണ്. ഓരോ മാസവും നടന്ന /നടക്കുന്ന സമകാലിക വിഷയങ്ങളുമായി ബന്ധപ്പെട്ട ഓഫീസുകളുടെ മേധാവികളെ പങ്കെടുപ്പിക്കാം.

19. പൊതുജനങ്ങളെ വാർത്തയെഴുതാൻ പ്രോത്സാഹിപ്പിക്കാം

19.1 ഒരു പഞ്ചായത്ത് /വാർഡിൽ നടപ്പാക്കുന്ന നൂതന പദ്ധതികൾ ജില്ലാ ഇൻഫർമേഷൻ ഓഫീസിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി പൊതുജനങ്ങൾക്കും അവസരം നല്കാം. ഇവയുടെ ആധികാരികത ബന്ധപ്പെട്ട ജനപ്രതിനിധി / ഉദ്യോഗസ്ഥരുമായി ഉറപ്പാക്കിയതിന് ശേഷം പ്രസിദ്ധീകരിക്കാം. ഏറ്റവും കൂടുതൽ വികസനോന്മുക വാർത്ത നല്കിയ മൂന്ന് വ്യക്തികളെ എല്ലാ വർഷവും ആദരിക്കുന്നതിനായി (പ്രൈസ് മണിയും ഫലകവും) നല്കുന്നതിന് ഫണ്ട് അനുവദിക്കേണ്ടതാണ്.

20. പ്രാദേശിക ഫീച്ചറുകൾക്ക് പ്രാധാന്യം നല്കണം

20.1 ജില്ലയുടെ ഓരോ പ്രദേശത്തിന്റെയും പ്രാദേശിക ചരിത്രം അതാത് പഞ്ചായത്തുകളും സ്കൂളുകളും തയ്യാറാക്കുന്നുണ്ട്. ഇത്തരത്തിൽ പ്രധാനപ്പെട്ട വ്യക്തികൾ, സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ, ഉത്സവങ്ങൾ എന്നിവയെക്കുറിച്ചുള്ള ഫീച്ചറുകൾ സമാഹരിച്ച് മാധ്യമങ്ങൾക്ക് നല്കുകയും ഇൻഫർമേഷൻ ഓഫീസിൽ സൂക്ഷിക്കുകയും വേണം.

21. ഐ-പി.ആർ.ഡി ഡോക്യുമെന്ററികളുടെ പ്രചാരണം

21.1 ഇൻഫർമേഷൻ -പബ്ലിക് റിലേഷൻസ് വകുപ്പ് നിർമ്മിച്ച ഡോക്യുമെന്റികൾ ജില്ലയിലെ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന്, ഐ.റ്റി @സ്കൂളുമായി സഹകരിച്ച് തുടർ നടപടി സ്വീകരിക്കാം. ശ്രേഷ്ഠ ഭാഷാ വാരത്തോടനുബന്ധിച്ച് മൂന്ന് ഡോകുമെന്റികൾ സ്കൂളുകൾക്ക് ഇത്തരത്തിൽ ലഭ്യമാക്കിയിരുന്നു.

6.2.3 വിനോദസഞ്ചാര വകുപ്പ്

6.2.3.1 ആമുഖം

6.2.3.1.1 ആധുനിക സമൂഹത്തിൽ ആഗോള പ്രാധാന്യമുള്ള ഒരു സാമ്പത്തിക പ്രവർത്തനമായി ടൂറിസം മാറിക്കഴിഞ്ഞു. പ്രത്യക്ഷമായും പരോക്ഷമായും ആളുകൾ പങ്കെടുക്കുന്ന മറ്റൊരു പ്രവർത്തന മേഖലയും ഇല്ലെന്ന് തന്നെ പറയാം. തൊഴിൽ സാദ്ധ്യത സൃഷ്ടിക്കുന്നതിലും, സംസ്കാരവും, പാരമ്പര്യവും പരിരക്ഷിക്കുന്നതിലും അങ്ങനെ സമൂഹത്തിലെ സമഗ്രവികസനവുമായി ബന്ധപ്പെട്ട എല്ലാ രംഗങ്ങളിലും ടൂറിസം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു.

6.2.3.1.2 ലോകത്തിൽ തന്നെ ഏറ്റവും വലുതും വേഗത്തിൽ വളരുന്നതുമായ വ്യവസായങ്ങളിൽ ഒന്നാണ് ടൂറിസം. ആഗോളവൽക്കരണത്തിന്റെ ഈ കാലത്ത് സാമ്പത്തിക രംഗത്തെ വൈവിധ്യവത്ക്കരണവും സാങ്കേതികപുരോഗതിയും ടൂറിസത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിച്ചു. ഇന്ത്യയും തെക്കുകിഴക്കൻ ഏഷ്യയും വിനോദസഞ്ചാരികളുടെ ശ്രദ്ധ ആകർഷിക്കുന്ന സ്ഥലങ്ങളായി വളരുകയാണ്. ഇന്ത്യയിലെ ഭൂമിശാസ്ത്രപരമായ വൈജാത്യവും ചരിത്രപരവും, സാംസ്കാരികവുമായ മഹത്തായ പാരമ്പര്യവും സഞ്ചാരികളെ നമ്മുടെ നാട്ടിലേക്ക് ആകർഷിക്കുന്നു.

6.2.3.1.3 ഒരു ഭാഗത്ത് പശ്ചിമഘട്ട മലനിരകൾ മറുഭാഗത്ത് അറബിക്കടൽ, ഇവയ്ക്കു നടുവിൽ അനന്യമായ പ്രകൃതി വൈവിധ്യത്തിന്റെ ശോഭയിൽ ഇതരദേശങ്ങളിൾ നിന്നും ഏറെ വ്യത്യസ്ഥമായിരിക്കുന്നു. കേരളത്തിന്റെ ഭൂപ്രകൃതി. ടൂറിസത്തിന്റെ വളർച്ചയ്ക്ക് ഏറെ അനുകൂലമായ ഘടകമായി ഇത് മാറിയിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഈ ദേശത്ത്

ലോകത്തെങ്ങുമുള്ള സഞ്ചാരികൾ ആഗ്രഹിക്കുന്ന പ്രകൃതി വൈചിത്രങ്ങളുണ്ട്. പ്രശാന്തമായ കടൽ തീരങ്ങൾ, നിശ്ശബ്ദമായ കായൽപ്പരപ്പുകൾ, മഞ്ഞുമൂടി മലയോരസുഖവാസ കേന്ദ്രങ്ങൾ, സമൃദ്ധമായ വനഭൂമികൾ, അസാധാരണമായ വന്യജീവി സാങ്കേതങ്ങൾ, സാഹസികമായ മലമ്പാതകൾ, വെള്ളച്ചാട്ടങ്ങൾ, വിസ്മൃമായ തോട്ടങ്ങൾ, മനസ്സിനേയും ശരീരത്തിനേയും ഉത്തേജിപ്പിക്കുന്ന മൺസൂൺ, ആയുർവേദം, ചരിത്രസ്മാരകങ്ങൾ, വിശുദ്ധമായ തീർത്ഥാടന കേന്ദ്രങ്ങൾ അഭൌമമായ ഉത്സവവേളകൾ, കലാരൂപങ്ങൾ, സാംസ്കാരിക പൈതൃകം, വള്ളംകളി, സുഗന്ധവ്യഞ്ജങ്ങൾ ചേർന്ന വിശിഷ്ടമായ ഭക്ഷണങ്ങൾ, ആഗോള മാനദണ്ഡത്തിലുള്ള ഒന്നാംകിടക്കാരായ റിസോർട്ടുകൾ - ഒരു സഞ്ചാരിയെ ആകർഷിക്കാനുള്ള എല്ലാ ഘടകങ്ങളും പ്രകൃതി കനിഞ്ഞു നല്കിയിട്ടുണ്ട്. കേരളത്തിലെ മറ്റു ജില്ലകളിൽ ഇല്ലാത്ത പ്രത്യേകതയാണ് പാലക്കാടിനെ വ്യത്യസ്തമാക്കുന്നത്. 3 ഹിൽ സ്റ്റേഷനുകൾ ജില്ലക്ക് ലഭ്യമാണ്. 1) അട്ടപ്പാടി 2) നെല്ലിയാമ്പതി 3) പറമ്പിക്കുളം.

6.2.3.1.4 കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട്. 2006 ലാണ് പാലക്കാടിന് ഏറ്റവും വലിയ ജില്ല എന്ന പദവി ലഭിച്ചത്. തെക്ക് തൃശ്ശൂർ, വടക്ക് മലപ്പുറം, കിഴക്ക് തമിഴ്നാട്ടിലെ കോയമ്പത്തൂർ ജില്ല എന്നിവയാണ് സമീപജില്ലകൾ, ഭാരതപ്പുഴയാണ് പ്രധാനനദി, പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കവാടം പാലക്കാട് ജില്ലയിലെ വാളയാർ ചുരമാണ്.

6.2.3.1.5 1957 ജനുവരി ഒന്നിനാണ് പാലക്കാട് ജില്ല രൂപം കൊണ്ടത്. കേരളത്തിൻറെ ഏറ്റവും പുരാതനവും, സമ്പന്നവുമായ സാംസ്കാരിക പൈതൃകം എന്ന ഖ്യാതി പാലക്കാടിനുണ്ട്. ടിപ്പു സുൽത്താൻറെയും, ഹൈദരാലിയുടേയും പടയോട്ടം നടന്ന സ്ഥലമാണ് പാലക്കാട്. കൽപ്പാത്തി, ചിറ്റൂർകാവ്, നെല്ലിക്കുളങ്ങര, മണപ്പുള്ളിക്കാവ്, പല്ലാവൂർ ശിവക്ഷേത്രം, പല്ലശ്ശനക്കാവ്, മേലാർകോട്, സെൻറ് സെബാസ്റ്റ്യൻസ് ചർച്ച്, മഞ്ഞക്കുളം മുസ്ലീം പള്ളി എന്നിവയാണ് ജില്ലയിലെ പ്രധാന ആരാധനാലയങ്ങൾ.കൂടാതെ പാലക്കാട് ജില്ല മലകളും, ഡാമുകളും പാടശേഖരങ്ങളും കൊണ്ട് വളരെ പ്രകൃതി രമണീയമായ സ്ഥലമാണ്. ടൂറിസം വികസനത്തിന് അനന്തമായ സാദ്ധ്യതകളുള്ള ജില്ലയാണ്. എന്നാൽ പ്രകൃതി കനിഞ്ഞുനല്കിയ സൌന്ദര്യം നാളിതുവരെ ടൂറിസം വികസനം മുഴുവനായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ജില്ലയിലെ തെരഞ്ഞെടുത്ത പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാനസൌകര്യം ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു.

6.2.3.1.6 പാലക്കാട് ജില്ലയിലെ അനന്തമായ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും എന്നാല് ഭൂപ്രകൃതിക്ക് കോട്ടം തട്ടാതെ പ്രകൃതിയോട് ഇണങ്ങി ചേർന്നുകൊണ്ട് കുറഞ്ഞത് 15 വർഷത്തെ കാഴ്ചപ്പാടോടുകൂടി ടൂറിസം വികസനം സാദ്ധ്യമാക്കുകയാണ് ജില്ലാ ആസൂത്രണത്തിൽ മുഖ്യ പരിഗണന അർഹിക്കുന്ന ഒരു ഘടകമാണ്.

6.3.3.2 നിലവിലെ അവസ്ഥ

പാലക്കാട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ

1. മലമ്പുഴ ഗാർഡൻ ഡാം
2. പാലക്കാട് ഫോർട്ട്
3. മലമ്പുഴ റോക്ക് ഗാർഡൻ
4. കൽപ്പാത്തി ക്ഷേത്രം
5. പറമ്പിക്കുളം വന്യജീവി സാങ്കേതം
6. സീതാർകുണ്ട്
7. പോത്തുണ്ടി ഡാം
8. നെല്ലിയാംമ്പതി ഹിൽ

9. ധോണി വാട്ടർ ഫാൾ
10. കവ
11. ശിരുവാണി റിസർവോയർ
12. കാഞ്ഞിരംപുഴ ഡാം
13. ജെയ്ൻ ക്ഷേത്രം

6.3.3.2.1 ജില്ലയിലെ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി അത് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിപണനം ടൂറിസ്റ്റ് വകുപ്പ് ഇന്ത്യയിലും പുറം രാജ്യങ്ങളിലും എല്ലാ വർഷവും വൻതുക ചിലവഴിച്ച് നടത്തിവരുന്നു. ഇതിൻറെ ഭാഗമായി ഇവിടം സന്ദർശിക്കുന്ന വിനോദസഞ്ചാരിക്കൾക്ക് ആവശ്യം വേണ്ട അടിസ്ഥാനസൌകര്യം ഒരുക്കേണ്ടത് വകുപ്പിൻറെ പ്രധാന ചുമതലയാണ്. കാരണം ടൂറിസം കേന്ദ്രങ്ങളെകുറിച്ച് വളരെ നല്ല രീതിയിൽ സഞ്ചാരികൾക്കിടയിൽ വിപണനം നടത്തുകയും എന്നാൽ ടൂറിസം കേന്ദ്രങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൌകര്യം ഇല്ലാതിരുന്നാൽ അത് നമ്മുടെ സംസ്ഥാനത്തെ ടൂറിസത്തിന് തിരിച്ചടിയാവുകയും അതു മുഖേന മറ്റു സംസ്ഥാനങ്ങളും രാജ്യങ്ങളും നമ്മുടെ

ശോച്യാവസ്ഥ അവർ പ്രയോജനപ്പെടുത്തും. പ്രധാന ടൂറിസം കേന്ദ്രങ്ങളെല്ലാം സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളാണ്. ആയതിനാൽ അത്തരം കേന്ദ്രങ്ങളിലേയ്ക്കുള്ള റോഡ്, വൈദ്യുതി, ജലം എന്നിവ ഉറപ്പുവരുത്തേണ്ടത് സർക്കാരിൻറെ ചുമതലയാണ്. ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് മറ്റു സർക്കാർ വകുപ്പുകളുടെ ഏകോപനം അത്യാവശ്യമാണ്.

6.3.3.2.2 മുകളിൽ പറഞ്ഞിട്ടുള്ള എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ആവശ്യമായ അടിസ്ഥാനസൌകര്യം ഇല്ല. എന്നാൽ, പ്രസ്തുത കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ അടിസ്ഥാനസൌകര്യ വികസനം, കുടിവെള്ളം, ടോയലെറ്റ് സൌകര്യം, നടപ്പാത, ഇരിപ്പടം, മാലിന്യനിർമ്മാർജ്ജനം എന്നിവ നടപ്പിലാക്കിയും കാലാലകാലങ്ങളായി ഇതിന്റെ നവീകരണവും അറ്റകുറ്റപ്പണികളും നടപ്പിലാക്കിവരുന്നു. ഇതിനായി ടൂറിസം വകുപ്പിൽ ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി തന്നെ നിലവിൽ ഉണ്ട്.

6.3.3.3 <u>ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യവികസനം</u>

ജില്ലയിലെ ടൂറിസം സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി, അത് സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിപണനം ടൂറിസ്റ്റ് വകുപ്പ് ഇന്ത്യയിലും പുറം രാജ്യങ്ങളിലും എല്ലാ വർഷവും വൻതുക ചിലവഴിച്ച് നടത്തിവരുന്നു. ഇതിൻറെ ഭാഗമായി ഇവിടം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആവശ്യം വേണ്ട അടിസ്ഥാനസൌകര്യം ഒരുക്കേണ്ടത് വകുപ്പിൻറെ പ്രധാന ചുമതലയാണ്. കാരണം ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് വളരെ നല്ലരീതിയിൽ സഞ്ചാരികൾക്കിടയിൽ വിപണനം നടത്തുകയും എന്നാൽ ടൂറിസം കേന്ദ്രങ്ങൾക്ക് ആവശ്യമായ അടിസ്ഥാനസൌകര്യം ഇല്ലാതിരുന്നാൽ അത് നമ്മുടെ സംസ്ഥാനത്ത് ടൂറിസത്തിന് തിരിച്ചടി ആകുകയും അതുമുഖേന മറ്റു സംസ്ഥാനങ്ങളും രാജ്യങ്ങളും നമ്മുടെ ശോച്യാവസ്ഥ അവർ പ്രയോജനപ്പെടുത്തും.

കൂടാതെ പ്രധാന ടൂറിസം കേന്ദ്രങ്ങളെല്ലാം സർക്കാർ അധീനതയിലുള്ള സ്ഥലങ്ങളാണ്. ആയതിനാൽ അത്തരം കേന്ദ്രങ്ങളിലേക്കുള്ള റോഡ്, വൈദ്യുതി, ജലം എന്നിവ ഉറപ്പ് വരുത്തേണ്ടത് സർക്കാരി ൻറെ ചുമതലയാണ്. ഇത്തരം വികസന പ്രവർത്തനങ്ങൾക്ക് മറ്റു സർക്കാർ വകുപ്പുകളുടെ ഏകോപ നം അത്യാവശ്യമാണ്.

6.3.3.4 <u>സമീപനത്തിൽ വരുത്തേണ്ട ചിലമാറ്റങ്ങൾ</u>

6.3.3.4.1 പാലക്കാട് ജില്ലയുടെ പ്രകൃതി സൌന്ദര്യവും ജൈവവൈവിധ്യവുമാണ് പ്രത്യേകത പ്രധാനമായും മലയോരങ്ങളും, നിത്യഹരിത വനങ്ങലും കൃഷിഭൂമികളും കൂടുതൽ ടൂറിസം പ്രാധാന്യം അർഹിക്കുന്നു. എന്നാൽ മറ്റു ജില്ലകളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ച് വിദേശ ടൂറിസ്റ്റുകൾ മാത്രമേ ഈ ജില്ല സന്ദർശക്കുന്നുള്ളൂ. ജില്ലയുടെ പ്രധാന വളർച്ചയ്ക്ക് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

6.3.3.4.2 ആധുനിക വിനോദ സഞ്ചാരികൾ പാശ്ചാത്യ സുഖഭോഗങ്ങളെക്കാൾ ജീവിതഗന്ധിയായ ചുറ്റുപാടുകൾ തേടിയാണ് കേരളത്തിലേക്ക് എത്തുന്നത്. സഞ്ചാരികളെ ടൂറിസം കേന്ദ്രങ്ങളിലെ കാഴ്ചക്കാരായി മാത്രം മാറ്റാതെ അവിടത്തെ ചുറ്റുപാടുകളിൽ ഭാഗമാക്കുന്നതാണ് പുതിയ കാലത്തെ ടൂറിസം പ്രവണത. അത്തരത്തിൽ എക്സ്പിരിയെൻഷ്യൽ ടൂറിസത്തിന് അവസരമൊരുക്കാൻ സംരംഭകരിൽ അടിസ്ഥാനമാറ്റം ഉണ്ടാകണം. കേരളത്തിൽ വരുന്ന വിദേശസഞ്ചാരികൾക്ക്

കേരളത്തിലെ ജീവിതം അനുഭവിച്ചറിയാൻ സഞ്ചാരികൾക്ക് അവസരം ഒരുക്കണം. കേരള ഗ്രാമങ്ങളിലെ ഉള്ളറകളിലേക്ക് യാത്ര ചെയ്യുമ്പോൾ ഗ്രാമീണ ജീവിതത്തിൻറെ സ്പന്ദനവും, നൈസർഗീകതയും, കലയും, ആചാരവും, ഭക്ഷണവും എല്ലാം ടൂറിസ്റ്റുകൾക്ക് താൽപ്പര്യമുള്ളതാണെന്ന് തിരിച്ചറിയാനാകണം. ഈ സാധ്യതകളെ ഉപയോഗപ്പെടുത്തികൊണ്ട് നമ്മുടെ ഗ്രാമീണ മേഖലയേയും ടൂറിസത്തിൻറെ ഭാഗമാക്കിയെടുക്കാനും കഴിയുന്നതാണ് എന്ന ധാരണയോടെ പ്രവർത്തിക്കണം.

6.3.3.4.3 നമ്മുടെ ടൂറിസം കേന്ദ്രങ്ങൾ പരിതസ്ഥിതലോല പ്രദേശങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഇവയ്ക്ക് താങ്ങാവുന്നതിലപ്പുറം നിർമ്മാണ പ്രവർത്തനങ്ങൾ ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്താനാകണം.

പട്ടിക 6.3.1

പാലക്കാട് ജില്ലയിൽ കഴിഞ്ഞ 3 വർഷം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ സ്ഥിതിവിവര കണക്കുകൾ

വർഷം	തദ്ദേശികൾ	വിദേശികൾ
2013	4,38,552	1,874
2014	4,75,361	2,093
2015	5,02,244	2,232
2016	5,12,272	2,385

6.3.3.5 പ്രശ്നങ്ങൾ

- പ്രതീക്ഷയ്ക്കൊത്ത് ഉയരാത്ത അടിസ്ഥാന പശ്ചാത്തല സൌകര്യങ്ങൾ
- നിലവാരമുള്ള കണക്ടിവിറ്റിയുടെ അഭാവം
- കാലാവസ്ഥ
- പ്രധാന വിപണികളിൽ നിന്നുള്ള ദൂരം
- ഖര-ദ്രാവക മാലിന്യങ്ങൾ നിവാരണം ചെയ്യുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത
- നിലവാരമുള്ള ഷോപ്പിംഗ്, വിനോദ സംവിധാനങ്ങളുടെ കുറവ്
- അടിസ്ഥാന പശ്ചാത്തല സൌകര്യം പ്രദാനം ചെയ്യുന്ന വിവിധ വകുപ്പുകൾ
- തമ്മിലുള്ള ഏകോപനത്തിന്റെ അഭാവം
- ടൂറിസത്തിനോട് നല്ല രീതിയുള്ള സമീപനത്തിന്റെ കുറവ്
- നിലവാരമുള്ള താമസ സൌകര്യത്തിന്റെ കുറവ്
- ടൂറിസം സംരംഭകരുടെ അഭാവം

6.3.3.6 ആവശ്യങ്ങൾ

1. ജില്ലയുടെ പ്രധാന പൈതൃകമായ ഉൽസവങ്ങൾ, കരകൌശല സാധനങ്ങൾ, അതുല്യമായ കലാരൂപങ്ങൾ, സംസ്കാരം, പാരമ്പര്യം ഇവയെല്ലാം സംരക്ഷിക്കുന്നതിനും, പരിരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. ഇത് കൂടാതെ ടൂറിസം നിലനിർത്തുവാൻ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിക്കുകയും, പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. അതിലൂടെ കൂടുതൽ വിദേശി സഞ്ചാരികളെ ആകർഷിക്കാൻ കഴിയും.

2. ടൂറിസം മേഖലയിലെ ഏതൊരു പദ്ധതിയും വിജയകരമാവണമെങ്കിൽ തദ്ദേശവാസികളുടെ പങ്കാളിത്തം കൂടിയേതീരും. ടൂറിസം മുഖ്യമായും പ്രകൃതിയെ ആധാരമാക്കിയിട്ടുള്ളതാണ്. വികസന പ്രവർത്തനങ്ങൾ പ്രകൃതിയ്ക്ക് കോട്ടം തട്ടാത്തരീതിയിലും അതോടൊപ്പം തദ്ദേശവാസികൾക്ക് തൊഴിലവസരം ലഭിക്കുന്ന രീതിയിലായിരിക്കണം.
3. അട്ടപ്പാടി, നെല്ലിയാംമ്പതി, പറമ്പിക്കുളം ഹിൽ സ്റ്റേഷനുകളെ സംബന്ധിച്ച ടൂറിസം സർക്യൂട്ട് രൂപീകരിക്കുക. ഇതിനായി പ്രസ്തുത സ്ഥലങ്ങളിൽ സഞ്ചാരികൾക്ക് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങളായ പബ്ലിക്ക് ടോയലറ്റ്, ഭക്ഷണത്തിനുള്ള കൌണ്ടർ, ദിശാഫലകം, നടപ്പാത, കുടിവെള്ളം എന്നിവ നടപ്പിലാക്കുക.
4. കൂടാതെ സഞ്ചാരികൾക്ക് ഹിൽ സ്റ്റേഷനുകൾ സന്ദർശിക്കാനായി ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിൽ വഴി കണക്റ്റഡ് ടൂർ സംഘടിപ്പിക്കുവാനാകും. ഇതിലൂടെ ഡി.റ്റി.പി.സി യ്ക്ക് സാമ്പത്തിക നേട്ടവും അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങളും ലഭിക്കും.
5. പാലക്കാട് ജില്ലാ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചും അവിടെ എത്തിപ്പെടാനുള്ള ഗതാഗതസൌകര്യങ്ങളെക്കുറിച്ച് ഇൻഫർമേഷൻ നൽകാൻ ഇൻഫർമേഷൻ സെന്ററുകൾ സ്ഥാപിക്കുക

6.3.3.7 സാദ്ധ്യതകൾ

6.3.3.7.1 ഉത്തരവാദിത്വ ടൂറിസം എന്നത് കേരളത്തിന്റെ ഔദ്യോഗിക ടൂറിസം നയമാണ്. ഒരു ടൂറിസ്റ്റ കേന്ദ്രത്തെ ആ നാട്ടിലെ ജനങ്ങൾക്ക് നന്നായി ജീവിക്കാൻ കഴിയുന്ന തരത്തിൽ നിലനിർത്തി കൊണ്ടുതന്നെ, സഞ്ചാരികൾക്ക് എത്താനും, താമസിക്കാനും, ആസ്വദിക്കാനും കഴിയുന്ന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഉത്തരവാദിത്വ ടൂറിസമെന്നതിന്റെ ലളിതമായ വ്യാഖ്യാനം. ടൂറിസം വരുമാനത്തിന്റെ നല്ലൊരു പങ്ക് പ്രദേശവാസികൾക്ക് ലഭ്യമാക്കുക, പ്രദേശത്തിന്റെ കലാ സാംസ്കാരിക പൈതൃകം സംരക്ഷിക്കുക. പ്രാദേശിക സമൂഹത്തിന്റെ ജീവിത രീതികൾക്ക് മേൽ ആഘാതമേൽപ്പിക്കാതെ ടൂറിസം വ്യവസായം മുന്നോട്ടു കൊണ്ടുപോകുക, പരിതസ്ഥിതി ആഘാതങ്ങൾ പരമാവധി ലഘൂകരിക്കുക എന്നിവയാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന ഘടകങ്ങൾ.

6.3.3.7.2 ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഒരു മേഖല മാറുമ്പോൾ അവിടുത്തെ പ്രാഥമിക സൌകര്യങ്ങളും പൊതുവികാസവും സംഭവിക്കുന്നു. ഇതിനായി ടൂറിസം സംരംഭകരും പ്രാദേശിക ജനതയും ഒത്തു ചേരുന്ന വേദികൾ രൂപപ്പെടണമെന്നതാണ് ഈ രംഗത്ത് വിജയം വരിച്ച പദ്ധതികളിൽ നിന്ന് വ്യക്തമാക്കുന്നത്. ഒരു ടൂറിസം പദ്ധഥിയുടെ വികസനം പുറത്ത് നിന്ന് കാണാനെത്തുന്നവർക്ക് വേണ്ടി മാത്രമല്ല. പ്രദേശത്തിന്റെ പൊതു ആവശ്യമാണെന്ന ബോധം പ്രദേശവാസികളിൽ സൃഷ്ടിക്കാൻ കഴിയണം. പ്രദേശത്തെ സാധാരണ കർഷർ, കൈത്തൊഴിലുകൾ, കുടുംബശ്രീ പ്രവർത്തകർ, കലാപ്രവർത്തകർ എന്നിവർക്ക് ആ നാട്ടിലെ ടൂറിസം കേന്ദ്രത്തിൽ നിന്ന് ചെറിയ തോതിലെങ്കിലും നിശ്ചിത വരുമാനമോ, അധികവരുമാനമോ ലഭിക്കുന്ന നിലവരണം. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളും പ്രധാനമാണ്.

6.3.3.8 ഇക്കോ ടൂറിസം

ഇക്കോ ടൂറിസത്തിന് അനന്തമായ ടൂറിസം സാധ്യതകൾ പാലക്കാട് ജില്ലയിൽ ഉണ്ട്. അനങ്ങമല ജില്ലയിലെ പ്രധാന ഇക്കോ ടൂറിസം കേന്ദ്രമാണ്. ടൂറിസം വകുപ്പ് ഏകദേശം ഒരു കോടി രൂപയുടെ അടിസ്ഥാന സൌകര്യവികസനത്തിനായി അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കേന്ദ്രങ്ങളെയും ഇക്കോടൂറിസം വികസനത്തിനായി പരിഗണിക്കാവുന്നതാണ്.

1) മണ്ണാർക്കാട്

2) നെന്മാറ
3) മീൻവല്ലം
4) ധോണി വെള്ളച്ചാട്ടം
5) മലമ്പുഴ
6) പറമ്പിക്കുളം
7) സൈലന്റ് വാലി
8) നെല്ലിയാമ്പതി
9) ചുലന്നൂർ

6.3.3.9 സാംസ്കാരിക ടൂറിസം (കൾച്ചറൽ ടൂറിസം)

പാലക്കാട് ജില്ല കലാസാംസ്കാരിക പാരമ്പര്യത്തിൽ സമ്പന്നമാണ്. ജില്ലയിൽ നടന്നുവരുന്ന പ്രധാന ഉത്സവങ്ങളാണ് കൽപ്പാത്തി രഥോത്സവം, മണപ്പുള്ളിക്കാവ് വേല, നെന്മാറ വല്ലങ്ങി വേല, ചിറ്റൂർ കൊങ്ങൻപട, ജയിൻ ക്ഷേത്രോത്സവം, ഒറ്റപ്പാലം നേർച്ച ഉത്സവം, കുന്നത്തൂർമേട് ശ്രീകൃഷ്ണാ ക്ഷേത്രോത്സവം എന്നിവ.

6.3.3.10 കാർഷിക ടൂറിസം (ഫാം ടൂറിസം)

6.3.3.10.1 പാലക്കാട് ജില്ലയിലെ പ്രധാന വ്യവസായം കാർഷികമാണ്. ഈ ജില്ലയിലെ കാർഷിക വിളകളും. അവയുടെ ഉത്പാദനവും വിനോദ സഞ്ചാരികൾക്ക് നേരിട്ട് കണ്ട് ആസ്വദിക്കാനുള്ള അവസരം ഒരുക്കിയാൽ അത് ജില്ലയിലെ കർഷകർക്ക് സാമ്പത്തിക നേട്ടം ഉണ്ടാകും.

6.3.3.10.2 ടൂറിസം വകുപ്പിൽ നിലവിൽ ഫാം ടൂറിസം പദ്ധതികൾക്ക് അംഗീകാരം നൽകുന്ന പദ്ധതി ഉണ്ട്. ഇതിനായി കുറഞ്ഞത് 10 ഏക്കർ ഫാം കൈവശം ഉള്ളവർക്ക് അപേക്ഷിക്കാം. അതായത് ഇതിൽ ടൂറിസം വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗരേഖ അനുസരിച്ച് അടിസ്ഥാന സൌകര്യം ഒരുക്കിയാൽ, ഇതിന്റെ സംരംഭകർക്ക് 10 ലക്ഷം രൂപ വരെ സബ്സിഡിയായി നല്കും. ഇത് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് കർഷക സംരംഭകരിൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്.

6.3.3.10.3 അതോടൊപ്പം ഇത്തരം ഫാം ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പിൽ നിലവിലുള്ള വില്ലേജ് ലൈഫ് എസ്പീരിയൻസ് പാക്കേജുകൾ നടപ്പിലാക്കാം. വിനോദസഞ്ചാരികൾക്ക് ഗ്രാമങ്ങളിലെ കാർഷികരീതിയും, കർഷകരുടെ ജീവിതം, അവരുടെ ഭക്ഷണം, കലാസാംസ്കാരികം എന്നിവ നേരിട്ട് മനസ്സിലാക്കാനും, അതിലൂടെ അവിടത്തെ നിവാസികൾക്ക് സാമ്പത്തികനേട്ടവും ഉണ്ടാകും.

6.3.3.11 സർക്യൂട്ട് ടൂറിസം

താഴെ പറയുന്ന ടൂറിസം കേന്ദ്രങ്ങളെ ഉൾപ്പെടുത്തി ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കാവുന്നതാണ്.

1) പോത്തുണ്ടി – നെല്ലിയാമ്പതി – ചുള്ളിയാർ - മീങ്കര
2) കാഞ്ഞിരപ്പുഴ ഡാം – ശിരുവാണി – മീൻവല്ലം
3) മലമ്പുഴ – ധോണി – കവ
4) കുഞ്ചൻ നമ്പ്യാർ സ്മാരകം (ലക്കിടി) – അനങ്ങന്മല ഇക്കോ ടൂറിസം – വെള്ളിനേഴി കലാഗ്രാമം – പറയിപ്പെറ്റ പന്തിരുകുലം (നാറാണത്ത് ഭ്രാന്തൻ) – വെള്ളിയാങ്കല്ല്.
5) സാംസാകാരിക പൈതൃകങ്ങളെ കോർത്തിണക്കി കൊണ്ടുള്ള ടൂറിസം സർക്യൂട്ട്
   ചിറ്റൂർ തുഞ്ചൻമഠം – കൊങ്ങൻപട

നെന്മാറ വേല

ചിനക്കത്തൂർപൂരം

ആര്യങ്കാവ് പൂരം

പാന ഉത്സവം (പുതുപ്പരിയാരം) – കണ്ണാടി – ഞായറാഴ്ചക്കാവ്

6) ചെമ്പൈ സ്മാരകം – ചുലന്നൂർ മയിൽ സാങ്കേതം

7) തസ്രാക്ക് – പെരുവെമ്പ്

8) പാലക്കാട് ജില്ലയിലെ മലമുകളിൽ സാഹസിക ടൂറിസം വികസനം

6.3.3.12 ഹെൽത്ത് ടൂറിസം

ഹെൽത്ത് ടൂറിസം കേരളത്തിൽ ഇപ്പോൾ വളരെ സാധ്യതയുള്ള ഉല്പന്നമാണ്. പ്രത്യേകിച്ചും പാലക്കാട് ജില്ല. പാരമ്പര്യ ചികിത്സരീതിയായ ആയുർവേദത്തിൽ വളരെ പ്രസിദ്ധിയുള്ളതാണ്. ടൂറിസം വകുപ്പിൽ ഇപ്പോൾ തന്നെ ആയുർവേദത്തിന് പ്രത്യേക തരംതിരിച്ചുള്ള അംഗീകാരം കൊടുക്കുന്ന പദ്ധതി നിലവിലുണ്ട്. ഇത് വിദേശ സഞ്ചാകരികൾക്കിടയിൽ വളരെ പ്രസിദ്ധമാണ്. ആയതിനാൽ പാലക്കാട് ജില്ലയിലെ പ്രസിദ്ധമായ ആയുർവേദ കേന്ദ്രങ്ങളെ ഉൾപ്പെടുത്തി, അവയുടെ പ്രാധാന്യത്തെകുറിച്ച് തദ്ദേശിയരും, വിദേശിയരുമായ സഞ്ചാരികൾക്കിടയിൽ വിപണനം നടത്താൻ കഴിയും.

6.3.3.13 ഇടപെടൽ സാദ്ധ്യതകൾ

1997 ൽ നടപ്പിലാക്കിയ ജനകീയാസൂത്രണം തദ്ദേശ പങ്കാളിത്തത്തോടുകൂടിയ വികേന്ദ്രീകൃ പദ്ധതിക്ക് അടിത്തറപാകി. എന്നാൽ നാളിതുവരെ ടൂറിസം ബന്ധിത പദ്ധതികാല പ്രാദേശിക വികസനത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യമായി ഏറ്റെടുത്തില്ല. ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് മർമ്മ പ്രധാനമായ പങ്കാളിത്തം വഹിക്കാനാകും.

1) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക
2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം സംരഭകരുമായി ചേർന്ന് സാമൂഹ്യ സംരംഭകത്വ വികസന പരിപാടി നടപ്പിലാക്കുക
3) സ്വയം തൊഴിൽ, കൂട്ടസംരംഭം, കുടുംബസംരംഭങ്ങൾ തുടങ്ങിയവ വഴി പ്രാദേശിക തലത്തിൽ ടൂറിസം ബിസിനസ്സ് ശക്തിപ്പെടുത്തുക
4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സഹകരണ പ്രസ്ഥാനങ്ങളും ചേർന്ന് പ്രാദേശിക തലത്തിൽ ടൂറിസം സംയുക്തസംരംഭങ്ങളും, അടിസ്ഥാന സൌകര്യ വികസനവും പ്രോത്സാഹിപ്പിക്കുക
5) തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ടൂറിസം വിഭവഭൂപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക
6) ടൂറിസം കേന്ദ്രം മാലിന്യരഹിതവും, ആരോഗ്യദായകവുമായി നിലനിർത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്വത്തോടെ പ്രത്യേക പദ്ധതി നടപ്പിലാക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസ്റ്റ് ബിസിനസ്സ് സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്കരിക്കുക.
7) വഴിവാണിഭക്കാർ, റെസ്റ്റോറന്റുകൾ എന്നിവ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യ സുരക്ഷ കമ്മീഷണർ കാര്യാലയവുമായി സഹകരിച്ച് പരിശീലനപരിപാടികളും മോണിറ്ററിംഗ് സംവിധാനവും നടപ്പിലാക്കുക.

6.3.3.14 പ്രകൃതിക്കു കോട്ടം തട്ടാത്ത രീതിയിലുള്ള ടൂറിസം വികസനവും അനുബന്ധ പ്രവർത്തനങ്ങളും

അന്തരാഷ്ട്രാതലത്തിൽ മത്സരം നേരിടുന്ന വ്യവസായം എന്ന നിലയിൽ, പൊതു അടിസ്ഥാന സൌകര്യങ്ങളും ടൂറിസം അടിസ്ഥാന സൌകര്യങ്ങളും ലോക നിലവാരത്തിലേക്ക് ഉയർത്തേണ്ടതുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പൊതുവായ അടിസ്ഥാന സൌകര്യ വികസനം സർക്കാരിൻറെ ചുമതലയാണ്. റോഡ്, കുടിവെള്ളം, പൊതു ടോയലറ്റുകൾ, മാലിന്യസംസ്കരണ സൌകര്യങ്ങൾ, ഇൻറർനെറ്റ് കണക്ടിറ്റിവിറ്റി, വൈദ്യുത പാർക്കിംഗ് എന്നിവ ഇതിൽ ഉൾപ്പെടും. എന്നാൽ ടൂറിസം വികസനത്തിന് ഈ പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രകൃതിക്ക് കോട്ടം തട്ടാത്ത രീതിയിലും ആ രംഗത്ത് കടന്നുവരുന്ന അനാശാസ്യ പ്രവണതകളെ തിരിച്ചറിയുകയും അതിനെ പ്രതിരോധിക്കാനും കഴിയേണ്ടതുണ്ട്. കൂടാതെ എല്ലാ ടൂറിസം വികസന പ്രവർത്തനങ്ങളും അതാത് കേന്ദ്രങ്ങളുടെ സംവാഹശേഷിയുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കുകയും ചെയ്യുന്ന രീതിയിലായിരിക്കണം. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം സാദ്ധ്യതാ പഠനം നടത്തേണ്ടത് അനിവാര്യമാണ്.

7.1. പട്ടികജാതി , പട്ടിക വർഗ്ഗ വികസനം

7.1.1 ആമുഖം

7.1.1.1 ചരിത്രപരമായ കാരണങ്ങളാൽ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നിലായിപ്പോയ ജനവിഭാഗത്തെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങൾ ലളിതമായി മനസ്സിലാക്കപ്പെടേണ്ടതല്ല. ഭരണഘടനയുടെ 341 ആം അനുഛേദത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നാം ആസൂത്രണം ചെയ്തിട്ടുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിരവധി വർഷത്തെ പ്രവർത്തനങ്ങളുടെ ഫലമായി പട്ടിക വിഭാഗജനങ്ങളുടെ അവസ്ഥ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മുഖ്യധാരാസമൂഹവുമായി തുലനം ചെയ്യുമ്പോൾ ഇനിയും നാം ലക്ഷ്യത്തിലെത്തിയിട്ടില്ലെന്നു തന്നെ പറയേണ്ടി വരും.

7.1.1.2 പട്ടികജാതി വികസന വകുപ്പ് ഒട്ടേറെ ക്ഷേമ വികസന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. മറ്റ് പിന്നാക്ക സമുദായങ്ങളും സാമ്പത്തികമായി പിന്നിൽ നിൽക്കുന്ന മുന്നാക്ക സമുദായങ്ങളും പട്ടികജാതി വികസന വകുപ്പിന്റെ വിദ്യാഭ്യാസ പദ്ധതികളുടെ ഗുണഭോക്താക്കളാണെന്നത് പൊതു സമൂഹം പലപ്പോഴും മനസ്സിലാക്കാതെ പോകുന്ന ഒന്നാണ്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെ പ്രധാനമായും അഞ്ച് വിഭാഗങ്ങളിൽ ഉൾപ്പെടുത്താം. 1) വിദ്യാഭ്യാസ പരിപാടികൾ 2) സാമ്പത്തിക വികസന പരിപാടികൾ 3) സാമൂഹ്യക്ഷേമ പരിപാടികൾ 4) സാംസ്കാരിക പരിപാടികൾ 5) നിയമാധിഷ്ഠിത സേവനങ്ങൾ.

7.1.2 അവസ്ഥ വിശകലനം

പാലക്കാട് ജില്ലയിലെ പട്ടികജാതി വിഭാഗത്തിലെ ആകെ ജനസംഖ്യ 403833 ആണ്. ഇതിൽ 197451 പുരുഷന്മാരും 206382 സ്ത്രീകളും ഉൾപ്പെടുന്നു. കേരളത്തിലെ ആകെ പട്ടികജാതി വിഭാഗ ജനസംഖ്യയിലെ 13.28 ശതമാനം ജനങ്ങൾ പാലക്കാട് ജില്ലയിലാണ് വസിക്കുന്നത്. അതുപോലെ കേരളത്തിലെ പട്ടികജാതി വിഭാഗത്തിലെ ആകെ പുരുഷന്മാരുടെ 13.36 ശതമാനവും, ആകെ സ്ത്രീകളുടെ 13.21 ശതമാനവും ജനങ്ങൾ പാലക്കാട് ജില്ലയിൽ വസിക്കുന്നു. പാലക്കാട് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 14.37% പട്ടികജാതി വിഭാഗങ്ങളാണ്. ജില്ലയിൽ 4310 പട്ടികജാതി കോളനികളിലായി 71515 കുടംബങ്ങളാണ് ഉള്ളത്. ഇതിൽ 7518 കുടുംബങ്ങൾ കുഴൽമന്ദം ബ്ലോക്കിലാണുള്ളത്.

പട്ടിക 7.1.1

2011 ജനസംഖ്യ കണക്കെടുപ്പ് അനുസരിച്ച് പാലക്കാട് ജില്ലയിലെ പട്ടികജാതി ജനസംഖ്യ

വിസ്തീർണ്ണം	:	4480 Km2
ജനസംഖ്യ	:	**28,09,934**
സ്ത്രീ	:	14,50,456
പുരുഷൻ	:	13,59,478
പട്ടികജാതി ജനസംഖ്യ	:	**4,03,833**
സ്ത്രീ	:	2,06,382
പുരുഷൻ	:	1,97,451
റൂറൽ	:	3,22,951
അർബൻ	:	80,882

പട്ടിക 7.1.2

പട്ടികജാതി ജനസംഖ്യ പാലക്കാട് ജില്ല

ജനസംഖ്യ	ആകെ 4,03,833	സ്ത്രീ 2,06,382	പുരുഷൻ 1,97,451
റൂറൽ	3,22,951	1,65,059	1,57892
അർബൻ	80,882	41,323	39,559
സാക്ഷരർ	2,95,539	1,54,712	1,40,827
നിരക്ഷരർ	1,08,294	42,739	65,555

ചിത്രം 7.1.1

7.1.3 പട്ടികജാതി വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങൾ



പട്ടികജാതി ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ആലത്തൂർ, കുഴൽമന്ദം, പട്ടാമ്പി, മലമ്പുഴ, ശ്രീകൃഷ്ണപുരം, ചിറ്റൂർ, ഒറ്റപ്പാലം, തൃത്താല, മണ്ണാർക്കാട്, കൊല്ലങ്കോട്, നെന്മാറ, പാലക്കാട് എന്നീ ബ്ലോക്കുകളിലും, ഷൊർണ്ണൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമായി ആകെ 14 പട്ടികജാതി വികസന ഓഫീസുകൾ പ്രവർത്തിക്കുന്നു. കുഴൽമന്ദം, തൃത്താല എന്നിവിടങ്ങളിലായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളും, 15 പ്രീമെട്രിക് ഹോസ്റ്റലുകളും, 2 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും, 3 ഐ.ടി.ഐ കളും, 1 പ്രീ എക്സാമിനേഷൻ ട്രൈയിനിംഗ് സെന്ററും ഉണ്ട്.

പട്ടിക 7.1.3

പ്രീ – മെട്രിക് ഹോസ്റ്റലുകൾ (15 എണ്ണം)

ക്രമ നം	ഹോസ്റ്റൽ	കുട്ടികളുടെ എണ്ണം	ആൺ/പെൺ	ബ്ലോക്ക്
1.	മുണ്ടൂർ	32/40	പെൺകുട്ടികൾ	പാലക്കാട് ബ്ലോക്ക്
2.	ആലത്തൂർ	38/40	പെൺകുട്ടികൾ	ആലത്തൂർ
3	കൊഴിഞ്ഞമ്പാറ	37/40	പെൺകുട്ടികൾ	ചിറ്റൂർ

4	ഷൊർണ്ണൂർ	24/40	പെൺകുട്ടികൾ	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി
5	കാരാകുറിശ്ശി	30/30	പെൺകുട്ടികൾ	മണ്ണാർക്കാട്
6	വടക്കഞ്ചേരി	27/30	പെൺകുട്ടികൾ	ആലത്തൂർ
7	കോട്ടായി	23/50	ആൺകുട്ടികൾ	കുഴൽമന്ദം
8	പുതുനഗരം	24/30	ആൺകുട്ടികൾ	കൊല്ലങ്കോട്
9	പൊറ്റശ്ശേരി	30/27	ആൺകുട്ടികൾ	മണ്ണാർക്കാട്
10	അഗളി	35/40	ആൺകുട്ടികൾ	അട്ടപ്പാടി
11	കുമരനെല്ലൂർ	20/50	ആൺകുട്ടികൾ	തൃത്താല
12	മനിശ്ശേരി	18/40	ആൺകുട്ടികൾ	ഒറ്റപ്പാലം
13	കൊല്ലങ്കോട്	27/30	ആൺകുട്ടികൾ	കൊല്ലങ്കോട്
14	മങ്കര	25/30	ആൺകുട്ടികൾ	പാലക്കാട്
15	അലനല്ലൂർ	18/30	ആൺകുട്ടികൾ	മണ്ണാർക്കാട്

പട്ടിക 7.1.4

പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (2 എണ്ണം)

ക്രമ നം	ഹോസ്റ്റലിൻറെ പേര്	നിലവിലെ കുട്ടികളുടെ എണ്ണവും കപ്പാസിറ്റിയും
1.	പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണാടി (പെൺ)	54/54
2	പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, കണ്ണാടി (ആൺ)	60/60

പ്രീ എക്സാമിനേഷൻ സെന്റർ, കുഴൽമന്ദം (1 എണ്ണം)

പട്ടിക 7.1.5

നഴ്സറി സ്കൂളുകൾ (5 എണ്ണം)

ക്രമ നം	നേഴ്സറി സ്കൂളിന്റെ പേര്	ബ്ലോക്ക് / പഞ്ചായത്ത്	വർഷം, കുട്ടികളുടെ എണ്ണം					കെട്ടിടം
			13-14	14-15	15-16	16-17	17-18	
1	നേഴ്സറി സ്കൂൾ, കൂട്ടാല	ആലത്തൂർ എരിമയൂർ					24/30	സ്വന്തം
2	നേഴ്സറി സ്കൂൾ, തേന്നൂർ	പാലക്കാട് പറളി					8/30	സ്വന്തം
3	നേഴ്സറി സ്കൂൾ, പരതൂർ	പട്ടാമ്പി പരതൂർ					8/30	സ്വന്തം
4	നേഴ്സറി സ്കൂൾ, മാസപ്പറമ്പ്	മണ്ണാർക്കാട് തെങ്കര					13/30	സ്വന്തം
5	നേഴ്സറി സ്കൂൾ, പെരുങ്ങോട്ടുകുറിശ്ശി	കുഴൽമന്ദം പെരിങ്ങോട്ടുകുറിശ്ശി					23/30	സ്വന്തം

പട്ടിക 7.1.6

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (2 എണ്ണം)

ക്രമ നം	എം.ആർ. എസ്സിൻറെ പേര്	നിലവിലെ കുട്ടികളുടെ എണ്ണവും കപ്പാസിറ്റിയും
1.	ഗവ. മോഡൽ റസിഡഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ (ആൺകുട്ടികൾ) കുഴൽമന്ദം	256/288 എച്ച്.എസ് – 208 എച്ച്.എസ്.എസ് - 48
2	ഗവ. മോഡൽ റസിഡഷ്യൽ ഹയർ സെക്കണ്ടറി സ്കൂൾ (പെൺകുട്ടികൾ) തൃത്താല	288/288

പട്ടിക 7.1.7

ഐ.ടി.ഐ (3 എണ്ണം)

ക്രമ നം	ഐ.ടി.ഐ യുടെ പേര്	നിലവിലെ കുട്ടികളുടെ എണ്ണവും കപ്പാസിറ്റിയും
1.	ഐ.ടി.ഐ മംഗലം	
2	ഐ.ടി.ഐ പാലപ്പറം	
3	ഐ.ടി.ഐ ചിറ്റൂർ	

1. **പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, പഴമ്പാലക്കോട്**

   ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് നടത്തുന്നു

2. **മോഡൽ റസിഡൻഷ്യൽ പോളി ടെക്നിക് കോളേജ്, കുഴൽമന്ദം**

   സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ്

3. **ഗവ. കമ്മ്യൂണിറ്റി കോളേജ്, വടക്കഞ്ചേരി**

   40 കുട്ടികൾക്ക് രണ്ടുവർഷത്തെ സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ പ്രിസിഷൻ മെഷിനിസ്റ്റ് കോഴ്സ്

7.1.4 നിർദ്ദേശങ്ങൾ

1. **വിദ്യാഭ്യാസം**

   1. ഉന്നതവിദ്യാഭ്യാസ രംഗങ്ങളിൽ പട്ടികജാതി വിഭാഗത്തിലുള്ളവർ വേണ്ടത്ര ഉണ്ടാകുന്നില്ല.
   2. മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാഭ്യാസരംഗത്ത് ആനുപാതിക വർദ്ധനവ് ഉണ്ടാകുന്നില്ല.
   3. ഗവേഷണ രംഗങ്ങളിൽ കുറവ്
   4. ഐ.എ.എസ് രംഗത്തെ കുറവ്

   - ബ്ലോക്ക് തലത്തിൽ ഒന്നിൽ കൂടുതൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഈ പരിശീലനകേന്ദ്രത്തിൽ സിവിൽ സർവ്വീസിനും സൌജന്യ പരിശീലനം ഉണ്ടായിരിക്കണം. കിർത്താഡ്സിന്റെ മേൽനോട്ടത്തിൽ ജില്ലാതലത്തിൽ ഒരു ഗവേഷണകേന്ദ്രം ഉണ്ടാകണം.
   - പരിശീലനത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രപടിയും സ്റ്റൈപ്പന്റും നല്കണം. എൻട്രൻസ് പരിശീലനത്തിലെ നിലവിലെ ഘടനാരീതിയിൽ അടിമുടി മാറ്റം വരുത്തണം

- അട്ടപ്പാടി മേഖലകളിൽ ആവശ്യമായ പോസ്റ്റ് മെട്രിക് പ്രീമെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുക. ജില്ലയിലെ എല്ലാ പട്ടികജാതി ഹോസ്റ്റലുകളും ഹൈടെക് /സ്മാർട്ട് ഹോസ്റ്റലുകൾ ആക്കണം. ജീവനക്കാർക്ക് ശാസ്ത്രീയമായ പരിശീലനം നല്കി സ്ഥാനക്കയറ്റ സാധ്യതയുണ്ടാക്കി നിയമിക്കണം.
- കോളനികളിൽ ഇൻറർനെറ്റ് സൌകര്യമുള്ള ലൈബ്രറികൾ

ചിത്രം 7.1.2

പഠനം ഉപേക്ഷിച്ചവർ (6 മുതൽ 25 വയസ്സ് വരെ)



അവലംബം പട്ടികജാതി സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2010 (കില)

പട്ടിക 7.1.8

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	5 വയസ്സിനു മുകളിലുള്ള ജനസംഖ്യ	നിരക്ഷരരുടെ എണ്ണം
ആലത്തൂർ	2539	4642
ചിറ്റൂർ	18039	4120
കൊല്ലങ്കോട്	22506	4271
കുഴൽമന്ദം	10034	4770
മലമ്പുഴ	14827	2172
മണ്ണാർക്കാട്	18046	3263
അട്ടപ്പാടി	2323	629
നെന്മാറ	19675	3658
ഒറ്റപ്പാലം	27250	3457
പാലക്കാട്	23865	3246
പട്ടാമ്പി	21513	2600
ശ്രീകൃഷ്ണപുരം	19360	2846
തൃത്താല	25627	3922
പാലക്കാട് മുനി	6396	730
ഷൊർണ്ണൂർ മുനി	5755	549
ഒറ്റപ്പാലം മുനി	4187	600
ചിറ്റൂർ.. തത്തമംഗലം മുനി	3098	613

2. തൊഴിൽ

1. സ്വയംതൊഴിൽ സംരംഭകർക്ക് വായ്പ നൽകാൻ ബാങ്കുകളുടെ വിമുഖത
2. വ്യവസായ സംരംഭകത്വം ഇല്ലായ്മ
3. വലിയ സംരംഭങ്ങൾ തുടങ്ങാനുള്ള ആത്മവിശ്വാസക്കുറവ്
4. എയ്ഡഡ് സ്കൂളുകളിൽ സംവരണം ഇല്ലായ്മ
5. സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണമില്ലായ്മ

- സ്വയംതൊഴിൽ സംരംഭകർക്ക് വായ്പ നൽകുന്നതിന് സർക്കാർ ഗ്യാരണ്ടി നൽകുക
- ചെറുകിട, പാരമ്പര്യ തൊഴിലുകൾക്ക് ഒരു വായ്പ പദ്ധതി നടപ്പിലാക്കുക
- വ്യവസായ സംരംഭങ്ങളിൽ നിന്നും ഉൽപന്നം നേരിട്ട് സ്വീകരിച്ച് മാർക്കറ്റിംഗ് നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക
- എയ്ഡഡ് സ്കൂളുകളിലും സ്വകാര്യമേഖലകളിലും സംവരണം ലഭിക്കുന്നതിന് സർക്കാർ ഭാഗത്തു നിന്ന് ശക്തമായ ഇടപെടലുകൾ ഉണ്ടാകണം.

- നായാടി കോളനികളിൽ അടിസ്ഥാന പരമായ സൌകര്യങ്ങൾ നൽകുന്നതിന് തുതല പഞ്ചായത്തുകൾ കോളനികളെ ദത്തെടുത്ത് സമഗ്രപരിശീലനം നടപ്പിലാക്കണം. (അംബേദ്കർ/ സ്വയം പര്യാപ്തം മോഡൽ)

ചിത്രം 7.1.3

സ്ഥിര വരുമാനമില്ലാത്തവർ (18 മുതൽ 55 വയസ്സുവരെ)



അവലംബം പട്ടികജാതി സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2010 (കില)

പട്ടിക 7.1.9

സ്ഥിര വരുമാനമില്ലാത്തവർ (18 മുതൽ 55 വയസ്സുവരെ)

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൻറെ പേര്	ആകെ തൊഴിലുള്ളവരുടെ എണ്ണം	സ്ഥിര വരുമാനമില്ലാത്തവരുടെ എണ്ണം
ആലത്തൂർ	10556	10318
ചിറ്റൂർ	8518	8352
കൊല്ലങ്കോട്	10788	10535
കുഴൽമന്ദം	12922	12508
മലമ്പുഴ	6408	6168
മണ്ണാർക്കാട്	7181	7107
അട്ടപ്പാടി	1129	1118
നെ്ാറ	9495	9261
ഒറ്റപ്പാലം	11218	10964
പാലക്കാട്	10563	10283
പട്ടാമ്പി	7928	7673

ശ്രീകൃഷ്ണപുരം	8306	8118
തൃത്താല	10306	10014
പാലക്കാട് മുനി	2350	2150
ഷൊർണ്ണൂർ മുനി	1882	1707
ഒറ്റപ്പാലം മുനി	1544	1454
ചിറ്റൂർ.. തത്തമംഗലം മുനി	1148	1089

3. **ക്ഷേമകാര്യം**

1. സ്വയംസഹായ സംഘങ്ങളുടെയും സ്വാശ്രയ സംഘങ്ങളുടെയും നിർജീവത
2. ഡോക്ടറുടെ സേവനം വീടുകളിലെത്തിക്കൽ
3. വയോധികരുടെ സംരക്ഷണം
4. വിധവകളുടെയും കുട്ടികളുടെയും സംരക്ഷണം
5. അവിവാഹിതരായ അമ്മമാരുടെ സംരക്ഷണം

- അവിവാഹിതരായ അമ്മമാരെ സംരക്ഷിക്കുന്നതിനും കോളനി കേന്ദ്രീകരിച്ചുള്ള ബോധവത്ക്കരണം നടത്തുന്നതിനും കൌൺസിലർമാരെ നിയമിക്കുന്നതിനും സ്ഥിരം സംവിധാനം.
- സാമൂഹ്യനീതി വകുപ്പുമായി സഹകരിച്ച് പോഷകാഹാര വിതരണം
- വയോധികരുടെയും വിധവകളുടെയും കുട്ടികളുടെയും സംരക്ഷണത്തിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുക
- പട്ടികജാതിക്കാർക്ക് മാത്രമായി ഒരു ബാങ്ക് / പട്ടികജാതി സഹകരണ സംഘങ്ങൾക്ക് ഒരു അപ്പക്സ് ബാങ്ക്.

ചിത്രം 7.1.4

വയോജന ജനസംഖ്യ



അവലംബം പട്ടികജാതി സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2010 (കില)

വയോജന ജനസംഖ്യ

ആകെ ജനസംഖ്യ	-	311376
60 വയസ്സിനു മുകളിലുള്ളവർ	-	31135

4. സേവനം

1. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങൽ
2. തൊഴിലധിഷ്ഠിത പ്രവേശ പരീക്ഷകളിലും മത്സരപരീക്ഷകളിലും തയ്യാറെടുക്കുന്നതിന് പരിശീലന കേന്ദ്രങ്ങൾ തുടങ്ങൽ
3. സ്വയം തൊഴിൽ പരിശീലനം
4. പാരമ്പര്യ തൊഴിലുകൾ അന്യം നിന്നു പോകാതെ പ്രോത്സാഹിപ്പിക്കുകയാണെങ്കിൽ ഓരോ കുടുംബത്തിനും ഒരു തൊഴിൽ എന്നത് ഏറെ ഗുണകരമാകും

5. പിന്നോക്കാവസ്ഥ

1. പോഷകാഹാരക്കുറവ് പരിഹരിക്കൽ
2. മോശപ്പെട്ട സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തൽ
3. മോശപ്പെട്ട ജീവിതപശ്ചാത്തലം

- പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക പ്രോജക്ടുകൾ നടപ്പിലാക്കുക
- സാമൂഹ്യ നീതി വകുപ്പുമായി സഹകരിച്ച് പോഷകാഹാര വിതരണം

ചിത്രം 7.1.5

ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ ലഭ്യതക്കുറവ്



അവലംബം പട്ടികജാതി സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2010 (കില)

7.1.5 ആരോഗ്യ പരിചരണ കേന്ദ്രങ്ങളുടെ ലഭ്യതക്കുറവ്

ആകെ സങ്കേതങ്ങളുടെ എണ്ണം	4310
5 *കിലോമീറ്റർ കൂടൽ അകലെയുള്ള പ്രഥമികാരോഗ്യ കേന്ദ്രങ്ങൾ*	1001

6. സാമൂഹിക പശ്ചാത്തല വികസനം

1. മദ്യം, മയക്കുമരുന്ന് എന്നിവയുടെ സ്വാധീനം
2. സാംസ്കാരിക പ്രവർത്തനങ്ങൾക്കും ചിന്തകൾക്കും ഒരു തലം ഇല്ല എന്നത്.

3. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും സാമൂഹ്യമായി വികാസം പ്രാപിക്കാൻ ഉള്ള പശ്ചാത്തലങ്ങളുടെ കുറവ്
   - കോളനികളുടെ സൌകര്യം മെച്ചപ്പെടുത്തണം
   - പാർക്ക്, കളിസ്ഥലം എന്നിവ സ്ഥാപിക്കുക
   - നാടകശാല, സിനിമശാല, ഗ്രന്ഥശാല എന്നിവ ആരംഭിക്കുക
   - എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ നടത്തുക
   - പട്ടികജാതി കോളനികളിൽ കുടുംബശ്രീ യൂണിറ്റിന്റെ പ്രവർത്തനം വിപുലീകരിക്കുക

7. **പാരമ്പര്യ കലകളുടെ സംരക്ഷണം**

1. ഗോത്രകലകൾ അന്യം നിന്നു പോവുകയാണ്
2. പല കലകളും മൺ മറഞ്ഞു പോയികൊണ്ടിരിക്കുന്നു
3. പുരാതന ക്ഷേത്രങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.
   - ഗോത്രകലകളെ സംരക്ഷിക്കുകയും അവയെ അന്തർജില്ലാ ടൂറിസവുമായി ബന്ധിപ്പിക്കുകയും ചെയ്യുക
   - ക്ഷേത്രങ്ങളുടെയും കാവുകളുടെയും സംരക്ഷണം ഇത്തരം സ്ഥലങ്ങളിലെ പൂജാരിമാരുടെ തസ്തികളിൽ സർക്കാർ നിയമനം നടത്തുക.
   - മൺമറഞ്ഞ കലകളുടെ പുനരുദ്ധാരണം

8. **കലാകായികം**

1. സിനിമാ നിർമ്മാണം, സംവിധാനം, തിരക്കഥാരചന, ഫോട്ടോഗ്രാഫി, എഡിറ്റിംഗ്, അഭിനയം തുടങ്ങി സിനിമയുമായി ബന്ധപ്പെട്ടവയുടെ പരിശീലനം
2. ക്ലാസ്സിക് കലകൾ അഭ്യസിപ്പിക്കൽ
3. കായിക പരിശീലനം
   - ഏറ്റവും കൂടുതൽ പട്ടികജാതിക്കാർ ഉള്ള പാലക്കാട് ജില്ലയിൽ സ്പോട്സ് രംഗത്ത് പട്ടികജാതിക്കാരായ പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാ തലത്തിൽ സ്പോർട്സ് സ്കൂൾ സ്ഥാപിക്കണം.
   - കലാപരമായി ബന്ധപ്പെട്ടു പരിശീലനം നൽകുന്നതിന് പരിശീലന കേന്ദ്രങ്ങൾ തുടങ്ങണം.

9. **പാർപ്പിടം**

1. സൌകര്യപ്രദമായ സ്ഥല ദൌർലഭ്യം
2. ഭവനനിർമ്മാണ സാമഗ്രികളുടെ ക്രമാതീതമായ വില വർദ്ധന, വർദ്ധിച്ച നിർമ്മാണ ചെലവ്
   - പട്ടികജാതിക്കാരായ എഞ്ചിനീയർമാരുടെ ബ്ലോക്കുതല സംഘം ഉണ്ടാക്കി ഭവന നിർമ്മാണം ഫലപ്രദമാക്കണം
   - സമുച്ചയ നിർമ്മാണം
   - കെട്ടിട നിർമ്മാണങ്ങളിൽ കരകൌശല വിദഗ്ധരായ പട്ടികജാതിക്കാരുടെ കഴിവ് ഉപയോഗപ്പെടുത്തുക.

ചിത്രം 7.1.6

ജീർണ്ണനാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നവരുടെ എണ്ണം



അവലംബം പട്ടികജാതി സമുദായങ്ങളുടെ അടിസ്ഥാന വിവരശേഖരണം 2010 (കില

7.1.6 ജീർണ്ണനാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നവരുടെ എണ്ണം

ആകെ കുടുംബങ്ങൾ	75517
ജീർണ്ണനാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്നവരുടെ എണ്ണം	18807

7.1.7 പ്രധാന പ്രശ്നങ്ങൾ

1) പ്രീമെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ പര്യാപ്തമല്ല. ലംപ്സം ഗ്രാൻറ് ഇനത്തിൽ നൽകുന്ന തുക വളരെ തുച്ഛമാണ് . ഉന്നതവിദ്യാഭ്യാസം നടത്തുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. എങ്കിലും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ഇതിനായി ആവശ്യത്തിന് തുക നീക്കിവെയ്ക്കുന്നില്ല.
2) പ്രീമെട്രിക് ഹോസ്റ്റലുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്കും, നഴ്സറി സ്കൂളുകൾ ഗ്രാമപഞ്ചായത്തുകൾക്കും കൈമാറിയിട്ടുണ്ടെങ്കിലും മേൽ സ്ഥാപനത്തിൽ അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് പദ്ധതി വിഹിതത്തിന്റെ ചെറിയ വിഹിതം മാത്രമാണ് മാറ്റിവെയ്ക്കുന്നത്.
3) വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിലും നഴ്സറി സ്കൂളുകളിലും കുട്ടികളുടെ എണ്ണം കുറവാണ് എന്നത് പ്രധാന പോരായ്മയാണ്.
4) മുൻ വർങ്ങളിൽ വകുപ്പ് മുഖേനയും കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയും വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയും ഭവന നിർമ്മാണ ധനസഹായം കൈപററിയതിൽ നിരവധി പേർ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.
5) ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സംഭവിക്കുന്ന കാലവിളംബം യഥാസമയം പദ്ധതികൾ ആരംഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു.
6) മറ്റ് വകുപ്പുകളുമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായുള്ള സംയോജന സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിയിട്ടില്ല.
7) പദ്ധതികൾ കൂടുതലും തൊഴിൽ സൃഷ്ടിക്കുന്നതിനോ ആസ്തികൾ സൃഷ്ടിക്കുന്നതിനോ ഉതകുന്നതല്ല. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പദ്ധതികൾ വളരെ കുറവാണ് എന്ന് കാണാൻ കഴിയും

8) പട്ടികജാതി ഉപപദ്ധതി പ്രകാരം രൂപം നൽകുന്ന നിർമ്മാണ പ്രവൃത്തി ഗുണനിലവാരം തൃപ്തികരമല്ല. പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തികൾ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രത്യേക മോണിറ്ററിംഗ് സമിതി തദ്ദേശ ഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കേണ്ടതാണ്. പട്ടികജാതി വികസന വകുപ്പിന് സ്വന്തമായി എഞ്ചിനീയറിംഗ് വിഭാഗം ഇല്ലാത്തതിനാൽ വകുപ്പ് മുഖേന നടപ്പിലാക്കുന്ന നിർമ്മാണ പ്രവൃത്തി നിർവ്വഹണം നത്തുന്നതിന് മററ് ഏജൻസികളുടെ സഹായം തേടേണ്ടിവരുന്നു. ഇത് കാലതാമസം വരുത്തുന്നതിന് ഇടയാകുന്നു.

9) സങ്കേത്തിൽ സ്ഥല ലഭ്യത ഇല്ലാത്തത് കാരണം അടിസ്ഥാന സൌകര്യ വികസന പദ്ധതികൾ യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിലും മികച്ച രീതിയിൽ പരിപാലിക്കുന്നതിലും അലംഭാവം കാണിക്കുന്നതായി കണ്ടുവരുന്നു.

10) വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടു. ഗ്രാമസഭയിൽ പട്ടികജാതിക്കാരുടെ പങ്കാളിത്തം കുറവാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്.

11) കോളനിയിൽ അടിസ്ഥാന സൌകര്യത്തിന് പോരായ്മകളുണ്ട്. നിലവിലുള്ള വീടുകൾ പട്ടികജാതി വികസന വകുപ്പ് / മറ്റ് വകുപ്പുകൾ മുൻ വർഷങ്ങളിൽ ധനസഹായം നൽകി നിർമ്മിച്ചവയാണ്. എന്നാൽ പലവിധ കാരണങ്ങളാൽ കൃത്യമായ അറ്റകുറ്റപ്പണി ചെയ്യാത്തതിനാൽ വീടുകൾ ജീർണ്ണാവസ്ഥയിലാണ്. വീടു നിർമ്മാണത്തിന് ഇവർ താല്പര്യം കാണിക്കാതിരുന്നതു മൂലമാണ് ഇവർക്ക് വീട് ലഭിക്കാതിരുന്നത്.

12) ഒരു വീട്ടിൽ തന്നെ നിരവധി കുടുംബങ്ങൾ കൂട്ടുകുടംബ വ്യവസ്ഥയിൽ താമസിക്കുന്നുണ്ട്. അതിനാൽ ഉപകുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകി പുനരധിവസിപ്പിക്കേണ്ടതുണ്ട്.

13) കൂടാതെ കോളനിക്കകത്തുള്ള റോഡുകൾ മെയിൻറനൻസ് ചെയ്യേണ്ടതുണ്ട്. ശുചിത്വകുറവ് പരിഹരിക്കാൻ ഡ്രൈനേജ് സംവിധാനമുണ്ടാക്കണം.

7.1.8 സാധ്യതകൾ/കണ്ടെത്തലുകൾ

1) മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം ശാസ്ത്രീകരിക്കുക.

2) പട്ടികജാതിക്കാരായ കരകൗശല വിദ്ഗരുടെയും എൻജിനീയർമാരുടെയും സംഘം രൂപീകരിക്കുക. (സഹകരണവകുപ്പിൻറെ സഹായായത്തോടെ)

3) കിലയുടെ റിപ്പോർട്ട് പരിശോധിച്ചതിൽ വീടും സ്ഥലവും ഇല്ലാത്തവരുടെ എണ്ണം കൂടിവരുന്നതായി കാണുന്നു. പട്ടികജാതി വികസന വകുപ്പും, മറ്റ് വികസന വകുപ്പുകളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വീടും സ്ഥലവും നൽകുന്നുണ്ടെങ്കിലും ഇതൊന്നും പര്യാപ്തമായി കാണുന്നില്ല.

4) വിദ്യാഭ്യാസ വികസന പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ട് എങ്കിലും ഉന്നത വിദ്യാഭ്യാസ രംഗങ്ങളിൽ പട്ടികജാതിക്കാരുടെ എണ്ണം കുറവാണ്. കോളനികളുടെ സൗകര്യം കൂട്ടുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും എല്ലാ വീടുകളിലും കുടിവെള്ളം, നല്ല വിദ്യാഭ്യാസം എന്നിവ എത്തിക്കുകയും ചെയ്യേണ്ടതാണ്. കുഴൽമന്ദം പി.ഇ.ടി.സി.യ്ക്ക് സ്വന്തമായി സ്ഥലം കണ്ടെത്തി വിപുലീകരിക്കണം.ഐ.ടി.ഐ കളുടെ കോഴ്സുകൾ നവീകരിക്കുക.അംഗനവാടി, ബാലവാടി എന്നിവയുടെ സൗകര്യം ഉപയോഗപ്പെടുത്തുക. ലളിതകലാ അക്കാദമികളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുക. സംഗീതനാടക അക്കാദമികളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തുക.

5) സ്വയംതൊഴിൽ പദ്ധതികളിൽ ബാങ്കുകൾ ലോൺ നൽകുന്നുണ്ടെങ്കിലും ഇതുവരെ വിജയിച്ചിട്ടുള്ള പദ്ധതികൾ വളരെ കുറവാണ്. അപര്യാപ്തമായ ഫണ്ട് ഉപയോഗിച്ച് തുടങ്ങുന്ന സംരംഭങ്ങൾ പകുതി വച്ച് നിന്നുപോകുന്നു. ആയതിനാൽ സ്വയം തൊഴിൽ പദ്ധതിക്ക് ആവശ്യമായ വായ്പ ലഭ്യമാക്കേണ്ടതാണ്.

6) കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന പട്ടികജാതിക്കാർ കൂടുതലാണെങ്കിലും ആയതിനുള്ള ധനസഹായങ്ങൾ കുറവാണ്. കൃഷി തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും പദ്ധതികൾ കൊണ്ടുവരേണ്ടതാണ്.

7) പട്ടികജാതികാരുടെ ഇടയിൽ ലഹരിയുടെ ഉപയോഗം കൂടിവരുന്നതായും സ്ത്രീകൾക്കും കുട്ടികൾക്ക് എതിരെയുള്ള അക്രമങ്ങൾ കൂടിവരുന്നതായും കണ്ടെത്തിയിട്ടുണ്ട്.

8) വിനോദ സഞ്ചാരത്തിൻറെ സാധ്യതകൾ ഉപയോഗപ്പെടുക

പട്ടികജാതി സമൂഹത്തിന്റെ ചുറ്റുപാടുകളുടെ നവീകരണം, അവരുടെ പാരമ്പര്യ ആവാസരീതിയെ പാടെ നിഷേധിച്ചുകൊണ്ടാവരുത്. വിവിധ പദ്ധതികൾ പ്രകാരമുള്ള പുനരധിവാസ പരിപാടികൾ നടപ്പിലാക്കുമ്പോൾ കോളനിവൽക്കരണം സംഭവിക്കാതിരിക്കുവാൻ ശ്രദ്ധയുണ്ടാവണം. കാലങ്ങളായി വിദ്യാഭ്യാസത്തിന്റെയും സ്വത്തു സമ്പാദനത്തിന്റെയും പടിക്ക് പുറത്ത് ജീവിച്ച ഈ സമൂഹത്തിന്റെ ഉദ്ധാരണത്തിന് സമയ ബന്ധിതമായ പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്. ഓരോ ധനസഹായ പദ്ധതികളിലേയും തുകകൾ ചെലവഴിക്കുക മാത്രമാകരുത് നമ്മുടെ കടമ. മറിച്ച് അവയുടെ വിനിയോഗം സംബന്ധിച്ചുള്ള പരിശോധനകളും വിലയിരുത്തലുകളും ഗൌരവപൂർവ്വം നടത്തേണ്ടതാണ്. അത്തരത്തിൽ സജീവമായ ഇടപെടലുകളോട് കൂടി മാത്രമെ പട്ടികജാതി സമൂഹം ഇപ്പോഴും നേരിടുന്ന പ്രതിസന്ധികളെ നമുക്ക് തരണം ചെയ്യാൻ കഴിയൂ.

7.1.2 പട്ടികവർഗ്ഗ വികസനം

7.1.2.1 ആമുഖം

7.1.2.1.1 പാലക്കാട് ജില്ലയിൽ 10 ബ്ലോക്ക് പഞ്ചായത്തുകളിലെ 356 ഗ്രാമ പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 438 പട്ടികവർഗ്ഗ കോളനികളിലായി 16827 പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിച്ചുവരുന്നു. 25215 പുരുഷൻമാരും, 26673 സ്ത്രീകളുമടക്കം ഏകദേശ ജനസംഖ്യ 51888 ആണ്. ഇരുളർ, കുറുമ്പർ, മുഗ്ഡർ, എരവാലൻ, മലസർ, മലയൻ, കാടർ, കാട്ടുനായ്ക്കർ, മുതുവൻ, മലമലസ്സർ, പണിയർ എന്നീ പട്ടിക വർഗ്ഗ വിഭാഗങ്ങൾ ജില്ലയിൽ താമസിച്ചുവരുന്നു. ഇത് ജില്ലയിലെ മൊത്തം ജനസംഖ്യയുടെ 1.74 % ആണ്. ജില്ലയിലെ പട്ടിക വർഗ്ഗ ജനസമൂഹത്തിന്റെ വിദ്യാഭ്യാസം, ആരോഗ്യം, തൊഴിലും ഉപജീവനവും, അടിസ്ഥാന സൌകര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ഭൂഉടമസ്ഥത, സംസ്കാരം, വനവുമായുള്ള പാരസ്പര്യം, ഒറ്റപ്പെട്ട ഊരുകൾ എന്നീ പ്രധാന വിഷയ മേഖലകളിലെ വികസനാവസ്ഥയുടെ സമഗ്ര വിശകലനവും പരിപ്രേക്ഷ്യവുമാണ് ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

7.1.2.1.3 പാലക്കാട് ജില്ലയിൽ അട്ടപ്പാടി ബ്ലോക്കിലാണ് ഏറ്റവും കൂടുതൽ പട്ടിക വർഗ്ഗ കുടുംബങ്ങൾ താമസിച്ച് വരുന്നത് . ടി പ്രദേശത്തെ 3 ഗ്രാമ പഞ്ചായത്തുകളിലായി കുറുമ്പർ, മുഗ്ഡർ, ഇരുളർ എന്നീ വിഭാഗക്കാരാണുള്ളത്. ഈ വിഭാഗക്കാർക്കായി അട്ടപ്പാടി ഐ.ടി.ഡി.പി പ്രൊജക്ട് ഓഫീസ് പ്രവർത്തിച്ച് വരുന്നു. ടി ബ്ലോക്ക് കേരളത്തിലെ ഏക ട്രൈബൽ ബ്ലോക്ക് കൂടിയാണ്.

7.1.2.1.4 പറമ്പിക്കുളം, നെല്ലിയാമ്പതി, മണ്ണാർക്കാട്, അട്ടപ്പാടി, തുടങ്ങിയ മേഖലകളിൽ താമസിക്കുന്ന കാടർ, കാട്ടുനായ്ക്കർ, കുറുമ്പർ എന്നീ വിഭാഗമാണ് പ്രാക്തന ഗോത്ര വിഭാഗത്തിൽ പെടുന്നത്. ഇവരുടെ

കൃഷിരീതികൾ, ശവസംസ്കാരം, വിവാഹ ചടങ്ങുകൾ, ദായ ക്രമം എന്നിവ സംഘകാല സംസ്കാരത്തിന്റെ തുടർച്ചയാണ്. വനവും വനോൽപ്പന്നങ്ങളേയും പരമ്പരാഗത കൃഷിരീതികളേയും ആശ്രയിച്ച് സ്വയാശ്രിത സമൂഹമായി ജീവിക്കുന്നവരാണിവർ. എന്നാൽ വനനിയമം നിലവിൽ വന്നശേഷം കൃഷിയും വേട്ടയും അവസാനിച്ചതോടെ മാറിയ ജീവിത സാഹചര്യം ഉണ്ടാക്കിയ സന്നിദ്ധ ഘട്ടം മറികടക്കാനോ മുഖ്യധാരാ സമൂഹത്തിനൊപ്പം ഇഴുകിച്ചേരാനോ ഈ ഗോത്ര സമൂഹത്തിന് ഇതുവരേയും പൂർണ്ണമായി കഴിഞ്ഞിട്ടില്ല. എന്നാൽ വിദ്യാഭ്യാസത്തോട് താൽപര്യവും മുഖ്യധാരാ സമൂഹത്തോട് ഇടകലർന്ന് ജീവിക്കാൻ സാഹചര്യവും ലഭിച്ച ഊരുകളിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

7.1.2.1.4 പട്ടികവർഗ്ഗവികസനം ഓരോ തലത്തിലുള്ള സർക്കാരിൻറെയും ഭരണഘടനാ പരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലുകളും വികസന മേഖലയുമായി ഗോത്ര ജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യരാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ട് തന്നെ ആധുനിക സമൂഹപട്ടികവർഗ്ഗവികസനം ഓരോ തലത്തിലുള്ള സർക്കാരിൻറെയും ഭരണഘടനാപരമായ ഉത്തരവാദിത്വവും ലക്ഷ്യവുമാണ്. പ്രാദേശിക സർക്കാരുകളുടെ ഈ മേഖലയിലെ ഇടപെടലുകളും വികസന മേഖലയുമായി ഗോത്ര ജനതയെ കൂട്ടിയിണക്കുന്നതിനുള്ള സാധ്യതകളും ഇനിയും പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടില്ല. അവരുടെ പൈതൃകവും പാരമ്പര്യരാനുഷ്ഠാനങ്ങളും അറിവുകളും നിലനിർത്തിക്കൊണ്ട് തന്നെ ആധുനിക സമൂഹമാർജ്ജിച്ച വികസന മേഖലകൾ അവർക്കും സാധ്യമാക്കേണ്ടതുണ്ട്. ഊര്-കുടുംബ കേന്ദ്രീകൃതമായ സൂക്ഷ്മ പദ്ധതിയാസൂത്രണങ്ങളും സേവന-സൗഹാർദ്ധ സ്ഥിതിയിലധിഷ്ഠിതമായ നിർവ്വഹണ പരിപാടികളും പട്ടികവർഗ്ഗ മേഖലയിൽ അനിവാര്യമാണ്. ഒപ്പം വിവിധ സർക്കാർ വകുപ്പുകളുടെ ഫലപ്രദമായ ഏകോപനവും സംയുക്ത-സംയോജിത പദ്ധതികളും അത്യന്താപേക്ഷിതമാണ്.

7.1.2.2 അവസ്ഥാ വിശകലനം

പാലക്കാട് ജില്ലയിലെ പട്ടിക വർഗ്ഗക്കാരുടെ പിന്നോക്കാവസ്ഥക്ക് കാരണമായി കണ്ടെത്തിയ പ്രധാന കാര്യങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. സംസ്ഥാനത്ത് 5 പ്രാക്തനഗോത്രവിഭാഗങ്ങൾ (പി.വി.ടി.ജി) ഉൾപ്പെടെ 37 പട്ടികവർഗ്ഗ സമുദായങ്ങളാണുള്ളത്. ആയതിൽ 3 പ്രാക്തനഗോത്രവിഭാഗങ്ങൾ ഉൾപ്പെടെ 13 പട്ടികവർഗ്ഗവിഭാഗങ്ങളും ജില്ലയിലാണ്.
2. 13 വിഭാഗക്കാരുടെ ആചാരാനുഷ്ഠാനങ്ങളും ജീവിത രീതികളും വ്യത്യസ്തമായതിനാൽ വികസന പ്രവർത്തനങ്ങളിൽ ഐക്യരൂപം ഉണ്ടാക്കുവാൻ സാധിക്കുന്നില്ല.
3. സംസ്ഥാനത്തിലെ ഏറ്റവും കൂടുതൽ പിന്നോക്കവിഭാഗക്കാർ അധിവസിക്കുന്നത് പാലക്കാട് ജില്ലയിലാണ്.
4. കേരളത്തിലൂടെ തന്നെ റോഡ് മാർഗ്ഗം എത്തിച്ചേരുവാൻ സാധിക്കാത്ത ഊരുകൾ ജില്ലയിലുണ്ട്.(തമിഴ്നാട് റോഡിലൂടെ ചെന്നെത്താവുന്ന പറമ്പിക്കുളവും, അട്ടപ്പാടിയിലെ ഊരുകളും)
5. സംസ്ഥാനത്ത് മറ്റ ജില്ലകളെ അപേക്ഷിച്ച് തമിഴ് നാട് അതിർത്തി പ്രദേശങ്ങളോട് ചേർന്ന് കിടക്കുന്ന അനവധി പട്ടികവർഗ്ഗ സങ്കേതങ്ങൾ ജില്ലയിലുണ്ട്. (ആയതുകൊണ്ടുതന്നെ മാനവ വികസനശേഷിയുടെ കാര്യത്തിൽ ജില്ലയിലെ പട്ടികവർഗ്ഗക്കാർ പുറകിലാണ്)

6. ജില്ലയിലാണ് ഏറ്റവും കൂടുതൽ ഡാമുകൾ ഉള്ളത്. ഡാമുകളുടെ നിർമ്മാണത്തിനായി പുനരധിവസിപ്പിക്കപ്പെട്ടത് ഏറ്റവും കൂടുതൽ പട്ടികവർഗ്ഗക്കാരാണ്.(ഉദാ:- പറമ്പിക്കുളം, മലമ്പുഴ, പോത്തുണ്ടി, ശിരുവാണി, മംഗലം ഡാം എന്നീ പ്രദേശങ്ങൾ)
7. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും അത്യാവശ്യകാര്യങ്ങൾക്കായി ഒരു പഞ്ചായത്തിൽ പോകണമെങ്കിൽ ഏകദേശം 60 കിലോമീറ്ററോളം യാത്ര ചെയ്യേണ്ട സങ്കേതങ്ങൾ ജില്ലയിലുണ്ട്.
8. മറ്റ് ജില്ലകളെ അപേക്ഷിച്ച് ജില്ലയിലെ ഭൂപ്രകൃതി ഒരു ഘടകമാണ് (അട്ടപ്പാടി, പറമ്പിക്കുളം, നെല്ലിയാമ്പതി തുടങ്ങിയ പ്രദേശങ്ങൾ)
9. ആലപ്പുഴ ജില്ലയേക്കാൾ ഭൂവിസ്തൃതിയുള്ള സംസ്ഥാനത്തെ ഏക ട്രൈബൽ ബ്ലോക്ക് ഉള്ളത് ജില്ലയിലാണ്. (അട്ടപ്പാടി ബ്ലോക്ക്)
10. ആശ്രിത മനോഭാവം
11. മുതൽ മുടക്കാനുള്ള താൽപര്യമില്ലാത്തത്. സമ്പാദ്യശീലത്തിന് തടസ്സമാകുന്നു
12. പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ അട്ടപ്പാടി/ പാലക്കാട് ജില്ലയിലെ മറ്റ് പ്രദേശങ്ങൾ എന്നിങ്ങനെ രണ്ടായി തരംതിരിച്ച് സർവ്വേ നടത്തി വർഷം 2 ചാപ്റ്റർ ആയി ജില്ലാ പദ്ധതി തയ്യാറാക്കേണ്ടതാണ്
13. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ ഒന്നായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ചുരുങ്ങിയത് 1 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ സമഗ്ര പദ്ധതി ആവശ്യമാണ്.

പട്ടിക 7.1.10

ജനസംഖ്യയും പൊതു വിവരങ്ങളും

ഓഫീസ്	ആകെ ജനസംഖ്യ	ആൺ	പെൺ	കുടുംബങ്ങളുടെ എണ്ണം
അട്ടപ്പാടി	32956	16101	16855	11016
പാലക്കാട്	18932	9114	9818	5811
ആകെ	**51888**	**25215**	**26673**	**16827**

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

പട്ടിക 7.1.11

പട്ടികവർഗ്ഗ ജനസംഖ്യ പ്രായാടിസ്ഥാപനത്തിൽ

പ്രായം	3-0	5-4	14-6	17-15	59-18	100-60	ആകെ
ആകെ	2174	2314	6029	4130	31343	5898	51888
ശതമാനം	4.18	4.45	11.6	7.9	60.4	11.3	100%

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

പട്ടിക 7.1.12

സ്ത്രീ പുരുഷാനുപാതം

സംസ്ഥാന തലം	പാലക്കാട് ജില്ലാതലം	പാലക്കാട് ജില്ല പട്ടികവർഗ്ഗം
1084	1067	1057

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

പട്ടിക 7.1.13

പട്ടികവർഗ്ഗ കുടുംബങ്ങൾ സമുദായ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ

ക്രമനം.	സമുദായം	ആകെ
1	ഇരുളർ	9480
2	മുഡുഗർ	1727
3	എരവാലൻ	1736
4	മലസർ	1512
5	മലമലസർ	98
6	കാടർ	253
7	കാട്ടുനായ്ക്കർ	320
8	മുതുവാൻ	60
9	മലയൻ	765
10	പണിയൻ	246
11	കുറുമ്പൻ	617
12	മലയരൻ	08
13	ഉള്ളാടൻ	05
	ആകെ	**16827**

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

7.1.2.3 വിദ്യാഭ്യാസം

മാനവ വികസന സൂചികയിൽ പരമപ്രധാനമായ ഒന്നാണ് വിദ്യാഭ്യാസ നിലവാരം. ഗോത്ര സമുദായങ്ങൾ മുഖ്യധാരയിലേക്കെത്തുന്നതിന്റെ പ്രധാന സൂചനകൂടിയാണ് വിദ്യാഭ്യാസം പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 7.1.14

പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ വിവരം

ആകെ കുട്ടികൾ	പ്രൈമറി	സെക്കന്ററി	ഹയർ സെക്കന്ററി	ആകെ	ശതമാനം
10159	5067	1725	1174	7966	78.41%

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

7.1.2.4 സാക്ഷരത – നിലവിലെ അവസ്ഥ (ശതമാനത്തിൽ)

- ❖ സംസ്ഥാന സാക്ഷരത : 93.91
- ❖ സംസ്ഥാന പട്ടികവർഗ്ഗ സാക്ഷരത : 80.80
- ❖ ജില്ലയിലെ പൊതുസാക്ഷരത : 88.49
- ❖ ജില്ലയിലെ പട്ടികവര്ഗ്ഗ സാക്ഷരത : 58.70
- ❖ ജില്ലയിലെ പൊതുസാക്ഷരതയും പട്ടികവർഗ്ഗ സാക്ഷരതയും തമ്മിലുള്ള അന്തരം : 29.79
- ❖ സംസ്ഥാന പട്ടികവർഗ്ഗ സാക്ഷരതയും ജില്ലാ സാക്ഷരതയും തമ്മിലുള്ള അന്തരം : 22.10
- ❖ പട്ടികവർഗ്ഗ പുരുഷ സാക്ഷരത : 62.52
- ❖ പട്ടികവർഗ്ഗ സ്ത്രീ സാക്ഷരത : 52.82
- ❖ സ്ത്രീ പുരുഷ സാക്ഷരത അന്തരം : 9.70

7.1.2.5 പട്ടികവർഗ്ഗക്കാരിൽ പഠനം ഉപേക്ഷിച്ചവർ

പഠനം ഉപേക്ഷിച്ചവർ	:	2.81%
പ്രൈമറി തലത്തിൽ പഠനം ഉപേക്ഷിച്ചവർ	:	39.62%
നവസാക്ഷരർ	:	4.3%
പ്രൈമറിതല വിദ്യാഭ്യാസം	:	24.91%
എസ്.എസ്.എൽ.സി.	:	5.65%
പ്ലസ്ടുതല വിദ്യാഭ്യാസം	:	3.97%

(2008 പട്ടികവർഗ്ഗ വിവര ശേഖരണം)

പട്ടിക 7.1.15

പട്ടികവർഗ്ഗകുട്ടികളുടെ വിദ്യാഭ്യാസ വിവരം

ആകെ കുട്ടികൾ	പ്രൈമറി	സെക്കൻറ റി	ഹയർ സെക്കൻറ റി	ആകെ	ശതമാനം
10159	5067	1725	1174	7966	78.41%

(2017 സർവെ ഐ.ടി.ഡി.പി അട്ടപ്പാടി & ടി.ഡി.ഒ പാലക്കാട്)

7.1.2.6 മേഖലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന അംഗനവാടികൾ

ജില്ലയിലെ ആകെ അംഗൻവാടികൾ - 2835

പട്ടികവർഗ്ഗ ഊരുകളിലുള്ള അംഗൻവാടികൾ - 259

പട്ടികവർഗ്ഗ ഊരുകളോട് ചേർന്നുള്ള അംഗൻവാടികൾ - 106

പട്ടിക 7.1.16

ക്രമനം.	ഗ്രാമപഞ്ചായത്ത്	ഉള്ള ഊരുകൾ	ഇല്ലാത്ത ഊരുകൾ	സമീപത്തുള്ള ഊരുകൾ	സമീപത്ത് പോലും ഇല്ലാത്ത ഊരുകൾ
1	കിഴക്കഞ്ചേരി	-	-	1	6

2	നല്ലേപ്പിള്ളി	-	-	-	5
3	വടകരപ്പതി	3	-	2	15
4	പെരുമാട്ടി	8	-	9	12
5	എരുത്തേമ്പതി	8	-	4	2
6	കൊഴിഞ്ഞാമ്പാറ	1	-	-	16
7	മലമ്പുഴ	4	1	5	7
8	പുതുശ്ശേരി	5	5	7	1
9	അകത്തേത്തറ	1	-	4	-
10	പുതുപ്പരിയാരം	1	1	1	-
11	മരുതറോഡ്	-	-	1	-
12	എലപ്പുള്ളി	-	-	1	-
13	മുണ്ടൂർ	-	-	1	-
14	പെരുവെമ്പ്	-	-	1	-
15	പറളി	-	-	1	-
16	കാഞ്ഞിരപ്പുഴ	3	3	1	-
17	കരിമ്പ	-	3	1	-
18	തച്ചമ്പാറ	-	2	1	-
19	തെങ്കര	1	3	2	-
20	മണ്ണാർക്കാട്	-	-	1	-
21	മുനിസിപ്പാലിറ്റി	1	-	2	-
22	കുമരംപുത്തൂർ	-	1	1	-
23	അലനല്ലൂർ	2	4	2	-
24	കോട്ടോപ്പാടം	-	-	1	-
25	കടമ്പഴിപ്പുറം	-	-	1	-
26	കരിമ്പുഴ	-	-	1	-
27	കൊപ്പം	20	28	26	2
28	മുതലമട	2	4	4	0
29	പട്ടഞ്ചേരി	1	1	1	0
30	കൊല്ലങ്കോട്	6	2	2	0
31	അയിലൂർ	5	5	4	1

32	വണ്ടാഴി	3	1	1	0
33	നെന്മാറ	0	2	2	0
34	എലവഞ്ചേരി	10	11	11	0
35	നെല്ലിയാമ്പതി	75	-	-	-
36	അഗളി	50	17	-	-
37	പുതൂർ	50	-	-	-
38	ഷോളയൂർ	-	-	2	-
39	വടക്കഞ്ചേരി	-	-	-	2
40	കണ്ണമ്പ്ര	-	-	-	1
41	കാവശ്ശേരി	-	-	-	1
42	തരൂർ	-	-	1	-
	ആകെ	**259**	**94**	**106**	**71**

(2017 വർഷം എസ്.ടി പ്രൊമോട്ടർമാർ മുഖേന ശേഖരിച്ചത്)

പട്ടിക 7.1.17

പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകമായുള്ള വകുപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ക്രമനം.	സ്ഥാപനം	എത്ര കുട്ടികൾക്ക് സൗകര്യമുണ്ട്	നിലവിൽ എത്ര കുട്ടികൾ
1.	ആശ്രമംസ്കൂൾ മലമ്പുഴ	422	408
2.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) മുതലമട	60	94
3.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) പട്ടഞ്ചേരി	40	83
4.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) പുതുപ്പരിയാരം-1	40	47
5.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) പുതുപ്പരിയാരം-2	40	82
6.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ) അയിലൂർ	30	65
7.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ) മാത്തൂർ	60	171
8.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ & പെൺ) സുങ്കം	40	41
9.	പോസ്റ്റ്മെട്രിക് ഹോസ്റ്റൽ (പെൺ) ന്യറണി	60	101
10.	എം.ആർ.എസ് മുക്കാലി, അട്ടപ്പാടി	210	212
11.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ & പെൺ) ആനവായ്	40	38

12.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) ചിണ്ടക്കി	40	87
13.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) മുക്കാലി	40	71
14.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) കുക്കംപാളയം	40	106
15.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) പുതൂർ	60	88
16.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ-1) അഗളി	80	124
17.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ-2) അഗളി	40	81
18.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) കോട്ടത്തറ	40	75
19.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) അഗളി	60	71
20.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ) കോട്ടത്തറ	60	99
21	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ -1) ഷോളയൂർ	40	54
22	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ -2) ഷോളയൂർ	40	90
23	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ -1) ഷോളയൂർ	40	83
23.	പ്രീമെട്രിക് ഹോസ്റ്റൽ (പെൺ -2) ഷോളയൂർ	40	77
24.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) ഗൊട്ടിയാർകണ്ടി	40	44
25.	പ്രീമെട്രിക് ഹോസ്റ്റൽ (ആൺ) മുള്ളി	40	29

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

പട്ടിക 7.1.18

2017-ലെ പത്താം ക്ലാസ്സും തുടർ പഠനവും

വർഷം	എസ്.എസ്.എൽ.സി വിജയിച്ചവർ	പ്ലസ് വൺ ചേർന്നവർ	ഡിപ്ലോമ / ഐ.റ്റി.ഐ	ഉപരിപഠനത്തിന് ചേരാത്തവർ
2017	1487	1252	95	140

ഐ.ടി.ഡി.പി/ടി.ഡി.ഒ 2017-ലെ സർവ്വേ

7.1.2.7 പഠന പഠനേതര അവസ്ഥകളുടെ വിശകലനം -പാലക്കാട് ജില്ലയിൽ ആശ്രമംസ്കൂൾ മലമ്പുഴ / മോഡൽ റസിഡൻഷ്യൽ സ്കൂൾ അട്ടപ്പാടി

7.1.2.7.1 2013-14, 2014-15, 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ എസ്.എസ്.എൽ.സി.ക്ക് 100% വിജയം കൈവരിച്ചിട്ടുണ്ട്. പറമ്പിക്കുളം, അട്ടപ്പാടി മേഖലകളിൽ നിന്നും വരുന്ന ഗോത്രവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികളാണ് ഈ സ്കൂളിൽ പഠിച്ചുകൊണ്ടിരിക്കുന്നത്. വിദ്യർത്ഥികൾക്കിടയിൽ ഭാഷാ പ്രശ്നം നിലനിൽക്കുന്നുണ്ടെങ്കിലും ഒരു പരിധിവരെ അതിനെ തരണം ചെയ്ത് വിജയം കൈവരിക്കാൻ ഈ

സ്കൂളിന് സാധിക്കുന്നുണ്ട്. ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ കൈകാര്യം ചെയ്യുന്നതിന് വിദ്യാർത്ഥികൾക്കിടയിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഇംഗ്ളീഷ് ഭാഷ കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കുന്നതിന് നിലവിൽ സ്പോക്കൺ ഇംഗ്ളീഷ് ക്ലാസ്സുകൾ നൽകുന്നുണ്ട്. 2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ കായിക മത്സരങ്ങളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ സബ് ജില്ലാ, ജില്ലാ മത്സരങ്ങളിൽ വിജയം കൈവരിച്ച് സംസ്ഥാനതല കായിക മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയം കൈവരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തി പരിചയ മേളകൾ, ശാസ്ത്ര മേളകൾ, ചിത്രരചനാ മത്സരങ്ങൾ, കലോത്സവങ്ങൾ എന്നിവയിൽ സജീവ സാന്നിദ്ധ്യം ഈ സ്കൂളിൽ നിന്നും ഉണ്ടാവുകയും മിക്ക മേഖലകളിലും വിജയം കൈവരിക്കാനും സാധിച്ചിട്ടുണ്ട്.

7.1.2.7.2 8,9 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് എസ്.പി.സി. നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന തല കായിക മത്സരത്തിൽ ഈ സ്കൂളിലെ ബേബി, നാഗരാജ് എന്നീ വിദ്യാർത്ഥികൾക്ക് വെങ്കലമെഡൽ ലഭിച്ചിട്ടുണ്ട്. സംസ്ഥാന തല ഗണിത ശാസ്ത്രമേളയിൽ ഗണിത മാഗസിന് എ ഗ്രേഡും, ജില്ലാതലത്തിൽ പ്രാദേശിക ചരിത്ര രചനയ്ക്ക് എ ഗ്രേഡും ലഭിച്ചിട്ടുണ്ട്.

2. സ്കൂളിലെ കുട്ടികൾക്കുള്ള സൗകര്യങ്ങൾ

സ്കൂളിലെ വിദ്യാർത്ഥികൾക്ക് പഠനം, താമസം ഭക്ഷണം എന്നിവ തികച്ചും സൗജന്യമായി നൽകുന്നു. കൂടാതെ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം, നൈറ്റ് ഡ്രസ്സ്, സ്റ്റേഷനറി സാധനങ്ങൾ, ബുക്കുകൾ, സോപ്പ്, എണ്ണ എന്നിവയും സൗജന്യമായി നൽകിവരുന്നു. വിദ്യാർത്ഥികളുടെ പഠനം, ശുചിത്വം, ആരോഗ്യം തുടങ്ങി എല്ലാകാര്യങ്ങളും ശ്രദ്ധിക്കുന്നതിനായി ഗ്രൂപ്പുകളാക്കി തിരിച്ച് ഓരോ ഗ്രൂപ്പിന്റെയും ചുമതല ഓരോ അദ്ധ്യാപകർക്കും, അനദ്ധ്യാപക ജീവനക്കാർക്കും നൽകിയിട്ടുണ്ട്.

3. സ്കൂളിൽ മെച്ചപ്പെടുത്തേണ്ട സൗകര്യങ്ങൾ

3.1 ഈ സ്ഥാപനത്തിലെ ഏറ്റവും വലിയ അപര്യാപ്തത സ്ഥലപരിമിതിയാണ്. നിലവിൽ 3.69 ഏക്കര് സ്ഥലത്താണ് സ്കൂൾ, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ, മെസ്സ് എന്നിവ നിലനിൽക്കുന്നത്. കൂടാതെ ഈ സ്ഥലങ്ങളിൽ തന്നെയാണ് ഹയർസെക്കൻഡറി ബിൽഡിംഗ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, എന്നിവയുടെ പണി നടക്കുന്നത്. കലാകായിക മത്സരങ്ങളിൽ ഈ സ്കൂളിലെ വിദ്യാർത്ഥികൾ ഉന്നത നിലവാരം പുലർത്തുന്നുണ്ടെങ്കിലും പരിശീലനം നടത്തുന്നതിന് നല്ല ഒരു കളിസ്ഥലം ഇല്ലാത്തത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്.

3.2 ഗേൾസ് ഹോസ്റ്റലിൽ ഉൾക്കൊള്ളാവുന്ന നിലയിലും കൂടുതൽ വിദ്യാർത്ഥിനികളാണ് താമസിക്കുന്നത്. ഒരു അന്തേവാസിക്ക് ഒരു കട്ടിൽ എന്ന രീതിയിൽ അനുവദിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് തന്നെ അന്തേവാസികൾക്കിടയിൽ അസുഖങ്ങൾ പടർന്നുപിടിക്കുന്നതിന് ഇത് കാരണമാകുന്നു. കൂടാതെ അന്തേവാസികൾക്ക് അനുപാതികമായി കട്ടിൽ ടോയ്ലറ്റുകൾ, ബാത്റൂമുകൾ, പഠനസൗകര്യങ്ങൾ എന്നിവ നല്കുന്നതിന് സ്ഥല പരിമിതി മൂലം നിർവ്വാഹമില്ലാത്ത സാഹചര്യത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

3.3 കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി താഴ്ന്ന ക്ലാസ്സുകളിൽ തന്നെ അതിനുള്ള ശ്രമം തുടങ്ങണം. 1-ാം ക്ലാസ്സുമുതൽ തന്നെ അക്ഷരബോധനം ഉറപ്പുവരുത്തണം. അക്ഷരങ്ങളും, ചിഹ്നങ്ങളും ഉറച്ചതിനുശേഷം മാത്രം പാഠഭാഗങ്ങൾ പഠിപ്പിക്കാൻ ശ്രദ്ധിക്കണം. പാഠഭാഗങ്ങളെ കുട്ടികളുടെ അനുഭവതലങ്ങളുമായും പരിചയമേഖലകളുമായും ബന്ധപ്പെടുത്തുമ്പോൾ അവർക്ക് പഠന താൽപര്യം വർദ്ധിക്കുന്നു. ഇതിനാവശ്യമായ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്

വിദ്യാർത്ഥികൾക്ക് വളരെയധികം പ്രയോജന പ്രദമായിരിക്കും. ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു റിസോഴ്സ് ടീച്ചറെ ആവശ്യമുണ്ട്.

- ജില്ലയിലെ പട്ടികവർഗ്ഗ സാക്ഷരത വിശേഷിച്ചും സ്ത്രീ സാക്ഷരത ഉയർത്തുന്നതിന് ഫലപ്രദമായ ഇടപെടലുകൾ അനിവാര്യമാണ്.
- തുടർ സാക്ഷരതാ പരിപാടി എല്ലാ മേഖലയിലും നടത്തുന്നതോടൊപ്പം പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം ഉയർത്തുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്.
- അംഗൻവാടികൾ ഇല്ലാത്ത സങ്കേതങ്ങളിൽ അവിടെയുള്ള അഭ്യസ്ഥ വിദ്യരായ യുവതികളെ ഫെസിലിറ്റേറ്ററായി നിയോഗിച്ച് അമ്മമാരുടെയും മറ്റും കൂട്ടായ്മയിൽ 4-5 പ്രായത്തിലെ കുട്ടികൾക്ക് പ്രീ-പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനും അതാതതു സങ്കേതങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ കിൻറർ ഗാർഡനുകൾ ആരംഭിക്കണം. ഇവ മുഖേന 0-6 പ്രായത്തിലുള്ളവർ, കൌമാരക്കാർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 60 വയസ്സിനുമേൽ പ്രായമുള്ളവർ എന്നിവർക്ക് പൂരക പോഷകപദ്ധതി നടപ്പിലാക്കണം. ഈ പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പ്, ഗ്രാമപഞ്ചായത്ത് ഇവയുടെ സംയോജിത പ്രോജക്ടായി നടപ്പാക്കാവുന്നതാണ്.
- ജില്ലയിൽ 14 പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്നു. പ്രത്യേക ദുർബ്ബല പട്ടിക ഗോത്രവർഗ്ഗ് വിഭാഗഭങ്ങളിൽപ്പെട്ട 3 സമുദായം — കാടർ, കാട്ടുനായ്ക്കർ, കുറുംബർ എന്നീ വിഭാഗക്കാർ ജില്ലയിലുണ്ട്.
- താരതമ്യേന കുറഞ്ഞ ജനസംഖ്യയുള്ള മലസർ, മഹാമലസർ, ഇരവാളൻ, മലയൻ എന്നീ സമുദായങ്ങൾ സാക്ഷരതയിലും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കാവസ്ഥയിലാണ്. പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവരില്ല. പ്ലസ് ടൂ വിനു മുകളിൽ ഉന്നത വിദ്യാഭ്യാസം നേടിയവർ നാമമാത്രമാണ്.
- സ്കൂളിൽ പോകാത്ത കുട്ടികളെയും കൊഴിഞ്ഞുപോകുന്ന കുട്ടികളെയും സ്കൂളിൽ എത്തിക്കുന്നതിനാ പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, വനിതാ ശിശു വികസനം, ആരോഗ്യം, ഗ്രാമവികസനം എന്നീ വകുപ്പുകൾ പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തതോടെ നിരന്തര പ്രവർത്തനം സംഘടിപ്പിക്കണം.
- +2 പ്രവേശത്തിനുള്ള ഏകജാലക സംവിധാനം അനുസരിച്ച് എസ്.എസ്.എൽ.സി ജയിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് അവരവരുടെ വാസസ്ഥലത്തിന് അടുത്തുള്ള സ്കൂളിൽ പ്രവേശനം ലഭിക്കുന്നില്ല. പട്ടികവർഗ്ഗ മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എസ്.എസ്.എൽ.സി ജയിക്കുന്ന എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പൂർണ്ണമായും പ്രവേശനം നൽകാൻ ആകും വിധം അധിക സീറ്റുകൾ അനുവദിക്കുക.
- ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ സമുദായങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ അഭിവൃദ്ധിക്ക് സങ്കേതങ്ങളിൽ നിന്നും അതിരാവിലെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും സ്കൂൾ സമയം കഴിഞ്ഞ് വൈകുന്നേരം വീട്ടിലെത്തിക്കുന്നതിനും വാഹനം ഏർപ്പെടുത്തണം. സ്കൂളിലെത്തുന്ന കുട്ടികൾക്ക് 3 നേരത്തേ ഭക്ഷണവും ഇടവേളകളിൽ ലഘുഭക്ഷണവും നൽകുന്നതിന് സൌകര്യമൊരുക്കണം. പഠനത്തോടൊപ്പം കായിക പരിശീലനം, വിനോദം ഇവയ്ക്കും അവസരം നൽകി കുട്ടിയുടെ സർഗ്ഗശേഷി വികസിപ്പിച്ച് വിദ്യാഭ്യാസത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കണം.

പ്രാദേശിക സർക്കാരുകൾക്ക് പട്ടികവർഗ്ഗ വികസനം, വിദ്യാഭ്യാസം എന്നീ വകുപ്പുമായി ചേർന്ന് സംയുക്ത സംയോജിത പദ്ധതി ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കാൻ ആകണം.

- ജില്ലയിൽ നിലവിലുള്ള പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ലഭ്യമായ സൌകര്യങ്ങൾക്കുള്ളിൽ 58 ശതമാനം കുട്ടികൾ അധികമായി താമസിച്ച് പഠിക്കുന്നു. ഇതുകൂടി കണക്കിലെടുത്ത് 10 പ്രീ-മെട്രിക് ഹോസ്റ്റലുകൾ പുതുതായി ആരംഭിക്കണം.
- ഉന്നത വിദ്യാഭ്യാസ സൌകര്യം ലഭ്യമാക്കുന്നതിന് ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും പ്രത്യേകം, പ്രത്യേകം, പ്രത്യേകം ഓരോ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കണം. ടി ഹോസ്റ്റലുകൾ ആരംഭിക്കുന്നതുവരെ കുട്ടികൾക്ക് സ്വന്തം നിലയിൽ സ്ഥാപനത്തോട് ചേർന്ന് താമസ സൌകര്യം കണ്ടെത്തി ഭക്ഷണം തയ്യാറാക്കി പഠനം നടത്തുന്നതിന് നിലവിൽ നൽകി വരുന്ന ഉയർന്ന സ്റ്റൈപ്പൻറായ 3500/- രൂപ 5000/- രൂപയായി വർദ്ധിപ്പിക്കണം.
- പട്ടികവർഗ്ഗ മേഖലയിലെ സ്കൂളുകളിലെ അദ്ധ്യാപക തസ്തികൾ വിദ്യാഭ്യാസ വർഷാരംഭത്തിൽ തന്നെ നികത്തുകയും വിദ്യാഭ്യാസ വർഷം തീരുന്നതിനകം സ്ഥലം മാറ്റം നൽകാതിരിക്കുകയും ചെയ്യണം.
- പട്ടികവർഗ്ഗ മേഖലയിലെ അദ്ധ്യാപകർക്ക് പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി, ഭാഷ, സംസ്കാരം, വിദ്യാഭ്യാസ രംഗത്തെ നൂതന ആശയങ്ങൾ ഇവയിൽ മതിയായ പരിശീലനം നൽകി, പട്ടികവർഗ്ഗ കുട്ടികൾക്ക് ശരിയായ നിലയിൽ മാർഗ്ഗനിർദ്ദേശം നൽകണം.
- പട്ടികവർഗ്ഗ വികസനവകുപ്പിലെ മലമ്പുഴ ആശ്രമം സ്കൂൾ, സൈലൻറ് വാലി മോഡൽ റസിഡൻഷ്യൽ സ്കൂൾ ഇവിടങ്ങളിൽ കരിക്കുലർ, കോ- കരിക്കുലർ, എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റികൾ അനുയോജ്യമായി ആവിഷ്കരിച്ച് നടപ്പാക്കണം, ഭൌതിക സൌകര്യങ്ങൾ, സ്മാർട്ട് ക്ലാസ്സ് റൂം, ലാബോറട്ടറി, ലൈബ്രറി എന്നിവ നവീകരിച്ച് സ്കൂൾ പ്രവർത്തനം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തണം. എട്ടാം ക്ലാസ്സ് മുതൽ മാനവിക വിഷയങ്ങൾ, ശാസ്ത്ര – സാങ്കേതിക, പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്ന് ഉപരിപഠനം നടത്തുന്നതിന് പര്യാപ്തമാകും വിധം അധിക പഠനം, ഈ രംഗത്ത് മികവ് പുലർത്തുന്ന ഏജൻസികളുമായി നെഗോസിയേഷൻ നടത്തി, ക്രമീകരിക്കുന്നതിനുള്ള സമഗ്ര പ്രോജക്ടുകൾ ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പാക്കണം.

7.1.2.8 ആരോഗ്യം

ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യ പരിചരണത്തിനായി മാതൃശിശു പരിപാലന കേന്ദ്രം ആരംഭിക്കുകയും പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും പ്രസവത്തിന് ശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ഇക്കാലയളവിൽ ആവശ്യമായ പോഷകമൂല്യം ലഭ്യമാക്കുന്നതിന് ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ അടങ്ങിയ കിറ്റുകൾ പ്രതിമാസം 2000/- രൂപയിൽ കുറയാതെ വിതരണം ചെയ്യണം.

പട്ടിക 7.1.19

ഭിന്നശേഷി /നിത്യരോഗികളുടെ വിവരങ്ങൾ

ക്രമ നം	നിത്യരോഗികൾ	എണ്ണം
1	കാൻസർ	98
2	കുഷ്ഠം	23
3	ക്ഷയം	142
4	ഹൃദയസംബന്ധമായ രോഗം	575
5	സിക്കിൾസെൽ അനീമിയ	117
6	ആസ്തമ	212
7	ബി.പി	310
8	പ്രമേഹം	65
9	സന്ധിരോഗങ്ങൾ	585
10	ത്വക്ക് രോഗം	179
11	കണ്ണ് രോഗങ്ങൾ	237
12	മാനസിക രോഗങ്ങൾ	120
13	എപ്പിലെപ്സി	25
14	ന്യൂറോ സംബന്ധ രോഗം	8
15	അംഗപരിമിതർ	600
	ആകെ	3296

പട്ടിക 7.1.20

ജില്ലയിൽ ശിശു-മാതൃ മരണ നിരക്ക് ശരാശരി

വർഷം		ജില്ലയിൽ ആകെ	ജില്ലയിൽ ആകെ എസ്.ടി വിഭാഗം	ശരാശരി 1000-ൽ
2016-17	ശിശുമരണ നിരക്ക്	206	14	6
	മാതൃമരണ നിരക്ക്	17	0	49

(ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം)

പട്ടിക 7.1.21

ജില്ലയിൽ പട്ടികവർഗ്ഗക്കാർ ആശ്രയിക്കുന്ന ആരോഗ്യ കേന്ദ്രങ്ങൾ

ക്രമ നം.	ആശുപത്രിയുടെ പേര്	കിടക്കകളുടെ എണ്ണം	മുഴുവൻ സമയ സേവനം
1	സാമൂഹ്യ ആരോഗ്യ കേന്ദ്രം ആലത്തൂർ	150	ഉ
2	സാമൂഹ്യ ആരോഗ്യ കേന്ദ്രം ചിറ്റൂർ	108	ഉ
3	ജില്ലാ ആശുപത്രി പാലക്കാട്	794	ഉ

4	ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കോട്ടത്തറ	100	ഉ
5	താലൂക്ക് ആശുപത്രി മണ്ണാർക്കാട്	129	ഉ
6	സാമൂഹ്യ ആരോഗ്യ കേന്ദ്രം അഗളി	42	ഉ

(ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം)

പട്ടിക 7.1.22

ആരോഗ്യ പരിപാലന സംവിധാനം ഊരുകളിൽ

ക്രമനം.	ഗ്രാമപഞ്ചായത്ത്	ആരോഗ്യ സേവനത്തിന് പൊതുസംവിധാനം നിലവിലില്ലാത്ത ഊരുകൾ
1	പുതുശ്ശേരി	1
2	മുതലമട	1
3	നെല്ലിയാമ്പതി	1
4	പുതൂർ	5

(2017 വർഷം എസ്.ടി പ്രൊമോട്ടർമാർ മുഖേന ശേഖരിച്ചത്)

- ജില്ലയിലെ എല്ലാ പട്ടികവർഗ്ഗക്കാർക്കും വ്യക്തിഗതമായ രക്തഗ്രൂപ്പ്, അസുഖങ്ങൾ, നടത്തിയ ചികിത്സ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് വികസിച്ചെടുത്ത ബയോമെട്രിക് ഹെൽത്ത് കാർഡ് നൽകണം.
- ട്രൈബൽ ആശാവർക്കർമാർക്ക് ആരോഗ്യ കാര്യത്തിൽ പരിശീലനം നല്കി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിയോഗിക്കണം.
- പട്ടികവർഗ്ഗക്കാരായ രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്നതിനും ആരോഗ്യ സ്ഥാപനങ്ങളും അവിടങ്ങളിലെ സേവനങ്ങളുമായി ബന്ധപ്പെടുത്തുന്നതിനും കൂടുതൽ ഹെൽത്ത് പ്രൊമോട്ടർമാരെ നിയോഗിക്കണം.
- രോഗപ്രതിരോധം, ആരോഗ്യ ബോധവത്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജെ.പി.എച്ച്.എൻ/ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിക്കണം.
- ഭിന്നശേഷി, കിടപ്പുരോഗികളായുള്ളവർക്ക് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്രപരിരക്ഷ ഉറപ്പാക്കണം.
- ആധുനിക സൌകര്യങ്ങളുള്ള ആംബുലൻസ് ഉൾപ്പെടെയുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റുകളുടെ പ്രവർത്തനം സാദ്ധ്യമാക്കണം.
- തുടർച്ചയായുള്ളതും സൌഹാർദ്ധപരവമായ ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകൾ, ആരോഗ്യം എക്സൈസ് ജനമൈത്രി പോലീസ്, പട്ടികവർഗ്ഗ വികസന വകുപ്പ് സംയുക്തമായി നടത്തണം. ഡീ അഡീഷൻ സെൻററുകൾ ആവശ്യാനുസരണം ആരംഭിക്കണം.

- ജനിതക രോഗങ്ങൽ കണ്ടെത്തുന്നതിനും അതിന് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുന്നതിനും സംവിധാനം വേണം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് നൽകുന്നതിന് നിർദ്ദേശിക്കപ്പെട്ട ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ മുതലായവ അടങ്ങിയ പോഷകാഹാരകിറ്റ്, സിക്കിൾ സെൽ അനീമിയ രോഗികൾക്കും ലഭ്യമാക്കണം.
- എം.ഡി.ആർ.ടി.ബി കേസുകൾ കൈകാര്യം ചെയ്യുന്നതിന് ട്രൈബൽ ആശാവർക്കർമാർക്ക് പ്രത്യേക പരിശീലനം നൽകി നിയോഗിക്കണം. അത്തരം രോഗികൾക്കും ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, ഫലവർഗ്ഗങ്ങൾ അടങ്ങിയ പോഷകാഹാര കിറ്റ് നൽകണം.
- അട്ടപ്പാടിയിൽ 2 ഒ.പി ക്ലിനിക്കുകളും പറമ്പിക്കുളം കുരിയാർകുറ്റിയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു.
- മാറിയ ഭക്ഷണം ക്രമം, അനിയന്ത്രിതമായ ലഹരി വസ്തുക്കളുടെ ഉപയോഗം, അന്ധവിശ്വാസം, സാംസ്കാരിക സമ്മർദ്ദം എന്നി മൂലമണ്ടാകുന്ന മാനസിക അസ്വസ്ഥ്യം ബാധിച്ചവരുടെ എണ്ണം കൂടുന്നത്.

7.1.2.9 തൊഴിൽ ഉപജീവനം

ഒരു സമൂഹത്തിന്റെ പുരോഗതി ദാരിദ്ര്യത്തിൻറെ അളവുമായി ബന്ധപ്പെട്ടിരിക്കുന്നു. തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യപ്പെടും. ഉല്പാദനപരമായ കാർഷിക വൃത്തിയാണ് ഗോത്രസമൂഹത്തിന്റെ നട്ടെല്ല്. പലവിധ കാരണങ്ങളാൽ അതിൽ ക്ഷതം സംഭവിച്ചിരിക്കുന്നു. ആധുനിക സമൂഹത്തിന്റെ മറ്റ് തൊഴിൽ വൃത്തികളിലേക്ക് കടന്നുകയറാൻ കഴിഞ്ഞിട്ടുമില്ലായെന്നത് യാഥാർത്ഥ്യമാണ്.

പട്ടിക 7.1.23

ജില്ലയിൽ പ്രൈമറി തലം മുതൽ ബിരുദാനന്തര ബിരുദം വരെ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ പട്ടിക.

ക്രമനം.	യോഗ്യത	സ്ത്രീ	പുരുഷൻ	ആകെ
1	നിരക്ഷരർ	9954	7789	17743
2	നവസാക്ഷരർ	911	892	1803
3	പ്രൈമറി	4873	5612	10485
4	എസ്.എസ്.എൽ.സിക്ക് താഴെ	3394	6146	9540
5	എസ്.എസ്.എൽ.സി	1074	1296	2370
6	പ്രീഡിഗ്രി/പ്ലസ്ടു	792	871	1663
7	ബിരുദം	116	138	254
8	ബിരുദാനന്തര ബിരുദം	18	16	34
9	മറ്റുള്ളവ	18	21	39
ആകെ		**21150**	**22781**	**43931**

(2008ലെ പട്ടികവർഗ്ഗ സർവ്വേ)

പട്ടിക 7.1.24

ജില്ലയിൽ 15-59 പ്രായത്തിലുള്ള തൊഴിൽ രഹിതരുടെ വിദ്യാഭ്യാസ യോഗ്യതയടങ്ങുന്ന പട്ടിക

ക്രമനം.	യോഗ്യത	ജില്ലയിലാകെയുള്ള പട്ടികവർഗ്ഗ തൊഴിൽ രഹിതർ
1	നിരക്ഷരർ	2190
2	നവസാക്ഷരർ	186
3	പ്രൈമറി	909
4	എസ്.എസ്.എൽ.സിക്ക് താഴെ	1641
5	എസ്.എസ്.എൽ.സി	913
6	പ്രീഡിഗ്രി/പ്ലസ്ടു	1097
7	ബിരുദം	137
8	ബിരുദാനന്തര ബിരുദം	12
9	മറ്റുള്ളവ	23
	ആകെ	**7108**

(2008ലെ പട്ടികവർഗ്ഗ സർവ്വേ)

പട്ടിക 7.1.25

ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിൽ രഹിതർ

ക്രമനം.	യോഗ്യത	വിജയിച്ചവരുടെ എണ്ണം
1	എസ്.എസ്.എൽ.സിക്ക്	913
2	പ്ലസ്ടു	1097
3	ബിരുദം	137
4	ബിരുദാനന്തര ബിരുദം	12
5	തൊഴിലധിഷ്ഠിതം	112
6	ടെക്നിക്കൽ	146
7	എം.ഫിൽ, പി.എച്ച്.ഡി	0
	ആകെ	**2417**

പട്ടിക 7.1.26

തൊഴിലിന്റെ അടിസ്ഥാനത്തിൽ കുടുംബങ്ങളും വ്യക്തികളും

ക്രമ നം.	മുഖ്യ തൊഴിൽ	കുടുംബങ്ങളുടെ എണ്ണം (%)	വ്യക്തികൾ (%)
1	കൃഷി	7.86	5.55
2	വനവിഭവ ശേഖരണം	4.48	2.39
3	മൃഗപരിപാലനം	3.36	3.54

4	പരമ്പരാഗത ഉത്പന്നങ്ങളുടെ നിർമ്മാണം	0.3	0.36
5	ചെറുകിട കച്ചവടം	0.26	0.12
6	പച്ചമരുന്ന് ശേഖരണം	0.58	0.38
7	കർഷക തൊഴിലാളി	48.12	25.01
8	വനമേഖലയിലെ കൂലിപ്പണി	9.73	5.72
9	തൊഴിലുറപ്പ്	7.01	4.74
10	കാർഷികേതര തൊഴിലാളി	8.79	5.73
11	എസ്റ്റേറ്റ് തൊഴിലാളി	0.99	1.46
12	സർക്കാർ/അർദ്ധ സർക്കാർ	4.3	1.91
13	സ്വകാര്യ മേഖലയിൽ തൊഴിൽ സ്ഥിരം	0.38	0.44
14	വനമേഖലയിൽ സ്ഥിലം തൊഴിൽ	0.08	0.11
15	എസ്റ്റേറ്റ് മേഖലയിൽ സ്ഥിരം തൊഴിൽ	0.69	0.63
16	മറ്റുള്ളവ	0	0.35
17	സ്ഥിര വരുമാന മാർഗ്ഗമില്ല	3.07	41.56
	ആകെ	**100**	**100**

(2008ലെ പട്ടികവർഗ്ഗ സർവ്വേ)

- പരമ്പരാഗതമായ ഡ്രൈ ഫാമിംഗ് പ്രോത്സാഹിപ്പിക്കണം
- പരമ്പരാഗതമായ അറിവ് പ്രയോജനപ്പെടുത്തി സാധ്യമായിടത്തോളം ജൈവകൃഷി പ്രകൃതി സൌഹാർദ്ദമായി പ്രോത്സാഹിപ്പിക്കണം.
- ലഭ്യമായ മുഴുവൻ ഭൂമിയും, തരിശുഭൂമിയടക്കം, ആവശ്യമായ ജലസേചന സൌകര്യം, ഡ്രിപ് ഇറിഗേഷൻ ഉൾപ്പെടെ നടത്തി വാണിജ്യാടിസ്ഥാനത്തിൽ ധാന്യങ്ങളും, പച്ചക്കറിയും, പഴവർഗ്ഗങ്ങളും വ്യാപകമായി കൃഷി ചെയ്യണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, സംസ്ഥാന പട്ടികവർഗ്ഗ ഉപപദ്ധതി, കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം, കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷൻ ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ (എൻ.എം.എസ്.എ) പരമ്പരാഗത കൃഷി വികാസ് യോജന ഇവയുമായി സംയോജിപ്പിച്ച് പട്ടികവർഗ്ഗക്കാരുടെ ഭക്ഷ്യസുരക്ഷ, സാമ്പത്തിക നേട്ടം, കൃഷിവകുപ്പ്, ശാസ്ത്രീയമായി സമഗ്ര പദ്ധതി ആവിഷ്കരിക്കണം.
- അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, വട്ടലക്കി പട്ടികവർഗ്ഗ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഇവയുടെ ഫാമുകൾ, കോഫീ ബോർഡ്, സ്പൈസസ് ബോർഡ് ഇവയുടെ സാങ്കേതിക സഹായത്തോടെ ജൈവകൃഷി വ്യാപകമായി സർട്ടിഫിക്കേഷൻ നടത്തി നവീകരിക്കണം. കേന്ദ്ര സർക്കാരിന്റെ നാഷണൽ മിഷന് ഫോർ സസ്റ്റൈനബിൾ അഗ്രികൾച്ചർ (എൻ.എം.എസ്.എ)

പരമ്പരാഗത കൃഷി വികാസ് യോജനയുമായി യോജിപ്പിച്ച് ആധുനികവത്ക്കരണം, പരമാവധി സ്ഥലങ്ങളിൽ ഡ്രിപ് ഇറിഗേഷൻ ഇവയിലൂടെ ഉത്പാദനവും, ഉത്പാദനക്ഷമതയും

- അഭ്യാസ്തവിദ്യരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും മൾട്ടിലൈവൽ നൈപുണ്യ വികസന പരിശീലനം നടത്തി അനുയോജ്യമായ മേഖലകളിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും അതിലൂടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള പിന്തുണ സംവിധാനത്തോടുകൂടിയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചുടപ്പാക്കണം.
- കേന്ദ്ര സർക്കാരിൻറെ രാഷ്ട്രീയ ഗോകുൽ മിഷൻ, സംസ്ഥാന ക്ഷീരവികസനവകുപ്പ്, മിൽമ, പ്രാദേശിക പാൽ സഹകരണ സംഘങ്ങൾ ഇവയുടെ സഹകരണത്തോടുകൂടി കറവപശുവളർത്തൽ, മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കിടാരി വളർത്തൽ, ആടുവളർത്തൽ, കോഴി വളർത്തൽ, പട്ടികവർഗ്ഗ കുടുംബശ്രീ മുഖേന ഇറച്ചിക്കോഴി വളർത്തൽ സംരംഭങ്ങൾ/ താൽപ്പര്യമുള്ള സന്നദ്ധരായ യുവാക്കളെ ഏകോപിപ്പിച്ച് ഡയറി ഫാമുകൾ മതിയായ പിന്തുണ സംവിധാനത്തോടുകൂടി ആരംഭിക്കുന്നതിനുള്ള സംയോജിത പ്രോജക്ടുകൾ ഇവ ആരംഭിക്കണം. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാർക്ക് മൃഗപരിപാലനത്തിൽ മതിയായ പരിശീലനം നൽകി മിൽമ, ഡയറി, മൃഗസംരക്ഷണ വകുപ്പുകളുടെ സാങ്കേതിക പിന്തുണയ്ക്കു പുറമേയുള്ള പിന്തുണാ സംവിധാനം വികസിപ്പിക്കണം.
- തരിശായി കിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്തി വ്യവസായ വാണിജ്യ വുകപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് പരിശീലനം നൽകി അനുയോജ്യമായ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ച് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

7.1.2.10 അടിസ്ഥാന സൌകര്യങ്ങൾ

പട്ടിക 7.1.27

വീടുകളുടെ അവസ്ഥ

ഭവന രഹിതർ	സ്വന്തം വീടുകൾ	ബന്ധുക്കളുടെ കൂടെ താമസം	വാടക വീട്	വീടുകളോട് ചേർന്ന് ചാർച്ച് /ചായ്പ്പ്	മറ്റു ക്രമീകരണം	സ്വന്തമായ വീട്ടിൽ അടുക്കള ഇല്ലാത്തത്	സ്വന്തമായ വീട്ടിൽ മുഴുവൻ അംഗങ്ങൾക്കും താമസസൌകര്യം ഇല്ലാത്തത്	അറ്റകുറ്റപ്പണി നടത്തി ഉപയോഗിക്കാവുന്ന വീടുകൾ	പുതുക്കിപണിയേണ്ട വീടുകൾ	ഉചിത സൌകര്യം ഇല്ലാത്ത വീടുകൾ	വൈദ്യുതീകരിച്ച ഊരുകളിൽ വൈദ്യുതീകരിക്കാത്ത വീടുകൾ	വൈദ്യുതീകരിക്കാത്ത ഊരുകളിലെ വൈദ്യുതീകരിക്കാത്ത വീടുകൾ	ചിതറിക്കിടക്കുന്ന സ്ഥലങ്ങളിലെ വൈദ്യുതീകരിക്കാത്ത വീടുകൾ	ആകെ വൈദ്യുതീകരിക്കാത്ത വീടുകൾ
2216	11007	783	225	606	602	5245	7582	3898	3356	9096	5552	3206	120	8878

(ഐ.റ്റി.ഡി.പി /ടി.ഡി.ഒ സർവ്വേ 2017)

പൂർത്തീകരിക്കാത്ത വീടുകൾ - 4347

അറ്റകുറ്റപണി നടത്തി ഉപയോഗിക്കാവുന്ന വീടുകൾ	-	3898
പുതുക്കി പണിയേണ്ട വീടുകൾ	-	3356
സ്വന്തമായ വീടുകളിൽ അടുക്കള സൌകര്യം ഇല്ലാത്ത വീടുകൾ	-	5245
വീടിലെ മുഴുവൻ അംഗങ്ങൾക്കും താമസസൌകര്യം ഇല്ലാത്ത വീടുകൾ	-	7582
ശുചിത സൌകര്യം ഇല്ലാത്ത വീടുകൾ	-	9096
വൈദ്യുതീകരിച്ച ഊരുകളിലെ വൈദ്യുദീകരിക്കാത്ത വീടുകൾ	-	5552
വൈദ്യുദീകരിക്കാത്ത ഊരുകളിലെ വൈദ്യുദീകരിക്കാത്ത വീടുകൾ	-	3206
ചിതറിക്കിടക്കുന്ന സ്ഥലങ്ങളിലെ വൈദ്യുദീകരിക്കാത്ത ഊരുകൾ	-	120
ആകെ വൈദ്യുദീകരിക്കാത്ത വീടുകൾ	-	8878

പട്ടിക 7.1.30
ഭൂമിയും വീടും

ബ്ലോക്ക് പഞ്ചായത്ത്	പൂർത്തീകരിക്കാത്ത വീടുകൾ (നിർത്തിയത്)	ഭൂരഹിത കുടുംബങ്ങൾ	ഭവന രഹിത കുടുംബങ്ങൾ
പാലക്കാട്	0	1	0
മലമ്പുഴ	164	101	94
ശ്രീകൃഷ്ണപുരം	11	3	4
കൊല്ലങ്കോട്	218	331	105
നെന്മാറ	35	205	26
ചിറ്റൂർ	327	540	0
ആലത്തൂർ	46	78	0
മണ്ണാർക്കാട്	171	96	32
അട്ടപ്പാടി	3375	78	238
ആകെ	**4347**	**1433**	**499**

പട്ടിക 7.1.31
മറ്റ് അടിസ്ഥാന സൗകര്യ വികസനം

ബ്ലോക്ക് പഞ്ചായത്ത്	റോഡ് സൗകര്യമില്ലാത്ത ഊരുകൾ	ഒറ്റപ്പെട്ട ഊരുകൾ	വൈദ്യുതി എത്താത്ത ഊരുകൾ	വൈദ്യുതി ലഭിക്കാത്ത വീടുകൾ	കക്കൂസില്ലാത്ത വീടുകൾ
മലമ്പുഴ	8	4	2	70	75
ശ്രീകൃഷ്ണപുരം	0	1	0	3	1
കൊല്ലങ്കോട്	3	1	5	217	287
നെന്മാറ	2	0	2	64	0
ചിറ്റൂർ	2	0	0	70	125

ആലത്തൂർ	1	0	0	6	42
മണ്ണാർക്കാട്	7	1	1	50	68
അട്ടപ്പാടി	5	-	14	240	0
ആകെ	**28**	**7**	**24**	**670**	**598**

(ഐ.ടി.ഡി.പി/ടി.ഡി.ഒ 2017 ലെ സർവ്വേ)

പട്ടിക 7.1.32

ഊരുകളിലെ കുടിവെള്ള സ്രോതസ്സ്

ക്രമ നം.	ഗ്രാമപഞ്ചായത്ത്	ആവശ്യത്തിന് ജലം ലഭിക്കുന്നത്	ലഭിക്കാത്തത്	പുനരുദ്ധാരണം നടത്തി ജല ലഭ്യത ഉറപ്പാക്കാവുന്നത്
1	കിഴക്കഞ്ചേരി	7	1	1
2	നല്ലേപ്പിള്ളി	5	0	1
3	വടകരപ്പതി	22	0	1
4	പെരുമാട്ടി	29	0	8
5	എരുത്തേമ്പതി	14	0	0
6	കൊഴിഞ്ഞാമ്പാറ	17	0	3
7	മലമ്പുഴ	3	10	4
8	പുതുശ്ശേരി	5	5	2
9	അകത്തേത്തറ	3	1	1
10	പുതുപ്പരിയാരം	1	0	2
11	മരുതറോഡ്	1	0	0
12	എലപ്പുള്ളി	1	0	0
13	മു ാർ	1	0	0
14	പെരുവെമ്പ്	1	0	0
15	പറളി	0	1	0
16	കാഞ്ഞിരപ്പുഴ	4	0	3
17	കരിമ്പ	2	1	2
18	തച്ചമ്പാറ	1	0	2
19	തെങ്കര	2	2	3
20	മണ്ണാർക്കാട് മുനിസിപ്പാലിറ്റി	1	0	0
21	കുമരംപുത്തൂർ	2	0	1

22	അലനല്ലൂർ	1	0	1
23	കോട്ടോപ്പാടം	2	4	4
24	കടമ്പഴിപ്പുറം	1	0	0
25	കരിമ്പുഴ	0	1	0
27	മുതലമട	41	7	0
28	പട്ടഞ്ചേരി	6	0	0
29	കൊല്ലങ്കോട്	2	0	0
30	അയിലൂർ	7	1	0
31	വ ാഴി	10	0	0
32	നെന്മാറ	4	0	0
33	എലവഞ്ചേരി	1	1	0
34	നെല്ലിയാമ്പതി	21	1	0
35	അഗളി	73	0	0
36	പുതൂർ	67	0	0
37	ഷോളയൂർ	52	0	0
	ആകെ	**410**	**37**	**39**

(ഐ.ടി.ഡി.പി/ടി.ഡി.ഒ 2017 ലെ സർവ്വേ)

7.1.2.11 കുടിവെള്ളം - വിശകലനം

- ✓ കാലാവസ്ഥാ വ്യതിയാനം
- ✓ സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്
- ✓ നിലവിലുള്ള കുടിവെള്ള സംവിധാനം സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വകുറവ്
- ✓ വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ
- ✓ വനാന്തര വൈപുല്യം
- ✓ ജലസ്രോതസ്സുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാത്തത്
- ✓ കിണർ റീചാർജ്ജിംഗിൻറെ അഭാവം
- ✓ കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥതാ തർക്കങ്ങൾ
- ✓ വെള്ളത്തിൻറെ ലഭ്യതകുറവ്
- ✓ വന്യമൃഗങ്ങളുടെ ശല്യം

7.1.2.12 നിർദ്ദേശങ്ങൾ

- അംഗബലം അനുസരിച്ച് സ്ഥല സൌകര്യങ്ങളോടുകൂടി അടുക്കള, ശുചിത്വ സൌകര്യം, ഗാർഹിക വൈദ്യുത കണക്ഷൻ , കുടിവെള്ള കണക്ഷൻ, ഗ്യാസ് സ്റ്റൌ ഉപയോഗിക്കുന്നതിനും,

വീട്ടുപകരണങ്ങൾ സൂക്ഷിക്കുന്നതിനുമുള്ള കപ്പ് ബോർഡ്, പഠന മുറി എന്നീ സൌകര്യങ്ങളോടുകൂടി ഒരു യൂണിറ്റ് ആയി ഭവന നിർമാണ ധനസഹായം അനുവദിക്കണം.

- നിലവിലുള്ള ഒറ്റ മുറി വീടുകളിൽ അംഗബലം അനുസരിച്ച് അധിക സൌകര്യം, പഠന മുറി, അടുക്കള എന്നിവ ഏർപ്പെടുത്തണം
- ജീർണ്ണാവസ്ഥയിലുള്ള 3356 വീടുകൾക്ക് പകരം വീട് അനുവദിക്കണം
- അറ്റകുറ്റപണി നടത്തി ഉപയോഗിക്കേണ്ട 3898 വീടുകൾ ഉടൻ നന്നാക്കണം
- എല്ലാ വീടുകളിലും ശുചിത്വ സൗകര്യം , വൈദ്യുതി കണക്ഷൻ, കുടിവെള്ള സൗകര്യം ഇവ ഏര്പ്പെടുത്തണം.
- പട്ടിക വർഗ്ഗ യുവതീ യുവാക്കൾക്ക് കൽപണി, ആശാരി പണി, വയറിംഗ്, പ്ലംബിംഗ് , ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി ഇവയിൽ പരിശീലനം നൽകി ഊരുകൂട്ടങ്ങൾക്ക് സംഘടനാ രൂപം നൽകി ഊരുവികസന സമിതിയായി സംഘടിപ്പിച്ച് അവ മുഖേന ലേബർ ബാങ്ക് ക്രമീകരിച്ച് വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് തക്ക സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കണം.
- എല്ലാ പട്ടികവര്ഗ്ഗ ഊരുകളും വൈദ്യുതീകരിക്കുകയും, വാസയോഗ്യമായ വീടുകളിൽ കുടിവെള്ള സൌകര്യം ഏര്പ്പെടുത്തുകയും വേണം. കുടിവെള്ള വിതരണത്തിന്റെ ഓപ്പറേറ്റിംഗ് ആന്റ് മെയിൻറനൻസ് ചാർജ്ജ് ഗ്രാമപഞ്ചായത്തുകള് വഹിക്കണം.
- അട്ടപ്പാടിയിൽ എല്ലാ ഊരുകളിലും പാനയോഗ്യമായ കുടിവെള്ള ലഭ്യത ഉറപ്പാക്കണം
- പ്രകൃതിദത്ത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ച് ഉപയോഗപ്രദമാക്കുന്നതിന് പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ വനം വകുപ്പ്, ജല അതോറിറ്റി ഇവയുടെ സഹകരണത്തോടെ പദ്ധതി ആവിഷ്കരിക്കണം
- അട്ടപ്പാടിയിൽ പുഴകളുടെ ഇരുവശങ്ങളിലും നടക്കുന്ന കൃഷിയ്ക്ക് ക്രമാതീതമായ രാസവള പ്രയോഗവും അമിതമായ ജലചൂഷണവും അവസാനിപ്പിക്കണം. നദീജലം വല്ലാതെ മലിനപ്പെടുന്നതും, ജലസ്രോതസ്സുകളുടെ നശീകരണം തടയുന്നതിനും കഴിയണം.
- പട്ടികവർഗ്ഗ ഊരുകളുടെ വൈദ്യുതീകരണത്തിന് സൌരോർജ്ജം, വിൻറ്മിൽ തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കണം.
- 2006 ലെ വനാവകാശ നിയമമനുസരിച്ച് പട്ടികവർഗ്ഗക്കാർ കൈവശം വച്ചനുഭവിക്കുന്ന ഭൂമി കൈവശാവകാശരേഖ പൂർണ്ണമായി നൽകണം. ടി ഭൂമി ആദായകരമായി കൃഷി ചെയ്യുന്നതിന് പ്രാദേശികാടിസ്ഥാനത്തിൽ സമഗ്ര പദ്ധതികൾ തയ്യാറാക്കണം.
- പട്ടികവർഗ്ഗക്കാരുടെ കൈവശമുള്ള മറ്റ് ഭൂമികൾക്ക് പട്ടയം നൽകണം
- അട്ടപ്പാടിയിൽ സർവ്വേ നടത്തി പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി അതിരുതിരിച്ച് അളവു രേഖപ്പെടുത്തി സർവ്വേ റിക്കാർഡുകൾ നൽകണം.

- ഊരിൽ ഒന്നായി കിടക്കുന്ന / മൂപ്പന്റെ അധീനതയിലുള്ള ഭൂമി അളന്ന് അതിരുകൾ തിരിച്ച് അർഹരായ എല്ലാവർക്കും വീതിച്ചുനൽകി ഭൂരേഖകൾ കൈമാറുകയും നികുതി ഒടുക്കുവാൻ അവസരം നൽകുകയും വേണം.
- ദുർഘട പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളിൽ യാത്രാ സൌകര്യം വർദ്ധിപ്പിക്കുന്നതിന് കിഫ്ബ് പ്രകാരം റോഡുകളും പാലങ്ങളും നിർമ്മിക്കണം.

7.1.2.13 വനവുമായുള്ള പാരസ്പര്യം

- വനാവകാശ നിയമ പ്രകാരം ലഭിച്ച ഭൂമി പ്രാദേശിക സർക്കാരുകളുടെയും പട്ടിക വർഗ്ഗവികസനം, വനം വകുപ്പുകളുടെ സംയോജിത പ്രവർത്തനങ്ങളിലൂടെ കൃഷി ചെയ്ത് വരുമാന വർദ്ധനവിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കണം.
- വനാവകാശ നിയമ പ്രകാരമുള്ള സാമൂഹ്യ വനവിഭവ മാനേജ്മെൻറ് വനാവകാശ നിയമ പ്രകാരമുള്ള സാമൂഹ്യ വനവിഭവ മാനേജ്മെൻറ് അവകാശം അർഹമായ വനാവകാശ സമിതികൾക്ക് നൽകി. സാമൂഹ്യ വനവിഭവ അവകാശ മാനേജ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ച് വനസംരക്ഷണത്തിനും, ജൈവപരിപാലനത്തിനും, വനവിഭവശേഖരണത്തിനും, വനവിഭവങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങലാക്കി വിപണനം നടത്തുന്നതിനും വനമേഖലയിലെ ഡാമുകൾ, പുഴകൾ എന്നിവിടങ്ങളിൽ നിന്നുള്ള മത്സ്യബന്ധനത്തിനും അവയുടെ വിപണനത്തിനും പ്രാദേസിക സർക്കാരുകളുടെ മേൽനോട്ടത്തിൽ പട്ടികവർഗ്ഗവികസനം, വനം, വ്യവസായ വാണിജ്യം, ഖാദി ഗ്രാമവ്യവസായം എന്നീ വകുപ്പുകളുടെ / ഏജൻസികളുടെ സമഗ്ര സംയുക്ത പ്രോജക്ടുകൾ ആവിഷ്കരിക്കണം.

7.1.2.14 സാമൂഹ്യ സുരക്ഷയും ലിംഗ പദവിയും

7.1.2.14.1 സാമൂഹ്യ സുരക്ഷിതത്വത്തിൻറെയും ക്ഷേമത്തിന്റെയും നിലവാരത്തെ ആശ്രയിച്ചാണ് ഒരു ജനതയുടെ വികസന നിലവാരം അളക്കുന്നത്. ഗോത്ര വിഭാഗത്തിൽ വയോജനങ്ങൾ, വനിതകൾ, കുട്ടികൾ, ഭിന്നശേഷിയുള്ളവർ എന്നിവരുടെ ക്ഷേമത്തിന് പ്രത്യേക ഊന്നൽ ആവശ്യമാണ്.

60 വയസ്സിനുമേല് പ്രായമുള്ളവർ	-	5898
അവിവാഹിതരായ അമ്മമാർ	-	129
അംഗപരിമിതർ	-	600
സിക്കിൾസെൽ അനീമിയ രോഗബാധിതർ	-	117
വിധവകൾ	-	860

- 60 വയസ്സിനുമേല് പ്രായമുള്ളവർ, അംഗപരിമിതർ, വിധവകൾ തുടങ്ങി സാമൂഹ്യ സുരക്ഷാ പെൻഷൻ അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും പെൻഷൻ ലഭിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.
- പട്ടികവർഗ്ഗക്കാർക്ക് അർഹതയുള്ള എല്ലാ അവകാശ രേഖകളും – റേഷൻ കാർഡ്, വോട്ടർ ഐഡൻറിറ്റി കാർഡ്, ആധാർ കാർഡ്, ബി.പി.എൽ റേഷൻ കാർഡിന് അർഹരായവർക്ക് അത്തരം മുൻഗണനാ കാർഡ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

- പട്ടികവർഗ്ഗ മേഖലയിലെ കുടുംബശ്രീ യൂണിറ്റുകൾ ശാക്തീകരിച്ച് വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും അവയുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും ഗ്രാമപഞ്ചായത്തുകൾ ശ്രദ്ധചെലുത്തണം.

7.1.2.15 **കല, സംസ്കാരം, യുവജനക്ഷേമം**

നിർദ്ദേശങ്ങൾ

- നാടൻ കലാരൂപങ്ങലായ ഇരുള നൃത്തം, മലയക്കുമ്മി, കോലാട്ടം, കുമ്മിപ്പാട്ട് എന്നിവ പുതുതലമുറയ്ക്ക് പകർന്നുനൽകുന്നതിനും, ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങൾ, സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികൾ എന്നിവയിൽ ഇവ അവതരിപ്പിക്കുന്നതിന് അവസരം നൽകണം. കലാസമിതികൾക്ക് ധനസഹായം നൽകണം. കൂടുതൽ കലാസമിതികൾ ആരംഭിക്കുന്നതിന് പ്രവർത്തനം നടത്തണം. പരമ്പരാഗത കലാകാരന്മാരെ പട്ടികവർഗ്ഗ മേഖലയിലെ സ്കൂൾ തലത്തിൽ ക്ഷണിച്ച് അവരുടെ അറിവ് പുതുതലമുറക്ക് പകർന്നു നൽകുന്നതിന് അവസരമൊരുക്കണം.
- പട്ടികവർഗ്ഗക്കാരിലെ കായിക പ്രതിഭകളെ കണ്ടെത്തി സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (എസ്.എ.ഐ) ജില്ലാ സ്പോർട്സ് കൌൺസിൽ, ജി.വി.രാജ സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അവസരം ഒരുക്കണം.
- പട്ടികവർഗ്ഗത്തിലെ കലാ അഭിരുചിയുള്ളവർക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗത്തിലെ കലാ അഭിരുചിയുള്ളവർക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം.
- പട്ടികവർഗ്ഗ കുട്ടികളുടെ കലാ കായിക ശേഷി വികസിപ്പിക്കുന്നതിന് പ്രധാനപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ പൊതു സൌകര്യങ്ങൾ വികസിപ്പിക്കണം.
- പട്ടികവർഗ്ഗ യുവതി യുവാക്കളെ സംഘടിപ്പിച്ച് യൂത്ത് ക്ലബ്ബുകൾ രൂപീകരിച്ച് അവയുടെ പ്രവർത്തനം ചടുലമാക്കണം. അവയുടെ ആഭിമുഖ്യത്തിൽ ഇന്റർനെറ്റ് സൌകര്യത്തോടെയുള്ള ലൈബ്രറി, ആനുകാലികങ്ങൾ ലഭ്യമാക്കി റീഡിംഗ് റൂം, സ്കൂൾ വിദ്യാർത്ഥികൾക്കായി ട്യൂഷൻ സൌകര്യം ഇവ ഏർപ്പെടുത്താവുന്നതാണ്.
- സാമൂഹ്യ പഠന കേന്ദ്രങ്ങൾ ഗ്രന്ഥശാലകളായും കലാകായിക സമിതികളായും പ്രവർത്തിക്കാൻ പദ്ധതിയൊരുക്കണം.
- സംരക്ഷിത നിയമങ്ങളുടെ നടത്തിപ്പ്, നിയമ സഹായം, വനാവകാശ കമ്മിറ്റികൾ, ഊരുക്കൂട്ടങ്ങൾ ഇവയുടെ വിലയിരുത്തലും പ്രവർത്തന സഹായവും നൽകാൻ ഇത്തരം സാംസ്കാരിക സംഘങ്ങളെ പ്രാപ്തരാക്കുക
- പാലക്കാട് ജില്ലയിൽ എസ്.ടി വിഭാഗക്കാർക്കായി ഒരു സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കണം.

7.1.2.16 അവികസിത മേഖലകൾ

ഭൂമിശാസ്ത്രപരമായ അവസ്ഥമൂലം സാമൂഹ്യപരമായി ഒറ്റപ്പെട്ട് നിൽക്കുന്ന അവികസിത മേഖലകൾ ജില്ലയിൽ ഉണ്ട്. പ്രത്യേക പരിരക്ഷയും പദ്ധതികളും കൊണ്ട് മാത്രമേ അവരെ മുന്നിലേക്ക് ചലിപ്പിക്കാൻ കഴിയുകയുള്ളൂ. പിന്നോക്കാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ സങ്കേതങ്ങൾ വികസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതിയും പരിരക്ഷയും ആവശ്യമാണ്.

7.1.2.17 നിർദ്ദേശങ്ങൾ

- അംഗൺവാടികൾ ഇല്ലാത്ത കോളനികളിൽ മാതൃകാ കിന്റർ ഗാർട്ടനുകൾ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സ്ഥാപിക്കുക.(തെങ്കര, എർത്ത് ഡാം എന്നീ കോളനികളിൽ മുമ്പ് കിന്റർ ഗാർട്ടൻ പ്രവർത്തിച്ചിരുന്നു.നിലവിൽ ഇല്ല.) പട്ടികവർഗ്ഗ കോളനികളിലുള്ള അംഗൻവാടികളെ മാതൃകാ അംഗൻവാടികളാക്കിമാറ്റുക.
- പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ യുണിസെഫ് നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ആവശ്യമാണ്.
- ചിറ്റൂർ താലൂക്കിൽ മലസർ, എരവാളർ വിഭാഗക്കാർക്ക് എം.ആർ.എസ് ആവശ്യമാണ്.
- നെല്ലിയാമ്പതി ഗ്രാമ പഞ്ചായത്തിൽ എം.ആർ.എസ് തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമാക്കുക.
- കൂടുതൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ കേന്ദ്രീകരിച്ച് ഹോസ്റ്റലുകൾ ആരംഭിക്കുക.
- ട്രൈബൽ സ്കൂളുകളും പട്ടികവർഗ്ഗക്കാർ കൂടുതലായി പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗോത്ര സൌഹൃദമാക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക. അദ്ധ്യാപകർക്കും ജീവനക്കാർക്കും കൃത്യമായ ഇടവേളകളിൽ പരിശീലനം നൽകുക.
- ഗോത്രകുടുംബങ്ങളിൽ സാക്ഷരതാ യജ്ഞം പുനരാരംഭിക്കുക. വിദ്യാഭ്യാസ അവബോധം രക്ഷിതാക്കളിലും മുതിർന്നവരിലും സൃഷ്ടിക്കുന്ന തരത്തിലുള്ള സാക്ഷരതാ പരിപാടികൾ ആവിഷ്കരിക്കുക.
- പൂട്ടിപോകുന്ന ട്രൈബൽ സ്കൂളുകൾ അനുയോജ്യ മേഖലകളിലേക്ക് പുന ക്രമീകരിക്കുക.
- സാമൂഹ്യ പഠന കേന്ദ്രങ്ങൾ (ട്യൂഷൻ, പൊതുവായനാ ഗ്രന്ഥശാല, നെറ്റ് കണക്ടിവിറ്റി, കമ്പ്യൂട്ടർ,ഫെസിലിറ്റേറ്റർ സംവിധാനങ്ങളോടുകൂടിയ ദുർഘടവും ജനസംഖ്യ ഏറിയതുമായ എല്ലാ ഊരുകളിലും ആരംഭിക്കുക (2017 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് 23 പദ്ധതി ആരംഭിച്ചിട്ടുണ്ട്.
- കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി മികച്ച വിധത്തിലുള്ള ഇടപെടൽ പദ്ധതികൾ ആരംഭിക്കുക. കൊഴിഞ്ഞുപോകുന്ന പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിവരങ്ങൾ ശേഖരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിനെ ഏൽപ്പിച്ച് മൊബൈൽ ആപ്പ് വിവരങ്ങൾ ഡിജിറ്റലാക്കി തയ്യാറാക്കേണ്ടതാണ്. ആയതിനുള്ള ഫണ്ട് വകുപ്പ് വഹിക്കേണ്ടതാണ്.
- പട്ടികവർഗ്ഗക്കാർ ഉപയോഗിക്കുന്ന പി.എച്ച്.സി കൾ സി.എച്ച്.സി കളായി ഉയർത്തുകയോ പ്രസവ വിഭാഗമുൾപ്പെടെ കിടത്തി ചികിൽസാ സൌകര്യങ്ങൾ ആരംഭിക്കുക.
- പട്ടികവർഗ്ഗക്കാർ കൂടുതലായി ആശ്രയിക്കുന്ന മുഴുവൻ സി.എച്ച്.സി കളിലും പി.എച്ച്.സികളിലും ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുക

- ട്രൈബൽ ആശാ വർക്കർമാർ എന്ന ആശയത്തിൽ ആരോഗ്യ വകുപ്പ് തന്നെ മേഖലക്ക് വേണ്ടി ടി വിഭാഗത്തിൽ നിന്നുള്ളവരെ പരിശീലനം കൊടുത്ത് നിയമിക്കണം
- ഭിന്നശേഷി/നിത്യരോഗി(കിടപ്പ്) യുള്ളവരെ സർവ്വേ ചെയ്ത് വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കി സമഗ്ര പരിരക്ഷ ഉറപ്പാക്കാൻ പദ്ധതി രൂപീകരിക്കണം.
- പാരമ്പര്യ ചികിൽസാ അറിവുകൾ സംരക്ഷിക്കാനും പകരാനും പ്രത്യേക പദ്ധതി (ഗവേഷണ ചികിൽസാ വിഭാഗമുൾപ്പെടെ) നടപ്പിലാക്കണം.
- വനാവന്തര ഊരുകളിലെ കുട്ടികൾ പ്രത്യേക പോഷണ കിറ്റുകളുടെ ഭക്ഷ്യസഹായ പദ്ധതി.
- എം.ഡി.ആർ ടിബി കേസുകൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്
- ഒറ്റപ്പെട്ടതും ദുർഘടവുമായ ഊരുകളിൽ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യ പരിചരണത്തിനായി മാതൃശിശു പരിപാലന കേന്ദ്രം ആരംഭിക്കുക. പ്രസ്തുത കേന്ദ്രം വഴി ഗർഭധാരണം മുതൽ പ്രസവം വരെയുള്ള ശുശ്രൂഷയും, പ്രസവശേഷം അമ്മയ്ക്കും കുഞ്ഞിനും വേണ്ട പരിചരണവും ഉറപ്പാക്കാവുന്നതാണ്. ടി കേന്ദ്രത്തിൽ കോളനിയിൽ നിന്ന് തന്നെയുള്ള പരിശീലനം നേടിയ നേഴ്സിന്റെ സേവനം ലഭ്യമാക്കുക.
- ഒരു മാനസിക ആരോഗ്യ പരിപാലന കേന്ദ്രം ആരംഭിക്കുക. ടി കേന്ദ്രത്തിൽ കൌൺസിലിംഗ്, മാനസികരോഗ നിർണ്ണയം, ചികിൽസക്ക് വേണ്ട നിർദ്ദേശം, തുടർ പരിചരണം തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കുക. പ്രസ്തുത ആവശ്യങ്ങൾക്കായി സൈക്യാട്രിക് സോഷ്യൽ വർക്കറുടേയും സൈക്കോളജിസ്റ്റിന്റേയും സേവനങ്ങൾ ടി കേന്ദ്രത്തിൽ ലഭ്യമാക്കാവുന്നതാണ്. ഇത്തരമൊരു സ്ഥാപനം ഒന്നാം ഘട്ടം എന്ന നിലയിൽ മണ്ണാർക്കാട് കേന്ദ്രീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്.
- വയോജന പരിപാലനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കുക.
- സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക.
- ട്രൈബൽ മേഖല കേന്ദ്രീകരിച്ച് ഒരു ഡീ- അഡിഷൻ സെന്റർ ആരംഭിക്കുക.
- അംഗനവാടികൾ വഴി അർഹരായ എല്ലാ കുട്ടികൾക്കും പരിധികളില്ലാതെ പോഷകാഹാരം ഉറപ്പാക്കുക.
- പട്ടികവർഗ്ഗ ആരോഗ്യവുമായി ബന്ധപ്പെട്ട് പാലിയേറ്റീവ് മാതൃകയിൽ ഒരു ക്വിക്ക് റെസ്പോൺസ് ടിം രൂപീകരിക്കാവുന്നതാണ്.
- അഗതികൾ, പ്രത്യേക പരിചരണം ആവശ്യമുള്ളവർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന രോഗികളെ ആശുപത്രിയിൽ കൂട്ടിരുന്ന് പരിചരിക്കുന്നതിനായി പ്രത്യേകം പരിശീലനം നേടിയിട്ടുള്ളവരെ നിയോഗിക്കാവുന്നതാണ്.
- വീടുകളിലെ പ്രസവം ഒഴിവാക്കുന്നതിന് തിയതി അടുത്തിട്ടുള്ള ഗർഭിണികളെമുൻകൂട്ടി താമസിപ്പിക്കുന്നതിനായി ഗൃഹാന്തരീക്ഷത്തോടുകൂടിയ ഒരു സാറ്റലൈറ്റ് സെന്റർ ആരംഭിക്കാവുന്നതാണ്.

- മരണാനന്തര ചടങ്ങുകൾ നിർവ്വഹിക്കുന്നതിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കാവുന്നതാണ്.
- ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി അശരണർക്കും വൃദ്ധർക്കും ആഹാരം നൽകാവുന്നതാണ്.
- കൌമാരക്കാരായ പെൺകുട്ടികൾക്കെന്നപോലെ കൌമാരക്കാരായ ആൺകുട്ടികൾക്കും പോഷകാഹാര കിറ്റുകൽ അനുവദിക്കുന്നത് പരിഗണിക്കാവുന്നതാണ്.
- എല്ലാ കുടംബങ്ങൾക്കും ഹെൽത്ത് കാർഡ് അനുവദിക്കുക.
- പട്ടികവർഗ്ഗ സംസ്കാരം കൂടുതലായി ഉയർത്തിപ്പിടിക്കുന്ന പരിപാടികൾ കൂടുതലായി ഉയർന്ന യോഗ്യതയുള്ളവരിൽ നിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഒഴിവുകൾ യഥാസമയം നികത്തുന്നതിനുള്ള നടപടികൾ.
- വനോൽപ്പന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ആധുനിക മുള ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള പരിശീലനവും തൊഴിൽ സാധ്യതാ പദ്ധതികളും ആവിഷ്കരിക്കുക.
- ജില്ലയിലെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് കാർപ്പെന്ററി, കൽപ്പണി, ഗൃഹോപകരണങ്ങളുടെ അറ്റകുറ്റപ്പണി, പ്ലംബിംഗ്, വയറിംഗ് തുടങ്ങി താൽപര്യമുള്ള മേഖലകളിൽ നൈപുണ്യ വികസന പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന് അവസരം നൽകാവുന്നതാണ്.
- ജില്ലയിൽ താമസ സൌകര്യത്തോടുകൂടി സ്ഥിരം മത്സര പരീക്ഷ – തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക
- പുതിയ തൊഴിൽ മേഖലകൾ സംബന്ധിച്ച് യുവജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.
- പരമ്പരാഗത വനവിഭവശേഖരണ വിതരണ മേഖലയിൽ സംഘങ്ങൾ രൂപീകരിച്ച് നവീന സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി സംരംഭങ്ങൽ ആവിഷ്കരിക്കാവുന്നതാണ്.
- തൊഴിൽ രഹിതരായ യുവാക്കളുടെ കൂട്ടായ്മ രൂപീകരിക്കുന്നതും, സാംസ്കാരിക ഗ്രന്ഥശാലാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതും മനോഭാവത്തിൽ മാറ്റമുണ്ടാവാൻ സഹായകരമായിരിക്കും.
- ലേബർ ബാങ്കുകൾ ആരംഭിക്കുക.
- ''ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം'' പദ്ധതിയുടെ നിയമം ലഘൂകരിക്കുക, ജില്ലയിൽ ഓരോ ഗ്രാമ പഞ്ചായത്തിലും ലാന്റ് ബാങ്ക് തയ്യാറാക്കുക.
- വനാവകാശ നിയമപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ള കുടുംബങ്ങൾക്ക് അനുവദിച്ച സ്ഥലത്ത് മരങ്ങൾ ഇടതൂർന്ന് നിൽക്കുന്നതിനാൽ കൃഷി ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇത്തരം കുടുംബങ്ങൾക്ക് മരത്തിന്റ ചില്ലകൾ മുറിക്കുന്നതിനും ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ കൃഷിചെയ്യുന്നതിനുമുള്ള പ്രോജക്ടുകൾ കൃഷി വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്.
- അട്ടപ്പാടി പോലുള്ള മേഖലകളിൽ പാരമ്പര്യ കൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ.

- മലമ്പുഴ, മുതലമട ഗ്രാമ പഞ്ചായത്തുകളിൽ അട്ടപ്പാടിയിൽ ചെയ്യുന്ന മോഡൽ മില്ലറ്റ് വില്ലേജ് പദ്ധതി തയ്യാറാക്കുക.
- അട്ടപ്പാടി മേഖലയിൽ വ്യാപകമായി ചെക്ക് ഡാമുകൾ സ്ഥാപിക്കുക
- മലമ്പുഴ പട്ടിക വർഗ്ഗ സൊസൈറ്റി ശാക്തീകരണം – ആയതിന്റെ ഭാഗമായി പുതുശ്ശേരി പഞ്ചായത്ത് നടുപ്പതി കേന്ദ്രീകരിച്ചുകൊണ്ട് ഒരു കലക്ഷൻ സെന്റർ ആരംഭിക്കാവുന്നതാണ്.
- ഉല്പന്നങ്ങളുടെ വിപണനത്തിന് ഒരു സ്ഥിരം സംവിധാനം ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നടപ്പിലാക്കുക.
- കാർഷിക ഭൂമി വന്യമൃഗങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനുള്ള സമഗ്രവും പ്രയോജനകരവുമായ പദ്ധികൾ.
- ഭക്ഷ്യസഹായ പദ്ധതികൾ കാർഷിക ഉല്പാദന സഹായ പദ്ധികളായി പരിവർത്തനം ചെയ്യണം. പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി പരമാവധി പ്രയോജനപ്പെടുത്തി സുസ്ഥിര വികസനം ഉറപ്പാക്കുന്നതോടൊപ്പം തൊഴിൽ ശേഷി വളർത്തി ശരാശരി വരുമാനം ഉറപ്പുവരുത്തക്ക വിധം തൊഴിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.
- പാട്ടവും കൈയ്യേറ്റവും ഒഴിപ്പിക്കുന്നതിനുള്ള നിയമപരമായ നടപടികളും ബോധവൽക്കരണവും.
- ഗ്രീൻ ട്രൈബ്യൂണൽ ഫണ്ട് ഉപയോഗിച്ചുകൊണ്ട് മഴനിഴൽ പ്രദേശങ്ങളിൽ കൃഷി വ്യാപകമാക്കുന്നതിനുതകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.
- വട്ട് ലക്കി, എ.സി.എഫ്.എസ് സംഘങ്ങളുടെ ശാക്തീകരണത്തിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.
- വിനോദസഞ്ചാരമേഖലകളിലും മറ്റ് പ്രധാന പൊതുഇടങ്ങളിലും സ്ഥിരം വിപണന കേന്ദ്രങ്ങളുടെ സ്ഥാപനം
- മെഡിസിനൽ പ്ലാന്റേഷൻ വ്യാപകമാക്കുന്നതിനുള്ള നടപടികൾ.
- ശാസ്ത്രീയ സാങ്കേതിക മാർഗ്ഗങ്ങളുടെ കൃത്യമായ വിനിയോഗം.
- പട്ടികവർഗ്ഗക്കാരുടെ കൃഷിഭൂമി സംബന്ധിച്ച ഡാറ്റാ ബാങ്ക് വകുപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കുക
- വനം വകുപ്പിന്റെ സഹായത്താൽ പ്രവർത്തിച്ചുവരുന്ന വി.എസ്.എസ്,ഇ.ഡി.സി എന്നീ സമിതികളെ വനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെത്തി ശാക്തീകരിക്കുന്നതിനുള്ള നടപടികൾ
- പട്ടികവർഗ്ഗ മേഖലകളിൽ നടപ്പിലാക്കേണ്ട കൃഷി സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പിൽ നിന്നും പ്രത്യേകം ഡാറ്റാ തയ്യാരാക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.
- ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കാത്ത എല്ലാ വീടുകളും താമസ യോഗ്യമാക്കുക.
- കാര്യശേഷി ഇല്ലാത്തവർക്ക് വീട് നിർമ്മണത്തിന് ശുചിത്വ മിഷൻ മുഖേന പ്രത്യേക എജൻസികളുടെ സേവനം ലഭ്യമാക്കുക
- കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും നിർമ്മാണത്തിന് ശുചിത്വ മിഷൻ മുഖേന പ്രത്യേക പദ്ധതി നടപ്പിലാക്കുക.
- വയറിംഗ് നടത്തുന്നതിനുള്ള പദ്ധതികൾ പഞ്ചായത്ത് ഉപസമിതിയിൽ ഉൾപ്പെടുത്തി എറ്റെടുക്കുക.

- നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പട്ടികവർഗ്ഗക്കാരെ ഉൾപ്പെടുത്തി ഒരു സൊസൈറ്റി രൂപീകരിക്കുക.ടി സൊസൈറ്റികൾക്ക് കാര്യശേഷി ഇല്ലാത്തവരുടെ വീട് നിർമ്മാണത്തിന് സഹായിക്കാൻ കഴിയും.ഇതുവഴി നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് തൊഴിൽ ഉറപ്പാക്കുവാനും ഭവന നിർമ്മാണ മേഖലയിലെ ചൂഷണം തടയുവാനും സാധിക്കും.
- കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സാധ്യമാകുന്ന എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭ്യമാക്കുക.
- പ്രകൃതിദത്ത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുകയും ഉപയോഗപ്രദമാക്കുകയും ചെയ്യുക
- എ.സി.എഫ്.എസിനെ പട്ടികവർഗ്ഗക്കാരുടെ വീട് നിർമ്മിക്കുന്ന എജൻസിയായി ചുമതലപ്പെടുത്തുക
- പ്രവർത്തനരഹിതമായ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണം പഞ്ചായത്ത് എറ്റെടുക്കുക.
- പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പട്ടികവർഗ്ഗക്കാരിൽ നിന്നും ഗുണഭോക്തൃവിഹിതം പൂർണ്ണമായും ഒഴിവാക്കുക
- ശാസ്ത്രീയമായി കുടിവെള്ള പദ്ധതികൾ ആവിഷ്കരിക്കൽ.
- സ്രോതസ്സ് വറ്റുന്നത് ഒഴിവാക്കുന്നതിനുള്ള ശാസ്ത്രീയ നടപടികൾ.
- കുടിവെള്ള പദ്ധതികളുടെ തുടർ നടത്തിപ്പിന് പദ്ധതികൾ ആവിഷ്കരിക്കൽ.
- വീടുകൾക്ക് ധനസഹായം നൽകുമ്പോൾ കുടുംബത്തിലെ അംഗങ്ങളുടെ എണ്ണത്തിന് അനുസരിച്ച് വീടുകളുടെ വലിപ്പം, ധനസഹായം ഉയർത്തുന്ന രീതി അവലംബിക്കേണ്ടതാണ്.
- പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ച് നൽകുന്ന മുറയ്ക്ക് സർക്കാർ ഏജൻസി മുഖേന പൂർത്തീകരിച്ച് നൽകുന്നതിനുള്ള പദ്ധതി അവലംബിക്കണ്ടതാണ്.
- പ്രദേശത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് സർക്കാർ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ആനുപാതികമായ ധനസഹായം അനുവദിക്കുക.
- സർക്കാർ നിർമ്മാണ പ്രവൃത്തികൾക്കനുസൃതമായ നിരക്കിൽ ഭവന നിർമ്മാണ ധനസഹായ തുക ഉയർത്തി സർക്കാർ ഏജൻസികളെ നിർവ്വഹണ ചുമതലയേൽപ്പിക്കുക.
- 50 വയസ്സിന് മുകളിലുള്ള അവിവാഹിതർ, 60 വയസ്സിന് മുകളിലുള്ള മറ്റ് പെൻഷനുകൾക്ക് അർഹതയുള്ളവർ - പ്രത്യേക വിവരശേഖരണം നടത്തി അർഹരായ മുഴുവൻപേർക്കും സാമൂഹ്യക്ഷേമ പെൻഷൻ ലഭ്യമാക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ (ഐ.ടി.ഡി.പി, എൽ.എസ്.ജി.ഡി, സാമൂഹ്യക്ഷേമ വകുപ്പ്) നടത്തണം.
- അവിവാഹിതരായ അമ്മമാരിൽ സാമൂഹ്യ സുരക്ഷാ മിഷന്റെ 'സ്നേഹ സ്പർശം'
- പെൻഷനിൽ നിന്നും 50 വയസ്സ് കഴിഞ്ഞ് പുറത്ത് പോകുന്നവർക്ക് പകരം സാമൂഹ്യ ക്ഷേമ പെൻഷൻ ഉറപ്പാക്കുന്നതിന് നടപടി.
- അവിവാഹിതരായ അമ്മമാരെ ഉചിതമായ തൊഴിലും അടിസ്ഥാന സൌകര്യങ്ങളും (വീട്)ഉറപ്പാക്കി പുനരധിവാസം നടത്തുന്നതിന് നടപടി.
- പി.ഒ.എ ആക്ട് നിയമസഹായം,ബോധവത്കരണം.

- നിലവിൽ ഉപേക്ഷിക്കപ്പെടുന്ന കുട്ടികളെ സംരക്ഷിക്കുന്നവർക്ക് വകുപ്പിന്റെ കൈത്താങ്ങ് പദ്ധതിയാനുകൂല്യം കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി.ഇത്തരം കുട്ടികൾക്ക് വകുപ്പിന്റെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പ്രത്യേക സീറ്റ് സംവരണം ചെയ്യാവുന്നതാണ്.
- പൊതു അഗതി മന്ദിരങ്ങൾ പ്രധാനപ്പെട്ട പഞ്ചായത്ത് ആസ്ഥാനങ്ങളിൽ പട്ടികവർഗ്ഗ മേഖലയോട് ചേർന്ന് നിർമ്മിക്കുന്നതിനുള്ള നടപടി.
- ഭിന്നശേഷി സൌഹൃദ പദ്ധതികൾ എല്ലാ പഞ്ചായത്തിലും നടപ്പിലാക്കുക.
- അർഹരായിട്ടുള്ളവർക്ക് കാർഷിക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുക.
- കുടുംബശ്രീ അയൽക്കൂട്ടങ്ങൾ പരിപാലിക്കുന്നതിന് പട്ടികവർഗ്ഗ ആനിമേറ്റർമാരെ ആവശ്യത്തിന് നിയമിക്കുക.
- വനാന്തര ഊരുകളിൽ അയൽക്കൂട്ട സംരംഭങ്ങൾ ആരംഭിക്കുന്നതിനും,കുടുംബങ്ങളിലും 10 വയസ്സ് കഴിഞ്ഞ കുട്ടികളുൾപ്പെടെയുള്ളവരിലും സമ്പാദ്യശീലം വളർത്താൻ പ്രത്യേക പരിപാടി (കുട്ടികൾക്കെല്ലാം അക്കൌണ്ട്) ആവിഷ്കരിക്കുക.
- റേഷൻകാർഡില്ലാത്ത ഉപകുടുംബങ്ങൾ ഉൾപ്പെടെ എല്ലാ കുടുംബങ്ങൾക്കും പ്രത്യേക അദാലത്ത് മുഖേന റേഷൻകാർഡ് ഉറപ്പാക്കുക.
- വ്യക്തിഗത അവകാശം ലഭിക്കാത്ത അർഹരായ ആളുകൾക്ക് അവകാശം ഉറപ്പു വരുത്തുക.
- വ്യക്തിഗത അവകാശം ലഭിച്ച ഭൂമിയുടെ അതിര് റീസർവ്വേ ചെയ്ത് അളന്ന് തിരിക്കുക. വനാവകാശകമ്മിറ്റികൾ ശാക്തീകരിക്കുക.
- സാമൂഹ്യ വനാവകാശ കമ്മറ്റികൾ (സി.എഫ്.ആർമാനേജ്മെന്റ് കമ്മിറ്റികൾ) രൂപീകരിക്കുകയും നടപടികൾ പൂർത്തീകരിക്കും ചെയ്യുക.
- വനസംരക്ഷണ പ്രവർത്തനങ്ങൾ വനാവകാശ കമ്മിറ്റികൾ മുഖേന നടപ്പിലാക്കുക.
- വന്യമൃഗശല്യത്തിന് ശാശ്വത പരിഹാരം കാണുക.
- വനവിഭവങ്ങൾ (NTFP) ശേഖരിക്കുന്നതിനും വിപണനത്തിനുള്ള സൗകര്യം.
- വനാവകാശ കമ്മിറ്റികൾ യഥാസമയം ചേരുന്നത് ഉറപ്പുവരുത്തേണ്ടതാണ്.
- പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വനം, റവന്യൂ ,എന്നീ വകുപ്പുകളുടെ കൂട്ടായ ശ്രമം വനാവകാശനിയമം നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്.
- വന്യജീവി ആക്രമണത്തിന്(ആൾ നാശത്തിനും/ കൃഷിനാശത്തിനും) അടിയന്തിര ദുരിതാശ്വാസം പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നൽകുന്നതിന് പ്രത്യേക പദ്ധതി
- പട്ടികവർഗ്ഗക്കാർക്ക് അനുകൂലമായ തരത്തിലുള്ള വനനിയമത്തിന്റെ വ്യാഖ്യാനവും പരിരക്ഷയും വനംവകുപ്പ് ഉറപ്പാക്കുക.
- കൈവശഭൂമി അതിര് കെട്ടി കാർഷിക-കുടുംബങ്ങൾക്ക് സംരക്ഷണവും സുരക്ഷിതബോധവും വനംവകുപ്പ് ഉറപ്പുവരുത്തുക.
- നിരന്തരമായ മനുഷ്യ-വന്യമൃഗ സംഘർഷത്തിന് പ്രായോഗികമായ പരിഹാരം ഉണ്ടാക്കാൻ വനംവകുപ്പിന്റെ ക്രിയാത്മക നടപടികൾ ഉറപ്പാക്കുക.

- വനാവകാശ കമ്മിറ്റികൾക്കും ശക്തീകരിക്കുകയും പ്രവർത്തനഫണ്ടും ആസ്തികളും സൃഷ്ടിക്കുക.
- ഇ.ഡി.എസ്, വി.എസ്.എസ് എന്നിവയുടെ പ്രവർത്തനം വനാവകാശ സമിതികൾക്ക് കീഴിൽ ഉൾപ്പെടുത്തി വനാവകാശ നിയമത്തിന്റെ പരിരക്ഷ ഉറപ്പു വരുത്തുന്നു.
- വനാവകാശം നടപ്പിലാക്കുന്നതിന് ഓരോ ജില്ലകളിലും പട്ടികവർഗ്ഗ വികസന വകുപ്പിലെ ഒരു പ്രത്യേകത വിംഗ് ആരംഭിക്കുക
- നാടൻ കലാരൂപങ്ങളായ ഇരുള നൃത്തം, മലയക്കുമ്മി ,കോലാട്ടം,കുമ്മിപാട്ട് എന്നിവ പുതുതലമുറയ്ക്ക് പകർന്നു നൽകുന്നതിനും, ജില്ലയിലെ പ്രധാനപ്പെട്ട ആഘോഷങ്ങൾ സർക്കാർ സംഘടിപ്പിക്കുന്ന പരിപാടികൾ എന്നിവയിൽ ഇവ അവതരിപ്പിക്കുന്നതിന് അവസരം നൽകണം.
- പട്ടികവർഗക്കാരിലെ കായിക പ്രതിഭകളെ കണ്ടെത്തി ജില്ലാ സ്പോർട്സ് കൗൺസിൽ, ജി. വി. രാജ സ്പോർട്സ് സ്കൂൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി അവരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിന് അവസരമൊരുക്കണം.
- പട്ടികവർഗ്ഗത്തിലെ കലഅഭിരുചിയുള്ളവർക്ക് മതിയായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കണം
- പ്രത്യേക പദ്ധതിയും പരിരക്ഷയും ആവശ്യമുള്ള മേഖലകളായി പ്രഖ്യാപിക്കണം.
- അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഥമ പരിഗണന ഈ മേഖലയിൽ നൽകണം.
- ഇനിയും വാഹനങ്ങളെത്താത്ത ഊരുകൾക്ക് പ്രത്യേക റോഡ് രൂപീകരണ പദ്ധതികൾ.
- വനംവകുപ്പിന്റെ പ്രത്യേക സംരക്ഷണവും സൌഹാർദ്ദ നടപടികളും ഉറപ്പാക്കുക.
- ജില്ലയിലെ വകുപ്പിന്റെ എം.ആർ.എസ് / ആശ്രമം സ്കൂൾ/ഹോസ്റ്റലുകളിൽ നിശ്ചിത ശതമാനം സീറ്റുകൾ ഈ മേഖലയ്ക്ക് സംവരണം ചെയ്യുക.
- മൊബൈൽ റേഞ്ച്/ നെറ്റ് കണക്ടിവിറ്റിയില്ലാത്ത ഊരുകൾക്ക് അനുയോജ്യമാം വിധം ടവറുകൾ പുനക്രമീകരിക്കാൻ സേവനദാതാക്കളുമായി ഇടപെടൽ ഉറപ്പാക്കുക.

7.1.2.18 **<u>കണ്ടെത്തലുകൾ</u>**

- ✓ കാലാവസ്ഥാ വ്യതിയാനം.
- ✓ സർക്കാർ പദ്ധതികൾ പൂർത്തിയാക്കാത്തത്.
- ✓ നിലവിലുള്ള കുടിവെള്ള സംവിധാനം സംരക്ഷിക്കുന്നതിനുള്ള ഉത്തരവാദിത്വകുറവ്.
- ✓ വൈദ്യുതി ചെലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ.
- ✓ വനാന്തര വൈപുല്യം.
- ✓ ജലസ്രോതസ്സുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്യാത്തത്.
- ✓ കീണർ റീചാർജ്ജിംഗിന്റെ അഭാവം.
- ✓ കുടിവെള്ള പദ്ധതികളുടെ ഉടമസ്ഥതാ തർക്കങ്ങൾ.
- ✓ വെള്ളത്തിന്റെ ലഭ്യതകുറവ്.
- ✓ വന്യമൃഗങ്ങളുടെ ശല്യം.

7.1.2.19 ഉന്നത വിദ്യാഭ്യാസ മേഖല

പ്രശ്നങ്ങൾ, കണ്ടെത്തൽ

ഉന്നത വിദ്യാഭ്യാസ മേഖലകളിൽ പട്ടികവർഗ്ഗക്കാരുടെ പ്രാതിനിധ്യം പരിമിതമാണ്. വിശേഷിച്ച് സാങ്കേതിക വിദ്യാഭ്യാസ രംഗത്തും പ്രൊഫണൽ വിദ്യാഭ്യാസ രംഗത്തും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല. പ്രാരംഭ ചെലവുകൾ വഹിക്കുന്നതിനും താമസ സ്ഥലത്തുനിന്നും പോയി വരാനാകാത്തതും പഠന ചെലവു വഹിക്കുന്നതിന് സാമ്പത്തിക പ്രയാസം നേരിടുന്നതുമാണ് പ്രധാനമായും ഈ രംഗത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കടന്നുവരാനാകാത്തത്. പ്രൊഫഷണൽ കോഴ്സുകൾക്കുൾക്കുള്ള പ്രവേശനപരീക്ഷയ്ക്ക് പരിശീലനം ലഭിക്കാത്തതും ആ രംഗത്തെ പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു. സ്കൂൾ വിദ്യാഭ്യാസത്തിലെ അദ്ധയന നിലവാരക്കുറവ് പരിഹരിക്കുന്നതിനുള്ള പരിപാടികളും അനിവാര്യമാണ്.

പരിഹാരം

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പാക്കുന്ന സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രോൽസാഹന ഗ്രാന്റ്, വിദ്യാഭ്യാസാനുകൂല്യങ്ങൾ അതിനുപുറമേ വേണ്ടുന്ന സാമ്പത്തിക സഹായം ഇവ സംയോജിത പ്രോജക്ടുകളായി രൂപപ്പെടുത്തണം.

7.1.2.20 തൊഴിൽ, ഉപജീവനം

പട്ടികവർഗ്ഗക്കാർക്കിടയിലെ തൊഴിലില്ലായ്മ രൂക്ഷമാണ്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗക്കാരുടെ തൊഴിലില്ലായ്മയും രൂക്ഷമാണ്.

സാധ്യത

1. പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗതമായ കരകൌശല കഴിവ് വികസിപ്പിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുന്നതിനുള്ള ക്രമീകരണം.
2. പട്ടികവർഗ്ഗക്കാരുടെ കലാ സാംസ്കാരിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും, ശിങ്കാരിമേളം, ചെണ്ടമേളം, മറ്റ് പരമ്പരാഗത കലാരൂപങ്ങൾ, പാരമ്പര്യ ഭക്ഷണം, പാരമ്പര്യ വൈദ്യം ഇവ ഉപജീവന മാര്ഗ്ഗമാക്കി വികസിപ്പിക്കൽ.
3. ഹോസ്റ്റൽ മാനേജ്മെന്റും ഫുഡ്ക്രാഫ്റ്റ്, ഫ്രണ്ട് ഓഫീസ്, ടൂറിസ്റ്റ് ഗൈഡ് തുടങ്ങി തൊഴിൽ സാദ്ധ്യതയുള്ള രംഗങ്ങളിൽ പരിശീലനവും പ്ലേസ്മെന്റും.
4. വ്യവസായസ്ഥാപനങ്ങളിലെ തൊഴിൽ സാദ്ധ്യതയ്ക്ക് അനുയോജ്യമായ പരിശീലനവും പ്ലേസ്മെന്റും.
5. ഭക്ഷ്യസുരക്ഷയ്ക്കായി പരമ്പരാഗത കൃഷി, ജൈവകൃഷി ഇവ പ്രോത്സാഹിപ്പിക്കുക.
6. ക്ഷീരവികസനവകുപ്പും, പാൽ സൊസൈറ്റിയുമായി ബന്ധപ്പെടുത്തി മുൻപിൻ ബന്ധത്തോടെ ക്ഷീരവികസന പ്രോജക്ടുകൾ.
7. മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെടുത്തി, പോത്തുകുട്ടി വളർത്തൽ, ആടു വളർത്തൽ, കോഴി വളർത്തൽ.
8. ആശാരിപ്പണി, കൽപ്പണി, വയറിംഗ് , പ്ലംബിങ്, ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ.

7.1.2.21 നിർദ്ദേശം

പരമ്പരാഗത ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിനും യുവതലമുറയെ ചികിത്സാ രീതി സമ്പ്രദായത്തിലേക്ക് നിലവിലുള്ള പാരമ്പര്യ വൈദ്യന്മാരുടെ സഹായികളായി നിയോഗിച്ച് പച്ചമരുന്ന് കൃഷി നടത്തുന്നതിനും , വനമേഖലയിൽ നിന്നും പച്ചമരുന്ന് ശേഖരിക്കുന്നതിനും മരുന്നുകൾ തയ്യാറാക്കുന്നതിനും പരിശീലനം നൽകുകയും കിർത്താട്സുമായി ബന്ധപ്പെട്ട് ഔപചാരിക പരിശീലനം നൽകി സർട്ടിഫിക്കറ്റുകൾ

നൽകുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. സന്നദ്ധരായ ചികിത്സകരെ കണ്ടെത്തി പ്രാദേശിക സർക്കാരുകളുടെ മേൽ നോട്ടത്തിൽ സംയോജിത പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണ്.

7.1.2.22 സംയോജനം ഏകോപനം

7.1.2.22.1 തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ വികസനവകുപ്പിന്റെ കോർപ്പസ് ഫണ്ട്/പൂൾഡ് ഫണ്ട്, അംബേദ്കർ സെന്റിൽമെന്റ് സ്കീം, പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി ഇവയുമായി ബന്ധപ്പെട്ട വകുപ്പുകൾ/സ്ഥാപനങ്ങൾ ഇവയുടെ പദ്ധതി വിഹിതം സംയോജിപ്പിച്ച് ആവിഷ്കരിക്കാവുന്നതാണ്.

7.1.2.22.2 ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 0-6 പ്രായത്തിലുള്ളവർക്കും കൌമാരപ്രായക്കാർക്കും ന്യൂനപോഷണം പരിഹരിക്കുന്നതിന് ഐ.സി.ഡി.എസ് വഴിയുള്ള പൂരകഭക്ഷണ പദ്ധതിയും, ഉപരിയായി 0-6 പ്രായത്തിലുള്ളവർക്കും കൌമാരപ്രായക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുംവ പയർ, കടല, കശുവണ്ടിപ്പരിപ്പ് തുടങ്ങി പോഷക മൂല്യമുള്ള വിഭവങ്ങൾ ഉൾപ്പെടുത്തി ഭക്ഷണ കിറ്റ് വിതരണം ചെയ്യുന്നതിന് സംയോജിത പദ്ധതി ആവിഷ്കരിക്കണം.

7.1.2.22.3 60 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് ന്യൂനപോഷണ പരിഹാരത്തിനുള്ള സംയോജിത പ്രോജക്ടുകളും ആവശ്യമാണ്.

7.1.2.23 വയോജനം - സാധ്യത

സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കാത്ത നല്ലൊരു ശതമാനം വയോജനങ്ങളടക്കം പ്രത്യേക കാമ്പയിൻ നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ അർഹമായ പെൻഷൻ ലഭ്യമാക്കുക.

7.1.2.24 നിർദ്ദേശം

അഗതികളായ വയോജനങ്ങൾക്കും കുടുംബത്തിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്കും പ്രത്യേക സംരക്ഷണ പദ്ധതികൾ സംയുക്തമായി നടപ്പിലാക്കുക. 1999 കേരള പട്ടികവർഗ്ഗ ഭൂമി അന്യാധീനപ്പെടുത്തുന്നത് നിയന്ത്രിക്കലും അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുത്ത് നല്കൽ നിയമം, 1989ലെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമം (2016 ഭേദഗതി ചെയ്തത്) എന്നീ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. ഇതു നടപ്പാക്കുന്നുവെന്നു ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഊരുമൂപ്പന്മാർ, എസ്.റ്റി പ്രൊമോട്ടർമാർ, പട്ടികവർഗ്ഗ ജനപ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ, പട്ടികവർഗ്ഗവികസനവകുപ്പ് പ്രതിനിധി ഇവരെ ഉൾപ്പെടുത്തി ജാഗ്രതാസംവിധാനം ഏർപ്പെടുത്തുക.

7.1.2.25 പശ്ചാത്തല സൌകര്യം പ്രശ്നങ്ങൾ

പട്ടികവർഗ്ഗ പ്രദേശങ്ങളുടെ പിന്നോക്കാവസ്ഥ അഭ്യസ്ത വിദ്യരായ പട്ടികവർഗ്ഗയുവതീയുവാക്കളിൽ അസംതൃപ്തി വളർത്തുന്നതിനും ഇടയാക്കുന്നുണ്ട്. അതിനാൽ പട്ടികവർഗ്ഗ പ്രദേശങ്ങളിൽ പഞ്ചായത്തുതല മേഖലയിൽ നിലനിൽക്കുന്ന പിന്നോക്കാവസ്ഥ സമയബന്ധിതമായി പരിഹരിക്കുന്നതിന് സമഗ്രമായ ഇടപെടലുകൾ ആവശ്യമാണ്.

തദ്ദേശീയ ജനതയുടെ അവകാശ സംരക്ഷണത്തിനും അതിജീവനത്തിനു വേണ്ടി അവരുടെ അന്തസ്സും സംസ്കാരവും നിലനിർത്തുന്നതിനും പാരമ്പര്യ അറിവുകളും വിഭവങ്ങളും സംരക്ഷിക്കുന്നതിനൊപ്പം പുതിയകാലത്തെ വിദ്യാഭ്യാസം, സംസ്കാരം, ആരോഗ്യപരിപാലനം, ആശയവിനിമയ സംവിധാനങ്ങൽ അവരുടെ അറിവോടെ അവർക്കും അനുഭവവേദ്യമാക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുന്നതിനായി സുതാര്യവും സമഗ്രവും സംയോജിതമായ നിർവ്വഹണ പരിപാടികൾ ആവിഷ്കരിക്കുക.

. . . . . .

അട്ടപ്പാടി മേഖല - ഒരു അവലോകനം

മലകളും പുഴകളും പച്ചപ്പും നിറഞ്ഞ ഒരു കുന്നിൻ പ്രദേശമാണ് അട്ടപ്പാടി.. നിർചാലുകലും മലയിടിക്കും മനം കവരുമ്പോൾ അവിടുത്തെ ആദിവാസി ജനതയെ കുറിച്ച് വിസ്മരിക്കാതെ ഇരിക്കാൻ ആകില്ല . ഗോത്ര വർഗ്ഗത്തിന്റെ തകർച്ച ആരംഭിക്കുന്നത് ബ്രിട്ടീഷ് ആധിപത്യത്തോടെ ആണ് . ബ്രിട്ടീഷ് വനനിയമങ്ങളും ഭൂവ്യവസ്ഥയും ഗോത്ര വർഗങ്ങളുടെ സമ്പത്ത് വ്യവസ്ഥയും സാമൂഹ്യ ഘടനയും വല്ലാതെ ഉലച്ചു.

കേരളത്തിലെ പ്രധാന ആദിവാസി മേഖലകളിൽ ഒന്നാണ് അട്ടപ്പാടി. അഗളി, പുതൂർ ഷോളയാർ എന്നി ഗ്രാമപഞ്ചായ ത്തുകൾ അടങ്ങിയ അട്ടപ്പാടി. മാസങ്ങൾ ആയി മാധ്യമങ്ങളും മന്ത്രിമാരും കയറി ഇറങ്ങി കണ്ടും, അനുഭവിച്ചും മനസ് മടുത്ത നിരവധി പ്രശ്നങ്ങൾ വേട്ട ആടുന്ന അട്ടപ്പാടി ആദിവാസി ജനതയിലൂടെ അവരുടെ ജീവിതത്തിലൂടെ കടന്നു പോകുമ്പോൾ ഒരു പാട് ചോദ്യങ്ങൾ ബാക്കി നിൽക്കുന്നു. മാസം തികയാതെ പ്രസവിക്കുന്ന സ്ത്രീകൾ കുഞ്ഞുങ്ങളുടെ തൂക്കക്കുറവ്, ഗർഭാവസ്ഥയിലെ വിളർച്ച, അണുബാധ, പേഷക ആഹരക്കുറ്വ് എങ്ങനെ നീളുന്നു ഒരു നെടുനീള പട്ടിക. കൈ കുഞ്ഞിനെ നഷ്ടപ്പെട്ടെ അമ്മമാർ, ആരോഗ്യം ക്ഷയിച്ച പെൺകുട്ടികൾ, കൊച്ചു കുഞ്ഞുകൾ, നിത്യ ദാരിദ്രത്തിൽ കഴിയുന്ന ഒരു ജന ഭാഗത്തിന്റെ ഉന്നമനത്തിനായി എന്തു ചെയ്യാൻ ആകുമെന്ന് ചിന്തിക്കുക.

7.1.2.26 അട്ടപ്പാടി മേഖലയിൽ നടത്തിയതും നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ അവലോകനം

7.1.2.26.1 പട്ടികവർഗ്ഗക്കാർക്കിടയിൽ പരമ്പരാഗത കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2013, 2014 സാമ്പത്തിക വർഷങ്ങളിൽ കൃഷിവകുപ്പ മുഖേന 3 കോടിയോളം രൂപയുടെ പദ്ധതികൾ വകുപ്പ നടപ്പിലാക്കിയിട്ടുണ്ട്. 2013-14 വർഷം കേരള വാട്ടർ അതോറിറ്റി മുഖേന 9 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് 80.60 ലക്ഷം രൂപയു 2014-15 വർഷം 6 കുടിവെള്ള പദ്ധതികൾ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് 42.37 ലക്ഷം രൂപയും ബന്ധപ്പെട്ട വകുപ്പിന് / ഏജൻസിക്ക് ഐ.ടി.ഡി.പി കൈമാറിയിട്ടുണ്ട്. ഇതിൽ 7 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ആദിവാസികൾക്കുള്ള ചികിത്സാ പദ്ധതികളിൽ Comprehensive Health Car, മൊബൈൽ മെഡിക്കൽ ക്യാമ്പിൽ എത്തുന്നവർക്ക് ലഘുഭക്ഷണം തുടങ്ങിയ പദ്ധതികൾ ആരോഗ്യ വകുപ്പുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്.

7.1.2.26.2 പട്ടികവർഗ്ഗ കുടുംബശ്രീ യൂണിറ്റുകളുടെ ശാക്തീകരണത്തിനും അതുവഴി പട്ടികവർഗ്ഗ സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനുമായി ഒരു പ്രത്യേക പാക്കേജ് 25.4.2013 ന് അന്നത്തെ കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി പ്രഖ്യാപിക്കുകയും 91 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ഇതിൻറെ ഭാഗമായി അട്ടപ്പാടിയിൽ ദേശീയ ഗ്രാമീണ ജീവനോപാധി മിഷൻ (എൻ.ആർ.എൽ.എം) രൂപീകരിച്ച് നടത്തിപ്പിനായി ഡോ. സീമാഭാസ്കർ എന്നവരെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അഗളിയിൽ പ്രത്യേക ഓഫീസ് തുറന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുമുണ്ട്. നിലവിൽ 118 ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചനുകൾ ടി പാക്കേജിൻറെ ഭാഗമായി പ്രവർത്തിച്ചു വരുന്നുണ്ട്.

7.1.2.26.3 അട്ടപ്പാടിയിലെ ബഹുഭൂരിപക്ഷം പട്ടികവർഗ്ഗ ഊരുകളിലും പട്ടികവർഗ്ഗ വകിസന വകുപ്പിന്റെ ഫണ്ടുകൾ വിനിയോഗിച്ചു കൊണ്ടും ബ്ലോക്ക് – ഗ്രാമ പഞ്ചായത്തുകൾ, കേരള ജല അതോറിറ്റി തുടങ്ങിയ വകുപ്പുകൾ - ഏജൻസികൾ മുഖേനയും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതിയുടെ മേൽനോട്ടത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ വൈദ്യുതി കുടിശ്ശിക വരുത്തുന്നതും പദ്ധതികളുടെ സുഗമമായ പ്രവർത്തനം പ്രായോഗിക തലത്തിൽ തടസ്സപ്പെടുത്തുന്നതിന് കാരണമായിട്ടുണ്ട്. ജലലഭ്യതക്കുറവിന്റെ തീവ്രതയനുസരിച്ച് മുൻഗണനാ ക്രമത്തിലും ഫണ്ടിൻറെ ലഭ്യതയനുസരിച്ചും ആവശ്യമായിടത്ത് പുനരുദ്ധാരണ പ്രവൃത്തികൾ വരുന്നുണ്ട്. കുടിവെള്ള പദ്ധതികൾ നിലവിലില്ലാത്ത പട്ടികവർഗ്ഗ ഊരുകളിൽ പട്ടികവർഗ്ഗ വകിസനവകുപ്പിന്റെ ഫണ്ട് വിനിയോഗിച്ചു കൊണ്ടും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കേരള ജല അതോറിറ്റി മുഖേനയും കുടിവെള്ള പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. ഫുഡ് സപ്പോർട്ട് പദ്ധതി പ്രകാരം 11016 പേർക്ക് 36 കിലോ അരി, 1 കിലോ കടല, 1 കിലോ ചെറുപയർ, വെളിച്ചെണ്ണ 1 ലിറ്റർ എന്നിവ നടപ്പ വർഷം വിതരണം ചെയ്തിട്ടുണ്ട്.

7.1.2.26.4 അട്ടപ്പാടി ഹിൽസ് ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി അഗളി ആസ്ഥാനമായി 19965 ൽ ആരംഭിച്ചു. അട്ടപ്പാടിയിലെ നശിച്ചു പോയിട്ടുണ്ടായിരുന്ന പരിസ്ഥിതി പുന:സ്ഥാപിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ടാണ് അഹാഡജ്സ് നിലവിൽ വന്നത്. അതിനുവേണ്ടി മൊട്ടകുന്നുകളിൽ വൃക്ഷതൈകളും, മുള എന്നിവ വച്ചുപിടിപ്പിച്ചു. കൂടാതെ സമഗ്ര ഊരു വികസന പദ്ധതി കൂടി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ വീട്ടു നിർമ്മാണം, ഊര് നടപ്പാത നിർമ്മാണം, സൈഡ് കെട്ടൽ മഴക്കുഴി നിർമ്മാണം എന്നിവ ചെയ്തിരുന്നു. അഹാഡ്സിന്റെ പ്രവർത്തന ഫലമായി വറ്റിവരണ്ടിരുന്ന നീർച്ചാലുകളെ പുന:രുജീവിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

7.1.2.26.5 2012 മാർച്ച് മാസത്തിൽ അഹാർഡ്സിന്റെ പ്രവർത്തനം അവസാനിച്ചു. നിലവിൽ അഹാർഡ്സിന്റെ കെട്ടിടം ഉപയോഗിച്ച് കില എന്ന സ്ഥാപനം 2017 മാർച്ച് മുതൽ പ്രവർത്തിച്ചു വരുന്നു.

7.1.2.27 <u>മില്ലറ്റ് വില്ലജ്</u>

7.1.2.27.1 അട്ടപ്പാടിയിൽ ഗോത്ര വർഗവിഭാഗക്കാർക്ക് വേണ്ടി അവരുടെ പരമ്പരാഗത കൃഷി പുനസ്ഥാപിക്കുന്നതിനു വേണ്ടി കൃഷി വകുപ്പും പട്ടികവർഗ വികസന വകുപ്പും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയാണ് മില്ലറ്റ് ഗ്രാമം പദ്ധതി. ഈ പദ്ധതി പ്രകാരം അട്ടപ്പാടി ബ്ലോക്കിലെ അഗളി, പുതൂർ, ഷോളയൂർ, എന്നീ ഗ്രാമ പഞ്ചായത്തുകളിലായി 34 പട്ടികവർഗ്ഗ ഊരുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. പരമ്പരാഗത വിളകളായ റാഗി, ചോളം , തിന, ചാമ എന്നിവയും, മുതിര, തുവര, അമര മുതലായ പയർ വർഗങ്ങളും, പച്ചക്കറികളും കൃഷി ചെയ്ത വിളവുകൾ സ്വന്തം ഉപയോഗത്തിനു ശേഷം ശേഷിക്കുന്നവ അതേപടി മൂല്യവർദ്ധനവ് നടത്തിയും വിപണനം ചെയ്യുന്നതിനുമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

7.1.2.27.2 ഗുണമേന്മയുള്ള വിത്തുകൾ നാഷണൽ സീഡ് കോർപറേഷൻ വഴി സംഭരിച്ച കർഷകർക്ക് നൽകിയാണ് കൃഷി നടപ്പാക്കുന്നത്. നിലമൊരുക്കുന്നതിനായി കൈകൊയുടെ മെഷിനറിയും പരമ്പരാഗത

രീതിയിൽ ഉഴവുകാളകളെയും ഉപയോഗപെടുത്തിയിട്ടുണ്ട്. എന്നാൽ ലഭ്യമായ വിത്തുകൾ പരമ്പരാഗത കൃഷി രീതിക്ക് ഉതകുന്നവയാണോ എന്ന് വ്യക്തമല്ല.

7.1.2.27.3 2017-18 സാമ്പത്തിക വർഷം മുതൽ 2019-20 വരെ യുള്ള മൂന്ന് സാമ്പത്തിക വർഷ കാലയളവിൽ ആകെ 6.11 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത് . ഇതിൽ മൂല്യവർദ്ധനവ്, വിപണനം , എക്സ്പോഷർ വിസിറ്റ് , എന്നിവയും ഉൾപെടുന്നു .

7.1.2.27.4 ആദ്യ വർഷത്തിൽ ആകെ 2.75 ടൺമാത്രമാണ് സംഭരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടത്തിൽ ആകെ പ്രതീക്ഷിത ചിലവായ 260 ലക്ഷം രൂപയിൽ ഉല്പാദന ചെലവ് ഏകദേശം 80 ലക്ഷം രൂപമാത്രമാണ്. ശേഷിക്കുന്ന തുക ഭരണപരമായ ചിലവുകൾക്കും പ്രോസിസ്സിങ്ങിനു മായാണ് വകയിരുത്തിയിരിക്കുന്നത്. വന്യജീവികളിൽ നിന്നും വിളകൾക്കുള്ള സംരക്ഷണം നൽകുന്നതിനും പദ്ധതിയിൽ തുക വകയിരുത്തിയതായി കാണുന്നില്ല. (മോഡൽ ഹാംലെറ്റുകൾ ഒഴികെ) ഇത്തരം വിഷയങ്ങളിൽ കൃത്യത വരുത്തി പദ്ധതി നടപ്പിലാക്കുന്നത് നന്നായിരിക്കും. പദ്ധതിയുടെ 2,3, വർഷങ്ങളിൽ കൂടുതലായും പ്രയോജനപ്പെടുത്തുന്നത് പട്ടിക വർഗ വികസന വകുപ്പിന്റെ ഫണ്ട് ആയതിനാൽ ഉന്നത തലങ്ങളിൽ ഇതു സംബന്ധിച്ച വ്യക്തത വരുത്തി നിർദേശങ്ങൾ നൽകേണ്ടതാണ് .

7.1.2.27.5 അട്ടപ്പാടിയുടെ സാമൂഹ്യ മാറ്റങ്ങളും, കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങളും കൃഷിയിലും ഭക്ഷണരീതിയിലും മാറ്റങ്ങൾ ഉണ്ടാക്കി. ഭക്ഷണ ശീലത്തിൽ ചെറു ധാന്യങ്ങൾ കൂടി ഉൾപെടുത്തിയാൽ ശിശുക്കളിലും, ഗർഭിണികളിലും ഉണ്ടാകുന്ന പോഷണ ന്യൂനത നല്ലൊരളവ് പരിഹരിക്കാവുന്നതാണ് . മഴ വളരെ കുറച്ചു മാത്രം ലഭിക്കുന്ന എവിടേക്ക് രോഗ കീട ബാധ കുറഞ്ഞ ചെറു ധാന്യ കൃഷി വളരെ അധികം പ്രയോജനകരമാണ് .

7.1.2.28 <u>മേഖല അഭിമുഖീകരിക്കുന്ന ഗൌരവകരമായ ആരോഗ്യപ്രശ്നങ്ങൾ</u>

7.1.2.28.1 അട്ടപ്പാടിയിലെ പോഷകാഹാര കുറവ് മൂലവും ജനിതക തകരാരുമൂലവും കുട്ടികൾ മരണമടയുന്നത് 2013 വർഷത്തിലാണ് പട്ടികവർഗ വികസന വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടത് . തുടർന്ന് വകുപ്പ് ഈ വിഷയം വളരെ ഗൌരവമായി വീക്ഷിക്കുകയും 2013 ഏപ്രിൽ 23 -ആം തിയതി ബഹു . കേരള മുഖ്യമന്ത്രി, ബഹു. കേന്ദ്ര ഗ്രാമ വികസന വകുപ്പ് മന്ത്രി, മറ്റു സംസ്ഥാന മന്ത്രിമാർ, ജില്ലാ കലക്ടർ, വിവിധ വകുപ്പ് മേധാവികൾ, ജനപ്രധിനിധികൾ തുടങ്ങിയവരുടെ സംയുക്ത യോഗം അട്ടപ്പാടി - കില – സംയുക്ത ഹാളിൽ ചേരുകയും ശിശുമരണം തടയുന്നതിനും ഗർഭിണികളുടെയും, കുഞ്ഞുങ്ങളുടെയും പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തു .

7.1.2.28.2 ജനനി -ജന്മരക്ഷ ആരോഗ്യ പദ്ധതിയിൽ ആദിവാസി സ്ത്രീ ഗർഭിണിയായി മൂന്ന് മാസം മുതൽ കുഞ്ഞിനു ഒരു വയസ്സാകും വരെയുള്ള കാലയളവിൽ പ്രതിമാസം 10000/- രൂപ പ്രകാരം ധനധനസഹായ വിതരണം ചെയ്യുന്നുണ്ട് . നവജാത ശിശുക്കളുടെ മരണ കാരണം സംബന്ധിച്ച് വകുപ്പ് പ്രത്യേഗമായ പഠനമൊന്നും ഇതുവരെ നടത്തിയിട്ടില്ല . എന്നാൽ മറ്റുചില ഏജൻസികൾ ചില പഠനങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആരോഗ്യ വകുപ്പിന്റെ കണക്കുകൾ പ്രകാരം 2013 മുതലുള്ള ശിശുമരണങ്ങൾ ചുവടെ പരാമർശിച്ച പ്രകാരമാണ് .

2013 - 30
2014 - 15
2015 - 13
2016 - 8
2017 - 14

7.1.2.28.3 അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് വിലയിരുത്തലുകൾ വിവിധ വകുപ്പിന്റെ പ്രതിനിധികളും കൂട്ടായി വിലയിരുത്തുകയും ആദിവാസികൾ അവരുടെ പരമ്പരാഗതമായ ഭക്ഷണരീതികളിൽ നിന്നും വ്യതിചലിച്ചതും ഗർഭിണികൾ ഗർഭകാലത്ത് ശരിയായ രീതിയിൽ ഭക്ഷണം കഴിക്കാതിരിക്കുകയും യഥാസമയം ചികിത്സ തേടാതിരിക്കുകയും ചെയ്യാതിരിക്കുന്നത് കൊണ്ടാണ് ഒരു പരിധി വരെ ഉണ്ടാവുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി വർക്കർമാർ, എസ് .ടി പ്രോമോട്ടർ മാർ, ആശാവർക്കര്മാർ, ആരോഗ്യ വകുപ്പിലെ ഫീൽഡ് തല ജീവനക്കാർ, തുടങ്ങിയവർ ഗർഭിണികളെയും, നവജാത ശിശുക്കളെയും നിരീക്ഷിക്കാനും യഥാസമയം അവർക്ക് ചികിത്സ ലഭ്യമാക്കാനും പോഷകാഹാരങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും നിർദേശം നൽകിയിട്ടുണ്ട് . ആയതിന്റെ ഭാഗമായി വിവിധ വകുപ്പുകൾ പദ്ധതികൾ എകോപിപ്പിച്ച് നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട് .

7.1.2.29 അട്ടപ്പാടി സഹകരണ ഫാർമിംഗ് സൊസൈറ്റി

അട്ടപ്പാടി കോ-ഓപ്പറേറ്റിവ് ഫാർമിംഗ് സൊസൈറ്റിയുടെ കീഴിൽ വരുന്ന നാല് ഫാർമുകളിൽ 1092.96 ഹെക്ടർ സ്ഥലത്തെ പട്ടികവർഗ കുടുംബങ്ങളെ അംഗങ്ങളാക്കി കാപ്പി, കുരുമുളക്, ഏലം, ഗ്രാമ്പൂ, വാഴ, തെങ്ങ്, കവുങ്ങ്, എന്നിവയുടെ ഉത്പാദനവും, വിപണനവും ചെയ്യുന്നുണ്ട്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ അഗളി ഗുരുകുലം, വിദ്യാകേന്ദ്രവും, ചിണ്ടക്കി ഫാർമിംഗ് ആദിവാസി ഹൈസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പട്ടികവർഗക്കാർക്ക് വിവിധ ഇനം തൊഴിൽ നൽകുന്നതിനു വേണ്ടി ഹോളോബ്രിക്സ് യുണിറ്റ്, ഫാംനർസറി, ജൈവമത്സ്യകൃഷി, ധാന്യങ്ങൾ പൊടിക്കുന്ന മില്ല്, കാട്ടുതേൻ ശേഖരണം, കാടുവെട്ടി നൽകൽ, ഭവന നിർമ്മാണം, സർവേ കല്ലുകളുടെ വിതരണം എന്നിവ സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടത്തി വരുന്നു. വകുപ്പിന്റെ കീഴിലുള്ള പ്രീമെട്രിക്ക് ഹോസ്റ്റെലുകളിലേക്കും സ്ഥാപനങ്ങളിലേക്കും ഭക്ഷ്യ, ഭക്ഷ്യേതര സാധനങ്ങളുടെ വിതരണം, ലൈഫ് മിഷൻ പദ്ധതിയിലെ വീടുകളുടെ നിർമ്മാണം എന്നിവയും സൊസൈറ്റി ചെയ്യുന്നുണ്ട് .

7.1.30 വട്ട് ലക്കി ഗിരിജൻ ഫാർമിംഗ് സൊസൈറ്റി

അട്ടപ്പാടി ഷോളയൂർ പഞ്ചായത്തിലെ കോട്ടത്തറ വില്ലേജിൽ 1196 ഏക്കർ ഭൂമി വട്ട് ലക്കി ഗിരിജൻ ഫാമിംഗ് സൊസൈറ്റിക്ക് ഉണ്ട് . ജില്ലാ കലക്ടർ പ്രസിഡന്റ് ആയും , പ്രൊജക്റ്റ് ഓഫീസർ വൈസ് പ്രസിഡണ്ട് ആയും, അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർ സെക്രട്ടറിയായും സൊസൈറ്റിയുടെ സ്ഥലത്ത് താമസിക്കുന്ന നാൽപതു പട്ടിക വർഗ കുടുംബങ്ങളുടെ അംഗങ്ങൾ തൊഴിലാളികൾ ആയിട്ടുണ്ട് .ഡ്രൈ ഫാമിംഗ് കൃഷി രീതി അവലംബിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചു വരുന്നു .

7.1.2.31 ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിതരണം

അട്ടപ്പാടി മേഖലയിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് പതിച്ചു നൽകുന്നതിനുള്ള 26 വി. എഫ് .സി കളാണ് കണ്ടെത്തിയിട്ടുള്ളത് . ടി ഭൂമി അളന്ന് തിരിക്കുന്നതിനു വേണ്ടി 45 പേർ ഉൾപെടുന്ന സർവേ ടീമിനെ നിയോഗിക്കുകയും സരേക്കവശ്യമായ അത്യാധുനിക ഉപകരണങ്ങൾ എത്തിക്കുകയും ചെയ്തിട്ടുണ്ട് . പതിച്ചു നൽകാൻ സാധിക്കുന്ന കൃഷിയോഗ്യമായ 2000 ഹെക്ടർ ഭൂമി ഇതിനകം കണ്ടെതിയിട്ടുണ്ട് . ഇതിന്റെ പരിസരത്ത് താമസിക്കുന്ന ഊര് നിവാസികൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ , എസ് .ടി പ്രമോട്ടർമാർ മുഖേന സ്ഥലം കാണിച്ചുകൊടുത്ത് സമ്മതം തേടിയിരുന്നു . ഇപ്രകാരം സമ്മതം നൽകിയ 615 (അഗളി -166, പുതൂർ -144, ഷോലയൂർ- 305 പേർ) ഗുണഭോക്തകൾക്ക് വി .എഫ് .സി ആയി തരംതിരിച്ച് പ്രസ്തുത വി.എഫ് .സി കളുടെ അതിർത്തികൾ നിശ്ചയിക്കുന്ന പ്രവർത്തികൾ നടന്നുവരുന്നു . ഇതിൽ സമ്മത

പത്രം നൽകിയ 120 പേർക്കുള്ള 99.81 ഏക്കർ ഭൂമി സബ് ഡിവിഷൻ ചെയ്ത സ്കെച് പൂർത്തിയായിട്ടുണ്ട്. അനുവദിച്ച നല്കിയ ഭൂമി കൃഷിക്കും വാസയോഗ്യമാക്കുന്നതിനായി എൻ . ആർ .ഇ .ജി .എസ് മായി ബന്ധപെട്ടു നടപടി സ്വീകരിക്കാവുന്നതാണ് .

7.1.2.32 <u>വനാവകാശ നിയമം</u>

7.1.2.32.1 അട്ടപ്പാടി മേഖലയിൽ വനാവകാശം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു ലഭിച്ച 4382 അപേക്ഷകളിൽ 1853 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 283 അപേക്ഷകൾക്ക് 320.349 ഹെക്ടർ ഭൂമിക്കു കൈവശ രേഖ നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഡി .എൽ .സി പാസാക്കിയിട്ടും വനം വകുപ്പിന്റെ എതിർപ്പിനെ തുടർന്ന് ടൈറ്റിലുകൾ അനുവദിച്ചു നൽകാൻ കഴിഞ്ഞിട്ടില്ല . ബാക്കിയുള്ള 2167 അപേക്ഷകൾ 2016-17 കാലത്ത് സ്വീകരിച്ചവയാണ് . ഇതിൽ നിന്നും 640 അപേക്ഷകളാണ് സംയുക്ത പരിശോധന പൂർത്തിയാക്കിയിട്ടുള്ളത് . ഇതിൽ 60 അപേക്ഷകൾ ഡി . എൽ .സി . തലത്തിലും പാസ്സയിട്ടുണ്ട് . പാസ്സായ 60 അപേക്ഷകൾക്ക് ടൈറ്റിലുകൾ നൽകുന്നതിനു നടപടികൾ പുരോഗമിച്ചു വരുന്നു. നിലവിൽ കള്ളമല എഫ് .ആർ . സി ബന്ധപ്പെട്ട 106 അപേക്ഷകൾക്ക് സർവേ നടന്നു വരുന്നു . വ്യക്തിഗത വനവകാശങ്ങൾ മാത്രമേ അട്ടപ്പാടി ഐ.റ്റി.ഡി.പി യുടെ പരിധിയിൽ ''റെക്കോർഡ് ഓഫ് റൈറ്റ് '' നൽകിയിട്ടുള്ളത് . സാമൂഹ്യ വനാവകാശങ്ങളിൽ 47 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 43 അപേക്ഷയിൽ ഡി.എൽ .സി. തലത്തിൽ പാസ്സായിട്ടുണ്ട് എങ്കിലും കൈവശ രേഖ നൽകിയിട്ടില്ല.

7.1.2.32.2 വന വിഭവങ്ങൾ ശേഖരിച്ച് സൊസൈറ്റികളിലും മറ്റും വിൽപ്പന നടത്തിയാണ് വനത്തിലും വനതിലോടുചെർന്നുള്ള ഉരുകളിലെ ഒട്ടുമിക്ക കുടുംബങ്ങളും ഒരുപരിധിവരെ ഉപജീവനം നടത്തുന്നുണ്ട്. അതുകൊണ്ടുതന്നെ വനവിഭവങ്ങളുടെ കുറവ് ഇവരുടെ ദൈനംദിനജീവിതത്തെ സാരമായി ബാധിക്കുന്നതാണ്. വന്യജീവികളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്കും കൃഷി നാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. അർഹതപ്പെട്ടവർക്ക് യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിന് ഐ .റ്റി .ഡി . പി ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നുണ്ട് .

7.1.2.32.3 നിലവിൽ അട്ടപ്പാടി മേഖലയിൽ നിന്നും ആദിവാസികളുടെ അന്യധീനപെട്ട ഭൂമിയുമായി ബന്ധപെട്ടു 232 TLA കേസുകളിന്മേൽകോടതി നടപടി പുരോഗമിച്ചു വരുന്നു . ഐ . റ്റി .ഡി . പി പട്ടിഗ്ഗവർഗ്ഗക്കർക്കായി ഭൂരഹിതരുടെ കണക്കു ശേകരിച്ചിട്ടുണ്ട് . ഇതിന്റെ മുന്നോടിയായി വിവിധ വകുപ്പുകളുടെയും മണ്ണാർക്കാട് MLA യുടെയും അട്ടപ്പാടി മേഖലയിൽ നിന്നുള്ള ജനപ്രധിനിതികളുടെയും സംയുക്ത യോഗം രണ്ടു മാസം മുൻമ്പ് റവന്യു വകുപ്പ് മന്ത്രി വിളിച്ചു ചേർക്കുകയും തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപെട്ടവർക്ക് വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട് . 1992 മുതൽ 2014 വരെ 153 കേസ്സുകൾ പട്ടിഗ്ഗവര്ഗ്ഗക്കാർക്ക് എതിരെ ഉള്ള അതിക്രമം തടയൽ നിയമ പ്രകാരം രെജിസ്റ്റർ ചെയ്തിട്ടുണ്ട് .ഇതിൽ നാല് പേരെ ശിക്ഷിക്കുകയും അറുപത്തിഒൻപതു പേർക്ക് നഷ്ട പരിഹാരം നൽകി.

7.1.2.33 <u>വിദ്യാഭ്യാസ അഭിവൃദ്ധിക്കായി മേഖല നടപ്പിലാക്കേണ്ട പദ്ധതി നിർദ്ദേശങ്ങൾ</u>

7.1.2.33.1 പട്ടികവർഗ വികസന വകുപ്പിനു കീഴിൽ അട്ടപ്പാടി ഐ.റ്റി.ഡി.പി ഓഫീസിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ 16 പ്രീ മെട്രിക് ഹോസ്റ്റലുകൾ (11 ആൺ കുട്ടികൾക്കുള്ളതും, 5 പെൺകുട്ടികൾക്കുള്ളതും) പ്രവർത്തിച്ചു വരുന്നു. ഹോസ്റ്റലുകളിൽ താമസം, ഭക്ഷണം, പഠനഉപകരണങ്ങൾ തുടങ്ങി എല്ലാ വിദ്യാഭ്യാസ ചിലവുകളും അന്തേവാസികൾക്ക് സൗജന്യമാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകൾ

നിലവിലില്ല. അനുവദിനീയമായ എണ്ണത്തിൽ കൂടുതൽ പട്ടിക വർഗ വിദ്യർത്ഥികളെ പ്രവേശിപ്പിക്കേണ്ട സാഹചര്യം നിലവിലുള്ളതിനാൽ അടിസ്ഥാന സൌകര്യങ്ങളിൽ പരിമിതികൾ ഉണ്ട് .

ഹോസ്റ്റൽ ഭക്ഷണ ചിലവ്

1 മുതൽ 10 ക്ലാസ് വരെ ഉള്ള കുട്ടികൾ	3000/-
പ്ലസ് വൺ, പ്ലസ്ടു, ഐ.ടി.ഐ, ഡിഗ്രി വിഭാഗക്കാർക്ക്	3450/-

എസ് .എസ് . എൽ .സി (അട്ടപ്പാടി മേഖല)

സ്ഥാപനം	വർഷം	പരീക്ഷ എഴുതിയവരുടെ എണ്ണം	പാസ്സായവരുടെ എണ്ണം	തോറ്റവരുടെ എണ്ണം
PMH	2017	147	127	20
MRS	2017	35	35	0
PMH	2018	182	160	22
MRS	2018	35	35	0

7.1.2.33.2 വിദ്യാഭ്യാസ ഉന്നമനം പട്ടിക വർഗ ജനതയ്ക്ക് ലഭിക്കുന്നതിനായി സർക്കാർ മേഖലയിൽ പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, പ്രീമെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുകയും നിലവിലുള്ളവയുടെ അടിസ്ഥാനസൌകര്യങ്ങൾ വികസിപ്പിക്കുകയും ആവശ്യമാണ് .

7.1.2.33.3 അട്ടപ്പാടി മേഖലയിൽ സാങ്കേതിക വകുപ്പിന്റെ കീഴിൽ ഒരു ഐ.റ്റി.ഐ യും (മട്ടത്തുകാട്), ഒരു തയ്യൽ പരിശീല്നകേന്ദ്രവും (ഗ്രളിക്കടവ്) പ്രവർത്തിക്കുന്നുണ്ട് . കൂടാതെ വട്ടലക്കിയിൽ സ്വകാര്യ മേഖലയിൽ ഒരു പോളിടെക്നിക്കും പ്രവർത്തിക്കുന്നുണ്ട് . അട്ടപ്പാടി കോട്ടത്തറയിൽ ഗവ. കോളജും ഐ. എച്.ആർ.ഡി ക്ക് കീഴിൽ അഗളിയിൽ അപ്ലൈഡ് സൈൻസ് കോളേജും പ്രവർത്തിക്കുന്നുണ്ട് .

7.1.2.33.4 അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യഥാസമയം ഗ്രാൻഡ് ലഭിക്കുന്നുണ്ട്. നിശ്ചിത പ്രായപരിധിയിലുള്ള എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികളെയും സ്കൂളിൽ എത്തിക്കുന്നതിനുള്ള നടപടികൾ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ് . ടി . പ്രോമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ ഐ. റ്റി. ഡി.പി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വാഹന സൌകര്യമില്ലാത്ത ഊരുകളിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനും കൊഴിഞ്ഞു പോക്ക് തടയുന്നതിനും ലക്ഷ്യമിട്ട് വാഹന സൌകര്യം ഏർപ്പാടാക്കിയിട്ടുണ്ട്. ഗോത്രസാരഥി പദ്ധതി ഇതിനുവേണ്ടി പട്ടിഗ്ഗവർഗ്ഗ വികസനവകുപ്പ് നടപ്പാക്കി വരുന്നു. ഉന്നത വിദ്യഭ്യാസം നേടുന്നതിനുള്ള കരിയർ ഗൈഡൻസ് ക്ലാസ്സുകൾ ഐ.റ്റി.ഡി.പി മുഖേന എല്ലാ അധ്യന വർഷങ്ങളിലും നടപ്പിലാക്കുന്നുണ്ട് .

7.1.2.33.5 അട്ടപ്പാടി മേഖലയിലെ പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് നീക്കി വെക്കുന്ന ഫണ്ട് ഒരു പരിധിവരെ യഥാസമയം ലഭിക്കാറുള്ളൂ. പ്രധാനമായും പ്രീമെട്രിക്ക് ഹോസ്റ്റുകളിലെ ദൈനംദിന ചിലവുകൾ, അവിവാഹിതരായ ആദിവാസി അമ്മമ്മാർക്കുള്ള പ്രേത്യേക പദ്ധതികൾ, അയ്യങ്കാളി മെമ്മോറിയൽ സ്കോളർഷിപ്പ് , നഴ്സറി സ്കൂളുകൾക്കുള്ള ദൈനംദിന ചിലവുകൾ തുടങ്ങിയ പദ്ധതികൾക്കുള്ള ഫണ്ടുകൾ യഥാക്രമം ലഭിക്കാറില്ല . ബഡ്ജറ്റ് വിഹിതത്തിലെ കുറവായിരിക്കാം ഇങ്ങനെ ഒരു അവസ്ഥയ്ക്ക്

കാരണം എന്ന് കരുതുന്നു. അട്ടപ്പാടി മേഖലയിൽ പല വകുപ്പുകളുമായി സഹകരിച്ചാണ് പട്ടികവർഗ്ഗ വികസനവകുപ്പ് ഐ.റ്റി .ഡി .പി മുഖേന പദ്ധതികൾ നടപ്പിലാക്കുന്നത് . വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒറ്റപ്പാലം സബ് കലക്ടറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട് .

7.1.2.33.6 അട്ടപ്പാടി ഐ.റ്റി.ഡി.പി യുടെ കീഴിൽ 192 ഊരുകളാണ് ഉള്ളത് . ഈ ഊരുകളിൽ 135 ഊരുകളിലാണ് പ്രോമോട്ടർമാരെ നിയമിച്ചിട്ടുള്ളത്. ശേഷിക്കുന്ന 57 ഊരുകളിൽ പ്രോമോട്ടർമാർക്ക് അധിക ചുമതല കൂടി നൽകിയിരിക്കുകയാണ്. സങ്കീർണ്ണമായ നിരവധി പ്രശ്നങ്ങളുള്ള അട്ടപ്പാടി മേഖലയിൽ പ്രമോട്ടർമാരുടെ സേവനം അത്യന്താപേക്ഷിതമാണ്. ഒട്ടുമിക്ക പ്രമോട്ടർമാരും അവരുടെ പ്രവർത്തന മേഖലയിൽ മെച്ചപ്പെട്ട സേവനം നടത്തിവരുന്നു. നിലവിൽ 9625/- രൂപ മാത്രം പ്രതിമാസം ഓണറേ റിയത്തിനാണ് ഇവർ ജോലി ചെയ്തുവരുന്നത് . ഓരോ വർഷവും ഇന്റർവ്യൂ നടത്തിയാണ് ഇവരെ നിയമിക്കുന്നത്. നിലവിൽ എട്ടാംക്ലാസ് എങ്കിലും യോഗ്യത ഉള്ളവരെയാണ് തിരഞ്ഞെടുക്കുന്നത്. പ്രാക്തന ഗോത്ര വിഭാഗക്കാർക്ക് എട്ടാം ക്ലാസ് വിദ്യാഭ്യാസമെങ്കിലും ഉണ്ടെങ്കിൽ പരിഗണിക്കുന്നതാണ്. എസ്.സി പ്രമോട്ടർമാരുടെ പ്രവർത്തന കാലാവധി മൂന്ന് വർഷമെങ്കിലും ആക്കി നിജപെടുത്തിയാൽ ഇവർക്ക് കുറെ കൂടി കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്.

7.2 വനിതാവികസനം

7.2.1 ആമുഖം

7.2.1.1 പഞ്ചായത്ത് രാജ് നിയമത്തിൽ നിർദ്ദേശിക്കുന്ന രീതിയിൽ രണ്ടു ദശാബ്ദങ്ങൾക്കുശേഷം ജില്ലാ പദ്ധതികൾ തയ്യാറാവുകയാണ്. സമഗ്രവും ദീർഘവീക്ഷണത്തോടും കൂടി തയ്യാറാക്കുന്ന ജില്ലാ പദ്ധതിയിൽ ജില്ലയിലെ മനുഷ്യപ്രകൃതി വിഭവങ്ങളുടെ കൃത്യമായ വികസന ക്ഷേമ സൂചികകൾ കണ്ടെത്തുകയും അവയെ സവിശേഷ കാഴ്ചപ്പാടുകളും വൈദഗ്ധ്യവും ഉപയോഗിച്ച് പ്രവർത്തന പഥത്തിൽ എത്തിക്കുയും ചെയ്യുക എന്നതാണ് കാഴ്ചപ്പാട്. അതിനാൽ തന്നെ പദ്ധതി രൂപീകരണം ഗൌരവമുള്ളതാകുന്നു. ഈ പദ്ധതിയിലേയ്ക്ക് വനിതകൾക്കുവേണ്ടി ഉറക്കെ ചിന്തിക്കുന്ന ഒരു ഉപവിഭാഗം കൂടി കൂട്ടി ചേർക്കേണ്ടതുണ്ട്. പ്രസ്തുത വിഷയത്തിൻറെ വിവിധ വശങ്ങളിലേയ്ക്ക് വെളിച്ചം വീഴുന്ന ചില കണ്ടെത്തലുകൾ അവതരിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. വനിതാക്ഷേമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ആവശ്യങ്ങൾ, സാധ്യതകൾ, ഏകോപന സംയോജന സാദ്ധ്യതകൾ എന്നീ വിഷയങ്ങൾ കൂടി ചർച്ച ചെയ്യുവാൻ ഈ പദ്ധതി കരടുരേഖയിൽ ശ്രമിക്കുന്നുണ്ട്.

7.2.1.2 ത്രിതല പഞ്ചായത്തുകൾ വനിതാഘടക പദ്ധതികൾക്ക് വേണ്ടി തുക നീക്കിവയ്ക്കുമ്പോൾ ധനസഹായം നൽകുന്ന പദ്ധതികൾ ഏറ്റടുക്കേണ്ടതില്ല. മറ്റ് ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ധനസഹായം വനിതകൾക്ക് ലഭ്യമാക്കാൻ അവസരമുണ്ട്. ഉദാ പട്ടികജാതി, പട്ടികവർഗ്ഗവകുപ്പുകൾ, കുടുംബശ്രീ, അടിസ്ഥാനസൌകര്യങ്ങൾ, വിപണനസൌകര്യങ്ങൾ, പൊതുവായ സൌകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പദ്ധതികൾ ത്രിതല സംവിധാനത്തിലൂടെ നടപ്പിലാക്കണം.

7.2.1.3 ശതമാനം എന്ന കണക്കിൽ ഒതുക്കി നിർത്താതെ ഉല്പാദന, സേവന, പശ്ചാത്തല മേഖലകളിൽ വനിതകൾക്ക് തുല്യപ്രാധാന്യമുള്ള പദ്ധതികൾക്ക് തുക വകയിരുത്തണം. സ്ത്രീ ശാക്തീകരണത്തിനും, സ്വയം പര്യാപ്തയ്ക്കും ഉതകുന്ന പദ്ധതികൾ നടപ്പിലാക്കണം.

7.2.2 അവസ്ഥാ വിശകലനം

7.2.2.1 കുടുംബശ്രീ

7.2.2.1.1 സംസ്ഥാനത്തെ ജനജീവിതത്തിൽ വളരെയേറെ മാറ്റങ്ങൾ സൃഷ്ടിച്ച നവീന സംരംഭമായ കുടുംബശ്രീ ഇന്ന് 40 ലക്ഷത്തിൽ കൂടുതൽ അംഗങ്ങളുള്ള ഏഷ്യയിലെ ഏറ്റവും വലിയ സർക്കാരിതര ഏജൻസിയായി പ്രവർത്തിക്കുന്നു. കുടുംബശ്രീയുടെ പ്രവർത്തന മേഖലകൾ ഗ്രാമനഗര ഭേദമന്യെ പല തട്ടുകൾ കടന്ന് ഒരു പുതിയ ദിശാബോധത്തിലേക്ക് കുതിക്കുകയാണ്. വ്യോമയാത്രയിലെ ഭക്ഷണം, മെട്രോ റെയിൽവേയുടെ സാരഥ്യം ഉൾപ്പെടെ നിരവധി പ്രത്യേകതകൾ കുടംബശ്രീയുടെതായി ഉയർന്നുവന്നിട്ടുണ്ട്.

7.2.2.1.2 നിർദ്ധനരും, നിരാലംബരുമായ സ്ത്രീ കുടുംബനാഥകൾക്ക് താല്ക്കാലിക ആശ്വാസം എന്നി നിലയിൽ തുടങ്ങിയ ത്രിഫ്റ്റ് നിക്ഷേപ പദ്ധതിയിൽ തുടങ്ങിയ ആത്മവിശ്വാസത്തോടെയുള്ള പ്രവർത്തനം ഇന്ന് നിരവധി മേഖലകൾ കടന്നിട്ടുണ്ട്. ജില്ലയിലുള്ള കുടുംബശ്രീ പ്രവർത്തനങ്ങളുടെ രൂപരേഖ ചുവടെ ചേർക്കുന്നു.

- എൻ.എച്ച്.ജി -22468
- എ.ഡി.എസ് -1691

- സി.ഡി.എസ് -96
- ആകെ ത്രിഫ്റ്റ് – 226 കോടി
- ആന്തരിക വായ്പ – 447 കോടി
- കൃമിലേറ്റീവ് ലിങ്കേജ് എൻ.എച്ച്.ജി – 18196 തുക 583 കോടി
- ലൈവ് ലിങ്കേജ് എൻ.എച്ച്.ജി – 15221 തുക -354 കോടി
- ആകെ എം.ഇ യൂണിറ്റുകൾ -1168
- ഫാമിംഗ് – 524
- നോൺ ഫാർമിംഗ് -1130
- ആകെ ജെ.എൽ.ജി -3953
- ആകെ ഏരിയ – 5575 ഏക്കർ
- ആകെ എസ്.ടി പഞ്ചായത്തുകൾ -28
- ജെൻറർ റിസോഴ്സ് സെൻറർ - 13
- കമ്മ്യൂണിറ്റി കൌൺസിലിംഗ് സെൻറർ -5
- ഡി.ഡി.യു.ജി.കെ.വൈ സെൻററുകൾ -4
- കോഴ്സ് പൂർത്തിയാക്കിയ പരിശീലനാർത്ഥികൾ -1764
- തൊഴിൽ നേടിയവർ -955
- ആകെ ബാലസഭ – 3520
- കുട്ടികൾ - 38720
- ബഡ്സ് /ബി.ആർ.സി -7
- ആശ്രയ -95

7.2.3 <u>നിലവിലുള്ള പ്രശ്നങ്ങൾ, ആസൂത്രണ വിടവുകൾ</u>

കേരളം കൈവരിച്ച നിരവധി സാമൂഹ്യ നേട്ടങ്ങളുടെ ഫലമായി സ്ത്രീകളുടെ അവസ്ഥ ചില മേഖലകളിൽ ഉയർന്നിട്ടുണ്ട്. സ്ത്രീ സാക്ഷരത, പെൺകുട്ടികളുടെ ഉയർന്ന സ്കൂൾ പ്രവേശന നിരക്ക്, കുറഞ്ഞ മാതൃശിശു മരണനിരക്ക്, ഉയർന്ന ആയുർദൈർഘ്യം എന്നിവ അവയിൽ ചിലതാണ്. ഇതിൻറെ മറുപുറത്ത്, സ്ത്രീകൾ നേരിടുന്ന വിവിധ ചൂഷണങ്ങൾ, വിവേചനം, അടിച്ചമർത്തൽ എന്നിവ തടയുന്നതിന് മെച്ചപ്പെട്ട അവസ്ഥകളൊന്നും സഹായകമായിട്ടില്ല. പാർശ്വവത്കരിക്കപ്പെട്ട ദളിത്, ആദിവാസി വിഭാഗങ്ങൾ, മത്സ്യ തൊഴിലാളികൾ, ചേരിയിലെ താമസക്കാർ കുടിയേറ്റ കുടുംബങ്ങളിലെ സ്ത്രീകൾ എന്നിവർക്ക് ദാരിദ്ര്യം, തൊഴിലില്ലാമ, ജാതീയം, ലിംഗപരം, വർഗ്ഗപരം എന്നീങ്ങനെയുള്ള വിവേചനങ്ങളും ചൂഷണങ്ങളും ഇപ്പോഴും നേരിടുന്നുണ്ട്.

7.2.4 <u>സ്ത്രീകളും തൊഴിലും</u>

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൻറെ ദേശീയ ശരാശരി 25.7 ശതമാനമാണ്. എന്നാൽ കേരളത്തിൽ അത് 15.3 ശതമാനമാണ്. സ്ഥിരമായ വരുമാനവും തൊഴിൽ അവകാശങ്ങളും, തൊഴിൽ

സുരക്ഷിതത്വവും ഉറപ്പു നൽകാത്ത സേവന, സ്വകാര്യ അസംഘടിത മേഖലകളിലാണ് ഭൂരിപക്ഷം സ്ത്രീകളും ജോലിയെടുക്കുന്നത്. കാർഷിക മേഖല പോലുള്ള കഠിനാദ്ധ്വാന തൊഴിലുകളിൽ പുരുഷന്മാർക്കു തുല്യമായ വരുമാനമല്ല സ്ത്രീകൾക്കു ലഭിക്കുന്നത്. ചില സർക്കാർ വകുപ്പുകളിലും ഈ രീതി തുടർന്നു വരുന്നു.

7.2.5 സ്വത്തിന്മേലുള്ള ഉടമസ്ഥാവകാശം

2003 അടിസ്ഥാനമാക്കിയ സാമ്പത്തിക അവലോകനത്തിൽ കേരളത്തിലെ സ്ത്രീകളിൽ സ്വന്തം പേരിൽ ഭൂമിയുള്ളവർ 23.8 ശതാനമാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിലായി വലിയ മാറ്റങ്ങളൊന്നും തന്നെ രേഖപ്പെടുത്തുകയുണ്ടായില്ല. ഇങ്ങനെ അവകാശമുള്ള ഭൂമിയിൽ നിന്നുള്ള വരുമാനവും നിയന്ത്രണവും അധികാരവും സ്ത്രീകൾക്ക് പരിമിതമായേ ഉള്ളൂ.

7.2.6 സ്ത്രീകൾക്ക് രാഷ്ട്രീയ അധികാരത്തിൻറെ തോത്

നിലവിലുള്ള രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ തുടങ്ങിയവയിൽ രാഷ്ട്രീയാധികാരം, സ്ത്രീകൾക്ക് പരിമിതപ്പെടുത്തിയിരിക്കുന്നു. കേരള നിയമസഭയിൽ 10 ശതാനത്തിൽ കൂടുതൽ പ്രതിനിധ്യം സ്ത്രീകൾക്ക് ഉണ്ടായിട്ടില്ല. ലോകസഭയിലേക്ക് 2 സ്ത്രീകൾ മാത്രമാണ് ഉണ്ടായിരുന്നത്. പ്രാദേശിക ഭരണ സംവിധാനത്തിൽ നിർബന്ധമായ 50 ശതമാനം സ്ത്രീ സംവരണം ഉള്ളതുകൊണ്ടാണ് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 50 ശതമാനം സ്ത്രീ പ്രാതിനിധ്യം നിലനില്ക്കുന്നത്.

7.2.7 സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം

ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഗാർഹികാതിക്രമം, ബലാൽസംഗം, ട്രാഫിക്കിങ്ങ്, ചൈൽഡ് അബ്യൂസ് അഥവാ കുട്ടികൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ എന്നിവ കേരളത്തിൽ കൂടി വരുന്നുണ്ട്. രജിസ്റ്റർ ചെയ്യപ്പെടാത്തവയും വനിതാ കമ്മീഷനിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന പരാതികളും കൂടി പരിശോധിച്ചാൽ ഈ വിടവ് വലുതാണ് എന്ന് എളുപ്പം ബോദ്ധ്യമാവും.

7.2.8 സാങ്കേതിക വിദ്യാഭ്യാസത്തിലെ സ്ത്രീ പങ്ക്

എഞ്ചിനീയറിങ്ങ്, പോളിടെക്നിക്ക്, ഐ.ടി.ഐ കൾ എന്നീ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെൺകുട്ടികൾ കുറവാണ്. ഐ.ടി.ഐ കളിൽ 28 ശതമാനവും പോളിടെക്നിക്കുകളിൽ 26 ശതമാനവും എഞ്ചിനീയറിങ്ങിൽ 30 ശതമാനവും പെൺകുട്ടികളാണെന്നതും രേഖപ്പെടുത്തിയിട്ടുണ്ട്.

7.2.9 സ്ത്രീകൾക്കിടയിലെ രോഗ വർദ്ധനവ്

തൊഴിൽ, കുടുംബം എന്നിവിടങ്ങളിലെ അത്യദ്ധ്വാനവും പുതിയ ജീവിതശൈലി രോഗങ്ങളും സ്ത്രീകൾക്കിടയിൽ വർദ്ധിച്ചു വരുന്നതായി സംസ്ഥാന കണക്കുകൾ തെളിയിക്കുന്നു.

7.2.10 ലിംഗാനുപാതത്തിൽ പെൺകുട്ടികളുടെ കുറവ്

0-6 പ്രായത്തിലുള്ള കുഞ്ഞുങ്ങളുടെ കണക്കെടുത്താൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു. നിലവിലെ അനുപാതം 1000: 963. 2001 ലെ സെൻസസ് സൂചിപ്പിക്കുന്നത് സംസ്ഥാനത്തെ ആകെ ജനസംഖ്യയിൽ 12:48 ശതമാനം ആൺകുട്ടികളും 10:95 പെൺകുട്ടികളുമാണെന്നാണ്.

7.2.11 കുടുംബാസൂത്രണ പ്രവർത്തനങ്ങളിലെ പങ്ക്

പാർശ്വഫലങ്ങൾ ശ്രദ്ധിക്കാതെ ഉപയോഗിക്കുന്ന കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പൂർണ്ണമായും സ്ത്രീകളിൽ അടിച്ചേല്പിക്കപ്പെടുന്നു.

7.2.12 വൃദ്ധരായ സ്ത്രീകൾ

60 വയസ്സിനുമുകളിലുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കേരളത്തിൽ കൂടുതലാണ്. 2001 ലെ സെൻസ്സ് പ്രകാരം സ്ത്രീകളുടെ എണ്ണം 10.16 ലക്ഷവും പുരുഷന്മാരുടേത് 8.96 ലക്ഷവുമാണ്. ആരോഗ്യ പ്രശ്നങ്ങൾ, പോഷകാഹാരകുറവ്, ഒറ്റപ്പെടൽ, ഗാർഹിക്കാതിക്രമം എന്നിങ്ങനെ നിരവധി പ്രശ്നങ്ങൾ വൃദ്ധ സ്ത്രീകൾ നേരിടുന്നു.

ഇതിനുപുറമെ കുടുംബം പോറ്റുന്ന സ്ത്രീകളുടെ എണ്ണം കൂടുന്നതായി തെളിഞ്ഞിട്ടുണ്ട്. ദേശീയ ശരാശരിയിൽ ഇത് 8 ശതമാനവും എന്നാൽ കേരളത്തിൽ 22 ശതമാനവുമാണ്. കേരളത്തിലെ സ്ത്രീകൾ സാമാന്യമായും സവിശേഷമായും നേരിടുന്ന ജീവിതാവസ്ഥകൾ, ജില്ലയിൽ കൂടുതലായി പ്രതിഫലിക്കപ്പെടുന്നുണ്ട്. കാർഷിക മേഖലയിലെ തകർച്ച, തൊഴിലില്ലായ്മ, തൊഴിലുറപ്പ് പദ്ധതിയിലെ മുരടിപ്പ്, കുടുംബബന്ധങ്ങളിലെ അവകാശതർക്കങ്ങൾ, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, തുടങ്ങിയ നിരവധി കാരണങ്ങൾ ജില്ലയിലെ സ്ത്രീകളുടെ വളർച്ചയെ പിന്നോട്ടടിച്ചതായി കാണാം. ഈ പ്രശ്നങ്ങളെ മറികടക്കുന്നതിന് ദീർഘവീക്ഷണത്തോട് കൂടിയ വികസനാസൂത്രണങ്ങൾ ഈ മേഖലയിൽ അനിവാര്യമാണ്.

7.2.13 ലിംഗപദവി ആസൂത്രണം

7.2.13.1 സ്ത്രീ പുരുഷ അസമത്വങ്ങളുടെ പ്രത്യാഘാതങ്ങളുടെ ഫലമായി സ്ത്രീകൾ അനുഭവിക്കുന്ന ചൂഷണം, വിവേചനം, അടിച്ചമർത്തൽ എന്നീ പ്രശ്നങ്ങളെ നേരിടാനും, സ്ത്രീകളുടെ പദവി ഉയർത്തുവാനും പ്രാപ്തമായ വികസന പ്രവർത്തനങ്ങൾ കണ്ടെത്തുകയാണ് ലിംഗപദവി ആസൂത്രണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവും, നിയപരവും, കുടുംബപരവുമായ ഘടനകൾ, എന്നിവയിൽ ഇന്ന് നിലനില്ക്കുന്ന അസമത്വങ്ങളെ വിശകലനം ചെയ്യാനും പരിഹരിക്കാനും ലിംഗപദവി ആസൂത്രണം സഹായിക്കുന്നു.

7.2.13.2 ലിംഗപദവി അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന തൊഴിൽ വിഭജനം ക്രമേണ സാമൂഹ്യ നിയമം ആയിമാറുന്നു. അവ, സ്ത്രീ പുരുഷൻമാരിൽ വ്യത്യസ്ത കഴിവുകൾ രൂപപ്പെടുത്തുന്നു. ലിംഗപദവി ബന്ധങ്ങൾ ശ്രേണിപരമായതുകൊണ്ടുതന്നെ സ്ത്രീകളുടെ തൊഴിലുകൾക്ക് വിലകൽപ്പിക്കാതിരിക്കുകയും അവയ്ക്ക് ആവശ്യമായ വിഭവങ്ങൾ ലഭ്യമാകാതിരിക്കുകയും ചെയ്യുന്നു.

7.2.13.3 തന്ത്രപരമായ ചില ലിംഗപദവി ആവശ്യങ്ങൾ, പ്രത്യേകതകൾ സ്ത്രീകളുടെ വികാസപരമായ ഉയർച്ചയിലേയ്ക്ക് നയിക്കുന്നതാണ്. സമൂഹത്തിൽ നിലനിൽകുന്ന കീഴാളപദവിയെ മറികടക്കാൻ സഹായിക്കുന്ന ആവശ്യങ്ങളെയാണ് തന്ത്രപരമായ ലിംഗപദവി ആവശ്യങ്ങൾ എന്നു പറയുന്നത്. ഉദാഹരണമായി കുടുംബത്തിലെ ഇരട്ടജോലി ഭാരം കുറയ്ക്കുക പുരുഷ പങ്കാളിത്തം വർദ്ധിപ്പിക്കുക. സ്ത്രീകളുടെ ഉന്നമനത്തിന് സഹായകരമായ മറ്റൊരു കാര്യം വിഭവങ്ങൾ ഉപയോഗിക്കാനുള്ള സാധ്യതയാണ്. വിഭവങ്ങൾ ഉപയോഗിക്കുന്നതിന് പുരുഷനോടൊപ്പം സ്ത്രീക്കും കൂടി അധികാരം ലഭിക്കുമ്പോൾ അവിടെ പ്രാപ്യതയും നിയന്ത്രണത്തിനുള്ള സാധ്യതയും തെളിയുന്നു.

7.2.13.4 സ്വന്തം ജീവിതത്തിൻറെ അവസ്ഥ വിമർശനാത്മകമായി വിശകലനം ചെയ്യാനും, ആ അവസ്ഥയെ മെച്ചപ്പെടുത്തുന്നതിന് അറിവ്, അവകാശബോധം, വൈദഗ്ധ്യം എന്നിവ സ്ത്രീകൾ ആർജ്ജിച്ചെടുക്കുന്ന പ്രക്രിയയാണ് സ്ത്രീ ശാക്തീകരണം. കുടുംബം, സമൂഹം, നിയമം തുടങ്ങിയ സംവിധാനങ്ങളിൽ നിലനിൽക്കുന്ന സ്ത്രീ പുരുഷ അധികാരബന്ധങ്ങളിൽ മാറ്റം വരുത്താൻ നടത്തുന്ന ശ്രമവും കൂടിയാണത്.

7.2.13.5 സ്ത്രീകളുടെ പ്രധാന മൂന്ന് ഉത്തരവാദിത്തങ്ങളായ പ്രത്യുൽപാദനം, വരുമാനദായക ജോലികൾ, സാമൂഹ്യ ഉത്തരവാദിത്തങ്ങൾ എന്നിവയെ പൂർണ്ണമായി ഉൾക്കൊള്ളുന്ന പദ്ധതികൾ ഉണ്ടാവണം. അതിന് ലിംഗപദവി പഠനവും ആസൂത്രണവും അത്യാവശ്യ ഘടകമാണ്.

7.2.14 ജാഗ്രതാസമിതി

ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ നിലവിലുണ്ട്. വാർഡ്തല ജാഗ്രതാ സമിതികൾ കാര്യക്ഷമമല്ല. 2016-17 വർഷം 73 പരാതികൾ ലഭിച്ചതിൽ

65 എണ്ണം തീർപ്പായിട്ടുണ്ട്. 2017-18 ൽ ഇതുവരെ 94 പരാതികൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 40 എണ്ണം തീർപ്പായി.

7.2.15 സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ

- സ്ത്രീകൾക്കു കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾക്ക് 60 ദിവസത്തിനുള്ളിൽ തീരുമാനമോ വിധിയോ ഉണ്ടാകണമെന്നാണ് നിയമങ്ങളും ഉത്തരവുകളും അനുശാസിക്കുന്നത്. എന്നാൽ അത് പാലിക്കപ്പെടാറില്ല.
- സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക അതിക്രമ കേസുകളുടെ എണ്ണം 2016-17 — 591
- ധനസഹായം നൽകിയത് -21

7.2.16 സ്ത്രീ സൌഹൃദ പൊതു സ്ഥാപനങ്ങൾ

- ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകകാരമുള്ള അഗതി മന്ദിരങ്ങൾ - 4
- മഹിളാ മന്ദിരം — 1
- സ്ത്രീകൾക്കായുള്ള ഹോസ്റ്റൽ -17
- സ്ത്രീകൾക്കായുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ -4
- മഹിളാമന്ദിരത്തിൽ 24 പേർ
- ശാരീരിക വൈകല്യമുള്ളവരുടെ ഭവനങ്ങളിൽ 28 പേർ
- വൃദ്ധസദനങ്ങളിൽ 612 പേർ
- ഫറിലിംഗ് ഹോമുകളിൽ 10 പേർ
- വൈകല്യമുള്ളവർക്കുള്ള സ്ഥാപനങ്ങളിൽ 457 പേർ
- മാനസിക വൈകല്യമുള്ളവർ 102 പേരും അനാഥ മന്ദിരങ്ങളിൽ -4904 പേർ
- നിർഭയ ഷെൽറ്ററിൽ - 15 പേർ

കുടുംബശ്രീയുടെ സ്ത്രീ സൌഹൃദ കേന്ദ്രമായ സ്നേഹിത യിലൂടെ താൽക്കാലിക അഭയം, കൌൺസിലിംഗ്, നിയമസഹായം എന്നീ സേവനങ്ങൾ നൽകുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടിട്ടുള്ള മുൻവർഷങ്ങളിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 7.2.1

വർഷം	2015	2016	2017	ആകെ
കേസുകളുടെ എണ്ണം	129	153	245	527
താൽക്കാലിക അഭയം നൽകിയത്	6	53	69	128

അവലംബം : കുടുംബശ്രീ

7.2.17 ജെന്റർ റിസോഴ്സ് സെന്റർ

ജില്ലയിൽ 5 ജെൻറർ റിസോഴ്സ്സ് സെന്ററുകൾ ഉണ്ട്. ജെന്റർ റിസോഴ്സസ് സെന്ററുകൾ വഴി ലഭ്യമാകുന്ന സേവനങ്ങൾ താഴെ ചേർക്കുന്നു.

- മിനി ലൈബ്രറി & റീഡിംഗ് ബുക്ക്സ്
- പ്രാദേശിക തൊഴിൽ വിഭവ കേന്ദ്രം

- കൌൺസിലിംഗ് സെൻറർ
- നിയമ സഹായം കേന്ദ്രം
- കാര്യശേഷി പരിശീലന കേന്ദ്രം
- പ്രാദേശിക വനിത കലാ കായിക – സാംസ്കാരിക കായിക വിഭവ കേന്ദ്രം
- സ്ത്രീകൾക്ക് താൽക്കാലിക പകൽ സമയ അഭയ കേന്ദ്രം

7.2.18. **മൈഗ്രേഷൻ സെന്റർ** മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും സ്ത്രീകൾക്കും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും ആവശ്യമായ പിന്തുണയും സഹായവും ഉറപ്പ് വരുത്തുക. ജില്ലയിൽ 5 മൈഗ്രേഷൻ സെന്ററുകൾ ഉണ്ട്.

7.2.19 **എ.എച്ച്.ടി – ഐ.ജി.പി പദ്ധതി**

ചിറ്റൂർ ബ്ലോക്കിൽ മനുഷ്യക്കടത്തിലേക്ക് നയിക്കുന്ന പ്രധാന കാരണങ്ങളെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവത്ക്കരണ പ്രവർത്തനങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നതിനായി കുടുംബശ്രീ – എ.എച്ച്.ടി പദ്ധതിയുടെ ഭാഗമായി തുടങ്ങിയിട്ടുള്ള സെൻററുകളാണ് മൈഗ്രേഷൻ സെന്റർ. ചിറ്റൂർ ബ്ലോക്കിലെ മൈഗ്രേഷൻ സെൻറർ ഓഫീസ് നല്ലേപ്പിള്ളി പഞ്ചായത്തിലാണ് ഇപ്പോൾ പ്രവർത്തിച്ചു പോരുന്നത്. പദ്ധതി ഗുണഭോക്താക്കളായിട്ടുള്ളത് വിധവകൾ, അവിവാഹിതരായ അമ്മമാർ, വിവാഹ ബന്ധം വേർപെടുത്തിയവർ, ബന്ധം വേർപ്പെടുത്താതെ ഉപേക്ഷിക്കപ്പെട്ടവർ, എയ്ഡ്സ് രോഗികൾ എന്നിവരാണ്.

7.2.20 **സ്ത്രീജന്യ രോഗങ്ങൾ**

ബ്രസ്റ്റ് ക്യാൻസർ, ഗർഭാശയ ക്യാൻസർ തുടങ്ങിയ സ്ത്രീകൾക്കുണ്ടാവുന്ന രോഗങ്ങളുടെ തരംതിരിച്ചുള്ള കണക്കുകൾ ജില്ലാതലത്തിൽ ക്രോഡീകരിക്കാനുള്ള സംവിധാനം ഇല്ലാത്തതിനാൽ സ്ഥിതി വിവരകണക്കുകൾ എടുക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

പട്ടിക 7.2.2

ഭരണരംഗത്തെ സ്ത്രീ പങ്കാളിത്തം

ക്രമ നം	തദ്ദേശ സ്വയം ഭരണ സ്ഥാപനം	ആകെ സീറ്റ്	വനിതകൾ	ജനറൽ സീറ്റിൽ മത്സരിച്ചവർ (ശതമാനം)	ശതമാനം
1.	ഗ്രാമപഞ്ചായത്ത്	1490	786	2.8	52.8
2.	ബ്ലോക്ക് പഞ്ചായത്ത്	183	96	2	52
3.	ജില്ലാ പഞ്ചായത്ത്	30	15	-	50
4.	മുനിസിപ്പാലിറ്റികൾ	240	122	0.8	50.8

ജനറൽ സീറ്റുകളിൽ വനിതകളുടെ പ്രാതിനിധ്യം വളരെ കുറവാണ് എന്നാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്. 1490 ഗ്രാമപഞ്ചായത്ത് അംഗങ്ങളിൽ ആകെ വനിതകൾ - 786, പട്ടികജാതി വനിതകൾ -166, പട്ടികവർഗ്ഗ വനിതകൾ -19, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ - 17, ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് -55, വൈസ് പ്രസിഡൻറ് – 46.

7.2.21 വനിതാ ഘടക പദ്ധതിയും വനിതകളും

7.2.21.1 സ്ത്രീകൾക്ക് സമൂഹത്തിലും കുടുംബത്തിലും തുല്യനീതി ഉറപ്പ് വരുത്തുന്നതിനായി ആസൂത്രണത്തിൽ പ്രത്യേക പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന പദ്ധതിയാണ് വനിതാ ഘടകപദ്ധതി. സമഗ്രശാക്തീകരണം ആഗ്രഹിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ 10 ശതമാനം പദ്ധതി തുക മാറ്റിവെക്കുന്നതുവഴി വനിതകളുടെ തന്ത്രപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കുന്നുണ്ടെന്നും, കൃത്യമായ ഹ്രസ്വ -ദീർഘകാല കാഴ്ചപ്പാടുകൾ വാർഷിക പദ്ധതികളിൽ ഉൾക്കൊള്ളിച്ചുവെന്നും ഉറപ്പാക്കേണ്ടതുണ്ട്.

കഴിഞ്ഞ പത്തുവർഷത്തെ പദ്ധതി അവലോകനം നടത്തുമ്പോൾ നവീന ആശയങ്ങളുള്ള പ്രോജക്റ്റുകൾ നടപ്പിൽ വന്നതായി കാണാം. വരുമാന ദായക പ്രോജക്റ്റുകൾ, പാരമ്പര്യേതര പ്രോജക്റ്റുകൾ, വനിതാ ട്രാൻസ്പോർട്ട്, സഹകരണസംഘം, വനിതാ മേസ്ത്രിരി പരിശീലനം, തുടങ്ങി നിരവധി പദ്ധതികൾ നടപ്പിലായിട്ടുണ്ട്. ഇവയുടെയെല്ലാം ഫലമായി പ്രാദേശിക ആസൂത്രണതലത്തിൽ സ്ത്രീകളുടെ പങ്കാളിത്തം, സംഘടനാശേഷി വ്യക്തിതല കഴിവ് കൂട്ടായ്മ സാമ്പത്തിക വികസന പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടൽ എന്നിവ സാദ്ധ്യമായി

7.2.21.2 പക്ഷേ പ്രാദേശിക ആസൂത്രണ പ്രക്രിയയിൽ കൈക്കൊണ്ട നടപടികളെല്ലാം സാമ്പത്തികാവശ്യങ്ങൾക്ക് ഊന്നൽ നൽകുകയും, സാമൂഹ്യപദവികളെ ശ്രദ്ധിക്കാതെ വിടുകയും ചെയ്തു. വനിതാവികസന പ്രോജക്റ്റുകൾ കൂട്ടുത്തരവാദിത്വത്തോടെയാണ് വിഭാവനം ചെയ്തതെങ്കിലും വ്യക്തിഗത പ്രോജക്റ്റുകളായി മാറിയതിനാൽ ഉദ്ദേശിച്ച ഫലം ലഭിച്ചില്ല. അടിസ്ഥാന ആവശ്യങ്ങൾ പദ്ധതി നടത്തിപ്പിൽ വനിതാ പദ്ധതികളായിമാറി. സ്ത്രീകളുടെ സവിശേഷപ്രശ്നങ്ങളായ ഗാർഹികാതിക്രമം, സഞ്ചാരസ്വാതന്ത്ര്യമില്ലായ്മ, പ്രത്യുല്പാദന ആരോഗ്യപ്രശ്നങ്ങൾ, സ്വത്തവകാശം ഇല്ലായ്മ തുടങ്ങിയവയൊന്നും മുഖ്യധാരാ വികസനചർച്ചകളിൽ ഉയർന്ന് വന്നില്ല. സ്ത്രീപദവി പഠനം എന്ന നിർദ്ദേശവും പൂർണ്ണമായില്ല.

7.2.21.3 മേൽ പറഞ്ഞവയിൽ നിന്ന് അനുകൂല പ്രതികൂല ഘടകങ്ങളെ വേർതിരിച്ചറിഞ്ഞ് സ്ത്രീ ശാക്തീകരണത്തിന്റെ പ്രവർത്തനഫലങ്ങൾ ലഭിക്കത്തക്കവിധം വനിതാഘടക പദ്ധതികൾ വിഭാവനം ചെയ്താൽ മാത്രമെ സ്ത്രീകളുടെ യഥാർത്ഥ പ്രശ്നങ്ങൾക്ക് അല്പമെങ്കിലും പരിഹാരമാകൂ.

7.2.22 ഫോക്കസ് ഗ്രൂപ്പ് – ചർച്ച

പാലക്കാട് ജില്ല സമഗ്രപദ്ധതി തയ്യാറാക്കുന്നതിൻറെ ഭാഗമായി വനിതാക്ഷേമം/ കുടുംബശ്രീ ഉപസമിതിയുടെ ഭാഗമായി ജില്ലയെ ബ്ലോക്കടിസ്ഥാനത്തിൽ 6 മേഖലകളായി തിരിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിച്ചു. നവംബർ 7 മുതൽ 10 വരെയുള്ള തീയ്യതിക്കുള്ളിൽ 6 കേന്ദ്രങ്ങളിൽ വച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ച നടത്തി. ഒരു കേന്ദ്രത്തിൽ വീട്ടമ്മമാർ, കുടുംബശ്രീ, തൊഴിലാളികൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, ആശാവർക്കർ, അംഗൻവാടി ടീച്ചർമാർ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വനിതകളായിരുന്നു ചർച്ചയിലെ ക്ഷണിതാക്കൾ.ഒരു കേന്ദ്രത്തിൽ 30 നും 60 നും ഇടയ്ക്കുള്ള പങ്കാളിത്വം ഉണ്ടായിരുന്നു. 6 കേന്ദ്രങ്ങളിലായി 260 വനിതകൾ ചർച്ചയിൽ പങ്കാളികളായി. എല്ലാവർക്കും ഇതൊരു പുതിയൊരു അനുഭവമായിരുന്നു വെന്നും, ഇതിനു മുൻപ് ഇത്തരത്തിലുള്ള തുറന്ന ചർച്ചകൾക്ക് വേദി ലഭ്യമായിരുന്നില്ലായെന്നും പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

7.2.3 പ്രൊജക്റ്റ് നിർദ്ദേശങ്ങൾ

1. ഓരോ ബ്ലോക്ക് പഞ്ചായത്തിലും വനിതകൾക്കായി ഒരു ബസ്സ് സർവ്വീസ് നടപ്പിലാക്കണം.
2. കുടുംബശ്രീ ഉത്പന്നങ്ങൾക്ക് ബ്ലോക്കുതല വിപണന കേന്ദ്രം നിർമ്മിക്കണം
3. ബ്ലോക്കുതല നിയമ സഹായ വേദിയുണ്ടാകണം.
4. ഗാർഹികോപകരണ റിപ്പയർ പരിശീലനവും റിപ്പയർ സെൻററും

5. ലാബ്(രക്തം,മലം) പരിശോധന പരിശീലനവും പഞ്ചായത്ത് തലത്തിൽ മൊബൈൽ യൂണിറ്റ്.
6. മൊബൈൽ, നെറ്റ്,കേബിൾ,പരിശീലന യൂണിറ്റ്.
7. സ്ത്രീകളുടെ നേതൃത്വത്തിൽ ഡ്രൈവിംഗ് സ്കൂൾ.
8. ആധുനിക കാർഷികോപകരണം പരിശീലനം തൊഴിൽ സേവ രൂപീകരണം.
9. നാപ്കിൻ നിർമ്മാണ യൂണിറ്റ്.
10. സഹകരണ മേഖലയിൽ സ്ത്രീകളുടെ കോഫി ഹൗസ് രൂപീകരണം.
11. മുട്ടകോഴി, പച്ചക്കറി, സ്കൂളുകളിലും, അംഗൻവാടി പഞ്ചായത്ത് തലത്തിലും വിതരണം.
12. പഞ്ചായത്ത് തലത്തിൽ സ്ഥിരം വിതരണ കേന്ദ്രം.
13. പഞ്ചായത്ത് തലത്തിൽ സ്ത്രീകൾക്ക് സാംസ്കാരിക കേന്ദ്രം.
14. കാറ്ററിംഗ് യൂണിറ്റ്.
15. സ്ത്രീകളുടെ വ്യക്തിവികസനത്തിനും, ആത്മവിശ്വാസം വളർത്തുന്ന കൗൺസിലിംഗ്, നിയമസാക്ഷരത ലഭ്യമാക്കണം.
16. മാലിന്യ സംസ്കരണം, പുനരുപയോഗം, വാഹന സൗകര്യം എന്നിവ വാർഡ് തലത്തിൽ ഉണ്ടാവണം.

7.2.24 <u>പ്രധാന കണ്ടെത്തലുകൾ - വിവിധ മേഖലകൾ</u>

<u>പ്രശ്നങ്ങൾ</u>

- രാഷ്ട്രീയം / അധികാരം — പരിമിതം
- അതിക്രമം കൂടിവരുന്നു
- സാങ്കേതി വിദ്യാഭ്യാസത്തിലെ പങ്ക് — പെൺകുട്ടികൾ

  ഐ.ടി.ഐ — 28%, പോളിടെക്നിക് — 26%, എഞ്ചിനീയറിംഗ് — 30%
- വാർദ്ധക്യത്തിലെ പ്രശ്നങ്ങൾ
- ലിംഗപദവി ആസൂത്രണത്തിന്റെ കുറവ്
- തീരുമാനപ്രക്രിയയിൽ പരിമിത സാന്നിദ്ധ്യം
- ആസ്തികളിൽ നാമമാത്ര ഉടമസ്ഥാവകാശം
- തൊഴിൽ വിഭജനത്തിലെ ലിംഗവിവേചനം
- അടിച്ചമർത്തൽ, താഴ്ന്ന പദവി
- പുരുഷന്മാരുടെ സമ്പാദ്യം മുഴുവൻ കുടുംബത്തിൽ എത്തുന്നില്ല
- സ്ത്രീകളുടെ വരുമാനം കുടുംബത്തിനുവേണ്ടി മാത്രം വിനിയോഗിക്കുന്നു
- കുടുംബം നയിക്കുന്നത് പുരുഷന്മാരാണ്
- ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നില്ല
- വിദഗ്ധ ചികിത്സ ലഭിക്കുന്നില്ല
- വിദ്യാഭ്യാസ മേഖലയിൽ തുടർപഠന സാദ്ധ്യതകൾ സാമൂഹ്യപരമായി നിലനില്ക്കുന്നില്ല
- പ്രാദേശിക ആരോഗ്യകേന്ദ്രങ്ങളിൽ സ്ത്രീജന്യരോഗങ്ങൾക്ക് ചികിത്സാ സൌകര്യകുറവ്

- വിവാഹം ഏകപക്ഷീയമാകുന്നു. അതിനാൽ കുടുംബ ജീവിതത്തിൽ താളപ്പിഴകൾ
- കുട്ടികളുടെ കാര്യത്തിൽ ഉൾപ്പെടെ തീരുമാനം പുരുഷന്, കുടുംബത്തിൽ രണ്ടാം തരം ജീവിതം
- ഉത്പാദന മേഖലയിൽ പദ്ധതികളില്ല
- പദ്ധതികൾ യാഥാർത്ഥ്യത്തോടെയല്ല
- വൈദഗ്ദ്ധ്യം, മാർക്കറ്റിംഗ്, ധനസഹായം എന്നിവ ലഭ്യമാക്കാതെ പദ്ധതികൾ
- മാർക്കറ്റിംഗ് ഗ്രൂപ്പ് ആസൂത്രണമികവോടെ പദ്ധതികൾ തയ്യാറാക്കുന്നില്ല
- ലിംഗസമത്വം ഉറപ്പാക്കുന്ന ധനവിനിമയ പദ്ധതികൾ ഉണ്ടാകണം
- ഗ്രൂപ്പ് സംരംഭങ്ങൾക്ക് പ്രാമുഖ്യമില്ല
- ആനുകൂല്യവിതരണത്തിന് പദ്ധതികൾ
- ആദിവാസി മേഖലകൾ, കോളനികൾ, ജില്ലയിലെ സാമൂഹികവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ സ്ത്രീകളുടേയും കുട്ടികളുടേയും ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കൂടുതലായി കാണപ്പെടുന്നു.
- കുട്ടികളിലും സ്ത്രീകളിലും പോഷകാഹാര കുറവു മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ
- തൊഴിൽ മേഖല – പുരുഷാധിപത്യം
- അതിക്രമം കൂടുതലും ഇരകൾ സ്ത്രീകൾ
- സമ്പാദ്യത്തിലും വരുമാനത്തിലുംസ്ത്രീകൾക്ക് സ്വാതന്ത്ര്യ കുറവ്
- സാമൂഹ്യ പ്രവർത്തനങ്ങൾക്ക് വിലക്ക്
- പ്രത്യേക പരിഗണന അർഹിക്കുന്ന ട്രാൻസ് ജെൻഡർ, അന്യ സംസ്ഥാന തൊഴിലാളികൾ, എച്ച്.ഐ.വി പോസിറ്റീവ്സ്, പട്ടികവർഗ്ഗ കുടുംബാംഗങ്ങൾ എന്നീ സാമൂഹ്യ വിഭാഗങ്ങളുടെ പങ്കാളിത്ത കുറവ്
- മനുഷ്യക്കടത്ത്, ശൈശവ വിവാഹം, അവിവാഹിതരാകുമ്പോഴും അമ്മമാർ ആകേണ്ടി വരുന്ന സാഹചര്യം, തുടങ്ങിയ സാമൂഹ്യ സമസ്യകളെ അഭിമുഖീകരിക്കുന്നതിന് നൽകേണ്ട പിന്തുണകളുടെ കുറവ്
- ആധുനിക സംരംഭങ്ങൾ രൂപീകരിക്കുന്നതിനും നടത്തുന്നതിനും ആധുനിക വിദ്യ അടിസ്ഥാന സൌകര്യങ്ങൾ വിപണി സൌകര്യങ്ങളുടെ കുറവ്.

7.2.25 <u>നിർദ്ദേശങ്ങൾ</u>

1) തുല്യത പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കുള്ള പദ്ധതി ആവിഷ്കരിക്കുക
2) പൊതു സ്ഥലങ്ങളിൽ സ്ത്രീകൾക്ക് ശൌചാലയ സംവിധാനങ്ങൾ
3) പി.എസ്.സി, ഹോട്ടൽ മാനേജ്മെൻറ് കോച്ചിംഗ് ക്ലാസ്സുകൾ.
4) നവ മാധ്യമങ്ങളുടെ ചൂഷണങ്ങൾക്കെതിരെ ചെറുപ്രായത്തിൽത്തന്നെ പെൺകുട്ടികൾക്ക് അവബോധം നല്കുന്നതിനു വേണ്ടിയുള്ള പരിശീലനം

5) കുടുംബശ്രീ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിൻറെ ഭാഗമായി ബ്ലോക്കുതലത്തിൽ ഫെഡറേഷൻ രൂപീകരണം. ജില്ലാതലത്തിൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൻറെ വനിത വികസന ഓഫീസറുടെ സേവനം കൂടി ഇതിലേക്കായി വിനിയോഗിക്കണം.

6) കുടുംബശ്രീ – കേന്ദ്ര ആവിഷ്കൃത പദ്ധതികൾ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ദതികൾ എന്നിവ സംയോജിപ്പിച്ച് നടപ്പാക്കണം

7) പദ്ധതി നിർവ്വഹണത്തിൽ 5 പേരടങ്ങുന്ന സംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മുൻഗണന നൽകണം.

8) സ്ത്രീകൾകൾക്കായി പൊതു ഇടങ്ങൾ

9) പെൺകുട്ടികൾക്ക് സൌജന്യ വിദ്യാഭ്യാസം

10) പേപ്പർ പ്ലെയ്റ്റ് നിർമ്മാണം

11) ഇരുചക്ര വാഹന പരിശീലനം

12) നാപ്കിൻ നിർമ്മാണ യൂണിറ്റ്

13) സ്ത്രീജന്യ രോഗങ്ങളായ ബ്രെസ്റ്റ് ക്യാൻസർ, ഗർഭാശയ ക്യാൻസർ എന്നിവയെ ക്കുറിച്ച് അയൽക്കൂട്ട തലത്തിൽ ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് പദ്ധതി രൂപീകരിക്കുക.

14) ഉത്പ്പാദന സംരംഭങ്ങൾക്ക് ബ്ലോക്ക് തലത്തിലെങ്കിലും വിപണന കേന്ദ്രം അനുവദിക്കുക

15) സ്ത്രീകൾക്ക് വേണ്ടി പി.എച്ച്.സി തലത്തിൽ ഗൈനക്കോളജിസ്റ്റിൻറെ സേവനം ഉറപ്പുവരുത്തണം.

16) സ്ത്രീകളുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, കുടുംബങ്ങളിലെ അവസ്ഥ എന്നീ രംഗത്ത് ഉയർച്ച

17) സ്ത്രീകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുക, മാനസികവും, ശാരീരികവുമായ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിന് കൌൺസലിംഗ്, യോഗ, മെഡിറ്റേഷൻ സൌകര്യങ്ങൾ ഒരുക്കാം.

18) സ്കൂൾതലം മുതൽ പെൺകുട്ടികളുടെ സവിശേഷമായ ആരോഗ്യ പ്രശ്നങ്ങളിൽ അവർക്ക് അവബോധം നല്കണം. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയണം, കൌൺസലിംഗ് കൃത്യമായ ഇടവേളകളിൽ നല്കേണ്ടതാണ്.

19) വിവാഹപൂർവ്വ കൌൺസിലിംഗ് അത്യാവശ്യമാണ്.

20) ലഹരിവസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യ വകുപ്പുകളുടെ ബോധവത്ക്കരണ ക്ലാസ്സുകൾ, സ്കൂൾ, കോളേജ് അയൽക്കൂട്ടതലത്തിൽ നടപ്പാക്കണം

21) കുടുംബത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന അസമത്വം, അവഗണന, ഇല്ലാതാക്കാൻ സഹായിക്കുന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാകണം.

22) സ്ത്രീധനം, പ്രായപൂർത്തിയാകുന്നതിനു മുൻപുള്ള പെൺകുട്ടികളുടെ വിവാഹങ്ങൾ എന്നിവ തടയുന്നതിനുള്ള അവബോധം സമൂഹത്തിൽ വളർത്തിയെടുക്കണം.

23) തൊഴിൽപരമായ രംഗത്ത് ഉയർച്ച ഉണ്ടാകുന്നതിന് കുടുംബശ്രീ വഴി മൈക്രോ സംരംഭങ്ങൾ കൂടുതലായി നടപ്പിലാക്കണം

24) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എം.കെ.എസ്.പി എന്നിവിടങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടണം.

25) സർക്കാർ മേഖലയിലുള്ള വകുപ്പുകൾ നടപ്പിലാക്കുന്ന തൊഴിൽ സംരംഭങ്ങൾ സ്വകാര്യമേഖലയിലെ തൊഴിൽ സംരംഭങ്ങൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തണം.

26) കർശന സ്ത്രീധന ഗാർഹിക പീഢന നിരോധന നടപടികൾ

27) പ്രത്യേക ബിസിനസ്സ് ഹബ്ബുകൾ

28) സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതകൾ - വർദ്ധന

29) സഞ്ചാര സ്വതന്ത്ര്യം, യാത്രാ സുരക്ഷിതത്വം, കോർട്ട് സ്റ്റേ സൌകര്യങ്ങൾ

30) ശാരീരിക സാമൂഹ്യ കേന്ദ്രങ്ങൾ, വ്യായാമം, കായികം, മാനസികാരോഗ്യം

31) തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

32) സാമ്പത്തിക നിർബന്ധിത നിയമങ്ങൾ

7.2.26 വിവിധ മേഖലകളിലെ വനിതാ സാന്നിദ്ധ്യം / സൂചകങ്ങൾ അവസ്ഥ വിലയിരുത്തൽ, ധനപരാസൂത്രണം

പട്ടിക 7.2.3

ക്രമ നമ്പർ	വിശദവിവരങ്ങൾ	
1	**തൊഴിൽ പങ്കാളിത്തം** സർക്കാർ മേഖല	16000
2	സംഘടിത മേഖല	17827
3	അസംഘടിത മേഖല	14091
4	വീട്ടുജോലിയെടുക്കുന്നവർ	-
5	അന്യസംസ്ഥാന തൊഴിലാളികൾ	-
6	സ്വയംതൊഴിൽ	1212
7	സഹകരണമേഖല	735

ഉറവിടം:-തൊഴിൽവകുപ്പ്

സർക്കാർ മേഖലയിൽ പാലക്കാട് ജില്ലയിൽ 2500 ഗസറ്റഡ് ഓഫീസർമാരും 13500 നോൺ ഗസ്റ്റഡ് ഉദ്യോഗസ്ഥരും ചേർത്ത് ആകെ 16000 പേർ ജോലിചെയ്യുന്നതിൽ 45% പേർ വനിതകളാണ്.

7.2.27 ആവശ്യങ്ങൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ

1) വിദ്യാഭ്യാസം – ഭൂരിഭാഗം പേരും ലഭ്യമായ വിദ്യാഭ്യാസത്തിൽ സംതൃപ്തരല്ല. കൂടുതൽ പഠിക്കാൻ ആഗ്രഹം ഉണ്ടായിട്ടുണ്ട്. തുടർ പഠനത്തിന് സാമ്പത്തികമായ പ്രശ്നങ്ങൾ, കുടുംബപരമായ കാരണങ്ങൾ, നേരത്തെയുള്ള വിവാഹം എന്നിവ തടസ്സമായിട്ടുണ്ട്. നിലവിൽ ലഭ്യമായ വിദ്യാഭ്യാസം, ആത്മ വിശ്വാസം ഉണ്ടാകുവാൻ സഹായിച്ചിട്ടുണ്ട്.

2) ആരോഗ്യം / സേവനം – വിളർച്ച, ഹോർമോൺ വ്യതിയാനങ്ങൾ, ഗർഭപാത്ര സംബന്ധമായ രോഗങ്ങൾ, യൂറിനറി ഇൻഫെക്ഷൻ, തൈറോയ്ഡ് എന്നീ അസുഖങ്ങളാണ് കൂടുതലായി കാണപ്പെടുന്നത്. ഭൂരിഭാഗം പേരും അലോപ്പതി ചികിത്സയാണ് തേടുന്നത്. ഹോമിയോ, ആയുർവേദം എന്നീ ചികിത്സാ രീതികളും തേടുന്നവരുമുണ്ട്. പ്രദേശത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ പലതും സ്ത്രീകൾക്ക് അനുകൂലമല്ല.

3) വിവാഹം – ഭൂരിഭാഗം പേരും 18 വയസ്സിനു മുകളിലാണ് വിവാഹിതരാകുന്നത്. പൊതുവെ മിശ്രവിവാഹം സ്വാഗതം ചെയ്യുന്നവരും, എതിർക്കുന്നവരും ഉണ്ട്. നിലവിൽ വിവാഹത്തിന് സ്ത്രീധനം ഇപ്പോഴും സുലഭമാണ്. പണമായും, സമ്മാനങ്ങൾ, കാറ്, ആഭരണം, സ്ഥലം എന്നിങ്ങനെയുള്ള സ്ത്രീധനസമ്പ്രദായത്തിൽ നിന്നും സമൂഹം മാറേണ്ടതുണ്ട് എന്ന ഏകപരമായ അഭിപ്രായമാണ്. നിലവിൽ എല്ലാ സ്ത്രീകൾക്കും അവരവരുടെ മതം അനുശാസിക്കുന്ന സ്വത്തവകാശം ഉണ്ട്. സ്ത്രീധനത്തിന്റെ പേരിൽ ചില കുടുംബങ്ങളിലെങ്കിലും പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എന്നാലും മുൻപത്തേതിൽ നിന്നും കുറഞ്ഞിട്ടുണ്ട്. നിലവിലും വിവാഹ ചെലവ് കൂടുതലും വധുവിന്റെ വീട്ടുകാർ തന്നെയാണ് വഹിക്കുന്നത്. ആ സമ്പ്രദായം മാറേണ്ടതാണ്.

4) പ്രത്യുൽപ്പാദനം ആരോഗ്യം /ജനന നിയന്ത്രണം – കുട്ടികളുടെ എണ്ണം, പ്രായത്തിൻറെ അകലം എന്നിവ നിശ്ചിക്കുന്നത് നിലവിൽ ഭൂരിഭാഗം കുടുംബങ്ങളിലും പുരുഷന്മാർ തന്നെയാണ്. കുടുംബാസൂത്രണ മാർഗ്ഗങ്ങൾ ആരോഗ്യത്തെ ബാധിക്കുന്നു എന്ന ആശങ്ക പലരിലും ഉണ്ട്.

5) ലൈംഗികതയും, സ്വകാര്യതയും – കൌമാരകാല ശരീര മാറ്റങ്ങൾ, ആർത്തവം, ഗർഭകാലം, പ്രസവം എന്നതിനെകുറിച്ച് വ്യക്തമായ ഒരു അവബോധനം ഇപ്പോഴും സ്ത്രീകൾക്ക് ലഭ്യമാകുന്നില്ല. ഇപ്പോഴും ആർത്തവകാലത്ത് അവഗണന നേരിടുന്ന സ്ത്രീകൾ ഉണ്ട്. വിവാഹപൂർവ്വ കൌൺസിലിംഗ് ലഭിക്കുന്നില്ല.

6) തൊഴിൽ - തൊഴിലിടങ്ങളിൽ നിലവിലും വിവേചനമുണ്ട്. 50 ശതമാനം സംവരണമുണ്ടെങ്കിൽ പോലും നിയന്ത്രണം പുരുഷന്റെതാകും. സർക്കാർ മേഖലകളിലൊഴികെ സ്ത്രീ, പുരുഷ വേതനത്തിൽ വ്യത്യാസം നിലനിൽക്കുന്നുണ്ട്. കുടുംബ ജീവിതത്തെയും ഭക്ഷണക്രമത്തെയും ബാധിക്കുന്നുണ്ട്.

7) സഞ്ചാരം – ദൂരയാത്ര, രാത്രി സഞ്ചാരം എന്നിവയ്ക്ക് നിലവിലെ സാഹചര്യത്തിൽ പുരുഷന്മാർ കൂടെ വേണ്ടതുണ്ട്. സ്ത്രീകൾക്ക് സുരക്ഷിതമായ യാത്ര എന്ന സ്വപ്നം ഇപ്പോഴും വിദൂരമാണ്.

8) സമ്പാദ്യം, വരുമാനം – സ്ത്രീകളുടെ സമ്പാദ്യത്തിലും, വരുമാനത്തിലും സ്ത്രീകൾക്ക് നിയന്ത്രണമുണ്ട്. പലരെയും കണക്ക് ബോധിപ്പിക്കേണ്ട അവസ്ഥയുണ്ട്. വരുമാനം കുടുംബാവശ്യങ്ങൾക്കായി ചെലവഴിക്കുന്നു. എൽ.ഐ.സി, ആർ.ഡി, കുറികൾ എന്നീ രീതികളിൽ സമ്പാദ്യം കരുതി വെയ്ക്കുന്നവരുമുണ്ട്.

9) അതിക്രമം — പുരുഷന്മാരുടെ മദ്യപാനം, ലഹരി മരുന്നുകളുടെ ഉപയോഗം എന്നിവ കുടുംബങ്ങളുടെയും കുട്ടികളുടെയും താളം തെറ്റിക്കുകയാണ്. ജോലി സ്ഥലങ്ങളിൽ നിലവിൽ മേൽകൈ പുരുഷന്റേതാണ്. പലതരത്തിലുള്ള കമൻറുകളും അനാവശ്യ നോട്ടങ്ങളും പലർക്കും നേരിടേണ്ടി വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവണതകൾ സ്ത്രീകളുടെ ആത്മ വിശ്വാസം ഇല്ലാതാക്കുന്നുണ്ട്. ചിലരെങ്കിലും പ്രതികരിക്കുന്നുണ്ടെങ്കിലും സമൂഹം അവരെ ഒററപ്പെടുത്തുകയാണ്. ഇത്തരത്തിലുള്ള സാഹചര്യങ്ങൾ നേരിടാൻ സ്ത്രീകളെ പ്രാപ്തരാകേണ്ടതാണ്.

10) പാർട്ടികൾ, സംഘടനകൾ, സാമൂഹിക സംഘടനകൾ - വോട്ട് ചെയ്യുന്നത് സ്വന്തം തീരുമാനത്തിൽ ചെയ്യുന്നവരും, കുടുംബ തീരുമാന പ്രകാരം ചെയ്യുന്നവരും ഉണ്ട്. ഭൂരിഭാഗം പേർക്കും അംഗത്വം ഉണ്ടെങ്കിലും ഭാരവാഹിത്വം കുറവാണ്. പാർട്ടി / സംഘടന തീരുമാനങ്ങളിൽ സ്വാധീനം കുറവാണ്. മീറ്റിംഗുകൾ സ്ത്രീകൾക്ക് അനുകൂലമല്ലായെന്ന് അഭിപ്രായവും അനുകൂലമാണെന്ന അഭിപ്രായവുമുണ്ട്.

11) ഗ്രാമസഭ - ഗ്രാമസഭകളിൽ 70 ശതമാനം പേരും പങ്കെടുക്കാറുണ്ട്. നടപടിക്രമങ്ങൾ മാറ്റേണ്ടതാണ്. ഗ്രാമസഭ പങ്കാളിത്തം പൂർണ്ണമായും പ്രയോജനകരമല്ല. സ്ത്രീ സൌഹാർദ്ദ ചർച്ച നിര്ജ്ജീവമാണ്.

12) കുടുംബശ്രീയും വനിതകളും — ഭൂരിഭാഗം പേരും കുടുംബശ്രീ അംഗങ്ങളാണ്. കുടുംബശ്രീയിലൂടെ നിക്ഷേപങ്ങൾ ഉണ്ടാക്കുവാനും, നിക്ഷേപിക്കാനുള്ള പ്രവണതയും ഉണ്ടായിട്ടുണ്ട്. വരുമാനദായക പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെങ്കിലും പൂർണ്ണതോതിൽ വിജയിക്കാൻ കഴിഞ്ഞിട്ടില്ല. അയൽക്കൂട്ടതല യോഗങ്ങളിൽ കാര്യമായ ചർച്ച നടക്കുന്നില്ല എന്നുള്ളതാണ് പ്രശ്നം. സാമ്പത്തിക പ്രശ്നം മാത്രമാണ് ചർച്ച ചെയ്പ്പെടുന്നത്. സാമൂഹിക പ്രശ്നങ്ങൾ ചർച്ച ചെയപ്പെ ടേണ്ടതാണ്. കുടുംബ പ്രശ്നങ്ങൾ മിക്ക അയൽക്കൂട്ടങ്ങളിലും ചർച്ച ചെയ്യപ്പെടുന്നില്ല. കുടുംബശ്രീ അംഗത്വം കൊണ്ട് നിക്ഷേപശീലം വർദ്ധിപ്പിക്കാനും ആത്മധൈര്യം വർദ്ധിപ്പിക്കാനും പൊതുസമൂഹത്തിൽ ഇടപെടാനുള്ള കഴിവ് വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. തൊഴിൽ ഏറ്റെടുക്കുന്നതിന് ധൈര്യം പകരുന്ന വിശാലമായ പരിശീലനം ആവശ്യമാണ്.

7.2.28 എം.ജിഎൻ.ആർ.ഇ.ജി.എസ്

2005 സെപ്റ്റംബർ 5- തീയ്യതി ഭാരത സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. 2006 ഫെബ്രുവരി 2- തീയ്യതി മുതൽ പാലക്കാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു.

പട്ടിക 7.2.4

തൊഴിലുറപ്പ് പദ്ധതി — പുരോഗതി റിപ്പോർട്ട്

വിശദാംശങ്ങൾ	2014-15	2015-16	2016-17
തൊഴിൽ കാർഡ് ലഭിച്ചവർ	279762	303475	314250
തൊഴിൽ ലഭിച്ച കുടുംബങ്ങൾ	151285	172020	166011
100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങൾ	9058	13123	10359
സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ (ലക്ഷത്തിൽ)	58.25	76.37	72.39
ശരാശരി തൊഴിൽ ദിനങ്ങൾ	38.08	44.39	43.61
സാമ്പത്തിക വിനിയോഗം (ലക്ഷത്തിൽ)	15138	15475.7	22903.4

ഉറവിടം : എം.എൻ.ആർ.ഇ.ജി.എസ്, പാലക്കാട്

7.2.29 കുടുംബശ്രീ പ്രധാന പ്രവർത്തന മേഖലകൾ

- മൈക്രോ ഫൈനാൻസ്
- മൈക്രോ സംരംഭങ്ങൾ
- സാമൂഹ്യ വികസന പ്രവർത്തനങ്ങൾ
- കാർഷിക മേഖല പ്രവർത്തനങ്ങൾ - എം.കെ.എസ്.പി
- ബാലസഭ
- നൈപുണ്യ പരിശീലനവും തൊഴിലും — ഡി.ഡി.യു.ജി.കെ.വൈ
- ജെൻറർ പ്രവർത്തനങ്ങൾ
- നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം)

7.2.30 കുടുംബശ്രീ മുഖേന പദ്ധതികൾ

7.2.30.1 ലഘുസമ്പാദ്യ വായ്പ പ്രവർത്തനങ്ങൾ (മൈക്രോ ഫിനാൻസ്

സമൂഹത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകളിൽ ലഘുസമ്പാദ്യ ശീലം വളർത്തുകയും അതിൽ നിന്നുള്ള ആന്തരിക വായ്പ പ്രവർത്തനത്തിലൂടെ സമൂഹത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വികസനം കൊണ്ടുവരുന്നു. കുടുംബശ്രീ അയല്ക്കൂട്ടങ്ങളുടെ നട്ടെല്ല്. സാധാരണക്കാരായ സ്ത്രീകൾക്ക് അപ്രാപ്യമായിരുന്ന ബാങ്കിംഗ് സേവനങ്ങൾ അയല്ക്കൂട്ടങ്ങൾ വഴി ഓരോ കുടുംബങ്ങളിലേക്കും എത്തിക്കാൻ കുടുംബശ്രീക്കു കഴിഞ്ഞിട്ടുണ്ട്.

7.2.30.2 ത്രിഫ്റ്റ്

കുടുംബശ്രീ അയല്ക്കൂട്ടത്തിലെ ഓരോ അംഗത്തിന്റേയും പ്രതിവാരമിതവ്യയ സമ്പാദ്യം

7.2.30.3 ആന്തരിക വായ്പ

അയല്ക്കൂട്ടത്തിന്റെ മൂന്ന് മാസത്തെ പ്രവർത്തനഫലമായി അംഗങ്ങളുടെ ആവശ്യങ്ങൾ പരിഗണിച്ച് തീരുമാനമെടുക്കാനുള്ള കഴിവ് അയൽക്കൂട്ടം നേടിയ ശേഷം സമ്പാദ്യത്തിൽ നിന്നും മുൻഗണനാക്രമത്തിൽ വായ്പകൾ അനുവദിക്കുന്നു.

7.2.30.4 ലിങ്കേജ് വായ്പ

നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്നു. അയല്ക്കൂട്ടം രൂപീകരിച്ച് 6 മാസത്തിനുശേഷം ബാങ്ക് അയല്ക്കൂട്ടത്തെ ഗ്രേഡ് ചെയ്യുകയും ഗ്രേഡിംഗിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്ന അയല്ക്കൂട്ടങ്ങൾക്ക് ബാങ്ക് വായ്പ അനുവദിക്കുകയും ചെയ്യുന്നു.

7.2.30.5 വായ്പ തിരിച്ചടവ്

തിരിച്ചടവ് ഉറപ്പാക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ഗ്രൂപ്പിലെ മുഴുവൻ അംഗങ്ങൾക്കുമായിരിക്കും.

7.2.30.6 മാച്ചിംഗ് ഗ്രാന്റ്

ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൌകര്യം പ്രയോജനപ്പെടുത്തുന്നതിനും അയല്ക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹന തുക ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിന്റെ 10 ശതമാനം പരമാവധി 5000 രൂപ മാച്ചിംഗ് ഗ്രാന്റായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്നു.

7.2.30.7 റിവോൾവിംഗ് ഫണ്ട്

ഗ്രാമപ്രദേശങ്ങളിലെ സി.ഡി.എസ്സുകളിലെ മൂന്നുമാസം പൂർത്തീകരിച്ച അയൽക്കൂട്ടത്തിന് 15,000 രൂപ റിവോൾവിംഗ് ഫണ്ടായി ലഭ്യമാക്കുന്നു. റിവോൾവിംഗ് ഫണ്ട് അയൽക്കൂട്ടത്തിന് ആന്തരിക വായ്പയായി അംഗങ്ങൾക്ക് വിതരണം ചെയ്യാം.

1. പലിശ സബ്സിഡി പദ്ധതി

അയൽക്കൂട്ടങ്ങൾക്ക് 4% പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പുതിയ ഇൻററസ്റ്റ് സബ്സിഡി സ്കീം 2016-2017 മുതൽ. 3 ലക്ഷം രൂപ വരെ ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് മേൽ ആനുകൂല്യം ലഭ്യമാണ്. 12.5% പലിശയുള്ള ലിങ്കേജ് വായ്പയ്ക്ക് 4% കുറവുചെയ്ത് പരമാവധി 8.5% പലിശ സബ്സിഡി ലഭ്യമാക്കുന്നു.

എൻ.ആർ.എൽ.എം. പലിശ സബ്സിഡി:

ഗ്രാമ പ്രദേശങ്ങളിൽ എല്ലാ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും ബാങ്ക് ലിങ്കേജ് വായ്പയുടെ 7%-ൽ അധികമുള്ള പലിശ തുക സബ്സിഡിയായി ലഭ്യമാകുന്നു. (2013 ഏപ്രിൽ 1 മുതൽ) .

7.2.31 കുടുംബശ്രീ - സ്ത്രീ സുരക്ഷാ ബീമായോജന

കേരളത്തിലെ അയൽക്കൂട്ടാംഗങ്ങളായ വനിതകളുടെ ജീവന് പരിരക്ഷ നൽകുകയും അവരുടെ 9 മുതൽ 12 ക്ലാസുവരെ പഠിക്കുന്ന രണ്ടു കുട്ടികൾക്ക് പ്രതിവർഷം സ്കോളർഷിപ്പ് ലഭ്യമാക്കുകയും ചെയ്യുന്ന ഇൻഷുറൻസ് പദ്ധതി. കുടുംബശ്രീയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും സംയുക്തമായാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. സാധാരണ ഗതിയിൽ 60 വയസ്സു വരെ പ്രായമുള്ളവരെ മാത്രമാണ് ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്താറുള്ളത്. എന്നാൽ കുടുംബശ്രീക്കുവേണ്ടിയുള്ള ഈ പ്രത്യേക പദ്ധതിയിൽ 75 വയസ്സുവരെയുള്ളവരെയും ഉൾപ്പെടുത്തിയിരിക്കുന്നു. വാർഷിക പ്രീമിയം 250 രൂപയിൽ 100/- രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ആയതിനാൽ അംഗങ്ങൾ വാർഷിക പ്രീമിയമായി 150 രൂപ മാത്രം അടച്ചാൽ മതി.

7.2.32 സാമൂഹ്യനീതി വകുപ്പ്

സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക അതിക്രമ കേസുകളുടെ എണ്ണം 2016-17 ന്	- 591
അതിക്രമങ്ങൾക്ക് ഇരയായവർക്ക് ധനസഹായം നൽകിയവരുടെ എണ്ണം	- 21

7.2.32.1 ഭരണഘടനയുടെ 73,74 ഭേദഗതിയിലൂടെ ശക്തമായ പഞ്ചായത്തീരാജ് സംവിധാനം ഇൻഡ്യയിൽ നിലവിൽ വന്നിട്ട് രണ്ട് പതിറ്റാണ്ടുകൾ കഴിഞ്ഞു. ജനപങ്കാളിത്തത്തോടെ ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങളെ മനസ്സിലാക്കി, വിഭവങ്ങൾ സമാഹരിച്ച് പദ്ധതികൾ രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്ന വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയാണ് പ്രാദേശിക സർക്കാരുകൾ ചെയ്യുന്നത്. പരമ്പരാഗതമായ വികസന സമീപനത്തിൽ സാധാരണയായി ഊന്നൽ നൽകുന്നത് സാമ്പത്തിക വളർച്ചയ്ക്കും അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തലിനുമാണ്. എന്നാൽ ആദിവാസികൾ, ദളിതർ, സ്ത്രീകൾ എന്നിവരുടെ അടിസ്ഥാന ആവശ്യങ്ങളൾ നിറവേറ്റുന്ന സമഗ്രമായ സമീപനം ഉണ്ടാകണമെങ്കിൽ വളരെ ബോധപൂർവ്വമായ വിശകലനവും കാഴ്ചപ്പാടും പ്രവർത്തന രീതികളും വികസിപ്പിക്കണം.

7.2.32.2 നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട് കഴിയുന്നവർക്ക് മിക്കപ്പോഴും തങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾ തിരിച്ചറിയാൻപോലും കഴിയാതെവരുന്നു. പുരുഷാധിപത്യ സാമൂഹിക വ്യവസ്ഥയിൽ ജീവിക്കുകയും അതിൻറെ മൂല്യങ്ങൾ സ്വായത്തമാക്കുകയും ചെയ്യുന്ന സ്ത്രീകൾക്ക് മിക്കപ്പോഴും തങ്ങളുടെ ആവശ്യങ്ങളായി തിരിച്ചറിയാൻ കഴിയുന്നത് ദൈനംദിന ജീവിതത്തിലെ അവസ്ഥയിൽ അൽപം മാറ്റമുണ്ടാക്കുന്ന കാര്യങ്ങളായിരിക്കും. അല്ലാതെ തങ്ങളുടെ രണ്ടാംകിട പദവി മെച്ചപ്പെടുത്തുന്നതിനോ സാമൂഹികനീതി കൈവരിക്കുന്നതിനോ ആയിരിക്കില്ല. ഇവിടെയാണ് ലിംഗപദവി വിശകലനത്തോടെയുള്ള ആസൂത്രണത്തിന്റെ പ്രസക്തി.

7.2.32.3 വികസന കാഴ്ചപ്പാടുകളിലും നയസമീപനങ്ങളിലും സ്ത്രീ-പുരുഷ തുല്യതയും നീതിയും ഉറപ്പാക്കേണ്ട ഉത്തരവാദിത്വം പ്രാദേശിക സർക്കാറുകൾക്കുണ്ട്. അതിനാൽ പദ്ധതി ആസൂത്രണത്തിന്റെ മുന്നൊരുക്കങ്ങൾതന്നെ സ്ത്രീപക്ഷ തുല്യത ഉറപ്പാക്കുന്ന കാഴ്ചപ്പാടുകളോടെയാകണം. നിലവിൽ വനിതാഘടക പദ്ധതിയുടെ കൂടിച്ചേരൽ, ആസൂത്രണ പ്രക്രിയയിൽ കാര്യമായ സാമൂഹ്യചിന്തയ്ക്ക് ഇടംകിട്ടുന്ന വിധത്തിലല്ല രൂപകൽപ്പന ചെയ്തിട്ടുള്ളത്. അതിനാൽതന്നെ ആസൂത്രണ പ്രക്രിയ പൂർണ്ണമായും തുല്യത, സുതാര്യത എന്നിവയ്ക്കുപുറമെ പദ്ധതിയുൽപന്നങ്ങളോടൊപ്പം സാമൂഹ്യമായും ഉയർച്ച നൽകുന്ന

രീതിയിലായിരിക്കണം വിഭാവനം ചെയ്യേണ്ടത്. നിർവ്വഹണശേഷമുള്ള വിലയിരുത്തൽ, പോരായ്മകളെ കുറച്ചുകൊണ്ടുവരാൻ സഹായിക്കും.

7.2.32.4 വിവിധ മേഖലകളുടെ വിവരശേഖരണം, പഠനം, നിലവിലുള്ള പ്രവർത്തനരീതി, ഗുണദോഷ സമ്മിശ്ര ഫലങ്ങളുടെ വിലയിരുത്തൽ, എന്നിങ്ങനെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കുന്ന പദ്ധതികളുടെ നിർവ്വിഘ്നമായ നിർവ്വഹണവും നടപ്പിലാക്കേണ്ടതുണ്ട്. അങ്ങനെയെങ്കിൽ കുറെ നല്ല വനിതാ പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടു എന്ന് പറയാം. ആശയഗതികൾക്കപ്പുറത്ത്, പ്രവർത്തന മികവാണ് ഒരു പദ്ധതിയുടെ വിജയം. സ്ത്രീപക്ഷ പദ്ധതികളുടെ വിജയം ആ പ്രദേശത്തെ പ്രാദേശിക ഗവൺമെൻറുകളുടെ വിജയമാണ്.

7.2.32.5 ജില്ലയുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നിലവിൽ നിർദ്ദേശിക്കപ്പെട്ട വിവിധ മേഖലകളിൽ ഊർജ്ജിതമായ ഇടപെടൽ അത്യാവശ്യമാണ്. ആ തരത്തിൽ നടക്കുന്ന ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾക്കുമാത്രമേ ജില്ലയിലെ സ്ത്രീ സമൂഹത്തെ ഉയരങ്ങളിൽ എത്തിക്കാൻ കഴിയൂ.

.....

ബാലസൌഹൃദ ജില്ല –പാലക്കാട് ഒരാമുഖം

കുട്ടികളുടെ വികസനമികവിലും അവരുടെ അവകാശങ്ങൾ അനുഭവവേദ്യമാക്കുന്നതിലും കേരളത്തിലെ വികസന മാതൃകയെ മറ്റു സംസ്ഥാനങ്ങൾ മാതൃകയാക്കിയിട്ടുണ്ട്. കുട്ടികളുടെ വികസനം, ക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഭൂരിഭാഗവും പഞ്ചായത്ത് / മുൻസിപ്പൽ സ്ഥാപനങ്ങളിലൂടെയാണ് നടപ്പാക്കുന്നത്. അതിനാൽ ബാലസൌഹൃദ ആശയങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാർത്ഥ ദിശാബോധവും പ്രവർത്തന ഊർജ്ജവും നല്കേണ്ടതുണ്ട്. കുട്ടികളുടെ അവസ്ഥാപഠനം മുതൽ പദ്ധതി ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങൾ വരെ കൃത്യമായ ഒരു വളർച്ചാ കാഴ്ചപ്പാട് ആവശ്യമാണ്.

അധികാര വികേന്ദ്രീകരണത്തിൻറെ ശാക്തീകരണവും സർക്കാരിന്റെ സമയോചിതമായ നയരൂപീകരണങ്ങളും കേരളത്തിന്റെ വികസനം അതിദ്രുതമാക്കുന്നു. അതിനാൽതന്നെ ജനകീയാസൂത്രണം രണ്ടാംഘട്ട പ്രവർത്തനങ്ങളിൽ കുട്ടികളുടെ മേഖലയിൽ നിരവധി ആസൂത്രണങ്ങൾ നടത്തേണ്ടതുണ്ട്.

2011 ൽ തൃശ്ശൂരിലെ കിലയിൽ രൂപീകരിച്ച ചൈൽഡ് റിസോഴ്സ് സെന്റർ ബാലസൌഹൃദ ഭരണം സാദ്ധ്യമാക്കുക എന്ന് ലക്ഷ്യത്തെ മുൻ നിർത്തിയാണ് പ്രവർത്തിക്കുന്നത്. യൂണിസെഫുമായി സഹകരിച്ച് കില നടത്തുന്ന ഈ സെൻർ ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമാണ്.

കുട്ടികളുടെ ആരോഗ്യകരമായ വളർച്ചക്കും, വികസനത്തിനും അനുയോജ്യ മായ അന്തരീക്ഷം സംജാതമാക്കുന്നതുവഴി സാമൂഹിക വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളുടെ വാതിൽ തുറക്കുകയാണ്. കുട്ടികളുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ ഉൾക്കൊള്ളിച്ച ഏറെ പ്രാധാന്യമർഹിക്കുന്ന നാലു ഘടകങ്ങളാണ് അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ. ഈ മേഖലകളിലെ ഇടപെടൽ, പ്രശ്നങ്ങൾ തിരിച്ചറിയൽ, പരിഹാര നടപടികൾ, അവലോകനം എന്നിവ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വത്തെ ആശ്രയിച്ചിരിക്കുന്നു.

കാഴ്ചപ്പാട്

കുട്ടികൾക്ക് ഉയർന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്ന ബാലസൌഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നയരൂപീകരണവും പ്രവർത്തനപത്ഥാവും ദിശാബോധവും നിശ്ചയിക്കുക വഴി അവരുമായി ബന്ധപ്പെട്ട നാലു പ്രധാന മേഖലകളിൽ ഫലവത്തായതും അന്താരാഷ്ട്ര നിലവാരമുള്ളതും ആയ സേവനങ്ങൾ പ്രദാനം ചെയ്ത് ഉയർന്ന ജീവിതാവസ്ഥയിലേക്ക് എത്തിക്കാൻ കഴിയുക എന്നതാണ് കാഴ്ചപ്പാട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇവിടെ സർക്കാർ നയങ്ങളനുസരിച്ചും നിലവിലുള്ള നിയമങ്ങളനുസരിച്ചും ഭരണതല വകുപ്പുതല പരിപാടികൾ വിലയിരുത്തിയുമാണ് ബാലസൌഹൃദ തദ്ദേശഭരണം എന്ന കാഴ്ചപ്പാട് രൂപീകരിക്കാൻ കിലയും യൂനിസെഫും ചേർന്ന സംരംഭത്തിന് കഴിഞ്ഞത് എന്നതും ശ്രദ്ധേയമാണ്.

കുട്ടികളുടെ നിലവിലുള്ള അവസ്ഥ

- വികസനത്തിന്റെ മേഖലകൾ ആൺ പെൺ കുട്ടികളുടെ തുല്യതയിൽ വരുന്ന വ്യത്യാസം വർദ്ധിക്കുന്നു
- ഉയർന്ന ജനസംഖ്യയും സ്വകാര്യവൽക്കരണവും, ദരിദ്രവിഭാഗങ്ങൾക്കും ഇതര സംസ്ഥാന കുട്ടികൾക്കും ഗുണമേന്മയുള്ള സേവനങ്ങൾ അന്യമാക്കുന്നു
- സേവനങ്ങളുടെ മേഖലയിലെ ഗുണമേന്മയുടെ കുറവിന് ഉദാഹരണമാണ് പട്ടികവർഗ്ഗ മേഖലയിലെ പോഷകാഹാരം, ആരോഗ്യപ്രശ്നങ്ങൾ, കുടിവെള്ളത്തിന്റെ ഗുണമില്ലായ്മ, കുറഞ്ഞ

വിദ്യാഭ്യാസ നേട്ടങ്ങൾ, കുട്ടികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം, കൌമാര ഗർഭധാരണം എന്നിവ.

- പെൺകുട്ടികൾ വിദ്യാഭ്യാസത്തിൽ ആൺകുട്ടികളെക്കാൾ മികവു പുലർത്തുന്നു. പക്ഷെ പഠിത്തം നിർത്തുന്നതിൽ ഏറെയും പെൺകുട്ടികളാണ്.
- സ്ത്രീ തൊഴിലാളികളുടെ കുടുംബ പങ്കാളിത്തം, സ്ത്രീകൾക്കെതിരെയുള്ള ഗാർഹികാതിക്രമം, കുട്ടികൾക്കെതിരെയുള്ള ഗാർഹിക ലൈംഗികാതിക്രമങ്ങൾ, എന്നിവ കുട്ടികളുടെ കുടുംബജീവിതം മേന്മ കുറഞ്ഞതാകുന്നു.
- നിലവിൽ ആൺ പെൺകുട്ടികൾ നേരിടുന്ന അനാരോഗ്യം അപൂർണ്ണരോഗ പ്രതിരോധം, ചികിത്സാ അഭാവം, വൃത്തിഹീനമായ പരിസരം വിദ്യാഭ്യാസ നിലവാരം എന്നിവ അടുത്ത തലമുറയിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു.
- ഉപഭോക്തൃ സംസ്കാരവും അണുകുടുംബത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയും കുട്ടികളുടെ ഭാവി ജീവിതത്തിൽ നിസ്സഹായത സൃഷ്ടിക്കുന്നു.
- ഉയർന്ന ജനപ്പെരുപ്പം, അതിവേഗ നഗരവൽക്കരണങ്ങൾ, കുടിയേറ്റം എന്നിവയിൽ നിന്നുള്ള വെല്ലുവിളികൾ.

ജില്ലയിലെ ബാലസൌഹൃദ പ്രവർത്തനങ്ങൾ

2011 ൽ കേരളത്തിൽ കുട്ടികളുടെ നിലവിലുള്ള കുടുംബ സാമൂഹികാവസ്ഥ പഠിക്കുന്നതിനായി തിരഞ്ഞെടുത്ത ആറു പഞ്ചായത്തുകളിൽ ശ്രീകൃഷ്ണപുരവും ഉൾപ്പെടുന്നു. നിരന്തര പരിശീലനങ്ങളും ഇടപെടലുകളും തുടർപ്രവർത്തനങ്ങളും സാദ്ധ്യമാക്കിയതോടെ പഞ്ചായത്തിലെ കുട്ടികളുടെ നിലവിലുള്ള നിലവിലുള്ള അവസ്ഥയെക്കുറിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കാൻ സാധിച്ചു. നിരവധി നൂതന പ്രവർത്തനങ്ങൾ കുട്ടികൾക്കായി നടപ്പിലാക്കാൻ ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. കുട്ടികളുടെ സമ്പൂർണ്ണവും, സമഗ്രവുമായ വിവരശേഖരണം, കുട്ടികളുടെ ഗ്രാമസഭാ പ്രവർത്തനങ്ങൾ ഭിന്നശേഷിയുള്ളവരുടെ സമ്പൂർണ്ണ ഡയറക്ടറി എന്നിവ സംസ്ഥാന മാതൃകയായി എടുത്തുകാട്ടാവുന്നത്രയും നിലവാരം പുലർത്തുന്നു.

രണ്ടാം ഘട്ടത്തിൽ വാണിയംകുളം, വടകരപ്പതി, പല്ലശ്ശേന, പുതൂർ, ഷോളയൂർ, അഗളി, കുലുക്കല്ലൂർ, തിരുവേഗപ്പുറ എന്നീ പഞ്ചായത്തുകളും ഒറ്റപ്പാലം മുൻസിപ്പാലിറ്റിയും തിരഞ്ഞെടുക്കപ്പെടുകയും കാര്യമായ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്യുന്നു. വടകരപ്പതിയിലെ 100% പൂർത്തീകരിച്ച കുത്തിവെപ്പ്, വാണിയംകുളം പഞ്ചായത്തിലെ "ഷീപാഡ് പദ്ധതി ", അട്ടപ്പാടിയിലെ മൂന്ന് പഞ്ചായത്തുകളിലും രൂപീകരിച്ച കൌമാരക്ലബുകൾ എന്നിവ കേരളത്തിലെ തന്നെ ആദ്യ ചുവടുവെപ്പായി രേഖപ്പെടുത്താവുന്നതാണ്.

കുട്ടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ പഞ്ചായത്തുകൾ രംഗത്തുവരുന്നു എന്നത് ശ്രദ്ധേയമാണ്. നിയമപരമായ പദ്ധതി ആസൂത്രണ പ്രവർത്തനങ്ങൾക്കു പുറമേ, സ്പോൺസേർഡ് പരിപാടികൾ വഴിയും കുട്ടികളുടെ സർഗ്ഗശേഷി ഉയർത്തുന്ന പ്രവർത്തനങ്ങൾ പല പഞ്ചായത്തുകളും നടത്തിവരുന്നു. പക്ഷെ ഏകോപിത പ്രവർത്തനത്തിന്റെ അഭാവം ഈ മേഖലയിലെ തിളക്കം കെടുത്തുന്നുണ്ടോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

ബാലസൌഹൃദ പ്രവർത്തനങ്ങളിലെ ദൌർബല്യങ്ങൾ

- സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖയിൽ ആസൂത്രണ പ്രക്രിയകളിൽ കുട്ടികൾക്കായുള്ള പദ്ധതികൾ ബാലസൌഹൃദമാക്കണം എന്നൊരു വാചകം മാത്രമാണ്. പദ്ധതി വിഭാവനം ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിസ്ഥാനമായി പറയാനുള്ളത്. അതിനാൽ തന്നെ കുട്ടികൾക്കായി ഒരു നിർബന്ധിത ബാലപദ്ധതി പഞ്ചായത്ത് തലത്തിൽ ഇല്ലാതെ

പോകുന്നു. വകുപ്പുതല പരിപാടികളിൽ നിർദ്ദേശിത ആസൂത്രണ പരിപാടികളിൽ വേണ്ടത്ര സ്വാധീനം ചെലുത്തി ബാലസൌഹൃദ പദ്ധതികൾ രൂപീകരിക്കാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പല കാരണങ്ങളാൽ കഴിയാതെ പോകുന്നു.

- ജില്ലാ ആസൂത്രണ സമിതി നിർദ്ദേശങ്ങൾ, ജില്ലാതല ബാലസൌഹൃദ പദ്ധതി കുട്ടികൾക്കായുള്ള ജില്ലാ കാഴ്ചപ്പാട് എന്നിവയുടെ അഭാവം, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഈ മേഖലയിൽ കൃത്യമായ ദിശാബോധ നിർണ്ണയത്തിന് സാദ്ധ്യമാവാതെ വരുന്നു.

ഇടപെടൽ സാദ്ധ്യതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗ്രാമസഭ/വാർഡ്സഭ, കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടേയും സ്ത്രീകളുടേയും വികസനത്തിനായുള്ള വർക്കിങ് ഗ്രൂപ്പ് ജാഗ്രതാ സമിതി, കൌമാര ക്ലബുകൾ, ക്ഷേമകാര്യ സ്റ്റാന്റിംങ്ങ് കമ്മിറ്റി, വിവിധ കമ്മിറ്റികൾ, മറ്റു വർക്കിങ്ങ് ഗ്രൂപ്പുകൾ, എന്നിവ വഴി കുട്ടികൾക്കു വേണ്ടി പദ്ധതി ആസൂത്രണം നടത്തുന്നതിന് ധാരാളം വേദികൾ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങൾക്കുണ്ട്. ഇതുവഴി കൃത്യമായ ആസൂത്രണ സാദ്ധ്യത ഉരുത്തിരിയും. പോഷകാഹാര പിന്തുണ, ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ്, അംഗനവാടികൾ, സ്കൂളുകൾ, ആരോഗ്യകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ തുടങ്ങി, കുട്ടികളുടെ ശ്രദ്ധ, വളർച്ച, സമൂഹവത്ക്കരണം തുടങ്ങിയ വിവിധ മേഖലകളിൽ പദ്ദതി വിഭാവനം ചെയ്യാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയും. അതോടൊപ്പം ഭിന്നശേഷിക്കാർക്കായി ബഡ്സ് സ്കൂൾ, വായനശാലകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ, അറ്റകുറ്റപണികൾ എന്നിവയ്ക്കും പദ്ധതികളിൽ സ്ഥാനം കണ്ടെത്താൻ കഴിയും.

പഞ്ചായത്ത് രാജ് നിയമം വഴി പഞ്ചായത്ത് / മുൻസിപ്പൽ സ്ഥാപനങ്ങൾക്ക് അധികാരങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും മാത്രമല്ല സംസ്ഥാനം കൈമാറിയിട്ടുള്ളത്. അവ കൈയ്യാളാനുള്ള ഉദ്യോഗസ്ഥന്മാരെയും അതുവരെ അവർ കൈകാര്യം ചെയ്ത ഫണ്ടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമം വഴി കൈമാറുകവഴി, സംസ്ഥാനത്ത് ബാലകേന്ദ്രീകൃത സേവന പ്രവർത്തനങ്ങളുടെ ഒട്ടുമിക്ക ഭാഗവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെയാണ് നടത്തിപ്പെടേണ്ടത് എന്ന അവസ്ഥയുണ്ടായി.

ബാലസൌഹൃദ തദ്ദേശഭരണം എങ്ങനെ

പ്രഥമമായി ഭരണമെന്നാൽ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും നയങ്ങൾ നിലനിർത്തുകയും ഭരണപരമായ ചുമതലകൾ വിന്യസിക്കുകയും ആ പ്രവർത്തനങ്ങൾ മേലാധികാരികൾ മേൽനോട്ടം വഹിക്കപ്പെടുകയും ചെയ്യുന്ന ആധികാരിക സമ്പ്രദായമാണ്. ബാദ്ധ്യസ്ഥത, സുതാര്യത, പ്രതികരണം, കാര്യക്ഷമത, പങ്കാളിത്തം ഉൾക്കൊള്ളൽ, സമവായം എന്നിവയാണ് സദ്ഭരണത്തിന്റെ പ്രധാന തത്വങ്ങൾ. ഈ ചട്ടക്കൂടിന് അനുരൂപമായി കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എല്ലാവരും, അവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ കുട്ടികളും അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ സമഗ്രമായി അനുഭവിക്കുന്നു എന്ന് ഉറപ്പുവരുത്താൻ കഴിയുമ്പോൾ ബാലസൌഹൃദഭരണം എന്ന അവസ്ഥ സൃഷ്ടിച്ചെടുക്കാനാവും.

ജില്ലാ നേതൃത്വത്തിന് നല്കാവുന്ന ദിശാസൂചകങ്ങൾ

- ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാ പദ്ധതിയിൽ ബാലസൌഹൃദ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്ന കാഴ്ചപ്പാട് സ്വീകരിക്കുകയും അതനുസരിച്ച് കുട്ടികളുമായി ബന്ധപ്പെട്ട മേഖലകളെകൂടി ഉൾപ്പെടുത്തി വേണം പദ്ധതി ആസൂത്രണ നിർവ്വഹണങ്ങൾ എന്ന നിർദ്ദേശം നല്കലും അതു വിലയിരുത്തലും.

- കുട്ടികൾക്കായുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതികനിധികളുടെ ത്രൈമാസിക കൂടിയാലോചനകളും നിർദ്ദേശങ്ങളും വഴി മേഖല സമ്പുഷ്ടീകരണം നടത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാസ സൌഹൃദ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും കമ്മിറ്റി സംവിധാനങ്ങൾ ഉപയോഗിക്കുക.
- നൂതനാശയങ്ങൾ സ്വീകരിക്കുകയും പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രേരിപ്പിക്കകയും പ്രാപ്തരാക്കുകയും ചെയ്യുന്നതിന് ജില്ലാതലത്തിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് നേതൃത്വം നല്കുക.
- കുട്ടികളുടെ അന്തരാഷ്ട്ര അവകാശ ഉടമ്പടി, ഭരണഘടനാപരമായ അവകാശങ്ങൾ, സർക്കാരിന്റെ സേവനങ്ങൾ മറ്റു നിയമങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി, ജില്ലാതലത്തിൽ മേഖലാടിസ്ഥാനത്തിൽ പരിശീലനത്തിന് ചുമതലക്കാരെ ഏല്പിക്കുകയും നേതൃത്വം നല്കുകയും ചെയ്യുക.
- ജില്ലാ കാഴ്ചപ്പാട് രൂപീകരണം : 1) കുട്ടികൾ വികസനത്തിന്റെ അരികു പറ്റുന്നവരല്ല, മറിച്ച് കേന്ദ്ര ബിന്ദുവാണെന്ന് തിരിച്ചറിയൽ 2) കുട്ടികൾക്കായുള്ള സമഗ്ര വികസന സഹായ ഇടപെടലുകളെക്കുറിച്ചുള്ള ധാരണ 3) കുട്ടികൾക്ക് ഫലപ്രാപ്തി നല്കുന്ന സേവനങ്ങൾ 4) ഫണ്ടുകൾ, പ്രവർത്തകർ, പ്രവർത്തനങ്ങൾ എന്നിവയെ പ്രയോജനപ്പെടുത്തൽ, നിയന്ത്രണങ്ങൾ 5) മോണിറ്ററിങ്ങ് 6) ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സന്നന്ധത.
- കുട്ടികൾക്കായുള്ള കർമ്മപരിപാടി രൂപീകരണത്തിൽ മുഴുവൻതദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ജില്ലാ ആസൂത്രണ സമിതിയുടെയും പങ്കാളിത്തം ഉറപ്പാക്കുകയും ഒരു സമഗ്ര വികസന കാഴ്ചപ്പാട് ജില്ലയിൽ ആകമാനം സൃഷ്ടിക്കുകയും ചെയ്യുക. ഇതിനായി ജില്ലാതലത്തിൽ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ഒരു കർമ്മപദ്ധതി രൂപീകരിക്കുകയും അതിൽ കുട്ടികളുടെ മേഖലയുമായി ബന്ധപ്പെട്ട് എല്ലാവകുപ്പുകളുടെയും ഇടപ്പെടൽ, പദ്ധതി ആസൂത്രണം,നിർവഹണം എന്നിവ ഫലപ്രദമായി നടപ്പാക്കൽ എന്നിവയും പൊതു സമീപനമാക്കണം.
  - കുട്ടികൾക്കായുള്ള സ്ഥാപനങ്ങളുടെ മേന്മവൽക്കരണം [അംഗൻവാടികൾ,സ്കൂൾ,ആരോഗ്യ സ്ഥാപനങ്ങൾ, ഹോസ്പിറ്റൽ)
  - കുട്ടികൾക്കായുള്ള പൊതുഇടങ്ങളുടെ മേന്മ വൽക്കരണം [ലൈബ്രറി,പാർക്ക്, കളിസ്ഥലം,]
  - കുട്ടികൾക്കായുള്ള സംവിധാനങ്ങളുടെ ശാക്തീകരണം [കുട്ടികളുടെ ഗ്രാമസഭ, ബാലസഭ, സ്കൂൾ ക്ലബ്ബുകൾ, പി.ടി.എ യോഗം, അംഗൻവാടി മോണിറ്ററിംഗ്, വെൽഫെയർ കമ്മിറ്റി തുടങ്ങിയവ.]
  - കുട്ടികൾക്കായുള്ള നിയമ സംവിധാനങ്ങളുടെ ഉറപ്പാക്കൽ [ജാഗ്രതാ സമിതി, ബാലനീതി നിയമം, ലൈംഗികാതിക്രമം തടയൽ,പോസ്കോ തുടങ്ങിയവ]

നിർദേശങ്ങൾ

ബാലസൌഹൃദ-ജില്ല-പാലക്കാട് എന്ന കാഴ്ചപ്പാട് ഫലപ്രദമാക്കാൻ താഴെ പറയുന്ന രീതിയിലുള്ള പ്രോജക്ടുകൾ തയ്യാറാക്കണം. ഇത് യുണിസെഫിന്റെയും ഐക്യരാഷ്ട്രസഭയുടെ സഹസ്രാബ്ദ ലക്ഷ്യങ്ങളുടെയും, അന്താരാഷ്ട്ര കുട്ടികളുടെ അവകാശ ഉടമ്പടിയുടേയും അന്തസത്ത ഉൾക്കൊണ്ട്ക്കൊണ്ട് തയ്യാറാക്കേണ്ടതാണ്. കുട്ടികളുടെ ജീവിത ഗതിയിൽ, അതിജീവനം, വികസനം,സംരക്ഷണം, പങ്കാളിത്തം, എന്നിങ്ങനെ നാലു മേഖലകളിലാണ് നിലവിലുള്ള ത്രിതല സംവിധാനം അതിന് പാകമാണ്.

അതിജീവനം

1) കുട്ടികളുടെ വിവരവ്യൂഹം
2) ബേറി ബച്ചാവോ ബേട്ടി പഠാവോ എന്ന പരിപാടി
3) ജീവിത ശൈലി വിദ്യാഭ്യാസ ബോധവത്ക്കരണം
4) പ്രസവരക്ഷ. നവജാതശിശു സംരക്ഷണം, മുലയൂട്ടൽ, അങ്കണവാടി പൂരക പോഷകാഹാര പ്രവർത്തനങ്ങൾ - ഇവയുടെ പ്രചാരണത്തിന് ഉതകുന്ന പ്രൊജക്ടുകൾ.
5) പ്രതിരോധ ചികിത്സ വിജയകരമാക്കുന്നതിന് പരിപാടി
6) കുടിവെള്ളം, ഉച്ചഭക്ഷണം എന്നിവയുടെ വിതരണത്തിന് നവീന രീതിയിലുള്ള പ്രോജക്ടുകൾ
7) അംഗനവാടി പശ്ചാത്തല സൌകര്യം ശിശു സൌഹൃദമാക്കാൻ - ജില്ലാ തല പദ്ധതി.

വികസനം

1. പോഷകാഹാര പുനരധിവാസ കേന്ദ്രം ജില്ലാ തലത്തിൽ
2. കുട്ടികളുടെ വികസന നിലവാരം അളക്കൽ - അട്ടപ്പാടിയിലെ "ജാതക് ജനനീ" സംവിധാനം മാതൃക
3. അംഗൻവാടികളുടെ മാതൃകാ അംഗൻവാടിയിലേക്കുള്ള ഉയർച്ചക്ക് ഇടപെടൽ ഒരുക്കുന്ന ഒരു പ്രൊജക്ട് ജില്ലാതലത്തിൽ

സംരക്ഷണം

1. ഭിന്നശേഷി ഡയറക്ടറി — ശ്രീകൃഷ്ണപുരം പഞ്ചായത്ത്
2. ജില്ലാതലത്തിൽ ഓട്ടിസം റിസോഴ്സ് സെന്റർ
3. എല്ലാ ബ്ലോക്കുകളിലും ബഡ്സ് സ്കൂൾ
4. അനാഥാലയങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഒരു അപെക്സ് കമ്മിറ്റിയുടെ ചുതമല
5. തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന രീതിയുള്ള കൌമാര മാനസിക ആരോഗ്യ പരിപാടികൾ.

പങ്കാളിത്തം

1. ബാലസഭ / ബാലപഞ്ചായത്ത് പ്രത്യേക ഗ്രാമസഭ എന്നിവ നടപ്പാക്കുന്നതിന് ഇവാല്യൂവേഷൻ കമ്മിറ്റി രൂപീകരിക്കുക ഇതിന് പ്രോജക്ട് ആവശ്യമില്ല.
2. മെയിന്റനൻസ് ഫണ്ടിൽ ഉൾപ്പെടുത്തി ഉൾപ്പെടുത്തി പൊതുവേദികളായ ലൈബ്രറി, പാർക്ക്, കളിസ്ഥലങ്ങൾ എന്നിവ നവീകരിക്കുന്നതിനുള്ള പ്രോജക്ട്.
3. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാതല, ഗ്രാമതല ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ വിപുലികരിക്കുക.
4. എം.എൽ.എ / എം.പി ഫണ്ടുകൾ ഉപയോഗിച്ച് സ്കൂളുകൾ, കളിസ്ഥലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനും നവീകരണത്തിനും ഉള്ള പരിപാടികൾ.

സഹായ കേന്ദ്രങ്ങൾ (ഉപയോഗപ്പെടുത്താവുന്നത്)

- യൂണിസെഫ് — വിവിധ സംസ്ഥാനതല പ്രവർത്തനങ്ങൾ
- കില — മേഖലയിലെ വിവിധ പരിശീലന പരിപാടികൾ
- മെന്റർമാർ - കില നിശ്ചയിച്ച പഞ്ചായത്തുതല സന്നദ്ധപ്രവർത്തകർ

ആഗോളത്തലത്തിൽ രൂപപ്പെട്ടിട്ടുള്ള ബാലസൌഹൃദഭരണം എന്ന ധാരണയ്ക്ക് അവകാശാധിഷ്ഠിത സമീപനം എന്ന ചട്ടക്കൂടിൽനിന്ന് കുട്ടികൾക്കായുള്ള കർമ്മപദ്ധതി എന്ന തലത്തിലേക്ക് അതിദ്രുതം മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ ജില്ലക്കും, കുട്ടികൾക്കായു കർമ്മപദ്ധതി

എന്ന ആശ്രയത്തിൻ കീഴിൽ എല്ലാ സംയോജന സാദ്ധ്യതകളെയും ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തന പന്ഥാവിൽ മുന്നേറാൻ ആസന്ന ഭാവിയിൽതന്നെ കഴിയുമെന്ന് പ്രത്യാശിക്കാം.

ബാലസൌഹൃദ ജില്ല പാലക്കാട് –ഒരാമുഖം

(കീഴ്ത്തട്ട്, മേൽതട്ട് നിർദ്ദേശങ്ങൾ, സംയോജന സാദ്ധ്യതകൾ)

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും കുട്ടികളുടെ സമഗ്ര വിവര ശേഖരണം ഉറപ്പാക്കുക (കേരള ജനസംഖ്യയിൽ 29.73% കുട്ടികളാണ്)
- എല്ലാ പഞ്ചായത്തുകളിലും കുട്ടികളുടെ ഗ്രാമസഭകൾ, ഉപരിസഭ, വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പങ്കാളിത്തം എന്നിവ ഉറപ്പാക്കുക
- പഞ്ചായത്ത് / മുൻസിപ്പൽ പ്രദേശങ്ങളിൽ കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും വിവിധ സ്റ്റാൻറിങ്ങ് കമ്മിറ്റികളുടെ ഫലവത്തായ നേതൃത്വം ഉറപ്പ് വരുത്തുക
- ആരോഗ്യം 1) ആന്റിനാതൽ ചെക്കപ്പ്, 100 ഐ.എഫ്.എ ഗുളികകൾ, ടെറ്റനസ് കുത്തിവെപ്പ് എന്നിവ ഉറപ്പാക്കുക. 2) പ്രസവിച്ച് ഒരു മണിക്കുറിനുള്ളിൽ മുലപ്പാൽ നല്കുക എന്ന ശീലം. 3) ആദ്യ ആറുമാസം മുലപ്പാൽ മാത്രം എന്ന് പരിശീലനം.
- സാമൂഹ്യനീതി 1) മുഴുവൻ അംഗനവാടികൾക്കും സ്വന്തം കെട്ടിടം ഉറപ്പാക്കൽ 2) എ.എൻ.സി കമ്മിറ്റി, എ.ജി ക്ലബ്, എ.ബി. ക്ലബ് എന്നിവയുടെ പ്രവർത്തനം 3) 3 വയസ്സുള്ള മുഴുവൻ കുട്ടികളെയും അംഗനവാടികളിൽ എത്തിക്കുക
- വിദ്യാഭ്യാസം 1) പി.ടി.എ ശാക്തീകരണം 2) എല്ലാ ജനനവും രജിസ്റ്റർ ചെയ്യുക 3) എസ്.എസ് / എസ്.ടി പഠന നിലവാരം ഉയർത്തൽ 4) സ്കൂൾ കൊഴിഞ്ഞുപോക്ക് ഇല്ലാതാക്കൽ

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ ജില്ലയിലെ മുഴുവൻ അംഗൻവാടി പ്രവർത്തകർക്കും കുട്ടികളുടെ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ വിഷയങ്ങളിൽ ഐ.ഇ.സി ഉറപ്പാക്കാൽ ജില്ലാതല പദ്ധതി വേണം.
- ✓ പഞ്ചായത്തിൽ പ്രേരക് എസ്. സി പ്രമോട്ടർ, ജെ.പി.എച്ച്.എൻ, ആശാ തുടങ്ങി ആരെയെങ്കിലും കുട്ടികളുടെ പ്രവർത്തനങ്ങൾ ഏകീകരിക്കാൻ ജില്ലാ സംവിധാനം ഉണ്ടാകണം
- ✓ കുട്ടികളുടെ വിവരശേഖരണം അടിസ്ഥാനമാക്കി പഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യാൻ എന്ന് ഉറപ്പുവരുത്താൻ ജില്ലാതല നിരീക്ഷണ സമിതി
- ✓ കുട്ടികളുടെ ഗ്രാമസഭ, ക്ലബ്ബുകളുടെ പ്രവർത്തനം എന്നിവ നിരീക്ഷിച്ച് ജില്ലാതല റിപ്പോർട്ട് ആറുമാസത്തിൽ ഒരിക്കൽ തയ്യാറാക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും യുവജനക്ഷേമ ബോർഡ് ജില്ലാ ഓഫീസിനെ ചുമതലപ്പെടുത്തണം.
- ✓ **ആരോഗ്യം** 1) ബാലകേന്ദ്രീകൃത ആരോഗ്യസേവനങ്ങൾ, അമ്മാരുടെ ആരോഗ്യ സംരക്ഷണ പരിപാടികൾ എന്നിവ പഞ്ചായത്തു തലത്തിൽ നടപ്പിലാക്കാൻ ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകൽ 2) മാതൃശിശു മരണനിരക്ക് കുറക്കാനുള്ള നടപടികൾ ജില്ലാതലത്തിൽ (ആരോഗ്യ വകുപ്പുകൾ) ഉണ്ടാവണം.

- ✓ **സാമൂഹ്യനീതി** 1) എസ്.എൻ.പി, പ്രീ- സ്കൂളിംഗ് ഇവയുടെ മേന്മ ഉയർത്താൻ നടപടികൾ 2) അംഗപരിമിതി കണ്ടെത്തുന്നതിന് കാലേകൂട്ടിയുള്ള പരിശോധന നടപടികളും 3) ഗ്രീൻ ഇനീഷ്യേറ്റീവ് 4) ജില്ലാതല ഭിന്നശേഷി വികസന വിഭവകേന്ദ്രം ആരംഭിക്കുക
- ✓ **വിദ്യാഭ്യാസം** 1) സ്കൂളിൽ ആവശ്യത്തിന് കെട്ടിടങ്ങൾ, കുടിവെള്ള ലഭ്യത, കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയലറ്റുകൾ എന്നിവ ഉറപ്പാക്കാൻ പദ്ധതി നിർദ്ദേശങ്ങളും അംഗീകാരങ്ങളും.
- ✓ **പഞ്ചായത്ത്** 1) ഗ്രാമസഭ, ബാലപഞ്ചായത്ത്, വർക്കിംഗ് ഗ്രൂപ്പ് പങ്കാളിത്തം, അംഗപരിമിത കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ ഉറപ്പാക്കുക. 2) കളിസ്ഥലങ്ങൾ, വായനശാലകൾ, നീന്തൽ കുളങ്ങൾ എന്നിവയ്ക്ക് വാർഷിക പദ്ധതി അംഗീകാരം നല്കൽ

സംയോജന സാധ്യതകൾ

- ➢ ജില്ലാ ആശുപത്രി, സി.എച്ച്.സി എന്നിവയുടെ എക്സ്റ്റൻഷൻ കൌണ്ടർ പ്രവർത്തന സംവിധാനം പഞ്ചായത്ത് തലത്തിൽ എല്ലാമാസവും ഉണ്ടാവണം. ഇതിനായി അലോപ്പതി, ആയുർവേദ, ഹോമിയോ വകുപ്പുകൾ പദ്ധതി തയ്യാറാക്കണം.
- ➢ കുട്ടികളുടെ മേഖലയിലും ഗർഭിണികളുടെ ആരോഗ്യ പ്രശ്നങ്ങളിലും നിലവിലുള്ള പരാധീനതകൾ ഒഴിവാക്കി നല്ല സേവനം ലഭ്യമാക്കാൻ ഉതകുന്ന പ്രവർത്തനം സൂചിപ്പിക്കുന്ന ഒരു റിപ്പോർട്ട് ജില്ലാതലത്തിൽ എക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക് വകുപ്പിന്റെ നേതൃത്തിൽ നടത്തുക
- ➢ എസ്.സി / എസ്.റ്റി കുട്ടികളുടെ സമഗ്രസേവനം ഉറപ്പുവരുത്തുന്നതിന് പ്രമോട്ടർമാരുടെ സേവനത്തിൽ കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തണം.
- ➢ എൽ.പി/യു.പി വിഭാഗങ്ങളിൽ കുട്ടികളുടെ ആരോഗ്യപോഷണവും, കായിക പോഷണവും ഉറപ്പു വരുത്താൻ പ്രാദേശിക പി.ടി.എ കൾക്ക് അപക്സ് ബോഡി ജില്ലാതലത്തിൽ രൂപീകരിക്കുക
- ➢ അടിസ്ഥാന സൌകര്യ വികസനങ്ങളുടെ പദ്ധതികൾ ഡി.പി.സി യിൽ മുടങ്ങിപ്പോവാതിരിക്കുക (സ്കൂളുകളുടെ കാര്യത്തിൽ)
- ➢ മെഡിക്കൽ സർട്ടിഫിക്കറ്റ്, ആനുകൂല്യ സർട്ടിഫിക്കറ്റുകൾ, വായ്പ്പകൾ എന്നിവക്ക് നിലവിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകൾക്കുള്ള നിർദ്ദേശം
- ➢ യാത്ര ക്ലേശങ്ങൾ പരിഹരിക്കുന്നതിന് എല്ലാ മാസവും പി.ടി.എ, സ്കൂൾ മാനേജ് മെന്റ് കമ്മിറ്റി പ്രതിനിധികൾ എന്നിവരുമായുള്ള ചർച്ച ആർ.ടി.എ ആയി നടത്തുക
- ➢ സീറോസോൺ, മറ്റു ലഹരി വസ്തുക്കളുടെ വർജ്ജനം എന്നിവ ഉറപ്പാക്കാനുള്ള എക്സൈസ് വകുപ്പിന്റെ ബ്ലോക്ക് തല പ്രവർത്തനങ്ങൾ
- ➢ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ അന്വേഷിച്ച് നടപടി എടുക്കുന്നതിന് പോലീസിനു നല്കുന്ന പ്രത്യേക പരിശീലനം ജില്ലാതലത്തിൽ
- ➢ കുട്ടികളുടെ സമഗ്ര വികസനത്തിന് കിലയുടെ നിർദ്ദേശങ്ങളിൽ ജില്ലാ ആസൂത്രണ സമിതിയുടെ കാര്യമാത്ര പ്രസക്തമായ ഇടപെടൽ

ഹരിത കേരളം മിഷൻ

ദേശീയ സംസ്ഥാന തലത്തിലെന്ന പോലെ പ്രാദേശിക തലത്തിലും യോജിച്ച ഒരു പരിസ്ഥിതി നയം പ്രാദേശികമായി രൂപപ്പെടുത്തേണ്ടതാണ്. പാലക്കാട് ജില്ലയിൽ കാലാവസ്ഥ വ്യതകിയാനം കൊണ്ടുണ്ടാകുന്ന പ്രത്യാഘാതങ്ങൾ ഓരോ പ്രദേശത്തും വ്യത്യസ്തമായിരിക്കും. ഓരോ പ്രദേശത്തും അതിൻറെ രൂക്ഷത മനസ്സിലാക്കി അത് ലഘൂകരിക്കുന്നതിനാവശ്യായ നടപടികൾ കൈക്കൊള്ളുന്നതിന് പര്യാപ്തമായിരിക്കണം. കാലാവസ്ഥ വ്യതിയാനം ദാരിദ്ര്യം വർദ്ധിപ്പിക്കാനും, സാമ്പത്തിക തകർച്ചയ്ക്കും, മാരക രോഗങ്ങളുടെ വ്യാപനത്തിനും ഇടയാകും എന്ന ബോധം ഉൾക്കൊള്ളണം.

1. തദ്ദേശ വിഭവ സ്രോതസ്സുകളുടെ പരിരക്ഷ ഉറപ്പാക്കാൻ (സസ്യജാലങ്ങൾ, കുന്നുകൾ, മലകൾ, ജലസ്രോതസ്സുകൾ, നീർച്ചാലുകൾ, തോടുകൾ, പുഴകൾ, മണ്ണ്, ധാതുക്കൾ, വനം, സസ്യ ജന്തു ജാലങ്ങൾ മുതലായവ)
2. പ്രകൃതി വിഭവ വിനിയോഗം പരിസ്ഥിതിക്ക് ഹാനികരമല്ലെങ്കിൽ ഉറപ്പാക്കാൻ (മണ്ണ്, കരിമണ്ണ്, കല്ല്, മണൽ, കരിമണൽ, ജലം, ധാതുക്കൾ, തടി മുതലായവയുടെ അനിയന്ത്രിത ചൂഷണം നിയന്ത്രിക്കൽ)
3. ആവശ്യം വേണ്ട പരിസ്ഥിതി പുനരുജ്ജീവനം നവീകരണ പ്രവർത്തനങ്ങൾ നടത്തുമെന്ന് ഉറപ്പാക്കൽ.
4. ഖര-ദ്രാവ-വാതക മാലിന്യം നിർമ്മാർജ്ജനത്തിൽ വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും കർമ്മ പരിപാടികളും തയ്യാറാക്കൽ.
5. പരിസ്ഥിതി പ്രത്യഘാത - പ്രദേശങ്ങൾ കണ്ടെത്തി മാപ്പിങ്ങ് നടത്തൽ, സംരക്ഷണ പ്രവർത്തനങ്ങൾ നടത്തൽ.
6. പാരിസ്ഥിതിക അവബോധ പ്രവർത്തനങ്ങളും, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തം ഉറപ്പാക്കലും
7. പരിസ്ഥിതി സൌഹൃദ സാങ്കേതിക വിദ്യകൾക്ക് പ്രോത്സാഹനം നൽകണം.
8. പ്രകൃതി സൌഹൃദ ഉൽപ്പന്നങ്ങൾ പ്രചരിപ്പിക്കുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക
9. ദുരന്ത നിവാരണ സംവിധാന ഉണ്ടാക്കൽ
10. പരിസ്ഥിത്ക്ക് ദോഷം വരുത്തുന്ന എല്ലാതരം മാലിന്യങ്ങളും ശാസ്ത്രീയ സംസ്കരണം ഉറപ്പ വരുത്തണം

വരൾച്ച

1. ചെടികളുടെ ഇലകളിൽ കൂടിയുള്ള ജല ബാഷ്പീകരണം, മണ്ണിൻറെ ഈർപ്പം എന്നിവ ഉപഗ്രഹ ചിത്രങ്ങൾ വഴി കണ്ടുപിടിച്ച് വരൾച്ചയുടെ കാഠിന്യം കണ്ടെത്താനാകും. വെള്ളത്തിൻറെ ദൌർലഭ്യം മൂലം ചെടികൾക്കുണ്ടാകുന്ന ചെറിയ മാറ്റം പോലും ഇത്തരം ചിത്രങ്ങളിലൂടെ കിട്ടുന്ന വെജിറ്റേഷൻ ഇൻഡക്സിൻറെ വിവരങ്ങളലിലൂടെ കണ്ടെത്താം. നാഷണൽ അഗ്രികൾച്ചറൽ ഡ്രോഫ്റ്റ് അസ്സെസ്സ്മെൻറ് ആൻറ് മോണിറ്ററിംഗ് സിസ്റ്റം 13 സംസ്ഥാനങ്ങളുണ്ട്. കേരളത്തിൽ പ്രത്യേകിച്ച് പാലക്കാടിൽ ഈ സംവിധാനം അത്യാവശ്യമാണ്.

2. ഇടക്കാല കാലാവസ്ഥ മുന്നറിയപ്പുകഴ വഴി ക്രോഡീകരിച്ച നൽകാം നിലവിൽ ആന്ധ്രയിലും, കർണാടകത്തിലുമേ ഈ സംവിധാനം ഉള്ളൂ.

3. രാജീവ് ഗാന്ധി നാഷണൽ ഡ്രിംഗിഗ് വാട്ടർ മിഷൻ എന്ന പ്രോജക്ടിൻറെ കീഴിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ ഭൂഗർഭജലത്തിൻറെ ലഭ്യതയെപ്പറ്റി ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ 1:50000 സ്കെയിലിൽ മാപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇവ ഉപയോഗ യോഗ്യമാക്കണം.

4. കാർഷിക ആവശ്യത്തിനും, കുടിവെള്ള ആവശ്യത്തിനുമല്ലാതെ വ്യവസായ – കച്ചവട സ്ഥാപനങ്ങൾ അമിതമായി ഭൂഗർഭജല ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കണം

5. 3-5 കൊല്ലത്തെ വിള രീതിയുടെ മാറ്റങ്ങൾ, 30-50 കൊല്ലത്തെ മഴയുടെ വിവരങ്ങൾ, കന്നുകാലി തീറ്റലഭ്യത, കുടിവെള്ളത്തിനും, വ്യാപാര വാണിജ്യ ആവശ്യത്തിനും ആവശ്യമായ ജലത്തിൻറെയും, സാമൂഹിക – സാമ്പത്തിക ഘടകങ്ങളുടെ ഫീൽഡ്തല വിവരം ശേഖരണം നടക്കണം.

6. ക്രൈസിസ് മാനേജ്മെൻറ് ഗ്രൂപ്പ് വരൾച്ച മറ്റു പ്രകൃതി ഷോഭങ്ങൾ എന്നിവയ്ക്കായി പ്രത്യേകം കൂടണം

7. റവന്യൂ വകുപ്പ് കൊടുക്കുന്നതും പ്രകൃതി ദുരന്തത്തിൻറെ ഫലമായി ഉണ്ടാകുന്നതുമായ നഷ്ടത്തിൻറെ അളവ് ഉപഗ്രഹചിത്രങ്ങൾ വഴി വിവരങ്ങൾ വളരെ ശാസ്ത്രീയമായി പരിശോധിക്കാൻ സാധിക്കുന്നതാണ്. ആയത് ഉപയോഗപ്പെടുത്തണം.

8. വരൾച്ച നിയന്ത്രണത്തിൻറെ ചുമതല കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിലുള്ള കൃഷി സഹകരണ വകുപ്പിൻറെ മാപ്പിൽ കേരളം 5 കൊല്ലത്തിലൊരിക്കൽ വരൾച്ചയുള്ള സംസ്ഥാനമായി വരൾച്ചാമാപ്പ് തയ്യാറാക്കി വരികയാണ്. ഇന്ത്യയിൽ ബഹിരാകാശ ഗവേഷണ കേന്ദ്രം, നാഷണൽ റിമോട്ട് സെൻസിംഗ് സെൻറർ എന്നിവയുമായി സംയോജിപ്പിച്ച് വരൾച്ച നഷ്ടം കൃത്യമായി കണക്കാവുന്നതാണ്.

9. അടിയന്തിരമായി കാർഷിക വിള ദുരന്ത പ്രതിരോധ പ്ലാൻ ഉണ്ടാക്കി അഗ്രോ അഡ്വൈസറി സർവ്വീസ് വഴി കർഷകരുടെ ഇടയിൽ എത്തിക്കണം.

10. വ്യാപകമായ ജലസംരക്ഷണ പ്രവർത്തനങ്ങളും ജല ബഡ്ജറ്റിംഗും നടത്തണം.

11. എല്ലാ 5 x 5 Km കളും ഓട്ടോമാറ്റിക് റയിൻ ഗേജുകൾ ഉണ്ടായാലേ കൃത്യമായ കണക്കുകൾ കിട്ടുകയുള്ളൂ. കാലാവസ്ഥ നിരീക്ഷണ കേന്ദ്രത്തിൻറെ കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന മഴമാപിനികളല്ലാതെ ഏതെങ്കിലും ഉപകരണം വെക്കരുത്. ഇക്കാര്യം ജില്ലാ ഭരണ സംവിധാനം പ്രത്യേകം ശ്രദ്ധിക്കണം.

12. കാടിൻറെ വിസ്തൃതി കൂട്ടുന്ന പ്രവർത്തനങ്ങൾ വരൾച്ചയുടെ ആഘാതം കുറയ്ക്കും

13. 1981 ൽ സിൽവർ ഡൈഓക്സൈഡ്, ഉപ്പ് കൊണ്ട് പശ്ചിമ ഘട്ടത്തിൽ കൃത്രിമമായി മഴ പെയ്യിക്കാൻ ടാറ്റാ കമ്പനി ശ്രമം നടത്തിയിരുന്നു. ഇപ്പോൾ ഐ.ഐ.ടി.എം ൻറെ കീഴിൽ റയിൻ ആൻറ് കോൾഡ് ഫിസിക്സ് റിസർച്ച് യൂണിറ്റ് ഇത്തരം പരീക്ഷണം നടത്തുന്നു. കർണാടകം, മഹാരാഷ്ട്രാ, യു.പി എന്നിവിടങ്ങളി 20 % മഴയിൽ വർദ്ധനവുണ്ടായതായി അവകാശപ്പെടുന്നു. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

14. പറ്റുന്ന ഇടങ്ങളിലെല്ലാം തുള്ളി ജലസേചനത്തിനും സ്പ്രിഗ്ളർ ജലസേചനത്തിനും സൌകര്യം ഉണ്ടാക്കാൻ ശ്രമിക്കണം.

15. രോഗാതുര കണക്കിലെടുത്ത് വരൾച്ച ഘട്ടങ്ങളിൽ കൃത്യമായ പ്രതിരോധ പ്രവർത്തനം നടത്തണം

16. വരൾച്ച, ഉഷ്ണതരംഗം, കൊടുങ്കാറ്റുകൾ, ഇടിമിന്നലുകൾ, ഭൂചലനങ്ങൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം (ഇവയ്ക്ക് പ്രാദേശികമായുള്ള സ്വാധീനം ഉൾപ്പെടുത്തണം)

17. ജൂൺ 17 വനവൽക്കരണം, വരൾച്ചക്കെതിരെ ലോകദിനമായി ജില്ലയിൽ ആചരിക്കണം

18. പാലക്കാട് കേന്ദ്രമായി മഴനിഴൽ പ്രദേശം രൂപകൊണ്ടുവരുന്നതായി ശാസ്ത്രജ്ഞൻമാർ സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങൾ ശാസ്ത്രീയമായി സ്വരൂപിച്ച് നിചസ്ഥിതി ജനകീയ ചർച്ചയ്ക്ക് വിധേയമാക്കണം.

19. കേരളത്തിൽ ഏറ്റവും കൂടുതൽ ഭൂജല വിനിയോഗം പാലക്കാട്ടിൽ ആണ് കുറവ് വയനാട്ടിലും

20. ഭൂജല വിനിയോഗത്തിൻറെ അവസ്ഥയേയും കിണറുകളുടെ ജലനിരപ്പിൻറെ ദീർഘകാലത്തെ ഗതിയെയും അടിസ്ഥാനമാക്കി ബ്ലോക്കുകളെ 4 ആയി തരം തിരിച്ചിരിക്കുന്നു.

    1) അതീവ ഗുരുതരം (അതി ചൂഷിതം) – ചിറ്റൂർ

    2) ഗുരുതരം – മലമ്പുഴ

    3) അർദ്ധ ഗുരുതരം – തൃത്താല / പട്ടാമ്പി

    4) സുസ്ഥിരം – ബാക്കിയുള്ള ബ്ലോക്കുകൾ

ഭാഗം - 2

ജില്ലാ പദ്ധതി നിർദ്ദേശങ്ങൾ

അദ്ധ്യായം 5

2017-18 ൽ നടപ്പിലാക്കുന്ന വിവിധ സംസ്ഥാന- കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനം

വികസന മേഖലകളുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര/സംസ്ഥാന ഗവണ്മെന്റ് തയ്യാറാക്കി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ നിലവിലുണ്ട്. ഇവ ജനങ്ങളുടെ ജീവിത നിലവാരവും സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്നവയാണ്. നിലവിലുള്ള കേന്ദ്ര/സംസ്ഥാന ആവിഷ്കൃത പദ്ധതികളുടെ വിശദമായ അവലോകനമാണ് ഇവിടെ ചേർത്തിട്ടുള്ളത്.

സംസ്ഥാനാതല പദ്ധതികൾ	കാറ്റഗറി 1	സംസ്ഥാനത്തിന് മൊത്തത്തിൽ പ്രയോജനം കിട്ടുന്ന പദ്ധതികൾ
	കാറ്റഗറി 2	ഒരു ജില്ലയിയിൽ മാത്രം കേന്ദ്രീകരിച്ച് പദ്ധതിയാണെങ്കിലും സംസ്ഥാനത്തിന് മൊത്തം പ്രയോജനം കിട്ടുന്ന പദ്ധതി
പ്രത്യേക ഏരിയ പദ്ധതികൾ	കാറ്റഗറി 3	ഒരു പ്രത്യേക പ്രദേശത്തിനുമാത്രം പ്രയോജനം കിട്ടുന്ന പദ്ധതികൾ
ജില്ലാ പദ്ധതികൾ	കാറ്റഗറി 4	സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും കേന്ദ്രകരിച്ചിട്ടുള്ള പദ്ധതികൾ

മേഖലാ തിരിച്ചുള്ള കേന്ദ്ര വിഹിതം

വാർഷിക പദ്ധതി - 2017-18 (തുക കോടിയിൽ)

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
I	**കൃഷിയും അനുബന്ധ മേഖലകളും**									
1	കൃഷി	-	-	-	-	-	234.58	18.0009	234.58	18.0009
2	മണ്ണ് & ജലസംരക്ഷണം	-	-	-	-	-	-	-	0	0
3	മൃഗസംരക്ഷണം	-	-	-	-	-	19.29	1.59	19.29	1.59
4	ക്ഷീരവികസനം	-	-	-	-	-			0	0
5	മത്സ്യബന്ധനം	17	58.5	-	-	-	24.01	0.5000	99.51	0.5
6	വനം- വനവത്ക്കരണവും	16.5	-	-	6	-	45	8.3	67.5	8.3
7	കാർഷിക ധനകാര്യ മേഖലയിലുള്ള നിക്ഷേപം	-	-	-	-	-	-	-	0	0
8	വിപണന-സംഭരണം	-	-	-	-	-	-	-	0	0.00
	ആകെ	**33.5**	**58.5**	**0**	**6**	**0**	**322.88**	**28.3909**	**420.88**	**28.3909**

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
II	**ഗ്രാമവികസനം**									
1	ഗ്രാമവികസന പദ്ധതികൾ	3232.45	-	-	-	-	108.75	10.6068	3341.20	10.6068
2	സാമൂഹ്യ വികസനവും, തദ്ദേശ ഭരണ സ്ഥാപനങ്ങളും	0.44	-	-	-	-	61.07	5.71	61.51	5.71
3	ഭൂപരിഷ്കരണം	-	-	-	-	-	-	-	0	0
4	പ്രത്യേക മേഖലാപരിപാടികൾ	-	-	-	-	-	-	-	0	0
5	എൻ.എസ്.എ.പി	120	-	-	-	-	-	-	120	0
	ആകെ	**3352.89**	**0**	**0**	**0**	**0**	**169.82**	**16.3168**	**3522.71**	**16.3168**
III	**സഹകരണം**									
1	സഹകരണം	-	-	-	55	14.58	-	-	55	14.58
	ആകെ	**0**	**0**	**0**	**55**	**14.58**	**0**	**0**	**55**	**14.58**
IV	**ജലസേചനവും - വെള്ളപൊക്ക നിയന്ത്രണവും**									
1	വൻകിട, ഇടത്തര ജലസേചനം	-	-	-	-	-	-	-	0	0

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
2	ചെറുകിട ജലസേചനം	36.02	-	-	-	-	-	-	36.02	0
3	കാമൻറ് ഏരിയ ഡവലപ്പ്മെൻറ്	-	-	-	-	-	-	-	0	0
4	വെള്ളപൊക്ക നിയന്ത്രണം - കടൽത്തീര ശോഷണം	-	-	-	50.00	-	-	-	50	0
	ആകെ	**36.02**	**0**	**0**	**50**	**0**	**0**	**0**	86.02	0
V	**ഊർജ്ജം**									
1	കെ.എസ്.ഇ.ബി	-	-	-	-	-	-	-	0	0
2	പാരമ്പര്യ പുനരജ്ജീവന ഊർജ്ജ സ്രോതസ്സുകൾ	-	-	-	-	-	-	-	0	0
	ആകെ	**0**	**0**	**0**	**0**	**0**	**0**	**0**	**0**	**0**
VI	**വാണിജ്യവും & ധാതുക്കളും**									
1	നഗരങ്ങൾ ചെറുകിട വ്യവസായങ്ങൾ	-	-	-	-	-	-	-	0	0

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
2	ഇടത്തരം & വൻകിട വ്യവസായങ്ങൾ	-	-	-	-	-	-	-	0	0
3	ധാതുക്കൾ	-	-	-	-	-	-	-	0	0
4	വിവര സാങ്കേതിക വിദ്യ	-	-	-	-	-	-	-	0	0
	ആകെ	**0**	**0**	**0**	**0**	**0**	**0**	**0**	**0**	**0**
V	**ഗതാഗതവും & വാർത്താവിനിമയവും**									
1	തുറമുഖങ്ങൾ									0
2	റോഡുകളും, പാലങ്ങളും									0
3	റോഡ് ഗതാഗതം									0
4	ജലഗതാഗതം									0
5	മറ്റു ഗതാഗത സേവനങ്ങൾ									0
6	വിനോദസഞ്ചാരം									0
	ആകെ	**0**	**0**	**0**	**0**	**0**	**0**	**0**	0	**0**

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
VIII	**ശാസ്ത്രീയ സാങ്കേതിക വിദ്യയും പരിസ്ഥിതിയും**									
1	ശാസ്ത്രീയ സേവനങ്ങളും, ഗവേഷണങ്ങളും	-	-	-	-	-	-	-		0
2	ജീവശാസ്ത്രവും പരിസ്ഥിതിയും	0.6	-	-	-	-	-	-		0
	ആകെ	**0.60**	**0**	**0**	**0**	**0**	**0**	**0**	**0.6**	**0**
IX	**സാമൂഹിക സാമുദായിക സേവനങ്ങൾ**									
1	പൊതുവിദ്യാഭ്യാസം	1273.7							1273.70	0
2	കലയും സംസ്കാരവും	-							0.00	0
3	സാങ്കേതിക വിദ്യാഭ്യാസം	21.22							21.22	
4	കായികം, യുവജനസേവനങ്ങൾ	0.63							0.63	
5	പൊതുജനാരോഗ്യം	531.5							531.50	0
6	ശുചിത്വവും & ശുദ്ധജലവിതരണവും						100	9.77	100.00	9.77
7	പാർപ്പിടം		9						9.00	0

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
8	നഗര വികസന മേഖല	311.62	-	-	150	0	296.63	11.9774	758.25	
9	വിവരം /പ്രചരണം	-	-	-	-	-	-	-	0.00	
10	തൊഴിലും തൊഴിൽക്ഷേമവും	133.50	-	-	-	-	-	-	133.50	0
11	പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക / ന്യൂനപക്ഷ / മുന്നോക്ക വിഭാഗം ക്ഷേമം	607.75	33.96	3.52	-	-	27.4	2.205	669.11	5.725
12	സാമൂഹ്യ ക്ഷേമവും, സുരക്ഷിതത്വം	58.47	6.53	6.00	-	-	-	-	65.00	6
13	പോഷകാഹാരം	323.75	-	-	-	-	-	-	323.75	0
	ആകെ	**3262.14**	**49.49**	**9.52**	**150**	**0**	**424.03**	**23.9524**	**3885.66**	**33.4724**
X	**സാമ്പത്തിക സേവനങ്ങൾ**									
1	സെക്രട്ടറിയേറ്റ് എക്കണോമിക്സ് സർവ്വീസ്സ്	30.00	-	-	-	-	-	-	30.00	0
2	സാമ്പത്തിക ഉപദേശവും, സ്ഥിതി വിവരവും	0.05	-	-	-	-	-	-	0.05	0

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പി.കെ.ഡി	സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	11	12
3	മറ്റു പൊതുസേവനങ്ങൾ	-	-	-	-	-	-	-	0.00	0
	ആകെ	**30.05**	**0.00**	**0.00**	**0.00**	**0.00**	**0.00**	**0.00**	**30.05**	**0.00**
XI	**പൊതു സേവനങ്ങൾ**									
1	അച്ചടിയും അനുബന്ധങ്ങളും	-	-	-	-	-	-	-	0.00	0
2	പൊതുമരാമത്ത്	36.00	-	-	-	-	-	-	36.00	0
3	പൊതു വിതരണം	2.03							2.03	0
	ആകെ	**38.03**	**0**	**0**	**0**	**0**	**0**	**0**	**38.03**	0
ആകെ വിഹിതം		**6753.23**	**107.99**	**9.52**	**261.00**	**14.58**	**916.73**	**68.6601**	**8038.95**	**92.7601**

ഉറവിടം : സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

2017-18 ൽ പാലക്കാട് ജില്ലയ്ക്ക് നാല് കാറ്റഗറിയിലായി കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ആകെ 92.7601 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സ്റ്റേറ്റ് - ജില്ല (പാലക്കാട്) മേഖലാ തിരിച്ചുള്ള വിഹിതം
വാർഷിക പദ്ധതി - 2017-18 (തുക കോടിയിൽ)

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
I	**കൃഷിയും അനുബന്ധ മേഖലകളും**										
1	കൃഷി	28.58	35.13	1.48	34.36	4.75	538.75	58.52	234.58	871.4	64.75
2	മണ്ണ് & ജലസംരക്ഷണം	50.85	3.8	0.24	5	0.6	42.35	6.081	0	102	6.921
3	മൃഗസംരക്ഷണം	47.05	45.62	2.1065	37.24	3.01	178.37	13.03	19.29	327.57	18.1465
4	ക്ഷീരവികസനം	3.24	3.45	0.21	27.25	2.76	63.81	7.61	-	97.75	10.58
5	മത്സ്യബന്ധനം	51.7	74.5	-	-	-	99.38	5.5510	99.51	325.09	5.5510
6	വനം- വനവത്ക്കരണവും	18.6	15	-	4	-	199.9	28.08	67.5	305	28.08
7	കാർഷിക ധനകാര്യ മേഖലയിലുള്ള നിക്ഷേപം	0.5	-	-	-	-	-	-	-	0.5	0
8	വിപണന-സംഭരണം	34.75	0.25	-	1.47	-	39.75	3.3	-	76.22	3.30
	ആകെ	**235.27**	**177.75**	**4.0365**	**109.32**	**11.12**	**1162.31**	**122.2**	**420.88**	**2105.53**	**137.329**
II	**ഗ്രാമവികസനം**										

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
1	ഗ്രാമവികസന പദ്ധതികൾ	436.22	-	-	5.00	-	72.5	7.071	3341.2	3854.92	7.0713
2	സാമൂഹ്യ വികസനവും, തദ്ദേശ ഭരണ സ്ഥാപനങ്ങളും	279.42	-	-	-	-	180.55	13.47	61.51	521.48	13.4689
3	ഭൂപരിഷ്കരണം	-	-	-	-	-	-	-	-	-	-
4	പ്രത്യേക മേഖലാപരിപാടികൾ	29.03	10		147.49	2.60	217.5	0.95		404.02	3.55
5	എൻ.എസ്.എ.പി	0.03	-	-	-		-		120	120.03	0
	ആകെ	**744.7**	**10**	**0**	**152.49**	**2.60**	**470.55**	**21.49**	**3522.71**	**4900.45**	**24.0902**
III	**സഹകരണം**										
1	സഹകരണം	45.35	-	-	19.5	1.17	59.65	5.13	55.00	179.5	6.3
	ആകെ	**45.35**	**0**	**0**	**19.5**	**1.17**	**59.65**	**5.13**	**55**	**179.5**	**6.3**
IV	**ജലസേചനവും - വെള്ളപൊക്ക നിയന്ത്രണവും**										
1	വൻകിട, ഇടത്തര ജലസേചനം	259.48	0.25	-	153.50	26.00	-	-	-	413.23	26
2	ചെറുകിട ജലസേചനം	36.29	-	-	2.57	0.44	169.7	49.7	36.02	244.58	50.14

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
3	കാമൻറ് ഏരിയ ഡവലപ്പ്മെൻറ്	-	-	-	4	4	-	-	-	4	4
4	വെള്ളപൊക്ക നിയന്ത്രണം - കടൽത്തീര ശോഷണം	-	-	-	50.00	0	0.42	-	50.00	100.42	0
	ആകെ	**295.77**	**0.25**	**0**	**210.07**	**30.44**	**170.12**	**49.7**	**86.02**	**762.23**	**80.14**
V	**ഊർജ്ജം**										
1	കെ.എസ്.ഇ.ബി	573.1	292.15	0.5	-	-	700	39.45	-	1565.25	39.95
2	പാരമ്പര്യ പുനരജ്ജീവന ഊർജ്ജ സ്രോതസ്സുകൾ	64.04	-	-	-	-	-	-	-	64.04	0
	ആകെ	**637.14**	**292.15**	**0.5**	**0**	**0**	**700**	**39.45**	**0**	1629.29	39.95
VI	**വാണിജ്യവും & ധാതുക്കളും**										
1	നഗരങ്ങൾ ചെറുകിട വ്യവസായങ്ങൾ	281.44	3.68	-	0.1	0	119.24	5.37	-	404.46	5.3696
2	ഇടത്തരം & വൻകിട വ്യവസായങ്ങൾ	113.42	352.28	17.52	-	-	17.26	-	-	482.96	17.52

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
3	ധാതുക്കൾ	1.35	-	-	-	-	-	-	-	1.35	0
4	വിവര സാങ്കേതിക വിദ്യ	100.62	270.46	-	1.22	-	177.01	3.892	-	549.31	3.892
	ആകെ	**496.83**	**626.42**	**17.52**	**1.32**	**0**	**313.51**	**9.262**	**0**	**1438.08**	**26.7816**
V	**ഗതാഗതവും & വാർത്താവിനിമയവും**										
1	തുറമുഖങ്ങൾ	35.82	75.34	-	14.65	-	12.3	-	-	138.11	0
2	റോഡുകളും, പാലങ്ങളും	1306.6	34.34	-	10.00	-	-	-	-	1350.94	0
3	റോഡ് ഗതാഗതം	72.96	9.9	0.2	-	-	-	-	-	82.86	0.2
4	ജലഗതാഗതം	24.00	125.85	-	13.22	-	-	-	-	163.07	0
5	മറ്റു ഗതാഗത സേവനങ്ങൾ	0.03	0.03	-	0.03	-	0.01	-	-	0.10	0
6	വിനോദസഞ്ചാരം	332.23	10.5	-	-	-	-	-	-	342.73	0
	ആകെ	**1771.64**	**255.96**	**0.2**	**37.9**	**0**	**12.31**	**0**	**0**	**2077.81**	**0.2**
VIII	**ശാസ്ത്രീയ സാങ്കേതിക വിദ്യയും പരിസ്ഥിതിയും**										

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
1	ശാസ്ത്രീയ സേവനങ്ങളും, ഗവേഷണങ്ങളും	31.58	136.54	0.6	3	-	3.95	0.28	-	175.07	0.88
2	ജീവശാസ്ത്രവും പരിസ്ഥിതിയും	33.01	-	-	-	-	-	-	0.6	33.61	0
	ആകെ	**64.59**	**136.54**	**0.6**	**3**	**0**	**3.95**	**0.28**	**0.6**	**208.68**	**0.88**
IX	**സാമൂഹിക സാമുദായിക സേവനങ്ങൾ**										
1	പൊതുവിദ്യാഭ്യാസം	1663.86	55.40	-	-	-	-	-	1273.70	2992.96	0
2	കലയും സംസ്കാരവും	54.00	77.34	4.0525	-	-	-	-	-	131.34	4.0525
3	സാങ്കേതിക വിദ്യാഭ്യാസം	207.96	-	-	-	-	-	-	21.22	229.18	
4	കായികം, യുവജനസേവനങ്ങൾ	118.24	5.50	-	-	-	-	-	0.63	124.37	
5	പൊതുജനാരോഗ്യം	1088.31	94.45	-	8.30	-	123.89	3.886	531.50	1846.45	3.8862
6	ശുചിത്വവും & ശുദ്ധജലവിതരണവും	225.30	13.00	0	198.25	2.00	621.69	35.84	100.00	1158.24	37.8372
7	പാർപ്പിടം	70.92	-	-	-	-	-	-	9.00	79.92	0

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
8	നഗര വികസന മേഖല	391.05	-	-	132.01	-	226.59	10.28	758.25	1507.9	
9	വിവരം /പ്രചരണം	40.80	-	-	-	-	-	-	-	40.8	
10	തൊഴിലും തൊഴിൽക്ഷേമവും	632.60	1.00	-	-	-	-	-	133.50	767.1	0
11	പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക / ന്യൂനപക്ഷ / മുന്നോക്ക വിഭാഗം ക്ഷേമം	428.50	293.42	215.1	12.95	2.8050	1483.71	202.9	669.11	2887.69	420.821
12	സാമൂഹ്യ ക്ഷേമവും, സുരക്ഷിതത്വം	377.89	35.68	4.00	0.25	0.25	21.44	0.351	65.00	500.26	4.601
13	പോഷകാഹാരം	224.86	-	-	-	-	-	-	323.75	548.61	0
	ആകെ	**5524.29**	**575.79**	**223.153**	**351.76**	**5.055**	**2477.32**	**253.3**	**3885.66**	**12814.82**	**481.478**
X	**സാമ്പത്തിക സേവനങ്ങൾ**										
1	സെക്രട്ടറിയേറ്റ് എക്കണോമിക്സ് സർവ്വീസ്സ്	1780.31	12.4	1.92	47.9	0.14	62.66	5.954	30.00	1933.27	8.0139
2	സാമ്പത്തിക ഉപദേശവും, സ്ഥിതി വിവരവും	1.60	-	-	-	-	0.40	0.025	0.05	2.05	0.0245

ക്രമ നം	മേഖല	കാറ്റഗറി I	കാറ്റഗറി II		കാറ്റഗറി III		കാറ്റഗറി IV		എല്ലാ വിഭാഗത്തിലുമായുള്ള കേന്ദ്രവിഹിതം	ആകെ വിഹിതം	
		സ്റ്റേറ്റ് വിഹിതം	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി	സ്റ്റേറ്റ്	പി.കെ.ഡി		സ്റ്റേറ്റ് വിഹിതം	പാലക്കാട് ജില്ലയുടെ വിഹിതം
1	2	3	4	5	6	7	8	9	10	11	12
3	മറ്റു പൊതുസേവനങ്ങൾ	0.70	9.3	-	-	-	-	-	-	10.00	0
	ആകെ	**1782.61**	**21.70**	**1.92**	**47.90**	**0.14**	**63.06**	**5.98**	**30.05**	**1945.32**	**8.04**
XI	**പൊതു സേവനങ്ങൾ**										
1	അച്ചടിയും അനുബന്ധങ്ങളും	3.28	0.35	-	-	-	6.37	0.02	-	10	0.02
2	പൊതുമരാമത്ത്	52.00	-	-	-	-	24	1.7	36.00	112	1.7
3	പൊതു വിതരണം	119.21	6.50	-	-	-	-	-	2.03	127.74	0
	ആകെ	**174.49**	**6.85**	**0**	**0**	**0**	**30.37**	**1.72**	**38.03**	249.74	1.72
ആകെ വിഹിതം		**11772.68**	**2103.41**	**247.93**	**933.26**	**50.53**	**5463.15**	**508.45**	**8038.95**	**28311.45**	**806.91**

ഉറവിടം : സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്

2017-18 ൽ പാലക്കാട് ജില്ലയ്ക്ക് നാല് കാറ്റഗറിയിലായി സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി ആകെ 806.91 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാന പദ്ധതികൾ - വകയിരുത്തൽ, വിനിയോഗം (2016-17)

വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, ഓഫീസുകൾ മുഖേന 2016-17 ൽ നടപ്പാക്കിയ സംസ്ഥാന പദ്ധതികൾ (തുക ലക്ഷത്തിൽ)

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
1	**കെ.എസ്.ഇ.ബി പാലക്കാട് ഡിവിഷൻ**							
1.1	ഡിസ്ട്രിബ്യൂഷൻ നോർമൽ	310.85	വൈദ്യുതി സംവിധാനം മെച്ചപ്പെടുത്തൽ	310.85	14			1
2	**ജില്ലാ ലേബർ ഓഫീസ്, പാലക്കാട്**							
2.1	കേരള മരം കയറ്റ തൊഴിലാളി അവശതാ പെൻഷൻ	1534400	അവശതാ പെൻഷൻ ലഭ്യമാക്കൽ	1534400	45			7
3	**ജില്ലാ ആരോഗ്യ വകുപ്പ്, അലോപ്പതി പാലക്കാട്**							
3.1	പോഷകാഹാര പദ്ധതി	0.5	കൌമാരക്കാരുടെയും വയോധികരുടെയും ആരോഗ്യം കുടുംബശ്രീ, ആശാവർക്കർ പരിശീലനം	0.5	1			1
3.2	നഴ്സിംഗ് വിദ്യാഭ്യാസം	474000	നഴ്സിംഗ് വിദ്യാഭ്യാസം ആവശ്യമായ ഉപകരണങ്ങൾ വാങ്ങി	414139				1

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
3.3	പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം	1342000	യോഗക്യാമ്പ്, അർബുദ രോഗ ബോധവത്ക്കരണ പരിപാടികൾ, ഭക്ഷണ ശൈലി ബോധ വത്ക്കരണ പരിപാടികൾ	1341184	23			3
3.4	അർബുദ രോഗപരിചരണ പരിപാടി	750000	ബോധവൽക്കരണ പരിപാടികളും ക്യാമ്പുകളും നടത്തി	748981				1
3.5	വേദനയും വേദനശമന സേവനവും വയോജന ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളും	500000	സെമിനാറുകൾ നടത്തി, വേദന ശമന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തൽ നടപ്പിലാക്കി	477308	24			4
3.6	മെഡിക്കൽ റിക്കാർഡ് ലൈബ്രറികളുടെ ശക്തിപ്പെടുത്തൽ	773250	ലൈബ്രറിയുടെ ശക്തീകരണം നടത്തി	772927				1
3.7	പോഷകാഹാര ഗവേഷണ കേന്ദ്രം	189000	പഞ്ചായത്ത് തലത്തിൽ പോഷാകാഹാര പരിശീലന പരിപാടികൾ	189000	2			
3.8	ഫിസിക്കൽ മെഡിസിൻ പുനരധിവാസ വിഭാഗങ്ങൾ	100000	ഫിസിക്കൽ മെഡിസിൻ ആവശ്യ ഉപകരണങ്ങൾ വാങ്ങി	99435				1

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
3.9	കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന്റെ കീഴിൽ വരുന്ന മുൻഗണന പദ്ധതികൾ നടപ്പിലാക്കൽ	1100000	-	1100000				1
3.10	അടിയന്തിര വൈദ്യ ശുശ്രൂഷ ശക്തിപ്പെടുത്തൽ	100000	ഫലപ്രദമായ കാഷ്യാലിറ്റി ചികിത്സ ഉറപ്പാക്കി	95780				1
3.11	കുഷ്ഠരോഗ നിയന്ത്രണം	14300	ബാധിക്കപ്പെട്ടവർക്കും അല്ലാത്തവർക്കും പഞ്ചായത്ത് തല ക്യാമ്പ്, മീറ്റിംഗ്, ബോധവൽക്കരണം നടത്തി	138633	14			1
3.12	പകർച്ചവ്യാധികളുടെ നിയന്ത്രണം	5892732	പകർച്ചവ്യാധികളുടെ നിയന്ത്രണം, പ്രതിരോധം, - പരിശീലന ബോധവൽക്കരണ പരിപാടികൾ	5445375	67			4
3.13	ദന്തയൂണിറ്റുകളുടെ ശാക്തീകരണം	114667	സ്കൂളുകളിൽ ഡെൻറൽ ക്യാമ്പ് നടത്തി	106365	3			5
3.14	ലിമ്പ് ഫിറ്റിംഗ് കേന്ദ്രങ്ങൾ	500000	-	0				
4	**ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട്**							
4.1	വ്യവസായിക പ്രദർശനം	200000	-	200000				1
4.2	വിൽപനയും കയറ്റുമതി പദ്ധതിയും	5.3657		5.3657	7			4

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
4.3	പ്രൈമറി വ്യവസായ സഹകരണ സംഘങ്ങളിൽ സംസ്ഥാന പങ്കാളിത്തം	2.11		2.11	1			
4.4	നെയ്ത്തുക്കാർക്കും അനുബന്ധ തൊഴിലാളികൾക്കും ഉള്ള പ്രോത്സാഹന പദ്ധതി	7.74152		7.74152	3			3
4.5	അംശദാന മിതവ്യയ ഫണ്ട്	5.52813		5.52813	6			3
4.6	സംരഭത്വ സഹായ പദ്ധതി /സംസ്ഥാന നിക്ഷേപ സബ്സിഡി	319.73293		319.73293	88			7
5	ഭൂജലവകുപ്പ്							
5.1	രാജീവ് ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ സ്കീം	115.32582	58 പഞ്ചായത്തുകളിലും 1 മുൻസിപാലിറ്റിയിലും ധാരാളം കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കി (ഹാൻറ് പൈപ്പുകൾ റിപ്പയർ ചെയ്തു)	50.82535	58			1
5.2	സ്കീം ഫോം ഗ്രൌണ്ട് വാട്ടർ കൺസെർവേഷൻ & റീചാർജ്ജിംഗ്	132.80282	ഭൂജലവിതാനവും ജലലഭ്യതയും മഴ ലഭ്യതക്കനുസരിച്ച് ഉയരുന്ന പരിപാടികൾ നടപ്പിലാക്കി	63.09744	1			
6	വനം, വന്യജീവി വകുപ്പ്, സൈലൻറ് വാലി							
6.1	വനസംരക്ഷണം	29		29	ഭവാനി, സൈലൻറ് വാലി മേഖല			

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
6.2	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറക്കുന്നതിനുള്ള പരിപാടി	1.96		1.96	സൈലൻറ് വാലി മേഖല			
6.3	പരിസ്ഥിതി വികസന പദ്ധതി	37		37	ഭവാനി, സൈലൻറ് വാലി മേഖല			
6.4	ജൈവ വൈവിധ്യ സംരക്ഷണം	31.92		31.92	ഭവാനി, സൈലൻറ് വാലി മേഖല			
6.5	വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും	62.82		62.82	ഭവാനി, സൈലൻറ് വാലി മേഖല			
6.6		8		8	ഭവാനി, സൈലൻറ് വാലി മേഖല			
6.7	റോഡുകൾ	5		5	ഭവാനി, സൈലൻറ് വാലി മേഖല			
6.8	സൈലൻറ് വാലി ദേശീയ ഉദ്യാനം	199.97		199.97	ഭവാനി, സൈലൻറ് വാലി മേഖല			
7	**ഗ്രാമവികസനം**							
7.1	ബ്ലോക്ക് ഇൻഫർമേഷൻ സെൻറർ ശക്തിപ്പെടുത്തൽ	2	മരക്കസേരകൾ -61 കംപ്യൂട്ടർ ടേബിൾ - 1 വാക്വം ക്ലീനർ -1 എന്നിവ വാങ്ങി	2		1		
8	**പട്ടികവർഗ്ഗ വികസനം**							
8.1	ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് (കോർപ്പസ് ഫണ്ട്)	21858270		21858270	12			

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
8.2	ആശ്രമം സ്കൂൾ പദ്ധതി	62758201		62758201	1			
8.3	സ്പിൽ ഓവർ ഹൌസിംഗ്	22000000	200 വീടുകൾ	22000000	13			
8.4	ഭവന നിർമ്മാണം	2500000	75 വീടുകളുടെ ഭവന നവീകരണം നടത്തി	2500000	7			
8.5	ഭൂമി ഇല്ലാത്ത ഗിരി വർഗ്ഗക്കാരുടെ പുനരധിവാസം	3620128		3620128	2			
8.6	പട്ടികവർഗ്ഗ പ്രൊമോട്ടർമാരുടെ ഹോണറേറിയം	443811		443811	13			
8.7	വിവാഹ ധനസഹായം	450000	9 പെൺകുട്ടികൾക്ക് വിവാഹ ധനസഹായം	450000	5			
8.8	അടിയാൻമാർ, പണിയാന്മാർ, ആദിമ വർഗക്കാർ, ഇടങ്ങിയവർക്ക് പ്രത്യേക പദ്ധതി	1494400		1494400	3			
9	തൊഴിൽവകുപ്പ്, പാലക്കാട്							
9.1	തൊഴിൽ രഹിത വേതനം		ധനസഹായം		88			7
10	സാമൂഹ്യനീതി വകുപ്പ്							

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
10.1	സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി	85.03	കൌമാര പ്രായക്കാരായ പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി സ്കൂൾ കൌൺസിൽമാർക്ക് ഓണറേറിയം നൽകുക	71.7		13		
11	ഫിഷറീസ്							
11.1	മത്സ്യകൃഷി 2	80.904		80.904	61			4
11.2	എൻ.എഫ്.ഡബ്ല്യു.എഫ് ഭവന നിർമ്മാണ പദ്ധതി	8	7 ഭവനങ്ങൾ	4.25	4			
11.3	സാമൂഹ്യ മത്സ്യ കൃഷി	1.300		1.3	2			
12	ജില്ലാ പോലീസ് വകുപ്പ്							
12.1	സ്റ്റുഡൻറ് പോലീസ് കേഡറ്റ്	7195960		7192960	25			3
13	മണ്ണ് പര്യവേഷണ, സംരക്ഷണം							
13.1	നീർത്തടാധിഷ്ഠിത സംരക്ഷണ നബാർഡ് വഴി പദ്ധതി ആർ.ഐ.ഡി.എഫ് 17	630.98	450 ഹെക്ടർ നീർത്തടം സംരക്ഷിച്ചു	116.63014	5			1
13.2	കളങ്ങളുടെ പുന:രുജ്ജീവന പദ്ധതി ആർ.ഐ.ഡി.എഫ് 17	1000.08		425.17	18			
13.3	ലാൻഡ് സ്ലൈഡ് സ്റ്റെബിലൈസേഷൻ സ്കീം	175.5	363 ഹെക്ടർ	132.28	2			

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
13.4	സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ	0.81.300		0.76487	5			
13.5	പരിശോധന ശാലകൾ	0.7428	മണ്ണ് സാമ്പിളുകളുടെ ശേഖരണവും പരിശോധനയും നടത്തി	0.72604	5			
13.6	സോയിൽ സർവ്വേ ഓഫീസർമാർക്കുള്ള പരിശീലനം	0.15	മണ്ണിനെ സംബന്ധിച്ചുള്ള വിജ്ഞാനവ്യാപനം നടത്തി	0.149				1
14	ജില്ലാ ഹോമിയോപതി, പാലക്കാട്							
14.1	ഹോമിയോ ഡിപ്പാർട്ട്മെൻറ് കംപ്യൂട്ടർവൽക്കരണവും നവീകരണവും	5190873	കംപ്യൂട്ടർവത്ക്കരണം, ഡിസ്പെൻസറിയും കംപ്യൂട്ടർവൽക്കരണവും	5190873	24			4
15	നഗര ഗ്രാമസൂത്രണ വകുപ്പ്, പാലക്കാട്							
15.1	മാസ്റ്റർപ്ലാനുകളുടെ രൂപീകരണം	1410000	സ്ഥലപരാസൂത്രണ പ്രവർത്തനങ്ങൾ	1410000				4
16	ക്ഷീരവികസനം							
16.1	ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ	11.8769		11.8769	66			4
16.2	തീറ്റപ്പുൽ കൃഷി വികസന പദ്ധതി	35.17972		35.17972	83			5
16.3	മിൽക്ക് ഷെഡ് വികസന പദ്ധതി	228.16017		228.16017	82			5

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
16.4	ക്ഷീരസംഘങ്ങളുടെ നവീകരണം	156.89878		156.89878	75			6
16.5	കാലിത്തീറ്റ സബ്സിഡി	7.45219909		7.45219909	82			5
17	വനം വകുപ്പ്, നെന്മാറ							
17.1	നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം	1.97	11.5 കി മീ വന പുനരുദ്ധാരണം നടത്തി	1.97	3			
17.2	റോഡുകൾ	1.98	കേശവൻപാറ ഇക്കോ ടൂറിസം പോയൻറിൽ കോൺക്രീറ്റ് സാർഡ്, അപ്രോച്ച് റോഡ് നിർമ്മാണം (ഐ.ബി)	1.98	2			
17.3	കെട്ടിടങ്ങൾ	12.17	കെട്ടിടങ്ങളുടെ പുനരുദ്ധാരണം	12.17	4			
17.4	തടി, ഇതര വനവിഭവങ്ങൾ (ഔഷധ സസ്യങ്ങൾ ഉൾപ്പെടെ)	3.26	പ്ലാൻറേഷൻ പരിപാലനം, ഫയർലൈൻ, ഡെമോൻസ്ട്രേഷൻ പ്ലോട്ട് പരിപാലനം	3.26	4			
17.5	വന്മര തോട്ടങ്ങൾ	8.35	ഫയർലൈൻ, പ്ലാൻറേഷൻ പരിപാലനം	8.35	5			
17.6	മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറക്കുന്നതിനുള്ള നടപടി	16.38	സോളാർ പവർ ഫെൻസിംഗ് പരിപാലനം, നഷ്ടപരിഹാരം, സോളാർ പാനൽ, റീജൻസ്റ്റലേഷൻ ഓഫ് സോളാർ പവർ ഫെൻസിംഗ്, വന്യ ജീവി സംരക്ഷണം	16.38	4			
18	ഭാരതീയ ചികിത്സാ വകുപ്പ്, പാലക്കാട്							

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി
18.1	ഗ്രാമീണ ആയുർവേദ ഡിസ്പെൻസറികളുടെ ശക്തീകരണം	7.645624	ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസിനു കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങൾക്ക് മെഡിസിൻ ലഭ്യമാക്കി, അറ്റകുറ്റപ്പണി നടത്തി	7.645624	24			2
18.2	പകർച്ചാവ്യാധികളും പ്രകൃതി ദുരന്തവും	0.242096	മെഡിക്കൽ ക്യാമ്പുമായി ബന്ധപ്പെട്ട മെഡിസിൻ കവർ അനുബന്ധ സാധന സാമഗ്രികളുടെ പർച്ചേസ് എന്നിവ നടത്തി. മെഡിക്കൽ ക്യാമ്പ് നടത്തി, ഔഷധങ്ങൾ വിതരണം ചെയ്തു	0.242096	16			1
18.3	വിദ്യാലയ ആരോഗ്യ പദ്ധതി	19.99964	സ്കൂൾ വിദ്യാർത്ഥികളുടെ ആരോഗ്യ പദ്ധതി	19.99964	5			
18.4	ഭാരതീയ ചികിത്സാ വകുപ്പ്	115.488	ജീവനക്കാർക്ക് പരിശീലനം നൽകൽ, ആശുപത്രി കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്തി ദിവസ വേതന ജീവനക്കാരുടെ വേതനം നൽകി, സ്പെഷൽ പ്രോജക്ട് നിർവഹിച്ചു, പഞ്ചകർമ്മ യൂണിറ്റ് നിർമ്മിച്ചു	115.488	2			2
19	**ഇറിഗേഷൻ ഡിവിഷൻ, ചിറ്റൂർ**							
19.1	ഫീൽഡ് ചാനലുകളുടെ ആധുനികവൽക്കരണം	1223.86	11 തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കൃഷി സ്ഥലത്തേക്ക് പൂർണ്ണ തോതിൽ ജലസേചന സൌകര്യം ഒരുക്കി	1125.091781	10			1
	ആകെ	**6715.912**		**5323.37725**				

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	നടത്തിയ പ്രവർത്തനങ്ങൾ	ചെലവഴിച്ച തുക	പ്രയോജനം ലഭിച്ച തദ്ദേശ സ്ഥാപനങ്ങൾ (എണ്ണം)			
					ഗ്രാമ. പഞ്ചാ	ബ്ലോക്ക് പഞ്ചാ	ജില്ലാ പഞ്ചാ	മുൻസിപ്പാലിറ്റി

ഉറവിടം : പ്ലാൻ സ്പെസ്

2016-17 ൽ വിവിധ വകുപ്പുകൾ മുഖേന പാലക്കാട് ജില്ലയിലെ വികസന പദ്ധതികൾക്കായി ആകെ അനുവദിച്ച 6715.912 ലക്ഷത്തിൽ 5323.377 ലക്ഷം രൂപ വിവിധ വികസന പ്രവൃത്തികൾക്കുവേണ്ടി വിനിയോഗിച്ചു.

5.1 കൃഷി, മണ്ണ് ജലസംരക്ഷണം

ജില്ലയിൽ നടപ്പിലാക്കിയ പരിപാടികളുടെ അവലോകനം

വിവിധ പദ്ധതികൾ കർഷകർക്കു വേണ്ടി ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നുണ്ടെങ്കിലും നെൽകർഷകരെ സംരക്ഷിക്കാൻ കൂടുതൽ ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടിയിരിക്കുന്നു. സമയബന്ധിതമായി ജോലിഭാരം കുറച്ചും കൃഷിഭവനിൽ നിന്നും കൃഷിയിട സന്ദർശനം നടത്തിയും മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകേണ്ടതുണ്ട്. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മാത്രമല്ല, വിവിധ വകുപ്പുകളെക്കൂടി ഏകോപിപ്പിച്ചു കൊണ്ട് നെൽകൃഷിയിൽ വിത്ത് മുതൽ വിപണനം വരെയുള്ള സമസ്ത മേഖലയിലും ക്രിയാത്മകമായി ഇടപെടുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതായുണ്ട്.

ജില്ലയിൽ 2016-17 വർഷം നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ സംസ്ഥാന പദ്ധതികൾ, കേന്ദ്രസഹായ പദ്ധതികൾ, ആർ.ഐ.ഡി.എഫ് പദ്ധതികൾ തുടങ്ങിയവ വിവരങ്ങൾ

പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ഭൌതിക ലക്ഷ്യവും നേട്ടവും	ഉപഭോക്താക്കളുടെ എണ്ണം
നെൽകൃഷി വികസനം	1187.75717	1187.75717	101141	92000
നാളികേര വികസന പദ്ധതി	188.33208	188.33208	472770	4294
പച്ചക്കറി വികസന പദ്ധതി	462.73791	462.73791	179164	29123
കൃഷി ഫാമുകൾ മുഖേന നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും	97.67138	97.67138	9	9
	149.67932	149.6739	5	5
സുഗന്ധവിള വികസന പദ്ധതി	21.225	21.225	75	392
കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ	378.95026	378.95026	95	4968
അഗ്രോ സർവ്വീസ് സെൻറർ	31.2886	31.2886	22	2276
	46.9	46.9		
മാനവശേഷി വികസന പദ്ധതി	22.67184	22.67184	1	1962
പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കണ്ടിജൻസി പദ്ധതി	1006.21503	1006.21503		
കാർഷികോല്പന്ന വിപണനവും ഗുണനിലവാരം ഉറപ്പാക്കലും	2.49903	2.49903	8	8
വിള ആരോഗ്യ പരിപാലനം	79.07193	79.07193	13	2144
മണ്ണ് പരിപോഷണ മാനേജ്മെൻറും ആരോഗ്യ പരിപാലനവും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കലും	305.01987	305.01987	7200	3966
ജൈവകൃഷി വികസന പദ്ധതി	67.09320	67.09320	297	1200

മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കുള്ള ധനസഹായ പദ്ധതി	4.166	4.166	4	32
ഗ്രാമീണ അടിസ്ഥാന സൌകര്യ വികസന പദ്ധതി	685.05718	685.05718		
ഓണസമൃദ്ധി	53.4	53.4	89	450
ആകെ	**4789.7358**	**4789.7358**		
കേന്ദ്രസഹായ പദ്ധതികൾ				
ദേശീയ ജൈവ വാതക വികസന പദ്ധതി	7.391	7.391	70	70
എൻ.ഇ.ജി.പി കൃഷി	79.87310	79.87310	14	14
പി.കെ.വി.വൈ	7	7		
എൻ.എം.എസ്.എ	86.32260	86.32260		
രാഷ്ട്രീയ കൃഷി വികാസ് യോജന	1704	1704	42600	54324
ആകെ	**1884.587**	**1884.587**		
സൌജന്യ വൈദ്യുതി	1157.36174	1157.36174		57654
കർഷക പെൻഷൻ	1194.42510	1194.42510		23273
ഉല്പാദന ബോണസ്				
വില്ലേജ് പഞ്ചായത്ത്	570.83598	570.83598		73264
മുനിസിപ്പാലിറ്റി	9.64650	9.64650		
ആകെ	**2932.26**	**2932.26**		

മണ്ണ് – ജല സംരക്ഷണ പദ്ധതികൾ

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1) മഹാത്മ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS)
2) പ്രധാനമന്ത്രി കൃഷി സിംഞ്ചായിയോജന (PMKSY)
3) രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)
4) പശ്ചിമഘട്ട വികസന പദ്ധതി (WGDP)
5) സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP)
6) സോയിൽ ഹെൽത്ത് കാർഡ് പദ്ധതി

സംസ്ഥാന പദ്ധതികൾ

1. **നീർത്തടാധിഷ്ഠിത മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ (ആർ.ഐ.ഡി.എഫ്)**

നീർത്തട വികസന പദ്ധതികൾ (മലേറിയം തോട് വാട്ടർഷെഡ് – കോട്ടോപ്പാടം പഞ്ചായത്ത്, ഇരുമ്പാമുട്ടി വാട്ടർഷെഡ് – തച്ചമ്പാറ, കരിമ്പ പഞ്ചായത്ത്, വെള്ളപ്പൊക്ക് നിവാരണ പദ്ധതി (കാരക്കാട് തോട് – ഷൊർണ്ണൂർ മുനിസിപ്പാലിറ്റി) വരൾച്ചാ നിവാരണം, കുളങ്ങളുടെ പുനരുദ്ധാരണത്തിലൂടെ തുടങ്ങിയവയാണ് ആർ.ഐ.ഡി.എഫ് പദ്ധതികളിൽ പ്രധാനമായും നടപ്പിലാക്കി വരുന്നത്.

പ്രകൃതി വിഭങ്ങളായ മണ്ണ്, ജലം, സസ്യസമ്പത്ത് എന്നിവയുടെ ശാസ്ത്രീയ പരിപാലനം, കൃഷിയിലും അനുബന്ധമേഖലയിലും സ്ഥായിയായ ഉൽപാദനവും ഉൽപാദനക്ഷമത നിലനിർത്തൽ, ഗ്രാമീണ ജനവിഭാഗങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരിസ്ഥിതി പുനരുദ്ധീകരണം, വെള്ളപ്പൊക്കം, വരൾച്ച , ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നീ പ്രക്രിയകളെ നിയന്ത്രിക്കുക, ജലസംഭരണികളെയും, ജലാശയങ്ങളെയും, നദികളെയും സംരക്ഷിക്കുക, ജനങ്ങളുടെ ക്ഷേമത്തിനും സാമൂഹ്യനീതിക്കും യോജിച്ച ഉത്പാദന വ്യവസ്ഥകൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് വാട്ടർഷെഡ് വികസന പരിപാടിയുടെ മുഖ്യലക്ഷ്യങ്ങൾ.

നീർത്തടാധിഷ്ഠിത മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ (ആർ.ഐ.ഡി.എഫ്)

ക്രമ നം	തദ്ദേശ സ്വയംഭരണത്തിൻറെ പേര്	അനുവദിച്ച തുക (ലക്ഷം)	ഭൌതിക ലക്ഷ്യം	ചെലവഴിച്ച തുക	ഭൌതിക നേട്ടം (ഹെക്ടർ)
1.	കോട്ടോപ്പാടം	164.02	610	2.173	416
2.	ഷൊർണ്ണൂർ മുനിസിപ്പാലിറ്റി	48.74	105	1.184	100
3.	മുതലമട	60.55	60	47.238	60
4.	തച്ചമ്പാറ	303.91	810	81.549	405
5.	വടകരപ്പതി	121.09	275	16.309	260
6.	കുത്തനൂർ	19.4	36	0.63	36
7.	കാരാകുറിശ്ശി	6.31	30	0.075	30
8.	പുതുനഗരം	36.66	20	0.085	20
9.	തച്ചനാട്ടുകര	7.5	47	0.057	47
10.	തേങ്കുറിശ്ശി	29.25	35	0.218	35
11.	കാഞ്ഞിരപ്പുഴ	18.93	26	0.072	26
12.	കുഴൽമന്ദം	145.31	400	13.763	400
13.	മുണ്ടൂർ	20.55	30	7.500	30
14.	മരുതറോഡ്	133.19	170	45.482	170
15.	കൊടുമ്പ്	72.6	50	29.41	50
16.	നല്ലേപ്പിള്ളി	107.27	80	30.76	40
17.	പട്ടഞ്ചേരി	208.7	130	140.56	130
18.	പുതുപ്പരിയാരം	57.49	65	53.47	65
19.	കരിമ്പ	10.54		0.010	
20.	മണ്ണാർക്കാട്	7.97		0.022	
ആകെ				**470.00**	

2. ലാൻറ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി

ഉരുൾപൊട്ടൽ, മണ്ണിടിച്ചൽ എന്നീ പ്രക്രിയകളെ നിയന്ത്രിക്കുക, ഉരുൾപൊട്ടൽ, ബാധിത പ്രദേശങ്ങളിലെ ജൈവവ്യവസ്ഥയെ ഭദ്രമാക്കുക, പരിസ്ഥിതി സന്തുലനാവസ്ഥ നിലനിർത്തുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2017-18 ൽ തച്ചമ്പാറ, അഗളി പഞ്ചായത്തുകളിൽ ഉൾപ്പെട്ട കല്ലാർപുഴ – കുണ്ടംപൊട്ടി ലാൻഡ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി നടപ്പാക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് ലഭ്യമായ 26,19,392 /- രൂപ ചെലവഴിച്ചതിൻറെ ഘടകങ്ങൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

ലാൻറ് സ്ലൈഡ് സ്റ്റെബിലൈസേഷൻ പദ്ധതി

ക്രമ നം	തദ്ദേശ സ്വയംഭരണത്തിൻറെ പേര്	അനുവദിച്ച തുക (ലക്ഷം)	ഭൌതിക ലക്ഷ്യം	ചെലവഴിച്ച തുക	ഭൌതിക നേട്ടം (ഹെക്ടർ)
1	തച്ചമ്പാറ	143	488	26.19	104

5.2 ജലസേചനം

കേന്ദ്രാവിഷ്കൃത പരിപാടികൾ

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	തുക (ലക്ഷത്തൽ)	റിമാർക്സ്
1	ഡ്രിപ്പ് - മലമ്പുഴ ഡാമിൻറെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പുനരധിവാസവും	1126	ലോകബാങ്ക് സഹായം
2	ഡ്രിപ്പ്- ചിറ്റൂർപ്പുഴ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പുനരധിവാസവും	6517	ലോകബാങ്ക് സഹായം
3	ഡ്രിപ്പ്- കാഞ്ഞിരപ്പുഴ ഡാമിൻറെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും പുനരധിവാസവും	3200	ലോകബാങ്ക് സഹായം
4	നബാർഡ് ആർ ഐ ഡി എഫ് പ്രവർത്തികൾ	598	ലോകബാങ്ക് സഹായം

അവലംബം: പ്രസ്തുത കാര്യാലയങ്ങളിൽ നിന്നും

സംസ്ഥാനാവിഷ്കൃത പരിപാടികൾ

ക്രമ നമ്പർ	കാര്യാലയത്തിൻറെ പേര്	അനുവദിച്ചതുക (ലക്ഷത്തിൽ)	
		2016–17	**2017–18**
1	മലമ്പുഴ ഇറിഗേഷൻ പ്രൊജക്ട്	665	668

2	ചിറ്റൂർപ്പുഴ ഇറിഗേഷൻ പ്രൊജക്ട്	497	510
3	കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രൊജക്ട്	90.50	100
4	ചെറുകിട ജലസേചന വിഭാഗം പാലക്കാട്	460	4916.4*
	ആകെ	**1712.50**	**6194.4**

അവലംബം: പ്രസ്തുത കാര്യാലയങ്ങളിൽ നിന്നും

മറ്റ് പ്രത്യേക പരിപാടികൾ

ക്രമ നമ്പർ	പരിപാടി	കാര്യാലയം	തുക ലക്ഷത്തിൽ
1	എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ	ചിറ്റൂർപ്പുഴ ഇറിഗേഷൻ പ്രൊജക്ട്	6

അവലംബം: പ്രസ്തുത കാര്യാലയങ്ങളിൽ നിന്നും

5.3 മൃഗസംരക്ഷണം, ക്ഷീരവികസനം

കറവയന്ത്രം സ്ഥാപിച്ച് നൽകുന്നത്

ചെറുകിട ഫാമുകളുടെ യന്ത്രവത്ക്കരണം പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ചെറുകിട ക്ഷീര കർഷകർക്ക് കറവയന്ത്രം വാങ്ങി നൽകുന്നതിന് സബ്സിഡി അനുവദിച്ച് പദ്ധതി നടപ്പിലാക്കി ജില്ലയിലെ 23 ക്ഷീരകർഷകർക്കായി 575000/- രൂപ നൽകി പദ്ധതി നടപ്പിലാക്കി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1	കറവയന്ത്രം സ്ഥാപിച്ച് നൽകൽ	23	575000	575000	100%

1) **മൃഗക്ഷേമ ക്ലബ്ബുകൾ രൂപികരിക്കുന്നത്** : കുട്ടികളിൽ മൃഗസ്നേഹവും, അനുകമ്പയും വളർത്തിയെടുക്കുക അതുവഴി അവരെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള വരുമാന മാർഗ്ഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 3 തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കി ഏറ്റവും നല്ലതായി നടപ്പിലാക്കിയ വകുപ്പിന് ജില്ലാതല അവാർഡും നൽകുകയുണ്ടായി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1	മൃഗക്ഷേമ ക്ലബ്ബുകൾ രൂപീകരിക്കൽ	3	150000	150000	100%

ജില്ലാതല അവാർഡ്

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൗതിക ലക്ഷ്യം
1	ജില്ലാ തല അവാർഡ്	1	10000	10000	100%

2) **ആശുപത്രി ഉപകരണങ്ങൾ അണുവിമുക്തമാക്കലും വൃത്തിയാക്കി സൂക്ഷിക്കലും** : ജില്ലയിലെ മൃഗസംരക്ഷണ സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ, എക്സാമിനേഷൻ ടേബിൾ, മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ അണുവിമുക്തമാക്കുന്നതിനും മറ്റ് ഫർണീച്ചറുകളും, സമീപ പ്രദേശങ്ങളും വൃത്തിയാക്കി സൂക്ഷിക്കുന്നതിനു വേണ്ടി ഫണ്ട് അനുവദിച്ച് നൽകി പദ്ധതി നടപ്പിലാക്കുകയുണ്ടായി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൗതിക ലക്ഷ്യം
1	ആശുപത്രി ഉപകരണങ്ങൾ അണുവിമുക്തമാക്കലും വൃത്തിയാക്കി സൂക്ഷിക്കലും	150000	150000	100%

3) **ബ്ലോക്ക് തല ട്രെയിനിംഗ് പരിപാടി** : പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 8 ബ്ലോക്കുകളിലൂടെ ക്ഷീരകർഷകർക്കായി ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. കന്നുകാലികൾക്ക് വരാവുന്ന മഴക്കാല വേനൽക്കാല രോഗങ്ങളെക്കുറിച്ചും രോഗപ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും, തീറ്റക്രമീകരണം എന്നിവയിലും സെമിനാർ അവതരിപ്പിച്ചു.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൗതിക ലക്ഷ്യം
1	ബ്ലോക്ക് തല ട്രെയിനിംഗ് പരിപാടി	16	112000	112000	100%

4) **മോഡൽ പഞ്ചായത്ത് പദ്ധതി** : പാലക്കാട് ജില്ലയിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിൽ മോഡൽ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കി

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൗതിക ലക്ഷ്യം
1	മോഡൽ പഞ്ചായത്ത് പദ്ധതി	1	500000	500000	100%

5.താറാവ് കുഞ്ഞുങ്ങളുടെ വിതരണം : ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പഞ്ചായത്തുകളിൽ ഓരോന്നിലും 10 യൂണിറ്റ് വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കി. ഓരോ പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട 10 പേർക്ക് 51-60 ദിവസം പ്രായമുള്ള 10 താറാവ് കുഞ്ഞുങ്ങൾ വീതം നൽകി പദ്ധതി നടപ്പിലാക്കി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1	താറാവ് കുഞ്ഞുങ്ങളുടെ വിതരണം	300	360000	360000	100%

5) **ക്ലിനിക്കൽ ലാബിന്റെ ശാക്തീകരണം** : ജില്ലയിലെ മൃഗസംരക്ഷണ ക്ലിനിക്കൽ ലാബിന്റെ പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപ അനുവദിച്ചു. പദ്ധതി നടത്തിപ്പിന് ജില്ലാ വെറ്റിനറി കേന്ദ്രത്തിന് തുക അനുവദിച്ച് നൽകുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	റിമാർക്സ്
1	ക്ലിനിക്കൽ ലാബിന്റെ ശാക്തീകരണം	200000	ജില്ലാ വെറ്ററിനറി ക്ലിനിക്കൽ ലാബിന്റെ ശക്തികരണ പ്രവർത്തനങ്ങൾക്ക്

6) **മൃഗസംരക്ഷണ സമിതികൾ രൂപീകരിക്കുന്നത്** : ജില്ലയിലെ 99 മൃഗസംരക്ഷണ സ്ഥാപനങ്ങളിലും മൃഗസംരക്ഷണ വികസന സമിതികൾ രൂപീകരിക്കുന്നതിന് ഒരു സ്ഥാപനത്തിന് 1500 രൂപ വീതം അനുവദിക്കുകയും ഒരു സ്ഥാപനം 3 വീതം തവണ സമിതികൾ രൂപീകരിക്കുയും ചെയ്തിട്ടുണ്ട്.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1	മൃഗസംരക്ഷണ സമിതികൾ രൂപീകരിക്കുന്നത്	991500	148500	148500	100%

7) **സ്കൂൾ കുട്ടികൾ മുഖേനയുള്ള കോഴി വളർത്തൽ പദ്ധതി** : മൃഗസംരക്ഷണ മേഖലയെക്കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടും, അതുവഴി കുട്ടികളിലെ സമ്പാദ്യശീലം വളർത്തുക എന്ന ത്തോടുകൂടി ജില്ലയിലെ 78 സ്കൂളുകളിലൂടെ പദ്ധതി നടപ്പിലാക്കി ഒരു സ്കൂളിലെ 50 കുട്ടികൾക്ക് 5 മുട്ടകോഴികളും കോഴിത്തീറ്റയും നൽകുകയുണ്ടായി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	സ്കൂൾ കുട്ടികൾ മുഖേനയുള്ള കോഴി വളർത്തൽ പദ്ധതി	78	**2537500**	**2537500**	**100%**

8) **വളക്കുഴി നിർമ്മാണം** : ക്ഷീര കർഷകരുടെ ഡയറി ഷെഡിനോട് ചേർന്ന് വളക്കുഴി നിർമ്മിക്കുകയും അതു ബയോവേസ്റ്റ് ഉപയോഗിക്കുകയും ചെയ്യുക വഴി കർഷകരുടെ ഊർജ്ജ പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും എന്ന ലക്ഷ്യത്തോടെ ജില്ലയിലെ തെരഞ്ഞെടുത്ത 35

ക്ഷീരകർഷകർക്ക് വളക്കുഴി നിർമ്മാണത്തിനായി യൂണിറ്റ് 1 ന് 12500/- രൂപ സബ്സിഡി നൽകുകയും തെരഞ്ഞെടുത്ത 35 പഞ്ചായത്തുകളിൽ പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	വളക്കുഴി നിർമ്മാണം	35	437500	437500	100

9) **മരുന്ന് വിതരണം ചെയ്തത്** : ജില്ലയിലെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങൾക്കും മരുന്ന് വിതരണം നടത്തുന്നതിനായി തുക അനുവദിച്ചു.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	ജില്ലാ വെറ്ററിനറി കേന്ദ്രം	5000	3077	61.6%

10) **മൃഗസംരക്ഷണ പരിശീലന കേന്ദ്രം – പരിശീലനം നൽകുന്ന പദ്ധതി** : ജില്ലയിലെ മൃഗസംരക്ഷണ വകുപ്പിന്റെ പരിശീലന കേന്ദ്രം വഴി വിവിധ മേഖലകളിൽ ബന്ധപ്പെട്ട ആളുകൾക്ക് പരിശീലനം നൽകുകയുണ്ടായി.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	മൃഗസംരക്ഷണ പരിശീലന കേന്ദ്രം - മലമ്പുഴ	400000	334560	83.7%

11) **വ്യവസായികമായ ആടുവളർത്തൽ പരിശീലന പരിപാടി** : ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട 160ലധികം പേർക്ക് വ്യവസായികമായി ആടുവളർത്തുന്ന പദ്ധതിയിൽ പരിശീലനം നൽകുകയുണ്ടായി. മലമ്പുഴയിലെ പരിശീലന കേന്ദ്രത്തിൽ വെച്ച് നടന്ന പരിശീലന പരിപാടിയിൽ ധാരാളം കർഷകർ പങ്കെടുത്തു.

ക്രമ നം	പദ്ധതിയുടെ പേര്		അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	വ്യവസായികമായ ആടുവളർത്തൽ പരിശീലന പരിപാടി	4 ദിവസം ട്രെയിനിംഗ്	2100000	210000	100%

12.പന്നിവളർത്തൽ പദ്ധതി : ജില്ലയിലെ പന്നിവളർത്തൽ താൽപര്യമുള്ള 10 കർഷകർക്ക് 2 മാസം പ്രായമുള്ള 10 സങ്കരയിനം പന്നിക്കുഞ്ഞുങ്ങളെ നൽകുകയും, വ്യവസായിക അടിസ്ഥാനത്തിൽ അവ പരിശീലനിപ്പിക്കുന്നതിന് പരിശീലനം നൽകുകയും ചെയ്യുന്ന പദ്ധതി ജില്ലയിലെ 10 കർഷകർക്ക് ആയതിന്റെ പ്രയോജനം ലഭിച്ചു.

ക്രമ നം	പദ്ധതിയുടെ പേര്	യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	പന്നിവളർത്തൽ പദ്ധതി	10 യൂണിറ്റ്	500000	500000	100%

12) **പട്ടികജാതി കുടുംബങ്ങൾക്കായുള്ള കോഴി വളർത്തൽ പദ്ധതി** : ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 500 എസ്.സി കുടുംബങ്ങൾക്ക് മുട്ടക്കോഴി വളർത്തുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ഒരു ഗുണഭോക്താവിന് 10 മുട്ടക്കോഴികൾ വീതം നൽകിയ ഈ പദ്ധതി ജില്ലയിലെ തെരഞ്ഞടുക്കപ്പെട്ട 25 പഞ്ചായത്തുകളിലൂടെ നടപ്പിലാക്കി.

ക്രമ നം	പദ്ധതിയുടെ പേര്	യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	പട്ടികജാതി കുടുംബങ്ങൾക്കായുള്ള കോഴി വളർത്തൽ പദ്ധതി	500 യൂണിറ്റ്	500000	500000	100%

13) **താലൂക്ക്തല എൻർപ്രണർഷിപ്പ്** : എൻറർപ്രണർമാർക്ക് പരിശീലനം നൽകുന്നതിനായ് ജില്ലയിലെ 2 താലൂക്കുകളിലായി താലൂക്ക്തല പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി 100 ലധികം സംരംഭകർ പങ്കെടുത്ത് പരിപാടി സംരംഭകർക്ക് വളരെയധികം ഉപകാരപ്രദമായിരുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	താലൂക്ക്തല എൻർപ്രണർഷിപ്പ്	2 യൂണിറ്റ്	100000	100000	100%

14) **എം.ടി.എ** (Monthly Technology Advises) : മൃഗസംരക്ഷണമേഖലയിലെ ഉൽപ്പാദനം, രോഗങ്ങൾ, വിപണനം തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ ഉൾപ്പെടുത്തി ദൈവാരിക പ്രസിദ്ധീകരണത്തിനായ് ഫണ്ട് അനുവദിക്കുകയും ജില്ലാ വെറ്റിനറി കേന്ദ്രം ബ്രോഷർ പ്രസിദ്ധീകരിക്കുയും ചെയ്തു.

ക്രമ നം	പദ്ധതിയുടെ പേര്	യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	എം.ടി.എ	1 യൂണിറ്റ്	25000	25000	100%

15) **വന്ധ്യത നിവാരണ ക്യാമ്പ്** : ജില്ലയിലെ 6 താലൂക്കുകൾ മുഖേന സാധ്യമായ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും വന്ധ്യത നിവാരണ ക്യാമ്പ് സംഘടിപ്പിക്കുകയുണ്ടായി. കന്നുകാലികളിലെ വന്ധ്യത നിവാരണത്തെക്കുറിച്ചും വന്ധ്യത തടയുന്നതിനെക്കുറിച്ചും ക്യാമ്പിൽ വിവരിക്കുകയും കർഷകർക്ക് മരുന്നും, മറ്റു വിതരണം ചെയ്യുകയും ചെയ്തു.

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	വന്ധ്യത നിവാരണ ക്യാമ്പ്	250000	250000	100%

16) **രാത്രികാല സേവനം മൃഗപരിപാലനത്തിന്** : ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 8 ബ്ലോക്കുകളിലായി മൃഗപരിപാലനം രാത്രികാലങ്ങളിലും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി (6 PM – 6AM) നടപ്പിലാക്കിയ പദ്ധതി

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	രാത്രികാല സേവനം മൃഗപരിപാലനത്തിന്	5123500	4196703	100%

17) **ഗോട്ട്സാറ്റലൈറ്റ് യൂണിറ്റ്** : തനത് വർഗ്ഗത്തിൽപ്പെട്ട മലമ്പാടി ആടുകളുടെ സംരക്ഷണാർത്ഥം ആട് കർഷകർക്ക് തൊഴിലും പ്രദാനം ചെയ്യുന്നതിനുവേണ്ടി ഗോട്ട് സാറ്റ് ലൈറ്റ് പദ്ധതി നടപ്പിലാക്കി. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 85 കുടുംബങ്ങളിലും നടപ്പിലാക്കിയ ഈ പദ്ധതിയിൽ 5 പെണ്ണും 1 മുട്ടനും ഉൾപ്പെടെ 6 ആടുകളെ ഒരു കർഷകന് നൽകുന്ന ഈ പദ്ധതിയിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി 25000/- രൂപ സബ്സിഡി നൽകിയിരുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	യൂണിറ്റ്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക ലക്ഷ്യം
1.	ഗോട്ട്സാറ്റലൈറ്റ് യൂണിറ്റ്	85 യൂണിറ്റ്	2125000	2125000	100%

കേന്ദ്രാവിഷ്കൃത പദ്ധതികൾ 2017-18

ക്രമ നം	പദ്ധതിയുടെ പേര്	വകയിരുത്തിയ തുക	ചിലവായ തുക
1	നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ ഇൻഷ്വറൻസ് പദ്ധതി	16,15,206	14,15,246

5.4 മത്സ്യബന്ധനം

പദ്ധതികളുടെ അവലോകനം

ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ 2012-2017 കാലയളവിൽ ഫിഷറീസ്

വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കിയ സംസ്ഥാനാവിഷ്കൃത പദ്ധതിയാണ് മത്സ്യസമൃദ്ധി പദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി തിരഞ്ഞെടുത്ത മത്സ്യകർഷകർക്ക് മത്സ്യക്കുഞ്ഞുങ്ങളെ സൌജന്യമായി നൽകുകയും, പരിശീലനം നൽകുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്. പാലക്കാട് ജില്ലയിൽ 60 ഓളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഈ പദ്ധതി വിജയകരമായി നടപ്പിലാക്കി. 2016-17 വർഷത്തിൽ നടപ്പാക്കിയ മത്സ്യസമൃദ്ധി പദ്ധതിയുടെ ഭാഗമായി 1277 ഹെക്ടറിൽ മത്സ്യകൃഷി നടത്തുകയുണ്ടായി.

2012 -13 മുതൽ 2016 -17 വരെ ഉള്ള കാലഘട്ടത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. മൽസ്യ സമൃദ്ധി പദ്ധതിയുടെ ഭാഗമായി ജില്ലയിൽ 2016-17 വർഷത്തിൽ 1277 ഹെക്ടറിൽ ജലാശയങ്ങളിൽ മത്സ്യ

കൃഷി ടത്തുകയുണ്ടായി. 65 തദ്ദേശ്ശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 3833 കർഷകർക്ക് 1277.652 ഹെക്ടർ മത്സ്യ കുളങ്ങളിലേക്ക് 10770700 എണ്ണം മത്സ്യ വിത്തുകൾ വിതരണം ചെയ്തു . കഴിഞ്ഞ 5 വർഷത്തെ മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ മത്സ്യകൃഷി നടത്തിയതിന്റെ വിവരം ചുവടെ ചേർത്തിരിക്കുന്നു.

മത്സ്യ സമൃദ്ധി പദ്ധതി വിവരങ്ങൾ

വര്ഷം	മത്സ്യ കർഷകർ	പഞ്ചായത്ത്	വിസ്തൃതി (ഹെ)	മത്സ്യവിത്ത് (എണ്ണം)	വിളവെടുപ്പ് (ടൺ)
2012-13	2568	56	921.832	4518740	1907.92
2013-14	3008	60	997.616	8317940	2713.119
2014-15	3460	60	1143.852	9633120	3475.305
2015-16	3717	65	1255.152	10529990	3627.534
2016-17	3833	65	1277.652	10770700	2629.067

മത്സ്യസമൃദ്ധി പദ്ധതി വിളവെടുപ്പ് വിവരങ്ങൾ



മത്സ്യ തൊഴിലാളി ക്ഷേമ പദ്ധതികൾ (വകുപ്പ്) 2016-17

പദ്ധതികൾ	മത്സ്യ തൊഴിലാളികൾ	തുക
ഭവന നിർമാണ ധനസഹായം	3	600000
സമ്പാദ്യ സമാശ്വാസ പദ്ധതി	330	900000
വിദ്യാഭ്യാസആനുകൂല്യം	74	1630448

സംസ്ഥാന പദ്ധതികൾ

1. **സീഡ് ഫാം, നഴ്സറി, ഹാച്ചറി**

ആക്ഷൻ പ്ലാൻ : ജില്ലയിലെ മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ മലമ്പുഴ, വാളയാർ, ചുള്ളിയാർ, മംഗലം, മീങ്കര എന്നിവയാണ്. പൊതുജനങ്ങൾക്കും സർക്കാരിന്റെ വിവിധ പദ്ധതികൾക്കും വേണ്ട ശുദ്ധജല മത്സ്യക്കുഞ്ഞുങ്ങൾ ഈ ഫാമുകളിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. 2017-18 വർഷത്തിൽ ഫാമുകളിലേയും അക്വേറിയത്തിലേയും പ്രവർത്തനങ്ങൾക്കായി 104.2 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്രമ നം	ഇനം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച് തുക (ലക്ഷത്തിൽ)
1.	ആക്ഷൻപ്ലാൻ	102.4	102.4

അടിസ്ഥാന സൌകര്യ വികസനം : 2017-18 വർഷത്തിൽ ചുള്ളിയാർ സീഡ് ഫാമിൽ കുഴൽകിണർ നിർമ്മിക്കുന്നതിനായി 1.82 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് കുഴൽക്കിണർ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 104.22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ 104.22 ലക്ഷം രൂപ ചെലഴിക്കുകയും 108.8 ലക്ഷം മത്സ്യക്കുഞ്ഞുങ്ങൾ ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. **മത്സ്യസമ്പത്തിന്റെ പരിപാലനം**

ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് ഫിഷറി മാനേജ്മെൻറ് കൌൺസിൽ : പൊതുജലാശയങ്ങളിലെ ശോഷിച്ചു വരുന്ന മത്സ്യസമ്പത്ത് പരിപാലിക്കുന്നതിനായി നടത്തി വരുന്ന പദ്ധതിയാണ് ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് ഫിഷറി മാനേജ്മെൻറ് കൌൺസിൽ പദ്ധതി. ടി പദ്ധതിക്കുവേണ്ടി 2017-18 വർഷത്തിൽ ഇതിനായി 6.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ക്രമ നം	ഇനം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച് തുക (ലക്ഷത്തിൽ)
1.	ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് ഫിഷറി മാനേജ്മെൻറ് കൌൺസിൽ	6.20	6.20

3. **സമ്പാദ്യ സമാശ്വാസ പദ്ധതിക്കുള്ള അധികസഹായം**

സമ്പാദ്യ സമാശ്വാസ പദ്ധതി : മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സമ്പാദ്യ സമാശ്വാസ പദ്ധതി. മത്സ്യത്തൊഴിലാളികളിൽ നിന്നും മാസം തോറും ശേഖരിക്കുന്ന തുകയുടെ കൂടെ ഗവൺമെൻറ് വിഹിതവും ചേർത്ത് പഞ്ച മാസങ്ങളിൽ തിരികെ നൽകുന്നതാണ് ഈ പദ്ധതി. ജില്ലയിൽ 2017-18 സാമ്പത്തിക വർഷം 9

ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി അനുവദിച്ചതിൽ 9 ലക്ഷം രൂപ ചെലവഴിക്കുകയും ആയതിൻറെ പ്രയോജനം 330 തൊഴിലാളികൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

4. **ഉൾനാടൻ മത്സ്യവികസനം**

ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് ജനകീയ മത്സ്യകൃഷി II. ഇതിന്റെ ഭാഗമായി ചെറിയ കുളങ്ങളിലെ മത്സ്യകൃഷി, വലിയ കുളങ്ങളിലെ മത്സ്യകൃഷി, മാതൃകാ മത്സ്യകൃഷി എന്നിവയും പരിശീലനം, അക്വാകൾച്ചർ പ്രൊമോട്ടർ, പ്രൊജക്ട് കോ — ഓർഡിനേറ്റർ എന്നിവരുടെ വേതനവും, അനുബന്ധ ചെലവുകളും ഉൾപ്പെടുന്നു.

മേൽ പദ്ധതി നടപ്പാക്കുന്നതിനായി ജില്ലക്ക് ലഭ്യമായ 125.49 ലക്ഷം രൂപ ചെലവഴിച്ചതിന്റെ ഘടകം തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. **അക്വാകൾച്ചർ എക്സ്റ്റൻഷൻ സെന്റർ** : ജനകീയ മത്സ്യകൃഷി രണ്ടാം ഘട്ടത്തിന്റെ ഭാഗമായി നിയമിച്ചിട്ടുള്ള അക്വാകൾച്ചർ പ്രൊമോട്ടർമാരുടേയും പ്രൊജക്ട് കോ ഓർഡിനേറ്റർമാരുടേയും വേതനവും അനുബന്ധ ചെലവുകളും ഉൾപ്പെടുന്ന പദ്ധതിയാണിത്. ഈ പദ്ധതിയ്ക്കായി 31.54 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത തുക മത്സ്യകർഷക വികസന ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

2.ഫിൻഫിഷ് കൾച്ചർ

ചെറിയകുളങ്ങളിലെ മത്സ്യകൃഷി : 50 സെന്റിൽ താഴെയുള്ള കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനു വേണ്ടിയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

ക്രമ നം	ഇനം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച് തുക (ലക്ഷത്തിൽ)
1	ചെറിയകുളങ്ങളിലെ മത്സ്യകൃഷി	13.20	3.55
2	വലിയ കുളങ്ങളിലെ മത്സ്യകൃഷി	20.25	29.59
3	മാതൃകാ മത്സ്യകൃഷി	60.50	2.03

മേൽ ഘടക പദ്ധതികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 125.49 ലക്ഷം രൂപ അനുവദിച്ചതിൽ125.49 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ മലമ്പുഴ മത്സ്യകർഷക വികസന ഏജൻസിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പ്രയോജനം 2506 കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

5. **എക്സ്റ്റൻഷൻ സർവ്വീസ് ഡെലിവറി**

മാനവശേഷി വികസനം : മത്സ്യകൃഷിയുടെ പ്രാധാന്യം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ പ്രദർശിപ്പിക്കുന്നതിനും, വിജ്ഞാന വ്യാപനത്തിനും ആണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

1. മോഡേണൈസേഷൻ ഇ-ഗവേണൻസ് : മത്സ്യഭവനുകൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്റെ ഭാഗമായി മത്സ്യഭവനുകളിൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായിട്ടാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് ഇതിനായി 1.10 ലക്ഷം രൂപ അനുവദിക്കുകയും പ്രസ്തുത തുകയിൽ 99,500/- രൂപ വിനിയോഗിച്ച് 2 കംപ്യൂട്ടറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.
2. മേളകൾ : മലപ്പുറം ജില്ലയിൽ വെച്ചുനടന്ന മത്സ്യോൽസവത്തിൽ പങ്കെടുക്കുന്നതിനായി ഈ ഇനത്തിൽ അനുവദിച്ച് 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. 3ദിവസം നീണ്ടുനിന്ന മേളയിൽ

ജില്ലയിലെ മത്സ്യത്തൊഴിലാളികളും കർഷകരും പങ്കെടുത്തു. മേൽ പദ്ധതികൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 1.6 ലക്ഷം രൂപ അനുവദിച്ചതിൽ 1.49 ലക്ഷം രൂപ ചെലവഴിച്ചു. മലപ്പുറം ജില്ലയിൽ വച്ചു നടന്ന മത്സ്യ ഉത്സവത്തിൽ പങ്കെടുക്കുകയും 2 കംപ്യൂട്ടറുകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതി

1. **റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം** : വീട്ടുവളപ്പിൽ ഉയർന്ന് ഉല്പാദന നിരക്ക് ഉറപ്പ് വരുന്നതിന് സഹായകമായ മത്സ്യകൃഷി പദ്ധതിയാണ് റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം. ഇതു പ്രകാരം 12.90 ലക്ഷം രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. 12.90 ലക്ഷം രൂപ മേൽ പദ്ധതി നടപ്പാക്കുന്നതിന് നിർവ്വഹണ സ്ഥാപനമായ മത്സ്യകർഷ വികസന ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
2. **റിനോവേഷൻ ഓഫ് ഫ്രഷ് വാട്ടർ പോണ്ട് & ഫാമിംഗ് ഓഫ് ഗിഫ്റ്റ്** : ഉയർന്ന വളർച്ചാ നിരക്കുള്ള തിലാപ്പിയ കൃഷി പുനരുദ്ധാരണം നടത്തിയ കുളങ്ങളിൽ ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. ഇതു പ്രകാരം 1612500/- രൂപ ജില്ലക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ 40% സബ്സിഡിയും 60 % ഗുണഭോക്തൃവിഹിതവുമാണ്. മേൽ പദ്ധതി നടപ്പാക്കുന്നതിന് 1612500 രൂപ ലഭ്യമാവുകയും ആയത് നിർവ്വഹണ സ്ഥാപനമായ മത്സ്യ കർഷക വികസന ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.
3. **റിനോവേഷൻ ഓഫ് ഫ്രഷ് വാട്ടർ പോണ്ട് & ഫാമിംഗ് ഓഫ് പങ്കാഷ്യസ്** : മികച്ച അതിജീവന ശേഷിയുള്ള പങ്കാഷ്യസ് കൃഷി പുനരുദ്ധാരണം നടത്തിയ കുളങ്ങളിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണിത്. ഇതു പ്രകാരം 13,74,000/- രൂപ ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ 40% സബ്സിഡിയും 60% ഗുണഭോക്തൃവിഹിതവുമാണ്. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 13,74,000 രൂപ ലഭ്യമാവുകയും ആയത് നിർവ്വഹണ സ്ഥാപനമായ മത്സ്യകർഷക വികസന ഏജൻസിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

5.5 വനം, പരിസ്ഥിതി, കാലാവസ്ഥ

സംസ്ഥാന പദ്ധതികൾ

1. സ്വഭാവിക വന സംരക്ഷണം

ക്രമ നം	ഇനം	വരവുകൾ (തുക ലക്ഷത്തിൽ)	ചെലവുകൾ (തുക ലക്ഷത്തിൽ)	ചെലവുകൾ ശതമാനത്തിൽ
1.	വനസംരക്ഷണം	238.75	238.47	99.88
2.	വനസംരക്ഷണം	444.35	442.24	99.53
3.	നശിപ്പിക്കപ്പെട്ട വനങ്ങളുടെ പുനരുദ്ധാരണം	13.00	12.94	99.54
4.	എൻ.ഡബ്ല്യു.എഫ്.പി	12.30	12.00	97.56

2. വനത്തിലുള്ള തോട്ടങ്ങളുടെ ഉത്പാദനക്ഷമത				
1.	വനത്തിലുള്ള തോട്ടങ്ങളുടെ ഉത്പാദനക്ഷമത	81.92	79.08	96.53
3. അടിസ്ഥാന സൌകര്യ വികസനം				
1.	റോഡുകൾ	51.00	50.64	99.29
2.	കെട്ടിടങ്ങൾ	91.00	90.83	99.81
3.	മനുഷ്യ വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള നടപടികൾ	208.25	208.25	100.00
4	പ്രകൃതി ടൂറിസം	8.50	8.50	100
5	എച്ച്.ആർ.ഡി പ്ലാൻ	0.60	0.60	100
6	പ്രകൃതി വികസനം	58	57.81	99.67
7	നീലഗിരി ജൈവ മണ്ഡല സംവരണ മേഖല	30.5	30.47	99,90
8	സി.ബി.ഡി	38.51	38.499	199.93
9	പി.കെ.എം.റ്റി.ആർ	513.85	513.85	100.00
10.	വനവിപുലീകരണം	80	80	100
11.	നീലഗിരി താർറിക്കവറി പ്രോഗ്രാം	58.5	46.8	80.00
12	ഐ.ഡി.ഡബ്ല്യൂ.എച്ച്	32	5.12	16
കേന്ദ്രപദ്ധതികൾ				
1.	ഐ.എഫ്.എം	39.00	38.98	99.95
2.	എലിഫൻറ് പ്രൊജക്ട്	115.05	114.05	99.13
3.	എൻ.ബി.ആർ	42.00	42.00	100.00

നബാർഡ് – ആർ.ഐ.ഡി.എഫ് സ്കീംസ് – പുരോഗതി റിപ്പോർട്ട് 2018

ക്രമ നം	ഡിവിഷൻ	വരവുകൾ (തുക ലക്ഷത്തിൽ)	ചെലവുകൾ (തുക ലക്ഷത്തിൽ)	ചെലവുകൾ ശതമാനത്തിൽ
1.	മണ്ണാർക്കാട്	227.50	207.02	91.00
2.	പാലക്കാട്	20	0	0
3.	നെന്മാറ	100	26.36	26.36

5.6 വ്യവസായം

സംസ്ഥാന പദ്ധതികൾ

1. **കൈത്തറി - പൈതൃക പദ്ധതി**

കേരള സർക്കാർ 2016-17 വർഷത്തിൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് വിദ്യാലയത്തിലെയും 1 മുതൽ 8 വരെയുള്ള സ്കൂൾ കുട്ടികൾക്ക് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിൽ 25 ലക്ഷം കുട്ടികൾക്ക് പ്രയോജനം ലഭിക്കും സ്കൂൾ കുട്ടികൾക്ക് 2 ജോഡി യൂണിഫോം നലകുവാൻ 50 ലക്ഷം ജോഡി യൂണിഫോം നൽകുവാൻ 1.30 കോടി ലക്ഷം മീറ്റർ തുണി വേണ്ടിവരുന്നതാണ്. ഇതുപ്രകാരം 150-200 ദിവസം തൊഴിൽ കൈത്തറി തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്. ഈ പദ്ധതിക്കുവേണ്ടി കേരള സർക്കാർ 250 കോടി വകയിരുത്തിയിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ മീറ്റർ തുണി ഉൽപാദിപ്പിക്കണം. ജില്ലയിൽ ഈ രംഗത്ത് പേർ തൊഴിൽ ചെയ്തുവരുന്നു. ഇതുവരെ കൂലി നൽകിയിട്ടുണ്ട്.

2. **പ്രൊഡക്ട്സ് ഇൻസെൻറീവ് സ്കീം**

കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് ഈ പദ്ധതി ആരംഭിച്ചത്. തൊഴിലാളികളുടെ ഉൽപ്പാദശേഷി ഉയർത്തുന്നതിനുവേണ്ടി ഒരു ദിവസം അവർ നിശ്ചിത അളവിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് ഇരട്ടി കൂലി നൽകുന്നു.

3. **PMGBBY** (മഹാത്മാഗാന്ധി/പ്രധാനമന്ത്രി ബാങ്കർ ഭീമ യോജന)

സർക്കാരും ഘകഇ യും ചേർന്ന് നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി പ്രീമിയം 330 (ഘകഇ 100, കേന്ദ്ര സർക്കാർ 150, തൊഴിലാളികൾ 80) തൊഴിലാളി വിഹിതം സംസ്ഥാന സർക്കാർ അടയ്ക്കുന്നതാണ്. സംഘത്തിനും തൊഴിലാളികൾക്കും തികച്ചും സൗജന്യമാണ് പദ്ധതിയുടെ ഘടന. തൊഴിലാളികളുടെ പ്രായപരിധി 18 മുതൽ 59 വയസ്സ് വരെ. മരണപ്പെട്ടാൽ 75,000 രൂപ അപകട മരണം 150000 കുട്ടികളുടെ പഠനത്തിന് സ്കോളർഷിപ്പ് ലഭിക്കുന്നതാണ്. കൈത്തറിയിലെ തൊഴിലാളികളുടെ കുട്ടികൾക്ക് 9 ക്ലാസ് മുതൽ 12 ക്ലാസ് വരെയുള്ള പഠനം പ്രതിവർഷം 200 സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

4. **ഇൻകം സപ്പോർട്ട് സ്കീം (ISS)**

പരമ്പരാഗത വ്യവസായങ്ങളിൽ പ്രധാന സ്ഥാനമാണ് കൈത്തറിയ്ക്കുള്ളത്. കൃഷി കഴിഞ്ഞാൽ കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്ന വിഭാഗമാണ് കൈത്തറി. കൈത്തറി തൊഴിലാളികൾ മിനിമം കൂലി ഉറപ്പ് വരുത്തുന്ന പദ്ധതിയാണ്. കൈത്തറി മേഖലയിൽ കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിനാണ് കേരള സർക്കാർ ഈ പദ്ധതി ആരംഭിച്ചത്. ഒരു തൊഴിലാളിക്ക് കൈത്തറി മേഖലയിൽ പണിയെടുത്താൽ പ്രതിദിനം 150 രൂപ (നൂറ്റി അമ്പത്) ലഭിക്കാത്തവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. കിട്ടിയ കൂലി കഴിച്ച് ബാക്കി തുക സർക്കാർ ഗ്രാൻറായി നൽകുന്നതാണ്. സഹകരണ സംഘം/ സ്വകാര്യ മേഖലയിലും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

5. **കോൺട്രിബ്യൂട്ടറി ട്രിഫ്റ്റ് ഫണ്ട്**

കൈത്തറി തൊഴിലാളികളുടെ ക്ഷേമ പദ്ധതിയാണ് തൊഴിലാളികൾ വാങ്ങുന്ന കൂലിയുടെ 8% തുക ഈ ഫണ്ടിലേയ്ക്ക് അടയ്ക്കണം. തൊഴിലാളികൾ അടയ്ക്കുന്ന അത്രയും തുക സർക്കാരും നൽകുന്നതാണ്. തൊഴിലാളികൾ തുർച്ചയായി 5 വർഷം അടയ്ക്കണം. ഈ പദ്ധതിയിൽ തുടർച്ചയായി 5 വർഷം അടക്കുന്നവർക്ക് മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളൂ. പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് തൊഴിലാളികളുടെ കല്യാണം, ചികിത്സ തുടങ്ങിയവയ്ക്ക് തിരിച്ച് അടയ്ക്കാത്ത രീതിയിൽ തുക പിൻ വലിയ്ക്കാവുന്നതാണ്.

6. **കൈത്തറി റിബേറ്റ്**

കേരള സർക്കാർ കൈത്തറി സംഘങ്ങൾക്ക് ഉൽസവകാല സീസണുകളിൽ വിൽക്കുന്ന തുകയുടെ 20% സർക്കാർ റിബേറ്റ് നൽകുന്നതാണ്. ഒരു വർഷം ഏകദേശം 52 ദിനങ്ങളിൽ പങ്കെടുക്കുന്ന സംഘങ്ങൾക്ക് എക്സിബിഷൻ ഗ്രാൻറ് ലഭിക്കുന്നതാണ്.

- സംഘങ്ങളോ സ്വകാര്യ വ്യക്തികളോ നടത്തുന്ന കൈത്തറി കയറ്റുമതി നടത്തിയാൽ കയറ്റുമതി നടത്തുന്ന വ്യാപാരത്തിന് പ്രോത്സാഹനം നൽകുന്നതാണ്. കയറ്റുമതി തുകയുടെ 20 % പരമാവധി 20 ലക്ഷം രൂപ പ്രതിവർഷം ലഭിക്കുന്നതാണ്.
- നല്ല കൈത്തറി സംഘം, മികച്ച ഉൽപ്പന്നം വ്യാപാര മുദ്രണം, ഡിസൈൻ മികവ് എന്നിവയ്ക്ക് അവാർഡ്.
- ഹാൻവീവ്/ഹാൻടെക്സ് കൈത്തറി സംഘങ്ങൾക്ക് അന്താരാഷ്ട്ര മേഖലകളിൽ പങ്കെടുക്കുന്നതിന് ധനസഹായം

7. **കൈത്തറി സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

(1) കൈത്തറി സംഘങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന്

- ഫാക്ടറി ഷെഡ്
- എക്സിബിഷൻ
- വർക്ക്ഷെഡ്
- പുതിയ ഉൽപ്പന്ന
- ഡിസൈൻ
- ബ്രാൻറിംഗ്
- പുതിയ ടെക്നോളജി

8. കൈത്തറി മേഖലയിൽ 10 ലൂമുകൾ സ്ഥാപിക്കുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. സ്വകാര്യ മേഖലയിൽ പുതിയ 10 ലൂമുകൾ സ്ഥാപിക്കുന്നതിന് പരമാവധി 5.30 ലക്ഷം സബ്സിഡി സ്ഥല മൂലധനത്തിന് 40% സബ്സിഡി പരമാവധി 4 ലക്ഷം. പ്രവർത്തന മൂലധനത്തിന് തുകയുടെ 30% പരമാവധി 1.50 ലക്ഷം സബ്സിഡി ലഭിക്കുന്നതാണ്.

9. **ഫാഷൻ ഷോ**

കൈത്തറി പ്രോത്സാഹനത്തിനുവേണ്ടി ആർട്സ് & സയൻസ് കോളേജ് എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ ഫാഷൻഷോ, സെമിനാർ, വർക്ക്ഷോപ്പ് ചർച്ച, എക്സിബിഷൻ എന്നിവ നടത്തുന്നതിനുള്ള പദ്ധതി;

10. **സർക്കാർ ഓഹരി പങ്കാളിത്തം**

കൈത്തറി സംഘങ്ങൾക്ക് അംഗങ്ങളുടെ ഓഹരി സ്ഥിരപ്പെടുത്തുന്നതിന്റെ 2 ഇരട്ടി മുതൽ 5 ഇരട്ടി വരെ സർക്കാർ ഷെയർ പാർട്ടിസിപ്പേഷനായി അനുവദിക്കുന്നു. ഒരു സംഘത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം വരെ ലഭിക്കുന്നതാണ്. ഈ തുക 15 വർഷം കഴിഞ്ഞ് പലിശ ഇല്ലാതെ 10 വർഷം കൊണ്ട് സർക്കാരിലേയ്ക്ക് മടക്കി അടയ്ക്കേണ്ടതാണ്.

11. **കൈത്തറി ഗ്രാമം**

കേരളത്തിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി പൂർണ്ണമായ രീതിയിൽ കൈത്തറി ഗ്രാമങ്ങൾ സ്ഥാപിക്കാവുന്നതാണ്.

12. **പരസ്യം**

കൈത്തറി വസ്ത്രങ്ങളുടെ പ്രചരണത്തിന്റെ ഭാഗമായി പ്രധാന സെൻററുകളിൽ ഹോർഡിങ്ങുകൾ സ്ഥാപിക്കുന്നു. കൂടാതെ പത്രങ്ങൾ മാഗസിനുകൾ ദൃശ്യ /ശ്രവ്യ മാധ്യമാങ്ങളിൽ പരസ്യം ചെയ്യുവാൻ 50,000/- രൂപ മുതൽ 2 ലക്ഷം രൂപ വരെ ആനുകൂല്യങ്ങൾ നല്കുന്നു.

(1) **സംരംഭക സഹായ പദ്ധതി** (CSS)

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സഹായം നൽകുക, തുകയുടെ മുഴുവൻ ആനുകൂല്യങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുന്ന വിധത്തിൽ പ്രത്യേക വിഭാഗങ്ങൾക്ക് പരിഗണനയോടെ സംരംഭകർക്ക് വ്യക്തമായ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ഒറ്റത്തവണ സഹായം നൽകുക എന്നിവയാണ് സംരംഭക സഹായ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതിയുടെ CSS ഘടകം നടപ്പിലാക്കുന്നതിന് 4,02,43,809/- രൂപ ലഭ്യമായതിൽ 4,02,43,809/- രൂപ ചെലവഴിക്കുകയും 68 ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(2) **വൈദഗ്ധ്യ വികസന പരിപാടി**

ബ്ലോക്ക്, താലൂക്ക്, ജില്ലാതലങ്ങളിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം, വ്യവസായ സംരംഭക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി സുസ്ഥിര വികസനം സാധ്യമാക്കുന്നതിന് ഇതിലൂടെ ലക്ഷ്യമിടുന്നു.

മേൽ പദ്ധതി 2017-18 വർഷത്തിൽ നടപ്പാക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് ലഭ്യമായ 16,47,825/- രൂപ ചെലവഴിച്ചതിന്റെ ഘടകങ്ങൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വ്യവസായ ബോധവത്ക്കരണ സെമിനാർ

- ജില്ലാതല നിക്ഷേപ സംഗമം
- താലൂക്ക്തല നിക്ഷേപ സംഗമം
- ജില്ലാതല ടെക്നോളജി ക്ലിനിക്ക്
- ജില്ലാതല സംരംഭകത്വ വികസന പരിപാടി
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ ബോധവത്ക്കരണ
- പരിപാടി
- ടെക്നോളജി മാനേജ്മെൻറ് ഡെവലപ്മെൻറ് പ്രോഗ്രാം
- മറ്റ് ചെലവുകൾ
- ഇ.ഡി. ക്ലബ്ബുകൾ
- വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം
- ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വെ
- താലൂക്ക് ഓഫീസുകളിൽ കിയോസ്ക്

പാലക്കാട് ജില്ലയ്ക്ക് മേൽ പറഞ്ഞ പദ്ധതികൾ നടപ്പിലാക്കുന്നതിന് 16,47,825/- രൂപ ലഭ്യമായതിൽ 16,47,409/- രൂപ ചെലവഴിക്കുകയും ആയതിന്റെ പ്രയോജനം സംരംഭകർക്ക് ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(3) **സർക്കാർ ഓഹരി പങ്കാളിത്തം**

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം/സാങ്കേതിക വിദ്യ മെച്ചപെടുത്തൽ/വൈവിധ്യവത്ക്കരണം എന്നിവയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് ഈ പദ്ധതി. ലഭിക്കുന്ന തുക 15 വർഷത്തിന് ശേഷം 10 തുല്യ ഗഡുക്കളായി സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കണം. പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതിയുടെ ഘടകം നടപ്പിലാക്കുന്നതിന് 1,30,000/- രൂപ ലഭ്യമായതിൽ 1,30,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(4) **വിപണന കയറ്റുമതി പ്രോത്സാഹനം**

കൈത്തറി ഉല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും, വികസിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സ്ഥാപനങ്ങളുടെ/മേഖലയുടെ ഇൻപുട്ട്-ഔട്ട്പുട്ട് ലിങ്കേജ്, മൂല്യവർദ്ധിത തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ആകെ വിറ്റുവരവ് എന്നിവ അടിസ്ഥാനമാക്കിയാണ് ധനസഹായം നിശ്ചയിക്കുന്നത്.

- ഓണം എക്സ്പോ
- ഓണം എക്സിബിഷൻ ഗ്രാൻറ് (2015-16)
- കലാപരമായ കൈത്തറി പ്രോത്സാഹന പദ്ധതി

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 4,00,857/- രൂപ ലഭ്യമായിതിൽ 4,00,857/- രൂപ ചെലവഴിക്കുകയും 11 ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(5) **ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനാണ് ഇതിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 10,676/- രൂപ ലഭ്യമായിതിൽ 10,676/- രൂപ ചെലവഴിക്കുകയും നെയ്ത്തുകാർക്ക് ആയതിൻറെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(6) **ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനുള്ള മാർജിൻ മണി വായ്പ**

ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് യഥാസമയം നെയ്ത്തുകാർക്ക് ലഭ്യമാക്കുന്നതിനായി മാർജിൻ മണി വായ്പ നൽകുന്നതിനാണ് ഈ പദ്ധതിയിൽ ഉദ്ദേശിച്ചിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഹാൻറെക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് നൂൽ സംഭിരിക്കാനും നെയത്തുകാർക്ക് വിതരണം ചെയ്യാനുമായിട്ടാണ് മാർജിൻ മണി വായ്പ നൽകുന്നത്. അടുത്ത 10 വർഷത്തേയ്ക്ക് 2 3/4 % പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതായും ഉണ്ട്. പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 10,00,000/- രൂപ ലഭ്യമായതിൽ 10,00,000/- രൂപ ചെലവഴിക്കുകയും നെയ്ത്തുകാർക്ക് ആയതിൻറെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(7) **യന്ത്രത്തറി സഹകരണ ഓഹരി പങ്കാളിത്തം**

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം/ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ/വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഓഹരി പങ്കാളിത്തം നൽകുന്നത്.

അടച്ചുതീർത്ത ഓഹഹരി മൂലധനത്തിന്റെ നാലിരട്ടി പ്രവർത്തന മൂലധനമായി ലഭ്യമാക്കുന്നു. ഇത് 15 വർഷത്തിനുശേഷം തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതുണ്ട്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 4,20,000/- രൂപ ലഭ്യമായതിൽ 4,20,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(8) **യന്ത്രത്തറി സഹകരണ ഓഹരി പങ്കാളിത്തം**

യന്ത്രത്തറി സഹകരണ സംഘങ്ങളുടെ ആധുനികവത്കരണം/ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തൽ/വൈവിധ്യവത്ക്കരണം എന്നിവയ്ക്ക് വിശദമായ പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഓഹരി പങ്കാളിത്തം നൽകുന്നത്. അടച്ചുതീർത്ത ഓഹരി മൂലധനത്തിന്റെ നാലിരട്ടി പ്രവർത്തന മൂലധനമായി ലഭ്യമാക്കുന്നു. ഇത് 15 വർഷത്തിനുശേഷം തുല്യ ഗഡുക്കളായി തിരിച്ചടയ്ക്കേണ്ടതുണ്ട്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 4,20,000/- രൂപ ലഭ്യമായതിൽ 4,20,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(9) **യന്ത്രത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി**

യന്ത്രത്തറി മേഖലയിലെ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. ഓരോ നെയ്ത്തുകാരനുമുള്ള ആകെ പ്രീമിയം തുകയായ 470/- രൂപയിൽ 100/- രൂപ എൽ.ഐ.സി. യും 290/- രൂപ കേന്ദ്ര സർക്കാരും ബാക്കിയുള്ള 80/- രൂപ നെയ്ത്തുകാരന് പകരമായി സംസ്ഥാന സർക്കാരും നൽകും.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 4,080/- രൂപ ലഭ്യമായതിൽ 4,080/- രൂപ ചെലവഴിക്കുകയും 26 നെയ്ത്തുകാർക്ക് ആയതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(10) **കൈത്തറിയുടെ പ്രചരണം, പരിശീലനം, പഠനം**

കൈത്തറി വസ്ത്രങ്ങളുടെ പ്രചരണാർത്ഥം പരിസ്ഥിതി സൗഹാർദ്ധമായ ഹോർഡിംഗ്സുകൾ സ്ഥാപിക്കുന്നു. നെയ്ത്തുമേഖലയെ പരിപോഷിപ്പിക്കുന്നതിനും നിലവിലുള്ള നെയ്ത്തുകാരെ കണ്ടെത്തി നെയ്ത്ത് മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനും നെയ്ത്തുകാരുടെ കൂലിയിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും അവർക്ക് സ്ഥിരമായി തൊഴിൽ നൽകുന്നതിനും അവരെ സമൂഹത്തിൽ മുഖ്യധാരയിലെത്തിക്കുന്നതിനുമുള്ള സർക്കാരിന്റെ പദ്ധതിയാണിത്. സംസ്ഥാനത്തെ ഒന്നു മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ/എയഡഡ് സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും 2 ജോടി വീതം കൈത്തറിയിൽ നെയ്തെടുക്കുന്ന തുണി സൗജന്യമായി നൽകാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി അച്ചടി, ദൃശ്യ, പ്രക്ഷേപണ ഉപാധികളിലൂടെ രാജ്യത്തിനകത്തും പുറത്തും പ്രചാരണം നടത്തുന്നതിനാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 2,94,635/- രൂപ ലഭ്യമായിതിൽ 2,94,635/- രൂപ ചെലവഴിക്കുകയും കൈത്തറി സംഘങ്ങൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(11) **വാണിജ്യ വികസനം**

രാജ്യാന്തര വിപണികളിലേയ്ക്ക് കൂടുതൽ വ്യവസായ യൂണിറ്റുകൾക്ക് പ്രവേശനം സാധ്യമാക്കുന്ന പരിപാടികൾ സംഘടിപ്പിക്കുക, സംസ്ഥാനത്തിനകത്തും പുറത്തും എക്സിബിഷൻ മേളകൾ സംഘടിപ്പിക്കുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 3,50,000/- രൂപ ലഭ്യമായതിൽ 3,50,000/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(12) **അംശദാന മിഥവ്യയ ഫണ്ട്**

കൈത്തറി നെയ്ത്തുകാർക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണിത്. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് ഈ പദ്ധതി പ്രകാരം 8% സർക്കാർ വിഹിതമാണ് നൽകിവരുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 14,46,830/- രൂപ ലഭ്യമായതിൽ 14,46,830/- രൂപ ചെലവഴിക്കുകയും 873 ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

(13) **DA/DP കളിലെ അടിസ്ഥാന സൗകര്യ വികസനം**

പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ ഷൊർണ്ണൂർ ക വില്ലേജിൽ ഉൾപ്പെട്ട 17.74 ഏക്കർ സ്ഥലം 07.07.2001 ലെ ജി.ഒ(ആർ.റ്റി) നമ്പർ 602/2001/ഐ.ഡി പ്രകാരം ഡെവലപ്മെനറ് പ്ലോട്ടായി പ്രഖ്യാപിച്ചിരുന്നു. പൊതു സൗകര്യങ്ങൾക്കുള്ള 60 സെൻറും വിവിധ യൂണിറ്റുകൾക്ക് അനുവദിച്ച 9.63 ഏക്കറും കഴിച്ച് ബാക്കിയുള്ളതും സംരംഭകർക്ക് അനുവദിക്കാനുള്ളതുമായ 7.41 ഏക്കർ സ്ഥലം കാടുകൾ വെട്ടിതെളിച്ച് വൃത്തിയാക്കി പ്ലോട്ടുകളാക്കി നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 50,000/- രൂപ ലഭ്യമായതിൽ 50,000/- രൂപ ചെലവഴിക്കുകയും ടി സ്ഥലം ഉപയോഗയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(14) **കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ**

കൈത്തറി മേഖലയിൽ സ്വയം തൊഴിൽ പദ്ധതിക്കായുള്ള ബാങ്ക് വായ്പയ്ക്ക് അനുപാതികമായി 30% വരെ മാർജിൻ മണി വായ്പ നൽകുന്ന പദ്ധതിയാണ്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 2,47,830/- രൂപ ലഭ്യമായതിൽ 2,47,830/- രൂപ ചെലവഴിക്കുകയും 1 സംഘത്തിന് ആയതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(15) **നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി/കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായം**

അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായവർക്ക് അസ്സസ്മെൻറ് നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ ജോലിക്കാരുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 105,66,071/- രൂപ ലഭ്യമായതിൽ 105,66,071/- രൂപ ചെലവഴിക്കുകയും 326 ഗുണഭോക്താക്കൾക്ക് ആയതിൻറെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(16) **കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനവും**

കൈത്തറി സംഘങ്ങളുടെ ഫാക്ടറി ഷെഡ്, പ്രദർശനശാലകൾ, പണിശാലകൾ എന്നിവയുടെ ആധുനികവത്കരണം, പുനരുദ്ധാരണം, വൈദ്യുതീകരണം, പുതിയ കണ്ടുപിടിത്തങ്ങൾ, മൂല്യവർദ്ധിത ഉല്പന്നങ്ങൾ, പുതിയ തറികൾക്കുള്ള സൗകര്യം, ഉല്പന്നങ്ങളുടെ ഡിസൈൻ, വികസനം എന്നിവയ്ക്കുള്ള യന്ത്ര സാമഗ്രികൾക്കുള്ള ധനസഹായം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 11,82,000/- രൂപ ലഭ്യമായതിൽ 11,82,000/- രൂപ ചെലവഴിക്കുകയും 123 ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(17) **കരകൗശല തൊഴിലാളികൾക്ക് സഹായം (ആഷ പദ്ധതി)**

കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഒറ്റത്തവണ സഹായം ലഭ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതി നടപ്പിലാക്കുന്നതിന് 2,12,864/- രൂപ ലഭ്യമായതിൽ 2,12,864/- രൂപ ചെലവഴിക്കുകയും 1 ഗുണഭോക്താവിന് ആയതിന്റെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതി

പി.എം.ഇ.ജി.പി

സ്വയം തൊഴിൽ വായ്പ രംഗത്ത് ഫലപ്രദമായി നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാനമന്ത്രിയുടെ തൊഴിൽ സൃഷ്ടി പദ്ധതി അഥവാ പി.എം.ഇ.ജി.പി നല്ല നിലയിൽത്തന്നെ ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. 2008-2009 മുതൽ നിലവിൽവന്ന പദ്ധതിയാണ് ഇത്. തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയാണ് പി.എം.ഇ.ജി.പി പദ്ധതി. പദ്ധതി ചെലവിൻറെ 90% മുതൽ 95 % വരെ ബാങ്ക് വായ്പ് അനുവദിയ്ക്കുകയും 15% മുതൽ 35% വരെ കേന്ദ്ര സബ്സിഡി അനുവദിയ്ക്കുകയും ചെയ്യുന്നു. വ്യവസായ മേഖലയിൽ 25 ലക്ഷം രൂപയും സേവന മേഖലയിൽ 10 ലക്ഷം രൂപവരേയും പരമാവധി ബാങ്കിൽ നിന്നും വായ്പ ലഭിക്കുന്ന പദ്ധതിയാണിത്. 30% ഗുണഭോക്താക്കളായ സ്ത്രീകൾക്ക് സംവരണം ചെയ്തിരിക്കുന്നു. വ്യവസായം – സേവനങ്ങൾ എന്നീ സംരംഭങ്ങൾക്കാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. പദ്ധതിയുടെ നടത്തിപ്പ് കെ.വി.ഐ.സി,

കെ.വി.ഐ.ബി, ഡി.ഐ.സി എന്നീ വകുപ്പുകൾക്കാണ്. 2013-14 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതിയുടെ സബ്സിഡി ഘടകം നടപ്പിലാക്കുന്നതിന് 5,54,81,000/- രൂപ ലഭ്യമായതിൽ 4,7,29,689/- രൂപ ചെലവഴിക്കുകയും 279 ഗുണഭോക്താക്കൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുകയും 1611 പേർക്ക് അനുബന്ധമായി തൊഴില് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പി.എം.ഇ.ജി.പി പദ്ധതിയുടെ മുൻ വർഷങ്ങളിലെ പ്രവർത്തനം

ക്രമ നം	വർഷം	പുതുതായി തുടങ്ങിയ സംരംഭങ്ങൾ	അനുവദിച്ച വായ്പ തുക (ലക്ഷം)	നൽകിയ സർക്കാർ സബ്സിഡി (ലക്ഷം)	നൽകിയ തൊഴിൽ
1	2012-13	80	404	124	408
2	2013-14	60	390	125	369
3	2014-15	48	285	86	322
4	2015-16	47	143	44	289
5	2016-17	63	310	82	354
	ആകെ	**298**	**1532**	**461**	**1742**

5.7 ആരോഗ്യം

എൻ എച്ച് എം വഴി നൽകുന്ന സേവനങ്ങൾ

1) **ജനനീ സുരക്ഷാ യോജന**

4.7.20 2005 മുതൽ സർക്കാർ ആശുപത്രികളിൽ പ്രസവിയ്ക്കുന്നവർക്കുള്ള ധനസഹായം എ പി എൽ ബി പി / എൽ വ്യത്യാസം ഇല്ലാതെ നഗര പ്രദേശങ്ങളിൽ 600 ഉം ഗ്രാമങ്ങളിൽ 700 ഉം നൽകുന്നു.

വർഷം	പ്രസവങ്ങളുടെ എണ്ണം		നൽകിയ തുക ലക്ഷത്തിൽ
	ആശുപത്രി	വീട്	
16-2015	10785	21	75.17
17-2016	9914	12	69.08
18-2017	4729	3	33.19

2) **ജനനീ ശിശു സുരക്ഷ കാര്യക്രം (ജെ.എസ്.എസ്.കെ)**

4.7.21 അമ്മയുടെയും, കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണിത്. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും ഒരു വയസ്സ് വരെയുള്ള ശിശുക്കൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ്

പരിശോധന, യാത്രാ സൌകര്യം, എന്നിങ്ങനെയുള്ള കാര്യങ്ങൾക്കായി 2012 മുതൽ ജില്ലയിൽ ഈ പരിപാടി നടപ്പിലാക്കി വരുന്നുണ്ട്.

വർഷം	കേസുകൾ	നല്കിയ തുക ലക്ഷത്തിൽ
16-205	9233	14.44
17-2016	8145	114.71
18-2017	6083	87.12

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ദേശീയ പ്രാണിജന്യ രോഗ നിയന്ത്രണ പരിപാടി
2. നവീകരിച്ച ദേശീയ ക്ഷയ രോഗ നിയന്ത്രണ പരിപാടി
3. പ്രജനന-മാതൃ- നവജാതശിശു-കൗമാര ആരോഗ്യ പരിപാടി
4. ദേശീയ മന്ത് രോഗ നിയന്ത്രണ പരിപാടി
5. ദേശീയ അന്ധതാ നിവാരണ പരിപാടി
6. ദേശീയ മാനസികാരോഗ്യ പരിപാടി
7. ദേശീയ ആരോഗ്യ ദൗത്യം
8. ദേശീയ ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി
9. ദേശീയ എയ്ഡ്സ് നിയന്ത്രണ പരിപാടി
10. ദേശീയ വയറിളക്ക രോഗ നിയന്ത്രണ പരിപാടി
11. ദേശീയ സംയോജിത ശിശു വികസന പരിപാടി
12. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പ്രവർത്തനതന്ത്രങ്ങളെ സാഹചര്യത്തിനനുസൃതമായി പുനക്രമീകരിക്കേണ്ടതാണ്.

സംസ്ഥാന പദ്ധതികൾ

1. സാന്ത്വന പരിചരണ പരിപാടി
2. സംസ്ഥാന ജീവിത ശൈലീ രോഗ നിയന്ത്രണ പരിപാടി
3. സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ദ്വിതീയ തൃതീയ മേഖലകളിലേക്കുള്ള വികാസം ആവശ്യമാണ്. പദ്ധതിപ്പണം വകയിരുത്തുന്നത് നീതിപൂർവ്വമാവണം.

5.10 പാർപ്പിടം, ദാരിദ്ര്യ നിർമ്മാർജ്ജനം

ഡബ്ല്യു.സി.പി അടങ്ങൽ വിനിയോഗം/പ്രൊജക്ടുകൾ

ഡബ്ല്യു.സി.പി പദ്ധതികളിൽ അതാത് വർഷങ്ങളിൽ വകയിരുത്തുന്ന അടങ്കൽ തുകയിൽ മുഴുവനും ഉപയോഗിക്കാൻ കഴിഞ്ഞ 5 വർഷങ്ങളിൽ കഴിഞ്ഞിട്ടില്ല. ഫീൽഡ് തലത്തിലുള്ള ആവശ്യകതയുടെ

അടിസ്ഥാനത്തിലല്ല മിക്ക പ്രൊജക്ടുകളും രൂപീകരിക്കപ്പെടുന്നത് എന്നതാണ് ഇതിന് കാരണം. പ്രൊജക്ട് രൂപീകരണ വേളയിൽ ഫീൽഡ് തല ഡിമാൻറ് അനുസരിച്ച് മാത്രം തുക വകയിരുത്തേണ്ടതാണ്. സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകുകയും അതുമായി ബന്ധപ്പെട്ട അനാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. കഴിഞ്ഞ 5 വർഷത്തെ ഡബ്ല്യു.സി.പി അടങ്കൽ വിനിയോഗം താഴെ കൊടുക്കുന്നു

2013-14

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	91	20	111	109	58355548	50566028	7789520	86.7
	Total	91	20	111	109	58355548	50566028	7789520	86.7

2014-15

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	144	28	172	167	106845162	31192960	75652202	29.2
	Total	144	28	172	167	106845162	31192960	75652202	29.2

2015-16

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	93	26	119	119	78892436	63410065	15482371	80.4
	Total	93	26	119	119	78892436	63410065	15482371	80.4

2016-17

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	119	23	142	140	78272327	63054486	15217841	80.6
	Total	119	23	142	140	78272327	63054486	15217841	80.6

2017-18

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	144	28	172	167	106845162	31192960	75652202	29.2
	Total	144	28	172	167	106845162	31192960	75652202	80.6

5. 12 വിദ്യാഭ്യാസം

വിദ്യാഭ്യാസവകുപ്പ് ആർഎ.എസ്.എം. , എസ് യിലൂടെഎ തുടങ്ങിയ ഏജൻസി.എസ്. 2017-18 - സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ					
ക്രമ നം	പദ്ധതിയുടെ പേര്	ലക്ഷ്യം	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക	ചില വഴിച്ച തുക
1	സ്കൂൾ ഗ്രാൻറ്	ഹൈസ്കൂൾ വിദ്യാലയങ്ങളിലെ കുട്ടികളുടെ സമഗ്രവികസനത്തിനും പഠനാന്തരീക്ഷം പ്രദാനം ചെയ്യുന്നതിനും അക്കാദമിക പിന്തുണ നൽകുന്നതിനുമായി സ്കൂൾ ഗ്രാൻറ് ഇനത്തിൽ Rs.50000/- (9-10 ക്ലാസ്സുകളിലെ അക്കാദമികവും ഇതരവുമായ പ്രവർത്തനങ്ങൾക്ക് 91 ഗവൺമെണ്ട് ഹൈസ്കൂളുകൾക്ക് Rs.50000/- അനുവദിച്ചിട്ടുണ്ട്.	91	45.5	45.5
2	എസ് സ്കൂൾ) പി.ഡി.എൽ. പ്പ് ലീഡർഷി (പ്രോഗ്രാംഡവലപ്പ്മെൻറ്	പ്രധാനാധ്യാപകർക്ക് 5 ദിവസത്തെ പരിശീലനം നൽകി.	30	0.3759	0.3759
3	യോഗ ട്രൈനിംഗ്	മുൻ വർഷങ്ങളിൽ യോഗ പരിശീലനം ലഭിക്കാത്ത കായിക അധ്യാപകർക്ക് 5 ദിവസത്തെ കായിക പരിശീലനം നൽകി	16	0.12446	0.12446
4	സ്വയരക്ഷ ട്രൈനിംഗ്	ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന ഗവൺമെണ്ട് ഹൈസ്കൂളുകളിലെ പെൺകുട്ടികൾക്കുള്ള സ്വയം പ്രതിരോധ പരിശീലനം.	90	7.83	7.83
5	ടോയലറ്റ്	29 ഗവൺമെണ്ട് സെക്കണ്ടറി സ്കൂളുകൾക്ക് ടോയ്ലറ്റ് സൗകര്യം ലഭ്യമാക്കുന്നതിനായി സ്കൂൾ ഒന്നിന് ഒരു ലക്ഷം രൂപ വീതം ജില്ലയിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.	29	29	29
6	കുടിവെള്ളം	12 ഗവൺമെണ്ട് സെക്കണ്ടറി സ്കൂളുകൾക്ക് കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി സ്കൂൾ ഒന്നിന് RS.50000/- രൂപ വീതം ജില്ലയിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.	12	6	6

7	അറ്റകുറ്റപണികൾ	17 ഗവൺമെണ്ട് സെക്കണ്ടറി സ്കൂളുകൾക്ക് മേജർ റിപ്പയറിങ്ങിന് വേണ്ടി ആകെ RS.7672878/- രൂപ ജില്ലയിലെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്.	17	76.72878	76.72878
8	നവപ്രഭ പരിശീലനം	ഗവ &എയ്ഡഡ് ഹൈസ്കൂളുകളിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന അർഹരായ 15 % കുട്ടികൾക്ക് നവപ്രഭ പരിശീലനത്തിന്റെ നടത്തിപ്പിന് 6500 കുട്ടികൾക്കായി Rs.2600000/- രൂപ നൽകി.	6500	26	26
9	പഠനയാത്ര (സംസ്ഥാനത്തിന് അകത്ത്)	ഗവൺമെണ്ട്/ എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക്)392 കുട്ടികൾക്ക് (നിലവിൽ പഠന യാത്രയിൽ പങ്കെടുക്കാത്തവർ,പിന്നോക്ക മേഘലകളിൽ നിന്നുള്ളവർ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ തുടങ്ങിയവരിലെ പഠനമികവ് പുലർത്തുന്ന കുട്ടികൾക്ക് സംസ്ഥാനത്തിന് അകത്ത് പഠനയാത്ര നടത്തി	392	0.784	0.784
10	പഠനയാത്ര (സംസ്ഥാനത്തിന് പുറത്ത്)	ഗവൺമെണ്ട്/ എയ്ഡഡ് സ്കൂളുകളിലെ ഒൻപതാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് (13 കുട്ടികൾക്ക് പഠനയാത്ര ൽനിലവിയിൽ പങ്കെടുക്കാത്തവർ, പിന്നോക്ക മേഘലകളിൽ നിന്നുള്ളവർ, സാമ്പത്തികമായിപിന്നോക്കം നിൽക്കുന്നവർ തുടങ്ങിയവരിലെ പഠന മികവ് പുലർത്തുന്ന കുട്ടികൾക്ക് യാത്രയ്ക്ക് മുൻഗണന നൽകി ഒരു കുട്ടിക്ക് Rs.2000/- രൂപ നിരക്കിൽ ആകെ) Rs.26000/- രൂപ (2018 ജനുവരി 16 മുതൽ 18 വരെ മലപ്പുറം ആർൽഎ യുടെ നേതൃത്വത്തി.എസ്.എം. ക്ലസ്റ്റർ 4- ഇൽ നടത്തി	13	0.26	0.26
11	ഇൻക്ലൂസീവ് കലോത്സവം	ഡിസംബർ 3 ന് ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ജില്ലാതല ഇൻക്ലൂസീവ് കലോത്സവം "സർഗ്ഗദീപം 2017 " നടത്തുകയുണ്ടായി. ഭിന്നശേഷി കുട്ടികളും അവരുടെ രക്ഷിതാക്കളുമടക്കം 500 ഓളം പേർ പരിപാടിയിൽ പങ്കെടുത്തു.	500	0.96212	0.96212
12	ശാലാസിദ്ധി	ഗവ & എയ്ഡഡ് ഹൈസ്കൂളുകളിലെ പ്രഥമാധ്യാപകർക്കുള്ള ശാലാസിദ്ധി ശിൽപശാല 2018	3	0.5035	0.5035

		ജനുവരിയിൽ ഡി ൻനടത്തുവാ ൽതലത്തി. ഒ.ഇ. തീരുമാനിച്ചിട്ടുണ്ട്			
13	സ്കൂൾ ശാക്തീകരണം	2010-11, 2011-12 വർഷങ്ങളിലായി സ്കൂൾ നൽകിയിട്ടുള്ള ശാക്തീകരണത്തിന് ആവശ്യത്തിനായുള്ള ഫണ്ട് MHRD അനുവദിച്ചിട്ടുണ്ട്. ആയതിൽ ഗവസെക്കണ്ടറി . കൂളുകളുടെ ശാക്തീകരണത്തിനായി സ് എ.എസ്.എം.ർആ പദ്ധതിയിൽ ഉൾപ്പെടുത്തി ലാബ് , കമ്പ്യൂട്ടർ റൂം ,ലൈബ്രറി , ആർട്ട് റൂം , അഡീഷണൽ ക്ലാസ് റൂം എന്നിവ നിർമ്മിക്കുന്നതിന് ജില്ലയിലെ 42 - സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്.	42	461.685	0
14	ടാലൻറ് ഫണ്ട്	ആർഎസ്.എം. യുടെ പ്രതിഭാ പോഷണ പരിപാടിയായ ടാലൻറ് ഓൺലൈൻ പരീക്ഷ ഒൻപതാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തി	167	1.67	1.67
15	നാഷണൽ അച്ചീവേമെന്റ് സർവ്വേ	പത്താം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ ദേശീയ പ്രതിഭ നിർണയ പരീക്ഷ	80	0.61778	0.61778
16	മെഡിക്കൽ ക്യാമ്പ്	അംഗപരിമിതർക്കുള്ള മെഡിക്കൽ ക്യാമ്പ് ഡിഒ .ഇ. നടത്തി ൽതലത്തി	3	0.15	0.1

ക്രമ നം	ഇനം	ഉദ്ദേശ്യം	ഗുണഭോക്താക്കളുടെ എണ്ണം	അനുവദിച്ച തുക	ചെലവഴിച്ച തുക
1	ഗതാഗത എസ്കോർട്ട് സൗകര്യം	വിദൂര വസതിയിൽ നിന്ന് വരുന്ന കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്തിച്ചേരാനുള്ള സൗകര്യം ചെയ്യുന്നു.	342	10.26	10.26
2	ഔട്ട് ഓഫ് സ്കൂൾ	സ്കൂളുകളിലെത്തിപ്പെടാൻ കഴിയാത്ത കുട്ടികൾക്ക് വിദ്യാഭ്യാസം	171	8.82	8.82

3	ടീച്ചർ ട്രെയ്നിംഗ്	അധ്യാപകശാക്തീകരണ പാടിയുടെ ഭാഗമായി ഓരോ അധ്യാപകർക്കും 10 ദിവസത്തെ പരിശീലനവും അത് കൂടാതെ ഐ. വരുന്നടി ട്രെയ്നിംഗും നൽകി.	22230	169.23	169.23
4	സിഎ.എ.ആർ/എൽ.എ.	ശാസ്ത്രോത്സവം, ബാലോത്സവം, ഗണിതോത്സവം, ജൈവവൈവിധ്യ ഉദ്യാനം, സ്കൂൾ ടിന്നിംഗ്		50	50
5	മെയിൻറനൻസ് ഗ്രാൻറ് പി.എൽ), യുപി . - സെക്ഷനുകൾക്ക്7500 രൂപ വീതം(	സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടു ത്തുന്നതിനും അറ്റകുറ്റപണിക്കും വേണ്ടിയാണിത് ഉപയോഗിക്കു ന്നത്.	397	29.775	29.775
6	ഐസി.ഡി.ഇ.	ഭിന്നശേഷിക്കാരായ കുട്ടികളെ	1968	247.35	247.35
7	ഗേൾസ് എഡ്യുക്കേഷൻ	കൗമാരപ്പെൺകുട്ടികൾക്കായുള്ള ബോധവത്കരണ പരിപാടി . അവരുടെ ഇതിനോടു ചേർന്ന് ബോധവത്കരണംരക്ഷിതാക്കൾക്കും നൽകുന്നു.		12.5	12.5
8	എസ്സി. / എസ്ടി . എഡ്യുക്കേഷൻ	താഴ്ന്ന ജാതിയിലുള്ള കുട്ടികളെ മുൻ നിരയിലേക്ക് കൈപിടിച്ചുയർത്താൻ വേണ്ടി അവർക്ക് ടൂർ, ക്യാമ്പ് എന്നിവ സംഘടിപ്പിക്കുന്നു		12.5	12.5
9	മൈനോറിറ്റി എഡ്യുക്കേഷൻ	പ്രത്യേകിച്ച് മുസ്ലീം കുട്ടികൾക്കായുള്ള പരിപാടിയാണിത്		12.5	12.5
10	അർബൻ ഡിപ്രൈവ്ഡ്	തൊഴിൽ നൈപുണി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള		12.5	12.5
11	എസ്സി.എം. / പിഐ ട്രെയ്നിംഗ്.ആർ.	വിദ്യാലയശാക്തീകരണ പരിപാടിയുടെ ഭാഗമായി പിഎ .ടി. .ഹിക്കുന്നുഅവരുടെ കടമ നിർവ്വ	1968	5.904	5.904
12	സിവിൽ വർക്ക്സ്	സർക്കാർ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അറ്റകുറ്റപണിക്കും വേണ്ടിയാണിത്		92.6	92.6

13	എൽപി.ഇ.	പഠനപരിപോഷണപരിപാടി, മലയാളത്തിളക്കം, ഹലോ ഇംഗ്ലീഷ്, മാജിക് മാക്സ്		89.596	89.596
14	കമ്മ്യൂണിറ്റി മൊബിലൈസേഷൻ	പൊതുസ്കൂളുകളെ പൊതുജനങ്ങളിലേക്കെത്തിക്കാൻ വേണ്ടിയുള്ള പ്രോഗ്രാമാണിത്		25	25
15	ശ്രദ്ധപരിഹാര)- ബോധനംപദ്ധതി (	മലയാളം ഇംഗ്ലീഷ് , കണക്ക്, ശാസ്ത്രം എന്നീ വിഷയങ്ങളിൽ പ്രയാസമനുഭവിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുക	333 ഗവൺമെൻറ് വിദ്യാലയങ്ങൾ	20.56416	20.56416
16	ഒ എസ് എം എസ്	വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് വേണ്ടി DDE/DEO/AEO	16	3.1	3.1
17	ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ	സ്കൂൾ എക്സലൻസ് ഫോർ ഇൻഫ്രാസ്ട്രക്ചർ ഓഫ് ഗവൺമെൻറ് സ്കൂൾ	12	500	500
18	ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ	പൈതൃക വിദ്യാലയങ്ങൾ:	17	300	300
19	ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ	വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ)LP/UP)	12	100	100
20	ജൈവ വൈവിധ്യ ഉദ്യാനം		104	10.4	10.4

5. 13 ഊർജ്ജം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1) റീസ്ട്രക്ചർഡ് ആക്സിലറേറ്റഡ് പവർ ഡെവലപ്പ്മെന്റ് റിഫോംസ് പ്രോഗ്രാം

അനുവദിച്ച തുക	-	5696 ലക്ഷം
ചിലവഴിച്ച തുക	-	4311 ലക്ഷം
പുരോഗതി ശതമാനത്തിൽ	-	75.67%

4.13.35. നാളിതുവരെ ആർ.എ.പി..ഡി.ആർ.പി സ്കീമിനു കീഴിൽ പാലക്കാട് ജില്ലയിൽ പാലക്കാട്, ചിറ്റൂർ തത്തമംഗലം, ഒറ്റപ്പാലം, ഷൊർണ്ണൂർ എന്നീ മുനിസിപ്പാലിറ്റികളിലായി 162 കി.മീ, 11 കെ.വി ലൈനുകൾ വലിക്കുകയും 105 എണ്ണം പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും മറ്റനുബന്ധ ജോലികൾ ചെയ്തു തീർക്കുകയും ചെയ്തിട്ടുണ്ട്.

2) ദീനദയാൽ ഉപാധ്യായ ഗ്രാമീൺജ്യോതി യോജനയും സൻസദ് ആയോജന ഗ്രാമീൺ യോജന

അനുവദിച്ച തുക	-	3226.904 ലക്ഷം
ചിലവഴിച്ച തുക	-	2190.76 ലക്ഷം
പുരോഗതി ശതമാനത്തിൽ	-	67.89%

ഡി.ഡി.യു.ജി.ജെ.വൈ പദ്ധതി പ്രകാരം ജില്ലയിലെ 13303 ബി.പി.എൽ കുടുംബങ്ങൾക്ക് വൈദ്യുതി എത്തിക്കുന്ന ജോലി പൂർത്തീകരിക്കുകയും പാലക്കാട് ചിറ്റൂർ തത്തമംഗലം, ഒറ്റപ്പാലം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പ്രദേശമൊഴികെയുള്ള സ്ഥലങ്ങളിൽ 54 കെ.മീ 11 കെ.വി ലൈൻ വലിച്ച് 8 എണ്ണം പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 142556 കേടുവന്ന മീറ്ററുകൾ മാറ്റി പുതിയവ സ്ഥാപിക്കാനും പദ്ധതിയിടുന്നു. ജില്ലയിൽ ഈ പദ്ധതി പ്രകാരം 24കെ.മി 11 കെ.വി ലൈൻ വലിച്ച് 8 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 77029 മീറ്ററുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

3) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്പ്മെന്റ് സ്കീം

അനുവദിച്ച തുക	-	4239.74 ലക്ഷം
ചിലവഴിച്ച തുക	-	1334.64 ലക്ഷം
പുരോഗതി ശതമാനത്തിൽ	-	31.48%

ജില്ലയിലെ പാലക്കാട്, ചിറ്റൂർ തത്തമംഗലം, ഒറ്റപ്പാലം, ഷൊർണ്ണൂർ മുൻസിപ്പൽ പ്രദേശങ്ങളിൽ ഇടതടവില്ലാത്ത ഗുണനിലവാരമുള്ള വൈദ്യുതി എത്തിക്കുന്നതിനായി എ.ബി.സി കേബിളുകൾ സ്ഥാപിക്കുന്ന പ്രവർത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 36.056 കി.മീ 11 കെ.വി ലൈൻ വലിച്ച് 42 ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതും 50,519 കേടുവന്ന മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ജോലികൾ ആരംഭിച്ചു കഴിഞ്ഞു.

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

2018-22 കാലഘട്ടത്തിൽ ജില്ലയിലെ വിതരണരംഗത്തെ സമഗ്ര വികസനത്തിനായി 346 കോടിയുടെ പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക പ്രൊജക്ട് മാനേജ്മെൻറ് യൂണിറ്റുകൾ പാലക്കാടും, ഷൊർണ്ണൂർ കേന്ദ്രീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

മോഡൽ സെക്ഷൻ ഓഫീസുകൾ

4.13.38. വൈദ്യുതി ഓഫീസുകൾ ആധുനികരിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് മോഡൽ സെക്ഷൻ പാലക്കാട് ജില്ലയിലെ 65 സെക്ഷൻ ഓഫീസുകൾ മോഡൽ സെക്ഷനുകളായി പ്രവർത്തിച്ചുവരുന്നു.

മോഡൽ സെക്ഷന്റെ സവിശേഷതകൾ

1. ജീവനക്കാർക്കും ഉപഭോക്താക്കൾക്കും മെച്ചപ്പെട്ട സൌകര്യങ്ങൾ
2. അപേക്ഷകളും പരാതികളും അറിയിക്കുന്നതിനും വേഗപ്പെടുത്തുന്നതിനുമുള്ള അന്വേഷണ കൌണ്ടർ
3. രാവിലെ 8 മുതൽ വൈകീട്ട് 6 വരെ പണമടക്കുന്നതിനുള്ള സൌകര്യം
4. 100 ശതമാനം സ്റ്റാറ്റിക്ക് മീറ്ററുകൾ
5. ഓഫീസുകളിലെ സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യത
6. അഴിമതി രഹിത ഓഫീസ്
7. ഗുണമേന്മയുള്ള വൈദ്യുതി എല്ലായിടത്തും ഉറപ്പാക്കുക
8. 100 ശതമാനം കളക്ഷൻ എഫിഷ്യൻസി
9. ഊർജ്ജ നഷ്ടം 10 ശതമാനത്തിൽ കുറക്കും

5.16 വിനോദസഞ്ചാര വകുപ്പ്

സംസ്ഥാന പദ്ധതികൾ

ക്രമ നം	പദ്ധതിയുടെ പേര്	അനുവദിച്ച വർഷം	ആകെ തുക	നിലവിലെ സ്ഥിതി
1	ഫോർക്ക് ലോർപാർക്ക് തിരുവേഗപ്പുറം	2015	1 കോടി	നിർമ്മാണം അവസാനഘട്ടം
2	വെള്ളിയാങ്കൽ സൌഹൃദപാർക്ക് നവീകരണം	2016	33 ലക്ഷം	നിർമ്മാണം അവസാനഘട്ടം
3	അനങ്ങാമല ഇക്കോട്ടൂറിസം രണ്ടാം ഘട്ടം	2016	44 ലക്ഷം	നിർമ്മാണം അവസാനഘട്ടം
4	ബാബുജി പാർക്ക്, ശ്രീകൃഷ്ണപുരം	2015	5 കോടി	പൂർത്തീകരിച്ചു
5	വെള്ളിനഴി കലാഗ്രാമം	2015	2 കോടി	പൂർത്തീകരിച്ചു
6	പോത്തുണ്ടി ഗാർഡൻ നിർമ്മാണം	2017	4 കോടി	ആരംഭിച്ചിട്ടില്ല
7	മംഗലം ഡാം ഗാർഡൻ നവീകരണം	2017	4 കോടി	ആരംഭിച്ചിട്ടില്ല
8	കാഞ്ഞിരപ്പുഴ ഡാം ഗാർഡൻ നവീകരണം	2017	3 കോടി	ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു
9.	മലമ്പുഴ ഗാർഡ് റൂം, ഗസ്റ്റ് ഹൌസിന്റെ ചുറ്റുമതിൽ നിർമ്മാണം	2017	15 ലക്ഷം	പുരോഗമിക്കുന്നു

10	മലമ്പുഴ ഡാമും, ഗാർഡനും മോടി പിടിപ്പിക്കലും, മെയിൻറനൻസ് ചെയ്യലും	2018	1 കോടി	ആരംഭിച്ചിട്ടില്ല
11	പാലക്കാട് വാടിക ഗാർഡൻ മോടി പിടിപ്പിക്കലും, മെയിൻറനൻസ് ചെയ്യലും	2018	70 ലക്ഷം	ആരംഭിച്ചിട്ടില്ല
12	മലമ്പുഴ റോക്ക് ഗാർഡൻ മെയിൻറനൻസ് ചെയ്യൽ	2018	93 ലക്ഷം	ആരംഭിച്ചിട്ടില്ല

5.17 പട്ടികജാതി വികസനം

സംസ്ഥാന പദ്ധതികൾ

1) **മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം** :- എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും ബി പ്ലസ്സിനു മുകളിൽ ഗ്രേഡ് ലഭിച്ച വിദ്യാർത്ഥികൾക്ക് മെഡിക്കൽ/ എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് പരിശീലനത്തിന് 20000/- രൂപ വരെ ധനസഹായം നൽകും.
2) **ലാപ്പ് ടോപ്പ് വിതരണം** :- പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്ന മെഡിക്കൽ/ എഞ്ചിനീയറിംഗ്/എം.സി.എ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൌജന്യമായി ലാപ്പ് ടോപ്പ് വിതരണം ചെയ്യുന്നു. രണ്ടാം വർഷ വിദ്യാർത്ഥികൾക്കാണ് ലഭിക്കുന്നത്.
3) **വിജ്ഞാൻവാടി** :- പട്ടികജാതി വിദ്യാർത്ഥികളുടെയും യുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സര പരീക്ഷകൾക്ക് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും ഇൻറർനെറ്റ് സൌകര്യത്തോടു കൂടിയ കംമ്പ്യൂട്ടർ, വായനശാല എന്നിവ സജ്ജീകരിച്ചുകൊണ്ട് പട്ടികജാതി സാങ്കേതങ്ങളോടനുബന്ധിച്ച് വിജ്ഞാൻ വാടികൾ സ്ഥാപിക്കുന്നതിനായി ഫണ്ട് നൽകുന്നു.
4) **ടോയലറ്റ് നിർമ്മാണം** :- പട്ടികജാതി കുടുംബങ്ങൾക്ക് ടോയലറ്റ് നിർമ്മിക്കുന്നതിനായി 25000 രൂപ വീതം ധനസഹായം നൽകുന്നു.
5) **ഭവനപുനരുദ്ധാര ധനസഹായം** :- ഭവനനിർമ്മാണത്തിന് സർക്കാരിൽ നിന്ന് മുൻപ് കൈപറ്റിയിട്ടുള്ളവരും എന്നാൽ ക്ഷയോൻമുഖമായ ഭവനത്തിൽ താമസിക്കുന്ന പട്ടികജാതി കുടുംബത്തിന് ഭവന പുനരുദ്ധാരണത്തിനും പുതിയതായി ഒരു മുറി കൂടി നിർമ്മിക്കുന്നതിനും 50000/- രൂപ ധനസഹായം നൽകുന്നു.
6) **വിദേശത്ത് തൊഴിൽ നേടുന്നതിന് സാമ്പത്തിക സഹായം** :- അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്ണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീയുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു.
7) **ശ്രീ അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ്** :- 4, 7 ക്ലാസ്സുകളിൽ ലഭിച്ച ഗ്രേഡിന്റെ അടിസ്ഥാനത്തിൽ മികച്ച വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് വരെ പ്രതിവർഷം 4500/- രൂപ വീതം സ്കോളർഷിപ്പ് നൽകുന്നു.

8) **പ്രത്യേക പ്രോത്സാഹന സമ്മാനം** :- വിവിധ വാർഷിക പരീക്ഷകളിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികൾക്ക് ഈ പദ്ധതികളിലൂടെ ക്യാഷ് അവാർഡ് നൽകുന്നു.

9) **എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചിലവിന് ഗ്രാൻറ്** :- എഞ്ചിനീയറിംഗ് /മെഡിക്കൽ കോഴ്സുകൾക്ക് അഡ്മിഷൻ ലഭിച്ചവർക്ക് പ്രാഥമിക ചിലവിനുള്ള തുക അനുവദിക്കുന്നു. മെഡിക്കൽ 10000/- എഞ്ചിനീയറിംഗ് 5000/- രൂപ എന്ന തോതിൽ

10) **സ്വയം തൊഴിൽ പദ്ധതി** :- പദ്ധതികൾക്ക് 3 ലക്ഷം രൂപ വരെയുള്ള വായ്പകൾക്കും, ഗ്രൂപ്പുകൾക്ക് 10.50 ലക്ഷം രൂപ വരെയുള്ള തുകയ്ക്കും വായ്പ തുകയുടെ 1/3 ഭാഗം സബ്സിഡി വ്യക്തിക്ക് 1 ലക്ഷം രൂപയും , ഗ്രൂപ്പിന് 3 ലക്ഷം രൂപ വരെയും ബാങ്കുകളുമായി ചേർന്ന് നൽകുന്നു.

11) **സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചവർക്ക് അപ്രൻറീസ്ഷിപ്പ്** :- ഐ.ടി.ഐ / ഡിപ്ലോമ/എഞ്ചിനീയിംഗ് ഡിഗ്രി എന്നിവ പാസായവർക്ക് അപ്രൻറിസ്ഷിപ്പ് നൽകുന്നു.

12) **വിവാഹ ധനസഹായം** :- പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് 50000/- രൂപ വിവാഹധനസഹായമായി നൽകുന്നു. 22.03.17 മുതൽ 75,000/- രൂപയായി ഉയർത്തി.

13) **ഭൂരഹിത പുനരധിവാസ പദ്ധതി** :- പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗ്രാമസഭലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശത്ത് കുറഞ്ഞത് 5 സെൻറ് ഭൂമിയും, മുനിസിപ്പാലിറ്റ് പ്രദേശത്ത് കുറഞ്ഞത് 3 സെൻറ് ഭൂമി വാങ്ങാൻ യഥാക്രമം 3,75,000/450000 രൂപ ഗ്രാൻറായി അനുവദിക്കുന്നു.

14) **ഭവന നിർമ്മാണ ധനസഹായം** :- ഭവന നിർമ്മാണ ധനസഹായമായി നാലു ഗഡുക്കളായി 3 ലക്ഷം രൂപ നൽകുന്നു.

15) **ദുർബലവിഭാഗക്കാർക്കുള്ള പ്രത്യേക പുനരധിവാസ പദ്ധതി** :- ഭൂരഹിത, ഭവനരഹിതരായ വേടൻ, നായാടി, വേട്ടുവ, ചക്ലിയ, കള്ളാടി, അരുന്ധതിയാർ എന്നീ ദുർബല സമുദായങ്ങൾക്ക് ഭൂമി വാങ്ങി വീടു വയ്ക്കുന്നതിനുള്ള ധനസഹായം 5 സെൻറ് ഭൂമി വാങ്ങി വീടുവെയ്ക്കുന്നതിന് 725000/- രൂപ ധനസഹായം നൽകുന്നു.

16) **പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധി** :- മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് 50000 രൂപ ചികിത്സാ ധനസഹായമായി അനുവദിക്കുന്നു. ഹൃദയ ശസ്ത്രക്രിയ, ഗുരുതരമായ രോഗം എന്നിവയ്ക്ക് 1 ലക്ഷം രൂപ വരെ നൽകുന്നു.

17) **സ്വാശ്രയ ഗ്രാമം** :- 40 ഓ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്ന സാങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതിയാണ് സ്വാശ്രയ ഗ്രാമം.

18) **ലംപ്സം ഗ്രാൻറ്** :- സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന പട്ടികജാതി /മറ്റർഹ വിദ്യാർത്ഥികൾക്ക് അധ്യയന വർഷം ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ ലംപ്സം ഗ്രാൻറ് നൽകുന്നു.

19) **ജില്ലാതല കോർപ്പസ് ഫണ്ട്** :- പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനായി പ്രൊജക്ടുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിനുള്ള ശീർഷകമാണ് പട്ടികജാതി വികസനത്തിനായുള്ള കോർപ്പസ് ഫണ്ട്. ആയതിൽ കുടിവെള്ള വിതരണം ഗതാഗത സൌകര്യ വികസനം, വൈദ്യുതി വിതരണം,

പട്ടികജാതി സാങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് ഉതകുന്ന പദ്ധതികൾ മുതലായവ അനുവദിക്കാവുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. **പാരലൽ കോളേജ് പഠനത്തിനുള്ള ധനസഹായം** :- സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിൽ പ്ലസ് ടു, ഡിഗ്രി, പി.ജി. കോഴ്സുകളിൽ പ്രവേശനം ലഭിക്കാത്ത പട്ടികജാതി / മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാൻറ്, സ്റ്റൈപ്പൻറ്, ട്യൂഷൻ ഫീസ്, പരീക്ഷാ ഫീസ് എന്നിവ നൽകുന്നു.
2. **വക്കീലന്മാർക്ക് ധനസഹായം** : നിയമ വിദ്യാഭ്യാസം കഴിഞ്ഞ ഉടൻ വക്കീലായി പ്രാക്ടീസ് ചെയ്യുന്നതിന് 3 വർഷത്തേക്ക് ധനസഹായം. ആദ്യ വർഷം പുസ്തകം, വസ്ത്രം എന്നീ ഇനങ്ങൾക്കായി 16,000/ രൂപയും രണ്ടും മൂന്നും വർഷങ്ങളിൽ ടി തുകയും, മുറിവാടക ഇനത്തിൽ 6,000/ രൂപയും അധികമായി ധനസഹായം നൽകുന്നു.
3. **മിശ്രവിവാഹിതർക്ക് ധനസഹായം** : മിശ്രവിവാഹിതരായ ദമ്പതിമാർക്ക് (ഒരാൾ പട്ടികജാതിയിൽപ്പെട്ടയാളും, പങ്കാളി ഇതര സമുദായത്തിൽ ഉൾപ്പെട്ടയാളുമായിരിക്കണം) വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കുന്നതിനും, തൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനും 50,000/ രൂപ വരെ ഗ്രാൻറ് അനുവദിക്കുന്നു. വിവാഹ ശേഷം ഒരു വർഷം കഴിഞ്ഞ് അപേക്ഷ സമർപ്പിക്കാം എന്നാൽ വിവാഹം കഴിഞ്ഞ് മൂന്ന് വർഷത്തിനുള്ളിൽ സമർപ്പിച്ചിരിക്കേണ്ടതാണ്. 01.04.17 മുതൽ അപേക്ഷിക്കുന്നവർക്ക് ധനസഹായ തുക 75,000/ രൂപയായും വരുമാനപരിധി 1,00,000/ രൂപയായും ഉയർത്തി സർക്കാർ ഉത്തരവായിട്ടുണ്ട്.
4. **ബുക്ക് ബാങ്ക് സ്കീം** : പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികവിഭാഗം വിദ്യാർത്ഥികൾക്ക് വിലയേറിയ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി. കോളേജുകൾക്കാണ് പദ്ധതി വിഹിതം ലഭ്യമാക്കുന്നത്.
5. **പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമം തടയൽ** : പട്ടികജാതിക്കാരുടെ പൗരാവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഇന്ത്യൻ പാർലമെൻറ് പാസാക്കിയ അതിക്രമം തടയൽ നിയമം 1989 പ്രകാരം, അതിക്രമങ്ങൾക്ക് വിധേയരാകുന്ന പട്ടികജാതി/ പട്ടികവർഗ്ഗക്കാർക്ക് ധനസഹായം അനുവദിക്കുന്നു. അപേക്ഷകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പംനഷ്ടം തിട്ടപ്പെടുത്തിക്കൊണ്ടുള്ള തഹസിൽദാരുടെ സർട്ടിഫിക്കറ്റും, പോലീസിൻറെ ക്രൈം റിപ്പോർട്ടും ലഭ്യമാക്കണം.
6. **പോസ്റ്റ് മെട്രിക് വിദ്യാഭ്യാസം** : പ്ലസ് വൺ മുതൽ പി.എച്ച്.ഡി വരെ പഠനം നടത്തുന്നവർക്ക് പ്രതിമാസം സ്റ്റൈപ്പൻറും ലംപ്സം ഗ്രാൻറും വകുപ്പ് നൽകുന്നുണ്ട്. കൂടാതെ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങൾ, യൂണിവേഴ്സിറ്റികൾ എന്നിവയിൽ മെറിറ്റിലോ റിസർവേഷനിലോ അഡ്മിഷൻ നേടുന്നവർക്ക് സർക്കാർ അംഗീകരിച്ച നിരക്കിൽ ഫീസ് ആനുകൂല്യം നൽകുന്നുണ്ട്. കൂടാതെ ലംപ്സം ഗ്രാൻറ് , സ്റ്റൈപ്പൻറ് എന്നിവയും നൽകുന്നു.
7. **പട്ടികജാതിക്കാർക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ആനുകൂല്യം (ഗവ ഓഫ് ഇന്ത്യ സ്കീം)** : വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ കുറഞ്ഞവരും നിലവിൽ ഇ ഗ്രാൻറ്സ് ന് അർഹതയില്ലാത്ത അംഗീകൃത സ്ഥാപനങ്ങളിലെ അംഗീകൃത കോഴ്സുകൾക്ക്

പഠിക്കുന്നവരുമായ പ്ലസ്ടു മുതലുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ / യൂണിവേഴ്സിറ്റി അംഗീകരിച്ച നിരക്കിൽ ട്യൂഷൻ ഫീസ് ഉൾപ്പെടെ വിദ്യാഭ്യാസ ആനുകൂല്യം അനുവദിച്ചുവരുന്നു.

5.18 പട്ടികവർഗ്ഗ വികസനം

കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും
2016-17 മുതലുള്ള കേന്ദ്രാവിഷ്കൃത സംസ്ഥാന പദ്ധതികളുടെ അവലോകനം

ക്രമനം.	മേഖല	പദ്ധതി		
		എസ്.സി.എ ടു	ടി.എസ്.പി ആർട്ടിക്കിൾ *275 (1)*	കോർപ്പസ് ഫണ്ട്
1	കൃഷിയും	2700000	0	0
2	അനുബന്ധവും	4427000	0	0
3	മൃഗ പരിപാലനം	6000000	0	0
4	ആരോഗ്യം	0	0	906050
5	വിദ്യാഭ്യാസം	34900	0	0
6	വയോജന	0	0	134189
7	പരിപാലനവും	0	0	
8	കുട്ടികളുടെ	11928	0	4700360
9	പരിപാലനം	0	0	9500000
10	ഭിന്നശേഷിയുള്ളവർക്കായുള്ള പദ്ധതി	0	0	62500
11	കുടിവെള്ള/	0	0	0
12	ജലസ്രോതസ്സ്	3483200	0	0
13	റോഡ് വികസനം	0	5365000	562721
14	ഭവന നിർമ്മാണം/	0	3000000	5280000
15	ഭവന പുനരുദ്ധാരണം	6000000	0	316500
	ആകെ	**22657028**	**8365000**	**21462320**

5.19 വനിതാവികസനം

കേന്ദ്രാവിഷ്കൃത പദ്ധതികൾ

എം.ജി. എൻ.ആർ.ഇ.ജി.എസ്

2005 സെപ്റ്റംബർ 5- തീയ്യതി ഭാരത സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നു. 2006 ഫെബ്രുവരി 2- തീയ്യതി മുതൽ പാലക്കാട് ജില്ലയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പ്രകൃതിവിഭവ പരിപാലനത്തിൽ അധിഷ്ഠിതമായി, സാമ്പത്തികവും സാമൂഹികവുമായി ദുർബ്ബലരായ ഗ്രാമീണജനതയുടെ ഉപജീവന സുരക്ഷ ഉറപ്പുവരുത്തുന്നതിനുതകുന്ന വിഭവ അടിത്തറ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തൊഴിൽ ആവശ്യകത അടിസ്ഥാനമാക്കി, ഗ്രാമപ്രദേശങ്ങളിൽ അവിദഗ്ധ കായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉള്ള ഓരോ കുടുംബത്തിനും സ്വന്തം പ്രദേശത്ത് ഒരുവർഷം 100 ദിവസം തൊഴിൽ നൽകുന്ന പദ്ധതിയാണിത്.2017-18 കേരളം വരൾച്ചാബാധിത പ്രദേശമായി കണക്കിലെടുത്ത് ഒരു കുടുംബത്തിന് 150 ദിവസമാക്കി തൊഴിൽദിനങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. തൊഴിൽ ലഭിക്കുന്നതിനുള്ള മൗലികാവകാശവും, സ്ത്രീക്കും പുരുഷനും തുല്യവേതനവും, സ്ത്രീകൾക്ക് 1/3 തൊഴിലും ഈ നിയനം ഉറപ്പ് നൽകുന്നു. ഈ പദ്ധതിയിൽ 90%ത്തിലധികവും ജോലിചെയ്യുന്നത് സ്ത്രീകൾതന്നെയാണ്.

പ്രശ്നങ്ങൾ

- 2016-17 സാമ്പത്തിക വർഷത്തിൽ 84 ലക്ഷം തൊഴിൽദിനങ്ങളായിരുന്നു പാലക്കാട് ജില്ലയുടെ ഭൗതിക ലക്ഷ്യം.. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇത് 49 ലക്ഷം തൊഴിൽദിനങ്ങളായി കുറഞ്ഞിരിക്കുന്നു.
- അഞ്ച് വർഷത്തിനുമേൽ നില നിൽക്കുന്ന ആസ്ഥികൾ സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുക്കേണ്ടിവന്നതിനാൽ കായികാധ്വാനം കൂടിയ പ്രവർത്തികളാണ് നിലവിൽ ചെയ്തുകൊണ്ടിരിക്കുന്നത്.
- ഈ മേഖലയിൽ ജോലിയെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും 50 വയസ്സിനുമേൽ പ്രായമുള്ളവരാണ്.
- 2016-17 സാമ്പത്തിക വർഷം നവംബർ മാസത്തിൽ 100 ദിവസം പിന്നിട്ടകുടുംബങ്ങളുടെ എണ്ണം 218 ആയിരുന്നു. എന്നാൽ 2017-18ൽ ഇത് വെറും 19 എണ്ണം മാത്രമാണ്.
- അവിദഗ്ധ തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നതിലുണ്ടാകുന്ന കാലതാമസവും അർദ്ധ വിദഗ്ധ തൊഴിലാളികളുടേയും സാധന സാമഗ്രികളുടേയും വേതനം നൽകുന്നതിലുള്ള കാല താമസവും ഈ പദ്ധതി നേരിടുന്ന പ്രധാന പ്രശ്നമാണ്.

നേട്ടങ്ങൾ

- ജില്ലയിലെ ആദിവാസി മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ ഉപജീവന സുസ്ഥിരതയ്ക്കും കാർഷികോത്പാദനം വർദ്ധിപ്പിപ്പിക്കുന്നതിനും കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കംകൂട്ടുവാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴിയൊരുക്കിയിട്ടുണ്ട്.

- ഈ സാമ്പത്തിക വർഷം ജില്ലയിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ ആകെ തൊഴിലാളികളുടെ എണ്ണം 19 ആയപ്പോൾ അതിൽ 7 പേരും അട്ടപ്പാടിയിൽനിന്നുള്ള സ്ത്രീ തൊഴിലാളികളാണ്.
- ജില്ലയിൽ പൊതുവെ തൊഴിൽദിനങ്ങളുടെ തോത് കുറഞ്ഞെങ്കിലും അട്ടപ്പാടിപോലുള്ള ആദിവാസി മേഖലയിൽ തൊഴിൽദിനങ്ങളുടെ കുറവ് അനുഭവപ്പെട്ടിട്ടില്ല.
- ഗ്രാമീണ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളും വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കലും മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളും വിവിധ വകുപ്പുകളുമായുള്ള സംയോജന പ്രവർത്തികളും നടപ്പിലാക്കാൻ കഴിയുന്നുവെന്നത് ഈ പദ്ധതിയുടെ നേട്ടംതന്നയാണ്.

മഹിളാ കിസാൻ സശാക്തീകരൺ പരിയോജന (എം.കെ.എസ്.പി)

സംസ്ഥാനത്തെ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നെൽകൃഷി പുനരുദ്ധാരണത്തിന് ആവിഷ്കൃച്ച കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിളാ ''കിസാൻശാക്തീകരൺ പരിയോജന'' (എം.കെ.എസ്.പി) പാലക്കാട് ജില്ലയിൽ വനിതകളുടെ 13 ബ്ലോക്കുകളിലായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ചുരുങ്ങിയ കാലം കൊണ്ട് തന്നെ നെൽകൃഷി രംഗത്ത് അത്ഭുതാവഹമായ നേട്ടങ്ങളാണ് എം.കെ.എസ്.പി കൈവരിച്ചിട്ടുള്ളത്.

ക്രമ നം	ജില്ല	നടീൽ മെഷീൻ / ട്രാൻസ് പ്ലാന്റർ	കോണോ വീഡർ	വാക്ക് ബിഹൈന്റർ	കമ്പോട്ട ട്രാക്ടർ	മെതി യന്ത്രം	റീപ്പർ	2016-17 വരെ കൃഷി ചെയ്ത് (ഏക്കർ)	2016-17 ൽ കൃഷി ചെയ്ത് (ഏക്കർ)	2017-18 ഒക്ടോബർ വരെ കൃഷി ചെയ്ത്	ലേബർ ഗ്രൂപ്പുകളുടെ എണ്ണം	
											ആകെ	പ്രവർത്തനക്ഷമം
1	പാലക്കാട്	119	670	7	12	11	5	10183.5	2466.5	559	444	106

പ്രശ്നങ്ങൾ

- വരൾച്ച മൂലം കൃഷി നടത്താൻ പറ്റാത്ത സാഹചര്യം തൊഴിലാളികളെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു.
- തൊഴിൽ സാധ്യത കുറഞ്ഞപ്പോൾ മറ്റ് മേഖലകളിലേയ്ക്ക് തൊഴിലന്വേഷിച്ചുപോകുന്നതിന് കാരണമായതും എം.കെ.എസ്.പി പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.
- ബ്ലോക്കുകൾക്ക് നൽകിയ യന്ത്രങ്ങളിൽ പലതും (ട്രാക്ടർ, മെതിയന്ത്രം തുടങ്ങിയവ) സ്ത്രീകൾക്ക് പ്രവർത്തിപ്പിക്കുവാൻ വേണ്ടത്ര പ്രാവീണ്യം ഇല്ലാത്തതും, ഓരോ പ്രദേശത്തിനും അനുയോജ്യമായ യന്ത്രങ്ങളല്ല ലഭ്യമായിട്ടുള്ളതെന്നുള്ള കാരണങ്ങളാൽ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയാണുള്ളത്. പുതിയ യന്ത്രങ്ങൾ ഉപയോഗിക്കാതെ നശിച്ചുപോകുന്ന അവസ്ഥാവിശേഷമാണ് കാണപ്പെടുന്നത്.
- നടീൽ യന്ത്രങ്ങളാണ് കൂടുതലായും സ്ത്രീകൾ ഉപയോഗിക്കുന്നത്. കേട് വന്ന യന്ത്രങ്ങൾ യഥാസമയം സർവ്വീസ് ചെയ്ത് കിട്ടുന്നില്ല.

- ഫെഡറേഷനുകൾക്ക് മേൽ ബ്ലോക്കുകൾക്ക് നിയന്ത്രണമില്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്.
- നീര ഉൽപ്പാദവുമായി ബന്ധപ്പെട്ട് കുഴൽമന്ദം ചിറ്റൂർ മേഖലകളിലെ തൊഴിലാളികൾക്ക് ഫെഡറേഷനിൽ നിന്നും വളരെകാലമായി 2 ലക്ഷത്തോളം രൂപ ലഭിക്കാതെ കിടക്കുന്നു.

നിർദ്ദേശങ്ങൾ

- കിണർ റീചാർജ്ജിംഗ്, നഴ്സറി നിർമ്മാണം പോലെയുള്ള പ്രവർത്തികൾ നടപ്പിലാക്കുന്നതിന് ബയോആർമിയിൽ ഉൾപ്പെടുത്തി ലേബർ ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകാവുന്നതാണ്. ജോബ് കാർഡുള്ള അംഗങ്ങൾക്ക് എം.ജി.എൻ.ആർ.ഇ.ജി.എസ് ൽ തൊഴിലുകൾ ചെയ്യുന്നതിന് അവസരമൊരുക്കുവാൻ സാധിക്കും.

സംസ്ഥാന പദ്ധതികൾ

വിവിധ വകുപ്പുകൾ വനിതാ മേഖലയിൽ 2016-17 വർഷം നടപ്പിലാക്കിയ പദ്ധതികൾ

പട്ടികജാതി വികസന വകുപ്പ്

2016-17 ൽ വനിതകൾക്ക് നൽകിയ വീടുകൾ	605
സ്വയം തൊഴിൽ സംരംഭത്തിന് വകുപ്പ് മുഖേന സഹായം ലഭിച്ച വനിതകൾ	14
അതിക്രമങ്ങൾക്ക് ഇരയായവർക്ക് വകുപ്പ് മുഖേന സഹായം ലഭിച്ചവർ	27

അവലംബം : പട്ടികജാതി വകുപ്പ്

പട്ടികവർഗ്ഗ വികസന വകുപ്പ്

2016-17 ൽ വനിതകൾക്ക് നൽകിയ വീടുകൾ	175
സ്വയം തൊഴിൽ സംരംഭത്തിന് വകുപ്പ് മുഖേന സഹായം ലഭിച്ച വനിതകൾ	162
സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകൾ	3
അതിക്രമങ്ങൾക്ക് ഇരയായവർക്ക് വകുപ്പ് മുഖേന സഹായം ലഭിച്ചവർ	2
വിധവകൾ	813

അവലംബം : പട്ടികവർഗ്ഗ വകുപ്പ്

പട്ടികജാതി വികസന വകുപ്പും, പട്ടികവർഗ്ഗ വികസനവകുപ്പും നൽകി വരുന്ന ധനസഹായങ്ങൾക്ക് പുറമേ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പട്ടികജാതി – പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു വേണ്ടി പദ്ധതി വിഹിതം നീക്കി വെയ്ക്കാറുണ്ട്. ഇപ്രകാരം നീക്കിവെയ്ക്കുന്ന തുക അടിസ്ഥാന ആവശ്യങ്ങളായ തൊഴിൽ, പ്രാഥമിക സൌകര്യങ്ങൾ എന്നിവയ്ക്ക് മാത്രമായി ഒതുങ്ങാതെ ഈ വിഭാഗത്തിൽ ഉൾപ്പെട്ട വനിതകളുടെ പദവി ഉയർത്താൻ സഹായിക്കുന്ന പദ്ധതികൾക്കുകൂടി മാറ്റി വെയ്ക്കേണ്ടതാണ്. ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, ശുചിത്വം, കൃഷി എന്നീ മേഖലകളിൽ എസ്.സി, എസ്.ടി വനിതകൾക്ക് വേണ്ടി പദ്ധതികൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. സ്ത്രീകളുടെ സാമ്പത്തിക, സാമൂഹ്യ ഉന്നമനം, കുടുംബ ഭദ്രത, സ്ത്രീശാക്തീകരണം എന്നിവ ഈ പദ്ധതികളിലൂടെ ഉറപ്പുവരുത്തണം.

.....

അദ്ധ്യായം 6

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി അവലോകനം

പാലക്കാട് ജില്ലയിൽ 88 ഗ്രാമപഞ്ചായത്തുകളും 13 ബ്ലോക്ക് പഞ്ചായത്തുകളും 7 നഗരസഭകളും 1 ജില്ലാ പഞ്ചായത്തും ഉൾപ്പെടെ ആകെ 109 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണുള്ളത്. 73,74 ഭരണഘടന ഭേദഗതി പ്രകാരം, പ്രാദേശിക വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സർക്കാരുകളിൽ നിക്ഷിപ്തമായ അധികാരവും ഉത്തരവാദിത്വവുമാണ്. വികേന്ദ്രികാസൂത്രണത്തിന്റെ ആദ്യഘട്ടങ്ങളിൽ സംസ്ഥാന വിഹിതത്തിന്റെ 40% ത്തോളം ജനകീയാസൂത്രണ പദ്ധതിയിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നല്കിയിരുന്നു. തുടർന്നു വന്ന സംസ്ഥാന ധനകാര്യ കമ്മീഷണറുടെ നിർദ്ദേശാനുസരണം 25 മുതൽ 30%വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകി വരുന്നു. സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 75% തുക സംസ്ഥാന ആവിഷ്കൃത പദ്ധതികളായി വിവിധ വകുപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിയുടെ വിശദ വിവരങ്ങൾ ചുവടെ വിവരിക്കുന്നു.

6.1 കൃഷി, മണ്ണ്-ജലസംരക്ഷണം

1. **നെൽകർഷകർക്ക് ഉത്പാദന സബ്സിഡി** :

നെൽകർഷകർക്ക് ഇപ്പോൾ സീസണിൽ ഹെക്ടിന് 7000 രൂപയാണ് കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡി മുഖാന്തിരം നൽകി വരുന്നത്. ത്രിതല പഞ്ചായത്തുകളിലൂടെ വിരിപ്പ് / മുണ്ടകൻ എന്നിവയിൽ ഏതെങ്കിലും ഒരു സീസണിൽ 15000/- രൂപ വരെ ഉഴവുകൂലിയും നൽകി വരുന്നു. അപ്രകാരം രണ്ട് സീസണിലും കൂടി 29000/- രൂപയാണ് കർഷകർക്ക് ഒരു വർഷം ലഭ്യമാകുന്നത്. നിലവിൽ ഹെക്ടർ ഒന്നിന് 50000/- രൂപയോളം ഒരു സീസണിൽ ഉത്പാദന ചെലവ് വരുന്ന സ്ഥാനത്താണ് ഈ അവസ്ഥ. പ്രതിവർഷം 5% ഉത്പാദന ചെലവിൽ വർദ്ധനവ് വരുത്തിയാലും 5 വർഷം കൊണ്ട് 25 ശതമാനത്തോളം ചെലവിൽ വർദ്ധനവ് വരുമെന്നിരിക്കെ, വിവിധ പദ്ധതികൾ സംയോജിപ്പിച്ച് ഹെക്ടർ ഒന്നിന് 50000/- രൂപയോളം പ്രതിവർഷം നൽകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. ഇതിലൂടെ കർഷകർക്ക് അവരുടെ ആവശ്യാനുസരണം തുക വിനിയോഗിക്കാനാകും. കൃഷിഭവനുകളുടെ ജോലിഭാരം കുറയുകയും ചെയ്യും.

2. **നെൽകൃഷിയ്ക്കായി എല്ലാ പഞ്ചായത്തുകളിലും കർമ്മസേന** :

യന്ത്രവത്ക്കരണം കൂടുതൽ കൃഷിയിടങ്ങളിൽ എത്തിയാൽ മാത്രമേ നെൽകൃഷി കൂടുതൽ ലാഭകരമാക്കാനാവൂ. അതിനായി നിലവിലുള്ള തൊഴിൽസേന / കർമ്മസേനകളെ ശാക്തീകരിക്കുകയും കൂടുതൽ യന്ത്രങ്ങൾ ലഭ്യമാക്കുകയും പരിശീലനം ലഭ്യമാക്കുകയും വേണം. ആധുനിക യന്ത്രങ്ങളും ഉപകരണങ്ങളും പ്രവർത്തിപ്പിക്കാൻ സന്നദ്ധരായ പരിശീലനം ലഭിച്ച തൊഴിലാളികളും ആവശ്യമാണ്. യന്ത്രങ്ങൾ റിപ്പയർ ചെയ്യുന്നതിനുള്ള സർവ്വീസ് സ്റ്റേഷനുകളും ആവശ്യമാണ്.

3. **നെൽകൃഷിയ്ക്കായി എല്ലാ പഞ്ചായത്തുകളിലും വിള ആരോഗ്യ കേന്ദ്രങ്ങൾ** :

വിളയുടെ ആരോഗ്യം പരിപാലിക്കുന്ന പരിപാലന മുറകൾ പ്രചരിപ്പിക്കുക, രോഗ- കീട — മൂലക അപര്യാപ്തത തിരിച്ചറിയുക, മണ്ണ് പരിശോധനാ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള കൃഷിരീതികൾ, കാലാവസ്ഥ നിരീക്ഷണം, വിളനിരീക്ഷണ പത്രിക എന്നിവയെല്ലാം തന്നെ ലഭ്യമാക്കി നെല്ലിൻറെ

പൂർണ്ണമായ ആരോഗ്യം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന വിള ആരോഗ്യ കേന്ദ്രം കൃഷിഭവൻ തലത്തിൽ സജ്ജമാക്കുക.

4. സുസ്ഥിര നെൽകൃഷി പ്രൊട്ടോക്കോളുകൾ :

മണ്ണറിഞ്ഞ് വളപ്രയോഗം നടത്താനും, സുസ്ഥിര പരിശീലന മുറകൾ പ്രചരിപ്പിക്കാനും ജൈവകീട നിയന്ത്രണം സാദ്ധ്യമാകുന്ന ഉത്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനും സാധിക്കുന്ന ഗ്രീൻ പ്രോട്ടോക്കോളുകൾ കൃഷിയിടങ്ങളിൽ പ്രചരിപ്പിക്കുന്ന പദ്ധതി.

5. പാലക്കാട് ജില്ലയ്ക്കായി ബയോ കൺട്രോൾ ലാബ് :

ജൈവ കീടാണു കീടനാശിനികൾ, ഉത്പാദന ഉപാധികൾ, ജൈവ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനും കൃഷിക്കാർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നതിനു വേണ്ടി പാലക്കാട് ജില്ലയിൽ ഒരു ബയോ കൺട്രോൾ ലാബ് ആരംഭിക്കുക.

6. നെൽകർഷകർ ഉത്പാദിപ്പിക്കുന്ന അരി ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്ന പദ്ധതി :

സുരക്ഷിത കാർഷിക മുറകളിലൂടെ ഉത്പാദിപ്പിക്കുന്ന അരിയും അരിയുല്പന്നങ്ങളും ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്നതിനാവശ്യമായ പദ്ധതികൾ.

ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ

ക്രമ നം	ഇനം	തുക	എണ്ണം
1.	പച്ചക്കറി കൃഷി	680945	10
2.	തൊഴിൽസേന	500000	1
3.	സംഭരണ വിപണന കേന്ദ്രം	2500000	3
4.	കാർഷിക യന്ത്രം വാങ്ങൽ	2860000	3
5.	നെൽകൃഷി വികസനം	157.707	9
6.	ഫലവൃക്ഷ തൈ വികസനം	300000	1
7.	തെങ്ങ് കൃഷി വികസനം	300000	1

ജില്ലാ പഞ്ചായത്ത് പദ്ധതികൾ

ക്രമ നം	ഇനം	തുക	എണ്ണം
1	നെൽകൃഷി വികസനം	70500000	

മുനിസിപ്പാലിറ്റി

ക്രമ നം	ഇനം	തുക	എണ്ണം
1	പച്ചക്കറി കൃഷി	5100000	3
2	കാർഷിക യന്ത്രം വാങ്ങൽ	981000	3
3	നെൽകൃഷി വികസനം	9413000	5
4	തെങ്ങ് കൃഷി വികസനം	500000	1
5	വാഴ കൃഷി	176000	1

6.3 മൃഗസംരക്ഷണം , ക്ഷീരവികസനം

പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

1) **താറാവ് കുഞ്ഞ് വിതരണം :-** ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 12 പഞ്ചായത്തുകളിൽ ഓരോന്നിലും 10 യൂണിറ്റ് വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കി. ഓരോ പഞ്ചായത്തിലും തിരഞ്ഞെടുക്കപ്പെട്ട 10 പേർക്ക് 51-60 ദിവസം പ്രായം ഉള്ള 10 താറാവു കുഞ്ഞുങ്ങളെ നൽകി.
2) **ബ്ലോക്ക് തല ട്രെയിനിംഗ് പരിപാടി :-** പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 8 ബ്ലോക്കുകളിലൂടെ കർഷകർക്കായി ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു. കന്നുകാലികൾക്ക് വരാവുന്ന രോഗങ്ങളും, രോഗപ്രതിരോധ പ്രവർത്തനങ്ങളും, തീറ്റക്രമം എന്നിങ്ങനെയുള്ള വിഷയങ്ങളിലാണ് സെമിനാർ സംഘടിപ്പിക്കുന്നത്.
3) **മോഡൽ പഞ്ചായത്ത് പദ്ധതി :-** മരുതറോഡ് പഞ്ചായത്തിൽ മോഡൽ പഞ്ചായത്ത് പദ്ധതി നടപ്പിലാക്കി. മലബാറി ആടുകളുടെ 20 യൂണിറ്റാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 5 പെണ്ണാടുകളും 1 ആണാടും ഉൾപ്പെടുന്ന യൂണിറ്റിന് 50,000/- രൂപ കണക്കാക്കി 25000/- രൂപ സബ്സിഡി അനുവദിച്ചു.
4) **കോഴി വളർത്തൽ പദ്ധതി :-** ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 62 പഞ്ചായത്തുകളിലെ സ്കൂളുകൾ വഴി ഓരോ സ്കൂളിലെയും തെരഞ്ഞെടുക്കപ്പെട്ട 50 കുട്ടികൾക്ക് 10 മുട്ടകോഴികൾ നൽകുന്ന പദ്ധതി ഓരോ പഞ്ചായത്തിലും 32500/- രൂപ വീതം നൽകി വരുന്നു.
5) **നായയുടെ പ്രജനന നിയന്ത്രണം :-** തെരുവ് നായയുടെ പ്രജനന നിയന്ത്രണ പദ്ധതിയെക്കുറിച്ച് ബോധവത്ക്കരണം , നടത്തുന്നതിനു വേണ്ടി പഞ്ചായത്തു സെക്രട്ടറിമാർ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരെ ഉൾകൊള്ളിച്ച് പരിപാടി സംഘടിപ്പിച്ചുവരുന്നു.
6) **താലൂക്ക്തല സംരംഭകത്വം പരിപാടി**

ട്രെയിനിംഗ് പരിപാടികൾ

- റൂറൽ വിസിറ്റ്
- രാത്രികാല മൃഗപരിപാലനം
- മൃഗക്ഷേമ ക്ലബ്ബുകൾ
- കറവയന്ത്രം സ്ഥാപിക്കുന്നത്
- വ്യവസായികമായി ആടുവളർത്തൽ പരിശീലനം
- മുട്ടക്കോഴി വളർത്തൽ പദ്ധതി
- ഗോട്ട് സാറ്റലൈറ്റ് പദ്ധതി

മൃഗസംരക്ഷണ മേഖലയിൽ ഗ്രാമപഞ്ചായത്തുകൾ മുഖാന്തിരം നടപ്പിലാക്കിയ പദ്ധതികൾ 2017-18

ക്രമ നമ്പർ	പദ്ധതികൾ	വകയിരുത്തിയ വിഹിതം
1.	കറവപശു വിതരണം, തൊഴുത്ത് നിർമ്മാണം, ആട് വിതരണം, മുട്ടക്കോഴി വളർത്തൽ, പ്രത്യേക കന്നുകുട്ടി പരിപാലന സബ് സിഡി, കറവപശുക്കൾക്ക് കാലിത്തീറ്റ വിതരണം, കന്നുകാലി ഇൻഷ്വറൻസ്	13,68,23,880/-

പാലക്കാട് ജില്ലയിൽ ക്ഷീരവികസന വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു

ക്രമ നമ്പർ	പദ്ധതി	യൂണിറ്റ് / എണ്ണം	ചിലവായ തുക
1	കർഷക സമ്പർക്ക പരിപാടി	120	3,00,000
2	ഗുണനിലവാര ബോധവൽക്കരണ സെമിനാർ	13	65,000
3	സംസ്ഥാന ക്ഷീരവികസന സെമിനാർ	1	6,00,000
4	സംസ്ഥാന ക്ഷീര വികസന എക്സ്പോ	1	10,00,000
5	സംസ്ഥാന തലത്തിൽ കർഷകർക്കുള്ളഎക്സ്പോഷെർ വിസിറ്റ്	1	60,000
6	ബ്ലോക്ക് ക്ഷീര സംഗമം	12	3,00,000
7	ജില്ലാ ക്ഷീര സംഗമം	1	60,000
8	സംസ്ഥാന ക്ഷീര സംഗമം	1	2,50,000
9	പുൽ കൃഷി വ്യാപിപ്പിക്കുക	1	1,00,000
10	പുൽകൃഷി 20 സെന്ററിനു മുകളിൽ	190	38,00,000
11	പുൽകൃഷി 20 സെന്ററിന് താഴെ	90	6,75,000
12	അസോള കൃഷി	300	1,80,000
13	തീറ്റപുൽകൃഷി	5000	25,000
14	ജല സേചനത്തിനുള്ള ധനസഹായം	9	90,000
15	ഗോപാലിക വനിതാ ഗ്രൂപ്പുകൾ വഴിയുള്ള തീറ്റ പുൽകൃഷി വിതരണം	2	1,50,000
16	ലാബുകളുടെ പ്രവർത്തനം ,ഗുണനിലവാരം ഉയർത്തൽ എന്നീ പ്രവർത്തനങ്ങൾ	18	10,37,255
18	വ്യവസായികാടിസ്ഥാനത്തിൽ പശു വളർത്തൽ പ്രോത്സാഹിപ്പിക്കുന്ന വിവിധ പദ്ധതികൾ		2,35,15,000

19	ക്ഷീര സഹകരണ സംഘങ്ങൾക്ക് വിവിധ ഇനത്തിനുതകുന്ന ധനസഹായം		2,28,82,791
20	കട കെണിയിൽ പെട്ട കർഷർക്കുള്ള ധനസഹായം		2,82,000

6.4 മത്സ്യബന്ധനം

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഉത്പാദനക്ഷമത വർധിപ്പിക്കുക എന്ന ലക്ഷ്യം മുൻ നിർത്തി ഫിഷറീസ് വകുപ്പ് 2017-18 വർഷം മുതൽ നടപ്പക്കുന്ന പദ്ധതിയാണ് ജനകീയ മത്സ്യ കൃഷി. ജില്ലയിൽ 857.8 ഹെക്ടറിൽ ഈ പദ്ധതി പ്രകാരം മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടുണ്ട്. മത്സ്യ തൊഴിലാളികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ഉല്പാദനോപാധികൾ വിതരണം ചെയ്തു വരുന്നു . വണ്ടാഴി ഗ്രാമ പഞ്ചായത്ത്. മംഗലം റിസർവോയറിലെ മത്സ്യ തൊഴിലാളികൾക്കായി വല നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മത്സ്യ തൊഴിലാളികൾക്ക് ഭവന നിർമാണ ധനസഹായം, സമ്പാദ്യ സമാശ്വാസ പദ്ധതി എന്നിവയിലൂടെ സമൂഹത്തിലെ താഴെക്കിടയിലുള്ള മത്സ്യ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യം ഉറപ്പുവരുത്തുന്നതിനും, സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് . ജില്ലയിലെ മത്സ്യ തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പ് വഴിയും മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയും നടപ്പാക്കിയ ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു .

ക്ഷേമ പദ്ധതികൾ (ക്ഷേമനിധി ബോർഡ്) 2016-17

പദ്ധതികൾ	കർനോന്മുഖ മത്സ്യ തൊഴിലാളികൾ	തുക	അനുബന്ധ മത്സ്യ തൊഴിലാളികൾ	തുക
രോഗ ചികിത്സ ധനസഹായം	2	100000	-	-
വിവാഹ ധനസഹായം	9	135000	4	60000
മരണ ധനസഹായം	4	60000	3	45000
തണൽ പദ്ധതി	230	310500	240	324000
ഗ്രൂപ്പ് ഇൻഷുറൻസ്	-	-	4	120000
ആകെ	245	605500	251	549000

6.6 വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി മുൻഗണനകൾ

മൂന്ന് വർഷമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്ന് മനസ്സിലാക്കാൻ കഴിയുന്ന വസ്തുത ജില്ലയിൽ വ്യവസായ മേഖല നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യക്തമായ ഒരു നയസമീപനമോ, പ്രവർത്തന പരിപാടിയോ ഉണ്ടായിട്ടില്ല എന്നതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറെയും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തികൾക്ക് സഹായം നൽകുന്നതിലാണ് ഊന്നൽ നൽകിയിട്ടുള്ളത്. ഇങ്ങനെ സഹായം നൽകിയിട്ടുള്ള ചെറുകിട യൂണിറ്റുകളിൽ ഉല്പാദന യൂണിറ്റുകൾ, വിപണന യൂണിറ്റുകൾ, സംസ്കരണ യൂണിറ്റുകൾ, സേവന യൂണിറ്റുകൾ, പരമ്പരാഗത യൂണിറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ഇതിനു പുറമെ വ്യവസായ വികസനത്തിനായി തൊഴിലുപകരണങ്ങളുടെ വിതരണം, പരിശീലന പരിപാടികൾ

എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ അടിസ്ഥാനത്തിലും അല്ലാതെയും കൂട്ടുസംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹായം നൽകിയിട്ടുണ്ട്. ഇങ്ങനെ വ്യക്തികൾക്കും, കൂട്ടുസംരംഭങ്ങൾക്കും വനിത, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ പ്രത്യേകം വകയിരിത്തിയിട്ടും സഹായങ്ങൾ നൽകിയിട്ടുണ്ട്.

ഗ്രാപഞ്ചായത്തുകൾ ചെയ്തതിന് സമാന സ്വഭാവമുള്ള പരിപാടികൾ തന്നെയാണ് കൂടതലായും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും ചെയ്തിട്ടുള്ളത്. വ്യവസായ വികസനത്തിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നതിനും വിപണന സൗകര്യങ്ങൾ ഒരിക്കികൊടുക്കുന്ന തിനുവേണ്ടിയുള്ള പ്രൊജക്ടുകൾക്ക് വളരെ കുറഞ്ഞ പരിഗണന മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളൂ. ഈ മേഖലയിൽ നിക്ഷേപിക്കാനുദ്ദേശിക്കുന്ന പണം അനേകം വ്യക്തികൾക്ക് നാമമാത്ര തുകയായി വിതരണം ചെയ്യുന്ന സമീപനത്തിനാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊന്നൽ നൽകിയിട്ടുള്ളത്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ പ്രാദേശിക ആസൂത്രണ സാധ്യതകൾ ഉപയോഗപ്പെടുത്തി ഓരോ തട്ടിലും എന്തെന്തു കാര്യങ്ങൾ ചെയ്യണം എന്നതിനെ സംബന്ധിച്ച വിദഗ്ധമായ ഒരു മാർഗ്ഗ നിർദ്ദേശം സംസ്ഥാനതലത്തിൽ നൽകാൻ കഴിയാത്തതിൻറെ കൂടി ഫലമായി മൂന്ന്തട്ട് പഞ്ചായത്തുകളും കൂടി പരിപാടികൾ നടപ്പിലാക്കിയപ്പോൾ ആവർത്തനം ഏറെവന്ന ഒരു മേഖലയാണ് വ്യവസായ മേഖല. വിവിധ സർക്കാർ സ്കീമുകളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികൾക്ക് സമാന്തര പരിപാടികളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കാൻ ശ്രദ്ധിച്ചിട്ടുള്ളത്.

ക്രമ നം	പ്രൊജക്ടിന്റ പേര്	വിഭവ സ്രോതസ്സുകൾ		മൊത്തം അടങ്കൽ തുക
		വികസന ഫണ്ട്	പതിമൂന്നാം ധനകാര്യ കമ്മീഷൻ ഗ്രാൻറ്	
1	പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ	700000	0	700000
2	നെല്ല് സംസ്കരണ യൂണിറ്റ്	1000000	0	1000000
3	പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റും ഗ്രാമ പഞ്ചായത്തുകളിലെ മെറ്റീരിയൽ റിക്കവറി സെന്ററിന് പ്രവർത്തന സഹായവും	1000000	0	1000000
4	കറിപൗഡർ യൂണിറ്റ് - കുടുംബശ്രീ ഗ്രൂപ്പിന്	500000	0	1000000
5	സ്വയം സഹായ സംഘങ്ങൾ /കുടുംബശ്രീ യൂണിറ്റുകള്ക്ക് സ്വയം തൊഴില് ചെയ്യുന്നതിന് വായ്പ ബന്ധിത സബ്സിഡി	1750000	0	1750000
6	കറിപൗഡർ നിർമ്മാണം	375000	0	600000

	വനിതകളുടെ ഗ്രൂപ്പ്			
7	കരകൌശല വസ്തു പരിശീലനം	0	250000	411500
8	വ്യക്തികൾക്ക് ഓട്ടോറിക്ഷ നല്കൽ	460000	0	460000
9	സ്വയം തൊഴിലിന് ടാക്സികാർ പിക്കപ്പ് വാൻ	800000	0	800000
10	സ്വയം തൊഴിലിന് ടാക്സി കാർ പിക്കപ്പ് വാൻ	150000	0	150000
11	മൊബൈൽ സെയിൽസ് ആൻറ് സർവ്വീസ് യൂണിറ്റ് (നാലു ചക്രവാഹനങ്ങൾ)	500000	0	600000
12	മൊബൈൽ സെയിൽസ് ആൻറ് സർവ്വീസ് യൂണിറ്റ് (നാലു ചക്ര വാഹനം)	250000	0	250000
13	പുതിയ ചർക്ക വാങ്ങൽ	1500000	0	1500000
14	ഖാദി - റെഡിമെയ്ഡ് വാർപ്പ് യൂണിറ്റ്	1500000	0	1500000

സ്വയംതൊഴിൽ

ജില്ലയിൽ സ്വയം തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, യുവതി യുവാക്കളെ സ്വയം തൊഴിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. തെങ്ങിൻ തോട്ടങ്ങളിലെ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, മേൽ പദ്ധതി 2017-18 ൽ നടപ്പിലാക്കുന്നതിനായി പാലക്കാട് ജില്ലയ്ക്ക് ലഭ്യമായ 30,15,072/- രൂപ ചെലവഴിച്ചതിൻറെ ഘടകങ്ങൾ തിരിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പ്രൊജക്ട്	അനുവദിച്ച തുക	ചെലവഴിച്ച തുക	ഭൌതിക നേട്ടം
1	വ്യക്തികൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (General)	82872	80000	2 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ഓട്ടോ നൽകി
2	വ്യക്തികൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (General)	370000	370000	13 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ഓട്ടോ നൽകി
3	സ്വയം തൊഴിലിന് Taxi Car/ Pick up van (General)	160000	16000	ഒരാൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ടാക്സി കാർ നൽകി
4	സ്വയം തൊഴിലിന് Taxi Car/ Pick up van (SCP)	397800	397800	2 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം Taxi Car/Pick up van നൽകി (SC)

5	മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് (നാലു ചക്രവാഹനങ്ങൾ) (General)	496000	496000	20 പേർക്ക് നാല് ചക്ര വാഹനം സ്വയം തൊഴിലിനായി നൽകി
6	മൊബൈൽ സെയിൽസ് ആന്റ് സർവ്വീസ് യൂണിറ്റ് (നാലു ചക്രവാഹനങ്ങൾ) (SCP)	198400	198400	പട്ടികജാതി വിഭാഗത്തിൽ പെടുന്ന 8 പേർക്ക് നാല് ചക്ര വാഹനം സ്വയം തൊഴിലിനായി നൽകി
7	ഓഫീസ് മെയിന്റനൻസ്	100000	97650	കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഫർണ്ണീച്ചറുകളും വാങ്ങി
8	വ്യക്തികൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (General)	240000	120000	3 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ഓട്ടോ നൽകി (Partially Completed)
9	വ്യക്തികൾക്ക് ഓട്ടോറിക്ഷ വാങ്ങൽ (SCP)	300000	200000	4 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം ഓട്ടോ നൽകി (Partially Completed)
ആകെ		**2345072**	**1975850**	

പാലക്കാട് ജില്ലയ്ക്ക് മേൽ പദ്ധതിയുടെ സേവനമേഖല ഘടകം നടപ്പിലാക്കുന്നതിന് 23,45,072/ രൂപ ലഭ്യമായിതിൽ 19,75,850/ രൂപ ചെലവഴിക്കുകയും 53 ഗുണഭോക്താക്കൾക്ക് ആയതിൻറെ പ്രയോജനം ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്.

ക്രമ നം	**പ്രൊജക്ട്**	**അനുവദിച്ച തുക**	**ചെലവഴിച്ച തുക**	**ഭൗതിക നേട്ടം**
1	കുടുംബശ്രീ ഗ്രൂപ്പുകൾ മുഖാന്തിരം പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റുകൾ ചർക്ക വാങ്ങൽ	150000	50000	1 യൂണിറ്റ് നടപ്പിലാക്കിയതിൽ 15 പേർ യൂണിറ്റ് നടപ്പിലാക്കിയതിൽ 15 പേർക്ക് സ്വയം തൊഴിൽ നൽകി
2	ചർക്ക വാങ്ങൽ	520000	475000	25 പേർക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം തൊഴിൽ നല്കി
	ആകെ	**670000**	**525000**	

ശിൽപ്പി പാർപ്പിട കേന്ദ്രം

പാലക്കാട് ജില്ലയിൽ പാലക്കാട് താലൂക്കിലെ മലമ്പുഴ ബ്ലോക്കിൽ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഏരിയയിൽ വ്യവസായ വകുപ്പ് അനുവദിച്ച 1 ഏക്കർ സ്ഥലത്ത് 11.12.1999 ന് പ്രവർത്തനം ആരംഭിച്ച സംരംഭമാണ് ശില്പി പാർപ്പിട കേന്ദ്രം. 1997-98 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്തിൻറെ പ്ലാൻ ഫണ്ടിൽ (ജനറൽ) അനുവദിച്ച 12,99,000/- രൂപ ഉപയോഗിച്ചാണ് പദ്ധതിയുടെ തുടക്കം. സിമൻറ് ഉപയോഗിച്ചുള്ള ചെലവ് കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികളായ ഹോളോ ബ്രിക്സ്, വാതിൽ/ജനൽ കട്ടിളകൾ, വെൻറിലേറ്റർ, ജാളികൾ, ഫെൻസിങ്ങ് പോസ്റ്റ്, സ്ലാബ് തുടങ്ങിയ നല്ല ഗുണമേന്മയുള്ള ഉൽപന്നങ്ങളാണ് നിർമ്മിക്കുന്നത്.

ജില്ലാ പഞ്ചായത്തിൻറെ 2001-02 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ചെലവ് കുറഞ്ഞ ഭവന നിർമ്മാണ സാമഗ്രികളുടെ പരിശീലനത്തിനും പരിശീലന കേന്ദ്രം നിർമ്മിക്കുന്നതിനും കൂടി 4,00,000/- രൂപ അനുവദിച്ചിരുന്നു. തുടർന്ന് 10 യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകിയിരുന്നു. കുഴൽമന്ദം ബ്ലോക്കിനു കീഴിലുള്ള കോട്ടായി, മാത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും 36 വനിതകൾക്കും നെന്മാറ ബ്ലോക്കിൽ നിന്നുള്ള 5 വനിതകൾക്കും നിർമ്മാണ പരിശീലനം നൽകിയിരുന്നു.

2007-08 സാമ്പത്തിക വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ശില്പി പാർപ്പിട കേന്ദ്രം വിപുലീകരണത്തിൻറെ ഭാഗമായി അനുവദിച്ച 6,00,000/- രൂപ ഉപയോഗിച്ച് ഒരു വർക്ക് ഷെഡും, മെഷിനറികളും (ഹോളോ ബ്ലോക്ക് മേക്കിംഗ് മെഷീൻ, മിക്സർ മെഷീൻ, വാതിൽ/ജനൽകട്ടിള ഡൈസെറ്റ്) വാങ്ങിയിരുന്നു. സംഘത്തിൻറെ വൈവിധ്യവൽക്കരണത്തിൻറെ ഭാഗമായി പുതിയ ഉൽപന്നമായ പേവിങ് ടൈൽസ് നിർമ്മാണത്തിനും നിലവിലുള്ള ഉൽപന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി ആവശ്യമായ മെഷിനറികൾ വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിൻറെ 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി 10,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കിവരുന്നതേയുള്ളൂ.

വർഷം	ഉൽപാദനം	വിറ്റുവരവ്	അറ്റാദായം	കൂലി
2014-15	6,89,278	7,61,798	9,577	2,69,500
2015-16	7,02,841	6,46,121	13,252	2,95,340
2016-17	5,91,550	5,54,565	8,239	1,98,200

അവലംബം :- ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് സാധ്യത പഠന റിപ്പോർട്ട് 2017

നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി സ്ഥാപനത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. രണ്ടുമൂന്ന് വർഷമായി ഉല്പാദനത്തിലും വിറ്റുവരവിലും കുറവുണ്ടായിരിക്കുന്നത്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി, ജി.എസ്.ടി യും മറ്റും നിലവിൽ വന്നതിനുശേഷം റോമെറ്റീരിയൽസിൻറെ വിലവർദ്ധനയും ക്ഷാമവും ഈ മേഖലയിലുള്ള തൊഴിലാളികളുടെ ലഭ്യതകുറവ്, വേതന വർദ്ധന തുടങ്ങിയ കാരണങ്ങളാണ് സംഘം നേരിടുന്ന പ്രതിസന്ധി.

1860 ലെ ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘമാണ് ഡിപ്ലോമാ യോഗ്യതയുള്ള മുഴുവൻ സമയ എക്സ് സെക്രട്ടറിയോട് സംഘത്തിൻറെ ചുമതല. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനും ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറായും ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട്, ജില്ല. പഞ്ചായത്ത് പൊതുമരാമത്ത്, വികസന സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, എൽഎസ്.ജിഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത് മെമ്പർ, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, പുതുശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്, മലമ്പുഴ ബ്ലോക്ക് പ്രസിഡണ്ട് എന്നിവർ അടങ്ങുന്ന 11 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്

കഞ്ചിക്കോട് വ്യവസായ ഏരിയയിൽ ജില്ലാ പഞ്ചായത്ത് 60 സെൻറ് ഭൂമി പാട്ടത്തിനെടുത്ത് എസ്.സി ക്കാരായ യുവതി, യുവാക്കൾക്ക് ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 21 മുറികൾ പണി കഴിച്ചിട്ടുണ്ട്. ഇതിൽ 13 സോഫ്റ്റ്വെയർ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ 8 ഷെഡുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ഇത് പുതിയ എസ്.സി സംരംഭകർക്ക് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എസ്.റ്റി.പി പാർക്ക് മേൽ നോട്ടംവഹിക്കുന്നതിന് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട്, വികസന കാര്യസ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ, ചെയർമാൻ പൊതുമരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി, പ്രസിഡണ്ട് പുതുശ്ശേരി ഗ്രാമപഞ്ചായത്ത്, ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് മാനേജർ ഡിപി, ജില്ലാ വ്യവസായ കേന്ദ്രം, പാലക്കാട് എന്നിവർ അടങ്ങുന്ന കമ്മിറ്റിയാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ പുതിയ കെട്ടിടവും മറ്റും പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതുക്കോട് മൺപാത്ര നിർമ്മാണ കേന്ദ്രം

പാലക്കാട് ജില്ലാ പഞ്ചായത്തിൻറെ കീഴിൽ 22 ലക്ഷം ചെലവഴിച്ച് ആലത്തൂർ താലൂക്ക് പുതുക്കോട് പഞ്ചായത്തിൽ മണപ്പാടത്ത് 72 സെൻറ് സ്ഥലത്തിൽ മൺപാത്ര തൊഴിലാളികൾക്കായി CFSC മാതൃകയിൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നു. പുതുക്കോട് പഞ്ചായത്തിൻറെ സ്ഥലത്താണ് സ്ഥാപനം പ്രവർത്തിക്കുന്നത്. കളിമൺപാത്ര തൊഴിലാളികൾക്ക് യന്ത്രത്തിൻറെ സഹായത്തിൽ മണ്ണ് കുഴച്ച് പാത്രങ്ങൾ നിർമ്മിക്കുന്നു. ടി ചൂളയുടെ ദൈനം ദിന ചെലവുകൾ തൊഴിലാളികൾ തന്നെ വഹിക്കുന്നു. ഇവിടെ 50 തൊഴിലാളികൾ തൊഴിൽ ചെയ്തു വരുന്നു. ആലത്തൂർ താലൂക്കിൽ ഇതേ മേഖലയിൽ പണിയെടുക്കുന്ന 242 കുടുംബങ്ങൾ ഉള്ളതാണ്. പാലക്കാട് ജില്ലയിൽ ആകെ 1483 കുടുംബങ്ങൾ ഉണ്ട്.

കപ്പൂർ ഇൻഡസ്ട്രിയൽ ഏരിയ- വനിത എസ്റ്റേറ്റ്

പാലക്കാട് ജില്ലയിൽ തൃത്താല ബ്ലോക്കിൽ വ്യവസായ വകുപ്പിൻറെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റിൽ ജില്ലാ പഞ്ചായത്ത് 1 ഏക്കർ സ്ഥലം വാങ്ങിക്കുകയും അവിടെ വനിതകൾക്കായി രണ്ട് മുറികളോടുകൂടിയ കെട്ടിടം പണി കഴിപ്പിച്ചിട്ടുണ്ട്. എന്നാൽ ടി എസ്റ്റേറ്റിൽ ഇതുവരെ യാതൊരു വനിതയൂണിറ്റുകളും ആരംഭിച്ചിട്ടില്ല.

6.10 പാർപ്പിടം, ദാരിദ്ര നിർമ്മാർജ്ജനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകൾ, കുട്ടികൾ, നിരാലംബർ, വൃദ്ധർ എന്നിവർക്കായി വകയിരുത്തുന്ന തുകയിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ഒരിക്കൽ പോലും പൂർണ്ണമായും അതാത് വർഷങ്ങളിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.പദ്ധതി രൂപീകരണത്തിൽ ഫീൽഡ് തലത്തിൽ ആവശ്യകതയുടെ അടിസ്ഥാനത്തിൽ മാത്രം തുക വകയിരുത്തുകയും അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം നിർമ്മാണ പ്രവർത്തനങ്ങൾ ചെയ്താൽ മതിയാകും. യഥാർത്ഥ ടാർജറ്റ് ഗ്രൂപ്പിന് എത്തിച്ചേരുന്ന വിധത്തിൽ മാത്രം പദ്ധതികൾ രൂപീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളുടെ 5 വർഷത്തെ തുക വിനിയോഗ വിവരങ്ങൾ 2013-14

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	722	171	893	851	676300118	78386509	597913609	11.6
	Total	722	171	893	851	676300118	78386509	597913609	11.6

2014-15

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	528	58	586	581	285392722	145663629	139729093	51
	Total	528	58	586	581	285392722	145663629	139729093	51

2015-16

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	പശ്ചാത്തലം	0	1	1	1	140526	0	140526	0
പാലക്കാട്	സേവനം	442	149	591	586	309458326	161404002	148054324	52.2
	Total	442	150	592	587	309598852	161404002	148194850	52.1
ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	പശ്ചാത്തലം	0	1	1	1	140526	0	140526	0
പാലക്കാട്	സേവനം	571	124	695	675	419280511	162919328	256361183	38.9
	Total	571	125	696	676	419421037	162919328	256501709	38.8

2017-18

ജില്ല	മേഖല	പുതിയ പ്രൊജക്ട്	സ്പിൽഓവർ പ്രൊജക്ട്	ആകെ പ്രൊജക്ടുകളുടെ എണ്ണം	അംഗീകരിച്ചത്	ആകെ തുക	ചെലവ്	ബാക്കി	ശതമാനം
പാലക്കാട്	സേവനം	722	172	894	852	676325118	78386509	597938609	11.6
	Total	722	172	894	852	676325118	78386509	597938609	11.6

6.12 വിദ്യാഭ്യാസം

വിദ്യാഭ്യാസ വകുപ്പ് മുഖേന 2017-18 ൽ നടപ്പാക്കിയ ജില്ലാ പഞ്ചായത്ത് പദ്ധതികൾ

ക്രമ നം	പ്രൊജക്ടിൻറെ പേര്	അടങ്കൽ തുക	ചെലവ്
1.	പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം	8000000	8000000
2.	വിജയശ്രീ വിദ്യാഭ്യാസ പദ്ധതി	5000000	3913750
3.	കായിക വികസനം	2000000	1725000
4.	എസ്.എസ്.എ ക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം (ജനറൽ)	25000000	25000000
5.	എസ്.എസ്.എ ക്കുള്ള ജില്ലാ പഞ്ചായത്ത് വിഹിതം (ടി.എസ്.പി)	1500000	1500000
6	ഹരിശ്രീ വിദ്യാഭ്യാസ പരിപാടി	1485000	20000
	ആകെ	**42985000**	**40158750**

6.13 ഊർജ്ജം

സുരക്ഷ

വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും സുരക്ഷ അവബോധ പരിപാടികൾ തുടർച്ചയായി സംഘടിപ്പിച്ചു വരുന്നു. ചീഫ് സേഫ്റ്റി കമ്മീഷണർ ആയി ചീഫ് എഞ്ചിനീയറുടെ റാങ്കിലുള്ള ഉദ്യോഗസ്ഥനെ പ്രത്യേകമായി കെ.എസ്.ഇ.ബി ലിമിറ്റഡ് ഇതിനായി നിയമിച്ചിട്ടുണ്ട്. ഓരോ സർക്കിൾ ഓഫീസിലും എക്സിക്യൂട്ടീവ് എഞ്ചിനീയർ സേഫ്റ്റി കോർഡിനേറ്റർമാരും എല്ലാ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർമാരെ സേഫ്റ്റി ഓഫീസറുമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി അപകടങ്ങൾ കൂടുതലും ഉപഭോക്താക്കളുമായി ബന്ധപ്പെട്ട ചുറ്റുപാടുകളിൽ ആയതിനാലും അപകടങ്ങളിൽ കൂടുതൽ പങ്കും പൊതുജനങ്ങൾക്കാണ് സംഭവിക്കുന്നത് എന്നതിനാലും പൊതുജനങ്ങൾക്ക് കൂടുതലും സുരക്ഷാ അവബോധം നൽകുന്നതിന്റെ ഭാഗമായി സേഫ്റ്റ് ഓഫീസറായ സബ്ബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചീനിയർമാരുടെ നേതൃത്വത്തിലും ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിലും സുരക്ഷാ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. അതോടൊപ്പം വിവിധ ദൃശ്യമാധ്യമങ്ങളുടെ സഹായവും ഈ ഉദ്യമത്തിനായി ഉപയോഗിക്കുന്നു.

ഊർജ്ജസംരക്ഷണവും കാര്യക്ഷമതയോടുള്ള ഉപയോഗ ക്രമവും

ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ഉപയോഗം കുറക്കുന്നതിനുമായി വിവിധ അവബോധപരിപാടികൾ കെ.എസ്.ഇ.ബി ലിമിറ്റഡും, ഇലക്ട്രിക്കൽ ഇൻസെപ്കടറേറ്റും, എനർജി മാനേജ്മെന്റ് സെല്ലും നടത്തുന്നുണ്ട്.

ഇ.ഇ.സി.എൽ

ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി ഇ.ഇ.സി.എൽ റെ സഹകരണത്തോടെ സംസ്ഥാനത്തെ ഗാർഹിക ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു വരുന്നു. ഈ പദ്ധതി പ്രകാരം 9,16,399 എൽ.ഇ.ഡി ബൾബുകൾ സെക്ഷൻ ഓഫീസുകൾ മുഖന്തിരം സൌജന്യനിരക്കിൽ വിതരണം ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും ഈ പദ്ധതി തുടർന്ന് കൊണ്ടിരിക്കുന്നു.

പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ ലഘൂകരിക്കുകയും എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളും കമ്പ്യൂട്ടർ വത്ക്കരിക്കുകയും ഉപഭോക്തൃ സൌഹൃദ ഓഫീസുകളാക്കി കെ.എസ്.ഇ.ബി ഓഫീസുകൾ മാറ്റിയെടുക്കുകയും ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ എൽ.ഇ.ഡി ബൾബ് വിതരണം ചെയ്തതിൻറെ വിവരങ്ങൾ

എൽ.ഇ.ഡി വിതരണം	മൊത്തം എണ്ണം
പാലക്കാട് സർക്കിൾ	5,37,347
ഷൊർണ്ണൂർ സർക്കിൾ	3,79,052
ആകെ	**9,16,399**

6.14 ഗതാഗതം

A) ജില്ലാ പഞ്ചായത്ത്

50 വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിനായി ശുപാർശ ചെയ്യപ്പെടുന്ന റോഡുകൾ/പാലങ്ങൾ

ക്രമ നം.	പ്രവർത്തിയുടെ പേര്	പഞ്ചായത്ത്	റോഡിന്റെ നീളം (കി.മീ.)
1.	തോട്ടുകുളമ്പ് — കൊശക്കുഴി റോഡ്	പല്ലശ്ശന	1.50
2.	താമരപ്പാടം - അമ്പാഴക്കോട് — തച്ചങ്കോട് റോഡ്	പല്ലശ്ശന/ കൊടുവായൂർ	3.00
3.	പൂളപ്പറമ്പ് — പൂതറക്കാട് റോഡ്	കൊടുവായൂർ	3.00
4.	കണ്ണങ്കോട് — ഒടുകമ്പാറ റോഡ്	കൊടുവായൂർ	--
5.	കല്യാണക്കാപ്പ് — മയിലംപാടം റോഡ്	കുമരംപുത്തൂർ	4.20
6.	കരിങ്കുളം — മലയടിവാരം റോഡ്	എലവഞ്ചേരി	4.00
7.	കാഞ്ഞിരം — പൂഞ്ചോല — ഒടകുന്ന് റോഡ്	കാഞ്ഞിരപ്പുഴ	8.00
8.	തിരുവിഴാംകുന്ന് — അമ്പലപ്പാറ — പിലാച്ചോല റോഡ്	കോട്ടോപ്പാടം	7.35
9.	വിളയൂർ - ചുണ്ടംപറ്റ റോഡ്	വിളയൂർ	3.05
10.	ഗാന്ധി ജംഗ്ഷൻ - തെക്കുമുറി റോഡ്	ആലത്തൂർ	3.74
11.	കടമ്പഴിപ്പുറം — വാക്കശ്ശേരി റോഡ്	കടമ്പഴിപ്പുറം	2.20
12.	കടമ്പഴിപ്പുറം — വേട്ടക്കര — കടമ്പൂർ റോഡ്	കടമ്പഴിപ്പുറം	4.20
13.	താമരമുകൾ - പുത്തൻകാവ് റോഡിലെ മലമ്പുഴ കനാലിന് കുറുകെയുള്ള പാലം വീതി കൂട്ടൽ	പല്ലശ്ശന	--

B) മുനിസിപ്പാലിറ്റികൾ (ത.സ്വ.ഭ.വ നിർദ്ദേശങ്ങൾ)

i) ചിറ്റൂർ – തത്തമംഗലം മുനിസിപ്പാലിറ്റി

തത്തമംഗലം ടാക്സി സ്റ്റാന്റ് – പള്ളിമുക്ക് എന്നീ ജംഗ്ഷനുകളിൽ ഫ്ലൈഓവർ നിർമ്മാണം – താലൂക്ക് ആസ്ഥാനമായ ചിറ്റൂരിൽ ബസ് സ്റ്റാന്റ് നിർമ്മാണം, ചിറ്റൂർ പുഴപ്പാലം വീതി കൂട്ടൽ.

ii) പട്ടാമ്പി മുനിസിപ്പാലിറ്റി

പുതിയ റോഡ് പ്രവർത്തികൾ

കണ്ടംതോട് മുതലമട ബൈപ്പാസ് നിർമ്മാണം, കണ്ടംതോട് മുതൽ പെരിമുടിയൂർ റെയിൽവെ ഗെയ്റ്റ് വരെ നീളം 2 കി.മീ. – വീതി 6 മീറ്റർ - റോഡ് രൂപീകരണം കഴിഞ്ഞു.

Iii) ഷൊർണ്ണൂർ മുനിസിപ്പാലിറ്റി

ഷൊർണ്ണൂർ ടൌൺ പോസ്റ്റ് ഓഫീസ് റോഡ് വാടാനാംകുറുശ്ശി വരെ വീതി കൂട്ടിയാൽ 4 കി.മീ. ദൂരം ഗതാഗത സൌകര്യം വർദ്ധിപ്പിക്കുന്നതിന് ഷൊർണ്ണൂർ ടൌണിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും കഴിയും. ഷൊർണ്ണൂർ കൊച്ചിൻ പാലം മുതൽ കാറൽമണ്ണ തീരദേശ റോഡ് നിർമ്മാണം നടത്തേണ്ടതുണ്ട്. കൂടാതെ എസ്.എം.പി.ജംഗ്ഷൻ മുതൽ ഭാരതപ്പുഴ റെയിൽവെ സ്റ്റേഷൻ കവളപ്പാറ പി.ബ്ലിയു.ഡി റോഡ് വരെ ബൈപാസ് നിർമ്മാണം. ഷൊർണ്ണൂർ റെയിൽവെ സ്റ്റേഷൻ മുതൽ പരുത്തിപ്രാ പഴയ ഗേറ്റ് വരെയും റോഡ് നിർമ്മിക്കേണ്ടതുണ്ട്.

iv) ചെർപ്പുളശ്ശേരി മുനിസിപ്പാലിറ്റി

ഏകദേശം 45.84 കി.മീ. നീളം ടാർ റോഡും 50.46 കി.മീ. കോൺക്രീറ്റ് റോഡുകളും 80.27 കി.മീ. മണ്ണ് റോഡുകളും 28.12 കി.മീ. നടപ്പാതകളുമാണ് ഉള്ളത്.

6.17 പട്ടികജാതി വികസനം

എസ്.സി.എ ടു എസ്.സി.പി പദ്ധതികൾ 2014-15

ക്രമ നം	പ്രോജക്ടുകളുടെ/സ്കീമുകളുടെ പേര്	പ്രോജക്ടിൻറെ ആകെ തുക	എസ്.സി.എ ടു എസ്.സി.പി യുടെ ആകെ വിഹിതം	എസ്.സി.എ ടു എസ്.സി.പി യുടെ ആകെ ചിലവ്	പ്രയോജനം ലഭിച്ച ആകെ ഗുണഭോക്താക്കളുടെ എണ്ണം	
					ആകെ	സ്കീകൾ
1	ആയുർവേദ നേഴ്സിംഗ് & പഞ്ചകർമ്മ ട്രൈനിംഗ്	390000	390000	390000	30	21
2	ബ്യൂട്ടിഷൻ കോഴ്സ് ട്രൈനിംഗ്	450000	450000	450000	50	39
3	സ്പാ തെറാപ്പി ട്രൈനിംഗ്	350000	350000	350000	50	31
4	സാരി ഡിസൈനിംഗ്	275000	275000	275000	50	50
	ആകെ	**1465000**	**1465000**	**1465000**	**180**	**141**

എസ്.സി.എ ടു എസ്.സി.പി പദ്ധതികൾ 2015-16

ക്രമ നം	പ്രോജക്ടുകളുടെ/ സ്കീമുകളുടെ പേര്	പ്രോജക്ടിൻറെ ആകെ തുക	എസ്.സി.എ ടു എസ്.സി.പി യുടെ ആകെ വിഹിതം	എസ്.സി.എ ടു എസ്.സി.പി യുടെ ആകെ ചിലവ്	ഭൌതിക ലക്ഷ്യം
1	ഡയറി യൂണിറ്റുകളുടെ നിർമ്മാണം	4035000	2035000	2035000	50
2	പോത്തുണ്ടി, മംഗലഡാം, കാഞ്ഞിരപുഴ എന്നീ ഡാമുകളിൽ നിന്നു പിടിക്കുന്ന കട്ല, രോഹു മീനുകളുടെ ശേഖരണം	680400	340200	340200	58
3	തിരുവാഴിയോട് എസ്.സി സർവ്വീസ് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ഫെർട്ടിലൈസർ ഡിപ്പോ പുനരുദ്ധരിക്കാനുള്ള ധനസഹായം	564000	282000	0	Surrendered
4	എസ്.സി യുവാക്കൾക്ക് മുള ഉത്പന്നങ്ങളിൽ നൈപുണ്യ വികസനം നൽകൽ	450000	450000	450000	50
5	ഗ്രാമീണ മേഖലയിലുള്ള എസ്.സി കുടുംബങ്ങൾക്ക് മുട്ടക്കോഴി വളർത്തൽ	2000000	1375000	1375000	500
6	എസ്.സി യുവജനങ്ങൾക്ക് ത്രീ വീലർ/ ഫോർ വീലർ ഡ്രൈവിംഗ് പരിശീലനം നൽകൽ 40 പേർക്ക് 45 ദിവസം	220000	220000	220000	40
7	കൂൺകൃഷി പരിശീലനം 5 പേർക്ക്	305000	152500	152500	5
8	റക്സിൻ ബാഗ് നിർമ്മാണം 5 പേർക്ക്	244000	122000	122000	5
9	ഗ്യാസ് സ്റ്റൌ & മൊബൈൽ ഫോൺ സർവ്വീസിംഗ് & റിപ്പയറിംഗ് 5 പേർക്ക്	170000	85000	85000	5

10	സോപ്പും സോപ്പുത്പന്നങ്ങളുടെയും മാർക്കറ്റിംഗ് (ഹോം ഡെലിവറി) 7 പേർക്ക്	182500	91250	91250	7
11	കളിയുപകരണങ്ങളുടെ നിർമ്മാണം 30 പേർക്ക്	300000	300000	300000	30
12	നെറ്റിപ്പട്ടം നിർമ്മാണം 30 പേർക്ക്	210000	210000	210000	30
	ആകെ	**9360900**	**5662950**	**5380950**	

എസ്.സി.എ ടു എസ്.സി.പി പദ്ധതികൾ 2016-17

ക്രമ നം	പ്രൊജക്ടിൻറെ പേര്	പ്രോജക്ടിൻറെ ആകെ തുക (ലക്ഷത്തിൽ)		എസ്.സി.എ ടു എസ്.സി.പി യുടെ ആകെ ചിലവ്	ഭൗതിക ലക്ഷ്യം	
		എ.എസ് തുക	എം.ഒ.യു തുക		ആൺ	പെൺ
1	M/s. കെ.എസ്.ഇ.ഡി.സി ലിമിറ്റഡ്, തൈക്കാട്, തിരുവനന്തപുരം	750000	731250	590625	32	43
2	M/s. കെ.എസ്.ഇ.ഡി.സി ലിമിറ്റഡ്, തൈക്കാട്, തിരുവനന്തപുരം	750000	731250	590625	28	47
3	മലബാർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവിംഗ് ടെക്നോളജി, അങ്കമാലി	450000	450000	135000	45	0
4	ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്, ഹൈദരാബാദ്	450000	450000	135000	19	21
5	വുമൺസ് പോളിടെക്നിക്, പട്ടാമ്പി	425000	425000	127500	0	50
6	അഡ്മിനിസ്ട്രേറ്റർ പ്രീ – റിക്രൂട്ട്മെൻറ് സെൻറർ, കാലിക്കറ്റ്	2400000	2400000	1920000	81	19
ആകെ		**5225000**	**5187500**	**3498750**	**205**	**180**

ജില്ലാ പഞ്ചായത്ത് പ്രൊജക്ട് 2016-17

ക്രമ നം	പ്രൊജക്ടിന്റെ പേര്	പദ്ധതി വിഹിതം
1.	ബ്രാ മെയ്ക്കിംഗ്	25,60,000
2.	പട്ടികജാതി യുവതി യുവാക്കൾക്ക് മിലിട്ടറി ട്രൈയിനിംഗ്	30,00,000
3.	യുവജനങ്ങൾക്ക് വാദ്യോപകരണം	50,00,000
4.	വനിത സംരംഭങ്ങൾ പരിശീലനം ലഭിച്ച പട്ടികജാതി വനിതകൾക്കുള്ള ഗാർമെന്റ് മേക്കിംഗ്	50,00,000
5.	അയ്യങ്കാളി പഠന കേന്ദ്രം	50,00,000
6.	പ്രതിഭാ പിന്തുണ	10,00,000

പട്ടികജാതി വകുപ്പ് നടത്തുന്ന പുതിയ പദ്ധതികൾ

സംസ്ഥാനത്തെ ഹൈസ്കൂൾ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിൻറെ ഭാഗമായി 1,00,000/- രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 2,00,000/- രൂപ നിരക്കിൽ പഠനമുറി നിർമ്മിക്കുന്നതിന്, പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് നാല് ഗഡുക്കളായി ധനസഹായ തുക വിതരണം ചെയ്തുകൊണ്ട് 120 സ്ക്വയർ ഫീറ്റ് റൂം നിർമ്മിക്കുന്നതിനും പ്ലാസ്റ്ററിംഗ് നടത്തുന്നതിനും തറ ടൈൽ പാകുന്നതിന് വൈദ്യുതീകരിക്കുന്നതിനും, ലൈറ്റ്, ഫാൻ, പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനുള്ള അലമാര എന്നിവ നിർമ്മിക്കുന്നതിനുമാണ് പദ്ധതി നടപ്പാക്കുന്നത്. 2017-18 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 2,00,000/-രൂപ നിരക്കിൽ 580 പഠന മുറികൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

6.18 പട്ടികവർഗ്ഗവികസനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഗ്രാമപഞ്ചായത്ത്					
ക്രമ നം.	ഗ്രാമപഞ്ചായത്ത്	2017–18			
		സേവനം	പശ്ചാത്തലം	ഉൽപാദനം	ആകെ
1	കിഴക്കഞ്ചേരി	96000	0	0	96000
2	നല്ലേപ്പിള്ളി	97000	0	150000	247000
3	വടകരപ്പതി	1733000	361000	0	2094000
4	പെരുമാട്ടി	4110000	1785000	0	5895000
5	എരുത്തേമ്പതി	857000	0	0	857000
6	കൊഴിഞ്ഞാമ്പാറ	1761000	560000	0	2321000
7	മലമ്പുഴ	1980000	736000	0	2716000
8	അകത്തേത്തറ	327000	0	0	327000
9	എലപ്പുള്ളി	72000	0	0	72000
10	കാഞ്ഞിരപ്പുഴ	1430000	505000	0	1935000
11	തച്ചമ്പാറ	853000	230000	30000	1113000
12	തെങ്കര	899000	179000	0	1078000
13	മുതലമട	10230000	616000	5	10846005
14	കൊല്ലങ്കോട്	809000	0	0	809000

15	അയിലൂർ	501000	383000	0	884000
16	വണ്ടാഴി	0	45000	0	45000
17	നെന്മാറ	0	60000	0	60000
18	എലവഞ്ചേരി	226000	0	0	226000
19	നെല്ലിയാമ്പതി	2923000	879000	800000	4602000
20	അഗളി	24610000	5992000	5471000	36073000
21	പുതൂർ	18556000	2606000	4615000	25777000
22	ഷോളയൂർ	13862000	6623000	2198000	22683000
23	ആലത്തൂർ	180000	0	0	180000
	ആകെ	**86112000**	**21560000**	**13264005**	**120936005**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ 2017–18 –
അവലോകനവും അവ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും –
ബ്ലോക്ക് പഞ്ചായത്ത്

ക്രമ നം.	ബ്ലോക്ക് പഞ്ചായത്ത്	2016–17				2017–18			
		സേവനം	പശ്ചാത്തലം	ഉൽപാദനം	ആകെ	സേവനം	പശ്ചാത്തലം	ഉൽപാദനം	ആകെ
1	മലമ്പുഴ	1868000	0	0	1868000	1906000	0	0	1906000
2	പാലക്കാട്	96000	0	0	96000	109000	0	0	109000
3	ചിറ്റൂർ	2882000	0	0	2882000	5056000	0	0	5056000
4	കുഴൽമന്ദം	124000	0	0	124000	140000	0	0	140000
5	കൊല്ലങ്കോട്	3458000	0	0	3458000	5489000	1170000	0	6659000
6	നെന്മാറ	520000	727000	0	1247000	1007000	400000	0	1407000
7	ആലത്തൂർ	53000	0	0	53000	59000	0	0	59000
8	മണ്ണാർക്കാട്	819000	500000	0	1319000	2307000	0	0	2307000
9	ശ്രീകൃഷ്ണപുരം	112000	0	0	112000	126000	0	0	126000
10	തൃത്താല	11000	0	0	11000	13000	0	0	13000

11	പട്ടാമ്പി	22000	0	0	22000	25000	0	0	25000
12	അട്ടപ്പാടി	22185000	4500000	1185000	27870000	26039000	8900000	0	34939000
	ആകെ	**32150000**	**5727000**	**1185000**	**39062000**	**42276000**	**10470000**	**0**	**52746000**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾ 2017–18 – അവലോകനം~ – ജില്ലാ പഞ്ചായത്ത്					
ക്രമ നം.	**ജില്ലാ പഞ്ചായത്ത്**	**2017–18**			
		സേവനം	**പശ്ചാത്തലം**	**ഉൽപാദനം**	**ആകെ**
1	പാലക്കാട്	30000000	4000000	1000000	35000000

6.19 വനിതാവികസനം

വികേന്ദ്രീകൃതാസൂത്രണവും ലിംഗപദവി തുല്യതയും

ഗ്രാമസഭകളിൽ സ്ത്രീകളുടെ പങ്കാളിത്തം എണ്ണത്തിൽ വർദ്ധിച്ചിട്ടുണ്ടെങ്കിലും ഗുണപരമായി മെച്ചപ്പെട്ടിട്ടില്ല. പദ്ധതി രൂപീകരണത്തിലും പരിപാടികളിലും സ്ത്രീകളുടെ നിർണ്ണായകാമയ ഇടപെടലും ചർച്ചകളും ഉണ്ടാകണം.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ വിശകലനം ചെയ്യുമ്പോൾ പൊതു പദ്ധതികളിൽ സ്ത്രീകൾക്കു വേണ്ടിയുള്ള പദ്ധതികൾ വളരെ പരിമിതമാണെന്നു കാണാം.

കാർഷിക മേഖലയിലും മറ്റ് ഉല്പാദന മേഖലകളിലും സ്ത്രീകൾക്ക് ആസ്തികൾ വർദ്ധിപ്പിക്കാനും തീരുമാനമെടുക്കൽ പ്രക്രിയകളിൽ പങ്കാളികളാകാനും വളരെക്കുറച്ച് അവസരങ്ങളെ ഉണ്ടായിട്ടുള്ളു.വീട്ടമ്മമാർ എന്ന നിലയിൽ മാത്രമാണ് സ്ത്രീകൾ കണക്കാക്കപ്പെടുന്നത്. അല്ലാതെ തൊഴിലാളികൾ, ഉല്പാദകർ, കർഷകർ എന്നീ നിലകളിലല്ല.

സ്ത്രീകളുടെ അടിസ്ഥാന ആവശ്യങ്ങളായ തൊഴിൽ, പ്രാഥമിക സൗകര്യങ്ങൾ എന്നിവയ്ക്ക് മാത്രമാണ് വനിത ഘടക പദ്ധതിയിൽ ഊന്നൽ നൽകിയിരുന്നത്. ഇതിലൂടെ സ്ത്രീകളുടെ അവസ്ഥ കുറച്ചെങ്കിലും മെച്ചപ്പെട്ടിട്ടുണ്ട്. എന്നാൽ സ്ത്രീകളുടെ പദവിയിൽ കാര്യമായ മാറ്റമുണ്ടാക്കുന്നതിന് ശ്രമങ്ങൾ നടന്നിട്ടില്ല.

ഉദാഹരണമായി സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ, ലൈംഗികാതിക്രമങ്ങൾ, തൊഴിൽജന്യ രോഗങ്ങൾ, പ്രത്യുൽപാദന ആരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കാനുള്ള പദ്ധതികൾ വളരെ കുറവാണ്. പിന്നോക്കാവസ്ഥയിൽ കഴിയുന്ന സ്ത്രീകളെ തുല്യ പദവിയിലെത്തിക്കാൻ ലിംഗനീതി അടിസ്ഥാനമാക്കിയ സവിശേഷ പദ്ധതികൾക്ക് വരും വർഷങ്ങളിൽ മുൻഗണന നൽകണം.

2016-17 വർഷം ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കിയ പദ്ധകളിൽ സ്ത്രീകൾക്കുവേണ്ടി ചെലവഴിച്ച തുക സംബന്ധിച്ച വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത് – 2016–17

ക്രമ നം	തദ്ദേശ സ്വയം ഭരണ സ്ഥാപനം	ആകെ പ്രൊജക്ടുകൾ	വനിത കഇഉട	മേഖല	പൊതു വിഭാഗം	വനിത കൾക്ക് തുക
1	ഗ്രാമ പഞ്ചായത്ത്	9139	382	ഉൽപാദന മേഖല	3363.09	ഇല്ല
				സേവന മേഖല	18084.68 (പോഷകാഹാരം)	1269.42 1939.32 **3208.74**
				പശ്ചാത്തലം	8926.20	1773.24 (414 അംഗൻവാടികൾ)
					30,373.97	4981.98

- 88 ഗ്രാമപഞ്ചായത്തുകൾ 2016-17 വർഷം മൂന്ന് മേഖലകളിലായി ചെലവഴിച്ച തുക സംബന്ധിച്ച് കണക്കുകൾ വിശകലനം ചെയ്യുമ്പോൾ ഉൽപാദന മേഖലയിൽ വനിതകൾക്ക് വേണ്ടി ഒരു പദ്ധതിയും ഇല്ലായെന്ന് മനസ്സിലാക്കാം.
- സേവന മേഖലയിൽ മാത്രമാണ് സ്ത്രീകൾക്ക് വേണ്ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് എന്ന് കാണാം.
- സേവന മേഖലയിൽ വനിതകൾക്ക് വേണ്ടി ചെലവഴിച്ച തുകയുടെ കണക്കെടുക്കുമ്പോൾ ആകെ ചെലവഴിച്ച തുകയുടെ 18% മാത്രമെ വരുന്നുള്ളു. ഈ 18% ത്തിൽ 60% തുകയും പോഷകാഹാരവുമായി ബന്ധപ്പെട്ട ചെലവാണുതാനും
- പശ്ചാത്തല മേഖലയിൽ ചെലഴിച്ച തുക 100% ഉം 414 അംഗനവാടികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട തുകയാണ്.

വികേന്ദ്രീകാസൂത്രണം - ബ്ലോക്ക് പഞ്ചായത്തുകൾ

2016-17 വർഷം 13 ബ്ലോക്ക് പഞ്ചായത്തുകളിലായി വനിതകൾക്കുവേണ്ടി 103 പ്രൊജക്റ്റുകൾക്ക് ഡിപിസിയുടെ അനുമതി ലഭിച്ചിരുന്നു 25,21,67,911/ രൂപയാണ് വനിതകൾക്കുവേണ്ടി നീക്കി വച്ചിരുന്നത്. എന്നാൽ ഈ മേഖലയിൽ ചിലവ് വന്നിരിക്കുന്നത് 1,09,42,307/ മാത്രമാണ്. ആകെ അടങ്കൽതുകയുടെ 4.34% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 13 ബ്ലോക്കുകളിൽ 4 ബ്ലോക്കുകളിലെ വനിതാഘടകപദ്ധതിയിലെ ചെലവ് പൂജ്യം ശതമാനമാണ്. 2017-18 സാമ്പത്തികവർഷത്തെ പദ്ധതികളുടെ നിർവ്വഹണത്തിലും ഇതേ അവസ്ഥയാണ് നിലനിൽക്കുന്നത്.

വനിതാഘടക പദ്ധതിക്കായി 2016-17 സാമ്പത്തികവർഷത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ ചെലവഴിച്ച തുക

ഘടകം	ആകെ പദ്ധതികൾ	അടങ്കൽ തുക	ചെലവഴിച്ച തുക	ശതമാനം (%)
ഉത്പാദനം	54	111926536	1964333	1.76
സേവനം	46	138294075	8977974	6.49
അടിസ്ഥാനസൗകര്യം	3	1947300	0	0
ആകെ	103	252167911	10942307	4.34

വികേന്ദ്രീകാസൂത്രണം - ജില്ലാ പഞ്ചായത്തുകൾ

ജില്ലാ പഞ്ചായത്ത് എല്ലാ വാർഷിക പദ്ധതികളിലും വനിതകൾക്കുവേണ്ടി 10 ശതമാനത്തിൽ അധികം തുക വകയിരുത്തുകയും വനിതകൾക്ക് പ്രയോജനപ്രദങ്ങളായ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതായും മുൻവർഷങ്ങളിലെ പദ്ധതികൾ വിശകലനം ചെയ്യുമ്പോൾ മനസ്സിലാക്കാൻ കഴിയും. വനിതാസംഘങ്ങൾക്ക് ധനസഹായം നൽകുന്നതിലുപരി അവരുടെ ആരോഗ്യം, സംസ്കാരം, സാമ്പത്തികം, വിദ്യഭ്യാസം, എന്നിവക്കും തൊഴിൽപരമായ സൗകര്യങ്ങൾ ഒരുക്കുന്നതിനും, മാർക്കറ്റിംഗ് സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും സഹായകമായ പദ്ധതികൾ ആസൂത്രണം ചെയ്ത് 2016-17 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

2016-17

1.	വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ വിപണകേന്ദ്രം	40,00,000
2.	വിവിധ ഗ്രാമപഞ്ചായത്തുകളിൽ കുടുംബശ്രീ വിപണകേന്ദ്രം (എസ്.സി.പി)	21,10,181
3.	നാപ്കിൻ വെൻറിംഗ് മെഷീനും ഇനസിനറേറ്ററും സ്ഥാപിക്കൽ	27,86,620
4.	ഖാദിസംഘങ്ങൾക്ക് ചർക്ക വാങ്ങുന്നതിനുള്ള പദ്ധതി	24,56,340
5.	സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ പോസ്റ്റ് ഓപ്പറേഷൻ തിയറ്റേർ	6,15,721

വനിതാ ഘടക പദ്ധതി – അടങ്കൽ, വിനിയോഗം, പദ്ധതികൾ

വനിതാ ഘടക പദ്ധതികളിൽ ഉൾപ്പെടുത്തി അതാത് വർഷങ്ങളിൽ വകയിരുത്തുന്ന അടങ്കൽ തുകയിൽ മുഴുവനും ഉപയോഗിക്കാൻ കഴിഞ്ഞ 5 വർഷങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഫീൽഡ് തലത്തിലുള്ള ആവശ്യകതയുടെ അടിസ്ഥാനത്തിലല്ല മിക്ക പ്രൊജക്ടുകളും രൂപീകരിക്കപ്പെടുന്നത് എന്നതാണ് ഇതിന് കാരണം. പ്രൊജക്ട് രൂപീകരണ വേളയിൽ ഫീൽഡ് തല ആവശ്യകത അനുസരിച്ച് മാത്രം തുക വകയിരുത്തേണ്ടതാണ്. സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകുകയും അതുമായി ബന്ധപ്പെട്ട അനാവശ്യ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

2017-18 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ആകെ വിഹിതം

(തുക ലക്ഷത്തിൽ)

ക്രമ നം	തദ്ദേശ ഭരണ സ്ഥാപനം	എണ്ണം	വികസന ഫണ്ട്	പരമ്പരാഗതം	ആസ്തി (റോഡ്, റോഡിതരം)	ആകെ പാലക്കാട്	പാലക്കാട് ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ ശരാശരി
1	ഗ്രാമപഞ്ചായത്ത്	88	40305.82	8302.19	12389.42	60997.43	693.1526
2	ബ്ലോക്ക് പഞ്ചായത്ത്	13	11542.93	465.66	693.65	12702.24	977.0954

3	ജില്ലാ പഞ്ചായത്ത്	1	11929.13	273.41	3356.22	15558.76	15558.76
4	നഗരസഭ	7	10081.96	1360.87	2286.58	13729.41	1961.344
ആകെ		**109**	**73859.84**	**10402**	**18725.9**	**102988**	**19190.4**

ഉറവിടം : സംസ്ഥാന ബജറ്റ് രേഖകൾ

മുകളിൽ കൊടുത്ത പട്ടിക പ്രകാരം പാലക്കാട് ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ആകെ ബജറ്റ് വിഹിതം 102988 ലക്ഷം ആണ്. പാലക്കാട് ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിന്റെ ശരാശരി 693.15261 ലക്ഷവും ബ്ലോക്ക് പഞ്ചായത്തിന്റെ ശരാശരി 977.0954 ലക്ഷവും ജില്ലാ പഞ്ചായത്തിന്റെ ശരാശരി 15558.76 ലക്ഷവും നഗരസഭയുടേത് 1961.3443 ലക്ഷവും ആണ്.

6.2. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി അടങ്കൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓരോ വർഷവും പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാന സർക്കാർ ബജറ്റിൽ അനുവദിക്കുന്ന വികസന -ആസ്തി സംരക്ഷണ ഫണ്ടുകൾക്ക് പുറമെ മറ്റു വിവിധ ഫണ്ടുകൾ കൂടി വകയിരുത്തിക്കൊണ്ടാണ് ഓരോ തദ്ദേശ ഭരണ സ്ഥാപനവും പദ്ധതി തയ്യാറാക്കുന്നത്. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ നല്കുന്ന ഫണ്ടിനേക്കാൾ കൂടിയ അടങ്കൽതുകയുള്ളതായിരിക്കും ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റേയും പദ്ധതി.

2017-18 വാർഷിക പദ്ധതി അടങ്കൽ (തുക ലക്ഷത്തിൽ)

പാലക്കാട് ജില്ല			
ക്രമ നം	**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ**	**എണ്ണം**	**പദ്ധതി അടങ്കൽ തുക**
1.	ഗ്രാമപഞ്ചായത്ത്	88	91398.21
2.	ബ്ലോക്ക് പഞ്ചായത്ത്	13	23354.05
3.	ജില്ലാ പഞ്ചായത്ത്	1	22226.84
4.	മുനിസിപ്പാലിറ്റി	7	26048.36
	ആകെ	**109**	**163027.46**
ഡി.പി.സി അപ്രൂവൽ ലഭിച്ച തുക (27.12.2017) =139839.67			

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

പട്ടിക പ്രകാരം പാലക്കാട് ജില്ലയിലെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും കൂടി ആകെ വാർഷിക പദ്ധതി അടങ്കൽ 163027.46 ലക്ഷമാണ്. അതിൽ ഡി.പി.സി.അപ്രൂവൽ (27.12.2017) ലഭിച്ച തുക 139839.67 ലക്ഷമാണ്.

6.3. ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ

ജില്ലയിൽ ഗ്രാമപഞ്ചായത്തു തലത്തിൽ പൊതു വിഭാഗത്തിൽ 10,949 പുതിയ പദ്ധതികളും 5,526 സ്പിൽ ഓവർ പദ്ധതികളും ഉൾപ്പെടെ ആകെ 16,475 പദ്ധതികളാണുള്ളത്. 66,541.6 ലക്ഷം രൂപ അടങ്കൽ

തുകയായ പ്രസ്തുത പദ്ധതികളിൽ 18,705.5 ലക്ഷം രൂപ (28.1%) നാളിതുവരെയായി വിനിയോഗിച്ചു. പട്ടികജാതി വിഭാഗത്തിൽ 22.4%വും പട്ടിക വർഗ്ഗ വിഭാഗത്തിൽ 16.9%വും പൊതുവിഭാഗ പദ്ധതികളിൽ 28.1%വും ചിലവഴിക്കാൻ സാധിച്ചു.

ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതികൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	പൊതുവിഭാഗം	10949	5526	16475	15830	66541.6	18705.5	28.1%
	പട്ടികജാതി	2068	1124	3192	3017	13555.6	30335.2	22.4%
	പട്ടികവർഗ്ഗം	239	104	343	322	18482.8	31278.9	16.9%

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ (തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി(സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതി കൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	പൊതുവിഭാഗം	796	408	1204	1137	13284.7	31803.5	23.9
	പട്ടികജാതി	360	184	554	503	59494.0	14649.6	24.6
	പട്ടികവർഗ്ഗം	50	17	67	65	13972.0	13229.2	9.5

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

നഗരസഭ തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

(തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതികൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	പൊതുവിഭാഗം	1628	977	2605	2485	22796.5	43330.0	19%
	പട്ടികജാതി	156	117	273	238	21999.7	51225.1	23.3%
	പട്ടികവർഗ്ഗം	4	2	6	5	18569.8	0	0%

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

6.6. ജില്ലാ പഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ

.

ജില്ലാ പഞ്ചായത്ത് തലത്തിൽ വിവിധ വിഭാഗങ്ങളിലായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതി കൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	പൊതുവിഭാഗം	296	264	560	552	14853.4	12864.5	13.4
	പട്ടികജാതി	106	110	216	213	47675.8	89987.8	18.9
	പട്ടികവർഗ്ഗം	8	6	14	14	44050.0	13904.5	31.6

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

6.7. ഉല്പാദനം, പശ്ചാത്തലം, സേവനം

ഗ്രാമപഞ്ചായത്ത് തലത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

(തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതി കൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	ഉല്പാദനം	1262	305	1567	1497	13177.9	24363.8	18.55
	പശ്ചാത്തലം	6054	3683	9737	9371	30258.3	74893.5	24.8
	സേവനം	5939	2766	8705	8335	38576.6	11417.9	29.6
ആകെ		13225	6754	20009	19203	82012.9	21343.7	26

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ

(തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതി കൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	ഉല്പാദനം	135	80	215	199	45984.1	11142.3	24.2%
	പശ്ചാത്തലം	357	271	628	590	39025.3	10024.6	25.7%
	സേവനം	718	258	976	927	12142.6	24080.7	19.8%
ആകെ		1210	609	1819	1716	20643.5	45247.6	21.9%

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

മുനിസിപ്പാലിറ്റി തലത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ (തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതികൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	ഉല്പാദനം	138	50	188	173	15293.5	17706.8	11.6
	പശ്ചാത്തലം	1089	738	1827	1747	13137.6	21559.6	16.4
	സേവനം	560	308	868	808	10338.0	21888.0	21.2
ആകെ		1787	1096	2883	2728	25005.0	45218.3	18.1

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

പട്ടിക 10 ജില്ലാ പഞ്ചായത്ത് തലത്തിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ (തുക ലക്ഷത്തിൽ)

ജില്ല	മേഖല	പദ്ധതി (പുതിയത്)	പദ്ധതി (സ്പിൽ ഓവർ)	ആകെ പദ്ധതികൾ	അംഗീകരിച്ച പദ്ധതികൾ	ആകെ തുക	ചിലവഴിച്ച തുക	ശതമാനം
പാലക്കാട്	ഉല്പാദനം	26	24	50	50	28570.0	58890.9	2.1
	പശ്ചാത്തലം	267	254	521	518	84667.6	12799.9	15.1
	സേവനം	117	102	219	211	87377.6	16577.2	19
ആകെ		**410**	**380**	**790**	**779**	**200615.2**	**88268**	**36.2**

ഉറവിടം : ഇൻഫർമേഷൻ കേരള മിഷൻ

6.9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. പഞ്ചായത്തുകളിലെ തദ്ദേശ സ്വയംഭരണ വിഭാഗത്തിലെ എഞ്ചിനിയർമാരുടേയും ഓവർസിയർമാരുടേയും ഒഴിവുള്ള തസ്തികകൾ അടിയന്തിരമായി നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത തസ്തികകളിലെ ഒഴിവ് പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.
2. അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിൽ ഓവർസിയർമാരില്ല. കൂടാതെ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് മാത്രമായി എൽ.എസ്.ജി.ഡി അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ തസ്തിക അനുവദിച്ചിട്ടില്ല മണ്ണാർക്കാട്, ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്കാണ് നിലവിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല നൽകിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ വിസ്തൃതിയും, ഭൂമിശാസ്ത്രപരമായ സവിശേഷതയും എൽ.എസ്.ജി.ഡി വിഭാഗത്തിലെ ജോലി ഭാരവും കണക്കിലെടുത്ത് അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന് മാത്രമായി എൽ.എസ്.ജി.ഡി വിഭാഗം അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ തസ്തിക സൃഷ്ടിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്.
3. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള ഭൂമി സർക്കാരിലേക്ക് സറണ്ടർ ചെയ്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ നടപ്പിലാക്കേണ്ട സാഹചര്യത്തിൽ ആയതിന്

കാലതാമസം നേരിടുന്നതിനാൽ ഇത് പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ പുരോഗതി വിലയിരുത്തുന്നതിനായി ജില്ലാ തലത്തിൽ പ്രത്യേക സംവിധാനം ആവശ്യമാണ്.

4. ജലസേചന വകുപ്പ് സാങ്കേതിക വിഭാഗത്തിന്റെ അനുമതി ആവശ്യമുള്ള പ്രോജക്ടുകൾക്ക് കാലതാമസം നേരിടാതെ ആയത് പരിഹരിക്കുന്നതിനായി ഒരു സമയപരിധി നിശ്ചയിച്ച് സർക്കാർ നിർദ്ദേശങ്ങൾ ജലസേചന വകുപ്പിന് ലഭ്യമാക്കണം.
5. പൊതുമരാമത്ത് ഇലക്ട്രീക്കൽ വിഭാഗത്തിൽ നിന്നും സാങ്കേതികാനുമതി ആവശ്യമുള്ള പ്രോജക്ടുകൾക്ക് അനുമതി ലഭിക്കുന്നതിനും ബന്ധപ്പെട്ട പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനായി ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
6. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ഊർജ്ജ പദ്ധതികൾ എം.എൻ.ആർ.ഇ പദ്ധതികൾ നിർദ്ദേശം അനുസരിച്ചുള്ള സൌരോർജ്ജ പ്രോജക്ടുകളുടെ അനുമതി ലഭിക്കുന്നതിനും ബന്ധപ്പെട്ട പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനായി ജില്ലാതലത്തിൽ സംവിധാനം ഏർപ്പെടുത്തുക.
7. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് ഗുണഭോക്തൃ വിഹിതം അടയ്ക്കണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് അട്ടപ്പാടി മേഖലയിലെ എസ്.ടി വിഭാഗക്കാർക്ക് പ്രത്യേക ഇളവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
8. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംഘങ്ങൾക്ക് ബാങ്ക് മുഖേന വായ്പാബന്ധിത സബ്സിഡി നൽകുന്ന പദ്ധതികളുടെ തുക ബാങ്കുകൾ വിതരണം ചെയ്യുന്നതിനായി ബ്ലോക്കുതല ബി.എൽ.ബി.സി. യോഗങ്ങളിൽ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
9. മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ പദ്ധതി വിഹിതം, ആസ്തി പരിപാലന ഫണ്ട് (റോഡ് ഒഴികെ) വിഹിതം, ആരോഗ്യമേഖലയിൽ വിനിയോഗിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് പ്രയാസമുള്ളതിനാൽ ആയത് പരിഹരിക്കുന്നതിനായി പദ്ധതി വിഹിതം, ആസ്തി പരിപാലന ഫണ്ട് എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 6 ഗ്രാമപഞ്ചായത്തുകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനായി വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകേണ്ടതാണ്.

.....

അദ്ധ്യായം 7

വികസന പരിപ്രേക്ഷ്യവും, കീഴ്ത്തട്ട് – മേൽത്തട്ട് നിർദ്ദേശങ്ങളും, സംയോജന സാധ്യതകളും

ഉൽപ്പാദന മേഖല

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം,വ്യവസായം, വിനോദസഞ്ചാരം

വികസന സാദ്ധ്യതകൾ

- പാലക്കാട് ജില്ലയിൽ 42846 ഹെക്ടർ സ്ഥലം പാടശേഖരമേഖലയാണ്. മുഖ്യകൃഷി നെൽകൃഷിയാകുന്നു. ഇതിനുപുറമെ തെങ്ങ്, കവുങ്ങ്, കരിമ്പ്, പരുത്തി, സുഗന്ധ ദ്രവ്യങ്ങൾ, പച്ചക്കറി, മാവ്, വാഴ, ചെറുധാന്യങ്ങൾ എന്നിവയും കൃഷി ചെയ്ത് വരുന്നു.
- മുതലമട പ്രദേശം ഏഷ്യയിൽ തന്നെ മാങ്ങയുൽപ്പാദനത്തിൽ സവിശേഷതയുള്ള പ്രദേശമാണ്. ഇത് 'മാംഗോ സിറ്റി ഓഫ് കേരള' എന്ന പേരിലാണ് അറിയപ്പെടുന്നത്.
- ജില്ലയിൽ മൃഗസംരക്ഷണം മുഖ്യസ്ഥാനം വഹിക്കുന്നുണ്ട്. അതിൽ അട്ടപ്പാടി മേഖലയിലെ 'അട്ടപ്പാടി ബ്ലാക്ക്' എന്ന പ്രത്യേക ഇനം ആട് പ്രസിദ്ധമാണ്.
- ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ അയൽ ജില്ലകൾക്കുകൂടി പ്രയോജനപ്രദമായ രീതിയിൽ പൌൾട്രിഫാം പ്രവർത്തിക്കുന്നു.
- കാർഷിക പ്രവർത്തനവുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണം ഫലവത്താക്കിയിട്ടുള്ള ജില്ല പാലുൽപ്പാദനത്തിൽ മുഖ്യസ്ഥാനം വഹിക്കുന്നു.
- ജില്ലയിൽ 7 നദികളും, 10 പോഷകനദികളും, 10 ഡാമുകളും നിലവിലുണ്ട്. കൂടാതെ വിവിധ പ്രദേശങ്ങളിൽ പാറമടക്കുളങ്ങളുമുണ്ട്. മത്സ്യ ഉൽപ്പാദനത്തിന് ഇവ സാധ്യതയുള്ളതാണ്.
- ജില്ലയിലെ 4,445 സ്വകാര്യ കുളങ്ങളിൽ 1,326.78 ഹെക്ടർ സ്ഥലത്ത് 1,277.65 ഹെക്ടർ (96 %)മത്സ്യകൃഷി ചെയ്യുന്നു.
- 7 ഡാമുകളിൽ 4,238 ഹെക്ടർ സ്ഥലത്ത് മത്സ്യകൃഷി ചെയ്യുന്നു.
- ജില്ലയിൽ പ്രധാന വ്യവസായ കേന്ദ്രങ്ങളായി പുതുശ്ശേരി, കഞ്ചിക്കോട്, ഷൊർണ്ണൂർ എന്നിവ കാണപ്പെടുന്നു.
- പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് സ്ഥാപനം ജില്ലയിൽ സ്ഥിതി ചെയ്യുന്നു.
- സൈലന്റ് വാലി , പറമ്പിക്കുളം, മലമ്പുഴ, നെല്ലിയാമ്പതി എന്നിവ ജില്ലയിലെ മുഖ്യ വിനോദ സഞ്ചാര കേന്ദ്രങ്ങളാണ്.
- പാലക്കാട് കോട്ട, കൽപ്പാത്തി അഗ്രഹാരം, കുഞ്ചൻ സ്മാരകം, തുഞ്ചൻ ഗുരുമഠം, ചെമ്പൈ സ്മാരകം, തസ്രാക്ക് എന്നിവ പ്രധാന പൈതൃക സാംസ്കാരിക കേന്ദ്രങ്ങളാണ്.

2. വികസന പ്രശ്നങ്ങൾ

- പാലക്കാട് ജില്ലയിൽ നെൽകൃഷിയുടെ വിസ്തൃതി കുറഞ്ഞു വരുന്നതായി കാണാം [2014-15 (90,173 ഹെക്ടർ), 2016-17 (62,592 ഹെക്ടർ)]

- പറമ്പിക്കുളം –ആളിയാർ പദ്ധതിയിൽ നിന്നുള്ള ജലലഭ്യത കുറവ് ചിറ്റൂർ മേഖലയിലെ കാർഷിക പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.
- ഭാരതപ്പുഴയിലെ ജലലഭ്യത കുറവ്.
- വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം, യന്ത്രവൽക്കരണ സൌകര്യങ്ങളുടെ അപര്യാപ്തത.
- വന്യജീവികളുടെ ആക്രമണം.
- കാർഷികേതര ആവശ്യങ്ങൾക്കായി കാർഷിക ഭൂമിയുടെ തരം മാറ്റം.
- മത്സ്യമേഖലയിൽ ആധുനിക സംഭരണ വിപണന കേന്ദ്രങ്ങളുടെ അഭാവം.
- ജില്ലയിൽ തീറ്റിപ്പുൽ കൃഷി ഉൽപ്പാദനക്കുറവ്.
- തീറ്റപ്പുല്ലിന്റെയും വൈക്കോലിന്റെയും ലഭ്യതകുറവ്, കന്നുകാലി പരിപാലന ചെലവ് വർദ്ധിപ്പിക്കുകയും ലാഭകരമല്ലാത്താക്കുകയും ചെയ്യുന്നു.
- മുട്ട, മാംസം എന്നിവയ്ക്കായുള്ള ശാസ്ത്രീയ സംഭരണ കേന്ദ്രങ്ങളുടെ കുറവ്.ശാസ്ത്രീയമായ അറവുശാലകളുടെ കുറവ്.
- രൂക്ഷമായ തെരുവു നായ ശല്യം.
- നിലവിലുള്ള മിനി എസ്റ്റേറ്റുകൾ, വ്യവസായ പ്ലോട്ടുകൾ ആയി ഏറ്റെടുത്തവ പഞ്ചായത്തുകൾ നിർമ്മിച്ച വ്യവസായ മുറികൾ എന്നിവ പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടില്ല.
- പരമ്പരാഗത വ്യവസായങ്ങളുടെ കാലാനുസൃതമായ നവീകരണ പ്രവർത്തനങ്ങളുടെ അഭാവം മൂലം മിക്ക യൂണിറ്റുകളും തകർച്ചയിലാണ്.
- ചെറുകിട സംരഭകരുടെ ഉത്പന്നങ്ങളുടെ വിപണന സംഭരണ സംവിധാനങ്ങളുടെ അപര്യാപ്തത.
- ചെറുകിട വ്യവസായങ്ങൾക്ക് ആവശ്യമായ മുൻ-പിൻ ബന്ധങ്ങളിലുള്ള അസൌകര്യങ്ങൾ.
- കാർഷികോൽപന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
- വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൌകര്യങ്ങൾ, ശുചിത്വ മാലിന്യ പരിപാലന സംവിധാനങ്ങൾ എന്നിവയുടെ അപര്യാപ്തത.
- ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ ഉൾപ്പെടുത്തി കൊണ്ടുള്ള ടൂറിസം സർക്യൂട്ടിന്റെ അഭാവം.

ഭൌതിക പശ്ചാത്തല മേഖല

(ഗതാഗതം, കുടിവെള്ളം, ജലസേചനം,ശുചിത്വം, ഊർജ്ജം)

വികസന സാദ്ധ്യതകൾ

- ജില്ലയിൽ 2 ദേശീയ പാതകളും 11 സംസ്ഥാന പാതകളും 306 പ്രധാന ജില്ലാ റോഡുകളും സ്ഥിതിചെയ്യുന്നു.
- സംസ്ഥാനത്തിലെ പ്രധാന വ്യവസായ ഇടനാഴിയായി വർത്തിക്കുന്ന ദേശീയ പാത **എൻ.എച്ച്.544** ജില്ലയിലെ മൊത്തം വികസനത്തെ ത്വരിതപ്പെടുത്തുന്നു.

- പാലക്കാട് ജംഗ്ക്ഷൻ, ഷൊർണ്ണൂർ ജംഗ്ക്ഷൻ എന്നിവയാണ് ജില്ലയിലെ പ്രധാന റെയിൽവേ ജംഗ്ക്ഷനുകൾ.
- പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സൌരോർജ്ജം എന്നിവ വിനിയോഗിക്കുന്നതിനുള്ള സാധ്യത പാലക്കാട് ജില്ലയിലെ ഉയർന്ന പ്രദേശങ്ങളിൽ ഉണ്ട്, പ്രത്യേകിച്ച് അട്ടപ്പാടി മേഖല.
- മലമ്പുഴ, പറമ്പിക്കുളം, ശിരുവാണി, പോത്തുണ്ടി, മംഗലം ഡാം, വാളയാർ, ചിറ്റൂർപുഴ, കാഞ്ഞിരപ്പുഴ, മീങ്കര, ചുള്ളിയാർ എന്നിവ ജില്ലയിലെ പ്രധാന അണക്കെട്ടുകളാണ്.
- ജില്ലയിലെ പ്രധാന ജലസ്രോതസ്സായ ഭാരതപ്പുഴ കുടിവെള്ളത്തിനും ജലസേചനത്തിനും വിനിയോഗിച്ച് വരുന്നു.
- ആശുപത്രി മാലിന്യ സംസ്കരണത്തിനായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ (ഐ.എം.എ) സ്ഥാപിച്ച് നടത്തുന്ന 'ഇമേജ്' എന്ന സ്ഥാപനം മലമ്പുഴ പ്രദേശത്ത് സ്ഥിതിചെയ്യുന്നു.

വികസന പ്രശ്നങ്ങൾ

- പറമ്പിക്കുളം - ആളിയാർ പദ്ധതിയിൽ കാർഷിക മേഖലയ്ക്ക് ആവശ്യമുള്ള ജലം ലഭിക്കുന്നില്ല.
- ജില്ലയുടെ ജീവസ്രോതസ്സായ ഭാരതപ്പുഴ അതിവേഗം നശിച്ചു കൊണ്ടിരിക്കുന്നു.
- നദികൾ, കനാലുകൾ എന്നിവ കൈയ്യേറ്റങ്ങൾക്കും, മലിനീകരണത്തിനും വിധേയമായിക്കൊണ്ടിരിക്കുന്നു.
- ലിഫ്റ്റ് ഇറിഗേഷൻ, തടയണ, വിയറുകൾ എന്നിവ യഥാസമയം സംരക്ഷിക്കുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തത.
- ജില്ലയിൽ കാർഷിക പ്രവർത്തനത്തിനാവശ്യമായ ജലലഭ്യതയെ സംബന്ധിച്ച ആസൂത്രിത സംവിധാനത്തിന്റെ അപര്യാപ്തത.
- കുടിവെള്ള വിതരണവും, ജലസേചനവും സംയോജിപ്പിച്ചുള്ള ആസൂത്രിത രീതികളുടെ അഭാവം.
- ഖര-ദ്രവ്യ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയ സംവിധാനങ്ങളുടെ അപര്യാപ്തത.
- അജൈവ മാലിന്യങ്ങളുടെ സംസ്കരണത്തിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.
- ജില്ലയിൽ സമൃദ്ധമായ കാറ്റ്, സൌരോർജ്ജം മുതലായവയിൽ നിന്നുള്ള വൈദ്യുതി ഉൽപാദന സാധ്യത വിപുലപ്പെടുത്തിയിട്ടില്ല.
- ഗതാഗതസൌകര്യങ്ങളുടെ സംയുക്തമായ ആസൂത്രണ രൂപരേഖയുടെയും, സംവിധാനത്തിന്റെയും അപര്യാപ്തത.

സാമൂഹ്യ മേഖല

(വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, വനിതാക്ഷേമം, എസ്.സി, എസ്.ടി, വനം പരിസ്ഥിതി, സാമൂഹ്യക്ഷേമം)

വികസന സാദ്ധ്യതകൾ

- 1 ഗവൺമെൻറ് എഞ്ചിനീയറിംഗ് കോളേജ്, 3 പോളിടെക്നിക്, 9 ഐ.ടി.ഐ, 8 ആർട്സ് &സയൻസ് കോളേജുകൾ, 4 ടെയിനിംഗ് കോളേജുകൾ, 1 മ്യൂസിക് കോളേജ് എന്നിവയും

എയ്ഡഡ് മേഖലയിൽ 15 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും, സ്വകാര്യ മേഖലയിൽ 81 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ജില്ലയിൽ നിലവിലുണ്ട്.

- മെഡിക്കൽ കോളേജ് , ജില്ലാ ആശുപത്രി , വനിത-ശിശു ആശുപത്രി എന്നിവ ഓരോന്നു വീതവും താലൂക്ക് ആശുപത്രി 6 എണ്ണവും ജില്ലയിൽ സർക്കാർ മേഖലയിൽ സ്ഥിതി ചെയ്യുന്നു. ആയുഷ് മേഖലയിൽ 7 ആയുർവ്വേദ ആശുപത്രിയും 1 ഹോമിയോ ആശുപത്രിയും ഉണ്ട്.
- ജില്ലയിലെ മൊത്തം ജനസംഖ്യയിൽ പകുതിയിലധികവും (51.62%) വനിതകളാണ്.
- മൊത്തം ജനസംഖ്യയിൽ 1.74% പട്ടികവർഗ്ഗക്കാർ അട്ടപ്പാടി, ചിറ്റൂർ മേഖലയിൽ ഭൂരിഭാഗവും അധിവസിക്കുന്നു.
- മൊത്തം ജനസംഖ്യയിൽ 14.37% പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നു.
- സംസ്ഥാനത്തെ ഏക ട്രൈബൽ ബ്ലോക്കായ അട്ടപ്പാടി ബ്ലോക്ക് ജില്ലയിൽ സ്ഥിതിചെയ്യുന്നു.
- അന്യസംസ്ഥാന തൊഴിലാളികൾക്കായി ഫ്ലാറ്റ് നിർമ്മാണ സമുച്ചയം (അപ്ലാഘർ) പദ്ധതി സംസ്ഥാനത്തിൽ ആദ്യമായി പൂർത്തീകരിച്ചത് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് മേഖലയിലാണ്. (640 പേർക്ക് വൈഫൈ ഉൾപ്പെടെയുള്ള ആധുനിക സൌകര്യങ്ങളോടുകൂടിയ താമസ സൌകര്യം)
- ലൈഫ് മിഷനു വേണ്ടി സൌജന്യമായി 45 സെൻറ് സ്ഥലം എളമ്പുലാശ്ശേരി എജ്യുക്കേഷണൽ ട്രസ്റ്റ് ശ്രീകൃഷ്ണപുരം ബ്ലോക്കിന് കൈമാറിയിട്ടുണ്ട്.
- ജില്ലയിൽ ആകെ വിസ്തൃതിയുടെ 28.21% വനമേഖലയാകുന്നു.

<u>വികസന പ്രശ്നങ്ങൾ</u>

- കാവുകൾ, വയലുകൾ, ജലസ്രോതസ്സുകൾ എന്നിവയുടെ തരം മാറ്റൽ പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു.
- വനമേഖലയിലെ സ്വഭാവിക രീതിക്ക് വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്നു.
- പട്ടികവർഗ്ഗ മേഖലയിൽ ആരോഗ്യ സംരക്ഷണ പ്രവർത്തനത്തിനുള്ള ത്വരിത സംവിധാനങ്ങളുടെ അഭാവം.
- പൊതുജനാരോഗ്യ സ്ഥാപനങ്ങളുടെ ഭൌതിക സാഹചര്യ കുറവ് ആരോഗ്യമേഖലയെ ബാധിക്കുന്നു.
- ദുർബലവിഭാഗക്കാർക്ക് ചിലവ് കുറഞ്ഞ പാർപ്പിട നിർമ്മാണത്തിനുള്ള സാങ്കേതിക സംവിധാനങ്ങളുടെ അപര്യാപ്തത.
- ഇതര സംസ്ഥാന തൊഴിലാളികളുടെ ആധിക്യം സാമൂഹ്യമായും, സാമ്പത്തികമായും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
- വിദ്യാലയങ്ങളിൽ ആവശ്യമായ ഭൌതിക സൌകര്യങ്ങളുടേയും ആധുനിക സംവിധാനങ്ങളുടേയും അപര്യാപ്തത.
- പാലക്കാടിന്റെ തനതായ കലാരൂപങ്ങൾ അന്യംനിന്നുപോകുന്നു.
- പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗത്തിൽ വിദ്യാഭ്യാസം നേടിയവർക്ക് തുടർ സാധ്യതയ്ക്കുള്ള അറിവ് നൽകുന്നതിനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത.

- പട്ടികജാതിക്കാരുടെ തനതു സംസ്കാരത്തേയും അനുഷ്ഠാന കലകളെയും, പരമ്പാരഗത തൊഴിൽ മേഖലകളേയും ജീവിത ശൈലിയേയും പ്രോത്സാഹിപ്പിക്കുന്ന ഇടപെടലുകൾ ഉണ്ടാകുന്നില്ല.
- പട്ടികജാതി യുവാക്കൾക്ക് പുതിയ സാങ്കേതിക വിദ്യകൾ പ്രാപ്തമാക്കാനുള്ള സാധ്യതകളും, സാങ്കേതിക വിദ്യ സ്വായത്തമാക്കിയവർക്ക് ഉപയോഗ പ്രദമാക്കുവാനുള്ള സാധ്യതകളുമില്ല.
- പൊതുസ്ഥലങ്ങളിൽ സ്ത്രീ സൌഹൃദ ടോയലറ്റുകളുടെ അപര്യാപ്തത.
- വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിനുള്ള ആസൂത്രണ പ്രവർത്തനങ്ങളുടെ അപര്യാപ്തത.

7.1 കൃഷി – മണ്ണ് ജലസംരക്ഷണം – ഉപസമിതി

വികസന പരിപ്രേക്ഷ്യം

1) നെൽകർഷകർക്ക് ഉത്പാദന സബ്സിഡി
2) നെൽകൃഷിയ്ക്കായി ഉഴവുകൂലി, എല്ലാ പഞ്ചായത്തുകളിലും കർമ്മസേന
3) നെൽകൃഷിയ്ക്കായി എല്ലാ പഞ്ചായത്തുകളിലും വിള ആരോഗ്യ കേന്ദ്രങ്ങൾ
4) സുസ്ഥിര നെൽകൃഷി പ്രോട്ടോക്കോളുകൾ
5) പാലക്കാട് ജില്ലയ്ക്കായി ബയോ കൺട്രോൾ ലാബ്
6) നെൽകർഷകർ ഉത്പാദിപ്പിക്കുന്ന അരി ബ്രാൻഡ് ചെയ്ത് വിപണനം നടത്തുന്ന പദ്ധതി

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- മഴവെള്ള സംഭരണവും, ഭൂഗർഭ ജല സംഭരണവും കാര്യക്ഷമമാക്കുക, ജല സംഭരണികളും, ജലസ്രോതസ്സുകളും സംരക്ഷിക്കുക
- ജൈവകൃഷി പ്രോത്സാഹനം, കൃത്യതാ കൃഷി, സംരക്ഷിത കൃഷി എന്നിവയുടെ പ്രോത്സാഹനം, ജൈവവള കീടനാശിനി യൂണിറ്റുകൾ സ്ഥാപിക്കുക
- നല്ല നടീൽ വസ്തുക്കൾ ലഭ്യമാക്കുക, മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ കൃഷി ലാഭകരമാക്കുവാനുള്ള ഇടപെടൽ നടത്തുക
- സംയോജിത കൃഷി രീതികൾ വഴി കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുക
- ബ്ലോക്ക് തല വിപണന കേന്ദ്രങ്ങളും പച്ചക്കറി പഴം എന്നിവയുടെ മൊബൈൽ വിൽപ്പന യൂണിറ്റുകൾ ആരംഭിക്കുക
- നെൽകൃഷിയ്ക്കായി എല്ലാ പഞ്ചായത്തുകളിലും കർമ്മസേന രൂപീകരിക്കുക
- ദുരിതമനുഭവിക്കുന്ന കർഷകർക്ക് ഉപദേശവും മാനസിക പിന്തുണ നൽകാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക ആരോഗ്യതലത്തിൽ മാനസികാരോഗ്യ പദ്ധതികൾ ശക്തിപ്പെടുത്തണം.
- കർഷക തൊഴിലാളികളുടെ ക്ഷാമം കുറയ്ക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തൊഴിൽ ബാങ്കുകൾ തുടങ്ങണം.
- കാർഷിക രംഗത്ത് 100 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുന്ന എല്ലാ കർഷക തൊഴിലാളികൾക്കും പ്രോത്സാഹന ധനസഹായം നൽകുക

മേല്പട്ട് നിർദ്ദേശങ്ങൾ

- ✓ ഭാരതപ്പുഴ പുനരുജ്ജീവന പദ്ധതി നടപ്പിലാക്കുക
- ✓ നീർത്തട മാസ്റ്റർ പ്ലാനുകൾ കുറ്റമറ്റതായി തയ്യാറാക്കുക
- ✓ മണ്ണിൻ ഭൂക്ഷമത അനുസരിച്ചുള്ള ശാസ്ത്രീയ ഭൂവിനിയോഗം നടപ്പാക്കുക
- ✓ ജല സംഭരണ വിതരണ രീതികൾ കാര്യക്ഷമമാക്കുക
- ✓ ജലസേചന കലണ്ടർ തയ്യാറാക്കുക
- ✓ കാർഷികോൽപ്പന്ന സംഭരണ, വിപണന, സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുക
- ✓ കാലാവസ്ഥാ നിരീക്ഷണ സംവിധാനം ഒരുക്കുക
- ✓ വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനുള്ള സംവിധാനം ഒരുക്കുക
- ✓ മഴനിഴൽ പ്രദേശങ്ങൾക്ക് ജല ലഭ്യത, ജല സംഭരണം എന്നിവക്കുള്ള പദ്ധതികൾ നടപ്പിലാക്കുക
- ✓ പാലക്കാട് ജില്ലയ്ക്കായി ബയോ കൺട്രോൾ ലാബ്.
- ✓ എല്ലാ പഞ്ചായത്തുകളിലും ഒരു പൈതൃക കുന്ന് എന്ന നിലയിൽ വൈവിധ്യ പാർക്കുകൾ സ്ഥാപിക്കുക
- ✓ എല്ലാ തലത്തിലും ആവശ്യാനുസരണമുള്ള ഐ.സി.ടി പരിശീലനം ഒരുക്കണം. പ്രത്യേകിച്ച് യുവജനങ്ങൾ, സ്ത്രീകൾ, നാമമാത്ര കർഷകസമൂഹം.
- ✓ ഐ.സി.ടിയുടെ സഹായത്തോടെ ശരിയായ സമയത്ത് കർഷകർക്ക് വിപണന വിവരങ്ങൾ എത്തിക്കാൻ ആവശ്യമായ സങ്കേതം വികസിപ്പിക്കണം.
- ✓ കർഷകർക്കായുള്ള പെൻഷൻ പദ്ധതി കൂടുതൽ ആകർഷകമായി തുടരണം

സംയോജന സാധ്യതകൾ

- ➢ ജലസംഭരണം – മണ്ണു സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ കൃഷി വകുപ്പും, ജലസേചന വകുപ്പ്, മണ്ണുജല സംരക്ഷണവകുപ്പുമായി സംയോജിപ്പിക്കാവുന്നതാണ്.
- ➢ ജലസേചനം, ജലവിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് കൃഷിവകുപ്പും, ജലസേചന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പി.എം.കെ.എസ്.വൈ, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, എൻ.എഫ്.എസ്.എം എന്നീ പദ്ധതികളുമായി സംയോജിപ്പിക്കാം
- ➢ സംയോജിത കൃഷിക്കായി കൃഷി, മൃഗസംരക്ഷണം, മത്സ്യകൃഷി, ക്ഷീരവികസനം എന്നീ വകുപ്പുകൾ, എസ്.എച്ച്.എം, ആത്മ പദ്ധതികൾ എന്നിവയുമായി സംയോജിപ്പിച്ച് പ്രവർത്തിക്കാം
- ➢ ജൈവ വള കീടനാശിനി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, കുടുംബശ്രീ, കാർഷിക സർവ്വകലാശാലയുമായി സംയോജന സാധ്യത
- ➢ നെല്ല് സംഭരണത്തിനായി കുളങ്ങൾ സജ്ജമാക്കുന്നതിനും ശീതികരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും വിപണന സൌകര്യങ്ങൾക്ക്കൃഷി വകുപ്പ്, വ്യവസായ വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, എസ്.എച്ച്.എം പദ്ധതികൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി സംയോജിപ്പിക്കാം
- ➢ മണ്ണുജല സംരക്ഷണത്തിന് എം.ജി.എം.ആർ.ഇ.ജി.എസ്, ഡബ്ല്യൂ.ജി.ഡി.പി, എം.എം.എസ്.എ മുതലായ പദ്ധതികളുമായി സംയോജിപ്പിക്കാം

- ജലസേചന അടിസ്ഥാന സൌകര്യ വിപണന പദ്ധതികൾക്കായി പി.എം.കെ.എസ്.വൈ, ആ.കെ.വി.വൈ തുടങ്ങിയ കേന്ദ്ര പദ്ധതികളുമായും ആർ.ഐ.ഡി.എഫ്, എസ്.എച്ച്.എം തുടങ്ങിയവയുമായി സംയോജിപ്പിക്കാം
- യന്ത്രവത്കരണത്തിനായി കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, എ.എസ്.സി, കെ.കെ.എസ്, എസ്.എം.എ.എം, അക്രെഡിറ്റഡ് ഏജൻസികൾ, കമ്പനികൾ, കാർഷിക സർവ്വകലാശാല എന്നീ പദ്ധതികൾ പ്രയോജനപ്പെടുത്താം
- കൃഷി, കൃഷി അനുബന്ധ മേഖലകൾ വഴി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുമായും സംയോജിപ്പിച്ച് നടപ്പിലാക്കാം
- വന്യജീവി ആക്രമണ നിയന്ത്രണം കൃഷിവകുപ്പ്, വനം വകുപ്പുമായി സംയോജിച്ച് നടപ്പിലാക്കാം
- നീർത്തടാഅടിസ്ഥാനത്തിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ്, മണ്ണ് പര്യവേക്ഷണ, മണ്ണ് സംരക്ഷണ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുക.
- ചെക്ക് ഡാമുകൾ, സ്കൂയിസ്സുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ നടത്തി വെള്ളത്തിൻറെ ഒഴുക്കിനെ ക്രമീകരിക്കാൻ ജലസേചന വകുപ്പ്, മണ്ണുപര്യവേക്ഷണ –മണ്ണുസംരക്ഷണ വകുപ്പ്, കൃഷി വകുപ്പ്, തദ്ദേശസ്വയം ഭരണ വകുപ്പ്.
- തീറ്റപ്പുൽ കൃഷി വ്യാപിപ്പിച്ച് കാലികൾക്ക് തീറ്റപ്പുൽ ലഭ്യമാക്കി നൽകുക- മൃഗസംരക്ഷണം, ക്ഷീരവികസനം, കൃഷിവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, എം.ജി.എൻ.ആർ.ഇ.ജി.എസ്.

7.2 ജലസേചനം – ഉപസമിതി

വികസന ഹ്രസ്യകാല പരിപ്രേക്ഷ്യം

ക്രമ നമ്പർ	വികസന കാഴ്ചപ്പാട് വിശദംശങ്ങൾ
1	ചെറുകിട ജലസേചന പദ്ധതികളുടെ നവീകരണം
2	കനാലുകളുടെ പുനരുദ്ധാരണം, നവീകരണം
3	ജലാശയങ്ങൾ വൃത്തിയാക്കൽ, സംരക്ഷണം (കുളങ്ങൾ, തടാകങ്ങൾ, തോട്ടുകൾ)
4	ജലസ്രോതസുകൾ മാലിന്യവിമുക്തമാക്കുക
5	ജലസേചന സ്കീമ്മുകളുടെ നവീകരണം
6	പദ്ധതി പ്രദേശങ്ങളിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ
7	പുതിയ തടയണകൾ, അടിയണകൾ തുടങ്ങിയവയുടെ നിർമ്മാണം

ദീർഘകാല വികസന പരിപ്രേക്ഷ്യം

ക്രമ നമ്പർ	വികസന കാഴ്ചപ്പാട് വിശദംശങ്ങൾ
1	ജലസംരക്ഷണം വഴി ജലസേചനമേഖലാ വികസനം

2	ഹരിതകേരള മിഷനുമായി ബന്ധിപ്പിക്കൽ
3	ജില്ലയിൽ ലഭ്യമായ ജലം ഒരു തുള്ളി പോലും പാഴാക്കാതെ സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികൾ
4	പുതിയ ജലസ്രോതസ്സുകളുടെ സാധ്യത
5	ഭാരതപ്പുഴയുടെ പുനരുജ്ജീവനം
6	നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങൾ
7	ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കാൻ അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്യുക
8	പുഴകളിലെ മണ്ണ് ഖനനം കർശനമായി നിയന്ത്രിച്ച് ഭൂഗർഭ ജലവിതാനം ഉയർത്താൻ
9	കർഷക പങ്കാളിത്ത ജലസേചനം
11	നിലവിലുള്ള ജലസേചന പദ്ധതികൾ സംരക്ഷിച്ച് പൂർണ്ണ സജ്ജമാക്കുക
12	പദ്ധതികളുടെ വൃഷ്ടിപ്രദേശം സംരക്ഷിക്കുക

വികസന ലക്ഷ്യങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ

ക്രമ നമ്പർ	വികസന കാഴ്ചപ്പാട് വിശദംശങ്ങൾ
1	ചിറ്റൂർപ്പുഴ പദ്ധതിയിൽ നിന്നുള്ള വലതുകരകനാൽ ദീർഘിപ്പിക്കുന്ന പദ്ധതി നടപ്പാക്കൽ
2	മഴനിഴൽപ്രദേശങ്ങളായ എരുത്തേമ്പതി, വടകരപ്പതി എന്നീ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ നടത്തിപ്പ്
3	കൽപ്പാത്തിപുഴയിൽ മുക്കൈമുതൽകല്ലേക്കാട് വരെയുള്ള പുഴയുടെ എല്ലാ തരത്തിലുള്ള നവീകരണപ്രവർത്തികളുംപുനരുദ്ധാരണവുംഉൾപ്പെടെപുഴസംരക്ഷിക്കുന്നതിനുള്ളപദ്ധതി
4	സീതാർകുണ്ടിൽ ഡാം നിർമ്മിച്ച് ചുള്ളിയാർ ഡാമിലേക്ക് ജലമെത്തിക്കാൻ അയ്യപ്പൻമല-വഴുക്കുപാറ ഡാം നിർമ്മിച്ച് കനാൽ ശൃംഖല സ്ഥാപിക്കൽ
5	ഭാരതപ്പുഴയിൽഒഴുകിപ്പോകുന്ന വെള്ളം തടഞ്ഞു നിർത്തി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ
6	ജലസംരക്ഷണം
7	നിലവിലെ ജലസേചന സ്രക്ചറുകളുടെ നവീകരണം
8	പുഴകളുടെ സംരക്ഷണം

9	തടയണ /അടിയണ നിർമ്മാണം
10	ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ നവീകരണം
11	നിലവിലുള്ള കുളങ്ങൾ, തോടുകളുടെ നവീകരണം
12	കനാൽ ശൃംഖലകളുടെ നവീകരണം
13	ജലസേചന മേഖലയുമായി ബന്ധപ്പെട്ട വിവരശേഖരണ ഗവേഷണ പ്രവർത്തനങ്ങൾ, ഗുണനിലവാര പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾക്ക് ആവശ്യമായ പരിശോധന ലാബുകളുടെ നവീകരണം
14	കർഷക പങ്കാളിത്ത ജലസേചനം
15	പദ്ധതി പ്രദേശങ്ങളിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കൽ
16	പദ്ധതികളുടെ വൃഷ്ടിപ്രദേശം സംരക്ഷിക്കുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- കനാൽ, പൊതുകുളങ്ങൾപുനരുദ്ധാരണ പണികൾ, തടയണകൾ നിർമ്മാണം എന്നിവ നടപ്പിലാക്കുക
- പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- നദികളുടെ സംരക്ഷണവും നീരൊഴുക്കും മാലിന്യമുക്തമാക്കണം
- ജലസ്രോതസ്സുകൾ, കനാലുകൾ എന്നിവയിലുള്ള അനധികൃതമായ കൈയ്യേറ്റം ഒഴിവാക്കി അളന്നു തിട്ടപ്പെടുത്തി പൂർവ്വസ്ഥിതിയിലാക്കി അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കേണ്ടതാണ്.
- ഹരിതകേരളം മിഷൻന്റെ ഭാഗമായി ജലസംരക്ഷണ – നീർത്തടാധിഷ്ഠിത വികസനം പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതാണ്.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ നിലവിലെ സംഭരണികളുടെയുംജലസേചനഘടനകളുടെയും കനാലിന്റെയും നവീകരണത്തിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കേണ്ടതാണ്.
- ✓ കനാലിന്റെ പരിപാലനത്തിനും ജലവിതരണത്തിനും വേണ്ട ലസ്കർ/കനാൽ വാച്ച്മാൻ എന്നീ ഉദ്യോഗസ്ഥരുടെ കുറവും പരിഹരിക്കേണ്ടതാണ്.
- ✓ മലമ്പുഴ ജലസേചന പദ്ധതിയിൽ നിന്നും കിൻഫ്ര പാർക്കിനു വേണ്ടി ജലം ലഭ്യമാക്കരുത്

- ✓ പറമ്പിക്കുളം – ആളിയാർ പദ്ധതിയിലെ അധിക ജലം ലഭിക്കാനുള്ള സാധ്യത പരിശോധിക്കാൻ
- ✓ ജില്ലയുടെ കാർഷിക ജലവിതരണ കലണ്ടർ മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്.
- ✓ ഭാരതപ്പുഴ സംരക്ഷണ പദ്ധതി
- ✓ ജലസേചന കനാലുകളുടെ പുനരുദ്ധാരണവും ദീർഘിപ്പിക്കലും
- ✓ ചിറ്റൂർ പുഴയിൽ ബ്ലോക്ക് പരിധിയിൽ വിവിധ സ്ഥലങ്ങളിൽ തടയണ നിർമ്മാണം
- ✓ നെല്ലിയാമ്പതിയിലെ കുനംപാലം പുഴയിലെ വെള്ളം പോത്തുണ്ടി ഡാമിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതി
- ✓ നദികളുടെ സംരക്ഷണം സാധ്യതാ പഠനത്തിന് വിധേയമാക്കുന്നതിനുശേഷം പദ്ധതികൾക്ക് രൂപം നൽകുക. തടയണകൾ ബന്ധാര സംവിധാനമനുസരിച്ച് നടപ്പിലാക്കുക.

സംയോജന സാധ്യതകൾ

- ➢ കേരള വാട്ടർ അതോറിറ്റി സമഗ്ര കുടിവെള്ള പദ്ധതികളുമായി പഞ്ചായത്തുകളുടേയും നഗരസഭകളുടേയും പദ്ധതികളെ സംയോജിപ്പിക്കുക
- ➢ ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ എന്നിവരുടെ പ്രാദേശിക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ സമഗ്ര കുടിവെള്ള പദ്ധതി ഘടകങ്ങൾ പൂർത്തീകരിക്കാനായി ഏകോപിപ്പിക്കാവുന്നതാണ്.
- ➢ കിഴക്കൻ മേഖലയിലെ ഏരുത്തേമ്പതി, വടകരപ്പതി എന്നീ പഞ്ചായത്തുകൾക്ക് നടപ്പാക്കുന്ന കുടിവെള്ള പദ്ധതിക്കായി ജലക്രാന്തി അഭിയാൻ, എം.എൻ.ആർ.ഇ.ജി.എസ് എന്നീ പദ്ധതികളുടെ ഫണ്ടുകൾ സംയോജിപ്പിക്കാവുന്നതാണ്.
- ➢ പുതിയ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഇറിഗേഷൻ വകുപ്പ്, ത്രിതല പഞ്ചായത്ത്, കർഷക സമിതികൾ, കൃഷി വകുപ്പ് എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പിലാക്കേണ്ടതാണ്.
- ➢ നദികളുടെ സംരക്ഷണവും നീരൊഴുക്കും മാലിന്യമുക്തമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുമായി കൂടിയാലോചനകൾ നടത്തി നടപ്പിലാക്കേണ്ടതാണ്.
- ➢ ജലസ്രോതസ്സുകൾ, കനാലുകൾ എന്നിവയിലുള്ള അനധികൃതമായ കൈയ്യേറ്റം ഒഴിവാക്കി അളന്നു തിട്ടപ്പെടുത്തി പൂർവ്വസ്ഥിതിയിലാക്കി അതിർത്തിക്കല്ല് സ്ഥാപിക്കുന്ന പ്രവൃത്തികൾ റവന്യൂ, പഞ്ചായത്ത് എന്നീ വകുപ്പുകൾ സംയോജിച്ച് നടപ്പിലാക്കേണ്ടതാണ്.
- ➢ ഹരിതകേരളം മിഷനുമായി ജലസംരക്ഷണ പ്രവർത്തനങ്ങൾ നീർത്തടാധിഷ്ഠിത വികസനം നടപ്പിലാക്കുന്നതിന് ത്രിതല പഞ്ചായത്ത്, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകളുമായി കൂടിയാലോചന നടത്തി നടപ്പിലാക്കേണ്ടതാണ്.
- ➢ കൃഷിവകുപ്പുമായി സംയോജിച്ച് കാർഷിക കലണ്ടർ തയ്യാറാക്കുക

7.3 മൃഗസംരക്ഷണം &ക്ഷീരവികസനം ഉപസമിതി

പരിപ്രേക്ഷ്യം ഹ്രസ്വ / ദീർഘകാലം

- പാലുൽപ്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുക, മുട്ട, മാംസം എന്നിവയുടെ ആഭ്യന്തര ഉൽപ്പാദന വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയുള്ള പ്രവർത്തനങ്ങൾക്കാണ് ജില്ലയിൽ മൃഗസംരക്ഷണ മേഖലയിൽ ഊന്നൽ നൽകേണ്ടത്.
- പൊതുസ്ഥലങ്ങളിലുള്ള പുൽകൃഷിയുടെ വ്യാപനം, വ്യാവസായിക അടിസ്ഥാനത്തിലുള്ള പുൽകൃഷി ഉത്പാദനവും അതോടൊപ്പം വർഷകാലത്ത് ഉൽപാദിപ്പിക്കുന്ന അധിക പച്ചപ്പുല്ലിനെ സൈലേജ് ആക്കി മാറ്റിക്കൊണ്ട് വേനല്ക്കാലത്തെ ദൌർലഭ്യം പരിഹരിക്കുവാൻ കഴിയണം. തെങ്ങിൻ തോപ്പുകൾ കൂടുതലുള്ള ചിറ്റൂർ, കൊല്ലങ്കോട്, അട്ടപ്പാടി ബ്ലോക്കുകളിൽ ഇതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.
- മുട്ടയുൽപാദനം പ്രധാനമായും വീട്ടുവളപ്പിലെ കോഴിവളർത്തലിലൂടെയാണ് ജില്ലയിൽ സാധ്യമാകുന്നത്. ഇത് ശക്തിപ്പെടുത്തുന്നതിലൂടെ കുറഞ്ഞ ചെലവിൽ മുട്ടയുൽപാദനം സാധ്യമാകും. ഒപ്പം തന്നെ ജനസാന്ദ്രത കുറഞ്ഞ അട്ടപ്പാടി മേഖലയിൽ ഇൻഡസ്ട്രിയൽ പാർക്ക് മാതൃകയിൽ പൌൾട്രി എസ്റ്റേറ്റ് നിർമ്മിച്ച് ഉൽപാദകർക്ക് കൊടുത്ത് ഏകീകൃത ഉൽപാദനം വൻകിട കോഴി ഫാമുകൾ മാതൃകയിൽ ചെയ്യുവാൻ കഴിയും. ഈ സാധ്യതയും പരിശോധിക്കപ്പെടണം. ഇതിന് ആവശ്യമായ കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തണം.
- കന്നുകുട്ടി പരിപാലന പദ്ധതി മാതൃകയിൽ കാളക്കുട്ടി പരിപാലന പദ്ധതി ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇറച്ചി ഉത്പാദനത്തിന് മുയൽ, കാട, പന്നി തുടങ്ങിയവയുടെ പരിപാലനത്തിന് മതിയായ പ്രാധാന്യം നൽകേണ്ടതുണ്ട്. പന്നിവളർത്തൽ ഒരു പരിധിവരെ ജൈവ മാലിന്യങ്ങളെ ഉപയോഗിച്ച് ഗുണമേന്മയുള്ള മാംസ്യമാക്കി മാറ്റുന്നതിൽ മുഖ്യ പങ്ക് വഹിക്കുന്നു. അതുപോലെ തന്നെ വീടുകളിലെ ജൈവമാലിന്യങ്ങളെ ഗുണമേന്മയുള്ള മുട്ടയാക്കി മാറ്റുന്നതിനും വരുമാന സ്രോതസ്സാക്കി മാറ്റുന്നതിനും കോഴി വളർത്തലിലൂടെ കഴിയും.
- ജില്ലാ കലക്റ്റുടെ നിർദ്ദേശാനുസരണം കന്നുകാലികൾക്ക് തീറ്റ വിതരണം / ധാതുലവണ മിശ്രിതം വിതരണം / സൂര്യഘാതം ഉണ്ടാവുകയാണെങ്കിൽ ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള സൌകര്യങ്ങൾ എന്നിവയ്ക്കായ് 18 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.
- നാഷണൽ അഡാപ്ഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് എന്ന കേന്ദ്രപദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 10 കോടി രൂപയുടെ പദ്ധതി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- ആട് വളർത്തൽ പദ്ധതിക്ക് കൂടുതൽസാധ്യതയുള്ള അട്ടപ്പാടി ബ്ലോക്കിൽ ആടുവളർത്തൽ, ആട് സാറ്റലൈറ്റ് യൂണിറ്റ് പദ്ധതികൾ നടപ്പിലാക്കുക
- പുതിയ വരുമാന മേഖല എന്ന നിലയ്ക്ക് മുയൽവളർത്തൽ, കാട വളർത്തൽ എന്നിവ നടപ്പാക്കുക
- തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴുത്തു നിർമ്മാണ പദ്ധതി ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കുക

- മുട്ടയുൽപ്പാദന വർദ്ധനവിനായി വീടുവളപ്പിലെ കോഴിവളർത്തൽ, സ്കൂൾ പൌൾട്രി ക്ലബ്, ഇൻഡസ്ട്രിയൽ പാർക്ക് മാതൃകകളിൽ പൌൾട്രി എസ്റ്റേറ്റ് പദ്ധതികൾ നടപ്പിലാക്കുക.
- കുടുംബശ്രീ യൂണിറ്റുകൾ വഴി മൃഗസംരക്ഷണ സംരംഭങ്ങൾ, വിപണന കേന്ദ്രങ്ങൾ എന്നിവ നടപ്പിലാക്കുക.
- കുടുംബശ്രീ യൂണിറ്റുകൾ വഴി ആട് ഗ്രാമം പദ്ധതി, തീറ്റപ്പുൽകൃഷി, കറവപ്പശുവളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ എന്നിവ നടപ്പിലാക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ കാലിത്തീറ്റ ഗുണനിലവാര നിർണ്ണയ ലബോറട്ടറി സംവിധാനം ജില്ലാതലത്തിൽ ആരംഭിക്കുക
- ✓ ജില്ലയിൽ ജനിക്കുന്ന 50% പശുക്കുട്ടികളെയെങ്കിലും കന്നുക്കുട്ടി പരിപാലനം പദ്ധതിയുടെ കീഴിൽ കൊണ്ടുവരുക. ആയതിനായി കന്നുക്കുട്ടി പരിപാലന പദ്ധതി സർക്കിളുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ✓ സാമൂഹിക വനവൽക്കരണ പരിപാടിയുടെ ഭാഗമായി ഫോർഡർ മരങ്ങൾ നശിപ്പിക്കുന്നതിനുള്ള പദ്ദതി മാറ്റം വരുത്തുകയും പദ്ധതിയുമായി സംയോജിച്ച് പുൽകൃഷി വ്യാപകമാക്കുക.
- ✓ പാൽവില നിർണ്ണയം ശാസ്ത്രീയമാക്കുക, ഫാമുകൾക്ക് ഏകജാലക സംവിധാനത്തിലൂടെൻലൈസൻസ് ഏർപ്പെടുത്തുക. ഫാമുകൾ തുടങ്ങുന്നതിന് കുറഞ്ഞ നിരക്കിൽ വായ്പകൾ അനുവദിക്കുകയും ചെയ്യുക
- ✓ കർഷകർ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുന്നതിനായി ഒരു പാൽ ഉൽപ്പന്നനിർമ്മാണ ഫാക്ടറി തുടങ്ങുക
- ✓ കറവ പശുക്കളുടെ വേനൽക്കാല സംരക്ഷണ പദ്ധതി ആവിഷ്കരിക്കുകയും ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ വൈക്കോലും സംഭരിക്കപ്പെടുന്നതിനുള്ള മാർഗ്ഗം അവലംബിക്കുകയും ചെയ്യുക
- ✓ ഇറച്ചി ഉൽപ്പാദനം ശാസ്ത്രീയമായി പുനസംഘടിപ്പിക്കണം. അതിലൂടെ പൊതുസ്ഥലങ്ങളിലും, വൃത്തിഹീനമായ സ്ഥലങ്ങളിലുമുള്ള കശാപ്പ് നിരോധിക്കുക, അറവു മാലിന്യങ്ങൾസംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക
- ✓ ജില്ലയിലെ എഗ്ഗർ നഴ്സറികൾ വർദ്ധിപ്പിക്കുകയും, അവയുടെ നിലവിലെ ഉൽപ്പാദന ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക
- ✓ ആധുനിക കാലത്തിൻവെല്ലുവിളികൾ നേരിടാൻ പാകത്തിന് വെറ്റിനറി വകുപ്പുകളെ പു:നസംഘടിപ്പിക്കുക
- ✓ ജന്തുജന്യരോഗ നിയന്ത്രണം, തെരുവുനായ ശല്യം, കന്നുകാലികളിലെ പരാദരോഗങ്ങൾ എന്നിവ നിയന്ത്രിക്കുന്നതിനായി സമഗ്ര പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.
- ✓ രാത്രികാല ചികിത്സാ സേവനത്തിനായി ബ്ലോക്ക് തലത്തിലുള്ള ഡോക്ടർമാരുടെ നിയമനം 13 ബ്ലോക്ക് കേന്ദ്രങ്ങളിലേക്കും വ്യാപിപ്പിക്കുക. എല്ലാ വെറ്റിനറി ആശുപത്രികളിലും ലബോറട്ടറി സൌകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക
- ✓ ചെക്ക് പോസ്റ്റുകൾ വഴിയുള്ള കന്നുകാലികളുടെ കടന്നുപോക്ക് രാവിലെ 6 മണി മുതൽ വൈകീട്ട് 6 മണിവരെ എന്നരീതിയിൽ നിയന്ത്രണവിധേയമാക്കുക.

സംയോജന സാധ്യതകൾ

- മൃഗസംരക്ഷണ മേഖലയിലെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് കഞ്ഞിക്കുഴി മോഡൽ വിപണന കേന്ദ്രങ്ങൾ - കൃഷി വകുപ്പുമായി സംയോജിച്ച് നടപ്പാക്കുക
- ജന്തുജന്യ രോഗങ്ങൾ തടയുന്നതിനായി ആരോഗ്യവകുപ്പുമായി സഹകരിക്കുക

7.4 മത്സ്യബന്ധനം ഉപസമിതി

വികസന കാഴ്ചപ്പാട്

ക്രമ നം	കാഴ്ചപ്പാട്	സൂചകം	ഇപ്പോഴത്തെ അവസ്ഥ	ലക്ഷ്യങ്ങൾ
1	മത്സ്യ വിത്തുൽപ്പാദനം വർദ്ധിപ്പിക്കുക	മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ	5 എണ്ണം	നിലവിലുള്ള മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക
		മത്സ്യ വിത്ത് റിയറിംഗ് സെൻററുകൾ	ഇല്ല	പട്ടാമ്പി, തൃത്താല, ഒറ്റപ്പാലം ബ്ലോക്കുകളിൽ റിയറിംഗ് സെൻററുകൾ സ്ഥാപിക്കുക
2	മത്സ്യകൃഷിയിലെ വൈവിദ്ധ്യവൽക്കരണം	സംയോജിത മത്സ്യകൃഷി		ഒരു കൃഷിയിടത്തിൽ വിവിധ കൃഷിരീതികൾ നടപ്പിലാക്കുക (സംയോജിത മത്സ്യകൃഷി)
		അലങ്കാര മത്സ്യകൃഷി		വ്യക്തിഗത/ഗ്രൂപ്പുകൾക്ക് അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ
		പടുതാക്കുളം		ജലദൌർബല്യം നേരിടുന്ന സ്ഥലങ്ങളിൽ പടുതാക്കുളങ്ങളിലെ മത്സ്യകൃഷി
		കൂടുകൃഷി		ആഴകൂടിയ ക്വാറി കുളങ്ങളിൽ വിളവെടുപ്പ് സുഗമമമാക്കുന്നതിനായി കൂടുകൃഷി
		അക്വാപോണിക്സ് കൃഷി രീതി		കുറഞ്ഞ സ്ഥലവിസ്തൃതിയിൽ നിന്നും കൂടുതൽ ഉൽപ്പാദനം ഉറപ്പാക്കുന്നതിനായി അക്വാപോണിക്സ്
3	അണക്കെട്ടുകളിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുക	കൂടു കൃഷി	ഇല്ല	ജില്ലയിലെ 7 അണക്കെട്ടുകളിൽ കൂടു കൃഷി

4	അടിസ്ഥാന സൌകര്യ വികസനം	ബ്ലോക്ക് തലത്തിൽ മത്സ്യഭവനുകൾ	ഇല്ല	ബ്ലോക്ക് തലത്തിൽ മത്സ്യഭവനകളും സാങ്കേതിക ജീവനക്കാരും
		മൊത്ത മാർക്കറ്റുകളുടെ നവീകരണം	4	നിലവിലുള്ള 4 മൊത്ത മാർക്കറ്റുകളെ നവീകരിക്കൽ
		വെബ് അധിഷ്ഠിത വിപണി	ഇല്ല	കർഷകന് മെച്ചപ്പെട്ട വില ഉറപ്പ് വരുത്തുന്നതിനായി വെബ് അധിഷ്ഠിത വിപണി
		മത്സ്യോല്പാദന ഉപാധികൾ	ഇല്ല	മത്സ്യത്തീറ്റ, വല, എയറേറ്റർ തുടങ്ങിയ അനുബന്ധ സാമഗ്രികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി സഹകരണ മത്സ്യ സ്റ്റോറുകൾ
		മണ്ണ്, ജലപരിശോധന, മത്സ്യരോഗനിർണ്ണയ കേന്ദ്രം	ഇല്ല	മണ്ണ്, ജലപരിശോധന, മത്സ്യരോഗ നിർണ്ണയം എന്നിവയ്ക്കായി പരിശോധന കേന്ദ്രം സ്ഥാപിക്കുക
		സഞ്ചരിക്കുന്ന അക്വാലാബ്	ഇല്ല	ഫീൽഡ് സന്ദർശനത്തിനും സാമ്പിൾ ശേഖരണത്തിനും സഞ്ചരിക്കുന്ന അക്വാലാബ്
		മൂല്യവർദ്ധിത ഉത്പന്ന നിര്മ്മാണ യൂണിറ്റുകൾ	ഇല്ല	മൂല്യവർദ്ധന ഉത്പന്നങ്ങളുടെ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി നിർമ്മാണ യൂണിറ്റുകൾ
5	മത്സ്യ സമ്പത്തിൻറെ സംരക്ഷണം	മത്സ്യങ്ങളുടെ സംരക്ഷിത മേഖല	ഇല്ല	സ്വാഭാവിക പ്രജനന പ്രദേശങ്ങൾ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുക
				വിനാശകരമായ മത്സ്യബന്ധന രീതികൾക്കെതിരായി ബോധവത്ക്കരണം
6	പൊതുജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കൽ	മത്സ്യവിത്ത് നിക്ഷേപം	ഉണ്ട്	മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പൊതു ജലാശയങ്ങളിൽ മത്സ്യ വിത്ത് നിക്ഷേപം
7	ജലാശയങ്ങളുടെ സംരക്ഷണം	കുളങ്ങളുടെ നവീകരണം	ഇല്ല	ഉപയോഗിക്കാത്ത ജലാശയങ്ങൾ നവീകരിച്ച് മത്സ്യകൃഷി വ്യാപിപ്പിക്കുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- മത്സ്യകൃഷി കൂടതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി പൊതു ജലാശയങ്ങൾ പാട്ടത്തിനുവ്യക്തികൾക്കോ, ഗ്രൂപ്പുകൾക്കോ നൽകാവുന്നതാണ്.
- മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്.
- മത്സ്യക്കുഞ്ഞുങ്ങൾ കർഷകർക്ക് സൌജന്യനിരക്കിൽ നൽകുന്നതിന് ഗ്രാമപഞ്ചായത്തുകൾ വഴി പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- പടുതാക്കുളങ്ങൾ വീട്ടുവളപ്പിൽ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾപദ്ധതി തയ്യാറാക്കാവുന്നതാണ്.
- സാധാരണ രീതിയിലുള്ള കൃഷിരീതിയ്ക്ക് ഉപരി വരുമാന വർദ്ധനവ് ഉറപ്പു വരുത്തുന്നതിന് ഏകവർഗ്ഗ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.
- അടിസ്ഥാന സൌകര്യങ്ങളോടുകൂടിയുള്ള മത്സ്യ ഉത്പാദന – വിപണന കേന്ദ്രം സ്ഥാപിക്കണം
- അണക്കെട്ടുകളിലെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് മത്സ്യക്കുഞ്ഞുങ്ങൾ യഥാസമയം നിക്ഷേപിക്കേണ്ടതാണ്.
- കൃഷിക്കാർക്ക് ഉല്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി ഒരു ഫാം കമ്പനി രൂപീകരിക്കാവുന്നതാണ്.
- അലങ്കാരമത്സ്യകൃഷിയുടെ പ്രചരണത്തിനായി വ്യക്തികൾക്കോ, ചെറുകിട യൂണിറ്റുകൾക്കോ ഗ്രൂപ്പുകൾക്കോ വേണ്ട സൌകര്യങ്ങൾ ഒരുക്കി കൊടുക്കാവുന്നതാണ്.
- പിടിച്ചെടുത്ത മത്സ്യം വിപണിയിൽ എത്തിക്കുന്നതുവരെ സൂക്ഷിക്കുന്നതിന് ബ്ലോക്ക്തലത്തിൽ ശീതികരണ സംവിധാനം ഏർപ്പെടുത്താവുന്നതാണ്.
- വിപണന മേഖലയിൽ നിലവിലുള്ള മൊത്ത വില്പന കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തി ആധുനിക വിപണന കേന്ദ്രങ്ങളായി മാറ്റുന്നതിന് പദ്ധതി തയ്യാറാക്കേണ്ടതാണ്.
- മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദനോപാദികൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾഏറ്റെടുക്കാവുന്നതാണ്.
- മാലിന്യനിർമ്മാർജ്ജനത്തിന് മത്സ്യങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ✓ നിലവിലുള്ള മത്സ്യവിത്തുല്പാദന കേന്ദ്രങ്ങളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതാണ്.
- ✓ തദ്ദേശീയ മത്സ്യ ഇനങ്ങളുടെ സംരക്ഷണം ഉറപ്പു വരുത്തന്നതിനായി വിശദമായ പഠനം നടത്തേണ്ടതുണ്ട്. സ്വാഭാവിക പ്രജനനം നടത്തുന്ന നദീപ്രദേശങ്ങളിൽ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കാവുന്നതാണ്.
- ✓ നൂതന കൃഷിരീതിയായ കൂടു മത്സ്യകൃഷി അണക്കെട്ടുകളിൽ പ്രോത്സാഹിക്കപ്പെടേണ്ടതാണ്.
- ✓ എല്ലാ പൊതുകുളങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാവുന്നതാണ്
- ✓ ബ്ലോക്ക് തലത്തിൽ മത്സ്യഭവങ്ങൾ സ്ഥാപിക്കുന്നത് ഉചിതമായിരിക്കും

- ✓ വിനാശകരമായ മത്സ്യബന്ധന രീതികൾ തടയുന്നതിനായി ബോധവൽക്കരണം നടത്തേണ്ടതുണ്ട്. ഇതിനായി ഫിഷറീസ് മാനേജ് മെൻറ് സമിതികൾ രൂപീകരിക്കാവുന്നതാണ്.
- ✓ പുഴകളിലും മറ്റു സ്വഭാവിക ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാവുന്നതാണ്.
- ✓ മണ്ണ്, ജലപരിശോധന, രോഗനിർണ്ണയം എന്നിവയ്ക്കായി ജില്ലയിൽ ഒരു പരിശോധന കേന്ദ്രവും, സഞ്ചരിക്കുന്ന അക്വാലാബും ആവശ്യമാണ്.

സംയോജന സാധ്യതകൾ

- ➢ കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ട് മത്സ്യകൃഷി നടപ്പിലാക്കുന്നതിലൂടെ കൃഷിചെലവ് കുറയുകയും നഷ്ടം കുറയ്ക്കുന്നതിനും കഴിയും
- ➢ മണ്ണു സംരക്ഷണ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി ഏകോപിപ്പിച്ച് നവീകരിച്ച കുളങ്ങളിൽ മത്സ്യകുഞ്ഞു നിക്ഷേപം
- ➢ വ്യവസായ വകുപ്പുമായി ചേർന്ന് ശീതീകരണ സംവിധാങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക
- ➢ വ്യവസായ വകുപ്പുമായി ചേർന്ന് വെബ് അധിഷ്ഠിത വിപണി സംവിധാനം നടപ്പിലാക്കുക
- ➢ മത്സ്യവിത്ത് റിയറിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുക — തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്
- ➢ സംയോജിത മത്സ്യകൃഷി പരിശീലനം, സാങ്കേതിക സാമ്പത്തിക സഹായം — തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, കൃഷി, മൃഗസംരക്ഷണവകുപ്പുകൾ, ഹരിതകേരളം
- ➢ അലങ്കാര മത്സ്യകൃഷി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം
- ➢ പടുതാക്കുളങ്ങളിലെ മത്സ്യകൃഷി -തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം.
- ➢ കുളങ്ങളിലെ കൂടുകൃഷി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം
- ➢ അക്വാപോണിക്സ് - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം
- ➢ ഏകവർഗ്ഗ കൃഷി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്
- ➢ അണക്കെട്ടുകളിൽ കൂടുകൃഷി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ജലസേചന വകുപ്പ്
- ➢ ആധുനിക മത്സ്യവിപണന കേന്ദ്രങ്ങൾ - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്
- ➢ നിലവിലുള്ള മത്സ്യ മാർക്കറ്റുകളുടെ നവീകരണം - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്
- ➢ വെബ് അധിഷ്ഠിത വിപണി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, വ്യവസായ വകുപ്പ്
- ➢ സഹകരണ മത്സ്യസ്റ്റോറുകൾ - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, സഹകരണവകുപ്പ്
- ➢ മൂല്യവർദ്ധിത ഉൽപ്പന്ന നിര്മ്മാണ യൂണിറ്റുകൾ - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, വ്യവസായ വകുപ്പ്
- ➢ മത്സ്യങ്ങൾക്ക് സംരക്ഷിത മേഖലകൾ - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം
- ➢ പൊതുജലാശയങ്ങളിൽ മത്സ്യക്കുഞ്ഞു നിക്ഷേപം - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം
- ➢ ഉപയോഗിക്കാത്ത ജലാശയങ്ങളിൽ മത്സ്യകൃഷി - തദ്ദേശസ്വയംഭരണ സ്ഥാപനം, മത്സ്യവകുപ്പ്, ഹരിതകേരളം, മണ്ണ് — ജലസംരക്ഷണ വകുപ്പ്.

7.5 പരിസ്ഥിതി, കാലാവസ്ഥ, വനം - വികസനം ഉപസമിതി

വികസന പരിപ്രേക്ഷ്യം

ഹ്രസ്വകാലം കാഴ്ചപ്പാട്

- ജില്ലയിലെ ഇക്കോടൂറിസം നടത്തുന്ന കേന്ദ്രങ്ങളിലേക്ക് ഒരു ടൂറിസം പാക്കേജ് ആരേഭിക്കുന്നത് വളരെ അത്യാവശ്യമാണ്. ജില്ലാ ആസ്ഥാനത്ത് എത്തുന്ന വ്യക്തികൾക്ക് മൂന്നു ദിവസങ്ങൾ കൊണ്ട് മടങ്ങാവുന്ന രീതിയിൽ ഒരു ഗൈഡഡ് ടൂറിസം എന്തുകൊണ്ടും ആലോചിക്കാവുന്നതാണ്. അതിനായി ഒരു ടൂറിസം ഇൻഫർമേഷൻ സെന്റർ ആരംഭിക്കുകയും ടി സെന്ററിൽ ജില്ലയിലെ എല്ലാ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊടുക്കാനും അതിനാവശ്യമായ ചെറു വാഹനങ്ങൾ അനുവദിച്ച് മേൾ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനും തിരിച്ച് ഇതേ സ്ഥാനത്തുതന്നെ എത്തുന്നതിനുള്ള ഒരു ശൃംഖല അനുവദിക്കാവുന്നതാണ്. ടി സെന്റർ മറ്റ് ഇക്കോ ടൂറിസം കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി മുറികൾ ബുക്ക് ചെയ്യുന്നതിനും താമസം, ഭക്ഷണം, സുരക്ഷിതമായ യാത്ര എന്നിവ ഉറപ്പ് വരുത്താനുമുള്ള സംവിധാനങ്ങളും മറ്റു വകുപ്പുകളുമായിച്ചേർന്ന് ആരംഭിക്കാവുന്നതാണ്.

ദീർഘകാല കാഴ്ചപ്പാട്

- കേരളത്തിൽ സൂര്യതാപം മൂലം ജീവജാലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ ഏറയും ഭൌമശാസ്ത്രപരമായ പ്രത്യേകതകളാൽ പാലക്കാടിന് സംഭവിക്കാൻ ഇടയുള്ളത് എന്നുള്ളതിനാൽ ഇതു സംബന്ധിച്ച സമഗ്ര ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര സ്ഥാപനം പാലക്കാട് സ്ഥാപിക്കേണ്ടത് അത്യാന്താപേക്ഷിതമാണ്. 2016 വർഷത്തിലെ മാർച്ച് മുതൽ മെയ് വരെയുള്ള കണക്കുകൾ എടുത്ത് പരിശോധിക്കുകയാണെങ്കിൽ ഏറ്റവും കൂടുതൽ പേർക്ക് സൂര്യതാപം ഏറ്റിരിക്കുന്നത് ചിറ്റിലഞ്ചേരി പാലപ്പുറം, പുതുശ്ശേരി, നെല്ലിക്കോട്, കുളപ്പുള്ളി, തിരുവില്യാമല, കണ്ണാടി, മലമ്പുഴ എന്നിവിടങ്ങളിലാണ് . സൂര്യതാപം ഏൽക്കുന്ന സമയം 12 മണിക്കും 3 മണിക്കും ഇടയിലാണെന്ന് മനസ്സിലാക്കാം. വളർത്തു മൃഗങ്ങൾക്ക് സൂര്യതാപം ഉണ്ടായിട്ടുള്ള പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല . അതോടൊപ്പം കൃഷിയിനങ്ങൾക്ക് ഉണ്ടായിട്ടുള്ള വിവിധങ്ങളായ നാശനഷ്ടങ്ങൾ കണക്കാക്കാൽ കഴിയുന്നതിനും അപ്പുറമാണ് സംഭവിച്ചിരിക്കുന്നത്. പ്രത്യേകിച്ച് സൂക്ഷ്മ ജീവികൾ, ചെറു സസ്യങ്ങൾ, ജലജീവികൾ, ജലസസ്യങ്ങൾ എന്നിവയുടെ നാശ നഷ്ടമൊന്നും പഠന വിധേയമാക്കിയിട്ടില്ല. കാലാവസ്ഥാ വ്യതിയാനം കൊണ്ട് വൃക്ഷങ്ങൾക്കുണ്ടായിട്ടുള്ള മാറ്റങ്ങളിൽ പ്രധാനം കേരളത്തിന്റെ സംസ്ഥാന പുഷ്പമായ കണിക്കൊന്നയിലാണ്. വർഷത്തിലൊരിക്കൽ മാത്രം പൂക്കുന്ന കണിക്കൊന്ന വർഷം മുഴുവൻ പൂത്തു നിൽക്കുന്ന അവസ്ഥ ഇതിന് ഒരു ഉദാഹരണമാണ്.

ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ

- അടിയന്തിര വനവിവരശേഖരണം നടത്തി, ജില്ലയിലെ വനവികസനത്തിന് ശാസ്ത്രീയമായി ഒരു മാനേജ്മെൻറ് പ്ലാൻറ് ഉണ്ടാക്കുക, നാശോന്മുഖമായ പ്രദേശങ്ങളെ പരിസ്ഥിതിക്ക് അനുകൂലമായ രീതിയിൽ പുനഃരുജ്ജീവിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാൻ ജില്ലാതലത്തിൽ പദ്ധതി ആവിഷ്കരിക്കുക. ശുഷ്കമായ വനമേഖലകളിലും, തരിശുഭൂമികളിലും അനിയോജ്യമായ മരങ്ങൾ

വച്ചുപിടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുക. വിശദമായ സർവ്വെയിലൂടെ ഇതിന് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്താം.

- വനത്തിനു പുറത്തും തടിയിതര വന വിഭവങ്ങൾ ലഭിക്കുന്നതിനായി വനങ്ങളും മറ്റു ചെടികളും നട്ടു വളർത്തുക. ജനകീയ പങ്കാളിത്തത്തോടെ മരങ്ങൾ വളർത്തിയെടുക്കുന്നതിന് നഴ്സറികൾ ഉണ്ടാക്കുക
- മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിച്ചുവരുന്നത് കാലക്രമേണ പലയിന വന്യ ജീവികളുടേയും നിലനിൽപ്പിനെ ബാധിക്കുന്നതും മനുഷ്യജീവനും കൃഷിക്കും ഭീഷിണി ഉയർത്തുന്നതുമാണ്. ഇതു തരണം ചെയ്യാൻ പ്രദേശികമായ ശാസ്ത്രീയ പഠനങ്ങൾ നടത്തുകയും നൂതന സാങ്കേതിക വിദ്യയുടെയും വിവര വനിമയ സംവിധാനങ്ങളുടേയും സഹായത്തോടെ അനുയോജമായ പദ്ധതികൾ തദ്ദേശീയമായി ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്.
- റെയിൽവെയുടെ സഹകരണത്തോടെ വാളയാർപോലുള്ള മേഖലകളിൽ വന്യജീവികളുടെ സ്വാഭാവികമായ ആവാസ വ്യവസ്ഥയ്ക്കും സഞ്ചാരത്തിനും തടസ്സം സൃഷ്ടിക്കാത്ത തരത്തിലുള്ള സംവിധാനങ്ങൾ വിദഗ്ദ പഠനത്തിനു ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.
- വന്യജീവികൾ മൂലം ഉണ്ടാകുന്ന വിളനാശം കൊണ്ടുള്ള നഷ്ടം പരിഹരിക്കുന്നതിനായി വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക. നഷ്ടപരിഹാരം വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നഷ്ട പരിഹാരത്തുക വർദ്ധിപ്പിക്കുന്നതിനും കാല വിളംബം കൂടാതെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക.
- ജില്ലാതലത്തിൽ മനുഷ്യ – വന്യജീവി സംഘർഷം തരണം ചെയ്യുന്നതിനായി പ്രത്യേക കർമ്മ പദ്ധതിയും സ്ക്വാഡുകളും രൂപീകരിക്കുക. സ്ക്വാഡുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭൌതിക സാഹചര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുക
- വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള വിളകൾ കൃഷി ചെയ്യാതിരിക്കുന്നതിനായി പഞ്ചായത്തിനും ഇതര വകുപ്പികൾക്കും നിർദ്ദേശം ൽകുക.
- വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ വനംവകുപ്പും സന്നദ്ധ സംഘടനകളും പ്രാദേഷിക സംഘനകളും ചേർന്ന് വാളന്റിയർമാരെ തെരഞ്ഞെടുക്കുകയും അവർക്ക് പരിശീലന നൽകി വന്യമൃഗങ്ങൾ തുടരെ തുടരെ ഇറങ്ങുന്ന സ്ഥലങ്ങളിൽ വിന്യസിക്കുകയും ചെയ്യുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വകുപ്പുകൾ തുക വകയിരുത്തി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യാൻ നിർദ്ദേശം നൽകുക.
- വനം വന്യജീവി സംരക്ഷണം തുടങ്ങിയ വിഷയങ്ങളെപ്പറ്റി അവബോധം വർദ്ധിപ്പിക്കുന്നതിനാവശ്യമായ ബോധവത്കരണ പരിപാടികൾ വിവിധ ജനവിഭാഗങ്ങ ൾക്കായി പഞ്ചായത്ത്തലത്തിലും വാർഡ്തലത്തിലും സംഘടിപ്പിക്കുക
- പഞ്ചായത്ത്തോറും ജനജാഗ്രതാസമിതികളുടെ പ്രവർത്തനം ഊർജ്ജിതമാക്കുക. വന്യമൃഗങ്ങളുടെ കടന്നുകയറ്റം പ്രതിരോധിക്കാൻ യൂത്ത്ക്ലബ്ബുകൾ, വനസംരക്ഷണ സമിതി/സന്നദ്ധ പ്രവർത്തകരെ ഉൾപ്പെടുത്തി പ്രത്യേക കർമ്മസേന രൂപീകരിക്കുക. ആവശ്യമായ ട്രെയിനിംഗ് ഉപകരണങ്ങൾ ഓണറേറിയം ഇവയ്ക്കായി പദ്ധതികളിൽ പ്രേത്യേകം തുക വകയിരുത്തുക
- വനാതിർത്തികളിലും ജലാശയങ്ങളിലും മാലിന്യം നിർമ്മാർജനം ചെയ്യുന്നത് വന്യമൃഗങ്ങളെ വിളിച്ചുവരുത്തുന്നു. ആയത് ഒഴിവാക്കാൻ മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഒരുക്കുന്നതിൽ പഞ്ചായത്തുകൾ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

- വന്യമൃഗങ്ങളുടെ സഞ്ചാര പാതകൾ പ്രത്യേകം മാപ്പിംഗ് നടത്തുകയും ബോധവത്കരണ ബോർഡുകൾ, അലർട്ട്/മുന്നറിയിപ്പ് വിളക്കുകൾ തുടങ്ങിയവ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.
- ജൈവവേലി, സോളാർ ഫെൻസിംഗ്, ആനക്കിടങ്ങ്, എന്നിവ വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി നടപ്പിലാക്കുക

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- വനം, വന്യജീവി സംരക്ഷണം തുടങ്ങിയ വിഷയങ്ങളെപ്പറ്റി അവബോധം വർദ്ധിപ്പിക്കുന്നതിനുള്ള ബോധവത്ക്കരണ പരിപാടികൾ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സംഘടിപ്പിക്കുക
- ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ഉതകുന്ന പദ്ധതികൾ ജില്ലാ പഞ്ചായത്ത് ഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണ്.
- ഉറവിട മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുക. പേപ്പർബാഗ് നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുക
- നിലവിലെ ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കുക
- ബണ്ട് നിർമ്മാണം, നിലവിലുള്ള മഴവെള്ള സംഭരണികൾ വൃത്തിയാക്കി പ്രവർത്തന ക്ഷമമാകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക. കുളങ്ങൾ, നീർച്ചാലുകൾ, തോടുകൾ, അരുവികൾ എന്നിവ സംരക്ഷിക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ മനുഷ്യ വന്യജീവി സംഘർഷംവർദ്ധിച്ചുവരുന്നത് തരണം ചെയ്യാനായി പ്രാദേശികമായ ശാസ്ത്രീയ പഠനം നടത്തുകയും അനുയോജ്യമായ പദ്ധതികൾ തദ്ദേശീയമായി ആവിഷ്കരിക്കുകയും ചെയ്യുക
- ✓ വനാതിർത്തി പ്രദേശങ്ങളിൽ വന്യജീവികളെ ആകർഷിക്കുന്നതരത്തിലുള്ള കൃഷി ചെയ്യാതിരിക്കാൻ പഞ്ചായത്തിനും ഇതര വകുപ്പുകൾക്കും നിർദ്ദേശം നൽകുക.
- ✓ വനവിഭവങ്ങളുടെ മൂല്യ വർദ്ധിത വിപണനം ലക്ഷ്യമാക്കി സഹകരണ സ്ഥാപങ്ങൾ, ശേഖരണ സെന്ററുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക
- ✓ ഗ്രീൻപ്രോട്ടോക്കോൾ നിർബന്ധമാക്കുക.
- ✓ ജില്ലയിലൂടെ ഒഴുകുന്ന പുഴ / നദികളുടെ സംരക്ഷണത്തിനായി ജനപങ്കാളിത്തതോടെ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുക
- ✓ ഖനനം മൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി ജില്ലാ എക്സ്പേർട്ട് അപ്രൈസർ കമ്മിറ്റി എന്നീ കമ്മിറ്റികൾ മുഖേന മാത്രമേ ധാതു ഖനനം നടത്തുന്നതിനുള്ള അനുമതികൾ നല്കാവൂ.

സംയോജന സാധ്യതകൾ

- കരിങ്കൽ/മണ്ണ് / മണൽ/ഖനനം നിയന്ത്രണ വിധേയമാക്കുക – ജിയോളജി, വനം, റവന്യൂ എന്നീ വകുപ്പുകളുമായി സംയോജിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

- തണ്ണീർതട സംരക്ഷണം – പഞ്ചായത്ത്, ഗ്രാമവികസനം, റവന്യൂ, വനം എന്നീ വകുപ്പുകളുമായി സംയോജിപ്പിക്കുക
- ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതുവഴി കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണം - ജലസേചനം, വാട്ടർ അതോറിറ്റി വകുപ്പുകളുടെ മേൽ നോട്ടത്തിൽ നടപ്പാക്കുക
- ജൈവകൃഷി സംരക്ഷണം – (കൃഷി, വിദ്യാഭ്യാസം)
- ദൃശ്യ മാധ്യമങ്ങൾ വഴി ബോധവത്കരണ പ്രചരണം നടത്തുക
- ജൈവ മാലിന്യ സംസ്കരണം (പഞ്ചായത്ത്, കുടുംബശ്രീ)
- "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" – ശുചിത്വമിഷൻ
- "ഗ്രീൻ പ്രോട്ടോക്കോൾ " കർശനമാക്കുക – (പഞ്ചായത്ത്, ഗ്രാമവികസനം, റവന്യൂ)
- റെയിവേ സഹകരണത്തോടെ വാളയാർ പോലുള്ള മേഖലകളിൽ വന്യജീവികളുടെ സ്വാഭാവികമായ ആവാസ വ്യവസ്ഥയ്ക്കും സഞ്ചാരത്തിനും തടസ്സം സൃഷ്ടിക്കാത്ത തരത്തിലുള്ള സംവിധാനങ്ങൾ വിദഗ്ദ പഠനത്തിനുശേഷം ആവിഷ്കരിച്ച് നടപ്പിലാക്കുക.
- വന്യജീവികൾ മൂലം ഉണ്ടാകുന്ന വിളനാശം കൊണ്ടുള്ള നഷ്ടം പരിഹരിക്കുന്നതിനായി വിളകൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പ് വരുത്തുക, നഷ്ട പരിഹാരം വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി വനം വകുപ്പിന് നടപ്പിലാക്കാവുന്നതാണ്.
- ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വിനോദസഞ്ചാര വകുപ്പ്, വനം വകുപ്പ് എന്നിവ സംയോജിച്ചുകൊണ്ട് വിനോദസഞ്ചാരികൾക്കായി പ്രത്യേക പ്രോഗ്രാമുകൾ ആവിഷ്കരിക്കുക
- വനത്തെ മാത്രം ആശ്രയിച്ചു കഴിയുന്ന ജനങ്ങളുടെ ജീവിത രീതിയും ആരോഗ്യ നിലവാരവും മെച്ചപ്പെടുത്തുന്നതിന് വിവിധ വകുപ്പുകളുടെ സംയോജനത്തോടുകൂടി ആരോഗ്യ, പാർപ്പിട, ഉപജീവന മേഖലകളിൽ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

7.6 വ്യവസായം, വാണിജ്യം, സ്വയം തൊഴിൽ ഉപസമിതി

വികസന പരിപ്രേക്ഷ്യം

ഹ്രസ്വ/ ദീർഘകാല കാഴ്ചപ്പാട്

- കാർഷികാടിസ്ഥാനത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ സാധ്യത ഓരോ പ്രദേശത്തും പഠനവിധേയമാക്കണം. ജില്ലയിൽ ലഭ്യമാകുന്ന കാർഷിക വിഭവങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ അതാത് പ്രദേശങ്ങളിൽ വളർത്തികൊണ്ടുവരുവാൻ കഴിയും. അതുപോലെ ഓരോ പ്രദേശത്തും ഇന്നുള്ള സാധ്യതകൾ വിപുലീകരിച്ച് അതാത് പ്രദേശങ്ങളിൽ പുതിയ യൂണിറ്റുകൾ രൂപീകരിക്കുവാനും കഴിയും. പഴം, നാളികേരം, അടക്ക, റബ്ബർ, തുടങ്ങിയ കാർഷിക ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങൾ, പരമ്പരാഗത വ്യവസായങ്ങൾ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകൾ, ഇലക്ട്രോണിക് ഉപകരണ നിർമ്മാണം,

എഞ്ചിനീയറിംഗ്, കട്ടറി, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ഓരോ പ്രദേശത്തിൻറെയും നിലവിലുള്ള സാധ്യതകൾക്ക് അനുസരിച്ച് വികസിപ്പിക്കാവുന്നതാണ്.

- ❖ പരമ്പരാഗത വ്യവസായങ്ങളായ കൈത്തറി, ഖാദി, പനമ്പ് തുടങ്ങിയ ഉല്പാദന പ്രക്രിയ ആധുനികവൽക്കരിക്കുയും, സംസ്ഥാനത്തിനും, രാജ്യത്തിനും പുറത്തുള്ള ആവശ്യകത മനസ്സിലാക്കി അതിനനസരിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിച്ച് വിപണി കണ്ടെത്തുകയും ചെയ്തുകൊണ്ട് നിലനിർത്തികൊണ്ടു പോകാവുന്നതാണ്.

- ❖ കയർറെറ്റ് ഉപയോഗിച്ച് ചകിരി സംസ്കരിക്കുന്നതിനും യന്ത്രവത്കൃത റാട്ടുകൾ ഉപയോഗിച്ച് കയർ പിരിക്കുന്നതിനും ജില്ലയിൽ തന്നെ സംവിധാനമേർപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനും ജില്ലാതലത്തിൽ വിപണന സംവിധാനം ഉണ്ടാക്കി വിപണനം വർദ്ധിപ്പിക്കാനും കഴിഞ്ഞാൽ കയർ വ്യവസായം മെച്ചപ്പെടുന്നതാണ്.

- ❖ ജില്ലാ വ്യവസായം കേന്ദ്രം, ഖാദി ബോർഡ്, കയർ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ മുഖേന ഇന്ന് വ്യക്തികൾക്കും സംഘങ്ങൾക്കും നല്കിക്കൊണ്ടിരിക്കുന്ന സഹായപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് ഇവയുടെ നിർവ്വഹണത്തിന് ഒരു ജനകീയ തലം കൂടി ഉണ്ടാകുന്നത് നന്നായിരിക്കും. ഗ്രാൻറും സബ്സിഡിയും പലിശരഹിത വായ്പയും മറ്റും കൈപ്പറ്റുന്നവർ അവ എങ്ങിനെ വിനിയോഗിക്കുന്നു. അതിലൂടെ സമൂഹത്തിനുണ്ടാകുന്ന നേട്ടങ്ങളെന്തെല്ലാം തുടങ്ങിയവ പരിശോധിക്കുവാൻ ഒരു ജനകീയ സംവിധാനം ഉണ്ടായാൽ അവയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ കഴിയുന്നതാണ്.

<u>കീഴ്ക്കട്ട് നിർദ്ദേശങ്ങൾ</u>

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് വാങ്ങിയ സ്ഥലങ്ങൾ പ്രസ്തുത ആവശ്യങ്ങൾക്ക് മാത്രമായി ഉപയോഗിക്കുക
- പി.പി.പി പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ പഞ്ചായത്തും ഓരോ ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- ബ്ലോക്ക് അടിസ്ഥാനത്തിൽ വ്യവസായ ബഹുനില സമുച്ചയങ്ങൾ നിർമ്മിക്കുക
- പരമ്പരാഗത വ്യവസായങ്ങളെ ഉൾപ്പെടുത്തി ക്ലാസ്സ് രൂപീകരണവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കുക
- കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് ബ്രയറിംഗ് നൽകി വിപണന സാധ്യത നൽകുക
- നിലവിലുള്ള വ്യവസായങ്ങളുടെ പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുകയും, പുതിയ സംരംഭങ്ങൾതുടങ്ങുന്നതിനുള്ള പ്രോത്സാഹനം നല്കിയും വ്യവസായ വളർച്ച കൈവരിക്കുന്നതിലൂടെ ജനങ്ങളെ ഊർജ്ജസ്വലമാക്കുകയും, ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
- യുവസംരംഭകർ, വനിത സംരംഭകർ, പ്രവാസികൾ, വിമുക്ത ഭടൻമാർ എന്നിവരെ പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ കൂലിയും സാമൂഹിക സുരക്ഷിതത്വവും ഉറപ്പാക്കുക

മേൽതട്ട് നിദ്ദേശങ്ങൾ

- ✓ മേഖലാടിസ്ഥാനത്തിൽ വ്യവസായ പാർക്കുകൾ സ്ഥാപിക്കുക
- ✓ ഐ.ടി.ഐ, പോളിടെക്നിക്ക്, എഞ്ചിനീയറിംഗ് കോളേജുകൾ എന്നിവടങ്ങളിൽ ടെക്നിക്കൽഇൻക്യുബേഷൻ സെൻ സ്ഥാപിക്കുക
- ✓ കാർഷികാധിഷ്ഠിത ടെക്നോളജി ഉൾപ്പെടുത്തി സംരംഭങ്ങളുടെ വികസനം സാധ്യമാക്കുക
- ✓ ജില്ലയിൽ ലഭ്യമായ അസംസ്കൃത വസ്തുക്കൾ അടിസ്ഥാനപ്പെടുത്തിയ പ്രാദേശിക സംരംഭങ്ങൾ തുടങ്ങുക
- ✓ ആഗ്രോ ഫുഡ് / ഇലക്ട്രോണിക്സ് / പ്ലാസ്റ്റിക്/ എഞ്ചിനീയറിംഗ് മേഖലയിലെ ടെസ്റ്റിംഗ് ലാബുകൾ ജില്ലാ തലത്തിൽ രൂപീകരിക്കുക
- ✓ വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ അന്തർദേശീയ നിക്ഷേപങ്ങൾ ഉറപ്പാക്കുക

സംയോജന സാധ്യതകൾ

- ➢ കാർഷിക സർവ്വകലാശാലയുടെ നൂതന ടെക്നോളജി ഉപയോഗപ്പെടുത്തി കൃഷിവകുപ്പും, വ്യവസായ വകുപ്പും സംയോജിപ്പിച്ചുകൊണ്ട് കാർഷിക ഭക്ഷ്യ സംസ്കരണ സംരംഭങ്ങൾ രൂപം നൽകുക.
- ➢ കെ.എസ്.ഐ.ഡി.സി, കിൻഫ്ര, സിഡ്കോ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങളും വ്യവസായ വകുപ്പുമായി സഹകരിച്ച് മേഖലാടിസ്ഥാനത്തിൽ വ്യവസായ എസ്റ്റേറ്റുകളും, പാർക്കുകളും സ്ഥാപിക്കുക
- ➢ വ്യവസായ എസ്റ്റേറ്റുകളിൽ ഇൻക്യൻബേഷൻ സെൻറർ ക്വാളിറ്റി ടെസ്റ്റിംഗ് ലാബുകൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ, റോ-മെറ്റീരിയൽ ബാങ്ക് എന്നിവ സ്ഥാപിക്കുക
- ➢ ഗ്രാമപഞ്ചായത്തന്റെ അധീനതയിലുള്ള ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ച്സർക്കാർ വ്യവസ്ഥയ്ക്കനുസൃതമായി സംരംഭകർക്ക് അനുവദിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് ഭൂമി നൽകികൊണ്ടും, ജില്ലാ പഞ്ചായത്ത്, വ്യവസായ വകുപ്പ് സംയുക്തമായി ബഹുനില കെട്ടിട സമുച്ചയം നിർമ്മിച്ചും നൽകാവുന്നതാണ്.
- ➢ ജില്ലയിൽ വ്യവസായ വകുപ്പിനെ കൂടാതെ ധാരാളം വകുപ്പുകൾ/ഏജൻസികൾ/ബോർഡുകൾ/ കോർപ്പറേഷനകൾ സംരംഭകർക്കുവേണ്ടി വിവിധ ധനസഹായ പദ്ധതികളും, സാങ്കേതിക സഹായങ്ങളും, പരിശീലന പരിപാടികളും ഏകീകരിച്ച് നടപ്പിലാക്കുകയും, ജില്ലാതല മോണിറ്ററിംഗ് സെൻററുകൾ രൂപീകരിക്കുകയും ചെയ്യുക.
- ➢

7.7 ആരോഗ്യം - ഉപസമിതി

പരിപ്രേക്ഷ്യം

കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണ പദ്ധതികയി കാണേണ്ടത് പ്രധാനമായും എസ് ഡി ജി ലക്ഷ്യങ്ങളാണ്. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം എന്നതാണ് എസ് ഡി ജി ലക്ഷ്യത്തിന്റെ കാതൽ

ക്രമ നം	ഇനം	എസ് ഡി ജി ലക്ഷ്യം
1	മാതൃ മരണം	മാതൃ മരണ നിരക്ക് 66-ൽ നിന്ന് 30 ആക്കുക
2	ശിശു മരണം	ശിശു മരണ നിരക്ക് 12 ൽ നിന്ന് 8 ആക്കുക
3	നവജാത ശിശു മരണം	7-ൽ നിന്ന് 5 ആക്കുക
4	5 വയസ്സിനു താഴെയുള്ള കുട്ടിക ളുടെ മരണ നിരക്ക്	14 -ൽ നിന്ന് 9 ആക്കുക
5	മഞ്ഞപ്പിത്തം	വാർഷിക രോഗബാധ 50 % ആയി കുറയ്ക്കുക
6	മഞ്ഞപ്പിത്തം ബി കുത്തിവെപ്പ്	ജനനത്തോടെ 100% കുട്ടികൾക്കും ലഭ്യമാക്കുക
7	കുഷ്ഠം	കുഷ്ഠ രോഗ ബാധ നിരക്ക് 0.1 ന് താഴെയാക്കുക
8	മന്ത്	മൈക്രോഫൈലേറിയ നിരക്ക് 1 % ന് താഴെയാക്കുക
9	മലമ്പനി	തദ്ദേശീയ മലമ്പനി ബാധ ഇല്ലാതാക്കുക
10	ക്ഷയം	മരണ നിരക്ക് പ്രതിവർഷം 1000 ൽ നിന്ന് 650 ആയി കുറയ്ക്കുക. പുതിയതായി ടി ബി ബാധിയ്ക്കുന്നവരുടെ നിരക്ക് നിലവിലുള്ളതിൽ നിന്നും 25% കുറയ്ക്കുക.
11	എച്ച്.ഐ.വി/എയ്ഡ്സ്	90 % എച്ച് ഐ വി രോഗികളെയും കണ്ടു പിടിയ്ക്കുക. എ ആർ ടി ചികിത്സ 90 % രോഗികൾക്കും ലഭ്യമാക്കുക
12	മാനസിക ആരോഗ്യം	സാമൂഹിക മാനസിക ആരോഗ്യ പരിപാടി ബ്ലോക്ക് തലത്തിൽ വ്യാപിപ്പിയ്ക്കുക
13	വ്യായാമം	വ്യായാമക്കുറവ് 10 % എങ്കിലും കുറയ്ക്കുക
14	റോഡ് അപകടങ്ങൾ	മരണ നിരക്കും അംഗവൈകല്യം സംഭവിയ്ക്കലും ഇപ്പോഴുള്ള നിരക്കിന്റെ 50 % ആയി കുറയ്ക്കുക.
15	ദന്താരോഗ്യം	സ്കൂൾ കുട്ടികളുടെ ദന്തക്ഷയ നിരക്ക് കുറയ്ക്കുക
16	നേത്രാരോഗ്യം	കാഴ്ച വൈകല്യം മൂലമുണ്ടാകുന്ന അന്ധ ത 25 % ആയി കുറയ്ക്കുക
17	പാലിയേറ്റിവ്	100% സാന്ത്വന പരിചരണവും ചികിത്സ യും അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക

ഹ്രസ്വകാല പരിപ്രേക്ഷ്യം

കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണ പദ്ധതികളുടെ ലക്ഷ്യങ്ങളായി കാണേണ്ടത് പ്രധാനമായും എസ്.ഡി.ജി ലക്ഷ്യങ്ങളാണ്. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം എന്നതാണ് എസ്.ഡി.ജി ലക്ഷ്യത്തിൻറെ കാതൽ. എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കാൻ ആരോഗ്യ മേഖലയിലെ ഇടപെടൽ മാത്രം പോര മറിച്ച് ആരോഗ്യ അനുബന്ധ മേഖലകൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

1. ദാരിദ്ര്യ നിർമ്മാർജ്ജനം
2. വിശപ്പ് രഹിത സമൂഹം
3. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം
4. നിലവാരമുള്ള വിദ്യാഭ്യാസം
5. ലിംഗസമത്വം
6. ശുദ്ധജലവും പൊതു ശുചിത്വവും
7. ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ ഊർജ്ജം
8. മാന്യമായ തൊഴിലും സാമ്പത്തിക ഉന്നതിയും
9. വ്യവസായ മേഖലയിലെ നൂതന അടിസ്ഥാന സൌകര്യ വികസനം
10. അസമത്വം ഇല്ലാതാക്കുക
11. സുസ്ഥിര വികസിത സമൂഹം
12. ഉത്തരവാദിത്വപരമായ ഉത്പാദനവും ഉപഭോഗവും
13. കാലാവസ്ഥ
14. ജലാശയ ജീവിതം
15. കരയിലെ ജീവിതം
16. നീതിയും സമാധാനവും
17. ലക്ഷ്യം കൈവരിക്കുന്നതിനുള്ള ജനപങ്കാളിത്തം

ദീർഘ കാല ലക്ഷ്യങ്ങൾ

1. പഴയതും പുതിയതുമായ പകർച്ചവ്യാധികളുടെ ആധിക്യം
2. വർദ്ധിച്ചുവരുന്ന ജീവിത ശൈലീ രോഗങ്ങൾ
3. കുട്ടികളുടെ രോഗ പ്രതിരോധ കുത്തിവെപ്പിൻറെ കവറേജ് കുറവ്
4. ജനസംഖ്യാനുപാതികമായി എല്ലാ വിഭാഗം ജീവനക്കാരുടേയും എണ്ണത്തിലുള്ള കുറവ്
5. ആരോഗ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഭൌതിക സാഹചര്യങ്ങളുടേയും ഫർണീച്ചർ, ഉപകരണങ്ങളുടേയും അപര്യാപ്തത
6. മാനദണ്ഡങ്ങൾക്കനുസരിച്ച് ആവശ്യമായ ജീവനക്കാരുടെ തസ്തിക ഇല്ലായ്മ
7. ജില്ലാ മെഡിക്കൽ ഓഫീസിൻറെ പരിമിതികളും സൌകര്യമില്ലായ്മയും
8. ആശുപത്രിയിൽ എത്തിച്ചേരുന്ന ഐ.പി / ഒ.പി രോഗികൾക്ക് മതിയായ സൌകര്യങ്ങൾ ലഭ്യമല്ലായ്മ
9. റഫറൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തത
10. വർദ്ധിച്ചു വരുന്ന വയോജന ജനസംഖ്യക്ക് ആനുപാതികമായി അവരുടെ ആരോഗ്യ പ്രശ്നപരിഹാരങ്ങൾക്ക് ഉള്ള സൌകര്യകുറവ്
11. പരിരക്ഷാ രോഗികൾക്കുള്ള സെക്കണ്ടറി പരിചരണക്കുറവ്
12. പാർശ്വവൽകൃത വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുള്ള അപര്യാപ്തത
13. ഗുണനിലവാരമുള്ള ആരോഗ്യ അക്കാഡമിക് സ്ഥാപനങ്ങളുടെ കുറവ്
14. ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് സൌകര്യങ്ങലുടെ അപര്യാപ്തത
15. ആരോഗ്യ അനുബന്ധ മേഖലകളിലെ അപര്യാപ്തത
16. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ
17. തദ്ദേശീയ മലമ്പനി കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നു
18. റസിസ്റ്റൻറ് ടി.ബി കേസുകളുടെ വ്യാപനം കൂടുന്നു

19. പൊതുജനാരോഗ്യ സേവനം നൽകുന്നതിനായി വാഹനങ്ങളും ആംബുലൻസുകളുടേയും അപര്യാപ്തത
20. ജില്ലയിലെ പ്രസവ കേസുകളുട എണ്ണം പരിശോധിച്ചാൽ മെറ്റേർണിറ്റി സെൻററിൻറെ അപര്യാപ്തത
21. ആരോഗ്യ രംഗത്ത് നൂതന സാങ്കേതിക വിദ്യകൾ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല
22. പരിരക്ഷാ പ്രവർത്തനം നഗരസഭാ മേഖലയിൽ ശാക്തീകരിക്കപ്പെടേണ്ടതുണ്ട്
23. പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന രോഗങ്ങൾ വർദ്ധിച്ചു വരുന്നു
24. സീസേറിയൻ നിരക്ക് കൂടുന്നു
25. 12 ആയുർവേദ ഡിസ്പെൻസറികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

എസ്.ഡി.ജി ലക്ഷ്യം നേടിയെടുക്കാൻ ആരോഗ്യ മേഖലയിലെ ഇടപെടൽ മാത്രം പോരാ മറിച്ച് ആരോഗ്യ അനുബന്ധ മേഖലകൾ കൂടി പരിഗണിയ്ക്കേണ്ട തുണ്ട്.

1. ദാരിദ്ര്യ നിർമാർജ്ജനം.(പാവപ്പെട്ടവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് മുൻഗണന).
2. വിശപ്പ് രഹിത സമൂഹം (എല്ലാ തരത്തിലുമുള്ള പോഷകാഹാര കുറവ് പരിഹരിയ്ക്കൽ)
3. എല്ലാവർക്കും എല്ലാ പ്രായത്തിലും ആരോഗ്യപരമായ ജീവിതം.
4. നിലവാരമുള്ള വിദ്യാഭ്യാസം (ഗുണനിലവാരമുള്ള വിദ്യാഭ്യാസം-ആരോഗ്യസമത്വത്തിനും പുരോഗതിയ്ക്കും)
5. ലിംഗ സമത്വം (സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും,ലിംഗ അസമത്വത്തിനും എതിരെയുള്ള പോരാട്ടം).
6. ശുദ്ധ ജലവും, പൊതു ശുചിത്വവും (ശുദ്ധ ജലവും, പൊതു ശുചിത്വവും വഴി രോഗ പ്രതിരോധം).
7. ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ ഊർജ്ജം (ആരോഗ്യപരമായ ജീവിതത്തിന് സ്ഥായിയായ ഊർജ്ജത്തിന്റെ പ്രചരണം).
8. മാന്യമായ തൊഴിലും സാമ്പത്തിക ഉന്നതിയും (സാമ്പത്തിക വളർച്ചയ്ക്ക് ആരോഗ്യപരമായ തൊഴിൽ ഉറപ്പാക്കൽ).
9. വ്യവസായ മേഖലയിലെ നൂതന അടിസ്ഥാന സൗകര്യ വികസനം (ദേശീയ ഗവേഷണ വികസനത്തിലൂടെ അവശ്യവും ചെലവ് കുറഞ്ഞതുമായ ചികിത്സാ ഉപാധികളുടെ ഉത്പാദനവും അഭിവൃദ്ധിയും).
10. അസമത്വം ഇല്ലാതാക്കുക (പ്രാഥമിക ആരോഗ്യ ശാക്തീകരണത്തിലൂടെ നിഷ്പക്ഷവും സാർവത്രികവും ആയ ആരോഗ്യം ഉറപ്പാക്കൽ).
11. സുസ്ഥിത വികസിത സമൂഹം (നഗരാസൂത്രണത്തിലൂടെ സജീവവും സുരക്ഷിതവുമായ നഗര ജീവിതം ഉറപ്പാക്കൽ).
12. ഉത്തരവാദിത്തപരമായ ഉത്പാദനവും, ഉപഭോഗവും (രോഗാണു നാശകമായ മരുന്നുകളെ ചെറുക്കുന്നതിനായി ഉത്തരവാദിത്തപരമായി മരുന്നുകൾ ഉപയോഗിക്കൽ)

13. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന അപകടത്തിൽ നിന്നുള്ള ആരോഗ്യ സംരക്ഷണം.
14. ജലാശയ ജീവിതം (മത്സ്യ സമ്പത്ത് പുനസ്ഥാപനത്തിലൂടെ ആരോഗ്യപരമായ ഭക്ഷണശീലം ഉറപ്പ് വരുത്തൽ
15. സ്വാഭാവിക ആവാസ വ്യവസ്ഥ ഉറപ്പ് വരുത്തുന്നതിലൂടെയുള്ള ആരോഗ്യ സംരക്ഷണം രോഗപ്രതിരോധം.
16. നീതിയും സമാധാനവും (തസ്വഭവ – ശാക്തീകരണം – സുസ്ഥിര വികസനം)
17. ജനപങ്കാളിത്തം (സുസ്ഥിര വികസനം ജനപങ്കാളിത്തത്തോടെ)

ആയുർവേദം

വികസന പരിപ്രേക്ഷം - ദീർഘകാലം

1. എല്ലാ സ്ഥാപനങ്ങൾക്കും ഡിസ്പെൻസറികൾക്കും നിശ്ചിത മാതൃകയിലുള്ള കെട്ടിടം അനുബന്ധ സൗകര്യങ്ങളും - വെള്ളം , വൈദ്യുതി, ടെലഫോൺ, കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ഔഷധങ്ങൾ, ആവശ്യമായ മാനവ ശേഷിയും

2. Specialities

ജില്ലാ ആശുപത്രിയിൽ എല്ലാ സ്പെഷ്യാലിറ്റി ചികിത്സകളും നടപ്പിൽ വരുത്തുക. പഞ്ചകർമ്മ, വിഷ, ശല്യതന്ത്ര, മർമ്മ ശാലാക്യതന്ത്രം, കൗമാരഭൃത്യം(ബാല), പ്രസൂതിതന്ത്രം, മാനസികം, സ്വസ്ഥ വൃത്തം, (യോഗ, പ്രകൃതി ചികിത്സ) ബ്ലോക്ക് തലത്തിലും , താലൂക്ക് തലത്തിലും ആവശ്യമായ സ്പെഷ്യാലിറ്റികൾ നടപ്പിലാക്കുക. ത്രിതല രോഗീപരിചരണ സംവിധാനം നടപ്പിൽ വരുത്തുക.

3. **ഔഷധ ഉദ്യാനങ്ങൾ**

കൃഷി വകുപ്പും , സ്റ്റേറ്റ് മെഡിസിനൽ പ്ലാൻറ് ബോർഡും ഔഷധിയും കുടുംബശ്രീയുമായി സഹകരിച്ച് ഔഷധ ഉദ്യാനങ്ങളും ഔഷധ സസ്യകൃഷിയും നടപ്പിലാക്കുക. ബ്ലോക്ക് തലത്തിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് പദ്ധതി നടപ്പിൽ വരുത്തുക. (കാവുകളെ സംരക്ഷിക്കുക , പരിസ്ഥിതി സംരക്ഷണം, ജൈവ സംരക്ഷണം)

4. **വയോജനാരോഗ്യ പരിപാലനം**

ജില്ലയിലെ ആയുർവ്വേദ സ്ഥാപനങ്ങളും വയോജന സൗഹൃദ കേന്ദ്രങ്ങളായും ബ്ലോക്ക്, താലൂക്ക്, ജില്ലാ തലത്തിൽ 10% കിടക്കകൾ മേൽ പറഞ്ഞ വിഭാഗങ്ങൾക്കായി മാറ്റി വെക്കുക. സംസ്ഥാനത്ത് സ്നേഹ ധാര, വയോ സുകൃതം എന്നീ പേരുകളിൽ സ്വന്തം പദ്ധതികൾ നടപ്പിൽ വരുത്തേണ്ടതുണ്ട്. സാമൂഹ്യക്ഷേമ വകുപ്പുമായി സംയോജിച്ച് സ്ഥാപനത്തോടനുബന്ധിച്ച ഡോ കെയർ സംവിധാനം ഏർപ്പെടുത്തുക.

5. പക്ഷാഘാത രോഗികൾക്കും നട്ടെല്ലിനു ക്ഷതം സംഭവിച്ച കിടപ്പിലായ രോഗികൾക്കും പ്രത്യേക ചികിത്സാ സൗകര്യം താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഉണ്ടാക്കേണ്ടതാണ്.

6. **മാനസികാരോഗ്യം**

മാനസികാരോഗ്യ ക്ലിനിക്കുകൾ ബ്ലോക്ക് , താലൂക്ക്, ജില്ലാ അടിസ്ഥാനത്തിൽ നടപ്പിലാക്കുക.

7. **യോഗ പരിശീലനം**

എല്ലാ സ്ഥാപനങ്ങളിലും യോഗ പരിശീലനത്തിനുള്ള സൗകര്യമുണ്ടാക്കുക.

8. ജീവിത ശൈലി രോഗങ്ങൾക്കായി എല്ലാ സ്ഥാപനങ്ങളിലും പ്രത്യേകം ക്ലിനിക്കുകൾ നടത്തുക.

9. **സ്പോർട്സ് ആയുർവ്വേദം**

ജില്ലയിലെ സ്പോർട്സ് രംഗത്തുള്ള കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുവാനും സ്പോർട്സ് പരിക്കുകൾ പ്രധിരോധിക്കുവാനും ചികിത്സിച്ചു ഭേദമാക്കുവാനുമുള്ള പദ്ധതി ജില്ലാ ആയുർവ്വേദ ആശുപത്രി അടിസ്ഥാനമാക്കി സ്പോർട്സ് രംഗത്ത് സജീവമായിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ

10. **റഫറൽ സംവിധാനം**

പഞ്ചായത്ത് , ബ്ലോക്ക് , താലൂക്ക്, ജില്ല എന്നീ ക്രമത്തിൽ രോഗികളുടെ ചികിത്സയ്ക്കായി പ്രൈമറി, (പ്രഥമ), സെക്കണ്ടറി (ദ്വിതീയ), ടെർഷറി(ത്രിതീയ) ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തി ശരിയായ റഫറൽ സംവിധാനം നടപ്പിലാക്കുക.

11. **സർവ്വേ പ്രോജക്ടുകൾ**

പാലക്കാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ആരോഗ്യ ശീലങ്ങളേയും ദഹനാവസ്ഥയേയും കുറിച്ചുള്ള അടിസ്ഥാന സർവ്വേയും ആയുർവ്വേദ രംഗത്തെ ഇടപെടലുകൾ കൊണ്ടുള്ള ഗുണഫലങ്ങളും

12. പാലക്കാട് ജില്ലയിൽ അന്യ സംസ്ഥാന തൊഴിലാളികളുടേയും കുടുബത്തിൻറേയും ആരോഗ്യ സംരക്ഷണം ആയുർവ്വേദത്തിൻറെ സാധ്യതകൾ പഠനം

13. **സാന്ത്വന ചികിത്സാ സംവിധാനം**

മറ്റു ചികിത്സാ രംഗത്ത് നടപ്പിലാക്കി വരുന്ന പെയിൻ ആൻറ് പാലിയേറ്റീവ് കെയർ പദ്ധതിയുമായി സംയോജിപ്പിച്ച് ആയുർവ്വേദ സാന്ത്വന ചികിത്സാ പദ്ധതി നടപ്പിൽ വരുത്തുക.

മാനവശേഷി: ഡിസ്പെൻസറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ 2 ഡോക്ടർമാരെ നിയമിക്കുക

14. **ക്ലിനിക്കൽ ലബോറട്ടറിയും മറ്റു പരിശോധനകളും**

ബ്ലോക്ക് അടിസ്ഥാനത്തിൽ ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയുള്ള രോഗനിർണ്ണയ സ്ഥാപനങ്ങൾ നടപ്പിലാക്കുക.

15. **മാലിന്യ സംസ്കരണ യൂണിറ്റുകൾ**

എല്ലാ ആയുർവ്വേദ സ്ഥാപനങ്ങളിലും ആധുനിക സംവിധാനങ്ങളോടു കൂടിയ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുക

16. ആശ വർക്കർമ്മാരെ ആയുർവ്വേദത്തിനുകൂടി ഉപയോഗപ്പെടുത്താൻ സാഹചര്യമൊരുക്കുക.

17. എല്ലാ സ്ഥാപനങ്ങളും KASH നിലവാരത്തിലേയ്ക്ക് ഉയർത്തുക (മേൽ പറഞ്ഞ സൂചികകളോടു കൂടെ പ്രവർത്തന മികവു തെളിയിക്കുന്ന രീതിയിൽ)

18. ബാലമുകളം പദ്ധതി ജില്ലയിലെ എല്ലാ സ്ഥാപനങ്ങളിലൂടെയും നടപ്പിൽ വരുത്തുക. (കുട്ടികളുടെ പഠന വൈകല്യങ്ങൾ, പെരുമാറ്റ വൈകല്യങ്ങൾ)

19. ക്ഷേമ ജനനി - ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ശിശുക്കൾക്കും സമ്പൂർണ്ണ ആരോഗ്യം ഉറപ്പ് വരുത്തുക.

20. Up grading

ബ്ലോക്ക് അടിസ്ഥാനത്തിൽ 30 ബെഡും താലൂക്കടിസ്ഥാനത്തിൽ 50 ബെഡും ജില്ലാ അടിസ്ഥാനത്തിൽ 150 ബെഡും ആക്കി ഉയർത്തുക

കീഴ്ട്ട് നിർദ്ദേശങ്ങൾ

1. പകർച്ചവ്യാധി പ്രതിരോധത്തിന് ജനകീയ മോണിറ്ററിംഗ് സമിതികൾ ഉണ്ടാകണം
2. കുടിവെള്ള പരിശോധന നടത്താനുള്ള സൌകര്യങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തിലേയും പ്ലസ്ടു വിദ്യാലയങ്ങൾ മുഖാന്തിരം നടത്താനുള്ള സംവിധാനങ്ങൾ ഉണ്ടാവണം
3. ശ്വാസ് ക്ലിനിക്കുകളുടെ പ്രവർത്തനം എല്ലാ പി.എച്ച്.സി കളിലും ശക്തിപ്പെടുത്തണം
4. ആയുഷ് വിഭാഗങ്ങളെ ഏകോപിപ്പിക്കണം, ഔഷധോദ്യാനങ്ങൾ നിർമ്മിക്കണം, യോഗക്ലിനിക്കുക പഞ്ചായത്ത് തലത്തിൽ സജ്ജമാക്കണം
5. ആരോഗ്യസേന പോലുള്ള ജനകീയ പ്രതിരോധ സംവിധാനങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും രൂപവൽക്കരിക്കാവുന്നതാണ്.
6. പകച്ചവ്യാധി കാലത്തിന് മുൻപ്
7. തന്നെ ആവശ്യമായ മുന്നൊരുക്കങ്ങളും, സജ്ജീകരണങ്ങളും നടത്തേണ്ടതാണ്.
8. പ്രതിരോധ കുത്തിവയ്പ്പുകല് എല്ലാ വിഭാഗം ജനങ്ങളിലും എത്തിയ്ക്കുന്നതിന് ഇടപെടലുകൾ ഉണ്ടാവണം
   (സബ്ബ് സെൻറർ തലത്തിൽ)
9. ക്ലിനിക്കുകളും, വൈദ്യമനുസരിച്ച് മരുന്നുകളും നൽകാൻ കഴിയണം
10. മാനസിക സംഘർഷം കുറയ്ക്കുന്നതിന് ക്ലിനിക്കുകളും പാലിയേറ്റീവ് പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തണം

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ വിവിധ ആരോഗ്യ മേഖലകളെ കോർത്തിണക്കി ഫലപ്രദമായ രോഗ നീരിക്ഷണ സംവിധാനത്തിനുള്ള ജില്ലാതല നെറ്റ് വർക്ക് രൂപീകരിക്കാം.
- ✓ ലാബുകളിൽ പകർച്ചവ്യാധികൾ പരിശോധിക്കുന്നതിന് ആവശ്യമായ കിറ്റുകൾ ഉറപ്പാക്കുക
- ✓ എല്ലാ പി.എച്ച്.സി കളിലും ലാബ് സൌകര്യം ഉറപ്പിക്കുക, സി.എച്ച്.സി കളിൽ ഐ.പി ഉറപ്പ് വരുത്തുക
- ✓ ആയുഷ് ജില്ലാ ആശുപത്രികളിൽ കൂടുതൽ സ്പെഷ്യാലിറ്റികൾ തുടങ്ങുക.
- ✓ പട്ടികവർഗ്ഗ വിഭാഗക്കാരുടെ മാനസിക – ശാരീരിക - ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്.
- ✓ ജില്ലാടിസ്ഥാനത്തിൽ ഒരു പ്ലബിക്ക് ഹെൽത്ത് ലാബ് ഉണ്ടാക്കണം
- ✓ പകർച്ചാവ്യാധികളുടെ പഠനം, നീരിക്ഷണം, ജീവനക്കാരുടെ പരിശീലനം എന്നിവക്കായി ഡയറ്റ് മാതൃകയിൽ ജില്ലാതലത്തിൽ ഒരു റീസോഴ്സ് സെൻറർ ഉണ്ടാകണം
- ✓ ഇതര ദേശ തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫലപ്രദമായ സംവിധാനവും, ഹെൽത്ത് കാർഡ് നൽകാനും കഴിയണം.

- ✓ അതിർത്തി മേഖലകളിൽ തമിഴ്നാട് ആരോഗ്യവകുപ്പുമായി ചേർന്ന് രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുവാൻ സംവിധാനമുണ്ടാക്കണം
- ✓ സ്കൂൾ പ്രവേശനത്തിന് രോഗപ്രതിരോധ കുത്തിവെയ്പ്പ് നിർബന്ധമാക്കുക
- ✓ പാഠഭാഗങ്ങളിൽ ലൈംഗിക വിദ്യാഭ്യാസം, വ്യക്തി ശുചിത്വം, സമൂഹ ശുചിത്വം എന്നിവ ഉൾപ്പെടുത്തണം,വിദ്യാലയങ്ങളിൽനാപ്കിൻ വെൽഡിംഗ് മെഷീൻ സ്ഥാപിക്കണം.

സംയോജന സാധ്യതകൾ

- ➢ ആരോഗ്യ മേഖലയിലെ വിവിധ വിഭാഗങ്ങളെ കോർത്തിണക്കി ഫലപ്രദമായ രോഗ നിരീക്ഷണ സംവിധാനത്തിന് ജില്ലാതല ശൃംഖല രൂപീകരിക്കുന്നത് പകർച്ചവ്യാധി പ്രതിരോധ നടപടികൾക്ക് ഗുണകരമാകും.
- ➢ സ്വകാര്യ ഏജൻസികളുടേയും, സന്നദ്ധ സംഘടനകളുടെയും സ്പോൺസർഷിപ്പ് വഴി ആശുപത്രികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്
- ➢ ശുചിത്വ മിഷനുമായി സഹകരിച്ച് ബോധവത്ക്കരണം പ്രവർത്തനങ്ങളും, ശുചിത്വ ഭൌതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനും, കൂടാതെ ശാസ്ത്രീയ അറവുശാല, സ്വാപ്പ് ഷോപ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളും ഏറ്റെടുക്കാവുന്നതാണ്.
- ➢ ജല അതോറിറ്റിയുമായി സഹകരിച്ച് ശുദ്ധജല ലഭ്യത ഉറപ്പു വരുത്താനും ജലജന്യരോഗങ്ങൾ കുറയ്ക്കുന്നതിനു കഴിയുന്നതാണ്.
- ➢ അതിർത്തി മേഖലകളിൽ തമിഴ്നാട് ആരോഗ്യവകുപ്പുമായും ജില്ലയിലെ മൃഗസംരക്ഷണം, എക്സൈസ്, ഗതാഗതം തുടങ്ങിയ വകുപ്പുകളുടെ സഹകരണത്തോടെ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

ക്രമ നമ്പർ	ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	സംയോജന സാധ്യതകൾ
1.	ആരോഗ്യസേന രൂപീകരണം	രോഗപ്രതിരോധ പ്രവർത്തനങ്ങൾ	സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയംഭരണ വകുപ്പുകൾ, വാട്ടർ അതോറിറ്റി, ലേബർ ഡിപ്പാർട്ട്മെൻറ്, ശുചിത്വ മിഷൻ, പി.ഡബ്ല്യു.ഡി തുടങ്ങിയ ബന്ധപ്പെട്ട വകുപ്പുകൾ
2.	പകർച്ച പ്രതിരോധ പദ്ധതി	കൂട്ടായ രോഗ നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങൾ	
3	ജനകീയ മോണിറ്ററിംഗ് സമിതികൾ	പകർച്ചവ്യാധി പ്രവർത്തനങ്ങളുടെ വിലയിരുത്തൽ	ജനപ്രതിനിധികൾ, മറ്റ് വകുപ്പ് മേധാവികൾ
4	ശ്വാസ് ക്ലിനിക്കുകൾ	വിവിധ ചികിത്സാ രീതികൾ ലഭ്യമാകാനുള്ള അവസരം സൃഷ്ടിക്കൽ	ആയുർവേദ, ഹോമിയോ, യുനാനി ഡിപ്പാർട്ടുമെൻറുകൾ
5	സ്കൂളുകളിൽ കുടിവെള്ള പരിശോധന	ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ലഭ്യമാക്കൽ	വിദ്യാഭ്യാസ വകുപ്പ്, വാട്ടർ അതോറിറ്റി, ആരോഗ്യവകുപ്പ്,

			മെഡിക്കൽ കോളേജുകൾ
6	കൂടുതൽ ആശുപത്രികളിൽ ലാബ് സംവിധാനം	രോഗനിർണ്ണയവും രോഗാവസ്ഥ വിലയിരുത്തലും പ്രാഥമിക തലത്തിൽ തന്നെ ലഭ്യമാക്കൽ	തദ്ദേശ സ്വയംഭരണ വകുപ്പ്, എൻ.എച്ച്.എം സംവിധാനങ്ങൾ
7	കുട്ടികൾക്ക് ആരോഗ്യ ബോധവത്ക്കരണം	സ്കൂൾ വിദ്യാർത്ഥികൾക്ക് ബോധവത്കരണവും പ്രതിരോധ പ്രവർത്തനങ്ങൾ എത്തിക്കലും	വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യവകുപ്പ്
8	ജില്ലാതലത്തിൽ പബ്ലിക് ഹെൽത്ത് ലാബ്	എല്ലാവിധ ലാബു പരിശോധനകളും, ജില്ലയിൽതന്നെ ചെയ്യാനുള്ള സംവിധാനം ഒരുക്കൽ	ആരോഗ്യവകുപ്പിൻറെ സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബ് ആൻറ് ക്ലിനിക്കൽ ലാബോറട്ടറി
9	ശുചിത്വ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം	വ്യാപകമായി ഫലപ്രദമായ ശുചീകരണ പ്രവർത്തനങ്ങൾ	
10	ആക്രി കടകൾ, റബ്ബർ കർഷകർ, തോട്ടം ഉടമകൾ എന്നിവരുടെ ജില്ലാതല ഫോറം	കൊതുകുജന്യ രോഗങ്ങളുടെ നിയന്ത്രണം	ആഭ്യന്തരവകുപ്പ്, ലേബർ ഡിപ്പാർട്ടുമെൻറ്, അഗ്രികൾച്ചറൽ വകുപ്പ്
11	അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ഹെൽത്ത് കാർഡ് വിതരണവും	ഇതര സംസ്ഥാന തൊഴിലാളികളിൽ നിന്നുള്ള രോഗപകർച്ച തടയലും അവരുടെ ആരോഗ്യ പരിപാലനവും	ലേബർ ഡിപ്പാർട്ടുമെൻറ് തദ്ദേശ സ്വയംഭരണ വകുപ്പ്
12	കൃത്യമായി ജില്ലാതലത്തിൽ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളുടെ വിജയപ്രാപ്തി	ജില്ലാ ഭരണകൂടം – ജില്ലാ പഞ്ചായത്ത് മേധാവികൾ എല്ലാ മാസവും പ്രവർത്തനങ്ങളുടെ കൃത്യമായ വിലയിരുത്തലുകളും പോരായ്മകൾ പരിഹരിക്കലും	റവന്യൂ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് ആരോഗ്യവകുപ്പ്

7.8 കുടിവെള്ളം &ഗ്രൗണ്ട് വാട്ടർ - ഉപസമിതി

പരിപ്രേക്ഷ്യം

പാലക്കാട് ജില്ലയിലെ അവസ്ഥാ വിശകലനത്തിൻറെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി ദീർഘകാല വീക്ഷണത്തോടു കൂടി തയ്യാറാക്കിയ ശാസ്ത്രീയ പഠനത്തിൽ 2050

വർഷമാകുമ്പോൾ പാലക്കാട് ജില്ലയിൽ 3705306 ജനങ്ങൾക്ക് വേണ്ടിവരുന്ന ജലത്തിൻറെ അളവ് 541.53 ദശലക്ഷം ആണ് . ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളിൽ ആളോഹരി പ്രതിദിനം 100 ലിറ്ററും 7 നഗരങ്ങളിൽ ആളോഹരി പ്രതിദിനം 150 ലിറ്ററും എന്ന നിലയിൽ ആണ് കണക്കാക്കിയിരിക്കുന്നത്.

വിപുലമായ ഉപരിതല സ്രോതസ്സുള്ള ജില്ലയിൽ പ്രധാനമായും ഇതു പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ശാസ്ത്രീയ ജലശുദ്ധീകരണശാലയോടുകൂടിയ സമഗ്ര കുടിവെള്ള പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പ്രോഗ്രാമുകളിൽ ഉൾപ്പെടുത്തി 785833 ലക്ഷം രൂപയുടെ 49 സമഗ്ര കുടിവെള്ള പദ്ധതികൾ ആണ് കേരള വാട്ടർ അതോറിറ്റി ഇപ്പോൾ വിവിധഘട്ടങ്ങളിലാ.യി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഇതു പൂർത്തിയാകുമ്പോൾ 3456118 ജനങ്ങൾക്ക് ഇതിൻറെ പ്രയോജനം ലഭിക്കും. ഇത് 2050ലെ ജനസംഖ്യയുടെ 93.37% ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കും.

അനുബന്ധം –4.8.6

പാലക്കാട് ജില്ലയിൽ 2050 വർഷത്തിലെ പ്രതീക്ഷിത ജനസംഖ്യയും ആവശ്യമുള്ള കുടിവെള്ളവും

ദശാബ്ദ ജനസംഖ്യ വളർച്ച ശതമാനത്തിൽ - 7.35%

ക്രമ നമ്പർ	പഞ്ചായത്തിൻറെ പേര്	ജനസംഖ്യ 2011സെൻസസ്	വീടുകളുടെ എണ്ണം	വർദ്ധിത ജനസംഖ്യ				ഗാർഹികാവശ്യത്തിനുള്ളജലത്തിന്റെ അളവ് ദശലക്ഷത്തിൽ				വെള്ളത്തിന്റെ ആവശ്യം -ആദായം ഇല്ലാത്തവയും (20 %) ഗാർഹികേതരവും (5 %) മറ്റുള്ളവയും = 40 %
				2015	2030	2040	2050	2015	2030	2040	2050	
1	അഗളി	34941	8695	35946	39982	42920	46075	3.595	3.998	4.292	4.607	6.45
2	അകത്തേതറ	28592	7127	29415	32717	35121	37703	2.941	3.272	3.512	3.770	5.28
3	അലനല്ലൂർ	52554	10568	54066	60135	64555	69300	5.407	6.014	6.456	6.930	9.70
4	ആലത്തൂർ	26720	6096	27489	30575	32822	35234	2.749	3.057	3.282	3.523	4.93
5	അമ്പലപ്പാറ	38276	8687	39377	43798	47017	50472	3.938	4.380	4.702	5.047	7.07
6	ആനക്കര	24699	5214	25410	28262	30339	32569	2.541	2.826	3.034	3.257	4.56
7	അനങ്ങനടി	24445	5086	25148	27971	30027	32234	2.515	2.797	3.003	3.223	4.51
8	അയിലൂർ	28419	6648	29237	32519	34909	37475	2.924	3.252	3.491	3.747	5.25
9	ചളവറ	23466	5116	24141	26851	28825	30943	2.414	2.685	2.882	3.094	4.33
10	ചാലിശ്ശേരി	24238	5352	24935	27735	29773	31961	2.494	2.773	2.977	3.196	4.47

11	എലപ്പുള്ളി	39032	9247	40155	44663	47945	51469	4.016	4.466	4.795	5.147	7.21
12	എലവഞ്ചേരി	17940	4120	18456	20528	22037	23656	1.846	2.053	2.204	2.366	3.31
13	എരിമയൂർ	30645	7079	31527	35066	37643	40410	3.153	3.507	3.764	4.041	5.66
14	എരുത്തേമ്പതി	18158	4911	18681	20777	22305	23944	1.868	2.078	2.230	2.394	3.35
15	കടമ്പഴിപ്പുറം	31506	7282	32413	36051	38701	41545	3.241	3.605	3.870	4.155	5.82
16	കാഞ്ഞിരപ്പുഴ	32999	7196	33949	37759	40535	43514	3.395	3.776	4.053	4.351	6.09
17	കണ്ണാടി	24030	5669	24721	27497	29518	31687	2.472	2.750	2.952	3.169	4.44
18	കണ്ണമ്പ്ര	25084	5990	25806	28703	30812	33077	2.581	2.870	3.081	3.308	4.63
19	കപ്പൂർ	31337	6519	32239	35858	38493	41322	3.224	3.586	3.849	4.132	5.79
20	കാരാകുറിശ്ശി	27999	5768	28805	32038	34393	36921	2.880	3.204	3.439	3.692	5.17
21	കരിമ്പ	27480	6182	28271	31444	33755	36236	2.827	3.144	3.376	3.624	5.07
22	കരിമ്പുഴ	32117	6938	33041	36750	39451	42351	3.304	3.675	3.945	4.235	5.93
23	കാവശ്ശേരി	29003	6739	29838	33187	35626	38245	2.984	3.319	3.563	3.824	5.35
24	കേരളശ്ശേരി	15022	3683	15454	17189	18452	19809	1.545	1.719	1.845	1.981	2.77
25	കിഴക്കഞ്ചേരി	40928	9730	42106	46832	50274	53970	4.211	4.683	5.027	5.397	7.56
26	കൊടുമ്പ്	23828	5683	24514	27265	29269	31421	2.451	2.727	2.927	3.142	4.40
27	കൊടുവായൂർ	29197	6845	30037	33409	35864	38500	3.004	3.341	3.586	3.850	5.39
28	കൊല്ലങ്കോട്	29587	6921	30438	33855	36344	39015	3.044	3.386	3.634	3.901	5.46

29	കോങ്ങാട്	30020	6854	30884	34351	36875	39586	3.088	3.435	3.688	3.959	5.54
30	കൊപ്പം	30169	6103	31037	34521	37058	39782	3.104	3.452	3.706	3.978	5.57
31	കോട്ടായി	22037	5161	22671	25216	27069	29059	2.267	2.522	2.707	2.906	4.07
32	കോട്ടോപ്പാടം	43283	8417	44529	49527	53167	57075	4.453	4.953	5.317	5.707	7.99
33	കൊഴിഞ്ഞാമ്പാറ	28751	7064	29578	32899	35317	37912	2.958	3.290	3.532	3.791	5.31
34	കല്ലുക്കല്ലൂർ	27971	5568	28776	32006	34358	36884	2.878	3.201	3.436	3.688	5.16
35	കുമരംപുത്തൂർ	32860	6745	33806	37600	40364	43331	3.381	3.760	4.036	4.333	6.07
36	കുത്തന്നൂർ	23891	5537	24578	27337	29347	31504	2.458	2.734	2.935	3.150	4.41
37	കുഴൽമന്ദം	27366	6351	28153	31314	33615	36086	2.815	3.131	3.362	3.609	5.05
38	ലക്കിടി പേരൂർ	32858	7482	33804	37598	40361	43328	3.380	3.760	4.036	4.333	6.07
39	മലമ്പുഴ	14479	3444	14896	16568	17785	19093	1.490	1.657	1.779	1.909	2.67
40	മങ്കര	18732	4310	19271	21434	23010	24701	1.927	2.143	2.301	2.470	3.46
41	മണ്ണൂർ (പാർട്ട്)	19813	4603	20383	22671	24338	26126	2.038	2.267	2.434	2.613	3.66
42	മരുതറോഡ്	34627	8268	35623	39622	42534	45661	3.562	3.962	4.253	4.566	6.39
43	മാത്തൂർ	25016	8765	25736	28625	30729	32987	2.574	2.862	3.073	3.299	4.62
44	മേലാർക്കോട്	26090	6139	26841	29854	32048	34403	2.684	2.985	3.205	3.440	4.82
45	മുണ്ടൂർ	30648	7099	31530	35069	37647	40414	3.153	3.507	3.765	4.041	5.66
46	മുതലമട	37060	8698	38126	42406	45523	48869	3.813	4.241	4.552	4.887	6.84

47	മുതുതല	24861	5242	25576	28447	30538	32783	2.558	2.845	3.054	3.278	4.59
48	നാഗലശ്ശേരി	27606	6262	28400	31588	33910	36403	2.840	3.159	3.391	3.640	5.10
49	നല്ലേപ്പിള്ളി	32713	7931	33654	37432	40183	43137	3.365	3.743	4.018	4.314	6.04
50	നെല്ലായ	36146	7282	37186	41360	44400	47664	3.719	4.136	4.440	4.766	6.67
51	നെല്ലിയാമ്പതി	5545	1534	5705	6345	6811	7312	0.570	0.634	0.681	0.731	1.02
52	നെന്മാറ	36549	8810	37601	41821	44895	48195	3.760	4.182	4.490	4.820	6.75
53	ഓങ്ങല്ലൂർ	43271	8517	44516	49513	53152	57059	4.452	4.951	5.315	5.706	7.99
54	പല്ലശ്ശേന	23729	5487	24412	27152	29148	31290	2.441	2.715	2.915	3.129	4.38
55	പറളി	34451	8150	35442	39421	42318	45429	3.544	3.942	4.232	4.543	6.36
56	പരുത്തൂർ	26638	5410	27405	30481	32721	35126	2.740	3.048	3.272	3.513	4.92
57	പട്ടഞ്ചേരി	26018	5972	26767	29771	31959	34309	2.677	2.977	3.196	3.431	4.80
58	പട്ടിത്തറ	33157	6962	34111	37940	40729	43722	3.411	3.794	4.073	4.372	6.12
59	പെരുങ്ങോട്ടുകുറിശ്ശി	25075	5859	25797	28692	30801	33065	2.580	2.869	3.080	3.307	4.63
60	പെരുമാട്ടി	30445	7496	31321	34837	37397	40146	3.132	3.484	3.740	4.015	5.62
61	പെരുവെമ്പ്	19312	4522	19868	22098	23722	25466	1.987	2.210	2.372	2.547	3.57
62	പിരിയാരി	41359	8944	42549	47325	50804	54538	4.255	4.733	5.080	5.454	7.64
63	പൊൽപ്പുള്ളി	16500	3894	16975	18880	20268	21758	1.697	1.888	2.027	2.176	3.05
64	പൂക്കോട്ടുകാവ്	14427	3557	14842	16508	17722	19024	1.484	1.651	1.772	1.902	2.66

65	പുതുക്കോട്	21642	4697	22265	24764	26584	28538	2.226	2.476	2.658	2.854	4.00
66	പുതൂർ	12170	3495	12520	13926	14949	16048	1.252	1.393	1.495	1.605	2.25
67	പുതുശ്ശേരി	51185	12667	52658	58569	62874	67495	5.266	5.857	6.287	6.749	9.45
68	പുതുനഗരം	17892	3844	18407	20473	21978	23593	1.841	2.047	2.198	2.359	3.30
69	പുതുപ്പരിയാരം	39428	9272	40563	45116	48432	51992	4.056	4.512	4.843	5.199	7.28
70	ഷോളയൂർ	17207	4675	17702	19689	21136	22690	1.770	1.969	2.114	2.269	3.18
71	ശ്രീകൃഷ്ണപുരം	21873	5329	22502	25028	26868	28843	2.250	2.503	2.687	2.884	4.04
72	തരൂർ	26178	6033	26931	29954	32156	34519	2.693	2.995	3.216	3.452	4.83
73	തച്ചമ്പാറ	18087	4095	18607	20696	22217	23850	1.861	2.070	2.222	2.385	3.34
74	തച്ചനാട്ടുകര	26669	5140	27436	30516	32759	35167	2.744	3.052	3.276	3.517	4.92
75	തേങ്കുറിശ്ശി	27196	6323	27979	31119	33406	35862	2.798	3.112	3.341	3.586	5.02
76	തെങ്കര	29527	6250	30377	33787	36270	38936	3.038	3.379	3.627	3.894	5.45
77	തിരുമിറ്റക്കോട്	31998	6945	32919	36614	39305	42194	3.292	3.661	3.931	4.219	5.91
78	തിരുവേഗപ്പുറം	33942	6518	34919	38838	41693	44757	3.492	3.884	4.169	4.476	6.27
79	തൃക്കിടീരി	26662	5537	27429	30508	32751	35158	2.743	3.051	3.275	3.516	4.92
80	തൃത്താല	27796	5879	28596	31806	34144	36653	2.860	3.181	3.414	3.665	5.13
81	വടകരപ്പതി	26459	6844	27220	30276	32501	34890	2.722	3.028	3.250	3.489	4.88
82	വടക്കഞ്ചേരി	35969	8401	37004	41158	44183	47430	3.700	4.116	4.418	4.743	6.64

83	വടവന്നൂര്	17126	3927	17619	19597	21037	22583	1.762	1.960	2.104	2.258	3.16
84	വല്ലപ്പുഴ	28018	5282	28824	32060	34416	36946	2.882	3.206	3.442	3.695	5.17
85	വണ്ടാഴി	31929	7407	32848	36535	39220	42103	3.285	3.654	3.922	4.210	5.89
86	വാണിയംകുളം	32050	7709	32972	36673	39369	42263	3.297	3.667	3.937	4.226	5.92
87	വെള്ളിനേഴി	17101	4178	17593	19568	21006	22550	1.759	1.957	2.101	2.255	3.16
88	വിളയൂർ	23389	4792	24062	26763	28730	30842	2.406	2.676	2.873	3.084	4.32
	മുനിസിപ്പാലികൾ											
1	**പാലക്കാട്**	130,955	31176	139587	149846	160860	172683	18.844	20.229	21.716	23.312	32.64
2	**ചിറ്റൂർ തത്തമംഗലം**	32,298	7974	34427	36957	39674	42590	4.648	4.989	5.356	5.750	8.05
3	**ഒറ്റപ്പാലം**	53,792	9434	57338	61552	66076	70933	7.741	8.310	8.920	9.576	13.41
4	**ഷൊർണ്ണൂർ**	43,533	10420	46402	49813	53474	57405	6.264	6.725	7.219	7.750	10.85
5	**ചെർപ്പുളശ്ശേരി**	34,899	7538	37199	39933	42869	46019	5.022	5.391	5.787	6.213	8.70
6	**മണ്ണാർക്കാട്**	28,617	6012	30503	32745	35152	37736	4.118	4.421	4.746	5.094	7.13
7	**പട്ടാമ്പി**	28,632	5897	30519	32762	35170	37755	4.120	4.423	4.748	5.097	7.14
	ആകെ	352,726	78,451	375,975	403,608	433,275	465,121	50.76	54.49	58.49	**62.79**	**87.91**
ആകെ പഞ്ചായത്ത് + മുനിസിപ്പാലിറ്റി		**2809934**	**637220**	**2903892**	**3215289**	**3451613**	**3,705,306**	**303.55**	**335.66**	**360.33**	**386.8**	**541.53**

13- പദ്ധതിയിൽ ഏറ്റെടുക്കുവാനുള്ള പുതിയ നിർദ്ദേശങ്ങൾ

ക്രമ. നം.	കുടിവെള്ള പദ്ധതിയുടെ പേര്	പദ്ധതി തുക	ആളോഹരി ഉപയോഗം
1	ജലഗ്രാമം – കൊഴിഞ്ഞമ്പാറ, വടകരപ്പതി, എരുത്തേമ്പതി – സമഗ്ര കുടിവെള്ള പദ്ധതി	3000 ലക്ഷം	100 എൽ.പി.സി.ഡി
2	നെന്മാറ പഞ്ചായത്തിലെ പോത്തുണ്ടി 12 ദശലക്ഷം ശേഷിയുള്ള ശുദ്ധീകരണ ശാലയോട് അനുബന്ധിച്ച് കുപ്പിവെള്ള നിർമ്മാണശാല നിർമ്മിക്കൽ	1500 ലക്ഷം	--
3	കിഫ്ബി – പ്രത്യേക നിക്ഷേപ പദ്ധതി ഡബ്ലിയു.ആർ.ഡി. – 005- 00 പ്രധാന വിതരണ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി – കൊല്ലങ്കോട് സമീപ പഞ്ചായത്തു കളിലേക്കുള്ള കുടിവെള്ള പദ്ധതി.	664 ലക്ഷം	40 എൽ.പി.സി.ഡി
4	കിഫ്ബി – പ്രത്യേക നിക്ഷേപ പദ്ധതി ഡബ്ലിയു.ആർ.ഡി. – 005- 00 പ്രധാന വിതരണ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി – കൊഴിഞ്ഞാമ്പാറ സമീപ പഞ്ചായത്തുകളിലേക്കുള്ള കുടിവെള്ള പദ്ധതി.	600 ലക്ഷം	40 എൽ.പി.സി.ഡി
5	കിഫ്ബി – പ്രത്യേക നിക്ഷേപ പദ്ധതി ഡബ്ലിയു.ആർ.ഡി. – 005- 00 പ്രധാന വിതരണ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി – ഷൊർണ്ണൂർ നഗരസഭാ (മേഖല 1) പ്രദേശത്തെ കേടായ വിതരണ ശൃംഖല മാറ്റിയിടൽ പ്രവൃത്തി	725 ലക്ഷം	150 എൽ.പി.സി.ഡി
6	കിഫ്ബി – പ്രത്യേക നിക്ഷേപ പദ്ധതി ഡബ്ലിയു.ആർ.ഡി. – 005- 00 പ്രധാന വിതരണ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി – ഷൊർണ്ണൂർ നഗരസഭാ	585 ലക്ഷം	150 എൽ.പി.സി.ഡി

	(മേഖല 2) പ്രദേശത്തെ കേടായ വിതരതണ ശൃംഖല മാറ്റിയിടൽ പ്രവൃത്തി		
7	കിഫ്ബി – പ്രത്യേക നിക്ഷേപ പദ്ധതി ഡബ്ലിയു.ആർ.ഡി. – 005- 00 പ്രധാന വിതരണ പൈപ്പുകൾ മാറ്റിയിടുന്ന പ്രവൃത്തി – കുളപ്പുള്ളി (മേഖല 3) പ്രദേശത്തെ കേടായ വിതരതണ ശൃംഖല മാറ്റിയിടൽ പ്രവൃത്തി	727ലക്ഷം	150എൽ.പി.സി.ഡി
8	പാലക്കാട് കുടിവെള്ള പദ്ധതി – പാലക്കാട് നഗരസഭ വിവിധ പ്രദേശങ്ങളിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ	200 ലക്ഷം	100 എൽ.പി.സി.ഡി
9	പാലക്കാട് കുടിവെള്ള പദ്ധതി – പാലക്കാട് നഗരസഭ വിവിധ പ്രദേശങ്ങളിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ	251 ലക്ഷം	100 എൽ.പി.സി.ഡി
10	പാലക്കാട് കുടിവെള്ള പദ്ധതി – പാലക്കാട് നഗരസഭ വിവിധ പ്രദേശങ്ങളിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ	340 ലക്ഷം	100 എൽ.പി.സി.ഡി
11	2012 മണ്ണാർക്കാട്, തെങ്കര പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി – മൂന്നാം ഘട്ടം	500 ലക്ഷം	70 എൽ.പി.സി.ഡി
12	നെന്മാറ, അയിലൂർ, മേലാർക്കോട് കുടിവെള്ള പദ്ധതി – മൂന്നാം ഘട്ടം	4000 ലക്ഷം	70 എൽ.പി.സി.ഡി
13	അലനല്ലൂർ, കോട്ടാപ്പാടം, തച്ചനാട്ടുകര കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം	7500 ലക്ഷം	70 എൽ.പി.സി.ഡി
14	അമ്പലപ്പാറ പഞ്ചായത്ത് സമഗ്ര കുടിവെള്ള പദ്ധതി	200 ലക്ഷം	71 എൽ.പി.സി.ഡി
15	എലപ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി കുടിവെള്ള പദ്ധതി – മൂന്നാം ഘട്ടം	3000 ലക്ഷം	70 എൽ.പി.സി.ഡി
16	മണ്ണൂർ, മങ്കര, കേരളശ്ശേരി എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം	5000 ലക്ഷം	70 എൽ.പി.സി.ഡി
17	ചെർപ്പുളശ്ശേരി, അനങ്ങനടി, തൃക്കടീരി,	5000 ലക്ഷം	70 എൽ.പി.സി.ഡി

	ചളവറ എന്നീ പഞ്ചായത്തുകൾക്കുള്ള കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം		
18	കരിമ്പ - കോങ്ങാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം	3000 ലക്ഷം	100 എൽ.പി.സി.ഡി
19	എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടം	10000 ലക്ഷം	100 എൽ.പി.സി.ഡി
20	വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര - മൂന്നാം ഘട്ടം	10000 ലക്ഷം	100 എൽ.പി.സി.ഡി
21	ഓങ്ങല്ലൂർ - വല്ലപുഴ, പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - പട്ടാമ്പി താലൂക്ക് – രണ്ടാം ഘട്ടം	5000 ലക്ഷം	70 എൽ.പി.സി.ഡി
22	കൊപ്പം, വിളയൂർ പഞ്ചായത്തുകൾക്കുള്ള സമഗ്ര കുടിവെള്ള പദ്ധതി - പട്ടാമ്പി താലൂക്ക് – രണ്ടാം ഘട്ടം	5000 ലക്ഷം	70 എൽ.പി.സി.ഡി
	ആകെ	**66792 ലക്ഷം**	

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വാട്ടർ ബഡ്ജറ്റിംഗ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാർഡുതലത്തിൽ ജലസംരക്ഷണ സേന രൂപീകരിക്കുക
- വീടുകളിലും പരിസരത്തും ലഭിക്കുന്ന മഴ വെള്ളം ഭൂമിയിലേക്കിറക്കാനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അടിയന്തിരമായി നടപ്പിലാക്കുക.
- പൊതു സ്ഥലങ്ങളിലേയും പറമ്പുകളിലേയും വെള്ളം ഒഴുക്കിക്കളയാതെ മാലിന്യ വിമുക്തമാക്കി ഭൂമിയിലേക്കിറക്കുക.
- പുൽമേടുകൾ സംരക്ഷിക്കുക, പാടങ്ങളും, അടിക്കാടുകളും തീയ്യിട്ട് നശിപ്പിക്കാതിരിക്കുക, വനവല്ക്കരിക്കുക.
- പുഴകൾ, കുളങ്ങൾ എന്നിവ ഉപയോഗയോഗ്യമാക്കുക.
- ഭൂഗർഭജലം അമിതചൂഷണം ചെയ്യാതിരിക്കുക
- പ്രദേശികമായി സംരക്ഷിച്ചെടുത്ത് കുളങ്ങൾ, കിണറുകൾ, ചിറകൾ, തോടുകൾ, പുഴകൾ എന്നിവയെ മറ്റു ഗാർഹികാവശ്യങ്ങൾക്കായി പരമാവധി ഉപയോഗപ്പെടുത്തുക.
- സംഭരണികളിലെ ചെളി നീക്കം ചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കുക

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ ജലപരിപാലന, ജലവിനിയോഗ സംസ്കാര തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടുന്ന നിയമ നിർമ്മാണം കൊണ്ടുവരിക.

- ✓ പറമ്പിക്കുളം – ആളിയാർ ജലസേചന പദ്ധതിയിൽ നിന്ന് നിയമാനുസൃതമായ വെള്ളം ഇറക്കി വിട്ട് ഭാരതപ്പുഴയെ പുനരുജ്ജീവിപ്പിക്കുക
- ✓ ഭാരതപ്പുഴയുടെ പരിസരപ്രദേശങ്ങളിലെ വനവത്ക്കരണം വഴിയും, മണലൂറ്റ് തടഞ്ഞും തടയണകൾ നിർമ്മിച്ചും പുഴയെ സജീവമാക്കുക.
- ✓ ഫലപ്രദമായ മാലിന്യസംസ്കരണം നടപ്പിലാക്കിയും, വനവത്ക്കരണത്തിലൂടെയും ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും പാരിസ്ഥിതിക അതിജീവനം സാദ്ധ്യമാക്കാം
- ✓ ജലവിനിയോഗ ജലസാക്ഷരത അവബോധം ജനങ്ങളിൽ എത്തിക്കാനുള്ള സംവിധാനം നടപ്പാക്കണം
- ✓ പുഴകൾ തോടുകൾ, കുളങ്ങൾ, ചിറകൾ എന്നിവ സംരക്ഷണ സസ്യങ്ങൾ, ഭൂവസ്ത്രം എന്നിവ ഉപയോഗിച്ച് സംരക്ഷിക്കുക.
- ✓ പുഴകളിൽ അടിയണ, തടയണ എന്നിവ നിർമ്മിച്ച് ജലത്തിൻറെ കുത്തൊഴുക്കിനെ നിയന്ത്രിച്ച് ജലവിതാനം താഴാതെ കാക്കുക.
- ✓ ഭൂഗർഭ ജലത്തിൻറെ ചൂഷണം കുറയ്ക്കുകയും സുരക്ഷിതമായി പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക
- ✓ പുഴയോരങ്ങൾ ജലസ്രോതസ്സുകളുടെ പരിസരങ്ങൾ എന്നിവിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിന് സംരക്ഷണ സസ്യങ്ങൾ വച്ചു പിടിപ്പിക്കുകയും വനവത്ക്കരണം നടപ്പിലാക്കുകയും ചെയ്യുക.
- ✓ ഫലപ്രദമായ മാലിന്യ സംസ്കരണം നടപ്പിലാക്കുകയും വനവൽക്കരണത്തിലൂടെയും ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും പാരിസ്ഥിതിക അതിജീവനം സാദ്ധ്യമാക്കാം.

സംയോജന സാദ്ധ്യതകൾ

- ➢ കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കി കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ ത്രിതല പഞ്ചായത്ത് സംവിധാനവും, എം.പി, എം.എൽ.എ ആസ്തി വികസന ഫണ്ടുകളുടെ സംയോജനവും വഴി സമയബന്ധിതമായി നടപ്പിലാക്കുക.
- ➢ കേരള വാട്ടർ അതോറിറ്റി പല ഘട്ടങ്ങളിലായി പൂർത്തീകരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതികളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അവരുടെ കുടിവെള്ള പദ്ധതിക്കുള്ള വാർഷിക അടങ്കൽ തുക സംയോജിപ്പിച്ച് വിതരണശൃംഖല സ്ഥാപിക്കാൻ വിനിയോഗിക്കുക
- ➢ ജില്ലയിലെ എം.പി മാർ, എം.എൽ.എ മാർ അവരവരുടെ പ്രാദേശിക വികസന ഫണ്ടും, ആസ്തി വികസന ഫണ്ടുകളും സംയോജിച്ച് മിനി കുടിവെള്ള പദ്ധതികൾ പോലെയുള്ള ആവർത്തന പദ്ധതികൾ ഒഴിവാക്കി സമഗ്രകുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി ജനങ്ങളിൽ കുടിവെള്ളം എത്തിക്കുക.
- ➢ ജലക്രാന്തി അഭിയാൻ പദ്ധതിയിലൂടെയുള്ള ഫണ്ടുകൾ സംയോജിപ്പിച്ച് തൊഴിലുറപ്പ് പദ്ധതിവഴി അടിയന്തിരമായി സമഗ്ര കുടിവെള്ള പദ്ധതി പൂർത്തീകരിച്ചാൽ മഴനിഴൽ പ്രദേശങ്ങളിലുള്ള റവന്യൂ വകുപ്പിന്റെ ടാങ്കർ ലോറിവഴിയുള്ള കുടിവെള്ള വിതരണം പൂർണ്ണമായും നിർത്തലാക്കാവുന്നതാണ്.

7.9 ശുചിത്വം - ഉപസമിതി

വികസന പരിപ്രേക്ഷ്യം

ശുചിത്വം-മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ പൂർണ്ണമായ വിജയം കണ്ടിട്ടില്ലെങ്കിലും ചില മേഖലകളിലെങ്കിലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ശുചിത്വ – മാലിന്യ സംസ്കരണം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഒരു പ്രധാന

അജണ്ടയായി മാറിയിട്ടുണ്ട്. പതിമൂന്നാം പഞ്ചവത്സര കാലം പൂർത്തിയാവുന്നതോടെ ഹ്രസ്വകാല ലക്ഷ്യത്തിലെത്താനും അതിനുശേഷം ദീർഘകാല ലക്ഷ്യത്തിലേക്കും ചുവടുവെക്കേണ്ടതുണ്ട്.

ഹരിതകേരളം മിഷൻ ലക്ഷ്യങ്ങൾ

ഹരിതകേരളം മിഷന്റെ ലക്ഷ്യം കൈവരിക്കുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ പ്രൊജക്ടിൽ നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. മാലിന്യ പരിപാലനം അത് ഉത്പാദിപ്പിക്കുന്നവരുടെ ഉത്തരവാദിത്വമാണ് എന്ന് ജനങ്ങളെ ബോധവത്ക്കരിക്കുന്നതോടൊപ്പം സംയോജിതമായി താഴെ പറയുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

- ഓരോ ഗ്രാമപഞ്ചായത്തിലും എം.സി.എഫ്
- ഓരോ ബ്ലോക്ക് പഞ്ചായത്തിലും ആർ.ആർ.എഫ്
- ഓരോ ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിററിയിലും ഹരികർമ്മസേന
- പൊതുശൌചാലയ സമുച്ചയം
- ഹരിതകർമ്മസേനയ്ക്ക് പ്രാരംഭനടത്തിപ്പ് ചെലവിന് വയബിലിറ്റ് ഗ്യാഫ് ഫണ്ട്
- ഓരോ വീടുകളിലും ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികൾ
- കമ്മ്യൂണിറ്റിതല ബയോഗ്യാസ് പ്ലാന്റ്, കമ്പോസിറ്റിംഗ് സംവിധാനങ്ങൾ
- വിവര-വിജ്ഞാന – വ്യാപന പ്രവർത്തനങ്ങൾ
- നിലവിലെ പ്ലാന്റുകളുടെ അറ്റകുറ്റപണി

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ നിന്നുള്ള ജൈവമാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക
- ജൈവ/അജൈവമാലിന്യ ശേഖരണത്തിന് ഹരിതകർമ്മസേന രൂപീകരിക്കുക, കൈമാറ്റ കടകൾ, റിപ്പയർ ഷോപ്പ് എന്നിവ സ്ഥാപിക്കുക
- എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും എം.സി.എഫ്, ആർ.ആർ.എഫ് സ്ഥാപിക്കേണ്ടത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലയാണ്.
- പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിനുവേണ്ടി എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കീഴിലും കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ കേന്ദ്രീകരിച്ച് മഴക്കാല ശുചീകരണവും ബോധവത്ക്കരണം സംഘടിപ്പിക്കുക.
- പൊതുസ്ഥലങ്ങളിൽ ശുചിത്വ സൌകര്യങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ കമ്മ്യൂണിറ്റി ശൌചാലയ സമുച്ചയങ്ങൾ സ്ഥാപിക്കുക
- പൊതു സ്ഥാപനങ്ങൾ, വീടുകൾ, കോളനികൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധതരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങൾ നടപ്പിലാക്കുക

- പ്രകൃതി സൌഹൃദ വസ്തുക്കളുടെ നിർമ്മാണ യൂണിറ്റും വിൽപ്പന കേന്ദ്രങ്ങളും പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കുക
- മാലിന്യ സംസ്കരണത്തിൽ പൌരന്റെ ഉത്തരവാദിത്വവും ചുമതലയും വ്യക്തമാക്കി അവബോധം സൃഷ്ടിക്കുക
- ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൌരന്മാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ സംസ്കാരം സൃഷ്ടിക്കുക
- സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം സാധ്യമാക്കുന്നതിനും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക
- ശുചിത്വമാലിന്യ സംസ്കരണ മേഖലയിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
- വീടുകൾ, കോളനികൾ, ഫ്ലാറ്റ് സമുച്ചയങ്ങൾ, പൊതുസ്ഥാപനങ്ങൾ, കച്ചവടസ്ഥാപനങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉത്പാദിപ്പിക്കുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനാവശ്യമായ വിവിധ തരത്തിലുള്ള കമ്പോസ്റ്റ് സംവിധാനങ്ങൾ സ്ഥാപിക്കുക
- ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കാൻ കഴിയാത്ത ഇടങ്ങളിൽ നിന്നുള്ള ജൈവമാലിന്യം സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ (വലിയ ബയോഗ്യാസ് പ്ലാന്റ്, എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് തുടങ്ങിയവ സ്ഥാപിക്കുക)
- ജില്ലയിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലും അജൈവമാലിന്യ ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക
- എല്ലാ റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രങ്ങളിലും പ്ലാസ്റ്റിക്ക് പുനരുപയോഗം ചെയ്യുന്നതിനാവശ്യമായ ബെയിലിംഗ് മെഷീൻ, ഷ്രെഡ്ഡിങ്ങ് മെഷീൻ തുടങ്ങിയ സൌകര്യങ്ങൾ ഉറപ്പുവരുത്തുക
- പൊതുസ്ഥലങ്ങളിൽ മാലിന്യനിക്ഷേപം തടയുന്നതിനുവേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലും കർശനമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുക.
- ശുചിത്വ സൌകര്യം ഇല്ലാത്ത സ്കൂളുകളിലും അംഗനവാടികളിലും ശുചിത്വ സൌകര്യം സൃഷ്ടിക്കുക
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു കീഴിലുള്ള ചന്തകളിൽ ജൈവമാലിന്യം സംസ്കരിക്കുന്നതിന് വലിയ ബയോഗ്യാസ് പ്ലാന്റ് എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റ് തുടങ്ങിയ പൊതുമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജില്ലയിലെ മുഴുവൻ ഹോട്ടൽ, റെസ്റ്റോറന്റ് എന്നിവിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക
- പൊതുസ്ഥലങ്ങൾ, ബസ് സ്റ്റാന്റ്, ദേശീയപാതയോരഭങ്ങൾ, കളിസ്ഥലങ്ങൾ, കച്ചവട സമുച്ചയങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ തുടങ്ങി ശുചിത്വ സൌകര്യങ്ങൾ, സ്ത്രീസൌഹൃദ ടോയലറ്റുകൾ ഉൾപ്പെടെ ഇല്ലാത്ത പ്രദേശങ്ങളിൽ പൊതുശൌചാലയങ്ങളും കമ്മ്യൂണിറ്റി ശൌചാലയ സമുച്ചയങ്ങക്ളും സ്ഥാപിക്കുക. അവയുടെ പരിപാലനത്തിന് സുസ്ഥിര സംവിധാനം ഏർപ്പെടുത്തുക.
- പ്രകൃതി സൌഹൃദ വസ്തുക്കളുടെ നിർമ്മാണ യൂണിറ്റും വിൽപ്പന കേന്ദ്രങ്ങളും തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിക്കുക (തുണിസഞ്ചിപോലെയുള്ളവ)
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഡുകൾ കേന്ദ്രീകരിച്ച് മഴക്കാല ശുചീകരണവും ബോധവത്ക്കരണവും സംഘടിപ്പിക്കുക

- എല്ലാ വീടുകളിലും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരണം നടത്തുന്നത് പ്രോത്സാഹിപ്പിക്കുക. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളവർക്ക് ധനസഹായം നല്കുക.

മേല്പട്ട് നിർദ്ദേശങ്ങൾ

- ✓ ജില്ലയിൽ കേന്ദ്രീകൃത സെപ്റ്റേജ്, സ്വീവേജ്, സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംസ്ഥാനതലത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്
- ✓ ആധുനിക രീതിയിലുള്ള അറവുശാല, ജൈവമാലിന്യം സംസ്കരിക്കുന്നതിന് വലിയ ബയോഗ്യാസ് പ്ലാന്റ്, എയറോബിക് കമ്പോസ്റ്റ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾസംസ്ഥാനതലത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്
- ✓ തിരസ്കൃത മാലിന്യങ്ങളും, നിർവീര്യ വസ്തുക്കളും നിർമ്മാർജ്ജനം ചെയ്യുന്നതിന് ജില്ലയിൽ സാനിറ്ററി ലാൻഡ്ഫിൽ സംവിധാനം സ്ഥാപിക്കേണ്ടതാണ്.
- ✓ സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം സാധ്യമാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുക
- ✓ കേന്ദ്രീകൃത എം.ആർ.എഫ്/ആർ.ആർ.എഫ് നടപ്പിലാക്കുക
- ✓ ഇ-വേയ്സ്റ്റ് ശേഖരിച്ച് പു:നരുപയോഗ കേന്ദ്രങ്ങൾക്ക് കൈമാറ്റം നടത്തുക
- ✓ ഗ്രീൻ പ്രോട്ടോക്കോൾ വ്യാപകമായി നടപ്പിലാക്കുക
- ✓ എല്ലാ പൊതുസ്ഥലങ്ങളും നഗരവീഥികളും ജലസ്രോതസ്സുകളും വൃത്തിയായി സൂക്ഷിക്കുന്നതിന് നിരന്തരമായ ജാഗ്രതാ സംവിധാനങ്ങൾ ഏർപ്പെടുത്തുക
- ✓ ചന്തകൾ, അറവുശാലകൾ, കോഴിക്കടകൾ, കല്ല്യണമണ്ഡപങ്ങൾ, ഹോട്ടൽ - റസ്റ്റോറന്റുകൾ എന്നിവിടങ്ങൾ മാലിന്യ സംസ്കരണത്തിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക
- ✓ പൊതുയിടങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യ നിക്ഷേപം തടയുന്നതിനാ വശ്യമായ നിരീക്ഷണ സംവിധാനങ്ങളും മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കൽ
- ✓ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക
- ✓ പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളെ പ്രാപ്തരാക്കുക
- ✓ കുട്ടികളിൽ ശുചിത്വ വിദ്യാഭ്യാസം നല്കി അവരിൽ ശുചിത്വ ശീലങ്ങളും പ്രകൃതി സൌഹൃദ അനുകൂല മനോഭാവങ്ങളും വളർത്തിയെടുക്കുക
- ✓ ജില്ലയിലെ സർക്കാർ ഓഫീസുകൾ, സ്കൂളുകൾ, ഉത്സവങ്ങൾ, ആഘോഷപരിപാടികൾ മതപരമായ ചടങ്ങുകൾ എന്നിവടങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക
- ✓ ജില്ലയിലെ മുഴുവൻ വീടുകൾ, സ്ഥാപനങ്ങൾ, എന്നിവടങ്ങളിലെ ഇ-വേസ്റ്റ് ശേഖരിച്ച് പുനരുപയോഗ കേന്ദ്രങ്ങൾക്ക് കൈമാറ്റം നടത്തുക
- ✓ ജില്ലയിലെ കക്കൂസ് മാലിന്യം സംസ്കരിക്കുന്നതിന് ആധുനിക രീതിയിലുള്ള ഒരു സംസ്കരണ പ്ലാന്റ് സ്ഥാപിക്കുക
- ✓ ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മുഴുവൻ ശ്മശാനങ്ങളും ആധുനികരീതിയിലുള്ള ശ്മശാനങ്ങളാക്കി മാറ്റുക

- ✓ ജില്ലയിലെ നഗരസഭകളിൽ നിലവിലുള്ള കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളിൽ ആധുനിക രീതിയിലുള്ള മാലിന്യ സംസ്കരണ മെഷീനുകൾ സ്ഥാപിക്കുക
- ✓ ജില്ലയിലെ ശുചിത്വവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ വിവരശേഖരണം നടത്തുക
- ✓ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുക
- ✓ ശുചിത്വ മാലിന്യ സംസ്കരണരംഗത്ത് പ്രശ്ന പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഗവേഷണ സ്ഥാപനങ്ങൾ സ്ഥാപിക്കുക
- ✓ തിരസ്കൃത മാലിന്യങ്ങളും നീർവീര്യ വസ്തുക്കളും നിർമ്മാർജ്ജനം ചെയ്യുന്നതിന് ജില്ലയിൽ ഒരു സാനിറ്ററി ലാന്റ് ഫില്ലിംഗ് സംവിധാനം സ്ഥാപിക്കുക
- ✓ ഇ-വേസ്റ്റും അപകടകരങ്ങളായ മാലിന്യങ്ങളുടെയും ശാസ്ത്രീയമായ പരിപാലന സംവിധാനം സ്ഥാപിക്കുക
- ✓ ദ്രവമാലിന്യ പരിപാലനത്തിന് അനുയോജ്യമായ വികേന്ദ്രീകൃത സംസ്കരണ പ്ലാന്റുകൾ എല്ലാ തദ്ദേശ സ്ഥാപനതലത്തിലും സ്ഥാപിക്കുക
- ✓ ആഫ്രിക്കൻ മുഷി/ നാടൻ മത്സ്യം (ആഹാര മാലിന്യം തിന്നുന്ന) സംരംഭകാടിസ്ഥാനത്തിൽ വളർത്തുന്നതിനുള്ള ടാങ്കുകളുടെ നിർമ്മാണം

സംയോജന സാധ്യതകൾ

- ➢ ആരോഗ്യവകുപ്പുമായി ചേർന്ന ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- ➢ ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കുന്നതിനും, കശാപ്പുശാലകളുടെ ശുചിത്വം ഉറപ്പുവരുത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കണം
- ➢ കൃഷിവകുപ്പുമായി സംയോജിച്ച് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കണം
- ➢ വിനോദസഞ്ചാര കേന്ദ്രങ്ങളിൽശുചിത്വ പ്രവർത്തനങ്ങൾനടത്താവുന്നതാണ്.
- ➢ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് വിദ്യാലയങ്ങളിൽ ശുചിത്വ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
- ➢ പൊതുമരാമത്തു വകുപ്പുമായി സംയോജിച്ച് പ്ലാസ്റ്റിക്ക് പൊടിച്ച് റോഡ് ടാറിംഗിനു ഉപയോഗിക്കുന്നതു വഴി പ്ലാസ്റ്റിക് മാലിന്യം ആധിക്യം കുറയ്ക്കുന്നതിന് കഴിയുന്നതാണ്.

7.10 പാർപ്പിടം – ദാരിദ്ര നിർമ്മാർജ്ജന വിഭാഗം- ഉപസമിതി

ഹ്രസ്വകാല പരിപ്രേക്ഷ്യം

2022– ഓടു കൂടി ഭവനമില്ലാത്ത എല്ലാവർക്കും വാസയോഗ്യമായ ഭവനം സാധ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇത് കൂടാതെ ഗുണഭോക്താക്കളെ സാമ്പത്തികമായി ശാക്തീകരിക്കുക എന്നതു പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നു. ഇതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാവുന്നതാണ്.

ദീർഘകാല പരിപ്രേക്ഷ്യം (2022 നകം)

2022 – ഓടു കൂടി പാലക്കാട് ജില്ലയിൽ എല്ലാ അർഹരായ ഗുണഭോക്താക്കൾക്കും ദൃഢതയുള്ള മേൽക്കൂരയും, ഉറപ്പുള്ള ഭിത്തികളും അടച്ചുറപ്പോടുകൂടി വാതിലുകളും ഉള്ള ഒരു ഭവനം യാഥാർത്ഥ്യമാക്കുക എന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേശങ്ങൾ

- സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഭവന പദ്ധതിയായ ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 25% ത്തിൽ കുറയാത്ത പ്ലാൻ ഫണ്ട് നീക്കിവെക്കേണ്ടതാണ്.
- ലൈഫ് ഭവന പദ്ധതിയിൽ അംഗമായിട്ടുള്ള കുടുംബാംഗങ്ങളിൽ ഒരു വ്യക്തിക്കെങ്കിലും സൌജന്യ തൊഴിൽ പരിശീലനം നൽകുന്നതിനുള്ള പ്രൊജക്ട് വെക്കണം.
- ഭൂരഹിത ഭവന രഹിതർക്കായി ഭവന സമുച്ചയം നിർമ്മാണത്തിനായി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും കുറഞ്ഞത് 50 സെൻറ് സ്ഥലമെങ്കിലും കണ്ടെത്തുന്നതിനുള്ള പ്രൊജക്ട് വെക്കേണ്ടതാണ്.
- കുടുംബശ്രീ ഉൽപ്പന്നങ്ങൾ വിപണനത്തിനായി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും മാർക്കറ്റിംഗ് ഔട്ട് ലെറ്റ് സ്ഥാപിക്കുന്നതിനായി പ്രൊജക്ട് വെക്കേണ്ടതാണ്.
- സാമ്പത്തിക ശാക്തീകരണത്തിൻറെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗ്ഗത്തിനുവേണ്ടി കാലിതൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട് തുടങ്ങിയവ നിർമ്മിക്കുന്നതിനുവേണ്ട പ്രൊജക്ടുകളും വെക്കാവുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിനു പുറമെ താത്പര്യമുള്ള സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും എൻ.എസ്സ്.എസ്സ് പോലുള്ള വളണ്ടിയർ സംഘടനകളുടേയും സേവനം ഉപയോഗപ്പെടുത്തണം.
- വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്ന വ്യക്തികളുടെ ഭവനങ്ങളുടെ പൂർത്തീകരണത്തിനുവേണ്ടി പ്രോജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. എന്നാൽ മാത്രമേ എല്ലാവർക്കും വാസയോഗ്യമായ ഭവനം എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയുള്ളൂ.
- ഭവന സമുച്ചയങ്ങളിൽ താമസിക്കുന്ന വ്യക്തികളുടെ ഉന്നമനത്തിനു വേണ്ടി അവരുടെ ഉപജീവന മാർഗ്ഗങ്ങളിൽ വിപുലീകരണത്തിനു വേണ്ട സഹായങ്ങൾ നൽകാവുന്നതാണ്.
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം അവിദഗ്ധ തൊഴിലിൽ ഉൾപ്പെടുത്തി 90 തൊഴിൽ ദിനങ്ങൾ ഗുണഭോക്താവിന് ലഭ്യമാക്കുക
- ഭവന നിർമ്മാണത്തിന് ആവശ്യമായ നിർമ്മാണ സാമഗ്രികളായ കട്ട, ജനൽ, കട്ടിള, ജാളി എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നല്കുക
- വീടുകൾക്ക് വെർമി/എൻ.എ.ഡി.ഇ.പി കമ്പോസ്റ്റ് സംവിധാനം തയ്യാറാക്കി നല്കാവുന്നതാണ്.
- ഭിന്നലിംഗക്കാരെയും അന്യ സംസ്ഥാന തൊഴിലാളികളെയും കുടുംബശ്രീക്ക് കീഴിൽ കൊണ്ടുവരിക
- ലിങ്കേജ് ചെയ്യാത്ത 5312 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് ഉറപ്പാക്കുക
- കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണത്തിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നാനോ മാർക്കറ്റിംഗ് ഔട്ട് ലെറ്റുകൾ ഓൺലൈൻ മാർക്കറ്റിഗ് സംവിധാനം ആരംഭിക്കുക.
- 5000 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുക വഴി 10000 ഏക്കറായി കൃഷി വ്യാപിപ്പിക്കുക

- ഭിന്നശേഷിക്കാർക്കുള്ള വൈദ്യ പരിശീലന കേന്ദ്രങ്ങളിലും പുനരധിവാസ കേന്ദ്രങ്ങളും ബ്ലോക്ക് തലത്തിൽ സ്ഥാപിക്കുക
- സ്ത്രീകൾക്കുണ്ടാകുന്ന മാനസിക പിരിമുറുക്കം സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൌൺസെലിംഗ് സെന്ററുകൾ ആരംഭിക്കുക
- മനുഷ്യക്കടത്തിന് വിധേയരായിട്ടുള്ളവർക്ക് ഉപജീവന മാർഗത്തിനുവേണ്ടി സ്ഥായിയായിട്ടുള്ള വരുമാന മാർഗങ്ങൾ കണ്ടെത്തുക.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ ഭവന നിർമ്മാണത്തിന് സി.എസ്.ആർ സാധ്യത ഉപയോഗപ്പെടുത്തുക
- ✓ 18 മുതൽ 35 വയസ്സുവരെ പ്രായക്കാർക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയിലൂടെ തൊഴിൽ വൈദഗ്ദ്യം നല്കുക. പ്രതിവർഷം 2000 പേർക്ക് തൊഴിൽ ഉറപ്പാക്കുക
- ✓ ഒരേ രീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭകരുടെ കൂട്ടായ്മയിലൂടെ അപ്പാരൽ, ഫുഡ് പ്രോസസ്സിംഗ്, കൺസ്ട്രക്ഷൻ മേഖലയിൽ പൊതു സേവന കേന്ദ്രങ്ങൾ ആരംഭിക്കുക
- ✓ അരി ഉത്പാദന രംഗത്തും പാൽ ഉത്പാദന രംഗത്തും പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുക
- ✓ പട്ടികജാതി വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ലേബർ വകുപ്പ്, ന്യൂനപക്ഷ വകുപ്പ് എന്നീ വിവിധ വകുപ്പുകളുടെ ഭവന പദ്ധതികളും ലൈഫ് പദ്ധതിയിലൂടെ ഏകീകരിച്ച് നടപ്പിലാക്കാവുന്നതാണ്.
- ✓ മേൽ വകുപ്പുകളുടെ ഭവന പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ള ഫണ്ട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വീടുകളുടെ പൂർത്തീകരണത്തിന് കൈമാറേണ്ടതാണ്.
- ✓ ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ ആദ്യത്തെ 5 വർഷത്തെ പരിപാലനം സർക്കാർ നേരിട്ട് നടത്തേണ്ടതും തുടർന്നുള്ള 10 വർഷത്തെ പരിപാലനം അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.
- ✓ ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ദൌർലഭ്യവും പരിഗണിച്ച് ബ്ലോക്കുകളോ, പഞ്ചായത്തുകളോ കേന്ദ്രീകരിച്ച് പദ്ധതി പ്രദേശത്തെ മൊത്തം ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർമ്മാണ സാമഗ്രികൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ വേണ്ട മുന്നൊരുക്കം നടത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്.
- ✓ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ ഭവന സമുച്ചയങ്ങൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങൾ ടൌൺഷിപ്പ് ആയി രൂപപ്പെടുത്തുന്നതിനു വേണ്ട പ്രോജക്ടുകൾ സർക്കാർ തലത്തിൽ നടപ്പിലാക്കാവുന്നതാണ്.

സംയോജന സാധ്യതകൾ

- ➢ എസ്.ബി.എം.(ജി), എം.ജി.എൻ.ആർ.ഇ.ജി.എസ്, മറ്റു ലഭ്യമാകുന്ന സ്രോതസ്സുകൾ എന്നിവയിൽ നിന്നുള്ള ധനസഹായങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ശൌചാലയം നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം ലഭ്യമാക്കുക
- ➢ വിവിധങ്ങളായ സർക്കാർ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് കുടിവെള്ള കണക്ഷൻ, വൈദ്യുതി, ഗ്യാസ് കണക്ഷൻ എന്നിവ ലഭ്യമാക്കുക
- ➢ സാധ്യമായ സ്ഥലങ്ങളിൽ മറ്റു വകുപ്പുകളുമായി സംയോജിച്ച് വിപുലമായ പച്ചക്കറി ചന്തകൾ സ്ഥാപിക്കുക
- ➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് വിവിധോദ്ദേശ ശിശുവിഹാറുകൾ സ്ഥാപിക്കുക

- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സംയോജിച്ച് സമ്പൂർണ്ണ സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ജെന്റർ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുക
- പട്ടികജാതി വകുപ്പ്, പട്ടിക വർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, ലേബർ വകുപ്പ്, ന്യൂനപക്ഷ വകുപ്പ് എന്നീ വിവിധ വകുപ്പുകളുടെ ഭവനപദ്ധതികളും ലൈഫ് പദ്ധതിയിലൂടെ ഏകീകരിച്ച് നടപ്പിലാക്കാവുന്നതാണ്.
- മേൽ വകുപ്പുകളുടെ ഭവന പദ്ധതികൾക്കായി നീക്കിവെച്ചിട്ടുള്ള ഫണ്ട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വീടുകളുടെ പൂർത്തീകരണത്തിന് കൈമാറേണ്ടതാണ്.
- ലൈഫ് പദ്ധതിയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയങ്ങളുടെ ആദ്യത്തെ 5 വർഷത്തെ പരിപാലനം സർക്കാർ നേരിട്ടു നടത്തേണ്ടതും തുടർന്നുള്ള 10 വർഷത്തെ പരിപാലനം അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ നിർദ്ദേശിക്കാവുന്നതാണ്.

7.11 സാമൂഹ്യ സുരക്ഷ – ജില്ലാ സോഷ്യൽ ജസ്റ്റീസ് - ഉപസമിതി

വികസന പരിപ്രേക്ഷ്യം

ജനങ്ങളുടെ ജീവിതനിലവാരം പടിപടിയായി ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടിയാണ് എല്ലാ വികസന നിർദ്ദേശങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നത്. തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന പ്രദേശത്തെ ജനങ്ങളുടെ ജീവിതസാഹചര്യങ്ങൾ, അപഗ്രഥനം ചെയ്ത് പോരായ്മകളും കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതികൾ രൂപീകരിക്കുന്നതിൽ ശ്രദ്ധ നൽകിയിട്ടുണ്ട്.

ഐക്യരാഷ്ട്ര സഭ നിർദ്ദേശിച്ച സുസ്ഥിര വികസനലക്ഷ്യങ്ങൽ കൈവരിക്കുന്നതിനായി കേരള സർക്കാർ തുടക്കം കുറിച്ച് ആർദ്രം തുടങ്ങിയ മിഷനുകളുടെ ഹ്രസ്വകാല – ദീർഘകാല സംസ്ഥാന ലക്ഷ്യങ്ങൾ കൂടി ഉൾപ്പെടുത്തുകയും വിവിധ വകുപ്പുകളുടെ സംയോജന സാധ്യത പ്രയോജനപ്പെടുത്തകയും ചെയ്തിട്ടുണ്ട്. ആർദ്രം മിഷൻറെ ലക്ഷ്യമായ മാതൃമരണവും ശിശുമരണവും ഇല്ലാത്ത ജില്ല എന്ന ലക്ഷ്യം നിലവിൽ അട്ടപ്പാടി കേന്ദ്രീകരിച്ച് നടത്തി വരുന്ന വിവിധ പോഷക ആരോഗ്യ പദ്ധതികൾ മറ്റു പഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കിയാൽ ജില്ലക്ക് കൈവരിക്കാനാകും.

കാര്യക്ഷമമായ വിവരശേഖരണ സംവിധാനവും വസ്തു നിഷ്ഠമായ വിവരങ്ങളും ഇത്തരത്തിലുള്ള പദ്ധതികൾക്ക് രൂപം നൽകുവാൻ അത്യന്താപേക്ഷിതമാണ്. ജനസംഖ്യാ സംബന്ധിച്ച വിവരങ്ങൾ, രോഗവിവരങ്ങൾ, പോഷണ സംബന്ധമായ വിവരങ്ങൾ, പ്രത്യേക ശ്രദ്ധ ആവശ്യമായ വിഭാഗങ്ങളുടെ വിവരങ്ങൾ, മരണം സംബന്ധിച്ച വിവരങ്ങൾ, മേഖലകളുമായി ബന്ധപ്പെട്ട, ബഡ്സ് സ്ഥാപനങ്ങൾ, അങ്കണവാടികൾ, പുനരധിവാസകേന്ദ്രങ്ങൾ, പകൽവീടുകൾ, വയോജന ക്ഷേമസ്ഥാപനങ്ങൾ, തുടങ്ങിയവയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്താനുതുകുന്നവ, എന്നീവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് വിവിധ മേഖലകളുടെ പദ്ധതി രൂപ രേഖ തയ്യാറാക്കിയിട്ടുള്ളത്. ബാലസൌഹൃദജില്ല, ശിശുമരണവും, മാതൃമരണവും ഇല്ലാതാക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും വയോജനങ്ങൾക്കും പോഷകാഹാരവും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുക ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരുടെ പരിരക്ഷ ഉറപ്പുവരുത്തുകയും അവർക്കാവശ്യമായ എല്ലാ സേവനങ്ങളും സലഭ്യമാക്കുകയും ചെയ്യുന്നതിലൂടെ ഭിന്നശേഷി സൌഹൃദ ജില്ല എന്ന ആശയം നടപ്പിലാക്കുക. ശിശുസൌഹൃദസ്ഥാപനങ്ങൽ, ഭിന്നശേഷി സൌഹൃദ സ്ഥാപനങ്ങൾ, വയോജന സൌഹൃദസൌഹൃദസ്ഥാപനങ്ങൾ എന്നീ ആശയങ്ങൾ നടപ്പിലാക്കുക കുട്ടികളുടെ ന്യൂനപോഷണം തടയുന്നതിനും, ആരോഗ്യപോഷണ ശൈശവ പഠനത്തിനും ആദ്യകാല പരിചരണത്തിനും അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുവാനും വികേന്ദ്രീകൃതവും സാമൂഹ്യാധിഷ്ഠിതവും പ്രദേശിക പ്രാതിനിധ്യം ഉറപ്പാക്കുന്നതുമായ ശിശുപരിചരണം ലഭ്യമാകുന്നതിനുമായി രൂപീകരിച്ച ഐ.സി.സി എസ്സ് മിഷൻറെ പ്രധാന സേവനങ്ങളായി

ശൈശവ പൂർവ്വകാല പരിചരണവും വിദ്യാഭ്യാസവും വികസനവും, പോഷണ പരിപാലന കൌൺസലിംഗ്, ആരോഗ്യ സേവനങ്ങൾ, സാമൂഹിക സ്വരുക്കൂട്ടലും, അവബോധവും, ഗുപാർശ ചെയ്യലും, വിവരവിനിമയ വിദ്യാഭ്യാസവും, തുടങ്ങിയവ ജില്ലയിൽ പരിപൂർണ്ണമായി നടപ്പിലാക്കുന്നുണ്ട് എന്നുറപ്പ് വരുത്തുകയും ഇതിനുള്ള പ്രധാന വിഭവകേന്ദ്രമായ അങ്കണവാടികേന്ദ്രങ്ങൾക്ക് നൽകുന്നതിനനുയോജ്യമായ ഭൌതികസാഹചര്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക. ശൈശവ വിവാഹം, ബാലവേല, ബാലഭിക്ഷാടനം, അതിക്രമങ്ങൾ തുടങ്ങിയവ സമ്പൂർണ്ണമായി നിർത്തലാക്കുന്ന പദ്ധതികൾ പഞ്ചായത്തുതലത്തിൽ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- കുട്ടികൾക്കുള്ള പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുക
- സാമൂഹ്യപരമായും കുടുംബപരമായും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സംരക്ഷണവും, പരിചരണവും ഉറപ്പ് വരുത്തുക.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ബാലസൌഹൃദ പദ്ധതികൾ വിലയിരുത്താൻ പ്രത്യേക സംവിധാനങ്ങൾ ഉണ്ടാവണം.
- അംഗനവാടികളിൽ പ്രീസ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്താനവശ്യമായ ക്ലസ്റ്റർറ്റും സംവിധാനവും, പരിശീലനങ്ങളും ഒരുക്കണം
- അംഗനവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തണം
- തൃതല പഞ്ചായത്തുകൾ ചൈൽഡ് പ്രൊട്ടക്ഷൻ നിയമങ്ങളും സംവിധാനങ്ങളും ശക്തിപ്പെടുത്തണം
- കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ കൊഴിഞ്ഞ് പോക്ക് - പഠന വിധേയമാക്കി പരിഹാരങ്ങൾ കണ്ടെത്തണം- ശാരീരികം / സാമ്പത്തിക / സാമൂഹ്യ പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ ഉണ്ടാവണം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വയോജനങ്ങളുടെ കണക്കെടുപ്പ് പൂർത്തിയാക്കുക, വയോജനക്ഷേമം ഉറപ്പുവരുത്തുക
- ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പരിപാടിയ്ക്ക് ആവശ്യമായ വാഹനങ്ങൾ ധനസഹായം എന്നിവ നൽകുക
- രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൌകര്യമുള്ള വൃദ്ധസദനങ്ങൾ ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ആരംഭിക്കുക.
- കുട്ടികൾക്കായി വിനോദ പരിപാലനകേന്ദ്രങ്ങൾ പഞ്ചായത്ത് തോറും സാദ്ധ്യമാക്കുക

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ✓ ശൈശവ വിവാഹങ്ങൾ കർശനമായി നിയന്ത്രിക്കപ്പെടണം
- ✓ പാലക്കാട് ജില്ലയിൽ 32 വൃദ്ധ സദനങ്ങളുണ്ട്. സർക്കാർ മേഖലയിൽ ഒരു വൃദ്ധ സദനം മാത്രമാണുള്ളത്. വൃദ്ധ സദനങ്ങളുടെ ആവശ്യം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ ബ്ലോക്ക് പഞ്ചായത്തിലും പാവപ്പെട്ടവർക്കുവേണ്ടി ഒരു വൃദ്ധ സദനം സ്ഥാപിക്കുന്നതിനുവേണ്ടി സഹായവും നേതൃത്വവും നൽകുക.
- ✓ കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ കർശനമായി നേരിടണം. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് ബന്ധപ്പെടുന്നതിനായി ഹെൽപ്പ് ലൈൻ/ കൌൺസിലിംഗ് സംവിധാനങ്ങൾ ഉറപ്പാക്കണം.

- ✓ ത്രിതല പഞ്ചായത്തുകളിൽ കുട്ടികൾക്കായി ലൈബ്രറികൾ, പാർക്കുകൾ സ്ഥാപിക്കുക, ബാലസഭകളുടെ രൂപീകരണം പൂർത്തിയാക്കുക
- ✓ ഭിന്നലിംഗക്കാർക്ക് – സ്വയംതൊഴിൽ സഹായം, പെൻഷൻ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, തുടർവിദ്യാഭ്യാസ സൌകര്യങ്ങൾ, തൊഴിൽ പരിശീലനം എന്നിവ സാധ്യമാക്കുക, ജില്ലാ ആശുപത്രികളിൽ ഇവർക്ക് പ്രത്യേകം ഹെൽപ്പ് ഡെസ്കുകൾ ഒരുക്കുക.
- ✓ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ എച്ച്.ഐ.വി ബാധിതർ/ കിടപ്പ് രോഗികൾ/അവിവാഹിതരായ അമ്മമാർ/ അന്യസംസ്ഥാന തൊഴിലാളികളും, കുടുംബാംഗങ്ങളുടെയും ഡാറ്റാ ബാങ്ക് തയ്യാറാക്കി ഇവരുടെ ആരോഗ്യപരിപാലന സംരക്ഷണം,കൌൺസിലിംഗ് സംവിധാനം , മാനസികരോഗ്യം മെച്ചപ്പെടുത്തൽ എന്നിവ ഉറപ്പാക്കുക.
- ✓ ഭിന്നശേഷിക്കാരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.

<u>സംയോജന സാധ്യതകൾ</u>

- ➢ കുട്ടികളുടെ പോഷകാഹാരകുറവും, ആരോഗ്യപരിപാലന രീതികളും, പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കാത്തതും പരിഹരിക്കുന്നതിനായി ആരോഗ്യ വകുപ്പും, സാമൂഹ്യനീതി വകുപ്പും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, കുടുംബശ്രീ സംവിധാനവും ഏകോപിച്ച പ്രവർത്തനങ്ങൾ അനിവാര്യമാണ്.
- ➢ കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ, മനുഷ്യക്കടത്ത്, ലഹരി ഉപയോഗം, ബാലവേല എന്നിവ നിയന്ത്രിക്കുന്നതിനായി പോലീസ്, എക്സൈസ്, ആരോഗ്യവകുപ്പ്, തൊഴിൽ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സംയോജിച്ച പ്രവർത്തനങ്ങൾ നടക്കേണ്ടതാണ്.
- ➢ പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങളായ എച്ച്.ഐ.വി ബാധിതർ/ കിടപ്പ് രോഗികൾ/അവിവാഹിതരായ അമ്മമാർ/ അന്യസംസ്ഥാന തൊഴിലാളികളും, കുടുംബാംഗങ്ങളും ഉൾപ്പെട്ട വിഭാഗങ്ങൾക്ക് ആരോഗ്യ, സാമൂഹ്യനീതി, തൊഴിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ സംയോജിച്ച് ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.
- ➢ ആരോഗ്യവകുപ്പിന്റെയും, സാമൂഹ്യനീതി വകുപ്പിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനങ്ങളിലൂടെ വയോജനങ്ങൾക്ക് സുരക്ഷയും, ആരോഗ്യ പരിചരണയും, ക്ഷേമപ്രവർത്തനങ്ങളും നടത്തേണ്ടതാണ്.
- ➢ വിവരശേഖരണം -, തദേശഭരണ വകുപ്പ്, സാമൂഹ്യനീതിവകുപ്പ്, ട്രൈബൽ വകുപ്പ്
- ➢ ശിശു ലിംഗാനുപാതം ഉയർത്തൽ- തദേശഭരണ വകുപ്പ്, ആരോഗ്യവകുപ്പ്, ട്രൈബൽ വകുപ്പ്
- ➢ ശിശുമരണ നിരക്ക് കുറയ്ക്കൽ- സാമൂഹ്യനീതി വകുപ്പ്, തദേശഭരണ വകുപ്പ്, ആരോഗ്യവകുപ്പ്
- ➢ ട്രൈബൽ വിഭാഗത്തിലെ കുട്ടികളുടെ സ്കൂൾ കൊഴിഞ്ഞുപോക്ക് - വിദ്യാഭ്യാസവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ട്രൈബൽ വകുപ്പ്
- ➢ സൈക്കോസോഷ്യൽ കൗൺസിലിംഗ് സെൻറർ - വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദേശഭരണ വകുപ്പ്, ആരോഗ്യവകുപ്പ്
- ➢ ഭിന്നശേഷിയുള്ള കുട്ടികൾക്ക് പുനരധിവാസ സ്ഥാപനങ്ങൾ/സ്കൂളുകൾ സ്ഥാപിക്കുക - വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദേശഭരണ വകുപ്പ്
- ➢ ശിശു സംരക്ഷണ കമ്മറ്റികൾ ശക്തിപ്പെടുത്തുക - വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, തദേശഭരണ വകുപ്പ്

7.12 വിദ്യാഭ്യാസം, സംസ്കാരം, കായികം, യുവജനക്ഷേമം - ഉപസമിതി

വികസനപരിപ്രേക്ഷ്യം

കേരളം നേരിടുന്ന വികസന പ്രതിസന്ധികൾ കണക്കിലെടുത്തു കൊണ്ട് ആവിഷ്കരിക്കേണ്ട നയത്തിന്റെ ഭാഗമായി വിദ്യാഭ്യാസഘടനയും പ്രവർത്തന രീതിയും മെല്ലാം സമഗ്രമായ പരിക്ഷകരണത്തിനും നവീകരണത്തിനും വിധേയമാക്കേണ്ടതാണ്. കേരള വികസന മാതൃകയുടെ അടിത്തറകളായ വിദ്യാഭ്യാസ—ആരോഗ്യമേഖലകളിൽ എന്നാൽ നമുക്കിതുവരെ സമുചിതമായ വികസന പരിപ്രേക്ഷ്യമോ നയരൂപീകരണമോ നടത്താൻ കഴിഞ്ഞിട്ടില്ല. നമ്മുടെ വിദ്യാഭ്യാസം നേരിടുന്ന അടിസ്ഥാനപരമായ പലവൈകല്യങ്ങളും ഇതിനിടെ തീരെ ചർച്ചചെയ്യപ്പെടാതെ പോവുന്നുമുണ്ട്. വിദ്യാഭ്യാസമേഖലയുടെ വളർച്ചയും വിദ്യാസമ്പന്നരുടെ എണ്ണത്തിലുള്ള വർദ്ധനവും വ്യവസായ-കാർഷിക—ശാസ്ത്ര സാങ്കേതിക മേഖലകളുടെ നവീകരണത്തിലേക്കും വിപുലീകരണത്തിലേക്കും നയിക്കുമെന്നതാണ് നിരവധി രാജ്യങ്ങളുടെ അനുഭവങ്ങൾ തെളിയിക്കുന്നത്. വിദ്യാഭ്യാസമേഖല ഉല്പാദനമേഖലകളുടേയും അതുവഴി സാമ്പത്തികമേഖലയുടേയും വളർച്ചക്ക് പ്രേരക ശക്തിയായിമാറണം.

കേരളത്തിന്റെ സാമൂഹ്യപുരോഗതിയുടെ സൂചികകളിൽ ഏറെ പ്രധാന പ്പെട്ടവയാണ് നാം പൊതുവിദ്യാഭ്യാസത്തിലും, സാക്ഷരതയിലും കൈവരിച്ചമുന്നേറ്റം. ജീവിത ഗുണനിലവാരവളർച്ച , പ്രൊഫഷണൽ വിദ്യാഭ്യാസ വ്യാപനം, ആഗോളതൊഴിൽ കമ്പോളത്തിലെ മലയാളി സാന്നിധ്യം എന്നിവ നാം ഇന്ന് കാണും വിധം സാധ്യമായത് എയ്ഡഡ്മേഖല അടക്കമുള്ള പൊതുവിദ്യാഭ്യാസ ശൃംഖലയുടെ സാർവത്രിക സ്വഭാവവും, സാമൂഹ്യ പുരോഗതി ലക്ഷ്യം വെച്ച കൊണ്ടുള്ള സേവന മനോഭാവവും കൊണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളത്തിലെ വിദ്യാഭ്യാസമേഖല ഗൌരവകരമായ പുതിയ വെല്ലുവിളികളെ നേരിടുകയാണ് അവയെ ഫലപ്രദമായി നേരിട്ടു കൊണ്ടല്ലാതെ നമുക്ക് നമ്മുടെ ഭൂതകാല നേട്ടങ്ങളെ നിലനിർത്താനാവില്ല. പൊതു വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച പൊതു സമൂഹം പ്രകടിപ്പിക്കുന്ന വിമർശനങ്ങളെയും ആശങ്കകളെയും ആത്മാർത്ഥതയോടെ സമീപിച്ച കൊണ്ടും, സമഗ്രമായ പരിഷ്കരണങ്ങളിലൂടെയും, അദ്ധ്യാപക — രക്ഷാകർത്തൃസമൂഹത്തിൻറെ ഗുണപരമായ മനോഭാവമാറ്റത്തിലൂടെയും നമ്മുടെ വിദ്യാലയങ്ങളെ മികവിൻറെ കേന്ദ്രങ്ങളാക്കുവാൻ നമുക്ക് കഴിയണം.

കേരളീയ സമൂഹത്തിൻറെ നന്മകൾപൊതുവിദ്യാലയ സംസ്കാരത്തിൻറെ സൃഷ്ടികൾ ആയിരുന്നു. മതനിരപേക്ഷത, ജനാധിപത്യ അവകാശബോധം, പൌരബോധം, സാമൂഹ്യാവബോധം തുടങ്ങിയ എല്ലാം രൂപപ്പെടുത്തി എടുത്തതു നമ്മുടെ പൊതു വിദ്യാലയങ്ങളിൽ നിന്ന് തന്നെ ആയിരുന്നു. അതുകൊണ്ട് തന്നെ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നന്മ നിറഞ്ഞ സാമൂഹിക ദൌത്യമായി കണക്കാക്കണം. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളെ മുൻ നിർത്തി ഇതുപോലെയൊരു സമഗ്ര ദൌത്യത്തിന് തുടക്കം കുറിക്കുന്നത് ആദ്യമാണ്. കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്നേഹികൾ ഈ ദൌത്യത്തോട് ക്രിയാത്മകമായി പ്രതികരിക്കുകയും താല്പര്യപൂർവ്വം സഹകരിക്കുകയും ചെയ്തു തുടങ്ങി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

പൊതു വിദ്യാലയങ്ങളുടെ ആകർഷണീയത വർദ്ധിച്ചിരിക്കുന്നതായി രക്ഷിതാവിനു ബോധ്യപ്പെടുവാനും നിലവാരം ഉയർത്തേണ്ടതിൻറെ അനിവാര്യത അദ്ധ്യാപകന് ബോധ്യപ്പെടുവാനും ഈ സമീപനം ഉപകരിക്കും. ഇതിനു വിപരീതമായ രീതിയിൽ കാര്യങ്ങൾ കുറെ കാലമായി നടന്നതിൻറെ ദുരന്തങ്ങളാണ് അൺ എയ്ഡഡ് വ്യാപനത്തിലേക്കും പൊതു വിദ്യാലയ ആകർഷണീയതക്കുറവിലേക്കും

നയിച്ചത് എന്ന് നാം തിരിച്ചറിയണം. പൊതു വിദ്യാഭ്യാസത്തിനു നേരെ ഉയരുന്ന വിമർശനം സൃഷ്ടിപരവും ഉദ്ദേശ്യ ശുദ്ധിയുള്ളതുമാണെങ്കിൽ അതിനെ നാം അംഗീകരിക്കേണ്ടതാണ്.

ദീർഘകാല പദ്ധതികളും, ദുരിതമനുഭവിക്കുന്നവർക്ക് സമാശ്വാസം നൽകുവാനുള്ള സത്വര ക്ഷേമനടപടികളും ഉൾക്കൊള്ളുന്ന ദ്വിമുഖ നയപരിപാടിയാണ് **പതിമൂന്നാം പദ്ധതി**യിലൂടെ ഗവൺമെന്റ് ആവിഷ്കരിച്ചിരിക്കുന്നത്. വികസന പ്രക്രിയയിൽ അവഗണിക്കപ്പെട്ടിരുന്ന അല്ലെങ്കിൽ അതിന്റെ ഗുണഫലങ്ങൾ പൂർണമായും അനുഭവിക്കുവാൻ കഴിയാതെയിരുന്ന ഒരു വിഭാഗത്തിന്റെ ജീവിതനിലവാരം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് **നവകേരള സൃഷ്ടിക്കു** വേണ്ടി **നാല് ദൗത്യങ്ങൾ** നടപ്പിലാക്കുവാൻ പോകുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിനായി ജനകീയ ബദൽ സഫലീകരിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ ദൗത്യങ്ങൾ രൂപകല്പന ചെയ്തിരിക്കുന്നത്. നവകേരളം എന്ന സർഗാത്മകവും അതേസമയം മൂർത്തവുമായ സങ്കല്പത്തെക്കുറിച്ച് ഭരണകാര്യ ചട്ടക്കൂടുകളിൽ മനംമടുത്തിരിക്കുന്നവരിൽ വിശ്വാസമാർജിക്കുവാൻ ഇത് സഹായകരമായിട്ടുണ്ട്. ഈ അനുകൂല സാഹചര്യത്തെ ഉപയോഗപെടുത്തികൊണ്ടു വിദ്യാഭ്യാസ രംഗത്ത് സമൂലവും ശാസ്ത്രീയവുമായ ആസൂത്രണവും അതിനനുസരിച്ചുള്ള നടപടികളും ആവശ്യമാണ് .

ഉല്പാദന മേഖല മുരടിക്കുന്നതിന്റെ ഫലമായി സമ്പത്തുല്പാദനം നടക്കാത്തതുകൊണ്ട് കേരളം ഇതിനകം കൈവരിച്ച സാമൂഹ്യ നേട്ടങ്ങൾ നിലനിർത്താൻ നമുക്ക് കഴിയുന്നതുമില്ല. പ്രാന്തവൽക്കരിക്കപ്പെട്ടവരുടേയും ദുർബല ജനസമൂഹങ്ങളുടെയും ജീവിതം സുരക്ഷിതമാക്കുന്നതിന് ഉല്പാദന സേവന മേഖലകളുടെ വളർച്ചയിലൂടെ കൈവരിക്കേണ്ട സാമ്പത്തിക കുതിപ്പ് ആവശ്യമാണ്. അതുകൊണ്ടാണ് അക്കാദമിക്ക് ജീർണ്ണതയും ജഡത്വവും ബാധിച്ച നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ നവീകരണം കേരള വികസന മാതൃകയുടെ സുസ്ഥിരതക്കുള്ള മുഖ്യ അജണ്ടയായി മാറുന്നത്.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- സ്കൂളുകളിൽ മാനസ്സിക ഉല്ലാസത്തിനുള്ള ഭൌതിക സാഹചര്യം ഉണ്ടാക്കണം
- പ്രീ-പ്രൈമറി തലത്തിൽ പ്രത്യേക അദ്ധ്യാപകരെയും ആയമാരെയും നിയമിക്കുക
- പ്രാഥമികാവശ്യങ്ങൾക്കുള്ള അടിസ്ഥാന സൌകര്യങ്ങളും, പെൺകുട്ടികൾക്കായി പ്രത്യേകം സജ്ജമാക്കിയിട്ടുള്ള പ്രത്യേക മുറികളും സ്കൂളുകളിൽ സജ്ജമാക്കേണ്ടതാണ്.
- ക്ലാസ്സ് റൂമുകളുടെ വലിപ്പം കുട്ടികളുടെ എണ്ണം എന്നിവ തമ്മിൽ ഒരു പ്രത്യേക അനുപാതം നിലനിർത്തണം
- കുട്ടികളുടെ ഭാവിയെക്കുറിച്ച് സ്വന്തമായ ദിശാബോധം, ആത്മവിശ്വാസം എന്നിവ വളർത്തിയെടുക്കുന്നതിനായി വ്യക്തിത്വ വികസന ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.
- ഓരോ സ്കൂളിലും ലൈബ്രറി, ലൈബ്രേറിയൻ എന്നിവ അനുവദിക്കുക
- കലാകായിക മത്സരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തുതലം മുതൽ സബ്ബ് ജില്ലാതലം വരെ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.
- എം.പി, എം.എൽ.എ ഫണ്ടുകൾ പ്രീപ്രൈമറി മേഖലയിൽ കൂടുതലായി വിനിയോഗിക്കുകയും പ്രീമൈറി മേഖലയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കുകയും വേണം
- ഉച്ചഭക്ഷണ പരിപാടിയുടെ നടത്തിപ്പിനായി പ്രത്യേക സംവിധാനം ഉണ്ടാക്കണം

മേൽത്തട്ട് നിർദ്ദേശങ്ങൾ

- ✓ അദ്ധ്യാപകർക്ക് പുതിയ കരികുലം അനുസരിച്ചുള്ള പരിശീലനത്തിന് ജില്ലാതലത്തിൽ പദ്ധതിയുണ്ടാവണം. ജില്ലാതലത്തിൽ വിദ്യാഭ്യാസ ഹബ്ബുകൾ
- ✓ അനുഭവാധിഷ്ഠിത പഠനത്തിന് സഹായകമായവിധം അടിസ്ഥാന സൌകര്യം വർദ്ധിപ്പിക്കുക
- ✓ സംസ്ഥാനത്തിന്റെ സമഗ്രവികസനം എന്ന ഉദ്ദേശ്യത്തോടുകൂടി വേണം പദ്ധതികൾ അവലംബിക്കണം
- ✓ പ്രീ-പ്രൈമറി അദ്ധ്യാപകർക്കുള്ള സർക്കാർ ട്രൈയിനിംഗ് സെന്ററുകൾ തുടങ്ങണം.
- ✓ പ്രീ-പൈമറി, പ്രൈമറിതല വിദ്യാഭ്യാസരംഗത്ത് പുതിയ ഭരണ സംവിധാനം ആവശ്യമാണ്.
- ✓ അട്ടപ്പാടി കേന്ദ്രമായി എ.ഇ.ഒ ഓഫീസും മോണിറ്ററിംഗിന് വാഹനവും അനുവദിക്കണം
- ✓ കോളേജ് വിദ്യാഭ്യാസ മേഖലയിൽ തൊഴിൽ ഗവേഷണ സാധ്യതാ കോഴ്സുകൾ അവലംബിക്കുക.
- ✓ പത്താംതരം, ഹയർ സെക്കണ്ടറി തുല്യതാ പരിശീലനം നടത്തുന്ന സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികൾക്ക് ലഭിക്കുന്ന സൌകര്യങ്ങൾ ഇവർക്കും ലഭ്യമാക്കേണ്ടതാണ്. ഉദാ: ലാബ്, ലൈബ്രറി
- ✓ ഭിന്നലിംഗക്കാർ, അന്യ സംസ്ഥാന തൊഴിലാളികൾ എന്നിവരെ തുടർ വിദ്യാഭ്യാസത്തിന്റെ പങ്കാളികളാക്കാൻ നിർദ്ദേശം
- ✓ പഠന സാമഗ്രികൾ സൂക്ഷിക്കുന്നതിനാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കണം
- ✓ തുടർ വിദ്യാഭ്യാസ പരിപാടി പ്രകാരം ഹയർ സെക്കന്ററി പരീക്ഷ പാസ്സാവുന്നവർക്ക് പി.എസ്.സി പരീക്ഷ എഴുതുന്നതിനുള്ള അംഗീകാരം നല്കണം.

സംയോജന സാധ്യതകൾ

- ➢ കുട്ടികൾക്കുള്ള സ്കോളർഷിപ്പുകൾ, സാമൂഹിക സുരക്ഷാ പദ്ധതിയുടെ ഭാഗമായി നിർബന്ധമാക്കുക
- ➢ ഐ.ടി പരിശീലനത്തിന് സബ്ബ് ജില്ലയിൽ ഐ.ടി വിഭവ കേന്ദ്രം, ഐ.ടി. സർവ്വീസ്, സ്കോളർഷിപ്പ് എന്നിവ ഇ-ഗവേണൻസ് കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുക
- ➢ പിന്നോക്ക വിഭാഗത്തിലുള്ള പെൺകുട്ടികൾക്ക് സൌജന്യ വിദ്യാഭ്യാസവും സ്കോളർഷിപ്പും വനിതാ ശിശുക്ഷേമ വകുപ്പുമായി ഏകോപിപ്പിക്കാവുന്നതാണ്.
- ➢ സംസ്ഥാനത്തിന്റെ കാർഷിക പുരോഗതിക്കാവശ്യമായ സാങ്കേതിക വൈദഗ്ദ്യം സൃഷ്ടിക്കുക
- ➢ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ ആയുർവേദത്തിന്റെ പങ്ക് ഉറപ്പുവരുത്തുക.
- ➢

7.13 ഊർജ്ജം - ഉപസമിതി

വികസന പരിപ്രേക്ഷ്യം

തടസ്സരഹിത ഗുണമേന്മയുള്ള വൈദ്യുതി താങ്ങാവുന്ന നിരക്കിൽ എല്ലാവർക്കും ലഭ്യമാക്കുക, നഗര ഗ്രാമ വ്യത്യാസമില്ലാതെ മികച്ച വൈദ്യുതി വിതരണം ചെയ്യുക, സാങ്കേതിക – വാണിജ്യ നഷ്ടം ഏറ്റവും കുറഞ്ഞതാക്കുക, സുരക്ഷിതമായ വൈദ്യുതി വിതരണ ശൃംഖല ഉറപ്പാക്കുക, ജില്ലയെ സമ്പൂർണ്ണ വൈദ്യുതീകൃത അവസ്ഥയിൽ തുടർന്നു നിലനിർത്തുക എന്നിവയാണ് കെ.എസ്.ഇ.ബി ലിമിറ്റഡിൻറെ ലക്ഷ്യങ്ങൾ. ഇതിനായി ജില്ലയിൽ പാലക്കാട്ടും, ഷൊർണ്ണൂരും കേന്ദ്രീകരിച്ച് പ്രത്യേക പ്രൊജക്ട് മാനേജ്മെൻറ് യൂണിറ്റുകൾ രൂപീകരിച്ചിട്ടുണ്ട്. കൃത്യമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിൻറെ ആദ്യപടിയായി ജില്ലയിലെ മുഴുവൻ ഹൈടെൻഷൻ ലൈനുകളുടെയും ജി.ഐ.എസ് മാപ്പിംഗ് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചു. ഓരോ പ്രദേശത്തും ഒന്നിലധികം സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ലഭ്യത ഉറപ്പാക്കുക, സൌരോർജ്ജ നിലയങ്ങൾ അനായാസം

ഗ്രിഡിലേക്ക് ഘടിപ്പിക്കുക, വൈദ്യുതി നഷ്ടം കുറയ്ക്കുക, വൈദ്യുതി തടസ്സം ഏറെ അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യാനുസരണം എ.ബി.സി കേബിളുകൾ, ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുക, അപകടകരമായ ലൈനുകൾ മാറ്റി സ്ഥാപിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ പ്രസ്തുത ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി ജില്ലയിൽ 2018-22 കാലയളവിൽ വിതരണരംഗത്തിൻറെ വികസനത്തിനായി 346 കോടിയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

ദീർഘകാലം

ഊർജ്ജ ഉത്പാദനമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ശൃംഖല ബന്ധിത സൌരമേൽക്കൂര വൈദ്യുതി നിലയങ്ങൾ, കാറ്റാടിപ്പാടങ്ങൾ, മിനി മൈക്രോ ജലവൈദ്യുത പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്ത് അനർട്ടിൻറെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തേണ്ടതാണ്.

കഞ്ചിക്കോട് വ്യവസായ മേഖലയിൽ തടസ്സമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭിമാക്കുവാൻ നിലവിലെ 220 കെ.വി സബ് സ്റ്റേഷൻറെ തെക്കു പടിഞ്ഞാറ് ഭാഗത്തായി പുതിയ 110/22 കെ.വി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് വ്യവസായ മേഖലയുടെ വളർച്ചക്ക് ഗുണം ചെയ്യുന്നതാണ്.

33 കെ.വി ലൈനുകളിൽ ഉണ്ടാവുന്ന വൈദ്യുതി തടസ്സത്തിന് ശാശ്വത പരിഹാരമായി 33 കെ.വി ശൃംഖലയിലേക്ക് ഒന്നിലധികം സബ് സ്റ്റേഷനുകളിൽ നിന്നും വൈദ്യുതി ലഭ്യമാക്കേണ്ടതാണ്.

ജനങ്ങൾക്ക് വൈദ്യുതിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട സേവനങ്ങളാകെ ഒരു കുടക്കീഴിൽ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ലഭ്യമാക്കുന്ന വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കുക. ഉപഭോക്തൃ സേവന നിലവാരത്തിൽ വൻകുതിച്ച ചാട്ടമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

കാലാവസ്ഥ വ്യതിയാനത്തിനിടയാക്കുന്ന ഹരിതഗൃഹ വാതകങ്ങൾ പുറംതള്ളുന്നതിന് ഗതാഗത മേഖല മുഖ്യ പങ്കാണ് വഹിക്കുന്നത്. പൊതു – സ്വകാര്യ ഗതാഗതത്തിനുള്ള വാഹനങ്ങൾ പെട്രോളിയം ഉത്പന്നങ്ങൾക്ക് പകരം വൈദ്യുതി അടിസ്ഥാനമാക്കുന്നത് ഗുണപരമായ മാറ്റമുണ്ടാക്കുമെന്ന് കണക്കാക്കുന്നു. ഈ – വാഹനങ്ങളുടെ ഉപയോഗം വ്യാപകമാകുന്നതിനുള്ള പ്രധാന തടസ്സങ്ങലായി കണക്കാക്കുന്നത് ഉയർന്ന പ്രാരംഭ ചിലവും, ഒരു ചാർജ്ജിൽ പരമാവധി പോകുവാൻ കഴിയുന്ന ദൂരപരിമിതിയുമാണ്. ഈ വാഹനങ്ങൾക്ക് ആവശ്യാനുസരണം പൂർണ്ണമായും ചാർജ്ജ് ചെയ്ത ബാറ്ററികൾ വാടകക്ക് നൽകാവുന്നതാണ്, ഇതിനുള്ള പോംവഴി ഇതിന് സജ്ജമായ ബാറ്ററി ചാർജ്ജിംഗ് സ്വെയ്പ്പിങ്ങ് സ്റ്റേഷനുകൾ ആവശ്യാനുസരണം ജില്ലയിൽ സ്ഥാപിക്കുന്നതിലൂടെ ഈ വാഹനങ്ങളുടെ ഉപയോഗം വ്യാപകമാകുന്നതാണ്.

കീഴ്ത്തട്ട് നിർദ്ദേങ്ങൾ

- കനാലിനു മുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഗ്രിഡിലേക്ക് കൊടുക്കാവുന്ന രീതികൾ സ്വീകരിക്കാവുന്നതാണ്.
- ഊർജ്ജ സംരക്ഷണത്തിനായി നിലവിലുള്ള തെരുവു വിളക്കുകൾ എൽ.ഇ.ഡി ബൾബുകളാക്കി മാറ്റാവുന്നതാണ്.
- ഊർജ്ജ നഷ്ടം 10 ശതമാനത്തിൽ കുറയ്ക്കുക
- ഊർജ്ജ സംരക്ഷണത്തിനും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനുമായി വിവിധ അവബോധ പരിപാടികൾ നടത്തുക

- കമ്മ്യൂണിറ്റി അടുപ്പുകൾ ആവശ്യാനുസരണം കുടുംബശ്രീ വഴി വ്യാപകമാക്കാവുന്നതാണ്
- ഗോബർഗ്യാസ് പ്ലാൻറുകളുടെ സാധ്യത കണ്ടെത്തുകയും ഇതിനാവശ്യമായ ബോധവത്ക്കരണ ക്ലാസ്സുകൾ അനാർട്ടിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക
- എല്ലാ ഗ്രാമപഞ്ചായത്തുകളിലും വാതക വൈദ്യുത ശ്മശാനങ്ങൾ നിർമ്മിക്കുക

മേൽതട്ട് നിർദ്ദേങ്ങൾ

- ✓ സർക്കാർ /അർദ്ധ സർക്കാർ, സ്ഥാപനങ്ങളുടെ മേൽക്കൂരകളിൽ സൌരോർജ്ജ സംവിധാനം നടപ്പിലാക്കുക
- ✓ വ്യവസായ മേഖലാ സ്ഥലങ്ങളിൽ ഇടതടവില്ലാതെ വൈദ്യുതി വിതരണം ഉറപ്പാക്കേണ്ടതാണ്.
- ✓ പാരമ്പര്യേതര ഊർജ്ജ മേഖലയിൽ വിവരശേഖരണം ഊർജ്ജിതമാക്കുക (അനാർട്ട്)
- ✓ ഡി.ഡി.യു.ജി.ജെ.വൈ, എസ്.എ.ജി.വൈ പദ്ധതിപ്രകാരം ജില്ലയിലെ എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും വൈദ്യുതി എത്തിക്കുന്ന ജോലി പൂർത്തീകരിക്കുക
- ✓ ജില്ലയിലെ ഊർജ്ജം ഉല്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള ശ്രമം നടത്തുക
- ✓ കേന്ദ്ര ഗവണ്മെന്റ് പദ്ധതിയായ സൌഭാഗ്യ (വൈദ്യുതീകരിക്കാത്ത വീടുകളിൽ വൈദ്യുതി എത്തിക്കുക) എല്ലാ പ്രദേശങ്ങളിലും നടപ്പിലാക്കാൻ ശ്രമിക്കുക
- ✓ സമ്പൂർണ്ണ തെരുവ് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ
- ✓ ചേന്നങ്കാട്, മരുതംതടം, മലമ്പാടം, പേഴംകോട്, തോലൻകുന്ന് എന്നിടങ്ങളിൽ കാറ്റിൽ നിന്നും സൌരോർജ്ജം വഴിയും വൈദ്യുതി ഉല്പാനത്തിനുള്ള സാധ്യത ഉപയോഗപ്പെടത്താവുന്നതാണ്.
- ✓ വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ ലൈൻ ദീർഘിപ്പിക്കലും, തെരവ് വിളക്കുകൾ സ്ഥാപിക്കലും
- ✓ സൌരോർജം ഉപയോഗപ്പെടുത്തി പമ്പ് സെറ്റുകൾ സ്ഥാപിക്കുക
- ✓ 110 കെ.വി വൈദ്യുതി ലൈൻ സ്ഥാപിക്കുക, വൈദ്യുതി ശ്മശാനം നിർമ്മിക്കുക
- ✓ പാലക്കാട് ടൌണിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം ചെയ്യുന്നതിന് ഒരു റിംഗ് മെയിൻ യൂണിറ്റ് സ്ഥപിക്കുവാൻ പദ്ധതിയുണ്ട്.
- ✓ അടുത്ത വാർഷിക പദ്ധതിയിൽ ഇടതടവില്ലാതെ വൈദ്യുതി സുരക്ഷയോടെ നല്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്താൻ ലക്ഷമിടുന്നു.

സംയോജന സാധ്യതകൾ

- ➢ എം.പി, എം.എൽ.എ, എൽ.എസ്.ജി.ഡി ഫണ്ടുകൾ ഉപയോഗപ്പെടുത്തികൊണ്ട് സർക്കാർ / അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സൌരോർജ്ജ പാനലുകൾ സ്ഥാപിക്കാവുന്നതാണ്.
- ➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഊർജ്ജ സംരക്ഷണത്തിനായി നിലവിലെ തെരുവു വിളക്കുകൾ എൽ.ഇ.ഡി ബൾബുകളാക്കി മാറ്റാം.
- ➢ ജലസേചന വകുപ്പുമായി സംയോജിച്ച് കനാലിനു മുകളിൽസോളാർ പാനലുകൾ സ്ഥാപിച്ച് ഗ്രിഡിലേക്ക് കൊടുക്കാവുന്നതാണ്.
- ➢ വ്യവസായ സ്ഥാപന മേഖലകളിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജന സാധ്യത പരമാവധി ഉൾക്കൊള്ളിക്കാവുന്നതാണ്.

7.14 പശ്ചാത്തല വികസനം (റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ) - ഉപസമിതി

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- ഗ്രാമീണ പാതകളുടെ വീതികുറവ് പരിഹരിച്ച്, ഡ്രൈനേജ് സൌകര്യം മെച്ചപ്പെടുത്തി, ഗതാഗതം സുഗമമാക്കണം.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പരിധിയിൽ ഓട്ടോ, ടാക്സി മറ്റ് പാർക്കിങ്ങ് കേന്ദ്രങ്ങൾ സജ്ജമാക്കണം – പൊതു സ്ഥാപനങ്ങളിലും ഈ സൌകര്യം ഏർപ്പെടുത്തണം.
- പട്ടികജാതി/പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് ഉതകുന്ന പദ്ധതികൾ ആവിഷ്കരിക്കുക.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ എൻ.എച്ച് 544 , എൻ.എച്ച്. 966 എന്നീ റോഡുകൾആറുവരി പാതയാക്കണം
- ✓ മണ്ണാർക്കാട് ബൈപ്പാസ് പ്രാവർത്തികമാക്കണം
- ✓ വടക്കഞ്ചേരി – പൊള്ളാച്ചി പാതദേശീയ പാതയായി വികസിപ്പിക്കണം
- ✓ പാലക്കാട്–തിരുവാഴിയോട് –പെരിന്തൽമണ്ണ പാത നാല് വരിപാതയായി ഉയർത്തണം
- ✓ കാവിൽപ്പാട് റെയിൽവേ ലെവൽക്രോസ്സ് ഫ്ലൈ ഓവർനിർമ്മാണം, പ്രാധാന ജംഗ്ഷനുകളിൽ ഗതാഗതക്കുരുക്ക് ഒഴിവാക്കൽ ഫ്ലൈ ഓവറുകളുടെ നിർമ്മാണം.
- ✓ പാലക്കാട് ജില്ലയിലെ പ്രധാന ജില്ലാ റോഡുകൾ സംസ്ഥാന പാതകളായി ഉയർത്തണം
- ✓ ജില്ലാ റോഡുകൾ മുൻഗണന നിശ്ചയിച്ച് വീതി കൂട്ടി, കലുങ്കുകൾ, പാലങ്ങൾ, എന്നിവ പണിത് സമയബന്ധിതമായി പൂർത്തിയാക്കേണ്ടതാണ്.
- ✓ ജില്ലയിലെ പ്രധാന ഇടങ്ങളിൽ കാണുന്ന വെള്ളക്കെട്ടുകൾ, അപകടകരമായ വളവുകൾ നിവർത്തൽകവല നവീകരണ പ്രവൃത്തികൾ എന്നിവ ഏറ്റെടുക്കണം
- ✓ ബലക്ഷയം സംഭവിച്ച പാലങ്ങളുടെയും, പുതിയ പാലങ്ങളുടെയും പ്രവൃത്തികൾ ഏറ്റേടുക്കേണ്ടതാണ്.
- ✓ കാനകളുടെ അറ്റകുറ്റപണികളും, പുതിയ കാനകളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഏറ്റെടുക്കണം
- ✓ സൂചികാബോർഡുകൾ, ദിശാബോർഡുകൾ, കിലോമീറ്റർ, ഹെക്ടാമീറ്റർ , കല്ലുകൾ എന്നിവ സ്ഥാപിച്ച് ഗതാഗതം സുഗമമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കണം
- ✓ നിലവിലുള്ള ബൈപാസുകളുടെ ഗതാഗത സൌകര്യം മെച്ചപ്പെടുത്തുക.
- ✓ ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 8 കേന്ദ്രങ്ങളിൽ പാർക്കിംഗ് സ്പേസ് നിർമ്മിക്കേണ്ടതാണ്.
- ✓ ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് ഒരു റോഡ് ശൃംഖല രൂപപെടുത്തേണ്ടതാണ്.
- ✓ പൊതുമരാമത്ത് കെട്ടിടങ്ങൾക്ക് ഗ്രീൻ ബിൽഡിംഗ് പോളിസി, മഴവെള്ളകൊയ്ത്ത്, സൌരോർജ്ജ സംവിധാനം എന്നിവകൂടി നടപ്പിലാക്കണം. സിവിൽ സ്റ്റേഷനുകളുടെ സൌകര്യങ്ങൾ മെച്ചപ്പെടുത്തുകയും, പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും വേണം.

സംയോജന സാധ്യതകൾ

- ➢ ദേശീയ പാത അതോറിറ്റിയുമായി സഹകരിച്ച് ദേശീയപാതകളുടെ വികസനവും, പുതിയ ദേശീയപാതയുടെ നിർമ്മാണവും നടത്താവുന്നതാണ്.
- ➢ റോഡ് വികസന പ്രവർത്തനങ്ങളിൽ വാർത്താവിനിമയ സ്ഥാപനങ്ങൾ, ജല അതോറിറ്റി, ജലസേചനം, വനം എന്നീ വകുപ്പുകളുമായി ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ അനിവാര്യമാക്കണം

- തദ്ദേശസ്വയം ഭരണ വകുപ്പ്, ഗതംഗതവകുപ്പ്, പോലീസ് എന്നിവയുടെ ഏകോപനത്തോടെ പാർക്കിംഗ് സൌകര്യങ്ങളും, ബസ് ബേ കളും, സൂചികാബോർഡുകൾ, റോഡ് മാർക്കിംഗുകൾ, ദിശാ ബോർഡുകൾ തുടങ്ങിയവ ഏർപ്പെടുത്താം
- വിനോദസഞ്ചാര വകുപ്പുമായി സഹകരിച്ച് ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗത സൌകര്യങ്ങൾ മെച്ചപ്പെടുത്താവുന്നതാണ്.

7.15 വാർത്താവിനിമയം - ഉപസമിതി

പരിപ്രേക്ഷ്യം

വാർത്താവിനിമയ ബോർഡുകൾ: ജില്ലയിലെ സ്കൂളുകൾ, 40 ഇ-വിജ്ഞാൻ കേന്ദ്രങ്ങൾ, 250 അക്ഷയ കേന്ദ്രങ്ങൾ, 3825 അങ്കണവാടികൾ, സാക്ഷരതാ തുടർവിദ്യാഭ്യാസ കേന്ദ്രങ്ങൾ, സേവാകേന്ദ്രങ്ങൾ, ടൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, എംപ്ലോയബിലിറ്റി സെൻററുകൾ, പഞ്ചായത്ത് ഓഫീസുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ലൈബ്രറി കൌൺസിലിൽ അഫിലിയേറ്റ് ചെയ്ത് ലൈബ്രറികൾ എന്നിവിടങ്ങളിൽ ഐ.പി. ആർ.ഡി യുടെ വാർത്താ വിനിമയ ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്. ഏകീകൃത ബോർഡുകൾ സ്ഥാപിക്കേണ്ടതാണ്.

ജനംപഥം – കേരള കോളിങ് പ്രചാരണം :ഇൻഫർമേഷൻ - പബ്ലിക് റിലേഷൻസ് വകുപ്പിൻറെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ ജലപഥം, കേരള കോളിങ് എന്നിവ കൂടുതൽ പേരിലെത്തിക്കുന്നതിനായി പ്രത്യേക പ്രചാരണം നടത്തേണ്ടതാണ്. മുതുതല ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിൻറെ കീഴിലുള്ള നാല് സ്കൂളുകലിൽ നിലവിൽ ഈ മാസികകൾ സൌജന്യമായി നൽകുന്നുണ്ട്. മറ്റ് പഞ്ചായത്തുകൾക്കും ഈ മാതൃക പിന്തുടരാവുന്നതാണ്. ജില്ലാ പഞ്ചായത്തിൻറെ കീഴിലുള്ള 150 സ്കൂളുകളിൽ മാസികകൾ സൌജന്യമായി നൽകുന്നതിന് 2017- 18 വാർഷിക പദ്ധതിയിൽ തുക വകയിരുത്തണമെന്നാവശ്യപ്പെട്ട് ജില്ലാ ഇൻഫർമേഷൻ ഓഫീസർ അപേക്ഷ നൽകിയിട്ടുണ്ട്.

അക്ഷയ കേന്ദ്രങ്ങൾ :ഇൻഫർമേഷൻ ഹബ്ബ് – ജില്ലയിൽ പ്രവർത്തിക്കുന്ന 255 അക്ഷയകേന്ദ്രങ്ങളിൽ ധാരാളം പൊതുജനങ്ങൾ വിവിധ സേവനങ്ങൾക്കായി എത്തുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ എൽ.ഇ.ഡി പ്രൊജക്ടർ/റ്റി.വി സ്ഥാപിച്ച് സർക്കാരിൻറെ വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് പ്രചാരണം നൽകാവുന്നതാണ്. ഇത് സ്ഥാപിക്കുന്നതിന് ഫണ്ട് അനുവദിക്കേണ്ടതാണ്. പദ്ധതി നടപ്പാക്കുന്നതിന് മുൻപ് താല്ക്കാലിക സംവിധാനമെന്ന നിലയിൽ നോട്ടീസ് ബോർഡുകൾ സ്ഥാപിക്കാൻ ആവശ്യപ്പെടാവുന്നതാണ്.

മൊബൈൽ പ്രദർശന വാഹനം :ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണം അനിവാര്യമാണ്. നിലവിൽ ഡയറക്ടറേറ്റിൽ നിന്നുള്ള ഫീൽഡ് പബ്ലിസിറ്റി വാഹനം വികസന – ക്ഷേമ പ്രവർത്തനങ്ങളുടെ പ്രചാരണത്തിനായി ജില്ലയിൽ പര്യാടനം നടത്തുന്നതിന് പകരം ജില്ലയ്ക്ക് ഒരു ഫീൽഡ് പബ്ലിസിറ്റി വാഹനം ആവശ്യമാണ്. എല്ലാ വകുപ്പുകൾക്കും നിബന്ധകൾക്ക് വിധേയമായി പ്രചാരണത്തിനായി വാഹനം ഉപയോഗിക്കാം. (ജില്ലാ പഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി വാഹനം വാങ്ങാവുന്നതാണ്. വാഹനം ജില്ലാ പഞ്ചായത്തിൻറെ നിയന്ത്രത്തിലുമാവാം.)

വാർഡ്തല സേവാകേന്ദ്രങ്ങൾ സജീവമാക്കണം :പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസുകളിൽ എത്താതെ തന്നെ വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ് വാർഡ്തലത്തിൽ സേവാ കേന്ദ്രങ്ങൾ തുടങ്ങാൻ സർക്കാർ

തീരുമാനിച്ചത്. ജില്ലയിലെ എല്ലാ വാർഡുകളിലും സേവാകേന്ദ്രങ്ങൾ തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഉപസമിതി അംഗം കൂടിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. സേവാകേന്ദ്രങ്ങൾ നിലവിൽ വന്നാൽ ഐ.പി.ആർ.ഡി യുടെ വാർത്താ വിനിമയ ബോർഡുകൾ ഇവിടങ്ങളിലും സജ്ജീകരിക്കാവുന്നതാണ്.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- സ്കൂൾ അസംബ്ലികളിലൂടെ ഐ.പി.ആർ.ഡി പത്രക്കുറിപ്പുകൾ എല്ലാദിവസവും അറിയിപ്പുകളും സേവനങ്ങളും അവതരിപ്പിക്കാവുന്നതാണ്. വാർത്താവിനിമയ ബോർഡുകൾ സ്ഥാപിക്കാവുന്നതാണ്.
- നാടൻ കലാരൂപങ്ങളേയും, ജില്ലയുടേതായ തനത് കലകളേയും, കലാകാരന്മാരേയും- വികസന ക്ഷേമ പ്രചരണത്തിന് വിനിയോഗിക്കാവുന്നതാണ്. ഇതിനായി ഇവരുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കണം
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പൊതു സ്ഥാപനങ്ങളിൽ ഏകീകൃത വാർത്താ വിനിമയ ബോർഡുകൾ സ്ഥാപിക്കുക
- ജനപഥം – കേരളകോളിങ്ങ് എന്നീ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം വർദ്ധിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുക.

മേത്തതട്ട് നിർദ്ദേശങ്ങൾ

- ✓ ജില്ലാ ഇൻഫർമേഷൻ ഓഫീസ് സ്വന്തമായി എൻ.ഐ.സി യുമായി സഹകരിച്ച് ഒരു വെബ് സൈറ്റ് തയ്യാറാക്കുക
- ✓ ഉപസമിതി അംഗങ്ങളും മറ്റ് തിരഞ്ഞെടുത്ത മേഖലകളിലുള്ളവരെയും ഉൾപ്പെടുത്തി വാട്ട്സ് അപ് ഗ്രൂപ്പ് ഉണ്ടാക്കുക
- ✓ സേവനാവകാശ നിയമം അനുശാസിക്കുന്ന പ്രകാരം സേവനങ്ങൾ സംബന്ധിച്ച ബോർഡുകൾ എല്ലാ ഓഫീസുകളിലും വെയ്ക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- ✓ ജില്ല ഇൻഫർമേഷൻ ഓഫീസിന് ഫേയ്സ് ബുക്ക് പേജ് ആരംഭിക്കാവുന്നതാണ്.
- ✓ ഓരോ ഓഫീസുകളിലും കമ്മ്യൂണിക്കേഷൻ ഓഫീസർമാരെ നിയമിക്കാവുന്നതാണ്. ഇവർ പുതിയ ഉത്തരവുകൾ, അറിയിപ്പുകൾ, വിവിധ പദ്ധതികൾ എന്നിവ പി.ആർ.ഡി യെ അറിയിക്കുന്നതിന് ചുമതലപ്പെടുത്താവുന്നതാണ്.
- ✓ ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങളുടെ വികേന്ദ്രീകരണം അനിവാര്യമാണ്. ജില്ലയിലെ എല്ലാ വകുപ്പുകൾക്കും നിബന്ധനകൾക്കും വിധേയമായി പ്രചരണം നടത്തുന്നതിനായി ഒരു ഫീൽഡ് പബ്ലിസിറ്റി വാഹനം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിലുൾപ്പെടുത്തി വാങ്ങാവുന്നതാണ്.
- ✓ വാർഡ്തല സേവാ കൌണ്ടർ സജീവമാക്കണം
- ✓ ഓഫീസുകളിൽനിന്നും എല്ലാ മാസവും നടപ്പാക്കിയ /നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ പൊതുജനതാല്പര്യർത്ഥം അറിയിപ്പുകൾനല്കുന്നതിനായി ജില്ലാ ഇൻഫർമേഷൻ ഓഫീസിൽ നല്കുക.
- ✓ വികനോന്മുഖ പത്രപ്രവർത്തനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാധ്യമ പ്രവർത്തകർക്കായി ജില്ലാതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തേണ്ടതാണ്.
- ✓ ഓഫീസുകളിലെ ജീവനക്കാർക്ക് പബ്ലിക് റിലേഷൻസ് പരിശീലനം നല്കാവുന്നതാണ്
- ✓ ജില്ലാതല ഓഫീസർമാരും, മാധ്യമ പ്രതിനിധികളും ഉൾപ്പെട്ട ആശയ കൈമാറ്റ വേദികൾ രൂപീകരിക്കാവുന്നതാണ്.

- ✓ പൊതുജനങ്ങളെ വാർത്തയെഴുതാൻ പ്രോത്സാഹിപ്പിക്കണം
- ✓ പ്രാദേശിക ഫീച്ചറുകൾക്ക് പ്രാധാന്യം നല്കി പ്രസിദ്ധീകരണം നടത്തണം
- ✓ ഇൻഫർമേഷൻ - പബ്ലിക്ക് റിലേഷൻസ് വകുപ്പ് നിർമ്മിച്ച ഡോക്യുമെന്ററികളുടെ പ്രചരണം.

സംയോജന സാദ്ധ്യതകൾ

- ➢ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ അസംബ്ലിയിൽ അറിയിപ്പുകളും, വാർത്തകളും അവതരിപ്പിക്കുക, വാർത്താ ബോർഡുകൾ സ്ഥാപിക്കുക
- ➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാകാരന്മാരുടേയും, കാലാരൂപങ്ങളുടേയും രജിസ്ട്രേഷൻ നടത്തുക
- ➢ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനപഥം, കേരളാകോളിംഗ് എന്നിവയുടെ പ്രചരണവും, വിവിധ കേന്ദ്രങ്ങളിൽ വാർത്താ ബോർഡുകളും സ്ഥാപിക്കുക
- ➢ എൻ.ഐ.സി യുമായി സഹകരിച്ച് ജില്ലാ വൈബ് സൈറ്റ് ഉണ്ടാക്കുക
- ➢ ജില്ലാ പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ, ഫീൽഡ് പബ്ലിസിറ്റി വാഹനം സജ്ജീകരിക്കാവുന്നതാണ്. മാധ്യമ അവാർഡുകൾ ഏർപ്പെടുത്താവുന്നതാണ്.

7.16 വിനോദസഞ്ചാരം - ഉപസമിതി

വികസന പരിപ്രേക്ഷ്യം ദീർഘ/ഹ്രസ്വകാലം

1) ജില്ലയിലെ സാംസ്കാരിക പൈതൃകവും പരിതസ്ഥിതിയും പരിരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടും ഇവിടത്തെ വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉൽപ്പാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിച്ചുകൊണ്ടും, അതുവഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനു വഴിയൊരുക്കിയും നാടിൻറെ നാനാമുഖമായ പുരോഗതിക്ക് ടൂറിസം ഏറ്റവും പ്രധാനമേഖലയായിത്തീരും വിധം ലോക സഞ്ചാരികളിൽ ഉയർന്ന ഗുണമേന്മ കാംക്ഷിക്കുന്നവർക്കുതകുന്ന മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുക.

2) പ്രധാന കലാസാംസ്കാരിക കേന്ദ്രങ്ങളായ വെള്ളിനഴി, ശ്രീകൃഷ്ണപുരം, എന്നിവയെ ഉൾപ്പെടുത്തി കൾച്ചറൽ സർക്യൂട്ട് ടൂറിസം ആരംഭിക്കാവുന്നതാണ്. ഇതിന്റെ ഭാഗമായി ടൂറിസം വകുപ്പ് വെള്ളിനഴിയിൽ 2 കോടി രൂപ ചെലവിൽ ഒരു കലാഗ്രാമം നിർമ്മിച്ച് വരുന്നു. അതോടൊപ്പം ശ്രീകൃഷ്ണപുരത്ത് 5 കോടി ചെലവിൽ ബാബുജി പാർക്ക് നിർമ്മിക്കുകയുണ്ടായി.

3) പെരുവെമ്പ് / പള്ളശാല എന്നീ സ്ഥലങ്ങളിൽ വാദ്യോപകരണങ്ങൾ നിർമ്മിക്കുന്നതിൽ വളരെ പ്രസിദ്ധമാണ്. ഈ സ്ഥലങ്ങൾ കരകൌശല കേന്ദ്രങ്ങളായി ഉൾപ്പെടുത്തി വിനോദസഞ്ചാരികൾക്ക് അവിടെ സന്ദർശിക്കാനും ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ സന്ദർശകർക്ക് നേരിട്ട് കാണാനും അവസരമുണ്ടാക്കാൻ സാധിക്കും.

4) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിലുള്ള പ്രധാന കേന്ദ്രങ്ങളുടെ അടിസ്ഥാന സൌകര്യവികസനം, ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. ഇത്തരം കേന്ദ്രങ്ങളുടെ നടത്തിപ്പും, അനുബന്ധ പ്രവർത്തനങ്ങളും ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിലാണ് നടത്തിവരുന്നത്. ഇത്തരം

കേന്ദ്രങ്ങളുടെ പോരായ്മകളും, തുടർവികസന പ്രവർത്തനങ്ങളും അതാത് സമയത്ത് വിലയിരുത്തി പദ്ധതി രൂപീകരിച്ച് ടൂറിസം വകുപ്പിന് സമർപ്പിച്ചുവരുന്നു. ഇത്തരം പദ്ധതികളുടെ പ്രാധാന്യം കണക്കിലെടുത്ത് ടൂറിസം വകുപ്പ് ആവശ്യമായ ഫണ്ട് അനുവദിച്ച് വരുന്നു. പരമാവധി സ്ഥലവാസികൾക്ക് തൊഴിൽ ഉറപ്പ് ഇത്തരം കേന്ദ്രങ്ങളിലൂടെ നല്കി വരുന്നു.

5) പാലക്കാട് ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ കുറിച്ചുള്ള വിവരണങ്ങൾ അടങ്ങിയ ബൌഷർ തയ്യാറാക്കി ഇൻഫർമേഷൻ സെന്ററുകളിലൂടെ സഞ്ചാരികൾക്ക് വിതരണം ചെയ്യുക.

6) കൂടാതെ സഞ്ചാരിക്കൾക്ക് ടി സ്ഥലങ്ങൾ സന്ദർശിക്കാനായി ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിൽ വഴി കണക്ടറ്റഡ് ടൂർ സംഘടിപ്പിക്കുവാനാകും. ഇതിലൂടെ ഡി.റ്റി.പി.സി യ്ക്കും സാമ്പത്തിക നേട്ടവും അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് തൊഴിലവസരങ്ങളും ലഭിക്കും.

7) പാലക്കാട് ജില്ലാ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ കുറിച്ചും അവിടെ എത്തിപ്പെടാനുള്ള ഗതാഗത സൌകര്യങ്ങളെക്കുറിച്ച് ഇൻഫർമേഷൻ നൽകാൻ ഇൻഫർമേഷൻ സെൻററുകൾ സ്ഥാപിക്കുക.

8) ടൂറിസം വികസനത്തിനായി നിരവധി വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. അതിൽ പ്രധാനമായും റോഡ്, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ജില്ലാതല മേധാവികളുടെ കമ്മിറ്റി രൂപീകരിക്കണം. ഇതിലൂടെ ടൂറിസം വികസനത്തിന് എടുക്കുന്ന പ്രദേശത്തിന്റെ എല്ലാവിധ അടിസ്ഥാന സൌകര്യത്തിനുള്ള ക്ലിയറൻസ് ഏകജാലകം വഴി നടപ്പിലാക്കാൻ കഴിയും

9) ടൂറിസം വികസനത്തിനായുള്ള സ്ഥല ലഭ്യത, നിർമ്മാണത്തിനുള്ള അനുമതി ഇവ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് പ്രധാന ചുമതല വഹിക്കാൻ കഴിയും. പാലക്കാട് ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രങ്ങളെല്ലാം ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലാണ്. ആയതിനാൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവിയും, ഇറിഗേഷൻ വകുപ്പിന്റെ ജില്ലാതല മേധാവിയുമായി കമ്മിറ്റി രൂപീകരിക്കണം.

10) ടൂറിസം കേന്ദ്രങ്ങളിൽ സ്ഥലവാസികൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുക. ഇതിനായി ജില്ലയിലെ പ്രധാന കലകളെയും, കരകൌശല സാധനങ്ങളെയും ഉത്പ്പന്നങ്ങളെയും ടൂറിസം വിപണന സാധനമായി ഉൾപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കുക.

11) സമഗ്ര ടൂറിസം വികസനത്തിനും, സഞ്ചാരികൾക്ക് അത് ആസ്വദിക്കാനുമായി ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുക

12) ജില്ലയിലെ പ്രാധാന ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക

13) പാലക്കാട് ജില്ലയിലെ അനന്തമായ ടൂറിസം സാധ്യകളെക്കുറിച്ച് ഈ മേഖലയിലുള്ള പ്രശ്സ്തരായ വ്യക്തികളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സെമിനാറുകൾ നടത്തുക ഇത് ഈ രംഗത്ത് കൂടുതൽ സംരംഭകരെ ലഭിക്കാൻ അവസരം ലഭിക്കും

14) നിലവിൽ ടൂറിസം വകുപ്പ് അംഗീകാരം നല്കുന്ന സ്കീമുകളായ, ഹോംസ്റ്റേ, ആയുർവേദ സെന്റർ, സെർവ്വീസ് വില്ല, ഗൃഹസ്ഥലി, ഹൌസ് ബോട്ട്, ക്ലാസ്സിഫിക്കേഷൻ, ഫാം ടൂറിസം എന്നിവയുടെ വ്യവസായ സാധ്യതകളും അതിലൂടെ ജില്ലയുടെ റവന്യൂ വർദ്ധിപ്പിക്കലിനുമായി പഞ്ചായത്ത് തലത്തിൽതദ്ദേശീയർക്ക് ബോധവത്ക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക

15) ജില്ലയിലുള്ള ഓട്ടോറിക്ഷാ, ടാക്സി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ജീവനക്കാർക്ക് ടൂറിസ്റ്റുകളോട് പെരുമാറേണ്ട രീതിയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക

16) ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ ശാസ്ത്രീയമായ മാലിന്യ നിർമ്മാർജ്ജനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീപോലുള്ള സംഘടനകളെ ഉൾപ്പെടുത്തി നടപ്പിലാക്കുക. അതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയും

17) നിലവിലുള്ള കോളേജുകളിലേയും, സ്കൂളുകളിലേയും, ടൂറിസ്റ്റ് ക്ലബ്ബുകളെ പുനർജീവിപ്പിക്കുക. ഇവരെ സംഘടിപ്പിച്ച് ജില്ലയിൽ ടൂറിസം ബോധവത്ക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുക.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- കരകൌശല വസ്തുക്കൾ, വിവിധ ഉല്പന്നങ്ങൾ, കലാകൌതുക വസ്തുക്കൾ എന്നിവയെ ഉൾപ്പെടുത്തി വില്പന നടത്തുന്നതിന് സ്ഥലവാസികൾക്ക് തൊഴിലവസരം സൃഷ്ടിക്കുക.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ ടൂറിസം വികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കാവുന്നതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ടൂറിസം സംരംഭകരുമായി ചേർന്ന് സാമൂഹ്യ സംരംഭകത്വ വികസന പദ്ധതി നടപ്പിലാക്കുക
- സ്വയംതൊഴിൽ, കൂട്ടസംരംഭം , കുടുംബ സംരംഭങ്ങൾ എന്നിവ വഴി പ്രാദേശിക തലത്തിൽ ടൂറിസം ബിസിനസ് ശക്തിപ്പെടുത്തുക
- ടൂറിസ്റ്റ് കേന്ദ്രങ്ങൾ, മാലിന്യ രഹിതവും, ആരോഗ്യകരവുമായി നിലനിർത്താൻ, സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയം ഭരണസ്ഥാപനം, കുടുംബശ്രീ തുടങ്ങിയവരുടെ പങ്കാളിത്തതോടെ പദ്ധതി തയ്യാറാക്കുക
- വഴിവാണിഭക്കാർ, റെസ്റ്റോറന്റുകൾ എന്നിവർ വഴി സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പുമായി സഹകരിച്ച് പരിശീലന പരിപാടിയും മോണിറ്ററിംഗും നടപ്പിലാക്കുക.
- ടൂറിസ് വകുപ്പ് അംഗീകാരം നല്കുന്ന ഹോംസ്റ്റേ, ആയുർവേദ റിസോർട്ട്, സർവ്വീസിഡ് വില്ല, ഫാം ടൂറിസം, ഹൌസ് ബോട്ട് എന്നിവയുടെ സാദ്ധ്യതകൾ സംബന്ധിച്ച് തദ്ദേശാടിസ്ഥാനത്തിൽ ബോധവത്ക്കരണം നടത്തുക
- ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ഓട്ടോ – ടാക്സി ടൂറിസ്റ്റ് ടാക്സി തൊഴിലാളികൾക്കു ടൂറിസ്റ്റുകളോടുള്ള പെരുമാറ്റ രീതിയെ കുറിച്ച് പഠിപ്പിക്കുക
- മാലിന്യ നിർമ്മാർജ്ജനം ശക്തമാക്കുകയും അതുവഴി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക
- കോളേജുകൾ, സ്കൂളുകൾ എന്നിവടങ്ങളിലെ ടൂറിസ്റ്റ് ക്ലബ്ബുകൾ പുനർ ജീവിപ്പിച്ച് ടൂറിസം ബോധവത്ക്കരണം നടത്തുക

മേല്ക്കട്ട് നിർദ്ദേശങ്ങൾ

- ✓ ടൂറിസം വികസനത്തിന് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാൻ വിവിധ സർക്കാർ വകുപ്പുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തുക
- ✓ റോഡ്, ശുദ്ധജലം, പൊതു ടോയ് ലറ്റുകൾ, മാലിന്യ സംസ്കരണം, ഇൻർനെറ്റ് കണക്ട്റ്റിവിറ്റി, പാർക്കിങ്ങ്, വൈദ്യുതി എന്നീ അടിസ്ഥാന സൌകര്യങ്ങൾ ഏർപ്പെടുത്തുക
- ✓ ടൂറിസം പദ്ധതികളെ അട്ടിമറിക്കുന്നതിനായി നടന്നുവരുന്ന അനാശാസ്യ പ്രവർത്തനങ്ങളെ തിരിച്ചറിയുകയും പ്രതിരോധിക്കുകയും ചെയ്യുക
- ✓ പരിസ്ഥിതിക്ക് കോട്ടം തട്ടാതെയും പരമ്പാരഗത പൈതൃകം നിലനിർത്തിയും പദ്ധതി തയ്യാറാക്കുക. ടൂറിസം സാധ്യതാപഠനം നടത്തുക

- ✓ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ടൂറിസം സർക്യൂട്ടുകൾ രൂപീകരിക്കുക
- ✓ ജില്ലയിലെ സമഗ്ര വികസനത്തിനായി 30 വർഷത്തെ കാഴ്ചപ്പാടോടുകൂടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുക
- ✓ ജില്ലയിലെ അനന്തമായ ടൂറിസം സാദ്ധ്യതകളെ കുറിച്ച് ഈ മേഖലയിലെ പ്രശസ്തരായ വ്യക്തികളെയും, സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി സെമിനാർ നടത്തുക
- ✓ ടൂറിസം സർക്യൂട്ടുകളുടെ അടിസ്ഥാന സൌകര്യ വികസനത്തിന് കേന്ദ്രവിഭവ സമാഹരണം നടത്തുക
- ✓ ഉത്തരവാദിത്ത ടൂറിസം എന്ന സർക്കാർ നയം നടപ്പാക്കുക
- ✓ പ്രാദേശിക തലത്തിൽ ടൂറിസം വിഭവ ഭൂപടം തയ്യാറാക്കി പ്രാദേശിക ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുക

സംയോജന സാധ്യതകൾ

- ➢ ടൂറിസം സർക്യൂട്ടുകൾ തയ്യാറാക്കുന്നതിന് റവന്യൂ, പൊതുമരാമത്ത്, വനം വകുപ്പുകൾ സംയോജിച്ച് ആവിഷ്കരിക്കാവുന്നതാണ്.
- ➢ സാംസ്കാരിക പൈതൃകങ്ങളെ കോർത്തിണക്കിയ ടൂറിസം സർക്യൂട്ട് തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പ് തദ്ദേശസ്വയംഭരണ വകുപ്പുമായി സംയോജിച്ച് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.
- ➢ ടൂറിസം വികസനത്തിനായി റോഡ്, ജലസേചനം, വൈദ്യുതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുമായി ഒരു സ്ഥിരം കമ്മിറ്റി രൂപീകരണം നടത്താവുന്നതാണ്.

7.17 പട്ടികജാതി വികസനം - ഉപസമിതി

വികസന പരിപ്രേക്ഷ്യം

ഹ്രസ്വകാല പരിപ്രേക്ഷ്യം

- പട്ടികജാതികാർ കൂടുതലുള്ള പാലക്കാട് ജില്ലയിൽ കാർഷിക മേഖലയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. കാർഷിക മേഖലയിൽ യന്ത്രവത്ക്കരണത്തിൻറെ കടന്നുകയററ ത്തോടുകൂടി തൊഴിൽ നഷ്ടം കൂടുതലാണ്. ആയതിനാൽ ഹൈടെക് മെഷ്യനുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം പട്ടികജാതിക്കാർക്ക് നൽകിയാൽ ഈ മേഖലയിൽ തൊഴിൽ കണ്ടെത്താൻ കൂടുതൽ സഹായകരമാകും.
- വിദ്യാഭ്യാസ മേഖലയിൽ പ്രാഥമിക വിധ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകുകയും പട്ടികജാതിക്കാരായ കുട്ടികളുടെ സ്കൂളുകളിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ എല്ലാ കുട്ടികളുടേയും തുടർ പഠനം നടത്തുന്നതിന് ബ്ലോക്ക് തലത്തിൽ ഒരു വിദ്യാഭ്യാസ സ്കോഡ് സർക്കാർതലത്തിൽ നിന്നും ഉണ്ടാകണം.
- ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിനായി ജീവിതശൈലീ രോഗങ്ങൾ കുറയ്ക്കുന്നതിന് കോളനികളിൽ ബോധവത്ക്കരണ ക്ലാസുകൾ, ഹെൽത്ത് ക്ലബുകൾ സൌജന്യമായ ചികിത്സ, മരുന്നുകൾ എന്നിവ ഏർപ്പെടുത്തേണ്ടതാണ്.
- പട്ടികജാതി സംഘടനകളുടെ സഹായത്തോടുകൂടി കോളനികളുടെ സൌകര്യങ്ങൾ മെച്ചപ്പെടുന്നതിനു വേണ്ടിയുള്ള നടപടികളും സംഘടനയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു നിശ്ചിത തുക സ്റ്റൈപ്പൻറായി നൽകുന്നതിനുള്ള നടപടികൾ എന്നിവ സ്വീകരിക്കാം

- പൈതൃക തനിമ നിലനിർത്തുന്നതിനായി കലാ സാംസ്കാരിക പ്രവർത്തനങ്ങൾ നാടൻ കലകൾ, നാട്ടുകൂട്ടങ്ങൾ തുടങ്ങിയവയുടെ തുടർച്ച അനിവാര്യമാണ്. പട്ടികജാതി സമൂഹത്തിൻറെ അടിവേരുകളിൽ നിന്നും ഉത്ഭവിച്ചിട്ടുള്ള ഇത്തരം സാംസ്കാരിക പൈതൃകങ്ങളെ സംരക്ഷിക്കുക.

ദീർഘകാല പരിപ്രേക്ഷ്യം

- പട്ടികജാതിക്കാർക്ക് കോളനി കേന്ദ്രീകൃതമായ ഒരു സമൂഹം എന്നത് മാറ്റി സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളുടെയും ഇടപെടുന്നതിനുള്ള സാഹചര്യം ഒരുക്കുക. ആയതിന് ഡീ കോളണൈസേഷൻ പദ്ധതി കൊണ്ടുവരേണ്ടതാണ്. നിലവിലുള്ള കോളനികൾ റോഡുകളുമായി ബന്ധിപ്പിക്കുക
- വകുപ്പ് ഇ ഗ്രാൻറസ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നുണ്ടെങ്കിലും കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഗണ്യമായി കൂടികൊണ്ടിരിക്കുന്നു. ഇതിനുവേണ്ടി പ്രൊമോട്ടർ മുഖേന നിരീക്ഷണം നടത്തി ആയതിനു വേണ്ട പ്രവർത്തനങ്ങളും ക്ലാസുകളും സംഘടിപ്പിക്കുക
- കോളേജ് വിദ്യാഭ്യാസത്തിനു ശേഷമുള്ള തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ജോബ് ഫെയർ സംഘടിപ്പിക്കുക. മുഖ്യധാര കമ്പനികളിൽ പട്ടികജാതിക്കാരായ ബിരുദധാരികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- പത്ത് വർഷം കഴിയുമ്പോൾ പട്ടികജാതിക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് സ്ഥലവും വീടും എല്ലാവരിലും എത്തിക്കാനുള്ള നടപടികൾ ദീർഘകാല അടിസ്ഥാനത്തിൽ സാമ്പത്തിക ഉന്നമന പദ്ധതികൾ തൊഴിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യാഭ്യാസം എന്നിവയിലൂടെ പട്ടികജാതിക്കാരിലൂടെ ഉന്നമനം ഉറപ്പാക്കുക.

കീഴ്ക്കട്ട് നിർദ്ദേശങ്ങൾ

- ലഹരിക്ക് അടിമപ്പെട്ടിട്ടുള്ള പട്ടികജാതി വിഭാഗക്കാർക്ക് ബോധവത്ക്കരണവും സൌജന്യ ചികിത്സയും പഞ്ചായത്ത് തലത്തിൽ നല്കുക
- മാതൃകപരമായി പ്രവർത്തിക്കുന്ന പട്ടികജാതി സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക
- പഞ്ചായത്ത് തലത്തിൽ പട്ടികജാതിക്കാരുടെ സമിതികൾ രൂപീകരിച്ച് പട്ടികജാതിക്കാർക്ക് ലഹരി ഉപയോഗത്തിനെതിരെ ബോധവത്ക്കരണം നടത്തുന്നതിനും അതിക്രമങ്ങൾ തടയൽ, സാമൂഹ്യ, വ്യക്തിത്വവികസനം നടത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക
- പട്ടികജാതിയിൽപ്പെട്ട നിർദ്ധനരായ വയോജനങ്ങൾക്ക് പോഷകാഹാരം സൌജന്യമായി വിതരണം ചെയ്യുക
- പട്ടിക ജാതിക്കാരുടെ കല നൈപുണ്യ വികസനത്തിനായി പഞ്ചായത്ത് തലത്തിൽ പദ്ധതികൾ നടപ്പിലാക്കുക
- സ്വയം സഹായ സംഘങ്ങളുടെ ധനസഹായത്തിന്റെ 50% കൃഷിക്കായി മാറ്റി വയ്ക്കുക
- ജില്ലാ തലത്തിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്വകാര്യസ്ഥാപനങ്ങൾ നടത്തുന്ന പരിശീലന കേന്ദ്രത്തിൽ സൌജന്യ പരിശീലനം ഏർപ്പെടുത്തുക
- പട്ടികജാതി മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിപുലമാക്കുക

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ ജില്ലാതലത്തിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതോടൊപ്പം സമർത്ഥരായ വിദ്യാർത്ഥികൾക്ക് സ്പോട്സ് ഉപകരണങ്ങൾ സൌജന്യമായി നല്കുന്നതിന് പദ്ധതി നടപ്പിലാക്കുക
- ✓ പാരമ്പര്യ കലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ജില്ലാതലത്തിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക
- ✓ പാരമ്പര്യ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സ്വയംതൊഴിലിൽ ധനസഹായം, പെൻഷൻ എന്നിവ ഏർപ്പെടുത്തുക
- ✓ സർക്കാർ തലത്തിലും സ്വകാര്യ തലത്തിലും ഉള്ള എല്ലാ തൊഴിൽ മേഖലയിലും പട്ടികജാതി സംവരണം ഏർപ്പെടുത്തുക

സംയോജന സാധ്യതകൾ

- ➢ കൃഷിക്ക് പ്രാധാന്യമുള്ള ജില്ലയിൽ കൃഷിയുടെ പരിശീലനം, ജൈവകൃഷിയുടെ പ്രാധാന്യം കൂട്ടുവാൻ നൂതന സാങ്കേതിക വിദ്യകൾ ഉൾകൊള്ളിച്ചുകൊണ്ട് കാർഷിക വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കൽ, ഇ-മാർക്കറ്റ് മുഖേന ഉൽപന്നങ്ങളുടെ വില്പന നടത്തൽ.
- ➢ പട്ടികജാതിക്കാർക്ക് മാത്രമായി എംപ്ലോയ് മെന്റിൽ ഒരു സെന്റർ ആരംഭിക്കുക
- ➢ പട്ടികജാതി കോളനികളിൽ അടിസ്ഥാന സൌകര്യങ്ങൾ പഞ്ചായത്തുമായി ചേർന്ന് നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിക്കുക
- ➢ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് അനുസരിച്ച് രോഗ നിവാരണ മാർഗ്ഗങ്ങൾ പഞ്ചായത്ത് മുഖേന നടപ്പിലാക്കുക
- ➢ പട്ടികജാതി കോളനികളിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റ് ആരംഭിക്കുക.
- ➢ കോളനി നിവാസികളിൽ ശുചിത്വമില്ലായ്മ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇതിന് ആരോഗ്യവകുപ്പിൻറെ സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം എന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നു.
- ➢ ശുചിത്വമുള്ള കുടിവെള്ളത്തിന് സുസ്ഥിര സംവിധാനം ഇറിഗേഷൻവകുപ്പ്, ഭൂജലവകുപ്പ്, വാട്ടർ അതോറിറ്റി എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് നടപ്പിലാക്കാവുന്നതാണ്.ജില്ലാ പഞ്ചായത്തും, ആരോഗ്യവകുപ്പും പട്ടികജാതി വികസന വകുപ്പും സംയുക്തമായി ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റും ആരംഭിക്കുന്നത് ഉചിതമായിരിക്കും. ജീവിത ശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനും, കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ ആരംഭ ദശയിൽ കണ്ടെത്തി വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനും, ഈ പദ്ധതി പ്രയോജനപ്പെടുന്നതാണ്.
- ➢ മദ്യം മയക്കുമരുന്ന് മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗം സ്ത്രീകൾ വിദ്യാർത്ഥികൾ അടക്കമുള്ളവർക്കിടയിൽ ഉണ്ട്. ഇതു തടയുന്നതിന് പോലീസ്, എക്സൈസ്, വിദ്യാഭ്യാസ വകുപ്പുകളുട നേതൃത്വത്തിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അതിതീവ്ര ഇടപെടൽ ഉണ്ടാകുന്നത് നല്ലതായിരിക്കും. പട്ടികജാതിക്കാർക്കെതിരെയുള്ള പ്രധാനമായും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം വളരെ കൂടുതലാണ്. ആയതിന് പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- സംസ്ഥാന സർക്കാരുമായി ചേർന്ന് പട്ടികജാതിക്കാരായ സംരംഭകർക്കായി ഒരു സ്റ്റാർട്ട് അപ്പ് മിഷൻ ജില്ലാ പഞ്ചായത്തിൻറെ നേതൃത്വത്തിൽ ആരംഭിക്കാവുന്നതാണ്. പട്ടികജാതി വികസന വകുപ്പും, ജില്ലാ പഞ്ചായത്തും, വ്യവസായ വകുപ്പും ചേർന്ന് പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത് ഉചിതമായിരിക്കും
- ജില്ലയിലെ മുഴുവൻ സങ്കേതങ്ങളിലും വീടും കുടിവെള്ളം ലഭ്യമാക്കുന്നതിനായി സമഗ്ര പദ്ധതി തയ്യാറാക്കാവുന്നതാണ്. ഇതിനാവശ്യമായ തുക കണ്ടെത്താവുന്നതാണ്. അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യതയിലെ അസമത്വമാണ് യഥാർത്ഥ പ്രശ്നമെന്നും ആയതു പരിഹരിയ്ക്കുന്നതിന് വിവിധ വകുപ്പുകളുടെ പ്രവർത്തങ്ങളെ സംയോജിപ്പിച്ചുകൊണ്ടുള്ള സമഗ്രമായ ഒരു പ്രവർത്തന പദ്ധതി നടപ്പിലാക്കലാണ് ആവശ്യം എന്ന് അറിയിക്കുന്നു.
- ജില്ലയിൽ പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലില്ല. ഹോസ്റ്റൽ കെട്ടിടത്തിന് വേണ്ടി സ്ഥലം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാവുന്ന തുക വിനിയോഗിച്ച് വാങ്ങാവുന്നതാണ്. കെട്ടിട നിർമ്മാണം നടത്തുന്നതിന് 10% കേന്ദ്രസഹായം ലഭിക്കുന്നതാണ്.
- എംപ്ലോയ്മെൻറ് വകുപ്പുമായി ചേർന്ന് പട്ടികജാതിക്കാർക്ക് മാത്രമായി ഒരു എംപ്ലോയബിലിറ്റി സെൻറർ ആരംഭിക്കാവുന്നതാണ്. പട്ടികജാതിക്കാർക്ക് സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് മുഖേന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. പരിശീലന പരിപാടികൾ പട്ടികജാതി വികസന വകുപ്പിൻറെന് എസ്.സി.എ ടു എസ്.സിഎസ്.പി വിഹിതം വിനിയോഗിച്ച് നടപ്പിലാക്കാവുന്നതാണ്. വ്യവസായ വകുപ്പിൻറെ പരിശീലന പരിപാടി പ്രയോജനപ്പെടുത്താവുന്നതാണ്. മൂലധന സമാഹരണത്തിനായി പി.എ.ഇ.ജി.പി, മുദ്ര തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രയോജനപ്പെടുത്താവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനയി സഹകരണ വകുപ്പിൻറെ നേതൃത്വത്തിൽ പദ്ധതി തയ്യാറാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- പട്ടികജാതിക്കാരുടെ കാർഷിക ഗ്രൂപ്പുകൾക്കും വ്യക്തികൾകും കൃത്യതാ കൃഷിയിൽ പരിശീലനം നൽകുന്നതിനും, കൃഷി സംരഭങ്ങൾ ആരംഭിക്കുന്നതിനും ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. കൃഷി വകുപ്പും, തദ്ദേശ ഭരണ സ്ഥാപനങ്ങളും ചേർന്ന പദ്ധതി ആവിഷ്കരിക്കാവുന്നതാണ്. സ്റ്റേറ്റ് ഹോൾട്ടിക്കൾച്ചർ മിഷൻ മുഖേന 75% സബ്സിഡി ലഭ്യമാവുന്നതാണ്. കൃഷി വകുപ്പും, തദ്ദേശ ഭരണ സ്ഥപനങ്ങളും ചേർന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്. ക്ഷീരവികസന വകുപ്പുമായി ചേർന്ന് പാലിൽ നിന്നും മൂല്യവർദ്ധിത ഉൾപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലന പരിപാടികൾ നടത്തുന്നതിൻറെ തുക പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ധനകാര്യ സ്ഥാപനങ്ങളുടെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- തൃത്താലയിലുള്ള പാക്കനാർ ക്ഷേത്രം, മലയപ്പൊതി എന്നീ ക്ഷേത്രങ്ങൾ വിനോദ സഞ്ചാര ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിന് വിനോദസഞ്ചാര വകുപ്പുമായി നടപടി സ്വീകരിക്കുക.

7.18 പട്ടികവർഗ്ഗ വികസനം - ഉപസമിതി

പരിപ്രേക്ഷ്യത്തിന്റെയും നിർദ്ദേശങ്ങളുടെയും സംഗ്രഹം

പട്ടികവർഗ്ഗ വികസന പരിപ്രേക്ഷ്യം രൂപീകരിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾ 4 വിഷയ മേഖലകളിലായി (വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന

സൌകര്യം) തിരിച്ച് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്ന നേട്ടങ്ങളുമാണ് ഈ അദ്ധ്യായത്തിൽ സംഗ്രഹിച്ചിരിക്കുന്നത്.

<u>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ പദ്ധതി നിർവ്വഹണം സമഗ്ര സംയോജന സാധ്യതകളും പൊതുനിർദ്ദേശങ്ങളും</u>

1. പത്തും പതിനൊന്നും പഞ്ചവത്സര പദ്ധതികളിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ പരിഹാര വകയിരുത്തലുകൾ ഉണ്ടായിരുന്നു. അതായത് മുൻവർഷങ്ങളിൽ പൊതുവികസന ഫണ്ടിന്റെ വിനിയോഗത്തെക്കാൾ തൊട്ടടുത്ത വർഷം പട്ടികവർഗ്ഗ ഉപപദ്ധതി ഫണ്ട് വകയിരുത്തുമ്പോൾ ഇതിന് ആനുപാതികമായ വർദ്ധനവ് വകയിരുത്തലിൽ ഉണ്ടാകുമായിരുന്നു. എന്നാൽ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഇത് ഉണ്ടായിട്ടില്ല. ഇത് പുന:പരിശോധിക്കാവുന്നതാണ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടികവർഗ്ഗ ഉപപദ്ധതി നടത്തിപ്പിൽ ശരിയായ മോണിറ്ററിംഗ് നടക്കുന്നില്ല. ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/ പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി/ പട്ടികവർഗ്ഗ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുന്നത് ഉചിതമായിരിക്കും.
3. പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനം നടപ്പിലാക്കുമ്പോൾ ഡ്യൂപ്ലിക്കേഷൻ ഒഴിവാക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്മാരും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരും അടങ്ങുന്ന ഒരു കോർഡിനേഷൻ സമിതിയുടെ നിരീക്ഷണത്തിലായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേമ്ടതും പദ്ധതി നിർവ്വഹണം നടത്തേണ്ടതും (ഉദാ: വിവാഹ ധനസഹായം, കമ്പ്യൂട്ടർ വാങ്ങി നൽകൽ, വീട് നിർമ്മാണം, സ്കോളർഷിപ്പ് മുതലായവ പട്ടികവർഗ്ഗ വികസന വകുപ്പ് നല്കുന്ന കോഴ്സുകൾ ഒഴിച്ച് ബാക്കിയുള്ളവയ്ക്ക് മാത്രം തദ്ദേശ സ്വയംഭരണ വകുപ്പ് ലാപ്ടോപ്പ് വിതരണം നൽകിയാൽ മതിയാകും. വകുപ്പ് നൽകുന്ന സ്പെസിഫിക്കേഷൻ ഉറപ്പ് വരുത്തണം. സംയുക്ത സംയോജിത പദ്ധതികളുടെ സാധ്യത ഈ കമ്മിറ്റിക്ക് പരിശോധിക്കാവുന്നതാണ്.
4. തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും പലപദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടക്കാത്തതിനാൽ പ്രവർത്തനരഹിതമായിക്കിടക്കുന്നു. ഇത് അടക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പട്ടികവർഗ്ഗക്കാർക്ക് പദ്ധതിയുടെ ഫലം ലഭിക്കാതെ പോകുന്നു. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഈ ചാർജ്ജ് അടയ്ക്കണം.
5. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി.എസ്.പി ഫണ്ട് പലപ്പോഴും ഐ.എ.വൈ ഹൌസിംഗ് പദ്ധതിക്കാണ് വകയിരുത്തുന്നത്. എന്നാൽ പലപ്പോഴും അതാത് വർഷങ്ങളിൽ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പലപ്പോഴും എല്ലാ ഗഡുക്കളും കൊടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി.എസ്.പി തുക പൂർണ്ണഗഡുക്കളും ചെലവഴിക്കാൻ കഴിയാതെ വരുന്നു. സ്ഥിരമായി വീടിനും റോഡിനുമാണ് ടി.എസ്.പി വിഹിതം വകയിരുത്തിയിരിക്കുന്നത്. 2017-18 – ൽ ഇതുവരെ അംഗീകരിച്ചിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പരിശോധിച്ചാൽ പതിമൂന്നാം പദ്ധതിയിലും തൽസ്ഥിതി തുടരുന്നതായി കാണുന്നു. വികസനത്തിനുള്ള നിർണ്ണായക വിടവുകൾ (ക്രിട്ടിക്കൽ ഗ്യാപ്) പരിഹരിക്കുന്നതിനുള്ള ജീവനോപാദി ഉറപ്പ് വരുത്തുന്നതുപോലുള്ള പദ്ധതികൾ ഭാവിയിൽ ഉറപ്പുവരുത്തേണ്ടതാണ്. വിവിധ വകുപ്പുകളെ ഏകോപിച്ച കൊണ്ട് ടി.എസ്.പി നിർവ്വഹണത്തിനായി ഊരടിസ്ഥാനത്തിൽ മൈക്രോപ്ലാനുകൾ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും.

6. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ, പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ (ഷെയർ ക്യാപിറ്റൽ) 50 ശതമാനത്തിൽ കൂടുതൽ നഷ്ടമില്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക് മൂലധന ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ധനസഹായം നല്കാവുന്നതാണ്. മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല. ടി മാനദണ്ഡം പലപ്പോഴും പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുരുജ്ജീവിപ്പിക്കാൻ വിഘാതം സൃഷ്ടിക്കുന്നു. എന്നാൽ 13 –I; പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ ധനസഹായം നൽകാൻ പാടുള്ളൂ. നിലവിൽ പട്ടികവർഗ്ഗ സംഘങ്ങളിൽ ബഹുഭൂരിപക്ഷവും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണ്. പരിഹാര നടപടി ഉണ്ടാവണം.
7. പട്ടികവർഗ്ഗ വികസന വകുപ്പ് വഴിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പട്ടികവർഗ്ഗക്കാർക്കായുള്ള എല്ലാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി പ്രത്യേകം വിലയിരുത്തേണ്ടതാണ്. ഫണ്ട് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കലക്ടർ തന്നെ അന്വേഷിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നടപടി സ്വീകരിക്കാവുന്നതാണ്.
8. ടി.എസ്.പി വകയിരുത്തൽ ഉള്ളതിനാൽ തദ്ദേശ സ്ഥാപനങ്ങളുടെ ജനറൽ ഫണ്ടിന്റെ പ്രയോജനം ഒട്ടും തന്നെ പട്ടികവർഗ്ഗക്കാർക്ക് ലഭിക്കാത്ത സാഹചര്യം ഉണ്ട്. TSP ഫണ്ടിനു പുറമെ ജനറൽ ഫണ്ടും കൂടി പട്ടികവർഗ്ഗക്കാർക്ക് വകയിരുത്തുന്ന സ്ഥിതി ഉണ്ടാകണം. എന്നാൽ മാത്രമേ പട്ടികവർഗ്ഗക്കാർക്ക് വികസനം സാധ്യമാകുകയുള്ളൂ.
9. തദ്ദേശ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും ഒരു നിശ്ചിത ഷെയർ പട്ടികവർഗ്ഗക്കാർക്കായി നീക്കി വയ്ക്കണം.
10. ഊരുകൂട്ടങ്ങൾ യഥാസമയം കൂടുന്നുവോ എന്ന് മോണിറ്റർ ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ സമിതി ചുമതലപ്പെടുത്തണം.
11. വൈദ്യുതി, കുടിവെള്ളം എന്നീ പൊതുസൌകര്യം പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുംബങ്ങളിൽ 50% അധികം പട്ടികവർഗ്ഗക്കാരാണെങ്കിൽ മാത്രമേ പ്രത്യേക ഘടക പദ്ധതി വിഹിതം വകയിരുത്താവൂ. ഈ മാനദണ്ഡം പലപ്പോഴും പ്രസ്തുത ശതമാനത്തിൽ താഴെ ജനസംഖ്യയുള്ള പ്രദേശങ്ങളിൽ TSP ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൌകര്യ വികസന പ്രവർത്തികൾ നടപ്പിലാക്കാൻ കഴിയാതെ വരുന്നു. എന്നാൽ ജനറൽ ഫണ്ടും വകയിരുത്തുന്നതായി കാണുന്നില്ല.ആയതിനാൽ TSP വകയിരുത്തലിൽ പ്രോ- റേറ്റടിസ്ഥാനത്തിൽ വകയിരുത്തൽ ഉണ്ടാകുന്നത് നന്നായിരിക്കും.
12. പട്ടികവർഗ്ഗ മേഖലകളിൽ കോൺക്രീറ്റ് നടപ്പാത, റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് എടുത്ത് നൽകുമ്പോൾ ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കുമോയെന്ന് തീർച്ചപ്പെടുത്താതെയാണ് പഞ്ചായത്ത് എഞ്ചീനിയർ സമർപ്പിക്കുന്നത്. പദ്ധതി അംഗീകരിച്ചതിനു ശേഷം ഫോറസ്റ്റിന്റെ ക്ലിയറൻസ് ലഭിക്കാതെ പദ്ധതി തുക ലാപ്സാകുന്നത് സാധാരണമാണ്. ആയതിനാൽ കോർപ്പസ് ഫണ്ടും പഞ്ചായത്ത് ഫണ്ടിലും പരിഗണിക്കുന്നതിനായി ടി പദ്ധതികൾക്ക് സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ സമർപ്പിക്കാവുന്നതു പോലെ ഫോറസ്റ്റ് ക്ലിയറൻസ് സർട്ടിഫിക്കറ്റും പ്രോജക്ടിനൊപ്പം സമർപ്പിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ സൂചിപ്പിക്കേണ്ടതാണ്.

13. 51 ശതമാനത്തിൽ കൂടുതൽ പട്ടികവർഗ്ഗ കുട്ടികളുള്ള സ്കൂളുകളിൽ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് തന്നെ പ്രഭാത ഭക്ഷണം ഒരുക്കാൻ നിർദ്ദേശിക്കാവുന്നതാണ്. 50% ൽ കുറവുള്ള സ്കൂളുകളിൽ പ്രോ-റേറ്റാ വ്യവസ്ഥയില്ല.
14. ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവ് വഹിക്കുന്നതിന് സാമ്പത്തിക സഹായം, താമസം, ഭക്ഷണം, വസ്ത്രം, യൂണിഫോം മുതലായവ അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് വയ്ക്കുന്നതിന് നിർദ്ദേശം നൽകാവുന്നതാണ്.
15. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കലാകായിക കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിന് എൽ.എസ്.എസ്, യു.എസ്.എസ്, സൈനിക സ്കൂൾ, നവോദയ, ജി.വി.രാജ സ്പോർട്സ് മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്ന വിധം പ്രോജക്ടുകൾ ഏറ്റെടുക്കാൻ അനുമതി നൽകാവുന്നതാണ്.
16. വിദ്യാഭ്യാസ സംബന്ധമായ സഹായ പദ്ധതികളെല്ലാം വിദ്യാഭ്യാസ വർഷത്തിന്റെ ആദ്യ പാദത്തിൽ തന്നെ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്.
17. ഭൂമിശാസ്ത്രപരമായി അനുയോജ്യമല്ലാത്ത പട്ടികവർഗ്ഗ മേഖലകളിൽ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണ പദ്ധതി ഒഴിവാക്കുന്നതാണ് അഭികാമ്യം.
18. തെരുവ് വിളക്ക്, മിനി ഹൈമാസ്റ്റ് ലൈറ്റ് എന്നീ പരിപാടികൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി തുക ഉപയോഗിക്കാതെ ജനറൽ ഫണ്ട് ഉപയോഗിക്കാൻ നിർദ്ദേശം നൽകാവുന്നതാണ്.
19. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അദ്ധ്യയന നിലവാരം ഉയർത്തുന്നതിനും തുടർവിദ്യാഭ്യാസത്തിനും പദ്ധതികൾ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്.
20. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന ഇനങ്ങൾക്ക് പട്ടികവർഗ്ഗക്കാർക്ക് ഇളവുനൽകണം

    1) തയ്യൽ മെഷീൻ
    2) കോടാലി, പിക്കാസ്, മൺകോരി, മൺവെട്ടി, കത്തി (വനാശ്രിത സമൂഹമായത്കൊണ്ട്)
    3) എൽ.പി.ജി കണക്ഷൻ

21. വീട് വയറിംഗ് ഇല്ലാത്തതിനാൽ സംമ്പൂർണ്ണ വൈദ്യുതീകരണ ബിൽ ഉൾപ്പെടാത്ത ധാരാളം പട്ടികവർഗ്ഗ ഭവനങ്ങൾ ഉണ്ട്. വീട് വയറിംഗ് നിർബന്ധമായും ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകണം.

22. ഭവന നിർമ്മാണം, പുനരുദ്ധാരണം, വയറിംഗ്, ശുചിത്വം, കിണർ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നുവെന്ന് അതാത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശം രൂപപ്പെടുത്തണം.

<u>ലക്ഷ്യവും കാഴ്ചപ്പാടും</u>

- ❖ പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഫണ്ട് ഗുണമേന്മയോടെ കൂടി പൂർണമായി പട്ടികവർഗ്ഗക്കാരുടെ ക്ഷേമ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.
- ❖ ഗോത്ര സൗഹൃദ ജില്ലയും പഞ്ചായത്തുകളും എന്ന നയത്തിലൂന്നിയുള്ള പദ്ധതികൾ.
- ❖ വൃത്തി ,വെളിച്ചം, കുടിവെള്ളം, വാഹന സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടെയുള്ള കുടുംബങ്ങളും ഊരുകളും സാധ്യമാക്കുക.

- ❖ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതിയും,കക്കൂസും, സുരക്ഷിതമായ വീടുകളും സാധ്യമാക്കുക.
- ❖ ഗോത്ര കലകളും, സാംസ്കാരിക തനിമകളും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുക.
- ❖ പ്രദേശത്തിനും സംസ്കാരത്തിനും അനുയോജ്യമായ സമീപനത്തിലൂന്നി പ്രാദേശിക വികസനവും ജീവിതനിലവാരം ഉയർത്തിയും സാധ്യമാക്കുക.
- ❖ തൊഴിലും വരുമാനവും വർധിപ്പിച്ചും ജീവിത നിലവാരം ഉയർത്തിയും അടിസ്ഥാനസൗകര്യങ്ങൾ

സ്വയമാർജിക്കാൻ അടുത്ത തലമുറയെ പ്രാപ്തരാക്കുക.

- ❖ ഉപപദ്ധതി ഫണ്ടിനു പുറമെ ജനറൽ ഫണ്ടും ഇതര സംവിധാനങ്ങളിലെ സ്രോതസ്സും വിനിയോഗിച്ച് ധനപരമായ പ്രവർത്തനം സംയോജനം എന്നിവ സാധ്യമാക്കുക.
- ❖ ഉരുകൂട്ടങ്ങൾ സജീവവും ക്രിയാത്മകവുമാക്കുക വഴി പങ്കാളിത്ത ജനാധിപത്യ വൽക്കരണം സാധ്യമാക്കുക.
- ❖ തൊഴിൽ വൈദഗ്ധ്യം വർദ്ധിപ്പിക്കുന്നതിനും പാരമ്പര്യവും നൂതനവുമായ തൊഴിൽ സാധ്യതകളെ ഉപയോഗപ്പെടുത്തുക. യുവജനങ്ങൾക്ക് തൊഴിൽ പരിശീലനവും കരിയർ ഗൈഡൻസ് പരിപാടികളും തുടർച്ചയായി ആവിഷ്കരിച്ച് നടപ്പിലാക്കുക.
- ❖ ലഹരിവസ്തുക്കളുടെ ഉപയോഗം തടയുന്നതിന് പ്രായോഗികവും തുടർച്ചയുള്ളതുമായ സൗഹൃദ പദ്ധതികൾ ആവിഷ്കരിക്കുക.
- ❖ വിദ്യാഭ്യാസം തടസ്സപ്പെടാതിരിക്കാൻ സങ്കേതങ്ങളിൽ പ്രത്യേക സമിതിയുടെ നിരീക്ഷണവും ഇടപെടലും സാധ്യമാക്കുക.
- ❖ പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വികസനത്തിനായി വ്യക്തിഗത പരിപാലനപദ്ധതി ആവിഷ്കരിക്കുക.
- ❖ എരവാളൻ,മലസർ വിഭാഗക്കാരുടെ ഉന്നമനത്തിനായി ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിക്കുക.

<u>കീഴ്ക്കട്ട് നിർദ്ദേശങ്ങൾ</u>

- 2020 വർഷം ആകുമ്പോഴേക്കും നിരക്ഷരത പൂർണ്ണമായും ഒഴിവാക്കുക, പഠിയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നല്കുക.
- സാക്ഷരതാ പ്രേരക്മാരുടെ സേവനം ഉറപ്പ് വരുത്തുക. 18 മുതൽ 44 വയസ്സ് വരെയുള്ള നിരക്ഷരരെ തുല്യത പരീക്ഷ എഴുതുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
- പഞ്ചായത്ത് മുഖാന്തിരം പ്രാഥമിക വിദ്യാഭ്യാസം ഉറപ്പ് വരുത്തുക, ഇന്റർനെറ്റ് ഉൾപ്പെടെയുള്ള ട്യൂഷൻ സൌകര്യങ്ങൾ ഏർപ്പെടുത്തുക
- എസ്.ടി പഞ്ചായത്തുകളിൽ മാതൃക കിന്റർ ഗാർട്ടനുകൾ സ്ഥാപിക്കുക
- പഠനം നിർത്തിയവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ പ്രോത്സാഹിപ്പിക്കുക
- പട്ടികവർഗ്ഗ ഊരുകൾ കേന്ദ്രീകരിച്ച് മെഡിക്ക ക്യാമ്പ്, മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെയുള്ള ബോധവത്ക്കരണ പരിപാടി, രോഗനിർണ്ണയ ക്യാമ്പ്, രോഗികൾക്ക് പോഷകാഹാര കിറ്റ്, മരുന്നു വിതരണം എന്നിവ സംഘടിപ്പിക്കുക

- ചെലവ് കുറഞ്ഞ യന്ത്രോപകരണത്തോടുകൂടി കാർഷിക വൃത്തി നടപ്പിലാക്കുക. പാരമ്പര്യ കാർഷിക വിളകൾ ഉല്പ്പാദനം വർദ്ദിപ്പിക്കുക
- വന്യമൃഗശല്യങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുക. ക്ഷീരമേഖല പ്രോത്സാഹിപ്പിക്കുക
- വീട് നിർമ്മാണ പ്രവർത്തനം, വീട് റിപ്പയ്യർ, അടുക്കള നിർമ്മാണം വളർത്തുമൃഗങ്ങൾക്കുള്ള തൊഴുത്ത് നിർമ്മാണം, വീട് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി നൽകൽ എന്നിവ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.
- യൂണിഫോം, ഫർണീച്ചർ, പഠനോപകരണം ഇവ പല ഏജൻസികൾ വഴി നല്കുന്നു. ഒരാളിന് ഒന്നിലധികം ഏജൻസികളിൽ നിന്നും ഒരേ കാര്യത്തിന് സഹായം ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തണം.

മേൽതട്ട് നിർദ്ദേശങ്ങൾ

- ✓ ഉപജീവന മാർഗ്ഗ ഉപാധികൾ കണ്ടെത്താനുള്ള പദ്ധതികൾ വിദഗ്ധരുടെ സഹായത്തോടെ ആവിഷ്കരിക്കുക
- ✓ വിദ്യാഭ്യാസ പരിപാടികളുടെ എല്ലാ പ്രവർത്തനങ്ങളും നിരന്തരമായി പരിശോധിച്ച് പരിഹാരം കാണുവാനുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക
- ✓ എസ്.എസ്.എൽ.സി, പ്ലസ് ടു വിജയിക്കുന്ന പട്ടികവർഗ്ഗക്കാരെ ട്രാക്ക് ചെയ്ത് സർക്കാർ/അർദ്ധ സർക്കാർ / സാങ്കേതിക വിഭാഗത്തിൽ ജോലി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
- ✓ ആരോഗ്യകേന്ദ്രങ്ങളുടെ നവീകരണവും ക്രിയാത്മ പ്രവർത്തനവും. ആശുപത്രികളിൽ കൂടുതൽ ചികിത്സാ വിഭാഗങ്ങൾ അനുവദിക്കുക. ചെലവേറിയ ചികിത്സയ്ക്ക് ധനസഹായം എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.
- ✓ ഭിന്നശേഷിയുള്ളവർക്ക് സ്വയം തൊഴിൽ പരിശീലന കേന്ദ്രം നിർമ്മിക്കുക. ആവശ്യമായ ധനസഹായം അനുവദിക്കുക.
- ✓ വിദേശ ജോലിക്ക് ആവശ്യമായ ധനസഹായം നൽകുക.
- ✓ ഒരു നിശ്ചിത ശതമാനത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെങ്കിലും പട്ടികജാതി പട്ടികവർഗ്ഗ സ്റ്റാന്റിറിംഗ് കമ്മിറ്റികൾ രൂപീകരിക്കുക.

സംയോജന സാധ്യതകൾ

- ➢ തദ്ദേശസ്വയംഭരണ വകുപ്പും, പട്ടികവർഗ്ഗ വികസന വകുപ്പും പലപദ്ധതികളിലൂടെയും നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള പദ്ധതി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ വൈദ്യുതി ചാർജ്ജ് അടക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് ചാർജ്ജ് അടയ്ക്കേണ്ടതാണ്.
- ➢ വിവിധ വകുപ്പുകളെ ഏകോപിച്ചുകൊണ്ട് ടി.എസ്.പി നിർവ്വഹണത്തിനായി ഊരടിസ്ഥാനത്തിൽ മൈക്രോ പ്ലാനുകൾ ഉണ്ടായിരിക്കണം
- ➢ പട്ടികവർഗ്ഗക്കാരുടെ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ വാണിജ്യ വകുപ്പിന്റെ സാങ്കേതിക സഹായത്തോടുകൂടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.
- ➢ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അദ്ധ്യയന നിലവാരം വർദ്ധിപ്പിക്കുന്നതിനും, ഡ്രോപ്പൌട്ട് നിശ്ശേഷം ഇല്ലാതാക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

- മുട്ടക്കോഴി വളർത്തൽ, ആടുവളർത്തൽ, കറവപ്പശു വളർത്തൽ ഇവ മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ്, കുടുംബശ്രീ എന്നീ വകുപ്പുകളുമായി സംയോജിച്ച് പദ്ധതികൾ ആരംഭിക്കാവുന്നതാണ്.
- ഗോത്രസാരഥി പദ്ധതി, വ്യക്തിഗത പഠനോപകരണ സഹായ പദ്ധതി, സാമൂഹ്യ പഠന മുറി, കുടുംബപഠന മുറി, സൈക്കിൾ വിതരണം, ലാപ്പ്ടോപ്പ് വിതരണം എന്നിവ ത്രിതല പഞ്ചായത്തുകൾ സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി
ഏകോപന - സംയോജന സാധ്യതകൾ - നിലവിലുള്ള പദ്ധതികളിൽ

1) ഗോത്രസാരഥി പദ്ധതി - ത്രിതല പഞ്ചായത്തുകളുടെ സംയുക്ത പ്രോജക്ടാക്കി മാറ്റണം.

2) വ്യക്തിഗത പഠനോപകരണ - ത്രിതല പഞ്ചായത്തുകളുടെ സഹായ പദ്ധതി സംയുക്ത പ്രോജക്ടാക്കി മാറ്റണം.

